T P L
STOCK VERIFIED
1995

തിരുവിതാംകൂർ

സഹകരണാന്വേഷണക്കമ്മിററിറിപ്പോർട്ട്.

വിഷയവിവരം.

൧-ാംഭാഗം—സാമാന്യം.

			വശം.
അദ്ധ്യായം	൧.	പ്രസ്താവന ...	൩
അദ്ധ്യായം	൨.	ചില പ്രധാനസംഗതികൾ ...	൧൨
അദ്ധ്യായം	൩.	സംക്ഷിപ്തം ...	൧൭
അദ്ധ്യായം	൪.	പ്രസ്ഥാനത്തിന്റെ ചരിത്രസംഗ്രഹം ...	൨൪

൨-ാംഭാഗം—സാമ്പത്തികഘടന.

അദ്ധ്യായം	൫.	തിരുവനന്തപുരം സെൻട്രൽ കോഓപ്പറേറ്റീവ് ബാങ്കു (ക്ലിപ്തം) ...	൩൯
അദ്ധ്യായം	൬.	[illegible]ബാങ്കുകളും ബാങ്കിംഗ് [illegible] സംഘങ്ങളും ...	൫൫

൩-ാംഭാഗം—പ്രാഥമികസംഘങ്ങൾ.

അദ്ധ്യായം	൭.	കാർഷികധനസഹായസംഘങ്ങൾ ...	൭൧
അദ്ധ്യായം	൮.	കാർഷികധനേതരസംഘങ്ങൾ ...	൭൨
അദ്ധ്യായം	൯.	അകാർഷികധനസഹായസംഘങ്ങൾ ...	൭൮
അദ്ധ്യായം	൧൦.	അകാർഷിക ധനേതരസംഘങ്ങൾ ...	൮൩
അദ്ധ്യായം	൧൧.	കൂടുതൽ മാതൃകകൾ ...	൯൧
അദ്ധ്യായം	൧൨.	സ്ത്രീകളും സഹകരണവും ...	൧൦൧
അദ്ധ്യായം	൧൩.	വിദ്യാർത്ഥികളും സഹകരണവും ...	൧൦൫
അദ്ധ്യായം	൧൪.	ചിട്ടികൾ ...	൧൦൮
അദ്ധ്യായം	൧൫.	അധഃസ്ഥിതവർഗ്ഗസംഘങ്ങൾ ...	൧൧൦
അദ്ധ്യായം	൧൬.	മത്സ്യവ്യവസായികൾക്കുള്ള സംഘങ്ങൾ ...	൧൧൮
അദ്ധ്യായം	൧൭.	ഗ്രാമോദ്ധാരണവും കാർഷികാധിവേശവും ...	൧൨൩

൪-ാംഭാഗം—ദീർഘകാലധനസഹായം.

അദ്ധ്യായം	൧൮.	കാർഷിക ഋണവിമോചനം ...	൧൨൯
അദ്ധ്യായം	൧൯.	ഭൂസ്വത്തുബാങ്കുകൾ ...	൧൪൩
അദ്ധ്യായം	൨൦.	മാർക്കറ്റിംഗ് (വിക്രയം) ...	൧൫൫

വശം.

൬-ാംഭാഗം—അനദ്യോഗസ്ഥഭാഗഭാഗിത്വം.

അദ്ധ്യായം ൰൧.	തിരുവിതാംകൂർ കോവാപ്പറേറ്റീവ് ഇൻസ്റ്റിട്ട്യൂട്ട് (ക്ലിപ്തം) ...	൱൫൯
അദ്ധ്യായം ൰൨.	സഹകരണപ്രചരണവും വിദ്യാഭ്യാസവും പരിശീലനവും ...	൱൬൪
അദ്ധ്യായം ൰൩.	പരിശോധനയും മേല്നോട്ടവും ആഡിററും ...	൱൭൧

൭-ാംഭാഗം—ഡിപ്പാർട്ടുമെൻറു പുനസ്സംഘടന.

അദ്ധ്യായം ൰൪.	സഹകരണഡിപ്പാർട്ടുമെൻറ് ...	൱൮൨
അദ്ധ്യായം ൰൫.	നിയമപരിഷ്കാരം—പരിഷ്കരിച്ച നക്കൽബില് ...	൱൯൧
അദ്ധ്യായം ൰൬.	മദ്ധ്യസ്ഥതീരുമാനം ...	൨൱൩
അദ്ധ്യായം ൰൭.	ഇടപാടുതീർപ്പ് ...	൨൱൰
അദ്ധ്യായം ൰൮.	ഉപസംഹാരം ...	൨൱൨൭

൮-ാംഭാഗം ശുപാർശകൾ.

൯-ാംഭാഗം അനുബന്ധങ്ങൾ.

അനുബന്ധങ്ങൾ.

അദ്ധ്യായം.	അനുബന്ധം.	വിവരം.	വശം.
൧	൧	പ്രശ്നാവലി	൨൯൩
	൨	സന്ദർശനകേന്ദ്രങ്ങൾ	൩൧൪
	൩	[illegible]പ്രായെപ്പറ്റി ഒരു നോട്ട്	൩൧൫
	൪	[illegible] ചുരുക്കവിവരണം	൩൨൫
	൫	കർഷകഋണനിവാരണത്തെപ്പറ്റി സർ പ്രഭാശങ്കർ പട്ടണിയുടെ [illegible]	൩൨൯
൩	൬	മറുരാജ്യങ്ങളിലും പ്രവിശ്യകളിലും സഹകരണവകുപ്പിന്റെ ചിലവുവിവരപ്പട്ടിക	൩൩൮
൯	൭	ബാംബെ പ്രോവിൻഷ്യൽ കോഓപ്പറേറ്റീവ് [illegible] ബാങ്കിന്റെ ഉത്ഭവവും വളർച്ചയും	൩൩൯
൧൦	൮	സെൻട്രൽ കോളേജ് സഹകരണ[illegible]ന്റെ വിവരണം	൩൪൩
൯	൯	അധഃകൃതസംരക്ഷകന്റെ അധികാരങ്ങളെ വിവരിക്കുന്ന ഗവൺമെന്റുത്തരവിൽ ചില ഭാഗങ്ങൾ	൩൪൬
	൧൦	അധഃകൃതവർഗ്ഗങ്ങൾക്കു സ്ഥലം പതിച്ചുകൊടുക്കുന്ന വിഷയത്തിൽ സംരക്ഷകൻ ചെയ്തിട്ടുള്ള ജോലികളുടെ സംക്ഷിപ്തം	൩൪൮
	൧൧	അധഃകൃതവർഗ്ഗങ്ങൾക്കു സ്ഥലം പതിച്ചുകൊടുക്കുന്ന വിഷയത്തെപ്പറ്റി ഭൂനികുതി വകുപ്പു ഭരണറിപ്പോർട്ടിലുള്ള പ്രസ്താവനകൾ	൩൫൦
	൧൨	കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെന്റിന്റെ സഹകരണ പ്രവർത്തനങ്ങളെപ്പറ്റി ഡയരക്ടർ അവർകളുടെ നോട്ട്	൩൫൪
	൧൩	പശ്ചിമോത്തരദേശങ്ങളിലെ ഋണനിവാരണ പദ്ധതിയെപ്പറ്റിയുള്ള വിവരണം	൩൫൯
൧൨	൧൪	മി. എഫ്. എൽ. ബ്രേയിൻ ഐ. സി. എസ്സ്. പ്രസിഡന്റ അവർകൾക്ക അയച്ച കത്തിന്റെ പകർപ്പ്	൩൬൯
൨൧	൧൫	മേലന്വേഷണ ഐക്യസംഘങ്ങൾക്കു ഗ്രാന്റു നൽകുന്നതിനുള്ള ചട്ടങ്ങൾ	൩൭൨
൨൨	൧൬	പ്രാഥമികസംഘങ്ങളെപ്പറ്റി മാക്ലഗൻ കമ്മിററിറിപ്പോർട്ടിലെ ചില ഭാഗങ്ങൾ	൩൭൪

അദ്ധ്യായം.	അനുബന്ധം.	വിവരം.	ഭാഗം.
	൭൭	സംഘടിത കൃഷിഭൂമിവാഴ്മ സമ്പ്രദായത്തെപ്പററി മിറിഷിന്റെ പുസ്തകത്തിൽ ഉദ്ധരിച്ചി ഭാഗങ്ങൾ	൩൭൩
	൭൮	ഇടപാടുതീർപ്പിനെപ്പററി, മദ്രാസ് രജിസ്ത്രാരുടെ കത്ത്	൩൭൯
	൭൯	ടി വിഷയത്തെപ്പററി തഞ്ചാവൂർ രജിസ്ത്രാരുടെ കത്ത്	൩൮൦
	൮൦	ടി വിഷയത്തെപ്പററി ബാംബെ രജിസ്ത്രാരുടെ കത്ത്	൩൮൭

൧-ാം ഭാഗം.

സാമാന്യം.

അദ്ധ്യായം ൧.

പ്രസ്താവന.

കമ്മിററിയെ നിയമിച്ചുണ്ടായ ഗവണ്മെൻറുത്തരവ്.

ഈ റിപ്പോർട്ട് തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ ഗവണ്മെൻറുവക ൧൯൩൨ ഡിസംബർമാസം ൨൭-൹-യിലെ ആർ. ഡിസ്. ഡെവലപ്പ്മെന്റ ൨൯൦൧/൩൨-ാംനമ്പർ ഉത്തരവ് അനുസരിച്ചു നടത്തപ്പെട്ട അന്വേഷണഫലമാണ്. ആ ഉത്തരവ് ഇപ്രകാരമായിരുന്നു.

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ഗവണ്മെൻറുത്തരവ്.

താഴെപ്പറയുന്ന കത്തുകൾ വായിച്ചു.

(൧) സഹകരണസംഘം രജിസ്ട്രാർ ൧൯൩൨ ഫെബ്രുവരിമാസം ൧-൹- അയച്ച ൭൬൩൨-ാംനമ്പർ കത്ത്.

(൨) സഹകരണസംഘം രജിസ്ട്രാർക്ക് ൧൯൩൨ മേമാസം ൯-൹- അയച്ച ആർ. ഒ. സി. ഡെവലപ്പ്മെന്റ ൭൬൦/൩൨-ാം നമ്പർ കത്ത്.

(൩) തിരുവനന്തപുരം സെൻട്രൽ കോഓപ്പറേറ്റിവ് ബാങ്ക് ക്ലിപ്തം സെക്രട്ടറി ൧൯൩൨ മേമാസം ൧൦-൹- അയച്ച ൧൯൦൩-ാം നമ്പർ കത്ത്.

(൪) സഹകരണസംഘം രജിസ്ട്രാർ ൧൯൩൨ ജൂൺമാസം ൬-൹- അയച്ച ൧൧൪൪൨-ാം നമ്പർ കത്ത്.

(൫) സഹകരണസംഘം രജിസ്ട്രാർ ൧൯൩൨ സെപ്റ്റംബർമാസം ൨൭-൹- അയച്ച ൧൬൫൦-ാം നമ്പർ കത്ത്.

(൬) ൧൯൩൨ നവംബർമാസം ൨൪-൹- ആർ. ഒ. സി. ഡെവലപ്പ്മെന്റ ൭൬൦/൩൨-ാം നമ്പർ കത്ത്.

(൭) ൧൯൩൨ ഡിസംബർമാസം ൨-൹- ൪൩൭൧-ാം നമ്പരായി സഹകരണസംഘം രജിസ്ട്രാർ അയച്ച കത്ത്.

പരസ്പരസഹായസംഘറെഗുലേഷൻ ൧൦൮൯-ാമാണ്ടു (കൊല്ലവർഷം) പാസ്സാക്കുകയും ഈ പ്രസ്ഥാനം ഇവിടെ ഏർപ്പെടുത്തിയിട്ടു ഇപ്പോൾ ഏകദേശം ൧൯ വർഷം തികയുകയും ചെയ്തിട്ടുണ്ട്. പ്രസ്ഥാനത്തെ ആരോഗ്യകരമായ പദ്ധതിയിൽക്കൂടി നയിക്കുന്നതിനും കാര്യക്ഷമവും അംഗീകൃതവുമായ രീതിയിൽ അതിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സ്പഷ്ടമായ കാര്യപരിപാടി നിർമ്മിക്കുന്നതിനും ഓരോ കാലഘട്ടങ്ങളിലും അന്വേഷണങ്ങളും ഫലപരിശോധനയും അത്യാവശ്യമാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഈ പ്രസ്ഥാനം ഏർപ്പെടുത്തി പത്തുകൊല്ലം കഴിഞ്ഞ ഉടൻതന്നെ അതിന്റെ അഭിവൃദ്ധിയും ന്യൂനതകളും സർ എഡ്വേർഡ് മാക്ലഗൻ അദ്ധ്യക്ഷനായിരുന്ന ഒരു കമ്മിററിയാൽ സൂക്ഷ്മമായി പരിശോധിക്കപ്പെട്ടു. ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രൊവിൻഷ്യൽ ഗവണ്മെൻറുകളും മൈസൂർമുതലായ നാട്ടുരാജ്യങ്ങളും ഇപ്രകാരമുള്ള പരിശോധനയുടെ ആവശ്യം മനസ്സിലാക്കി അന്വേഷണക്കമ്മിററികളെ നിയോഗിച്ചിട്ടുണ്ട്. യുണൈറ്റഡ് പ്രാവിൻസസ്സിലെ ഓക്ഡൻകമ്മിററിയും, സെൻട്രൽപ്രാവിൻസസ്സിലെ കിംഗ് കമ്മിററിയും മദ്രാസിലെ

ടൌൺസെൻഡു കമ്മിററിയും ബൊമ്പായിലെ ക്യാൽവെട്ടുകമ്മിററിയും ഇതിലേക്കു ഉദാഹരണങ്ങളാണ്. മുൻപു രജിസ്ത്രാർ ആയിരുന്ന മി: ആർ. വൈദ്യലിംഗംപിള്ള ഈ രാജ്യത്തെ സംഘങ്ങളുടെ നടത്തിപ്പിനെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മിററിയെ ഏർപ്പെടുത്തേണ്ട ആവശ്യത്തെപ്പററി ഉദ്ബോധിപ്പിച്ചിട്ടുണ്ട്. സഹകരണ പ്രസ്ഥാനത്തിൻെറ നിലയെക്കുറിച്ചു സവിസ്തരമായ ഒരു അന്വേഷണം താമസംകൂടാതെ നടത്തിക്കണമെന്നു ബാങ്കിംഗ് എൻക്വയറികമ്മിററിയും ശുപാർശചെയ്തിട്ടുള്ളതാണ്. സെൻട്രൽ കോഓപ്പറേറ്റീവ്ബാങ്ക് സെക്രട്ടറിയും ഈ ആവശ്യത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

അതിന്മേൽ ൧൧൦൮ ഡിസംബർമാസം ൨൮-ാം ഡി. ഡിസ്. ഡെവലപ്പ്മെൻറ ൨൫൯൧/൩൩-ാം നമ്പരായി ഉണ്ടായ ഉത്തരവ്.

മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറു ഈ വിഷയത്തെപ്പററി ഗാഢമായി ചിന്തിക്കയും താഴെപ്പറയുന്നവർ അടങ്ങിയ ഒരു കമ്മിററിയെ നിയമിക്കയും ചെയ്തിരിക്കുന്നു.

അദ്ധ്യക്ഷൻ.

ജി. കെ. ദേവധാർ എസ്ക്വയർ, എം. എ., സി. ഐ. ഇ., പ്രസിഡൻറ, ഇൻഡ്യൻസേവാസംഘം, പൂന.

അംഗങ്ങൾ.

(൧) രാ. രാ. ശ്രീ. റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള അവർകൾ, എം. എ., ബി. എസ്. സി., സെൻസസ്കമ്മീഷണർ.

(൨) രാ. രാ. ശ്രീ. എം. ഗോവിന്ദപ്പിള്ള അവർകൾ ബി. എ., പരസ്പരസഹായസംഘം രജിസ്ത്രാർ.

(൩) രാ. രാ. ശ്രീ. റാവുസാഹിബ് ടി. പത്മനാഭറാവു അവർകൾ.

(൪) കെ. കെ. കുരുവിള എസ്ക്വയർ, എം. എ., ബി. ഡി.

(൫) രാ. രാ. ശ്രീ. കെ. സി. കരുണാകരൻ അവർകൾ, ബി. എ., ബി. കോം. നിയമസഭാമെമ്പർ.

(൬) രാ. രാ. ശ്രീ. എം. എൻ. നാരായണമേനോൻ അവർകൾ, നിയമസഭാമെമ്പർ, കോട്ടയം.

രാ. രാ. ശ്രീ. എം. ഗോവിന്ദപ്പിള്ള അവർകൾ, ബി. എ., പരസ്പരസഹായസംഘം രജിസ്ത്രാർ, കമ്മിററിയുടെ സംയോജകനായിരിക്കുന്നതാണ്.

കമ്മിററിയോടു ആവശ്യപ്പെടുന്ന സംഗതികൾ.

(൧) ഈ പ്രസ്ഥാനം തിരുവിതാംകൂറിൽ ഏർപ്പെടുത്തിയകാലംമുതൽ അതിനുണ്ടായിട്ടുള്ള അഭിവൃദ്ധി പരിശോധിക്കുക.

(൨) അതിൻെറ ഇപ്പോഴത്തെ നിലയും അഭിവൃദ്ധിമാർഗ്ഗങ്ങളും അന്വേഷിച്ചു ശുപാർശകൾ ചെയ്യുക.

(൩) പ്രസ്ഥാനത്തിൻെറ സാമ്പത്തികസംഘടനയേയും നടപടികളെയും പരിശോധിച്ചു ശുപാർശകൾ സമർപ്പിക്കുക.

(൪) സഹകരണപ്രചരണം, സംഘങ്ങളുടെ മേൽനോട്ടം, നിയന്ത്രണം, ധനസ്ഥിതി, ഇവയെപ്പററി ശുപാർശകൾ ചെയ്യുക.

(൫) വിതരണം, ഉത്പാദനം, വില്പന മുതലായ ധനേതര പ്രവർത്തനങ്ങളെപ്പററി അന്വേഷിച്ചു ശുപാർശകൾ അയക്കുക.

ഇതിനുപുറമെ ഇപ്പോൾ നടപ്പിലിരിക്കുന്ന ൧൧൨൦-ലെ ൧൦-ാം റഗുലേഷനിൽ ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ വരുത്തി ഒരു ബില്ല് തയ്യാറാക്കി അതും റിപ്പോർട്ടുസഹിതം കമ്മിററിക്കാർ അയക്കേണ്ടതാണ്. കൂടാതെ താഴെപ്പറയുന്ന സംഗതികളെപ്പററിയും അപ്പോഴപ്പോൾ ഗവമ്മെൻറ ആവശ്യപ്പെടുന്ന മററു സംഗതികളെപ്പററിയും ആലോചിക്കണമെന്നുകൂടി കമ്മിററിയോടു അപേക്ഷിക്കുന്നു.

(എ) ഉദ്യോഗസ്ഥന്മാർക്കും ഐക്യസംഘങ്ങൾക്കു വേതനം നൽകുന്നതിലേക്ക ചട്ടങ്ങൾ ഉണ്ടാക്കുക.

(ബി) ഗൃഹനിർമ്മാണസംഘങ്ങൾ രൂപീകരിക്കുക.

(സി) കർഷകർക്ക സ്വല്പകാലത്തേക്കും ദീർഘകാലത്തേക്കും ആവശ്യമുള്ള വായ്പകൾക്ക സൗകര്യം ഉണ്ടാക്കിക്കൊടുക്കുക.

(ഡി) അംഗീകൃതപണ്ടകശാലകൾ ഏർപ്പെടുത്തുക.

(ഇ) സ്റ്റേററ ഭൂസ്വത്തുബാങ്കിനെ പരസ്പരസഹായറഗുലേഷൻപ്രകാരം പുനസ്സംഘടിപ്പിക്കുന്നതിൻെറ അഭിലഷണീയത.

(എഫ്) അധഃകൃതവർഗ്ഗക്കാരുടെ ഇടയിൽ ഉള്ള സഹകരണം.

(ജി) സഹകരണത്തെസംബന്ധിച്ച ബാങ്കിംഗ് എൻക്വയറികമ്മിററിചെയ്തിട്ടുള്ള ശുപാർശകൾ.

(എച്ച്) സ്ത്രീകളുടെ വക പരസ്പരസഹായസംഘങ്ങളെ അഭിവൃദ്ധിപ്പെടുത്തുക.

(ഐ) ഭൂനികുതിവകുപ്പുമുഖാന്തിരം മദ്ധ്യസ്ഥവിധികൾ നടത്തുന്നതിലുള്ള കാലതാമസം.

കമ്മിററി ജനവരി ആരംഭത്തോടുകൂടി ജോലി തുടങ്ങുമെന്നും ജൂൺ അവസാനത്തോടുകൂടി അതു സമാപിപ്പിക്കുമെന്നും വിശ്വസിക്കുന്നു. ചില മാതൃകാസംഘങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമുണ്ടെങ്കിൽ സാക്ഷികളെ വിസ്തരിക്കുന്നതിനും കമ്മിററി സഞ്ചാരങ്ങൾ ചെയ്യേണ്ടതാണ്.

താഴെപ്പറയുന്ന ജീവനക്കാരെ കമ്മിററിയ്ക്കു അനുവദിച്ചിരിക്കുന്നു.

൧൫൦ രൂപ ശമ്പളത്തിൽ ഒരു സെക്രട്ടറി.

൭൦ രൂപയും ൪൦ രൂപയും വീതം ശമ്പളത്തിൽ രണ്ടു ക്ലാർക്കന്മാർ.

൪൦ രൂപ ശമ്പളത്തിൽ ഒരു ചുരുക്കെഴുത്തുകാരൻ.

൯ രൂപവീതം ശമ്പളത്തിൽ രണ്ടു പ്യൂൺമാർ.

എല്ലാ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും എല്ലാ സഹകരണസംഘങ്ങളും കമ്മിററിയുടെ അന്വേഷണങ്ങൾക്ക സകലവിധ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കണമെന്നു ഗവമ്മെൻറ പ്രതീക്ഷിക്കുന്നു.

(ഉത്തരവിൻപ്രകാരം)
കെ. ജാർജ്ജ്,
ഗവമ്മെൻറ ചീഫ് സെക്രട്ടറി.

കൂട്ടതലായി ആവശ്യപ്പെട്ട സംഗതികൾ.

(൧) കമ്മിററിയുടെ അഭിപ്രായത്തിനായി താഴെപ്പറയുന്ന വിഷയങ്ങൾകൂടി അയച്ചുതരപ്പെട്ടു.

(i) ധനപരിശോധനസമിതിയിൽ ൧൧൦൮—൧൧൦൯-ൽ പാസാക്കപ്പെട്ടതായ താഴെപ്പറയുന്ന വിഷയം:—"രാജ്യത്തെ കുടിൽവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഗവർമ്മെന്റ അതിന്റെ മുൻനിശ്ചയത്തെ ഭേദപ്പെടുത്തി, ഈ കാര്യത്തിൽ ധനേതരസംഘങ്ങൾക്കു വായ്പകൾ നൽകുന്നതിനായി, കുറഞ്ഞപക്ഷം ൫൦,൦൦൦ രൂപയെങ്കിലും സെൻട്രൽബാങ്കിനെ ഏൽപ്പിക്കണമെന്ന ഗവർമ്മെന്റിനോടു അപേക്ഷിക്കുന്നു. കുടിൽവ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങൾക്കു ധനസഹായം നൽകാതെ ആ വ്യവസായത്തെ ശരിയാംവണ്ണം അഭിവൃദ്ധിപ്പെടുത്തുക പ്രായേണ അസാദ്ധ്യമാണെന്നുതന്നെ ബോർഡു വിചാരിക്കുന്നു."

(ii) ൧൯-൭-൧൧൦൭-ൽ റെജിസ്ട്രാരവർകളുടെ അഗ്രാസനാധിപത്യത്തിൽ കൂടിയ സഹകരണസമ്മേളനത്തിൽ പാസ്സാക്കപ്പെട്ട താഴെപ്പറയുന്ന നിശ്ചയങ്ങൾ.

(൧) പ്രാഥമികസംഘങ്ങളുടെ മേൽനോട്ടം നടത്തുന്ന പ്രാദേശിക ഐക്യസംഘങ്ങളുടെ പ്രവൃത്തനം കൂടുതൽ കാര്യക്ഷമമാകാൻതക്കവിധം ഓരോ ഐക്യസംഘത്തിനും ലഭിക്കാവുന്ന സൂപ്പർവിഷൻഫണ്ടിനോടു ചേരുന്ന സംഖ്യ പ്രതിവർഷം അതിനു സഹായധനം നൽകാൻ ഗവർമ്മെന്റിനു ദയവുണ്ടാകണം.

(൨) തിരുവിതാംകൂറിൽ ഒരു സഹകരണപരിശീലന സ്ഥാപനം ഉണ്ടായിരിക്കേണ്ടതാണെന്നും ഗവർമ്മെന്റും പരസ്പരസഹായസെൻട്രൽ സംഘങ്ങളുംകൂടി അതിന്റെ ചിലവു വഹിക്കേണ്ടതാണെന്നും ഇതുസംബന്ധിച്ച വിശദമായ പദ്ധതികൾ സമർപ്പിക്കുന്നതിനു ദേവധർ കമ്മിറ്റിയോടു അപേക്ഷിക്കേണ്ടതാണെന്നും ഈ യോഗം അഭിപ്രായപ്പെടുന്നു.

(൩) ഭവനനിർമ്മാണകാര്യങ്ങൾക്കായി ഗവർമ്മെന്റിൽനിന്നും മുൻപ്രകാരം പരസ്പരസഹായസംഘങ്ങൾക്കു വായ്പനൽകുന്നതുസംബന്ധിച്ച ആ വായ്പകളുടെ പലിശക്രമം, അവ തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി, എന്നീ വിവരങ്ങളോടുകൂടി ചട്ടങ്ങൾ നിർമ്മിക്കേണ്ടതാണെന്ന ഈ സമ്മേളനം അഭിപ്രായപ്പെടുന്നു.

(൪) മുൻസിപ്പാലിറ്റികളുടെ അതിർത്തികൾക്കുള്ളിൽ [illegible] പരസ്പരസഹായസംഘങ്ങൾ [illegible] രൂപവൽക്കരിക്കണമെന്ന ഈ സമ്മേളനം ശുപാർശ ചെയ്യുകയും അപ്രകാരമുള്ള സംഘങ്ങൾക്കു എല്ലാവിധ സൌകര്യങ്ങളും ചെയ്തുകൊടുക്കണമെന്ന മുനിസിപ്പാലിറ്റികളോടു അപേക്ഷിക്കുകയും ചെയ്യുന്നു.

(൫) മുൻസിപ്പൽ അതിർത്തികളിലുള്ള പരസ്പരസഹായസംഘങ്ങളെ മുൻസിപ്പൽനികുതിയിൽനിന്നും ഒഴിവാക്കുന്നതിനു ഈ സമ്മേളനം ഗവർമ്മെന്റിനോടു അപേക്ഷിക്കുന്നു.

(൬) മുൻസിപ്പൽഫണ്ടുകളും ദേവസ്വത്തുകകളും പരസ്പരസഹായബാങ്കുകളിൽ നിക്ഷേപിക്കുന്നതിനു അനുവദിക്കാവുന്നതാണെന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനു ഗവർമ്മെന്റിനോടു അപേക്ഷിക്കുന്നതായി മുൻസമ്മേളനങ്ങളിൽ പാസ്സാക്കപ്പെട്ടിട്ടുള്ള നിശ്ചയങ്ങളിൽ അടങ്ങിയിട്ടുള്ള അഭ്യർത്ഥനയെ ഈ യോഗം ആവർത്തിക്കുന്നു.

(൭) ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥ സഹകാരികളും ആഘോഷങ്ങളിൽ പങ്കുകൊള്ളുന്നതിനു അവസരവും ലഭിക്കത്തക്കവിധം സർവ്വരാജ്യസഹകരണദിനം ഒരു പൊതു ഒഴിവുദിവസമായി പ്രഖ്യാപനംചെയ്യണമെന്ന കൊല്ലത്തുവച്ചുകൂടിയ ആറാമതു സമസ്തതിരുവിതാംകൂർ പരസ്പരസഹായസമ്മേളനത്തിൽ പാസ്സാക്കിയ നിശ്ചയത്തിൽ അടങ്ങിയിട്ടുള്ള അപേക്ഷയെ ഗവർമ്മെന്റിന്റെ അനുകൂലമായ പര്യാലോചനക്കായി ഈ സമ്മേളനം വീണ്ടും അനുസ്മരിപ്പിക്കുന്നു.

(iii) പുതിയ പരസ്പരസഹായ ആക്ടപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതിയതായി മദ്രാസ് ഗവൺമെൻറ ൧൯൩൨ ആഗസ്റ്റ് ൧൬-ായിടെ ഡവലപ്പ്മെൻറ ൯൩൭-ാം നമ്പർ ഉത്തരവനുസരിച്ചു പുറപ്പെടുവിച്ച ൨൬൫-ാം നമ്പർ പരസ്യം,

(iv) നാട്ടിലേക്കത്തിന്റെയും ആ വക ഉൽപന്നങ്ങളുടെയും വിൽപനസ്സംഘ പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തണമെന്ന കാണിച്ചുകൊണ്ട തിരുവിതാംകൂർ വാണിജ്യമണ്ഡലം സെക്രട്ടറി അയച്ച എഴുത്തിലെ വിവരങ്ങൾ,

(v) ഇപ്പോഴത്തെ സാമ്പത്തികാപചയത്തിൽനിന്നും കൃഷിക്കാരെ രക്ഷിനൽകുന്നതിനു ചില നിയമനിർമ്മാണങ്ങൾ ആവശ്യമാണെന്നു കാണിച്ചു കാഞ്ഞിരപ്പള്ളി മെമ്പറായ മി. കെ. റി. തോമസ് അയച്ച നിവേദനം.

ഇവയിൽ മേൽ ഉദ്ധരിച്ച ഗവൺമെൻറുത്തരവിൽ ഉൾപ്പെട്ടിട്ടുള്ളവയാകുന്നു.

പ്രശ്നാവലി.

൯. നിയമനം കഴിഞ്ഞ ശേഷം താമസിയാതെ തന്നെ കമ്മിററി ജോലി ആരംഭിച്ചു. അതിന്റെ ആദ്യയോഗം ൧൯൩൨-ാമാണ്ടു കൂടി. സെക്രട്ടറിയെ ഡിസംബർ ൧൦-ാം നിയമിക്കുകയും അന്നുതന്നെ അദ്ദേഹം ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. കമ്മിററിയുടെ സമ്മേളനത്തിൽ ആദ്യമായി അവർ പ്രശ്നാവലി തയ്യാറാക്കുകയായിരുന്നു. ഈ ഗവൺമെൻറ ഗസററിൽ ൧൯൩൨ നവംബർ ൨൯-ാം ഇംഗ്ലീഷിലും ൩൦-ാം മലയാളത്തിലും ൨൯-ാം തമിഴിലും പ്രസിദ്ധീകരിക്കപ്പെട്ട (അനുബന്ധം ൧) പകർപ്പുകൾ എല്ലാ സഹകരണസംഘങ്ങൾക്കും പ്രസ്ഥാനവുമായി ബന്ധപ്പെട്ടതായി ഈ രാജ്യത്തും പുറത്തും ഉള്ള അനേകം പ്രധാനപ്പെട്ട വ്യക്തികൾക്കും അയച്ചുകൊടുത്തു. ൨൦൦ പകർപ്പുകൾ ഇൻസ്പെക്ടർമാരും ഐക്യസംഘങ്ങളും ബാങ്കുകളും മുഖാന്തിരവും നൂറു പകർപ്പുകൾ വ്യക്തികൾക്ക നേരിട്ടും ആഫീസിൽനിന്ന അയക്കപ്പെട്ടു. പുറമേയുള്ള സ്ഥാപനങ്ങൾക്കും പ്രശസ്തസഹകാരികൾക്കും ആയി ൨൫ പകർപ്പുകളും അയക്കപ്പെട്ടിട്ടുണ്ട്. ആകപ്പാടെ ൨൨൭ ഉത്തരങ്ങൾ ലഭിക്കുകയും അതിൽ ൻ൰ണ്ണം പൂർണ്ണമായി പ്രശ്നാവലിക്കുള്ള ഉത്തരമായിരിക്കുകയും ചെയ്തു. ഈ ഉത്തരങ്ങളിൽ ൯൭ എണ്ണം സംഘങ്ങളിൽനിന്നും ൫ ബാങ്കുകളിൽനിന്നും ൨൨ ഐക്യസംഘങ്ങളിൽനിന്നും ൧൨ ഇൻസ്പെക്ടർമാരിൽനിന്നും ൭൦ മററു വ്യക്തികളിൽനിന്നും ആയിരുന്നു. ഇതുകൂടാതെ ബ്രിട്ടീഷ് ഇൻഡ്യയിലും നാട്ടുരാജ്യങ്ങളിലും ഉള്ള ഉദ്യോഗസ്ഥന്മാരും ഗസ്ഥാനങ്ങളുമായി പ്രസിദ്ധന്റെ പകർപ്പുകൾ അയച്ചതുമൂലം കമ്മിററിക്ക ആവശ്യമായ ചില സംഗതികളിൽ വിലയേറിയ അഭിപ്രായങ്ങളും ലഭിക്കുകയുണ്ടായി.

താമസത്തിനുകാരണം.

൧൦. പ്രശ്നാവലി പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞ ഉടൻ ൧൯൩൩ ജനുവരി ൩-ാം പ്രസിഡണ്ട പൂനയിലേക്കു പോയി. ക്ഷീണമായ സുഖക്കേടുനിമിത്തം അദ്ദേഹം ഒരു വലിയ ശസ്ത്രക്രിയക്ക വിധേയനായി പൂനയിലും ബോംബെയിലും ഉള്ള ആശുപത്രികളിൽ മൂന്നുമാസക്കാലവും അതിനെ തുടർന്ന ആരോഗ്യസമ്പാദനത്തിനായി മഹാബലേശ്വരംപ്രകാരം പൂനായിൽനാലുമാസവും താമസിക്കേണ്ടതായിവന്നതിനാൽ ൧൯൩൩ ഡിസംബർ മദ്ധ്യത്തിൽമാത്രമേ അദ്ദേഹത്തിന വീണ്ടും തിരുവനന്തപുരത്തു എത്തുന്നതിന സാധിച്ചുള്ളു. എന്നിരുന്നാലും അദ്ദേഹം വിവരം കാണിച്ചു ഗവൺമെൻറിലേക്ക എഴുതിയയച്ച് അദ്ദേഹത്തിന്റെ അഭാവംമൂലം കമ്മിററിയുടെ ജോലി വിഘ്നപ്പെടാതെയിരിക്കാൻ പകരം ഒരു ഉപാദ്ധ്യക്ഷനെ നിയമിച്ചു അദ്ദേഹം അയച്ച ഒരു താൽക്കാലിക കാര്യപരിപാടിപ്രകാരം ജോലി തുടരുന്നതിന ഏർപ്പാടുചെയ്തു.

ഉപാദ്ധ്യക്ഷൻെറ നിയമനം.

൬. അദ്ധ്യക്ഷൻെറ അഭിപ്രായം ഗവൺമെൻറിലേക്കു സമർപ്പിച്ചതനുസരിച്ച് ൧൯൩൩-ലെ ഡവലപ്പ്മെൻറു വ്യവ/൧൩-ാം നമ്പർ ഉത്തരപ്രകാരം റാവുസാഹിബ് ഡാക്ടർ കുഞ്ഞൻപിള്ള അവർകളെ കമ്മിററി ഉപാദ്ധ്യക്ഷനായി നിയമിച്ചു്, ഡാൻഡൂറവണ്ട്യ കമ്മീഷണർ എന്നുള്ള അദ്ദേഹത്തിൻെറ സ്ഥാനം ജോലിയെ ബാധിക്കാതെ കൂടാതെ വിധത്തിൽ കമ്മിററിയുടെ പ്രവർത്തനത്തെ നയിക്കുന്നതിന് ഗവൺമെൻറു ആഗ്രഹിച്ചതനുസരണം ഒരു സഞ്ചാരപരിപാടി തയ്യാറാക്കി നാട്ടിൻപുറങ്ങളിലുള്ള സാക്ഷികളെ വിസ്തരിക്കുന്നതിനായി അവർ ൧൯൩൩ മേമാസം ൨൦-നു പുറപ്പെട്ടു. ഉപാദ്ധ്യക്ഷൻ തലസ്ഥാനനഗരിയിൽ ഇല്ലായ്കയാലും ഇപ്പോഴത്തെ തിക്കേറിയ പാർട്ടിസമ്മിതിയോടും കൂടെയുള്ള സക്കീട്ടുകൾ നടത്താൻ കഴിഞ്ഞില്ല. കൂടാതെ ജോലിപ്പെരുപ്പംമൂലം ചിലപ്പോൾ പല സക്കീട്ടുകൾ ഉപേക്ഷിക്കുകയോ മാററിവയ്ക്കുകയോ ചെയ്യേണ്ടതായും വന്നിട്ടുണ്ട്. എന്നിട്ടും ഡാക്ടർ കുഞ്ഞൻപിള്ള അവർകളെ ചീഫ്സെക്രട്ടറിയായി നിയമിച്ചുകഴിയുന്നതുവരെ കമ്മിററിക്കു വടക്കൻ തിരുവിതാംകൂറിൽ മുന്നപ്രാവശ്യവും തെക്കൻതിരുവിതാംകൂറിൽ ഒരിക്കലും സക്കീട്ടുചെയ്യാൻ കഴിഞ്ഞു. മേൽപറഞ്ഞ നിയമനം നിമിത്തം ഡാക്ടർ കുഞ്ഞൻപിള്ള അവർകൾക്കു കമ്മിററിയിൽ ജോലിചെയ്യാൻ സാധിക്കാതെ വരികയും ൨-൧൦-൧൧൩൩-ലെ ആർ. ഒ. സി. ഡെവലപ്പ്മെൻറു ൪൩൨൨/൧൩-ാം നമ്പർ ഗവൺമെൻറുത്തരവനുസരിച്ചു്, കമ്മിററിമെമ്പറായിരുന്ന രാ. രാ. ശ്രീ റാവുസാഹിബ് ജി. പത്മനാഭൻതമ്പി അവർകളെ ഉപാദ്ധ്യക്ഷനായും ആർട്ട്സ് കാളേജ് പ്രിൻസിപ്പൽ ശ്രീമാൻ എ. ഗോപാലമേനോൻ എം. എ., ബി. ലിററ് അവർകളെ ഒഴിവുള്ള സ്ഥാനത്തേക്കു ഒരു കമ്മിററി അംഗമായും നിയമിച്ചു. ൧൯൩൩ നവംബർ അവസാനത്തോടുകൂടി നാട്ടിൻപുറങ്ങളിൽനിന്നുള്ള തെളിവുകൾ മുഴുവനും കമ്മിററി ശേഖരിച്ചുകഴിഞ്ഞു. അദ്ധ്യക്ഷൻെറ അസാന്നിദ്ധ്യത്തിൽ കമ്മിററിക്കാർ ൯൯ ദിവസം സക്കീട്ടു ചെയ്യുകയും ൧൬൩ സ്ഥലങ്ങൾ (അനുബന്ധം ൨) സന്ദർശിക്കയും ൩൧൬ സാക്ഷികളെ വിസ്തരിക്കയുംചെയ്തു. അവർ സന്ദർശിച്ച സ്ഥലങ്ങളിലുള്ള ഏതാനും മാതൃകാസംഘങ്ങൾ അവർ പരിശോധിക്കുകയുംചെയ്തിട്ടുണ്ട്.

അദ്ധ്യക്ഷൻ വീണ്ടും ജോലിയിൽ പ്രവേശിക്കുന്നു.

൭. തൻെറ ജോലി തുടരുന്നതിനു അദ്ധ്യക്ഷൻ ൧൯൩൩-൧൦-൧൧൩൩-ൽ തിരുവനന്തപുരത്തു തിരിച്ചെത്തി. അതിനുശേഷം ൧൯൩൩ ഡിസംബർ ൨൯-നു മദ്രാസിൽ വച്ചു നടന്ന ഇൻഡ്യൻ സാമുദായികസമ്മേളനത്തിൽ അദ്ധ്യക്ഷ്യം വഹിക്കുന്നതിനും ൧൯൩൪ ജനുവരി ൭-നു ഇരിഞ്ഞാലക്കുടവച്ചു നടന്ന അഞ്ചാമത്തെ കൊച്ചിസഹകരണസമ്മേളനം ഉത്ഘാടനം ചെയ്യുന്നതിനും വേണ്ടിവന്ന ഏതാനും ദിവസങ്ങൾ ഒഴിച്ചു ൧൯൩൪ ഫെബ്രുവരിമാസം ൧൪-നു-വരെ അദ്ധ്യക്ഷൻ ഇവിടെത്തന്നെ താമസിച്ചു. കൊച്ചിസഹകരണസമ്മേളനത്തിനു കമ്മററിക്കാർ എല്ലാവരും ക്ഷണിക്കപ്പെടുകയും അധികംപേരും സന്നിഹിതരാവുകയുംചെയ്തു. ഫെബ്രുവരി ൧൪-നു ഡെൽഹി, ബാംബെ മദ്രാസ്, പൂന, സാംഗ്ളി മുതലായി തനിക്കു സഞ്ചരിക്കേണ്ടിയിരുന്ന സ്ഥലങ്ങളിലേക്കു പോകാനായി അദ്ധ്യക്ഷൻ തിരുവനന്തപുരംവിട്ടു. ഈ യാത്ര മിക്കവാറും ഈ രാജ്യത്തിൻെറ ആവശ്യത്തിലേക്കു ചെയ്തിട്ടുള്ളതാണ്. അതു ഗവൺമെൻറു അനുകൂലിക്കുകയും തിരുവിതാംകൂർ വാണിജ്യമണ്ഡലത്തിൻെറ ഒരു ക്ഷേപാർശ്വം അതിനു കാരണമായ തീരുകയുംചെയ്തു.

ഈ സഞ്ചാരത്തിനിടയിൽ മി. മേയയാർ താൻ മെമ്പറായിരുന്ന രാജകീയ കാർഷിക പര്യവേക്ഷണ സമിതിയുടെ ഡെൽഹിയിൽവച്ചു നടന്ന ഒരു ഉപദേശകയോഗത്തിൽ സന്നിഹിതനാകയും സിലോണിൻെറ തിഷ്ക്കരമത്സരത്താൽ അഭിഹതമായ ഈ സംസ്ഥാനത്തെ നാളികേര വ്യവസായത്തിനുവേണ്ടി അവിടെയുള്ള ഉയർന്ന ഉദ്യോഗസ്ഥ

ഉദ്യോഗസ്ഥ കേന്ദ്രങ്ങളിൽ പലതര പ്രയോജനകരമായ പ്രചരണവേല ചെയ്യുകയുംചെയ്തു. ബോംബെയിൽ താമസിക്കുമ്പോൾ ടാററ ക്കയിൽ കമ്പനി ഡയറക്ടറുമായി നാളികേര വ്യവസായത്തിന്റെ അഭിവൃദ്ധിയെപ്പററി അദ്ധ്യക്ഷൻ ഒരു സംഭാഷണം നടത്തിയിട്ടുള്ളതും കമ്പനിക്കാർ അദ്ദേഹത്തിനു നൽകിയ വിജ്ഞാപനം ഇതിൽ ൩-ാം അനുബന്ധമായി ചേർത്തിട്ടുള്ളതും ആകുന്നു. അനന്തരം അദ്ദേഹം ഭവനഗരിൽചെന്ന് അദ്ദേഹത്തിന്റെ പൂർവ്വഗുരുവായ സർ. പ്രഭാശങ്കർ പട്ടാണി, സ്റ്റേററകൌൺസിൽ അദ്ധ്യക്ഷൻ, മുതലായവരുടെ സഹായത്തോടുകൂടി നടപ്പിൽ വരുത്തിയിരിക്കുന്ന ഋണനിവാരണ പദ്ധതിയുടെ പ്രായോഗിക വശങ്ങൾ കണ്ടു മനസ്സിലാക്കി. ഭവനഗർ രാജ്യത്തെ കർഷക ഋണനിവാരണ പദ്ധതിയുടെ ഒരു ചെറിയ സംക്ഷിപ്തവും കർഷകജനതയുടെ ഋണനിവാരണത്തെ സംബന്ധിച്ച് ഗുജറാത്തിയിൽ ഉള്ള ചില ചോദ്യങ്ങൾക്ക് അദ്ധ്യക്ഷന്റെ അപേക്ഷ അനുസരണം സർ. പ്രഭാശങ്കർ അയച്ച വിലയേറിയ മറുപടിയും അനുബന്ധം ൪-ാം ചേർത്തിരിക്കുന്നു. മററ ഔദ്യോഗികന്മാരായി അദ്ധ്യക്ഷൻ പോകേണ്ടിയിരുന്ന ഗ്വാളിയർ, നാഗ്പൂർ, ഡൽഹി മുതലായ പ്രധാനപ്പെട്ട നാട്ടുരാജ്യങ്ങളിലേയും ബ്രിട്ടീഷ് ഇൻഡ്യൻ പ്രവിശ്യകളിലേയും ചില പ്രധാന പട്ടണങ്ങളിലും നടപ്പിലും ആലോചനയിലും ഇരിക്കുന്ന ഇതുപോലെയുള്ള പരിപാടികളെപ്പററിയും അദ്ദേഹം ഇതുപോലെ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. പടക്ക ഇന്ത്യ വിട്ടു ഇവ സന്ദർശിച്ചു കഴിഞ്ഞു അദ്ധ്യക്ഷൻ ൧൯൩൮ ഏപ്രിൽ ൨൭-ാംനു തിരുവനന്തപുരത്തു മടങ്ങി എത്തിയതിൽപിന്നീട്ടു അദ്ദേഹം രാജ്യം വിട്ടിട്ടു കമ്മിററിയുടെ ജോലി മുഴുവൻ തീർത്തു ഗവൺമെന്റിലേക്ക് റിപ്പോർട്ടു സമർപ്പിച്ചശേഷം മാത്രമാണ്.

അദ്ധ്യക്ഷന്റെ സമസ്തതിരുവിതാംകൂർ പര്യടനം.

൭. ദീർഘകാലത്തെ സുഖക്കേടിനുശേഷം ൧൯൩൮ ഡിസംബർ ൧൪-ാംനു അദ്ധ്യക്ഷൻ തിരുവനന്തപുരത്തു തിരിച്ചെത്തി ഉടൻതന്നെ അദ്ദേഹത്തിനായി തിരുവനന്തപുരത്തു ബാക്കിയുണ്ടായിരുന്ന സാക്ഷികളെ വിസ്തരിക്കാൻ അദ്ദേഹം ആരംഭിച്ചു. കമ്മിററിയുടെ ഉപദേശാനുസരണം രാജ്യത്തുള്ള മാതൃകാസഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നന്നായി പഠിക്കുന്നതിനു അദ്ദേഹം ഒരു സമസ്തതിരുവിതാംകൂർ സഞ്ചാരപരിപാടിയും തയ്യാറാക്കി. ഏതാനും സ്ഥലങ്ങളിലേക്ക് ചില കമ്മിററി അംഗങ്ങളും അദ്ദേഹത്തോടൊരുമിച്ച് യാത്രചെയ്തു. ഈ സഞ്ചാരങ്ങൾ എല്ലാം കമ്മിററിയുടെ യോഗങ്ങൾ ഇല്ലാതിരുന്ന അവസരങ്ങളിലാണ് നടത്തപ്പെട്ടത്. തിരുവനന്തപുരത്തെ സാക്ഷിവിസ്താരം ൧൯൩൯ മെയ് രണ്ടാം വാരംവരെ ഇടയ്ക്കിടെയായി നടത്തപ്പെട്ടുകൊണ്ടിരുന്നു. ഈ കാലത്തു ൨൧ ഉദ്യോഗസ്ഥന്മാരും ൨൦ അനുദ്യോഗസ്ഥന്മാരുംഉൾപ്പെടെ ൪൧ സാക്ഷികളെ തിരുവനന്തപുരത്തുവച്ചു വിസ്തരിക്കുകയുണ്ടായി. അനേകം ഡിപ്പാർട്ടുമെന്റ മേലുദ്യോഗസ്ഥന്മാരും പ്രധാനപ്പെട്ട വക്കീലന്മാരും ഉദ്ദേശം അരഡസൻ സ്ത്രീകളും ഇതിൽ ഉൾപ്പെട്ടിരുന്നു.

മുൻപു പ്രസ്താവിച്ചവണ്ണം അദ്ധ്യക്ഷൻ സംസ്ഥാനത്തെ മിക്ക പ്രധാന കേന്ദ്രങ്ങളും സന്ദർശിക്കയും ൬൭ മാതൃക സംഘങ്ങളുടെ പ്രവർത്തനം വിശദമായി പരിശോധിക്കയും ചെയ്തു. സെൻട്രൽ കോഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽബാങ്ക്, ൧൧ താലൂക്കബാങ്കുകൾ, ൧൨ ഐക്യസംഘങ്ങൾ, ൧ അർബൻബാങ്ക്, ൨ ബാങ്കിംഗ് ഐക്യസംഘങ്ങൾ, ൧ രക്ഷായോഗസംഘം, ൪ ഡിപ്പാർട്ടുമെന്റ സഹായനിധികൾ, ൬ സർക്കാർ ജീവനസംഘങ്ങൾ, ൨ തൊഴിലാളിസംഘങ്ങൾ, ൪ മത്സ്യവ്യവസായ സംഘങ്ങൾ, ൪ അധഃകൃതവർഗ്ഗസംഘങ്ങൾ, ൪ സ്ത്രീസംഘങ്ങൾ, ൨ വിതരണസംഘങ്ങൾ, ൨ സ്കൂൾ സ്റ്റോറുകൾ, ൪ നെയ്ത്തുകാരുടേയും കൈത്തൊഴിൽകാരുടേയും സംഘങ്ങൾ, ൧൧ വർഗ്ഗീയ ധനസഹായസംഘങ്ങൾ, ൧൬ പൊതുധന സഹായസംഘങ്ങൾ,

ഫ ഗൃഹനിർമ്മാണസംഘം, ഌ കോഴിവളർത്തൽ സംഘങ്ങൾ, ഩ ആരോഗ്യരക്ഷണ സംഘം, ഫ ഗ്രാമോദ്ധാരണസംഘം, ഫ കുട്ടികളുടെ സംഘം ഇത്രയും എണ്ണം അദ്ദേഹം പരിശോധിച്ചിട്ടുണ്ട്.

ഈ സഞ്ചാരങ്ങളിൽ കമ്മിററി മുഴുവൻ അദ്ധ്യക്ഷന്റെ കൂടെ ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നില്ല. മിക്കവാറും അദ്ധ്യക്ഷൻ തനിച്ചും അപൂർവ്വമായി മാത്രം കമ്മിററിസഹിതവും സഞ്ചാരങ്ങൾ നടത്തിയിട്ടുണ്ട്. ഫൻസന ഡിസംബർ മൂന്നാമത്തെ ആഴ്ച രണ്ടു കമ്മിററി അംഗങ്ങളോടുകൂടി അദ്ധ്യക്ഷൻ [illegible] സന്ദർശിച്ചു വ്യവസായസംഘങ്ങൾ [illegible] ഏർപ്പെടുത്തുന്നതിലുള്ള പ്രശ്നങ്ങളെപ്പററി മനസ്സിലാക്കുകയും ജനുവരിയിൽ കൊച്ചിയിലെ [illegible] പാതം ആഫിസ് സന്ദർശിച്ചു അച്ചടിശാല പണിക്കാരുടെ സംഘത്തിന്റെ പ്രവർത്തനം കാണുകയും അതിൽ സ്ത്രീകളെ ചേർക്കുന്നതിനും ഒരു വിതരണശാഖകൂടി ഏർപ്പെടുത്തുന്നതിനും ഉപദേശിക്കുകയും ചെയ്തു. ഇതിനുപുറമെ അദ്ദേഹം പറവൂർ, ആലപ്പുഴ, ചേർത്തല ഈ സ്ഥലങ്ങളിൽ ഏതാനും കയറ സൊസൈററികളും, സെൻട്രൽബാങ്കാപ്പീസും കെട്ടിടവും രജിസ്ട്രാറാപ്പീസും സന്ദർശിക്കുകയും ഉദ്യോഗസ്ഥന്മാരുടെ [illegible] സംഘത്തിന്റെയും ഓരോ യോഗങ്ങളും ഉദ്ഘാടിക്കുകയും തിരുവനന്തപുരത്തെ പരിശീലനക്ലാസ്സ് [illegible] കോടതി സന്ദർശിക്കുകയും സഹകരണ സംഘത്തിന്റെയും ജീവകാരുണ്യസംഘത്തിന്റെയും പ്രവർത്തനങ്ങൾ കാണുകയും സെൻട്രൽബാങ്കിന്റെ കഴിഞ്ഞ വാർഷിക പൊതുയോഗവും ക്ഷീരസംഘത്തിന്റെ പൊതുയോഗവും ഉദ്ഘാടിക്കുകയും ചെയ്തിട്ടുണ്ട്. മാർത്താണ്ഡം വൈ. എം. സി. എ. വക ഗ്രാമോദ്ധാരണ കേന്ദ്രത്തിൽ രണ്ടു പ്രാവശ്യം അദ്ദേഹം ദീർഘമായ ചർച്ചകൾ നടത്തുകയും അംഗങ്ങളിൽനിന്നും സംഭാവന പിരിച്ചു സ്വന്തമായ ചെറിയ കെട്ടിടങ്ങൾ ഉണ്ടാക്കിയിട്ടുള്ള അനവധി ഉൾനാടൻ സംഘങ്ങളെയും സന്ദർശിക്കുകയും ചെയ്തു. കൂടാതെ തിരുവനന്തപുരം ശാശ്വതനിധി, സെൻട്രൽ വാണിജ്യസഹകരണ ഇൻസ്റ്റിട്യൂട്ട്, വനിതാസമാജം, ഹിന്ദുമഹിളാമന്ദിരം, ശില്പവിദ്യാലയം, കൊല്ലം ബാങ്ക്, ആലപ്പുഴ ഗവർമെന്റ കമ്മേർഷ്യൽ സ്കൂൾ മുതലായ സ്ഥാപനങ്ങളും അദ്ധ്യക്ഷൻ സന്ദർശിക്കുകയും കൊല്ലത്തുവെച്ചു നടത്തപ്പെട്ട അഖില തിരുവിതാംകൂർ സഹകരണസമ്മേളനത്തിലും ഒരു ധനപരിശോധനാസമിതി യോഗത്തിലും തിരുവിതാംകൂർ കച്ചവടസംഘത്തിന്റെയും ആലപ്പുഴ വാണിജ്യ മണ്ഡലത്തിന്റെയും യോഗങ്ങളിലും സന്നിഹിതനാവുകയും ചെയ്തിട്ടുണ്ട്. രാജ്യത്തെ വനങ്ങളിൽ അധിവസിക്കുന്ന കാണിക്കാരുടെ ഇടയിൽ സഹകരണം പ്രചരിപ്പിക്കണമെന്നുദ്ദേശിച്ചു കല്ലാർ, കുളത്തൂപ്പുഴ, [illegible] മുതലായ സ്ഥലങ്ങൾ പോയിക്കാണുകയും കാണിക്കാർ അവരുടെ വനവിഭവങ്ങളെ വിററഴിക്കുന്ന വിഷയത്തിൽ വളരെ പ്രയാസനകരങ്ങളായ സംഗതികൾ മനസ്സിലാക്കുകയും ചെയ്തു. കൊല്ലത്തും ആലപ്പുഴയും പല വ്യവസായശാലകളും പീരുമേട്ടിലും ദേവികുളത്തും പല റബ്ബർതോട്ടങ്ങളും തേയിലത്തോട്ടങ്ങളും പോയിക്കാണുകയും അനവധി കൂലിക്കാർ ഉണ്ടായിരുന്ന തോട്ടങ്ങളിലെ ഉടമസ്ഥന്മാരോടു തങ്ങൾക്കും ജോലിക്കാർക്കും ഉപകരിക്കത്തക്ക സഹകരണസംഘങ്ങൾ അവിടെ ഏർപ്പെടുത്തുന്നതിനെപ്പററി ചോദിക്കുകയും അവരിൽ ചിലരുമായി കൂലിക്കാരുടെ ക്ഷേമസംരക്ഷണത്തിനു സഹകരണ സംഘങ്ങൾ ഏർപ്പെടുത്തുന്നതിനെപ്പററി ദീർഘമായ എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു.

ഫൻസന മേടമാസത്തെ ആദ്യത്തോടുകൂടി അദ്ധ്യക്ഷൻ സഞ്ചാരം നിർത്തി ഫഩ-ഌ-നവ-നും ഩ-ഩ-ഌ-നവ-നും ഇടയ്ക്കു നക്കൽ ശുപാർശകൾ തയ്യാറാക്കി. ജൂൺ ആദ്യവാരത്തിൽ അവ കമ്മിററിയിൽ വാദപ്രതിവാദം ചെയ്തു പാസ്സാക്കപ്പെടുകയും ചെയ്തു. ശേഷിച്ച ആളുകൾ റിപ്പോർട്ട് എഴുതുന്നതിനു പിരിയേണ്ടിവരും [illegible] മാസത്തെ ആദ്യത്തിൽ കൂടിയ കമ്മിററിയിൽ റിപ്പോർട്ട് അതിന്റെ ഈ അവസാനരൂപത്തിൽ പാസ്സാക്കപ്പെടുകയും ചെയ്തു.

അദ്ധ്യക്ഷൻെറ പ്രചരണവേല.

൯. അദ്ധ്യക്ഷൻ ഈ രാജ്യത്തു താമസിച്ചിരുന്നകാലമത്രയും തിരുവനന്തപുരം, കോട്ടയം, തിരുവല്ല, കൊല്ലം, ചെങ്ങന്നൂർ, മൂവാററുപുഴ, നെടുമങ്ങാട്, കുഴിത്തുറ, കഴക്കൂട്ടം മുതലായ സ്ഥലങ്ങളിൽ താലൂക്ക കാൺഫറൻസുകളിലും മററു സഹകരണ സമ്മേളനങ്ങളിലും ആദ്ധ്യക്ഷ്യം വഹിക്കുന്നതിനു അദ്ദേഹം ക്ഷണിക്കപ്പെടുകയും അവിടെയെല്ലാം പ്രസംഗങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. സഹകരണ പ്രസ്ഥാനത്തിൽ അത്യുൽസുകയായ ജൂണിയർ മഹാറാണി (തിരുവിതാംകൂർ മഹാറാണി സേതു പാർവ്വതീബായി) തിരുമനസ്സിലെ രക്ഷാധികാരത്തിൽ നടത്തപ്പെടുന്ന സ്ത്രീസഹായ സമിതിയിൽ പ്രസംഗിക്കാനായി ൧൧൦൯ ജൂൺ [illegible]-നു അദ്ധ്യക്ഷൻ ക്ഷണിക്കപ്പെടുകയും അവിടെ സ്ത്രീകളും സഹകരണവും എന്ന വിഷയത്തെപ്പററി പ്രസംഗിക്കയും ചെയ്തു.

കമ്മിററി റിപ്പോർട്ട് സമർപ്പിക്കുന്നതിനു ആദ്യം ഗവൺമെൻറു അനുവദിച്ചിരുന്നകാലം ആറുമാസം മാത്രമായിരുന്നു. എന്നാൽ മേൽവിവരിച്ച കാരണങ്ങളാൽ ൧൧൦൯ ജൂലൈ ൩൧-നുവരെ പലതവണയും കാലദൈർഘ്യത്തിനു അനുവാദം വാങ്ങേണ്ടതായി വന്നിട്ടുണ്ട്.

അദ്ധ്യായം ൨.

ചില പ്രധാനസംഗതികൾ.

പ്രകൃതി.

തിരുവിതാംകൂർരാജ്യം ഇൻഡ്യൻ ഉപദ്വീപിന്റെ തെക്കെ അറ്റത്തു മൂലയിൽ ഒരു വശം അറബിക്കടലും മറുവശം പശ്ചിമഘട്ടപർവ്വതനിരയും ആവൃതമായി സ്ഥിതിചെയ്യുന്നു. കന്യാകുമാരി കേന്ദ്രമായിട്ടുള്ള ഒരു ത്രികോണാകൃതിയാണ് അതിനുള്ളത്. ഈ രാജ്യത്തിനു ൧൭൪ മൈൽ നീളവും ൩൦ മുതൽ ൭൫ വരെ മൈൽ വീതിയും ആകെക്കൂടി ൭൬൨൫ ചതുരശ്രമൈൽ വിസ്താരവും ഉള്ളതാകുന്നു.

മററുരാജ്യങ്ങളും പ്രവിശ്യകളുമായുള്ള താരതമ്യം.

൨. വിസ്താരത്തിൽ തിരുവിതാംകൂർ നാട്ടുരാജ്യങ്ങളിൽ പതിനാറാമതായിട്ടാണെങ്കിലും ജനസംഖ്യയിൽ മൂന്നാംസ്ഥാനമാണ് അതിനുള്ളത്. ഹൈദരബാദ് തിരുവിതാംകൂറിനെക്കാൾ പതിനൊന്നിരട്ടി വലിപ്പമുള്ളതാണെങ്കിലും അവിടെ ഇതിന്റെ മൂന്നിരട്ടി മാത്രമെ ജനസംഖ്യയുള്ളു. മൈസൂർ, ഗ്വാളിയർ, [illegible] എന്നീരാജ്യങ്ങൾ നാലിരട്ടിവീതം വലിപ്പമുള്ളതാണെങ്കിലും അവയുടെ ജനസംഖ്യ തിരുവിതാംകൂറിന്റേതിൽ യഥാക്രമം ഒന്നര, മുക്കാൽ, ഒമ്പതിൽ എട്ടു എന്നീവീതമേ ഉള്ളു. അല്പംകൂടി വിസ്താരമുള്ള ബറോഡയിലെ ജനസംഖ്യ ഇതിന്റെ പകുതിയിൽ കുറവാണ്. മുതലെടുപ്പിൽ ഹൈദരബാദും മൈസൂറും കഴിഞ്ഞാൽ മൂന്നാമത്തെ സ്ഥാനമാണ് തിരുവിതാംകൂറിനുള്ളത്.

പ്രകൃതിരമണീയവും വിജ്ഞാനസമ്പന്നവുമായ ഒരു പ്രദേശം.

൩. തിരുവിതാംകൂർ ഇൻഡ്യൻഉപദ്വീപിന്റെ അത്യന്തം മനോഹരമായ ഒരു വിഭാഗമാണെന്നു ഒരു വിദേശിക്ക നിസ്സംശയം തോന്നുന്നതാണ്. ഇത്ര വിദ്യാഭിവൃദ്ധിയും വിജ്ഞാനരമ്യതയും അദ്ധ്യാത്മസൗകര്യങ്ങളും അഭിവൃദ്ധിമാർഗ്ഗങ്ങളും നിറഞ്ഞ ഒരുരാജ്യം ഇൻഡ്യയിൽ മററങ്ങും ഇല്ലെന്നാണ് തിരുവിതാംകൂർ സന്ദർശിച്ച കഴ്സൺപ്രഭു അവർകൾ പറഞ്ഞിട്ടുള്ളത്. വടക്കുനിന്നോ കിഴക്കൻ തീരപ്രദേശങ്ങളിൽനിന്നോ ഉണങ്ങിവരണ്ട നെട്ടനെടുങ്കൻ മരുഭൂമികൾ വിട്ടു ഇവിടെ വന്നു ചേരുന്ന ഒരാൾ നീലനിറത്തിലുള്ള തടാകങ്ങളും ഹരിതാഭങ്ങളായ ഭൂവിഭാഗങ്ങളും പൂർവ്വമലകളിലെ അടിസാനുക്കളും കൂട്ടത്തിൽ ജലപ്രദേശങ്ങളും സസ്യനിബിഡങ്ങളുമായ താഴ്വരകളും സമതലങ്ങളും തീരപ്രദേശത്തെ ആച്ഛാദനംചെയ്യുന്ന കേരസമൂഹങ്ങളുടെ ഇടയ്ക്കിടയ്ക്കു അങ്ങിങ്ങായി പൊന്തിനിൽക്കുന്ന പാറക്കെട്ടുകളും കൊണ്ട് എവിടെയും നേത്രാനന്ദകരങ്ങളായ കാഴ്ചകളാൽ ആനന്ദമഗ്നനായി തീരുന്നതാണ്. തിരുവിതാംകൂർ ഒരു വിദേശിക്ക അഭിരാമവും അഭിജ്ഞതാനന്ദപ്രദവും ആയ ഒരു സ്ഥലമാണെന്നുള്ളത് നിർവിവാദമാണ്.

തെരുവുകളില്ലാത്ത ഗ്രാമങ്ങൾ.

൪. ബ്രിട്ടീഷിൻഡ്യയിൽ വിസ്താരമേറിയ വിജനപ്രദേശത്തിന്റെ നടുവിൽ ഒന്നിച്ചുകൂട്ടി കിടക്കുന്ന കുറെ ഗൃഹങ്ങളെപ്പോലെയുള്ള ഗ്രാമങ്ങളല്ല തിരുവിതാംകൂറിൽ ഉള്ളവ എന്നുള്ളതു ഇവിടത്തെ ഒരു പ്രത്യേകതയാണ്. നേരെമറിച്ചു രാജ്യംമുഴുവൻ ഒരു ഉദ്യാനനഗരംപോ

കല തോന്നത്തക്കവണ്ണം തോട്ടങ്ങളാലും വയലുകളാലും ആവൃതങ്ങളായ ചെറുഗൃഹങ്ങൾ എവിടെയും ഒരുപോലെ കാണപ്പെടുന്നു. ബസ്സിലോ, കാറിലോ സഞ്ചരിക്കുന്ന ഒരുവനു റോഡിന്റെ ഇരുവശങ്ങളിലും നിരനിരയായുള്ള വീടുകളും കടകളും പള്ളിക്കൂടങ്ങളും ദേവാലയങ്ങളും ഒരു പ്രത്യേക കാഴ്ചയാണ്. കൂടാതെ ഓരോ കുടിപാർപ്പുസ്ഥലങ്ങൾക്കും ഉപയോഗപ്രദങ്ങളായ ഫലവൃക്ഷങ്ങളും മറ്റെതെങ്കിലും വിളവുകളും ഉള്ളതായ ഒരു ചെറുതോട്ടവും ഉണ്ടായിരിക്കുന്നു. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലുമുള്ള റോഡുകളിൽ ധാരാളമായി കാണപ്പെടുന്ന വിദ്യാലയങ്ങൾ ഒരുവന്റെ ശ്രദ്ധയെ ആകർഷിക്കാതെയിരിക്കയില്ല. നാട്ടിൻപുറങ്ങളിൽപോലും, സ്ലേറ്റും പുസ്തകവും ഉച്ചഭക്ഷണം നിറച്ചിട്ടുള്ള ഒരു പാത്രവും വഹിച്ചുകൊണ്ടു ചെറുകുട്ടികൾ, ആണും പെണ്ണും, കൂട്ടംകൂട്ടമായി പ്രസന്നവദനരും ഉത്സാഹഭരിതരുമായി നാട്ടുഭാഷയോ ഇംഗ്ലീഷോ പഠിക്കുന്നതിനു വിദ്യാലയങ്ങളിലേക്കു പോകുന്ന ആനന്ദകരമായ കാഴ്ച ഒരുവനു വിസ്മരിക്കാവുന്നതല്ല. ഈ കാഴ്ച രാജ്യമെങ്ങും വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു ചെയ്തിട്ടുള്ള ശ്രമത്തെ ദ്യോതിപ്പിക്കുന്നുണ്ട്. മദ്ധ്യതിരുവിതാംകൂറിലെ ഗ്രാമങ്ങളിൽക്കൂടി സഞ്ചരിക്കുന്ന ഒരാൾക്കു, അദ്ധ്വാനവും കർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി ജനങ്ങൾ, സ്ത്രീപുരുഷന്മാർ, ഞായറാഴ്ചദിവസങ്ങളിൽ രാവിലെ ശുഭ്രവസ്ത്രങ്ങൾ ധരിച്ച് ഒരുകയ്യിൽ ബൈബിളും മറ്റേതിൽ ഒരു ശിശുവുമായി ദേവാലയഗമനം ചെയ്യുന്നതു കാണാൻ കഴിയും. എന്നാൽ തിരുവിതാംകൂർ രമണീയവും വിദ്യാസമ്പന്നവുമായ ഒരു രാജ്യമാണെന്നുള്ളതു വാസ്തവംതന്നെയാണെങ്കിലും അതേസമയത്തുതന്നെ കൂടുതൽ വ്യവസായവൽക്കരണം ആവശ്യമുള്ള ഒരു രാജ്യമാണെന്നു സമ്മതിച്ചേ തീരൂ. ഇൻഡ്യയുടെ മറ്റുഭാഗങ്ങളിൽ കർഷകവൃത്തിയിൽനിന്നും വ്യവസായവൃത്തികളിലേക്കു സാവധാനത്തിൽ പ്രയാണം ചെയ്തുകൊണ്ടിരിക്കുന്ന ജീവിതവൃത്തി ഈ നാട്ടിലെ പൊതുജീവിതത്തെ സ്പർശിക്കുകയോ അതിനു ഏതെങ്കിലും മാറ്റം ഉളവാക്കുകയോ ചെയ്തിട്ടില്ലാത്തതും ഭൂരിഭാഗം ജനങ്ങളും അതിപുരാതനമായ കർഷകവൃത്തിയിൽതന്നെ ഇന്നും ബന്ധിച്ചുകിടക്കുന്നതുമാണ്.

ഭരണവിഭാഗങ്ങൾ.

൫. രാജ്യം നാലു റവന്യൂഡിവിഷനായും ൩൦ താലൂക്കുകളായും വിഭജിക്കപ്പെട്ടിരിക്കുന്നു. താലൂക്കുകൾ ഭരണഘടകങ്ങളായ പകുതികളായും തിരിക്കപ്പെട്ടിരിക്കുന്നു. ൩൦ താലൂക്കുകളിലുംകൂടി ൪൩൩ പകുതികളുണ്ട്. പകുതികൾ വീണ്ടും ഇൻഡ്യയിലെ മറ്റുസ്ഥലങ്ങളിലുള്ള ഗ്രാമങ്ങളുടെ സ്ഥാനം വഹിക്കുന്നതായ കരകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആകെയുള്ള കരകളുടെ എണ്ണം ൩൮൬൫. ഒരു കരയുടെ ശരാശരി വിസ്തീർണ്ണം രണ്ടു ചതുരശ്രമൈലാണ്.

പ്രകൃതിവിഭാഗങ്ങൾ.

൬. പ്രകൃതിയനുസരിച്ചു രാജ്യത്തെ മൂന്നു ഭാഗങ്ങളായി വിഭജിക്കാം.

(൧) ഇടതിങ്ങിയ തെങ്ങിൻതോപ്പുകളാലും വിസ്തൃതങ്ങളായ വയൽപ്രദേശങ്ങളാലും കടലോട്ടുചേർന്ന് അഴികളാൽ ബന്ധിച്ചും ചേർന്നുകിടക്കുന്ന കായലുകളോടുംകൂടിയ സമതലമായ സമുദ്രതീരപ്രദേശം. തോടുകളാൽ അന്യോന്യം യോജിപ്പിക്കപ്പെട്ട ഈ കായലുകൾ തീരപ്രദേശങ്ങൾക്കു മുഴുവൻ ഗതാഗതസൌകര്യം നൽകുന്നുണ്ട്. ഈ പ്രദേശത്തു ശീതോഷ്ണങ്ങളുടെ കാഠിന്യം ഉണ്ടാകുന്നില്ല. ഇവിടത്തെ വർഷപാതം തെക്കേഅറ്റത്തു ൩൦ ഇഞ്ചു മുതൽ വടക്കേഅറ്റത്തു ൧൨൦ ഇഞ്ചുവരെയാകുന്നു. ജലാശയങ്ങളോടുകൂടി വിസ്തൃതിയേറിയതും വിലക്ഷണരമ്യവുമായ വെനീസിനോടു താരതമ്യപ്പെടുത്താവുന്ന ഒരു ഭൂവിഭാഗം കാണപ്പെടുന്നതു ഇവിടെമാത്രമാണ്. ഇവിടങ്ങളിലെ കുട്ടികൾ പ

ള്ളിക്കൂടങ്ങളിൽ പോകുന്നതു താന്താങ്ങൾതന്നേ നയിക്കുന്നതായ ചെറുവള്ളങ്ങളിലാണ്. സഹകരണസംഘാംഗങ്ങൾക്ക അയൽവീടുകളിലോ ചന്തകളിലോ പോകുന്നതിനും വള്ളമില്ലാതെ നിവൃത്തിയില്ല. ഇതു ഒരു മനോഹരമായ സ്ഥലവും ഇൻഡ്യയിലെ അത്യാനന്ദകരമായ ഒരു കാഴ്ചയുമാകുന്നു. ഭൂമെഹന്ധങ്ങൾ പ്രതിപാദിക്കപ്പെടുന്ന ഭാഗത്തു ഈ സ്ഥലത്തെസംബന്ധിക്കുന്ന പ്രശ്നങ്ങളെപ്പറ്റി പ്രസ്താവിക്കുന്നതാണ്. ഈ സ്ഥലം എല്ലാംകൂടി കുട്ടനാട് എന്നു വിളിക്കപ്പെടുന്നതും ഇവിടെ അസംഖ്യം ചെറുകിടസ്ഥലമുടമസ്ഥന്മാർ ഒരു പ്രശ്നവിഷയമായ പ്രഖ്യാതമായ പുഞ്ചകൃഷി നടത്തിവരുന്നതും ആകുന്നു.

(൨) <u>ഉൾനാടുകൾ</u>. ഇവ കിഴക്കു മലനാടുകൾക്കും പടിഞ്ഞാറെ തീരപ്രദേശങ്ങൾക്കും ഇടയ്ക്കുള്ളവയാണ്. ഇവിടം അപ്പാടെ ഉയർച്ചയുള്ളതും ചെറിയ കുന്നുകളും താഴ്വാരം വയലുകളുമായി ഇടകലർന്നതും തെങ്ങുകൾ കൊണ്ടു നിറഞ്ഞിരിക്കുന്നതും ആകുന്നു. കുന്നിൻചരിവുകളിൽ തെങ്ങുകൃഷിയും, ചിലസ്ഥലങ്ങളിൽ കമുക്, മരച്ചീനി, കുരുമുളക്, റബ്ബർ ഇഞ്ചി മുതലായ തോട്ടകൃഷികളും ചെയ്തുവരുന്നു. ഇവിടത്തെ വർഷപാതം ൬൦ ഇഞ്ചുമുതൽ ൧൪൦ ഇഞ്ചുവരെയാണ്.

(൩) <u>മലമ്പ്രദേശങ്ങൾ</u>. ഇതു പശ്ചിമനദികളുടെ ഉത്ഭവസ്ഥലങ്ങളായ താഴ്വരകളും മലയിടുക്കുകളും വിഭജിക്കപ്പെട്ട പലവിധ ഔന്നത്യങ്ങളോടുകൂടിയ ഒരു ദീർഘമായ പർവതനിരയാണ്. ഈ പ്രദേശം സാമാന്യം ഉയർന്ന സ്ഥലംവരെ മുളംകൂട്ടങ്ങളാലും തേക്കുമുതലായ വിലയേറിയ വൃക്ഷങ്ങളാലും ഇടതൂർന്ന വനങ്ങളാണെങ്കിലും, ചിലസ്ഥലങ്ങൾ വെട്ടിത്തുറന്നു അവിടെ തേയില, റബ്ബർ, ഏലം മുതലായ കൃഷികൾ വൻതോതിൽ നടത്തിവരുന്നു. തേയിലകൃഷിചെയ്യുന്നതിനു ഒരു സൌജന്യംപോലെ ൧,൩൦,൦൦൦ ഏക്കർ സ്ഥലം അനുഭവിച്ചുവരുന്ന ഒരു ഇംഗ്ലീഷ്കമ്പനി ഇവിടെയുള്ളതാകുന്നു. ഇതുമാതിരിയുള്ള കൃഷികൾ ചെയ്യപ്പെടുന്ന ൭൦ തോട്ടങ്ങളുണ്ട്; അവയിൽ ൬൧-ം തേയിലകൃഷിക്കായുള്ളവയും ആണ്. ഇതു വളരെ വിസ്തീർണ്ണമുള്ള ഒരു സ്ഥലമാണ്. വർഷപാതവും ഇവിടെ വളരെ കൂടുതലാണ്. അതായതു തെക്ക ൧൧൦ ഇഞ്ചുമുതൽ വടക്ക ൨൦൦ ഇഞ്ചുവരെയാണ്.

ജനസംഖ്യയും അതിന്റെ ദ്രുതമായ വർദ്ധനയും.

൭. ൧൯൪൧-ലെ കണക്കനുസരിച്ചു ജനസംഖ്യ ൬,൦൭൦,൦൧൮ ആണ്, അതായതു അമ്പതു വർഷങ്ങൾക്കുമുമ്പുണ്ടായിരുന്നതിൽ ഇരട്ടി. ഇതിൽ ൩൧,൩൪,൮൮൮ ഹിന്ദുക്കളും അതിൽ അധഃകൃതർ ൯ ലക്ഷവും ക്രിസ്ത്യാനികൾ ൧൯,൫൮,൪൯൧-ം അതിൽ അധഃകൃതർ ൪ ലക്ഷവും ൪,൩൪,൨൯൪ മഹമ്മദീയരും ആണ്. ഇൻഡ്യയിൽ ആകെയുള്ള ക്രിസ്ത്യാനികളിൽ നാലിലൊന്നിൽ കൂടുതൽ തിരുവിതാംകൂറിലാണെന്നുള്ളതു ശ്രദ്ധേയമാണ്. അധഃകൃതരായ ഹിന്ദുക്കളും ക്രിസ്ത്യാനികളും മറ്റുംകൂടി ൧൭,൪൭,൩൪൦ ആണ്,—അതായതു ഏകദേശം ൧൮ ലക്ഷം എങ്കിൽ ജനസംഖ്യയുടെ ൨൯ ശതമാനം. ജനനിബിഡത രാജ്യമൊട്ടുക്ക ഒരു ചതുരശ്രമൈലിനു ൭൯൨-ം എന്നാൽ വർദ്ധിച്ചിരിക്കുന്നസ്ഥലങ്ങളിൽ ശരാശരി ൧൪൦൦ വരെയും ആണ്.

വിദ്യാഭ്യാസം.

൮. വിദ്യാഭ്യാസവിഷയത്തിൽ ബർമ്മയും കൊച്ചിയും ഒഴിച്ചു ഇൻഡ്യൻപ്രവിശ്യകളിലും നാട്ടുരാജ്യങ്ങളിലും തിരുവിതാംകൂർ വളരെ മുന്നിട്ടുനിൽക്കുന്നു. ൫ വയസ്സിനുമേൽ പ്രായമുള്ളവരിൽവച്ചു ൪൭ ശതമാനം ആണും ൩൭ ശതമാനം പെണ്ണും വിദ്യാഭ്യാസം സിദ്ധിച്ചവരാണ്. ആണ്ടുതോറും വിദ്യാഭ്യാസവിഷയത്തിലേക്ക ൪൭

ലക്ഷംരൂപ മുതൽ ൫ ലക്ഷംരൂപാവരെ, അതായതു ആകെ മുതൽമുടക്കിൽ ൨.൦ ശതമാനം, ചിലവാക്കി വരുന്നു. ഇതു ഭാരതമൊട്ടുക്കു ഇൻഡ്യയിലെ ഏറ്റവും വലിയ സംഖ്യയാകുന്നു. ആകെ വിദ്യാലയങ്ങളുടെ എണ്ണം ൪൦൦൦ ത്തിൽ കവിയുന്നതും ഓരോ കരയിലും ഓരോ വിദ്യാലയം ഉണ്ടെന്നു പറയാവുന്നതും ആകുന്നു.

സാമാന്യധനസ്ഥിതി.

൯. തിരുവിതാംകൂറിൽ ഏറ്റവും പ്രധാനമായ ധനസമ്പത്തു ഭൂസ്വത്തും, ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയും ആകുന്നു. പല സ്ഥലങ്ങളിലും, വിശേഷിച്ചും ജനബാഹുല്യം ഉള്ള തെക്കൻ ഡിസ്ത്രിക്ടുകളിൽ, ഭൂമിയെ ജനങ്ങൾ തിരക്കപ്പെടാൻ പോരില്ലാത്തവണ്ണം ജനസംഖ്യ അത്ര കൂടുതലാണ്. കൃഷിഭൂമികളെ ഭാഗിച്ചിരിക്കുന്നതിലുള്ള ദോഷങ്ങൾ എവിടെയും പ്രത്യക്ഷമാണ്. ഈ വിഭജനം നായർ, ഈഴവർ, നാഞ്ചിനാട്ടു വെള്ളാളർ എന്നിവരുടെ തറവാട്ടുവക വിഭജിക്കാൻ വ്യവസ്ഥചെയ്യുന്നതായിട്ടുള്ള നിയമനിർമ്മാണങ്ങൾ മൂലം ഉത്ഭവിച്ചതാകയും തൻമൂലം കൃഷിഭൂമികളിൽ ഭൂരിഭാഗവും ആദായകരമല്ലാത്തവയാകയും ചെയ്തിട്ടുണ്ട്. ശീഘ്രം വളർന്നുവരുന്ന ഈ സ്ഥിതി കൂട്ടുകൃഷിക്കോ സംയോജനത്തിനോ ആയിട്ടുള്ള സഹകരണസംഘങ്ങൾ മുഖാന്തരം പരിഹരിക്കപ്പെടേണ്ടതായ ഒരു ആവശ്യം ഉളവാക്കുന്നതാണ്. രാജ്യത്തുള്ള കൃഷിഭൂമികളിൽ നിന്നു ശരാശരിയായി ആദായകരമായി കൃഷിചെയ്യാൻ പോരാത്തവണ്ണം ചെറുതാണെന്നും ഒരു കൃഷിക്കാരന്റെ ശരാശരി കുടുംബത്തിനു മതിയാകാത്തതാണെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. കൃഷിക്കാരന്റെ ചുരുങ്ങിയ വരുമാനത്തെ വർദ്ധിപ്പിക്കുന്നതിനു വാണിജ്യവ്യവസായങ്ങളുടെ അത്യാവശ്യകതയെ ഇതു ചൂണ്ടിക്കാണിക്കുന്നതും, സാധനങ്ങൾക്കു ഈയിടെ ഉണ്ടായിട്ടുള്ള വിലക്കുറവുകൊണ്ടു വിളവുകളുടെയും വിലയിൽ ഇടിവു വന്നിട്ടുള്ളതും ആകുന്നു. മേൽപ്രസ്താവിച്ചതുപോലെ ജനസംഖ്യയിൽ ഏറിയ ഭാഗവും കൃഷിയെയും കൃഷിവക ഉല്പന്നങ്ങളെയും അപൂർവ്വമായി അവയുടെ പ്രാഥമികസംസ്കരണത്തെയും ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നതു. വലിയതോതിൽ നടത്തപ്പെടുന്ന വ്യവസായം കയറുവ്യവസായം ഒന്നുമാത്രമാണ്, ഈ വ്യവസായം സമുദ്രകായലുകളോടു ചേർന്ന തീരപ്രദേശങ്ങളിൽമാത്രം നടന്നുവരുന്നതും ഇതിൽ അനവധി സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നതും ആകുന്നു. ഡാക്ടർ കുഞ്ഞൻപിള്ള അവർകൾ ൧൯൩൧-ലെ സെൻസസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതുപോലെ "പലവക അസൗകര്യങ്ങൾക്കും നിയന്ത്രണങ്ങൾക്കും അധീനമായി സാവധാനത്തിൽ അഭിവൃദ്ധിയെ പ്രാപിക്കുന്ന കർഷകവൃത്തിയിൽ ലയിക്കാൻ നിവൃത്തിയില്ലാത്തവിധം വർദ്ധിച്ചുവരുന്ന ജനസംഖ്യക്കു ഉപജീവനമാർഗ്ഗം നൽകുന്നതിനു കൂടുതൽ ഊർജ്ജിതമായുള്ള വ്യവസായീകരണംകൊണ്ടു മാത്രമേ സാദ്ധ്യമാകയുള്ളു. വ്യവസായീകരണം ഒരു അമംഗളമായ അനുഗ്രഹമായി തീരണമെങ്കിൽ അതു സഹകരണത്തിന്റെ ശരിയായ തത്വങ്ങളും ആദർശങ്ങളും അനുസരിച്ചു സംഘടിപ്പിച്ചാൻ മാത്രമേ സാധിക്കയുള്ളു എന്നും ഇവിടെ പ്രസ്താവ്യമാണ്."

അദ്ധ്യായം ൩.

സംക്ഷിപ്തം.

ഇപ്രകാരമുള്ള റിപ്പോർട്ടുകളിൽ അംഗീകരിക്കപ്പെട്ടാവുള്ള രീതിയിൽനിന്നും അല്പം വ്യതിചലിച്ചു വായനക്കാരുടെ സൌകര്യത്തിനുവേണ്ടി പല ഭാഗങ്ങളിലായി ചേർക്കപ്പെട്ടിട്ടുള്ള അദ്ധ്യായങ്ങളുടെ ഒരു ചുരുങ്ങിയ വിവരണം കൂടി ചേർക്കാൻ ഞങ്ങൾ വിചാരിക്കുന്നു. ആദ്യം ഞങ്ങളെ ഭരമേല്പിച്ച അന്വേഷണത്തെപ്പറ്റി പറകയാണെങ്കിൽ ൧൯൨൪-ന്നു ശേഷം?, അതായതു ഈ പ്രസ്ഥാനം ഇവിടെ ഏർപ്പെടുത്തി ൧൦ കൊല്ലം കഴിഞ്ഞശേഷം, ഇപ്രകാരം ഒരു അന്വേഷണം നടത്തപ്പെടേണ്ടതായിരുന്നു എന്നാണ ഞങ്ങൾ വിചാരിക്കുന്നതു്.

൨൦ വർഷത്തെ പ്രവർത്തനഫലം.

൨. ബ്രിട്ടീഷിൻഡ്യയിലേതായാലും ൧൯൧൪-൧൫-ൽ, അതായതു പ്രസ്ഥാനം ഏർപ്പെടുത്തി ൧൦ വർഷം തികഞ്ഞസമയം, അതിനെപ്പറ്റി അന്വേഷണം നടത്താൻ മക്ലഗൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. പരിഹരിക്കാൻ ഇപ്പോൾ ദീർഘകാലം വേണ്ടിവരുന്ന ന്യൂനതകൾ പത്തുവർഷംമുമ്പു ഈ അന്വേഷണം നടത്തിയിരുന്നുവെങ്കിൽ യഥാകാലം പരിഹരിക്കപ്പെടാമായിരുന്നു. പൊതുജനങ്ങൾ പറയുന്നപക്ഷം ഇരുപതു വർഷത്തെ പ്രവർത്തനഫലം, അതായതു ൧൯൦൪ മുതൽക്കുള്ളതു, അന്വേഷിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. ഈ റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള ഞങ്ങളുടെ ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനു അഞ്ചുവർഷങ്ങൾ വേണ്ടിവരുമെന്നും അത്രയും സമയം ആവശ്യമാണെന്നും ഞങ്ങൾ കരുതുന്നു. ഞങ്ങൾ നിർബന്ധിക്കുന്ന പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനു ആവശ്യമുള്ള സാധനസാമഗ്രികൾ ഗവർമ്മെന്റു സജ്ജീകരിക്കേണ്ടതായിട്ടുമുണ്ടു്.

സഹകരണംപോലെയുള്ള ഒരു പ്രസ്ഥാനത്തിനു സ്വാശ്രയവും സ്വാതന്ത്ര്യവും അതിന്റെ സ്വാഭാവികലക്ഷണങ്ങളാണെന്നു ഞങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിലും ഇതേവരെ ഗവർമ്മെന്റു അതിനു ചെയ്തിട്ടുള്ള സഹായങ്ങളെക്കാൾ കൂടുതൽ ചെയ്തുകൊടുക്കേണ്ടതു ആവശ്യമാണെന്നു എടുത്തുപറയേണ്ട അത്യാവശ്യം ഉണ്ടെന്നു ഞങ്ങൾക്കു തോന്നിയിട്ടുണ്ടു്. പ്രസ്ഥാനത്തെ കാര്യക്ഷമങ്ങളായ മാർഗ്ഗങ്ങളിൽകൂടി നയിക്കുന്നതിനു ഉദ്യോഗസ്ഥന്മാരായിട്ടും, അനുദ്യോഗസ്ഥ പ്രവർത്തകന്മാരെ കൂടുതൽ യോഗ്യന്മാരാക്കുന്നതിലേക്കു ഗ്രാന്റായിട്ടും, കൂടുതൽ ആളും അർത്ഥവും ഗവർമ്മെന്റു വളരെമുമ്പുതന്നെ നൽകിയിരുന്നുവെങ്കിൽ പല ഗൗരവതരങ്ങളായ ന്യൂനതകളും പരിഹരിക്കാമായിരുന്നുവെന്നു ഞങ്ങൾ പറഞ്ഞിട്ടുണ്ടു്. സ്ത്രീപുരുഷന്മാരിൽ കൂടുതൽ വിദ്യാഭ്യാസ പ്രചരണം ഉള്ളതിനാൽ രാജ്യത്തുള്ള ജനങ്ങളിൽ ഒരു വലിയശതമാനം ആളുകൾ ഈ പ്രസ്ഥാനപരിധികളിൽ എത്തിയിട്ടുണ്ടെന്നു ഞങ്ങൾ തെളിയിച്ചിട്ടുണ്ടു്. എന്നാൽ സഹകരണപ്രവർത്തനംകൊണ്ടു ഇവിടത്തെപ്പോലെ മററങ്ങും ജനങ്ങൾക്കു ഇത്ര പ്രയോജനം ശ്രദ്ധേയമായിട്ടില്ല. ഇതിന്റെ കാരണം മിക്കവാറും സഹകരണാഭിവൃദ്ധിക്കു അത്യാവശ്യമായ സഹകരണ വിദ്യാഭ്യാസവിഷയത്തിലുണ്ടായിട്ടുള്ള ഉപേക്ഷതന്നെയാണ്. ഇവിടത്തെ ഭൂമി മറെറവിടെയും ഉള്ളതുപോലെ നല്ലതാണെന്നു ഞങ്ങൾക്കു വിശ്വാസമുണ്ടു്. അതു വേണ്ടവണ്ണം സംസ്കരിക്കയും ഉഴുകയും അതിൽ വളം ചെയ്യുകയും വെള്ളം ഒഴിക്കയും ചെയ്യപ്പെട്ടിട്ടില്ലെന്നുമാത്രം. ബ്രിട്ടീഷ് ഇൻഡ്യൻ പ്രവിശ്യകളിലും നാട്ടുരാജ്യങ്ങളിലും മുന്നണിയിലുള്ള ഗവർമ്മെന്റുകൾ തിരുവിതാംകൂറിനെക്കാൾ വളരെ കൂടുതൽധനം സഹകരണപ്രവർത്തനത്തിനു ചിലവാക്കിയിട്ടുണ്ടെന്നു ഞങ്ങൾ കാണിച്ചിരിക്കുന്നു. എന്നാൽ ഗവർമ്മെന്റിനു പിശുക്കുണ്ടെന്നു ദോഷാരോപണം ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

സഹകരണം വയസ്കവിദ്യാഭ്യാസത്തിനുള്ള ഒരു ഉപാധി.

൩. കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഈ രാജ്യത്തെ മുതലെടുപ്പിന്റെ ൨൦ ശതമാനം ചിലവാക്കുന്നുണ്ടെന്നു ഞങ്ങൾക്കറിയാം. പ്രായപൂർത്തിവന്ന ജനങ്ങളുടെ, വി

ശിഷ്യ നാട്ടിൻപുറങ്ങളിലുള്ളവരുടെ, വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾക്കായി ഇതുവരെയായും പ്രദർശിപ്പിക്കാതിരിക്കുന്നതിലാണ് ഞങ്ങൾക്കു മനസ്താപമുള്ളത്. ആധുനികകാലത്തിനു അനുയോജ്യമായ വയസ്കവിദ്യാഭ്യാസവിഷയത്തിൽ സഹകരണസംഘം ശക്തിമത്തായ ഒരു ഉപാധിയാണെന്നും അതിന്റെ യഥാർത്ഥമായ വളർച്ചയ്ക്കു ഇന്നത്തേതിൽ കൂടുതൽ ധനവ്യയം ആവശ്യമാണെന്നും അത്രേ ഞങ്ങൾ പറയുന്നതു്.

ഇൻഡ്യയിലെ മറ്റു പ്രവിശ്യകളോടൊപ്പം ഇവിടെയും സഹകരണപ്രവർത്തനത്തിന്റെ അധോഗതി ഏറെ ഭാഗവും സാർവ്വലൌകികമായ സാമ്പത്തികാധഃപതനം എന്ന ബലവത്തായ ബാഹ്യകാരണംകൊണ്ടായിരിക്കാമെന്നിരുന്നാലും അതുമാത്രമാണ് ഈ ചെടിയുടെ നാശത്തിനും അധഃപതനത്തിനും കാരണമെന്നു ഞങ്ങൾക്കു തോന്നുന്നില്ല. എന്തെന്നാൽ ഈ അധഃപതനമുണ്ടായിരുന്നിട്ടും യൂറോപ്യൻരാജ്യങ്ങളിൽ സഹകരണപ്രസ്ഥാനം വളരെ ശക്തിമത്തായിത്തന്നെ ഇരിക്കുന്നു എന്നു് ഇന്റർനാഷനൽ ലേബർ ആഫീസിൽനിന്നു പുറപ്പെടുവിച്ചിട്ടുള്ള വാർഷികപ്രസിദ്ധീകരണത്തിലെ കണക്കുകളിൽനിന്നു കാണുന്നുണ്ട്. അതുകൊണ്ടു് ഇവിടെ ഈ പ്രസ്ഥാനത്തിനു സംഭവിച്ചിട്ടുള്ള ശക്തിക്ഷയത്തിനു നിദാനങ്ങളായ ഒട്ടധികം ആന്തരികകാരണങ്ങളെപ്പറ്റി ഞങ്ങൾ അന്വേഷണം നടത്തിയിട്ടുള്ളതാണ്.

വിദേശമാതൃകകളുടെ സഹായം.

൪. ഞങ്ങളുടെ റിപ്പോർട്ടിൽ ആഭ്യന്തരമായ ഓരോ ന്യൂനതകളെയും അവയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളേയും പറ്റി വിവരിച്ചിട്ടുണ്ട്. ഞങ്ങളുടെ നിർദ്ദേശങ്ങൾക്കു അനുകൂലമായി ബ്രിട്ടീഷ് ഇൻഡ്യയിലേയും നാട്ടുരാജ്യങ്ങളിലേയും ഗവർമെന്റുകൾ ഉദ്യോഗസ്ഥന്മാരുടെയും അനുദ്യോഗസ്ഥന്മാരുടെയും സഹായത്തോടുകൂടി കൂടുതൽ ആശാസ്യഫലങ്ങൾ ഉളവാക്കിയിട്ടുള്ളവയെ ഞങ്ങൾ ധാരാളമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ പ്രസ്ഥാനത്തിൽ പ്രസന്നരായി പ്രവർത്തിക്കുന്നതിനു ജനങ്ങളിൽ ഉള്ള മമത്വം ശക്തിയും ത്യാഗബുദ്ധിയും ഗവൺമെന്റിന്റെ ന്യായമായ പ്രോത്സാഹനംകൊണ്ടു പ്രകർഷിപ്പിക്കാമായിരുന്നു. പ്രാഥമികസഹകരണസംഘങ്ങളിൽ ശരിയായും ക്രമമായും ഉള്ള പ്രബോധനം ആശാസ്യമായ സഹകരണബുദ്ധിയെ ഉത്തേജിപ്പിക്കയും ചെയ്യുമായിരുന്നു. ഈ രണ്ടും ഇവിടത്തെ സഹകരണത്തെ നിസ്സഹകരണപന്ഥാവിൽനിന്നു രക്ഷിക്കുമായിരുന്നു. സഹകരണം അനുയോജ്യങ്ങളും അംഗീകൃതങ്ങളുമായ പ്രവർത്തനതത്വങ്ങളിൽ അധിഷ്ഠിതമായി ഉചിതങ്ങളായ മാർഗ്ഗത്തിൽക്കൂടി നയിക്കപ്പെടുകയും ചെയ്യുമായിരുന്നു. അംഗങ്ങൾ സഹകരണതത്വങ്ങളെ കൂട്ടകച്ചവട സിദ്ധാന്തങ്ങളുമായി ഇടകലർത്തുന്നതല്ലായിരുന്നു. സഹകരണവ്യാപാരങ്ങളിൽ സാധാരണയായി കാണാറുള്ള ന്യൂനതകൾ സ്വല്പകാലവായ്പകളെയും ദീർഘകാലവായ്പകളെയും കൂട്ടികലർത്തുന്ന സമ്പ്രദായവും, സഹകരണസംഘങ്ങളെ വായ്പകൾ വാങ്ങുന്നതിനു മാത്രമല്ല ആദായകരങ്ങളായ ആവശ്യങ്ങൾക്കു കൂടുതലായി നിരന്തരപ്രയത്നങ്ങളും നഷ്ടഹേതുകങ്ങളും ആയ കാര്യങ്ങൾക്കുള്ള വായ്പകൾകൂടി വാങ്ങാൻ ഉപയോഗപ്പെടുത്തുന്നതിനുള്ള അഭിനിവേശവും ആകുന്നു. നിർദ്ധനനായ കൃഷികസഹകാരിയുടെ സാമ്പത്തികശക്തി വർദ്ധിച്ചിട്ടില്ലെന്നും ഈ പ്രസ്ഥാനത്തെ വേണ്ടവണ്ണം ഉപയോഗപ്പെടുത്താൻ അവർക്കു സാധിച്ചിട്ടില്ലെന്നും ഞങ്ങൾ കണ്ടിരിക്കുന്നു. ഈ നിർഭാഗ്യാവസ്ഥകൾ ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതും അതിനു പരിഹാരമാർഗ്ഗങ്ങൾ ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതും ആകുന്നു.

ധിഷണാശാലികളും പൊതുകാര്യപ്രസക്തിയും തന്റേടവും ത്യാഗശീലവും ഉള്ളവരായി ആവശ്യപ്പെട്ട സ്ത്രീപുരുഷശക്തികൾ തിരുവിതാംകൂറിൽ ഉണ്ടെന്നുള്ള വിശ്വാസത്തിൽ ഈ ഡിപ്പാർട്ടുമെന്റിന്റെ എല്ലാവിധ പ്രവർത്തനങ്ങളിലും ഇവിടത്തെ സ്ത്രീകൾ പുരുഷന്മാരോടു കൂടുതൽ യോജിച്ചു പ്രവർത്തിക്കുന്ന ഒരു നാളത്തെ ഞങ്ങൾ ശക്തിപൂർവം അഭിലഷിക്കുന്നുണ്ട്.

സഹകരണസേന

൮. ഒരു വലിയ ശതമാനം സ്ത്രീകളുൾപ്പെടെ ൨,൩൦,൦൦൦ വരുന്ന സഹകാരികൾ ഉൾപ്പെട്ട ഈ പ്രസ്ഥാനത്തിനു അസാമാന്യമല്ലാത്ത ശക്തിയും സേവനവും നല്കുന്നതായി ഞങ്ങൾ വിചാരിക്കുന്നു. ഈ രാജ്യത്തെ ദരിദ്രജനങ്ങളുടെ മുഖഭാരമേറിയ വേലയോടു യുദ്ധം ചെയ്യുന്നതിനുള്ള ഒരു സേനയാകുന്നു. ജനകീയശക്തിയെ സംഘടിപ്പിച്ചു പ്രവൎത്തിപ്പിക്കുന്നതിനു സുശിക്ഷിതരും പരിശീലിതരും ആയ ആളുകൾ അടങ്ങിയിട്ടുള്ള ഒരു വലിയ ഉദ്യോഗവൃന്ദം ഗവൎമ്മെണ്ടു ആവശ്യമായി സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ഇടയിൽ കൎമ്മകുശലത പ്രചരിപ്പിക്കുന്നതിനു ഉതകത്തക്ക ഒരു നയം സഹകരണാഭിവൃദ്ധിയിൽ ഗവൎമ്മെണ്ടു സ്വീകരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ശരിയായ സഹകരണതത്വങ്ങളിന്മേലും നടപടികളിന്മേലും ഈ സ്ഥാപനങ്ങൾ നടത്തുന്നതിനു ജനങ്ങൾ സ്വയം പ്രവൎത്തിപ്പിക്കുമ്പോൾ അവരുടെ പുരോഗമനത്തെ തടയാതെ, പൊതുജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ ഭൌതിക ആവശ്യങ്ങളും സ്വയം നിറവേറ്റത്തക്കവണ്ണം അവയുടെ സാമ്പത്തികാടിസ്ഥാനത്തെ ഉറപ്പിച്ചു സ്വതന്ത്രിയങ്ങളായ പദ്ധതികളിൽകൂടി അവ അഭിവൃദ്ധമാകുന്നതിനു ഗവൎമ്മെണ്ടിന്റെ വേണ്ടപ്പെട്ട സഹായങ്ങൾ നല്കേണ്ടതാകുന്നു. സഹകരണപ്രസ്ഥാനം ശരിയായ മാൎഗ്ഗങ്ങളിൽ കൂടിയും സൎക്കാരിന്റെ സഹായത്തിലും സ്ഥിരമായും ശാശ്വതമായും അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവൎമ്മെണ്ടു അതിന്റെ സാധനസൌകര്യങ്ങൾ പ്രദാനം ചെയ്യുമെന്നു ഞങ്ങൾക്കു പൂൎണ്ണവിശ്വാസമുണ്ടു.

ഋണബാദ്ധ്യത.

൯. ഋണബാദ്ധ്യതക്ക് ഏറ്റവും ഉചിതമായ സംഘടനത്തിൽ ഏൎപ്പെടുത്തണമെന്നു ഞങ്ങൾ ഉൽബോധിപ്പിക്കയും ഗ്രാമീണ (കാൎഷിക) ഋണബാദ്ധ്യതാവിമോചനമെന്ന അതിപ്രധാനപ്രശ്നത്തെ സംബന്ധിച്ചു അഭിപ്രായപ്പെടത്തക്കതായ നിൎദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ടു. ഋണഭാരം ലഘൂകരിക്കുന്നതിനു ഗവൎമ്മെണ്ടു നിൎദ്ദേശിച്ചു ഋണബാധിതനായ സഹകാരിയെ സഹായിക്കാൻ ഞങ്ങൾ ശ്രമിക്കയും ആളും അൎത്ഥവും സമ്പാദിച്ചു അസ്വാതന്ത്ര്യത്തിൽ ക്ഷേമാൎത്ഥം ഉള്ള മാൎഗ്ഗങ്ങൾ ഗവൎമ്മെണ്ടിനും ജനങ്ങൾക്കും പൂൎണ്ണികരണിക്കയും ചെയ്തിട്ടുണ്ട്. സഹകരണസ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കു സ്വയമേവ തന്നെ പല സേവനങ്ങളും ചെയ്തിട്ടുള്ളതും ആവശ്യമെന്നു ബോദ്ധ്യപ്പെടുമ്പോൾ കൂടുതൽ സേവനങ്ങൾ ചെയ്തുകൊടുക്കാൻ സന്നദ്ധമെന്നു ഞങ്ങൾ വിചാരിക്കുന്നതും ആയ ഗവൎമ്മെണ്ടിനു ആ സ്ഥാപനങ്ങളുടെ ഭരണത്തിൽ ഏതാനും നിയന്ത്രണപരിശോധനാധികാരങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്നു സമ്മതിക്കാൻ ഞങ്ങൾ വിമുഖരല്ല. തന്നിമിത്തം ആളുകൊണ്ടും ധനംകൊണ്ടും ഗവൎമ്മെണ്ടിന്റെ പ്രസ്ഥാനത്തെ സഹായിക്കേണ്ട ആവശ്യത്തെപ്പറ്റി പറയുന്നതോടുകൂടി തന്നത്താൻ സഹായിക്കുന്നവരെ ഗവൎമ്മെണ്ടും സഹായിക്കും എന്ന സിദ്ധാന്തമനുസരിച്ചു ഞങ്ങളുടെ ഭാഗം ചുമതലയും സാമൎത്ഥ്യവും നിറവേറ്റണമെന്നു ഞങ്ങൾ ജനങ്ങളെ ഉൽബോധിപ്പിക്കാതിരുന്നിട്ടില്ല. അധഃകൃതരെന്നു പറയപ്പെടുന്ന (ഹിന്തുക്കളും ക്രിസ്ത്യാനികളും) പല വലിയ ജനവിഭാഗങ്ങളും കൂടുതൽ സുഖമായി വസിക്കുന്നതിനും ഉന്നതിനോടൊപ്പം ഉയരുന്നതിനും സഹായിക്കപ്പെടേണ്ടവരായിട്ടുണ്ട്. അസംഖ്യം അദ്ധ്യാപകവൎഗ്ഗക്കാർ ചെയ്തിട്ടുള്ള പ്രവൃത്തികളെ ഞങ്ങൾ ശ്ലാഘിക്കയും അവർ ഈ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കേണ്ടതാണെന്ന വിഘാതപ്പെടുത്താതെ തന്നെ അവരോടു അപേക്ഷിക്കയും ചെയ്തിട്ടുണ്ട്. ഈ നാട്ടിലെ പൌരന്മാരിൽ ധീരന്മാരുടെ വൈഭവമുള്ള ഒരു വിഭാഗമായ അദ്ധ്യാപക സമൂഹത്തിന്റെ വലുതുംഉദാരവും ആയ സേവനത്തെ ശ്ലാഘിക്കുന്നതിനു ഞങ്ങൾ അമാന്തം കാണിച്ചിട്ടില്ല, എങ്കിലും ലോകത്തെങ്ങുമുള്ള സഹകരണനിയമത്തിന്റെ പ്രധാനലക്ഷണങ്ങളും ഇൻഡ്യൻ സഹകരണ ആക്റ്റു നിൎമ്മാതാക്കളുടെ ലക്ഷ്യവും സുഗമതയും ആയാസ്യതയും ആയിരുന്നവെന്ന തന്ത്രരൂപമായി നിയമത്തിൽ നിൎദ്ദേശിച്ചിട്ടുള്ള വ്യതിയാനംകൊണ്ടു ഞങ്ങൾ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾ പ്രണവ്യാപാരി

കളെ വിളേംബിപ്പിച്ചിട്ടില്ല, പലിശനിരക്ക മിതമായിരിക്കണമെന്നുള്ള ന്യായം ആവശ്യപ്പെടുകമാത്രമെ ചെയ്തിട്ടുള്ളു. ഋണപരിഹാരസമിതികളെന്ന സെൻട്രൽ പ്രാവിൻസുകളിൽ നിർവ്വഹിക്കപ്പെടുന്ന മാതിരി സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഞങ്ങളുടെ ശുപാർശകളിൽ കഴുത്തിൽ കല്ലുകെട്ടിയവണ്ണം ഏററവും വിഷമിക്കുന്ന നിർദ്ധനനായ കർഷകൻെറ ഋണമോചനവിഷയത്തിൽ അന്തർഭവിച്ചിട്ടുള്ള ജോലികൾ ഗവൺമെൻറുതന്നെ തൃപ്തികരമാംവണ്ണം നടത്തപ്പെടുന്നതാണെന്നു കാണിച്ചു ഞങ്ങൾ ഉദാഹരിച്ചിട്ടുണ്ട്.

സ്ത്രീകളോടുള്ള അപേക്ഷ.

൭. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർ കൂടുതലായി ഈ പ്രസ്ഥാനത്തിൽ ചേരുന്നതിൽ മിതവ്യയതത്വങ്ങൾ പ്രചരിപ്പിക്കണമെന്നും അനാവശ്യച്ചിലവുകൾ നിരോധിക്കണമെന്നും സംഘത്തിൽനിന്നും കടംവാങ്ങുന്ന പണം ആദായകരമായി വിനിയോഗിക്കാനുള്ള ശീലം വർദ്ധിപ്പിക്കണമെന്നും അവരോടു ഞങ്ങൾ അപേക്ഷിച്ചിരിക്കുന്നു. പഞ്ചാബിലെ രജിസ്ട്രാർ അദ്ദേഹത്തിൻെറ റിപ്പോർട്ടിൽ സ്ത്രീകളുടെ സഹകരണത്തെപ്പററി ഇപ്രകാരം പറയുന്നു. "മിതവ്യയശീലം സ്ത്രീകൾ പഠിക്കുന്നതുവരെ പുരുഷന്മാരിൽ ആരും സഹലമാകാൻ സാധിക്കുന്നതല്ല."

ഉദ്യോഗസ്ഥന്മാരുടെ സംഖ്യവർദ്ധിപ്പിക്കുക.

൮. സഹകരണ ഡിപ്പാർട്ടുമെൻറിനെ ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കേണ്ടതിൻെറയും മററു മേജർ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരോടൊപ്പം ഇതിലെ ഉദ്യോഗസ്ഥന്മാരെ ഉയർത്തേണ്ടതിൻെറയും ആവശ്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രജിസ്ട്രാരുടെയും സിൽബന്തികളുടെയും ശമ്പളവും പദവിയും വർദ്ധിപ്പിക്കണമെന്നും ഞങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമുള്ളതിനു ബോദ്ധ്യപ്പെട്ടിട്ടുള്ള മാതിരിയിൽ പ്രവർത്തനങ്ങൾക്കുംകൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നു ഞങ്ങൾ ശുപാർശചെയ്തിട്ടുണ്ട്. പ്രവർത്തകന്മാർക്കും ധനസംരക്ഷികൾക്കും ഉള്ള ആവശ്യങ്ങൾ നിറവേററാതെ തൃപ്തികരങ്ങളായ ഫലങ്ങൾ കൈവരുന്നതല്ലെന്നു ഞങ്ങൾ വിശ്വസിപ്പെടുത്തിയിട്ടുള്ളതും ആണ്.

ഉപദേശക സമിതി.

൯. രജിസ്ട്രാർക്ക അധികാരം കുറയ്ക്കുംവണ്ണം അദ്ദേഹത്തെ സഹായിക്കുന്നതിലേക്ക നിർദ്ദേശിച്ചിട്ടുള്ള ഒരു ഉപദേശകാലോചനാസമിതി ഏർപ്പെടുത്തി പ്രസ്ഥാനത്തിലുള്ള പ്രധാനപ്രവർത്തകന്മാരുടെ ആത്മാർത്ഥമായ സഹകരണത്തോടുകൂടി സംഘടനജോലികൾക്ക ചിലവാക്കാൻ അദ്ദേഹത്തിനു ധാരാളം സമയം ഉണ്ടാക്കിക്കൊടുക്കുന്നതുകൊണ്ടു അദ്ദേഹത്തിൻെറ ജോലി കൂടുതൽ ഫലപ്രദമായിത്തീരുമെന്നു ഞങ്ങൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ബോർഡിൻെറ രൂപീകരണം ഗവൺമെൻറുതന്നെ ചെയ്യേണ്ടതും വിശാലമായ പരിചയവും പരിപക്വമായ വിവേചനശക്തിയും ആത്മത്യാഗബുദ്ധിയും ഉള്ള ആളുകളെ ഇതിലേക്ക സമ്പാദിക്കേണ്ട ജോലിയും ഗവൺമെൻറുതന്നെ നിർവ്വഹിക്കേണ്ടതാകുന്നു. കാര്യക്ഷമതയോടും ചുമതലാബോധത്തോടും ജനസേവനംചെയ്യുന്നതാവണമെന്നു പ്രസ്ഥാനത്തിലുള്ള സകല പ്രവർത്തകന്മാരും ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാർ ശരിയായും ക്രമമായും ഉള്ള പരിശീലനംനൽകി അവരുടെ ശേഷിപ്പും വർദ്ധിപ്പിക്കണമെന്നു ഞങ്ങൾ ഉൽബോധിപ്പിച്ചിട്ടുണ്ട്. പ്രസ്ഥാനത്തിനു ആവശ്യം അർഹതയുള്ളതും, പിന്നീടു ആവശ്യപ്പെടുന്നതും ആയ സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നു ഞങ്ങൾ ഗവൺമെൻറിനോടു അപേക്ഷിച്ചിട്ടുണ്ട്. ഈ പ്രസ്ഥാനം അചിരേണ ഒരു ജനകീയ പ്രസ്ഥാനമായി തീരേണ്ടതാണെങ്കിലും ഗവൺമെൻറു അതിൽ മുടക്കിയിരിക്കാവുന്ന മുതലിൻെറ രക്ഷക്ക ആവശ്യവും ന്യായവും എന്നു ഞങ്ങൾക്ക തോന്നിയിട്ടുള്ളതിൽ കൂടുതലായ ചുമതലയും നിയന്ത്രണവും കയ്യേല്ക്കണമെന്നു ഞങ്ങൾ ഗവൺമെൻറിനെ ഉപദേശിച്ചിട്ടില്ലാത്തതുമാകുന്നു.

ഒരു മന്ത്രിക്കു നേരിട്ട വിഷമതകൾ.

൭൦. സെൻട്രൽപ്രാവിൻസസ്സിലെ സ്വരാജ്യ മന്ത്രിയായ മിസ്റ്റർ കേൾക്കർക്കുണ്ടായ വിഷമങ്ങൾ ഞങ്ങൾക്കു സമ്മതമായി പ്രസ്താവിച്ചിട്ടില്ല. ആ രാജ്യതന്ത്രജ്ഞൻ മിക്ക സഹചരന്മാരും അസന്നിഹിതരായിരുന്ന നാഗ്പൂർ കോൺഫറൻസിൽ പ്രതിനിധികളുടെ 'ഉണ്ണിപ്രധാനമായ ഏകാധിപത്യ'ത്തെപ്പററി ഏതാണ്ടൊരു വിവാദത്തിൽ ചോദിച്ചുകൊണ്ട് അദ്ദേഹം തന്നെത്താൻ ഉത്തരം പറഞ്ഞതു ഈ പ്രകാരമായിരുന്നു. "നാം ഒരു മാതിരി ജനകീയ ഭരണം ഈ പ്രസ്ഥാനത്തിൽ പരീക്ഷിച്ചു കഴിഞ്ഞു; ഇനി സ്വല്പകാലത്തേക്ക് ഉദ്യോഗപൂർവ്വമായ ഏകാധിപത്യം ഒന്നു പരീക്ഷിച്ച് ഇപ്പോഴത്തെ സ്ഥിതി ഗതികൾ പരിഹരിക്കേണമോ എന്നു നോക്കാം. നിഷ്പക്ഷമായി നമ്മെ ബാധിക്കുന്ന ഉപദേശങ്ങൾ നിർബന്ധപൂർവ്വം അനുസരിക്കുന്ന സംഘങ്ങൾ ഉണ്ടെന്നു നമുക്കെല്ലാം അറിയാം. ഭരണസാമർത്ഥ്യം കുറഞ്ഞ പ്രധാനമന്ത്രിമാർ നിർവഹിക്കുന്നതിനു അപ്രാപ്തരും ആയ സേവകന്മാർക്കുള്ള അധികാരപത്രങ്ങൾ റദ്ദുചെയ്യപ്പെടേണ്ടതും, കഴിവുള്ള ഒരു സേവകൻ വെറും നാമങ്ങളും സമ്പ്രദായങ്ങളും കൊണ്ടു തുടർന്നു ഉദ്യോഗത്തിലിരിക്കാൻ അനുവദിക്കപ്പെടാത്തതുമാകുന്നു. സംഘങ്ങൾ നിർബന്ധപൂർവ്വം അംഗീകരിക്കപ്പെട്ടതിനെക്കാൾ ഭരണനിയമങ്ങൾ മാററി നിയമിക്കപ്പെടേണ്ടതുണ്ടെന്നതാണ്. ഉദ്യോഗസ്ഥന്മാരുടെ സ്വാതന്ത്ര്യവും ശിക്ഷണവും ഉണ്ടാകുന്നതിലേക്ക് ഇതു ആവശ്യമാണ്. ഇതും ഇതുപോലുള്ള മററു അധികാരങ്ങൾ ക്ലാസ്സ് നിയമം നടപ്പിലായിട്ടുണ്ടെന്നും, ബീഹാർ ഒറിസ്സായിൽ ഒരു ജനകീയക്കമ്മിററിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചു അവിടെയും ഇതു നടപ്പാക്കാൻ ആലോചിക്കുന്ന പ്രശ്നം ഇവിടെ പ്രസ്താവിക്കാൻ എന്നെ അനുവദിക്കണം."

രണ്ടെന്നുള്ള മിഥ്യ.

൭൧. കൂടുതൽ പരിപൂർണ്ണമാക്കേണ്ട മേൽക്കെട്ടിന്റെ ഭരണവ്യവസ്ഥക്കു കാരണമാക്കിയ ഭാരത ഘടകത്തിന്റെയും ആലോചിക്കേണ്ടുന്ന ചുമതലകളും പൂർണ്ണമായും പുനരാലോചിക്കയും ചെയ്യപ്പെടണമെന്നുള്ള സംഗതി സമ്മതിക്കുന്നുണ്ടെങ്കിലും ഞങ്ങൾ പരിപൂർണ്ണനിരാശയ്ക്കു വകയുണ്ടായിട്ടില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം. ചുമതല കുറയാതെ, വിഷമതയെ പരിഹരിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരെന്നും അനുദ്യോഗസ്ഥന്മാരെന്നും അറിയപ്പെടുന്നവർ തമ്മിൽ കടന്നുകൂടിയിട്ടുള്ള നിർഭാഗ്യമായ വ്യത്യസ്ഥചിന്തയെ ഉന്മൂലനംചെയ്യുന്നതിനു വഴികളും ഉപായങ്ങളും നിർദ്ദേശിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഒരു ഗവണ്മെന്റു സേവകൻ തന്റെ സ്വാതന്ത്ര്യമുള്ള ഒരു വിദേശിയുടെ മനോഭാവം കൈക്കൊള്ളുന്ന എന്ന ഞങ്ങളോടാരെങ്കിലും പറയുന്നെങ്കിലല്ലാതെ ഈ മാതിരി ഒരു വ്യത്യസ്ഥ മനോഭാവത്തിനു തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു രാജ്യത്തു അർത്ഥവും ഔചിത്യവും ഇല്ലാത്തതാകുന്നു. ഈ തെററായ മനോഭാവത്തെ ബീഹാറിലെ പ്രശസ്തസഹകാരിയായ റാവു ബഹദൂർ കെ. വി. ബ്രഹ്മ സി. ഐ. ഇ. അവർകൾ അഖിലേന്ത്യ പ്രൊവിൻഷ്യൽ ബാങ്കുകളുടെയും ഇൻസ്റ്റിട്യൂട്ടുകളുടെയും കോൺഫറൻസിൽ ചെയ്ത സ്വാഗതപ്രസംഗത്തിൽ അതിശക്തമായി ആക്ഷേപിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു:—'ഉദ്യോഗസ്ഥന്മാരെ അനുദ്യോഗസ്ഥന്മാരിൽനിന്നും വേർതിരിക്കുന്ന മനസ്ഥിതിയെ ഞാൻ കഠിനമായി വെറുക്കുന്നു. ഇന്ത്യയുടെ സുഖത്തിനും അതിലെ വലിയവരുടെയും എളിയവരുടെയും ക്ഷേമത്തിനും കാരണഭൂതരായ ഒരിക്കർഷകന്റെ ക്ഷേമൈശ്വര്യങ്ങൾ പുലർത്തുന്നതിലേക്ക നാം ഒന്നിച്ചു ഏകമനസ്സോടുകൂടി വർത്തിക്കേണ്ടതാണ്'.

ഋണപരിഹാരസമിതികൾ.

൭൨. കൃഷിക്കാരന്റെ ഭാരം കുറയ്ക്കുന്നതിലേക്കു ഞങ്ങൾ രോഗം പരിശോധിക്കാനും രോഗിയുടെ ജീവശക്തി നിർണ്ണയിക്കാനും ശ്രമിക്കയും അപ്രകാരം ചെയ്യുന്നതിൽ

അവരുടെ ഉണ്ണച്ചുമടുകൾ താഴത്തിറക്കിയിട്ടില്ലെന്നു വിശ്വസിക്കയും ചെയ്യുന്നു. കാലം സമാഗതമാകുമ്പോൾ ഈ സംഗതി ഗവൎമ്മെന്റിന്റെ വഴിയാംവണ്ണമുള്ള ഉപദേശത്തോടുകൂടി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടെ സമ്മിശ്രസമിതികൾ തീരുമാനിക്കുന്നതിനായി ഞങ്ങൾ വിട്ടിരിക്കുന്നു. കൂടാതെ ഇന്നുമുതൽതന്നെ നിരോധിക്കുകയും പരിഹരിക്കയും ചെയ്യുന്നതെന്നു തോന്നിയിട്ടുള്ളതായ ചില ലക്ഷണങ്ങൾ ഞങ്ങൾ കണ്ടതിന്റെ ഫലമായി, പൊതുജനഹൃദയങ്ങളിൽ കൂടുതൽ വിശ്വാസം ജനിപ്പിക്കുന്നതിനു, ഞങ്ങളുടെ ശുപാൎശകളിൽ അന്തൎഭവിച്ചിട്ടുള്ള വിശദീകരണം വിവേകബോധവും അവർ മനസ്സിലാക്കുന്നതിനുവേണ്ടി സംഘങ്ങളുടേയും അവയുടെ ധനസ്ഥിതി, പ്രവൎത്തനം എന്നിവയുടേയും നിയന്ത്രണത്തിനും മേൽനോട്ടത്തിനും ഗവൎമ്മെന്റിനു ചില സ്വാതന്ത്ര്യാധികാരങ്ങൾ നൽകേണ്ടതു അത്യാവശ്യമാണെന്നു ഞങ്ങൾക്കു തോന്നിയിട്ടുണ്ട്. കൂടാതെ ഇതൊരു പ്രത്യേക സംഗതിയായി ഞങ്ങളോടു ചോദിച്ചിട്ടുള്ളതുകൊണ്ടു ഞങ്ങൾക്കു അഭിപ്രായം പറയേണ്ടതായും വന്നിട്ടുണ്ട്. ഇപ്രകാരമുള്ള നിയന്ത്രണാധികാരങ്ങൾ ഗവൎമ്മെന്റിനു നൽകുന്നതു പാശ്ചാത്യരാജ്യക്കാർ ഇപ്പോൾ മനസ്സിലാക്കിയിരിക്കുന്നവിധമുള്ള ജനകീയഭരണതത്വത്തിനു വിരുദ്ധമായിട്ടുള്ളതല്ലെന്നു ഞങ്ങൾക്കു വിശ്വാസമുണ്ട്.

സ്വതന്ത്രസ്ഥാപനങ്ങളും കൎശനനടപടികളും തമ്മിൽ വൈരുദ്ധ്യമില്ല.

൧൩. ഇതിനെ സംബന്ധിച്ചു സർവ്വരാജ്യസഖ്യസഭയുടെ രാഷ്ട്രാന്തരലേബർ ആപ്പീസിന്റെ ഡയറക്ടറായ മി. ഹാറോൾഡ് ബട്ട്ലർ തന്റെ ൧൯൩൩-ലെ റിപ്പോർട്ടിൽ താഴെകാണുംവിധം പ്രസ്താവിച്ചിരിക്കുന്നു

ഇതേവരെ ചെയ്തിട്ടുള്ള പരീക്ഷണങ്ങളിൽനിന്നും ഏതായാലും, ഏറ്റവും പ്രധാനമായ ഒരു അനുമാനംകൂടി ഉണ്ടാകാവുന്നതു എന്തെന്നാൽ ആലോചിച്ചുറച്ചു സാമ്പത്തികഗണനയുടെയും സംഘടിതമായ വ്യവസായസമ്പ്രദായത്തിന്റെയും സാഹചര്യപ്രാപ്തിക്കു ഏതെങ്കിലും ഒരു പ്രത്യേകതരം രാഷ്ട്രീയസംഘടന അപേക്ഷിതമല്ലെന്നുള്ളതാണ്. ഏതു രൂപത്തിലുള്ള ഗവൎമ്മെന്റിന്റേയും ഓരോ നിയമനിൎമ്മിതിയും പൊതുനന്മയ്ക്കുവേണ്ടി വ്യക്തിസ്വാതന്ത്ര്യത്തെ അല്പമെങ്കിലും പ്രതിരോധിക്കേണ്ടതായി വന്നുപോകുന്നതും, എന്നാൽ പൂൎവ്വകാലങ്ങളിൽ പല ഉദാഹരണങ്ങൾകൊണ്ടും സ്പഷ്ടമായിട്ടുള്ളതുപോലെ അപ്രകാരമുള്ള പ്രതിരോധനങ്ങൾ സമ്മതപ്രകാരമോ, നിൎബ്ബന്ധിച്ചോ ഏൎപ്പെടുത്തപ്പെടാവുന്നതും ആകുന്നു. ആസ്ത്രേലിയ, ഗ്രേറ്റ്ബ്രിട്ടൻ, യുണൈറ്റഡ് സ്റ്റേറ്റ്സ്, ഈ രാജ്യങ്ങൾ തെളിയിച്ചിട്ടുള്ളതുപോലെ, പൊതുസമുദായത്തിന്റെ സാമ്പത്തികജീവിതത്തെ നയിക്കുന്നതിനും ക്രമീകരിക്കുന്നതിനുവേണ്ടി ബഹുദൂരം വ്യാപിക്കുന്ന ഏൎപ്പാടുകൾ ജനാധിപത്യഗവൎമ്മെന്റുകൾ ജനകീയനടപടിക്രമങ്ങൾ അനുസരിച്ചുതന്നെ ചെയ്തിട്ടുള്ളവയാണ്. ആവശ്യമുള്ളിടത്തോളം വ്യവസ്ഥിതിയും പൊതുനിയന്ത്രണവും, മറ്റുമാൎഗ്ഗങ്ങളിൽകൂടി എങ്ങിനെയായാലും അതുപോലെ ഫലപ്രദമായവിധത്തിൽ, സ്വതന്ത്രമായ വാദപ്രതിവാദംകൊണ്ടും സമ്മതംകൊണ്ടും ഉളവാക്കാൻ കഴിയുമെന്നുള്ള വിശ്വാസത്തെ ഈ ഉദാഹരണങ്ങൾ ദൃഢീകരിക്കുന്നുണ്ട്. ജനാധിപത്യഭരണം അതിന്നാവശ്യമുള്ള ആത്മനിയന്ത്രണം നിൎബ്ബന്ധിതമാക്കാൻ ശക്തമായിത്തീരുന്നതിനു മുമ്പ്, ദീൎഘകാലത്തെ രാഷ്ട്രീയവിദ്യാഭ്യാസം ആവശ്യമായിരിക്കാം എങ്കിലും, സ്വതന്ത്രസ്ഥാപനങ്ങൾ ബലിതമായ നയത്തിനും ശക്തമായ അനുസരണനടപടിക്കും യോജിക്കാത്തവയല്ലെന്നു യുദ്ധത്തിന്റെയും സമാധാനത്തിന്റെയും പൂൎവ്വചരിത്രം വേണ്ടപോലെ വെളിപ്പെടുത്തുന്നുണ്ട്.

സാമ്രാജ്യകാർഷികപര്യവേക്ഷണസമിതിയിൽ അംഗമായിരിക്കുക.

൧൪. രാജ്യത്തു പ്രാധാന്യം വഹിച്ചുവരുന്ന കാൎഷികാഭിവൃദ്ധികൊണ്ടും ഹൈദ്രബാദ്, മൈസൂർ, ബറോഡാ, ഭോപാൽ, കൊച്ചി മുതലായ രാജ്യങ്ങൾ സാമ്രാജ്യകാൎഷികപര്യവേക്ഷണസമിതിയിൽചേൎന്നു അനുഭവിച്ചുവരുന്ന പ്രയോജനങ്ങൾ അറിഞ്ഞും, ഈ രാജ്യം ഈ സമിതിയിലും ഇൻഡ്യാഗവൎമ്മെന്റു ഏൎപ്പെടുത്താൻ ഉദ്ദേശിക്കുന്ന സാമ്രാ

ജ്യ വ്യവസായപര്യവേക്ഷണസമിതിയിലും അംഗമായി ചേരണമെന്ന ഉപദേശിക്കാൻ ഞങ്ങൾ തുനിഞ്ഞിട്ടുണ്ട്. ഈ രണ്ടു സ്ഥാപനങ്ങളിലും അംഗമായി ചേരുന്നതുകൊണ്ടു വളരെ ഗുണങ്ങൾ, വിശേഷിച്ചു നാളികേരകൃഷിക്കും അതിന്റെ വ്യവസായത്തിനും ഉണ്ടാകുമെന്ന ഞങ്ങൾ പ്രത്യാശിക്കുന്നു.

സെൻട്രൽ നാളികേരക്കമ്മിററി.

൫൮. സാമ്രാജ്യകാർഷികപര്യവേക്ഷണസമിതിയുടെ ഉപദേശപ്രകാരം നാളികേരവ്യവസായത്തിന്റെ ഉന്നമനത്തിനായി ഇൻഡ്യൻ സെൻട്രൽ കാട്ടൺ (പഞ്ഞി) കമ്മിററിപോലെ ഒരു സെൻട്രൽ നാളികേരക്കമ്മിററി ഇൻഡ്യാഗവണ്മെന്റിനാൽ സ്ഥാപിതമാകുന്നപക്ഷം അതു സമയത്തു ഈ രാജ്യം അതിലും അംഗമായി ചേരണമെന്ന ഞങ്ങൾ നിർദ്ദേശിച്ചുകൊള്ളുന്നു. ഇപ്പോൾ കടന്നു പറയുകയാണെങ്കിൽ ഇൻഡ്യയിലുള്ള കേരഭൂമികളിൽ മൂന്നിലൊന്നിൽ കൂടുതൽ (അതായതു ഇൻഡ്യയിൽ മൊത്തം ൧൪ ലക്ഷം ഏക്കറും അതിൽ മലബാറിൽ ൫ ലക്ഷവും ഉള്ളതിൽ ൬ ലക്ഷം ഏക്കർ) തിരുവിതാംകൂറിൽ ആകുന്നതോർത്തു് സെൻട്രൽ നാളികേരക്കമ്മിററി രൂപീകരിക്കുന്നതിനു തിരുവിതാംകൂർ മുന്നിട്ടു പ്രവർത്തിക്കേണ്ടതും, സസന്തോഷം അതിന്റെ ചിലവുവീതം കൊടുക്കുകയൊ, തേയിലയ്ക്കു ഇൻഡ്യയിലും സിലോണിലും ഉള്ളതുപോലെ ഒരു ചെറിയ പാസ് ചുമത്തുകയോ ചെയ്യേണ്ടതും ആകുന്നു. കേരഭൂമിയെ സംബന്ധിച്ചു താഴെപ്പറയുന്ന ഏക്കർ കണക്കുകൾ പ്രയോജനപ്രദമായിരിക്കുമെന്ന വിചാരിക്കുന്നു. (൧) ഇൻഡ്യയിൽ ൧,൪൦൦,൦൦൦ (൨) ഫിലിപ്പൈൻ ദ്വീപുകളിൽ ൧,൨൦൦,൦൦൦ (൩) ഡച്ച് ഈസ്റ്റിൻഡ്യയിൽ ൧,൦൦൦,൦൦൦ (൪) തിരുവിതാംകൂറിൽ ൬൦൦,൦൦൦. താരതമ്യേന തിരുവിതാംകൂറിനുള്ള മാഹാത്മ്യവും കാണാത്തതിൽ ഞങ്ങൾ വളരെ പരിതപിക്കുന്നു. ൧൨ ലക്ഷം ഏക്കറുള്ള ഫിലിപ്പൈൻ ഉപകരണങ്ങൾ ഇളക്കിമറിച്ചിരിക്കുന്നു. എന്നാൽ ഇവിടെ രാജ്യത്തിന്റെ പുരോഗതിക്കും ഉദ്ദേശിക്കുന്നതു പ്രവൃത്തിരാഹിത്യമാണ്.

റിസർവുബാങ്ക്.

൫൯. മറെറാരു പ്രധാനനിർദ്ദേശം ഞങ്ങൾക്കു നൽകാനുള്ളതു് ബ്രിട്ടീഷ് ഇൻഡ്യയിൽ അവിളംബം ഏർപ്പെടുത്തപ്പെടുന്ന റിസർവുബാങ്കിൽ ഷേറിൽനിന്നും ഓഹരികൾ എടുത്തു ചേരണമെന്നുള്ളതാണ്. റിസർവുബാങ്കിന്റെ ചർച്ചകൾ ഒഴിവാക്കിയാലും ഇൻഡ്യൻ നാട്ടുരാജ്യങ്ങൾക്കു മറ്റിൻഡ്യൻ പ്രദേശങ്ങളുമായി ഒരു സാമ്പത്തിക സംഘടനകൾ ഉണ്ടാക്കാൻ എന്നെങ്കിലും സാധിക്കുന്നതായാൽ അന്നു നമ്മുടെ ഡിബഞ്ചർ കടപ്പത്രങ്ങൾ ഇൻഡ്യൻ ട്രസ്റ്റ് ആക്ടനുസരിച്ചു വിശ്വസ്തഉറപ്പുകളായി (Trust securities) തീരത്തക്കവണ്ണം ഇൻഡ്യാഗവണ്മെന്റിന്റെയും തിരുവിതാംകൂർ ഗവണ്മെന്റിന്റെയും മുതൽ പിടിപ്പുകൾ പാസാക്കി യോജിപ്പിച്ചുള്ള ഒരു ഡിബഞ്ചർ ഏർപ്പാടുമൂലം, സ്റ്റേറ്റ് ബാങ്കിനോ സെൻട്രൽ സഹകരണബാങ്കിനോ കാർഷികാവശ്യങ്ങൾക്കു വേണ്ട ധനസഹായം ലഭിക്കത്തക്ക സൌകര്യവും ഉണ്ടായിരിക്കേണ്ടതാണ്.

അഖിലകേരളാഭിവാഞ്ഛ.

൬൦. ഞങ്ങളോടു ആവശ്യപ്പെട്ടിരുന്ന സംഗതികളിൽ ഉൾപ്പെട്ടതല്ലാതിരുന്നതിനാൽ ഞങ്ങൾ പ്രത്യേകമായി ഉപദേശം ചെയ്തിട്ടില്ലെങ്കിലും മലബാറിലും കൊച്ചിയിലും പല കാൺഫറൻസുകളിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ളതും തിരുവിതാംകൂറിലെ ജനങ്ങൾക്കു സ്വീകാര്യവുമായ മറെറാരു കാര്യം ഞങ്ങൾ ഇവിടെ പ്രസ്താവിക്കുന്നുണ്ട്. പടിഞ്ഞാറൻ കടൽത്തീരത്തു (മലബാറിൽ) ഒരു പ്രാദേശികമായ രാജ്യസ്നേഹബുദ്ധി ക്രമേണ വ്യാപിച്ചുവരുന്നുണ്ട്. ഈ പ്രദേശത്തു വിസ്തൃതമായ സഹകരണപ്രവൃത്തി അത്യന്താപേക്ഷിതമാകയാൽ ആ വിഷയത്തിൽ ഞങ്ങൾ ആ ബുദ്ധിയെ സ്വാഗതംചെയ്യുന്നു. ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള മറെറാരു പ്രധാനസംഗതിയോടും ഞങ്ങൾക്കു ആനുകൂല്യമുണ്ട്. ഉദ്ദേശം ൧൧ കോടി അംഗങ്ങളും അവരുടെ ആ വലിയ സമൂ

കരണ സാക്ഷാത്ക്കാരത്തിന്റെ സിരകളിൽകൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന അതിവിപുലമായ ഒരു പ്രവർത്തനവും ഉള്ള ആദർശത്തിൽപരം സഹകരണ സ്ഥാപനങ്ങളോടുകൂടി (ഗ്ലാസ്റ്റൻ പറഞ്ഞിട്ടുള്ളപ്രകാരം) 'മനുഷ്യനിർമ്മാണത്തിനുള്ള' ഒരു വലിയ സർവ്വരാഷ്ട്രീയ പ്രസ്ഥാനത്തോടു തിരുവിതാംകൂറിലെ സഹകാരികളെ സംയോജിപ്പിക്കുന്നതിനു അതുതകുന്നതാണ്. അതിലേക്കായി എല്ലാവർഷവും നവംബർമാസം ആദ്യശനിയാഴ്ചദിവസം സാർവ്വരാജ്യസഹകരണദിനം എന്നപേരിൽ ഒരു പബ്ളിക്ക ഒഴിവുദിവസം വേണമെന്നുള്ള ഇവിടത്തെ സഹകാരികളുടെ അപേക്ഷ പല പ്രസംഗവേദികളിലും കേട്ടിട്ടുണ്ട്. കഴിഞ്ഞ ജൂൺ ഒടുവിൽ ആറേട്ടിയിൽവച്ചു സാർവ്വരാജ്യതോതിൽ നടത്തപ്പെട്ട ഒരു കാൺഫറൻസും ഈ ആശയത്തെ അനുകൂലിച്ചിട്ടുണ്ട്. പ്രചരണാവശ്യങ്ങൾക്കായി വലിയ സമ്മേളനങ്ങൾ കൂടുന്നതിലേക്ക പ്രാദേശികസംഘങ്ങളുടെയും അവയെ പ്രതിനിധീകരിക്കുന്ന ഐക്യസംഘങ്ങളുടെയും സഹായത്തോടുകൂടി തിരുവനന്തപുരം സഹകരണ ഇൻസ്റ്റിട്ട്യൂട്ട് ഈ ദിവസം ഉപയോഗപ്പെടുത്തണമെന്നു പറവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ഋണപാർശകളുടെ സാമ്പത്തികഗണനം.

൬൨. ഈ റിപ്പോർട്ടിന്റെ അവസാനഭാഗത്തു ഗവൺമെന്റിനും ബാങ്കുകൾക്കും ഞങ്ങൾ സമർപ്പിച്ചിട്ടുള്ള അനവധി ഋണപാർശകളുടെ പൂർണ്ണമായ ലിസ്റ്റ് ചേർത്തിട്ടുള്ളതും ആ ഋണപാർശകൾക്കു പ്രാധാന്യക്രമം കൊടുക്കുന്നതിലേക്കായി രജിസ്ട്രാർക്കു താഴെയായി പുനസ്സംഘടന ഉദ്യോഗസ്ഥൻ എന്നൊരു തസ്തികയിൽ ഒരുദ്യോഗസ്ഥനെ നിയമിക്കണമെന്നു നിർദ്ദേശിച്ചിട്ടുള്ളതും ആകുന്നു. പ്രാരംഭദശയിൽ നിയോഗമായും ഗവൺമെന്റിനു അല്പം കൂടുതലായ ചിലവു ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതും ഞങ്ങളുടെ ഋണപാർശകൾ കൈക്കൊള്ളുന്നപക്ഷം (കൈക്കൊള്ളണമെന്നു ഞങ്ങൾ ശക്തിയായി നിർബന്ധിക്കയും ചെയ്യുന്നു) നിർദ്ദേശങ്ങളുടെ പൂർണ്ണഫലം സിദ്ധിക്കുന്നതിനു വേണ്ടിവരുന്ന അഞ്ചുകൊല്ലങ്ങൾക്കിടയിൽ പ്രതിവർഷം ആവർത്തിക്കുന്നതും അല്ലാത്തതും ആയ ചിലവുകൾ വേണ്ടിവരുന്നതും ആകുന്നു. ആരംഭത്തിൽ ഈ ആവശ്യങ്ങൾക്കുവേണ്ടിയുള്ള സഹകരണ അധിവാസസംഘങ്ങൾക്കായി ദീർഘകാലത്തേക്ക നിക്ഷേപിക്കപ്പെടുന്ന ധനംപോലെ കുറെ ധനം വ്യയംചെയ്യേണ്ടിയിരിക്കും. ഈ വസ്തുതകളെ ഒഴിച്ചുള്ള സംഗതികളിൽ, ഞങ്ങൾ ഗവൺമെന്റ് ഗ്രാന്റുകളെപ്പറ്റി ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ ഉപാധികളോടുകൂടിയുള്ളവയാണ്. അതായതു സഹകരണ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനദശകളിലുള്ള ഉപേക്ഷയും ഫലോദ്ദേശകരവും പരിഗണിച്ചു ഒരുരൂപയ്ക്കു മൂന്നുരൂപ വീതം എന്നുള്ള തോതിലാണ് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്. ഉദാഹരണമായി പറയുന്നപക്ഷം മൈസൂർരാജ്യം ഈ ഡിപ്പാർട്ടുമെന്റിലേക്ക ചിലവുചെയ്യുന്ന ക്രമത്തെ ഈ അദ്ധ്യായത്തിന്റെ ഒടുവിൽ ചേർത്തിട്ടുള്ള പട്ടികപ്രകാരം തിരുവിതാംകൂർ ഇപ്പോൾ ചിലവുചെയ്യുന്ന സംഖ്യ, ൦൦൦ രൂപ മൂന്നിരട്ടി വർദ്ധിപ്പിക്കേണ്ടതായിവരും എങ്കിലും യഥാർത്ഥത്തിൽ ഇപ്പോൾ രണ്ടിരട്ടി വർദ്ധിപ്പിക്കമാത്രമേ ഞങ്ങൾ ചെയ്തിട്ടുള്ളു. ഒരു സംഘാംഗത്തിനുവേണ്ടി മൈസൂർ പതിനാലണ ഒമ്പതുപൈസ ചിലവാക്കുമ്പോൾ തിരുവിതാംകൂർ നാലണ നാലു പൈസയേ ചിലവാക്കുന്നുള്ളു. പല ഗവൺമെന്റുകളുടെയും താരതമ്യമായുള്ള ചിലവിന്റെ പൂർണ്ണവിവരം സം. അനുബന്ധത്തിൽ ചേർത്തിട്ടുള്ള പട്ടികയിൽനിന്നും വായനക്കാർക്കു കാണാൻകഴിയും. ഗവൺമെന്റ് ഈ ഡിപ്പാർട്ടുമെന്റിലേക്ക അംഗമൊന്നിനു ഒരുരൂപയിൽ കവിഞ്ഞു ചിലവുചെയ്യുന്ന പ്രവിശ്യകളുമുണ്ട്. പഞ്ചാബ് ഒരുരൂപ ആറണയും, മദ്രാസ് ഒരുരൂപ ഒരണ എട്ടുപൈസയും, കൊച്ചി പതിനഞ്ചണ അഞ്ചുപൈസയും ചിലവു ചെയ്തുവരുന്നു.

ഈ റിപ്പോർട്ടിന്റെ നാനാഭാഗങ്ങളിലായി ഞങ്ങളുപയോഗപ്പെടുത്തിയിട്ടുള്ള എല്ലാം സംഗതികളെപ്പറ്റിയും വിചിന്തനംചെയ്വാൻ ശ്രമിച്ചിട്ടുള്ളതും, വിഷയവിവരം പ്രാരംഭ അദ്ധ്യായത്തിൽ ചേർത്തിട്ടുള്ളതും ആകുന്നു.

അദ്ധ്യായം ൪.

ചരിത്രസംക്ഷേപം.

സഹകരണപ്രസ്ഥാനത്തിന്റെ ആരംഭം.

തിരുവിതാംകൂറിലെ സഹകരണപ്രസ്ഥാനത്തിന്റെ ഉത്ഭവം ബ്രിട്ടീഷ് ഇൻഡ്യയിലെ ൧൯൦൪-ലേയും ൧൯൧൨-ലേയും സഹകരണസംഘനിയമങ്ങളിൽനിന്നാകുന്നു. എന്നാൽ ബ്രിട്ടീഷ് ഇൻഡ്യയിൽ സഹകരണനിയമം ഏർപ്പെടുത്താൻ ഇടയാക്കിയ സ്ഥിതിഗതികൾ തിരുവിതാംകൂറിൽ അതിനിടയാക്കിയവയിൽനിന്നു വളരെ വ്യത്യസ്തങ്ങളായിരുന്നു. ബോംബെ പ്രസിഡൻസിയിലെ മഹാരാഷ്ട്രഡക്കാൺ പ്രദേശത്തു വലിയ കലാപങ്ങളിൽ അവസാനിച്ച വളരെ ഗൗരവമേറിയ പരാതികൾക്കിടയാക്കിയ പണവ്യാപാരികളുടെ പിടിയിൽനിന്നു കൃഷിക്കാരെ മോചിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ട ആവശ്യം ബ്രിട്ടീഷിൻഡ്യയിൽ ഇടയ്ക്കിടെ ഉണ്ടായിട്ടുള്ള ക്ഷാമനിവാരണക്കമ്മീഷൺകാർ ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ഡക്കാണിലെ ഈ കാർഷിക വിപ്ലവങ്ങൾ ബോംബെ ഗവർമ്മെന്റിന്റെയും ഇൻഡ്യാഗവർമ്മെന്റിന്റെയും ശ്രദ്ധയെ ആകർഷിക്കുകയും, ഇപ്പോൾ പ്രസിഡൻസി മുഴുവനും വ്യാപിച്ചിരിക്കുന്നതും അതിലെ വ്യവസ്ഥകൾ സംക്ഷേപം ബ്രിട്ടീഷ് ഇൻഡ്യയിലെ മററു ഭാഗങ്ങളിലും ചില ഇൻഡ്യൻ നാട്ടുരാജ്യങ്ങളിലും പകർത്തപ്പെട്ടിട്ടുള്ളതും ആയ ഡെക്കാൺ കർഷകരക്ഷാനിയമം എന്നു സാധാരണയായി അറിയപ്പെടുന്ന ചട്ടം ആദ്യമായി ([illegible]) ഗവർമ്മെന്റിൽനിന്നും ഏർപ്പെടുത്തുകയും ചെയ്തു. അതിന്റെ പ്രവർത്തനത്തിൽ കണ്ടിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനായി മററു കൃഷിപരിപോഷണ ഏർപ്പാടുകളും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്നു. ഗവർമ്മെന്റിന്റെയോ നിയമസഭയുടെയോ സഹായം കൂടാതെ യുണൈറ്റഡ് പ്രാവിൻസിലും പഞ്ചാബിലും രണ്ടു ഇൻഡ്യൻ സിവിൽ ഉദ്യോഗസ്ഥന്മാർ ജർമ്മൻ സഹകരണസംഘങ്ങളുടെ മാതൃകയിൽ ഏതാനും സംഘങ്ങളും ആരംഭിച്ചു. ഈ സമയത്തുതന്നെ പ്രത്യേക വിജ്ഞാനസമ്പാദനത്തിനായി ജർമ്മനിയിലേക്ക അയക്കപ്പെട്ടിരുന്ന മി. (ഇപ്പോൾ സർ) ഫ്രെഡറിക്ക നിക്കോൾസൺ അവിടത്തെ സഹകരണ ധനസഹായത്തെയും ഭൂസ്വത്തു ഋണനിവാരണത്തെയുംപററി എഴുതിയ സുസ്തുത്യമായ റിപ്പോർട്ട രണ്ടു വാല്യമായി മദ്രാസ് ഗവർമ്മെന്റിൽനിന്നും പ്രസിദ്ധീകരിച്ചു. തന്നിമിത്തം കഴ്സൻപ്രഭുക്കളുടെ ഗവർമ്മെന്റ കൃഷിസംരക്ഷണത്തിനുള്ള ഈ സർവ്വത്രികമായ മുറവിളികളുടെഫലമായി പാശ്ചാത്യരീതിയിലുള്ള സഹകരണസംഘങ്ങൾ പ്രയോജനകരമായി ബ്രിട്ടീഷ് ഇൻഡ്യയിൽ ഏർപ്പെടുത്താൻ കഴിയുമോ എന്നു ഉപദേശിക്കാനായി സർ എഡ്വേഡ് ലായുടെ അദ്ധ്യക്ഷതയിൽ സ്വാധീനശക്തിയുള്ള ഏതാനും മാന്യന്മാരെ ചേർത്തു ഒരു ചെറിയകമ്മിററിയെ നിയമിച്ചു. ഈ കമ്മിററി, മേൽപ്രകാരമുള്ള സംഘങ്ങൾ ഇവിടെ ഏർപ്പെടുത്തണമെന്നു ശക്തിയായി ശുപാർശചെയ്യുകയും അതിനെ സഹായിക്കുന്നതിനു പ്രത്യേക നിയമനിർമ്മാണം ആവശ്യമെന്നു അഭിപ്രായപ്പെടുകയും ചെയ്തു. ൧൯൦൪-ലെ സഹകരണ നിയമത്തിനു നിദാനമായ ഒരു നക്കൽ ബില്ലും റിപ്പോർട്ടോടുകൂടി സമർപ്പിക്കപ്പെട്ടിരുന്നു.

സഹകരണംകൂടാതെയുള്ള ധനസഹായമാർഗ്ഗങ്ങൾ.

൨. നിസ്സഹായനായ കൃഷിക്കാരനു രണ്ടു ധനസഹായമാർഗ്ഗങ്ങളാണുള്ളത്.

(൧) കപടശാലിയായ പണവ്യാപാരി.

(൨) ഗവർമ്മെന്റിൽ നിന്നു കടം കൊടുക്കുന്ന തക്കാവിവ്യവസ്ഥ. ബ്രിട്ടീഷ് ഇൻഡ്യയിലെ ഗ്രാമപ്രദേശങ്ങളിൽ അക്കാലത്തു ജായിന്റസ്റ്റാക്ക ബാങ്കുകൾ ഉണ്ടായിരുന്നില്ല.

൧൨ മുതൽ ൨൪ വരെയും ചിലപ്പോൾ ൭൫ വരെയും ഉള്ള അന്യായപ്പലിശക്കു കൃഷിക്കാൎക്കു ധനസഹായം ചെയ്യുന്നതിലേക്കു, അത്ര അധികമില്ലായിരുന്നെങ്കിലും, ഉണ്ടിയൽ വ്യാപാരികളും മററുചിലരും തിരുവിതാംകൂറിൽ തീരെ ഇല്ലാതിരുന്നില്ല. അവരുടെ കണക്കു കൂട്ടൽ സമ്പ്രദായങ്ങൾ ഒട്ടും ശരിയല്ലാതെയും കപടമായും ഇരുന്നിരുന്നു. പഞ്ചാബ് നിയമസഭയിൽ ആലോചനയിലിരിക്കുന്ന പഞ്ചാബ് ഉണ്ടി വാരണബില്ലിനെ സംബന്ധിച്ചു ഗവൎമ്മെന്റു ഉദ്യോഗസ്ഥമായി അയച്ച ഒരു സൎക്കുലറിനു 'പഞ്ചാബിലെ കച്ചവട സമാജം' ഇയ്യിടെ അയച്ച മറുപടിയിൽനിന്നും മേല്പറഞ്ഞ രീതി എല്ലാ പണവ്യാപാരികൾക്കും സഹജമായിട്ടുള്ള ഒന്നാണെന്നു വെളിപ്പെടുന്നുണ്ട്. സമാജം പ്രസിഡന്റു തന്റെ മറുപടിയിൽ "ബില്ലിലെ വ്യവസ്ഥകളെ അതിലംഘിച്ചു അതിന്റെ ഉദ്ദേശം വിഫലമാക്കുന്നതിനു ഒരുമാൎഗ്ഗം കണ്ടുപിടിക്കത്തക്കവണ്ണം പണവ്യാപാരികൾ അത്രസാമൎത്ഥ്യവും കൌശലവുമുള്ളവരാണു" എന്നു പറഞ്ഞിരിക്കുന്നു. ഇതിവിടെ പറഞ്ഞുഎന്നേയുള്ളു. ചില ജായിൻറസ്റ്റാക്കു ബാങ്കുകൾ പ്പുകമേലും ഈ (സംഘങ്ങളുടെ) പലിശക്രമത്തിനും, സ്വൎണ്ണം പണയത്തിന്മേൽ ചിലസമയം കുറഞ്ഞപലിശയ്ക്കും പണം കടംകൊടുക്കുന്നു. എന്നാൽ ബാങ്കുകളിലെ പണമിടപാടുകൾ സ്വല്പകാലത്തേക്കുള്ളവമാത്രമാകയാലും മൂലധനം ഒരേചിന്തനമാത്രമായിരിക്കുന്നതിനു അവർ വിമുഖരായിരിക്കുന്നതിനാലും അവരുടെ സഹായങ്ങൾ കൃഷിക്കാരുടെ [illegible]ങ്ങളായ ആവശ്യങ്ങൾക്കു യോജിക്കുന്നവയല്ല. കൂടാതെ ൧൦൮൯-ലെ ൧൦-ാംനമ്പർ സഹകരണനിയമം ഏൎപ്പെടുത്തിയശേഷം അഞ്ചു കൊല്ലംകഴിഞ്ഞു ൧൦൯൪-ൽ ഏൎപ്പെടുത്തിയ ൯-ാംറെഗുലേഷന്റെ കാലംവരെ ബ്രിട്ടീഷിന്ത്യയിലെ തക്കാവി (ലോൺ) വായ്പയെപ്പോലെ കൎഷകവൎഗ്ഗത്തിനു ഗുണപ്രദമായ ഒരു സഹായരീതി ഇവിടെഉണ്ടായിരുന്നതായി കാണുന്നില്ല. കൃഷിവ്യവസായത്തിന്റെ പ്രാധാന്യവും അതിന്റെ വിവിധാവശ്യങ്ങളും കൂടുതൽ അനുഭവപ്പെട്ടുമായിത്തീൎന്നിട്ടും അതിന്നനുസരണമായവിധം നിൎദ്ധനരായ കൃഷിക്കാൎക്കു സുലഭവും സുകരവുമായ ധനസഹായമാൎഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന വിഷയത്തിൽ യാതൊരു പരിഷ്കാരവും ഇവിടെ ഉണ്ടായിട്ടില്ല. ഇവിടെ ബാങ്കുകൾ ഇല്ലായിരുന്നുഎന്നല്ല, അവ അസംഖ്യം ഉണ്ടു; ഒരുപക്ഷേ ഇൻഡ്യയിലെ മറെറവിടേയുംഉള്ളതിൽ ഏററവുംകൂടുതൽ ബാങ്കുകൾ ഇവിടെയുണ്ട്. ഈ ബാങ്കുകൾ ഉണ്ടായിരുന്നിട്ടും അവ ചെറിയ കൃഷീവലന്മാരുടെ ആവശ്യങ്ങൾ നിറവേററുന്നതിനു യോജിച്ചവയല്ലെന്നുള്ളതു രണ്ടു ഉദാഹരണങ്ങൾകൊണ്ടു ഞങ്ങൾ തെളിയിക്കാം. തിരുവല്ലായിൽ സൎവ്വേ ചെയ്യപ്പെട്ടപ്പോൾ അവിടെ ബാങ്കുകളും ബാങ്കുശാലകളുംകൂടി ൧൭ എണ്ണം ഉണ്ടെന്നും, ചെങ്ങന്നൂർ ഒരുമയിൽ വ്യാസത്തിനുള്ളിൽ ൧൨ ബാങ്കുകൾ ഉണ്ടെന്നും പ്രസിദ്ധമായിട്ടു പറയപ്പെട്ടിട്ടുണ്ട്, എന്നാൽ ഇവയൊന്നും ചില്ലറ കൃഷിക്കാരന്റെ എത്തിൽപെടുന്നതല്ല.

സഹകരണസമ്പ്രദായം കൂടുതൽ യോജിച്ചതാണ്.

൩. മേൽവിവരിച്ചവണ്ണം മററുസ്ഥലങ്ങളിലെപ്പോലെ ഇവിടെയും കൃഷിക്കാരന്റെ ആവശ്യങ്ങൾക്കു ഏററവും യോജിച്ചതു സഹകരണസമ്പ്രദായമാണെന്നു ക്രമേണ ബോദ്ധ്യപ്പെട്ടുതുടങ്ങി. മദ്രാസിൽ സഹകരണസംഘം രജിസ്ട്രാറായ് ഇരുന്നശേഷം ൧൦൮൨-ൽ ദിവാൻജിയായി ഇവിടെവന്ന പരേതനായ സർ. പി. രാജഗോപാലാചാരി അവർകളുടെ മനസ്സിൽ പതിഞ്ഞിരുന്ന കാൎയ്യങ്ങളിൽ ഒന്നിതും ആയിരുന്നിരിക്കണം. പത്രപംക്തികളിലും നിയമസഭയിലും ഒട്ടേറെ വാദപ്രതിവാദങ്ങൾക്കുശേഷം ൧൦൮൩-ൽ (A. D, ൧൯൦൮) ഒരു പദ്ധതി അവതരിപ്പിക്കപ്പെട്ടു. അതു ഒടുവിൽ ൧൦൮൯-ലെ ൧൦-ാംനമ്പർ പരസ്പരസഹായസംഘ റെഗുലേഷൻ എന്നറിയപ്പെടുന്ന നിയമരൂപത്തിൽ പരിണമിച്ചു, ആ കൊല്ലംതന്നെ (൧൯൧൪) ആയതു അദ്ദേഹത്തിന്റെ ദിവാൻജിപദത്തിന്റെ അന്ത്യത്തിൽ, പാസ്സാക്കപ്പെടുകയുംചെയ്തു. ഈ സംഗതി തിരുവിതാംകൂറിലെ സഹകരണപ്രസ്ഥാനചരിത്രത്തിൽ ഒരു പ്രധാനസംഭവമായി ഞങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണ്.

തിരുവിതാംകൂറിൽ സഹകരണസമ്പ്രദായം നടപ്പായതു.

൪. തിരുവിതാംകൂറിൽ സഹകരണപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിനു പെട്ടെന്നുണ്ടായ കാരണം ക്ഷാമമോ, അന്യായമായ പലിശക്രമമോ, ബ്രിട്ടീഷ് ഇൻഡ്യയോടു കിടനില്ക്കുന്നതിനുള്ള ആഗ്രഹമോ മാത്രമായിരുന്നില്ല. ചില പ്രധാനകാരണങ്ങളെ മുമ്പേ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ.

൧൦൮൦-ൽ ൧-ാമതു ശ്രീമൂലം പ്രജാസഭയിൽ ജായിന്റുസ്റ്റാക്കുകമ്പനികളുടെ ഉദ്ധരണത്തെപ്പറ്റി ഒരു പ്രമേയം ആവിർഭവിക്കയും പൊതുജനങ്ങളുടെ താല്പര്യങ്ങളെ ഗണിച്ചു ഈ കമ്പനികളെ ചില പ്രത്യേക നിയന്ത്രണങ്ങൾ കൊണ്ടു ബന്ധിക്കേണ്ട ആവശ്യം പ്രത്യേകമായി വാദിക്കപ്പെടുകയും ചെയ്തു. ജായിന്റുസ്റ്റാക്കു കമ്പനികളിൽ ഇടപെടാൻ വിസമ്മതിക്കയും, ബ്രിട്ടീഷ് ഇൻഡ്യയുടെ മാതൃകയിൽ ഒരു സഹകരണനിയമം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് ൧൦൮൪-ൽ ഗവണ്മെന്റ് റവന്യൂഡിപ്പാർട്ടുമെന്റിനോടു ആവശ്യപ്പെടുകയും ചെയ്തു. തന്മൂലം ഒരു ബില്ല് തയ്യാറാക്കപ്പെടുകയും അതിന്റെ പരിശോധനയ്ക്കു ശേഷം ൧൦൮൯-ൽ അതു നിയമസഭയിൽ പാസാക്കപ്പെടുകയും ൧൦൮൯-ൽ അതിനു മഹാരാജാ തിരുമനസ്സിലെ അനുമതി ലഭിക്കയും ചെയ്തു. ആദ്യം രജിസ്ട്രാറായിരുന്ന പേഷ്കാരായ മി. ഗോവിന്ദപ്പിള്ള അവർകൾ ൧൦൮൯ നവംബർമാസത്തിൽ രജിസ്ട്രാറായി നിയമിക്കപ്പെടുകയും ഏതാനുംമാസക്കാലം മദ്രാസിൽ പരിശീലനം കഴിഞ്ഞു അദ്ദേഹം ൧൦൯൦ ആഗസ്റ്റ്മാസത്തിൽ ഉദ്യോഗത്തിൽ പ്രവേശിക്കയും ചെയ്തു. റഗുലേഷനുകളുടെ ചട്ടങ്ങൾ ൧൦൯൦-ൽ പരസ്യപ്പെടുത്തുകയും അതേതന്നെ ആദ്യത്തെ സംഘം, തിരുവനന്തപുരം സെൻട്രൽ കോവാപ്പറേറ്റീവ്ബാങ്ക് കണ്ടും, രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ദ്രുതഗതിയായ വളർച്ച.

൫. ൧൦൯൦ അവസാനത്തിനുമുമ്പായി സെൻട്രൽബാങ്കുകൂടാതെ ൧൨ കർഷകവും, ൯ അകർഷകവും, ആയി ൨൧ ധനസഹായസംഘങ്ങളും ഇന്നും സംസ്ഥാനങ്ങളിൽ ഏറ്റവും വലിയതോതിൽ നടത്തിപ്പോരുന്ന തിരുവനന്തപുരം വിതരണസംഘം ഉൾപ്പെടെ ൪ വിതരണസംഘങ്ങളും ഇങ്ങിനെ ൨൫ സംഘങ്ങൾ ഏർപ്പെടുത്തപ്പെട്ടു. ഈ സംഘങ്ങളുടെ നിബന്ധനകൾ മദ്രാസ് മാതൃകയിൽ ഉണ്ടാക്കപ്പെട്ടവയായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. പ്രവർത്തനത്തോടുകൂടി അടയ്ക്കേണ്ടിയിരുന്നതായ നാമമാത്രമായ ഒരു രൂപാ ഓഹരിക്രമത്തിലാണ് ധനസംഘങ്ങൾ ഏർപ്പെടുത്തപ്പെട്ടതു. ലാഭം മുഴുവനും കരുതൽധനത്തിൽ ചേർക്കപ്പെട്ടുവന്നു. എന്നാൽ രണ്ടു മൂന്നു വർഷംകഴിഞ്ഞപ്പോൾ പുതിയസംഘങ്ങൾക്കു ധനസഹായം ചെയ്യാൻ സെൻട്രൽബാങ്കിനു കഴിവില്ലാതെ വരികയും, തന്നിമിത്തം പ്രാഥമികസംഘങ്ങളുടെ ഓഹരിവില, ചെറിയ തവണകളായി അടയ്ക്കത്തക്കവണ്ണം, വർദ്ധിപ്പിക്കയും ചെയ്തു. അടച്ച ഓഹരിമുതലും, അതോടുകൂടിത്തന്നെ ലാഭവിതരണത്തിനുള്ള മോഹവും വർദ്ധിച്ചുവന്നു. ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ സംഘങ്ങളുടെ ലാഭം വിഭജിച്ചുകൊടുക്കുന്നതിനുള്ള നിർബന്ധവ്യവസ്ഥ തന്നിമിത്തം വ്യത്യാസപ്പെടുത്തേണ്ടതായിവന്നു. പ്രസ്ഥാനത്തിന്റെ പ്രാരംഭകാലങ്ങളിൽ രജിസ്ട്രാറും അദ്ദേഹത്തിന്റെ സിൽബന്തികളും പ്രചരണജോലി ചെയ്തുകൊണ്ടിരുന്നു. പ്രതിബന്ധം കഠിനമായിട്ടും അവർ എല്ലാപ്പോഴും അവലംബിക്കയും സംശയമോ സങ്കോചമോ ഉള്ളിടങ്ങളിലെല്ലാം സംഘരൂപീകരണത്തിനുള്ള ശ്രമങ്ങൾ നിശ്ശേഷം ഉപേക്ഷിക്കുകയും ചെയ്തിരുന്നു. ഉള്ളസംഘങ്ങൾ കാര്യക്ഷമതയോടും കർമ്മകുശലതയോടും അഭിവൃദ്ധിപ്പെടുന്നതുവരെ പുതിയസംഘങ്ങൾ ഏർപ്പെടുത്തുന്നതു വളരെ കരുതലോടുകൂടി വേണമെന്നു ആദ്യംമുതല്ക്കേ ഗവണ്മെന്റു രജിസ്ട്രാറെ ഉൽബോധിപ്പിച്ചിരുന്നതും രജിസ്ട്രാർ അതനുസരിച്ചു തന്നെ പ്രവർത്തിച്ചു പോന്നതായി കാണുന്നതും ആണ്. സംഘങ്ങളുടെ വർദ്ധനയ്ക്കനുസരണമായി, ഏതായാലും, പരിശോധന ഉദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിച്ചില്ല. പരിശോധനയ്ക്കും ആഡിറ്റിനുംആയി അവരുടെ സമയം വിഭാഗംചെയ്തുവായി

കൊണ്ടിരുന്നു, ദൃശ്യമായിട്ടുള്ള ദൂഷ്യങ്ങൾ മാററുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും ൧൨ മാസത്തിൽ ഉള്ളതും ആറുമാസവും ബന്ധപ്പെട്ട ജോലിചെയ്യേണ്ടിവന്നു. തന്നിമിത്തം ഇടർച്ചയായും വ്യവസ്ഥാപിതമായും ഉള്ള പ്രചരണവേല ചിലവാക്കാൻ ശേഷിച്ച സമയം വളരെ കുറച്ചുമാത്രമായിരുന്നു. ആയതിനാൽ ഡിപ്പാർട്ടുമെൻറിൻെറ കൃത്യങ്ങൾ നിയമനിർബന്ധിതങ്ങളായവയിൽ മാത്രം ഒതുങ്ങുന്നതിനും പ്രചരണം ത്വരീകരണം മേൽനോട്ടം ഇവയ്ക്കായി അനൗദ്യോഗസ്ഥ പ്രവർത്തകന്മാരെ ഉൾപ്പെടുത്തുന്നതിനുമായി ൧൦൯൩-ൽ (൧൯൧൭-൧൮) ഒരു മേലന്വേഷണ ഐക്യസംഘം രജിസ്റ്ററാക്കപ്പെട്ടു. മേലന്വേഷണസംഘങ്ങൾ മുഖേന അനൗദ്യോഗസ്ഥ സഹായത്തിനായി ആസൂത്രണം ചെയ്ത സംഘടിതമായ പ്രാരംഭശ്രമമായിരുന്നു. സൂപ്പർവൈസർമാരുടെ ശമ്പളത്തിൽ ഒരു ഭാഗം ഉദാരമായി കൊടുത്തുവന്ന ഗവർമ്മെൻറുപ്രോത്സാഹനം ഈവക സ്ഥാപനങ്ങളുടെ അഭിവൃദ്ധിയെ ത്വരിപ്പിച്ചിട്ടുണ്ട്. ആദ്യത്തെ ഐക്യസംഘം ഏർപ്പെടുത്തി അഞ്ചുവർഷം കഴിഞ്ഞപ്പോഴേക്ക ഐക്യസംഘങ്ങളുടെ എണ്ണം ൨൫ ആയി വർദ്ധിച്ചു. അതിൽപിന്നീട്ട ൨ ഐക്യസംഘങ്ങൾകൂടി രജിസ്റ്റർചെയ്യപ്പെടുകയും പ്രായേണ രാജ്യത്തെ എല്ലാതാലൂക്കുകളും ഐക്യസംഘങ്ങളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുകയും ചെയ്തു. കുറച്ചുവർഷങ്ങൾക്കുമുമ്പ് ൧൦ ഐക്യസംഘങ്ങൾക്കായി ഗവർമ്മെൻറിൽനിന്നും മൊത്തം ൭,൦൦൦ രൂപ ദാനം ലഭിച്ചുവന്നു, എന്നും എന്നാൽ എണ്ണം ഇരട്ടിയിൽ അധികമായി വർദ്ധിച്ചപ്പോൾ അവയുടെ നടത്തിപ്പിലേക്കുള്ള ഗവർമ്മെൻറുസഹായം വർദ്ധിപ്പിച്ചിട്ടില്ലെന്നു മാത്രമല്ല പ്രസ്ഥാനത്തിനനുഭവമായ അധോഗതിയും അപചയവും നേരിടത്തക്കവണ്ണം അതിലേയ്ക്കുള്ള തുകയോ കുറച്ചുകളയുകയാണ് ചെയ്തതു എന്നുള്ളവസ്തുത ഇവിടെ പ്രസ്താവ്യമാണ്. ഈ ഐക്യസംഘങ്ങൾക്ക പുറമെ ൧൦൯൫-ൽ മൂന്നു ആണററി ആർഗനൈസർമാരെ നിയമിക്കുകയും അവരുടെ സഞ്ചാരപ്പടി കൊടുക്കാൻ വ്യവസ്ഥചെയ്കയും ചെയ്തു. അവരുടെസംഖ്യ പിന്നീട ൨൫ ആയി വർദ്ധിപ്പിച്ചു എങ്കിലും അനന്തരകാലത്തു സഞ്ചാരപ്പടി നിറുത്തിക്കളയുകയാലും അവർ ജോലിയിൽ ഉത്സാഹശൂന്യരായിത്തീരുകയും ഒടുവിൽ ഈ വിധമുള്ള പ്രവർത്തകന്മാർ വേണ്ടെന്നു വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ ഐക്യസംഘങ്ങളും അനൗദ്യോഗസ്ഥ സംയോജകന്മാരും കൂടി പുതിയ സംഘങ്ങൾ ഏർപ്പെടുത്തുന്നവിഷയത്തിൽ സ്വയമായി പലതും പ്രവർത്തിക്കുകയും അവയുടെ എണ്ണം ൧൦൯൬-ൽ ൩൭൫ ആയിരുന്നതു ൧൧൦൪-ൽ ൧൫൪൪ ആയി, അതായതു ആണ്ടിൽ ശരാശരി ൨൦൦ വീതം, വർദ്ധിക്കുകയും ചെയ്തു. സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇപ്പോഴുള്ള വൈകല്യങ്ങൾക്ക കാരണം ക്രമമായ പ്രചരണവും വ്യവസ്ഥിതമായ പ്രബോധനവും ഇല്ലാതെ അവയുടെ സംഖ്യ ഈവിധം ദ്രുതഗതിയിൽ വർദ്ധിപ്പിച്ചതാണ്. ഈ വർദ്ധനവതടയാൻ പിന്നീട രജിസ്ട്രാർ നിർബന്ധിതനായിത്തീരുകയും ഇപ്പോൾ രണ്ടുവർഷംകൊണ്ടു പുതിയസംഘങ്ങൾ രജിസ്റ്റർചെയ്യുന്നനയം മിതവാദം ഉപേക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

സംഘവിതരണത്തിലുള്ള അസമത്വം.

൩൯. രാജ്യത്തെ മറെറാതാലൂക്കിലുമുള്ള സംഘങ്ങളുടെഎണ്ണം കാണിക്കുന്നതിനായി ഡിപ്പാർട്ടുമെൻറിൻെറ കഴിഞ്ഞ വാർഷികറിപ്പോർട്ടിൽപ്രസിദ്ധീകരിച്ചിട്ടുള്ള തിരുവിതാംകൂർപടം ഇതിൽ ചേർത്തിട്ടുള്ളതിൽനിന്നും കാണുന്നതു സംഘങ്ങൾ എല്ലാതാലൂക്കുകളിലും ഒരേക്രമത്തിനു രജിസ്റ്റർചെയ്യപ്പെട്ടിട്ടില്ലെന്നാണ്. ഉദാഹരണമായി ചെങ്കോട്ട, തോവാള, തൊടുപുഴ, പത്തനംതിട്ട, കൊട്ടാരക്കര ഈ താലൂക്കുകളിലുള്ള സംഘങ്ങളുടെഎണ്ണം അവയുടെ വിസ്തീർണ്ണവും ജനസംഖ്യയും അനുസരിച്ചു കുറവാണ്. മദ്ധ്യഭാഗങ്ങളിലെ ചില താലൂക്കുകളിൽ ൧,൭൦൦ മുതൽ ൨,൫൦൦ വരെ ജനങ്ങളുള്ള ഒന്നരചതുരശ്രമൈലിനു ഒരുസംഘം വീതമുണ്ട്. എണ്ണം കുറവായിട്ടുള്ള താലൂക്കുകളിലെ സംഘങ്ങളുടെ സംഖ്യ മററുള്ളവയോടൊപ്പം വർദ്ധിപ്പിക്കുന്നതിനു ശ്രമിക്കേണ്ടതാണ്.

സാമുദായിക സംഘങ്ങൾ.

൧. തിരുവിതാംകൂറിലെ സഹകരണപ്രസ്ഥാനത്തിന്റെ ഒരു പ്രത്യേകതയാണു സാമുദായികസംഘങ്ങളുടെ ബഹുലതയാണ്. ൧൧൦൨ ഒടുവിൽ താഴെപ്പറയുന്ന സമുദായക്കാർക്കും വർഗ്ഗക്കാർക്കുമായിട്ട ൭൧൫ വർഗ്ഗീയസംഘങ്ങൾ ഉണ്ടായിരുന്നു:

വർഗ്ഗം	സംഘങ്ങളുടെ എണ്ണം.
നായന്മാർ	൧൪൩
ക്രിസ്ത്യാനികൾ	൧൩൭
ബ്രാഹ്മണർ	൨
ഈഴവർ	൯൬
വെള്ളാളർ	൧൭
മത്സ്യവ്യവസായികൾ	൨൪
അരയരും വാലന്മാരും	൬൬
തൊഴിലാളികൾ	൩൧
ചേരമർ	൧൭൨
സാംബവർ	൨൩
മുസ്ലിംകൾ	൧൨
നെയ്ത്തുകാർ	൧൦
മറവ പല വർഗ്ഗക്കാർ	൧൬
ആകെ	൭൧൫

വർഗ്ഗീയസംഘങ്ങൾ ഏർപ്പെടുത്തുന്നതിനു ഈ പ്രസ്ഥാനത്തിന്റെ ആദ്യവർഷം മുതൽതന്നെ ഒരു അഭിനിവേശം കാണുന്നുണ്ട്. എന്തെന്നാൽ ആദ്യകാലം രജിസ്റ്റർചെയ്യപ്പെട്ട സംഘങ്ങളിൽ മിക്കതും വർഗ്ഗീയസംഘങ്ങളായിരുന്നു. വർഗ്ഗീയ സംഘങ്ങൾക്കുള്ള ഈ പക്ഷപാതം ൧൧൦൦ (൧൯൨൫) വരെ മുഴുപ്പെട്ടതായിരിക്കുകയും, തന്നിമിത്തം അപ്രകാരമുള്ള സംഘങ്ങൾ രജിസ്റ്റർചെയ്യുന്നതിനുള്ള അപേക്ഷകൾ അനുകൂലിച്ചുകൂടന്നകാണിച്ചു ഇൻസ്പെക്ടർമാർക്കും വൈദ്യസംഘങ്ങൾക്കും ആണ്ടറിക്കുള്ള സർക്കാർ രജിസ്ട്രാർ ഒരു സർക്കുലർ അയയ്ക്കുന്നതിനിടയാവുകയുംചെയ്തു. ഈ സർക്കുലർ നിയമസഭയിൽ കഠിനമായ വിമർശനത്തിനും പത്രങ്ങളിൽ വലുതായ വാദപ്രതിവാദങ്ങൾക്കും കാരണമായിതീർന്നു. ആ ബഹുമാന്യസഭ സക്കുലറിന്റെ തത്വം അംഗീകരിച്ചു എങ്കിലും വർഗ്ഗീയസംഘങ്ങളിൽ ജനങ്ങൾക്കുള്ള പ്രതിപത്തികുറഞ്ഞിട്ടുള്ള ലക്ഷണങ്ങൾ കാണുന്നില്ല. ചില ഇൻഡ്യൻ പ്രവിശ്യകളിലും ആരംഭകാലങ്ങളിൽ സ്ഥിതി ഇതു തന്നെയായിരുന്നു എങ്കിലും വർദ്ധിച്ചുവരുന്ന വിസ്തൃതമായ രാഷ്ട്രീയ ബോധത്തോടുകൂടി ഇതിനു വ്യത്യാസം ഉണ്ടായിട്ടുണ്ട്. അപ്രകാരമുള്ള സംഘങ്ങളെ അനുകൂലിക്കാതെയിരിക്കുന്ന രജിസ്ട്രാരുടെ നയം ന്യായീകരിക്കത്തക്കതാണെന്നാണ് കമ്മിറ്റി വിസ്തരിച്ച അനേകം സാക്ഷികളും അഭിപ്രായപ്പെട്ടിട്ടുള്ളത്. മദ്രാസിലെ രണ്ടാമത്തെ രജിസ്ട്രാരായിരുന്ന ദിവാൻബഹദൂർ എൽ. ഡി. സ്വാമിക്കണ്ണുപിള്ള അവർകൾ ൧൯൨൮-ൽ തിരുവനന്തപുരത്തുവച്ചു നടത്തപ്പെട്ട നാലാമത്തെ സംസ്ഥാന തിരുവിതാംകൂർ സഹകരണസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിലും ഈ നയത്തെ ശക്തിപൂർവ്വം അനുകൂലിച്ചിട്ടുള്ളതാണ്.

എങ്കിലും പലജാതികളിൽ ഉൾപ്പെട്ട മത്സ്യവ്യവസായികൾ, അധഃകൃതർ, തൊഴിലാളികൾ എന്നിപ്രകാരമുള്ള ദരിദ്രജനങ്ങൾക്ക പ്രത്യേകസംഘങ്ങൾ ഏർപ്പെടുത്തുന്നതിൽ ആക്ഷേപമില്ലാത്തതാണ്. എന്നാൽ വിദ്യാഭ്യാസം കൂടുതലുള്ള നായന്മാർ, ക്രിസ്ത്യാനികൾ, ബ്രാഹ്മണർ, വെള്ളാളർ, ഈഴവർ എന്നിവരുടെകാര്യം അപ്രകാരമല്ല.

അംഗങ്ങളുടെ പക്ഷീയമനോഭാവം സഹകരണതത്വങ്ങൾക്കും സിദ്ധാന്തങ്ങൾക്കും വിപരീതവും, രജിസ്ട്രേഷൻഫീസ് ആദായനികുതി ആദിയായിഅനുവദിച്ചുകൊടുത്തിട്ടുള്ള സൌജന്യങ്ങൾ നികുതിദായകന്മാർക്കു നഷ്ടം വരുത്തി ഏതെങ്കിലും പ്രത്യേകവിഭാഗക്കാരെ സഹായിക്കാനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ലാത്തതുമാകുന്നു. ആയതിനാൽ ഈ അനാശാസ്യമായ പ്രതിപത്തിയെ ഡിപ്പാർട്ടുമെന്റു നിർബന്ധമായി നിരോധിക്കേണ്ടതാകുന്നു.

ധനസംഘങ്ങളുടെ ബാഹുല്യം.

വ്യ. ഇൻഡ്യയിലെ മററുവിഭാഗങ്ങളിലെന്നപോലെത്തന്നെ തിരുവിതാംകൂറിലെയും സഹകരണപ്രസ്ഥാനത്തിന്റെ ഒന്നാമത്തെ പ്രത്യേകത കർഷകധനസഹായസംഘങ്ങളുടെ ബാഹുല്യതയാകുന്നു. ഇതു അപ്രകാരം തന്നെ ആയിരിക്കേണ്ടതുമാണ്. ജനങ്ങളിൽ ഭൂരിഭാഗവും കൃഷികൊണ്ടു ഉപജീവിക്കുന്നു. അവരുടെ ഒന്നാമത്തെ പ്രധാനആവശ്യം ധനസഹായവുമാണ്. ഈ കാരണത്താൽ സഹകരണഡിപ്പാർട്ടുമെന്റു ധനേതരപ്രവൃത്തനങ്ങളുടെ പ്രാധാന്യവും ആവശ്യവും വിസ്മരിച്ചുകളഞ്ഞതായി പറഞ്ഞുകൂടാത്തതാണ്. പലവിതരണസംഘങ്ങളും ഏർപ്പെടുത്തിയെങ്കിലും ഒന്നോ രണ്ടോ ഒഴിച്ചുള്ളവയെല്ലാം വലിയ പരാജയത്തിലാണു കലാശിച്ചത്. ഒരു കേന്ദ്രസ്ഥാപനംമുഖാന്തിരം നൂലു വാങ്ങിയും നെയ്തുണ്ടാക്കിയ വസ്ത്രങ്ങൾ വിററഴിച്ചും നെയ്ത്തുകാരുടെ സ്ഥിതിയെ നന്നാക്കുവാനായി തിരുവനന്തപുരത്തു ഏർപ്പെടുത്തിയ ഒരു സംഘം നിഷ്പ്രയോജനമായിത്തീരുകയും അതേ ഉദ്ദേശത്തിന്മേൽതന്നെ കൊല്ലത്തു ഏർപ്പെടുത്തിയ മറെറാരു സ്ഥാപനം പ്രതീക്ഷാപാത്രമെ അഭിവൃദ്ധിപ്പെടാതെവരികയും ചെയ്തു. അംഗങ്ങൾക്കുള്ള തേങ്ങ, കയർ, കശുവണ്ടി മുതലായ കേരോല്പന്നങ്ങൾ ശേഖരിച്ചു കയററുമതി ചെയ്യുന്നതിനായി ആലപ്പുഴ സ്ഥാപിച്ച തിരുവിതാംകൂർ സെൻട്രൽ ഉല്പാദകസഹകരണസംഘം ഡിപ്പാർട്ടുമെന്റിന്റെയും സ്ഥലത്തുള്ള [illegible] സംഘങ്ങളുടെയും മററു അനൌദ്യോഗികപ്രവർത്തകന്മാരുടെയും നിരന്തരപരിശ്രമം ഉണ്ടായിരുന്നിട്ടും [illegible] ആരംഭിക്കാൻപോലും സാധിച്ചിട്ടില്ല. മററു വഴികളിൽ ഉണ്ടായിട്ടുള്ള ശ്രമവും ഇപ്രകാരം പരാജയത്തിൽതന്നെ പരിണമിച്ചു. ഇപ്രകാരമുള്ള ആലോചനകൾ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാർ വരുത്തുകയാണെന്നും ഈ പ്രധാനമായ ആവശ്യത്തിനു വേണ്ടതു പ്രവൃത്തിക്കുന്നതിനു പരിചയവും സാങ്കേതികപരിശീലനവുമുള്ള കൂടുതൽ ആളുകളെ നിയമിക്കുന്നകാര്യം ഗവർമെന്റു ആലോചിക്കേണമെന്നും അപ്രകാരം ചെയ്യുന്നതുവരെ ഡിപ്പാർട്ടുമെന്റിനു സാരമായി ഒന്നും ചെയ്യാൻ കഴിയുന്നതല്ലെന്നും ഞങ്ങൾ വിചാരിക്കുന്നു. പ്രസ്ഥാനത്തിന്റെ പ്രതിവർഷങ്ങളായിട്ടുള്ള വളർച്ച അടിയിലുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു:—

പട്ടിക ൧.

സംഘങ്ങളുടെ വളൎച്ച.

ആണ്ടു		സംഘങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	പ്രവൎത്തന ധനം	കരുതൽ ധനം
1091	(1915-16)	26	945	74986	261
1092	(1916-17)	40	2034	137122	2042
1093	(1917-18)	45	2829	150527	4933
1094	(1918-19)	101	6525	187896	8030
1095	(1919-20)	177	11725	259060	15648
1096	(1920-21)	226	17237	337321	23793
1097	(1921-22)	367	21882	416434	33646
1098	(1922 23)	578	29764	561216	44608
1099	(1923-24)	757	46468	833116	69404
1100	(1924-25)	1002	74076	1672659	102560
1101	(1925 26)	1325	115303	2389392	156770
1102	(1926-27)	1555	150932	3363200	227811
1103	(1927-28)	1688	177824	4259281	298806
1104	(1921-29)	1738	196078	5275865	425649
1105	(1929-30)	1806	213027	6374901	562900
1106	(1930-31)	1818	220989	6933897	586232
1107	(1931-32)	1810	224532	7738633	741149
1108	(1932-33)	1786	230433	8521518	894010

അംഗബാഹുല്യം താരതമ്യേന കുറവല്ലാണ്.

൯. ൧൯൨൭ (൧൯൨൬-൨൭)-ൽ എല്ലാ സംഘങ്ങളിലുംകൂടിയുണ്ടായിരുന്ന ആകെ അംഗങ്ങളുടെ എണ്ണം ൨,൩൦ ലക്ഷം, അതായതു രാജ്യത്തെ ജനസംഖ്യയുടെ ൦·൭ ശതമാനം, ആയിരുന്നു. ചില ബ്രിട്ടീഷ് ഇൻഡ്യൻ പ്രവിശ്യകളേയും നാട്ടുരാജ്യങ്ങളേയും അപേക്ഷിച്ച് ഇതു എപ്രകാരമായിരുന്നുഎന്നു താഴെ കാണിച്ചിരിക്കുന്നു. ഈ കണക്കു ഇൻഡ്യാ മുഴുവൻ ഉള്ള സഹകരണപ്രസ്ഥാനത്തിന്റെ ൧൯൨൬-൨൭-ലെ കണക്കുകൾ ഗവർമ്മെന്റു പ്രസിദ്ധീകരിച്ചിട്ടുള്ളതിൽനിന്നു എടുത്തിട്ടുള്ളവയാണ്.

പട്ടിക ൫.

പ്രവിശ്യ / രാജ്യം	ജനസംഖ്യ ൧൦ ലക്ഷം കണക്കിൽ	സംഘങ്ങളുടെ ആകെ എണ്ണം	൧൦,൦൦൦ ജനങ്ങൾക്ക എത്ര സംഘം എന്ന്	പ്രാഥമിക സംഘങ്ങളിൽ ഉള്ള ആകെ അംഗങ്ങളുടെ എണ്ണം	ആയിരം ജനങ്ങൾക്ക പ്രാഥമിക സംഘങ്ങൾ എത്ര എന്ന്
ബോംബെ	21·9	5878	26·8	568173	25·9
മദ്രാസ്	46·7	14539	31·1	939058	20·1
ബറോഡാ	2·4	1063	44·3	38232	15·9
മൈസൂർ	6·6	2181	33·6	139547	21·1
കൊച്ചി	1·2	246	20·5	24992	20·8
തിരുവിതാംകൂർ	5·1	1818	35·6	222334	43·6

സംഘംഒന്നിനുള്ള ശരാശരി അംഗങ്ങളുടെ എണ്ണം ഇവിടെ മററു സ്ഥലങ്ങളിലേക്കാൾ കൂടുതലാണെന്ന താഴെയുള്ള പട്ടികയിൽനിന്നും കാണാവുന്നതാണ്. ൨൫൦ അംഗങ്ങളിൽ കൂടുതലുള്ള സംഘങ്ങൾ രാജ്യത്തെ ചില ഗ്രാമങ്ങളിലുള്ളതു് ഇതിനെ കൂടുതൽ ഉദാഹരിക്കുന്നതും അപ്രകാരമുള്ള സംഘങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട പരസ്പര പരിചയം എങ്ങിനെ ഉളവാകുന്നുഎന്ന ഗൗരവമായി സംശയിക്കേണ്ടിയിരിക്കുന്നതും ആകുന്നു.

പട്ടിക ൩.

൧൯൨൭—൨൮-ൽ പ്രാഥമികസംഘങ്ങളിലുണ്ടായിരുന്ന അംഗങ്ങളുടെ താരതമ്യപ്പട്ടിക.

പ്രവിശ്യ, രാജ്യം	പ്രാഥമികസംഘങ്ങളുടെ എണ്ണം	എല്ലാ പ്രാഥമിക സംഘങ്ങളിലുംകൂടി ഉണ്ടായിരുന്ന അംഗങ്ങൾ	സംഘം ഒന്നിനു ശരാശരി അംഗങ്ങൾ
ബാംബെ	5740	568173	90·9
മദ്രാസ്	14075	939058	66·7
ബറോഡാ	1056	38232	36·2
മൈസൂർ	2167	139547	64·4
കൊച്ചി	245	24992	102·0
തിരുവിതാംകൂർ	1789	222334	124·3

ഈ കണക്കുകളിൽനിന്നു സംഘങ്ങളുടെ എണ്ണവും അംഗങ്ങളുടെ സംഖ്യയും സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിന്റെ നില ഏറ്റവും തൃപ്തികരമാണെന്നു ഊഹിക്കാവുന്നതാണ്. എന്നാൽ പ്രസ്ഥാനത്തിന്റെ പ്രവൎത്തനധനത്തെ സംബന്ധിച്ച നില ഒട്ടും പ്രോത്സാഹജനകമല്ലെന്നു അടുത്ത പട്ടികയിൽനിന്നു കാണാവുന്നതാണ്. ആ പട്ടികയും ഇൻഡ്യാഗവണ്മെന്റു പ്രസിദ്ധീകരിച്ച മുൻപറഞ്ഞ സ്ഥിതിവിവര കണക്കുകളിൽനിന്നു സംഗ്രഹിച്ചിട്ടുള്ളതാണ്. സംഘങ്ങളിൽ നിന്നുള്ള വായ്പകളും നിക്ഷേപങ്ങളും ഇരട്ടിപ്പായി കാണിച്ചിട്ടുള്ളതിനെ വിട്ട് സംഘങ്ങളിലെ യഥാൎത്ഥ വ്യാപാരധനം മാത്രം ഞങ്ങൾ പട്ടികയിൽ ചേൎത്തിരിക്കുന്നു:—

പട്ടിക ൯.

രാജ്യം പ്രവിശ്യ	അംഗങ്ങളുടെ എണ്ണം	ഓഹരിമൂലധനം	അംഗങ്ങളുടെ നിക്ഷേപം	അംഗങ്ങളല്ലാത്തവരുടെ നിക്ഷേപം	ഗവണ്മെൻറുവായ്പ	കരുതൽ ധനം	ആകെ വ്യാപാരധനം	അംഗം ഒന്നിനു വ്യാപാരധനം
	1000	Rs1000	Rs1000	Rs1000	Rs1000	Rs1000	Rs1000	Rs.
ബാംബെ	568	18652	29609	29688	5034	11174	94157	175
മദ്രാസ്	939	23635	8913	55831	3450	14028	105857	113
ബറോഡാ	38	637	1132	1471	541	1047	4828	127
മൈസൂർ	140	4976	3663	2858	390	2580	14457	103
കൊച്ചി	25	321	319	371	26	349	1386	555
തിരുവിതാംകൂർ	222	3465	678	1022	45	775	5985	27

N. B. ഗ്രാമപ്പണി സംഘങ്ങൾക്കുള്ള വായ്പകൾ, തക്കാവിവായ്പകൾ, മററു ധനോത്തര പ്രവർത്തനങ്ങൾക്കുള്ള വായ്പകൾ മുതലായവയ്ക്കായി വലിയ സംഖ്യകൾ മററു ഗവണ്മെൻറുകളിൽനിന്നും ഇറക്കിയിട്ടുണ്ടെന്നു ഈ പട്ടികയിൽനിന്നു കാണാവുന്നതാണ്.

താരതമ്യേന കുറവായ പ്രവർത്തനധനം.

അത്ഥപ്പിടിപ്പില്ല-കടവുമില്ല.

൨൦. അംഗമൊന്നിനു ശരാശരി പ്രവർത്തനധനം ബാംബെയിൽ ൧൭൫ ഉറുപ്പികയും ബറോഡായിൽ ൧൨൭ ഉറുപ്പികയും മൈസൂരിലും മദ്രാസിലും ൧൦൦ ഉറുപ്പികയിൽ കവിഞ്ഞും ആയിരിക്കുമ്പോൾ തിരുവിതാംകൂറിൽ ൨൭ ഉറുപ്പികമാത്രമെ ഉള്ളു എന്നു മുൻപട്ടികയിൽനിന്നു കാണാൻകഴിയുന്നതാണ്. അടുത്തുള്ള ചെറിയ കൊച്ചിരാജ്യത്തുപോലും ൫൫ ഉറുപ്പികയാണ്. പരതായത്തു ബ്രിട്ടീഷിൻഡ്യയിലും പരിഷ്കൃത നാട്ടുരാജ്യങ്ങളിലും ഉള്ള ഒരു സംഘാംഗത്തെക്കാൾ പലിരട്ടി കുറഞ്ഞ ധനസഹായം മാത്രമേ തിരുവിതാംകൂറിലുള്ള ഒരു സംഘാംഗത്തിനു ലഭിക്കുന്നുള്ളു. സംഘങ്ങളോ സംഘാംഗങ്ങളോ പണത്തിനു ആവശ്യക്കാരല്ലെന്നു ചിലപ്പോൾ ഇതിനുള്ള സമാധാനം പറഞ്ഞേക്കാം, എന്നാൽ അവരുടെ ശുഷ്കമായ ധനസ്ഥിതിയെപ്പററി ഞങ്ങൾക്കു അടുത്തുണ്ടായിട്ടുള്ള പരിചയംകൊണ്ടു തോന്നിയിട്ടു

ള്ളൂ. സംഘങ്ങളിൽനിന്നും ശരിയായ ധനസഹായം അംഗങ്ങൾക്കു ലഭിക്കുന്നതിൽ പലതര വിഷമങ്ങളുമുണ്ടെന്നാണ്. ഇതിനുള്ള കാരണം അംഗങ്ങൾ അധികമായും പ്രവർത്തനധനം കൊണ്ടും ഇരിക്കുന്നസ്ഥിതിയോ, ക്ലിപ്തരഹിതബാദ്ധ്യതയിലുള്ള ആപൽശങ്കയും അംഗങ്ങൾക്കു കടം കൊടുക്കുന്നതിൽ കമ്മിററിമെമ്പറന്മാരായ ധനികന്മാർക്കുള്ള വിസമ്മതമോ, 'അത്ഥപ്പിടിപ്പുമില്ലാത്ത കടം ഉണ്ടാക' എന്നുള്ള പ്രമാണം ശരിയായന്നുള്ളതോ ആയിരിക്കാം. ഈ വിഷയത്തിൽ ബവനഗരത്തിലെ കർഷകരുടെ പരിഹാരാന്വേഷണക്കമ്മിററി അവരുടെ റിപ്പോർട്ടിൽ ഇങ്ങിനെ പറയുന്നു.

"കൂടാതെ, യുക്തിഭംഗം തോന്നാമെങ്കിലും പഴയ ഗ്രാമീണരും കടത്തിന്റെ വലുതായ ആവശ്യമില്ലാത്തതുകൊണ്ടല്ലെങ്കിലും ഓരോന്നും അത്ഥപ്പിടിപ്പില്ലായ്മയും കൊണ്ടു പണവ്യാപാരികൾ കടംകൊടുക്കായ്കകൊണ്ടു മാത്രം കടമില്ലാത്തവരായി കമ്മിററി കണ്ടിട്ടുണ്ട്. കടം അത്ഥപ്പിടിപ്പിനെ അനുസരിക്കുന്നു എന്നുള്ള പ്രമാണം വാസ്തവമാണെന്നു പലപ്പോഴും കണ്ടറിഞ്ഞിട്ടുണ്ട്. എന്നാൽ അതിന്റെ വിപരീതം എപ്പോഴും ശരിയാണെന്നു കാണുന്നില്ല. നേരെമറിച്ചു അത്ഥപ്പിടിപ്പു കുറഞ്ഞിടത്തു പണവ്യാപാരികളുടെ പലിശ മുതലായ കരാറുകൾ വായ്പകൾക്കു പുതുക്കുന്നു. എന്നാൽ കേവലം ദരിദ്രാവസ്ഥയും അശേഷം അത്ഥപ്പിടിപ്പില്ലായ്മയും കടംവാങ്ങേണ്ട ആവശ്യം വർദ്ധിപ്പിക്കുന്നവ ആണെങ്കിലും പലപ്പോഴും കടത്തിൽനിന്നു ഒഴിഞ്ഞുനിൽക്കാൻ ഇടയാക്കുകയും 'അത്ഥപ്പിടിപ്പില്ലെങ്കിൽ കടവുമില്ല' എന്ന പ്രമാണം സാത്ഥമാക്കുകയും ചെയ്യുന്നുണ്ട്. കടക്കാർ ആരും തയ്യാറില്ലായ്കയാൽ മാത്രം കടമില്ലാതെയിരിക്കുന്ന ഗ്രാമീണരുടെ ഈ വിപ്രകൃതാവസ്ഥ, ഒരു ശതമാനം ഗ്രാമീണരും ഋണബാധരല്ലെന്നുള്ള വസ്തുതയെ മാത്രം ആസ്പദമാക്കി സാമ്പത്തികസ്ഥിതിയെയും ക്ഷേമത്തെയുംപററി പൊതുവായ അഭിപ്രായം പറയത്തക്കതല്ലെന്നു ഞങ്ങൾക്കു മുന്നറിവു തരുന്നുണ്ട്." ഇങ്ങിനെ മുൻ പട്ടികയിൽ കണ്ടപ്രകാരം, മററു പ്രവിശ്യകളെയും രാജ്യങ്ങളെയും അപേക്ഷിച്ചു അംഗങ്ങളുടെയും അല്ലാത്തവരുടേയും നിക്ഷേപങ്ങളിൽ തിരുവിതാംകൂറിലുള്ള കുറവു വളരെ ശ്രദ്ധാർഹമായിട്ടുള്ളതാണ്. ബാംബേ മദ്രാസ് ബറോഡാ കൊച്ചി ഈ സ്ഥലങ്ങളിൽ ഈവക നിക്ഷേപങ്ങൾ സ്വകീയ മൂലധനത്തിന്റെയും കരുതൽധനത്തിന്റെയും ഇരട്ടിമുതൽ മൂന്നിരട്ടി വരെയുള്ളപ്പോൾ തിരുവിതാംകൂറിൽ ആയതു അതിൽ രണ്ടുഭാഗംമാത്രമേയുള്ളൂ. സഹകരണപ്രസ്ഥാനം ഇൻഡ്യയിൽ പല പ്രവിശ്യകളിലും നാട്ടുരാജ്യങ്ങളിലും പ്രധാനമായി കൃഷിക്കാരുടെ നന്മയെ ഉദ്ദേശിച്ചു ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതാകയാൽ, കർഷക സംഘങ്ങളുടെ പ്രവർത്തനധനം മാത്രം എടുത്തുനോക്കുന്നപക്ഷം ഈ വസ്തുത കൂടുതൽ പ്രത്യക്ഷമാകുന്നതാണ്. അടിയിൽ കാണുന്ന പട്ടികയും മേൽപറഞ്ഞ എൻ.ആ.ഏ.ബി.യെ ഇൻഡ്യൻ സ്ഥിതിവിവരക്കണക്കുകളിൽ നിന്നെടുത്തിട്ടുള്ളതാകുന്നു. ഈ പട്ടികയിൽ സ്വകീയ മൂലധനം എന്നു പറയുന്നതു ഓഹരിമുതലും കരുതൽധനവും, കടംവാങ്ങിയ മൂലധനം എന്നു അംഗങ്ങളിലും അല്ലാത്തവരിലും ധനസഹായ ബാങ്കുകളിലും ഗവമ്മെന്റിലും നിന്നു ലഭിച്ചിട്ടുള്ള വായ്പകളും നിക്ഷേപങ്ങളും ഉൾപ്പെടുന്നതാകുന്നു.

പട്ടിക ൭.

കർഷക സംഘങ്ങളുടെ പ്രവർത്തനധനം.

പ്രവിശ്യ, രാജ്യം	ജനസംഖ്യ ൧൦ ലക്ഷം	കർഷക സംഘങ്ങൾ	കർഷക സംഘങ്ങളിലെ അംഗങ്ങൾ ൧൦൦൦	ഓഹരി മൂലധനവും കരുതൽധനവും	കടം വാങ്ങിച്ചിട്ടുള്ളതുക	അംഗം ഒന്നിനു സ്വകീയ മൂലധനം	അംഗം ഒന്നിനു കടംവാങ്ങിയ മൂലധനം
				Rs1000	Rs1000		
ബാംബെ	21·9	4839	322000	10·189	33908	31·6	105·3
മദ്രാസ്	46·7	12560	675000	14085	45195	20·9	67·0
ബറോഡ	2·4	871	25000	884	2710	35.4	108·4
മൈസൂർ	6·6	1774	72000	2263	3045	31·4	42·3
കൊച്ചി	1·2	140	12000	246	532	20·5	44·3
തിരുവിതാംകൂർ	5·1	1412	165000	2633	842	16·0	5·1

സൂക്ഷ്മമായി അന്വേഷിക്കപ്പെടേണ്ട ഒരു സംഗതി.

൧൧. പട്ടികയിൽ കൊടുത്തിട്ടുള്ള മറ്റേതെങ്കിലും രാജ്യത്തേയോ പ്രവിശ്യയിലേയോ അംഗമൊന്നിനുള്ള ശരാശരി കടംവാങ്ങിയ മൂലധനത്തേക്കാൾ എത്രയോ കുറവാണ് തിരുവിതാംകൂർ കർഷകസംഘങ്ങളിലുള്ളതെന്നു കാണാവുന്നതാണല്ലോ. മററു രാജ്യങ്ങളേയും പ്രവിശ്യകളേയും അപേക്ഷിച്ച് അത്രപോലെ നിക്ഷേപങ്ങൾ ലഭിക്കത്തക്ക സ്ഥിതികളല്ല തിരുവിതാംകൂറിലുള്ളതെന്നു പറയാവുന്നതല്ല. ധനസഹായത്തിനു പ്രാഥമിക സംഘങ്ങൾ കൂടുതലായി ആവശ്യപ്പെട്ടുകാണുന്നെങ്കിൽ ധനസഹായ ബാങ്കുകളിലും സംഘങ്ങളിലും നിക്ഷേപങ്ങളുടെ വരവു നിഷ്പ്രയാസം വർദ്ധിപ്പിക്കാമായിരുന്നു. ആണ്ടുതോറും അഞ്ചരക്കോടി രൂപ ചിട്ടികൾക്കു പിരിയുകയും ഇൻഡ്യയിൽ മററു സ്ഥലങ്ങളിലേക്കാൾ കൂടുതൽ ബാങ്കുകൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന ഈ രാജ്യത്തു നിശ്ചയമായും അങ്ങിനെ പ്രതീക്ഷിക്കാവുന്നതാണ്. ഇൻഡ്യയിൽ മററുള്ളിടങ്ങളിലെ തങ്ങളുടെ സഹപ്രവർത്തകരെപ്പോലെ സംഘങ്ങളെ പ്രയോജനപ്പെടുത്തുന്നതിനു, ചില സാക്ഷികൾ പറഞ്ഞിട്ടുള്ളവണ്ണം, കമ്മിററിക്കാർ അംഗങ്ങളെ അനുവദിക്കുന്നില്ലയോ, അംഗങ്ങൾതന്നെ അതിൽ വിമുഖരാണോ എന്നു നിർണ്ണയിക്കാൻ ഞങ്ങൾ നിർബന്ധിതരായി തീർന്നിരിക്കുന്നു. പ്രസ്ഥാനത്തിന്റെ ഈ സ്ഥിതി രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാരുടേയും സഹകാരികളുടേയും ഗൗരവമായ ആലോചനയെ അർഹിക്കുന്നൊന്നാണ്.

൨-ാം ഭാഗം.

സാമ്പത്തികശൃംഖല.

അദ്ധ്യായം ൩.

തിരുവനന്തപുരം സെൻട്രൽ കോഓപ്പറേറ്റീവ് ബാങ്ക്

ഉത്ഭവവും വളർച്ചയും.

തിരുവിതാംകൂറിൽ ആദ്യം രജിസ്റ്റർചെയ്യപ്പെട്ട സഹകരണസംഘം തിരുവനന്തപുരം സെൻട്രൽ കോഓപ്പറേറ്റീവുബാങ്ക് ആണ്. അതു ൧൦൮൯-ലെ ൧൦-ാം നമ്പരായ സഹകരണസംഘറഗുലേഷൻ അനുസരിച്ചുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചതായ ൧൯-൧൧-൧൦൯൧-ലാണ് രജിസ്റ്ററാക്കപ്പെട്ടതു. പ്രാഥമികസംഘങ്ങൾ രജിസ്റ്ററാക്കപ്പെട്ടപ്പോൾ അവയ്ക്കു ധനസഹായം ചെയ്യുകയെന്നുള്ളതായിരുന്നു അതിന്റെ പ്രധാന ഉദ്ദേശമെങ്കിലും മററു സ്ഥലങ്ങളിലുള്ള ഈ മാതിരി സ്ഥാപനങ്ങളെപ്പോലെ സംഘടിതസംഘങ്ങളുടെ ഒരു ധനസമീകരണ കേന്ദ്രമായും അവയ്ക്കു വായ്പകളും പററുവരവുകളും നൽകുന്നതിനായും കൂടി ഉദ്ദേശിക്കപ്പെട്ടിരുന്നു. എങ്കിലും, പ്രാഥമികസംഘങ്ങളൊന്നും മുമ്പു രജിസ്റ്ററാക്കപ്പെട്ടതുനിമിത്തം അപ്രകാരമുള്ള സംഘങ്ങൾ പിന്നീടു രജിസ്റ്ററാക്കപ്പെട്ടപ്പോൾ നേരിട്ടു അവയ്ക്കു വായ്പകൾ നൽകേണ്ട ആവശ്യം ഗവൺമെന്റിനുണ്ടായിട്ടില്ല. ആദ്യ രണ്ടുകൊല്ലങ്ങളിൽ പ്രാഥമിക സംഘങ്ങൾക്കു ധനസഹായം ചെയ്യുന്നതിനായി ബാങ്കിനു ൫൦,൦൦൦ രൂപ അഞ്ചുശതമാനം പലിശയ്ക്കു നാലു വാർഷികഗഡുക്കളായി തിരികെ അടയ്ക്കത്തക്കവണ്ണം ഗവൺമെന്റിൽനിന്നു വായ്പ കൊടുത്തു. ഗവൺമെന്റിന്റെ ഈ സഹായവും ആദ്യംമുതൽക്കുതന്നെ ബാങ്കുഭരണത്തിൽ വളരെ അഗ്രഗണ്യന്മാരായ ഏതാനും അനൗദ്യോഗസ്ഥന്മാരുടെ സഹകരണവും ഉണ്ടായിരുന്നിട്ടും ആദ്യ ആറുകൊല്ലക്കാലം ബാങ്കിനു വലിയ അഭിവൃദ്ധിയുണ്ടായില്ല. ആറാം കൊല്ലമായ ൧൦൯൭-ൽ പ്രാരംഭത്തിലുണ്ടായിരുന്ന ൧൦൦ രൂപാവിലയുള്ള ൧,൦൦൦ ഓഹരികളിൽ ൩൭൨ ഓഹരികൾ എടുത്തവരായി ൧൧൨ വ്യക്തികളും ൨൧ സംഘങ്ങളും മാത്രമേ അംഗങ്ങളായി ഉണ്ടായിരുന്നുള്ളു. ഈ അംഗങ്ങൾ ഓഹരിമുതലായി ൧൯,൩൭൦ രൂപ അടച്ചിരുന്നു. അംഗങ്ങളും അല്ലാത്തവരുംകൂടി അടച്ചിട്ടുണ്ടായിരുന്ന സ്ഥിരനിക്ഷേപം വെറും തുച്ഛമായ ൫൦൦ രൂപ മാത്രവും പററുവരവു നിക്ഷേപം ൧൧൫൧ രൂപയും ഗവൺമെന്റു വായ്പയുൾപ്പെടെ പ്രവർത്തനധനം ൨൭,൩൦൮ രൂപയും ആയിരുന്നു.

൨. എന്നാൽ ൧൦൯൭-ൽ മി. ആർ. വൈദ്യലിംഗംപിള്ള രജിസ്ട്രാരായി ചാർജ്ജെടുക്കുകയും മി. (ഇപ്പോൾ റാവുസാഹിബ്) ടി. പത്മനാഭറാവു പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തശേഷം ബാങ്കിനു ഊർജ്ജിതമായ പ്രവർത്തനവും അതിശീഘ്രമായ അഭിവൃദ്ധിയും ഉണ്ടായിത്തുടങ്ങി. പതിനൊന്നു വർഷങ്ങൾക്കുശേഷം അതായതു ൧൧൦൮ (൧൯൩൨-൩൩)-ൽ ബാങ്കിൽ യഥാക്രമം ൩,൯൪൯-ഉം ൨൦൦൯-ഉം ഓഹരികൾ എടുത്തു ൧,൦൮,൮൧൦-ഉം ൪൨,൯൭൦-ഉം രൂപ അടച്ച ൨൧൨ വ്യക്തികളും ൬൭ അംഗസംഘങ്ങളും ഉണ്ടായിരുന്നു. അഭിവൃദ്ധമായ ധനസ്ഥിതിനിമിത്തം ഗവൺമെന്റിലേക്കു കൊടുക്കാനുണ്ടായിരുന്ന വായ്പ ക്ലിപ്തകാലത്തിനുമുമ്പു കൊടുത്തുതീർക്കുകയും ബാങ്കിനു അന്നു ൨൦ ലക്ഷം രൂപയിൽ കവിഞ്ഞ പ്രവർത്തനധനം ഉണ്ടായിരിക്കുകയും ചെയ്തു. വ്യക്തികളുടെ ൧൪.൯൯ ലക്ഷം രൂപ ഉൾപ്പെടെ അംഗങ്ങളിലും അല്ലാത്തവരിലും നിന്നുണ്ടായിരുന്ന നിക്ഷേപങ്ങളുടെ കണക്കു താഴെ കൊടുത്തിരിക്കുന്നു.

നിക്ഷേപം	അംഗങ്ങളിൽനിന്നും രൂപ	അംഗങ്ങളല്ലാത്തവരിൽനിന്നും രൂപ	ആകെ രൂപ
സ്ഥിരം	691052	290977	989029
പ്രാവർത്തിക(?)	201279	169969	371248
പ്രാവിഡൻറ	5867	13190	19057
സേവിംഗ്സ്	29988	23885	58953
	9,35,166	4,98,021	14,38,187

എന്നിരുന്നാലും ബ്രിട്ടീഷ് ഇൻഡ്യയിലും മററു നാട്ടുരാജ്യങ്ങളിലും ഉള്ള ഈ മാതിരി സ്ഥാപനങ്ങളുടെ അഭിവൃദ്ധിനോക്കുമ്പോൾ ഇതിൽ കൂടുതലായ അഭിവൃദ്ധിയും കൂടുതൽ വിവിധങ്ങളായ പ്രവൃത്തനങ്ങളും പ്രതീക്ഷിക്കപ്പെടുന്നതായിരുന്നു. അവയെ സംബന്ധിച്ച ഈ അദ്ധ്യായത്തിൽത്തന്നെ മറെറാരു ഭാഗത്തു പറയുന്നതാണ്. ബോംബയിലെ ചില നഗരബാങ്കുകൾക്കു ഇത്രത്തോളംതന്നെ വലിപ്പമുണ്ടായിരിക്കുന്നതും അവ കൂടുതൽ വിവിധങ്ങളായ ഇടപാടുകൾ ചെയ്യുന്നതും ആണ്. സംഘങ്ങൾ ബാങ്കിൽ നിക്ഷേപിച്ചിരുന്ന കരുതൽധനം ൨,൦൩,൬൭൭ രൂപയും മററു ഫണ്ടുകൾ ൩,൪൩൬ രൂപയും ആയിരുന്നു.

ഒരു സെൻട്രൽബാങ്കിൻെറ ആദർശം.

൩. ഒരു സെൻട്രൽ ബാങ്കിനെപ്പററി ദിവസേന ഉയരുന്നവണ്ണം ബോദ്ധ്യമായിക്കൊണ്ടിരിക്കുന്ന ആദർശം, അതിനാൽ ധനസഹായം ചെയ്യപ്പെടുന്ന സംഘങ്ങളോ സ്ഥാപനങ്ങളോ മാത്രം അതിൽ അംഗങ്ങളായിരിക്കണം എന്നുള്ളതാണ്. അപ്രകാരമേ ഇരിക്കാൻപാടുള്ളൂ എന്ന പക്ഷക്കാർ ഇപ്പോൾ അഭിപ്രായമുള്ളവരുമുണ്ട്. അംഗങ്ങളായി സെൻട്രൽധനസഹായബാങ്കുകൾ മാത്രമുണ്ടായിരിക്കേണ്ട ഒരു കേന്ദ്രബാങ്കിന്റെ കാര്യത്തിൽ വിശേഷിച്ചും ഈ നില പരിപാലിക്കപ്പെടേണ്ടതാണ്. തിരുവനന്തപുരം സെൻട്രൽ കോവാപ്പറേറീവുബാങ്ക് ഇപ്പോൾ ഒരു യഥാർത്ഥകേന്ദ്രബാങ്കിന്റെ നില പ്രാപിച്ചിട്ടില്ലാത്തതും തന്നിമിത്തം താലൂക്കുബാങ്കുകളും മററുധനസഹായസ്ഥാപനങ്ങളും മാത്രമേ അതിൽ അംഗങ്ങളായിരിക്കാൻ പാടുള്ളൂ എന്നു ഞങ്ങൾക്കു അഭിപ്രായമില്ലാത്തതും ആകുന്നു. ഈ തത്വം ഇപ്പോൾ ഇൻഡ്യമുഴുവൻ കൂടുതലായി ആദരിക്കപ്പെട്ടുവരുന്നതും മുമ്പില്ലാതിരുന്നസ്ഥലങ്ങളിൽ ക്രമേണ ആയതു അംഗീകരിക്കപ്പെട്ടുവരുന്നതും ആണ്. മിക്കവാറും എല്ലാസെൻട്രൽബാങ്കുകളും വ്യക്തികളെ അവരുടെ പലപ്രകാരേണയുള്ള സഹായങ്ങൾക്കും മേൽനോട്ടത്തിനും ആയി അംഗങ്ങളാക്കിവച്ചുകൊണ്ടിരിക്കുന്നു എങ്കിലും അവർക്ക് അംഗങ്ങളല്ലാത്തവർക്കെന്നപോലെ നിക്ഷേപത്തിന്റെ ഉറപ്പിന്മേലല്ലാതെ വായ്പകൾ കൊടുക്കുന്നില്ല. ഇതിനെസംബന്ധിച്ച ൧൯൩൨-ൽ നെയ്യാററിൻകരവച്ചു നടത്തപ്പെട്ട ൭-ാമത്തെ സമസ്തതിരുവിതാംകൂർ സഹകരണസമ്മേളനത്തിൽ ഒരുവിദഗ്ദ്ധസഹകാരിയായ സർ ലല്ലുബായിസമൽദാസ് K. T. സി. ഐ. ഈ. ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽനിന്നും ഒരുഭാഗം ഉദ്ധരിക്കാം. "ഏറെക്കുറെ ഈ തരത്തിൽ എന്റെ പ്രസിഡൻസിയിലുള്ള സ്ഥാപനങ്ങളുമായി പരിചയിച്ചിടത്തോളം എനിക്കുതോന്നുന്ന അഭിപ്രായം വ്യക്തികൾക്കോ സംഘങ്ങൾക്കോ ഉള്ള വായ്പകൾ ശരിയായി വേർതിരിക്കപ്പെട്ടു പോകുന്നില്ലെന്നും തത്വത്തിനു പുറമേ ഈ മാതിരി മിശ്രവൃത്തികൾ പ്രസ്ഥാനത്തിനു ഹാനികര

മായ വിധത്തിൽ ഇരുകൂട്ടരുടേയും നന്മകൾ കാലാന്തരത്തിൽ സംഘർഷണം ചെയ്യുന്നതിനു ഇടവരുത്തുമെന്നും ആണ്." എന്നാലും ബാങ്കിന്റെ നന്മയ്ക്കു ഹാനിയുണ്ടാകാതിരിക്കുന്നതിലേക്ക ഈ ലക്ഷ്യപ്രാപ്തിയ്ക്കു വേണ്ടിടത്തോളം സമയം കൊടുക്കേണ്ടതാണെന്നാണു ഞങ്ങളുടെ അഭിപ്രായം. ഈ സന്ദർഭത്തിൽ ഇതിനു താല്ക്കാലിക ബാങ്കുകൾ താല്പര്യമുള്ള പക്ഷം ഇപ്പോൾ പ്രാഥമിക സംഘങ്ങളും വ്യക്തികളും സെൻട്രൽ ബാങ്കിൽ എടുത്തിട്ടുള്ള ഓഹരികൾ ഏറ്റെടുക്കുന്നതിനു അവയ്ക്കു വേണ്ട സമയം അനുവദിക്കേണ്ടതാണ്. അമേരിക്കയിലെ ഫെഡറൽഫാം ലോൺ വ്യവസ്ഥയിൽ ഓഹരിമോചനം എന്നറിയപ്പെടുന്ന രീതി ഇവിടെ സാദ്ധ്യമാക്കുന്നതിലേക്ക പരിവർത്തനം അത്ര അധികമല്ലെന്നു ഞങ്ങൾ വിചാരിക്കുന്നു. ഈ പരിഷ്കാരങ്ങളാൽ ഇനിമേലാൽ വ്യക്തികൾ അംഗങ്ങളായി ചേർത്തുകൂടെന്നും ഉള്ളവരും പ്രായേണ ക്രമേണയായി വ്യക്തികളേയും പ്രാഥമിക സംഘങ്ങളേയും അംഗസ്ഥാനത്തുനിന്നു പിരിച്ചുവിടേണ്ടതാണെന്നും ഞങ്ങൾ ശുപാർശചെയ്യുന്നു. ഈ പ്രകാരമുള്ള അംഗങ്ങൾ ഇപ്പോൾ എടുത്തിരിക്കുന്ന ഓഹരികളിൽ പതിനഞ്ചിലൊരു ഭാഗം സ്വമനസ്സാലെയോ കുറയ്ക്കപ്പെട്ടതോ വർഷംതോറും മോചിപ്പിക്കേണ്ടതും ഈ ഓഹരികളിൽ അടച്ചു തീർത്ത സംഖ്യയും നാളതുവരെ ലാഭവീതം വല്ലതുമുണ്ടെങ്കിൽ അതും ബാങ്കിൽനിന്നു കൊടുക്കേണ്ടതും ആകുന്നു. മൈസൂർ പ്രോവിൻഷ്യൽ എപ്പെക്സ് ബാങ്കിന്റെ നിബന്ധനകളിൽ വ്യക്ത്യംഗങ്ങൾക്കുള്ള പ്രിഫറൻസ് അല്ലെങ്കിൽ മാക്സിമം ഓഹരികൾ കുറവുചെയ്യുന്നതിനു വ്യക്തമായി ഒരു വ്യവസ്ഥയുണ്ട്. ഇപ്രകാരം പിരിച്ചുവിടപ്പെട്ട പ്രാഥമികസംഘങ്ങൾക്കും വ്യക്തികൾക്കും അതതുപ്രദേശങ്ങളിലെ താലൂക്കുബാങ്കുകളിലും അർബൻ (നഗര) ബാങ്കുകളിലും ചേരുന്നതിനും സെൻട്രൽബാങ്കിൽനിന്നു ലഭിക്കേണ്ടുന്ന സഹായങ്ങൾ ആ സ്ഥാപനങ്ങളിൽനിന്നു ലഭിക്കുന്നതിനും സാദ്ധ്യമാകുന്നതാണ്. ഇപ്രകാരമുള്ള ബാങ്കുകൾ ഇല്ലാത്ത പ്രദേശങ്ങളാണെങ്കിൽ അവിടങ്ങളിൽ അവ ഏർപ്പെടുത്തുന്നതിനു സെൻട്രൽബാങ്ക് വേണ്ട നടപടി നടത്തുകയും ചെയ്യേണ്ടതാണ്.

ഒരാൾക്കു ഒരു വോട്ട്.

൪. ഇപ്പോഴത്തെ നിബന്ധനപ്രകാരം ബാങ്കിലെ അംഗസംഘങ്ങൾക്കു അവ എടുത്തിട്ടുള്ള ഓഹരികളോളവും വോട്ടുകൾ ഉണ്ടെങ്കിലും വ്യക്ത്യംഗങ്ങൾ എത്ര ഓഹരികൾ എടുത്താലും ഒരാളിനു ഒരു വോട്ടുമാത്രമേ ഉള്ളൂ. മുൻകാലങ്ങളിൽ ഓരോന്നിനും ഓരോ വോട്ട് എന്ന നിലയിൽ വ്യക്തികളും സംഘങ്ങളും സമാനനിലയിൽ ആയിരുന്നു. മൂന്നാലു വർഷങ്ങൾക്കുമുമ്പു ഈ വ്യത്യാസം വരുത്തിയതു ബാങ്കിലെ പൊതുയോഗങ്ങളിൽ വ്യക്ത്യംഗങ്ങളുടെ ക്രമാതീതമായ സ്വാധീനശക്തി കുറയ്ക്കുന്നതിനുവേണ്ടിയായിരുന്നിരിക്കാം. അതു ഫലം നടപ്പിലിരിക്കുന്നുണ്ട്. അധികവോട്ടു ഏർപ്പെടുത്തു വ്യക്തികൾക്കായാലും സംഘങ്ങൾക്കായാലും സഹകരണതത്വത്തിനു വിരുദ്ധമാണ്. എന്തുകൊണ്ടെന്നാൽ ഒരു സഹകരണസംഘം ന്യായമായ ലാഭമാഗ്രഹിക്കാതെ പരസ്പരസഹായത്തിനായി കൂടിയ അംഗങ്ങളുടെ ഒരു യോഗമാകുന്നു; അതു ഒരു മൂലധനസമുച്ചയമല്ല, മനുഷ്യസമൂഹമാണ്. അതിനാൽ ഏതു യഥാർത്ഥസഹകരണത്തിനും ഒരാൾക്കു ഒരു വോട്ടുമാത്രം എന്നതു ഒരു പ്രധാനലക്ഷണമായിരിക്കേണ്ടതാണ്. മിക്ക സഹകരണവിദഗ്ദ്ധന്മാരുടെയും അഭിപ്രായം ഇതു ഒരു പ്രാഥമികസിദ്ധാന്തമാണെന്നാണ്. ഈ തത്വം ബൊംബെ ബർമ്മ മദ്രാസ് ഈ സ്ഥലങ്ങളിൽ ഇപ്പോൾ ഏർപ്പെടുത്തി പാസ്സാക്കിയിട്ടുള്ള പ്രൊവിൻഷ്യൽ നിയമനങ്ങളിൽ സ്വീകരിച്ചിരിക്കുന്നതും ൧൦൯൯-ലെ ൧൦-ാംനമ്പരായ തിരുവിതാംകൂർ സഹകരണനിയമം ൧൫-ാം വകുപ്പിൽ ഇപ്രകാരമൊരു ഭേദഗതി ഞങ്ങൾ നിർദ്ദേശിച്ചിരിക്കുന്നതും ആകുന്നു. ഒന്നിലധികം വോട്ടുകൾ നൽകുന്ന സെൻട്രൽബാങ്ക് നിബന്ധനകൾ വേണ്ടവിധം ഭേദപ്പെടുത്തണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. ഈ തത്വത്തോടു യോജിക്കുന്നതെങ്കിലും വ്യക്ത്യംഗങ്ങൾ മുഴുവൻ നീക്കപ്പെടുന്നതുവരെ ഇപ്പോഴത്തെ അധികവോട്ടവകാശം ഒരു ശതമാനമായി ബാങ്കിൽ തുടരണമെന്നാണ് ഞങ്ങളിൽ ചിലരുടെ അഭിപ്രായമുള്ളതാണ്.

മാനേജിംഗ് ബോർഡിന്റെ തിരഞ്ഞെടുപ്പു.

൭. ഇപ്പോഴത്തെ മാനേജിംഗ് ബോർഡു വ്യക്തികളെ പ്രതിനിധീകരിക്കുന്ന ൭-ം സംഘങ്ങളെ പ്രതിനിധീകരിക്കുന്ന ൧൪-ം ഇങ്ങിനെ ൨൧ പേർ അടങ്ങിയിട്ടുള്ള ഒന്നാണു. തിരഞ്ഞെടുപ്പു മൂന്നുവർഷത്തിൽ ഒരിക്കൽ നടക്കുന്നതും സംഘങ്ങളും വ്യക്തികളും അവരവരുടെ പ്രതിനിധികളെ പ്രത്യേകം തിരഞ്ഞെടുത്തുവരുന്നതും ആണു്. ഈ നടപടി വളരെ കൊല്ലങ്ങളായി നടന്നുവരുന്നതാണെങ്കിലും തിരഞ്ഞെടുപ്പു നടത്തേണ്ടതായിരുന്ന കഴിഞ്ഞ വാർഷികപൊതുയോഗത്തിൽ അതിന്റെ സാധുതയെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടായി. യോഗനടപടികൾ മൂന്നു ദിവസങ്ങളിലായി ൨൪ മണിക്കൂർ നേരം നടന്നു എന്നുള്ള സംഗതി ഇവിടെ പ്രസ്താവിക്കുന്നതു ശ്രദ്ധാർഹമായിരിക്കുമല്ലോ. ആയതു തിരഞ്ഞെടുപ്പുകൂടാതെ വാർഷികയോഗങ്ങൾ നടത്താൻ നിബന്ധനകൾ ഉണ്ടാക്കേണ്ടതിന്റെ അത്യാവശ്യം അനുസ്മരിപ്പിക്കുന്നതും ആകുന്നു. ഇപ്പോഴത്തെ നടപടി കാലഹരണമായിട്ടുള്ളതും ഉടനടി മാറേണ്ടതും ആണെന്നാണു ഞങ്ങളുടെ അഭിപ്രായം. നിബന്ധനപ്രകാരം സാരസ്യരഹിതമായിരിക്കുന്നില്ലെന്നു ഏതായാലും സമ്മതിദായകരും പ്രതിനിധികളെ പൊതുയോഗത്തിൽ വച്ചു ഓരോ വിഭാഗവും അതിന്റെ വോട്ടുകൾ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തി തിരഞ്ഞെടുക്കേണ്ടതാണെന്നു ഞങ്ങൾ ശുപാർശചെയ്യുന്നതും ആകുന്നു. ഓരോ വിഭാഗവും പരസ്പരബന്ധം കൂടാതെ തിരഞ്ഞെടുപ്പു നടത്തേണ്ടതും ഒരേസമയത്തു ഒരംഗം രണ്ടു വിഭാഗങ്ങളിലും കൂടി വോട്ടുചെയ്യാൻ അനുവദിച്ചുകൂടാത്തതും ആകുന്നു. തിരഞ്ഞെടുപ്പുകളെ നിയന്ത്രിക്കുന്നതിനു റഗുലേഷൻ പ്രകാരം ചട്ടങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യമുള്ളതും സെൻട്രൽ ബാങ്കിനെപ്പോലെയുള്ള സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകൾക്കുള്ള ചട്ടങ്ങൾ കൂടി ഉണ്ടായിരിക്കേണ്ടതും ആകുന്നു.

ബോർഡിന്റെ ഘടന.

൮. ബോർഡു രൂപീകരണത്തിൽ സാമുദായികമായോ പ്രാദേശികമായോ ഉള്ള ന്യൂനതകൾ പരിഹരിക്കുന്നതിലേക്കു ഗവർമ്മെന്റു നാമനിർദ്ദേശം ചെയ്യുന്നതിനു ഒരു ഭേദഗതി ഏർപ്പെടുത്തുന്നതു അഭിലഷണീയമെന്നു ഞങ്ങൾ വിചാരിക്കുന്നു. ആവശ്യപ്പെടുമ്പോൾ ഗവർമ്മെന്റിൽനിന്നും ധനസഹായം ലഭിക്കുന്നതിനും നിക്ഷേപകന്മാരുടെ മനസ്സിൽ കൂടുതൽ വിശ്വാസം ജനിപ്പിക്കുന്നതിനുംകൂടി ഇതു പ്രയോജകീഭവിക്കുന്നതാണു്. സാമുദായികമായും മറ്റുമുള്ള വ്യത്യാസങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നതു സഹകരണതത്വത്തിനു യോജിച്ചതല്ലെന്നും, ഇവിടെയോ മറ്റുസ്ഥലങ്ങളിലോ സഹകരണത്തിൽ ജനകീയമായ അഭിവൃദ്ധിപ്പെടുത്തുന്ന സിദ്ധാന്തങ്ങൾക്കു ഇതു അനുയോജ്യമല്ലെന്നും ഞങ്ങൾ അറിയാതിരിക്കുന്നില്ല. എന്നിരുന്നാലും ഉദ്യോഗസ്ഥസഹായങ്ങളും, പ്രസ്ഥാനത്തിന്റെ നിയന്ത്രണത്തിനും മേൽനോട്ടത്തിനും ഗവർമ്മെന്റിനുള്ള അവകാശവും യഥാർത്ഥമായിരിക്കിലും പൂർണ്ണമായി നിഷേധിക്കപ്പെട്ടിട്ടില്ല. സമുദായഭേദം നിർഭാഗ്യവശാൽ നാലുപാടും വളർന്നുവരുന്നതോടുകൂടി പ്രാതിനിധ്യവിഷയത്തിൽ ആ പക കുറവുകൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥ സമുദായഭേദങ്ങൾ കുറയ്ക്കുകയല്ലാതെ വർദ്ധിപ്പിക്കുന്നതിനു ഇടയാകുകയില്ലെന്നും, പൊതുജനങ്ങളുടെയും ഗവർമ്മെന്റിന്റെയും കൂടുതലായ സന്തോഷങ്ങൾ ഉളവാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഈ ഉദ്ദേശം ഗവർമ്മെന്റിനു നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം ഉണ്ടായിരിക്കുന്നതുകൊണ്ടു ഏറ്റവും ഭംഗിയായി സാധിക്കാവുന്നതും പ്രസ്ഥാനത്തിന്റെ ഒരു പ്രധാനാവയവമായ സെൻട്രൽ ബാങ്കിന്റെ കാര്യത്തിൽ ഒരു ഗാഢമായ താല്പര്യം ഗവർമ്മെന്റു പ്രദർശിപ്പിക്കേണ്ടതും ആകുന്നു. സെൻട്രൽ ബാങ്കുകളുടെ ഭരണസമിതികളിൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്ന പതിവുകൾ ബോംബെ, യുണൈറ്റഡ് പ്രൊവിൻസസ്, ബീഹാർ, ഒറിസ്സാ, ബംഗാൾ, മൈസൂർ ഈ സ്ഥലങ്ങളിൽ കണ്ടിട്ടുള്ളതും ആണു്. ബോർഡിൽ വ്യക്തികൾ തിരഞ്ഞെടുത്ത ൭-ം സംഘങ്ങൾ തിരഞ്ഞെടുത്ത ൧൪-ം, അംഗങ്ങളിൽനിന്നു ഗവർമ്മെന്റ് നാമനിർദ്ദേശം ചെയ്ത ൩-ം മെമ്പർമാർ ഉണ്ടായിരിക്കണമെന്നാണു ഞങ്ങൾ ശുപാർശചെയ്യുന്നതു്. മാസന്തോറുമുള്ള യോഗങ്ങൾക്കു രജി

സ്റ്റ്രാർ സന്നിഹിതനായിരിക്കണമെന്നുദ്ദേശിച്ചു അവയുടെ നടപടിപരിപാടി അദ്ദേഹത്തിനു അയച്ചുകൊടുക്കയും മിക്കപ്പോഴും അദ്ദേഹത്തെ ക്ഷണിക്കയും ചെയ്യുക മദ്രാസിൽ സാധാരണ നടപ്പുള്ളതാണ്. കൂടാതെ മൈസൂരിൽ "കേന്ദ്രബാങ്കും ജില്ലാബാങ്കും ചില പ്പോഴെല്ലാം അവയുടെ ബോർഡുയോഗങ്ങൾ സന്ദർശിക്കാൻ രജിസ്ട്രാരെയും ഡിപ്പാർട്ടുമെന്റിലുള്ള മററു ഉദ്യോഗസ്ഥന്മാരെയും ക്ഷണിക്കാറുണ്ട്. ഡെപ്യൂട്ടി രജിസ്ട്രാർ എല്ലാ യ്പോഴും ജില്ലാബാങ്കിന്റെ എക്സിക്യൂട്ടീവു കൌൺസിൽ യോഗങ്ങളിലും ബോർഡുയോഗങ്ങളിലും ഹാജരാകുന്നുണ്ട്" ഇവിടെയും അടുത്തകാലം മുമ്പുവരെ ഇങ്ങിനെ ഒരു പതിവുണ്ടായിരുന്നു എന്നു ഞങ്ങൾ അറിയുന്നതും ആയതു വീണ്ടും തുടരണമെന്നു ഞങ്ങൾ വിശ്വസിക്കുന്നതും ആകുന്നു.

സ്ഥാനവിഭജനം

൭. പലതരം സംഘങ്ങളേയും പ്രാതിനിധ്യം ചെയ്തു അവയ്ക്കു പ്രാതിനിധ്യം കൊടുക്കേണ്ട ആവശ്യത്തെപ്പററി ഒരു നിർദ്ദേശം കൂടി ഞങ്ങൾക്കു നൽകുവാനുണ്ട്. അതിനാൽ സംഘപ്രതിനിധികളായി ഉണ്ടായിരിക്കേണ്ട ൯ പേർ താഴെപ്പറയും പ്രകാരം സംഘങ്ങളുടെ പ്രാധാന്യം സ്ഥിതി സംഖ്യ എന്നിവയനുസരിച്ചു വിഭജിക്കപ്പെടണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു.

൧.	താലൂക്കുബാങ്കുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും	൪
൨.	അർബൻബാങ്കുകൾ	൧
൩.	ധനേതരസംഘങ്ങൾ	൧
൪.	സെൻട്രൽബാങ്കു ധനസഹായം നൽകുന്ന പ്രാഥമിക കർഷക ധനസഹായസംഘങ്ങൾ	൩
	ആകെ	൯

രാജികൊടുത്തൊഴിയുക.

൮. ബാങ്കിന്റെ ഭരണത്തിൽ ആളുകളുടെ ഉത്സാഹവും താല്പര്യവും വളർന്നുവരുന്നതിനു ഓരോ കാലഘട്ടങ്ങളിൽ ഏതാനും മെമ്പറന്മാർ പിരിഞ്ഞുപോകുന്ന ഒരു സമ്പ്രദായവും അഭിലഷണീയമായിട്ടുള്ളതാണ്. ഓരോ വർഷവും ഒരു വ്യക്തിപ്രതിനിധിയും മൂന്നു സംഘപ്രതിനിധികളും ഒഴിഞ്ഞുമാറണമെന്നു ഞങ്ങൾ ഉപദേശിക്കുന്നു. ആദ്യത്തെ കൊല്ലം കുറിയെടുത്തു വരുന്നവർ ഒഴിഞ്ഞുമാറേണ്ടതാണ്. ഗവൺമെന്റു നോമിനേറ്റു ചെയ്യുന്നവർ മൂന്നുവർഷത്തിലൊരിക്കൽ സ്ഥാനം ഒഴിയണം. ഒഴിഞ്ഞുമാറുന്നവർ വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതിനു അർഹരായിരിക്കണം. കുറിയിട്ടെടുത്തു ഒഴിഞ്ഞുമാറുന്നതിനുള്ള വ്യവസ്ഥകൾ ബൈലാസിൽ ഉണ്ടായിരിക്കേണ്ടതാണ്.

ശമ്പളമുള്ള സെക്രട്ടറി.

൯. തിരഞ്ഞെടുപ്പിലുണ്ടാകാവുന്ന അനിശ്ചിതാവസ്ഥയ്ക്കു അധീനനല്ലാത്തവിധം പ്രാപ്തിയുള്ള ഒരു സെക്രട്ടറിയെ ശമ്പളം കൊടുത്തു നിയമിക്കാത്ത ഒരു അപെക്സ്ബാങ്ക് അസമഗ്രമായിരിക്കുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇതു ഒരു നിരർത്ഥകമായ മനോരാജ്യമല്ല. ഈയിടെ, ൧൯൩൪ ഏപ്രിൽമാസത്തിലെ, മദ്രാസ് സഹകരണമാസികയിൽ പ്രസിദ്ധംചെയ്തിരുന്നതായ, മദ്രാസിലെ പഞ്ചസാരവ്യവസായത്തിന്റെ ഭാവി എന്ന ലേഖനത്തിൽ വലിയതോതിലുള്ള സ്ഥാപനങ്ങളുടെ വിജയകരമായ പ്രവർത്തനം പൊതുതിരഞ്ഞെടുപ്പുകളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമാക്കികൂടാത്തതും ദീർഘവും സ്ഥിരവുമായ പ്രവർത്തനവും ഉണ്ടായിരിക്കേണ്ടതുമാകുന്നു എന്നു മി. രാമദാസ് പന്തലു പറഞ്ഞിരിക്കുന്നു. ഒരു ശമ്പളമുള്ള സെക്രട്ടറിക്കു പാരിതോഷികം നൽകുന്ന രീതി മദ്രാസിലെ പല സ്ഥാപനങ്ങളിലും നടപ്പുള്ളതാണെങ്കിലും ശരിയായ ശമ്പളം കൊടുത്തുവരുന്ന രീതി കൂടുതൽ നന്നെന്നു കരുതി അവയെല്ലാം ആയതു ക്രമേണ സ്വീകരിച്ചുവരുന്നു. ആ കാരണംകൊണ്ടുകൂടി ഞങ്ങൾ ഇതു ശുപാർശ ചെയ്യുന്നതും ആകുന്നു. ഒരു സെൻട്രൽ ബാങ്കിന്റെ ആഫീസുകളിൽ പൊതുകാര്യങ്ങളിൽ വിവരവും സ്വാധീനശക്തിയും ഉള്ള ഒരാൾ (ഒരു ഓണററി

സെക്രട്ടറി അങ്ങനെയുള്ള ആൾമാത്രമേ ആയിരിക്കയുമുള്ളു) അഭിലഷണീയമാകുന്നതു മാത്രമല്ല ബാങ്കിന്റെ ആവശ്യവും അതു ത്വരിതമായിപ്പരിശോധിക്കപ്പെടുന്നതിനു അപേക്ഷിതവും ആയിരിക്കുന്നതാണ്. എന്നാൽ അതു തിരുവനന്തപുരം സെൻട്രൽകോ ഓപ്പറേറ്റീവ് ബാങ്കുപോലെയുള്ള സ്ഥാപനമായിത്തീരുമ്പോൾ അതിന്റെ ഭരണാധികാരികൾ സമർത്ഥമായി നടത്തുന്നതിനു പരീക്ഷായോഗ്യതയും ശമ്പളവുമുള്ള ഒരു സെക്രട്ടറി അത്യാവശ്യമായി തീരുന്നു. ശമ്പളം ഒരു മാന്യമായ തുകയായിരിക്കേണ്ടതും ആണ്. ശമ്പളം വാങ്ങുന്ന സെക്രട്ടറിക്കു പ്രത്യേകം തന്നെ ബോർഡിൽ സ്ഥാനമോ വോട്ടവകാശമോ ഉണ്ടായിരുന്നുകൂടാത്തതുമാകുന്നു. ഈ നിമിത്തം കമ്മിറ്റിസമയങ്ങളിൽ ... ക്രമീകരിക്ക പക്ഷം പിടിക്കേണ്ടിവരുന്നതല്ല. എന്നാൽ ബോർഡിന്റെയും അതിന്റെ എല്ലാ സബ് കമ്മിറ്റികളുടേയും യോഗങ്ങളിൽ ഹാജരായി ആവശ്യമുള്ള വിവരങ്ങൾ നൽകിസഹായിയിക്കേണ്ടതും മേൽനടപടികൾ ശരിയാംവണ്ണം അദ്ദേഹത്തിന്റെ ചുമതലയായിരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ സ്ഥാനം ഒരു മുൻസിപ്പൽനഗരത്തിലെ പ്രധാനഉദ്യോഗസ്ഥന്റെ സ്ഥാനത്തോടു തുല്യമായിരിക്കും. ശമ്പളമുള്ള സെക്രട്ടറിക്കു ഭരണയോഗത്തിൽ സ്ഥാനവും വോട്ടധികാരവും ഉണ്ടായിരിക്കണമെന്നു ഞങ്ങളിൽ ചിലർ ... ഭിപ്രായപ്പെടുന്നുണ്ട്. അവർ സാദൃശ്യമായി കൊച്ചിയിൽ നടപ്പാക്കിയിരിക്കുന്ന ഈ മാതിരിയിലുള്ള ഒരു സ്ഥാനത്തിൽ സെക്രട്ടറിയെ നിയമിക്കുന്നതിലുള്ള പ്രാധാന്യം വിചാരിച്ചു തന്നെ ശ്രദ്ധയുള്ള കൊച്ചിസെൻട്രൽകോഓപ്പറേറ്റീവ്ബാങ്കിലെ സെക്രട്ടറിയെ ബോർഡുമെമ്പറാക്കി ചെയ്യുന്ന ഏർപ്പാടുകൾ അനുസരിച്ചു ഭരണം അംഗീകരിച്ചു വരുന്നതായിട്ടാണറിയുന്നത്. ബാങ്കിനു ശമ്പളത്തോടുകൂടിയ ഒരു സെക്രട്ടറിയുള്ളപ്പോൾ ഒരു പ്രത്യേകമാനേജരുടെ ആവശ്യമില്ലാത്തതാണ്. സെക്രട്ടറിയും ക്യാഷ്യരും പരിശീലനസാമർത്ഥ്യം ചെയ്യാൻ ആവശ്യപ്പെടണം. പണവും പ്രമാണങ്ങളും മറുവിലപിടിച്ചസാധനങ്ങളും ഒരു സുരക്ഷിതമായ മുറിയിലോ ഇരുമ്പുപെട്ടിയിലോ വെച്ചുപൂട്ടിപ്പൂട്ടി ഒരു താക്കോൽ പ്രസിഡന്റിന്റെയും പ്രസിഡന്റില്ലാത്തപ്പോൾ വൈസ്പ്രസിഡന്റിന്റെയും, ഒരു താക്കോൽ സെക്രട്ടറിയുടേയും അധീനത്തിൽ ഇരിക്കേണ്ടതാകുന്നു.

അവ്യാപ്തധനം.

൧൦. ൧൧൦൮ അവസാനത്തിൽ ബാങ്കിനുണ്ടായിരുന്ന ൨൦ ലക്ഷം രൂപാ പ്രവൎത്തനധനത്തിൽ ൧൨ ലക്ഷംമാത്രം ബാങ്കിലെ അംഗങ്ങൾ (വ്യക്തികളും സംഘങ്ങളും) ഉപയോഗപ്പെടുത്തിയിരുന്നുള്ളു. ബാക്കിയുള്ളതു നിക്ഷേപനിരക്കിൽ കുറഞ്ഞ പലിശക്കു ബാങ്കുകളിലും ഗവൺമെന്റിലുമായി ഇട്ടിരുന്നതും ആണ്. ഈ അധികദ്രവ്യങ്ങളുള്ളതു ഇന്ത്യയിലുള്ള എല്ലാ ബാങ്കുകളിലും വിശിഷ്യസഹകരണബാങ്കുകളിലും ഒരു സാമാന്യലക്ഷണമായി തീർന്നിട്ടുണ്ട്. ഇതു പ്രാഥമിക സംഘങ്ങളിലെ പ്രവർത്തനക്കുറവിന്റെ ഫലം ആണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ... നിമിത്തം പണം കടം വാങ്ങാൻ അംഗങ്ങൾ മടിപ്പെടുകയും മെമ്പർമാർ കടംകൊടുക്കുന്നതിൽ കൂടുതൽ കരുതലുള്ളവരായിരിക്കയും ചെയ്യുന്നു. ഈ വ്യവസ്ഥയിൽ ഏതുതരം മൂലധനം തരളധനമായി വയ്ക്കേണ്ടതായി വരുമെങ്കിലും അധികമായതു അനാദായകരമായി നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ൧൧൦൩ (൧൯൨൮)-ൽ തിരുവിതാംകൂർ ബാങ്കിംഗ് അന്വേഷണക്കമ്മറ്റി അവരുടെ റിപ്പോർട്ടു എഴുതിയപ്പോഴും സംഗതികൾ ഈ സ്ഥിതിയിൽതന്നെയിരുന്നു. ഈ ബാങ്കിന്റെ പലിശനിരക്കുകളിൽ കുറേക്കൂടിയ കുറവുവരുത്തണമെന്ന് അവർ ശുപാർശ ചെയ്കയും അതു അനന്തരകാലത്തു അനുസരിക്കപ്പെടുകയും ചെയ്തു. എന്നാലും മദ്രാസ്മുതലായ സ്ഥലങ്ങളിലെ സെൻട്രൽബാങ്ക്കളുടെ പലിശനിരക്കുകളോടു താരതമ്യപ്പെടുത്തുന്നതായാൽ പലിശ ഇനിയും കുറയ്ക്കാൻ വഴിയുള്ളതാണ്. എന്തുകൊണ്ടെന്നാൽ ധനവാന്മാരുടെമിച്ചങ്ങൾ നിക്ഷേപിക്കുന്നതിനു സെക്യൂരിറ്റികളും ഇപ്പോൾ കുറവാകയാൽ പലിശ അല്പംകൂടി കുറച്ചാലും കിട്ടാവുന്നതായ പലതരപ്പണം ഇപ്പോഴും ഉണ്ടാകുന്നുണ്ട്. ഈ സംഗതി നേരത്തെതന്നെ ഡയറക്ടന്മാരുടെ ആലോചനയിൽ ഇരിക്കുന്നതാണെന്നു

ങ്ങളും അറിയുന്നു. മദ്രാസ് പ്രോവിൻഷ്യൽബാങ്കും മററുപല കൂട്ടുപടബാങ്കുകളും ചെയ്യുന്നതുപോലെ നിക്ഷേപങ്ങൾ പാടെ നിരസിക്കുകപോലും ചെയ്യേണ്ടതായി വന്നേക്കാം. നിക്ഷേപങ്ങൾ ഒരിക്കൽ നിരസിക്കപ്പെട്ടാൽ പിന്നീടു ആവശ്യപ്പെട്ടപ്പോൾ ലഭ്യമാകാതെ വരികയും അവ മററുബാങ്കുകളിൽ ചെന്നുചേരുമെന്നോർത്തു ഭയപ്പെടേണ്ടതുള്ളതിൽ സംശയമില്ല. എന്നാൽ സുസ്ഥാപിതങ്ങളായ സഹകരണബാങ്കുകളുടെ അനുഭവം കൊണ്ടു കാണുന്നതു നിക്ഷേപങ്ങൾ സ്വീകരിക്കാതെയിരിക്കുന്നതുകൊണ്ടു ഘടകങ്ങൾക്കുള്ള വിശ്വാസം കൂടുകയേ ഉള്ളുവെന്നും മേൽപ്രകാരം ഭയപ്പെടേണ്ട ആവശ്യമില്ലെന്നുമാണ്.

ഒരു കേന്ദ്ര ബാങ്കിന്റെ പ്രധാന കൃത്യങ്ങൾ.

൭൭. സെൻട്രൽബാങ്ക് ഇപ്പോൾ വ്യക്തികൾക്കും അർബൻബാങ്കുകൾ ഉൾപ്പെടെയുള്ള പ്രാഥമിക സംഘങ്ങൾക്കും താലൂക്കുബാങ്കുകൾക്കും ബാങ്കിംഗ് ഐക്യസംഘങ്ങൾക്കും വായ്പകൾ കൊടുത്തുവരുന്നു. അതു ഇപ്പോൾ ഒരു സെൻട്രൽബാങ്കിന്റെയും കേന്ദ്രബാങ്കിന്റെയും ഭിന്നകൃത്യങ്ങൾ നിർവഹിച്ചുവരുന്നതും അതു പലേറെ അനഭിലഷണീയമാണെന്നു ഞങ്ങൾക്കു അഭിപ്രായമുള്ളതും ആണ്. ൧൧൦൭-ൽ (൧൯൩൨) ബാങ്കു ൭൫൦ വായ്പകളിലായി ൩,൨൫,൯൭൩ രൂപ വ്യക്തികൾക്കും, ൩൧ വായ്പകളായി ൭൧,൦൮൦ രൂപാ മാത്രം പ്രാഥമികസംഘങ്ങൾക്കും ൬ വായ്പകളിലായി ൧,൧൪,൫൦൦ രൂപാ താലൂക്കുബാങ്കുകൾക്കും ബാങ്കിംഗ് ഐക്യസംഘങ്ങൾക്കും കടം കൊടുത്തിട്ടുണ്ട്. ആ വർഷാവസാനത്തിൽ നില്പു വ്യക്തികളിൽ ൬,൦൯,൩൭൧ രൂപയും പ്രാഥമിക സംഘങ്ങളിൽ ൨,൧൭,൩൯൭ രൂപയും താലൂക്കുബാങ്കുകളിലും ബാങ്കിംഗ് ഐക്യസംഘങ്ങളിലുംകൂടി ൨,൦൯,൪൭൫ രൂപയും ആയിരുന്നു. സെൻട്രൽ ബാങ്കിന്റെ പ്രധാന ഉദ്ദേശം വ്യക്തികൾക്കു കടം കൊടുക്കാനല്ല സംഘങ്ങൾക്കു കടം കൊടുക്കാനാണെന്നുള്ള വസ്തുത ബാങ്കു ഇപ്പോഴെങ്കിലും വിസ്മരിച്ചിട്ടുണ്ടെന്നു പറയാവുന്നതല്ല. എന്നാലും ആരംഭംമുതൽതന്നെ അതു വ്യക്തികൾക്കു കടം കൊടുത്തുതുടങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ മുതലിനു ഏതെങ്കിലും ലാഭം നിശ്ചയമായി കിട്ടേണമെന്നു കരുതിയായിരുന്നു. പൊതുജനവിശ്വാസം വർദ്ധിക്കുകയും നിക്ഷേപങ്ങൾ കൂടുതലായി വന്നുചേരുകയും ചെയ്തപ്പോൾ സഹകരണ സംഘങ്ങളിൽനിന്നുള്ള വായ്പാപേക്ഷകൾ തദനുസരണമായി വർദ്ധിച്ചുവന്നില്ല. തന്നിമിത്തം സ്വാഭാവികമായിത്തന്നെ വ്യക്തിവായ്പകൾ വർദ്ധിപ്പിക്കാൻ ബാങ്കു പ്രേരിതമായിത്തീർന്നു. ഈ വ്യക്തികൾ തിരുവനന്തപുരത്തുനിന്നുമാത്രമല്ല സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ചേർക്കപ്പെട്ടവരാണ്. മൂലധനത്തിനു നിർഗ്ഗമനമാർഗ്ഗം ഉണ്ടാക്കാൻ വേണ്ടി സീമാതീതമായി വ്യക്തികൾക്കും വായ്പകൾ കൊടുക്കാൻ തുടങ്ങി. മദ്രാസ്, മൈസൂർ, പഞ്ചാബ് എന്നീ സ്ഥലങ്ങളിലെപ്പോലെ ധനേതരവ്യക്തികൾക്കു കൂടുതലായി ധനസഹായം ചെയ്തു അവരെ അഭിവൃദ്ധിപ്പെടുത്തുക എന്ന സംഗതി അതിന്റെ കാര്യപരിപാടിയിൽ ചേർക്കപ്പെട്ടിട്ടില്ലാത്തതും ധനസംബന്ധമായ പ്രവൃത്തികളിൽ മാത്രം ഇടപാടുകൾ നടത്തിക്കൊണ്ടിരുന്നതും ആകുന്നു. തിരുവനന്തപുരത്തു പ്രത്യേക വർഗ്ഗക്കാർക്കുള്ള സംഘങ്ങളല്ലാതെ, അർബൻ ബാങ്കില്ലാതിരുന്ന കാലങ്ങളിൽ തിരുവനന്തപുരം ജനങ്ങൾക്കു വായ്പകൾ കൊടുത്തുവന്നിരുന്നതിനെ നീതീകരിക്കാമായിരുന്നു. എന്നാൽ ഇപ്പോൾ അപ്രകാരം മാത്രമല്ല രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉള്ള വ്യക്തികൾക്കു ധനസഹായം ചെയ്യുന്നതായ രീതി പ്രാഥമികസംഘങ്ങളുടെയും ധനസഹായസ്ഥാപനങ്ങളുടെയും അഭിവൃദ്ധിക്കു ഹാനികരമായിത്തീരാവുന്നതാണ്. പ്രത്യേകിച്ചും തുടങ്ങിയപ്പോൾ പ്രാഥമികസംഘങ്ങളുടെ പരിപോഷണത്തെ ബാങ്കിനു ഊർജ്ജിതപ്പെടുത്താവുന്നതും അതു മുഖാന്തിരം വായ്പകൾ ലഭിക്കുന്നതിനു വ്യക്തികളെ സഹായിക്കാവുന്നതും ആയിരുന്നു. അർബൻ ബാങ്കുകൾ ഉള്ള സ്ഥലങ്ങളിലോ എളുപ്പത്തിൽ ഏർപ്പെടുത്താവുന്ന സ്ഥലങ്ങളിലോ ഉള്ള വ്യക്തികൾക്കു സെൻട്രൽ ബാങ്കു വായ്പകൾ കൊടുക്കരുതെന്നുള്ള ഞങ്ങളുടെ ശുപാർശയെ അനുവർത്തിക്കുന്നതിനു ഞങ്ങൾ മടിക്കുന്നില്ല. അപ്രകാരംതന്നെ ഒരു താലൂക്കുബാങ്കോ ബാ

ങ്കിംഗ് യൂണിയൻസംഘമോ ഒരു സ്ഥലത്തു ഏർപ്പെടുത്തിയാൽ അവിടെയുള്ള പ്രാഥമിക സംഘങ്ങൾക്കു സെൻട്രൽ ബാങ്ക് വായ്പകൾ കൊടുത്തുകൂടാത്തതാണ്.

പലിശക്രമം.

൫൦. വ്യത്യാസങ്ങൾ തമ്മിൽ അനാരോഗ്യകരമായ മത്സരം ഉണ്ടാകാതിരിക്കുന്നതിലേക്ക അവർക്ക് കൊടുക്കുന്ന വായ്പകളിന്മേൽ ചുമത്തപ്പെടുന്ന പലിശ എല്ലാ സംഘങ്ങളിലും ഒരേ ക്രമത്തിലിരിക്കേണ്ടതു പ്രധാനമായ ഒരു സംഗതിയായി ഞങ്ങൾ വിചാരിക്കുന്നു. ഇപ്പോൾ പ്രാഥമികസംഘങ്ങൾ (മെമ്പർമാരാകുന്ന വ്യക്തികൾക്ക ൭ ½ ശതമാനം പലിശയ്ക്കു വായ്പകൾ കൊടുക്കുമ്പോൾ സെൻട്രൽ ബാങ്കു വ്യക്തികൾക്കു ൮ ½ ശതമാനത്തിനു കൊടുത്തുവരുന്നു. മെമ്പർമാർ ബാങ്കിലും മറ്റു പ്രാഥമിക സംഘങ്ങളിലും മെമ്പറന്മാരായിട്ടുള്ളവർ കുറഞ്ഞ പലിശയ്ക്കു വായ്പകൾ കിട്ടാൻ വേണ്ടി സെൻട്രൽ ബാങ്കിലും അംഗങ്ങളായി ചേരുന്നതും ആകുന്നു. സംഘങ്ങളിലെ അംഗങ്ങളും സെൻട്രൽ ബാങ്കുമായി ഒരു അനാരോഗ്യകരമായ മത്സരം ഉള്ളതാണ്. പ്രാഥമിക സംഘങ്ങൾ സെൻട്രൽ ബാങ്കിൽനിന്നും, താലൂക്കബാങ്കുകൾ ബാങ്കിംഗ് യൂണിയൻസംഘങ്ങൾ മുതലായവയിൽനിന്നും, ഒരേ പലിശക്രമത്തിനാണ് വായ്പകൾ വാങ്ങുന്നതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ആകയാൽ പലതരം സംഘങ്ങൾക്കും താഴെ പട്ടികയായിക്കാണുന്ന പലിശക്രമങ്ങൾ ഞങ്ങൾ ശുപാർശ ചെയ്തുകൊള്ളുന്നു.

സംഘത്തിന്റെ പേര്	കടംവാങ്ങുന്ന പലിശക്രമം	കടംകൊടുക്കുന്ന പലിശക്രമം			റിമാർക്ക്
	പരമാവധി	വ്യക്തികൾക്ക	താലൂക്കബാങ്കിനു	പ്രാഥമിക സംഘങ്ങൾക്ക	
സെൻട്രൽബാങ്ക്	൩ %	൫ ൧/൨ %	൬ %	൪ ൧/൨ %	
താലൂക്കബാങ്കുകൾ	൪ %	൫ ൧/൨ %	...	൪ ൧/൨ %	
പ്രാഥമിക സംഘങ്ങൾ	൪ ൧/൨ %	൫ ൧/൨ %	...	...	

ആശ്വാസത്തിനായി പലിശ കുറയ്ക്കുക.

൫൧. ഇപ്പോഴത്തെ സാമ്പത്തികമാന്ദ്യത്തിനാലും തന്നിമിത്തം ഉള്ള ധനത്തിന്റെ വിനിയോഗക്കുറവിനാലും സെൻട്രൽ ബാങ്കിൽ മുൻകാലങ്ങളിലേക്കാൾ കുറഞ്ഞ പലിശയ്ക്കു നിക്ഷേപങ്ങൾ കിട്ടാൻ സാധിക്കുകയും തന്നിമിത്തം പ്രാഥമിക സംഘങ്ങൾക്കും വ്യക്തികൾക്കും ചുമത്തിവരുന്ന പലിശ തദനുരൂപമായി കുറയ്ക്കണമെന്നു അവർ സ്വാഭാവികമായി ആവശ്യപ്പെടുകയും ചെയ്യുന്നു. ഈ പ്രശ്നം തീരുമാനിക്കാൻ പ്രയാസമുള്ള ഒന്നല്ല. കൃഷി മുതലായ ഉല്പന്നങ്ങൾക്കു പൊതുവെയുള്ള വിലക്കുറവുനിമിത്തം കൃഷിക്കാർക്ക് സാരമായ ആശ്വാസം ലഭിക്കണമെന്നു സർക്കാരും ആഗ്രഹിക്കുന്നു. ൧൯൩൧ ജനുവരിയിൽ ഡൽഹിയിൽ കൂടിയ രജിസ്ട്രാർമാരുടെ കോൺഫറൻസ് ഈ പ്രശ്നം വാദപ്രതിവാദംചെയ്തു രണ്ടു പ്രതിവിധികൾ നിർദ്ദേശിച്ചിട്ടുണ്ട്. (൧) സഹകരണസംഘങ്ങളുടെ വായ്പകൾക്കു കാലാവധി കൂട്ടി തവണസംഖ്യകൾ ചെറുതാക്കുക. (൨) പലിശ

റയ്ക്കുക. ഈ നിർദ്ദേശത്തെ മുൻനിർത്തി സെൻട്രൽബാങ്കിന്റെ പലിശനിരക്കുകൾ താഴെ കാണുന്ന ക്രമത്തിനു കുറയ്ക്കണമെന്നു ഞങ്ങൾ ബോർഡിനോടു ശുപാർശചെയ്യുന്നു.

(എ) ബാങ്കിലേക്കു കുടിശ്ശികയില്ലാത്ത സംഘങ്ങൾക്കു ൬¾%-ം,

(ബി) രണ്ടുവർഷംവരെ പഴക്കമുള്ളതും എ, ബി, എന്നീ ക്ലാസുകളിൽ ഉൾപ്പെട്ടതും അംഗങ്ങളിൽനിന്നു വരേണ്ടസംഖ്യയിൽ പത്തുശതമാനത്തിൽ കവിഞ്ഞതും ബാങ്കിലേക്കു കൊടുക്കേണ്ടതിൽ ൬%-ത്തിൽ കവിയാത്തതും കുടിശ്ശികയുള്ളതും പുതുക്കിയ വ്യവസ്ഥാവിവരപ്പട്ടികപ്രകാരം സെൻട്രൽബാങ്കിൽനിന്നു വാങ്ങിയിട്ടുള്ള ആകെ വായ്പസംഖ്യയുടെ പത്തിരട്ടി മുതലുള്ളതും ആയ സംഘങ്ങൾക്കു ൬%-ം,

(സി) രണ്ടുവർഷത്തിൽ കുറവായ പഴക്കമുള്ളതും എ, ബി, ഈ ക്ലാസുകളിൽ ചേർന്നതും അംഗങ്ങളിൽനിന്നു വരേണ്ടതിൽ ൧൦%-ത്തിൽ കവിഞ്ഞ കുടിശ്ശികയില്ലാത്തതും ബാങ്കിനാൽ പുതുക്കപ്പെട്ട വ്യവസ്ഥാവിവരപ്പട്ടികയനുസരിച്ച് ആകെ ബാങ്കുവായ്പയുടെ എട്ടിരട്ടി സ്വത്തുള്ളതും ആയസംഘങ്ങൾക്കു ൫¾%-ം,

(ഡി) മറ്റെല്ലാ സംഘങ്ങൾക്കും വ്യവസ്ഥപോലെയും.

ഇതു ഇന്നു രാജ്യത്തു പൊതുവേ ഉണ്ടായിരിക്കുന്ന കഠിനമായ സാമ്പത്തിക ക്ഷയത്തെ അടിസ്ഥാനമാക്കിയുള്ള ആവശ്യത്തിനു അനുയോജ്യമായിട്ടുള്ളതാണ്. എന്നാൽ കണിശമായി തിരികെ അടയ്ക്കുന്ന വായ്പത്തവണകൾക്കു അവസ്ഥയിൽ മുതൽ ഒന്നുവരെ ശതമാനം പലിശ ഇളവ് മറ്റൊരു മാർഗ്ഗമായി ബാങ്കിനോടു നിർദ്ദേശിക്കുന്നു. വ്യാപകമായ ബാങ്കുകൾക്കും പ്രാഥമികസംഘങ്ങൾക്കും അവരുടെ പ്രവർത്തനച്ചിലവുകൾ കുറച്ചും കൂടുതൽ ധനപരിപോഷണത്തിനും ന്യായമായ ഏറ്റവും പലിശയിൽ അനുവദിക്കേണ്ട ആവശ്യം കൊണ്ടു കൂടുതൽ പലിശക്കുറവു ശുപാർശചെയ്യാതെയിരിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു.

കടം വായ്പയപേക്ഷകൾ നേരിട്ടു അനുവദിക്കുക.

൫൪. സെൻട്രൽബാങ്കിലേക്കും താലൂക്കുബാങ്കുകളിലേക്കും ബാങ്കിംഗ് ഐക്യസംഘങ്ങളിലേക്കും പ്രാഥമികസംഘങ്ങൾ അയക്കുന്ന കടം വായ്പയപേക്ഷകൾ രജിസ്ട്രാർ ശുപാർശ ചെയ്യുകയാണ് ഇപ്പോൾ ഇവിടെയുള്ള പതിവ്. സംഘങ്ങളുടെ എണ്ണം കുറഞ്ഞും രജിസ്ട്രാരും സിൽബന്തികളും അവയോടു കൂടുതൽ പരിചയപ്പെട്ടും മേലന്വേഷണം ഐക്യസംഘങ്ങൾ ഇല്ലാതെയും ഇരുന്ന ആദ്യകാലങ്ങളിൽ ഈ നടപടി ഏതാണ്ടു ന്യായീകരിക്കത്തക്കതായിരുന്നു. അപ്രകാരമുള്ള ന്യായങ്ങൾ ഇപ്പോൾ ഒന്നും തന്നെയില്ല. രജിസ്ട്രാരും സിൽബന്തികളും സംഘങ്ങളുമായി മുൻകാലങ്ങളിലെപ്പോലെ ഇപ്പോൾ ഇടപഴകുന്നില്ല എന്നുള്ളതിനാൽ അന്നത്തേപ്പോലെയുള്ള വില രജിസ്ട്രാരുടെ ശുപാർശകൾക്ക് ഇന്നില്ലാത്തതും ആകുന്നു. നേരമറിച്ചു, ഫലമില്ലാത്തതിനാൽ, ശല്യപ്രദമായവിധം രജിസ്ട്രാരുടെ ശുപാർശയ്ക്കായി അപേക്ഷകൾ കിടപ്പാകുമ്പോൾ സ്വാഭാവികമായി വലിയ താമസത്തിനിടയാകുന്നതാണ്. കൂടാതെ ഇതര ശുപാർശകൾ കൂടി വേണ്ടിവരുമ്പോൾ ഐക്യസംഘങ്ങളുടെ ചുമതലാബോധം ക്ഷയിക്കയും ചെയ്യുന്നു. ആയതുകൊണ്ടു ഐക്യസംഘങ്ങൾ തൃപ്തികരമായി ജോലിചെയ്യുന്ന ഭാഗങ്ങളിലെ സംഘങ്ങളുടെ കടം വായ്പയപേക്ഷകൾ രജിസ്ട്രാർ ശുപാർശ ചെയ്യേണ്ട ആവശ്യമില്ലെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. ഐക്യസംഘത്തിന്റെയോ രജിസ്ട്രാരുടെയോ ശുപാർശകളെ കേവലം ശുപാർശകളായിട്ടല്ലാതെ ധനസഹായ സ്ഥാപനങ്ങൾ കരുതിക്കൂടാത്തതാണെന്നും ഇവിടെ ഓർമ്മിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സെൻട്രൽബാങ്കിന്റെയോ മററു ധനസഹായസ്ഥാപനത്തിന്റെയോ ഭരണസമിതിയ്ക്കു വായ്പയപേക്ഷകൾ സശ്രദ്ധം പരിശോധിക്കുന്നതിനും അവരുടെ സ്വന്തം സിൽബന്തികളിൽനിന്നു ആവശ്യമുള്ള കൂടുതൽ വിവരങ്ങൾ വരുത്തുന്നതിനും ഉള്ള ചുമതലയിൽനിന്നും അവർ ഒഴിവാകുന്നില്ല.

സ്വല്പകാലകടങ്ങളും മദ്ധ്യമകാലകടങ്ങളും.

൫൯. പല ഇൻഡ്യൻ പ്രവിശ്യകളിലും നാട്ടുരാജ്യങ്ങളിലും കഴിഞ്ഞ ൨൫ കൊല്ലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള സഹകരണാന്വേഷണ കമ്മററികൾ മൂന്നു വർഷത്തിൽ കുറഞ്ഞ കാലത്തേക്കു ലഭിക്കുന്ന നിക്ഷേപങ്ങൾ ഒരു ൨൦ വരെ കൊല്ലങ്ങൾക്കുള്ള വായ്പകളായി സംഘങ്ങൾക്കു കൊടുക്കുന്നതു് അരക്ഷിതവും, അശാസ്ത്രീയവും, അനർത്ഥകരവും ആണെന്നു വളരെ ശക്തിയായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ സെൻട്രൽ ബാങ്കിംഗ് അന്വേഷണ കമ്മിററിയും ഈ അഭിപ്രായത്തെ അനുകൂലിക്കുകയും സെൻട്രൽബാങ്കിൽ വച്ചുള്ള ദീർഘകാലത്തെ നിക്ഷേപം സ്വല്പകാലം മദ്ധ്യമകാലം ദീർഘകാലം എന്നിങ്ങനെ വായ്പകളുടെ ആവശ്യത്തിനനുസരണമായി തരംതിരിച്ച് അതതു കാലത്തേക്കു വായ്പകൾ കൊടുക്കേണ്ടതാണെന്നു ശുപാർശ ചെയ്തിട്ടുണ്ട്. സ്വല്പകാലവായ്പകളെയും മദ്ധ്യമകാലവായ്പകളെയും സംബന്ധിച്ചിടത്തോളം ഈ ശുപാർശയോടു ഞങ്ങൾ യോജിക്കുന്നു. ഞങ്ങളുടെ അഭിപ്രായങ്ങൾ പ്രത്യേകം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതായ ദീർഘകാല കർഷകവായ്പകളെ സംബന്ധിച്ചു ഞങ്ങൾക്കുള്ള അഭിപ്രായം, സെൻട്രൽബാങ്കുകൾ ഇപ്പോഴത്തെ കഴിവുകൾ വച്ചുകൊണ്ടു ഈ വക വായ്പകൾ ഭൂപണയബാങ്കുകളായ ധനസഹായസ്ഥാപനങ്ങൾ നൽകേണ്ടതാണെന്നാണ്. ബാങ്ക് അധികൃതന്മാർ ഈ അഭിപ്രായത്തെ അനുകൂലിക്കുന്നു. ബാങ്കിന്റെ ഇപ്പോഴത്തെ ഏർപ്പാടുകളിൽ ആവശ്യമായ മാററം വരുത്തിയിട്ടില്ലാത്തതിനാലാണ്. എന്തെന്നാൽ ദീർഘകാലവായ്പകൾ വാങ്ങുകൊടുക്കുന്നതിന് സ്വന്തമൂലധനമായി അഞ്ചിന്റെ ന്യൂനത ഉണ്ടായിരുന്നെങ്കിലും അതിൽ കവിഞ്ഞ ഭാഗം മൂലധനമായി ൧൦൦൦ രൂപാ മാത്രമേ വായ്പകൾ നൽകപ്പെട്ടിട്ടുള്ളൂ. ഏതായാലും ഞങ്ങളുടെ അഭിപ്രായം ദീർഘകാലവായ്പകൾ കൊടുക്കുന്നതിനു ഏററവും പററിയ സ്ഥാപനം ഭൂപണയബാങ്കാണെന്നാണ്. ഇതു ഞങ്ങളാൽ രൂപീകൃതപ്പെട്ടിട്ടുള്ള മറെറാരു പ്രത്യേക സംഘടനയാകയാൽ അതു യോഗ്യങ്ങളായ പ്രദേശങ്ങളിൽ ആരംഭിക്കപ്പെടേണ്ടതാണെന്ന്, അവയുടെ രൂപീകരണത്തിൽ വേണ്ടതെല്ലാം വിശദപ്പെടുത്തി, ഞങ്ങൾ മറെറാരു അദ്ധ്യായത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്.

൬൦. സെൻട്രൽ ബാങ്കിലെ നിക്ഷേപങ്ങൾ മിക്കവാറും മൂന്നുവർഷവും കുറഞ്ഞും ആയ കാലാവധികളുള്ളവയാണെങ്കിലും അവ സാധാരണയായി പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ഒരു വായ്പയുടെ പരമാവധി പ്രായേണ ആറു വർഷം ആയിരിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. സ്വല്പകാലവായ്പകൾ എന്നു പറയുന്നതു നടപ്പുകൃഷിച്ചിലവിലേക്കു കൊടുക്കപ്പെടുന്നവയും അടുത്ത വിളവെടുപ്പിൽ മുഴുവൻ അടച്ചുതീർക്കപ്പെടേണ്ടവയും ആയ വായ്പകൾ എന്നർത്ഥമാക്കുന്നതാണ്. കാലാവധി ഒന്നുമുതൽ രണ്ടുവരെ കൊല്ലം ആയിരിക്കാം. ഉപകരണങ്ങൾ, ആടുമാടുകൾ ആയ കാര്യങ്ങൾക്കു വേണ്ടി ഒരു വർഷത്തിൽ ഒററത്തവണയായി അടച്ചുതീർക്കാൻ നിവൃത്തിയില്ലാത്തവായ്പകളാണ് കൃഷിയിലോ കച്ചവടത്തിലോ നിന്നുണ്ടാകുന്ന ലാഭംകൊണ്ടു അടച്ചുവീട്ടപ്പെടേണ്ടവ. ഇവയെ മദ്ധ്യമകാലവായ്പകൾ എന്നു നിർവചിക്കാം. ഏതായാലും ഞങ്ങളുടെ അഭിപ്രായത്തിൽ സഹകരണസംഘങ്ങളുടെ പ്രധാന ഉദ്ദേശം സ്വല്പകാലവായ്പകൾ കൊടുക്കുന്നതിനാണെന്നാണ്. പ്രസ്തുത അംഗങ്ങളുടെ നടപ്പുകൃത്യങ്ങൾ കഴിഞ്ഞശേഷം കരുതലായി വല്ലതും മിച്ചമുണ്ടെങ്കിൽ, ചെറു കെട്ടിടങ്ങൾ ഉണ്ടാക്കുക മുതലായ കാര്യങ്ങൾക്കായി ഒരു പരിമിതതോതിൽ മദ്ധ്യമകാലവായ്പകളും കൊടുക്കാവുന്നതാണ്. വളരെ കടപ്പെട്ടിരിക്കുന്നവരെ പണവ്യാപാരികളുടെ പിടിയിൽനിന്നു മോചിപ്പിക്കുന്നതിനു ജർമ്മനി അമേരിക്ക മുതലായ രാജ്യങ്ങളിൽ നടപ്പുള്ള സമ്പ്രദായങ്ങൾ പോലെ വല്ലതും അംഗീകരിക്കുകയും സഹകരണസംഘങ്ങൾ അതിനു പററിയവയല്ലെന്നു തുറന്നു സമ്മതിക്കുകയും ചെയ്യുകയാണു ഉത്തമമായിട്ടുള്ളതു്. സ്വല്പകാലവായ്പകൾക്കും ദീർഘകാലവായ്പകൾക്കും സെൻട്രൽബാങ്ക് പ്രത്യേക രജിസ്റ്ററുകൾ വയ്ക്കണമെന്നു നിർദ്ദേശിക്കാൻ കൂടി ഞങ്ങൾ ആഗ്രഹിക്കുന്നു.

സെൻട്രൽബാങ്കിൽനിന്ന സ്വല്പകാലങ്ങൾക്കും മദ്ധ്യമകാലങ്ങൾക്കും ദീർഘകാലങ്ങൾക്കും വായ്പകൾ കൊടുക്കുന്ന കാര്യത്തിൽ തിരുവിതാംകൂർ ബാങ്കിംഗ് അന്വേഷണകമ്മിററി അനുകൂലമായിരുന്നു. തന്നിമിത്തം ബാങ്കിന്റെ മൂലധനത്തിൽ ഒരുഭാഗം ദീർഘകാല വായ്പകൾക്കു നീക്കിവച്ചിരിക്കപ്പെട്ടതായിരിക്കണമെന്ന അവർ ശുപാർശചെയ്തു. സാധാരണ സഹകരണസംഘങ്ങൾ ദീർഘകാലവായ്പകൾക്കു യോജിച്ചവയല്ലെന്നും അതിലേക്കു പ്രത്യേക ഭൂസ്വത്തുബാങ്കു ഉണ്ടായിരിക്കേണ്ടതാണെന്നും ഉള്ള ഞങ്ങളുടെ അഭിപ്രായം വെളിവാക്കിക്കഴിഞ്ഞിട്ടുണ്ട്. അതിനാൽ സെൻട്രൽബാങ്ക് ഫണ്ടിൽ ഒട്ടുംതന്നെ ദീർഘകാലവായ്പകളായി കൊടുക്കരുതെന്ന ഞങ്ങൾക്കഭിപ്രായമുണ്ടെന്ന്, ഈ സംഗതി ഇവിടെയെന്നല്ല മദ്രാസിലും മററുമുള്ള സ്ഥലങ്ങളിലും വിസ്മരിക്കപ്പെട്ടതു നിമിത്തം പ്രസ്ഥാനത്തിനുള്ള മൂലധനത്തിന്റെ ഒരു ഗണ്യഭാഗം ഒരുഗതിയിൽ നിശ്ചലമായിത്തീരുന്ന കാര്യങ്ങൾക്കല്ലാതെ മുൻകടങ്ങൾ വീട്ടുന്നതിനു ഉപയോഗപ്പെടുത്തുകയും അക്കാരണം കർഷകന്മാരുടെ ആദായം കുറയുകയും അത്യാവശ്യങ്ങൾ മുടങ്ങുകയും ചെയ്തിട്ടുണ്ടെന്നും പറയേണ്ടതില്ലല്ലൊ.

ഓവർഡ്രാഫ്ററ് കണക്കുകൾ കൂടുതൽ പര്യാപ്തമാക്കണം.

൫൯. ഗവർമ്മെന്റിൽ നിക്ഷേപിച്ചിരിക്കുന്ന പണത്തിന്റെ ജാമ്യത്തിന്മേൽ ബാങ്കിനു ഇപ്പോൾ ൧൦,൦൦൦ രൂപയുടെ ഓവർഡ്രാഫ്ററ് കണക്കുണ്ട്. ജാമ്യം കൂടാതെ ഈ ഓവർഡ്രാഫ്ററ് അനുവദിച്ചു കൊടുക്കണമെന്നു ഞങ്ങൾ ബലമായി ശുപാർശചെയ്യുന്നു. ഖജനാവുമായി അങ്ങനെ ഒരേർപ്പാടു കഴിവുള്ളതല്ലെങ്കിൽ ഇമ്പീരിയൽബാങ്ക് ബ്രാഞ്ചുമായി അതിനിടപാടു ചെയ്തു കൊടുക്കേണ്ടതാണ്. കൃഷിവായ്പ സൌകര്യങ്ങൾ കൃഷിക്കാർ വളരെ കുറവായി മാത്രം ഉപയോഗപ്പെടുത്തുന്നതിനെ ഓർത്തു ബാംബയിലെപ്പോലെ രജിസ്റ്റ്രാരുടെയും ബാങ്കിന്റെയും യോജിച്ചുള്ള ശുപാർശയിന്മേൽ കൃഷിക്കടിവുമതിയ്ക്കു ശരിയായ ഉറപ്പിന്മേൽ സംഘാംഗങ്ങൾക്കു മദ്ധ്യമകാലവായ്പകൾ കൊടുക്കുന്നതിനായി കൃഷിവായ്പകൾ നിശ്ചയിക്കുന്ന സംഖ്യയുടെ ഒരു വലിയഭാഗം സെൻട്രൽബാങ്കിനെ ഏല്പിക്കണമെന്നാണ ഞങ്ങൾ ശുപാർശചെയ്യുന്നത്.

ചില സഹകരണസമ്മേളനങ്ങളും സാമ്പത്തികാധപ്പതനാന്വേഷണകമ്മിററിയും സെൻട്രൽബാങ്കിന്റെ ധനത്തെ ഗവർമ്മെന്റു മുതൽകൊണ്ടു പരിപൂർണ്ണമാക്കണമെന്നുള്ള ശുപാർശ ചെയ്തിട്ടുണ്ട്. ബാങ്കിപ്പോൾ ഏതായാലും വളരെ കുറഞ്ഞ പലിശനിരക്കിൽ അതിന്റെ അധികദ്രവ്യത്തെ പുറമേ നിക്ഷേപിച്ചിരിക്കുന്നതിനാൽ തല്ക്കാലം ഗവർമ്മെന്റു സഹായം ആവശ്യമുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. എന്നാൽ അത്യാവശ്യ കാലങ്ങളിൽ സഹായം പ്രതീക്ഷിക്കത്തക്കവണ്ണം ഗവർമ്മെന്റു ഒരു അഭയസ്ഥാനമായിരിക്കേണ്ടതാണ്. എപ്പോഴെങ്കിലും ഒരു അവസരം ഉണ്ടാകുമ്പോൾ ബാങ്കിന്റെ പ്രത്യേകാവശ്യങ്ങൾ നിറവേററുന്നതിനു ഓവർഡ്രാഫ്ററു അനുവാദം വർദ്ധിപ്പിച്ചു കൊടുക്കേണ്ടതു ഗവർമ്മെന്റിന്റെ ചുമതലയായി വിചാരിക്കപ്പെടേണ്ടതാണ്.

തരളധനം.

൬൦. സ്ഥിരനിക്ഷേപം പററുവരവുനിക്ഷേപം മുതലായവ വാങ്ങുന്ന എല്ലാ സഹകരണബാങ്കുകളും മതിയായ തരളധനം വച്ചുകൊണ്ടിരിക്കേണ്ട ആവശ്യത്തെപ്പററി വളരെ മുമ്പുതന്നെ ൧൯൧൫-ൽ പ്രസിദ്ധീകരിച്ച അമൂല്യമായ മാഗ്ലഗൻ കമ്മിററിറിപ്പോർട്ടിൽ പ്രധാനമായി ചൂണ്ടിപ്പറഞ്ഞിട്ടുണ്ട്. അതിൻപ്രകാരം സെൻട്രൽബാങ്കും മററു വലിയ അർബൻബാങ്കുകളും വച്ചുകൊണ്ടിരിക്കേണ്ട തരളധനത്തെപ്പററി ബ്രിട്ടീഷ് ഇൻഡ്യയിൽ ചട്ടങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതും ഏതെല്ലാം സംഘങ്ങൾ എത്രയെത്ര കാലത്തേ

ക്ക അപ്രകാരം വച്ചുകൊണ്ടിരുന്നിട്ടില്ല എന്ന ഒരു കണക്ക ഓരോ പാദവർഷത്തിലും രജിസ്ത്രാർ ഗവൎമ്മെന്റിലേക്ക അയക്കേണ്ടതും ആകുന്നു. രാജ്യത്തുള്ള സഹകരണബാങ്കുകൾ വച്ചുകൊണ്ടിരിക്കേണ്ട തരളധനത്തെപ്പററി ഇവിടത്തെ ഡിപ്പാർട്ടുമെന്റ ഒരു തോതു നിശ്ചയിച്ചിട്ടില്ലാത്തതു ഒരു അതിശയമായി ഞങ്ങൾക്ക തോന്നുന്നു. ഈ രാജ്യത്തു പൊതുവെ മദ്രാസ് മാതൃകകൾ അനുസരിച്ചു വരുന്നതിനാൽ ഇതേ സംബന്ധിച്ചുള്ള മദ്രാസ്‌രീതി ഇവിടെ സ്വീകാര്യമായി ഞങ്ങൾ ശുപാർശചെയ്യുന്നു. തരളധനത്തിൽ മദ്രാസ്ഗവൎമ്മെന്റ താഴെപ്പറയുന്നവ ഉൾപ്പെടുത്താമെന്നു പറയുന്നു. (൧) ഷിക്കിയിരിപ്പ സംഖ്യ (൨) ഇമ്പീരിയൽ ബാങ്കിൽ ഉള്ള ഓവർഡ്രാഫ്ററനുവാദത്തിൽ ഉപയോഗിക്കാതെയുള്ള ബാക്കി (൩) ബാങ്കു നിക്ഷേപിച്ചിട്ടുള്ള ഗവൎമ്മെന്റ ഉറപ്പുകളുടെ വിലയായി അനുദിനപത്രങ്ങളിൽ പരസ്യപ്പെടുത്തുന്ന സംഖ്യയുടെ ൮൦ ശതമാനം. തോതിനെപ്പററി ടൌൺസൻഡ് കമ്മിററി ശുപാർശചെയ്തിട്ടുള്ളതു അടുത്ത ൩ മാസങ്ങളിൽ തിരിച്ചു കൊടുക്കേണ്ട സ്ഥിരനിക്ഷേപത്തിൽ ൩൦ ശതമാനമോ, ൩൦ ദിവസങ്ങളിൽ കൊടുക്കേണ്ടതിന്റെ ൫൦ ശതമാനമോ, ഇതിൽ അപ്പോഴപ്പോൾ കവിഞ്ഞു നില്ക്കുന്നസംഖ്യ: പററുവരവു നിക്ഷേപത്തിന്റെ ൫൦-ം സേവിംഗ്നിക്ഷേപത്തിന്റെ ൩൦-ം ശതമാനങ്ങൾ.

മേലന്വേഷണ ഏർപ്പാട്.

൧൯. കടം വാങ്ങുന്ന സംഘങ്ങൾ അടയ്ക്കുന്ന ചെറിയ സംഭാവനകളും വായ്പകളിന്മേൽ ബാങ്കുസമ്പാദിക്കുന്ന പലിശയിൽനിന്നും എടുക്കപ്പെടുന്ന സ്വല്പം വലിയ ഒരു സംഖ്യയും സംഘങ്ങളുടെ കരുതൽ ധനത്തിന്മേൽ ബാങ്കുകൊടുക്കുന്ന പലിശയുടെ ഒരു ഭാഗവുംചേർത്തു സ്വരൂപിക്കപ്പെടുന്ന ഒരു മേലന്വേഷണനിധി ബാങ്കിന്റെ കൈവശത്തിലുണ്ട്. ൧൧൦൮-ൽ അപ്രകാരം ശേഖരിക്കപ്പെട്ട ധനം ഏകദേശം ൯,൦൦൦ രൂപയായിരുന്നതും അതിൽ ൧,൫൦൦ രൂപമാത്രം, പ്രധാനമായി രണ്ടു സൂപ്പർവൈസർമാരെ വച്ചുകൊണ്ടിരിക്കുന്നതിനു, ചിലവായിട്ടുള്ളതും ആണ്. ആണ്ടുതോറും നീക്കിവയ്ക്കപ്പെടുന്ന മേലന്വേഷണനിധിയിൽ ചിലവു കഴിച്ചുള്ള ബാക്കികൾചേർന്ന ഇതേവരെയായി ൧൭,൦൦൦ രൂപയുള്ളതാണ്. ഞങ്ങൾ മററൊരു ഭാഗത്തു പറഞ്ഞിട്ടുള്ളവണ്ണം മേലന്വേഷണഐക്യസംഘങ്ങളും തിരുവിതാംകൂർ സഹകരണഇൻസ്റ്റിറ്റ്യൂട്ടും മേലന്വേഷണ ധനത്തിന്റെ ദൌർല്ലഭ്യംകൊണ്ടു ക്ഷീണിച്ചുവരുകയും മററു ചിലസ്ഥലങ്ങളിൽ ഈ വക സ്ഥാപനങ്ങളുടെ ചിലവിന്റെഭാഗം സെൻട്രൽബാങ്കുകൾ സന്നദ്ധതയോടു വഹിച്ചുവരികയും ചെയ്യുന്നു. ബാങ്കു ആവശ്യമുള്ള ധനസഹായങ്ങൾ ഏററവും അർഹിക്കുന്ന മേലന്വേഷണസംഘങ്ങൾക്ക ചെയ്യണമെന്നും ഏതായാലും ആണ്ടോടാണ്ടു ശേഖരിക്കപ്പെടുന്ന ധനം മുഴുവനും അതതു ആണ്ടുകളിൽതന്നെ അതിന്റെ ഉദ്ദേശസാദ്ധ്യത്തിനായി ചെലവാക്കണമെന്നും ഞങ്ങൾ ബലമായി ശുപാർശചെയ്യുന്നു. ബൈലായിൽ അങ്ങിനെ ചിലവാക്കുന്നതിനു വ്യവസ്ഥയില്ലെന്നു ഞങ്ങളെ അറിയിച്ചിരിക്കുന്നതും ബൈലാ വേണ്ടവിധം ഭേദപ്പെടുത്തണമെന്നു ഞങ്ങൾ ഉപദേശിക്കുന്നതും ആണ്.

പൊതുനന്മഫണ്ട്.

൨൦. ആണ്ടുതോറും ഉണ്ടാകുന്ന ലാഭത്തിൽ ൭½ ശതമാനത്തിൽ കവിയാതെയുള്ള ഭാഗം പ്രത്യേകം വച്ച് ബാങ്കു ഉടൻതന്നെ ഒരു പൊതുനന്മഫണ്ടു തുടങ്ങണമെന്നു ഞങ്ങൾ ബലമായി ശുപാർശചെയ്യുന്നു. രാജ്യത്തുള്ള മററു മിക്ക സംഘങ്ങളും ഈ ഫണ്ടു ഏർപ്പെടുത്തിയിരിക്കുമ്പോൾ തിരുവിതാംകൂറിലെ ഒന്നാമത്തെ സംഘം അതിന്റെ നിബന്ധന ഭേദപ്പെടുത്തി അപ്രകാരം ചെയ്യാതിരുന്നതു വളരെ വിസ്മയമായിരിക്കുന്നു. ഈ രാജ്യത്തെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു വളരെ പ്രേരകങ്ങളായിരുന്ന സ്ഥാപനങ്ങളോടുകൂടിയ അടുത്തുള്ള മദ്രാസ് പ്രസിഡൻസിയിൽ മദ്രാസ് പ്രൊവിൻഷ്യൽ

ബാങ്ക് കോയമ്പത്തൂർഡിസ്ത്രിക്ററ് സെൻട്രൽബാങ്ക് സേലം ഡിസ്ത്രിക്ററ് സെൻട്രൽബാങ്ക് മുതലായി ഒട്ടധികം പ്രധാന സഹകരണസ്ഥാപനങ്ങൾ ആണ്ടുതോറും സഹകരണപ്രബോധനം, പ്രചരണം, ഗ്രാമോദ്ധാരണം എന്നിവയ്ക്കു അവയുടെ പൊതുനന്മഫണ്ടിൽ നിന്ന വലിയസംഖ്യകൾ ചെലവുചെയ്തുകൊണ്ടിരിക്കുന്നു. ബൊംബയിൽ സഹകരണസംഘം രജിസ്ത്രാരുടെ ൧൯൨൫-ലെ റിപ്പോർട്ടനുസരിച്ച് പ്രബോധനങ്ങൾക്കും കിണറു കൾ കുഴിക്കുന്നതിനും, വൈദ്യസഹായങ്ങൾ ചെയ്യുന്നതിനും മററുമായി ൧൯൨൫-ലെ ബൊംബെ സഹകരണനിയമം ൪൩-ാം വകുപ്പനുസരിച്ച് ൨൩൭ സംഘങ്ങൾ കൂടി ൩൪,൧൦൮ ഉറുപ്പികചെലവാക്കുന്നതിന അവിടത്തെ ഇൻസ്റ്റിററ്യൂട്ട അനുമതി നല്കിയിരിക്കുന്നു. അതിലും വലിയ കാര്യങ്ങൾക്കായി പ്രൊവിൻഷ്യൻ സഹകരണബാങ്കു വമ്പിച്ച തുകകളും ചെലവുചെയ്തുവരുന്നുണ്ട്. തിരുവനന്തപുരം സെൻട്രൽകൊവാപ്പറേററീവ് ബാങ്കിന്റെ ആദ്യത്തെ ഉദ്ദേശം രാജ്യത്തു സഹകരണസംഘങ്ങൾ ഏർപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുക എന്നതാണെന്ന ഇവിടെ അനുസ്മരിക്കേണ്ടതാണ്. ഈ ഉദ്ദേശം അല്പമെങ്കിലും ശരിയായി നിറവേററണമെങ്കിൽ സംഘരൂപീകരണത്തിനും പ്രബോധനത്തിനും പ്രചരണത്തിനും പണം വ്യയംചെയ്യാൻ അതിന ഒരു മാർഗ്ഗം ഉണ്ടായിരിക്കേണ്ടതാണ്. ഒരു കേന്ദ്രബാങ്ക് എന്ന സ്ഥാനത്തുള്ളതാകയാൽ പ്രസ്ഥാനത്തിന്റെ ഗുണത്തിനായിട്ടായി, അതിന്റെ സാമ്പത്തികകാര്യങ്ങളെപ്പററിയുള്ള പൊതുനയവും, അഭിപ്രായവ്യത്യാസങ്ങളുള്ള കാര്യങ്ങളും, വാദപ്രതിവാദം ചെയ്യുന്നതിലേക്കായി താലൂക്കബാങ്കുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും അർബൻബാങ്കുകളും ചേർന്ന കാൺഫറൻസുകൾ കൂട്ടുന്നതിനെപ്പോലും ഞങ്ങൾ അനുകൂലിക്കുന്നുണ്ട്. ഇപ്രകാരം സ്വരൂപിക്കപ്പെടുന്ന പൊതുനന്മഫണ്ടും പ്രത്യേകമായി സമുച്ചയിക്കപ്പെടുന്ന സൂപ്പർവിഷൻഫണ്ടുംകൊണ്ടു ബാങ്കിന അതിന്റെ പ്രാഥമികകൃത്യങ്ങൾ നിർവഹിക്കുന്നതിന കൂടുതൽ ശക്തിയുണ്ടാകുമെന്ന ഞങ്ങൾ വിശ്വസിക്കുന്നു.

ലാഭവീതസമീകരണഫണ്ട്.

൮൭. സംഘങ്ങളുടെ ഗുണലാഭത്തെ സംബന്ധിച്ച ഈയിടെയുണ്ടായ രജിസ്ത്രാരുടെ ൧൧൦൫-ാം വൃ-ലെ ൪൯൨-ാം നമ്പർ സർക്യൂലറിന്റെ ഫലമായി കുറെ വർഷങ്ങളിലേക്ക ബാങ്കിന ചട്ടപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള പരമാവധി ലാഭവീതം കൊടുക്കാൻ സാധിക്കുന്നതല്ല. പ്രസ്ഥാനംമൂലം സഹകാരികൾക്ക സിദ്ധിക്കുന്ന പ്രയോജനങ്ങൾക്കും പുറമേ വലിയ ലാഭവീതം കൂടി പ്രതീക്ഷിക്കുന്നതായ സഹകാരികളുടെ ആഗ്രഹം ഉന്മൂലനം ചെയ്യേണ്ടതാണെന്ന ഞങ്ങൾക്ക അഭിപ്രായമുണ്ടെങ്കിലും ഏതെങ്കിലും ഒരു കൊല്ലത്തിൽ ലാഭവീതത്തിൽ ഗണ്യമായ കുറവുണ്ടെങ്കിൽ പിന്നീട വരുന്ന കൊല്ലങ്ങളിൽ ഉണ്ടാകുന്ന ലാഭം അനുവദിക്കുന്നപക്ഷം ആ കുറവുകൾ പരിഹരിക്കപ്പെടുന്ന വിഷയത്തിൽ ഞങ്ങൾക്കാനുകൂല്യം ഉള്ളതാകുന്നു. ഇപ്രകാരമുള്ള ഏർപ്പാട്, ടൌൺസൻഡ്കമ്മിററി ശരിയായി ചൂണ്ടിക്കാണിച്ചിട്ടുള്ളവണ്ണം കുടിശികപ്പലിശകൾ പിരിക്കുന്നതിന ഒരു പ്രേരകമായിരിക്കുന്നതുമാണ്.

വായ്പകളുടെ പരിശോധന.

൮൮. രാജ്യത്തെ സഹകരണപ്രസ്ഥാനത്തിന്റെ നന്മ വർദ്ധിക്കുന്നതിനുവേണ്ടി ബാങ്കിൽ ചേർന്നതും താലൂക്കബാങ്കുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും മുഖാന്തിരം ബാങ്കിൽനിന്ന ധനസഹായം ചെയ്യപ്പെടുന്നതും ആയ പ്രാഥമികസംഘങ്ങളിൽനിന്ന കൊടുത്തിട്ടുള്ള വായ്പകളെ ബാങ്കിൽനിന്നും കൂലങ്കഷമായി പരിശോധിക്കപ്പെടണമെന്ന ഞങ്ങൾ ആഗ്രഹിക്കുന്നു. അപ്രകാരമുള്ള പരിശോധനയ്ക്കു ഡിപ്പാർട്ടുമെൻറിന്റെയും താലൂക്കബാങ്കുകൾ ബാങ്കിംഗ്ഐക്യസംഘങ്ങൾ എന്നിവയുടെയും സഹായസഹകരണങ്ങൾ അത്യാവശ്യമായിരിക്കേണ്ടതാണ്. ഈ പരിശോധനകൊണ്ടു കടംകൊടുത്തിട്ടുള്ള സംഖ്യയിൽ എത്ര ഭാഗം നിഷ്പ്രയാസം തിരിച്ചുവരുമെന്നും എത്രത്തോളം ക്ലേശകരമാണെന്നും അറിയേണ്ട

താണ്. സംബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സൌഹാർദ്ദമായ സഹകരണംകൊണ്ടേ അപ്രകാരം ഒരന്വേഷണം നടത്തുന്നതു പ്രയാസമായി വരുന്നതല്ല. ഈവിധം ശേഖരിക്കപ്പെട്ട വിവരങ്ങൾ സംഘങ്ങളുടെ ഭാവി അഭിവൃദ്ധിയ്ക്കു് അത്യന്താപേക്ഷിതങ്ങളാണ്. [illegible] കൊടുത്തിട്ടുള്ള ചില ദീർഘകാല [illegible], സൌകര്യമായ കേന്ദ്രങ്ങളിൽ സ്ഥാപിക്കപ്പെടണമെന്നു ഞങ്ങൾ അഭിപ്രായപ്പെട്ടിട്ടുള്ള പ്രാഥമിക [illegible] മാററം ചെയ്തു സംഘങ്ങൾക്കു വേറെ ആശ്വാസം നല്കാൻ കഴിയുമെങ്കിൽ അതും ചെയ്യുന്നതാണ്. ഈ മാർഗ്ഗത്തിൽക്കൂടി പ്രാഥമിക സഹകരണസംഘങ്ങൾക്കു ഒരു വലിയ [illegible] ശക്തി ലഭിക്കയും ചെയ്യുന്നതാണ്.

കടംവാങ്ങാതെയിരിക്കുക.

൮൩. പ്രസ്ഥാനത്തിനു മുഴുവൻ ധനോല്പത്തി സ്ഥാനമായ സെൻട്രൽ ബാങ്ക്, ഒരു ശതമാനത്തോളം മാത്രമേ സംഘങ്ങൾ നിയമനത്തിനു [illegible] ഉപയോഗിക്കപ്പെടുന്നതെന്തെന്നു സൂക്ഷ്മം അന്വേഷിക്കേണ്ടതാണെന്നു ഞങ്ങൾ ബലമായി അഭിപ്രായപ്പെടുന്നു. ഈ സംഗതി വിശദീകരിക്കുവാൻ പൊതുവെയുള്ള ധനസഹായപ്രസ്ഥാനത്തിന്റെ സാമാന്യനിലയെ പ്രദ്യോതിപ്പിക്കുന്നതായ ഒരു ഉദാഹരണം ഞങ്ങൾ പറയാം. തിരുവല്ലാ താലൂക്കിൽ [illegible] സംഘങ്ങളുണ്ടെന്നും എല്ലാം താലൂക്കു ബാങ്കിൽ ചേർന്നിട്ടുണ്ടെന്നും ഞങ്ങൾ അറിയുന്നു. അതിൽ [illegible] സംഘങ്ങൾ [illegible] ഈ സ്ഥാപനത്തിൽനിന്നും കടംവാങ്ങിയിട്ടില്ലാത്തതും ബാക്കിയുള്ള [illegible] സംഘങ്ങളിൽ നൂറു ശതമാനവും കുടിശ്ശികക്കാരായിരിക്കുന്നതും ആണ്. ഒരു ശതമാനം സംഘങ്ങളും ശരിയായി നടത്തപ്പെടുന്നില്ലെന്നുള്ളതു ഇതിലേക്കു ശരിയായ സമാധാനമാകുന്നില്ല. കൂടാതെയും സെൻട്രൽബാങ്കിൽ അംഗങ്ങളായിരുന്ന [illegible] പ്രാഥമികസംഘങ്ങളിൽ [illegible] സംഘങ്ങൾ മാത്രമേ [illegible] അതിൽനിന്നും കടംവാങ്ങിയിട്ടുള്ളു. ഈ ചിന്താവിഷയത്തെപ്പററി അന്വേഷണങ്ങൾ നടത്തി പ്രതിവിധികൾ ഉണ്ടാക്കുന്നതിലേക്കു ഉടനെതന്നെ ശ്രമിക്കേണ്ടതായ ഒരു സ്ഥാപനമുണ്ടെങ്കിൽ അതു സെൻട്രൽബാങ്കാണ്. ബാംബെയിലും മദ്രാസിലും സെൻട്രൽബാങ്കുകൾ ഈ പ്രശ്നംതന്നെ അഭിമുഖീകരിച്ചു പരിഹാരങ്ങൾ തേടാൻ ശ്രമിക്കുന്നുണ്ട്.

മാർഗ്ഗതടസ്സം ചെയ്യുന്നതെന്താണെന്ന്.

൮൪. സെൻട്രൽബാങ്കിനെ ഒരണയായും സംഘങ്ങളെ വെള്ളച്ചാലുകളായും സംഘാംഗങ്ങളെ ജലസേചനം ചെയ്യപ്പെടേണ്ട കൃഷിഭൂമികളായും വിചാരിക്കാം. ഇപ്പോൾ അണയിൽ ധനം ധാരാളമുണ്ടായിരുന്നിട്ടും നിലങ്ങൾ ഉണങ്ങി ധനത്തിനു മുറവിളി കൂട്ടുന്നതിനാൽ ധനപ്രവാഹത്തെ തടസ്സപ്പെടുത്തുന്നതായി ചാലുകളിൽ എന്തോ പ്രതിബന്ധം ഉള്ളതായി വിചാരിക്കേണ്ടതാണ്. അതിനെയാണ് കണ്ടുപിടിച്ചു പരിഹാരം ചെയ്യേണ്ടതു്. സെൻട്രൽബാങ്ക് ശേഖരിച്ചിട്ടുള്ള ധനത്തിൽ ഒരു വലിയഭാഗം പ്രസ്ഥാനത്തിനു പുറമേ നിക്ഷേപിക്കാൻ നിർബന്ധിതമായിരിക്കുന്നു എന്നോർക്കുമ്പോൾ ഈ സംഗതി വെളിവാകുന്നതാണ്.

പ്രസ്ഥാനത്തിന്റെ ഹൃദയം അതാണെന്ന സൂക്ഷ്മാന്വേഷണംകൊണ്ടേ ബാങ്കിനു തോന്നുന്നപക്ഷം ബോംബെയിലെപ്പോലെ രജിസ്ട്രാരുടെ പ്രത്യേകാനുവാദത്തോടുകൂടി സംഘങ്ങൾ മുഖേന വ്യക്ത്യംഗങ്ങൾക്കു അതു ഉദാരമായി ധനസഹായം ചെയ്യണം, അവിടെ അംഗങ്ങൾ ശാഹുകാരന്മാരോടു് കടംവാങ്ങാൻ പോകാതിരിക്കുന്നതിലേക്ക്, അവർ തികച്ചും നല്ലപുള്ളികളാണെങ്കിൽ, വ്യക്തിപരമായി കൊടുക്കപ്പെടാവുന്ന പരമാവധിയിൽ കവിഞ്ഞുള്ള തുകകളും അവർക്കു കൊടുക്കുന്നതിനു സംഘങ്ങൾക്കു പ്രത്യേകാനുവാദം നൽകുന്നുണ്ട്.

പുതിയ താലൂക്കബാങ്കുകൾ രൂപീകരിക്കുക.

൨൭. ഇപ്പോൾ താലൂക്കബാങ്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ, അവ ഏർപ്പെടുത്തത്തക്കവണ്ണം സംഘങ്ങളുള്ള പക്ഷം അവിടെ പ്രവൃത്തൈക്യം ജനിപ്പിക്കുന്നതിനും സഹകരണപ്രസക്തി വർദ്ധിപ്പിക്കുന്നതിനും താലൂക്കബാങ്കുകൾ ഏർപ്പെടുത്തുന്നതിനായി സെൻട്രൽ ബാങ്ക് ഉററുസഹായിക്കേണ്ടതാണ്. സെൻട്രൽബാങ്കിന്റെയും സംഘങ്ങളുടേയും അല്പമായ സ്വാർത്ഥപരിത്യാഗംകൊണ്ടും ഒരു താലൂക്കബാങ്കു ഏർപ്പെടുത്താൻ കഴിയാതെ വന്നാൽ അവിടെ ഒരു ഉപദേശകകമ്മിററിയോടുകൂടിയ ഒരു ശാഖ സെൻട്രൽബാങ്ക് തുടങ്ങേണ്ടതാണ്. എന്നാൽ പ്രാദേശീയമായ ഉത്സാഹവും സ്വസഹായതത്വവും പ്രവർത്തനൈക്യവും വർദ്ധിപ്പിക്കുന്നതു എല്ലായ്പ്പോഴും പ്രസ്ഥാനത്തിന്റെ ഗുണത്തിനു കാരണമായിരിക്കുന്നതും ആയതു ശാഖകൾ ഏർപ്പെടുത്തുന്നതിനെക്കാൾ താലൂക്കബാങ്കുകൾ രൂപീകരിക്കുന്നതു മൂലം കൂടുതൽ ഫലവത്തായിരിക്കുന്നതുമാണ്.

വരുത്തിയതും വരുത്തേണ്ടതുമായ ചില പരിഷ്കാരങ്ങൾ.

൨൮. പ്രസ്ഥാനത്തെ അതിന്റെ അനാശാസ്യസ്ഥിതികളിൽനിന്നു മോചിപ്പിക്കുന്നതിനുള്ള പ്രാരംഭപ്രവൃത്തനങ്ങൾ നടത്തിയശേഷം ബാങ്ക് സർവ്വവ്യാപകമായ ഒരു അഭിവൃദ്ധിപദ്ധതി അവലംബിക്കേണ്ടതാണ്. ബാങ്കുസിൽബന്തികൾ മാസംതോറും ശമ്പളത്തിൽ ഓരോ രൂപയ്ക്കു ഒരണവീതം അടയ്ക്കുന്നതായാൽ ബാങ്കിൽനിന്നും ഓരോ അണക്കുടി ചേർത്തു ഉദ്യോഗകാലം മുഴുവൻ തുകയ്ക്കും ന്യായമായ ഒരുപലിശക്രമം അനുവദിച്ചു അവർക്കു ഒരു രക്ഷാനിധിവ്യവസ്ഥ ബാങ്കിന്റെ ഭരണയോഗത്തിൽ പാസ്സാക്കപ്പെട്ടതായി അറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ബാങ്കുസിൽബന്തികളുടെ ശമ്പളക്രമംകൂടി പരിഷ്കരിക്കണമെന്നും അവർക്കു കൂടുതൽ ഉയർന്നതായ പരിശീലനം നല്കണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. ബാങ്കു ധനസഹായം ചെയ്യേണ്ടതായിവരുന്ന വിവിധജാതി പ്രവൃത്തനങ്ങളുടേയും മേൽനോട്ടം നടത്തുന്നതിനു പരിശീലനം ലഭിച്ചിട്ടുള്ള സ്വന്തം ഇൻസ്പെക്ടർമാരെത്തന്നെ നിയമിക്കേണ്ടതും, ബാങ്കിൽനിന്നും ധനസഹായം ചെയ്യപ്പെടുന്ന സംഘങ്ങളുടെ മേൽനോട്ടവിഷയത്തിൽ ബാങ്ക് അതിനുള്ള ചുമതല അംഗീകരിക്കേണ്ടതും ആകുന്നു. പ്രാധാന്യമുള്ള ഒരു മദ്ധ്യസ്ഥാനത്തു ഇരിക്കുന്ന ബാങ്കിന്റെ ഇപ്പോഴുള്ള കെട്ടിടത്തിന്റെ സൌകര്യങ്ങൾ വർദ്ധിപ്പിച്ചു നന്നാക്കുന്നതിലേക്കു സാധുമായ ൧,൦൦൦ രൂപ ചിലവുചെയ്തുകൊണ്ടു അതിന്റെ ഭൗതികസ്വത്തു വർദ്ധിപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല, ഷേക്സ്പിയർ പറയുംപോലെ അതിന്റെ പേരോടുകൂടി ഒരു പ്രാസാദം സംഘടിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ചില അഭിപ്രായങ്ങൾ.

൨൯. ബാങ്കു തിരുവനന്തപുരം നഗരത്തേക്കാൾ കൂടുതലായി തിരുവിതാംകൂർ രാജ്യത്തിനു പൊതുവെ പ്രയോജനമുള്ള ഒന്നാകയാൽ അതിന്റെ പേരു തിരുവിതാംകൂർ പ്രൊവിൻഷ്യൽ അപ്പക്സ് (കേന്ദ്ര) ബാങ്കു എന്നോ തിരുവിതാംകൂർ കോഓപ്പറേറ്റീവ് സെൻട്രൽ ബാങ്കെന്നോ മാറേറണ്ടതാണെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു. അതിന്റെ മറെറാരു പ്രവൃത്തനവശംകൂടി അഭിനന്ദനാർഹമായിട്ടുണ്ട്. ബാങ്കിന്റെ പുതിയ കെട്ടിടത്തിന്റെ താഴത്തെനിലമുഴുവനും സെൻട്രൽകോഓപ്പറേററിവ് ഇൻസ്റ്റിറ്റ്യൂട്ടിനും ഹിന്ദുവനിതാസഹകരണസംഘത്തിനും ആയി വിട്ടുകൊടുത്തതിൽനിന്നു തൻകാലിൽനില്ക്കാൻ പ്രാപ്തിയുണ്ടാകുന്നതുവരെ പ്രാരംഭദശയിൽ സഹകരണസ്ഥാപനങ്ങളെ സഹായിക്കേണ്ടവിധം ബാങ്ക് കാണിച്ചിരിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിനു കൂടുതലായിട്ടിപ്പോഴും നൽകിയിട്ടുള്ള സ്ഥലസൌകര്യം അതിന്റെ വായനശാലയും റാവുസാഹിബ് പത്മനാഭപിള്ള ഗ്രന്ഥശാലയും ഇപ്പോഴത്തേക്കാൾ കൂടുതൽ ജനങ്ങൾക്കു പ്രയോജകീഭവിപ്പിക്കുമെന്നു ഞങ്ങൾക്കു നിശ്ചയമുണ്ട്. ഈ ഗ്രന്ഥാലയത്തിനായി തനിക്കു ബാങ്കിൽനിന്നു ലഭിച്ചുവന്ന

ഫീസുകളും പടികളും മാററിവച്ചിട്ടുള്ള മി: പത്മനാഭറാവുവിന്റെ ഉപേക്ഷയില്ലാത്ത ശ്രദ്ധയും അഭിനന്ദനീയമായിരിക്കുന്നതും അതിനെ വർദ്ധിപ്പിക്കുന്നതിനു ആണ്ടുതോറും ബാങ്കു ഒരു നല്ലതുക നൽകി അതിനെ തിരുവനന്തപുരം പട്ടണത്തിനു യോജിച്ചവിധം ഒരു ആധുനികസ്ഥാപനമാക്കിത്തീർക്കണമെന്ന ഞങ്ങൾ ആശംസിക്കുന്നതും ആകുന്നു. കെട്ടിടമായും മററു രൂപത്തിലും സ്വത്തുള്ളതായ പൊതുസ്ഥാപനങ്ങൾ ചെയ്യുന്നതുപോലെ കെട്ടിടവും മററുവസ്തുവകകളും അഗ്നിബാധയിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടി ഇൻഷ്വർചെയ്യപ്പെടണമെന്നും ഞങ്ങൾ ശുപാർശചെയ്യുന്നു. ഒരു നാപ്പതു ഇടനെയായും ഇല്ലെങ്കിലും കഴിവുള്ളിടത്തോളം ബാങ്കിന്റെ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെയും മാനേജ്മെന്റ ബോഡിന്റെയും ശരിയായയോഗങ്ങളിൽ വച്ചുതന്നെ നിവൃത്തിയുള്ളിടത്തോളം നിർവഹിക്കപ്പെടണമെന്നും എന്നാൽ സെൻട്രൽബാങ്കുകളെപ്പോലെ നിലയുള്ള ഒരു സ്ഥാപനത്തെ സേവിക്കുന്ന പ്രവർത്തകന്മാർ ധനലാഭമുള്ളവരല്ലാതെയിരിക്കുന്ന ഒരു ആദർശം കാണ്മാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ടെന്നുള്ളതും ഞങ്ങളുടെ ശുപാർശകളിൽ ഒന്നാണ്. കൂടുതൽ ചിലവ് എല്ലായ്പ്പോഴും കൂടുതൽ കാര്യക്ഷമത ഉളവാക്കുന്നില്ലെങ്കിലും ഏതായാലും അതു കൂടുതൽ കൃത്യനിഷ്ഠയും യോഗങ്ങളിൽ ഹാജരാകാൻ താല്പര്യവും ശ്രദ്ധയും ആലോചനയും ഉണ്ടാക്കുന്നതാകയാൽ അതും ഒരുവക സാമ്പത്തികനയംതന്നെ. ബാങ്കിന്റെയും ഡിപ്പാർട്ടുമെന്റിന്റെയും സിൽബന്തികൾക്കു മററുഡിപ്പാർട്ടുമെന്റുകളോടൊപ്പം കഴിവുള്ളിടത്തോളം സ്വന്തമായ സഹകരണസംഘങ്ങൾ ഉണ്ടായിരിക്കേണ്ടതും ഇവർ വായ്പകൾക്കായി മററാരുസംഘങ്ങളിലും ചേരാൻ പാടില്ലെന്ന നിരോധനവും ആവശ്യമായി ഞങ്ങൾ വിചാരിക്കുന്നു. പ്രസ്ഥാനം പുഷ്ടിപ്രാപിച്ച് സംഘങ്ങൾ ഉയർത്തപ്പെട്ട് ബാങ്കിൽനിന്നു കടം വാങ്ങി വാസ്തവത്തിൽ പ്രത്യുല്പാദകരങ്ങളായ ആവശ്യങ്ങൾക്കു കൂടുതൽപണം ചിലവാക്കാൻ തയ്യാറാകുമ്പോൾ പ്രയോജനപ്പെടത്തക്കവണ്ണം ഓഹരിമൂലധനത്തിന്റെയും കരുതൽധനത്തിന്റെയും പത്തിരട്ടികടം വാങ്ങാനുള്ള അധികാരം ബാങ്കു സ്വായത്തമാക്കിവയ്ക്കേണ്ടതാണ്. ഈ തോതു പുറരാജ്യങ്ങളിൽ നടപ്പുള്ളതാണ്.

ബാംബെ മാതൃക.

൨൮. ഇവിടത്തെ ഏകപക്ഷീനമായ പ്രസ്ഥാനാഭിവൃദ്ധിയെ പഴിക്കുന്ന സഹകാരികളുടെ അറിവിലേക്കും ബാങ്കിന്റെ നൈയായിക പ്രയത്നങ്ങൾക്കായി കൂടുതൽ വിപുലമായ ഒരു കാര്യപരിപാടി സാവധാനമായി അംഗീകരിക്കപ്പെടണമെന്ന ഞങ്ങൾ ഉപദേശിക്കുന്നതിന്റെ താല്പര്യം കൂടുതൽ വിശദപ്പെടുത്തുന്നതിലേക്കുമായി ബാംബെ പ്രൊവിൻഷ്യൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഒരു പ്രവർത്തനസംക്ഷേപം ഞങ്ങൾ ഈ റിപ്പോർട്ടിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ സംക്ഷേപം ബാംബേ പ്രസിഡൻസിയിലെ സഹകരണ ശരീരത്തിന്റെ രണ്ടു ഏററവും വലിയ അവയവങ്ങളായ പ്രൊവിൻഷ്യൽബാങ്കും പ്രൊവിൻഷ്യൽ ഇൻസ്റ്റിററ്യൂട്ടും (മൂന്നാമത്തെ അവയവം സഹകരണഡിപ്പാർട്ടുമെന്റാണെന്നു പറയേണ്ടതില്ലല്ലോ.) കഴിഞ്ഞ ഏപ്രിൽ ൯-ാംനു ബാംബെ ഗവർണർ ബഹു. ബ്രാബോൺ പ്രഭു അവർകൾ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിനു സമർപ്പിക്കാനായി തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ്. അതു തിരുവനന്തപുരം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കിനു അനുകരിക്കാൻ ഒരു നല്ല മാതൃകയായിരിക്കുന്നതും രാജ്യത്തിന്റെ ആവശ്യംപോലെ ഉടനെ ഗുണപ്രദവും നിരാക്ഷേപവും ആയി പ്രയോഗിക്കാവുന്ന നടപടികൾ അതു നോക്കി മനസ്സിലാക്കാവുന്നതും ആണ്. ബാംബെ പ്രൊവിൻഷ്യൽ ബാങ്കിന്റെ മാതൃക സ്വീകരിക്കുന്നതായാൽ സെൻട്രൽബാങ്കു അതിന്റെ രജതജൂബിലി ആഘോഷിക്കാനുള്ള കാലം ആകുമ്പോഴേക്കും ഇപ്പോഴുള്ള മററുസ്ഥാപനങ്ങളെപ്പോലെ ഇതിനുമുമ്പു ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത വിവിധങ്ങളും പ്രയോജനപ്രദങ്ങളും ആയ ഫലങ്ങൾ കാണിക്കാൻ കഴിയുന്നതാണ്.

അദ്ധ്യായം ൩.

താലൂക്ക് ബാങ്കുകളും ബാങ്കിംഗ് ഐക്യ സംഘങ്ങളും.

താലൂക്കുബാങ്കുകളുടെ പ്രവൎത്തന

൧൧൦൮-ൽ ൫൩ താലൂക്കുബാങ്കുകളും ൩൪ ബാങ്കിംഗ് ഐക്യസംഘങ്ങളും ഉണ്ടായിരുന്നു. തിരുവനന്തപുരം സെൻട്രൽ ബാങ്കിനെപ്പോലെ താലൂക്കുബാങ്കുകൾ വ്യക്തികളേയും സംഘങ്ങളേയും അംഗങ്ങളായി ചേൎക്കുകയും ഇരുകൂട്ടൎക്കും വായ്പകൾ കൊടുക്കുകയും ചെയ്യുന്നു. വ്യക്തികളുടെ എണ്ണം ൧൧൪൦ഉം സംഘങ്ങളുടെ എണ്ണം ൭൩൨ഉം ആയിരുന്നു. എല്ലാവരുംകൂടി അടച്ചിരുന്ന ഓഹരിമൂലധനം ൩൪൭൦൦ രൂപയായിരുന്നു. ൧൧൦൮-ൽ വ്യക്തികൾക്കു കൊടുത്ത വായ്പകൾ ൪൬൩൩൨ രൂപയും സംഘങ്ങൾക്കു കൊടുത്തതു ൧൦൯൭൫൦ രൂപയും ആയിരുന്നു. ഇങ്ങിനെ താലൂക്കുബാങ്കുകൾ ധനസഹായസ്ഥാപനങ്ങളുടെയും പ്രാഥമികസംഘങ്ങളുടെയും ജോലികൾ ഒരുമിച്ചു ചെയ്യുന്നതും സംഘങ്ങളെക്കാൾ കൂടുതലായി വ്യക്തികളെ സഹായിച്ചുവരുന്നതും ആണ്.

ക്രമേണയുള്ള മാററം.

൨. സെൻട്രൽബാങ്കിനെ സംബന്ധിച്ച ഭാഗത്തു ഞങ്ങൾ പറഞ്ഞിട്ടുള്ളപ്രകാരം ഈ പ്രവൎത്തനസങ്കലനം അല്ലെങ്കിൽ സീമാലംഘനം പ്രാഥമിക സംഘങ്ങളുടെ അഭിവൃദ്ധിക്കു ഹാനികരമായിട്ടുള്ളതും കഴിവുള്ളത്രവേഗം അവസാനിപ്പിക്കേണ്ടതും ആണ്. സെൻട്രൽബാങ്കിനെ സംബന്ധിച്ചു പറഞ്ഞതുപോലെ ലക്ഷ്യമായ ആദൎശമായിട്ടും ചെന്നെത്തേണ്ട പ്രാപ്യസ്ഥാനമായിട്ടും താലൂക്കുബാങ്കുകൾ അവയുടെ സംഘടിതസംഘങ്ങൾക്കു മാത്രം ധനസഹായസ്ഥാപനങ്ങളായിട്ടു നിലനില്ക്കുകയും പ്രവൎത്തിക്കയും ചെയ്യേണ്ടതാകുന്നു. എന്നാൽ വേഗത്തിൽ മാററം വരുത്തുന്ന വിഷയത്തിലുള്ള പ്രതിബന്ധങ്ങൾ ഞങ്ങൾക്കറിയാവുന്നതാണ്. അതുകൊണ്ടു ഒരു ക്ലിപ്തസംഖ്യ വ്യക്തികളെമാത്രമേ, അവരുടെ ഓഹരിപ്പണത്തിനു വേണ്ടിയല്ല എന്നാൽ ബാങ്കുകളെ നയിക്കാനും നടത്താനും അവൎക്കു ചെയ്യാൻ കഴിയുന്ന വിലയേറിയ സഹായത്തിനായി, ചേൎക്കപ്പെടാവൂ എന്നു ശുപാൎശചെയ്യേണ്ടതു ആവശ്യമായി ഞങ്ങൾക്കു തോന്നിയിരിക്കുന്നു. തന്നിമിത്തം കഴിയുന്ന വേഗം താലൂക്കുബാങ്കുകളുടെ പ്രവൎത്തനം പ്രാഥമികസംഘങ്ങൾക്കു ധനസഹായം ചെയ്യുന്നതുമാത്രമായിരിക്കണമെന്നു ഞങ്ങൾ ശുപാൎശചെയ്യുന്നു. സെൻട്രൽബാങ്കിനെപ്പററിയുള്ള അദ്ധ്യായത്തിൽ പരിഷ്കാരം ചെയ്യേണ്ട രീതിയെപ്പററി ഞങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഈ രൂപാന്തരം സംഭവിക്കുമ്പോൾ വ്യക്തിംഗങ്ങൾ മിക്കവാറും അവരുടെ ഓഹരികൾ പിൻവലിച്ചേക്കാവുന്നതും ഉടനടി അവരെ അപ്രകാരം ചെയ്യാൻ അനുവദിക്കയോ നിൎബന്ധിക്കയോ ചെയ്യുന്നതു അനാശാസ്യമായിരിക്കുന്നതും ആകുന്നു. എന്നാൽ അഞ്ചുവൎഷംകൊണ്ടു പിന്മാറണമെന്നു ആഗ്രഹിക്കുന്നവരേയോ ബാങ്കിന്റെ സേവനത്തിനു ആവശ്യമുള്ളതിൽ കവിഞ്ഞുള്ളവരേയോ വിടുത്തുന്നതിനു സാദ്ധ്യമായി തീരേണ്ടതാണ്. സെൻട്രൽബാങ്കിലെ ഓഹരിക്കാരെ കുറവുചെയ്യാൻ ഞങ്ങൾ ശുപാൎശചെയ്തിട്ടുള്ളരീതി താലൂക്കുബാങ്കുകളും സ്വീകരിക്കാവുന്നതാണ്. അഞ്ചുവൎഷത്തിനകം ഈ വ്യത്യാസം വരുത്താമെങ്കിൽ ഒഴിഞ്ഞുപോകുന്ന വ്യക്തിംഗങ്ങളുടെ ഓഹരിസംഖ്യയ്ക്കു പകരം ഓഹരികൾ ഓരോഘട്ടത്തിലും പ്രാഥമികസംഘങ്ങൾ അടയ്ക്കാൻ മുൻകൂട്ടി തയ്യാറായിരിക്കേണ്ടതു ആവശ്യമാണ്.

പ്രാഥമികസംഘങ്ങൾ ഒരു ധനസഹായസ്ഥാപനത്തിൽ നിന്നുമാത്രം കടം വാങ്ങണം.

൮. രാജ്യത്തു പ്രവൃത്തിചെയ്യുന്നതായ ൭൭ൻ പ്രാഥമികസംഘങ്ങളുള്ളതിൽ മൂന്നൻ സംഘങ്ങൾ താലൂക്കബാങ്കുകളിലും ബാങ്കിംഗ് ഐക്യസംഘങ്ങളിലും ചേർന്നിട്ടുണ്ട്. അതുസമയത്തുതന്നെ തിരുവനന്തപുരം സെൻട്രൽബാങ്കിനും ൭൭ സംഘങ്ങളുണ്ട്. ഈ സംഘങ്ങളിൽ പലതും താലൂക്കബാങ്കുകളിലും സെൻട്രൽബാങ്കിലും ചേർന്നിട്ടുണ്ടെന്നു ഞങ്ങളുടെ പര്യടനകാലങ്ങളിൽ മനസ്സിലായിട്ടുമുണ്ട്. എന്നാൽ, അവ സൌകര്യംപോലെ ഈ രണ്ടു സ്ഥാപനങ്ങളിൽനിന്നും വായ്പകൾ വാങ്ങിവരുന്നു. ഇങ്ങനെയുള്ള ഏറ്റവും വിസ്മയിപ്പിക്കുന്നതും ആണ്. സെൻട്രൽബാങ്കിൽ ചേരാനും നേരിട്ടതിൽനിന്നു വായ്പ വാങ്ങാനും പ്രാഥമികസംഘങ്ങളെ അനുവദിക്കുന്നതായാൽ അവയ്ക്കു താലൂക്കബാങ്കുകളുടെ കാര്യത്തിൽ വളരെ ശ്രദ്ധയുണ്ടായിരിക്കുന്ന വികാരിക്കാവുന്നതല്ല. അതുകൊണ്ടു താലൂക്കബാങ്കുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും ഉള്ള ദിക്കുകളിലെ പ്രാഥമികസംഘങ്ങൾ അവയിൽനിന്നല്ലാതെ സെൻട്രൽ ബാങ്കിൽനിന്നു നേരിട്ടു കടംവാങ്ങരുതെന്നു വിലക്കപ്പെടേണ്ടതാണെന്നു ഞങ്ങൾ പ്രബലമായി അഭിപ്രായപ്പെടുന്നു. ഇപ്പോൾ പ്രാഥമികസംഘങ്ങൾ സെൻട്രൽബാങ്കിൽനിന്നു എടുത്തിട്ടുള്ള വായ്പകളെല്ലാം അതതു സ്ഥലത്തുള്ള താലൂക്കബാങ്കുകളിലേക്കോ ബാങ്കിംഗ് ഐക്യസംഘങ്ങളിലേക്കോ മാറ്റപ്പെടേണ്ടതും അതോടുകൂടിത്തന്നെ സെൻട്രൽ ബാങ്കിലെ ഓഹരികളും അവശ്യം കൈമാറ്റം ചെയ്യേണ്ടതും ആണ്.

സംഘങ്ങളുടെ കരുതൽധനകൈമാറ്റം

൯. ഇപ്പോൾ താലൂക്കബാങ്കുകളിൽചേർന്നിട്ടുള്ള സംഘങ്ങളുടെ കരുതൽധനത്തിൽ ഏതാനുംഭാഗം സെൻട്രൽബാങ്കിൽ അടയ്ക്കപ്പെട്ടിരിക്കുന്നതും അതെല്ലാം താലൂക്കബാങ്കുകളിലേക്കു മാറേണ്ടതാണെന്നു ചില സഹകരണ സമ്മേളനങ്ങൾ നിശ്ചയങ്ങൾ പാസ്സാക്കിയിട്ടുള്ളതും ആണ്. ഇതു ന്യായമായിട്ടുള്ളതും തദനുസരിച്ചു അപ്രകാരം ചെയ്യേണ്ടതും ആണ്. വായ്പകൾ, ഓഹരികൾ കരുതൽധനം എന്നിവയുടെ കൈമാറ്റം താലൂക്കബാങ്കുകളുടെയും ബാങ്കിംഗ് ഐക്യസംഘങ്ങളുടെയും അഭിവൃദ്ധിയ്ക്കു വളരെ ആവശ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നതും ഈ കൈമാറ്റങ്ങളെല്ലാം ഒരുവർഷത്തിനകം സാധിക്കുന്നതിലേക്കു ഡിപ്പാർട്ടുമെൻറു ഊർജ്ജിതമായി സഹായിക്കേണ്ടതും ആകുന്നു.

കടംവാങ്ങുന്ന സ്ഥാപനത്തിൻെറ സുരക്ഷിതസാമ്പത്തികാവസ്ഥയിൽ ധനസഹായബാങ്കിനു ബോദ്ധ്യമുണ്ടാകണം.

൰. പ്രാഥമികസംഘങ്ങളുടെ കടവായ്പ അപേക്ഷകളെ താലൂക്കബാങ്കുകളിലേക്കും താലൂക്കബാങ്കുകളുടെ അപേക്ഷകളെ സെൻട്രൽബാങ്കിലേക്കും രജിസ്ത്രാർ ശുപാർശചെയ്കയാണ ഇപ്പോൾ പതിവ്. താലൂക്കബാങ്കുകളിൽനിന്നുള്ള അപേക്ഷകളെ സംബന്ധിച്ചിടത്തോളം രജിസ്ത്രാരുടെ ശുപാർശകൾ തീരെ വേണ്ടെന്നും പ്രാഥമികസംഘങ്ങളുടെ അപേക്ഷകളെ സംബന്ധിച്ചു ഐക്യസംഘങ്ങൾ ശരിയായി പ്രവർത്തിക്കുന്നിടങ്ങളിൽ ആവശ്യമില്ലെന്നും വയ്ക്കാവുന്നതാണ്. ഐക്യസംഘശുപാർശകൾ വായ്പയുടെ സുരക്ഷിതാവസ്ഥയെ സംബന്ധിച്ചു ഒരു ഉറപ്പുകൊടുന്നില്ലെന്നുള്ളതിനാൽ ധനസഹായം ചെയ്യുന്ന ബാങ്കു വായ്പ അനുവദിക്കുന്നതിനു വല്ല വൈമുഖ്യമോ സംശയമോ ഉണ്ടാകുമ്പോൾ പ്രാരംഭാന്വേഷണങ്ങൾക്കായി നിയോഗിക്കപ്പെടുന്ന ബാങ്കിൻെറ സ്വന്തം ജീവനക്കാർ മുഖാന്തിരം വായ്പവാങ്ങുന്ന സ്ഥാപനത്തിൻെറ സുരക്ഷിതസാമ്പത്തികാവസ്ഥയിൽ തൃപ്തിവരുത്തേണ്ടതാണെന്നാണ ഞങ്ങൾ ശുപാർശചെയ്യുന്നതു. എന്തെന്നാൽ

ഇറക്കിക്കൊടുക്കുന്ന ഉൽക്കൾ തിരികെ അടപ്പിക്കുന്നതുള്ള ചുമതല ധനസഹായം ചെയ്യുന്ന ബാങ്കിനല്ലാതെ ശുപാർശചെയ്യുന്ന ഐക്യസംഘത്തിനില്ലാത്തതാകുന്നു.

വികസനത്തിനുവേണ്ടി അടുത്തുവരികയും പഠിക്കുകയും.

൬. താലൂക്കുബാങ്കുകൾ ഒരുവശത്തു സെൻട്രൽബാങ്കുമായിട്ടും മറുവശത്തു ധനസഹായം നൽകപ്പെടുന്ന പ്രാഥമികസംഘങ്ങളുമായും കൂടുതൽ പഴകേണ്ടതാകുന്നു. സെൻട്രൽബാങ്കിന്റെ അധികാരങ്ങളും അതിനോടുചേർന്നായിരിക്കുന്ന ചുമതലകളും, പ്രാഥമികസംഘങ്ങളുടെ ആവശ്യങ്ങളും ബുദ്ധിമുട്ടുകളും അവർ പഠിക്കേണ്ടതാണ്. ഈ നാമ്പത്തിക ശൃംഖലയുടെ വിവിധകണ്ണികൾ തമ്മിലുള്ള ഇപ്പോഴത്തെ ബന്ധം ശൃംഖലയ്ക്കാവശ്യമായ ബലം പ്രദാനം ചെയ്യുന്നതിനേക്കവണ്ണം ഉറപ്പുള്ളവയല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. സർക്കുലറുകൾ മുഖേനയും, ആവശ്യങ്ങൾ മനസ്സിലാക്കാനും അഭിപ്രായങ്ങൾ അറിയാനും കൂടെക്കൂടെ വിളിച്ചുചേർക്കപ്പെടുന്ന കാൺഫറൻസുകൾ മൂലവും, സെൻട്രൽ ബാങ്കു താലൂക്കുബാങ്കുകളുമായി കൂടുതൽ ഇടപഴകണമെന്നു ഞങ്ങൾ ശുപാർശചെയ്തിട്ടുള്ളപ്രകാരം താലൂക്കുബാങ്കുകളും അവയുടെ വീതത്തിനു സംഘടിത പ്രാഥമികസംഘങ്ങളുമായി കൂടുതൽ അടുത്തു പരിചയിക്കാനും അവയിലെ അംഗങ്ങളുടെ ആവശ്യങ്ങൾ നിറവേററത്തക്കവണ്ണം കൂടുതൽ ശക്തിയുള്ളവയായി തീരാനും ശ്രമിക്കേണ്ടതാണ്.

ധനസംബന്ധമായ പ്രവൃത്തികളോടൊപ്പം ധനേതരപ്രവൃത്തികളെയും അഭിവൃദ്ധിപ്പെടുത്തുന്നതിനു മാർഗദർശനം ചെയ്യുക.

൭. മദ്രാസിൽ ലോൺ ആൻഡ് സെയിൽ (വായ്പയും വില്പനയും) സംഘങ്ങൾ എന്നു പഞ്ചാബിലും ബോംബെയിലും (Purchase and sale) ക്രയവിക്രയ സംഘങ്ങൾ എന്നും അറിയപ്പെടുന്ന സ്ഥാപനങ്ങൾ കൊടുത്തുവരുന്ന അഭിലഷണീയവും ന്യായയുക്തവും ആയ വിളവു പണയവായ്പകൾ കൊടുക്കുന്ന പദ്ധതിയ്ക്കായി നല്കപ്പെടാവുന്ന ധനസഹായത്തോടുകൂടി പ്രാഥമികസംഘങ്ങളുടെ പരിമിതശക്തിക്കു കൂടുതൽ ഉല്പാദനകരങ്ങളായ ധനേതരപ്രവൃത്തികൾ നടത്തത്തക്കവണ്ണം കൂടുതൽ ഹവ്യവത്തായ പദ്ധതികളിൽ പ്രവേശിക്കാൻ താലൂക്കുബാങ്കുകൾ സഹായിക്കേണ്ടതാണ്. ധനസഹായം മററു കൃഷി ആവശ്യങ്ങളെക്കാൾ വളരെ ചെറുതായ ഒന്നാണെന്നും ഇതരമാർഗ്ഗങ്ങളിൽകൂടിയുള്ള സഹായങ്ങൾകൂടി, ആരംഭത്തിൽ സാവധാനമായിരുന്നാലും, നൽകപ്പെടേണ്ടതാണെന്നും ഉള്ള ബോധം ജനിക്കുകയാൽ ഇൻഡ്യയിലെ പ്രധാനപ്പെട്ട എല്ലാ പ്രോവിൻസുകളിലും ഈ വഴികളിൽകൂടി പ്രസ്ഥാനം സാവധാനമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതു ന്യായമായ അഭിവൃദ്ധിയുണ്ടാകേണ്ട ഒരു പന്ഥാവായിരിക്കുന്നതും അതിനുള്ള പ്രേരകശക്തി കൂടുതൽ ശക്തിയുള്ളതായ ഉയർന്ന സ്ഥാപനങ്ങളിൽനിന്നു സ്വാഭാവികമായി ഉത്ഭവിക്കേണ്ടതും ആണ്. ഞങ്ങളുടെ അഭിപ്രായം ദീർഘകാലം പരിഗ്രഹകരമായ ഈ വഴിയിൽ ആത്മാർത്ഥമായ ശ്രമങ്ങൾ സ്വാഗതംചെയ്കയോ അവയെ സഹായിക്കയോ ചെയ്യേണ്ടതു ഡിപ്പാർട്ടുമെൻറിന്റെ കർത്തവ്യമാണെന്നാണ്.

ബാങ്കിംഗ് ഐക്യസംഘങ്ങൾ.

൮. സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയിൽ, ചിലപ്പോൾ ഒന്നിലധികം കാര്യങ്ങൾക്കായി, സംഘങ്ങൾ പല സംഘാതങ്ങളായി ചേർന്നുകൊണ്ടിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. ബാങ്കിംഗ് ഐക്യസംഘങ്ങൾ അതിൽ ഒരുവക സംഘാതങ്ങളാണ്. അവയിൽ വ്യക്തികൾ അംഗങ്ങളായി ചേരുന്നില്ലെന്നുള്ളതാണ് താലൂക്കു ബാങ്കുകളിൽനിന്നുള്ള വ്യത്യാസം. തന്നിമിത്തം അവ വ്യക്തികൾക്കു വായ്പകൾ കൊടു

ക്കുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. കൂടാതെ സംഘടിതസംഘങ്ങൾക്കു ഇവ ധനസഹായം ചെയ്യുന്നതിനു പുറമെ അവയുടെ മേലന്വേഷണവും കൂടി നടത്തുന്നു. ഇവിടെ രജിസ്റ്ററിലുള്ള മൂന്നു ബാങ്കിംഗ് ഐക്യസംഘങ്ങളിൽ ഒന്നു (പേരൂർ ബാങ്കിംഗ് ഐക്യസംഘം) മാത്രമേ ശരിയ്ക്കു ജോലിചെയ്യുന്നതായി ഞങ്ങൾ കണ്ടിട്ടുള്ളു. മറ്റു രണ്ടും ഇപ്രകാരമുള്ള സ്ഥാപനങ്ങൾ ജനിപ്പിക്കുന്ന പ്രത്യേകതകൾ വയ്ക്കപ്പെടായ്കയാൽ ശരിയായി പ്രവൃത്തിക്കുന്നില്ലാത്തതും, തന്നിമിത്തം [illegible] ചെയ്യപ്പെടാൻ ഇടയുള്ളതും ആണ്. ഉയർന്ന ജാതിയിലുള്ള ബാങ്കിംഗ് ഐക്യസംഘങ്ങൾ ഈ രാജ്യത്തിൽ വിജയകരമായി കാണപ്പെടുന്നില്ല. മദ്രാസിൽ വ്യക്തികളെയും അംഗങ്ങളായി ചേർക്കപ്പെട്ടുവരുന്നതും, സാധാരണ സെൻട്രൽ ബാങ്കുകളിൽനിന്നും ഇവ തിരിച്ചറിയാൻ വിഷമമുള്ളതും ആണ്. മൈസൂരിൽ ഫെഡറൽ കോപ്പറേറ്റീവ് ബാങ്കിംഗ് യൂണിയൻസ് എന്നറിയപ്പെടുന്ന ഈ വക സംഘങ്ങൾ രജിസ്ട്രാരുടെ കഴിഞ്ഞ റിപ്പോർട്ട് അനുസരിച്ചു നിരത്തപ്പെടുവാൻ നടപടികൾ എടുത്തുവരുന്നതായി കാണുന്നു.

൯. അതിനാൽ പുതിയ ബാങ്കിംഗ് ഐക്യസംഘങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. ബറോഡയിൽ ഈ ജാതി മൂന്നു സംഘങ്ങളും പഞ്ചാബിൽ [illegible] സംഘങ്ങൾ ചേർന്നിട്ടുള്ളവയായി ഇപ്പോൾ [illegible] ബാങ്കിംഗ് ഐക്യസംഘങ്ങളും ഉള്ളതാണ്. അവയ്ക്കു വ്യക്ത്യംശങ്ങൾ ഇല്ലാത്തതും പ്രാധാന്യമുറയ്ക്കു കർഷകരോ അർഹരകരോ ആയ ധനസഹായവിഷയത്തിൽ മൂന്നാമത്തെ സ്ഥാനം മാത്രം അവയ്ക്കുള്ളതും ആണ്. ആദ്യസ്ഥാനം [illegible] പ്രോവിൻഷ്യൽ ബാങ്കിനും, രണ്ടാമത്തേതു അമ്പതോളംവരുന്ന സെൻട്രൽ ബാങ്കുകൾക്കും ആണ്. ഇതായാലും ഇവിടത്തെ ഭൂമിബാങ്കിംഗ് ഐക്യസംഘങ്ങളുടെ വളർച്ചയെ പറ്റിയതല്ലാത്തതും അതുകൊണ്ടു പുതുതായി അവ തുടങ്ങണമെന്നു ഞങ്ങൾ ശുപാർശചെയ്യുവാൻ ഇടയായിട്ടുള്ളതും ആകുന്നു.

മൂന്നാം ഭാഗം.

പ്രാഥമിക സംഘങ്ങൾ.

അദ്ധ്യായം ൭

പ്രാഥമിക സംഘങ്ങൾ.

വ്യക്തികളായ അംഗങ്ങൾ മാത്രമുള്ള എല്ലാ സംഘങ്ങളെയും ഞങ്ങൾ പ്രാഥമികസംഘങ്ങൾ എന്നു നിശ്ചയിക്കുന്നു. ഈ സംഘങ്ങളെ കർഷകസംഘങ്ങളെന്നും അകർഷകസംഘങ്ങളെന്നും രണ്ടായി തിരിക്കയും വീണ്ടും ഇവയിൽ ഓരോന്നിനെയും ധനസംഘങ്ങളെന്നും ധനേതരസംഘങ്ങളെന്നും വിഭജിക്കുകയും ചെയ്ക പതിവാണ്. ൧൯൦൭ അവസാനത്തിൽ എല്ലാംകൂടി ൧൯൪൭ സംഘങ്ങൾ ഉണ്ടായിരുന്നതും അവയിൽ ൧൪൯ എണ്ണം ജോലി ആരംഭിക്കാത്തവയായിരുന്നതും ആണ്. ബാക്കിയുണ്ടായിരുന്ന ൧൯൭൪ സംഘങ്ങളിൽ ൧൯൧൦ താഴെ പറയുംപ്രകാരം വിഭജിക്കപ്പെടാവുന്ന പ്രാഥമിക സംഘങ്ങളാണ്.

കർഷകം.	ധനം മാത്രം	൧൭൯൧	൧൮൦൯
	ധനവും ഉല്പാദന വില്പനകളും	൧൦	
	മററുതരം	൮	
അകർഷകം.	ധനം മാത്രം	൬൯൬	൭൧൮
	ധനവും ഉല്പാദന വില്പനകളും	൧൮	
	വിതരണ സംഘങ്ങൾ	൧൯	
	മററു ജാതി	൧൧	

താഴെ വരുന്ന പുറങ്ങളിൽ ഈ ഓരോ വിഭാഗങ്ങളിലും ഉള്ള സംഘങ്ങളെപ്പററി ഞങ്ങൾ പ്രത്യേകം പ്രതിപാദിക്കാം.

കർഷകധനസഹായസംഘങ്ങൾ.

ത്വരിതീകരണം.

൬. ൧൯൦൪ (൧൦൭൯)-ൽ സഹകരണപ്രസ്ഥാനം ഏർപ്പെടുത്തുന്നതിനു ഗവണ്മെന്റ പ്രാരംഭജോലികൾ ചെയ്തതിനാലും, ഒരു പ്രത്യേകഡിപ്പാർട്ടുമെൻറായി അതിന്റെ ചുമതലക്കാരനായി ഒരു രജിസ്ട്രാരെ നിയമിച്ചതിനാലും സംഘങ്ങളുടെ ത്വരിതീകരണം വേഗത്തിലായിരുന്നതു സ്വാഭാവികമാണ്. മുകളിൽ കൊടുത്ത കണക്കുകളിൽനിന്നു ൧൬ വർഷംകൊണ്ടു ൧൭൫൧ കർഷകധനസഹായസംഘങ്ങൾ രാജ്യത്തു ജോലി ആരംഭിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്. ഈ ദ്രുതഗതിയായുള്ള ത്വരിതീകരണം ബ്രിട്ടീഷ് ഇൻഡ്യയിൽ ഉണ്ടായതുപോലെയാണെങ്കിലും, അവയുടെ ഉല്പത്തിസ്ഥാനമായ ജർമ്മനിയിൽ ഗ്രാമബാങ്കുപ്രസ്ഥാനത്തിന്റെ ജനയിതാവായ റയിഫെയിസന്റെ മേൽനോട്ടത്തിൽ ഇത്തരതിരി സ്ഥാപനങ്ങൾ സാവധാനത്തിൽ വളർന്നുവന്നതിൽനിന്നും ഈ രീതി വളരെ വ്യത്യസ്തമായിട്ടുള്ളതാകുന്നു. അദ്ദേഹത്തിന്റെ ആദ്യസംഘം ൧൮൪൯-ൽ തുടങ്ങുകയും അടുത്ത ൧൦ വർഷംകൊണ്ടു മൂന്നു സംഘങ്ങൾകൂടി മാത്രം ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ൧൮൬൮-ൽ അതായതു ആദ്യസംഘം ഏർപ്പെടുത്തി ൨൦ വർഷം കഴിഞ്ഞപ്പോൾ ആണ് അദ്ദേഹത്തിന്റെ സംഘങ്ങളെപ്പററി പരക്കെ അറിവുണ്ടായതു. ൧൮൮൮ വരെ പറയത്തക്കവണ്ണം അവ വർദ്ധിച്ചിട്ടില്ല. വൂൾഫിന്റെ പീപ്പിൾസ് ബാങ്ക്സ് എന്ന പുസ്തകം ൧൧൮—൧൧൭ വശങ്ങൾ നോക്കുക.

ഫലത്തിൽ ഇച്ഛാഭംഗം.

൭. ഈ സാവധാനമായ വളർച്ച ഒരു നല്ല പാരമ്പര്യത്തിന്റെയും ശരിയായ നടപടിക്രമത്തിന്റെയും പരിപോഷണത്തിനു നിദാനമായും കാലാന്തരത്തിൽ ഉണ്ടായ

ഉത്തമമായ സംഖ്യാവർദ്ധന അവയുടെ സൽപ്രവൃത്തനത്തിനു ഹാനികരമാകാതെയും ഇതന്നു. മററുചില ഇൻഡ്യൻ പ്രൊവിൻസുകളിലെപ്പോലെ തിരുവിതാംകൂറിലും പ്രസ്ഥാനത്തിൻെറ അഭിവൃദ്ധി സംഘങ്ങളുടെ നന്മയും പ്രവൃത്തനവും കൊണ്ടല്ല, എണ്ണവും അംഗങ്ങളുടെ ബാഹുല്യവും മൂലധനവും കൊണ്ടാണോ നിർണ്ണയിക്കേണ്ടതു് എന്നുള്ള ഒരു വ്യത്യസ്ഥാനിലയി ലാണെന്നു പറയേണ്ടതില്ലല്ലോ. മൊത്തത്തിൽ പറയുന്നപക്ഷം ഇപ്രകാരമുള്ള ഒരു പ്രസ്ഥാനത്തിൽനിന്നു സംഭവിക്കാമെന്നു സാധാരണ പ്രതീക്ഷിക്കുന്ന ദൈവനികാത്മികഫലങ്ങൾ ഈ രാജ്യത്തു കാണപ്പെട്ടിട്ടില്ല. ഈ ഉപരാഗ്രഹം ഞങ്ങളുടെ മുമ്പാകെ പലരും സാക്ഷികളും തുറന്നു പ്രസ്താവിച്ചിട്ടുള്ളതാണ്.

൭. സഹകരണത്തിനെതിരെ തന്നെയുള്ള ഉല്ലാതത്വക്കേത്തകൾ വിശേഷാവസ്ഥകളൊന്നും തിരുവിതാംകൂറിലെ മണ്ണിലൊ ശീതോഷ്ണസ്ഥിതിയിലൊ ഇല്ലാത്തതും, തെക്കെഇൻഡ്യ സഹകരണോദ്യമങ്ങളുടെ വളർച്ചയ്ക്കു പറ്റിയ ഒന്നല്ലയെന്നു പറഞ്ഞവരായി അറിയപ്പെടുന്ന ഒന്നുരണ്ടു പ്രശസ്തസഹകരണപ്രവർത്തകന്മാരെപ്പോലെ ഞങ്ങൾക്കു അത്രമാത്രവിശ്വാസം ഇല്ലാത്തതുമാണ്. ജനസംഖ്യയിലുള്ള സ്ഥിതിയും ജനസിദ്ധമായ ധിഷണാശക്തിവൈഭവം കൊണ്ടും ഈ പ്രസ്ഥാനത്തിൻെറ കൂടുതൽ പ്രചാരംകൊണ്ടും ജന്മസിദ്ധമായ ധിഷണാശക്തിയാലും അതിനെ സഹകരണപ്രസ്ഥാനത്തിൻ പ്രവേശിക്കാൻ ഉപകാരമുള്ള മനഷ്യരെ വളരെ അഭിവൃദ്ധിമുഖരായ സഹകാരികളാക്കിത്തീർക്കാൻ പ്രസ്ഥാനത്തിനു വലുതായ സൌകര്യമുള്ളതാണ്. സിൻഡിൻെറ ഉദാഹരണം നമുക്കുണ്ട്, എൻ എ ഒ -നഗരമു അവിടെ സഹകരണപ്രസ്ഥാനം പുഷ്ടിപ്പെടുകയില്ലെന്നാണ് പൊതുവെ വിശ്വസിക്കപ്പെട്ടിരുന്നതു്. എന്നാൽ സംഘത്രൂപീകരണത്തിൻെറ ഫലങ്ങൾ ഈ ദീർഘദർശനത്തെ അപാസ്തമാക്കുകയും ഇപ്പോൾ സിൻഡു ബോംബെ പ്രസിഡൻസിയിൽ ഈ പ്രസ്ഥാനം നിസ്തുലമായ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒന്നായിരിക്കുകയും ചെയ്തിരിക്കുന്നു. ഈ രാജ്യത്തു പ്രസ്ഥാനം വിഫലമായിത്തീരാനിടയായ പ്രധാനകാരണങ്ങൾ ദ്രുതഗതിയായ രൂപീകരണം, സഹകരണതത്വങ്ങളിലും വ്യാപാരമുറകളിലും ഉള്ള പ്രബോധനക്കുറവു്, ശരിയായ ആളുകളെ തിരഞ്ഞെടുക്കായ്ക എന്നിവയാണ്. ഏതാനും കൊല്ലങ്ങൾക്കുമുമ്പു ഇതു ബുദ്ധിപൂർവ്വമായും വിശദമായും ഡിപ്പാർട്ടുമെൻറു മനസ്സിലാക്കുകയും തത്ഫലമായി പ്രചരണത്തിനുപകരം ദൃഢീകരണത്തിനും ശോധനത്തിനും ആയുള്ള ഒരു നയം യഥോചിതം തുടങ്ങുകയും ചെയ്തു. അതിൻെറ ഫലമായി അടുത്ത കൊല്ലങ്ങളിൽ വളരെ കുറച്ചു സംഘങ്ങൾ മാത്രമെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളു. ഇതു പ്രസ്ഥാനത്തിൻെറ വളർച്ചക്കുറവിനു കാരണമാകുമെന്നു ഞങ്ങൾ വിചാരിക്കുന്നു. പ്രചരണത്തിനും പ്രബോധനത്തിനും വേണ്ടിടത്തോളം പ്രാരംഭപ്രവൃത്തിയോടുകൂടി വികസനവും ദൃഢീകരണവും ഒരുമിച്ചു നടത്തണമെന്നും ഞങ്ങൾ രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളപ്രകാരം സംഘങ്ങളുടെ എണ്ണം കുറഞ്ഞ താലൂക്കുകളിൽ പുതിയ സംഘങ്ങൾ സ്ഥാപിക്കുന്ന കാര്യം പ്രത്യേകിച്ചു ശ്രദ്ധിക്കണമെന്നും ഞങ്ങൾ ശുപാർശ ചെയ്യുന്നു.

പ്രാരംഭ മുതലേ പ്രബോധനം ഉപേക്ഷിക്കപ്പെട്ടു.

൮. ഒരു സംഘം രജിസ്റ്റർചെയ്യുന്നതിനുമുൻപു അതു സഹകരണതത്വങ്ങൾ അനുസരിച്ചുമാത്രമല്ല കാര്യക്ഷമമായും ഫലപ്രാപ്തിയോടുകൂടിയും രൂപീകരിക്കപ്പെട്ടിരിക്കുന്നു എന്നു ബോദ്ധ്യപ്പെടേണ്ട ചുമതല റഗുലേഷൻപ്രകാരം രജിസ്ട്രാരിൽ ആരോപിക്കപ്പെട്ടിരിക്കുന്നു. ഈ ചുമതല അഭിലഷണീയമായവിധത്തിൽ ഭൂതകാലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിരുന്നതായി കാണുന്നില്ല. രജിസ്റ്റർചെയ്യുന്നതിനു മുമ്പോ പിമ്പോ അംഗങ്ങൾക്കു സഹകരണതത്വങ്ങളിൽ അഭ്യസനം നൽകുന്നതിനു രജിസ്ട്രാരും സിൽബന്തികളും മിക്കവാറും ഒന്നുംതന്നെ ചെയ്തിട്ടില്ല. ഇപ്രകാരം ശാഖകളുടെ അനാരോഗ്യത്തിൽ കലാശിച്ചിട്ടുള്ള ഇപ്പോഴത്തെ നിലയ്ക്കു പ്രധാനകാരണം വ്യക്തമൂലങ്ങൾക്കുണ്ടായിട്ടുള്ള ശുശ്രൂഷക്കുറവു

തന്നെയാണ്. വേരുകളെ ശുശ്രൂഷിച്ചാൽ വൃക്ഷം താനെ വളർന്നുകൊള്ളും. ഇതു് ഇവിടെയും എവിടെയും ആദരിക്കപ്പെടേണ്ട ഒരു പ്രമാണം ആകുന്നു. ആയതിനാൽ ഒരു സംഘം രജിസ്റ്റർ ചെയ്യപ്പെടുന്നതിനുമുൻപു് അതിലെ അംഗങ്ങൾക്കു സഹകരണതത്വങ്ങൾ സാമാന്യേനയെങ്കിലും മനസ്സിലായിട്ടുണ്ടെന്നും, ആയതു ശരിയായി പ്രവൃത്തിക്കത്തക്കവണ്ണം രൂപീകരിക്കപ്പെട്ടിരിക്കുന്നു എന്നും സ്ഥലത്തു് അതിന്റെ ആവശ്യം ഉണ്ടെന്നും രജിസ്ത്രാരും സിൽബന്തികളും ബോദ്ധ്യപ്പെടേണ്ടതാണ്. വൂൾഫിന്റെ ശാസനങ്ങളിൽ ഒന്നു 'സഹകരണം ആവശ്യമുള്ളിടത്തു അഭിവൃദ്ധിപ്പെടും' എന്നാണ്.

നായകത്വം,

൯. സഹകരണസംഘത്തിന്റെ മറെറാരാവശ്യം നായകത്വമാണ്. തങ്ങളുടെ ഗുണത്തേക്കാൾ ഗ്രാമത്തിന്റെ പൊതുവെയുള്ള ഗുണത്തെ ഉദ്ദേശിച്ചു സംഘത്തിൽ ചേർന്നവരായി സ്വാർത്ഥപൊതുകാര്യപ്രസക്തിയും പ്രാപ്തിയും താല്പര്യവും ഉള്ള ഒന്നു രണ്ടാളുകൾ, സർ ഫ്റെഡറിക്ക നിക്കൾസന്റെ ഭാഷയിൽ പറയുന്നപക്ഷം റയിഫെയിസൻ മനോഭാവമുള്ളവരായി, അംഗങ്ങളുടെയിടയിൽ ഇല്ലാതിരുന്നാൽ ഒരു സംഘം ഉദ്ദിഷ്ടകരമായും വിജയകരമായും പ്രവൃത്തിക്കുന്നതല്ല. അദ്ദേഹം തന്റെ പ്രഖ്യാതമായ റിപ്പോർട്ടിൽ ജർമ്മനിയിലുള്ള സംഘങ്ങൾ മദ്രാസിൽ യോജിച്ചതാണോ എന്നും അവ ജർമ്മനിയിലേതുപോലെയുള്ള ഫലങ്ങൾ ഉളവാക്കുമോ എന്നും അന്തപ്രശ്നം ചെയ്തിട്ടു് ഓരോ സംഘവും നടത്താനും നയിക്കാനും പാകവരായ നേതാക്കന്മാർ—അതായതു് ഗ്രാമത്തിലുള്ളവരും ജനസാമാന്യത്തെക്കാൾ ഉയർന്ന സാമുദായികസ്ഥാനവും ധിഷണാവൈഭവവുമുള്ളവരും ഗ്രാമീണരെ സഹായിക്കുന്നതിനു ആകാംക്ഷയുള്ളവരും ആയ ആളുകൾ ഉള്ളപക്ഷം—എന്നു സുവ്യക്തമായ അനുകൂലോത്തരം നൾകിയിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം ഇൻഡ്യൻഗ്രാമങ്ങളിൽ ആ പ്രകാരമുള്ള നേതാക്കന്മാർ ഉണ്ടെന്നും, അവരെ കണ്ടുപിടിക്കേണ്ട ആവശ്യമേയുള്ളു എന്നും ആണ്. ചുരുക്കിപ്പറഞ്ഞാൽ റയിഫേസനെ അതായതു് റയിഫേസന്റെ ആദർശത്തിലുള്ള നേതാക്കന്മാരെ 'കണ്ടുപിടിക്കുക' എന്നീ വാക്കുകൾകൊണ്ടു് അദ്ദേഹം റിപ്പോർട്ടു മുഴുവൻ സമാഹരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഉപദേശം റയിഫേസനെപ്പോലെയുള്ള ഒരാളെക്കണ്ടു് ഒരു സംഘം ഏർപ്പെടുത്തി അദ്ദേഹത്തെ ഏല്പിക്കുക എന്നായിരുന്നു. നമ്മുടെ ഉദ്യോഗസ്ഥന്മാർക്കോ അനുദ്യോഗസ്ഥന്മാർക്കോ റയിഫേസന്മാരെ കണ്ടുപിടിക്കുന്നതിനുള്ള ക്ഷമയുണ്ടായിട്ടില്ലാത്തതും തത്ഫലമായി സംഘങ്ങൾ അവയിൽനിന്നു പ്രതീക്ഷിക്കപ്പെടുന്ന നൈതികാത്മികഗുണങ്ങൾ പ്രദാനം ചെയ്യാത്തതിൽ വിസ്മയത്തിനു അവകാശമില്ലാത്തതുമാകുന്നു. ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനുമുൻപു രജിസ്ത്രാർ ബോദ്ധ്യപ്പെടേണ്ട മറെറാരു സംഗതി ആ സംഘം നടത്താനും നയിക്കാനും ശരിയായ ആളുകൾ ഉണ്ടോ എന്നുള്ളതാണ്.

പരീക്ഷണകാലം.

൰. ഒരു സംഘം രജിസ്റ്റർ ചെയ്യണമെന്നു അപേക്ഷിക്കുന്നവരോടു അതു ഏതാനും മാസക്കാലം പരീക്ഷണാർത്ഥമായി നടത്തുന്നതിനു അവരോടാവശ്യപ്പെടുന്ന രീതി അടുത്ത കാലത്തു ചിലപ്പോൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. ഇതൊരു നല്ല പതിവാണെന്നും അതു് എല്ലായ്പോഴും സ്വീകാര്യമായിട്ടുള്ളതാണെന്നും ഞങ്ങൾ ശുപാർശചെയ്യുന്നു. പരീക്ഷണകാലം ആറുമാസമായി നിർണ്ണയിക്കാവുന്നതാണ്.

വർഗ്ഗീയസംഘങ്ങൾ.

൰൧. വർഗ്ഗീയസംഘങ്ങളിൽ ഞങ്ങൾക്കുള്ള വിപ്രതിപത്തിയെപ്പററി പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. മേലാൽ വർഗ്ഗീയസംഘങ്ങൾ ഒന്നും രജിസ്റ്റർ ചെയ്യുവാൻ പാടില്ലെന്നു ഞങ്ങൾ

വിചാരിക്കുന്നു. അതേ സമയത്തുതന്നെ, പൊതുവായ സാമ്പത്തികാഭിധാനത്തിൻെറ സഹായത്തോടുകൂടി ശരിയായ ഒരു പൌരസഞ്ചയം രൂപീകരിക്കുക എന്നതു ഒരു സഹകരണസംഘത്തിൻെറ ഉദ്ദേശങ്ങളിൽ ഒന്നുകൂടി ആയിരിക്കുന്നതുകൊണ്ടു് ഒരു കരയിൽ എല്ലാ വർഗ്ഗക്കാർക്കും പ്രവേശനമുള്ളവിധം സംഘങ്ങളുടെ സംഖ്യ ഏറ്റവും കുറഞ്ഞിരിക്കുന്നതിനുവേണ്ടി ഇപ്പോഴുള്ള വർഗ്ഗീയസംഘങ്ങളെ സംയോജിപ്പിക്കാനും ശ്രമിക്കേണ്ടതുണ്ട്.

മെംബരന്മാരുടെ പരിമിതി.

൯. ൪-ാം അദ്ധ്യായത്തിലുള്ള ൩-ാം പട്ടികയിൽനിന്നു ഹിന്ദുസ്ഥാനത്തിൽ സംഘമൊന്നിനുള്ള ശരാശരി അംഗങ്ങളുടെ എണ്ണം മററു സ്ഥലങ്ങളിലുള്ളതിനെക്കാൾ വളരെ കുറവായാണെന്നു കാണാവുന്നതാണ്. കുറിഞ്ഞ അംഗങ്ങളുള്ള ഗ്രാമസംഘങ്ങൾ ഉത്തമങ്ങളാണെന്നു മക്ലഗൻ കമ്മിററി അഭിപ്രായപ്പെട്ടിരിക്കുന്നു. തിരുവിതാംകൂറിൽ ജനബാഹുല്യം മററു ഇന്ത്യൻപ്രദേശങ്ങളെ അപേക്ഷിച്ചു കൂടിയിരിക്കുന്നതിനാൽ ഇപ്പോൾ ഒരു ധനസംഘത്തിലെ അംഗങ്ങളുടെ ശരാശരി എണ്ണം ൧൨ ആയിരിക്കുന്നതും, വ്യാപാരാതിർത്തിയിൽ മൂന്നോ അധികമോ കരകൾ ഉൾപ്പെടുന്നതും ൧൦൦-ൽ കവിഞ്ഞ അംഗങ്ങളുള്ളതുമായ സംഘങ്ങൾ വളരെയുള്ളതും ആണ്. ഒരൊന്നിലും ഒന്നോ രണ്ടോ കരകൾമാത്രം ഉള്ളതിലും അംഗങ്ങളുടെ എണ്ണം ഞങ്ങൾ നിശ്ചയിക്കുന്ന പരമാവധിയിൽ കവിയാതെയും അപ്രകാരമുള്ള സംഘങ്ങൾ വിഭജിക്കപ്പെടണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. അങ്ങനെ ചെയ്യാതെയിരുന്നാൽ നല്ലതും ഫലപ്രദവുമായ പ്രവർത്തനത്തിനു അത്യന്താപേക്ഷിതമായ പരസ്പരപരിചയം ഇല്ലാതായിത്തീരുന്നതാണ്. ഇപ്പോഴത്തെ ഇടപാടുകളുടെ തോതനുസരിച്ചു ഒരു സംഘം സ്വാശ്രയമുള്ളതാകുന്നതിലേക്കു വേണ്ട പ്രവർത്തനവൈപുല്യം നോക്കി ൧൦൦ അംഗങ്ങൾവരെ ഉണ്ടായിരിക്കാമെന്നു ഞങ്ങൾ നിർദ്ദേശംചെയ്യുന്നു. ഏതെങ്കിലും ഒരു സംഘം അതിലെ അംഗങ്ങളുടെ എണ്ണം വീണ്ടും പരിച്ഛേദിക്കണമെന്നു ആഗ്രഹിക്കുന്നെങ്കിൽ അപ്രകാരം ചെയ്യാവുന്നതും എന്നാൽ അതു് ഒരു വർഗ്ഗീയസംഘമായി തീരാതെയും സ്വതന്ത്രവ്യവഹാരങ്ങൾ നടത്തത്തക്ക പ്രാപ്തിയോടുകൂടിയും ഇരിക്കേണ്ടതാണ്. എന്നാൽ ഞങ്ങൾ ഇവിടെ നിർണ്ണയിച്ചിട്ടുള്ളതിൽ വളരെ കുറവാണ് മററു സ്ഥലങ്ങളിൽ കാണപ്പെട്ടിട്ടുള്ള അംഗങ്ങളുടെ പരമാവധി എന്നും പറയേണ്ടതായിട്ടുണ്ട്. ഉദാഹരണമായി പഞ്ചാബിൽ ൩൩-ം ബോംബെയിൽ ൧൦൪-ം കൊച്ചിയിൽ ൯൭-ം (രജിസ്ട്രാരുടെ റിപ്പോർട്ടനുസരിച്ചു ൧൦൮൯-ം) ബെംഗാൾ പ്രസിഡൻസിയിൽ ൩൪-ം മൈസൂരിൽ ൩൭-ം ആണ്.

ഓഹരികൾ.

൧൦. ൧൧൦൭-ൽ കർഷക ധനസഹായസംഘങ്ങളുടെ ഓഹരി മൂലധനം ൩,൧൭,൩ ലക്ഷം രൂപയായിരുന്നു. ഇതു ൧,൩൭ ലക്ഷം അംഗങ്ങൾക്ക വിഭജിച്ചാൽ ശരാശരി ൧൩ രൂപ വരുന്നതാണ്. മററു രാജ്യങ്ങളുടേയും പ്രോവിൻസുകളുടേയുംകാൾ കൂടുതലായ വിധത്തിൽ തിരുവിതാംകൂറിലെ കർഷകധനസഹായസംഘങ്ങളുടെ ഓഹരി മൂലധനം ആകെയുള്ള പ്രവർത്തനധനത്തിൻെറ ൩൦ ശതമാനത്തോളം വരുന്നുണ്ട്. ഇതു ഞങ്ങൾ മുമ്പു ചൂണ്ടിക്കാണിച്ചിട്ടുള്ളപ്രകാരം അംഗമൊന്നിനുള്ള ശരാശരി പ്രവർത്തനധനത്തിൻെറ കുറവുമൂലം സംഭവിച്ചിട്ടുള്ളതാണ്. സംഘങ്ങളുടെ ക്ലിപ്തരഹിതബാദ്ധ്യത അനുസരിക്കാതെ ഒരംഗത്തിൻെറ ഓഹരിമൂലധനം ആണ് അയാൾക്ക വായ്പ ലഭിക്കുന്നതിനുള്ള നിദാനമായി വിചാരിക്കപ്പെട്ടുവരുന്നതു്. ഒരു മെമ്പർ സംഘത്തിൽ ചേരുമ്പോൾ സാധാരണയായി ഒരു ഓഹരി എടുക്കുകയും എന്നാൽ അയാൾക്ക ഒരു വായ്പ വേണ്ടിവരുമ്പോൾ അതിനുതക്ക യോഗ്യതയുണ്ടാകുന്നതിലേക്കായി കൂടുതൽ ഓഹരികൾ എടുക്കുകയും ചെയ്യുന്നു. പിൻവലിക്കത്തക്കതാണെങ്കിലും ഓഹരിമൂലധനം ഒരു നല്ല മിതവ്യയസമ്പ്രദായമാണെന്നു ഞങ്ങൾക്ക തോന്നുന്നു. ഒരു നിക്ഷേപം എന്ന നിലയിൽ വേണ്ടവണ്ണം

അതിന്റെ മൂലധനം മനസ്സിലാക്കപ്പെട്ടിട്ടില്ലെങ്കിലും, കടങ്ങൾക്കായി ജപ്തി ചെയ്യുന്നതിൽ നിന്നു ഒഴിവാക്കപ്പെട്ടിട്ടുള്ള ഒരു സ്വാതന്ത്ര്യം അതിനുണ്ട്. ആയതിനാൽ എല്ലാ മെമ്പറന്മാരും അവരുടെ വായ്പകൾ വേണമെങ്കിലും വേണ്ടെങ്കിലും ബൈലായിൽ നിശ്ചയിച്ചിട്ടുള്ള പരമാവധിവരെ ഓഹരികൾ എടുക്കാൻ പ്രേരിതരാകേണ്ടതും കുറഞ്ഞതു നാലണയെങ്കിലും മാസംതോറും ഓഹരിത്തവണ അടക്കേണ്ടതുമാണ്.

നിക്ഷേപം ഒരു വിജയലക്ഷ്യമാണ്.

൫൫. ഒരു സംഘത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശങ്ങളിൽ ഒന്നു അതിലെ അംഗങ്ങളുടെ ഇടയിൽ മിതവ്യയശീലം പ്രോത്സാഹിപ്പിക്കുക ആയിരിക്കുന്നതുകൊണ്ടു മിത്തം അവരുടെ ചെറുസമ്പാദ്യങ്ങൾ കറന്റ്, പ്രതിമാസം, സേവിംഗ് സ്ഥിരം എന്നീ തരം നിക്ഷേപങ്ങളായി സമുച്ചയിക്കുന്നതിനു നിബന്ധനകളിൽ വേണ്ട വ്യവസ്ഥകൾ ചെയ്തിരിക്കേണ്ടതും ആകുന്നു. എന്നാൽ നിർഭാഗ്യവശാൽ പ്രസ്ഥാനത്തിന്റെ ഈ വശം സംഘങ്ങൾ പാടേ അവഗണിക്കയും അവയെ കടംവായ്പകൾ കൊടുക്കുന്ന സ്ഥാപനങ്ങളായിമാത്രം അംഗങ്ങൾ കരുതിപ്പോരുകയും ചെയ്യുന്നു. ഈ തെററായ ധാരണ മാററുന്നതിനു ഡിപ്പാർട്ടുമെന്റാകട്ടെ, ഐക്യസംഘങ്ങളാകട്ടെ യാതൊന്നും ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഒരു സംഘത്തിന്റെ ശരിയായ വിജയത്തെ തുലനം ചെയ്യുന്നതിനുള്ള ഒരു വഴി അതിനു അംഗങ്ങളിൽനിന്നു ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ള നിക്ഷേപങ്ങളുടെ കണക്കാകുന്നു. അതിനാൽ ബോംബെ പ്രസിഡൻസിയിലെ ഏതാനും സ്ഥലങ്ങളിലും കൊച്ചിയിലും ചെയ്യുന്നതുപോലെ എല്ലാ സംഘങ്ങളിലും ഒരുവക നിർബന്ധിതനിക്ഷേപവ്യവസ്ഥകൾ ഏർപ്പെടുത്തണമെന്നു ശുപാർശ ചെയ്യാൻ ഞങ്ങൾ മടിക്കുന്നില്ല. മുൻ കടങ്ങൾ തീർക്കുന്നതിലേക്കായി ഈ നിക്ഷേപങ്ങൾ പ്രത്യേകമായി വിനിയോഗിക്കപ്പെടാവുന്നതാണ്. പലേ മാർഗ്ഗേണയും ഈ ഉദ്ദേശം സാധിക്കാവുന്നതാണ്. ബൈലാസിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള പരമാവധിയാകുന്ന തുകവരെ കൂടുതൽ ഓഹരികൾ എടുത്തുകൊണ്ടിരിക്കുന്നതിനു അപ്പൊഴപ്പോൾ അംഗങ്ങളോടു ആവശ്യപ്പെട്ടോ കുറഞ്ഞതുകകളായിരുന്നാലും ആവർത്തനനിക്ഷേപങ്ങൾ വെയ്ക്കുന്നതിനു അവരെ നിർബന്ധിച്ചോ തെങ്ങുകളുടെ ആദായങ്ങൾ സംഘങ്ങളിൽനിന്നും എടുത്തോ ഹോംസേഫ് (വീട്ടുവഞ്ചി) നിക്ഷേപങ്ങൾ ഏർപ്പെടുത്തിയോ മററു ഏതെങ്കിലും വിധേനയോ അതു സാധിക്കാവുന്നതാണ്. ഞങ്ങൾ കണ്ണനസംഘം സന്ദർശിച്ചപ്പോൾ അവിടെ ൧൩ വഞ്ചി നിക്ഷേപങ്ങൾ ഏർപ്പെടുത്തി ൩൦൦ രൂപയോളം ശേഖരിക്കപ്പെട്ടതായിക്കണ്ട് ഞങ്ങൾക്കു വളരെ സന്തോഷമുണ്ടായി. അതിലേക്കു സൌകര്യമുള്ളതായ ഒരു ചെറിയ ബലമുള്ള മരപ്പെട്ടി സംഘത്തിൽനിന്നും അംഗങ്ങൾക്കു കൊടുക്കുന്നു. അംഗങ്ങളുടെ നിക്ഷേപങ്ങൾ വർദ്ധിപ്പിച്ചശേഷം സ്ഥലത്തു സംഘത്തിൽ ചേരാതെയുള്ളവരുടെ പക്കൽനിന്നും നിക്ഷേപങ്ങൾ വാങ്ങുന്നതിനു സംഘം എല്ലാവിധ ശ്രമങ്ങളും ചെയ്യണം. സ്ഥലത്തെ മെമ്പറന്മാരും അല്ലാത്തവരും ആയ ജനങ്ങളിൽ നിന്നു ഈപ്രകാരം വരുന്ന നിക്ഷേപങ്ങൾ സ്ഥലനിവാസികൾക്കു സംഘത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കയും സംഘത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനു കാരണമായിത്തീരുകയും ചെയ്യും. അതുകൊണ്ട്, ഓരോ സംഘവും അതതിന്റെ കടംവാങ്ങൽ സീമകൾ അനുസരിച്ച്, സംഘത്തിന്റെ സ്ഥലത്തുനിന്നും ആകർഷിക്കാൻ കഴിയുന്നത്ര ധനം വേണ്ട കരുതലോടുകൂടി ശേഖരിക്കുന്നതിനു എല്ലാ ശ്രമങ്ങളും ചെയ്യേണ്ടതാണ്.

പ്രാഥമിക സംഘങ്ങൾ കറന്റും സേവിംഗ്സും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ.

൫൬. ക്ലിപ്തരഹിതസംഘങ്ങളുടെ നിബന്ധനകളിൽ മെമ്പറന്മാരിലും അല്ലാത്തവരിലും നിന്നു കറന്റും സേവിംഗ്സും നിക്ഷേപങ്ങൾ വാങ്ങിക്കാമെന്നു വ്യവസ്ഥയുണ്ടെങ്കിലും, സാധാരണ ക്ലിപ്തരഹിതസംഘങ്ങൾ ഇപ്പോൾ നടത്തപ്പെട്ടുവരുന്ന ക്രമ

ത്തിന്ന ആവശ്യമായ മൂലധനം വച്ചുകൊണ്ടിരിക്കുന്നതിന്ന അംഗങ്ങളെ ക്ഷണിക്കൽ, അതിന്ന യോജിച്ചവയല്ലെന്നാണ് ഞങ്ങളുടെ വിചാരം. അതുകൊണ്ട് അവ സാധാരണയായും, വിശിഷ്യ അംഗങ്ങളല്ലാത്തവരിൽനിന്നും പ്രത്യേകമുള്ള നിക്ഷേപങ്ങൾ വാങ്ങിക്കൂടെന്ന ഞങ്ങൾ ഉപദേശിക്കുന്നു. എന്നാൽ ശരിയായി പുഷ്ടിപ്പെട്ടിട്ടുള്ള സംഘങ്ങൾ അവയ്ക്ക ആവശ്യപ്പെടുന്ന മൂലധനം വച്ചുകൊണ്ടിരിക്കുന്നതിന്നു മേൽ യുണ്ടെന്ന രജിസ്ട്രാർക്ക ബോദ്ധ്യപ്പെടുന്നപക്ഷം അവയ്ക്ക കറന്റ സേവിംഗ്സ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന്ന അനുവാദം കൊടുക്കാവുന്നതാണ്.

നിക്ഷേപങ്ങൾക്കുള്ള ഉത്തരവാദിത്വം.

൬൫. സ്ഥിരനിക്ഷേപങ്ങളെ സംബന്ധിച്ചേടത്തോളം അവ യഥാകാലം തിരിച്ചുകൊടുക്കുന്നതിന്ന പ്രയാസം നേരിടാതിരിക്കത്തക്കവണ്ണം തുകകളും അവധികളും ക്രമീകരിക്കുന്നതിന്ന ശ്രദ്ധിക്കേണ്ടതാണ്. ൧൦൦൦ രൂപയിൽ കൂടുതൽ വ്യക്തിയിൽനിന്ന സംഘങ്ങൾ സ്ഥിരനിക്ഷേപങ്ങൾ വാങ്ങുന്നതു ശരിയല്ല. അപ്രകാരമുള്ളവയ്ക്ക ഒരു നിക്ഷേപത്തിന്റെ പരമാവധി ൫൦൦ രൂപയായിരിക്കാവുന്നതാണ്. അതിലും വലിയ തുകകൾ വരുമ്പോൾ അവയെ പല കാലങ്ങളിലേക്കുള്ള ചെറിയ തുകകളായി വിഭജിക്കപ്പെടേണ്ടതാണ്. സാധാരണയായി ഒരു നിക്ഷേപത്തിന്റെ കുറഞ്ഞ കാലാവധി ഒരു കൊല്ലമായിരിക്കണം. എന്നാൽ പ്രത്യേക സംഗതിവശാൽ കുറഞ്ഞകാലത്തേക്കുള്ള ഒരു നിക്ഷേപം മാനേജിംഗ് കമ്മിററിക്ക സ്വീകരിക്കാവുന്നതും ആണ്.

നിക്ഷേപങ്ങൾക്കുള്ള പലിശ.

൬൬. ഇപ്പോൾ സ്ഥിരനിക്ഷേപങ്ങൾക്ക അനുവദിച്ചുവരുന്ന പരമാവധി പലിശ ൭½ ശതമാനമാണ്. ഗവൎമ്മെണ്ട സേവിംഗ്സ ബേങ്കുകൾ കൂടിയ പലിശനിരക്ക കൊടുക്കുന്നതിനാൽ ഈ നിരക്കിന്ന നിക്ഷേപങ്ങൾ ആകൎഷിക്കാൻ വിഷമമാണെന്ന ചില സംഘങ്ങൾ രജിസ്ട്രാർക്ക നിവേദനങ്ങൾ അയച്ചിട്ടുള്ളതായി ഞങ്ങൾ അറിയുന്നു. പരമാവധി ൯½ ആക്കണമെന്ന് അവർ അഭിപ്രായപ്പെട്ടു എങ്കിലും രജിസ്ട്രാർ ന്യായമായി അതിനെ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. നിക്ഷേപങ്ങൾക്കുള്ള പലിശനിരക്കിനെ സംബന്ധിച്ച അലംഘ്യങ്ങളായ ചട്ടങ്ങൾ ഉണ്ടായിരിക്കുന്നതു ആശാസ്യമല്ലെങ്കിലും യാതൊരവസരത്തിലും ആയതു സംഘത്തിന്ന ധനസഹായ ബാങ്കിൽ നിന്ന ലഭിക്കാവുന്ന വായ്പകളുടെ പലിശ ക്രമത്തിൽ കവിഞ്ഞിരിക്കുന്നു ടാത്തതാകുന്നു.

വ്യക്തികളുടെ പരമാവധി വായ്പകൾ.

൬൭. ഇപ്പോഴത്തെ നിബന്ധനകൾപ്രകാരം ഒരു മെമ്പർ അടച്ചിട്ടുള്ള ഓഹരിയുടെയോ ഓഹരികളുടെയോ അഞ്ചിരട്ടി കടം വാങ്ങുന്നതിന്ന അനുവദിക്കുന്നു. ഒരു ക്ലിപ്തരഹിത ബാദ്ധ്യത സംഘത്തിൽ ചേരുന്ന ഒരു മെമ്പർ കൈയേല്ക്കുന്ന ആപത്തിനെ ഓൎത്തു അയാൾ ചേരുന്ന ഓഹരിവിഹിതയുടെ പത്തിരട്ടി കടം വാങ്ങാൻ അനുവദിക്കണമെന്നാണ് ഞങ്ങൾക്കുള്ള അഭിപ്രായം.

പററുവരവ്.

൬൮. അംഗങ്ങൾക്ക വായ്പകൾ കിട്ടുന്നതിലുണ്ടാകുന്ന താമസത്തെപ്പററിയുള്ള പരാതികൾ വളരെ സാധാരണമാണ്. ഇടവിട്ടുമാത്രം കൂടുന്ന കമ്മിററിക്കാർ അനുവദിക്കേണ്ടിവരുന്നതുകൊണ്ട കുറച്ചെല്ലാം കാലതാമസം അപരിഹാൎയ്യമാണ്. ഒരു സഹകരണധനസംഘത്തിന്റെ പ്രധാന ഉദ്ദേശം അംഗങ്ങളുടെ നടപ്പു ചിലവിലേക്കുള്ള ആവശ്യങ്ങൾ നിറവേററുകയായിരിക്കണമെന്നു ഞങ്ങൾ മറെറാരിടത്തു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങിനെ നിറവേററുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രത്യേകം

സൂക്ഷിക്കേണ്ടതാണ്. അതിനാൽ നല്ലവണ്ണം നടത്തപ്പെടുന്നതും ധനശക്തിയുള്ളതും ആയ സംഘങ്ങൾ അതിലെ അംഗങ്ങൾ ഒപ്പുറോതി സമർപ്പിക്കുന്ന സാധാരണ ധനാവശ്യങ്ങളെ അടിസ്ഥാനമാക്കി അർഹതയുള്ള അംഗങ്ങൾക്ക പറവാവരവു അനുവദിക്കുന്നതിന രജിസ്ട്രാർ അനുമതി നൽകാവുന്നതാണ്.

ആദായകരങ്ങളായ ആവശ്യങ്ങൾക്ക വായ്പകൾ.

൭൭. ൧൯൧൧-൦ൽ അംഗങ്ങൾക്ക കൊടുത്തിരുന്ന വായ്പ ൧ ൻ. ൭൩ ലക്ഷം ക്ക ഉറുപ്പികയിൽ നൂറിൽ ലക്ഷം ക്ക ആദായകരങ്ങളായ ആവശ്യങ്ങൾക്കും ൭. ൭൨ ലക്ഷം ക്ക ആദായരഹിതങ്ങളായ ആവശ്യങ്ങൾക്കും ആണ് കൊടുത്തിട്ടുള്ളത്. കൃഷി, കന്നുകാലികളെ വാങ്ങുക, കരം മിച്ചവാരങ്ങൾ അടയ്ക്കുക, ആഹാരം, വിദ്യാഭ്യാസം ഇത്യാദി ഇനങ്ങൾ ആദായകരങ്ങളായും മുൻ കടം വീട്ടുക, സ്ത്രീധനം കൊടുക്കുക എന്നിവ പ്രധാനപ്പെട്ട ആദായരഹിത ഇനങ്ങളായും ഗണിക്കപ്പെട്ടിരിക്കുന്നു. ഒരു പ്രാഥമിക സംഘത്തിന്റെ ഉദ്ദേശം ആദായകരങ്ങളായ സ്വല്പകാല വായ്പകൾക്ക സൗകര്യം ഉണ്ടാക്കുക എന്നുള്ളതാകയാൽ അതിന്റെ മുതലുകളിൽ ഭൂരിഭാഗവും ആദായകരങ്ങളായ ആവശ്യങ്ങൾക്കതന്നെ കൊടുക്കുകയും വളരെ കുറച്ചു സംഖ്യ മാത്രം മുൻ കടം വീട്ടാൻ വിനിയോഗിക്കയും ചെയ്യേണ്ടതാണെന്ന ഞങ്ങൾ ശുപാർശ ചെയ്യുന്നു. മെമ്പറന്മാരുടെ ഉല്പാദനശക്തിയും തിരിച്ചുകൊടുക്കാനുള്ള ശേഷിയും വർദ്ധിപ്പിക്കുന്നതിലേക്ക സഹായമായി തീരുന്ന വിധത്തിൽ മുൻ കടങ്ങൾ വീട്ടുന്നതിന ആവശ്യം ഉൽഭവിക്കുന്നതായാലും അതിലേക്കുള്ള മുതൽ നിർബന്ധിതമായി ഏർപ്പെടുത്തിയ സമ്പാദ്യങ്ങൾമൂലമോ സ്വരൂപിക്കാൻ അവരെ ശീലിപ്പിക്കേണ്ടതാണ്.

മാനേജിംഗ് കമ്മിററിയുടെ ചുമതല.

൭൮. അംഗങ്ങൾക്ക വായ്പ കൾ അനുവദിക്കുമ്പോൾ അവരുടെ ആവശ്യത്തെയും യഥാർത്ഥത്തിൽ വേണ്ടിവരുന്ന തുകയെയും പററി വേണ്ട അന്വേഷണങ്ങൾ നടത്തുന്നതിനുള്ള ചുമതല കമ്മിററിക്കാരുടേതാണ് അവർ വിചാരിക്കുന്നില്ലെന്ന ഞങ്ങൾ കാണിരിക്കുന്നു. മിക്കസംഘങ്ങളിലും ധാരാളം വമ്പിച്ച സംഖ്യകൾ യഥാർത്ഥമായ ആവശ്യം ഇതാണെന്ന ഞങ്ങൾ വിചാരിക്കുന്നു. സൂക്ഷ്മമായി അന്വേഷണങ്ങൾ നടത്തുന്നതിന്റെ കുറവു അത്യാവശ്യം ഇല്ലാത്തപ്പോഴും കടം വാങ്ങുന്നതിന അംഗങ്ങളെ ധൈര്യപ്പെടുത്തുന്നുണ്ട്. അതിനാൽ ഓരോ വായ്പയും അനുവദിക്കുന്നതിന മുമ്പായി അതിന്റെ ആവശ്യം കമ്മിററിക്കാർ അന്വേഷിക്കയും വിമർശിക്കയും പരിശോധിക്കയും ചെയ്യേണ്ടതാണ്. മുൻകടങ്ങൾ വീട്ടുന്നതിന വായ്പകൾ കൊടുക്കുമ്പോൾ ആ വക മുൻകടങ്ങൾ തീർത്തതിലേക്കുള്ള രേഖകൾ ഹാജരാക്കുന്നതിന സംഘം മെമ്പറന്മാരെ നിർബന്ധിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്ക എല്ലാ ധനസഹായസംഘങ്ങളിലും വായ്പകൾ ഉന്നആവശ്യങ്ങൾക്ക വിനിയോഗിക്കുന്നു എന്നു പൂർണ്ണമായി പരിശോധിക്കുന്നതിന ഓരോ സ്റ്റാൻഡിംഗ കമ്മിററികൾ ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ വായ്പകൾ ശരിയായി വിനിയോഗിക്കുന്നുണ്ടോ എന്ന ഐക്യസംഘങ്ങളിലെ മേലന്വേഷണ ഉദ്യോഗസ്ഥന്മാർ സൂക്ഷ്മമായി പരിശോധിക്കേണ്ടതും, ദുരുപയോഗങ്ങൾ കണ്ടെന്നപക്ഷം, നിബന്ധനകളിൽ നിർദ്ദേശിക്കുന്ന ശിക്ഷാക്രമങ്ങൾക്കായി അതാതു ഐക്യസംഘത്തിനും ധനസഹായസ്ഥാപനത്തിനും രജിസ്ട്രാർക്കും റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. അന്യപേരിൽ എടുക്കപ്പെടുന്ന വായ്പകളും ഈ വിധം പരിശോധിച്ച് റിപ്പോർട്ടു ചെയ്യപ്പെടേണ്ടതാണ്.

സ്വല്പകാലവായ്പകളും മദ്ധ്യമകാലവായ്പകളും.

൭൯. ടൌൺസെൻഡ്സബ്കമ്മററിറിപ്പോർട്ടിനുശേഷം മദ്രാസ് പ്രസിഡൻസിയിൽ ഏർപ്പെടുത്തിയ വ്യത്യാസങ്ങളോടുകൂടിയ ഇപ്പോഴത്തെ നിബന്ധനകൾ സ്വല്പകാലവായ്പകൾ എന്നും ദീർഘകാലവായ്പകൾ എന്നും വായ്പകളെ രണ്ടായി തിരിച്ചിട്ടുണ്ട്. അടുത്ത വിളവെടുപ്പോടുകൂടി തിരികെ അടയ്ക്കേണ്ടതും പരമാവധി ൧൮ മാസക്കാലമു

ളളതും ആയ വായ്പകളെ സ്വല്പകാലവായ്പകളെന്ന പറയപ്പെട്ടിരിക്കുന്നു. സർക്കാർ മിഷ്യൻപ്രകാരം ഇവ അടയ്ക്കുന്നതിനു, കൃഷിവകയും പിട്ടവകയും ആയ ചിലവുകൾ നടത്തുന്നതിനും ഈ വക വായ്പകൾ അനുയോജ്യങ്ങളെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. മുൻകടം വീട്ടുന്നതിനുംകൂടി ഉള്ള മറ്റെല്ലാ ആവശ്യങ്ങൾക്കും ഉള്ളവയെ ദീർഘകാലവായ്പകളായി ഗണിക്കപ്പെട്ടിരിക്കുന്നു. എങ്കിലും അവയ്ക്കു ഏറെയും കൂടിയ കാലാവധി മൂന്നുകൊല്ലവും നിശ്ചയിക്കപ്പെട്ടു കാണുന്നില്ല. പിന്നെയും, ഇരുപതിനായിരത്തിൽ ചുരുക്കം ആവശ്യങ്ങൾ വിട്ടുപോയിട്ടുണ്ടു. മിന്നാലങ്ങൾ തങ്ങളുടെ ഇടപാടുകൾ മുഖേന ആവശ്യങ്ങൾ കൊടുക്കുന്ന വായ്പകൾ വീട്ടുന്നതിനു അടയ്ക്കുന്നതിന്നു ഉണ്ടാവുന്ന പാകുതെ കുറഞ്ഞു പോയി എന്നും, അവയുടെ തവണകൾ പോരാതാകുന്നു, ആയതു അഞ്ചോ ആറോ വർഷമായി വർദ്ധിപ്പിക്കണമെന്നും ഞങ്ങൾ ശുപാർശ ചെയ്യുന്നു. ഇതിനെ ദീർഘകാലവായ്പകൾ എന്നു പറയുന്നതിനെ ഞങ്ങൾ അനുകൂലിക്കുന്നില്ല. ആ പദം സാധാരണയായി ഉപയോഗിക്കുന്നതു പത്തു വർഷത്തിൽ കവിഞ്ഞ കാലാവധിയുള്ളതും ഞങ്ങൾ മേൽ പറഞ്ഞ ശുപാർശ ചെയ്തിട്ടുള്ളപ്രകാരം ഭൂപണയ ബാങ്കിന്റെ പ്രവൃത്തിയായിരിക്കേണ്ടതും ആയ വായ്പകൾക്കാകുന്നു. ഇപ്പോഴത്തെ 'ദീർഘകാലവായ്പ'കൾക്കു പകരമായി 'മദ്ധ്യകാലവായ്പകൾ' എന്ന പദം ഞങ്ങൾ ശുപാർശ ചെയ്യുന്നു. ഞങ്ങൾ മുൻ പ്രസ്താവിച്ചപ്രകാരം ധനസഹായസംഘത്തിന്റെ പ്രധാന ഉദ്ദേശം സ്വല്പകാലവായ്പകൾ നൽകുക ആയിരിക്കണം. മുൻ കടങ്ങൾ വീട്ടുന്നതിനുള്ള വായ്പകൾ, ചെറിയ തുകകളല്ലെങ്കിൽ ഒഴിവാക്കേണ്ടതാകുന്നു.

വിളവുവായ്പകൾ.

൮൦. അംഗങ്ങളുടെ വിളവുകൾക്കു ന്യായമായ വില കിട്ടുന്നതിലേക്കു അല്പകാലം സൂക്ഷിക്കുന്നതിനു സൌകര്യപ്പെടുത്തത്തക്കവിധം, ശേഖരിച്ചിട്ടുള്ള വിളവുകളുടെ ജാമ്യത്തിന്മേൽ ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രോവിൻസുകളിലും ചില നാട്ടുരാജ്യങ്ങളിലും വായ്പകൾ കൊടുക്കുന്നുണ്ട്. ഇത്തരം വിളവുവായ്പകൾ ഇവിടെയും ഏർപ്പെടുത്തണം. വിളവു ശരിയായി കൈവശപ്പെടുത്തി സൂക്ഷിപ്പിൽവയ്ക്കുന്നതിനും, അതിന്റെ മതിപ്പുവിലയുടെ അറുപതോ എഴുപതോ ശതമാനത്തിൽ വിത്തു വായ്പ കൊടുക്കുകയായിരിക്കണം. ഇതു കമ്മിറ്റി ശ്രദ്ധിക്കേണ്ടതും വലിയ വിലക്കുറവുണ്ടാകുന്ന പക്ഷം ബാക്കിസംഖ്യ ഈടാക്കുന്നതിനു, വിളവുകൾ ഒരു ചെറിയ ഫീസ് ഈടാക്കി ഉറപ്പുള്ളതും സുരക്ഷിതമായതും, മുഴുവനും തക്കതായ വ്യവസ്ഥപ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ളതും ആയ ഒരു കെട്ടിടത്തിൽ ശേഖരിക്കുന്നതിനും നിബന്ധനകളിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

മുൻമതിപ്പ്.

൮൧. താഴെപ്പറയുന്ന രീതി അംഗീകരിക്കപ്പെടുന്നപക്ഷം ധനസഹായസ്ഥാപനങ്ങളിൽനിന്നും വായ്പകൾ ലഭിക്കുന്നതിനു സംഘങ്ങൾക്കു നേരിടുന്ന കാലതാമസം വളരെ കുറക്കാവുന്നതാണ്. കടംവാങ്ങുന്ന സംഘങ്ങൾ അവയിലെ അംഗങ്ങൾക്കു കൃഷിവകകളുടെ ചിലവിലേക്കു ആവശ്യമുള്ള ധനസഹായം മുൻകൂട്ടി പരിഗണനം ചെയ്യേണ്ടതാണ്. ഈ കണക്കുകൾ വേണ്ടവിധം സിൽബന്തികളെക്കൊണ്ടു പരിശോധിപ്പിച്ചു സംഘങ്ങളുടെ സാമ്പത്തികശക്തി നിർണ്ണയിക്കുന്നതിനുവേണ്ടി അവയുടെ ആവശ്യങ്ങളും കൂടി ഐക്യസംഘത്തിനും ധനസഹായബാങ്കിനും അയച്ചുകൊടുക്കേണ്ടതാണ്. കടംവാങ്ങൽ അപേക്ഷയ്ക്കു മുമ്പായി ഇപ്രകാരം ചെയ്തിരുന്നാൽ വായ്പ അനുവദിക്കുന്നതിനു ന്യായമായ സ്വല്പതാമസം മാത്രമേ ഉണ്ടായിരിക്കയുള്ളൂ.

സെക്രട്ടറിയ്ക്കു പ്രതിഫലം.

൮൨. കനപ്പുരഹിതബാദ്ധ്യത സംഘങ്ങളുടെ ഇപ്പോഴത്തെ നിബന്ധനകൾപ്രകാരം സെക്രട്ടറിക്കോ കമ്മിറ്റിയിലെ മറ്റേതെങ്കിലും മെമ്പർക്കോ അയാൾ ചെയ്തിട്ടുള്ള

എഴുത്തുജോലികൾക്കു പൊതുയോഗത്തിന്റെ ശുപാർശയിന്മേൽ പ്രതിഫലം അനുവദിക്കാൻ രജിസ്ട്രാർക്ക് അധികാരമുള്ളതാണ്. സംഘം ഒരു ക്ലാർക്കിനെ നിയമിച്ചിട്ടുള്ള പക്ഷം സെക്രട്ടറിക്കു, അയാളുടെ ജോലി എത്രതന്നെ വലുതായിരുന്നാലും, പ്രതിഫലം കൊടുക്കത്തക്കതല്ല. ക്ലിപ്തബാദ്ധ്യതാസംഘങ്ങളിൽ സെക്രട്ടറി യാതൊരു എഴുത്തുജോലിയും ചെയ്യുന്നില്ലെങ്കിലും ലാഭത്തിൽനിന്നും അയാൾക്കു ബോണസ്സ് കൊടുത്തുവരുന്നു. ഈ അംശത്തിൽ ക്ലിപ്തവും ക്ലിപ്തരഹിതവും ആയ സംഘങ്ങളിലെ സിക്രട്ടറിമാരെ ഒരേനിലയിൽ ഗണിക്കേണ്ടതു ആവശ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നു. അതിനാൽ ലാഭത്തിന്റെ ൧൦ ശതമാനത്തിൽ കവിയാത്ത പ്രതിഫലം ക്ലാർക്കന്മാരെ നിയമിക്കുന്ന ക്ലിപ്തരഹിതസംഘങ്ങളിലെ സെക്രട്ടറിമാർക്കും കൊടുക്കണമെന്നു ഞങ്ങൾ ശുപാർശ ചെയ്യുന്നു.

കാലഹരണമായ വായ്പകൾ.

൫൩. അറിവില്ലായ്മകൊണ്ടോ മനഃപൂർവ്വമായ ഉപേക്ഷകൊണ്ടോ വായ്പകൾ കാലഹരണപ്പെടുന്നതിനു കമ്മിററിക്കാർ ഇടയാക്കുക വളരെ സാധാരണയാണ്. ക്ലിപ്തരഹിതബാദ്ധ്യതകൾ സ്വീകരിച്ചിട്ടുള്ള സംഘാംഗങ്ങൾക്കു ഈ ഉദാസീനതകൾ വലിയ നഷ്ടത്തിനിടയാക്കുമെന്നു പ്രത്യക്ഷമാണല്ലോ. അതിനാൽ കമ്മിററിക്കാരുടെ ഉദാസീനതാമൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്കു അവരെ ഉത്തരവാദികളാക്കുന്നതു വിഹിതമായിരിക്കയേയുള്ളു. എന്നാലും കാലഹരണപ്പെടാൻ ഇടയുള്ള വായ്പകൾ യഥാകാലം അവരുടെ ശ്രദ്ധയിൽ പെടുത്തുന്നതിനു സൂപ്പർവൈസർമാരും ആഡിററർമാരും ചുമതലപ്പെട്ടിരിക്കേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. എങ്കിലും അന്ത്യമായ ഉത്തരവാദിത്വം മാനേജിംഗ് കമ്മിററിയിൽതന്നെ നിക്ഷിപ്തമായിരിക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

വസ്തുവിവര രജിസ്റ്റർ.

൫൪. അംഗങ്ങളുടെ വസ്തുവിവരം നല്ലപോലെയുള്ളതു ചേർത്തുപുതുക്കി പൂർണ്ണവും ശരിയും ആയ രജിസ്റ്ററുകൾ വച്ചിരിക്കുന്നതായ സംഘങ്ങൾ വളരെ ചുരുക്കമാണെന്നു പരിശോധനയിൽ ഞങ്ങൾ കണ്ടിട്ടുണ്ട്. ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ ഒരു പ്രാഥമിക ധനസഹായസംഘത്തിന്റെ വിജയപ്രദവും സുരക്ഷിതവും ആയ പ്രവൃത്തനത്തിനു വസ്തുവിവരരജിസ്റ്ററിന്റെ പ്രാധാന്യം ഊന്നിപ്പറയേണ്ട ആവശ്യമില്ലാത്തതാണ്. എല്ലാ ക്ലിപ്തരഹിതസംഘങ്ങളും അവയുടെ വസ്തുവിവരരജിസ്റ്ററുകൾ ശരിയായി ഏതൽകാലികമാക്കി വയ്ക്കുന്നുണ്ടോ എന്നു രജിസ്ട്രാർ നോക്കേണ്ടതാണ്.

പ്രാസിക്യൂഷൻ.

൫൫. പലേ അപഹരണക്കേസുകൾ ഉണ്ടായിട്ടുണ്ടെങ്കിലും കുററക്കാരെ ശിക്ഷിക്കുന്നതിനു നടപടികൾ ഒന്നും നടത്തിയിട്ടില്ലെന്നു ഞങ്ങൾ അറിയുന്നു. ഡിപ്പാർട്ടുമെൻറിന്റെ ഈ പ്രകാരമുള്ള അനാസ്ഥ പ്രസ്ഥാനത്തിന്റെ ഒട്ടാകെയുള്ള കാര്യക്ഷമതയെ വളരെ ക്ഷയിപ്പിക്കുകയും ദോഷപ്പെടുത്തുകയും ചെയ്യുന്നതാണ്. അതിനാൽ അപ്രകാരമുള്ള കേസുകളിൽ കുററവാളികളെ പ്രാസിക്യൂട്ടുചെയ്തു ശിക്ഷയിൽവരുത്തി അവരുടെ മുന്നടപടികളുടെ സ്ഥൂലമോശം അവരെ മനസ്സിലാക്കുന്നതിൽ യാതൊരു മടിയും കാണിച്ചുകൂടാത്തതാണ്.

നിർജ്ജീവസംഘങ്ങൾ.

൫൬. നിർജ്ജീവസംഘങ്ങളുടെ എണ്ണം പ്രതിവർഷം വർദ്ധിച്ചുവരികയാണ്. ൧൧൦൮ (൧൯൩൨-൩൩) അവസാനത്തിൽ ൩൯ സംഘങ്ങൾ നിർജ്ജീവങ്ങളായിരുന്നു, അതായതു യാതൊരു ജോലിയും ചെയ്തിട്ടില്ലാത്തവയായിരുന്നു. ഇടപാടുതീർപ്പ്

ലേക്കു കൂടുതൽ ജീവനക്കാർ ഉണ്ടായിരുന്നെങ്കിൽ രജിസ്ട്രാർ ഇനിയും വളരെ സംഘങ്ങൾകൂടി റദ്ദുചെയ്യുമായിരുന്നു. ഇപ്രകാരമുള്ള സംഘങ്ങളുടെ നിലനില്പ് പ്രസ്ഥാനത്തിന്റെ ആരോഗ്യത്തിനു ഹാനികരമായിത്തീരുന്നതും അതിനാൽ രണ്ടു കൊല്ലത്തിനകം ഉദ്ധരിക്കാൻ കഴിയാതെവരുന്ന സംഘങ്ങൾ റദ്ദുചെയ്യപ്പെടേണ്ടതാണെന്നു ഞങ്ങൾ ശുപാർശചെയ്യുന്നതും ആണ്.

കെട്ടുതെങ്ങ്.

൨൭. സംഘങ്ങൾ അവയിലെ അംഗങ്ങളുടെ ഉല്പന്നം നാളികേരവും കൊപ്രയും ഏറെറടുത്തു് അവയിലെ നാളികേരം ശേഖരിച്ചു വിററുകിട്ടുന്ന തുകകൾ അംഗങ്ങൾക്കു കിട്ടുവാനുള്ള പണയ് പകുതിയിൽ വായ്പയായോ അതില്ലാത്തപക്ഷം അംഗങ്ങളുടെ പേരിൽ നിക്ഷേപങ്ങളായി മുതൽവയ്ക്കുകയോ ചെയ്യുന്നതായ ഒരു കെട്ടുതെങ്ങുസമ്പ്രദായം വൈക്കം, ചേർത്തല, പറവൂർ എന്നീ താലൂക്കുകളിലെ പല സംഘങ്ങളും ഏർപ്പെടുത്തിയിരിക്കുന്നതായി ഞങ്ങൾ കണ്ടു. പല അംഗങ്ങളെയും അവരുടെ കടങ്ങൾ വീട്ടുന്നതിനു ഈ ഏർപ്പാടു സഹായിച്ചിട്ടുണ്ട്. അതിനാൽ കഴിയുന്നിടങ്ങളിലെല്ലാം അതു അംഗീകരിക്കപ്പെടണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു.

കെട്ടിടങ്ങൾ.

൨൮. സ്വന്തമായ ഒരു കെട്ടിടം ഉണ്ടായിരിക്കുന്നതു് ഒരു സംഘം അതിലെ അംഗങ്ങളുടെ ഇടയിൽ ആത്മാഭിമാനത്തെ ഉദ്ദീപിക്കുകയും അംഗങ്ങളല്ലാത്തവരിൽ വിശ്വാസം ജനിപ്പിക്കുകയും ചെയ്യുന്നതാണ്. ആയതിനാൽ സ്വന്തകെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനു ശേഷിയുള്ള സംഘങ്ങളെ അതിലേക്കു പ്രോത്സാഹിപ്പിക്കേണ്ടതാണ്. ചെറിയ വൃത്തിയുള്ള കെട്ടിടങ്ങൾകെട്ടി അവയിൽ ഗ്രന്ഥാലയങ്ങൾ വായനശാലകൾ ചിലപ്പോൾ നിശാപാഠശാലകൾ എന്നീ പൊതുസ്ഥാപനങ്ങൾക്കു സ്ഥലസൗകര്യം നൽകുന്നതായ പല സംഘങ്ങളും കുഗ്രാമങ്ങളിൽപോലും ഞങ്ങളുടെ സഞ്ചാരങ്ങൾക്കിടയിൽ കാണാനിടയായിട്ടുള്ളതിൽ ഞങ്ങൾ വളരെ പ്രമുദിതരായിരിക്കുന്നു. എന്നാൽ കെട്ടിടങ്ങളുടെ ആവശ്യത്തിനു പ്രവർത്തനധനം ഉപയോഗിക്കാൻ അവയെ അനുവദിച്ചുകൂടാത്തതാണ്. എങ്കിലും താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി അവയുടെ കരുതൽധനത്തിൽ ൫൦ ശതമാനത്തിൽ കവിയാത്ത തുകകൾ അനുരൂപങ്ങളായ കെട്ടിടങ്ങൾക്കായി വിനിയോഗിക്കുന്നതിനു രജിസ്ട്രാർ അനുവദിക്കാവുന്നതാണ്.

(൧) കരുതൽധനത്തിന്റെ തുക പ്രവർത്തനധനത്തിന്റെ ൨൦ ശതമാനത്തിൽ കുറയാതെയിരിക്കണം.

(൨) കരുതൽധനത്തിൽനിന്നും ഉപയോഗിക്കാൻ അനുവദിക്കുന്ന തുക കെട്ടിടത്തിന്റെ അടങ്കൽ വിലയുടെ ൫൦ ശതമാനത്തിൽ കവിയരുത്.

(൩) ബാക്കി വരിയിട്ടുപിരിച്ചോ ആണ്ടുതോറും നീക്കിവയ്ക്കുന്ന കെട്ടിടഫണ്ടുകൊണ്ടോ കടംവാങ്ങാതെ മറേറതെങ്കിലും ഏർപ്പാടിലോ ഉണ്ടാക്കപ്പെടണം.

പൊതുനന്മഫണ്ടിന്റെ ഉപയോഗം.

൨൯. പഞ്ചാബിലെപ്പോലെ ഇവിടെയും പലസംഘങ്ങളും അവയുടെ ശുദ്ധലാഭത്തിൽ (ബോംബെയിൽ ൨൦ ശതമാനംവരെയാകാമെങ്കിലും) ൭½ ശതമാനംവീതം ആണ്ടുതോറും മാററിവച്ചു സാവധാനത്തിൽ സമ്പാദിച്ചിട്ടുള്ള പൊതുനന്മഫണ്ടുകൊണ്ടു പൊതുജനാനന്ദത്തെ ഉളവാക്കുന്നതിലേക്കു പ്രാദേശികസംരംഭങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഉദ്യമിച്ചിട്ടുണ്ട്. ഈ ഉദ്യമം ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. എന്തെന്നാൽ അതു സഹകരണ ഇടപാടുകളിൽ കൂടുതൽ പൊതുജനവിശ്വാസം ഉണ്ടാക്കുകയും കുറഞ്ഞ ലാഭവീതംമൂലം അംഗങ്ങളുടെയിടയിൽ ത്യാഗശീലത്തെ ഉളവാക്കുകയും പൊതുക്കാര്യതല്പരതയുടെ വളർച്ചയെ സഹായിക്കുകയുംചെയ്യുന്നു.

ധാന്യബാങ്കുകൾ.

൩൮. ൧൧൦൭-ൽ ൩൭ ധാന്യബാങ്കുകൾ ഉണ്ടായിരുന്നു. ധനമായും ധാന്യമായും പ്രവൎത്തനധനമുണ്ടെന്നുള്ള അംശത്തിൽ ഇവ സാധാരണ ധനസഹായസംഘങ്ങളിൽനിന്നു ഭിന്നങ്ങളായിരിക്കുന്നു. അങ്ങിനെ അവ ശുദ്ധധാന്യബാങ്കുകളായിരിക്കുന്നില്ല. ആദ്യത്തെ ധാന്യബാങ്ക ൧൧ അംഗങ്ങളോടുകൂടിമാത്രം ൧൦൯൯-ൽ ആരംഭിക്കപ്പെട്ടു. ൧൧൦൩-ൽ ധാന്യബാങ്കുകളുടെ എണ്ണം ൩൭ ആയി വൎദ്ധിക്കുകയും ആ നിലയിൽതന്നെ ഇപ്പോഴും ഇരിക്കുകയും ചെയ്യുന്നു. ൧൧൦൭-ൽ അവയ്ക്കു ൩൨൦ അംഗങ്ങളും ൪,൪൮൮-രൂപയും ൨,൮൭൦ പറനെല്ലും ഓഹരിമൂലധനവും ൯൯൫ രൂപയും ൨൭൭൭ പറനെല്ലും പ്രവൎത്തനധനവും ഉണ്ടായിരുന്നു. അവയുടെ പ്രവൎത്തനം മറ്റു ധനസഹായസംഘങ്ങളെക്കാൾ തൃപ്തികരമാണെന്നു കാണിപ്പാൻ യാതൊന്നും കാണുന്നില്ല. പക്ഷേ ബ്രിട്ടീഷിൻഡ്യൻ പ്രോവിൻസുകളിലും നാട്ടുരാജ്യങ്ങളിലും ഏതാനും ധാന്യബാങ്കുകൾ കാണ്മാനുണ്ടെങ്കിലും ഒരിടത്തും അവയ്ക്കു പറയത്തക്ക അഭിവൃദ്ധിയുണ്ടായിട്ടില്ല. ചെറിയഗ്രാമങ്ങളിൽ പോലും ധനം ധാന്യത്തെക്കാൾ സൌകൎയ്യപ്രദമായ ഒരു വിനിമയസാധനമാണെന്നും ഈ വക ബാങ്കുകൾക്കു ശോഭനമായ ഭാവിയില്ലെന്നും തോന്നുന്നു.

അദ്ധ്യായം ൮.

കാർഷികേതരസംഘങ്ങൾ.

അപജയകാരണങ്ങൾ അന്വേഷിക്കേണ്ട ആവശ്യകത.

ആദ്യമായി ഒരു ധനസമ്പാദകസംഘം രജിസ്തർ ചെയ്തിട്ട് രണ്ടു കൊല്ലങ്ങൾക്കു മുമ്പായിരുന്നു എങ്കിലും ആരംഭം മുതൽക്കേ കാർഷികേതരധനസഹകരണസംഘങ്ങൾ ധനത്തിന്റെ പ്രവർത്തനങ്ങൾ [illegible] പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഓരോ പ്രത്യേക ആവശ്യത്തിനും പ്രത്യേകം സംഘങ്ങളുണ്ടാക്കാതെ നല്ലതു ഒരു സംഘം തന്നെ അനേകം ഉദ്ദേശങ്ങൾക്കായി നടത്തുക എന്നുള്ള സമ്പ്രദായമാണ് ആദ്യം ഉണ്ടായിരുന്നതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം നടത്തിയിട്ടുള്ള ധനോപയോഗങ്ങൾ വളരെ ഉപകാരപ്രദമായിരുന്നു. എന്നാൽ അനേകമായും ശ്രേയസ്കരമായും നടന്നതിനു ശേഷം ക്രമേണ അവ പരാജയത്തിൽ [illegible] ചെയ്തിട്ടുണ്ട്. ഇതിനുള്ള കാരണങ്ങളെപ്പററി രജിസ്ത്രാർ അന്വേഷണം ചെയ്യേണ്ടതായിരിക്കുന്നു.

വിവിധങ്ങളായ ഉദ്യമങ്ങൾ.

൧. മേൽപറഞ്ഞ തരത്തിലുള്ള സഹകരണപ്രവൃത്തികളുടെ ഒരു ചുരുങ്ങിയ വിവരണവും അവയുടെ തോൽവിക്കുള്ള പ്രധാനകാരണങ്ങളും [illegible] പ്രസ്താവിക്കുന്നു.

(എ) ഉല്പാദനം. ക്രയം. വിക്രയം.

൧൯൨൧-ൽ രജിസ്റ്റർ ചെയ്യപ്പെട്ട [illegible] വ്യവസായ പരസ്പരസഹായസംഘം നവംബർ ആയിരുന്നു. ഉല്പാദനം, ക്രയം, വിക്രയം, എന്നീ ആവശ്യങ്ങൾ ഉദ്ദേശിച്ച് പ്രവർത്തിക്കുന്നതിന് ആദ്യമായി സ്ഥാപിക്കപ്പെട്ട സംഘം. അംഗങ്ങൾ സംഘത്തെ ഏൽപ്പിച്ചു നാളികേരത്തിൽനിന്നും [illegible] കൊപ്ര ആലപ്പുഴ കമ്പോളത്തിൽ വില്പന നടത്തി. ഈ സംഘം തൊണ്ടു മുതൽ [illegible] ചിലതും നടത്തി. എന്നാൽ കൊപ്ര, കയറ് എന്നിവയുടെ വിലയ്ക്ക് സംഭവിച്ച സാരമായ കുറവു നിമിത്തം മഹായുദ്ധകാലത്തു സംഘത്തിനു നഷ്ടം സംഭവിക്കുകയും തന്മൂലം ഈ ജോലി അനിശ്ചിതമായി നിറുത്തിവയ്ക്കുകയും ചെയ്തു. എന്നിരുന്നാലും മററു സംഘങ്ങൾ ഇത്തരത്തിലുള്ള പ്രവൃത്തികളിൽ അതിനുശേഷം ഏർപ്പെട്ടിരുന്നു. മഹായുദ്ധക്കാലത്ത് ആഹാരസാധനങ്ങളുടെ വില വർദ്ധിക്കുകയും ആഹാരസാധനങ്ങൾ തന്നെ ക്രമേണ കുറയുകയും ചെയ്തതിന്റെ ഫലമായി അന്യായമായ ധനമുണ്ടാക്കുവാൻ കച്ചവടക്കാർക്ക് ഒരു നല്ല അവസരമായി. ഇതിൽനിന്നും ഒരു നിവാരണമുണ്ടാക്കുന്നതിനു പല സംഘങ്ങളും വിതരണം ചെയ്യുന്നതിനുള്ള സ്റ്റോറുകളുണ്ടാക്കി. ൧൯൧൮-ൽ ൪൨ സംഘങ്ങളിലെല്ലാം ഈ ജോലി ചെയ്തുവന്നിരുന്നു. എന്നാൽ സ്ഥിതിഗതികൾ മെച്ചപ്പെട്ടതിനോടുകൂടി ഈ സംഘങ്ങൾ ആ തരത്തിലുള്ള പ്രവർത്തനം നിറുത്തി. തൃക്കടവൂർ സംഘം ഇപ്പോഴും വിതരണജോലി തൃപ്തികരമായി നടത്തുന്നുണ്ട്. ൧൯൨൧-ൽ ഈ സംഘത്തിന്റെ വില്പന ൪൦,൦൦൦ രൂപായിൽ കവിഞ്ഞിരുന്നു. ഈ സംഘം ഒരു കുഗ്രാമത്തിൽ സ്ഥിതിചെയ്യുന്നു എന്നുള്ള കാരണത്താലും, ഇപ്പോൾ സാമാനങ്ങളുടെ വില വളരെ കുറഞ്ഞിരിക്കുന്നതിനാലും ഇത്രയും വില്പന നടത്തിയിരിക്കുന്നത് സ്തുത്യർഹമായിരിക്കുന്നു. ഉൾപ്രദേശങ്ങളിലെ ഗ്രാമങ്ങളിൽ പ്രവർത്തനം നടത്തുന്ന സ്റ്റോർസംഘങ്ങൾ തൃപ്തികരമായി പ്രവർത്തിക്കുന്നതിനു സാദ്ധ്യമാകുകയില്ലെന്ന് ഇൻഡ്യയിലെ മററു സ്ഥലങ്ങളിലെ അനുഭവം കൊണ്ടു പറയേണ്ടിയിരിക്കുന്നു. എന്നാൽ അപ്രകാരമുള്ള സംഘങ്ങളിൽ ഒരം

ങ്ങളുടെ ആവശ്യമനുസരിച്ച് "ഇൻഡൻറ്" ഏർപ്പാടുപ്രകാരമുള്ള ക്രയവിക്രയങ്ങൾ വിജയകരമായി നടത്താമെന്നു ഞങ്ങൾ അഭിപ്രായപ്പെടുകയും അങ്ങിനെ ശുപാർശചെയ്യുകയും ചെയ്തുകൊള്ളുന്നു.

(ബി) തൊണ്ടുമൂടൽ.

കയർവ്യവസായത്തിൻെറ ആദ്യത്തെ പടി തൊണ്ടുമൂടലാകുന്നു. തൊണ്ടു കായലിലെ ഉപ്പുവെള്ളത്തിനടിയിൽ ആറുമുതൽ എട്ടുവരെ മാസക്കാലം മൂടിയിട്ടതിനുശേഷം എടുത്തു ഘന വലിയ തടികൊണ്ട് അടിച്ചു ചകിരി എടുക്കുന്നു. തൊണ്ടുകൾ സംസ്ഥാനത്തിൻെറ പലഭാഗങ്ങളിൽനിന്നും ശേഖരിക്കപ്പെടുന്നു. തൊണ്ടുമൂടലിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസായികൾ അഴുകിയ തൊണ്ട് എടുത്തതിനു ശേഷം കയറു പിരിക്കുന്നവർക്കു നല്ലവിലയ്ക്കുവിററ് ഒരു ലാഭമുണ്ടാക്കുന്നു. കായൽപ്രദേശങ്ങളിൽ പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തിയപ്പോൾ അവ അംഗങ്ങളുടെ നന്മയ്ക്കുവേണ്ടി ഈ പ്രവൃത്തി ആരംഭിച്ചു. ൧൧൦൧-ൽ പതിനെട്ടുസംഘങ്ങളും ൧൧൦൪-ൽ ൧൩ സംഘങ്ങളും ഈ വിധം പ്രവൃത്തിച്ചുവന്നിരുന്നു. സംഘങ്ങൾ ഈ പ്രവൃത്തി നടത്തുന്നതിൻെറ പ്രധാനഉദ്ദേശം സംഘത്തിനു ലാഭമുണ്ടാക്കണമെന്നുള്ളതാണ്. വ്യക്ത്യംഗങ്ങളുടെ ലാഭത്തെ അത്രമാത്രം ഗൗനിക്കുന്നില്ല. മെമ്പറന്മാർക്കു ബോണസ്സ് നൽകുന്ന പതിവില്ല. ഇത്തരത്തിലുള്ള സംഘത്തിലെ അംഗങ്ങൾക്ക് അവർ വാങ്ങുന്ന തൊണ്ടിൻെറ വിലയനുസരിച്ചു ബോണസ് നൽകുന്ന ഏർപ്പാടു നടപ്പിലാക്കുമെന്നാണെങ്കിൽ അവർ സംഘത്തിൻെറ ജോലിയിൽ കൂടുതൽ താൽപര്യമുള്ളവരായിത്തീരുന്നതാണ്. കയർവ്യവസായത്തിൻെറ ഓരോ പടിയിലും സഹകരണപദ്ധതി അനുസരിച്ചുള്ള ഏർപ്പാടുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(സി) കെട്ടുതെങ്ങ്.

ഈ ഏർപ്പാടനുസരിച്ച് ഒരു സംഘത്തിലെ ഒരംഗം അയാളുടെ തെങ്ങുകളിൽ കുറെഭാഗം സംഘത്തെ ഏൽപ്പിക്കുന്നു. സംഘം തേങ്ങാ വിററു പണം അംഗത്തിൻെറ കണക്കിൽ ചേർക്കുന്നു. തേങ്ങാ ഉയർന്ന വിലയ്ക്കു വിൽക്കുന്നതുകൊണ്ടു വ്യക്തിപരമായി വിൽക്കുമ്പോൾ കിട്ടുന്നതിനേക്കാൾ കൂടുതൽ വില ലഭിക്കുന്നുണ്ട്. സംഘത്തിനു വായ്പയിലും നിക്ഷേപത്തിലും പിരിയാനുള്ള തുകകൾ ഈ ഏർപ്പാടനുസരിച്ചു എളുപ്പത്തിൽ പിരിച്ചെടുക്കുവാൻ സാധിക്കുന്നു. ൧൧൦൩-ൽ ൧൩ സംഘങ്ങളിൽ ഈ ഏർപ്പാട് ഉണ്ടായിരുന്നു. ൧൧൦൪-ൽ ൨൩ സംഘങ്ങളിൽ മാത്രമെ കെട്ടുതെങ്ങുനിക്ഷേപം ഉണ്ടായിരുന്നുള്ളു. ഈ നവീനപദ്ധതി അനുസരിച്ചു പ്രവൃത്തിക്കുന്ന സംഘങ്ങൾക്കു അംഗങ്ങളുടെ നാളികേരം ശേഖരിച്ചു വിററഴിക്കുന്നതിനു സാധിക്കുന്നതാണ്. സംഘങ്ങൾ ഒന്നുചേർന്നു വില്പനനടത്തുമ്പോൾ ദല്ലാളികളെ അകററുന്നതിനും അംഗങ്ങൾക്കു കൂട്ടവില്പനമുഖാന്തിരം ലാഭമുണ്ടാക്കിക്കൊടുക്കുന്നതിനും സാധിക്കുന്നതാണ്. ചെയ്യപ്പെടുന്ന ജോലിക്ക് ഏതുതരത്തിലെങ്കിലും പ്രതിഫലം കൊടുക്കുന്നതിനുള്ള മാർഗ്ഗംകൂടി കണ്ടുപിടിച്ചാൽമാത്രമെ ഇത്തരത്തിലുള്ള ജോലികൾ ശാശ്വതമായി നടത്തുവാൻ സാധ്യമാകയുള്ളു.

(ഡി) വളം ഏജൻസി.

കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ചിലസംഘങ്ങളെ വളം വില്പനയ്ക്കു ഏജൻറന്മാരായി നിയമിച്ചിട്ടുണ്ടായിരുന്നു. സംഘങ്ങളിലെ കർഷകന്മാരായ അംഗങ്ങളുടെയിടയിൽ ശാസ്ത്രീയമായ വളത്തിൻെറ ഉപയോഗം പ്രചരിപ്പിക്കണമെന്നുള്ളതാണ് ഇതിൻെറ പ്രധാനഉദ്ദേശം. സംഘങ്ങൾക്ക് ഒരു ചെറിയകമ്മിഷനും ലഭിച്ചുവന്നു. ൧൧൦൦-ൽ ൧൪ സംഘങ്ങൾ ഈ ജോലി നിർവഹിച്ചിരുന്നു എങ്കിലും ൧൧൦൪-ൽ ഇതു ൭

ആയി കുറഞ്ഞു. കൃഷിവ്യവസായ ഡയറക്ടറും പരസ്പരസഹായസംഘം രജിസ്ട്രാറും ഒന്നിച്ചുചേർന്ന് ഇത്തരത്തിലുള്ള വളത്തിന്റെ പ്രചാരത്തിനു പ്രതിബന്ധങ്ങളായി നിന്നിട്ടുള്ള കാരണങ്ങൾ കണ്ടുപിടിക്കാൻ ഒരു അന്വേഷണം നടത്തുകയും അതു സംഘങ്ങൾ തന്നെ പരിഹരിക്കുന്നതിനു പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്.

(ഇ) കൃഷിമാതൃക.

നല്ലതരം കമ്പോസ്റ്റുകൾ, വിത്ത്, വളം എന്നിവയുടെ പ്രയോഗങ്ങൾ പ്രായോഗികമായ രീതിയിൽ കാണിച്ചുകൊടുക്കുന്നതിനു ൧൧൨൨-ലും ൧൧൨൩-ലും ചില സംഘങ്ങൾ ഡിമോൺസ്ട്രേഷൻ നടത്തി. എന്നാൽ അടുത്ത കൊല്ലങ്ങളിൽ ഈ വിഷയത്തിലുള്ള ഉത്സാഹം ക്രമേണ കുറഞ്ഞുവന്നു. ൧൧൨൫-ൽ ഒരു സംഘംപോലും ഈ വിധത്തിൽ നടത്തിയിരുന്നില്ല. പൊതുജനങ്ങൾ ഉണ്ടായിട്ടുള്ള ഫലം ഈ പ്രവർത്തനം തുടരുന്നതിന് പ്രോത്സാഹജനകമായി കാണുന്നില്ല.

(എഫ്) വിത്തുകാളകൾ.

൧൧൨൪-ൽ എട്ടു സംഘങ്ങൾ വിത്തുകാളകളെ സംരക്ഷിച്ചു വന്നെങ്കിലും രണ്ടുസംഘങ്ങൾക്കുമാത്രമേ കൃഷിഡിപ്പാർട്ടുമെന്റിൽനിന്നു സഹായധനം ലഭിച്ചുള്ളു. ൧൧൨൫-ൽ ഒരു സംഘത്തിലും വിത്തുകാളകൾ ഇല്ലായിരുന്നു. പൊതുജനങ്ങൾക്കും സംഘങ്ങൾ കന്നുകാലിസംരക്ഷണവൃത്തി കൂടുതൽ ഉപയോഗപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിനു ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടി യത്നിക്കേണ്ടതു ആവശ്യമാണ്.

(ജി) ഭൂമി പാട്ടത്തിനെടുക്കുക.

൧൧൨൪-ൽ മൂന്നു സംഘങ്ങൾ അംഗങ്ങളുടെ വക നാലു പുരയിടങ്ങൾ പാട്ടമായി ഏറ്റെടുത്തു കൃഷിചെയ്തു. ഇപ്രകാരം ചെയ്തതിന്റെ ഉദ്ദേശം കാർഷികോല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ഒന്നിച്ചുവിൽപന നടത്തി അംഗങ്ങൾക്കു കൂടുതൽ ആദായം ഉണ്ടാക്കിക്കൊടുക്കുന്നതിനുമായിരുന്നു. ൧൧൨൪-ൽ ഒരു സംഘംകൂടി ഈ കൃഷിചെയ്തു എങ്കിലും അതിന്റെ ഫലം പ്രോത്സാഹജനകമായിരുന്നില്ല. അതിനാൽ ഒന്നായി സംഘങ്ങൾ ഈ പ്രവൃത്തി ഉപേക്ഷിച്ചു. ൧൧൨൫-ൽ ഒരു സംഘവും ഈ കൃഷി നടത്തിയില്ല. ഈ മാതിരി പ്രവർത്തനങ്ങൾ ഉപകാരപ്രദമാണെങ്കിലും ശരിയായ പ്രവർത്തകന്മാർ അത്യാവശ്യമാണ്.

(എച്ച്) ടാങ്കിയാ കൃഷികൾ.

തേക്കുകൃഷിക്കായി വനം ഡിപ്പാർട്ടുമെന്റുകാർ ഏല്പിക്കുന്ന ഭൂമി കാടുവെട്ടിത്തെളിച്ച് തേക്ക ചെടികൾ വച്ചുപിടിപ്പിച്ച് കൃഷിചെയ്തു ശരിപ്പെടുത്തി രണ്ടുവർഷത്തിനു ശേഷം, വനം അധികൃതന്മാരെ ഏല്പിക്കുക എന്നുള്ളതാണ് ഈ ഏർപ്പാട്. ഇതിനു പ്രതിഫലമായി രണ്ടുതവണ നെൽകൃഷിയും ഒരു പ്രാവശ്യം മുതിരകൃഷിയും ചെയ്യുന്നതിനു സമ്മതിച്ചിട്ടുണ്ട്. ൧൧൨൪-ാമാണ്ട് പതിനാറു സംഘങ്ങൾ ഈ കൃഷിനടത്തുകയും വനംവക ഡിപ്പാർട്ടുമെന്റിലെ കണക്കനുസരിച്ച് ഒരു ലക്ഷം പറ നെല്ല് അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്തു അതതു പ്രദേശങ്ങളിലെ ആഹാരാവശ്യത്തിന് വെളിയിൽ നിന്നും ഇറക്കുമതിചെയ്യുന്ന നെല്ലിന്റെ തുക കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ ഏർപ്പാട് ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിനും ആദായകരമായിരുന്നു. ഒരേക്കർ ഭൂമി കൃഷിചെയ്യുന്നതിനുള്ള ചിലവ് ൧൦൦-രൂപയിൽ നിന്നും ൧൫ രൂപയായി കുറഞ്ഞു. എന്നാൽ സംഘങ്ങൾ യഥാകാലങ്ങളിൽ തേക്ക തൈകൾ വച്ചുപിടിപ്പിക്കാത്ത കാരണത്താൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിന് നഷ്ടം സംഭവിച്ചതിന്റെ ഫലമായി അനുകൂല്യങ്ങൾ പിൻവലിക്കുകയും ൧൧൨൫-ൽ ഒരു സംഘംമാത്രം ടാങ്കിയാ കൃഷിനടത്തുകയും ചെയ്തതായികാണുന്നു. ടാങ്കിയാകൃഷി ഏർപ്പാട് പരസ്പരസഹായസംഘങ്ങളിലെ അംഗങ്ങൾക്ക് ഗുണകരമായ

ഒന്നാണ്. സംഘങ്ങൾക്ക് ഈ ആനുകൂല്യം നൽകുവാൻ ശുപാർശ ചെയ്യുന്നതോടുകൂടി സഹകരണ ഡിപ്പാർട്ടുമെൻറിൽ നിന്നും അതു തൃപ്തികരമായി നിർവഹിക്കുന്നതിന് ഇൻസ്പെക്ടർമാർ മുഖാന്തിരം ഏർപ്പാടു ചെയ്യേണ്ടതാണ്. ഞങ്ങളുടെ മുമ്പിൽ വന്നു ക്യാൻസർവേറർ തന്നെ മൊഴിയിൽ പറഞ്ഞിട്ടുള്ളതെന്തെന്നാൽ ഒരു കാര്യത്തിന് ഡിപ്പാർട്ടുമെൻറു മേൽ [illegible] ഉപകാരപ്രദമെന്നു സമ്മതിച്ചിട്ടുള്ള ഈ പണി തൃപ്തികരമായി നടത്തുവാൻ വേണ്ട സഹായങ്ങൾ ചെയ്യുവാൻ സന്നദ്ധമാണെന്നാണ്.

(ഡ) പൊതുമരാമത്തുവക കാൺട്രാക്റ്റു ജോലികൾ.

൧൧൦൧-ൽ [illegible] ആദ്യമുള്ള ഒരു [illegible] ജോലി ഒരു സംഘം [illegible] ഏറ്റെടുത്തു. ഈ ജോലി തൃപ്തികരമായി [illegible] തീർത്തതുകൊണ്ടു [illegible] പിന്നെ [illegible] കാൺട്രാക്റ്റ് ജോലി [illegible] സംഘങ്ങൾക്കു [illegible]. അതുവരെ ൧൦,൦൦൦ രൂപയ്ക്കുള്ള [illegible] ജോലികൾ ൧൧൦൮-ൽ [illegible] സംഘങ്ങൾക്കു കൊടുത്തിരുന്നു. [illegible] അവസാനമായി അടങ്കൽ [illegible] പണികൾ തീർക്കുന്നതിനുള്ള [illegible] കാലത്തിൽ സംഘങ്ങൾക്ക് [illegible] ഉത്സാഹം ക്രമേണ കുറഞ്ഞുപോയി എന്ന് രജിസ്ട്രാർ പറഞ്ഞു [illegible]. ൧൧൦൯-ൽ [illegible] കാൺട്രാക്റ്റ് ജോലികൾ [illegible] സംഘങ്ങൾ [illegible] എന്നു [illegible]. ഈ ജോലികൾ അംഗങ്ങൾക്ക് [illegible] ഉപകാരപ്രദമായി [illegible] കണ്ടില്ല. [illegible] സംഘങ്ങളെപ്പോലെ അംഗങ്ങൾക്ക് [illegible] ഉണ്ടാക്കിക്കൊടുക്കേണമെന്നുള്ള [illegible] ഇത്തരം കാൺട്രാക്റ്റുകൾ [illegible] സ്ഥാപിക്കേണ്ടതായിരിക്കുന്നു. [illegible] സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നപക്ഷം രജിസ്ട്രാർ വേണ്ടവിധം പ്രോത്സാഹനം നൽകുന്നതു ഉചിതമായിരിക്കും. മറ്റുള്ളകാര്യങ്ങളിൽ ഞങ്ങൾ ഇത്തരത്തിലുള്ള കാൺട്രാക്റ്റുകൾ ശുപാർശ ചെയ്യുന്നില്ല.

(ഢ) മധ്യസ്ഥത.

വളരെ ഉപകാരപ്രദമായ സഹകരണ സേവനം എന്ന നിലയിൽ ഇടക്കാലങ്ങളിൽ സംഘങ്ങൾ നടത്തിക്കൊണ്ടിരുന്ന ഒരു പ്രവൃത്തി സംഘങ്ങളുടെ മധ്യസ്ഥതയിൽ വഴക്കുകളും, വ്യവഹാരങ്ങളും തീർത്ത് സിവിൽ വ്യവഹാരം കുറയ്ക്കുന്ന ജോലിയായിരുന്നു. അംഗങ്ങളല്ലാത്തവരും ഈ മധ്യസ്ഥതയ്ക്കു വിധേയരാകുവാൻ ഔൽസുക്യം പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ആദ്യം തുടങ്ങിയതു ൧൦൯൯-ൽ ആയിരുന്നു. ൧൧൦൦-ൽ [illegible] സംഘങ്ങൾ ഈ ജോലി നിർവഹിച്ചതായി കാണുന്നു. ഇതു ൧൧൦൧-ൽ [illegible], ൧൧൦൪-ൽ [illegible] ആയി വർദ്ധിച്ചു. എന്നാൽ ഇതു ക്രമേണ [illegible] ൧൧൦൮-ൽ [illegible] സംഘങ്ങൾ മാത്രം ഈ ജോലി ഏറ്റെടുക്കുകയും ചെയ്തു. ൧൧൦൯-നു ശേഷം ഈ പ്രവൃത്തി ക്രമേണ കുറയുന്നതിനുള്ള കാരണം രജിസ്ട്രാർ അന്വേഷിച്ചുവരുന്നുണ്ട്. സാമർത്ഥ്യമുള്ള നിഷ്പക്ഷപാതികളായ [illegible] ആളുകൾ ഉള്ള സംഘങ്ങളിൽ മധ്യസ്ഥ ഏർപ്പാട് വീണ്ടും തുടങ്ങുന്നതിന് പ്രോത്സാഹനം നൽകേണ്ടതാണ്.

ധനസഹായ സംഘങ്ങളുടെ നിബന്ധനകളിൽ വായ്പ കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ പുറമേ ഗാർഹികാവശ്യങ്ങൾക്കുള്ള സാമാനങ്ങൾ കൂട്ടായി വാങ്ങിക്കുക, ഉൽപ്പന്നങ്ങൾ കൂട്ടായി വില്ക്കുക, കൃഷിആയുധങ്ങൾ മുതലായവ സംഭരിച്ചുവച്ചു [illegible] കൊടുക്കുക, മിതവ്യയം പരിശീലിപ്പിക്കുക എന്നീ ഉദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിക്ക സംഘങ്ങളും കടം വായ്പകൊടുക്കുന്ന ജോലിമാത്രമേ നടത്തിവരുന്നുള്ളു. തന്മൂലം ഒരു അംഗം സംഘവുമായി കൂടെക്കൂടെ ഇടപെടുന്നതിനും, അന്യോന്യസഹായം ചെയ്യുന്നതിനുമുള്ള അവസരം വളരെ കുറഞ്ഞുപോകുന്നു. അതിനാൽ വിവിധങ്ങളായ ധനേതര പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഓരോ സംഘവും ശ്രമിക്കേണ്ടതാണ്. ഓരോ സംഘത്തിലെയും അംഗങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കിയതിനു ശേഷം

ഇപ്രകാരം ചെയ്യേണ്ടതാണ്. ധനസഹായ പ്രവൃത്തിയെക്കാൾ കൂടുതൽ ഔത്സുക്യമത്ര യാണ് ധനേതര ഉദ്യമങ്ങൾക്ക് അത്യാവശ്യമായിരിക്കുന്നത്. ഓരോ പ്രവൃത്തിയും നടത്തുന്നതിന് സബ്കമ്മററികൾ രൂപീകരിക്കേണ്ടതാണ്. ഓരോ തരത്തിലുമുള്ള പ്രവർത്തനത്തിൽ നിന്നും കിട്ടുന്ന ലാഭത്തിന്റെ ഒരു ഭാഗം പ്രതിഫലമായി അതതിന്റെ പ്രവർത്തകന്മാർക്ക് നൽകുന്നതിന് ഒരു വ്യവസ്ഥചെയ്യുന്നത് ഉപയോഗപ്രദമായിരിക്കും.

(കെ) കോഴിവളർത്തലും തേനീച്ചവളർത്തലും സംഘങ്ങൾ.

രജിസ്ട്രാറുടെ ൧൧൨൬-൨൭ റിപ്പോർട്ടിൽ പറയുന്ന പ്രകാരം മൂന്നു കോഴിവളർത്തൽ സംഘങ്ങൾ മാത്രമേ ഉള്ളതായി കാണുന്നു. ഇതിൽ മാർത്താണ്ഡത്തെ സംഘം മാത്രമേ തൃപ്തികരമായി ജോലി നടത്തുന്നുള്ളൂ. ആ സംഘത്തിന് [illegible] രൂപാ ഓഹരിമൂലധനവും [illegible] അംഗങ്ങളുമുണ്ടായിരുന്നു. നല്ലതരം കോഴികളെ വളർത്തുന്ന ആ പരിസരത്തിലേക്ക് [illegible] കൊടുക്കുന്ന പ്രവൃത്തിയാണ് പ്രധാനമായി ചെയ്തിട്ടുള്ളത്. മാർത്താണ്ഡം വൈ. എം. സി. ഏ. ഗ്രാമോദ്ധാരണ കേന്ദ്രത്തിൽസ്ഥിതിചെയ്യുന്ന ഈ സംഘത്തിന്റെ പ്രവർത്തനം വൈ. എം. സി. ഏ.-യുടെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്. കോഴിവളർത്തൽ, തേനീച്ചവളർത്തൽ എന്നീ പ്രവർത്തികൾ ശരിയായി നടത്തുന്നതിൽ ഈ കേന്ദ്രം സ്തുത്യർഹമായ ജോലി ചെയ്തുവരുന്നുണ്ട്. മുട്ട, തേൻ, പഴങ്ങൾ മുതലായവ ശേഖരിച്ച് തരംതിരിച്ച് വില നിശ്ചയിച്ച് വെളിയിൽ അയച്ചു വില്പനനടത്തുന്നു. അംഗങ്ങൾക്ക് നല്ലവില കിട്ടുന്നുണ്ട്. വില്പനനടത്തുന്നത് സംഘത്തിൽനിന്നല്ല. ഈ പ്രവൃത്തികൾ നടത്തുന്നതിന് സംഘത്തിന്റെ പ്രവർത്തനശക്തി പര്യാപ്തമായിട്ടുള്ളതല്ല. സഹകരണ ഡിപ്പാർട്ടുമെന്റും, അനുദ്യോഗസ്ഥ സഹകാരികളും വൈ. എം. സി. ഏ. പ്രവർത്തകന്മാരുമായി ശരിയായി സഹകരിച്ച് മാർത്താണ്ഡം കേന്ദ്രത്തിൽ സമാരംഭിക്കുന്നതിന് [illegible] ചെറുതരം ഉപവ്യവസായങ്ങളുടെ അഭിവൃദ്ധിക്കായി അവിടെ ശ്രമിക്കേണ്ടതാണെന്ന് ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഗവൺമെന്റിൽ നിന്നും പ്രതിവർഷം ൩,൦൦൦ രൂപായുടെ ധനസഹായം ചെയ്യുന്നുണ്ടെങ്കിലും മററുള്ളവർ വേണ്ടതുപോലെ ചെയ്തിട്ടില്ല. ഇതിനു ഒരു മാററം വരുത്തേണ്ടതാണ്. കോഴിവളർത്തൽ, തേനീച്ചവളർത്തൽ എന്നിവ പരസ്പരസഹായ സംഘങ്ങളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമുള്ള സംഘടനകൾ ആരംഭിക്കേണ്ടതാണ്. അപ്രകാരമുള്ള സംഘങ്ങൾകൂട്ടിച്ചേർത്തു ഒരു ഐക്യസംഘം സ്ഥാപിച്ച് ഈ കേന്ദ്രത്തിന്റെ ശക്തിവർദ്ധിക്കുമ്പോൾ മാർത്താണ്ഡം, കോട്ടയത്തിന് സമീപമുള്ള രാമനാഥപുരം, എന്നീ സ്ഥലങ്ങളിലെ ഉത്സാഹം മററുള്ള സ്ഥലങ്ങളിലും വ്യാപരിച്ച് കോഴിവളർത്തൽ, തേനീച്ചവളർത്തൽ എന്നിവ രാജ്യത്തെ സുസ്ഥാപിതങ്ങളായ കുടിൽ വ്യവസായങ്ങളായിത്തീരുന്നതിന സാദ്ധ്യമാകുന്നതാണ്. വൈ. എം. സി. ഏ. ഈ സംരംഭത്തിൽ ഹാർദ്ദമായി സഹകരിക്കുമെന്നു ഞങ്ങൾക്ക് ബലമായ വിശ്വാസമുണ്ട്. പലതരത്തിലുള്ള ഉല്പന്നങ്ങൾ അംഗങ്ങൾ കൊണ്ടുവരുമ്പോൾ കമ്മിഷൻ ഈടാക്കുന്നതിനു പകരം അവ വിററഴിച്ചതിനുശേഷം ലാഭത്തിന്റെ ഒരു ഭാഗം അംഗങ്ങൾക്കു വീതിച്ചുകൊടുക്കുന്നതിനും ഈ പ്രവൃത്തി ശരിയായി സംഘടിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ ഔദാര്യപൂർവമായ സഹായത്തോടുകൂടി വൈ. എം. സി. ഏ. ശ്രമിക്കണമെന്ന് ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഇത്തരത്തിലുള്ള പ്രവൃത്തി ഇതരസ്ഥാപനങ്ങൾ ആരംഭിക്കുകയാണെങ്കിൽ അവയെയും ഗവൺമെന്റ് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(എൽ) വസുമതികാർഷിക പരസ്പരസഹായസംഘം

രണ്ടുവർഷത്തിനുമുമ്പ് ഒരു ധനേതരകാർഷികസംഘം ആരംഭിച്ചു എന്നു ഈ ഭാഗത്തിന്റെ ആദ്യം പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൂട്ടായകൃഷിയും കുടിപാർപ്പും നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി സ്ഥാപിച്ചസംഘമാണ വസുമതികാർഷികപരസ്പരസഹായസംഘം, ഈ സംഘം പാട്ടത്തിനു കൃഷിചെയ്യാൻ ഗവൺമെന്റിൽനിന്നും ഭൂമിവാങ്ങു

കയും സെൻട്രൽബാങ്കിൽനിന്നും ഒരുവായ്പ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഘത്തിൻെറ പ്രവർത്തനത്തെപ്പററി ഒരഭിപ്രായം പറയുവാൻ സമയമായിട്ടില്ലെങ്കിലും അതിൻെറ പ്രവർത്തനത്തെക്കുറിച്ചും അഭിവൃദ്ധിമാർഗ്ഗങ്ങളെപ്പററിയും ഉള്ള അഭിപ്രായങ്ങൾ ഗ്രാമീണപുനരുദ്ധാരണവും സഹകരണവും എന്നവിഷയത്തെപ്പററി പ്രതിപാദിച്ചിട്ടുള്ള ൨൧-ാം അദ്ധ്യായത്തിൽ സാമാന്യമായി വിവരിച്ചിട്ടുണ്ട്.

(൧൫) നാളികേരവ്യവസായവും സഹകരണപ്രസ്ഥാനവും.

സഹകരണസംഘങ്ങൾമുഖാന്തിരം നാളികേരവ്യവസായം പുഷ്ടിപ്പെടുത്തുന്ന കാര്യത്തെപ്പററി ഗുരുപരിശോധനകൾ ചെയ്യുവാൻ ഞങ്ങളോടു ആവശ്യപ്പെട്ടിട്ടുണ്ട്. ബാംബെയിലെ ടാററാകമ്പനിയിൽകമ്പനിയുടെ ഡയറക്ടരായ മി: എ. ഡി. ഷ്റോഫിയുടെ ഒരു കാര്യസംപൂർണ്ണമായ പ്രബന്ധം ഞങ്ങൾക്കുകിട്ടിയിട്ടുണ്ടായിരുന്നു. അതിനെ ഒരു അനുബന്ധമായി ഞങ്ങൾ ചേർത്തിട്ടുണ്ട്. അതിൽഅടങ്ങിയിട്ടുള്ള അഭിപ്രായങ്ങൾ വീണ്ടും ആവർത്തിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ലാ. എന്നാൽ നാളികേരവ്യവസായത്തിൽ തല്പരരായുള്ള പൊതുജനങ്ങളുടേയും ഗവൺമെൻറിൻെറയും അവരുടെ ഗൗരവമായ ശ്രദ്ധ ഇതിൽ പതിപ്പിക്കേണ്ടതാണെന്നു ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

തെങ്ങുകൃഷി സംസ്ഥാനത്തിലെ പൊതുജനങ്ങളുടെ സ്വാധീനത്തിൽ മാത്രം ഇരിക്കുന്നതുകൊണ്ടു കൊപ്രാ കയർ ഇവയുടെ വ്യവസായത്തിൻെറയും, വില്പനയുടെയും എല്ലാ ഘട്ടത്തിലും സഹകരണസംഘങ്ങൾമുഖാന്തിരം കാര്യക്ഷമമായ പ്രവർത്തി നടത്താൻ സാധിക്കുമെന്നു ഞങ്ങൾക്കു അഭിപ്രായമുണ്ട്. എന്നാൽ പ്രത്യേകം പ്രവൃത്തിയുള്ളവരുടെ നിയമനവും ധാരാളമായ ഗവൺമെൻറുധനസഹായവും കൂടാതെ ഇത്തരം സംഘങ്ങൾ രൂപീകരിക്കാൻ സാദ്ധ്യമല്ലാ. ഈ വ്യവസായം രാജ്യത്തിൻെറ അഭിവൃദ്ധിക്കു പ്രാധാന്യമേറിയ ഒന്നായതുകൊണ്ടു് ഇതിനുള്ള ധനവ്യയം ചെയ്യേണ്ടിവന്നാലും അതിനു മടിക്കേണ്ടാത്തതാണ്. സഹകരണാടിസ്ഥാനത്തിൽ കൊപ്രാ, കയർ ഇവയുടെ വില്പന നടത്താനായി തിരുവിതാംകൂർ സെൻട്രൽപ്രൊഡ്യൂസ് പരസ്പരസഹായസംഘം ഏതാനും കൊല്ലങ്ങൾക്കു മുമ്പു രജിസ്റ്റർ ചെയ്തു. ഈ സംഘത്തിനു പ്രവർത്തനം ആരംഭിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. എന്നാൽ ഗവൺമെൻറുസഹായത്തോടുകൂടി താഴെകാണുന്ന നിർദ്ദേശങ്ങൾപ്രകാരം ശ്രമിക്കുകയാണെങ്കിൽ വിജയം ഉണ്ടാകുന്നതായിരിക്കും. ഞങ്ങളുടെ ശുപാർശകൾ താഴെപറയുന്നവയാകുന്നു.

൧. ആദ്യത്തെ രണ്ടുവർഷക്കാലത്തേക്കു സഹകരണഡിപ്പാർട്ടുമെൻറിലെ ശേഷിയുള്ള ഒരുദ്യോഗസ്ഥനെ സൗജന്യമായി വിട്ടുകൊടുക്കണം.

൨. ഏടുക്കപ്പെടുന്ന ആകെ ഓഹരിസംഖ്യയുടെ പരിധിയോളം വരുന്ന ഒരു സംഖ്യ ഗവൺമെൻറിൽനിന്നും കടംകൊടുക്കണം.*

൩. ഒന്നുവർഷത്തെ പ്രാരംഭചിലവുകൾക്കും പണികാരായ വകകൾക്കും മററുമായി ഗവൺമെൻറിൽനിന്നും ൧,൫൦൦ രൂപാ ഗ്രാൻറനൽകണം.

അദ്ധ്യായം ൯.

അകാർഷിക ധനസഹായസംഘങ്ങൾ.

ഒരു വലിയവിഭാഗം.

൧൧൦൮-ൽ (൧൯൩൨-മുതൽ ൧൯൩൩-വരെ) ൨൭൦ അകാർഷികസംഘങ്ങൾ ധനസഹായംമാത്രവും ൧൭ സംഘങ്ങൾ ധനസഹായത്തോടുകൂടി ഉല്പാദനവും വില്പനയും നടത്തിക്കൊണ്ടിരുന്നു. ഇവയിൽ അനേകസംഘങ്ങൾ കൃഷിക്കാരല്ലാത്ത മത്സ്യവ്യവസായികൾ മുതലായവരുടെ ജാതിപരവും, സാമുദായികവുമായസംഘങ്ങളും ചിലവ നഗരങ്ങളിലുള്ള സാമുദായികസംഘങ്ങളും, മററു ചിലവ വ്യവസായശാലകൾ മുൻസിപ്പാലിററികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സംഘങ്ങളും ൧൫-എണ്ണം അർബൻബാങ്കുകളും ആയിരുന്നു.

പൊതുവായ ശുപാർശകൾ.

൨. കാർഷികധനസഹായസംഘങ്ങളെപ്പററി ഞങ്ങൾ ശുപാശചെയ്തിട്ടുള്ള കാര്യങ്ങൾ മിക്കവാറും ഗ്രാമങ്ങളിലെ അകാർഷികപരസ്പരസഹായസംഘങ്ങളുടെ കാര്യത്തിലും സ്വീകാര്യമാണ്, അംഗങ്ങളുടെ സംഖ്യാപരിധി, സംഘാദിജനം കറൻറ്, സേവിംഗ്സ്, സ്ഥിരം എന്നീനിക്ഷേപങ്ങൾ, വിളവുകളിന്മേലുള്ള വായ്പകൾ, സെക്രട്ടറിമാരുടെ ബോണസ്സ് വസ്തുവിവരരജിസ്റ്റർ എന്നീകാര്യങ്ങൾ ഒഴിച്ചു ബാക്കിയുള്ള ഞങ്ങളുടെ ശുപാർശകൾ മററുള്ള അകാർഷിക സംഘങ്ങൾക്കും ആദരണീയമാണ്.

ചില ധനേതരമാതൃകകൾ.

൩. മേൽവിവരിച്ച സംഘങ്ങൾ നടത്താൻ ഉദ്യമിച്ചിട്ടുള്ള താഴെപറയുന്ന ചില പ്രവർത്തനങ്ങളെപ്പററി ഞങ്ങൾ പറഞ്ഞുകൊള്ളട്ടെ.

അർബൻ (നഗര)ബാങ്കുകൾ.

൧൧൦൮-ൽ ൧൫ സംഘങ്ങൾമാത്രമേ അർബൻബാങ്കുകളായി ഉണ്ടായിരുന്നുള്ളു. അവയിൽ ഒരു സംഘത്തിനും ൧ലക്ഷം രൂപയുടെ പ്രവർത്തനമൂലധനം ഇല്ലായിരുന്നു. എല്ലാ അർബൻബാങ്കുകൾക്കും കൂടി ൪ലക്ഷം രൂപ പ്രവർത്തനമൂലധനമുണ്ടായിരുന്നു. ഇൻഡ്യയിലെ ബാംബെ, പഞ്ചാബ്, മദ്രാസ്, മൈസൂർ, കൊച്ചി മുതലായ പ്രവിശ്യകളിലെയും നാട്ടുരാജ്യങ്ങളിലെയും അർബൻബാങ്കുകളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ തിരുവിതാംകൂറിലെ ഈ ബാങ്കുകൾ മൂലധനത്തിലും പ്രവൃത്തിവ്യാപ്തിയിലും ധനശക്തിയിലും പൊതുവെയുള്ള സ്ഥിതിയിലും വളരെ ബലഹീനങ്ങളായ സ്ഥാപനങ്ങളാണ്. ബാംബെയിൽ ഈ ബാങ്കുകൾ ൯൧-ൽ നിന്നും ൧൦൨-ആയി വർദ്ധിക്കുകയും ൪കോടി രൂപാ അവയുടെ മൂലധനമായി ഉണ്ടായിരിക്കുകയുംചെയ്തു. ബാംബെയിലെ രജിസ്ട്രാരുടെ റിപ്പോർട്ടിൽ ഇപ്രകാരംപറയുന്നു. "നഗരങ്ങളിലെ സഹകരണ ധനസഹായപ്രസ്ഥാനം ആകപ്പാടെ ഈ പ്രവിശ്യയിൽ ഒരു വിജയമാണ്. അനേകഅർബൻ ബാങ്കുകൾക്കു സ്വന്തംകെട്ടിടങ്ങളും അവയിൽ വായനശാലകൾ ലൈബ്രറികൾ ഇവയുംഉണ്ട്. തിരുവിതാംകൂറിൽ അനവധി സാമുദായികസംഘങ്ങൾ ഇല്ലാതിരിക്കുകയും സെൻട്രൽബാങ്ക്, താലൂക്കുബാങ്കുകൾ എന്നിവ അവയിലെ വ്യക്തി അംഗങ്ങൾക്കു വായ്പകൊടുക്കാതെ ഇരിക്കുകയും ചെയ്തിരുന്നുവെങ്കിൽ അർബൻബാങ്കുകൾക്കു കൂടുതൽധനസ്ഥിതിയും വളർച്ചയും ഉണ്ടായിരിക്കുമായിരുന്നു. ധനസഹായബാങ്കുകൾ ഞങ്ങൾ അഭിപ്രായപ്പെട്ടിട്ടുള്ളതനുസരിച്ചു പ്രാ

ധാർമ്മികസംഘങ്ങൾക്കുമാത്രം വായ്പനല്കുന്ന കാലംവരുമ്പോൾ അർബൻബാങ്കുകളുടെ വളർച്ചയും ശക്തിയും വർദ്ധിക്കുന്നതാണ്. എന്നാലും കച്ചവടസംബന്ധമായും വ്യവസായസംബന്ധമായും പ്രാധാന്യമുള്ള പട്ടണങ്ങളിൽ കൂടുതൽ പ്രചരണവേലയുടേയും സംഘടനയുടേയും ആവശ്യമുണ്ട്. ബാങ്കുകളുമായി ഇടപാടുചെയ്യുന്നതിനുള്ള ശീലം വർദ്ധിക്കുന്നതിനു അർബൻ ബാങ്കുകളിൽ അംഗങ്ങൾക്കും അല്ലാത്തവർക്കും കറന്റ് സേവിംഗ്സ് എന്നീ നിക്ഷേപങ്ങൾ തുടങ്ങുവാനുള്ള സൌകര്യങ്ങൾ നൽകേണ്ടതാണ്. ധനസ്ഥിതി ശരിയായി പുഷ്ടിപ്പെടുത്തുന്നതിനും, ആവശ്യമുള്ളപ്പോഴും [illegible] ഉപയോഗിക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാണ്. നിക്ഷേപങ്ങൾ [illegible] ഉടൻ ആവശ്യപ്പെടുമ്പോൾ കൊടുക്കുന്നതിനുള്ള ഏർപ്പാടും ചെയ്യേണ്ടതാണ്.

ഇന്ത്യയിലെ ബാങ്കുകളിൽ [illegible] ഉപയോഗിക്കുന്നതിനുള്ള "ചെക്ക്" ഏർപ്പാട് നടപ്പിൽ വരുത്തേണ്ടതാണ്. ബോംബെയിൽ ഈ ഏർപ്പാട് വളരെ പ്രചാരത്തിൽ വന്നിട്ടുണ്ട്. അവിടെ അനേകം [illegible] ചെക്കുകൾ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ഈ രീതി പ്രചരിക്കുന്നതോടുകൂടി സഹകരണബാങ്കുകളും മററുള്ള ധനവ്യാപാരകേന്ദ്രങ്ങളുമായി ബന്ധം സമ്പാദിക്കുന്നതിനു സാധിക്കുന്നതാണ്.

[illegible] അവസാനത്തിൽമാത്രം കണക്കുകൾ അവസാനിപ്പിക്കുന്ന ഏർപ്പാട് അനഭിലഷണീയമാണ്. ദിവസേന കണക്കുതീർത്ത് നീക്കിയിരിപ്പു വയ്ക്കേണ്ടതാണ്.

[illegible] മാസന്തോറും മാസാന്ത്യകണക്കുകളും ബാലൻസ്ഷീററും [illegible] ധനസഹായം ചെയ്യുന്നബാങ്കുകളിലേക്കു അയച്ചുകൊടുക്കണം.

സർക്കാർജീവനക്കാരുടെ സംഘങ്ങൾ.

[illegible] സർക്കാർജീവനക്കാർക്കു മാത്രമായി [illegible] സംഘങ്ങൾ ഉണ്ടായിരുന്നു. ഇവയിൽ [illegible] എണ്ണം ധനസഹായപ്രവൃത്തി നടത്തുന്നവയും, [illegible] എണ്ണം ഇൻഡോറിൽ ഉള്ളതുപോലെയുള്ള ബനിഫിററ് ഫണ്ട് (ധനസഹായനിധി) കളും, ഒരെണ്ണം ധനസഹായവും ബനിഫിററ് ഏർപ്പാടും കൂടിയുള്ളതും ആയിരുന്നു. ഈ സംഘങ്ങളിൽ ആകെയുള്ള അംഗങ്ങൾ [illegible],000-വും പ്രവർത്തനമൂലധനം [illegible] രൂപയും ആയിരുന്നു. ഇതിൽ ചില സംഘങ്ങൾ ഗവണ്മെന്റുഡിപ്പാർട്ടുമെന്റുകളിലെ [illegible] ക്കാർക്കുള്ളവയും, മററുള്ളവ പ്രവർത്തനപരിധി നിർണ്ണയിച്ചിട്ടുള്ള [illegible] ബോംബെയിൽ ഉള്ളതുപോലെ അംഗങ്ങളുടെ ശമ്പളത്തിൽനിന്നും പിടിച്ച സംഖ്യകൾ [illegible] മെന്നുള്ള പ്രത്യേക [illegible] ഉണ്ടായിരുന്നിട്ടും ഈ സംഘങ്ങളിലെ [illegible] മാനത്തിനു മററുസംഘങ്ങളിൽനിന്നും കുറവില്ല. സർക്കാർജീവനക്കാർ ഇത്തരം സംഘങ്ങളിൽചേർന്ന് മിതവ്യയം, സമ്പാദ്യം [illegible] വർദ്ധിപ്പിക്കുന്നതിനു [illegible] ന്നാം വായ്പകൾ എടുക്കുന്നതിനുമാത്രമേ സംഘങ്ങൾ ഉപയോഗിക്കുന്നുള്ളു [illegible] സമേതം പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസവും അറിവും സമ്പാദിച്ചിട്ടുള്ളവരും, സാമാന്യം നല്ല സ്ഥിതിയിൽ ഇരിക്കുന്നവരുമായ ഇക്കൂട്ടർ മററുള്ളവർക്കു മാതൃകയായിരിക്കത്തക്കവണ്ണം സഹകരണസിദ്ധാന്തങ്ങളായ മിതവ്യയം മുതലായ ഗുണങ്ങൾ ശരിയായി പരിശീലിച്ചും, സംഘങ്ങളുടെ ഭരണം സ്തുത്യർഹമായി നടത്തിയും, മാതൃക തെളിച്ചുകൊടുക്കുന്നതിനു പകരം മിതവ്യയമോ കടം വാങ്ങുന്നതിൽ നിയന്ത്രണമോ ഇല്ലാത്തവരായി പരിണമിച്ചിരിക്കുന്നു. ഇവർ അനേകം സംഘങ്ങളിൽനിന്നും കടംവായ്പകൾ എടുക്കുന്നു. ഞങ്ങൾ മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ നഗരങ്ങളിലെ സർക്കാർജീവനക്കാരും ഒരു സംഘത്തിൽനിന്നുമാത്രമേ കടം എടുക്കുവാൻ പാടുള്ളു.

സഹകരണഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരും സിൽബന്തികളും ഡിപ്പാർട്ടുമെൻറുവകയായി സ്ഥാപിക്കുന്ന ഒരു സംഘത്തിലല്ലാതെ മറെറാരു സംഘത്തിലേയും അംഗങ്ങളായിരിക്കാൻ പാടില്ല. ഇപ്രകാരമുള്ള ഒരു നിരോധനം മദ്രാസ് മുതലായ സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാർ അവരുടെ കൃത്യം ശരിയായി നിർവഹിക്കണമെങ്കിൽ ഇതു് ഏററവും അത്യാവശ്യമാണു്. ഇപ്രകാരമുള്ള സംഘങ്ങൾ അംഗങ്ങളുടെ ധനസ്ഥിതി ശക്തിപ്പെടുത്തുന്നതിനു ഏററവും ഉപയുക്തങ്ങളാണെന്നു താഴെ കൊടുത്തിട്ടുള്ള ബോംബെയിലെ സംഘങ്ങളുടെ വിവരണത്തിൽനിന്നും ഗ്രഹിക്കാൻ കഴിയും.

വൈതനിക സംഘങ്ങൾ.

൮. ശമ്പളക്കാരുടെ സംഘങ്ങൾ ഏററവും ശക്തിയുള്ളവയും, അവയുടെ പ്രചാരം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതും ആണു്. ശമ്പളത്തിൽനിന്നും ഈടാക്കപ്പെടുമെന്നുള്ള ഭയം അംഗങ്ങളെ കൃത്യബോധമുള്ളവരാക്കിത്തീർത്തിട്ടുള്ളതു് സഹകരണതത്വത്തിനു അത്ര യോജിച്ചതല്ലെങ്കിലും പ്രായോഗികഗുണം ഉണ്ടാക്കിത്തീർത്തിട്ടുണ്ടു്. നിർബന്ധിതമായ മിതവ്യയനിക്ഷേപം ഓരോരുത്തരുടേയും ആദായക്രമത്തിനനുരൂപമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്. ബോംബെയിലെ ജി. ഐ. പി. റെയിൽവെക്കമ്പനിക്കാരുടെ സഹകരണസംഘം ഈവക സംഘങ്ങളിൽ ഏററവും ശക്തിമത്തായതും അൻപതുലക്ഷം രൂപയുടെ പ്രവൃത്തിമൂലധനമുള്ളതുമായ ഒരു സംഘമാണു്.

ബനിഫിററ് ഫണ്ടുകൾ.

൯. മുപ്പത്തിരണ്ടു സർക്കാർജീവനക്കാരുടെ സംഘങ്ങളിൽ ൧൧ എണ്ണം ബനിഫിററ് ഫണ്ടുകൾ ആകുന്നു. മരണശേഷമോ, പെൻഷൻപററി പിരിയുന്ന അവസരത്തിലോ, ഈ സംഘങ്ങൾ ധനസഹായം ചെയ്യുന്നു. ഇവയിൽ ഒന്നായ തിരുവിതാംകൂർ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു നിധിയിൽ ൧൧൦൭-ൽ ൪,൭൪൩ അംഗങ്ങൾ ഉണ്ടായിരുന്നു. ഈ സംഘങ്ങളുടെ ഉദ്ദേശങ്ങളോടു ഞങ്ങൾക്കു പൂർണ്ണമായ അനുകമ്പയുണ്ടു്. എന്നാൽ അവ ഇപ്പോൾ തുടരുന്ന പ്രവർത്തനരീതി സ്വീകാര്യമാണോ എന്നു സംശയിക്കുന്നു. ൧൧൦൭-ലെ റിപ്പോർട്ടിൽ രജിസ്ട്രാർ താഴെ കാണുന്നപ്രകാരം പറയുന്നു:—

“൧൧൦൭ മീനമാസത്തിനുശേഷം ഗവർമ്മെൻറുസർവീസിൽ പ്രവേശിക്കുന്നവർ നിർബന്ധിതമായും ഗവർമ്മെൻറുപ്രാവിഡൻറുഫണ്ടിലൊ, സർക്കാർരക്ഷായോഗത്തിലൊ ചേരണമെന്നു നിർദ്ദേശിച്ചുകൊണ്ടുള്ള ൧൧൦൬-ജനുവരിമാസം ൨൯-ാംനു പുറപ്പെടുവിച്ച ൧൭൭-ാംനമ്പർ ഗവർമ്മെൻറുത്തരവിൻെറ ഫലം ഈ സംഘങ്ങളുടെ പുരോഗതിയെ സാരമായി തടഞ്ഞിട്ടുണ്ടു്.” ഈ അഭിപ്രായംതന്നെ ഞങ്ങളുടെ മുമ്പാകെ ഹാജരായി മൊഴിതന്ന ടി സംഘങ്ങളുടെ പ്രതിനിധികൾ ആവർത്തിച്ചു പറകയും, ഗവർമ്മെൻറുപ്രാവിഡൻറുഫണ്ടിലും, സർക്കാർരക്ഷായോഗത്തിലും ചേരുന്നതുപോലെ ഈവക ബനിഫിററ് ഫണ്ടുകളിൽ ചേർന്നാലും മതിയാകുമെന്നു് ഒരു സൗജന്യം നൽകേണ്ടതാണെന്നു പറയുകയും ചെയ്തു. എന്നാൽ ഗവർമ്മെൻറുപദ്ധതികളെക്കാൾ കൂടുതൽ ആദായകരമായിരിക്കുമെന്നുള്ള അവരുടെ വാദം ഞങ്ങൾക്കു ബോദ്ധ്യപ്പെട്ടിട്ടില്ല. അനേകായിരം സർക്കാർജീവനക്കാർ ഈ ബനിഫിററ് ഫണ്ടുകളിൽ ചേർന്നിട്ടുണ്ടെന്നു ഞങ്ങൾക്കറിയാം. ഈ ഫണ്ടുകൾ നൽകുന്ന സഹായധനത്തിൽ ഒരു ചെറിയ സ്വാതന്ത്ര്യാംശംകൂടിയുണ്ടെന്നും ഞങ്ങൾ മനസ്സിലാക്കി. എന്നാൽ ഈ ഫണ്ടുകളുടെ ജോലിക്രമം കാര്യക്ഷമവും അവരുടെ കണക്കുനിർണ്ണയനം കൂടുതൽ സംശയരഹിതവുമാക്കിത്തീർക്കുന്നതിനു ഞങ്ങൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

(ക) അംഗങ്ങളെ ചേർക്കുന്നതിനുമുമ്പു മെഡിക്കൽപരിശോധന നടത്തുക.

(ഖ) അവരുടെ കണക്കുപട്ടികകളെ കണക്കുവിദഗ്ദ്ധന്മാരെക്കൊണ്ടു പരിശോധിപ്പിക്കുക.

(൩) അംഗങ്ങളുടെ പക്കൽനിന്നും അഡ്വാൻസായി ഒരു തുക പിരിച്ചുവെച്ചു വേണ്ട സമയങ്ങളിൽ സഹായധനം നൽകുകയും അതു വീണ്ടും സ്വരുക്കൂട്ടി വസൂലാക്കുകയും ചെയ്യുക.

(൪) രജിസ്ട്രാരുടെ അനുവാദത്തിന്മേൽ ധനസഹായശാഖ ആരംഭിച്ച്, മററുള്ള സംഘങ്ങളിൽനിന്നും വായ്പ എടുക്കാൻ സമ്മതിക്കാതെ അംഗങ്ങൾക്കു ധനസഹായം ചെയ്ക.

ഇത്രയും കാര്യങ്ങൾ നടപ്പിൽ കൊണ്ടുവന്നാൽ ഈ സംഘങ്ങളെപ്പററി മേൽ പറയപ്പെട്ട ക്രമക്കേടുകൾക്ക് അവ വിധേയമാകാതെ സുരക്ഷിതമായി പ്രവർത്തി നടത്താൻ സാധിക്കുന്നതാണ്.

അദ്ധ്യാപകന്മാരുടെ സംഘങ്ങൾ.

൭. ൧൧൨൮-ൽ ൬ അദ്ധ്യാപകസംഘങ്ങളും, ൬ മുനിസിപ്പൽ ജീവനക്കാരുടെ സംഘങ്ങളും, ൩ വ്യവസായശാലകളിലെ ജീവനക്കാരുടെ സംഘങ്ങളും ജോലിചെയ്യുന്നുണ്ടായിരുന്നു. ഇവയിലെ അംഗങ്ങളിൽ ഒട്ടധികംപേർ സർക്കാർജീവനക്കാരുടെ സംഘങ്ങളിലേയും, മററു പ്രാഥമികസംഘങ്ങളിലേയും അംഗങ്ങൾകൂടി ആയിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ ശുപാർശ അനുസരിച്ച് ഒരു മെമ്പർ രണ്ടോ അതിൽ കൂടുതലോ സംഘങ്ങളിൽനിന്നു കടംവായ്പ എടുക്കാൻ പാടില്ല എന്നുള്ള തത്വം സ്വീകരിക്കുമ്പോൾ ഇപ്രകാരമുള്ള സംഘങ്ങളുടെ ആവശ്യം ഇല്ലാതാകുമെന്നും അവരുടെ കടങ്ങൾ മററു സംഘങ്ങളിലേയ്ക്കു മാററം ചെയ്യപ്പെടുമെന്നും വിശ്വസിക്കുന്നു.

മുൻസിപ്പൽജീവനക്കാരുടെ സംഘങ്ങൾ.

൮. സംസ്ഥാനത്തിലുള്ള പതിനഞ്ചു നഗരസഭകളിൽ അഞ്ചെണ്ണത്തിനു മാത്രമേ അവയിലെ ജീവനക്കാർക്കിടയിലുള്ള പരസ്പരസഹായസംഘങ്ങൾ ഉള്ളൂ. ഇത്തരം കൂടുതൽ സംഘങ്ങൾ രൂപവൽക്കരിക്കുന്നതിനു ധാരാളം സൌകര്യമുണ്ട്. നഗരസഭകളിലെ താഴ്ന്ന തരം സിൽബന്തികൾ മിക്കവാറും ജോലിക്കാരായ വരവുള്ളവരാണെങ്കിലും അവർ അമിതമായ ചെലവുകളും മദ്യപാനത്താലും കഷ്ടപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള ജീവനക്കാർക്ക് പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചു മുൻസിപ്പൽ അദ്ധ്യക്ഷന്മാരും, ഉദ്യോഗസ്ഥന്മാരും അവയെ നയിക്കുകയാണെങ്കിൽ അവരുടെ സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെടുത്തുവാൻ സാദ്ധ്യമാകുന്നതാണ്. ഇത്തരത്തിലുള്ള സംഘങ്ങൾ മിക്കവാറും മേസ്ത്രിമാരാലും, കുറഞ്ഞ ശമ്പളക്കാരാലും ഭരിക്കപ്പെടുന്നതുനിമിത്തം അംഗങ്ങളുടെ സാമ്പത്തികമായും, സാന്മാർഗ്ഗികമായും ഉള്ള സ്ഥിതി നന്നാക്കുന്നതിന് അവ പര്യാപ്തങ്ങളല്ലാതെ തീരുന്നു. തന്നിമിത്തം അവർ കൂടുതൽ കടംവായ്പകൾ എടുത്തു കടക്കാരായി മാത്രം പരിണമിക്കുന്നു. ഓരോ സംഘത്തിനും ഒന്നോ രണ്ടോ ശരിയായ നേതാക്കന്മാരെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം ഉദ്യോഗസ്ഥന്മാരുടെ അനുഭാവത്തോടുകൂടി ഇത്തരം സംഘങ്ങൾ നടത്തുകയാണെങ്കിൽ സാധുക്കളായിട്ടുള്ളവരെ ഉദ്ധരിക്കുന്നതിനും ഗുജറാത്തിലും ബോംബെയിലും മുൻസിപ്പാലിററികളിലുള്ള ഉത്തമജീവിതസംഘങ്ങളെപ്പോലെ [illegible] നടത്തുന്നതിനും സാധിക്കുന്നതാണ്.

വ്യവസായശാലകളിലെ ജീവനക്കാരുടെ സംഘങ്ങൾ.

൯. ൧൧൨൮-ൽ ഉണ്ടായിരുന്ന മൂന്നുസംഘങ്ങളിൽ ൨൭൧ അംഗങ്ങളും, ൧൦,൧൧൮ രൂപ പ്രവർത്തനമൂലധനവുമുണ്ടായിരുന്നു. ആ വർഷത്തിൽ ൧൮൦ വ്യവസായശാലകൾ ഉണ്ടായിരുന്നതിൽ ൩൧ എണ്ണത്തിൽ ൧൦൦-ൽ കൂടുതൽ ജീവനക്കാർ ഉണ്ടായിരുന്നു. ഈ വ്യവസായശാലകളിൽ എണ്ണയാട്ടി ഉണ്ടാക്കുന്ന മില്ലുകൾ, ഓട്ടുപ്പീടികകൾ, തേയിലയും റബ്ബറും കൃഷിചെയ്യുന്ന തോട്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇവയിലെ

ജോലിക്കാൎക്ക് മേൽപറഞ്ഞ മാതിരിയിലുള്ള സംഘങ്ങൾ സ്ഥാപിക്കുന്നതിന് വളരെ സൌകൎയ്യമുണ്ട്. എന്നാൽ ഈ ശാലകളിലെ മേധാവികൾ ഈ തരത്തിലുള്ള സംഘപ്രവൎത്തനത്തെ സഹായിച്ചാൽ മാത്രമേ വിജയകരമായി നടത്താൻ സാധിക്കൂ. മുതലാളിമാർ ഇത്തരത്തിലുള്ള സംഘടനകളെ സാധാരണയായി അനുകമ്പാപൂൎവ്വം വീക്ഷിക്കുന്നതല്ല. എന്നാൽ സഹകരണതത്വങ്ങൾ ശരിയായി ഇവൎക്ക് മനസ്സിലാക്കിക്കൊടുത്താൽ സംഘം മുഖാന്തിരം ഉടമസ്ഥന്മാരും തൊഴിലാളികളും തമ്മിൽ സൌഹാൎദ്ദവും യോജിപ്പും പുലൎത്തുന്നതിന് സാധിക്കുന്നതാണെന്നു മനസ്സിലാക്കി വേണ്ടവിധം സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുമെന്നുള്ളതിനു സംശയമില്ല. വ്യവസായശാലാ ഉടമസ്ഥന്മാരുടെ ഇടയിൽ പ്രചരണവേല നടത്തുന്നവർ തന്ത്രകുശലന്മാരും, മതിപ്പുള്ളവരും ആയിരിക്കണം. ആവശ്യമുള്ളപ്പോൾ ഡിവിഷൻപേഷ്കാരന്മാർ മുതലായ പബ്ലിക്ക് ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി രജിസ്ട്രാർ തന്നെ ഈ കൃത്യം നിൎവ്വഹിക്കേണ്ടതാണ്. ഇമ്മാതിരിയുള്ള സംഘങ്ങൾ മിതവ്യയപരിശീലനം, അംഗങ്ങൾക്ക് വേണ്ടി [illegible] വാങ്ങി സാമാനം വിലക്കു വാങ്ങി വിതരണം ചെയ്യുന്ന ഇൻഡൻറ പർച്ചെസ്, എന്നീ ജോലികൾ നടത്തുന്നതു കടം വായ്പകൾ നൽകുന്നതിനേക്കാൾ ഉപയോഗപ്രദമായിരിക്കും.

കൈത്തൊഴിൽകാരുടെ സംഘങ്ങൾ.

൧൦. ൧൧൧൭-ൽ, ൨,൦൩൩ അംഗങ്ങളോടും ൨,൧,൫൩൯ രൂപ പ്രവൎത്തനമൂലധനത്തോടും കൂടിയ ൨൨ സംഘങ്ങൾ ജോലിചെയ്യുന്നുണ്ടായിരുന്നു. ഈ സംഘങ്ങൾ ധനസഹായസംഘങ്ങൾ ആണ്. അംഗങ്ങളുടെ സാധനങ്ങൾ വില്പിച്ചുകൊടുക്കുന്നതിന് ഈ സംഘങ്ങൾ പ്രവൎത്തിക്കുന്നതു നന്നായിരിക്കും. സഹകരണ സംഘങ്ങൾ അവയുടെ സാധനങ്ങൾ തിരുവനന്തപുരത്തു സ്ഥാപിതമായിട്ടുള്ള വ്യവസായഡിപ്പാൎട്ടുമെൻറുവക വില്പന ഡിപ്പോവിലേക്ക് അയച്ചുകൊടുക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വില്പനയിന്മേൽ ൧൨½ ശതമാനം കമ്മീഷൻ നൽകണമെന്നു നിൎബ്ബന്ധിക്കപ്പെട്ടിട്ടുണ്ട്. സംഘങ്ങൾ വില്പനക്ക് ഏല്പിക്കുന്ന സാമാനങ്ങൾക്ക് കമ്മീഷൻ ഈടാക്കാൻ പാടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇപ്രകാരം സാമാനങ്ങൾ വിററഴിക്കുന്നതിന് കുറെ കാലതാമസം നേരിടുന്നതാണ്. അത്രയും കാലത്തേക്ക് ഈ തൊഴിലാളികളുടെ ജീവിതാവശ്യങ്ങൾക്കും, അവരുടെ തൊഴിൽ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനും വേണ്ട ധനസഹായം ലഭിക്കേണ്ടതായിരിക്കുന്നു. ധനസഹായബാങ്കുകൾ ഈ തൊഴിലാളികളെ സഹായിക്കുകയോ, അല്ലാത്തപക്ഷം ഗവൎമ്മെൻറിൽനിന്നും ഒരു തുക വില്പന ഡിപ്പോയെ ഏല്പിച്ച് സാമാനങ്ങൾ ഡിപ്പോവിൽ ഏല്പിക്കുമ്പോൾ അവയുടെ നിരക്കുവിലയുടെ ൫൦ മുതൽ ൭൦ വരെ ശതമാനം മുൻകൂറായി ഈ തൊഴിലാളികൾക്ക് നൽകുന്നതിന് വേണ്ട ഏൎപ്പാടുകൾ ചെയ്യുകയോ, ചെയ്യേണ്ടതത്യാവശ്യമാണ്. സാമാനങ്ങൾ വില്പനക്കായി സ്വീകരിക്കുക മാത്രമാണ്, അല്ലാതെ ഡിപ്പോവിൽ നിന്നും വിലക്കുവാങ്ങിക്കുകയല്ലാ എന്നുള്ള കാൎയ്യം ഈ സംഘങ്ങളെ വ്യക്തമായി മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്.

അദ്ധ്യായം ൧൦.

അകാർഷികധനോദ്പാദനസംഘങ്ങൾ

നെയ്ത്തു വ്യവസായ സംഘങ്ങൾ.

൧൯൦൪-ൽ ഉല്പാദനം വില്പന എന്നീ ധനോത്പാദനപ്രവൃത്തികൾ കൂടി നടത്തിവന്ന ൧൭ അകാർഷിക ധനസഹായസംഘങ്ങൾ ഉണ്ടായിരുന്നു. ഇൻഡ്യയെപ്പററിയാണ് ഇതുവരെ പറയുവാനുണ്ടെങ്കിൽ കർഷകന്മാർ കഴിഞ്ഞാൽ വളരെ കൂടുതൽ ജനസംഖ്യയുള്ള തൊഴിലാളികളിൽ പ്രധാനം നെയ്ത്തുകാരാണ്. തിരുവിതാംകൂറിൽ അങ്ങിനെ അല്ല. ൧൯൩൧-ൽ തിരുവിതാംകൂറിൽ നെയ്ത്തു പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ളവരുടെ സംഖ്യ ൧൭,൬൫൬-ം അത് ഒരു ഉപതൊഴിലായി മാത്രം സ്വീകരിച്ചിട്ടുള്ളവർ ൧൪൪൪-ം ആയിരുന്നു. സഹകരണപ്രസ്ഥാനം ഈ തൊഴിലാളികൾക്ക് വളരെ ഉപകാരപ്രദമായി തീരുമെന്ന് ആദ്യകാലങ്ങളിൽ ഇൻഡ്യയിൽ എല്ലാസ്ഥലങ്ങളിലും വിശ്വസിച്ചിരുന്നു. അതനുസരിച്ച് ഇൻഡ്യയിലെ ബ്രിട്ടീഷ്‌പ്രവിശ്യകളിലും, നാട്ടുരാജ്യങ്ങളിലും നെയ്ത്തു സംഘങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇപ്രകാരം നെയ്ത്തുസംഘങ്ങൾ സ്ഥാപിച്ചിട്ടുള്ള പഞ്ചാബ്, ബോംബെ, മദ്രാസ്സ്, ബംഗാൾ, മൈസൂർ, കൊച്ചി മുതലായ സ്ഥലങ്ങളിൽ വിജയപ്രദമായി ഇത്തരം സംഘങ്ങൾ നടത്തിവരുന്നുണ്ട്. എന്നാൽ ഇവിടെ ഫലപ്രാപ്തി ഉണ്ടായിട്ടില്ല. ൧൯൩൨ - ൩൩ വരെയുള്ള സഹകരണവർഷത്തിൽ പഞ്ചാബിൽ ൨൦൦ നെയ്ത്തു സംഘങ്ങളും, ബോംബെയിൽ ൫൩-ം മദ്രാസ്സിൽ ൨൪-ം, ബംഗാളിൽ ൩൨൮-ം, മൈസൂരിൽ ൬൪-ം, കൊച്ചിയിൽ ൩-ം സംഘങ്ങളുണ്ടായിരുന്നു. ചില പ്രവിശ്യകളിൽ ഗവമ്മെന്റ സഹായത്തോടുകൂടി വില്പന ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥപ്രസ്ഥാനമായ മദ്രാസ് ഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ മലബാറിൽ കോഴിക്കോട്ട് ഒരു വില്പന ഡിപ്പോ നടത്തിവരുന്നുണ്ട്. ആ ഡിപ്പോവിന്റെ ഭരണം നടത്തുന്ന പ്രവർത്തകൻ ഇപ്രകാരം പറയുന്നു. "പണ്ടുകാലത്തു നെയ്ത്തു സംഘങ്ങൾ ഞങ്ങളെ വളരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. നിരന്തര പ്രയത്നത്തിന്റെ ഫലമായി ഒരു വില്പന ഡിപ്പോ നടത്തുന്നതിലേക്ക് ഗവണ്മെന്റിൽ നിന്നും പ്രതിവർഷം ൫൦൦ രൂപാ ഗ്രാന്റു തന്നു. ഈ ഡിപ്പോ മററുള്ള സംഘങ്ങളുടെ സംസ്കൃതസാധനങ്ങൾ വിൽക്കുന്നതിന് ഒരു ഏജൻറായിക്കൂടി കമ്മീഷൻ ഏർപ്പാടിൽ പ്രവർത്തിക്കുന്നുണ്ട്. വലിയതരം മൂലധനം ആവശ്യമായിരുന്നതിനാൽ അത്തരം വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് ചില അംഗങ്ങളെക്കൊണ്ട് അതിന്റെ നിർമ്മാണത്തിന് ആവശ്യമുള്ള "fly shuttle slay" എന്ന ഉപകരണം ഉപയോഗിക്കാൻ പ്രേരിപ്പിച്ചു. ആറു സംഘങ്ങൾ ഇതനുസരിച്ച് ഈ ഉപകരണം നടപ്പിലാക്കി. തന്നിമിത്തം അവരുടെ ആദായം വർദ്ധിച്ചുവെങ്കിലും, മററുള്ളവർ ഇത്തരത്തിലുള്ള പരിഷ്കൃത യന്ത്രങ്ങളുടെ ഗുണം മനസ്സിലാക്കാൻ ജാഗ്രതകാണിക്കുന്നില്ല. നൂൽ, അരി എന്നിവ ഒരുമിച്ചു വാങ്ങുന്ന ജോലി തുടങ്ങിയിരുന്നു. മുതലാളികളിൽ നിന്നും മോചനം നൽകുന്നകാര്യം സാധിക്കേണ്ടതായിത്തന്നെ ഇരിക്കുന്നു".

൨. നെയ്ത്തുവ്യവസായ സംഘങ്ങളുടെ ബുദ്ധിമുട്ടുകളെ പരിഗണിച്ചും, കൈത്തറി നെയ്ത്തിന്റെ അഭിവൃദ്ധിയെ പുരസ്കരിച്ചും അതിലേക്കായി ൫ ലക്ഷം രൂപാ ചിലവാക്കുന്നതിന് ഇൻഡ്യാഗവണ്മെന്റ തയ്യാറായിരിക്കുന്നു. തിരുവിതാംകൂർ ഗവണ്മെന്റും കൈത്തറി നെയ്ത്തുകാരുടെ വിഷമതകളെപ്പററി അറിയായി പ്പെട്ട് അന്വേഷണം നടത്തിയതിന്റെ ശേഷം അവരെ സഹായിക്കുന്നതിലേക്കായി ഇത്തരത്തിലുള്ള ധനസഹായങ്ങൾ ചെയ്യുന്നതിന് സന്നദ്ധമാകുന്നത് ഉപകാരപ്രദമായിരിക്കുമെന്ന് ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു. പൊതുവെ ഈ വ്യവസായികൾക്കുള്ള ഒരു വിഷമത, അവർ നിർമ്മിക്കുന്ന ചരക്കുകൾ വിററഴിക്കുന്നതിനുള്ള വാണിജ്യസ്ഥലങ്ങളുടെ അഭാവമാണ്. ആദ്യ

മായി, ജവിളിത്തൊഴിലാളികൾക്ക് സഹായവിധമായി കൈനെയ്ത്തുകാരനെ മില്ലുകളുടെ മത്സരം ഏറ്റവുമധികം ക്ലേശപ്പെടുത്തുന്നു. അടുത്തകാലത്തായി തൊഴിലാളികളുടെയും മുതലാളികളുടെയും ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. സ്വല്പമെങ്കിലും വിജയകരമായി ജോലി നടത്തിയിട്ടുള്ള സംഘങ്ങൾ ഗവൺമെന്റിൽ നിന്നും ഓർഡറുകൾക്കോ, മറ്റു സൌജന്യങ്ങളോ ലഭിച്ചിട്ടുള്ളവയും, സാലെം, ബഹർ എന്നീ പ്രസ്ഥാനങ്ങൾ മുഖാന്തിരവും, ചില വിദേശങ്ങളിൽ ഒരങ്ങൾ നിൽക്കുന്നതിനുള്ള മത്സരത്തിലെ ക്ലേശം സഹിച്ചിട്ടുള്ളതുകൊണ്ടാണ്. അതിനാൽ തന്നെ ഇവയെ നിലനിർത്തേണ്ട ആവശ്യം നേരിട്ടിട്ടില്ലാത്തവയുമുണ്ട്. എന്നാൽ വിജയ സ്ഥിരതയും, സ്വാശ്രയവും നിലനിർത്താൻ കഴിയുന്നില്ല. നെയ്ത്തുകാർ മായിവാങ്ങിയ അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന ഏർപ്പാട് ആദ്യഘട്ടങ്ങളിൽ വിജയകരമായി നടത്തപ്പെട്ടെങ്കിലും, വിലയുടെ മാറ്റങ്ങൾ മൂലം പരാജയപ്പെട്ടതായി കാണുന്നു. വലിയതരത്തിലുള്ള ഉപഭോക്താക്കളുടെ സ്ഥാപനങ്ങൾ ഉണ്ടായിരുന്നെങ്കിൽ നെയ്ത്തു സംഘങ്ങൾക്ക് അവ വളരെ സഹായകരമായിത്തീരുമായിരുന്നു. ഇൻഡ്യാഗവൺമെന്റിന്റെ മുൻപറഞ്ഞ സഹായം നെയ്ത്തുസംഘങ്ങളെ സഹായിക്കുവാൻ പര്യാപ്തമായിത്തീരുമെന്ന് ആശിക്കാം. ഫോറസ്റ്റ്, പ്ലൈയ്സ്, പോലീസ്, പട്ടാളം എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ആവശ്യങ്ങൾക്കുള്ള തുണിത്തരങ്ങൾ നെയ്ത്തു സംഘങ്ങളിൽനിന്നും വാങ്ങുന്നതിന് ഏർപ്പാടുകൾ ചെയ്താൽ നന്നായിരിക്കുമെന്ന് ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഞങ്ങൾ തൊഴിലാളികളുടെ സംഘങ്ങളെപ്പറ്റി റിപ്പോർട്ടിന്റെ മുൻപുള്ള ഒരു ഭാഗത്ത് നിർദ്ദേശിച്ചിട്ടുള്ള ഉപാധികൾ നെയ്ത്തു സംഘങ്ങൾക്കു പര്യാപ്തമായിട്ടുള്ളവയാണെന്നും, തൊഴിലാളികളുടെ സംഘങ്ങളുടെ കൂട്ടത്തിൽ നെയ്ത്തു സംഘങ്ങളെപ്പറ്റിയും രജിസ്ത്രാരുടെ റെണറിപ്പോർട്ടിൽ പ്രസ്താവിക്കേണ്ടതായിരുന്നു എന്നും അഭിപ്രായപ്പെട്ടുകൊള്ളുന്നു.

വിതരണസംഘങ്ങൾ.

൩൬. ൧൧൦൮-ൽ ൧൨ വിതരണസംഘങ്ങൾ അല്ലെങ്കിൽ സ്റ്റോർ സംഘങ്ങൾ ഉണ്ടായിരുന്നതിൽ ഒരെണ്ണം ജോലി ആരംഭിച്ചിട്ടില്ലായിരുന്നു. രജിസ്ത്രാരുടെ റിപ്പോർട്ടിൽ ഈ സംഘങ്ങളുടെ പ്രവർത്തനത്തെപ്പറ്റി കുറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അവയുടെ ആകപ്പാടെയുള്ള വിക്രയം ൧,൩൭,൯൩൭ രൂപയുടേതായിരുന്നതായി പറയപ്പെടുന്നു. ഇതിൽ തിരുവനന്തപുരം വിതരണപരസ്പരസഹായസംഘം നമ്പർ ൩ മാത്രമാണ് ഉപ്ലിക്കയായ രീതിയിൽ ജോലിനടത്തുന്നത്. പരസ്പരസഹായ സംഘങ്ങളുടെ ഷൻ ൧൯൦൮-ൽ നടപ്പിൽ വരുത്തുന്നതിനു മുമ്പുതന്നെ രജിസ്റ്റർ ചെയ്യാതെ ഈ സംഘപ്രവൃത്തി ആരംഭിച്ചിട്ടുള്ളതായിഅറിയുന്നു. എല്ലായ്പൊഴും ഈ സംഘം തന്നെ ഒന്നാമത്തെ സ്ഥാനത്തു നിൽക്കുന്നു. മറവുള്ള ൧൧ സ്റ്റോർ സംഘങ്ങളിലെയും സാമാനങ്ങൾ വിലക്കു വാങ്ങിച്ചിട്ടുള്ളതിനോടു ഏകദേശം തുല്യമായി ഈ സംഘമൊന്നു മാത്രം സാമാനങ്ങൾ വിലയ്ക്കുവാങ്ങിയതായികാണാം. ആകെ ൧,൩൭,൯൩൭ രൂപയുടെ സാമാനങ്ങൾ ക്രയം ചെയ്തതിൽ ഈ സംഘംമാത്രം ൬൧,൭൯൬ രൂപയ്ക്കുള്ള സാമാനങ്ങൾ വാങ്ങിയിരുന്നു. ഈ സംഘത്തിന് ഒരു സ്വന്തകെട്ടിടവും ഏഴു ശാഖകളും, നല്ല ഒരു കരുതൽ ധനവുമുണ്ട്. അതിലെ സിൽബന്തികളുടെ നന്മയെ ഉദ്ദേശിച്ച് ഇപ്പോൾ ഒരു പ്രാവിഡൻറ്ഫണ്ട് ഏർപ്പാട് നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സ്റ്റോറിൽ നിന്നും ഓരോ സിൽബന്തിയും അടയ്ക്കുന്നതിന്റെ ഒപ്പം ഒരു തുകകൂടി ഫണ്ടിലേക്ക നൾകപ്പെടുകയും, അതിന്മേൽ ന്യായമായ പലിശ അനുവദിക്കയും ചെയ്യുന്നു.

സ്റ്റോർ സംഘങ്ങൾ ഗ്രാമങ്ങളിലെക്കാൾ കൂടുതൽ അഭിവൃദ്ധികരമായി നഗരങ്ങളിൽ നടത്താം.

൩൭. പ്രസ്ഥാനം ആരംഭം മുതൽ തന്നെ സ്റ്റോർ സംഘങ്ങളുടെ രൂപവൽക്കരണത്തിൽ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. പ്രഥമവർഷത്തിൽ ൪ സ്റ്റോർ സംഘങ്ങൾ സ്ഥാപിച്ചുവെ

കിട്ടും എന്നൊന്നുമാത്രമേ നിലനിന്നൊള്ളു. സ്റ്റോർ സംഘങ്ങൾ മററുള്ള സംഘങ്ങളെ അപേക്ഷിച്ച് കൂടുതൽ പരാജയപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത ഇൻഡ്യയെപ്പററി പൊതുവെ പറയാവുന്ന ഒരു പരമാർത്ഥമാണ്. സ്റ്റോറിൻെറ ആദർശം ഇംഗ്ലണ്ടിൽ നിന്നും മററു രാജ്യങ്ങൾ സ്വീകരിച്ചിട്ടുള്ള ഒന്നാണ്. ഈ രാജ്യങ്ങളിലുള്ള പരിതസ്ഥിതികൾ പര്യാലോചിക്കുമ്പോൾ ഇൻഡ്യയിൽ ഇംഗ്ലണ്ടിൽ ഉണ്ടായിട്ടുള്ളതു പോലെയുള്ള വിജയം ആശിക്കുവാൻ നിവർത്തിയില്ല. മൊത്തമായി സാമാനങ്ങൾ വാങ്ങുന്നതിൻെറ വിലയുടെയും, ചില്ലറയായി വാങ്ങുന്ന വിലയുടെയും വ്യത്യാസം ഇംഗ്ലണ്ടിൽ ഇൻഡ്യയിലത്തേക്കാൾ വളരെ കൂടുതലാണ്. ഇംഗ്ലണ്ടിൽ അംഗങ്ങൾക്കു ലഭിക്കുന്നതുപോലെയുള്ള ലാഭവീതം ഇവിടെ കിട്ടുമെന്ന ആശിക്കുവാൻ നിവർത്തിയില്ല. ഇംഗ്ലണ്ടിൽ തൊഴിലുകൾ ചെയ്യുന്നവരുടെ വകയായിട്ടാണ് സ്റ്റോർ പ്രസ്ഥാനം തുടങ്ങിയത്. ഇൻഡ്യയിൽ അഭ്യസ്തവിദ്യരായ ജനങ്ങളുടെ വകയായിട്ടു മാത്രമാണ് അവ നടത്തപ്പെടുന്നത്. ഇവിടെ വിദ്യാഭ്യാസം ഉള്ള ധാരാളം ജനങ്ങൾ നിവസിക്കുന്ന പട്ടണങ്ങളിൽ മാത്രമേ സ്റ്റോറുകൾ വിജയപ്രദമാകയുള്ളു. വിദ്യാഭ്യാസമുള്ളവർമാത്രമേ സ്റ്റോറിൻെറ ഗുണങ്ങൾ ഇവിടെ അറിയുന്നുള്ളു. അങ്ങിനെയുള്ളവർക്കുടെ ഉദ്യോഗസ്ഥന്മാരെപ്പോലെ ധാരാളമാണ് സമാനങ്ങൾ വാങ്ങുന്ന ജോലി ഏല്പിക്കുന്നത്. അതിനാൽ സമാനങ്ങളുടെ ഗുണം, വില, ഇവ, അളവ് എന്നിവ, വിശ്വസനീയമായ വിധത്തിൽ ഉള്ള ഒരു സ്ഥാപനം അത്യാവശ്യമായി കരുതുന്നു. ആവശ്യമായതിലേക്കു മൂലധനവും ഭരണത്തിലേക്കായിട്ടുള്ള കാര്യസമയവും ചിലവാക്കുന്നതിനു ആരും സന്നദ്ധനാകുന്നു. അതിനാൽ അവരും സ്റ്റോർ ബഹിഷ്കരിക്കുകയോ അതിൽ ചേരുകയോ ചെയ്യുന്നു. ഇൻഡ്യയിൽ ലാഭവീതം വളരെ കുറവായോ, അനിശ്ചിതമായോ തന്നെയിരിക്കും. മദ്രാസ്സിലെ ട്രിപ്ലിക്കെയിൻ സ്റ്റോറിൽ ലാഭവീതം നൽകിയ ആദ്യവർഷത്തിൽ രൂപക്ക് അരയണ മാത്രമെ ഉണ്ടായിരുന്നുള്ളു. പിന്നെ ഇംഗ്ലണ്ടിൽ ഇത് ഒരു പവനിൽ രണ്ടു ഷില്ലിംഗ് ആറുപെൻസ് വീതമായിരുന്നു. ലാഭവീതം ലഭിച്ചു സ്റ്റോറിൽ ചേരുന്നവർ കാലക്രമേണ ഉത്സാഹശൂന്യരായിതീരുന്നതാണ്. ലാഭവീതം നിശ്ചയമായും ധാരാളമായും ഉണ്ടായിരുന്നുവെങ്കിൽ വളരെ സംഘങ്ങൾ ഭദ്രമായിരുന്നു.

പ്രത്യക്ഷമായും പരോക്ഷമായുമുള്ള അതിൻെറ ഗുണങ്ങൾ.

൭. സഹകരണവിതരണ സംഘങ്ങളുടെ നന്മ അവയുടെ മെമ്പറന്മാർക്ക് പ്രത്യക്ഷത്തിൽ കിട്ടുന്ന ഗുണങ്ങളിൽ നിന്നു നിർണ്ണയിക്കാൻ സാദ്ധ്യമല്ല. ചില്ലറ വ്യാപാരികളുടെ വ്യാപാരത്തിൽ വരുത്തുന്ന സന്മനോഭാവമാണ്. ഈ സംഘങ്ങൾ പ്രദാനം ചെയ്യുന്ന വലിയ ഗുണം. അവർ ചില്ലറ വിലനിരക്കുകൾ സംഘങ്ങളോടൊപ്പം കുറയ്ക്കുകയും സംഘങ്ങളുമായി മത്സരിക്കുന്ന കാര്യത്തിൽ സത്യസന്ധത പുലർത്തുകയും ചെയ്യുന്നു. സംഘങ്ങൾ ഇല്ലാതിരുന്ന ദിവസങ്ങളിൽ അവർ വിലനിരക്ക് താൽക്കാലികമായി കൂട്ടുന്നു. ഇപ്രകാരം ഈ സംഘങ്ങൾ പ്രദാനം ചെയ്യുന്ന സേവനം പൊതുജനങ്ങൾക്ക് സഹായകരമായിരിക്കുന്നു.

ലളിതമായ കണക്കെഴുത്തുരീതി.

൮. ഇപ്പോൾ നടപ്പിലിരിക്കുന്ന വിതരണ സംഘങ്ങളിലെ കണക്കുവെപ്പ് ഏർപ്പാടു, വളരെ വിഷമമേറിയതും കൂടുതൽ ചിലവുള്ളതുമാണ്. ഓരോ സാമാനത്തിൻെറയും ഏററവും ചുരുങ്ങിയ തുകയും കാണിക്കുവാൻ ഇതു സഹായിക്കുന്നു. ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സൂക്ഷ്മ പ്രയോഗത്തിൽ ദുസ്സാദ്ധ്യമായിത്തീർന്നിരിക്കുന്നതും അതിനാൽ ഈ പ്രസ്ഥാനം വിജയപ്രദമായി നടത്തിവരുന്ന രാജ്യങ്ങളിൽ സ്വീകരിച്ചുവരുന്ന ഏർപ്പാടു ഇവിടെയും സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നു വിചാരിക്കുന്നതുമാകുന്നു. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന സമ്പ്രദായം വളരെ ലഘൂകരിക്കുന്നതിനും തൻമൂലം അതു ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

മെമ്പറന്മാരല്ലാത്തവൎക്ക വില്പന.

൭. ഇവിടെയുള്ള വിതരണസംഘങ്ങളിലെ നിബന്ധനകളിൽ മെമ്പറന്മാരല്ലാത്തവൎക്ക് വില്പന അനുവദിച്ചിട്ടില്ലെങ്കിലും, യഥാൎത്ഥത്തിൽ അധികം വില്പന നടത്തിവരുന്നു. അവർ പരിചയമുള്ള മെമ്പറന്മാരുടെ പേരിൽ സാമാനങ്ങൾ വാങ്ങുകയും അതുനിമിത്തം ലഭിക്കുന്ന ലാഭവീതം മെമ്പറന്മാൎക്ക കിട്ടുകയും ചെയ്യുവരുന്നു. മെമ്പറന്മാരല്ലാത്തവൎക്ക് വില്പനയും, ലാഭവീതത്തിന്റെ ഒരംശവും നടത്തേണ്ടതാണെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. സാമാനം വാങ്ങിക്കുന്ന രസീത് ഹാജരാക്കുന്നേടം അവൎക്ക് ഒരു ലാഭവീതം അനുവദിക്കത്തക്കവണ്ണം നിബന്ധനയിൽ ഭേദഗതിവരുത്തുകയും, അപ്രകാരം അവൎക്ക സിദ്ധിക്കുന്ന ലാഭവീതം ഒരു ഓഹരിയുടെ വിലക്ക സമമാകുമ്പോൾ ഓഹരി ഏല്പിച്ച് അവരെ മെമ്പറന്മാരായി ചേൎക്കകയും ചെയ്യുന്നത് ആശാസ്യമായിരിക്കും. ഇപ്പോൾ മററുള്ളവരുടെ പേരിൽ അവൎക്ക ലഭിക്കുന്ന ലാഭവീതം ഓഹരിയായി സംഘത്തിനുതന്നെ കിട്ടുന്നതാണ്. ഈ ഏൎപ്പാട് സംഘത്തിന്റെ ചിലവ് കുറയ്ക്കുകയും, കൂടുതൽ വ്യാപാരം നടത്തുന്നതിന് സഹായകരമായിത്തീരുകയും ചെയ്യുന്നതാണ്.

സാമാനങ്ങൾവാങ്ങുന്ന ക്ലബ്ബുകൾ.

൮. തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിട്യൂട്ടുമായി സഹകരിച്ച്, തിരുവനന്തപുരം വിതരണ പരസ്പരസഹായസംഘം സ്റ്റോർ സംഘങ്ങളുടെ പ്രചാരണാൎത്ഥം വേണ്ട പ്രചാരവേല നടത്തേണ്ടതാണ്. പട്ടണത്തിനു ചുററിലുമുള്ള ഗ്രാമങ്ങളിൽ മേലിനടത്തിവരുന്നതായ പരിചയം സിദ്ധിച്ചിട്ടില്ലാത്ത വിതരണസംഘങ്ങളെ വിവിധമാൎഗ്ഗങ്ങളിൽ സഹായിക്കുന്നതിന് കഴിയുന്നതാണ്. ഒരു പ്രത്യേക മൊത്തവ്യാപാര സ്റ്റോർസംഘം സ്ഥാപിക്കുന്നതുവരെ, കാൺഫറൻസുകൾ വിളിച്ചുകൂട്ടിയും, മററുപ്രകാരേണയും എന്നെല്ലാം സാമാനങ്ങൾ മൊത്തമായി ശേഖരിച്ചു വിതരണസംഘങ്ങൾക്ക് വഴപ്പ് ഏല്പാട പ്രകാരം നൾകുന്നതിനുള്ള കാൎയ്യത്തെപ്പററി തിരുവനന്തപുരത്തെ സ്റ്റോർ അന്വേഷണം നടത്തുന്നത് നന്നായിരിക്കും. ഉല്പാദകനേയും, ഉപഭോക്താവിനേയും അടുപ്പിച്ചുകൊണ്ടുവരുന്നതിലും, സ്റ്റോർ സംഘങ്ങളുടെ അഭിവൃദ്ധിക്ക ഉപയുക്തമായ രീതിയിൽ പ്രവൎത്തിക്കുന്നതിലും തിരുവനന്തപുരം സ്റ്റോർ നേതൃത്വം വഹിക്കേണ്ടതാണ്. മററുള്ള സ്റ്റോറുകൾ അമേരിക്കയിലെ "Buying club" കളുടെ മാതൃകയിൽ വായ്പ് ഏൎപ്പാടനുസരിച്ചുള്ള വില്പന നടത്തേണ്ടതാണ്.

പരിമിതമായ പററുവരവ്.

൯. വലുതരത്തിൽ ഭേദിനടത്തുന്ന സ്റ്റോർസംഘങ്ങൾ മെമ്പറന്മാർ അടച്ചിട്ടുള്ള ഓഹരിവിലയുടെ അൻപതു ശതമാനമെന്ന ക്ലിപ്തത്തിൽ കവിയാത്ത സംഖ്യകൾക്ക് സാമാനങ്ങൾ ഒരു നിശ്ചിത കാലാവധിയായ ഒരു മാസത്തേക്ക് ഡിപ്പാസിററുകളുടെ ഉറപ്പിന്മേലോ, അല്ലാതെയോ, മൈസൂറിലെപോലെ ലാഭവീതം അനുവദിക്കാതെയോ, കടമായി കൊടുക്കുന്നതിലേക്ക് ആവശ്യമുള്ള ഭേദഗതികൾ നിബന്ധനയിൽ വരുത്തുന്നത് ആശാസ്യമായിരിക്കും. അപ്രകാരം നൾകുന്ന പററുവരവ് അടച്ചിട്ടുള്ള ഓഹരിയുടെ മൂന്നിരട്ടിയിൽ കവിയാതെയും രണ്ടു ജാമ്യക്കാരോടുകൂടിയും ആയിരിക്കേണ്ടതാണ്. മൈസൂറിൽ ഈ ഏൎപ്പാട് വിജയപ്രദമായി നടന്നുവരുന്നുണ്ട്. പള്ളിവാസൽ ഇലക്ട്രിക്ക് ജീവനക്കാരുടെ ആവശ്യാൎത്ഥം ഈ മാതിരി നിൎദ്ദേശങ്ങളോടുകൂടിയ ഒരു സ്റ്റോർ രജിസ്ട്രാർ ഈ അടുത്തകാലത്തു രജിസ്റ്റർചെയ്യുകയും, ദിവാൻ സർ, മഹമ്മദ് ഹബീബുള്ള അവർകൾ ഉൽഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് അറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

സ്കൂളിലേയും കാളേജിലേയും സ്റ്റോറുകൾ.

൫൦. വിദ്യാർത്ഥികളുടെ വക നാലു വിതരണ സംഘങ്ങൾ ഉള്ളതിൽ മൂന്നെണ്ണം കൊല്ലം, കോട്ടയം, കന്യാകുമാരി എന്നീ സ്ഥലങ്ങളിലെ ഹൈസ്കൂളുകളോട് അനുബന്ധിച്ചിട്ടുള്ളവയും, ഒരെണ്ണം തിരുവനന്തപുരം സയൻസ്കാളേജിലും ആകുന്നു. മദ്രാസ് പ്രസിഡൻസിയിൽ സ്കൂളുകളോടുകൂടിയായി ൮൦ വിതരണസംഘങ്ങൾ ഉണ്ട്. ബോംബെയിൽ ഇങ്ങനെയുള്ള സംഘങ്ങൾ ൧൦൦-ൽനിന്നു ൩൦൭ ആയിവർദ്ധിച്ചിട്ടുള്ളതും, ഭാവിയിലെ സഹകാരികളായ വിദ്യാർത്ഥികൾക്ക് നല്ല പരിശീലനം നൽകിവരുന്നതുമാകുന്നു. പഞ്ചാബിൽ രജിസ്റ്റർചെയ്യാത്ത ൫൭൦ സ്കൂൾസംഘങ്ങളും, അവയിൽ ൨൧,൩൦൦ അംഗങ്ങളും, ലക്ഷം രൂപയുടെ വ്യാപാരവും ഉണ്ട്. എറണാകുളം രാജകീയ കാളേജിലെ സ്റ്റോർ സംഘം ഉൾപ്പെടെ തൃപ്തികരമായി നടത്തപ്പെടുന്ന ൬ വിതരണ സംഘങ്ങൾ കൊച്ചിയിലെ വിദ്യാലയങ്ങളിൽ നടത്തപ്പെടുന്നുണ്ട്. മിക്കസ്ഥലങ്ങളിലും രജിസ്റ്റർ ചെയ്യപ്പെടാത്ത സംഘങ്ങളാണെങ്കിലും, സഹകരണ ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ ഇവ കാര്യക്ഷമമായരീതിയിൽ ജോലിനടത്തിവരുന്നു. പുസ്തകങ്ങൾ, കടലാസ്സ്, സ്റ്റേഷനറിസാമാനങ്ങൾ, കായികവിനോദങ്ങൾക്കുള്ള സാമാനങ്ങൾ എന്നിവ വാങ്ങി വിതരണംചെയ്യുന്ന ജോലിയാണ് ഈ സംഘങ്ങൾനടത്തിവരുന്നത്. നേരിട്ട് അംഗങ്ങളുടെ സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിനു പുറമെ, സാമാനങ്ങളുടെ വിലനിരക്ക് അന്യായമായി വർദ്ധിക്കാതെ തടയുന്നതിനും ഈ സംഘങ്ങൾ സഹായിക്കുന്നു. അതിനുപുറമേ, വിദ്യാർത്ഥികൾക്ക് പ്രായോഗികമായ പരിശീലനം സഹകരണ ഏർപ്പാടുകളിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനും ഈ സ്റ്റോറുകൾ സഹായിക്കുന്നുണ്ട്. ഭാവിയിലെ സഹകരണ പ്രവർത്തകന്മാരുടെ ഒരു പരിശീലനക്കളരിയായി തീരുന്നതിനും ഇവ ഉപകരിക്കുന്നതാണ്.

തിരുവനന്തപുരം രാജകീയ സയൻസ്കാളേജ് സ്റ്റോർ.

൫൧. തിരുവിതാംകൂറിനെപ്പോലെ വിദ്യാഭ്യാസ വിഷയത്തിൽ പുരോഗതിപ്രാപിച്ചിട്ടുള്ള ഒരു രാജ്യത്തിൽ സ്കൂളുകളിലും, കാളേജുകളിലും ഡിബേറ്റിംഗ് സംഘങ്ങളെപ്പോലെ, സഹകരണസ്റ്റോറുകൾ വ്യവസ്ഥിതമായ ഒരു രീതിയിൽ സംഘടിപ്പിക്കുന്നതിന് ധാരാളം സൗകര്യങ്ങൾ ഉണ്ട്. കൊല്ലം ഗവണ്മെന്റ് ഹൈസ്കൂളിൽ ഉപയോഗപ്രദമായ ജോലി ചെയ്തുവരുന്ന വിതരണസംഘം, അദ്ധ്യാപകന്മാർ കൂടുതൽ പ്രചരണവേലചെയ്യുകയാണെങ്കിൽ സാധു വിദ്യാർത്ഥികൾക്ക് വളരെ സഹായകരമായ ഒരു സ്ഥാപനമായിത്തീരുന്നതാണ്. രണ്ടുവർഷംകൊണ്ട് അസാധാരണമായ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള തിരുവനന്തപുരം സയൻസ് കാളേജ്സ്റ്റോർ ഈ രാജ്യത്തെതന്നെ മാത്രമല്ല, പുറത്തുള്ളതുമായുള്ള വിദ്യാലയങ്ങൾക്ക് ഒരു ഉത്തമ മാതൃകയായി തീരുന്നതാണ്. ആരംഭവർഷത്തിൽതന്നെ അതിന്റെ വില്പന ൩൨൦൦ രൂപയുടെ സാമാനങ്ങളും, ലാഭം ൩൫൦ രൂപയും ആയിരുന്നു. രണ്ടാമത്തെ വർഷത്തിലെ കണക്കുകൾ ആഡിററ്ചെയ്തിട്ടില്ലെങ്കിലും രജിസ്ട്രാർ ആഡിററ് ആഫീസർ ഇതുവരെ പരിശോധിച്ചിട്ടില്ല. ഈ വർഷത്തിൽ ൯൦൦൦ രൂപയുടെ വില്പനയുണ്ട്; അതനുസരിച്ചുള്ള ലാഭവും പ്രതീക്ഷിക്കാം. കാളേജിലെ പ്രൊഫസറന്മാരും, അദ്ധ്യാപകന്മാരും ശരിയായ താൽപര്യം പ്രദർശിപ്പിച്ചിട്ടുള്ളതുകൊണ്ടാണ് ഇത്രമാത്രം വിജയകരമായ ഫലങ്ങൾ സിദ്ധിച്ചിട്ടുള്ളത്. സാധുക്കളായ ചില വിദ്യാർത്ഥികൾക്ക് അവരുടെ പഠിത്തത്തിനു വിഘ്നംകൂടാത്തവിധം ഒഴിവുസമയം വിനിയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഈ സ്റ്റോർ സംഘത്തിന്റെ വളർച്ചയിൽ ഡിപ്പാർട്ടുമെന്റിൽനിന്നുംകൂടി കൂടുതൽ ശ്രദ്ധിച്ച് ഒരു പ്രത്യേകസ്ഥലം നൽകുകയാണെങ്കിൽ തീർച്ചയായും കൂടുതൽ വിജയകരമായി നടത്തുവാൻ സാധിക്കുന്നതാണ്. സംഘത്തിലെ മാനേജരായ സിക്രട്ടറി ഞങ്ങൾക്കയച്ചുതന്നിട്ടുള്ള ഒരു നോട്ട് ൧-ാം അനുബന്ധമായി ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

അതിൽ വളരെ വിശേഷമായ അഭിപ്രായങ്ങൾ അടങ്ങിയിട്ടുണ്ട്. വിദ്യാർത്ഥികളുടെയിടയിൽ സ്വാശ്രയശക്തി ഉളവാക്കുന്നതിന്, കാളേജിൽ ചേരുന്നതിന് ഉൾപ്രദേശങ്ങളിൽനിന്നും വരുന്ന വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്ക് സഹകരണഹോസ്റ്റൽ ആരംഭിക്കുന്നതു നന്നായിരിക്കുമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതു ഡിപ്പാർട്ടുമെൻറിൻെറ ഗാഢമായ ആലോചനയെ അർഹിക്കുന്ന ഒരു കാര്യമാണ്. അപ്രകാരമുള്ള ഒരു സ്ഥാപനത്തിൻെറ ലാഭത്തിൽ ഒരു ഭാഗം സാധുക്കളായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനു ബാംബേയിലെ സിഡൻഹാം കാളേജിലെ സഹകരണ സ്റ്റോർ വിനിയോഗിച്ചു വരുന്നതു പോലെ ചെയ്യാവുന്നതാണ്. തിരുവിതാംകൂറിലുള്ള ഓരോ കാളേജിലും, ഹൈസ്കൂളിലും, സാധിക്കുന്ന പക്ഷം മിഡിൽസ്കൂളിലും ഓരോ സഹകരണസംഘം വീതം മാതൃകയായി അദ്ധ്യാപകന്മാരുടെ സഹായസഹകരണത്തോടുകൂടി സ്ഥാപിക്കുന്നതു പ്രയോജനകരമായിരിക്കും. കൊച്ചിയിൽ തൃപ്പൂണിത്തുറയിലെ സംസ്കൃതകാളേജിലെ വിദ്യാർത്ഥികൾക്കായി ഒരു സഹകരണസംഘമുണ്ട്.

ഡാപ്പ് ഏർപ്പാടനുസരിച്ചുള്ള വില്പന.

൧൨. സ്റ്റോർ സംഘങ്ങൾ സ്ഥാപിക്കുവാൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ "ഇൻഡൻറു രീതി" അല്ലെങ്കിൽ ഡാപ്പ് ഏർപ്പാടിൽ ആവശ്യക്കാരായ ഒരു കൂട്ടം ജനങ്ങളുടെ ആവശ്യം അറിഞ്ഞ് കൂട്ടായി സാമാനങ്ങൾ വിലക്കു വാങ്ങി വില്പന നടത്തുന്നതു നന്നായിരിക്കും. ഈ ഏർപ്പാടനുസരിച്ച് ഇതിൽ ഉൾപ്പെടുന്ന ആളുകൾക്ക് വലിയ ചിലവു കൂടാതെ സ്റ്റോർ സംഘങ്ങൾക്കൊണ്ടാകാവുന്ന നന്മകൾ ലഭ്യമാകുന്നതാണ്. തൃപ്തികരമായി ജോലി നടത്തുന്ന എല്ലാ ധനസഹായസംഘത്തിൻെറയും ഒരു ഭാഗമായി ഈ ധനേതരപ്രവൃത്തി നടത്തേണ്ടതാകുന്നു എന്ന് ഞങ്ങൾ ശുപാർശചെയ്യുന്നു.

൧൩. ഒന്നാംതരമായി ജോലി നടത്തിവരുന്ന പാറശ്ശാല ബ്രാഹ്മണജനപരസ്പരസഹായസംഘം ഈ ഏർപ്പാടനുസരിച്ച് സ്തുത്യർഹമായി ജോലി നടത്തിവരുന്നുണ്ട്. ഈ സംഘത്തിൻെറ ഉദാഹരണം മററുള്ള സംഘങ്ങൾക്ക് മാതൃകയായി തീരേണ്ടതാണ്.

തിരുവിതാംകൂർ രക്ഷാഭോഗ പരസ്പരസഹായസംഘം.

൧൪. ഞങ്ങൾക്ക് അറിവുള്ളിടത്തോളം ഇൻഡ്യയിൽ നാലു സഹകരണരക്ഷാഭോഗസംഘങ്ങൾ മാത്രമേ ഉള്ളു. അവയുടെ ആഫീസുകൾ കൽക്കത്താ, ബാംബേ, മദ്രാസ്സ്, തിരുവനന്തപുരം എന്നിവയാണ്. തിരുവനന്തപുരത്തെ രക്ഷാഭോഗസംഘം ആരംഭിച്ചതു ൧൪-൭-൧൧൦൨-ൽ ആയിരുന്നു. ആദ്യത്തെ ൯ മാസക്കാലത്തിനിടയിൽ ഒരു രൂപാ വീതം വിലയുള്ള ൨,൨൩൦ ഓഹരികൾ വില്ക്കുകയും, ൨൦൦-൧൫൦൦ രൂപാ വീതം വിലയുള്ള ൧൭ പാളിസികൾ കൊടുക്കുകയും ചെയ്തു. ആദ്യവർഷത്തിൽ ഉണ്ടായ ഈ അഭിവൃദ്ധി തൃപ്തികരമായിത്തന്നെ കരുതേണ്ടതാണ്. അപ്പോഴാണ് ഗവർമ്മെൻറ് രക്ഷാഭോഗപദ്ധതിയിൽ പൊതുജനങ്ങൾക്കും ചേരാമെന്നുള്ള വ്യവസ്ഥ പ്രഖ്യാപിതമായതു. ഗവർമ്മെൻറു പദ്ധതിയിൽ എൻഡോവ്മെൻറ് ഏർപ്പാടു പ്രകാരം ഇൻഷ്വർ ചെയ്യാനുള്ള നിരക്ക് സ്വല്പം കുറഞ്ഞതാണെന്നും, മററു ചില ഗുണങ്ങളും ആ പദ്ധതിക്ക് ഉണ്ടെന്നും മനസ്സിലാക്കിയ ഉടൻ സഹകരണ ഇൻഷ്വറൻസ് സംഘത്തിൻെറ ഡയറക്ടറന്മാർ ൪-൯-൧൧൦൩-ൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടി സംഘപ്രവർത്തനം നിറുത്തൽചെയ്യുന്നതു നന്നായിരിക്കുമെന്നു ശുപാർശചെയ്തു.

ദിവാൻജിസമക്ഷം ഡെപ്യൂട്ടേഷൻ.

൧൫. എന്നാൽ പൊതുയോഗം ഈ ശുപാർശ സ്വീകരിച്ചില്ലാ. ഗവർമ്മെൻറ അവരുടെ ഉദ്ദേശ്യത്തിലുള്ള നയം കൂടെക്കൂടെ മാററിക്കൊണ്ടിരിക്കുന്നതായി മനസ്സിലാക്കി ഇപ്പോൾ മദ്രാസ്സിൽ പ. സ. സംഘം രജിസ്ട്രാർ ആയിരിക്കുന്ന അന്നത്തെ ദിവാൻജി

മിസ്റ്റർ. ടി. ആസ്റ്റിൻ ഐ. സി. എസ്. മുമ്പാകെ ഒരു നിവേദകസംഘം അയക്കണമെന്നു തീർച്ചചെയ്തു. നിവേദകസംഘം ൫-൪-൧൯൩൩-ൽ ദിവാൻജിയെ സന്ദർശിച്ച് താഴെ പറയുന്ന സംഗതികൾ സമർപ്പിച്ചു:—

(൧) ഗവൺമെന്റ് രക്ഷായോഗപദ്ധതി തൽക്കാലത്തേക്ക് മാററിവയ്ക്കുകയോ,

(൨) സഹകരണ ഇൻഷുവറൻസ് സംഘത്തിന് ഗവൺമെന്റിൽ നിന്നും ൧൦,൦൦൦ രൂപയുടെ ഒരു ഓവർഡ്രാഫ്റ്റ് അനുവദിക്കുകയോ,

(൩) ഗവൺമെന്റ് ഇൻഷുവറൻസ് പദ്ധതിപ്രകാരം ൧൦൦൦ രൂപായ്ക്കു മേൽ ഉള്ള തുകകൾക്ക് മാത്രം പാളിസികൾ നൽകുകയോ, ഇവയൊന്നും സാദ്ധ്യമല്ലാത്ത പക്ഷം,

(൪) ഇൻഷുവറൻസ സംഘത്തെ അതിന്റെ നാളതു തീയതിയിലുള്ള സകല മുതൽ കടങ്ങളോടുംകൂടി ഗവൺമെന്റിൽനിന്നും ഏറെറടുക്കുകയോ ചെയ്യു.

ഇവയിൽ ഒടുവിൽ പറഞ്ഞ കാര്യത്തെപ്പററി ഗവൺമെന്റ് ആലോചിച്ചു. എന്നാൽ ഗവൺമെന്റിൽനിന്നും നിശ്ചയിച്ച വ്യവസ്ഥകൾ സംഘത്തിന്റെ ഡയറക്ടറന്മാർക്ക് സ്വീകാര്യയോഗ്യമായിരുന്നില്ല.

സംഘത്തെ രക്ഷിക്കുന്നതിന് രജിസ്ട്രാരുടെ പ്രയാസം.

൧൬. ഗവൺമെന്റിന്റെ മറുപടിയെപ്പററി പര്യാലോചിക്കാൻ ഒരു പൊതുയോഗം വിളിച്ചുകൂട്ടി. ഈ പൊതുയോഗം സംഘം നിറുത്തൽചെയ്യണമെന്ന് രജിസ്ട്രാരോട് ശുപാർശചെയ്തു. എന്നാൽ പൊതുയോഗം ഇക്കാര്യത്തെപ്പററി വീണ്ടും ആലോചിക്കുന്നതിന് രജിസ്ട്രാർ ഒരു അവസരം നൽകി. രജിസ്ട്രാരുടെ മേൽനോട്ടത്തിൽ ൨൪-൫-൧൯൩൩-ൽ ഒരു പൊതുയോഗം കൂടി. ഈ യോഗത്തിൽ സംഘം നിറുത്തൽ ചെയ്യണമെന്നുള്ള നിശ്ചയം ഭേദപ്പെടുത്തി ഒരു പുതിയ ബോർഡിനെ തിരഞ്ഞെടുത്തു. സംഘങ്ങൾ ഓഹരി എടുക്കണമെന്നു കാണിച്ച് രജിസ്ട്രാർ ഒരു സർക്കുലർ അയക്കുകയും, ഇൻഷുവറൻസ് സംഘത്തെ അംഗങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കണമെന്നു അതിൽ നിർദ്ദേശിക്കുകയും ചെയ്തു.

സംഘത്തിന്റെ ഇപ്പോഴത്തെ (?) ദുർഘടാവസ്ഥ.

൧൭. ഗവൺമെന്റ് രക്ഷായോഗപദ്ധതിയിൽ സക്കാർ ജീവനക്കാർക്കും പുറമെ പൊതുജനങ്ങളെക്കൂടി ചേർക്കാൻ നിശ്ചയിച്ചതോടുകൂടി സംഘപ്രവർത്തനം നിലച്ചു. ഗവൺമെന്റിന്റെ നിശ്ചയം സംഘപ്രവർത്തനത്തിനെ സാരമായി ബാധിക്കുന്നതായിരുന്നുവെങ്കിലും പാളിസി ഉടമസ്ഥന്മാരുടെ അസംതൃപ്തിയേക്കാൾ കൂടുതലായി ബോർഡ്മെമ്പറന്മാരുടെ ധൈര്യക്കുറവാണ് സംഘപ്രവർത്തനത്തെ മന്ദീഭവിപ്പിച്ചത് എന്നാണ് ഞങ്ങളുടെ അഭിപ്രായം. പുതിയ പാളിസിക്കാർ ചേരുന്നില്ല. അദ്യത്തെ വർഷത്തിൽമെമ്പറന്മാർ എടുത്തിട്ടുണ്ടായിരുന്ന ൧൯൨ പാളിസികളിൽ ഇപ്പോൾ (ജൂൺ ൧൯൩൪) ൩൨ പാളിസികൾ മാത്രമേ ഉൾഭരിതത്തിൽ ഇരിക്കുന്നൊള്ളു. സംഘം പ്രവൃത്തി ചെയ്യാതെ വരികയാണെങ്കിൽ അതു വളരെ പരിതാപകരമായ ഒരു നിലയായിരിക്കും. ഇൻഡ്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനേകം ജായിന്റ് സ്റ്റാക്ക് ഇൻഷുറൻസ് കമ്പനികൾ തിരുവിതാംകൂറിൽ, ഗവൺമെന്റു പദ്ധതി ഉണ്ടായിരുന്നിട്ടും, വിജയകരമായി പ്രവൃത്തി ചെയ്തുവരുന്നതുപോലെ, അവയുടെ നിരക്കുകളേക്കാൾ താരതമ്യേന കുറവായ നിരക്കുള്ള സഹകരണ ഇൻഷുവറൻസ് എന്തു കൊണ്ടാണ് പ്രവർത്തിച്ചു കൂടാത്തത് എന്ന് ഞങ്ങൾ അറിയുന്നില്ല. യാതൊരു വ്യാപാര സ്ഥാപനവും അതിലെ ഡയറക്ടറന്മാർ അതെ ഉപേക്ഷിക്കുകയോ, സ്തംഭിച്ചുപോകുകയോ ചെയ്താൽ ഇൻഷുവറൻസ്

സംഘത്തിനു പററിയിരിക്കുന്നതുപോലെ മുന്നോട്ടു പോകാൻ സാധിക്കാതെ വരുന്നതാണ്.

ആരംഭം ആശാജനകം.

൧൮. ആരംഭത്തിൽ സുസംഘടിതമായും കാര്യക്ഷമമായ രീതിയിലുമാണ് സംഘം തുടങ്ങിയതു്. ബാംബെയിലെ സഹകരണ ഇൻഷുവറൻസ് സംഘം അതിൻെറ പ്രവൃത്തികളെ ക്രമേണ വിപുലപ്പെടുത്തി വരുന്നതുപോലെയും, സൌത്ത് ഇൻഡ്യാ ഇൻഷുവറൻസ് സംഘം വിജയകരമായി നടത്തുന്നതുപോലെയും, ഈ സംഘത്തിനും വിജയപ്രദമായി നടക്കണമെങ്കിൽ എല്ലാ സംഘങ്ങളും ശരിയായി സഹായിക്കുകയും, ഉത്സാഹശീലരായ പ്രവർത്തകന്മാർ മേൽപറഞ്ഞ സംഘങ്ങളിലെപോലെ മുന്നോട്ടുവന്നു് ആവശ്യമായ വഴികൾ കാണുകയും ചെയ്യണം. ഈ സ്ഥാപനത്തിന് വളരെ യോഗ്യന്മാരായവരായി ഉള്ളവരെക്കൊണ്ട് പ്രവർത്തകന്മാർ ബാംബെയിലെയും, മദ്രാസ്സിലെയും സംഘങ്ങളുടെ ജോലിക്രമം ശരിയായി മനസ്സിലാക്കുകയും, ആവശ്യമെന്നു തോന്നുന്ന പക്ഷം അവയിൽ പരിശീലനം ലഭിച്ചിട്ടുള്ള ഒരാളെ നിയമിത്തി തിരുവിതാംകൂർ രക്ഷാഭോഗസംഘത്തെ പരിഷ്കരിപ്പിക്കുന്നതിനു വേണ്ടി പ്രയത്നിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു.

ഗവണ്മെൻറിൻെറ കടമകൾ.

൧൯. അതിപ്രധാനമായതും, വളരെ വിഷമമേറിയതുമായ ഒരു ധനനിർവഹണപ്രവൃത്തി കയ്യേററിരിക്കുന്ന പ്രസ്തുത സംഘത്തിൻെറ ബോർഡിൻെറ ഒരംഗമായി രജിസ്ട്രാർ തന്നെ ഇരിക്കുന്ന സ്ഥിതിക്ക് പ്രത്യേകതരം സൌജന്യം നൽകേണ്ടതു ഗവണ്മെൻറിനുള്ളതാണു. ഗവണ്മെൻറു് സംഘത്തിനു് ൧൦,൦൦൦ രൂപയുടെ ഓവർഡ്രാഫ്ററ് അനുവദിക്കണമെന്നു ഞങ്ങൾ ശുപാർശ ചെയ്തുകൊള്ളുന്നു. ഗവണ്മെൻറ് ജോയിൻറ് സ്റ്റാക്കു ബാങ്കായ സർക്കാർ സഹായ ബാങ്കിനുവേണ്ടി ചെയ്തിട്ടുള്ളതുപോലെ ഇൻഷുവറൻസ് സംഘത്തിൻെറ ഏഴുവർഷക്കാലത്തെ പ്രവർത്തനചിലവിലേക്ക് പ്രതിവർഷം ൨൦൦൦ രൂപയിൽ കവിയാത്ത തുക അനുവദിക്കേണ്ടതാണ്. കാര്യക്ഷമമായരീതിയിൽ നടത്തിവരുന്ന ഒരു പൊതു സ്ഥാപനമായ ഇൻഷുവറൻസ് സംഘത്തിലെ അംഗങ്ങൾ ആഗ്രഹിക്കുന്നവിധം ഗവണ്മെൻറ് ഇൻഷുവറൻസിൽ സർക്കാർ ജീവനക്കാർക്കു മാത്രം പ്രവേശനം അനുവദിക്കുവാൻ സാധിക്കാത്തപക്ഷം, ഗവണ്മെൻറ് അവരുടെ രക്ഷാഭോഗത്തിൽ ൧൦൦൦ രൂപയും അതിൽ കുറഞ്ഞ തുകകൾക്കുമുള്ള ഇൻഷുവറൻസ് അനുവദിച്ചുകൂടാത്തതാണ്. ഗവണ്മെൻറു രക്ഷാഭോഗത്തിൻെറ ഉദ്ദേശ്യവും, ചരിത്രവും പരിശോധിച്ചാൽ ഇതായിരുന്നു അവരുടെ ഉദ്ദേശം എന്നു വെളിവായി കാണാവുന്നതാണ്.

തിരുവനന്തപുരം സഹകരണസദനം.

൨൦. ഈ നവീനമാതിരിയിലുള്ള സംഘം ൧൧൦൮-ൽ ജോലി ആരംഭിച്ചു. തിരുവനന്തപുരത്തു് താമസിക്കുന്നകാലത്തു് സഹകാരികൾ, അവരുടെ ബന്ധുമിത്രങ്ങൾ എന്നിവർക്കു് സുഖതാമസത്തിനും, ആഹാരത്തിനും വേണ്ട സൌകര്യങ്ങൾ നൽകണമെന്നുള്ളതാണ് ഈ സംഘത്തിൻെറ ഉദ്ദേശം. ഈ സംഘത്തിനു് ആളുകളുടെ താമസത്തിലേക്കു വേണ്ട മുറികളും, ആഹാരാദികൾ നൽകുന്നതിനു് ഒരു ശാലയുമുണ്ടു്. ൧൧൦൮-ൽ സംഘത്തിനു ആകെ ൭൪൭ രൂപ നഷ്ടം സംഭവിച്ചു. ഈ സ്ഥാപനം പട്ടണത്തിൻെറ മദ്ധ്യഭാഗത്തുള്ള പബ്ളിക്ക് റോഡിലേക്കു് മാററുകയും, സദനത്തിൻെറ ജാതിവ്യത്യാസമില്ലായ്മയെപ്പററി ശരിയായ പരസ്യം ചെയ്യുകയും ചെയ്യേണ്ടതാണ്. ഈ പ്രകാരം ചെയ്താൽ കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും, വിപുലമായ വ്യാപാരം നടത്തി അടുത്ത ഭാവിയിൽ നഷ്ടപരിഹാരം വരുത്തുന്നതിനും സാധിക്കുന്നതാണ്. ഈ സദനത്തിനു് വൈ. എം. സി. ഏ. ഹോസ്റ്റൽ നിർവഹിക്കുന്ന ജോലികൾ നടത്തുന്നതിനും, അപ്രകാരമുള്ള പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ധാരാളം സൌകര്യങ്ങൾ ഉണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം.

അദ്ധ്യായം ൧൧.

അകർഷകധനേതരസഹായത്തിന്റെ കൂടുതൽ മാതൃകകൾ.

സഹകരണ ഗോരസവ്യവസായസംഘങ്ങളും പശുപാലനസംഘങ്ങളും.

ജനങ്ങൾക്കു ശുദ്ധമായ പാലും മററു ഗോരസങ്ങളും ലഭ്യമാകുന്നതിനുള്ള മാർഗ്ഗം വിദ്യാസമ്പന്നരായവരുടെ ഗൗരവമായ ശ്രദ്ധയെ എല്ലായ്പോഴും വിഷയീഭവിച്ചുകൊണ്ടിരിക്കുകയാണ്. കന്നുകാലികളെ സംബന്ധിച്ചിടത്തോളം വളരെ പിന്നോക്കമായ തിരുവിതാംകൂർരാജ്യം ഈ പ്രശ്നത്തിനു തൃപ്തികരമായ പ്രതിവിധി ഉണ്ടാക്കേണ്ടതാണ്. രാജ്യത്തെ പൌരന്മാർ പാൽ ഉപയോഗിക്കുന്നതു പ്രായേണ വളരെ പരിമിതമായിട്ടാണ്. പാലിന്റെ കുറവും അതിന്റെ വിലക്കൂടുതലും കൊണ്ട് അതു ഉപയോഗിക്കുന്നതു ഒരു അമിത സുഖാനുഭവം ആണെന്നു സാധാരണക്കാരൻ വിചാരിക്കുന്നു. പാലു അധികമായി ഉപയോഗപ്പെടുത്തുന്നതു പട്ടണവാസികളായിരിക്കുന്നു. അവർതന്നെ വിശ്വാസാർഹരായ വിക്രേതാക്കളില്ലായ്കയാൽ വളരെ ബുദ്ധിമുട്ടുന്നതും ആണ്.

പാല്.

൧. ഇപ്പോഴത്തെ സ്ഥിതിക്കു ഈ പ്രശ്നം പട്ടണങ്ങളിലെങ്കിലും സഹകരണരീത്യാ അഭിമുഖീകരിക്കപ്പെടേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. പാലിന്റെ തനിഗുണം കുറഞ്ഞാൽ ജനങ്ങളുടെ ആരോഗ്യം അവശ്യം കുറഞ്ഞുപോകുന്നതാണ്. നല്ലതരം പാലു ലഭ്യമാകുന്നതിനും ജനാരോഗ്യം സംരക്ഷിക്കുന്നതിനും രാജ്യത്തു സൌകര്യമായ കേന്ദ്രങ്ങളിൽ വിശിഷ്യ മുൻസിപ്പൽ അതിർത്തികളിൽ ആവക സ്ഥാപനങ്ങളുടെയും ആരോഗ്യം കൃഷി ഈ ഡിപ്പാർട്ടുമെന്റുകളുടെയും സഹായത്തോടുകൂടി സഹകരണഗോരസവ്യവസായസംഘങ്ങൾ സ്ഥാപിക്കേണ്ടതു വളരെ ആവശ്യമാണ്.

ബംഗാൾ മാർഗ്ഗദർശനം ചെയ്യുന്നു.

൨. ഈവക സംഘങ്ങൾ രണ്ടുജാതിയിലാവാം. അതായതു ഉല്പാദകന്മാരുടെയും ഉപഭോക്താക്കളുടെയും സ്ഥാപനങ്ങൾ. ബംഗാളിൽ പാൽവിഷയത്തിൽ സഹകരണ ഡിപ്പാർട്ടുമെണ്ട് ആലോചിച്ചപ്പോൾ തിരുവിതാംകൂറിലെ കരകൾക്കു തുല്യങ്ങളായ കല്ക്കട്ടാ നഗരപ്രാന്തങ്ങളിലെ ഗ്രാമങ്ങളിൽ ഉല്പാദകന്മാരായ പാൽവ്യാപാരികളുടെ സംഘങ്ങൾ ഏർപ്പെടുത്തി. പാൽ തീവണ്ടികൾവഴി കല്ക്കട്ടയിൽ കൊണ്ടുവരപ്പെട്ടു. ഇങ്ങിനെ കൽക്കട്ടയിൽ ശേഖരിക്കപ്പെട്ട പാൽ ടൗണിന്റെ മദ്ധ്യത്തിൽ ഒരു മില്ക്ക് യൂണിയൻ ആരംഭിച്ചു. കല്ക്കട്ടയിലെ ഈ ക്ഷീരവ്യവസായ ഐക്യസംഘം സ്ഥാപിച്ചശേഷം കല്ക്കട്ടായിക്കു ചുററുമായി സ്ഥിതിചെയ്തിരുന്ന ക്ഷീരസംഘങ്ങൾക്കു പ്രസ്പഷ്ടമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ഗ്രാമസംഘം ഉല്പാദനത്തിന്റെ ആസ്ഥാനവും ഐക്യസംഘം വിതരണകേന്ദ്രവും ആകുന്നു. ഈ സംഘങ്ങൾ ഗ്രാമോദ്ധാരണത്തിന്റെയും പശുസംരക്ഷണത്തിന്റെയും കേന്ദ്രങ്ങളാണെന്നു ഞങ്ങൾ അറിയുന്നു. ക്ഷീരവ്യവസായ ഐക്യസംഘം ആരംഭിച്ചപ്പോൾ കല്ക്കട്ടാ കോർപ്പറേഷൻ അതിനു ൫൦,൦൦൦ രൂപ പലിശകൂടാതെ കടംകൊടുക്കുകയും ആയതു ഏതാനും വർഷം കഴിഞ്ഞപ്പോൾ അടച്ചുതീർക്കുകയും ചെയ്തിട്ടുണ്ട്. മേച്ചിലിനും പാൽ ശുദ്ധീകരണത്തിനും ഉള്ള ശാസ്ത്രീയഉപകരണങ്ങളോടുകൂടിയ ഒരു നവീന ഗോരസവ്യവസായഫാക്ടറി ഐക്യസംഘം നടത്തുന്നുണ്ട്. ഞങ്ങളുടെ കമ്മിററി പ്രസിഡന്റുംകൺവീനരും കല്ക്കട്ടായിൽ ചെന്നിരുന്നപ്പോൾ

അതു സന്ദർശിച്ചിട്ടുണ്ട്. ആ പ്രൊവിൻസിൽ ഇപ്പോൾ ൨൩൭ സംഘങ്ങളോടുകൂടിയ ഒരു വിസ്തൃതമായ കൂട്ടുകെട്ടും അനേകലക്ഷംരൂപയുടെ വ്യാപാരവും ഉത്സാഹം സാധാരണയായി മിച്ചം ഉണ്ടായിക്കൊണ്ടിരിക്കുന്നതുമാകുന്നു.

തിരുവിതാംകൂറിൽ ക്ഷീരസംഘങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ആവശ്യകത.

൮. തിരുവിതാംകൂറിൽ സൌകര്യമുള്ള കേന്ദ്രങ്ങളിൽ, അധികം നസ്, പട്ടണങ്ങളുടെ പരിസരഗ്രാമങ്ങളിൽ, ക്ഷീരവ്യവസായസംഘങ്ങൾ സ്ഥാപിക്കണമെന്നു ഞങ്ങൾ ബലമായി ശുപാർശചെയ്യുന്നു. അങ്ങനെയുള്ള സംഘങ്ങളെ സംഘടിപ്പിച്ചു പട്ടണങ്ങളിൽ വിതരണസ്ഥാപനങ്ങളും ഏർപ്പെടുത്തേണ്ടതാണ്. ഓരോ സംഘത്തിലും ആധുനികയന്ത്രസാമഗ്രികൾ (ഗോരസവ്യവസായത്തിനുള്ളവ) സ്ഥാപിക്കുന്നതു വളരെ വ്യയഹേതുകമായ പരീക്ഷണമായിരിക്കും. പരിതസ്ഥിതികൾ അനുകൂലമായിരുന്നാൽ ഗവണ്മെന്റിന്റെയോ മുനിസിപ്പാലിററിയുടെയോ ധനസഹായത്തോടുകൂടി തിരുവനന്തപുരം പട്ടണത്തിൽ ഈ മാതിരി ഒരു പരീക്ഷണം നടത്താവുന്നതാണ്. പുല്ത്തകിടിക്കും ശുദ്ധജലത്തിനും അവശ്യം വേണ്ടതായ സൌകര്യങ്ങൾ സുസാദ്ധ്യമാണെങ്കിൽ ഗവണ്മെന്റിൽനിന്നും ൨൫,൦൦൦ രൂപ മൂന്നുശതമാനം പലിശക്കു ൧൫ വർഷത്തേക്കു വായ്പകൊടുക്കുന്ന പക്ഷം തിരുവനന്തപുരത്തു മിതമായ തോതിൽ ഒരു ഗോരസവ്യവസായശാല തുടങ്ങാവുന്നതാണ്. സാധാരണയുള്ള ക്ഷീരസംഘങ്ങൾ നല്ല പാൽ ആധുനികരോഗനിവാരണമാർഗ്ഗങ്ങളിൽക്കൂടി വൃത്തിയായി കുപ്പികളിൽ ശേഖരിച്ചു അംഗങ്ങൾക്കും മററു വിനിയോജകന്മാർക്കും കൊടുക്കുന്നതായാൽ അതു ധാരാളം മതിയാകുന്നതാണ്. പാൽവില്പനയ്ക്കു ടൌണുകളിൽ കൊപ്പൺടിക്കററസമ്പ്രദായം സ്വീകരിക്കുന്നതു കാര്യക്ഷമമായിരിക്കും. എങ്കിലും ഈ മാർഗ്ഗത്തിലുള്ള ശ്രമങ്ങൾ മദ്രാസിലെ ജായിന്റ കോവാപ്പറേററീവ് രജിസ്ട്രാർ റാവുബഹദൂർ (ഇപ്പോൾ ഡിവാൻബഹദൂർ) ദേവശിഖാമണി മുതലിയാരുടെ ഊർജ്ജിതമായ സഹായത്തോടുകൂടി അവിടെയും നടന്നുകൊണ്ടിരിക്കുന്നു.

നാഗർകോവിലിലെ ശ്രമം വിഫലപ്പെട്ടു.

൯. തിരുവിതാംകൂറിൽ ഇപ്പോൾ നാഗർകോവിൽ രജിസ്റ്റർചെയ്തിട്ടുള്ള ഒരു ഒററ സഹകരണ ഗോരസവ്യവസായസംഘമേയുള്ളു. എന്നാൽ ഇതു അതിന്റെ സ്ഥാപകന്മാരുടെ ആരംഭശൂരത്വം ക്രമേണ വിട്ടുമാറിയതുനിമിത്തം ഇതേവരെ തുടരപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള സംഘങ്ങളുടെ വിജയത്തിനു വിസ്തൃതമായ മേച്ചിൽപ്രദേശങ്ങളും ധാരാളമായ ജലസൌകര്യവും ലഭിക്കുന്നതിനു ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റ് എന്തുതന്നെ ചെയ്താലും ആവശ്യക്കാരായ ജനങ്ങൾതന്നെ മാർഗ്ഗദർശികളായി വരികയും പൊതുജനാനുകൂല്യം ഇല്ലാത്തിടത്തു അതു ഉണ്ടാക്കുകയും ചെയ്യേണ്ടതാണെന്നാണു ഞങ്ങളുടെ സുദൃഢമായ അഭിപ്രായം.

കന്നുകാലിവളത്തൽ.

൰. ക്ഷീരസംഭരണത്തോടു ഏററവും സംബന്ധപ്പെട്ട ഒരു പ്രശ്നം ആണ് കന്നുകാലിസംരക്ഷണം. കന്നുകാലികളുടെ വർഗ്ഗം നന്നാക്കപ്പെടാതിരുന്നാൽ ഒരു രാജ്യത്തെ സാമ്പത്തികസൌകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കാൻ നിവൃത്തിയുള്ളതല്ല. ഇൻഡ്യയിലെ മററുഭാഗങ്ങളെപ്പോലെതന്നെ കർഷകപ്രധാനമായ തിരുവിതാംകൂർരാജ്യം ഈ വ്യവസായപോഷണത്തിനു വേണ്ട മാർഗ്ഗാന്വേഷണങ്ങൾ ചെയ്യേണ്ടതാണ്. ഭൂമി കൃഷിചെയ്യുന്നതിനു ശക്തിയുള്ള നല്ല മാടുകൾ ആവശ്യമാണ്. ഇപ്പോഴത്തെ കാളവർഗ്ഗങ്ങൾ വളരെ മോശമാണ്. 'മെസ്റ്റൺ' അല്ലെങ്കിൽ 'രാജ' കലപ്പകൾകൊണ്ടു ഉഴവുനന്നാക്കണമെന്നു വിചാരിക്കുന്നപക്ഷം ഇപ്പോഴത്തെ മാടുകൾ അതു വലിക്കാൻ ശക്തിയുള്ളവയല്ല.

പശുവർഗ്ഗം നന്നാകണമെങ്കിൽ കറാച്ചി, സിൻധി, ഹിസർ എന്നീ ജാതികാളകൾ ഇണചേർക്കാൻ ആവശ്യമാണ്. സാധാരണ കൃഷിക്കാരന ഇത്തരം കാളകളെ രക്ഷിക്കാൻ വളരെ വിഷമമാണ്. നല്ല വിത്തുകാളകളെ വിലകൂടാതെ ഗവൺമെൻറിൽനിന്ന നൽകിവരുന്നതായ പഞ്ചാബ് മുതലായ സ്ഥലങ്ങളിലെ സംഘങ്ങളെപ്പോലെ ഗ്രാമങ്ങളിൽ സഹകരണകന്നുകാലിസംരക്ഷണസംഘങ്ങൾ ഏർപ്പെടുത്തേണ്ടു അത്യാവശ്യമാണ്. സംഘങ്ങളുടെ പൊതുവേ നഷ്ടബാധ്യതകൾ ഇത്തരം സംഘങ്ങളുടെ ആവശ്യത്തിലേക്ക ലഘൂകരിക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്യേണ്ടതാണ്. ബോംബേ പ്രസിഡൻസിയിൽ ഗുജറാററ് കർണ്ണാട്ടക്ക് എന്നീ രണ്ടു ഡിവിഷനിലും ചില സംഘങ്ങൾ ഗവൺമെൻറിൻെറയും പ്രസിഡൻസി ഒട്ടാകെയുള്ള ജൈനന്മാർ മുതലായ കച്ചവടക്കാരുടെയും രക്ഷാധികാരത്തിൽ നടത്തപ്പെടുന്ന പിഞ്ചിരപോൾ എന്ന ധർമ്മസ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി വളരെ ഊർജ്ജിതമായവിധം ഈ ജോലി നടത്തിവരുന്നുണ്ട്. പ്രത്യേകം പരിശീലിതരായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽ വച്ചുണ്ടാകാവുന്ന ചിലവുകൾമൂലം, നല്ല വിത്തുകാളകളെ വാങ്ങിക്കൊടുക്കുന്നതിന ഗവൺമെൻറിന ബുദ്ധിമുട്ടു തോന്നുന്നതായാൽ അതിർത്തിസ്ഥലങ്ങളിൽ കൂടി കടത്തിക്കൊണ്ടുവരുന്ന കന്നുകാലികൾക്കുള്ള തീരുവ അല്പം കൂട്ടേണ്ടതാണെന്നുപോലും ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഏതായാലും കന്നുകാലിവർഗ്ഗം നന്നാക്കേണ്ടതും ആയതു ജനങ്ങൾ സധൈര്യം പ്രവർത്തിച്ചു ഗവൺമെൻറുസഹായത്തോടുകൂടി സംഘങ്ങൾ സ്ഥാപിച്ച് പ്രതിവിധിചെയ്യേണ്ടതായ ഒരു പ്രശ്നമായിരിക്കുന്നതുമാണ്.

ആലപ്പുഴയിലെ സെൻട്രൽ ഉല്പാദനസംഘം.

൧. സഹകരണവിക്രയവിഷയം ആലോചിക്കുമ്പോൾ ആലപ്പുഴെയുള്ള സെൻട്രൽ ഉല്പാദനസംഘത്തെപ്പററിപ്പറയുന്നതിന ഞങ്ങൾ നിർബന്ധിതരാകുന്നു. കൃഷിവകയായും അല്ലാതെയും അംഗങ്ങൾക്കുള്ള ഉല്പന്നങ്ങളെ വില്പനക്കായി ഒരുമിച്ചു ശേഖരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ട ഈ സംഘം ഇതേവരെ ജോലി തുടങ്ങിയിട്ടില്ല. സംഘത്തിൻെറ ഉദ്ദേശങ്ങളും അഭിലാഷങ്ങളും വളരെ ഉന്നതങ്ങളാണെങ്കിലും ദൗർഭാഗ്യത്താൽ അവ പ്രായോഗികഫലത്തിങ്കൽ വന്നിട്ടില്ല. ഇതിന പ്രതിബന്ധങ്ങളായി പറയപ്പെടുന്നതു്:—

(ക) ധനസഹായത്തിൻെറ കുറവ്.

(ഖ) സംഘപ്രവർത്തനത്തിലേക്കായി യോഗ്യതയുള്ള ഉദ്യോഗസ്ഥൻെറ ഉപദേശസഹായങ്ങൾ ഇല്ലായ്ക.

(ഗ) അനുകൂലങ്ങളല്ലാത്ത കമ്പോളനിലകൾ.

(ഘ) പോഷകസംഘങ്ങളുടെ അഭാവം.

(ങ) രാജ്യത്തെ വാണിജ്യവ്യവസായങ്ങളുടെ കേന്ദ്രസ്ഥാനമായ ആലപ്പുഴ ഈ സെൻട്രൽ സംഘത്തിൻെറ സ്ഥാപനത്തിന ഏററവും അനുയോജ്യമായ സ്ഥലമാകുന്നു. എന്നാൽ സംഘം അഭിവൃദ്ധിപ്പെടണമെങ്കിൽ യഥാർത്ഥമായ ഗൗരവബുദ്ധിയോടുകൂടി ആരംഭിച്ചു ജോലി നടത്തിക്കൊണ്ടുപോകേണ്ടതാണ്. മൂലധനം ത്വരപ്പെടുത്തുന്നതിലേക്കായി ഓഹരികൾ എടുത്തു ചേരേണ്ടതു എല്ലാ സംഘങ്ങളുടെയും ചുമതലയാണ്. അതിനുശേഷം ഗവൺമെൻറുവേതനം പ്രതീക്ഷിക്കാവുന്നതാണ്. സംഘത്തിന ഇത്രയുമെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ അതിൻെറ നടത്തിപ്പിലേക്ക ഒരു പ്രത്യേക ഉദ്യോഗസ്ഥനെ വിട്ടുതരുന്നതിന ഗവൺമെൻറിനോടു ആവശ്യപ്പെടാവുന്നതാണ്. സെൻട്രൽ പ്രാഡ്യൂസ്സംഘം കുരുമുളക്, കൊപ്രാ, കയർ ആദിയായ ഏതാനും ചരക്കുകളിൽ മാത്രം പ്രത്യേകമായി പ്രവർത്തനം നടത്താവുന്നതും അതുകൂടാതെ രാജ്യത്തെ മററു പ്രധാനപ്പെട്ട വിളവുകൾ സഹകരണരീതിയിൽ വിക്രയം ചെയ്യുന്നതിനായി സൗകര്യമായ കേന്ദ്രങ്ങളിൽ മററു വില്പനസംഘങ്ങളും സ്ഥാപിക്കേണ്ടതുമാണ്. ഈ ശ്രേ‌സംഘങ്ങൾ സംഘടിപ്പിക്കേണ്ട ഒരു കേന്ദ്രസ്ഥലം ആവശ്യമാണെന്നുള്ള സർ മല്ലുവായിസമൻ ദാസിൻെറ

വിലയേറിയ അഭിപ്രായത്തോടു ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നുണ്ട്. ക്രയവിക്രയപരിശീലനം പ്രത്യേകം സിദ്ധിച്ചിട്ടുള്ളവരായി കുറഞ്ഞതു മൂന്നു ഉദ്യോഗസ്ഥന്മാരെ വിക്രയസംഘങ്ങളുടെ ചുമതല ഏല്പിക്കേണ്ടതാണ്. കൃഷിശാസ്ത്രപരിശീലിതരായി ഇപ്പോൾ തന്നെ ഡിപ്പാർട്ടുമെൻറിലുള്ള ആളുകളുടെ സേവനം വിശേഷാൽ ചിലവുകൂടാതെ ഉപയോഗപ്പെടുത്താവുന്നതാണ്. ബൊംബായിൽ പല ഡിസ്ത്രിക്റ്റുകളിലും പഞ്ഞിവില്പന സംഘങ്ങൾ ഉണ്ട്. കൂടാതെ ശർക്കര, പുകയില, വററൽമുളക്, ഉള്ളി, നെല്ല്, പാക്ക എന്നിവ വിൽക്കുന്നതിനും മററുചില സംഘങ്ങളുണ്ട്. ൧൯൨൩-ൽ ഇപ്രകാരമുള്ള ൩൦ സംഘങ്ങൾ ഉണ്ടായിരുന്നതും അവയിൽ എല്ലാംകൂടി ഒരു വിപുലമായ വ്യാപാരം നടന്നിട്ടുള്ളതും ആകുന്നു. മദ്രാസിൽ പഞ്ഞി, നെല്ല്, നിലക്കടല, തേങ്ങ ഇവ വിൽക്കുന്നതിനുള്ള സംഘങ്ങൾ ഉണ്ടായിരുന്നതും, അങ്ങനെ പലവിധ മാതൃകയിലുള്ളവ മൈസൂറിലും പഞ്ചാബിലും ഉണ്ടായിരുന്നിട്ടുള്ളതും ഇപ്രകാരമുള്ള യോജിപ്പു ഇവിടെ ആരംഭിക്കുന്നതിനു അവിടങ്ങളിലെ അനുഭവങ്ങൾ പഠിക്കുന്നതു പ്രയോജനകരമായിരിക്കുന്നതും ആണ്.

ഭദ്രതരമായ കൃഷി.

൯. ഗ്രാമീണസഹകരണപ്രസ്ഥാനത്തിനു മൂന്നു പ്രധാന ലക്ഷ്യങ്ങൾ ഉള്ളത് കാര്യക്ഷമമായ വ്യാപാരം, ആദായകരമായ കൃഷി, സുഖകരമായ ജീവിതം എന്നിവയാകുന്നു. പരിഷ്കൃതവിളങ്ങളുടെയും ശാസ്ത്രീയമായ കൃഷിയുടെയും ആവശ്യത്തിലേക്കുള്ള കൃഷിപരിശോധനസംഘങ്ങളുടെ ഉദ്ദേശങ്ങൾ സാധിക്കുന്നതിനു പഞ്ചാബിലെപ്പോലെ അപ്രകാരമുള്ള സംഘങ്ങൾ ഇവിടെയും സ്ഥാപിക്കണം. കൃഷിയിൽ ഇവിടെയുള്ള ഏകമാത്രമായ പരീക്ഷണം ഇപ്പോൾ നടത്തുന്നതു കടക്കലുള്ള വസ്തുമതിലർഷകസഹകരണസംഘം ആകുന്നു. ഇപ്രകാരമുള്ള സംഘങ്ങളുടെ രൂപീകരണത്തിലും പ്രവർത്തനത്തിലും കൃഷിസഹകരണഡിപ്പാർട്ടുമെൻറുകളുടെ ഏകോപിച്ചുള്ള ശ്രമങ്ങൾ ഉണ്ടായിരിക്കണമെന്നു ഞങ്ങൾ ഉപദേശിക്കുന്നു. ഈ രാജ്യത്തെ കൃഷിപരിഷ്കരിക്കാനുള്ള കാലം എത്രയോ മുമ്പുതന്നെ കഴിഞ്ഞുപോയിരിക്കുന്നു. മെല്ലറത്ത പദ്ധതികളിലുള്ള സഹകരണംകൊണ്ടല്ലാതെ ഈ പ്രശ്നത്തിനു നിവൃത്തിമാർഗ്ഗങ്ങളില്ലെന്നു ഞങ്ങൾ വിചാരിക്കുന്നു.

കോഴിക്കൃഷിസംഘങ്ങൾ.

൧൦. ഇപ്പോൾ ആകെ ൩ കോഴിവളർത്തുസംഘങ്ങളുള്ളതിൽ ൨ കൃഷിഡിപ്പാർട്ടുമെൻറിലെ പൌൾട്രി അസിസ്റ്റൻറു സ്ഥാപിച്ചിട്ടുള്ളവയാണെങ്കിലും അവ നിർജ്ജീവങ്ങളായി ഇരിക്കുന്നു. കൃഷിക്കാരൻെറ തുഛമായ ആദായത്തെ പുഷ്ടിപ്പെടുത്തുന്നതിനു ഗവൺമെൻറുസഹായത്തോടുകൂടിയുള്ള തേനീച്ചവളർത്തു, കോഴിവളർത്തു എന്നീ ഗാർഹികവ്യവസായങ്ങൾ വളരെ പ്രയോജനകരങ്ങളാണെന്നു മാർത്താണ്ഡത്തുള്ള വൈ. എം. സി. എ. ഗ്രാമോദ്ധാരണകേന്ദ്രം പ്രവൃത്തിച്ചുകാണിച്ചിട്ടുണ്ട്. പരിതസ്ഥിതികൾ അനുകൂലമായ സ്ഥലങ്ങളിൽ, ഇപ്രകാരമുള്ള സംഘങ്ങൾ പ്രയോജനകരമായി തുടങ്ങാവുന്നതും ഗവൺമെൻറു കോഴിവളർത്തു അസിസ്റ്റൻറിൻെറ സഹായോപദേശങ്ങൾ ശരിയായി ഉപയോഗിക്കാവുന്നതും ആകുന്നു. ഈ രീതിയിൽ നടത്തപ്പെടുന്ന സംഘങ്ങൾക്കു ഇപ്രകാരമുള്ള സഹായങ്ങൾ ഗവൺമെൻറു ചെയ്തുകൊടുക്കുമെന്നു വിശ്വസിക്കുന്നു.

ജലസേചനസംഘങ്ങൾ.

൧൧. ജലസേചന പ്രശ്നം താഴെപറയുന്ന ഏതെങ്കിലും വിഭാഗത്തിൽ ഉൾപ്പെടും,

(൧) സേചനത്തിനായി ജലശേഖരണം

(൨) ചില പ്രദേശങ്ങളെ വെള്ളപ്പൊക്കത്തിൽ നിന്നു രക്ഷിക്കുന്നതിനു ചിറകൾ കെട്ടുന്നതുൾപ്പെടെയുള്ള ജോലികൾ.

(൩) അണക്കെട്ടും തോടുകളും ഉണ്ടാക്കുക.

(൪) വെള്ളക്കെട്ടുകൾ ഉള്ള സ്ഥലങ്ങളിൽ കൃഷിയും ആരോഗ്യാവസ്ഥയും നന്നാക്കുന്നതിലേക്കായുള്ള ജലനിർഗ്ഗമനപദ്ധതികൾ.

രാജ്യത്തിന്റെ ചില പ്രത്യേകസ്ഥലങ്ങളിൽ ജലസേചനം സഹകരണരീത്യാ വിജയപ്രദമായി നടത്താവുന്നതാണ്. കല്ക്കുളം വിളവങ്കോട് എന്നീതാലൂക്കുകളിൽ നന്നാക്കി ഉപയോഗിക്കത്തക്ക കുളങ്ങൾ വളരെയുണ്ട്. ഉപയോഗത്തിലിരുന്ന ശേഷം ഉപേക്ഷിക്കപ്പെട്ടിട്ടുള്ള കുളങ്ങൾ കുഴിച്ചുനന്നാക്കുന്നജോലി സംഘങ്ങൾക്കു ചെയ്യാവുന്നതാണ്. ജലസേചനത്തിനായി സ്ഥാപിക്കപ്പെടുന്ന സഹകരണസംഘങ്ങൾ രാജ്യത്തെ ഗവൺമെൻറ് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറുമായി ഒന്നുചേർന്നു പ്രവർത്തിക്കേണ്ടതാണ്.

ഭൂമി നന്നാക്കുന്നതിലേക്കുള്ള സംഘങ്ങൾ.

൮൨. ജലസേചന സംഘങ്ങളെപ്പററിപ്പറയുമ്പോൾ ഭൂമിനന്നാക്കുന്നതിനും വെള്ളപ്പൊക്കം തടുക്കുന്നതിനും ആയി സ്ഥാപിക്കപ്പെടുന്ന സഹകരണസംഘങ്ങൾക്കു വലിയതോതിൽ ഗവൺമെൻറു ചെയ്യേണ്ടതായ സഹായങ്ങളുടെ ആവശ്യം ചൂണ്ടിക്കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നല്ല വിളവുണ്ടാകുന്നതും എന്നാൽ ഇത്തിക്കരയാററുവെള്ളംകൊണ്ടും പാറവൂർ കായലിലെ ഓരുവെള്ളംകൊണ്ടും ഉണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കുന്നതിനു ഒരു അണ കെട്ടുന്നപക്ഷം രണ്ടു പൂവുകൾ വിളയുന്നതുമായി കൊല്ലത്തിനടുത്തുള്ള ൩൦,൦൦൦ ഏക്കർ വരുന്ന ഒരു നെൽകൃഷിപ്രദേശത്തെ സംബന്ധിച്ചു തിരുവിതാംകൂർ ബാങ്കിംഗ് അന്വേഷണക്കമ്മിററി അവരുടെ റിപ്പോർട്ടിന്റെ ൱-ാം അദ്ധ്യായത്തിൽ ചെയ്തിട്ടുള്ള ശുപാർശകളിലേക്കു ഈ അവസരത്തിൽ ഞങ്ങളുടെ ശ്രദ്ധപതിയാനിടയായിട്ടുണ്ട്. ഇതു പരിഹരിക്കപ്പെട്ടില്ലെങ്കിൽ ഇപ്പോഴുള്ള ഒരു പൂവു മാത്രമല്ല, ഉപ്പുവെള്ളം കയറുന്നതു നിമിത്തം അടുത്തവർഷത്തെ കൃഷിയും നഷ്ടപ്പെടുന്നു. ഈ നിലം ഉടമസ്ഥന്മാർ ഭൂപണയസഹകരണ സംഘങ്ങളായി സംഘടിക്കപ്പെടുമ്പോൾ ഈ ഹർജികൾ ചെയ്യുന്നതിനു ഗവൺമെൻറു പ്രത്യേകം സൌകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. ഇപ്പോൾ കൃഷിവായ്പ റഗുലേഷൻ പ്രകാരം കൊടുക്കുന്ന തുകകൾ മതിയാകുന്നില്ലെങ്കിൽ ഇത്തരം കൃഷിയ്ക്കു കൂടുതൽ ദീർഘകാലവായ്പകൾ നൽകി ഗവൺമെൻറു സഹായിക്കേണ്ടതാണെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു.

കൂടാതെ ഇതിലധികം വലിപ്പമുള്ളതായി രണ്ടുലക്ഷം ഏക്കർ വിസ്തീർണ്ണം വരുന്ന ഒരു നെൽകൃഷിപ്രദേശം കുട്ടനാട്ടുഎന്ന വെള്ളക്കെട്ടുഭൂമിയിൽ ഇതുപോലെതന്നെ ഒരു വിശാലമായ ജലാശയത്തിന്റെ അടിയിലാണെന്നു ഞങ്ങൾ അറിയുന്നു. ഇതു വിസ്തീർണ്ണമേറിയ പ്രദേശത്തെ ജലനിർഗ്ഗമനത്തിനു കൃഷിക്കാരുടെ അതിവിപുലമായ ഒരു സഹകരണ ശ്രമം ആവശ്യമായിട്ടുള്ളതും, പൂർവ്വതോടും ഉള്ള കൃഷിച്ചിലവു ൮൦ ലക്ഷം രൂപമുതൽ ൮൫ ലക്ഷം രൂപാവരെയാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നതും ആകുന്നു. ഇപ്പോൾ ഗവർമ്മെൻറിൽനിന്നും നൽകപ്പെടുന്ന പുതിയ കൃഷിവായ്പകൾകൊണ്ടു കൃഷികൾചെയ്തു വരുന്ന കൃഷിക്കാർ ചിറകെട്ടാനും വെള്ളം വററിക്കാനും വസ്തുമഹസ്സർത്തിനും കൂട്ടുകൃഷിക്കും ആയിട്ടുള്ള ഒരു സഹകരണ സംഘമായി ചേർന്നു ഈ പ്രദേശം കൃഷിചെയ്യുന്നതിലേക്കു ഒരു സഹകരണ പരിശ്രമം തുടങ്ങുന്ന പക്ഷം അപ്രകാരമുള്ള സംഘങ്ങളെ ഗവർമ്മെൻറു ദീർഘകാല വായ്പകൾ നൽകി സഹായിക്കേണ്ടതാണ്.

ഈ പ്രദേശം മുഴുവനു പാർപ്പു പുരയിടങ്ങളുംകൂടെ വെള്ളത്തിൽമുങ്ങി കുടിപാർപ്പുകൾ തന്നെ ആപൽകരമാകുന്നവിധത്തിൽ ഭയങ്കരമായ വെള്ളപ്പൊക്കം ഉണ്ടാകാറുള്ളതാണെന്നും ഞങ്ങൾ കണ്ടിട്ടുണ്ട്. കൂടക്കൂടെയുണ്ടാകാറുതായ ഈ വെള്ളപ്പൊക്കങ്ങളിൽ ഈ പ്രദേശങ്ങളിലുള്ള അധികം ആളുകളും വീടുകൾ വെള്ളത്തിനടിയിൽനിന്നു നീങ്ങുന്നവരെ വള്ളത്തിൽതന്നെ കഴിച്ചുകൂട്ടേണ്ടതായും വരുന്നുണ്ട്.

വെള്ളത്തിൽ മുങ്ങാത്തവിധം ഉയൎന്ന കെട്ടിടങ്ങൾ ഉണ്ടാക്കുക എന്നതു വളരെ അടിയന്തിരമായതും വിഷമമേറിയതും ആയ ഒരു പ്രശ്നമാണ്. ഈ പ്രദേശത്തു് കുടിപാർപ്പു സ്ഥലങ്ങൾ ഉണ്ടാക്കുന്നതിലേക്കായി ആരംഭിക്കപ്പെടുന്ന സഹകരണസ്ഥാപനങ്ങളേയും ഉദ്യമങ്ങളേയും ഗവൎമ്മെന്റു പ്രോത്സാഹിപ്പിക്കണമെന്നും അവയ്ക്കു സാരമായ ധനസഹായം ചെയ്യണമെന്നും ഞങ്ങൾ വിചാരിക്കുന്നതും സ്ഥലത്തെ ജന്മികൾ അവരുടെ കൊഴുവന്മാരുമായി സഹകരിച്ചു പല തലമുറകളായി തങ്ങളെ സേവിക്കുന്ന അവൎക്കു് അനുകമ്പാപൂൎവ്വമായ സഹായം ചെയ്തുകൊടുക്കണമെന്ന ഞങ്ങൾ അഭ്യൎത്ഥിക്കുന്നതുമാകുന്നു.

ഗൃഹംപണി.

൧൬. സഹകരണ ഗൃഹനിൎമ്മാണം രാജ്യത്തു പ്രചാരപ്പെടുത്തേണ്ട ഒന്നാണ്. ഇതേവരെ ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള ഏകശ്രമം കൊല്ലം കടപ്പുറത്തെ മത്സ്യവ്യവസായികൾക്ക പണിയിച്ചിട്ടുള്ള ഗൃഹങ്ങളാണ്. ജനങ്ങൾ ഇടതിങ്ങി അനാരോഗ്യകരമായ വിധത്തിൽ പാൎക്കുന്നതുകൊണ്ടു കൂടുതൽ സുഖാസൌകൎയ്യങ്ങളോടുകൂടിയ ഗൃഹങ്ങൾക്ക ആവശ്യം നേരിട്ടിട്ടുള്ള പട്ടണങ്ങളിൽ ഗൃഹനിൎമ്മാണ കാൎയ്യം ആരംഭിച്ചു നടത്താമെന്നാണ ഞങ്ങളുടെ അഭിപ്രായം. സഹകരണതത്വത്തിന്മേൽ ഏൎപ്പെടുത്താവുന്ന പല ഗൃഹനിൎമ്മാണപദ്ധതികളുണ്ട്. തിരുവനന്തപുരം പട്ടണത്തിലെ അല്പസ്ഥിതിക്കാരായ മദ്ധ്യതരക്കാരായ ആളുകൾ പട്ടണപ്രാന്തങ്ങളിൽ വിസ്തൃതമായ ഒരു ഭൂവിഭാഗം സൌകൎയ്യമായി കണ്ടുപിടിച്ചു ൩൦൦൦ രൂപമുതൽ ൭൦൦൦ രൂപവരെ വിലവരുന്നതായ ചെറിയ വൃത്തിയുള്ള ഗൃഹങ്ങൾ പണിയിക്കുന്നതിനുള്ള ഒരു പദ്ധതി തുടങ്ങുന്നതിനു ശ്രമിക്കേണ്ടതാണെന്നു ഞങ്ങൾ പ്രബലമായി അഭിപ്രായപ്പെടുന്നു. അനേകലക്ഷം രൂപ ലഘുവ്യവസ്ഥകളിന്മേൽ കടംകൊടുക്കുന്ന ബാംബേ മദ്രാസ് എന്നീ ഗവൎമ്മെന്റുകളെപ്പോലെ ഈ പദ്ധതിയ്ക്കു ഗവൎമ്മെന്റു ധനസഹായം നൽകേണ്ടതാണ്. സിൻഡ്യ സെൻട്രൽ സഹകരണബാങ്ക് ഇപ്രകാരം ഒരു പദ്ധതിയ്ക്കായി ൩ ലക്ഷം രൂപാ മാറ്റിവച്ചിരിക്കുന്നു. മൈസൂർ ബോംബെ, ഗുജറാത്ത്, സിൻഡ്, മദ്രാസ് എന്നീസ്ഥലങ്ങളിലെ വലിയനഗരങ്ങളിൽ ഇപ്രകാരമുള്ള സംഘങ്ങൾക്ക പ്രശസ്തമായ അഭിവൃദ്ധിയുണ്ട്.

൧൭. മൂന്നാറിനടുത്തു പള്ളിവാസൽ എന്ന സ്ഥലത്തു സാധാരണക്കാരായ ആളുകൾക്ക സ്ഥിതിക്കനുസരണമായ ഗൃഹങ്ങൾ പണിയിക്കുന്നതിനു വിസ്തീൎണ്ണമേറിയ സ്ഥലങ്ങളുണ്ടെന്നു ഞങ്ങൾ അറിയുന്നു. മറ്റു പരിഷ്കൃത ഗവൎമ്മെന്റുകളുടെ മാതൃകയനുസരിച്ചു തിരുവിതാംകൂർ ഗവൎമ്മെന്റും ഈ ആവശ്യത്തിലേക്ക ൪൦ വൎഷംവരെ കാലാവധിയോടും സേവിംഗ്സ് ബാങ്ക് പലിശനിരക്കിൽ അരശതമാനത്തിൽ കവിയാത്ത പലിശയിലും ദീൎഘകാല ധനസഹായം ചെയ്യേണ്ടതാണെന്നു ഞങ്ങൾ ശുപാൎശചെയ്യുന്നു. ഇപ്രകാരം സ്വതന്ത്രരീതിയിലുള്ള സംഘങ്ങൾ നല്ലവണ്ണം അഭിവൃദ്ധിപ്രാപിച്ചിട്ടുള്ളതായ മദ്രാസ് ബാംബെ എന്നീസ്ഥലങ്ങളിൽ നിന്നും അനുരൂപങ്ങളായ നിബന്ധനകൾ ലഭ്യമാകുന്നതാണ്.

കൊല്ലത്തെ മത്സ്യവ്യവസായികളുടെ ഗൃഹനിൎമ്മാണസംഘം.

൧൮. നിൎദ്ധനന്മാരായ മത്സ്യവ്യവസായികളുടേയും പുരയിടവേലക്കാരുടേയും ജീവിതരീതികൾ അധിവാസസൌകൎയ്യങ്ങളിലും സാമ്പത്തികാവശ്യങ്ങളിലും ആരോഗ്യകരങ്ങളായ ശീലങ്ങളിലുംവളരെ പിന്നാക്കമാണ്. ഇവരുടെ ഗൃഹവാസസൌകൎയ്യങ്ങൾ വളരെപരിതാപകരമാണ്. ഈ വൎഗ്ഗക്കാരുടെ കഷ്ടതകളെ സ്വല്പമെങ്കിലും മാറ്റുന്നതിനു കുടിപാൎപ്പിനായി സൌകൎയ്യമുള്ള സ്ഥലങ്ങൾ തിരഞ്ഞെടുത്തു അവരുടെ ജീവിതരീതിക്കു യോജിച്ചതായ കെട്ടിടങ്ങൾ, അവയ്ക്കു വേണ്ടിവരുന്ന ചിലവു ചെറിയ തവണകളായി തിരികെ അടയ്ക്കത്തക്ക ഏൎപ്പാടിൽ, കെട്ടിക്കൊടുക്കുന്നതു യഥാൎത്ഥത്തിൽ ഉപകാരപ്രദമായിരിക്കുന്നതാണു്. എന്നാൽ കെട്ടിടങ്ങൾ വളരെ വിലകൂടിയവയായിരിക്കരുത്,

കൊല്ലാത്ത കെട്ടിടങ്ങൾ വച്ചും മത്സ്യവ്യവസായികൾക്ക കൊടുക്കാൻ കഴിയാത്ത വിധം വാടകക്കൂടുതലുള്ളവയും ആണ്. ഈ ആളുകൾക്ക ഇപ്രകാരം ഗൃഹസൗകര്യങ്ങൾ നൽകിയാൽ അവരുടെ തൊഴിലുകളും ഉല്പാദനസാധനങ്ങളും സഹകരണ സംഘങ്ങൾമുഖേന സംഘടിപ്പിക്കാൻ കഴിവുണ്ടാകുന്നതാണ്. ഇപ്രകാരം അധിവാസം ഉറപ്പിക്കുമ്പോൾ പ്രാചീനഗ്രീസിലെ കർഷകരെപ്പോലെ രാജ്യത്തു അങ്ങുമിങ്ങുമായി നടക്കുന്ന അധഃകൃതരെ ധനസ്ഥിതിയിലും വ്യവസായവൃത്തിയിലും സംഘടിതവും സുരക്ഷിതവും ആയ ജീവിതത്തിന്റെ ഗുണങ്ങൾ അനുഭവിപ്പിക്കാവുന്നതാണ്. സഹകരണസംഘങ്ങൾ ഇക്കാര്യസാദ്ധ്യത്തിലേക്ക യത്നങ്ങൾ തുടങ്ങേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഗ്രാമോദ്ധാരണ സംഘങ്ങൾ.

൫൩. തിരുവിതാംകൂറിലെ ഗ്രാമജീവിതരീതികൾ ബ്രിട്ടീഷിൻഡ്യയിലെ രീതികളിൽനിന്നു വളരെ വ്യത്യസ്ഥങ്ങളാണെങ്കിലും ഗ്രാമീണപ്രദേശങ്ങളെ അഭിവൃദ്ധിപ്പെടുത്തേണ്ട അത്യാവശ്യം ഇവിടെയും സപ്രതിവിധിമാർഗ്ഗങ്ങളും കണ്ടുപിടിക്കേണ്ട ഒരു വലിയ പ്രശ്നമാണെന്നു തെളിയിക്കാൻ പ്രസംഗവേദികളിലുണ്ടായിട്ടുള്ള അനവധി പ്രസ്താവനകൾ ഇവിടെ ആവർത്തിക്കേണ്ട ആവശ്യമില്ല. ഇവിടത്തെ ജനങ്ങൾ രാജ്യംപൊതുവെ നിരന്നു കിടക്കുന്ന ഗൃഹങ്ങളിലും കുടിലുകളിലും പച്ചനിറത്തിലുള്ള സസ്യാദികളുടെ ഇടയ്ക്കു ഗിരിതടങ്ങളിൽനിന്നു നിർഗ്ഗമിക്കുന്ന ശുദ്ധജലംകുടിച്ചു ഉപജീവിക്കുന്നവരാണ്. രാജ്യത്തെ ഏതാനും പട്ടണങ്ങളെ ഒഴിച്ചാൽ നാട്ടിലുള്ള സാധാരണ മനുഷ്യരുടെ ആരോഗ്യജീവിതം ഉദാരയായ പ്രകൃതിമാതാവിന്റെ സുസമ്മതിസിദ്ധിച്ചിട്ടുള്ളതാണ്. എന്നാലും ഇതൊരു ചിന്താവിഷയമായിത്തന്നെയിരിക്കുന്നു. കഴിഞ്ഞ അര ശതാബ്ദകാലത്തിൽ രാജ്യത്തെ ജനസംഖ്യ ദ്വിഗുണീഭവിച്ചിട്ടുണ്ടെങ്കിലും കൃഷിഭൂമികളും ഉല്പാദനവും തദനുസരണം വർദ്ധിച്ചിട്ടില്ല. അങ്ങനെയുള്ള ഒരു ജനതയ്ക്കു ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾ വളരെ പ്രയോജനപ്രദമാകാതിരിക്കയില്ല. ചില പ്രത്യേകകേന്ദ്രങ്ങളിൽ ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾക്ക വളരെ സൗകര്യമുള്ളതും, സംഘങ്ങൾ അതിലേക്ക ആരംഭിക്കേണ്ടതും ആണ്. ബെംഗാളിൽ ബോൾപുരിയിൽ വിഖ്യാതമായ വിശ്വഭാരതിയുടെ ശ്രീനികേതന ഡിപ്പാർട്ടുമെന്റു ചെയ്തിട്ടുള്ള ഗ്രാമോദ്ധാരണ വൃത്തികളും മയൽബാഗിലെ മിസ്ട്രി സാഹിബ് മഹാരാജ് ആഗ്രായ്ക്കടുത്തു സ്ഥാപിച്ചിട്ടുള്ള വ്യവസായ കേന്ദ്രവും അനുകരണയോഗ്യങ്ങളായ ചില ഉദാഹരണങ്ങളാണ്. വേണ്ടേടത്തോളം സൗകര്യങ്ങളോടു കൂടിയ തിരുവിതാംകൂറിൽ മേൽപറഞ്ഞവിധം സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതു പ്രയോജനകരമായിരിക്കുന്നതാണ്. തിരുവിതാംകൂറിലെ ഒരുഒററ ഗ്രാമോദ്ധാരണ സംഘമേയുള്ളു, അതു ഈയിടെ തുടങ്ങിയ നെയ്യാററിങ്കരയുള്ള പൊഴിയൂർ സംഘമാണ്. ഈ സംഘം തിരുവിതാംകൂറിലെ രണ്ടു മൂന്നു രാഷ്ട്രനിർമ്മാണ ഡിപ്പാർട്ടുമെന്റുകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്നതാകയാൽ സഹകാരികൾ അതിന്റെ അഭിവൃദ്ധിവീക്ഷിച്ചുകൊണ്ടിരിക്കുന്നതു പ്രയോജനകരമായിരിക്കും.

സെൻട്രൽ സഹകരണ വ്യവസായബാങ്കു വ്യവസായസംഘങ്ങൾ.

൫൪. ഇപ്പോഴുള്ള നെയിത്തു സംഘങ്ങൾക്ക വേണ്ടവിധം ധനസഹായം ചെയ്യുന്നകാര്യംമററു പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ധനേതര സംഘങ്ങളേയും അഭിമുഖീകരിക്കുന്ന പ്രശ്നം തന്നെയാണ്. ഇപ്പോഴുള്ള സഹകരണ ബാങ്കുകൾകൊണ്ടു ഇവയ്ക്കു ധനസഹായം ചെയ്യാൻ കഴിവില്ലാതെയിരുന്നാൽ അത്യാവശ്യമുള്ളപക്ഷം ഒരു സെൻട്രൽ സഹകരണ വ്യവസായ ബാങ്കുസ്ഥാപിക്കുന്നതു അത്യുത്തമമായ മാർഗ്ഗം ആയിരിക്കും എന്നു ഞങ്ങൾ ശുപാർശ ചെയ്യുന്നു. അതിനു ഗവർമ്മെന്റിൽനിന്നും സെൻട്രൽ

ബാങ്കിൽനിന്നും ധനസഹായം ഉണ്ടാകേണ്ടതാണ്. സംഘങ്ങൾ നെയ്യുന്ന സംസ്കൃതസാധനങ്ങൾ ശേഖരിച്ചുവില്ക്കാനായി ഞങ്ങൾ മുമ്പുപറഞ്ഞിട്ടുള്ള സെൻട്രൽ വ്യവസായബാങ്കുഒരു വില്പനശാല ഏർപ്പെടുത്തേണ്ടതാണ്. അപ്രകാരമുള്ള സംഘങ്ങളുടെ പ്രവൎത്തനത്തിൽ മേലന്വേഷണം നടത്തുന്നതിനും അവയുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും ആയി ബാങ്കു അതിന്റെതാഴെ പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കാവുന്നതാണ്.

ഇപ്പോഴുള്ള ധനേതര സംഘങ്ങളെ കൂടാതെ രാജ്യത്തിനു യോജിച്ചതായ ചെറിയ ഗാർഹിക വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുന്നതിനായി സംഘങ്ങൾ രൂപീകരിക്കണമെന്നും ഞങ്ങൾ ശുപാർശ ചെയ്യുന്നു.

കയറുപിരിപ്പ്.

൭൮. കയറുവ്യവസായം രാജ്യത്തെ ഒരു വലിയ വ്യവസായ സംരംഭം ആകുന്നു. കേരവൃക്ഷങ്ങളുടേയും ആവക ഉല്പന്നങ്ങളുടേയും സമൃദ്ധിയുള്ള ഒരു രാജ്യത്ത്, സാമ്രാജ്യകാർഷികപര്യവേക്ഷണസമിതിയുടെ സഹായത്തോടുകൂടി നടത്തപ്പെടാവുന്ന പര്യവേക്ഷണഫലങ്ങളാൽ പരിപുഷ്ടമാക്കിച്ചെയ്യു, ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സഹകരണപരിശ്രമങ്ങൾ ചെയ്യേണ്ടതു വളരെ ആവശ്യമാണ്. ഗവൺമെന്റ സാമ്രാജ്യസമിതിയിൽ ഒരു അംഗമായി ചേരാൻ ഉപദേശിക്കേണ്ടതു് ആവശ്യമായി ഒന്നുരണ്ടു് കാൺഫറൻസുകൾക്കു തോന്നിയിട്ടുണ്ട്. വേഗം ആ വിശിഷ്ടസമിതിയിലും ഒരു സെൻട്രൽ നാളികേരക്കമ്മിററിസംഘടിതമാകുമ്പോൾ അതിലും ഗവൺമെന്റ് ചേരണമെന്നു ഞങ്ങൾ സസന്തോഷം ശുപാർശചെയ്യുന്നു. നാളികേരോല്പാദനത്തിന്റെയും വിക്രയത്തിന്റെയും രീതികളിൽ ഒരു വൻപിച്ച തോതിലുള്ള ശാസ്ത്രീയമായ പരിഷ്കാരമാണ് ആവശ്യമായിരിക്കുന്നത്. സാമ്രാജ്യസമിതിയുടെ താഴെ പ്രോവിൻസുകളിലെ ശാഖകളിൽ ജോലിചെയ്യുന്ന ഒരു സെട്രൽ മാർക്കററിംഗ് ഉദ്യോഗസ്ഥന്റെതഴെ ഡിപ്പാർട്ടുമെന്റിൽനിന്നും ഒരു ആളെ അയച്ചു പരിശീലിപ്പിക്കേണ്ടതാണ്. കയറായി പിരിക്കപ്പെട്ടിട്ടുള്ള വിവിധജാതി ചകരികൾ നിശ്ചയാസം ചിലവാക്കാവുന്ന കമ്പോളം ഉണ്ടാകുന്നതാണ്. വിശ്രുതങ്ങളായ 'അഞ്ചുതെങ്ങു' 'ആലപ്പാടൻ' ഈ ജാതി കയറുകൾ മേന്മയിൽ അദ്വിതീയങ്ങളാണ്. കയററു വ്യവസായത്തിന്റെ ഇപ്പോഴത്തെ പ്രാപെരുതകെയാക്കാർ കച്ചവടക്കാരും മററു പ്രെപററ് ഏജൻസികളും ആണ്. യഥാൎത്ഥഉല്പാദകന് ഉപഭോക്താവിന്റെ ഒരു നിഴൽ കാണണമെങ്കിൽ ഒട്ടധികം മല്ലാളികളാരെ കടന്നുപോകേണ്ടതാണ്. ചരക്ക കമ്പോളത്തിൽ എത്തുന്നതിനുമുമ്പായി ഉല്പാദകൻ സഹജമായി സഹിക്കേണ്ടിവരുന്ന ചില വ്യത്യാസം വളരെ ഭയാനകമായ ഒന്നാണ്. ഇപ്പോഴുള്ള സ്ഥിതിഗതികൾ പരിഹരിക്കപ്പെടാതെയിരിക്കുന്നപക്ഷം യഥാൎത്ഥ ഉല്പാദകന്മാർ സാമ്പത്തിക പരാശ്രയത്തിലും കടത്തിലും ആണ്ടുപോകയേ നിവൃത്തിയുള്ളു. അതിനാൽ ഉല്പാദകന്മാൎക്കുവേണ്ടി സഹകരണസംഘങ്ങൾ ഏൎപ്പെടുത്തണമെന്നും അവ ആലപ്പുഴ സെൻട്രൽ പ്രാഡ്യൂസ് സംഘംപോലെയുള്ള സെൻട്രൽ സ്ഥാപനത്തിന്റെ സഹായത്തോടുകൂടി കൂട്ടുപാട്ടുകൾ നടത്തണമെന്നും ഞങ്ങൾ ശുപാർശചെയ്യുന്നു. ഈ സംഘങ്ങൾക്കു തരംതിരിക്കുക, മാതൃക നിശ്ചയിക്കുക, കമ്പോളങ്ങളുണ്ടാക്കിക്കൊടുക്കുക ആദിയായ എല്ലാവിധസഹായങ്ങളും ചെയ്തുകൊടുക്കാൻ ഗവണ്മെന്റ് സന്നദ്ധമാകേണ്ടതാണ്.

മററു കുടിൽവ്യവസായങ്ങൾ.

൭൯. വെല്ലംകട്ട്, കരുപ്പട്ടി മുതലായ പനംസാധനങ്ങൾ, ചൂരൽ മെത്തപ്പായനെയ്ത്തു, പട്ടുനൂൽ, റേന്ത, കുട്ട എന്നീ വിവിധവ്യവസായങ്ങൾക്കു സഹകരണസംഘങ്ങൾ ഏൎപ്പെടുത്താവുന്നതാണ്. വ്യവസായസംഘങ്ങളുടെ വിജയത്തിനു ഒരു വ്യവസായബാങ്ക് അത്യാവശ്യമാണെന്നു ഞങ്ങൾക്കഭിപ്രായമുള്ളതിനാൽ മേൽവക സംഘങ്ങൾക്കു അതിൽനിന്നും വേണ്ട സഹായം ലഭിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

വളം ശേഖരിച്ചു കൊടുക്കുക.

൮൦. കൃഷിക്കാരുടെ പ്രാഥമികാവശ്യങ്ങളിൽ ഒന്നു നല്ലവളം ആകുന്നു. കൃഷിഡിപ്പാർട്ടുമെൻറിൽനിന്നു കൊടുക്കുന്നവളം സാമാന്യകർഷകനു വാങ്ങാൻ കഴിയാത്തവണ്ണം ദൂരസ്ഥലങ്ങളിലെ ലഭിക്കുന്നുള്ളു എന്നും താരതമ്യേന വില കൂടുതലാണെന്നും പരാതിപ്പെടുന്നുണ്ട്. കൃഷിക്കാർ യോജിച്ചു അവരുടെ യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കി അതിനനുസരണമായ വളങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു ധനസഹായസംഘങ്ങൾ മുഖാന്തിരം സഹകരണഏജൻസികൾ സ്ഥാപിക്കുന്നതു അവർക്കു പ്രയോജനകരമായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു. പലസംഘങ്ങളും ഈ ജോലി പരീക്ഷിച്ചുവെങ്കിലും കൂടുതൽനടത്താൻ കഴിയാതെവന്നു എന്നു ഞങ്ങൾ അറിയുന്നു. കൃഷിക്കാർ ഉപയോഗിക്കുന്ന ചാരം, ചാണകം, ചെമ്മീൻപൊടി എന്നീവളങ്ങൾ വ്യാപാരികളിൽനിന്നു ധാരാളമായി ലഭിക്കുന്നില്ല. പരിഷ്കൃതവളങ്ങൾ ഉപയോഗിക്കാൻ കൃഷിക്കാർക്കുള്ള വിമുഖത അവരുടെ യാഥാസ്ഥികത്വമോ വൈമനസ്യമോ കൊണ്ടുള്ളതല്ല. തങ്ങളുടെ ഗ്രാമങ്ങളിൽ അവ ലഭിക്കത്തക്കവണ്ണം ഉള്ള ഒരു ഏജൻസിയില്ലാത്തതുമാത്രമാണ് പ്രതിബന്ധമായി നില്ക്കുന്നതു്. മീൻവളങ്ങൾ കടൽതീരങ്ങളിൽ ധാരാളമായി കിട്ടുന്നു. സഹകരണസംഘങ്ങൾ ഇവ ശേഖരിച്ചു കൃഷിക്കാരുടെ നിലങ്ങളിലോ വീട്ടുവാതുക്കലോ എത്തിക്കുന്നതായാൽ അവർ അതുവാങ്ങി ഉപയോഗിക്കുന്നതും ആണ്. ഇപ്രകാരം വളം ശേഖരിക്കുന്ന സംഘങ്ങൾക്കു വിലകുറഞ്ഞതും ആവശ്യമുള്ളതും ആയ കൃഷിവക ഉപകരണങ്ങളും ആയുധങ്ങളും അദ്ധ്വാനം കുറയ്ക്കുന്നതായ യന്ത്രോപകരണങ്ങളും ശേഖരിച്ചു കർഷകരായ അംഗങ്ങൾക്കു വിൽക്കുകയോ ചെറിയ ഫീസു ചുമത്തി വാടകയ്ക്കു കൊടുക്കുകയോ ചെയ്യാവുന്നതും ആകുന്നു.

പഞ്ചാബിൽ പരീക്ഷിക്കപ്പെട്ടിട്ടുള്ള മററു മാതൃകകൾ.

൮൧. സുഖജീവിതം, മിതവ്യയം, കരംപിരിവ്, വിളവുനഷ്ടം, മണൽവെട്ട് ഇത്യാദിയ്ക്കായുള്ള സംഘങ്ങൾ മററു പുതിയതരം സഹകരണപ്രവൃത്തനങ്ങൾ ചെയ്തുവരുന്നു. ഈ സംഘങ്ങൾ ജനങ്ങളുടെ സാമാന്യജീവിതത്തെ വളരെ നന്നാക്കുന്നതിനു പര്യാപ്തങ്ങളാണ്. മുഖ്യമായ മിതവ്യയസംഘങ്ങൾ അധഃകൃതർക്കും മററു പിന്നാക്കസമുദായങ്ങൾക്കും വളരെ പ്രയോജനകരങ്ങളായിരിക്കും. തിരുവിതാംകൂറിലെ കൃഷിക്കാരൻ സാധാരണയായി കൃഷിനടത്തുന്നതിനു വർഷപാതങ്ങളെ ആശ്രയിക്കേണ്ടിവരുന്നതും കൃഷിപ്പിഴകൾ അപൂർവമല്ലാതിരിക്കുന്നതുംകൊണ്ട് കൃഷിനഷ്ടപരിഹാരസംഘങ്ങൾ അവരുടെ കഷ്ടതകൾക്കു വളരെ ഉപശാന്തിയുണ്ടാക്കിക്കൊടുക്കുന്നതാണ്. അതുപോലെതന്നെ തിരുവിതാംകൂറിൽ ഗവണ്മെൻറിലേക്കുള്ള കരം കുടിശ്ശികയാവുക ഒരു സാധാരണ കാര്യമായി തീർന്നിട്ടുള്ളതും അവ ഈടാക്കുന്നതിലേക്കായി സംഖ്യാതീതമായ സ്ഥാവരവസ്തു ലേലങ്ങൾ നടന്നുവരുന്നതും ആകുന്നു. ഗവണ്മെൻറിലേക്കു അടയ്ക്കേണ്ട കരത്തിനു തങ്ങളുടെ വസ്തുക്കൾ ജപ്തിചെയ്തു വില്പിക്കുന്നതായ അവസ്ഥകളെ പരിഹരിക്കുന്നതിനായി പഞ്ചാബിലെപ്പോലെ കരം കൊടുക്കുന്നതിലേക്കുള്ള സംഘങ്ങൾ ഏർപ്പെടുത്തണമെന്നു ഞങ്ങൾ നിസ്സംശയമായി അഭിപ്രായപ്പെടുന്നു. വ്യവസായശാലകളിലെ തൊഴിലാളികൾ, തോട്ടം കൂലിക്കാർ എന്നിവരുടെയിടയിൽ പുതിയ സംഘടനകൾക്കു സൌകര്യം ഉണ്ട്. എന്നാൽ അവരുടെ ക്ഷേമാദികൾകൊണ്ടു പ്രയോജനമുള്ളവരായ അവരുടെ മുതലാളിമാർ വേണ്ടുവോളം താല്പര്യവും ദയാശീലവും ഉത്സാഹവും ഉള്ളവരായിരുന്നാൽമാത്രമെ അവ വിജയപ്രദങ്ങളാകയുള്ളു.

കക്കാസംഘം.

൮൨. കുമരകത്തു കക്കാവാരുകാർ ആ വ്യവസായത്തെ സംഘടിപ്പിക്കാൻ ശ്രമിച്ചതിലേക്കായി ഒരു സഹകരണസംഘം രൂപീകരിച്ചു. ഈ ധനേതരസംഘം നിർഭാഗ്യവശാൽ കഴിഞ്ഞഏതാനുംകൊല്ലങ്ങളായി ഒരു അധഃപ്പതനാവസ്ഥയിലെത്തിച്ചിരിക്കുകയാണ്.

കണക്കുശേഖരിക്കുന്ന വിഷയത്തിൽ മത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറുകാർ ലൈസൻസുകൾ നൽകുന്നതിനെപ്പററിയുള്ള വ്യവസ്ഥകളും ചട്ടങ്ങളും സംഘത്തിൻെറ വിഷമതകൾക്കു കാരണമായിതീർന്നിട്ടുണ്ട്. കൂടുതൽ വിപുലവും വിസ്തൃതവും ആയ പ്രശ്നത്തെപ്പററി ഓർക്കുന്നതായാൽ ഈ സംഘത്തിൽ കൃഷിഡിപ്പാർട്ടുമെൻറുകാർ എന്തെങ്കിലും പ്രായോഗികസഹായം ചെയ്യാൻ മാർഗ്ഗമുണ്ടാക്കേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു.

൨൩. മുൻഖണ്ഡികകളിൽ പറഞ്ഞിട്ടുള്ളതിൽനിന്നും തിരുവിതാംകൂറിൽ കൃഷിക്കുപുറമെ വിവിധങ്ങളായ ജീവിതവൃത്തികൾ ക്രമീകരിച്ചു ഫലപ്രദമായ വിധത്തിൽ സഹകരണരീത്യാ സംഘടിപ്പിക്കുന്നതിനു ധാരാളം സൌകര്യങ്ങളുണ്ടെന്നു ഊഹിക്കാവുന്നതാണ്. ഇപ്പോൾ ജീവിതത്തിനു ബഹുവിധമായുള്ള സാമ്പത്തികാഭിവൃദ്ധിയിൽ, സഹകരണത്തിൻെറ പ്രയോജനം ജനങ്ങൾ നല്ലതിന്മണ്ണം മനസ്സിലാക്കണമെങ്കിൽ ഇപ്രകാരമുള്ള സഹകരണസംഘങ്ങൾ കൂടി അഭിവൃദ്ധിപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രസ്ഥാനത്തിനു ഇപ്രകാരമുള്ള സംഘങ്ങൾ സ്ഥാപിക്കുന്നതുകൊണ്ടു വലുതായ ശക്തി ഉൽഭൂതമാകുകയും ചെയ്യുന്നതാണ്. ഇങ്ങനെ പ്രസ്ഥാനം വികസിപ്പിക്കാവുന്ന മാർഗ്ഗങ്ങൾ നിരവധിയുണ്ടെങ്കിലും ഞങ്ങളുടെ അന്വേഷണപരിധിയിൽ പെട്ടിട്ടുള്ള ഏതാനും പ്രധാനപ്പെട്ട ധനോൽപാദനവൃത്തികളെപ്പററിമാത്രമേ ഞങ്ങൾ പറഞ്ഞിട്ടുള്ളൂ.

അദ്ധ്യായം ൧൨.

സ്ത്രീകളും സഹകരണവും.

തിരുവിതാംകൂറിൽ ഇപ്പോൾ സ്ത്രീകളുടെവക അഞ്ച് സഹകരണസംഘങ്ങൾ ഉണ്ട്. ഇവയെല്ലാം അടുത്തകാലങ്ങളിൽ ഉണ്ടായിട്ടുള്ളവയാണ്. തിരുവനന്തപുരം കടൽത്തീരത്തു മത്സ്യവ്യവസായികളായ സ്ത്രീകൾക്കും കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, അമ്പലപ്പുഴ എന്നീ താലൂക്കുകളിൽ അരയസ്ത്രീകൾക്കും മുമ്പ് ഏതാനും സംഘങ്ങൾ ഉണ്ടായിരുന്നു. ഇവയെല്ലാം പരസ്പരധനസഹായസംഘങ്ങളായിരുന്നു. സംഘങ്ങളുടെ ഉദ്ദേശങ്ങൾ ശരിയായി മനസ്സിലാക്കാതെയാണ് അവയിൽ സ്ത്രീകൾ ചേർന്നിട്ടുള്ളത്. ചില അംഗങ്ങൾ മിതവ്യയശീലത്തിന്റെ ഫലങ്ങൾ, സംഘംനിമിത്തം തങ്ങൾക്കുണ്ടായിട്ടുള്ള സാമ്പത്തികാഭിവൃദ്ധികൊണ്ടു മനസ്സിലാക്കിയിട്ടുണ്ടെന്നു ഞങ്ങൾക്കറിവുണ്ടെങ്കിലും, അവക്കുവേണ്ടി ഗവൺമെന്റു മുതൽവച്ചുനടത്തുന്ന നാമനചിട്ടികളെന്നു സാധാരണ അവരുടെയിടയിൽ അറിയപ്പെട്ടുവന്ന ഈ സംഘങ്ങളിൽ പണം കിട്ടുമെന്നുള്ള മോഹത്താൽ ആദ്യകാലങ്ങളിൽ ഈ സ്ത്രീകൾ വളരെ ഔത്സുക്യമുള്ളവരായിരുന്നു. ക്രമേണ ഇവയുടെ പ്രവർത്തനം മന്ദീഭവിക്കയും ഒടുവിൽ തീരെ നിന്നുപോകയും ചെയ്തു. വിജയത്തിനു അത്യന്താപേക്ഷിതങ്ങളായ മേൽനോട്ടവും ഉപദേശവും ശരിയായി ഉണ്ടാകാതെയിരുന്നതുമൂലം അവ ഒടുവിൽ റദ്ദുചെയ്യപ്പെടേണ്ടിവന്നു. ജന്മസിദ്ധമായ മിതവ്യയശീലവും സമ്പാദിക്കണമെന്നുള്ള ബുദ്ധിയും ഉള്ളവരായ സ്ത്രീകളെ ആ ഗുണങ്ങൾ പരിശീലിപ്പിക്കുന്നതിനു ധനസഹായംമാത്രം ചെയ്തുകൊണ്ടിരുന്ന ഈ സംഘങ്ങൾ വേണ്ട സൌകര്യം നൽകിയിരുന്നില്ല.

മാനേജിംഗ് കമ്മററികളിൽ സ്ത്രീകൾ.

൨. സ്ത്രീകൾക്കായി മാത്രം അഞ്ച് സംഘങ്ങൾ ഉള്ളവ തിരുവനന്തപുരം, അടൂർ, പറവൂർ, അമ്പലപ്പുഴ, മൂവാററുപുഴ എന്നീസ്ഥലങ്ങളിലാണെന്നു ഞങ്ങൾ അറിയുന്നു. ഈ സംഘങ്ങളെ ഡിപ്പാർട്ടുമെന്റിന്റെ ഭരണറിപ്പോർട്ടിൽ ഒരു പ്രത്യേക വകുപ്പായി കാണിച്ചിട്ടില്ലെന്നറിയുന്നു. പഞ്ചാബ് യുണൈറഡ് പ്രാവിൻസുകൾ ബംഗാൾ മൈസൂർ എന്നീസ്ഥലങ്ങളിലെപ്പോലെ മേലാൽ അപ്രകാരം ചെയ്യുന്നതു നന്നായിരിക്കുമെന്നു ഞങ്ങൾക്കു അഭിപ്രായമുണ്ട്. സ്ത്രീകളുടെയിടയിൽ പ്രചരണവകുപ്പായി അവർ ചെയ്തുവരുന്ന ശ്രമങ്ങളെപ്പററി ബോംബെ രജിസ്ട്രാർ പ്രസ്താവിക്കുന്നു. ബോംബെ പ്രൊവിൻഷ്യൽ കോഓപ്പറേറിവ് ഇൻസ്റ്റിട്യൂട്ടിന്റെ ഗർഗാം ശാഖയുടെ കമ്മററിയിൽ രണ്ട് സ്ത്രീകളുള്ളതും അതിന്റെ ആണററി ആഡിററർ ഒരു സ്ത്രീയായിരിക്കുന്നതും ആണ്. പഞ്ചാബിൽ ഉൾപ്രദേശങ്ങളിൽപോലും ചില സംഘങ്ങളിൽ സ്ത്രീകൾ ഭരണക്കാരായിരിക്കുന്നതും ഇവിടെ ചില സംഘങ്ങളിൽ സ്ത്രീകളെക്കൂടി ഭരണസമിതികളിൽ പ്രവേശിപ്പിക്കുന്നതിനു അനുവദിച്ചിട്ടുള്ളതായി കാണുന്നതിൽ ഞങ്ങൾക്കു സന്തോഷമുള്ളതും ആകുന്നു. രാജ്യത്തു ഇപ്പോൾ ഉള്ള ഈ സംഘങ്ങളിൽ ആകെ ൩൨൨ അംഗങ്ങളും ൯൨൦൭-രൂപാ ആകെ ഓഹരിമൂലധനവും ഉള്ളതായികാണുന്നു. അവ സെൻട്രൽബാങ്കിൽനിന്നും ആകെ ൧൨൩൪ രൂപാ എടുത്തിരിക്കുന്നതും മെമ്പന്മാർക്കു കൊടുത്തിട്ടുള്ള വായ്പകളുടെ ആകത്തുക ൧൦൩൪ രൂപ ആയിരിക്കുന്നതും ആണ്. അംഗങ്ങൾ ചെറിയ നിക്ഷേപങ്ങളായി ൭൧൨ രൂപ അടച്ചിട്ടുണ്ട്. ഇവയിൽ ചില സംഘങ്ങൾക്കു ആദ്യകാലത്തു ധനേതരപരിപാടികളിൽ താല്പര്യം ഉണ്ടായിരുന്നതും എന്നാൽ അവ മിക്കവാറും നിന്നിട്ടു ഇപ്പോൾ ധനകാര്യങ്ങളിൽമാത്രം പ്രവർത്തിച്ചുവരുന്നതും ആകുന്നു. അംഗങ്ങൾക്കു വളരെ പ്രയോജനകരങ്ങളായി ചെയ്യപ്പെട്ടിട്ടുള്ള ജോലികൾ ഞങ്ങൾ പരിശോധിച്ചതിൽ തിരുവനന്തപുരം ഹിന്ദുവനിതാസംഘവും അടൂർ ശ്രീചിത്തിരവിലാസം വനിതാസംഘവും രണ്ട് ഉപകാരപ്രദങ്ങളായ കാര്യങ്ങൾ ചെയ്തിട്ടുള്ള

തായി കാണുന്നു. മുൻപറഞ്ഞ സംഘം നെല്ലുശേഖരിച്ചു സാധുസ്ത്രീകളെക്കൊണ്ടു കുത്തിച്ചു അരിയാക്കുന്ന വ്യാപാരം ആദ്യം നടത്തിവന്നിരുന്നു. അരിവില്പനയ്ക്കുള്ള അസൌകര്യങ്ങളാൽ ഈ പ്രവൎത്തനം നിറുത്തപ്പെട്ടതായി ഞങ്ങൾ അറിയുന്നു. ധനശേഷിക്കുറവായ സംഘം മററു ധനേതരവൃത്തികളിലും ഉദ്യമിച്ചുവരുന്നു. ഒരു നെയ്ത്തു് വിദ്യാലയം നടത്തുന്നതും അതിനു വ്യവസായഡിപ്പാർട്ടുമെൻറിൽനിന്നും മാസംതോറും പ്രതിമാസം ... വാങ്ങിച്ചുകൊണ്ടിരിക്കുന്നതും ആണ്. ഈ വിദ്യാലയത്തിൽ പെൺകുട്ടികളെ നെയ്ത്തു അഭ്യസിപ്പിക്കുകയും അവരെ നെയ്ത്തുപരീക്ഷയ്ക്കു അയക്കുകയും ചെയ്തുവരുന്നു. ഈ സ്ഥാപനം വാണിജ്യപരമായവിധത്തിൽ നടത്തപ്പെടുന്നതല്ലെങ്കിലും കഴിഞ്ഞ മൂന്നുവർഷങ്ങളായി ഗവൺമെൻറു ജനറൽ ആശുപത്രികളിലേക്കു ... , ടൌവ്വലുകൾ മുതലായ നെയ്ത്തു സാധനങ്ങൾ ഒരു കരാറുവ്യവസ്ഥപ്രകാരം കൊടുത്തുവരുന്നുണ്ട്. മിക്കവാറും വിദ്യാസമ്പന്നകളായ സ്ത്രീകൾ ചേർന്നുള്ള ഈ സംഘം തിരുവനന്തപുരത്തു ഒരു മഹിളാസഹകരണസ്റ്റോർ തുടങ്ങുന്നതിനു ഉത്സാഹിച്ചുവരുന്നതായി കാണുന്നതും ചാരിതാൎത്ഥ്യജനകമാണ്.

അട്ടൂർ മഹിളാസംഘം.

൩. അട്ടൂർ വനിതാസംഘം ഒരു നെയ്ത്തുശാലയും ഒരു സ്റ്റോറും ആരംഭിച്ചു. എന്നാൽ പൊതുജനസഹായത്തിൻെറ അഭാവത്താൽ രണ്ടും നിറുത്തപ്പെടേണ്ടതായിവന്നു. ഇപ്പോൾ അതു കരിപ്പെട്ടികളെ വാങ്ങി അംഗങ്ങൾക്കു ... സൌകര്യപ്പെടുന്ന തവണകളിൽ വിലയീടാക്കിവരുന്ന ഒരു പ്രയോജനകരമായ പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്നു. ഈവിധം പാവം സാധുസ്ത്രീകൾക്കു സംഘം ഒരു ഉപജീവനമാൎഗ്ഗം ഉണ്ടാക്കിക്കൊടുത്തുവരുന്നു. പട്ടു ഉടമസ്ഥകളായ സ്ത്രീകൾക്കു പാചു്, മെത്ത മുതലായവ ആദായകരമായി വിൽക്കുന്നതിനു പല പ്രയാസങ്ങൾ ഉണ്ടാകുന്നുവെന്നു സെക്രട്ടറി റിപ്പോർട്ടുചെയ്യുന്നു. സംഘം ഒരു ഉൾനാട്ടിലുള്ള ചെറുപട്ടണത്തിൽ നടത്തപ്പെടുന്നതും തന്നിമിത്തം പായ് വില്പന ഒരു ചിന്താവിഷയമായിത്തീർന്നിരിക്കുന്നതും ആകുന്നു. അംഗങ്ങളിൽനിന്നും പായും അതിൽനിന്നെടുക്കുന്ന മററുസാധനങ്ങളും ശേഖരിച്ചു അടുത്തുള്ള പട്ടണങ്ങളിൽ അയച്ചു വില്പിക്കണമെന്നു സംഘം പ്രസിഡൻറിനു ഒരാലോചനയുള്ളതായും അറിയുന്നു.

പറവൂർ മഹിളാസംഘം.

൪. പറവൂർ മഹിളാസംഘം താരതമ്യേന നല്ലജോലി ചെയ്തുവരുന്നതായി കാണുന്നു. 'കടംകൊടുക്കുക' എന്നുള്ളതല്ലാതെ മററുജോലികൾ ചെയ്യുന്നതിനു സംഘത്തിനു കഴിഞ്ഞിട്ടില്ലെന്നുള്ളതു ശരിതന്നെ എങ്കിലും മററുമാൎഗ്ഗങ്ങളിൽക്കൂടി പ്രവൎത്തനം വികസിപ്പിക്കുന്നതിനു ആലോചനയുണ്ടെന്നു സെക്രട്ടറിയുടെ റിപ്പോർട്ടിൽ കാണുന്നു.

വിദേശങ്ങളിലെ സഹകാരിണികൾ.

൫. സ്ത്രീകളുടെയിടയിൽ ഈ പ്രസ്ഥാനം പ്രചരിപ്പിക്കുന്നതിൽ സഹകരണഡിപ്പാർട്ടുമെൻറും പൊതുജനങ്ങളും കൂടുതൽ ശ്രദ്ധിക്കേണ്ടതാണെന്നു ഞങ്ങൾ ഉപദേശിക്കുന്നു എങ്കിൽ അതിൽ വിസ്മയത്തിനു അവകാശമില്ലാത്തതാണ്. പ്രസ്ഥാനത്തെ ഉദ്ധരിക്കുന്നതിനു അവർ ഒരു വലിയ താങ്ങായിത്തീരുന്നതാണ്. ഇംഗ്ലണ്ടിലും മററുരാജ്യങ്ങളിലും ഉള്ള സ്ത്രീകളുടെ സഹകരണഗ്രന്ഥത്തിൽനിന്നു ഒരേടു പറിച്ചെടുത്തു അവരുടെ മാതൃക കഴിവുള്ളത്ര പരീക്ഷിച്ചുനോക്കേണ്ടതാണ്. ഈവഴിയ്ക്കു വിദേശങ്ങളിലെ സഹകാരിണികൾക്കു ഉണ്ടായിട്ടുള്ള വിജയങ്ങളെപ്പററി നാം അനുസ്മരിക്കേണ്ടതാണ്. ഇംഗ്ലണ്ടിലും ഐർലണ്ടിലും ഉള്ള സ്ത്രീസഹകരണസമിതികളും ഡെൻമാർക്കിലെ സ്ത്രീസഹകരണസമിതികളും ജനകീയവിദ്യാലയങ്ങളും സഹകരണംകൊണ്ടു സ്ത്രീകൾക്കുണ്ടായിട്ടുള്ള വിജയപ്രാപ്തികൾക്കു ഉത്തമോദാഹരണങ്ങളാകുന്നു. ഇംഗ്ലണ്ടിൽ വിനിയോജകപ്രസ്ഥാന

ത്തിലെ ഭൂരിഭാഗം അംഗങ്ങളും കൂലിവേലചെയ്യുന്ന സ്ത്രീകളാണെന്നുകാണുന്നു. സ്വിററ്സർലൻഡിൽ സസ്യങ്ങൾ, മുട്ട, പഴം, കോഴി എന്നിവ ഉണ്ടാക്കുന്നതിനും വിൽക്കുന്നതിനും ആയി വേലക്കാരായ സ്ത്രീകൾക്ക ഏർപ്പെടുത്തിയിട്ടുള്ള സംഘങ്ങൾ അവരുടെ ധനസ്ഥിതിയെ വളരെ പരിപുഷ്ടമാക്കിയിട്ടുണ്ട്.

ഇൻഡ്യൻ വനിതകൾ.

൬. മിതവ്യയവും സമ്പാദ്യവും വർദ്ധിപ്പിക്കുന്നതിനും ഉല്പാദനവും വില്പനയും പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീ സഹകരണ സംഘങ്ങൾ ബ്രിട്ടീഷ് ഇൻഡ്യൻ പ്രവിശ്യകളിൽ വിശിഷ്യ പഞ്ചാബ്, യുണൈറ്റഡ് പ്രാവിഡൻസുകൾ, ബംഗാൾ, ബാംബെ എന്നസ്ഥലങ്ങളിൽ ഡിപ്പാർട്ടുമെൻറിന്റെ ഉത്സാഹഫലമായി ഉണ്ടാക്കിയിട്ടുണ്ട്. പഞ്ചാബിൽ സ്ത്രീകൾക്കായി ൨൫൦ മിതവ്യയസംഘങ്ങൾ ഉള്ളതും അവയുടെ പ്രവർത്തനത്തിൽ മേലന്വേഷണം ചെയ്യുന്നതിന് ഒരു ഇൻസ്പെക്ട്രസ്സും പല സബ് ഇൻസ്പെക്ട്രസ്സുകളും ഉള്ളതും ആണ്. 'മിതവ്യയപാഠം' സ്ത്രീകൾക്കുടി പഠിച്ചിട്ടില്ലാതെ അതു പുരുഷന്മാരിൽ ഫലവത്താക്കാൻ നിവൃത്തിയില്ലെന്നപഞ്ചാബിലെ രജിസ്ട്രാറുടെ ഒരു റിപ്പോർട്ടിൽ രജിസ്ട്രാർ പറയുന്നു. ഈ പ്രമാണം പഞ്ചാബിലെ മന്ത്രിയും സംപൂർണ്ണമായി അനുകൂലിക്കുന്നുണ്ടെന്നു കാണുന്നു. യുണൈറ്റഡ് പ്രാവിൻസുകളിൽ സ്ത്രീകളുടെ ഇടയിൽ ജോലിചെയ്യാൻ പ്രത്യേകപരിശീലിതരായ സ്ത്രീ സൂപ്പർവൈസർമാർ ഉണ്ട്. ബംഗാളിൽ സ്റ്റോറുകൾ നടത്തുന്ന സ്ത്രീസംഘങ്ങൾ ഉണ്ട്. ഈ വിധമുള്ള പ്രവർത്തനങ്ങൾ ബാംബെയിലും ധാരാളമുള്ളതാണ്.

തിരുവിതാംകൂറിൽ.

൭. കൊച്ചിഒഴിച്ച ഇൻഡ്യയുടെ മററു ഭാഗങ്ങളിലുള്ള സ്ത്രീകളെക്കാൾ വിദ്യാഭ്യാസവിഷയത്തിൽ താരതമ്യേന കൂടുതൽ പുരോഗതിയും പരിഷ്കാരവും സിദ്ധിച്ചിട്ടുള്ള തിരുവിതാംകൂറിലെ സ്ത്രീകൾ സഹകരണ സംരംഭങ്ങളിൽ കൂടുതൽ താല്പര്യമുള്ളവരായിരിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. ഈ പ്രസ്ഥാനം സ്ത്രീകളുടെ ഇടയിൽ കൂടുതൽ പ്രചരിപ്പിക്കേണ്ട ആവശ്യകതയെപ്പററി സർ മല്ലുബായി സമൻദാസ് ൭-ാമത്തെ സമസ്ത തിരുവിതാംകൂർ സഹകരണ സമ്മേളനത്തിൽചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ബാംബെയിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഗുജറാത്തിസ്ത്രീകൾ സ്വദേശിയും സഹകരണവും സംയോജിപ്പിക്കുന്നതിൽ ചെയ്ത വിജയകരമായ പ്രാരംഭ ശ്രമം അദ്ദേഹം ഉദാഹരിക്കുകയും സ്ത്രീ വിദ്യാഭ്യാസം വളരെ അഭിവൃദ്ധിപ്പെട്ടിട്ടുള്ള തിരുവിതാംകൂർ പോലെയുള്ള രാജ്യങ്ങളിൽ ഈ ഉദാഹരണം അനുകരിക്കപ്പെടണമെന്ന അഭിപ്രായപ്പെടുകയും ചെയ്തു.

൮. കഴിവുള്ള എല്ലാ മാർഗ്ഗങ്ങളിൽക്കൂടിയും സ്ത്രീകളുടെയിടയിൽ സഹകരണ പ്രസ്ഥാനം പ്രചരിപ്പിക്കുന്നതിനു കാലം അത്യാസന്നമായിരിക്കുന്നുവെന്നു ഞങ്ങൾ വിചാരിക്കുന്നു. അവർക്കുവേണ്ടിയുള്ള ഒരു പ്രവർത്തനപരിപാടി തയ്യാറാക്കേണ്ടതും ഞങ്ങൾ ഈ റിപ്പോർട്ടിൽ മറെറാരു സ്ഥലത്തു പറഞ്ഞിട്ടുള്ളപ്രകാരം അതിലേക്കായുള്ള സ്പെഷ്യൽ ഇൻസ്പെക്ട്രസ്സുകളുടേയും സ്ത്രീ പ്രചാരികമാരുടേയും സഹായത്തോടുകൂടി ഈ വക സംഘങ്ങളുടെ രൂപീകരണവും മേലന്വേഷണവും ചെയ്യുന്നജോലി ഡിപ്പാർട്ടുമെൻറു ചെയ്യേണ്ടതും ആകുന്നു. സ്ത്രീകൾക്ക് ഏററവും യോജിച്ചതായ മിതവ്യയസംഘങ്ങൾ ആദ്യമായി സ്ഥാപിക്കണമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഗൃഹനായികൾ സംഘങ്ങളിൽ ഏർപ്പെടുത്തണം. സഹകരണ പ്രവർത്തനങ്ങളിൽ പരിശീലിതരായ സ്ത്രീ ഇൻസ്പെക്ടർമാരേയും പ്രചാരികമാരേയും പ്രചരണജോലികൾ ചെയ്യുന്നതിനും, മിതവ്യയം, ഗൃഹവ്യവസായം, ക്ഷീരസംരക്ഷണം, കയറുപിരിപ്പ്, നെല്ലുകുത്ത് ഇത്യാദികൾക്കായുള്ള സംഘങ്ങൾ ഏർപ്പെടുത്തുന്നതിനും ആയിട്ട നാട്ടിൻപുറങ്ങളിലേക്ക അയക്കേണ്ടതാണ്. തിരുവിതാംകൂറിൽ പലവിധ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരായി ൪,൩൩,൦൦൦-ൽപരം സ്ത്രീകളുണ്ട്. ബംഗാൾ ബീഹാർ, ഒറീസാ എന്നീസ്ഥലങ്ങ

ളിൽ ചില ഗവർണറന്മാരുടെ ഭാര്യമാർ പ്രോവിൻസുകളുടെ തലസ്ഥാന നഗരികളിൽ ഡിപ്പോകൾ തുടങ്ങി കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ശ്രമിച്ചിട്ടുണ്ട്. സ്ത്രീകൾ നാട്ടിൻപുറങ്ങളിൽ ഉണ്ടാക്കുന്ന സാധനങ്ങളുടെ ഉല്പാദനത്തിനും വില്പനയ്ക്കും ആയി അവരെ സഹകരണരീത്യാ സംഘടിപ്പിക്കുന്നതു ഒരു വലിയ അനുഗ്രഹമായിരിക്കും. ഇപ്പോൾ ഉള്ളതായ സ്റ്റോർ സംഘങ്ങളിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. തിരുവനന്തപുരം ജില്ലാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സെൻട്രൽബാങ്കിന്റെ പുതിയ കെട്ടിടത്തിൽ തുറക്കാൻ പോകുന്ന സ്റ്റോർ, രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും സ്ത്രീകൾ ഒററയ്ക്കോ കൂട്ടായോ സംഘങ്ങൾ മുഖേനയോ ശേഖരിച്ചയക്കുന്ന എല്ലാവിധ സംസ്കൃതസാധനങ്ങളെയും വില്പിച്ചുകൊടുക്കുന്നതിനു സൗകര്യമുണ്ടാക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു. സ്ത്രീകളെ പ്രവർത്തനോൽസുകകളാക്കി സഹകരണ പ്രസ്ഥാനത്തിൽ ഉൾപ്പെടുത്തി പുതിയ അഭിവൃദ്ധിമാർഗ്ഗങ്ങൾ തുറക്കുന്നതായാൽ സ്ത്രീകളുടെയും നിർദ്ധനരായ ജനവിഭാഗത്തിന്റെയും സാമ്പത്തികൈശ്വര്യത്തിനു ഒരു ശോഭമായ ഭാവിയുണ്ടെന്നു ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.

അദ്ധ്യായം ൧൩.

വിദ്യാർത്ഥികളും സഹകരണവും.

സംഘങ്ങളുടെ വളർച്ച

തിരുവിതാംകൂറിൽ ഇപ്പോൾ നാലു ഹൈസ്കൂൾ സഹകരണസ്റ്റോറുകളും ഒരു കാളേജു സ്റ്റോറും ഉണ്ട്. ഹൈസ്കൂൾ സ്റ്റോറുകൾ ജോലി ചെയ്യുന്നത് കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂൾ, കരുവാററാ നായർ സർവീസ് സൊസൈററി ഇംഗ്ലീഷ് ഹൈസ്കൂൾ മാവേലിക്കര ബി. എച്ച്. ഹൈസ്കൂൾ, കോട്ടയം എം. ററി. ഹൈസ്കൂൾ എന്നിവകളിൽ ആണ്. ഒരു കാളേജു സഹകരണസ്റ്റോർ മാത്രമുള്ളതു തിരുവനന്തപുരത്തുള്ള മഹാരാജാവു തിരുമനസ്സിലെ സൈൻസുകാളേജിലും ആകുന്നു. തിരുവനന്തപുരത്തു സ്ത്രീകൾക്കും പുരുഷന്മാക്കും ഉള്ള രണ്ടു ഒന്നാംഗ്രേഡ് കാളേജുകളിൽ സ്റ്റോർപ്രസ്ഥാനത്തിനു യാതൊരു പ്രോത്സാഹനവും ഇല്ലാതിരിക്കുന്നതു ശോചനീയവും ഞങ്ങളുടെ പ്രസിഡൻറു ആ രണ്ടു സ്ഥലങ്ങളിലും ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽ ഈ ന്യൂനത തൽഭാരവാഹികളോടു വിവരിച്ചു പറഞ്ഞിട്ടുള്ളതും ആകുന്നു. കൂടാതെ സമുദായത്തിൻെറ സാമൂഹ്യവും സാമ്പത്തികവും ആയ ജീവിതങ്ങളെപ്പററി പഠിക്കുന്നതിനു സഹകരണ വിദ്യാഭ്യാസം വളരെ പ്രാധാന്യമേറിയ സംഗതിയും ആണ്. വിദ്യാർത്ഥികളുടെ സ്റ്റോറുകൾ അഞ്ചും പുസ്തകങ്ങൾ സ്റ്റേഷണറി കളിസാധനങ്ങൾ ആദിയായി അവർക്കു ആവശ്യമുള്ള എല്ലാസാധനങ്ങളും ശേഖരിച്ചു അംഗങ്ങൾക്കു വിൽക്കുന്ന ജോലിയാണു ചെയ്തുകൊണ്ടിരിക്കുന്നത്. ഹൈസ്കൂൾ സ്റ്റോറുകളിലെ ജോലി വളരെ പരിമിതമാണെങ്കിലും അതിൽ അവർ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. സയൻസുകാളേജ്സ്റ്റോർ ഈ ഇനത്തിലുള്ള ഏററവും വലിയവയിൽ ഒന്നും കഴിഞ്ഞവർഷം ൯൦൦൦ രൂപയ്ക്കു വില്പന നടത്തിയിട്ടുള്ളതും ആണ്. ഈ സംഘങ്ങൾ കമ്പോളനിരക്കുകളുടെ ഏറക്കുറവും പ്രൈവററു പുസ്തകവ്യാപാരികളുടെ മത്സരവും കൊണ്ട് വിഷമിക്കാറുണ്ടെങ്കിലും വിദ്യാർത്ഥികൾ സംഘത്തോടു ആദരവുള്ളവരായിരുന്നതിനാൽ വലിയതകരാറുകൾക്കിടയായിട്ടില്ല. വിദ്യാർത്ഥികൾക്കു റിബേററുകളും ബോണസ്സുകളും കിട്ടുമെന്നുള്ള ഗുണത്തിനു പുറമേ സ്വന്ത സംഘത്തിൽനിന്നു സാമാനങ്ങൾ വാങ്ങുന്നതുകൊണ്ടു മററു പ്രയോജനങ്ങളും ഉണ്ടെന്നുള്ളതു നിർവിവാദമാണ്.

ലാഭം സമുദായസേവനാവശ്യങ്ങൾക്കു ഉപയോഗിക്കുക.

൨. അംഗങ്ങൾക്കുണ്ടാകുന്ന ലാഭവും ബോണസ്സും സാധുക്കളായ വിദ്യാർത്ഥികളെ വിദ്യാലയ ജീവിതത്തിൽ സഹായിക്കുന്നതിനു ഉപയോഗപ്പെടാവുന്നതാണ്. വിദ്യാർത്ഥികൾ സ്വതന്ത്രമായ സ്റ്റോറുകൾ നടത്തുമ്പോൾ ക്രയം, ലാഭം ബോണസ് ഇത്യാദി പദങ്ങൾ പരിചയിക്കയും തന്മൂലം വിദ്യാഭ്യാസകാലങ്ങളിൽ ജീവിതത്തിൻെറ പ്രായോഗിക പാഠങ്ങൾ പഠിക്കുകയും ചെയ്യുന്നതിന് സൌകര്യം ഉണ്ടാകുന്നതാണ്.

തിരുവിതാംകൂർ അദ്ധ്യാപകസമാജം.

൩. വിദ്യാർത്ഥികളുടെ ഇടയിലെ സ്റ്റോർ പ്രസ്ഥാനത്തെപ്പററി പറയുമ്പോൾ ടെക്സ്റ്റ് പുസ്തകങ്ങളും മററു വിശിഷ്ടഗ്രന്ഥങ്ങളും വാങ്ങി പാഠശാലകളിലേക്കും കാളേജുകളിലേക്കും വില്ക്കുന്നതിനായി ഏതാനും അദ്ധ്യാപകന്മാരുടേയും പ്രൊഫസർമാരുടേയും ഉത്സാഹഫലമായി തിരുവനന്തപുരത്തു ആരംഭിച്ചിട്ടുള്ള ട്രാവൻകൂർ ടീച്ചേഴ്സ് അസോസിയേഷൻസഹകരണ സംഘം (ക്ലിപ്തം) ത്തെപ്പററി പറവാൻ ഞങ്ങൾ നിർബന്ധിതരാകുന്നു. രണ്ടു വർഷത്തെ ശ്രദ്ധാപൂർവ്വമായ പ്രവർത്തനശേഷം ഈ സംഘം അധഃപ്പതിക്കയും ഇപ്പോൾ റദ്ദുചെയ്യപ്പെടാൻ ഇടയുള്ളപ്രകാരം ആയിതീരുകയും ചെയ്തിരിക്കുന്നു. ഈ സ്ഥാപനത്തിൻെറ പരാജയത്തിനു കാരണം അദ്ധ്യാപകന്മാരുടെ അനുഭാവമില്ലായ്മ, സ്കൂളുകളിലെയും കാളേജുകളിലെയും മേലദ്ധ്യക്ഷന്മാരുടെ പ്രോത്സാഹനക്കുറവ്, പ്രൈവററു പുസ്തകവ്യാപാരികളുടെയും ചിലപ്പോൾ അദ്ധ്യാപകന്മാരുടേയും മത്സരം എന്നിവയായിരുന്നു. കേന്ദ്രസ്ഥാപനങ്ങളുമായി ഉദ്ദേശിക്കപ്പെടുന്ന ഈ വക സംഘങ്ങൾ അവയുടെ നടത്തിപ്പിലേക്കു

സഹായമായി ഉപോഷകസംഘങ്ങൾ ഉണ്ടായിരിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. പല വിദ്യാലയങ്ങളും പ്രത്യേകസ്റ്റോർ സംഘങ്ങൾ തുടങ്ങുമ്പോൾ അവയെല്ലാംകൂടി ഒരു സെൻട്രൽസംഘത്തോടു അനുബന്ധിക്കുന്നതു സൌകര്യമായിരിക്കുമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

പുറമെ ഈവിധമുള്ള സംഘങ്ങൾക്കുണ്ടായിട്ടുള്ള അഭിവൃദ്ധി.

൪. വിദ്യാർത്ഥികൾക്കുള്ള സ്റ്റോറുകൾ കൂടാതെ അനേകം ബാങ്കു സംഘങ്ങളുടെ സഹായത്തോടുകൂടി സ്കൂളുകളിലും കാളേജുകളിലും അദ്ധ്യാപകന്മാരുടെയും വിദ്യാർത്ഥികളുടെയും ആവശ്യത്തിനായി പഞ്ചാബിലും ബാംബെയിലും ഉള്ളതുപോലെയുള്ള മിതവ്യയത്തിനു നിർബന്ധിത നിക്ഷേപങ്ങൾക്കുംകൂടി സംഘങ്ങൾ തുടങ്ങുന്നതു ആശാസ്യമായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു. ഈ വിഷയത്തിൽ മററു സ്ഥലങ്ങളിൽ ഞങ്ങൾ ചില അഭിപ്രായങ്ങൾ പറഞ്ഞിട്ടുള്ളതും അവ പ്രയോജനകരങ്ങളായി ഗണിക്കപ്പെടുമെന്നു ഞങ്ങൾ വിചാരിക്കുന്നതും ആകുന്നു. വിവിധ വിദ്യാലയങ്ങളിലെ അദ്ധ്യേതാക്കളെ സഹകരണതത്വങ്ങൾ മനസ്സിലാക്കുന്നതിനു സഹകരണ വിഷയങ്ങൾകൂടി പഠിപ്പിക്കത്തക്കവണ്ണം പാഠപദ്ധതികൾ ഭേദപ്പെടുത്തേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു.

വിദ്യാഭ്യാസപരമായ പ്രാധാന്യം.

൫. ഹൈസ്കൂളുകളിൽ നിർബന്ധിതവിഷയങ്ങളായി സഹകരണ ഗ്രന്ഥങ്ങൾകൂടി വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറു നിർദ്ദേശിക്കേണ്ടതാണ്. ഇപ്രകാരമുള്ള ഉപാദ്ധ്യയനം സഹകരണത്തിന്റെ മൂലതത്വങ്ങൾ ഗ്രഹിക്കുന്നതിനു കുട്ടികളെ പ്രാപ്തരാക്കുകയും, ഈ ശാസ്ത്രീയ ജ്ഞാനവും സ്റ്റോർ നടത്തുന്നതിൽ വച്ചുണ്ടാകുന്ന പ്രായോഗികപരിചയവും കൂടി അടുത്ത തലമുറ ആദർശസഹകാരികളായിത്തീരുന്നതിനു സഹായിക്കയും ചെയ്യുന്നതാണ്. കഴിഞ്ഞ ൫൦ വർഷങ്ങൾ ലോകാണ്ടരാജ്യത്തു അഭിവൃദ്ധിപ്പെട്ടുവരുന്ന സഹകരണ പ്രസ്ഥാനം അഭ്യസ്തവിദ്യരായ ആളുകളെ വേണ്ടവിധം സ്പർശിച്ചിട്ടില്ലെന്നുള്ള വസ്തുത ഇവിടെ മറച്ചുവയ്ക്കത്തക്കതല്ല. ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൌരന്മാരായി രൂപാന്തരപ്പെടുന്നവരാകയാൽ വിദ്യാലയങ്ങളിൽ പഠിക്കുന്ന ബാലികാബാലന്മാരുടെ യുവഹൃദയങ്ങൾക്കു ഈ വലിയ പ്രസ്ഥാനത്തിന്റെ തത്വങ്ങളിൽ നല്ല പരിശീലനം നല്കേണ്ടതു വളരെ പ്രധാനമായ ഒരു സംഗതിയാകുന്നു. വിദ്യാർത്ഥികൾക്കു സഹകരണപരിശീലനം നല്കേണ്ടതിന്റെ പ്രാധാന്യം പഞ്ചാബിലെ സഹകരണ പ്രവീണനായ മി: സി. എഫ്. സ്ട്രിക്ലണ്ടിന്റെ ഭാഷയെക്കാൾ കൂടുതൽ ആകർഷണീയമായ ഭാഷയിൽ വിശദീകരിക്കാവുന്നതല്ല. അദ്ദേഹം പറയുന്നു:—സഹകരണം എന്നതു സ്വാശ്രയം, മിതവ്യയം, ജനാവലിയുടെ സാമ്പത്തികസ്വാതന്ത്ര്യം എന്നിവയ്ക്കു വേണ്ടിയുള്ള ഒന്നാകയാൽ അതിന്റെ പ്രധാനതത്വങ്ങൾ വിദ്യാലയത്തിലെ ഓരോ ബാലികാബാലന്മാരും ഗ്രഹിച്ചിരിക്കേണ്ടതു വളരെ ആവശ്യവും അഭിലഷണീയവും ആകുന്നു. നിർധനന്മാർക്കു ശാശ്വത ഗുണം പ്രദാനം ചെയ്യുന്നതായ ഏക സംഘടനയും, ജനസാമാന്യത്തിന്റെ സ്ഥിതിനന്നാക്കുന്ന ഏക ഉപാധിയും സഹകരണമാകുന്നു. സാമ്പത്തിക പരാശ്രയത്വത്തിൽനിന്നു അതു അത്യുത്തമമായ മോചനമാർഗ്ഗം നല്കുന്നതും ഗ്രാമീണരുടെ ദുരിതങ്ങൾക്കെല്ലാം അതൊരു ദിവ്യൌഷധമായിട്ടുള്ളതും ആകുന്നു. വിനിയോഗസാധനങ്ങളുടെ വില കുറയ്ക്കുകയും സുലഭതവർദ്ധിപ്പിക്കുകയും, ആദായങ്ങൾ അഭിവൃദ്ധിപ്പിക്കുകയും സ്വനിർമ്മിതങ്ങളായ കമ്പോളങ്ങൾ ഉളവാക്കുകയും ഉല്പാദനമേഖലയിൽ മാനുഷികശക്തികളെ ഉത്തേജിപ്പിക്കുന്നതും യുവവിദ്യാർത്ഥികൾക്കു വളരെ പ്രധാനങ്ങളായ പ്രായോഗിക പരിജ്ഞാനം, പ്രശംസനീയമായ പ്രബോധനശക്തി, ചിന്താശീലം എന്നിവ പ്രദാനം ചെയ്യുന്നതു അതിന്റെ പരോക്ഷഫലങ്ങളായിരിക്കുന്നതും ആകുന്നു.

ഈ വീക്ഷണകോടിയിൽനിന്നു നോക്കുന്നപക്ഷം, വിദ്യാർത്ഥികളുടെ ഇടയിൽ ഇപ്രകാരമുള്ള സംഘങ്ങൾക്കുള്ള പ്രാധാന്യത്തെ ഉൽഘോഷിച്ചിട്ടു കാര്യമില്ല. പഞ്ചാബിൽ ഒട്ടധികം വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെവക സഹകരണസ്റ്റോറുകൾ തുടങ്ങിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഗുണത്തിലേക്കായി ബാംബെയിൽ സ്റ്റോറുകൾ തുടങ്ങിയിട്ട

ത്തപ്പെട്ടുവരുന്നുണ്ട്. മൈസൂറിൽ പല സ്റ്റോറുകളോളം വിദ്യാർത്ഥികളുടെവകയായിട്ടുണ്ട്. വിദ്യാർത്ഥിസ്റ്റോറാർ പ്രസ്ഥാനം കൊച്ചിയിലും പ്രചരിച്ചിട്ടുള്ളതും അവിടെ ഇത്തരം നാലുസംഘങ്ങളുള്ളതിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു എറണാകുളത്തുമഹാരാജാസ് കാളേജിലെ സ്റ്റോറാർ ആയിരിക്കുന്നതും ആകുന്നു.

അതിനാൽ രാജ്യത്തുള്ളപല ഹൈസ്കൂളുകളിലും കാളേജുകളിലും വിദ്യാർത്ഥികളുടെ സഹകരണസ്റ്റോറുകളൊ സംഘങ്ങളോ സ്ഥാപിക്കണമെന്നു സഹർഷം ഞങ്ങൾ ശുപാർശ ചെയ്യുന്നു. അദ്ധ്യാപകാദ്ധ്യേതാക്കളുടെ സൌഹാർദ്ദപൂർവ്വമുള്ള സഹകരണങ്ങളും വിശിഷ്യ ഈസ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന വിദ്യാലയങ്ങളിലെ മേലദ്ധ്യക്ഷന്മാരുടെ നിർന്നിമേഷമായ താല്പര്യവും ഞങ്ങൾ ന്യായമായി പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഇപ്രകാരമുള്ള സംഘങ്ങൾ സ്ഥാപിക്കുന്നതായ രാജ്യത്തുള്ള എല്ലാ ഹൈസ്കൂളുകൾക്കും കാളേജുകൾക്കും വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ രക്ഷാധികാരവും സഹായങ്ങളും സദയം ഉണ്ടാകുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. ഇപ്രകാരം സംഘങ്ങൾ ധാരാളമായി സ്ഥാപിക്കപ്പെടുകയും വിദ്യാർത്ഥികൾ സഹകരണവലയത്തിൽ എത്തുകയും ചെയ്യുമ്പോൾ ജീവിതത്തിന്റെ പ്രവർത്തനാംശങ്ങൾ സഹകരണപ്രായോഗ്യ ബാലകരെ മനസ്സിലാക്കാവുന്നതാണ്. യുവാക്കന്മാരുടെ ഇളമനസ്സുകളിൽ മിതവ്യയശീലം ആത്മസഹായം രൊക്കം വാങ്ങുന്നതിന്റെ സാമ്പത്തിക ഗുണങ്ങൾ, എന്നിവ ഉറപ്പിക്കപ്പെടാവുന്നതാണ്. അതു വിദ്യാർത്ഥികൾക്ക വ്യാപാരസംഘടനകളിൽ പരിശീലനം നൽകുകയും, ഒരു പൊതു ലക്ഷ്യപ്രാപ്തിക്കായി യോജിച്ചു ഏകോപിച്ചു പ്രവർത്തിക്കണമെന്നുള്ള തത്വം അവരെ മനസ്സിലാക്കുകയും ചെയ്യുന്നതാണ്. വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും ഈ വിധം ഒരുമിച്ചുചേരുമ്പോൾ അതു ഒരു സാഹോദര്യം ഉളവാകുന്നതിന് കാരണമായി തീരുന്നതും ഈ വിധം ഇന്നത്തെ വിദ്യാർത്ഥികളുടെയും നാളത്തെ പൌരന്മാരുടെയും ഇടയ്ക്കു ഒരു പൊതുവായ സഹകരണാത്മീകത്വം ഉളവാകുമെന്നു ഞങ്ങൾ വിചാരിക്കുന്നതും ആകുന്നു.

അദ്ധ്യായം ൧൪.

ചിട്ടികൾ

സഹകരണസംഘം രജിസ്ട്രാരുടെ ൧൧൦൦-ാമാണ്ടുമുതല്ക്കുള്ള റിപ്പോർട്ടുകൾ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിലുള്ള ചിട്ടി നടത്തിപ്പിനെപ്പററി പറഞ്ഞിട്ടുണ്ട്. ൧൧൦൧-ൽ രജിസ്ട്രാർ താഴെപറയുംപ്രകാരം പറഞ്ഞിരിക്കുന്നു.

"൫൭ സംഘങ്ങൾ അവയിലെ അംഗങ്ങളുടെ ആവശ്യത്തിനായി ചിട്ടികൾ നടത്തുന്നുണ്ട്. ഇക്കൊല്ലത്തെ പിരിവ് ൬൪,൮൦൪ (൧൧൦൦-ൽ ൨൬,൨൮൬) രൂപയും ചിലവ് ൪൮,൭൮൫ (൧൧൦൦-ൽ ൨൦,൧൩൧) രൂപയും ആയിരുന്നു. തിരുവിതാംകൂറിൽ ഈ ചിട്ടിഇടപാടുകൾ വളരെ പ്രചാരമുള്ളവയാണ്. അതിനാലത്രേ സംഘങ്ങൾ ഇതിൽ കൂടുതൽ കൂടുതലായി പ്രവർത്തിക്കുന്നത്. ൧൦൯൪-ലെ ൩-ാം നമ്പർ ചിട്ടിറഗുലേഷൻ പ്രകാരം സാധാരണയായി നടത്തപ്പെടുന്ന ചിട്ടികളിലെ മുന്നാം സ്ഥാനമാണു സംഘങ്ങൾക്കുള്ളതു്. മുന്നാളന്മാർക്കുണ്ടാകുന്ന ലാഭം സംഘത്തിനു ലഭിക്കയും അതിനെ അതിലേക്കായി ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളനുസരിച്ചു ചിട്ടിക്കാർക്ക് വീതപ്രകാരം വിഭജിച്ചുകൊടുക്കുകയും ചെയ്യുന്നു."

൨, സംഘങ്ങളിലെ ഈ വക ഇടപാടുകളുടെ വളർച്ച താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

ആണ്ടു	സംഘങ്ങൾ	പിരിവ്	ചിലവ്
൧൧൦൦	൨൪	൨൬൨൮൬	൨൦൧൩൧
൧൧൦൧	൫൭	൬൪൮൦൪	൪൮൭൮൫
൧൧൦൨	൮൧	൧൧൬൮൬൪	൧൫൦൫൬൮
൧൧൦൩	൧൦൫	൧൫൧൪൨൧	൧൨൩൮൧൮
൧൧൦൪	൧൬൬	൨൧൫൬൧൧	൧൮൫൬൬൧
൧൧൦൫	൧൫൧	൨൪൮൦൮൩	൨൧൯൬൩൩
൧൧൦൬	൧൪൭	൨൩൦൪൮൧	൨൬൩൬൯൪
൧൧൦൭	൧൫൬	൨൨൭൬൬൫	൨൧൯൦൯൧
൧൧൦൮	൧൨൮	൧൯൧൨൮൨	൨൦൩൨൯൬

൧൧൦൫-നു ശേഷം സാമ്പത്തികാധഃപതനംമൂലം അവയുടെ എണ്ണവും ഇടപാടുകളുടെ തുകയും കുറഞ്ഞുപോയിട്ടുണ്ട്. ഏതാനും സംഘങ്ങൾ ഓരോകാലങ്ങളിലേക്ക് അവയുടെ ചിട്ടികൾ യഥാർത്ഥത്തിൽ മാററിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

൩. തിരുവിതാംകൂർ ബാങ്കിംഗ് അന്വേഷണക്കമ്മററി ചിട്ടികളെപ്പററി ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"സമ്പാദ്യങ്ങൾ നിക്ഷേപിക്കാനും വായ്പകൾ വാങ്ങാനും രാജ്യത്തു അധികം നടപ്പുള്ള ഏർപ്പാട ഒരുപക്ഷെ ചിട്ടിയാണ്." ൧൧൦൪ അവസാനത്തിൽ വന്ന ലക്ഷം രൂപ മൂലധനത്തോടുകൂടി ൯൯൯ രജിസ്റ്റർചെയ്ത ചിട്ടികൾ നടപ്പിലിരുന്നതായി അവർ കണ്ടിരിക്കുന്നു. അതായതു, അവയിൽ മിക്കതും ആറുമാസത്തവണച്ചിട്ടികളായിരുന്നതിനാൽ ഓരോ ആറുമാസക്കാലവും അംഗങ്ങൾ മിച്ചംവരുത്തുന്ന തുക അവരുടെയിടയിൽ തന്നെ കടം കൊടുക്കുന്നതിന് അവർ ഉദ്യമിച്ചു. സഹകരണസംഘങ്ങളെക്കൂടാതെ, നാട്ടുധനങ്ങൾ സുഗമമായി വ്യാപരിക്കുന്നതിനുള്ള ഒരു വഴിയായി ൧൧൦൪-ൽ ൧൧൧ ജായിൻറ്സ്റ്റാക്ക ബാങ്കുകളും ചിട്ടികൾ നടത്തിക്കൊണ്ടിരുന്നു.

൪. ഇപ്പോൾ നടപ്പിലിരിക്കുന്ന സാമ്പത്തിക ക്ഷയം മുന്നാളന്മാരെയും ചിററാളരെയും വളരെ വിഷമിപ്പിച്ചിട്ടുണ്ട്. ചിററാളർ ചിട്ടികൾ മുടക്കുകയും അനവധി കേസുകൾ കോടതികളിൽ ഫൈൽ ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു. മുൻസിപ്പുകോടതിയിലുള്ള കേസുകളിൽ ൩൦ ശതമാനവും ചിട്ടിസംബന്ധിച്ചിട്ടുള്ളവയാണെന്നു ഒരു സ്ഥലത്തുവച്ചു ഞങ്ങളോടു ഒരു വക്കീൽ പറയുകയുണ്ടായി. രജിസ്ട്രാരുടെ കൈവശം അടുത്തകാലങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മദ്ധ്യസ്ഥവിചാരണ കേസുകളിൽ ഒരു ഭാഗം ചിട്ടിസംബന്ധിച്ചവയാണ്. ചിട്ടിമുൻപന്മാർക്കു നിരാക്ഷേപമായും ലാഭം ഉണ്ടാകുന്നുണ്ടെങ്കിലും ചിററാളന്മാർ ഭൂരിപക്ഷത്തിനും ലാഭമുണ്ടാകുന്നില്ലെന്നു ബാങ്കിംഗ് അന്വേഷണകമ്മിററിക്കാരിൽ വിശദമായ കണക്കുകൾകൊണ്ടു കാണിച്ചിരിക്കുന്നു. ചിട്ടിയൊരു അപരിഷ്കൃതമായ ബാങ്കേർപ്പാടാണ്. മിച്ചം വരുത്തുന്നതിനും കടം വാങ്ങുന്നതിനും രണ്ടിനും കൂടുതൽ സൌകര്യം സഹകരണസംഘത്തിനാണുള്ളതു. ചിട്ടിയിടപാടിന്റെ ദൂഷ്യവശങ്ങൾ ഇപ്പോഴത്തെ അധഃപതനം വേണ്ടുവോളം വെളിപ്പെടുത്തിയിട്ടുണ്ട്. അനുകൂലമായ തെളിവുകൾ ലഭിച്ചിട്ടുള്ളതുകൊണ്ടു ഞങ്ങൾ ശുപാർശചെയ്യുന്നതു സഹകരണസംഘങ്ങൾ വലിയ ചിട്ടികൾ തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കരുതെന്നാകുന്നു.

അദ്ധ്യായം ൧൬.

അധഃകൃതവർഗ്ഗക്കാരുടെ സംഘങ്ങൾ.

ഈ ഇനത്തിൽ ൧൧൦൮ അവസാനത്തിലുണ്ടായിരുന്ന സംഘങ്ങൾ ൧൯൧ ആയിരുന്നു. അതിൽ ൧൦൨ ചെരമരുടേയും, ൨൩ സാംബവരുടേയും, ൨൩ അരയന്മാരുടേയും, ൪൩ വാലന്മാരുടേയും സംഘങ്ങളാണ്. അരയവാലസംഘങ്ങളെപ്പററി ഞങ്ങൾ അടുത്ത അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ ചെരമർ സാംബവർ സംഘങ്ങളെപ്പററിമാത്രമേ പറയുന്നുള്ളു.

പുഞ്ചനിലങ്ങൾ കൂട്ടായി കൃഷിചെയ്യാൻ സാധിക്കാതെവന്നതു്.

൨. അധഃകൃതവർഗ്ഗക്കാരുടെ ഉപയോഗത്തിലേക്കു മാത്രം ഏർപ്പെടുത്തിയ ആദ്യസംഘം ൧൦൯൨ (൧൯൧൬-൧൭)-ൽ ആണു രജിസ്റ്റർ ചെയ്യപ്പെട്ടതു്. സ്ഥാപകന്മാരുടെ പ്രധാനഉദ്ദേശം സമീപത്തുള്ള ഗൃഹസ്ഥന്മാരുടെ പുഞ്ചനിലങ്ങൾ പാട്ടത്തിനുവാങ്ങി കൂട്ടായി കൃഷിചെയ്ക എന്നതായിരുന്നു. അംഗങ്ങളുടെ സ്ഥിതി നന്നാക്കുന്നതിലേക്കു വേണ്ടി സംഘത്തിൽ ചേന്ന ധനവാനും ഉദാരശീലനും ആയ ഒരു ഈഴവപ്രധാനിയായിരുന്ന പ്രസിഡണ്ടിന്റെ സ്വന്ത വസ്തുക്കളുടെ ഈടിന്മേൽ കന്നുകാലി മുതലായവ വാങ്ങുന്നതിലേക്കുള്ള പ്രാരംഭച്ചിലവിലേക്ക സെൻട്രൽബാങ്കിൽനിന്നും ഈ സംഘം ൧൦൦൦ രൂപ വായ്പവാങ്ങി. ഇതിൽനിന്നും കച്ചവടം മുതലായവ തുടങ്ങുന്നതിനു ഏതാനും അംഗങ്ങളെ ചെറിയതുകകൾ കൊടുത്തു സഹായിച്ചു. എന്നാൽ തുടരെ രണ്ടുകൊല്ലം ഉണ്ടായ വെള്ളപ്പൊക്കവും അതിനെത്തുടർന്നുണ്ടായ കന്നുകാലി മരണങ്ങളും ഈ ഉദ്യമത്തിന്റെ കഥ അവസാനിപ്പിച്ചു എന്നു പറയാം. പരിചയക്കുറവുമൂലം കച്ചവടത്തിനു എടുത്ത പണം നഷ്ടപ്പെടുകയും ധനവിഹീനതനിമിത്തം വീണ്ടും തുടങ്ങാൻ സാധിക്കാതെപോകയുംചെയ്തു. ഈ പരാജയം വലിയ തോതിൽ ഉള്ള ഉദ്യമങ്ങളെ അധൈര്യപ്പെടുത്തുകയും പിന്നീടുള്ള സംഘങ്ങൾ ധനസഹായത്തിനുമാത്രമായി രജിസ്റ്റർ ചെയ്യപ്പെടുകയുംചെയ്തു

൩. തുടരെയുണ്ടായ പരാജയങ്ങൾ കൊണ്ടു പരിഷ്കരണം നടന്നതു കണ്ടു. ൧൧൦൦-ൽ ഈ സംഘങ്ങളുടെ എണ്ണം ൯൪ ആകുകയും, കൂടുതൽ സംഘങ്ങൾ രജിസ്റ്ററാക്കാതെയിരിക്കത്തക്കവണ്ണം അവയുടെ പ്രവർത്തനം അത്ര നൈരാശ്യജനകമായി രജിസ്ട്രാർ കാണുകയുംചെയ്തു. എല്ലാ പുതിയ അപേക്ഷകന്മാരോടും സംഘം ൩ മുതൽ ൮ വരെ മാസക്കാലം പരീക്ഷണാർത്ഥം നടത്താൻ ആവശ്യപ്പെടുകയും രജിസ്റ്റർചെയ്യപ്പെട്ട സംഘങ്ങളെപ്പോലെ ഇൻസ്പെക്ടർമാർ അവയുടെ പ്രവർത്തനത്തിൽ ശ്രദ്ധിക്കുകയും ചെയ്തു. ഈ കാലത്തെ പ്രവർത്തനം തൃപ്തികരമാണെന്നു കാണുകയും മേലാൽ ശരിയായി നടക്കുമെന്നു വേണ്ട ഉറപ്പു ലഭിക്കുകയും ചെയ്താൽ സംഘം രജിസ്റ്റർചെയ്യപ്പെട്ടുമായിരുന്നു. ഈ വക നിയന്ത്രണങ്ങൾ ഉണ്ടായിരുന്നിട്ടും ൧൧൦൭-ൽ സംഘങ്ങളുടെ എണ്ണം ൧൪൩ ആയി വർദ്ധിച്ചു. തീരെ നിരുപയോഗങ്ങളായ ഏതാനും സംഘങ്ങൾ റദ്ദ്ചെയ്യപ്പെട്ടതുമൂലം ൧൧൦൮-ൽ ഈ എണ്ണം ൧൨൭ ആയി കുറഞ്ഞു. അവയിൽ ആകെ അംഗങ്ങളുടെ എണ്ണം ൮൯൭൦-ം ഓഹരിമുതൽ ൭൮൨൧ രൂപയും കരുതൽ ധനം ൧൪൩൨ രൂപയും ആയിരുന്നു. രാജ്യത്തുള്ള എല്ലാ സംഘങ്ങളിലുംകൂടി മെമ്പറായിരുന്ന അധഃകൃതരുടെ എണ്ണം ൧൧൭൨ ആയിരുന്നു.

അവയുടെ ദയനീയാവസ്ഥ.

൪. ഇവയിൽ മിക്കവാറും എല്ലാ സംഘങ്ങളും അചേതനാവസ്ഥയിൽ ഇരിക്കുന്നു. അതുകൊണ്ടു കുറെക്കാലത്തേക്കു അധഃകൃതവർഗ്ഗക്കാർക്കു പുതിയധനസഹായസംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്നു ഞങ്ങൾക്കു അഭിപ്രായമുള്ളതും ആകുന്നു. ഇപ്പോഴുള്ള സംഘങ്ങളുടെ ഉദ്ധീകരണവും ദോഷപരിഹരണവും ഡിപ്പാർട്ടുമെന്റിന്റെ കാര്യമുള്ളുള്ള ശ്രദ്ധക്കു വിഷയമാകേണ്ടതാണ്. ഈ സംഘങ്ങളുടെ ദയനീയസ്ഥിതികൾക്കു പലപല കാര

ണങ്ങളും ഉണ്ട്. അംഗങ്ങളിൽ ഭൂരിഭാഗവും നിർദ്ധനരും നിരക്ഷരകുക്ഷികളും ആയിരിക്കുന്നതുകൂടാതെ ഭൂസ്വത്തു ഉടമസ്ഥതയുള്ളവർ വളരെ ചുരുക്കവും ആണ്. സ്ഥിരമായ ആദായത്തിനു അവൎക്കു മാൎഗ്ഗമില്ല. വേലചെയ്തു ലഭിക്കുന്ന കൂലി കഷ്ടിച്ചുപോലും ചിലവിനു മതിയാകാത്തതും ചിലപ്പോൾ അതിന്റെ വലിയ ഒരംശം മദ്യപാനത്തിനു ചിലവാക്കുന്നതും ആണ്. എഴുത്തുപഠിച്ചിട്ടുള്ളവരുടെ വിദ്യാഭ്യാസനില നോക്കിയാൽ നല്ല സെക്രിട്ടറിമാരായിരിക്കാൻ അവർ മതിയാകുന്നില്ല. പ്രസിഡന്റോ സെക്രിട്ടറിയോ ആയി തിരഞ്ഞെടുക്കപ്പെടുന്നതിലേക്കു സാക്ഷരരെ പ്രവേശിപ്പിക്കുന്ന നയം ദീർഘകാലപരിചയംകൊണ്ടു തൃപ്തികരമല്ലെന്നു കണ്ടിരിക്കുന്നതായി പറയപ്പെടുന്നു. സംഘം വകയിൽ ഓരോരുത്തരുടെ പയററുകളോ, അല്ലെങ്കിൽ കള്ളക്കണക്കെഴുതി പണം അപഹരിക്കുകയോ ആയിതീർന്നു. ഗ്രൂപ്പ് സെക്രട്ടറിമാരെ നിയമിക്കുന്ന കാര്യം അപ്പോൾ ആലോചിക്കപ്പെടുകയും മാസം ൧൮ രൂപവീതം ശമ്പളത്തിൽ ൫ ഗ്രൂപ്പ് സെക്രിട്ടറിമാരെ തൽക്കാലം മൂന്നുവർഷത്തേക്കു ഗവണ്മെന്റു അനുവദിക്കുകയുംചെയ്തു. ഈ സെക്രിട്ടറിമാരെ അധഃകൃതരിൽനിന്നുതന്നെ തിരഞ്ഞെടുത്തു നിയമിക്കപ്പെടുകയും ഓരോരുത്തൎക്കും ൧-മുതൽ ൧൮-വരെ സംഘങ്ങളുടെ ചുമതല നൽകുകയുംചെയ്തു. ഞങ്ങൾ കണ്ടേടത്തോളം ഇങ്ങനെ ചുമതല ഏല്പിക്കപ്പെട്ട സംഘങ്ങൾക്കു അഭിവൃദ്ധിയും ഉണ്ടായിട്ടില്ലാത്തതും അതിനാൽ ഈ ഉദ്യോഗം നിറുത്തൽചെയ്യാൻ ശുപാർശചെയ്യുന്നതിനു ഞങ്ങൾക്കു മടിയില്ലാത്തതും ആണ്. സംഘജോലിയിൽ ശ്രദ്ധിക്കുന്നവരായ സെക്രിട്ടറിമാൎക്കു ധനസഹായംചെയ്യാൻ ഗവണ്മെന്റു വ്യവസ്ഥചെയ്യേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. ഇവരുടെയിടയിലും ചെറിയ ശമ്പളത്തിനു സ്കൂൾ അദ്ധ്യാപകന്മാരെ കിട്ടുന്നതാണ്. മൈസൂർഗവണ്മെന്റു ൧൯൩൮-൩൯-ൽ അധഃകൃതവർഗ്ഗസംഘങ്ങളുടെ അഭിവൃദ്ധിക്കായി ൧൦൦൦ രൂപ രജിസ്ട്രാറെ ഏല്പിച്ചിട്ടുണ്ട്. ഇതിൽ ൯൦൦ രൂപയും സെക്രിട്ടറിമാൎക്കു ബോണസ്സ കൊടുക്കാനായി നീക്കിവെക്കപ്പെട്ടു. പ്രതിമാസം മൂന്നുരൂപ മുതൽക്കുള്ള ശമ്പളത്തിൽ അർഹതയുള്ളതായ ൪൩ സംഘങ്ങളിലെ സെക്രിട്ടറിമാൎക്കു അദ്ദേഹം ൮൩൫ രൂപ കൊടുത്തു. ഇവിടെയും അപ്രകാരം ഒരു രീതി സ്വീകരിക്കാവുന്നതാണ്.

പുറമെയുള്ള അനുഭവം പ്രോത്സാഹജനകമാണ്.

൫. എന്നാൽ ബാംബെയിലും മൈസൂറിലും പരിഷ്ക്കാരസീമയിൽ എത്തിയിട്ടില്ലാത്തതായ ബിൽ വർഗ്ഗക്കാരെന്നും ആദിമനിവാസികളെന്നും അറിയപ്പെടുന്ന അധഃകൃതവൎഗ്ഗക്കാൎക്കായി സമുദായങ്ങൾക്കായും ഉള്ള സംഘങ്ങളുടെ സ്ഥിതി അത്ര നിരാശാജനകമായിട്ടുള്ളതല്ല. ബാംബെയിൽ ൧൯൩൮ മാർച്ചിൽ അവസാനിച്ച വർഷത്തിൽ അധഃകൃതൎക്കും ആദിമനിവാസികൾക്കും ആയുള്ള സംഘങ്ങളുടെ എണ്ണം ൧൦൧-ം അവയിലെ അംഗങ്ങൾ ൭൧൩൩-ം മൂലധനം ൪൨൦൮൦൪ രൂപയും കരുതൽധനം ൮൨൦൨൭ രൂപയും ആയിരുന്നു, മിക്കവാറും കാടുകളിലും വനങ്ങളിലും താമസിക്കുന്ന ബിൽ എന്ന ജാതിക്കാരുടെ അഭ്യുദയത്തിനായി ൧൦൮ സംഘങ്ങളും അവയിൽ ൪൯൪൧ അംഗങ്ങളും ൩൪ ൧൨൮൭൨ രൂപ പ്രവൎത്തനധനവും ൭൯൬൭൧ രൂപ കരുതൽധനവും ഉണ്ടായിരുന്നതും ആണ്. ഗുജറാത്തിലും ബാംബെ പ്രസിഡൻസിയിലുള്ള മററു സ്ഥലങ്ങളിലും ഈ വൎഗ്ഗക്കാരുടെ ഗുണത്തിനായി സഹകരണപ്രസ്ഥാനത്തെ സംഘടിപ്പിക്കുന്നതിനു ഗവണ്മെന്റും മുൻസിപ്പാലിററിയെപ്പോലുള്ള പ്രാദേശികസമിതികളും വളരെ ഉത്സാഹം പ്രദർശിപ്പിച്ചിട്ടുണ്ടെന്നു ഇവിടെ പറയുന്നതു സന്ദർഭോചിതമായിരിക്കും. പ്രോവിൻഷ്യൽ കോവാപ്പറേറ്റീവ് ബാങ്കിലെ ഉന്മേഷമുള്ള പ്രവൎത്തകന്മാരും, ബാംബെ പഞ്ചമഹാലു ഡിസ്ട്രിക്ടിൽ ദോഹഡ് ഈ കേന്ദ്രങ്ങൾമൂലമുള്ള ഇൻഡ്യൻ ഭൃത്യജനസമാജാംഗങ്ങളും അധഃകൃതരുടെ അഭിവൃദ്ധിയിൽ വലുതായ താല്പൎയ്യം കാണിച്ചിട്ടുണ്ട്. താഴെപ്പറയുന്നതായ രജിസ്ട്രാരുടെ റിമാൎക്കുകൾ ഉന്മേഷജനകവും അപ്രതിഷേധ്യവും ആകുന്നു. "സംഘങ്ങളുടെ എണ്ണത്തിലും അംഗങ്ങളുടെ സംഖ്യയിലും പ്രവൎത്തന ധനത്തി

ലും കന്നുതൽധനത്തിലും നാനാമുഖമായ അഭിവൃദ്ധിയുണ്ട്. ഈ വർഗ്ഗക്കാരുടെ പിന്നോക്കനില ഓർത്താൽ അഭിവൃദ്ധി സാവധാനമായിത്തന്നെ ഇരിക്കേണ്ടതാണ്. ഗ്രാമസംഘങ്ങളിലും അധഃകൃതരെയും ആദിമനിവാസികളേയും ധാരാളമായി പ്രവേശിപ്പിക്കുന്നുണ്ട്. ഈ സംഘങ്ങളുടെ അചഞ്ചലമായ അഭ്യുദയത്തിൽ നമുക്ക ആശ്വസിക്കത്തക്കവിധം മൈസൂരിലെ സ്ഥിതിയും ഏറെക്കുറെ ഇങ്ങനെതന്നെയാണ്. മൈസൂർ രജിസ്ട്രാർ അദ്ദേഹത്തിന്റെ ഒടുവിലത്തെ റിപ്പോർട്ടിൽ പറയുന്നു "ആരംഭത്തിൽ ൧൧൭ അധഃകൃതവർഗ്ഗസംഘങ്ങൾ ഉണ്ടായിരുന്നു. തന്നാണ്ടിൽ രണ്ടു സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുകയും ൧൪ സംഘങ്ങൾ റദ്ദ്ചെയ്യപ്പെടുകയും ഉണ്ടായി. അങ്ങിനെ ൧൦൫ ക്ലൊസിംഗ് ബാലൻസ് ൧൦൫ അധഃകൃതവർഗ്ഗസംഘങ്ങൾ ഉണ്ടായിരുന്നു. അവയിൽ ൨൬൫൧ അംഗങ്ങളും ൪൨൨൨ രൂപ പിരിഞ്ഞ ഓഹരിമൂലധനവും ൧൪൮൧൪൭ രൂപ ആകെ പ്രവർത്തനധനവും ഉണ്ടായിരുന്നു. മുൻകൊല്ലം ഈ സംഖ്യകൾ യഥാക്രമം ൨൬൭൪, ൪൮൫൩, ൧൪൯൪൫ ഇവയായിരുന്നു. അവയെല്ലാംകൂടി ൪൧൧൩ (മുൻകൊല്ലം ൨൯൭൨) രൂപ നിക്ഷേപം ഉണ്ടായിരുന്നു. തന്നാണ്ടു അവ ൧൦൨, ൨൨൪ രൂപ വ്യാപരിക്കുകയും ൨൧൨൨ രൂപ അറ്റലാഭമുണ്ടാകുകയും ചെയ്തു. മുൻകൊല്ലത്തെ തുകകൾ ൧൦൧൯൯, ൨൯൭൨ ആയിരുന്നു. ആളൊന്നിനുള്ള പ്രവർത്തനധനം മുൻകൊല്ലം ൧൪.൫ ആയിരുന്നതു ഇപ്പോൾ ൧൫.൫ രൂപ ആയിട്ടുണ്ട്. അംഗങ്ങളുടെ സംഖ്യ കുറഞ്ഞതാണ ഈ വർദ്ധനയ്ക്കു കാരണം. ൧൦൦-ന്റെ സ്വാധീനത്തിലുള്ള ഫണ്ടിൽനിന്നും തന്നാണ്ടു ഒരു അധഃകൃതസംഘത്തിനു ൭൫൦ രൂപ കടംകൊടുത്തു. അധഃകൃതസംഘങ്ങൾ കൊടുക്കേണ്ടതായ മൊത്തം കടം ൧൨൧൪൯ രൂപയും അതിൽ ൨൭൨൨൭ രൂപ ൭൦ സംഘങ്ങളുടെ കുടിശ്ശികയും ആകുന്നു. അങ്ങിനെ ഒരു പ്രധാനപ്പെട്ട പ്രോവിൻസായ ബാംബെയിലും ജനസംഖ്യാവിഷയത്തിൽ തിരുവിതാംകൂറിനെക്കാൾ വലുതല്ലാത്ത ഒരു പ്രധാന നാട്ടുരാജ്യമായ മൈസൂരിലും ഉള്ള സംഘങ്ങളുടെ വിശദമായ പ്രവർത്തനത്തെപ്പറ്റിയുള്ള പരിശോധന ഞങ്ങളെ ആശാഭരിതരാക്കുന്നുണ്ട്.

കാണിക്കാർക്കുള്ള സംഘങ്ങൾ.

൬. ബാംബെയിൽ ബിൽ മുതലായ ആദിമനിവാസികളുടെ സംഘപ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള ഫലങ്ങൾ കാണിക്കാർ മുതലായി കാടുകളിൽ അധിവസിക്കുന്ന എല്ലാ വർഗ്ഗക്കാർക്കുംവേണ്ടി ഇപ്രകാരം ചെയ്യപ്പെടാവുന്ന ജോലിയുടെ ആവശ്യവും പ്രയോജനവും, രാജ്യത്തെ സഹകരണഡിപ്പാർട്ടുമെന്റിലെയും വനംഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥന്മാർക്ക ഒരു പുതിയ അഭിപ്രായഗതി ഉണ്ടാക്കേണ്ടതാണ്. ബാംബെയിൽ ഈ ജാതിക്കാർ ഏകദേശം ആറുവർഷക്കാലത്തേക്ക അവരുടെ താവളങ്ങളിൽതന്നെ അവരുടെ സംരക്ഷകനായ കൺസർവേറ്ററുടെരക്ഷയിൽ താമസിക്കുന്നു. മേൽപ്പറഞ്ഞ ഇവിടത്തെ ഉദ്യോഗസ്ഥന്മാർ ഇവരെ സാവധാനത്തിൽ സഹകരണതത്വങ്ങൾ അഭ്യസിപ്പിക്കുന്നതിനായികല്ലാർ കുലശേഖരം കടക്കൽ മുതലായ സ്ഥലങ്ങളിലെ ആസ്ഥാനങ്ങളിൽ ചെറിയ സംഘങ്ങൾ തുടങ്ങി സഹകരണജോലിയുടെ പ്രാരംഭമായി മിതവ്യയം, സ്വസഹായം, ആത്മബോധം, മിതഭോഗം എന്നിവ പഠിപ്പിക്കുന്നപക്ഷം ഈ വനവാസികൾ ഉണ്ടാക്കുന്ന സാധാരണസാധനങ്ങൾക്ക ഇപ്പോഴത്തെതിൽ കൂടുതൽ വില കിട്ടുന്നതാണ്. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ താഴ്ന്ന ജീവനക്കാരുടേയും, അധഃകൃതർക്കായിട്ടുള്ള സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെയും സഹായത്തോടുകൂടി നടത്തപ്പെടുന്ന ഈ സംഘങ്ങൾമുഖാന്തിരം ഈ പരിപാടി അവരുടെ നിർമ്മലവും ഭദ്രവുമായ ജീവിതത്തിൽ കലാശിക്കുന്നതാണ്.

അവർക്ക പ്രത്യേക ഐക്യസംഘങ്ങൾ ആവശ്യമില്ല.

൭. ഈ സംഘങ്ങളുടെ മേൽനോട്ടത്തിനും പരിശോധനക്കും ഉള്ള ഇപ്പോഴത്തെ ഏർപ്പാടുകൾ അശേഷം തൃപ്തികരമാണെന്നു ഞങ്ങൾക്ക തോന്നിയിട്ടില്ലാത്തതും അവ

അനർഹമായവിധം പരിത്യജിക്കപ്പെട്ടതായി ഞങ്ങൾ ഭയപ്പെടുന്നതും ആകുന്നു. മററു സംഘങ്ങളെപ്പോലെ തന്നെ ഈ സംഘങ്ങളുടെയും പരിശോധന ആറുമാസത്തിലൊരിക്കലൊ മററൊ നടത്തപ്പെടുന്നതും ആഡിററു ജോയിൻറ് ഇൻസ്പെക്ടന്മാരെക്കൊണ്ടോ ആണററി ആഡിററർമാരെക്കൊണ്ടോ ചെയ്യിക്കാവുന്നതും ആണ്. ഈ സംഘങ്ങളുടെ ഭൂരിഭാഗവും ഐക്യസംഘങ്ങളിൽ ചേർന്നിട്ടില്ലാത്തതും ഐക്യസംഘങ്ങളിൽ മിക്കതും അവ ചേരണമെന്നു ആഗ്രഹിക്കുന്നില്ലാത്തതും ആണ്. ഏതായാലും ഇവയ്ക്കു പ്രത്യേക ഐക്യസംഘങ്ങൾ വേണമെന്നുള്ള അഭിപ്രായത്തെ ഞങ്ങൾ അനുകൂലിക്കുന്നില്ല. എന്തെന്നാൽ അങ്ങിനെ ചെയ്യുന്നതുകൊണ്ടു ഇവ മററു സംഘങ്ങളിൽ നിന്നു നിശ്ശേഷം വേർതിരിഞ്ഞുപോകുന്നതാണ്. അതതിന്റെ സ്ഥലത്തു പ്രവർത്തിക്കുന്ന ഐക്യസംഘങ്ങളിൽ അവ ചേരുന്നതിനു ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കേണ്ടതാണ്. മൈസൂരിൽ അധഃകൃതവർഗ്ഗസംഘങ്ങളെ മററു സംഘങ്ങളോടു യോജിപ്പിക്കണമെന്നു അടുത്തകാലത്തു രജിസ്ട്രാർ അഭിപ്രായപ്പെടുകയും ഗവണ്മെൻറ് അതിനെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടത്തെ അധഃകൃതസംരക്ഷകനോടു ചോദിച്ചപ്പോഴും ഈ അഭിപ്രായത്തിനു അനുകൂലമായ മറുപടിയാണു പറഞ്ഞിട്ടുള്ളതു. എന്നാലും അപ്രകാരം സംഘങ്ങളെ ഒന്നുചേർക്കുന്നതിനു ഇവിടെ കാലമായിട്ടില്ലെന്നാണ് ഞങ്ങളുടെ വിചാരം. ഉയർന്നവർഗ്ഗക്കാർ വിസമ്മതിക്കുകയും അധഃകൃതരുടെ ന്യായമായ ആവശ്യങ്ങൾ അവഗണിക്കുകയും ചെയ്യും. അധഃകൃതവർഗ്ഗക്കാരെ ചേർത്തിട്ടുള്ളതായി ഞങ്ങൾ കണ്ടിട്ടുള്ള സംഘങ്ങളിൽ ഇങ്ങനെ അവരുടെ താല്പര്യങ്ങൾ അവഗണിക്കപ്പെട്ടതായി പരാതികൾ ഉണ്ടായിട്ടില്ലെന്നുള്ളതു ശരിയാണ്. എന്നാൽ അവർ അംഗങ്ങളിൽ ഒരു അഗണ്യശതമാനം മാത്രമായിരിക്കുന്ന അവസ്ഥയും കൂടുതലുണ്ടായിരിക്കുന്ന അവസ്ഥയും രണ്ടും രണ്ടാണ്. ഈ സംഘങ്ങൾക്കു ഐക്യസംഘത്തിന്റെ മേൽനോട്ടം മററു സംഘങ്ങൾക്കുള്ള പോലെതന്നെയുണ്ടായിരിക്കേണ്ടതാണെങ്കിലും അതിൽ കൂടുതൽ ചിലതുകൂടി അവയ്ക്കു ആവശ്യമാണ്. ഈ സംഘങ്ങളും അരയർ വാലർ തീരദേശവ്യവസായികൾ എന്നിവരുടെ സംഘങ്ങളും അധഃകൃതസംരക്ഷകന്റെ ചുമതലയിൽവച്ചു അദ്ദേഹത്തിനു അവയുടെ കാര്യക്ഷമമായ പരിശോധന മേൽനോട്ടം ആഡിററ് എന്നിവകൾക്കായി ആളൊന്നിനു ൩൦ സംഘങ്ങളിൽ കൂടാതെയുള്ള ചാർജ്ജുകളോടുകൂടി ഏതാനും ഇൻസ്പെക്ടറന്മാരെ കൊടുക്കണമെന്നാണ് ഞങ്ങൾക്കുള്ള അഭിപ്രായം.

ബാദ്ധ്യത ക്ലിപ്തപ്പെടുത്തിയതായിരിക്കാം.

വ്യ. ഈ സംഘങ്ങളിലെല്ലാം അംഗീകരിക്കപ്പെട്ടിട്ടുള്ള ബാദ്ധ്യതക്രമം ക്ലിപ്തരഹിതമാണ്; അവരിൽ അധികംപേർക്കും വസ്തുവകകൾ ഇല്ലാത്തവരാകകൊണ്ടു ഈ ബാദ്ധ്യത സ്വീകരിച്ചതുകൊണ്ടു അധഃകൃതർക്കു എന്തെങ്കിലും പ്രത്യേക പ്രയോജനം ഉണ്ടെന്നു ഞങ്ങൾ കാണുന്നില്ല. ക്ലിപ്തരഹിതബാദ്ധ്യത ഭൂമിയുടമസ്ഥന്മാരായി ചുരുക്കം ചിലരുള്ളവരെ സംഘത്തിൽ ചേരുന്നതിനു ഭയം ഉള്ളവരാക്കിത്തീർക്കയും, അവരിൽ കാലക്ഷേപത്തിനുള്ളവരുടെ സഹകരണം ഇല്ലാതെയാക്കാൻ വളരെ സഹായിക്കയും ചെയ്തിട്ടുണ്ട്. സെൻട്രൽ ബാങ്കിൽനിന്നും കടംവാങ്ങിയിട്ടുള്ള സംഘങ്ങൾ വളരെ കുറവും, വാങ്ങിയിട്ടുള്ള വായ്പകൾ ഓഹരിമൂലധനത്തിന്റെയും കരുതൽധനത്തിന്റെയും തുകയ്ക്കുൾപ്പെട്ടവയും ആകുന്നു.

ഒരു പ്രത്യേക ധനസഹായസ്ഥാപനം ആവശ്യവും അഭിലഷണീയവും ആണ്.

ൻ. ഏതായാലും ഇടപ്പാറുള്ള സംഘങ്ങളുടെ ഗതി നന്നാക്കുന്നതിനു വളരെ കൂടുതലായ ധനസഹായം ആവശ്യമാണെന്നു ഞങ്ങൾ വളരെ തീക്ഷ്ണമായി വിചാരിക്കുന്നു. സെൻട്രൽ ബാങ്കിനെയൊ ഒരു സ്ഥലത്തെ താലൂക്കബാങ്കിനെയൊ ബാങ്കിംഗ്ഐക്യസംഘത്തെയൊ ഈ വക സംഘങ്ങൾക്കു വേണ്ടിടത്തോളം ധനസഹായം ചെയ്വാൻ കാര്യക്ഷമമായവിധം പ്രേരിപ്പിക്കാൻ കഴിയാതെവന്നാൽ മുഴു

സ് ക്രിസ്ത്യൻ സെൻട്രൽബാങ്കിന്റെ മാതൃകയിൽ അശേഷം വർഗ്ഗീയതാബന്ധങ്ങളൊന്നുമില്ലാതെ സ മസ്തവർഗ്ഗസ്നേഹത്തോടുകൂടിയും ഒരു പുതിയ ബാങ്കു സ്ഥാപിക്കാൻ ഡിപ്പാർട്ടുമെൻറു സഹാ യിക്കേണ്ടതാണ്. ഇപ്രകാരമുള്ള ഒരു പ്രത്യേക ബാങ്കിൻറെ രൂപീകരണം അത്യാവശ്യമെന്നു കണ്ടാൽ അതിൽ അധഃകൃതസംഘങ്ങൾ നടേ ചേർന്നിട്ടുള്ള ഓഹരിമൂലധനത്തിൻറെയും നിക്ഷേ പിച്ചിട്ടുള്ള കരുതൽധനത്തിൻറെയും പലിശപ്രകാരമുള്ള ഒരു തുക ഗവർമ്മെൻറിൽ നിന്നും അവിടെ നിക്ഷേപിക്കേണ്ടതാണെന്നു ഞങ്ങൾ ശുപാർശ ചെയ്യുന്നു. നല്ലവ ണ്ണം ജോലിചെയ്യുന്നതിലേക്കായി ആദ്യം വേണ്ടിവരുന്ന ചിലവിൽ മൂന്നിലൊ രംശമെങ്കിലും കൊടുക്കുന്നു ഗവർമ്മെൻറു സഹായിക്കേണ്ടതാണ്. ഈപ്രകാരമുള്ള ഒരു ബാങ്കിൻറെ ഘടനയിൽ മൂന്നു ഡയറക്ടറന്മാരെ ഗവർമ്മെൻറിൽനിന്നും നിയമിക്കുന്ന തിന വ്യവസ്ഥചെയ്യേണ്ടതാണ്. ഇങ്ങിനെ ഒരു ബാങ്ക് തുടങ്ങുന്നതിൻറെ ആവശ്യകതയെ പ്പററി ഞങ്ങൾ കൊച്ചി തിരുവിതാംകൂർ ഹരിജനസേവാസംഘം സെക്രട്ടറി പുന്നിലയൻ മായി വാദപ്രതിവാദം ചെയ്തു. ഗവർമ്മെൻറിന് കഴിവുള്ള എല്ലാ സഹായങ്ങളും ചെയ്യു മെന്ന് അദ്ദേഹം ഞങ്ങൾക്ക് ഉറപ്പുതന്നു. അപ്രകാരമുള്ള ഒരു ബാങ്ക് വിജയപ്രദമായിരി ക്കുമെന്നു അദ്ദേഹം വിശ്വസിക്കയുംചെയ്യുന്നു. ഈ മാർഗ്ഗത്തിൽ ജോലിയുണ്ടാക്കാൻ ഇവ വിധം സ്ഥാപനങ്ങൾ ഉതകുന്നവയാണെങ്കിൽ മേൽപ്പറഞ്ഞ തോതിൽ ഗവർമ്മെൻറ അവരെ സഹായിക്കേണ്ടതാണ്.

രജിസ്ത്രാർ അധഃകൃതസംരക്ഷകനായിട്ട്.

൧൧൦൭ മാർച്ച് ൨൯-ാം തിയ്യതിയിലെ ആർ. ഒ. സി. ൧൧൭൬/൧൨൩-ാം നമ്പർ ഗവർമ്മെൻറുത്തരവനുസരിച്ചു പരസ്പരസഹായസംഘ രജിസ്ത്രാരെ അദ്ദേഹത്തിൻറെ കൃത്യങ്ങൾക്കു വിഘ്നംകൂടാതെ സൌകര്യമുള്ളേടത്തോളം കാലം ഇരുന്നു ബന്ധപ്പെട്ടിരിക്കുന്ന വിഷയത്തിൽ അധഃകൃതരുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്ന ജോലികൾക്കായുള്ള ഉദ്യോഗസ്ഥനായി നി യമിച്ചു. പ്രസ്തുത ഗവർമ്മെൻറുത്തരവിലെ നിർദ്ദേശപ്രകാരം, അന്നത്തെ രജിസ്ത്രാർ തൻറെ ചുമതലയിൽ ഏല്പിക്കപ്പെട്ട വർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രയോജനകരമായി ചെ യ്യപ്പെടാവുന്നതായി അദ്ദേഹം വിചാരിച്ച മററു കൃത്യങ്ങളെസംബന്ധിച്ച തൻറെ അഭി പ്രായങ്ങൾ അടങ്ങിയിരുന്ന ഒരു പദ്ധതി ഗവർമ്മെൻറിലേക്കു സമർപ്പിച്ചു. ഈ അഭി പ്രായങ്ങളെപ്പററി ഗവർമ്മെൻറ യാതൊരുത്തരവും ചെയ്യാതെയിരിക്കയും അധഃകൃതവർഗ്ഗ ക്കാരിൽനിന്നു കിട്ടിക്കൊണ്ടിരുന്ന പുതിയ അപേക്ഷകൾ റവന്യൂ ഉദ്യോഗസ്ഥന്മാർക്കു ശു പാർശചെയ്തയച്ചുകൊണ്ടു രജിസ്ത്രാർ തൃപ്തനായിരിക്കേണ്ടിവരികയുംചെയ്തു. മുഴുവൻസ മയവും ഇതിലേക്കായി ജോലിചെയ്യുന്ന ഒരു സംരക്ഷകനെ നിയമിക്കേണ്ട ആവശ്യം ശ്രീമൂലം പ്രജാസഭാപ്രതിനിധികൾ ഗവർമ്മെൻറിനെ നിർബന്ധമായി അറിയിക്കയും അ വരുടെ നിവേദനഫലമായി ഗവർമ്മെൻറു ൧൧൦൮ മകരം ൨-ാം തിയ്യതിയിലെ ആർ. ഒ. സീ. ഡി. ഓപ്പ്മെൻറ ൧൦൧൨/൧൦൮-ാം നമ്പർ ഉത്തരവുപ്രകാരം അധഃകൃതവർഗ്ഗസംരക്ഷ കൻറെ ജോലികൾക്കു ചുമതലപ്പെട്ടിരിക്കുന്നതിനായി സഹകരണസംഘം രജിസ്ത്രാർക്കു ഒരു അസിസ്റ്റൻറിനെ നിയമിക്കയും ചെയ്തു. അദ്ദേഹത്തിൻറെ കൃത്യങ്ങളെ വിവരിക്കുന്ന ഗവർമ്മെൻറുത്തരവിൻറെ പകർപ്പു ൯-ാം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇപ്പോഴത്തെ സംരക്ഷകനും പ്രധാനജോലിയും.

൧൧. ഇതേവരെ അധഃകൃതസംരക്ഷകൻ ചെയ്തിട്ടുള്ള ജോലി പരിശോധിച്ചതിൽ നിന്നു ജോലിനടത്തിപ്പിൽ അദ്ദേഹത്തിനു പല പ്രതിബന്ധങ്ങളും ഉണ്ടായികാണു ന്നു. അധഃകൃതവർഗ്ഗക്കാർക്കു സ്ഥലങ്ങൾ പതിപ്പിച്ചു കൊടുക്കുക എന്ന പ്രധാനജോലി തന്നെയും റവന്യൂഉദ്യോഗസ്ഥന്മാരുടെ അസാധാരണ കാലതാമസങ്ങളും അവജ്ഞയും കൊണ്ടു തടസ്സപ്പെടുന്നുണ്ട്. ആരംഭകാലംമുതൽ അദ്ദേഹത്തിൻറെ ചുമതലയിൽ വ യ്ക്കപ്പെട്ട അധഃകൃതവർഗ്ഗക്കാരിൽനിന്നു വളരെ അപേക്ഷകൾ കിട്ടുകയും അവയിൽ പ ലതും അന്വേഷണങ്ങൾ നടത്തി ഗവർമ്മെൻറിലേക്കു അയക്കുകയുംചെയ്തു. ഇവക

കാര്യങ്ങൾക്കു ആദ്യ അർദ്ധവർഷത്തിൽ ഗവണ്മെന്റു പതിച്ചുകൊടുത്ത ആകെഭൂമി ൧൭൨൨ ഏക്കർ ആയിരുന്നു.

സംരക്ഷകന്റെ ശമ്പളവും പദവിയും വർദ്ധിപ്പിക്കുക.

൮൨. അധഃകൃതസംരക്ഷകൻ അധഃകൃതർക്കു ഭൂമിപതിച്ചുകൊടുക്കുന്നവിഷയത്തിൽ ചെയ്തിട്ടുള്ള ജോലികളുടെ ഒരു ചുരുങ്ങിയ വിവരണം ഞങ്ങൾ ഇതോടു ചേർത്തിരിക്കുന്നു. (അനുബന്ധം ൮൧) ഈപ്രകാരമുള്ള ജോലി ധാരാളമായി ഭൂനികുതിഡിപ്പാർട്ടുമെന്റു തന്നെയാണു ചെയ്തിട്ടുള്ളതെന്നു ഭരണറിപ്പോർട്ടിൽനിന്നു ഞങ്ങൾ കാണുന്നതും റിപ്പോർട്ടിൽ ൧൧൦൯ ൧൧൧൦ വർഷങ്ങളിൽനിന്നും അതിന്റെ ഒരു സംഗ്രഹം ഇതോടു അനുബന്ധിച്ചിട്ടുള്ളതു (അനുബന്ധം ൮൮) ആ ഡിപ്പാർട്ടുമെന്റു ഇവിടെ ചെയ്തിട്ടുള്ള ജോലികളുടെ വിശദമായ വിവരം നല്കുന്നതും ആകുന്നു. എന്നാൽ ഒരു മൂന്നാംഗ്രേഡു ഉദ്യോഗസ്ഥനായുള്ള അദ്ദേഹത്തിന്റെ സ്ഥാനവും ശമ്പളവും, വിദ്യാഭ്യാസം ഭൂനികുതി എന്നീ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരുമായി സമനിലയിൽ എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള സ്ഥിതിയും പദവിയും അദ്ദേഹത്തിനു നല്കുന്നില്ല. അതിനാൽ സ്വാഭാവികമായിത്തന്നെ അദ്ദേഹത്തിന്റെ എഴുത്തുകുത്തുകൾക്കു അത്ര വിലകല്പിക്കപ്പെടാതിരിക്കുന്നതും തന്മൂലം അദ്ദേഹത്തിന്റെ നിശ്ചിതമനോദ്ദേശം സാധിക്കാതെവരുന്നതുമാകുന്നു. ഈ അഭിപ്രായം ഒരു അസംബ്ലിമെമ്പറായിരുന്ന ഒരു അധഃകൃതനേതാവു ഈയിടെ നടന്നതായ ഒരു പൊതുസഹകരണസമ്മേളനത്തിൽ പ്രസ്താവിച്ചിട്ടുള്ളതും ആണ്. ഭൂദാനം പ്രാദേശിക ഉദ്യോഗസ്ഥന്മാരുടെ അഭാവംമൂലം മററുവിധജോലികളെ സംബന്ധിച്ചു അധഃകൃതസംരക്ഷകന്റെ അന്വേഷണങ്ങൾ ദനരിക്കുന്നതാണ്. മുഴുവൻസംഗതികളും ശരിയായി ആലോചിച്ചശേഷം അധഃകൃതസംരക്ഷകൻ ഒന്നാംഗ്രേഡിലുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്നും സഹകരണസംഘം രജിസ്ട്രാർ അദ്ദേഹത്തിന്റെ ജോലിക്കു വിഘ്നം ഉണ്ടാകാത്തവിധം അധഃകൃതസംരക്ഷകൻ കൂടിയായിരിക്കണമെന്നും ഞങ്ങൾ തീർമാനപ്പെടുത്തിയിരിക്കുന്നു. ഞങ്ങൾ മുമ്പേ തന്നെ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളപ്രകാരം മേൽ പ്രസ്താവിച്ച ഗവണ്മെന്റുത്തരവിൽ വിവരിച്ചിട്ടുള്ള വിവിധജോലികളിൽ അദ്ദേഹത്തെ സഹായിക്കുന്നതിലേക്കു ഒരു അസിസ്റ്റന്റു രജിസ്ട്രാറും ഏതാനും ഇൻസ്പെക്ടറന്മാരുംകൂടി ഉണ്ടായിരിക്കേണ്ടതാണ്. മിതവ്യയപ്രോത്സാഹനവും സാമുദായികവും ആരോഗ്യപരവും വിദ്യാഭ്യാസവിഷയകവുമായ പരിഷ്കാരങ്ങളും ധാർഷിക വ്യവസായങ്ങളുടെ പരിപോഷണവും അസിസ്റ്റന്റു രജിസ്ട്രാരുടെ പ്രത്യേകശ്രദ്ധയെ ആകർഷിക്കേണ്ടതാണ്.

അധഃകൃതർക്കു സഹകരണാധിവാസങ്ങൾ.

ഒരു പദ്ധതി.

൮൩. ഈരാജ്യത്തു അധഃകൃതർക്കായി സഹകരണ കാളണികൾ സ്ഥാപിക്കുന്നതിനെപ്പററി കൊച്ചി തിരുവിതാംകൂർ ഹരിജനസേവാസംഘം പ്രസിഡന്റു ഞങ്ങൾക്കു ഒരു മെമ്മോറാണ്ടം അയച്ചുതന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം ഓരോതാലൂക്കിലും അവർക്കു കുടിപാർപ്പുഭൂമികൾ കെട്ടിടങ്ങൾ കിണറുകൾ ജോലിയില്ലാത്തകാലങ്ങളിൽ ഏതെങ്കിലും തൊഴിലുകൾ ഇവ ഉണ്ടാക്കികൊടുക്കുന്നതിനായി സഹകരണസംഘങ്ങൾ സ്ഥാപിക്കണമെന്നാണ്. അദ്ദേഹത്തിന്റെ അഭിലാഷം ആകെ ൮൦൦ സംഘങ്ങൾ സ്ഥാപിക്കണമെന്നും ഓരോസംഘവും ൮൦൦ കുടുംബങ്ങൾക്കു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കണമെന്നും അപ്രകാരം ൮൦,൦൦൦ കുടുംബങ്ങളെ പാർപ്പിക്കണമെന്നും ആണ് ഓരോകുടുംബത്തിനും കിട്ടുമെങ്കിൽ അവരുടെ ജോലിസ്ഥലങ്ങളിൽ നിന്നും അകലെ അല്ലാത്ത സൗകര്യമുള്ളസ്ഥലത്തു ൫ സെൻറു സ്ഥലംവീതം കൊടുക്കണമെന്നും കെട്ടിടംവകക്കു ൫൦ രൂപയും കിണറുവകയ്ക്കു ൫൦ രൂപയും ചെലവഴിക്കണമെന്നും കെട്ടിടംവകക്കു വ ● രൂപയും കിണറുവകയ്ക്കു ൫൦ രൂപയും ചെലവുചെയ്തു കോരിവളത്തിൽ കുഴിയും ചായും ഉണ്ടാക്കുക എന്നിങ്ങനെയുള്ള ഏതെങ്കിലും വ്യ

വസായം തുടങ്ങുന്നതിലേക്ക ൨൫ രൂപയുംകൂടി കൊടുക്കണമെന്നും പറഞ്ഞിരിക്കുന്നു. ഈ സംഘങ്ങളെ ഭരിക്കുന്നതിനും മേലന്വേഷണം ചെയ്യുന്നതിനും സഹകരണഡിപ്പാർട്ടുമെൻറിനെൻറ ഒരു പ്രത്യേകശാഖ ഏർപ്പെടുത്തുന്നപക്ഷം ഈ യോജികളിൽ പ്രസ്തുത സേവാസംഘം ഗവൺമെൻറുമായി സഹകരിക്കാൻ തയ്യാറാവുന്നതാണ്. ൫൦ രൂപശമ്പളവും ൧൦ രൂപ പടിയും ഉള്ളവരായ ൧൦ ഇൻസ്പെക്ടറന്മാർക്കും വ്യവസ്ഥചെയ്യേണ്ടതാണ്. ഈ ഉദ്യോഗസ്ഥന്മാരുടെ ചിലവിൽ മൂന്നിലൊരംശം സേവാസംഘം വഹിക്കുമെന്നും, പ്രസിഡണ്ടിനെൻറ വരുതിയിൽ വിട്ടുകൊടുക്കണമെന്നും ബാക്കി മൂന്നിൽ രണ്ടുഭാഗം ചിലവു ഗവൺമെൻറു തന്നെ നടത്തേണ്ടതും ആണ്. പ്രസിഡണ്ടു തയ്യാറാക്കിയ കണക്കനുസരിച്ചു ഈ പദ്ധതിക്കു ൧൧,൨൫,൦൦൦ രൂപ മൂലധനച്ചിലവും ൨൯൦൦ രൂപ ആവൎത്തകച്ചിലവും ഉണ്ടായിരിക്കുന്നതാണ്. മൂലധനം ൫ വൎഷംകൊണ്ടു ചിലവാക്കിയാൽ മതിയെന്നും അതു ദേവസ്വംഫണ്ടിൽ ചാൎജ്ജായി ഗണിക്കപ്പെടണമെന്നും അദ്ദേഹം പറയുന്നു.

അധിനിവേശത്തിന ചിലവുകുറഞ്ഞ ഒരു പരിഷ്കൃതപദ്ധതി.

൧൮. ഇതിൽ അന്തൎഭവിച്ചിരിക്കുന്ന ഭീമമായ ചിലവു് സംബന്ധിച്ചും ഓൎത്തുനോക്കു ഈ അഭിപ്രായങ്ങളെല്ലാം ഞങ്ങൾ ശ്രദ്ധാപൂൎവ്വം ആലോചിച്ചു. ഈ അധഃകൃതർ രാജ്യത്തെ ജനസംഖ്യയിൽ ഒരു വലിയഭാഗം വഹിക്കുന്നുണ്ടെന്നും അവൎക്കു സ്ഥലം തികച്ചും ഇല്ലാത്ത ദരിദ്രസ്ഥിതിയും പിന്നോക്കാവസ്ഥയും ഓൎത്തും, വിശിഷ്യ, ഈ വൎഗ്ഗക്കാരുടെയും അവരുടെ ആവശ്യങ്ങളെയും മുൻപു വളരെക്കാലം അവഗണിച്ചിരുന്നതു വിചാരിച്ചും, അവസാനത്തിൽ രാഷ്ട്രത്തിന നന്മ ഉണ്ടാക്കുന്നതിനെ പരിഗണിച്ചും സഹകരണസംഘങ്ങൾ ആശ്രയകേന്ദ്രങ്ങൾ സ്ഥിരങ്ങളായ കാളണികൾ കുടിൽവ്യവസായങ്ങൾ എന്നിവയുണ്ടാക്കികൊടുത്തു ഇവൎക്ക അഭ്യുന്നതി വരുത്തുന്നതിന വേണ്ടതു ചെയ്യുന്ന ഏതുവ്യയവും നീതീകരിക്കത്തക്ക ഒരു മുതൽമുടക്കായിരിക്കുമെന്നാണ് ഞങ്ങളുടെ ബലമായ അഭിപ്രായം. അതുകൊണ്ടു ഓരോ കുടുംബത്തിനും ൨൫ സെൻറുസ്ഥലവും രണ്ടു പശുക്കളും ഒരു ചെറിയഗൃഹവും ൨൫ തെങ്ങും വെററിലക്കൊടിമുതലായ മററതിലും അല്പം കൃഷികളും ഉള്ളതായി ൨൦ കുടുംബങ്ങൾവീതമുള്ള ൧൦ കാളണികൾ ഉടനെ സ്ഥാപിക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഇതിനെല്ലാംകൂടി ഒരു കുടുംബത്തിന ൨൫൦ രൂപമുതൽ ൩൦൦ രൂപവരെ ചിലവുവരും. അതിനാൽ ഒരു കാളണിക്ക നാലായിരമോ അയ്യായിരമോ രൂപ വേണ്ടിവരും. ൧൦ കാളണിക്കുംകൂടി ചിലവു ൫൦,൦൦൦ രൂപ മാത്രമായിരിക്കുന്നതും ഇതു ഒരു ചെറിയ പലിശയോടുകൂടി ൧൫-മുതൽ ൧൫-കൊല്ലങ്ങൾകൊണ്ടു കുടുംബമൊന്നിന ൨ രൂപാവീതമുള്ള മാസത്തവണകൾമൂലം തിരികെ ഈടാക്കാവുന്നതും ആകുന്നു. മാസംതോറും ഒരു കുടുംബത്തിൽനിന്നും ശരാശരി രണ്ടുരൂപ എന്ന നിരക്കിൽപോലും ഈ തുക ഈടാക്കുന്നതിലുള്ള പ്രായോഗികതയെപ്പററി ചിലൎക്ക സംശയം ഉണ്ടെങ്കിലും സഹകരണതത്വത്തിന്മേൽ ഗാൎഹികവ്യവസായം ഏൎപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്താൽ പണിക്കാരായി തവണയടക്കുന്നതിന ഒരു ആദായമാൎഗ്ഗമുണ്ടാകുമെന്നു കമ്മിററി വിശ്വസിക്കുന്നു. കുടിൽവ്യവസായസാധനങ്ങളെ സംഘടിപ്പിച്ചു സൌകൎയ്യമുള്ള സ്ഥലങ്ങളിൽ പ്രദൎശിപ്പിച്ചു് പ്രോത്സാഹനവും ചിലവും ഉണ്ടാക്കിക്കൊടുക്കുന്നതിന അന്യഉദ്യോഗസ്ഥന്മാരും ഡിപ്പാൎട്ടുമെൻറു ജീവനക്കാരും താല്പൎയ്യമായി ശ്രമിക്കേണ്ടതാണ്. ചിലവാകുന്ന പണം മുതലാക്കുന്ന വിഷയത്തിൽ എന്തെങ്കിലും വിഷമമുണ്ടായിരുന്നാൽതന്നെയും ഗവൺമെൻറു അങ്ങിനെ ചെയ്യുന്നതിന തയ്യാറാകേണ്ടതാണ്. എന്തെന്നാൽ ഇപ്രകാരം സ്വയംസമ്പൂൎണ്ണങ്ങളായ കാളണികളിൽ പാൎക്കുന്ന കുടുംബങ്ങൾക്ക കൊടുക്കുന്ന പണം തിരികെ അടയ്ക്കാൻ സാധിക്കയില്ലെന്നുള്ള ഊഹത്തോടുകൂടി തുടങ്ങുന്നതുതന്നെ ശരിയായിട്ടുള്ളതല്ല. അതെല്ലാം ൧൫ വൎഷംകഴിയുമ്പോൾ അവൎക്ക പൂൎണ്ണ ഉടമസ്ഥാവകാശം സിദ്ധിക്ക

ന്ന ഭൂമി കന്നുകാലികൾ എന്നിവയ്ക്കുവേണ്ടി മാസം രണ്ടുറുപ്പികവീതം അടച്ചുകൊണ്ടിരിക്കുന്നു. ഒരു വ്യാപാര തത്വത്തിന്മേലായാലും പ്രയോജനകരമായിട്ടുള്ളതാണെന്നു സ്ഥലങ്ങൾ കൂടിപാർക്കുന്ന കുടുംബങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നതാണ്. ഇതിൽ ഏതാനും കോളണികളുടെ മേലന്വേഷണം നടത്താൻ ഹരിജനസേവാസംഘം തയ്യാറുള്ളതും അതും അപ്രകാരം മറ്റുസ്ഥാപനങ്ങളും ചെയ്യാമെന്നു ഏല്ക്കുന്ന സേവനങ്ങളെ പരിപൂർണ്ണമായി ഡിപ്പാർട്ടുമെന്റു ഉപയോഗപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നതും ആകുന്നു.

സ്വയമായിചെയ്യുന്ന സാമൂഹ്യജോലി.

൫൯. അവർതന്നെ അവരുടെയിടയിൽ അവർക്കുവേണ്ടി ചെയ്യുന്ന സാമൂഹികങ്ങളായപ്രവൃത്തികൾ കുറേകാലത്തേക്കുകൂടി അവർ അനുഭവിക്കുന്ന അവശതകൾക്കു പരിഹാരമായിരിക്കുമെന്നും ഇപ്പോൾതന്നെ ഈ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നവരെ ഗവണ്മെന്റു സഹായിക്കുന്നുകൊള്ളാമെന്നും ആണു ഞങ്ങളുടെവിശ്വാസം.

കൊച്ചിയിലെ ഉദാഹരണം.

൬൦. ൧൯൩൧-ലെ കണക്കനുസരിച്ച് ഈരാജ്യത്തു അധഃകൃതവർഗ്ഗക്കാർ എന്നു വിളിക്കപ്പെട്ടുവരുന്നവരുടെ ജനസംഖ്യ ൬൦ലക്ഷം ആയിട്ടുള്ള രാജ്യത്തെ ആകെ ജനസംഖ്യയുടെ എട്ടിലൊരുഭാഗത്തിൽ കവിഞ്ഞുവരുന്നതും കോളണികൾ ഏർപ്പെടുത്തുന്നതിലേക്കു ഞങ്ങൾ ശുപാർശചെയ്യുന്ന വാർഷികച്ചിലവു ൫൦,൦൦൦ രൂപായോളവും ആകുന്നു. തിരുവിതാംകൂറിനേക്കാൾ അഞ്ചിലൊന്നിൽ അല്പമാത്രം കവിഞ്ഞജനസംഖ്യയും മേല്പറഞ്ഞ വർഗ്ഗങ്ങളിലുള്ള അധഃകൃതരുടെ സംഖ്യ തിരുവിതാംകൂറിലേതിൽ ഒന്നുപകുതിയോളംമാത്രവും ഉള്ളതായ അടുത്ത കൊച്ചിരാജ്യത്തിൽ ചിലവാകുന്ന ൨൫,൦൦൦ രൂപയോടു താരതമ്യപ്പെടുത്തുമ്പോൾ ഈ സംഖ്യ ഒട്ടും കൂടിപ്പോയിട്ടില്ലെന്നു ഞങ്ങൾ വിചാരിക്കുന്നു. വിദ്യാഭ്യാസം വിദ്യാർത്ഥിമന്ദിരങ്ങൾ (ബാലന്മാർക്കും ബാലികമാർക്കും) ആദിയായി പല വഴികളിൽ ഈ ജനങ്ങളുടെ സ്ഥിതി നന്നാക്കുന്നതിനു മൈസൂർ ഗവണ്മെന്റു വലിയ സംഖ്യകൾ ചിലവാക്കിവരുന്നതും ൧൯൩൫ ഡിസംബർ അവസാനത്തിൽ അവർക്കായിട്ടുള്ള ൧൬൨ സംഘങ്ങൾ അവിടെ ഉണ്ടായിരുന്നതും ആകുന്നു.

അദ്ധ്യായം ഫന്ത.

മത്സ്യവ്യവസായികളുടെ സംഘങ്ങൾ.

മൂന്നുതരം സംഘങ്ങൾ

തിരുവിതാംകൂറിലുള്ള മത്സ്യവ്യവസായികളുടെ സംഘങ്ങൾ മൂന്നു [illegible]യിൽ പ്പെട്ടവയാണ്. അരയന്മാരുടേതും വാലന്മാരുടേതും തീരമത്സ്യവ്യവസായികളു [illegible] ന്ന വർഗ്ഗക്കാരുടെയും. ഇതിൽ ആദ്യരണ്ടുവർഗ്ഗക്കാരും ഹിന്തുക്കളും മററു [illegible] ക്രിസ്ത്യാനികളും ആകുന്നു. സാമ്പത്തികനിലയിലും വിദ്യാഭ്യാസത്തിലും ഈ മൂന്നു വർഗ്ഗക്കാരുടെയും സ്ഥിതി ഏറെക്കുറെ ഒന്നുപോലെയാണു. ഇവരിൽ ഭൂരിഭാഗവും സ്വന്തമായില്ലാത്തവരും അന്യരുടെ പുരയിടങ്ങളിൽ കുടിലുകൾകെട്ടി താമസിക്കുന്നവരും ആകുന്നു. അവർക്ക് കൈമാറിക്കാവുന്നസ്വത്തു അവരുടെ പാത്രങ്ങളും വലകളും മാത്രവും [illegible] ഉപകരണങ്ങൾ സ്വന്തമായിട്ടുള്ളവരുടെ സംഖ്യ വളരെ കുറവും മററുള്ളവർ അവരെ ആശ്രയിക്കുന്നവരും ആകുന്നു. കഴിഞ്ഞ ജനസംഖ്യക്കണക്കനുസരിച്ചു [illegible] ളുടെസംഖ്യ അരയന്മാരിൽ വ൭.വ്വ ശതമാനവും വാലന്മാരിലും തീരമത്സ്യവ്യവസായികളിലും യഥാക്രമം ഫ൫.൯-൦ ഫര.ര൦ ശതമാനവും ആകുന്നു.

സംഘങ്ങളുടെ വ്യാപ്തിയും വളർച്ചയും.

രജിസ്ട്രാരുടെ റിപ്പോർട്ടനുസരിച്ചു ഫഫ൦വ്വ (ഫൻനവ_ന.ന) ഒടുവിൽ വന്ന അരയസംഘങ്ങളും, രന വാലസംഘങ്ങളും വവ്വ തീരമത്സ്യവ്യവസായികളുടെ സംഘങ്ങളും ഉണ്ടായിരുന്നു. കഴിഞ്ഞമൂന്നുവർഷങ്ങളിൽ ഉണ്ടായിരുന്ന അവയുടെ പ്രവർത്തനധനം ഓഹരിമൂതൽമുതലായവ താഴെകൊടുത്തിരിക്കുന്നു.

	ആണ്ട്	സംഘങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	ഓഹരിമുതൽ	പ്രവർത്തനമൂലധനം	കരുതൽധനം
അരയർ	ഫഫ൦ന്ന	വര	വ൦ഫ൫	വ൭൭ര൦	രനവ്വ൫൯	൭ഫ൪൦
	ഫഫ൦൭	വര	ഫൻവ്വന	വ൭നരന്ന	ര൫വ്വ൦ര	വ്വ൫൫ഫ
	ഫഫ൦വ്വ	വ൫	ഫൻ൭ഫ	വ൫ര.ഫന്ന	ര൦൭൦ര	വ്വ൦ന.ഫ
വാലന്മാർ	ഫഫ൦ന്ന	രന	ന൫൭ന	വര൫ൻവ	നര൫ന്നഫ	രനവ൭
	ഫഫ൦൭	രന	ന.ഫഫ൦	വരവ്വഫന	ന൫൦വവ	ര൭ന്നഫ
	ഫഫ൦വ്വ	രന	ന.ഫ൦ന്ന	വ൫൭൫വ്വ	നന൦ൻവ്വ	൫൫നവ
ക്രസ്തുൻ മത്സ്യവ്യവസായികൾ	ഫഫ൦ന്ന	വവ്വ	൧൭൭൭	നഫൻ൭വ്വ	൫൭൫വ്വവ	ന്ന൫വന
	ഫഫ൦൭	വവ്വ	വ൫൭വ്വ	നഫവനഫ	രര൫ഫ൫	ന്നന്നൻ
	ഫഫ൦വ്വ	വവ്വ	വഫഫ൭	വ൭ന്നൻവ്വ	ന്നവഫൻ൭	൭നന്ന൦

നാനാമുഖമായ അധോഗതി

൯. ആദ്യത്തെ അരയസംഘം ൧൦൯൭ (൧൯൨൧-൧൯൨൨)ൽരജിസ്റ്റർചെയ്യപ്പെടുകയും ൧൧൦൪ അവസാനത്തിൽ സംഖ്യ പന്ത്രണ്ടായിവർദ്ധിക്കയും ചെയ്തു. അതിനുശേഷം പുതിയസംഘങ്ങളൊന്നും രജിസ്റ്റർചെയ്യാതിരിക്കയും മൂന്നെണ്ണം റദ്ദ്ചെയ്യപ്പെടുകയും ചെയ്തു. ഈസംഘങ്ങളിൽ എല്ലാം അഭിവൃദ്ധിക്കുറവുണ്ടായിട്ടുണ്ട്. അവയുടെ എണ്ണം ശരിക്കായിരുന്നെങ്കിലും അംഗങ്ങളുടെ സംഖ്യയും പ്രവർത്തനധനവും ഓഹരിമൂലധനം കുറഞ്ഞുവന്നിട്ടുള്ളതും ഞങ്ങൾ സന്ദർശിച്ചിട്ടുള്ള ഏതാനും സംഘങ്ങൾ പരിതാപകരമായ കഥ ഞങ്ങളെ അറിയിച്ചിട്ടുള്ളതുമാണ്. ആദ്യത്തെവാലസംഘം ൧൦൯൮ (൧൯൨൨-൨൩)ലും രണ്ടാമത്തേതു ൧൦൯൯-ലും രജിസ്റ്റർചെയ്യപ്പെട്ടു ൧൧൦൨-ൽ മത്സ്യവ്യവസായഡിപ്പാർട്ടുമെൻറ ഈ സംഘങ്ങളുടെ രൂപീകരണത്തിൽ ഏർപ്പെട്ടതുമുതൽക്കു മാത്രമാണ അവയുടെ എണ്ണം ദ്രുതഗതിയിൽ വർദ്ധിച്ചിട്ടുള്ളത്. ൧൧൦൯-ൽ രജിസ്റ്റർചെയ്ത ഒരുസംഘംകൂടെ അവയുടെ എണ്ണം ആ കൊല്ലംഅവസാനത്തിൽ ൫൫ ആയി വർദ്ധിച്ചു. അതിൽപിന്നീട പുതിയസംഘങ്ങൾ രജിസ്റ്റർചെയ്യപ്പെട്ടിട്ടില്ല. ഈ സംഘങ്ങളിലും അരയസംഘങ്ങളിലെപ്പോലെയല്ലെങ്കിലും അധഃപതനത്തിനുള്ള ലക്ഷണങ്ങൾ ഉണ്ട്. ആദ്യവർഷങ്ങളിൽ തൊണ്ടുമൂട്ടുന്നജോലിയിൽ ഏതാനംസംഘങ്ങൾ ഏർപ്പെട്ടു. എന്നാൽ കയറിൻെറവിലക്കുറവോടുകൂടി ഈ ജോലി ഉപേക്ഷിക്കപ്പെട്ടു. കായലുകളിൽ മത്സ്യം പിടിക്കുന്നതിനുള്ള കുത്തക ഏതാനംസംഘങ്ങൾക്ക ലഭിച്ചിട്ടുള്ളതും മററുസംഘങ്ങൾ മത്സ്യച്ചന്തകൾ നടത്തുന്നതുമാണ്. കണ്ടിന്യുവേഷൻ സ്കൂൾ ഹെഡ്മാസ്റ്റർമാർമുഖാന്തിരം മത്സ്യവ്യവസായഡിപ്പാർട്ടുമെൻറ ഈ സംഘങ്ങളുടെ മേൽനോട്ടം നടത്തുന്നുണ്ടെങ്കിലും പ്രതീക്ഷിച്ചിരുന്നപ്രകാരമുള്ള അഭിവൃദ്ധി വന്നിട്ടില്ലെന്നു കാണുന്നതു പരിതാപകരമാണ്.

റോമൻകത്തോലിക്കപാതിരിമാരോടുള്ള അപേക്ഷ.

൮. ൧൦൯൮ ആദ്യംതന്നെ തീരമത്സ്യവ്യവസായികളുടെ സംഘങ്ങൾ ഉണ്ടായിത്തുടങ്ങുകയും മൂന്നാംകൊല്ലം അവസാനത്തിനുമുമ്പ അഞ്ചുസംഘങ്ങൾ രജിസ്റ്ററാക്കപ്പെടുകയും ചെയ്തു. ഒടുവിലത്തെസംഘം ൧൧൦൮-ൽ രജിസ്റ്റർചെയ്യപ്പെടുകയും ആകെ എണ്ണം അങ്ങിനെ പത്ത ആയിത്തീരുകയുംചെയ്തു. പ്രവർത്തനവിഷയത്തിൽ ഈസംഘങ്ങൾമററു രണ്ടുവക സംഘങ്ങളെക്കാൾ ഒട്ടുംഭേദമല്ല. അവയിൽ പലവ ദീർഘകാലമായിട്ട സെൻട്രൽബാങ്കിൽ കുടിശ്ശികക്കാരാണ്. ഈ കൃസ്ത്യൻസംഘങ്ങളുടെ വിഷയത്തിൽ അവരുടെ പാരിഷ് പുരോഹിതന്മാരിൽനിന്നും ഉള്ള ഉപദേശങ്ങളും മേൽനോട്ടങ്ങളും ലഭിക്കുന്ന പ്രത്യേകസൗകര്യങ്ങളുള്ളതിനാൽ വളരെക്കൂടുതൽ സൽഫലങ്ങൾ ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ഈസംഘങ്ങളിലെ പല അംഗങ്ങളുമായി ഞങ്ങൾ സംസാരിച്ചിട്ടുള്ളതും പുരോഹിതന്മാർ ഈ സംഘങ്ങളുടെകാര്യത്തിൽ താല്പര്യമുള്ളവരായിരുന്നാൽ അവയെല്ലാം വളരെ അഭിവൃദ്ധിപ്പെട്ടേനെ എന്ന അവരെല്ലാം ഉറപ്പുപറയുന്നതുംആണ്. അവരുടെ പിന്തുണയായി ഒരുവലിയ മതസംഘടനയുള്ളതും യൂറോപ്പിലുള്ള റോമൻകത്തോലിക്ക പള്ളികളിലുള്ള അവരുടെ സഹോദരങ്ങൾ അവരുടെചുമതലയിൽവച്ചേൽപ്പിച്ചിട്ടുള്ള ജനങ്ങളുടെ സാമുദായികവും സാമ്പത്തികവുമായ ഉൽക്കർഷത്തിനവേണ്ടി എത്രമാത്രം ശ്രമിക്കുന്നു എന്നിവർ അറിയുകമാത്രം ചെയ്തിരുന്നു എങ്കിൽ സ്ഥിതികൾ വളരെ നന്നാകുമായിരുന്നതുംആണ്.

ഒരു ഉന്മേഷജനകമായ ഉദാഹരണം.

ഞങ്ങൾ ഒരുപ്രത്യേക അപേക്ഷ സമർപ്പിക്കുന്നതായ റോമൻ ക്യാത്തോലിക്ക പുരോഹിതന്മാരുടെ അറിവിലേക്കായി സമുദായോന്നമനം എന്നൊരുഉദ്ദേശംകൂടിയുള്ളതായി ചോട്ടാ നാഗപ്പൂർ ക്യാത്തോലിക്കകോഓപ്പറേററിവ് ക്രഡിററ്സൊസൈററിഎന്ന അറിയ

പ്പെടുന്ന വളരെ അഭിവൃദ്ധിയുള്ള ഒരു സഹകരണസ്ഥാപനം ബിഹാർ ഗവൺമെന്റിന്റെ വേനൽക്കാലതലസ്ഥാനമായ റാഞ്ചിയിൽ ഉണ്ടെന്ന പറഞ്ഞുകൊള്ളട്ടെ. സംഘംഡയറക്ടരായ മിസ്റ്റർ സി. വാൻഹെറ്റെ ഡ്ര്സ്. ജെ. അദ്ദേഹത്തിന്റെ ഫൈനൽ റിപ്പോർട്ടിൽ അവസാനഭാഗത്തു "സംഘം ഒരു ഗവർമ്മെന്റിന്റെ സൃഷ്ടിയല്ല, വിഖ്യാതമായ ബെൽജിയൻ സഹകരണസാമഹോപദേഷ്ടാവിന്റെ 'ഒരുവൻ അഖിലർക്കും അഖിലരും ഒരുവനായും' എന്ന ആദർശവാക്യത്തിൽ സംഗ്രഹിച്ചുവരുന്ന സഹോദരസ്നേഹത്താൽ ഒന്നുപോലെ ഉൽസുകരായിട്ടുള്ള ഒരു സംഘം ജനങ്ങളുടെ, സാധുക്കളായ ജനങ്ങളുടെ സൃഷ്ടിയാണ്, എന്നുപറഞ്ഞിരിക്കുന്നു. ഞങ്ങൾ അവിടെനിന്നു കണ്ട സംഘാധ്യക്ഷന്മാരോടും ഉദ്യോഗസ്ഥന്മാരോടും സംസാരിക്കുകയുണ്ടായി. അവർ സ്വന്തം കാര്യത്തിൽ സഹായിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു. ഏതാനും സ്ഥാപനങ്ങളുടെ താക്കന്മാരെ ഞങ്ങൾ കണ്ടുമുട്ടിയിട്ടുണ്ടെങ്കിലും അവർ വളരെ അകന്നു അപൂർവമായും ആണ് കാണപ്പെടുന്നത്.

മത്സ്യവ്യവസായഡിപ്പാർട്ടുമെന്റിന്റെ മാതൃസ്ഥാനം

൭. ചില കായലുകളിലും തടാകങ്ങളിലും മററുള്ളവർ സമുദ്രത്തിലും മീൻപിടിക്കുന്ന എങ്കിലും ഈ സംഘങ്ങളിലെ അംഗങ്ങൾ എല്ലാം ഒരേതൊഴിൽതന്നെ ചെയ്യുന്നതുകൊണ്ടും വാലസംഘങ്ങളുടെ ചുമതലയുള്ള മത്സ്യവ്യവസായഡിപ്പാർട്ടുമെന്റ് അവരുടെയും തീരമത്സ്യവ്യവസായികളുടെയും സംഘങ്ങളുടെ പ്രവർത്തനത്തിനു വേണ്ടതൊന്നും ശ്രദ്ധിക്കുന്നില്ലെന്നുള്ളതു അതിശയമായിരിക്കുന്നു. ഇതിനുള്ള സമാധാനമായി പറയുന്നതു വാലന്മാരുടെയിടയിൽ സംഘങ്ങൾ രൂപീകരിക്കുന്നതുകൊണ്ടു ഉൾക്കായലുകളിൽ മീൻപിടിക്കുന്നതിനുള്ള ലൈസൻഫീസ് പിരിക്കുന്നതിനു എളുപ്പമുണ്ടാകുന്നു എന്നാണ്. ഈ സമാധാനം വളരെ സാധുവായി ഞങ്ങൾക്കു തോന്നുന്നില്ല. ഈ വർഗ്ഗക്കാർക്കെല്ലാം അവരുടെ തൊഴിലും വ്യാപാരവും അഭിവൃദ്ധിപ്പെടുത്തുന്നതിനു മത്സ്യവ്യവസായഡിപ്പാർട്ടുമെന്റിന്റെ സഹായം ഒരുപോലെ ആവശ്യമായിട്ടുള്ളതാകയാൽ ആ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ വാലസംഘങ്ങൾക്കുപുറമെ ഉരയസംഘങ്ങളിലും തീരമത്സ്യവ്യവസായികളുടെ സംഘങ്ങളിലുംഉള്ള സാമ്പത്തികവുംസാമുദായികവുമായ ജോലികൾകൂടി ഏല്പിക്കപ്പെടേണ്ടതാണെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. അംഗങ്ങളുടെ ആത്മീയവും ധാർമ്മികവും ആയ ക്ഷേമത്തെ സംരക്ഷിക്കുന്നതിനും താല്പര്യപ്പെടുന്ന സാമുദായികപ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും മത്സ്യവ്യവസായഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കുറഞ്ഞപക്ഷം നാലുസൂപ്പർവൈസർമാരെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

മത്സ്യവ്യവസായികളുടെ മുൻകടങ്ങൾ വീട്ടേണ്ടആവശ്യം.

൮. ഈ സംഘങ്ങളുടെ അഭിവൃദ്ധിക്ക വളരെ ആവശ്യമെന്നു ഞങ്ങൾക്കു തോന്നുന്ന മററൊരുസംഗതി അവയെ ധനോത്തരമാർഗ്ഗങ്ങളിൽകൂടി തിരിക്കുക എന്നതാണ്. ഇപ്പോൾ പിടിക്കപ്പെടുന്നമത്സ്യം ചീയാതിരിക്കുന്നതിനുവേണ്ടി മിക്കവാറും അപ്പോഴപ്പോൾ തന്നെ അതതുസ്ഥലങ്ങളുവച്ചുവിൽക്കപ്പെടുന്നു, ഉപ്പിട്ടുണക്കുന്നരീതി പലർക്കും അറിയാമെങ്കിലും ഉപ്പിന്റെവില അമിതമാണ്. അതിനാൽ കഴിവുള്ളിടത്തോളം സെന്ററുകളിൽ മത്സ്യപരിപാകശാലകൾ ഏർപ്പെടുത്തേണ്ടതും സംഘാംഗങ്ങൾ അവരുടെ മത്സ്യം ഉപ്പിട്ടുണക്കുന്നതിനായി ഈ ശാലകളിൽകൊണ്ടുപോകാൻ പ്രേരിപ്പിക്കേണ്ടതുമാണ്. ഇപ്പോൾ ഉപ്പിട്ടോ ഉണക്കിയോ എടുക്കുന്നമത്സ്യം മല്ലാൽകച്ചവടക്കാർ മധുര തിരുനെൽവേലി ബർമ്മാ സിംഗപ്പൂർ മുതലായ വിദേശകമ്പോളങ്ങളിലേക്കു അയച്ചുവരുന്നതും വ്യവസായത്തിൽനിന്നുണ്ടാകുന്ന ലാഭംമുഴുവൻ അവർ എടുക്കുന്നതും ആകുന്നു. അതിനാൽ ധനോത്തരമാർഗ്ഗത്തിൽ ഈ മത്സ്യവ്യവസായികളുടെ സംഘങ്ങൾചെയ്യേണ്ട ആദ്യശ്രമം അവർ പിടിക്കുന്ന മത്സ്യത്തെ കൂട്ടായിപച്ചയ്ക്കോ ഉപ്പിട്ടുണക്കിയോ വിൽക്കുന്നതിനായിരിക്കണം.

അത്രരിലുള്ള ഒരുവാലാസംഘത്തിൽ അതിലെ ൨൩ അംഗങ്ങൾചേൎന്ന്, ഇങ്ങിനെ ഒരു പരീക്ഷണം നടത്തിയാലും മററുള്ള അംഗങ്ങൾക്കു കിട്ടിയവിലയിൽ ഇരട്ടി അവൎക്കു ലഭിച്ചതായും ഞങ്ങൾ അറിയുന്നു. എന്നാൽ ഇവർ പണം കൊടുക്കാനുണ്ടായിരുന്ന സ്ഥലത്തെ കച്ചവടക്കാർ കേസുകൊടുക്കുമെന്നു ഭയപ്പെടുത്തിയതിനാൽ അടുത്തവർഷം ഈ പരീക്ഷ തുടരുവാൻ കഴിഞ്ഞില്ല. ഈ ഇടനിലക്കാരിൽനിന്നും ഇവരെ രക്ഷപ്പെടുത്താനുള്ള വിഷമം അവരുടെ സാമ്പത്തികസ്ഥിതിയെ സമാശ്വസിപ്പിക്കുന്ന ഒരു പദ്ധതി ഫലപ്രദമായി പ്രയോഗിക്കപ്പെടുന്നതിനു പ്രതിബന്ധമായിനിൽക്കുന്നു, എന്നുകാണുന്നതു പരിതാപകരം തന്നെ. അവരുടെ മുൻകടങ്ങൾ എല്ലാംവീട്ടുന്നതിനു ൫,൦൦൦ രൂപ മതിയാകുമായിരുന്നു എന്നു അവർതന്നെ പറഞ്ഞിട്ടുള്ളതിനാൽ ഈ സംഘത്തിനു ഈ പരീക്ഷ ഫലപ്രദമായിനടത്താൻകഴിയുന്ന മററുസംഘങ്ങളുടെ ആവശ്യത്തിനായി ഉച്ചതരമായ പലിശനിരക്കിൽ ഗവൎമ്മെന്റിൽനിന്നും ൫,൦൦൦ രൂപ കടംകൊടുക്കണമെന്നു ഞങ്ങൾ ബലമായിശുപാർശ ചെയ്യുന്നു. മിക്കവാറും എല്ലാതൊഴിലാളികൾക്കും പൊതുവേയുള്ളതാണ്, ഈ വിധമുള്ള കഷ്ടപ്പാടുകൾ. ഗവൎമ്മെന്റിൽനിന്നും ഇപ്രകാരമുള്ളസഹായം ഉണ്ടാകാതെയിരുന്നാൽ അവരുടെ ചിരന്തനങ്ങളായ നടപടികളിൽനിന്നു എന്തെങ്കിലും വ്യതിയാനം പ്രതീക്ഷിക്കാവുന്നതല്ല.

വലകളും വള്ളങ്ങളും വാങ്ങുക

൬. ക്ലിപ്തപ്പെടുത്താനുള്ളവയിൽ പ്രധാനമായിട്ടുള്ളവയാണ്, കർഷക സംഘങ്ങൾ കൂലപ്പണം ആയായ സാമഗ്രികൾ വാങ്ങി ശേഖരിക്കുന്നവണ്ണം ഇവയിലെ അംഗങ്ങൾക്കു കൂലിക്കുകൊടുക്കത്തക്കവണ്ണം വലകളും വള്ളങ്ങളും വാങ്ങിവെയ്ക്കുന്നതു്. ഞങ്ങൾ മുമ്പുപറഞ്ഞിട്ടുള്ളതുപോലെ [illegible] വളരെ കൃഷകമംഗങ്ങൾക്കു സ്വന്തവലയും വള്ളവും ഉണ്ട്. സംഘം ഇവ ശേഖരിക്കുന്നതുകൊണ്ടു വ്യക്തികൾ അവ വാങ്ങേണ്ടിവരുന്നതല്ലെന്നു മാത്രമല്ല അവ ഉപയോഗിക്കുന്നതിനു എല്ലാവർക്കും ഒരുപോലെ സൌകര്യം ഉണ്ടാകുന്നതുമാണ്. സംഘം വാങ്ങുന്നസാധനങ്ങൾക്കു തക്കവില കൊടുക്കാൻ സംഘത്തിനു ശേഷിയുണ്ടായിരിക്കുന്നതും അതു അംഗങ്ങൾക്കു പരോക്ഷമായ ഒരു ലാഭമായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നതും ആണ്.

മററുസ്ഥലങ്ങളിലെ സ്ഥിതി ഭേദപ്പെട്ടതല്ല.

൭. സുദീർഘമായ സമുദ്രതീരത്തോടുകൂടിയ ഇൻഡ്യയിലെ രണ്ടുപ്രോവിൻസുകളിലും അതായതു മദ്രാസിലും ബെംഗാളിലും ഇപ്രകാരമുള്ള സംഘങ്ങളുടെ സ്ഥിതി ആലോചിച്ചാൽ ഞങ്ങൾക്കു ഉച്ചരാഭംഗത്തിനു കാരണമില്ല. പ്രോത്സാഹജനകമായ വിജയചിഹ്നങ്ങൾ ഇല്ലാത്തതായി മദ്രാസിൽ ൩൦ സംഘങ്ങളുണ്ട്. എങ്കിലും അവയിൽ ആശയില്ലാതെയില്ല. ബീഹാർ ഒറിസ്സയിലെ മത്സ്യവ്യവസായികളുടെ സംഘങ്ങൾ അത്യന്തം നിരാശാജനകങ്ങളാണ്. ബെംഗാളിൽ ൫൯൩ അംഗങ്ങളോടുകൂടി അവ സ്ഥാപിച്ച വർഷത്തിൽ ൩൯൫൮ അംഗങ്ങളോടുകൂടിയ ൫൮൩ സംഘങ്ങളുണ്ടായിരുന്നു. അടുത്ത കേർപ്പിരാജ്യത്തെ മത്സ്യവ്യവസായികളുടെ സംഘങ്ങളുടെ സ്ഥിതി പ്രസ്താവയോഗ്യമാണ്. ഈ സംഘങ്ങളുടെ എണ്ണം ൯൮ൽ നിന്നു ൭ ആയികുറഞ്ഞുവെന്നും എല്ലാം വാലസമുദായക്കാരുടെ വകയാണെന്നും കഴിഞ്ഞകൊല്ലത്തെ റിപ്പോർട്ടിൽ രജിസ്ട്രാർ പ്രസ്താവിക്കുന്നു. പല അംശങ്ങളിലും അവ ശരിയായ അഭിവൃദ്ധി കാണിച്ചിട്ടുള്ളതിനാൽ അവയുടെ പ്രവൎത്തനം അതൃപ്തികരമായിരുന്നിട്ടില്ല. ഈ സംഘങ്ങളിലെ അംഗങ്ങളുടെ എണ്ണം പ്രവർത്തനധനം ആകെ ഇടപാടു എന്നിവ യഥാക്രമം ൨൩൯, ൩൮൫൫ രൂപയും ൯൭,൪൪൫ രൂപയും ആയിരുന്നു. മുൻകൊല്ലം ഇവ ൨൦൯ ൨൭,൯൩൫൫ രൂപ ൪൪,൭൦൦ രൂപ എന്നീക്രമത്തിനു ഇരുന്നിരുന്നു. കരുതൽധനം ൩,൭൭൫ രൂപ (മുൻകൊല്ലം ൭,൫൫൪ രൂപ)യായിരുന്നു. ഈവിഷയത്തെപ്പററിയുള്ള ഖണ്ഡികയുടെ അവസാനഭാഗത്തു രജിസ്ട്രാർ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഈ

സംഘങ്ങൾ അധഃകൃതവർഗ്ഗക്കാർക്കുള്ള സംഘങ്ങളെപ്പോലെ നന്നാക്കുന്നതിനാവശ്യമാണെന്ന പരിചയത്തിൽനിന്നും അറിയുന്നു.' കൊച്ചിയിലെ ജനസംഖ്യാറിപ്പോർട്ടിൽ [illegible] അപ്രകാരം പ്രസ്താവിച്ചു കാണുന്നു—:ഈ രണ്ടു രാജ്യങ്ങളിലും (തിരുവിതാംകൂറിലും കൊച്ചിയിലും) വ്യവസായികളായ ജനങ്ങളുടെ താരതമ്യേനയുള്ള [illegible] [illegible] കൊണ്ടോ അതു കൃഷിക്കു അയോഗ്യമായതുകൊണ്ടോ അല്ല ഇൻഡ്യയിലെ മററനേകം സ്ഥലങ്ങളിൽ ഉള്ള തിനേക്കാൾ കൂടുതൽ അനുമാനം ജനങ്ങളെ കൃഷിയിൽനിന്നു [illegible] വൃത്തികളിലേക്കു തിരിച്ചുവിടുന്നതിനായി ഈ രാജ്യങ്ങളിലുള്ള [illegible] കളുങ്ങൾകൊണ്ടാണ്. മത്സ്യങ്ങൾനിറഞ്ഞതും അനേകം മത്സ്യവ്യവസായികൾക്കു [illegible] തിപാലകന്മാർക്കും വ്യാപാരികൾക്കും [illegible] [illegible] ട്ടുകുന്നതുമായ വിസ്തൃതങ്ങളായ ജലാശയങ്ങളുടെ സാന്നിധ്യം [illegible] ഒന്നാണ്. തിരുവിതാംകൂറിലെ [illegible] ജനസംഖ്യക്കണക്കനുസരിച്ചു മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാരുടെ സംഖ്യ [illegible] സ്ത്രീകളുടെ സംഖ്യ [illegible] അതായതു [illegible] പുരുഷന്മാർക്കു [illegible] സ്ത്രീകൾവീതം ആയിരുന്നു. കൊച്ചിയിലെ അതതുസംഖ്യകൾ [illegible] പുരുഷന്മാരും [illegible] സ്ത്രീകളും അതായതു [illegible] പുരുഷന്മാർക്കു [illegible] സ്ത്രീകൾ ആയിരുന്നു. ഇങ്ങിനെ തിരുവിതാംകൂർ കൊച്ചി എന്നീ രണ്ടുരാജ്യങ്ങളിൽ മത്സ്യവ്യവസായികളുടെ ഇടയിൽ സഹകരണകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു വളരെ [illegible] കാണപ്പെടുന്നതാണ്.

ഉപതൊഴിലുകൾ.

൯. മത്സ്യവ്യവസായം കൃഷിയെപ്പോലെ, [illegible] ചെയ്യപ്പെടുന്നതല്ല. വർഷകാലങ്ങളിൽ മത്സ്യവ്യവസായികൾക്കു ധാരാളം തൊഴിലില്ലാത്തസമയം ഉണ്ടായിരിക്കുമെന്നു ഞങ്ങൾ ആവർത്തിച്ചുപറകയും ഈ കാലത്തു [illegible] വലകെട്ടും നെയ്ത്തും ഉപതൊഴിലായി ഞങ്ങൾ ശുപാർശ ചെയ്കയും ചെയ്യുന്നു. അവരെ നെയ്ത്തുപരിശീലിപ്പിക്കുന്നതിന്റെ ഉദ്ദേശം അവരുടെ തൊഴിൽ മാററണമെന്നുള്ളതല്ല അവർക്കുതന്നെ ആവശ്യമുള്ള വസ്തുങ്ങൾ നെയ്യാൻ അവരെ പ്രാപ്തരാക്കാൻ വേണ്ടിയാണ്. ഇതുനിമിത്തം ഓരോകുടുംബത്തിനും ഗണ്യമായ ലാഭവുമുണ്ടാകുന്നതാണ്.

൧൦. ഈ സംഘങ്ങളുടെ പരിശോധനയും ആഡിററും ഐക്യസംഘങ്ങളുടെ ഡിപ്പാർട്ടുമെൻറു നടത്തിവരുന്നു. ഐക്യസംഘങ്ങളുടെ ഡിപ്പാർട്ടുമെൻറ് ഈ സംഘങ്ങളുടെ വിഷയത്തിൽ കാണിച്ചുവരുന്ന ശ്രദ്ധ ഒട്ടും മതിയാകുന്നില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം. അവരുടെ ശരിയായ ഉൽക്കർഷത്തിനു കൂടുതൽ പരിശോധനയും കൂടുതൽ ഗുണകരമായ ആഡിററും ആവശ്യമാണെന്നും മത്സ്യവ്യവസായത്തിൽ പരിശീലനം ഉള്ള പ്രത്യേകം ഇൻസ്പെക്ടറന്മാരെ, [illegible] സംഘങ്ങൾക്കു ഒരു ആൾവീതം, നിയമിക്കണമെന്നും ഞങ്ങൾ വിചാരിക്കുന്നു. ഈ വ്യവസായത്തിനു സഹകരണ പ്രസ്ഥാനത്തിന്റെ സഹായത്തോടുകൂടി ഒരു വലിയ ഭാവി ഞങ്ങൾ കാണുന്നുണ്ട്.

അദ്ധ്യായം ൧൭

ഗ്രാമോദ്ധാരണവും കൃഷികാധിനിവേശവും.

ഈ വിഷയത്തിന്റെ പ്രാധാന്യം.

ഗ്രാമോദ്ധാരണപ്രശ്നം അടുത്തകാലങ്ങളിൽ രാജ്യം പലതിലുമുള്ള ചിന്തകന്മാരുടെയും ധനശാസ്ത്രജ്ഞന്മാരുടെയും ശ്രദ്ധയെ വിശേഷിച്ചാകർഷിച്ചിരിക്കുന്നതാണ്. ആത്മാഭിമാനികളായ ഗ്രാമീണജനങ്ങളുടെ പുരാതനകാലംമുതൽക്കേ അഭിവൃദ്ധിയിൽ ഉണ്ടായിരുന്ന ഇൻഡ്യൻ ഗ്രാമങ്ങളുടെ സ്ഥിതി ഇന്ന് അപ്രകാരമല്ല. ആധുനികപരിഷ്കാരപ്രവാഹത്തോടുകൂടി ജനങ്ങൾ അവരുടെ ഗ്രാമങ്ങളെ ഉപേക്ഷിച്ച് നഗരങ്ങളിലേക്ക് തിങ്ങിക്കൂടുവാൻ തുടങ്ങി. തൽഫലമായി ജനങ്ങൾക്ക് ആഹാരസാധനങ്ങൾ ഉണ്ടാക്കിക്കൊടുത്തു രാഷ്ട്രങ്ങളുടെ വളർച്ചയുടെയും അഭിവൃദ്ധിയുടെയും അടിത്തട്ടിൽ നില്ക്കുന്ന സ്ത്രീപുരുഷന്മാരുടെ അവകാശങ്ങളും ആവശ്യങ്ങളും അവഗണിക്കപ്പെട്ടു. ഗ്രാമീണരുടെ ക്ഷേമത്തിന് ആരും നോക്കാത്ത പുറകിൽ തള്ളപ്പെട്ടു. ഗ്രാമങ്ങൾ ചേർന്നുള്ള ഒരു വലിയ രാജ്യമായ ഇൻഡ്യയിൽ ഈ നയം ഗ്രാമീണജനതയ്ക്കു ദോഷകരമായി കലാശിച്ചു. നഗരജീവിതം കൂടുതൽ കൂടുതൽ സ്വാതന്ത്ര്യത്തിൽ ആയി വരികയും ഗ്രാമീണർ കൂടുതൽ കൂടുതൽ ദരിദ്രരും സാധുക്കളും അസ്വാധീനരുമായിത്തീരുകയും ചെയ്തു. നഗരജീവിതത്തിന്റെ വൈദ്യുതശക്തികളുടെ സംപൂർണ്ണതയാണെന്നു വിചാരിക്കുന്ന ആധുനിക മനുഷ്യൻ അവരുടെ സ്വന്തജീവിതത്തിലും പരിസരങ്ങളിലും ഉള്ള കാര്യങ്ങൾ അറിയുന്നില്ല. ധനവും ദാരിദ്ര്യവും, ധനവും ദുഷ്കർമ്മങ്ങളും, ഉന്നതമായ ജീവിതസുഖങ്ങളും പരിപൂർണ്ണ ദാരിദ്ര്യവും ഒപ്പത്തിനൊപ്പമായി വരുന്നതിന്റെ പരസ്പരവൈരുദ്ധ്യത്തെപ്പറ്റി ആലോചിക്കാൻ മനുഷ്യൻ നില്ക്കുന്നില്ല. കർഷകജീവിതപ്രശ്നം ഉപദ്ധ്യമരിയതരമായി വരുന്നുണ്ടെങ്കിലും അതിനു ശരിയായ ഒരു പരിഹാരമാർഗ്ഗം ഇതുവരെ കണ്ടില്ല.

ബ്രിട്ടീഷ്ഇൻഡ്യയും നാട്ടുരാജ്യങ്ങളും.

൨. ബ്രിട്ടീഷ്ഇൻഡ്യൻപ്രാവിൻസുകളിലും നാട്ടുരാജ്യങ്ങളിലും എല്ലാംതന്നെ ഗ്രാമീണജനങ്ങളുടെ സ്ഥിതി അശേഷം തൃപ്തികരമല്ലെന്നു മുൻപറഞ്ഞതിൽനിന്നു കാണാവുന്നതാണ്. ഇൻഡ്യയുടെ പലഭാഗങ്ങളിൽ വളരെ പരമാർത്ഥമായിട്ടുള്ള തിരുവിതാംകൂറിലും പരമാർത്ഥം അങ്ങനെയെങ്കിലും ചില സംഗതികൾ ഭേദങ്ങൾ അപ്പാടെ സ്വീകരിക്കാൻ വയ്യാറില്ല. ഗ്രാമീണദുരിതങ്ങൾക്കു പരിഹാരമായി ചിലർ അഭിപ്രായപ്പെടുന്നതു ഗ്രാമോദ്ധാരണമാണ് അഥവാ കുറെക്കൂടി ശാസ്ത്രീയമായി പറയുന്നപക്ഷം ഗ്രാമീണപുനസ്സംഘടനമാണ്. ഗ്രാമോദ്ധാരണവിഷയത്തിൽ ഒരു സുനിശ്ചിതപദ്ധതി ആദ്യം നിർമ്മിച്ചത് മി. സി. ആർ. ഡാർലിങ് ആയിരുന്നു. പല പ്രാവിൻസുകളിലും ഉദ്ധാരണപദ്ധതികൾ ഗ്രാമജീവിതത്തെ നന്നാക്കുന്നതിന് മുറവുള്ളവരും ശ്രമിച്ചിട്ടുണ്ട്. ബാംബെയിൽ മുമ്പു ഗവർണ്ണറായിരുന്ന സർ. ഫ്രെഡറിക്ക്സൈക്ക്സ് ഈ വഴിയിൽ സ്തുത്യർഹമായ ഉദ്യമം ചെയ്തിട്ടുള്ള ആ അമൂല്യകർമ്മസമ്പത്തിനെ ഉപയോഗിക്കുന്നതിലേക്കായി അതിന്റെ പില്ക്കാല പ്രകാശം ഡ്യൂബർബാണിനു പ്രദാനം ചെയ്തു. ഈ വിഷയത്തിൽ സണ്ഡർബൻസിൽ ഗോസാബാ എന്ന സ്ഥലത്തു സർ ഡാനിയൽ ഹാമിൽടൺ ചെയ്തിട്ടുള്ള ജോലികളും പറയപ്പെടേണ്ടവയാണ്. പഞ്ചാബ് ഗവണ്മെന്റ് ഗുർഗോൺ ഡിസ്ട്രിക്ടിലുണ്ടായിരുന്ന മി. എഫ്. എൽ. ബ്രെയിനെ ഗ്രാമോദ്ധാരണഡിപ്പാർട്ടുമെന്റ് ഡയറക്ടറായി നിയമിച്ചു ഈ വിഷയത്തിൽ ഒരു ഗണ്യമായ പുരോഗതിയുണ്ടാക്കിത്തീർത്തിരിക്കുന്നു. യുണൈറ്റഡ്പ്രാവിൻസുകൾ, സെൻട്രൽപ്രാവിൻസുകൾ, മദ്രാസ് എന്നീസ്ഥലങ്ങളിൽ

ഗ്രാമോദ്ധാരണത്തിൽ നിയമസഹായം ലഭ്യമാക്കുന്നതിനു [illegible] അനേകം സ്വതന്ത്ര ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു. ഇതുസംബന്ധിച്ചു ബംഗാളിൽ ശാന്തിനികേതനത്തിലുള്ള സർ രബീന്ദ്രനാഥടഗോറിന്റെ ശ്രീനികേതൻ ഡിപ്പാർട്ടുമെന്റ്" [illegible] പ്രവൃത്തികളെപ്പററി ഞങ്ങൾ പ്രസ്താവിക്കാം. അവിടെ ചെറുപ്പക്കാരായ സ്ത്രീകളുടേയും പുരുഷന്മാരുടേയും സംഘങ്ങളെ ഗ്രാമോദ്ധാരണത്തിനു [illegible] ഗ്രാമങ്ങളിലേക്കു അയയ്ക്കുന്നു. നെയ്ത്തു, [illegible], തോൽതൊഴിൽ, [illegible] വളർത്തുക, കോഴിക്കൃഷി, കൈത്തൊഴിൽ, [illegible] ക്ഷേത്രജന്താദിയവും ആയ [illegible] ശ്രീനികേതന [illegible] എന്നുപറയാം. ഗ്രാമീണപ്രവർത്തകരെ ഒരു സ്ഥാപനത്തിൽ [illegible] ഗ്രാമോദ്ധാരണവേലക്കായി പുറപ്പെട്ടു അയയ്ക്കുന്നു. [illegible] തിരക്കുക [illegible] പ്രവർത്തകന്മാരുടെ യോഗ്യത [illegible]. മെസ്രായി വെല്ലിംഗ്ടൺപ്രഭു അവർകൾ പറയുന്നു: "ഗ്രാമീണപ്രവർത്തകന്റെ [illegible] തെയും പ്രവൃത്തികളെല്ലാം [illegible] ത്തിന്റേയും ആചാരങ്ങളും [illegible] സ്ഥലത്തെ പുരോഗതികളുള്ള പ്രധാന [illegible]".

ബറോഡാ മൈസൂർ ഹൈദ്രാബാദ് [illegible] സംസ്ഥാനങ്ങളിൽ [illegible] മൂലം ഗ്രാമോദ്ധാരണപ്രശ്നത്തിനു [illegible]. [illegible] അലമുത്തുവിലും [illegible] ഏറ്റവും [illegible] ആയ വിജയങ്ങൾ നേടിയിട്ടുള്ളതായി ഞങ്ങൾ അറിയുന്നു. [illegible] രണസംഘം രജിസ്ട്രാറായിരുന്ന മി. [illegible] അവർ [illegible] ക്ഷീണപരിശ്രമമാകൊണ്ടാണ് [illegible] പ്രയോഗിച്ചിട്ടുള്ളതു". വ്യക്തിപരിശ്രമങ്ങൾ, അവർ [illegible] മാത്രമേ നിലയിൽ [illegible], മറ്റ സ്ഥലങ്ങളിൽ [illegible] ചെയ്യപ്പെട്ടിട്ടുള്ള പ്രവൃത്തികൾ സൂക്ഷ്മമായി [illegible] സഹകരണസംഘങ്ങൾ [illegible] പരിപാടിയോടുംകൂടി നടത്തുകയും ചെയ്യുന്നപക്ഷം [illegible] പ്പെട്ടുപോകുമെന്നു പറവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു.

തിരുവിതാംകൂറിൽ.

൩. തിരുവിതാംകൂറിൽ ഗ്രാമോദ്ധാരണപ്രവൃത്തികളുടെ [illegible] ഇം ആയ്യു സഹകരണഡിപ്പാർട്ടുമെന്റിനു [illegible] ഡിപ്പാർട്ടുമെന്റുകളുടെ സജീവമായ സഹായത്തോടുകൂടി ഏററവും [illegible] നിർവഹിക്കപ്പെടുന്നു. ഈയിടെ തിരുവനന്തപുരത്തുനിന്നും [illegible] നെയ്യാററിൻകര താലൂക്കിൽ തൊഴുക്കൽ എന്നസ്ഥലത്തു ഒരു ഗ്രാമോദ്ധാരണസംഘം സ്ഥാപിച്ചു സഹകരണമാർഗ്ഗത്തിൽ ഗ്രാമോദ്ധാരണശ്രമം തുടങ്ങിയിട്ടുള്ളതായി ഞങ്ങൾ അറിയുന്നു. ഈ സംഘത്തിനു കൃഷി, [illegible] ഡിപ്പാർട്ടുമെന്റുകളുടെ [illegible] മായ സഹായം ലഭിച്ചിട്ടുള്ളതായി അറിയുന്നു. സംഘം അതിന്റെ ശൈശവാവസ്ഥയിൽ മാത്രം ഇരിക്കുന്നതിനാൽ അതിന്റെ പ്രവർത്തനത്തെപ്പററി അഭിപ്രായംപറവാൻ ഞങ്ങൾ തുനിയുന്നില്ല. ബാംബെ രജിസ്ട്രാർ മി. [illegible] അഭിപ്രായപ്പെട്ടിട്ടുള്ളപ്രകാരം ഒരു കരയിലോ ഗ്രാമത്തിലോ [illegible] കൊണ്ടു രാജ്യത്തിന്റെ പലഭാഗങ്ങളിലും ഗ്രാമോദ്ധാരണവേല [illegible] സഹകരണസംഘം രജിസ്ട്രാർക്ക [illegible] യ്യാൻ ഞങ്ങൾ ഒട്ടും മടിക്കുന്നില്ല. സംഘങ്ങളെല്ലാം [illegible] ൧൦ മുതൽ ൧൫ വരെ ശതമാനം [illegible] യഥാശക്തി ഈ [illegible] സംഘ

ങ്ങളോടും ഞങ്ങൾ ശുപാർശചെയ്യുന്നു. ഗ്രാമീണജനങ്ങൾക്കു പ്രയോജനം സിദ്ധിക്കുന്നതിനുള്ള സൗകര്യമായി തെരഞ്ഞെടുക്കപ്പെട്ട സെൻററുകളിൽ സഹകരണഗ്രാമോദ്ധാരണസംഘങ്ങൾ പ്രോത്സാഹിപ്പിക്കയും സ്ഥാപിക്കയും ചെയ്യണമെന്നു ഞങ്ങൾ വിചാരിക്കുന്നു. അപ്രകാരമുള്ള ഓരോ ഗ്രാമവും കർഷകവൃത്തികൾ നടത്തുന്നതിനുള്ള സൗകര്യങ്ങളോടുകൂടി സംപൂർണ്ണങ്ങളും സ്വയസംതൃപ്തങ്ങളുമായ ഓരോരോ ഉദ്ധാരണഘടകങ്ങളാക്കപ്പെടേണ്ടതാണ്. ഓരോ ഗ്രാമത്തിനും ഓരോ മിതവ്യയസംഘവും ഓരോ സുഖജീവിതസംഘവും ഓരോ ധനസഹായസംഘവും സ്ഥാപിക്കണമെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. സുഖജീവിതസംഘങ്ങൾ സാമുദായികമായും മതസംബന്ധമായുമുള്ള അന്ധവിശ്വാസങ്ങളുടെ ദുർവ്യയങ്ങളും അനാരോഗ്യകരമായ ജീവിതരീതികളും കുറയ്ക്കുന്നതിനു അംഗങ്ങളെ പ്രാപ്തരാക്കുകയും മിതവ്യയസംഘം അംഗങ്ങളിൽ മിതവ്യയശീലം ഉളവാക്കി ഭാവിയിലേക്കു വല്ലതും കരുതുന്നതിനു അവരെ ശീലിപ്പിക്കുകയും, ധനസഹായസംഘം പണംകൊടുത്തു അവരുടെ ഗൃഹവ്യവസായ തൊഴിലുകൾ നടത്തുന്നതിനു സഹായിക്കുകയും ചെയ്യുന്നതാണ്. ഇവയെല്ലാംകൂടി ഒരേ തത്വമനുസരിച്ചു സഹകരണതത്വത്തിന്മേൽ നടത്തപ്പെട്ടാലെങ്കിൽ രാജ്യത്തെ സംഖ്യാതീതമായ കർഷകജനതയുടെ നാനാമുഖമായ ഐശ്വര്യോദയത്തിനു സഹകരണം നിദാനമായിത്തീരുമെന്നു പറയാവുന്നതാണ്. ഗ്രാമോദ്ധാരണത്തിനായി മേൽ നിർദ്ദേശിച്ചുള്ള പ്രവൃത്തനങ്ങൾ നടപ്പാക്കുന്നതിനു സഹകരണഡിപ്പാർട്ടുമെൻറ് സശ്രദ്ധമായ അന്വേഷണങ്ങൾ നടത്തിയശേഷം, ആ ഗ്രാമങ്ങൾ തിരഞ്ഞെടുക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നതാകുന്നു.

തൊഴിലില്ലായ്മ.

൪. ഗ്രാമോദ്ധാരണത്തോടു ഏകദേശം സാദൃശ്യമുള്ളതായി സഹകരണവൃത്തികൾ വ്യാപൃതമാക്കാവുന്ന മററൊരു രംഗത്തെപ്പററി പറയുന്നതിനു ഞങ്ങൾക്കു കൗതുകമുണ്ട്. ഇപ്പോഴത്തെ സാമ്പത്തികാധഃപതനവും തൊഴിലില്ലായ്മയും കൂടി ജീവിതത്തെ അവശമാക്കുന്നചെയ്യുന്ന രീതിയിൽ ഒരു വ്യത്യാസം വരുത്തിയിട്ടുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നു. സാമ്പത്തികനിലയ്ക്കുള്ള പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു സുനിശ്ചിതവും സ്ഥിരവും ആയ പ്രവൃത്തനപരിപാടിയോടുകൂടി മാനുഷികശക്തികൾ സമുച്ചയിച്ചെങ്കിലല്ലാതെ ഇപ്പോഴത്തെ അധഃപതനത്തിൽനിന്നു നാട്ടുകാരായ കൃഷീവലന്മാർക്കു കരകയറുവാൻ സാധിക്കുകയില്ല. ഗുരുതരമായ സഹായം ചെയ്യുന്നതിനു സഹകരണപ്രസ്ഥാനത്തിനു കഴിവുണ്ടാകയില്ലെന്നാണു ഞങ്ങളുടെ ഉറപ്പായ വിശ്വാസം. ഞങ്ങൾ അതിനാൽ അധിനിവാസസംഘങ്ങൾ സ്ഥാപിക്കണമെന്നു അഭിപ്രായപ്പെടുന്നു. മനുഷികപ്രയത്നമാകുന്ന സമ്പത്തോടുകൂടിയ ഭൂമിയില്ലാത്തവരെയും താരതമ്യേന ഭൂസ്വത്തു കുറവായിട്ടുള്ളവരെയും ഒരുമിച്ചു ചേർക്കുന്ന ഈ പ്രകാരമുള്ള സംഘങ്ങളിൽ ചേർത്തു വിധികൃതഭൂമികൾ കൃഷിക്കും കുടിപാർപ്പിനും ആയി ഏൽപ്പിക്കേണ്ടതാണ്. സഹകരണതത്വത്തിന്മേൽ പ്രതിഷ്ഠിതമായിരിക്കേണ്ട ഈ നവപദ്ധതി ഉപദേശിക്കുമ്പോൾ കടയ്ക്കലുള്ള വസുമതി കർഷകസഹകരണസംഘത്തിന്റെ ഉദ്ദേശങ്ങളും പ്രവൃത്തനവും വിവരിക്കാനായി ഞങ്ങൾ പ്രേരിതരായിത്തീരുന്നു.

വസുമതി കർഷകസംഘം.

൫. ആദ്യം സഹകരണതത്വത്തിൽ കൃഷിചെയ്യുന്നതിനും എല്ലാ അംഗങ്ങൾക്കും വ്യവസായവൃത്തിക്കുള്ള സൗകര്യങ്ങളോടുകൂടി സേവനത്തിനും സ്വസഹായത്തിനും ഉപയോഗപ്പെടുത്തുള്ള അവസരങ്ങൾ നൽകുന്നതായ കർഷക അധിവാസസംഘം സ്ഥാപിക്കുന്നതിനുമായി ഈ സംഘം ൧൧൦൭ കർക്കടകമാസത്തിൽ ആരംഭിക്കപ്പെട്ടു. അധിവാസസംഘം അംഗങ്ങളുടെ ഭൗതികവും ആത്മികവും ബുദ്ധിപരവുമായ അഭ്യുദയത്തെ ലാക്കാക്കിയിരുന്നു. പദ്ധതിയിൽ അന്തർഭവിച്ചിരുന്ന അത്യഭിലഷിതങ്ങളായ ആശയങ്ങൾ സഹകരണതത്വപ്രകാരം ഭൂമിയിൽ കൂട്ടംകൃഷിചെയ്ക, സാധനങ്ങൾ ശേഖരിക്കുകയും വിൽ

ക്കുകയും, പ്രത്യേകമായി നിശ്ചയിക്കപ്പെടുന്ന ചട്ടങ്ങളും ശിക്ഷാക്രമങ്ങളും എല്ലാ അംഗങ്ങളും അനുസരിച്ചു താമസിക്കേണ്ടതായ സ്വയംപൂർണ്ണമായ ഒരു വ്യവസായികകോളണി നടത്തുക, ഉയർന്ന വർഗ്ഗക്കാരോടൊപ്പം സ്വതന്ത്രരായി അധഃകൃതവർഗ്ഗക്കാരെക്കൂടി കോളനിയിൽ ചേർത്തു അവരെ ഉയർത്തുക, എന്നിവയാകുന്നു.

വിമർശനം.

൯. ഈ സംഘം ഇപ്പോൾ കമ്മത്തുപ്പുഴ റിസർവ്വ് വനത്തിൽ [illegible] തിക്കം എന്ന ൫൦ ഏക്കർ ചതുപ്പുനിലം കൃഷിചെയ്തു വരുന്നുണ്ട്. സംഘം [illegible] ഗവൺമെൻ്റുമായി ഒരു ഉടമ്പടിയിൽ ഏർപ്പെടുകയും, അതനുസരിച്ചു സംഘം [illegible] ഗവണ്മെൻ്റിലേക്കു ഒരു നാമമാത്രമായ പാട്ടം കൊടുക്കണമെന്നും [illegible] കൃഷി [illegible] കൃഷിചെയ്തശേഷം [illegible] വ്യവസ്ഥയുണ്ടാക്കുകയുംചെയ്തു. [illegible] കൃഷിചെയ്ത സ്ഥലം [illegible] സ്ഥലങ്ങൾ [illegible] അതായത് [illegible] ആവശ്യമാണ്. [illegible] ൫൦൦ രൂപ [illegible] യാക്കിയിട്ടുണ്ടെന്നും ഇതിൽ ൨,൦൦൦ രൂപ സെൻട്രൽബാങ്കിൽ നിന്നു കടം [illegible] ള്ളതാണെന്നും പറയപ്പെടുന്നു. [illegible] കൃഷി നടത്തിവരുന്നതല്ലാതെ [illegible] ങ്ങളെക്കൂടി പാർപ്പിക്കാൻ ഉദ്ദേശിച്ചിരുന്ന ചിറ [illegible] ഒരു [illegible] ന്നിട്ടില്ല. കോഴി വളർത്തു, നെയ്ത്ത്, [illegible], കുട്ടനെയ്ത്ത്, [illegible] ലയം മുതലായി അനേകം [illegible] ഏർപ്പെടുത്തണമെന്നുള്ള [illegible] പൂർണ്ണപദ്ധതിയുടെ [illegible] ഗണിക്കപ്പെട്ടിട്ടില്ല [illegible]. [illegible] കാർഷികവും വ്യാവസായികവും ആയ ഉൽപ്പന്നങ്ങളെ ഒരുമിച്ചുചേർത്തു ഏററവും കൂടുതൽ ആദായകരമായ രീതിയിൽ വിൽപ്പിക്കണമെന്നും ഒരു ആശയം ഉണ്ടെന്നു ഞങ്ങളോടു പറകയുണ്ടായി. അധഃകൃതരായ വർഗ്ഗക്കാരെ ഉദ്ധരിക്കുക എന്നതു ഒരു പ്രധാനവിഷയമായി ഉൾപ്പെടുത്തിയിരിക്കുന്നതും ഇപ്പോൾ ഒരു കണ്ണിവിദ്യാലയം നടത്തിവരുന്നതും [illegible] ജനസേവാശ്രമത്തിനും ഒരു പ്രാർത്ഥനാമന്ദിരത്തിനും ഞങ്ങളുടെ അദ്ധ്യക്ഷൻ അടിസ്ഥാനമിട്ടിട്ടുള്ളതും ആണ്. പദ്ധതി അത്യാശാകരിതവും ധനപുഷ്ടിക്കുറവുമൂലം സംഘപ്രവൃത്തികൾ ദുഷ്കരവും ആയിരിക്കുന്നതിനാൽ ചില പ്രായോഗികമാർഗ്ഗങ്ങൾകൂടി ശരിയായി ആലോചിക്കാതെ ഇരിക്കുന്നപക്ഷം ഈ അഭിനന്ദനീയമായ പദ്ധതി പരാജയത്തിലാകുമെന്നു ഞങ്ങൾ ഭയപ്പെടുന്നു. ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാളനിയും സഹകരണതത്വത്തിന്മേലുള്ള കാർഷികാഭിവൃദ്ധിയും വിജയകരമായെങ്കിൽ അതു രാജ്യത്തു പലയ സ്ഥലങ്ങളിലും ഉള്ള മററുള്ളവർക്കു അനുകരിക്കാവുന്ന ഒരു നല്ല ഉദാഹരണമായിരിക്കുമെന്നുള്ളതിന ഞങ്ങൾക്കു സംശയമില്ല. ഇത്ര നല്ലതും പ്രശംസാർഹവുമായ ഉദ്ദേശങ്ങളോടുകൂടിയ സംഘത്തിനു പരാജയവും നാശവും നേരിടാതെ ഇരിക്കുന്നതിനു അതിൻ്റെ സ്ഥാപകന്മാർ ഏതെങ്കിലും ഒരു പ്രവൃത്തിയിൽമാത്രം ശ്രദ്ധചെലുത്തി അതിൻ്റെ വിജയത്തിനുക്ക് എല്ലാ സാഹസങ്ങളും ചെയ്യണമെന്നു ഞങ്ങൾ ഉപദേശിക്കുന്നു. ഏതെങ്കിലും ഒരു പ്രത്യേകവിഷയത്തിൽ വിജയം സിദ്ധിച്ചാൽ മററുമാർഗ്ഗങ്ങളിൽ പ്രവർത്തനം [illegible] പ്പെടുത്താൻ സമയമായിരിക്കും. അംഗങ്ങൾ ഇപ്പോൾ ഉത്സുകരായിട്ടുള്ള [illegible] യിൽ അന്തർഭവിച്ചിരിക്കുന്ന നന്മകൾ ശരിയായി മനസ്സിലാക്കത്തക്കവണ്ണം അവരെ പഠിപ്പിക്കേണ്ടതാണ്. പദ്ധതിയുടെ ഗുണങ്ങൾ അവരുടെ ഏമാനങ്ങളിൽ ദൃഢമൂലമാവണം. ഇപ്രകാരമുള്ള നാമസംരംഭങ്ങളിൽ പുതിയപുതിയ അല്ലെങ്കിൽ [illegible] ഇറങ്ങുന്നതിനുമുമ്പ ആവശ്യമുള്ള പ്രാരംഭമൂലധനം ശേഖരിക്കപ്പെടേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. ഈ പുതിയ അധിവാസസംഘം ഗവണ്മെൻ്റു സഹായംകൂടാതെ വല്ലതും ഒന്നു ചെയ്തിട്ടുണ്ടെന്നു തെളിയിച്ചശേഷം ഗവണ്മെൻ്റു അതിനു സാരമായ ധനസഹായങ്ങളും പ്രോത്സാഹനങ്ങളും ചെയ്തുകൊടുക്കുന്നതു ഉചിതമായിരിക്കുന്നതാണ്.

൪—ാം ഭാഗം.

ദീർഘകാല ധനസഹായം.

അദ്ധ്യായം ൧൭.

കർഷകഋണവിമോചനം.

പ്രധാനപ്രശ്നം.

കൃഷീവലന്മാരുടെ ഋണബാദ്ധ്യത ഒരു സാർവത്രികമായ സംഭവവും ആയതു ലോകത്തിൽ എവിടെയും ഉള്ള ഭരണധുരന്ധരന്മാരെ പീഡിപ്പിച്ചിട്ടുള്ള ഏറ്റവും പഴക്കംചെന്ന ഒരു പ്രശ്നവും ആണ്. പുരാതന ഗ്രീസിലും റോമിലും ഋണബാദ്ധ്യത അടിമത്വത്തിനു കാരണമായിത്തീർന്നിട്ടുള്ളതും വിധിക്കടക്കാരെ അറസ്റ്റുചെയ്തു തടവിൽ പാർപ്പിക്കുന്നതിൽനിന്നും ഇന്നും അതിന്റെ ലക്ഷണങ്ങൾ നിലനിന്നുവരുന്നതും ആണ്. ചരിത്രമെഴുത്തു കാലങ്ങൾ മുഴുവനും ഉത്തമാധമർണ്ണന്മാർ ഇരുകൂട്ടരും കുസീദകന്മാരി(പണവ്യാപാരികളി)ൽനിന്നു രക്ഷിക്കപ്പെടേണ്ടവരായി ഇരുന്നിട്ടുള്ളവരാണ്. പ്രാചീനകാലം മുതൽക്കു ഋണബാദ്ധ്യതയുണ്ടായിരുന്നു എന്നു ബൈബിൾ കൊറാൻ മനുശ്ശാസ്ത്രം ഇവയിൽനിന്നു കാണുന്നു. ചൈന ജപ്പാൻ ഈജിപ്റ്റ് ടർക്കി എന്നീ പൌരസ്ത്യരാജ്യങ്ങളും ഈ വ്യാധിനിമിത്തം ഉണ്ടായിട്ടുള്ള സാമ്പത്തിക വിപ്ലവങ്ങളിൽനിന്നു ഒഴിയപ്പെട്ടിട്ടുള്ളവയല്ല.

ലോകം പാടെ ചെയ്തിട്ടുള്ള പരിഹാരപദ്ധതികളുടെ വ്യാപ്തിയും വലിപ്പവും.

൧. ഏതാനും തലമുറകളായി ഈ പ്രശ്നം ലോകത്തെ പരിഷ്കൃതഭരണപദ്ധതികളുടെ നിർന്നിമേഷവും ഉല്ക്കണ്ഠാകുലവുമായ ആലോചനയ്ക്കു വിഷയമായിട്ടുണ്ട്. പ്രയോജനകരമെന്നു തോന്നപ്പെട്ടിട്ടുള്ള എല്ലാ അഭിപ്രായങ്ങളും സസൂക്ഷ്മം പരിശോധിക്കപ്പെടുകയും നിയമസൃഷ്ടികളോ ഭരണവ്യവസ്ഥകളോ മൂലം പലതും ഉദ്ധൃതപങ്ങളായി തീരുകയും ചെയ്തിട്ടുണ്ട്. അമേരിക്കൻ യൂണൈറ്റഡ് സ്റ്റേറ്റ്സിലെ കൃഷിഭൂമി സംരക്ഷണനിയമം ൪½ ശതമാനം പലിശയ്ക്കുള്ള ഫെഡറൽ ലാൻഡ് ബോൺഡുകളെന്നറിയപ്പെടുന്ന കടപ്പത്രങ്ങളുടെ പ്രചരണത്തിനു കാരണമായിത്തീർന്നു. ഇറ്റലിയിൽ കൃഷിക്കാരുടെ കടങ്ങളെ ൩൰ വർഷത്തേക്കുള്ളതും മുതലും പലിശയും ആയി പ്രതിവർഷം ൭½ ശതമാനം വീതം അടയ്ക്കേണ്ടതായ പണയ ബാദ്ധ്യതകളാക്കി രൂപാന്തരപ്പെടുത്തി. ജർമ്മനിയിൽ ൧൯൧൪-നു മുമ്പു ഉണ്ടായിട്ടുള്ള കടങ്ങൾ തീർക്കുന്നതിനു ഗവർമ്മെന്റിനോടു അപേക്ഷിക്കാൻ കടക്കാർ പ്രാപ്തരായി. ആസ്റ്റ്റിയ ഈടു വസ്തുക്കളെ നിർബന്ധിതമായി വില്ക്കുന്നതിൽനിന്നും പ്രത്യേക ചട്ടങ്ങൾ മൂലം ഒഴിവാക്കി. കടങ്ങൾ ഒതുക്കാനും പലിശ കുറയ്ക്കാനും ആസ്ട്രേലിയായും ക്യാനഡായും സുപ്രീം കോടതികളെ അധികാരപ്പെടുത്തി. ആസ്ത്രേലിയായിലെ പല രാജ്യങ്ങളും പണയവസ്തുക്കൾ വില്ക്കാനുള്ള അവകാശം നിയമംമൂലം നിയന്ത്രിച്ചു. ന്യൂസൌത്ത്വെയിത്സിൽ വിലക്കുറവുകൾ നിലനില്ക്കുന്നിടത്തോളം ഉത്തമർണ്ണന്മാർ കോടതിയുടെ അനുവാദം കൂടാതെ മുതലോ പലിശയോ ആവശ്യപ്പെട്ടുകൂടെന്നു മോറട്ടോറിയം ആക്റ്റു പാസ്സാക്കി. ൧൯൩൨-ൽ തെക്കേ ആസ്ട്രേലിയായിൽ മറ്റൊരു നിയമംമൂലം കടക്കാർ അവരുടെ കടം അടുത്ത രണ്ടുകൊല്ലത്തേക്കു കൊടുക്കാൻ നിർബന്ധിക്കപ്പെടത്തതെന്നു വ്യവസ്ഥചെയ്തു. മാനിട്ടോബായിൽ കടം വകവച്ചുതീർക്കുന്നതിനു ഒരു കമ്മീഷനെ (Debt adjustment commission) നിയമിച്ചു. കൃഷിക്കടക്കാരും അവരുടെ ഉത്തമർണ്ണന്മാരുമായുള്ള വ്യത്യാസങ്ങൾ പറഞ്ഞുതീർക്കുന്നതിനു ഹാളണ്ടിൽ കോടതികൾ ഏർപ്പെടുത്തി. റുമേനിയാ യു. എസ്. എ. യൂഗോസ്ലാവിയ എന്നീ സ്ഥലങ്ങളിലും ചില ധീരപദ്ധതികൾ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഈ പരീക്ഷണങ്ങൾ ഉദ്ദേശപ്രാപ്തിയിൽ ഫലപ്രദങ്ങളായില്ല. സാമ്പത്തിക നിയമങ്ങളിൽ ഇടപെടുന്നതു പ്രകൃതി സിദ്ധാന്തങ്ങളെ എതിർക്കുന്നതുപോലെ അപകടകരമാണെന്നു മാത്രം അവ തെളിയിച്ചു.

ഇൻഡ്യയിലെ ചിരപ്രതിഷ്ഠിതമായ ഋണസ്ഥിതി.

൩. ഇൻഡ്യയിലെ കൃഷിക്കാരന്റെ സാമ്പത്തിക ജീവിതത്തിൽ ഋണം ഒരു പുതിയപ്രശ്നം ആയിരിക്കുന്നില്ല. ഋണബാദ്ധ്യത നമ്മോടുകൂടിത്തന്നെയുണ്ടായിരുന്നു. ചരിത്രകാലങ്ങളിലൊന്നും ഇൻഡ്യയിലെ കൃഷിക്കാരൻ കടത്തിൽനിന്നും വിമുക്തനായിരുന്നിട്ടില്ല, (പി. ജെ. താമസ്). ബ്രിട്ടീഷുഭരണത്തിന്റെ ആരംഭകാലങ്ങളിലും വളരെ കടങ്ങൾ ഉണ്ടായിരുന്നു എന്നു മൺറോ എൽഫിൻസ്റ്റൺ മുതലായവരുടെ ലേഖനങ്ങളിൽനിന്നു വെളിവാകുന്നതിനാൽ കടം വാങ്ങുകയും തുടരെ കടത്തിൽതന്നെ ജീവിക്കുകയും ചെയ്യുന്നതു സുവിദിതങ്ങളായ പരമാർത്ഥങ്ങളാണെന്നു് നിഷ്പ്രയാസം പറയാവുന്നതാണ്. മേൽപറഞ്ഞ ലേഖകന്മാരുടെ കാലശേഷം വിശിഷ്യ കഴിഞ്ഞ അര ശതാബ്ദകാലം ഋണബാദ്ധ്യത വലിയ തോതിൽ വർദ്ധിച്ചു വരികയായിരുന്നു. "രാജ്യത്തെ ഗ്രാമീണഋണബാദ്ധ്യത അത്യന്തീനമായിട്ടും, ജനസംഖ്യയിൽ ൪൦ ശതമാനം കടമുള്ളവരായും, ആകെ കടത്തിന്റെ സംഖ്യ ൨൦൦ മുതൽ ൫൦൦൦ കോടി വരെ എന്നു പലവിധം മതിക്കപ്പെട്ടും, ഇരിന്നു. ഈ കടങ്ങളുടെ പലിശമാത്രം ആണ്ടുതോറും ൧൦ കോടി വീതം എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഋണബാദ്ധ്യതയുടെ വലിപ്പം അഭംഗുരമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നും കണക്കാക്കപ്പെടുന്നു."

ഇൻഡ്യയിലെ ഗ്രാമീണഋണങ്ങൾ ൯൦൦ കോടി രൂപയെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

൪. ഇൻഡ്യൻ രാജകീയ കാർഷികകമ്മിഷൻ താഴെപ്പറയും പ്രകാരം സ്ഥിതികൾ സംഗ്രഹിച്ചു പറയുന്നു.

൫. മൊത്തത്തിലുള്ള ഗ്രാമീണഋണങ്ങൾ പ്രാവിൻസുകളിൽ വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതു മിക്കവാറും തീർച്ചയാണ്. ജനങ്ങളുടെ വർദ്ധിച്ചുവരുന്ന സ്വത്തുമായുള്ള കടത്തിന്റെ അനുപാതം അതേ നിലയിൽതന്നെയിരിക്കുന്നുവോ, അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള കൃഷിക്കാർക്കു മുമ്പിലത്തേക്കാൾ ഭാരം കൂടുതലോ കുറവോ എന്നുള്ള സംഗതികൾക്കു ഞങ്ങൾക്കു ലഭിച്ചിട്ടുള്ള തെളിവുകൾ ഉത്തരം നൾകുന്നില്ല. പ്രൊവിൻഷ്യൻ കമ്മിററികൾ തയ്യാറാക്കിയിട്ടുള്ള കണക്കുകൾ സങ്കലനംചെയ്തു ഇൻഡ്യയിലെ മൊത്തം ഗ്രാമീണഋണം ൯൦൦ കോടി എന്നു കണക്കാക്കിയിരിക്കുന്നു. ഇതിന്റെ വിശദമായ വിവരങ്ങളും ഹൈദ്രബാദ്, തിരുവിതാംകൂർ എന്നീ രാജ്യങ്ങൾ ഉൾപ്പെടെ പല പ്രോവിൻസുകളിലെയും മൊത്തം ഉല്പാദന വിലയും, ഗ്രാമീണഋണബാദ്ധ്യത എന്ന പേരിൽ ഡോക്ടർ പി. ജെ. താമസ് എഴുതിയിട്ടുള്ള ലഘുപത്രിക ൫൫-ാം പുറത്തു കൊടുത്തിട്ടുള്ളതിനെ ഞങ്ങൾ അല്പംസ്വാതന്ത്ര്യമായി ഇവിടെ ഉദ്ധരിക്കുന്നു.

പ്രൊവിൻസ്.	ജനസംഖ്യ ഫ ം ലക്ഷം	മൊത്തം ജ്ഞണബാദ്ധ്യത കോടി	കൃഷിക്കാറന് ശരാശരി കടം ത്രുപ	പ്രധാന വിളവുകളുടെ മൊത്തം വില, ലക്ഷം രൂപ. ഫൻവ വ്വ-വൻ	ഫൻന.ഫ-നവ
മദ്രാസ്	ർന്ന·൭	ഫ൬൦	൬൦	ഫവ്വ൦൭ൃ	ഫ൦ഫവ൬
ബാംബെ	വ ൧·വ്വ	വ്വഫ	ർൻ	ഫവ൦൬വ	ന്നന്ന൬ന്ന
ബെംഗാൾ	൭൦·ഫ	ഫ൦൦	നഫ	വനവ൬ൻ	ഫ൦ന്ന൭ഫ
യുണൈറഡ് പ്രാവിൻസുകൾ	ർവ്വ·ർ	ഫവർ	നന്ന	ഫർ൦൭വ	ൻവവഫ
ബർമ്മാ	ഫർ·ന്ന	൭൦ മുതൽ ന്ന൦ വരെ	...	ന്നനനവ്വ	വൻവ൦
സെൻട്രൽ പ്രാവിൻസുകൾ	ഫ൭·൭	നന്ന	ന൦	ന്വവ്വ൭൭	നവർവ
പഞ്ചാബ്	വന·൭	ഫന൬	ൻവ	൭ന്ന൭വ്വ	ന൭ർൻ
ബീഹാർ ഒറീസ്സാ	ന൭·൬	ഫ൭൬	നഫ	ഫന൬ഫ൭	൭ഫ൦൬
ആസ്സാം	വ്വ·ന്ന	വവ	നഫ	...	...
സെൻട്രൽ ഏഷ്യാ	...	ഫവ്വ	...	...	...
ബ്രി. ഇൻഡ്യാ മൊത്തം	വ൭ഫ·൭	വ്വവ്വഫ	...	ഫ൦ഫവ്വ൬ഫ	൬നന്നവ്വൻ
ഹൈദരബാദ്	ഫർ ർ	...	...	...	....
മൈസൂർ	വ്വ·൭	...	...	...	...
തിരുവിതാംകൂർ	൭·൦	വ൭	൭ർ	...	...

ഇൻഡ്യയിൽ ഇന്നുള്ള കടത്തിന്റെ നാമമാത്രവും യഥാർത്ഥവും ആയ ഭാരത്തിന്റെ ഏകദേശജ്ഞാനം ഈ പട്ടികയിൽനിന്നു ലഭിക്കുന്നതാണ്. തിരുവിതാംകൂറിൽ മൊത്തം കടം വ൭ കോടിയെന്നു മി. താമസ് പറയുന്നു. ഫൻന൦-ൽ അന്വേഷണം

നടത്തിയ തിരുവിതാംകൂറിലെ ബാങ്കിംഗ് അന്വേഷണക്കമ്മിററി രാജ്യത്തെ മുഴുവൻ കടവുംകൂടി ൨൧൨൬ കോടി രൂപയെന്നു കണക്കാക്കിയിരിക്കുന്നു. ഇതു തിരഞ്ഞെടുക്കപ്പെട്ട ചില പ്രദേശങ്ങളിൽ ഈടുവച്ചതും അല്ലാത്തതും ആയ കടങ്ങളെപ്പററി വീടുതോറുംചെന്നു അന്വേഷിച്ചു നടത്തപ്പെട്ട ഒരു സവിസ്താരാന്വേഷണ ഫലമായി ലഭിച്ചിട്ടുള്ള കണക്കാണ്. എന്നാൽ അന്നുകണ്ട മാതിരി രാജ്യത്തെ സമ്പാദകന്മാരുടെ ആകെ മുതൽ, ആദായം, കടം എന്നിവയുടെ ഒരു സാമ്പത്തിക സർവെ കൂടി ഉൾപ്പെട്ടതായ ൧൧൦൬-ലെ തിരുവിതാംകൂർ ജനസംഖ്യ റിപ്പോർട്ടിൽ രാജ്യത്തെ ആകെക്കടം ൨൪ കോടി രൂപയെന്നും ആളൊന്നിനുള്ള കടം ൩൨ രൂപയെന്നും പറഞ്ഞിരിക്കുന്നു.

തിരുവിതാംകൂറിലും പുറമേയും ഉള്ള ആളോഹരിക്കടം.

൭. റിപ്പോർട്ടിൽത്തന്നെ പറയുന്നതു കടം യഥാർത്ഥത്തിൽ ഇതിൽ കവിഞ്ഞിരിക്കും എന്നാണ്. ഒരു താരതമ്യബോധത്തിനായി പല പ്രാവിൻസുകളിലും ഉള്ള ഗ്രാമീണ ജനതയുടെ ആളോഹരി വീതമുള്ള കടത്തിന്റെ ഒരു പട്ടിക ഞങ്ങൾ താഴെ ചേർക്കുന്നു.

ഇൻഡ്യ	൩൭	രൂപ
ബെംഗാൾ	൨൮	,,
ആസ്സാം	൨൩	,,
മദ്രാസ്	൩൯	,,
ബീഹാർ ഒറീസ്സാ	൪൩	,,
ബർമ്മാ	൪൧	,,
ബോംബേ	൪൬	,,
പഞ്ചാബ്	൩൩	,,
തിരുവിതാംകൂർ	൩൨	,,

ജനസംഖ്യറിപ്പോർട്ടിൽ താഴെപ്പറയുംവിധം ഈ വിഷയം അവസാനിപ്പിച്ചിരിക്കുന്നു: തിരുവിതാംകൂറിലെ ഋണബാദ്ധ്യത ഇൻഡ്യയിലേതിനെക്കാളും അല്ലെങ്കിൽ അടുത്തുള്ള മദ്രാസ് പ്രസിഡൻസിയിലുള്ളതിനെക്കാളും അല്പം കൂടിയിരിക്കാവുന്നതും ആളൊന്നിനു ശരാശരി കടം ൪൦ രൂപയെന്നു ന്യായമായി ഉദ്ദേശിക്കാവുന്നതുമാണ്. ശരാശരി എന്തായിരുന്നാലും സംസ്ഥാനത്തെ മൊത്തം കടം ൨൦ കോടിയിൽ കുറവല്ലെന്നു ജനസംഖ്യറിപ്പോർട്ടിൽ സമർത്ഥിച്ചിട്ടുള്ളതിനോടു ഞങ്ങൾ യോജിക്കുന്നതും ഈ ൨൦ കോടി ഒരു മിതമായ സംഖ്യയായിരിക്കുന്നതുമാണ്. ഇപ്പോഴത്തെ സാമ്പത്തികാധഃപതനവും തന്മൂലം സാധനങ്ങൾക്കുണ്ടായിട്ടുള്ള ഭീമമായ വിലക്കുറവും ഏറെക്കുറെ മിതസേന എന്ന വണ്ണം വർദ്ധിച്ചുവരുന്ന കാർഷികഋണങ്ങൾ നിമിത്തമുണ്ടായിട്ടുള്ളതാണെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്നു. വരൾച്ചകളും വിലക്കുറവുകളും ഇൻഡ്യൻ കൃഷിക്കാരെ ഇടക്കിടയ്ക്കു മാത്രം പീഡിപ്പിക്കുന്നു എന്നും കുസീദകന്മാരാകട്ടെ എല്ലായ്പ്പോഴും അവരോടു കൂടിയുണ്ടെന്നും ൧൯൩൪ ജനവരിയിലെ ഏഷ്യാററിക്കറിവ്യൂവിൽ ഇൻഡ്യൻ നാട്ടുരാജ്യങ്ങളുടെ അഭിവൃദ്ധി എന്ന ലേഖനത്തിൽ മിസ്റ്റർ. ജാൺ സിലാവാല പ്രസ്താവിച്ചുകാണുന്നു. ഡെക്കാണിലെ കർഷക വിപ്ലവങ്ങളെപ്പററി അന്വേഷിക്കാൻ നിയമിക്കപ്പെട്ട കമ്മീഷൻ കൃഷിക്കാരന്റെ ദാരിദ്ര്യാവസ്ഥക്കു കണ്ടിട്ടുള്ള മററു പല കാരണങ്ങൾ ഊഷരഭൂമി അനിശ്ചിത ശീതോഷ്ണസ്ഥിതികൾ. ആദായത്തിന്റെ അനിശ്ചിതാവസ്ഥ, അജ്ഞത, അമിതവ്യയം, പൂർവകടങ്ങൾ, ധാന്യവർദ്ധന, ആദായവർദ്ധനയെ കവിഞ്ഞുള്ള ജനസംഖ്യാവർദ്ധന, പണവ്യാപാരിയുടെ സ്വാധീനംകൊണ്ട് കടം വാങ്ങാനുള്ള സൌകര്യങ്ങൾ, പലിശക്കുട്ടി മുതലോടുചേർത്തു കടങ്ങൾ പുതുക്കുന്നതിനു ഇടയാക്കുന്ന കലഹരണ നിയമങ്ങൾ, സ്ഥിരമായ നികുതി ഏർപ്പാടുകൾ, എന്നിവയാണ്. ഈ ദീർഘമായപട്ടികയോടുകൂടി അനസ്യൂതമായുണ്ടാകുന്ന ഭൂമിയുടെ ഗുണക്കുറവും കടലാക്രമണവുംകൂടി ഉൾപ്പെടുത്താവുന്നതാണ്.

ഏററവും നിശിതമായ ഗ്രാമീണപ്രശ്നം.

൬. ഇവയുടെയെല്ലാം സംയുക്തഫലമായി ഇൻഡ്യയിൽ കർഷകജനതയെ ബന്ധിക്കുന്ന ഗ്രാമീണഋണവലയം പൂർവാധികം അവരെ ഞെരുക്കുകയും അതു ഗ്രാമീണസമ്പത്ശാസ്ത്രസംബന്ധമായ ഏററവും നിശിതമായ ഒരു പ്രശ്നമായിത്തീരുകയും ചെയ്തിരിക്കുന്നു. 'ഇൻഡ്യൻ കൃഷിക്കാരൻ കടത്തിൽ ജനിച്ചു കടത്തിൽ വളർന്നു കടത്തിൽ മരിച്ചു കടം പിൻഗാമികൾക്കു കൊടുക്കുന്നു' എന്നു പറഞ്ഞിട്ടുള്ളതു എത്രയും പരമാർത്ഥമാണു്. അതിനാൽ സാമ്പത്തികാഭ്യുദയത്തിലേക്കായി ഉദ്ദേശിക്കപ്പെടുന്ന ഏതു പദ്ധതികൾക്കും മുമ്പായി ഋണമോചനം ഒരു പ്രാഥമികാവശ്യമായി തീർന്നിട്ടുണ്ടു്. കർഷകന്മാരുടെ ദാരിദ്ര്യത്തെ ഇങ്ങനെ ഋണഭാരത്തിനു അല്പാല്പമായി പരിഹാരങ്ങൾ ചെയ്യുന്നതിനു വിഷമമുള്ള തരത്തിൽ അതു അത്ര പർവതസമാനമായ ഒരു പ്രതിബന്ധമായി തീർന്നിരിക്കുന്നതും സംപൂർണ്ണ പരിപാടിയോടുകൂടിയ ഒരു ചികിത്സാക്രമംകൊണ്ടല്ലാതെ വ്യാധിയെ ഉന്മൂലനം ചെയ്യാൻ എളുപ്പമല്ലെന്നും ബംഗാൾ വാണിജ്യമണ്ഡലം പ്രസിഡൻറും സെൻട്രൽബാങ്കിംഗ് അന്വേഷണക്കമ്മിററി അംഗമായിരുന്നയാളും ആയ നളിനരഞ്ജൻ സർക്കാർ ഒരു ലഘുപത്രികയിൽ പറഞ്ഞിട്ടുള്ളതു എത്രയോ പരമാർത്ഥമായിരിക്കുന്നു. കടത്തിൻെറ ഭാരവും അതു വീട്ടുന്നതിനു കൃഷിക്കാരനുള്ള അപ്രാപ്തിയും, ഋണപീഡിതരും എന്നാൽ കാര്യത്തിൽ നിർദ്ധനരും ആയ കൃഷിക്കാരുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനു വേണ്ട പരിഹാരപദ്ധതികൾ എത്രയും പെട്ടെന്നു ഏർപ്പെടുത്തേണ്ടവിധം അത്ര മൂർദ്ധന്യത്തിൽ എത്തിയിട്ടുള്ളതാകുന്നു. അതു വളരെക്കാലത്തേക്കു ഇടവിടാതെ ശ്രദ്ധാപൂർവമായ ഒരു ചികിത്സാക്രമം കൊണ്ടു മാത്രമേ ഭേദപ്പെടുകയുള്ളൂ. അതിലേക്കു അടിയന്തിരങ്ങളായ പദ്ധതികൾ ഒരു ഋണലഘൂകരണ പരിപാടി ഏർപ്പെടുത്തുകയും ഭൂപണയബാങ്കു സ്ഥാപിക്കയും ആണെന്നാണു് മിസ്റ്റർ സർക്കാരിൻെറ അഭിപ്രായം.

സഹകരണത്തിനു മുമ്പുണ്ടായിട്ടുള്ള കർഷകരക്ഷാവ്യവസ്ഥകൾ.

൭. കടം പരിഹരിക്കുന്നതിനു മുൻകാലങ്ങളിൽ പല ശ്രമങ്ങളും ചെയ്തിട്ടുണ്ടു്. തക്കാവികടങ്ങൾ, കൃഷിപരിഷ്കരണവായ്പകൾ, ഡക്കാൻ മുതലായ കർഷകരക്ഷാനിയമപ്രകാരമുള്ള സഹായങ്ങൾ നിയമംമൂലം കുസീദവൃത്തിയെ നിയന്ത്രിക്ക എന്നിവയെല്ലാം മുൻകാലം പരീക്ഷിച്ചതിൽ ശാശ്വതമായ പ്രയോജനം ഉണ്ടായിട്ടില്ല. ഒരു ലഘുവായ നിർദ്ധനത്വവ്യവസ്ഥ, കടങ്ങൾ പൊതുവെ നിരാകരിക്കപ്പെടുകയോ ഓരോ കാലങ്ങളിൽ റദ്ദു ചെയ്യപ്പെടുകയോ ചെയ്ക, എന്നിവയും വാദപ്രതിവാദം ചെയ്യപ്പെട്ടു. ഇതേവരെ രണ്ടു പ്രതിവിധികൾ മാത്രം പര്യാപ്തമായി ഉപദേശിക്കപ്പെട്ടിരിക്കുന്നതും അവ കർഷകകടങ്ങളെ പൂർണ്ണമായി പരിഹരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നതും അതായതു, അവ (എ) ഉല്പാദന മാർഗ്ഗങ്ങളും, വിളവു സംരക്ഷണവും വിക്രയ സമ്പ്രദായങ്ങളും നന്നാക്കി കൃഷിവക ആദായം വർദ്ധിപ്പിക്കുകയും (ബി) ദുർവ്യയങ്ങൾ കുറച്ചു മിതവ്യയം പരിശീലിപ്പിക്കുകയും ആകുന്നു. ഇവ രണ്ടും കാലതാമസമുള്ളവയും ഉടനെ സാദ്ധ്യമല്ലാത്തവയും ആണു്.

ഹാരോൾഡ് ബട്ളർ സാമുദായിക സമ്പദ്വിധാനത്തെപ്പററി.

൮. ധനകാര്യങ്ങൾ പുനസ്സംഘടിപ്പിക്കുക എന്നതാണ് ഇന്നത്തെ രീതി. അത്യന്തവ്യവസായ രാജ്യമായ ഗ്രേററുബ്രിട്ടണിൽ കൃഷികാര്യാദികളിൽ അത്യന്തിനമായ സാമ്പത്തിക സംഘടന ഏർപ്പെടുത്തിയിരിന്നു എന്നു കാണുന്നതു കൌതുകപ്രദമായിരിക്കും. നാട്ടു കമ്പോളങ്ങളിൽ വില വ്യത്യാസം ഉണ്ടാകാതെയിരിക്കുന്നതിലേക്കു ഇറക്കുമതികളെ നിയന്ത്രിച്ചുകൊണ്ടുള്ള ഗവൺമെൻറ നടപടികളുടെ സഹായത്തോടുകൂടി ഹോപ്പ്ചെടികൾ, പാൽ, പന്നി, പന്നിയറച്ചി ഉരുളക്കിഴങ്ങു, ഗോതമ്പ് എന്നിവയുടെ വിക്രയ സംരക്ഷണത്തിനു നിയമസൃഷ്ടങ്ങളായ സമിതികൾ ഇപ്പോൾ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. യുണൈറഡ് സ്റ്റേററസുകളിലെ വിപുലമായ പരീക്ഷണങ്ങളോടു താരതമ്യപ്പെടുത്തുന്നപക്ഷം ഗ്രേററുബ്രിട്ടണിലെ ഈ വ്യവസ്ഥിത ശ്രമങ്ങൾ നിസ്സാരങ്ങളാണ്. എല്ലാം

പ്രധാനപ്പെട്ട കാർഷികോല്പന്നങ്ങളുടെയും ഉല്പാദനവും വിക്രയവും നിയന്ത്രിക്കുന്നതിനു അവിടത്തെ കൃഷി ഡിപ്പാർട്ടുമെൻറു ഒരു സവിസ്തരമായ കാര്യപരിപാടി തുടങ്ങിയിട്ടുള്ളതാകുന്നു. കടങ്ങൾ പൊതുവെ റദ്ദുചെയ്യു, തല്ക്കാലത്തേക്കു നിറുത്തിവയ്ക്കു, മുതലായി കർശന നടപടികൾ ഒന്നും നടത്തിയിട്ടില്ലെങ്കിലും കഴിഞ്ഞ ൩൦ വർഷങ്ങൾക്കു മേലായി കൃഷിക്കാരുടെ രക്ഷയ്ക്കു വേണ്ടി രാജ്യത്തിന്റെ പല ഭാഗങ്ങളിലും പദ്ധതികൾ പരീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. ൧൮൯൭ മുതൽ ൧൯൦൦ വരെ നീണ്ടുനിന്ന ക്ഷാമകാലത്തെ ബന്ദോബസ്തവേളയിൽ സെൻട്രൽ പ്രാവിൻസുകളിലെ പല ഡിസ്ത്രിക്റ്റുകളിലും ഋണലഘൂകരണം നടത്തപ്പെട്ടിട്ടുണ്ട്.

പല പ്രാവിൻസുകളിലും രാജ്യങ്ങളിലും ഉള്ള ശ്രമങ്ങൾ.

൯. ൧൯൦൩-നും ൧൯൧൮-നും ഇടയ്ക്കു ഒറീസ്സാ ഗവർമ്മെൻറു ഒരു ഋണമോചനപരിശ്രമം ചെയ്തു. പൊതുവേയുള്ള സാമ്പത്തികാധഃപ്പതനം തുടങ്ങിയതോടുകൂടി പഞ്ചാബിലെ പല ഡിസ്ത്രിക്റ്റുകളിലും ഇപ്രകാരമുള്ള ശ്രമങ്ങൾ ചെയ്തിട്ടുണ്ട്.

(എ) അഭൂതപൂർവ്വമായ വിലക്കുറവുകൾ നിമിത്തം ഈ പ്രശ്നത്തിനു ഇപ്പോൾ ഒരു ഗൌരവവും പ്രാധാന്യവും ഉണ്ടായിട്ടുണ്ട്. മിക്ക പ്രൊവിൻഷ്യൽ ഗവർമ്മെൻറുകളും ഈ പ്രശ്നത്തിന്റെ ഗൌരവസ്ഥിതി മനസ്സിലാക്കിയിട്ടുള്ളതും പല പ്രാവിൻസുകളിലും ഓരോരോ പ്രശ്നവശങ്ങളെ പുരസ്കരിച്ചു നിയമപരിഹാരങ്ങൾ ഉണ്ടാക്കുകയോ ഉണ്ടാക്കാൻ ഉദ്ദേശിക്കുകയോ ചെയ്തുവരുന്നതും ആകുന്നു. ഈ വിഷമപരിഹാരത്തിലേക്കു പഞ്ചാബിമോത്തരദേശത്തു ഒരു കർഷക ബാങ്കു ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഈ വിഷയത്തിൽ വളരെ വിലയേറിയ വിജ്ഞാനങ്ങൾ ആ പദ്ധതിയിൽ അടങ്ങിയിരിക്കുന്നതിനാൽ അതിനെ ഞങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഉത്തമർണ്ണന്മാർ കണക്കു വയ്ക്കണമെന്നും ആറുമാസത്തിലൊരിക്കൽ അധമർണ്ണന്മാർക്കു കണക്കുകൾ കൊടുക്കണമെന്നും നിർബന്ധിക്കുന്നതായ ഒരു കണക്കുവയ്പു നിയമം ൧൯൩൦-ൽ പഞ്ചാബിൽ പാസ്സാക്കപ്പെട്ടിട്ടുണ്ട്. ൧൯൩൪-ലെ പഞ്ചാബ് ഋണവിമോചന ബിൽ പ്രതിപക്ഷക്കാരുടെ എതിർപ്പുകൾ ഉണ്ടായിരുന്നിട്ടും ഗ്രാമോദ്ധാരണക്കമ്മീഷണർ പഞ്ചാബ് നിയമസഭയിൽ അവതരിപ്പിച്ചിരിക്കയാണ്. പ്രാവിൻസിലുള്ള എല്ലാ തരം കടക്കാരെയും ബിൽ ഉൾപ്പെടുത്തുന്നില്ല. മററു കാര്യങ്ങളുടെ കൂട്ടത്തിൽ അതു ഋണലഘൂകരണബോർഡുകൾ സ്ഥാപിക്കുക, പലിശയുടെ മിതാമിതത്വം നിർണ്ണയിക്കുക, ൨൫൦ രൂപയിൽ കവിയാത്ത കടത്തോടുകൂടിയതു്, ൧,൦൦൦ രൂപയ്ക്കു കംവിലയുള്ള ഭൂമിയുടമസ്ഥനു നിർബ്ബന്ധനിയമത്തിലെ ചില വ്യവസ്ഥകളിൽ രക്ഷനേടുന്നതിനു കഴിവുണ്ടാക്കുക, കൃഷിക്കടക്കാരുടെ പേരിൽകൊണ്ടുവരുന്ന വ്യവഹാരങ്ങളിൽ ഠൾപ്പെട്ട നിയമം ഏർപ്പെടുത്തുക (പലിശഭാരത്തിൽനിന്നു രക്ഷപ്രാപിക്കുന്നതിനു കൃഷിക്കടക്കാരനെ കടത്തിൽ അംശമോ മുഴുവനുമോ കോർട്ടിൽ കെട്ടിവയ്ക്കാൻ അനുവദിക്കുക) എന്നിവയും ബില്ലിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഈ പദ്ധതിയ്ക്കു മിക്കവാറും ഉത്തരവാദിയായ പഞ്ചാബിലെ റൂറൽ ഡവലപ്പുമെൻറ് കമ്മീഷണർ മി: എഫ്. എൽ. ബ്രേയിൻ ഐ. സി. എസ്. ന്റെ അഭിപ്രായങ്ങൾ കൌതുകകരവും വിജ്ഞാനപ്രദവും ആയിരിക്കുമെന്നുള്ളതിനാൽ ചില ചോദ്യങ്ങൾക്കുത്തരമായി അദ്ദേഹം പ്രസിഡൻറിനു അയച്ചിട്ടുള്ള ഒരു ലററിന്റെ പകർപ്പു ഞങ്ങൾ അടിയിൽ ചേർത്തിരിക്കുന്നു. (അനുബന്ധം ൧൪) മറുപടിയിൽ മററു വിഷയങ്ങളുടെ കൂട്ടത്തിൽ ഋണമോചനത്തെപ്പററിയും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്.

(സി) ബെംഗാളിലെ ൧൯൩൩-ലെ കുസീദകനിയമം ഉത്തമർണ്ണനിൽനിന്നു കടത്തിന്റെ പൂർണ്ണവിവരം അധമർണ്ണനു ലഭിക്കുന്നതിനു സൌകര്യം ഉണ്ടാക്കുകയും ൧൦ ശതമാനത്തിൽ കവിഞ്ഞ പലിശയുള്ളതോ ൬ മാസത്തിൽ കുറഞ്ഞ അവധിയുള്ളതോ ആയ ഇടപാടുകളിൽ പലിശയ്ക്കു (കൂട്ടു) പലിശ ഈടാക്കുന്നതിനെ വിരോധിക്കുകയും അക്രമപ്പലിശനിരക്കു നിശ്ചയിക്കുകയും, ഠൾപ്പെട്ട നിയമം പ്രായോഗികമാക്കുകയും ചെയ്തിരിക്കുന്നു.

കൃഷിക്കടങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഏർപ്പെടുത്തേണ്ടതിന്റെ അത്യാവശ്യകതയെപ്പററി ഗവൺമെൻറിലേക്കു ശുപാർശചെയ്യാൻ ബെംഗാൾ ധനപരിപോഷണാന്വേഷണ സമിതിയിലെ കൃഷി സബ് കമ്മിററി തീരുമാനിച്ചിട്ടുള്ളതായി അറിയുന്നു. ഉത്തമർണ്ണനും അധമർണ്ണനും തമ്മിൽ യോജിപ്പുണ്ടാക്കുന്നതിനു നിയമനിർബന്ധം ചെയ്യേണ്ട ആവശ്യത്തെ ചൂണ്ടിക്കാണിച്ചിട്ടു സെൻട്രൽ പ്രാവിൻസുകളിലെ ബില്ലിനെപ്പോലെ ഒരു ബിൽ ബെംഗാൾ നിയമസഭയിൽ അടുത്ത യോഗത്തിൽ അവതരിപ്പിക്കണമെന്നു കമ്മിററി അഭിപ്രായപ്പെട്ടിരിക്കുന്നു.

(ഡി) ൧൯൩൩-ലെ സെൻട്രൽ പ്രാവിൻസു ഋണലഘൂകരണനിയമം. കടങ്ങൾ തീർക്കുന്നതിനു ഉത്തമർണ്ണനോ അധമർണ്ണനോ അപേക്ഷ സമർപ്പിക്കാവുന്നതായ ഋണലഘൂകരണസമിതികളെ നിയമിക്കാൻ വ്യവസ്ഥ ചെയ്യുന്നു. കുസീദകവായ്പ വ്യവസ്ഥകളുടെ പ്രവർത്തനത്തിൽ അനുഭവപ്പെട്ട ചില വിഷമതകൾ പരിഹരിക്കുന്നതിനു ൧൯൩൪-ൽ സെൻട്രൽ പ്രാവിൻസിൽ കുസീദകവായ്പ നിയമം (Usurious Loans Act.) എന്ന പേരിൽ മറെറാരു നിയമവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഈ) യുണൈറ്റഡ് പ്രാവിൻസ് കർഷകരക്ഷാ ബിൽ (൧൯൩൪) നിയമസഭയുടെ ആലോചനയിൽ ഇരിക്കുന്നു. ഈ ബിൽ ചെറിയ കൃഷിക്കാരുടെ കാര്യത്തിൽ നാലു വർഷവും മററുള്ളവർക്കു ൧൦ വർഷവുംകൊണ്ടു നിശ്ചിത തീയതികളിൽ തവണകളായി കടം അടയ്ക്കാൻ, വിധി പുറപ്പെടുമ്പോൾ കടക്കാരനെ അനുവദിക്കുന്നതിനു, കോടതികളെ അധികാരപ്പെടുത്തുന്നു. മേലാലുള്ള പലിശയെ നിയന്ത്രിക്കുക, കൃഷിക്കാരുടെമേലുള്ള വ്യവഹാരങ്ങളുടെ സ്വഭാവം ക്ലിപ്തപ്പെടുത്തുക, കൈവശപ്പണയങ്ങളുടെ രൂപവ്യത്യാസങ്ങളും നിശ്ചയിക്കുകയും ഒഴിപ്പിക്കുന്നതിനു സൌകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക, ഒപ്പിട്ടു എന്നറിയപ്പെടുന്ന വ്യവസ്ഥപ്രകാരം വായ്പകൾക്കു മേലാലുണ്ടാകുന്ന പലിശവർദ്ധനയെ കുറയ്ക്കുക, കൃഷിക്കടങ്ങൾക്കു വയ്ക്കേണ്ട കണക്കെഴുത്തു രീതി നിർണ്ണയിക്കുക എന്നീ കാര്യങ്ങൾകൂടി അതിൽ ശുപാർശ ചെയ്തിട്ടുണ്ട്. ഗ്രാമീണജനങ്ങളെ ഉൽമൂലനം ചെയ്യുന്നതിനു യുണൈറ്റഡ് പ്രാവിൻസുകളിൽ ഒട്ടധികം മാർഗ്ഗങ്ങൾ ആലോചിക്കപ്പെടുന്നുണ്ട്.

(എഫ്) റാവുബഹദൂർ. ററി. ഏ. രാമലിംഗം ചെട്ടി അവതരിപ്പിച്ചിട്ടുള്ള മദ്രാസ് അധമർണ്ണബിൽ, മദ്രാസ് ഋണപരിഹാരബിൽ എന്ന രണ്ടു ബില്ലുകൾ ഇപ്പോൾ മദ്രാസ് നിയമസഭയുടെ ആലോചനയിൽ ഇരിക്കുന്നുണ്ട്. ഇതിൽ ആദ്യം പറഞ്ഞതു പഞ്ചാബിലെ കണക്കെഴുത്തു നിയമത്തെ സാമാന്യമായി അനുകരിക്കുന്നു. മററേതു ൫൦,൦൦൦ രൂപയിൽ കവിയാത്ത കടമുള്ള കൃഷിക്കാരെ സംബന്ധിക്കുന്നതും സെൻട്രൽ പ്രാവിൻസു ഋണമോചന നിയമത്തെ അനുകരിച്ചുള്ളതും ആകുന്നു.

(ജി) ആസാമിലും ബാംബെയിലും ഈ രീതിയിലുള്ള ബില്ലുകൾ ഏർപ്പെടുത്തുന്നുണ്ട്. ബാംബെ പ്രസിഡൻസിയിലെ കൃഷിക്കടങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്ത കമ്മിററിയുടെ ശുപാർശകളെ ആ ഗവൺമെൻറു സ്വീകരിച്ചതായും അതിന്റെ നിർദ്ദേശപ്രകാരം പ്രസിഡൻസിയുടെ പല ഭാഗങ്ങളിലും ഭൂസ്വത്തു ബാങ്കുകൾ താമസിയാതെ തുടങ്ങുന്നതിനു ആലോചിച്ചു വരുന്നതായും അറിയുന്നു.

ധാർവാർ, ബ്രോച്ച്, പച്ചോറാ, എന്നീ സ്ഥലങ്ങളിൽ പരീക്ഷണാർത്ഥം ഏർപ്പെടുത്തിയ ഭൂസ്വത്തു ബാങ്കുകൾ വിജയകരമായി ജോലി ചെയ്തിട്ടുള്ളതിനെ അവർ ചൂണ്ടിക്കാണിക്കുന്നു. ഈ മൂന്നു ബാങ്കുകളും കൊടുത്തിട്ടുള്ള കടങ്ങളിൽ ഭൂരിഭാഗവും സ്ഥാവരവസ്തുക്കളിലെ കടങ്ങൾ വീട്ടാനാണ് കൊടുത്തിരിക്കുന്നതു്. ൧൯൩൩ അവസാനത്തിലെ ഈ ബാങ്കുകളുടെ പ്രവർത്തനത്തിൽനിന്നും ബ്രോച്ചുബാങ്കിൽ കുടിശ്ശികകളില്ലെന്നും വലുതായ വിലക്കുറവുകളും മററുംകൊണ്ടു ധാർവാർ പച്ചോറാ ഈ ബാങ്കുകളിലുണ്ടായിട്ടുള്ള വൻപിച്ച കുടിശ്ശികകൾ ഭൂമി വിലയിൽ കുറഞ്ഞിരുന്നു എന്നും കണ്ടിരിക്കുന്നു. ഈ രണ്ടു ബാങ്കുകളും കൂടി കൊടുത്തിരുന്ന കടം ൩,൨൨,൩൭൪ രൂപയും ഭൂമിക്കു തിട്ടപ്പെടുത്തിയ വില ൧൦,൪൨,൭൨൨ രൂപയും ആയിരുന്നു.

സെൻട്രൽ ഭൂസ്വത്തുബാങ്കു ഇപ്പോൾ പ്രചരിപ്പിക്കുന്ന ൭ ശതമാനം പലിശയിൽ കവിയാത്ത ൭൦ ലക്ഷം രൂപയുടെ ഡിബഞ്ചർ കടപ്പത്രങ്ങളുടെ മുതലിനും പലിശയ്ക്കും ഗവണ്മെന്റു ഉറപ്പുകൊടുക്കേണ്ടതു നിക്ഷേപകന്മാരിൽനിന്നും ആവശ്യമുള്ള ധനം വന്നുചേരുന്നതിനു ആവശ്യമാണെന്നും കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നുണ്ട്.

(എച്ച്) ഇൻഡ്യൻ നാട്ടുരാജ്യങ്ങളും വളരെ പിന്നോക്കമായിട്ടില്ല. മൈസൂർ പുതുക്കോട്ട സെൻട്രൽ ഇൻഡ്യയിൽ റീവാ ബറോഡാ ഡക്കാണിൽ സാംഗ്ലി കത്തിയവാറിൽ ജുനഗാഡ്, ഭവനഗർ ഈ രാജ്യങ്ങൾ ഈ വഴിക്കു വേണ്ടവണ്ണം ഉണർന്നു തുടങ്ങിയിട്ടുണ്ട്. ഭവനഗർ ധീരമായ ഒരു പരീക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു. കൃഷിക്കടങ്ങളെ പരിഹരിക്കുന്ന വിഷയത്തിൽ നല്ലവണ്ണം പ്രവർത്തിച്ചുവരുന്നുണ്ട്. കൃഷിക്കാർക്കു സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലേക്കായി ൧൯൨൮-ൽ മൈസൂരിൽ കർഷകരക്ഷാനിയമം ഏർപ്പെടുത്തി. ഈ റഗുലേഷന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി മൽനാട്ടിലെ മൂന്നു താലൂക്കുകളെ തെരഞ്ഞെടുക്കപ്പെടുകയും അതു ഫലപ്രദമെന്നു കണ്ടു ഓരോ കാലങ്ങളിലായി മററു ഡിസ്ത്രിക്റ്റുകളിലും വ്യാപിപ്പിക്കുകയും ഇപ്പോൾ രാജ്യം മുഴുവൻ നിർബന്ധിതമാക്കുകയും ചെയ്തിരിക്കുന്നു. കൃഷിക്കാരുടെ മേൽ സമ്പാദിക്കപ്പെട്ടിട്ടുള്ള വിധികൾ വസ്തുക്കളിൽ നടത്താൻ അപേക്ഷിക്കുമ്പോൾ വിലക്കുറവുകൾ അനുസരിച്ചു കടം വാങ്ങിയ സംഖ്യയുടെ പലിശ കുറക്കുന്നതിലേക്കു പുതുക്കോട്ട ഗവണ്മെന്റു ഒരു ബിൽ ഏർപ്പെടുത്തിയിരിക്കുന്നു.

(ഐ) ജുനഗാഡ് രാജ്യത്തു കൃഷിക്കടങ്ങളെപ്പററി ഒരു അന്വേഷണം നടത്തി തൽഫലമായി ഏറെക്കുറെ ഭവനഗർ മാതൃകയിൽ ഒരു കർഷകരക്ഷാനിയമവും ഒരു കർഷക ഋണനിവാരണനിയമവും ഏർപ്പെടുത്താൻ ശ്രമിച്ചുവരുന്നുണ്ട്. പദ്ധതിയുടെ വ്യാപ്തി വളരെ പരിമിതമാണ്. അതു രജിസ്റ്റർ പ്രമാണം വഴി വസ്തു ഉടമസ്ഥത ഉള്ളവരുടെ കടങ്ങളെ കുറക്കുന്നതിനു മാത്രമേ ഉദ്ദേശിക്കുന്നുള്ളു.

ഭവനഗറിലെ കർഷക ഋണനിവാരണപദ്ധതി,

൧൦. മൂന്നു വർഷംമുമ്പു രാജ്യഭാരം കയ്യേററപ്പോൾ കുടിശ്ശികക്കാരം ഇനത്തിൽ ൩൦ ലക്ഷത്തോളം വരുന്ന കടം ഇളവു ചെയ്തു കൊടുത്ത ഭവനഗർ മഹാരാജാവിന്റെ പൂർണ്ണാനുമതിയോടുകൂടി സർ പ്രഭാശങ്കർ പട്ടാണി കെ. സി. ഐ. ഈ യുടെ ധീരവും ഉൽബോധജനകവും ആയ നേതൃത്വത്തിൽ ഋണങ്ങൾ പറഞ്ഞൊതുക്കി തീർക്കുന്നതിനു ഏററവും കൌതുകകരമായ പരീക്ഷണം ആദ്യമായി തുടങ്ങിയതു ഭവനഗർരാജ്യത്തായിരുന്നു. ഇതു, ഭവനഗറിലെ മഹാരാജസാഹിബ് സംഗ്രഹമായി താഴെപ്പറയും വിധം ഗ്രാമോദ്ധാരണത്തിന്റെ ശരിയായ അന്തരാർത്ഥത്തെപ്പററി അരുളിച്ചെയ്തിട്ടുള്ളതിനു യോജിച്ചതു തന്നെയായിരുന്നു. "ഗ്രാമോദ്ധാരണത്തിന്റെ ഉദ്ദേശം സാധിക്കണമെങ്കിൽ രണ്ടു സംഗതികൾ ആദ്യം ശ്രദ്ധിക്കണം:—(൧) കൃഷിക്കാരെ രാജ്യഭോഗ കുടിശ്ശികയിൽനിന്നു ഒഴിവാക്കുക. (൨) പ്രൈവററു കടങ്ങളുടെ ദുസ്സഹഭാരത്തിൽനിന്നു കടക്കാരെ മോചിപ്പിക്കുക. ഇൻഡ്യയുടെ യാതൊരു ഭാഗത്തും ഇത്ര വ്യാപ്തിയേറിയ വിധത്തിലോ ഋണബാദ്ധ്യതയുടെ സാകല്യേനയുള്ള പ്രശ്നത്തിൽ വിശിഷ്യ അതിന്റെ പ്രായോഗിക വശങ്ങളിൽ ഇത്ര വിസ്താരവും വ്യവസ്ഥിതവും ആയ അന്വേഷണത്തോടുകൂടിയോ, ഈ ജോലി ചെയ്യപ്പെട്ടിട്ടില്ല. അനേകം വലിയ കടക്കാരായ കൃഷിക്കാരുടെ അപേക്ഷപ്രകാരം ൧൯൨൯-ൽ കടത്തിന്റെ സ്ഥിതിയെപ്പററി അന്വേഷിക്കുന്നതിനു ഡർബാർ ഒരു കമ്മിററിയെ നിയമിക്കയും, കൃഷിക്കാർക്കുണ്ടായ സംശയങ്ങൾകൊണ്ടും സൌക്കാരന്മാരുടെ പ്രത്യക്ഷമായ പ്രാതികൂല്യംകൊണ്ടും ജോലി വളരെ വിഷമമുള്ള ഒന്നായിരുന്നിട്ടും വ്യക്തിഗതമായും മൊത്തത്തിലും ഉള്ള കടങ്ങൾക്കു ഏറെക്കുറെ ശരിയായ കണക്കുകൾ ലഭിച്ചു. ഏകദേശം ഒന്നു പകുതി കൃഷിക്കാരും കടക്കാരാണെന്നും അതിൽ മൂന്നിലൊരു ഭാഗം നിരാശരിതരാണെന്നും കാണപ്പെട്ടു. പലിശയായി കുറഞ്ഞപക്ഷം ൨൫ ശതമാനം ചുമത്തിക്കൊണ്ടിരുന്നതും, എന്നാൽ ഭാവികാല ഉടമ്പടികൾ, ഇരട്ടിക്കണക്കുകൾ, പണത്തി

രം പകരം കമ്പോളനിരക്കിൽ ഒന്നരപകുതി വിലയ്ക്കു പണ്ടി കൊടുക്കണമെന്നു ആവശ്യപ്പെടുക, മുതലായി സൌകാരന്മാർ പല വിധ കൌശലങ്ങളും പ്രയോഗിച്ചു കൊണ്ടിരുന്നതും ആണു്. കൃഷിക്കാരനു പഴയ കുസീദക ഇടപാടുകളിൽനിന്നും മോചനവും ഭാവിയിൽ അകപ്പെടാതിരിക്കുന്നതിലേ ഉറപ്പും നൽകുന്നതിലേക്കായി ഒരു ഡർഷകരക്ഷാനിയമം ഏർപ്പെടുത്തി. എന്നാൽ ഈ ചട്ടം ആവശ്യമായിരുന്നുവെങ്കിലും, കൃഷിക്കാരനു വീണ്ടും സൈവരമായി ജീവിക്കുന്നതിനും ആദ്യമായി അയാളുടെ കടങ്ങളെല്ലാം തീർത്തു അഭ്യുന്നതി പ്രാപിക്കുന്നതിനും സുസാദ്ധ്യമല്ലായിരുന്നു. തദനന്തരം ദർബാർ ഒരു ഋണനിവാരണപദ്ധതി തയ്യാറാക്കുകയും സൌകാരന്മാരുടെയും കൃഷിക്കാരുടെയും സമ്മനസ്സോടെയുള്ള സഹായത്തോടുകൂടി കടക്കാരനുവേണ്ടി ഒരു ഋണനിവാരണവായ്പ കൊടുക്കാനും അതു ഓരോവായ്പക്കാരന്റെയും സ്വത്തിനും ശേഷിക്കും അനുസരണമായി ക്ലിപ്തപ്പെടുത്തി ലഘുതവണകളായി തിരികെ ഈടാക്കാനും വ്യവസ്ഥയുണ്ടാക്കുകയും ചെയ്തു.

സർ പ്രഭാശങ്കർ പട്ടാണിയുടെ അതിധീരമായ ഉദ്യമം.

൫൫. കൃഷിക്കാർക്ക് മൊത്തത്തിലുണ്ടായിരുന്ന കടം ൧൩,൩൨,൩൯൭ രൂപ അതിന്റെ വാർഷികപ്പലിശയിൽ കവിയാത്ത ഒരു തുകയ്ക്കു ഒതുക്കിത്തീർക്കപ്പെട്ടു. ആയതു ൩൭൫ ലക്ഷം രൂപയായി പറഞ്ഞുതീർത്തു. കൃഷിക്കാരുടെമേൽ കോടതികളോ വിധിനടത്തുകളോ കൊണ്ടു കോടതികൾക്ക മേലാൽ ഉപദ്രവമില്ലാത്ത വിധമായി. വ്യവഹാരങ്ങൾ കൂടാതെ കഴിഞ്ഞു. സൌകാരന്മാർക്ക അവർ പ്രതീക്ഷിച്ചതിൽ വളരെ കുറച്ചു മാത്രമേ എങ്കിലും പലപ്പോഴും നിറവേറപ്പെടാത്ത വാഗ്ദാനങ്ങൾക്കു പകരം രൊക്കം പണം കിട്ടി. ഋണവിമുക്തന്മാരും സംതൃപ്തന്മാരുമായുള്ള ഒരു കർഷകജനതയെ സൃഷ്ടിച്ചതു മാത്രമല്ല ഇപ്പോൾ ഭൂനികുതി പിരിവിനു എളുപ്പമുള്ളതും, കുടിശ്ശിഖ പിരിഞ്ഞു വരുന്നതും ആണു്. അപ്രകാരം പ്രതിവർഷം കുടിശ്ശിഖ ഇനത്തിൽ ൨ ലക്ഷം രൂപ പ്രകാരാന്തരേണ ലാഭം ഉണ്ടായിട്ടുണ്ടു്.

സഹകരണപ്രസ്ഥാനവും ശൈശവദശയിൽ ഇരിക്കുന്ന ഭൂസ്വത്തുബാങ്കും കൃഷിക്കടങ്ങളെ പരിഹരിക്കുന്നതിനുള്ള ഉപായങ്ങൾ ആയി ഗണിക്കപ്പെട്ടിരിക്കുന്ന ഈ രാജ്യത്തിനു ഈ പദ്ധതിയുടെ വിജയം ഒരു ഗുണപാഠം നൽകുന്നുണ്ടു്. ഈ കാര്യങ്ങൾ ഞങ്ങളുടെ അന്വേഷണത്തിനു പ്രത്യേകം നൽകപ്പെട്ടിട്ടുള്ളതാകയാലും ദിവസേന വർദ്ധിച്ചുവരുന്നതായ കൃഷിക്കടങ്ങളെപ്പററി പൊതുജനങ്ങളുടെ ഇടയിലുള്ള വലുതായ മനോവിചാരംകൊണ്ടും കൃഷിക്കടങ്ങൾ പരിഹരിക്കുന്നതിലേക്ക ഒരു പദ്ധതി അത്യാവശ്യമായിമിരുന്നു എന്നു വിശദമാക്കുന്നതാണു്. സൂക്ഷ്മമായി പഠിക്കുന്നതിനും ഗൗരവമായി ആലോചിക്കുന്നതിനും ആയി ഈ ഭാവനഗർ പദ്ധതി ഞങ്ങൾ ശുപാർശചെയ്യുന്നു. ഭാവനഗർ പദ്ധതിയുടെ രീതിയിലുള്ള ഒരു ഋണനിവാരണപദ്ധതി റീവാ, സാംഗ്ളി എന്നീ രാജ്യങ്ങളിൽ ആലോചിച്ചുവരുന്നതും, രാജ്യത്തെ കൃഷിക്കടം സംബന്ധിച്ചുള്ള പ്രശ്നത്തെപ്പററി അന്വേഷിക്കുന്നതിനായി ബറോഡായിൽ ഒരു കമ്മിററി നിയമിക്കപ്പെട്ടിരിക്കുന്നതും ആകുന്നു. എന്നാൽ ഈ കമ്മിററിയുടെ റിപ്പോർട്ടു സമർപ്പിച്ചു കഴിഞ്ഞിട്ടില്ല.

തിരുവിതാംകൂറിലെ ആവശ്യം.

൫൬. ഏതെങ്കിലും വിധത്തിലുള്ള ഒരു വിമോചനമാർഗ്ഗം വേണമെന്നു രാജ്യത്തിനപ്പുറമേയുള്ള സർവ്വവ്യാപീനമായ ആവശ്യം, തിരുവിതാംകൂറിലെ കൃഷിക്കാർക്കും മോചനസിദ്ധിക്കുള്ള എന്തെങ്കിലും ഉപായത്തിന്റെ ആവശ്യത്തെ പ്രബലപ്പെടുത്തുന്നതേയുള്ളു. ഞങ്ങൾ മുകളിൽ കൊടുത്തിട്ടുള്ള താരതമ്യക്കണക്കുകളിൽനിന്നും തിരുവിതാംകൂറിലെ പ്രശ്നവും മററുള്ളിടങ്ങളിലെപ്പോലെതന്നെ നിശിതവും രൂക്ഷവും പുരാതനവും ആണെന്നു കാണാം. കഴിഞ്ഞ നൂററാണ്ടിൽതന്നെ തിരുവിതാംകൂറിൽ കൃഷിക്കടങ്ങളെന്ന പ്രശ്നം ഗവണ്മെൻറിന്റെയും അനുഭാവ്യസ്ഥന്മാരുടെയും ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടു്. പരേതനായ മി: നാഗമയ്യാ അദ്ദേഹത്തിന്റെ സ്റ്റേറ്റ മാനുവലിൽ കടത്തിന്റെ തുക നി

ർണ്ണയിക്കാൻ ഒരു അപരിഷ്കൃതമായ ശ്രമംചെയ്തിട്ടുണ്ട്. വളരെ സൂക്ഷ്മമായ കണക്കുകൾ ലഭിച്ചിട്ടില്ലെങ്കിലും മി: നാഗമയ്യായുടെ ശ്രമം ഒരു കാര്യം സ്ഥാപിച്ചിട്ടുണ്ട്. അതായത് തിരുവിതാംകൂറിലെ ഋണബാധ്യത കൃഷിക്കാരന്റെ സാമ്പത്തികജീവിതത്തെ സാരമായി ബാധിക്കുന്നതായ ഒരു പഴയ പ്രശ്നമാണെന്നും, പഴക്കംചെന്ന ഒരു രോഗമാണെന്നുമാണ്. യഥാർത്ഥമോചനമാർഗ്ഗങ്ങളായി ഒന്നും ചെയ്തിട്ടില്ലെങ്കിലും കുസീദകവൃത്തിയെ നിയന്ത്രിക്കുന്നതിനും നികുതിഭാരം കുറയ്ക്കുന്നതിനും ശ്രമങ്ങൾ ചെയ്തിട്ടുള്ളതായി തിരുവിതാംകൂറിന്റെ സാമ്പത്തികചരിത്രത്തിൽ ലക്ഷണങ്ങൾ കാണുന്നുണ്ട്. പൊതുജനങ്ങൾക്കുള്ള കരം ഇളവു എന്ന വിധത്തിൽ യാതൊന്നുംചെയ്തിട്ടില്ല. എന്നാൽ പല വാഴ്ചക്കാലങ്ങളിലും ഈ പ്രശ്നം പ്രാദേശികഭാവത്തിൽ ഉഗ്രമായിട്ടുള്ളപ്പോൾ പ്രത്യേകസ്ഥലങ്ങളിൽ ആശ്വാസങ്ങൾ നൽകപ്പെട്ടിട്ടുള്ളതും ആണ്. പണവ്യാപാരികളുടെ കാര്യത്തിൽ വർദ്ധിച്ചുവരുന്ന പലിശ മുതലിൽ ഒന്നരപകുതിയിൽ അധികപ്പെടാൻ പാടില്ലെന്നു റാണി പാർവ്വതീഭായി തിരുമനസ്സുകൊണ്ടു വ്യവസ്ഥചെയ്തു. എന്നാൽ അഞ്ചുവർഷങ്ങൾക്കുശേഷം, കടക്കാരൻ പ്രമാണം മാറി എഴുതുന്ന ഏർപ്പാടുമൂലം, നിയമത്തിന്റെ ഫലം സിദ്ധിക്കാതെവരികയും, കോർട്ടുഡിക്രി വാങ്ങി അറസ്റ്റുചെയ്യുമെന്നു ഭീഷണിപ്പെടുത്തി കടക്കാരനെക്കൊണ്ടു അപ്രകാരം ചെയ്യിക്കാൻ ഉത്തമർണ്ണനു കഴിവുണ്ടാകുകയുംചെയ്തു. തന്നിമിത്തം ഋണബാദ്ധ്യത വളരെ വലുതായിത്തീർന്നിട്ടുണ്ട്. രാജ്യത്തെ സഹകരണസംഘങ്ങളിലെ കുടിശിഖ ശതമാനം കഴിഞ്ഞ ആറുകൊല്ലങ്ങളിലായി താഴെയുള്ള കണക്കിൽ കാണും പ്രകാരം താരതമ്യേന വർദ്ധിച്ചുവന്നിട്ടുള്ളതു കർഷകജനതയുടെ ഋണവർദ്ധനയെ കാണിക്കുന്നതായി ആണ്ടുതോറും ഡിപ്പാർട്ടുമെന്റും പൊതുജനങ്ങളും വലിയ ഉത്കണ്ഠയോടുകൂടി കണ്ടുകൊണ്ടിരിക്കുകയാണ്.

മുതലിൽ മാത്രമുള്ള കുടിശിഖ.

	രൂപ
൧൧൦൨	൬൫൧,൫൦൬
൧൧൦൩	൯൭൯,൧൯൬
൧൧൦൪	൧൩൦൧,൮൪൫
൧൧൦൫	൨൦൨൫,൪൦൨
൧൧൦൬	൨൪൯൯,൯൦൩
൧൧൦൭	൨൯൬൬,൩൭൩

ഇതു സഹകരണസംഘങ്ങളിലെ മുതൽകുടിശിഖമാത്രമാണെന്നും, ജനസംഖ്യയിൽ ൨ ശതമാനം മാത്രമെ പ്രസ്ഥാനത്തിൽ ഉൾപ്പെട്ടിട്ടുള്ള എന്നും ഓർക്കുമ്പോൾ ഈ കണക്കുകൾ വിശേഷിച്ചും ഗണനീയമായിരിക്കുന്നുണ്ട്. ഈ കണക്കുകൾ കൃഷിക്കടങ്ങളുടെ ഭാരം നിർണ്ണയിക്കുന്നതിനു പ്രമാണമായി സ്വീകരിക്കുമ്പോൾ, സഹകരണസംഘങ്ങളിലെ കുടിശിഖകൾ അംഗങ്ങളുടെ ഋണംമുഴവൻ വിശദമായികാട്ടുന്നതായി വിചാരിക്കത്തക്കവണ്ണം സഹകരണസമ്പൽസ്ഥിതി അത്ര കാര്യക്ഷമമായ ഒന്നായിട്ടില്ലെന്നും, സഹകരണമേധ അത്ര ശക്തിമത്തായിട്ടില്ലെന്നുംകൂടി ആലോചിക്കേണ്ടതാണ്. അതിനാൽ, പ്രശ്നം വളരെ ഗഹനവും ഉടനടി പരിഹരിക്കപ്പെടേണ്ടതും ആയ ഒന്നാണ്. രോഗം എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നു ശരിയായി പരിശോധിക്കാതെ ഔഷധം നിശ്ചയിച്ചുകൂടാ എങ്കിലും, കഴിഞ്ഞ ജനസംഖ്യക്കണക്കെടുപ്പുകാലത്തു ഗ്രാമീണഋണബാദ്ധ്യതയുടെ വലിപ്പം തിട്ടപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി രാജ്യം മുഴുക്കെയുള്ള കർഷകഋണങ്ങളുടെ പരിശോധന, അടുത്ത കാലത്തുതന്നെ, നടത്തിയിട്ടുള്ളതിനാൽ, രാജ്യത്തെ ജനങ്ങളുടെ ഋണസ്ഥിതിയെപ്പറ്റി സൂക്ഷ്മമായ അന്വേഷണം നടത്തേണ്ട ആവശ്യമില്ലെന്നുള്ള അഭിമതത്തോടു യോജിക്കാൻ ഞങ്ങൾക്കു സമ്മതമാകുന്നു. ൧൯൩൦-ൽ തിരുവിതാംകൂർ ബാങ്കിംഗ് അന്വേഷണക്കമ്മറ്റിയുടെ ഉപപ്രവൃത്തികളായി ഇപ്രകാരമുള്ള രണ്ടു സർവേകൾ മുമ്പു നടത്തിയിട്ടുണ്ടെന്നുള്ളതും വിസ്മരിച്ചുകൂടാത്തതാകുന്നു. അവ

അപൂർണ്ണങ്ങളും പ്രത്യേകപ്രദേശങ്ങളെപ്പരിഗണിച്ചും ഊഹങ്ങളെ അടിസ്ഥാനപ്പെടുത്തിയും ഉള്ളവ ആയിരുന്നു എങ്കിലും, സർവ്വേയിൽ വിവക്ഷിക്കുന്നപ്രകാരമൊള്ളത്തെ കൃഷിക്കടങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആലോചിക്കാൻ വേണ്ടഅടിസ്ഥാന കാര്യങ്ങൾ അവ നൽകിയിട്ടുള്ളതും അതിനാൽ ഉടൻതന്നെ ഗവണ്മെൻറ ഈ വിഷയത്തിൽ വേണ്ടതു പ്രവർത്തിക്കണമെന്ന ഞങ്ങൾ വിശ്വസിക്കുന്നതും ആകുന്നു.

ഗവണ്മെൻറ ഈ പ്രശ്നത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ടെന്നും പര്യാപ്തമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു ഉൽക്കണ്ഠയോടുകൂടിയിരിക്കുകയാണെന്നും ഞങ്ങൾക്കറിയാം. "ഇപ്പോഴത്തെ സാമ്പത്തികാധഃപതനത്തിൽനിന്നും കൃഷിക്കാർക്ക രക്ഷ നൽകുന്നതായ എന്തെങ്കിലും നിയമവ്യവസ്ഥകൾ ചെയ്യണമെന്ന" കാഞ്ഞിരപ്പള്ളി പൊട്ടക്കുളത്തു വീട്ടിൽ മി: കെ. വി. ജോസഫിന്റെ ഒരു നിവേദനം ഗവണ്മെൻറിൽനിന്നും ഞങ്ങൾക്ക അയച്ചുതന്നിരുന്നു. ഇപ്പോൾ ഉള്ള കടങ്ങളുടെ ആരംഭംമുതൽ കടക്കാർ കൊടുത്തിട്ടുള്ള എല്ലാ തുകകളും ഉത്തമർണ്ണന്മാർ ഇപ്പോൾ ചെയ്യാറുള്ളതുപോലെ പലിശയിലും വരവുവെക്കാതെ അസൽ മുതലിൽതന്നെ വരവുവെക്കുന്നതിനു ഒരു രക്ഷാനിയമം ആണ് അദ്ദേഹം ആവശ്യപ്പെടുന്നതു. കടക്കാരൻ ഉത്തമർണ്ണനു കൊടുക്കാൻ ബാക്കിവരുന്ന അസൽ മുതൽ പത്തു വർഷത്തിനുശേഷം പലിശയില്ലാതെ കൊടുക്കുകയും ഏതെങ്കിലും കടത്തിന്മേൽ വിധിക്കോ ഉള്ള കാലഹരണസീമ വർദ്ധിപ്പിക്കത്തക്കവണ്ണം കാലഹരണറെഗുലേഷനിൽ നിശ്ചിതവ്യവസ്ഥകൾ ഏർപ്പെടുത്തുകയും, കൃഷിവായ്പകൾ കൊടുക്കുന്നതിനു കൂടുതൽ ഉദാരങ്ങളായ നിയമങ്ങൾ ഉണ്ടാക്കുകയും പലിശക്രമം ഏഴു ശതമാനത്തിൽനിന്നും ൩ ശതമാനമായി കുറയ്ക്കുകയും ചെയ്യണം എന്നും പറഞ്ഞിരിക്കുന്നു. ഈ പ്രശ്നം വളരെ യഥാർത്ഥമായ ഒന്നാണെന്നും ഏതെങ്കിലും ഋണനിവാരണപദ്ധതി അത്യാവശ്യമായിരിക്കുന്ന വിധം അത്ര തീക്ഷ്ണമായി അനുഭവിക്കപ്പെടുന്ന ഒന്നാണെന്നും ഞങ്ങളുടെ അന്വേഷണാവസരങ്ങളിൽ പലരും ഞങ്ങളോടു പറഞ്ഞിട്ടുണ്ട്. മി: ജോസഫിന്റെ പദ്ധതിതന്നെ അതേ രൂപത്തിൽ വാദപ്രതിവാദംചെയ്യുകയും ചിലർ അതിനെ "വിപ്ലവജനകം" എന്നു വിവക്ഷിക്കയുംചെയ്തു. കടങ്ങൾ പൂർണ്ണമായി കുറവെയ്ക്കുന്നതു അനാവശ്യമെന്നു വിചാരിച്ച ഒരു കൂട്ടരും ഉണ്ടായിരുന്നു. ഇതിനിടയ്ക്കു "വിധിക്കടക്കാരന്റെ ദേഹത്തിൽ വിധിനടത്താനനുവദിക്കുന്നതായ നിയമവ്യവസ്ഥ, ഇപ്പോഴത്തെ സാമ്പത്തികാധഃപതനം ഓർത്തു നിർത്തിവയ്ക്കാൻ ഗവണ്മെൻറിനോടപേക്ഷിക്കാൻ" തിരുവിതാംകൂർ ഹൈക്കോർട്ടു അഭിഭാഷകസംഘം ഒരു നിശ്ചയം പാസ്സാക്കിയതായി ഞങ്ങൾ അറിയുന്നു. ഈ കമ്മിററിയുടെ അദ്ധ്യക്ഷൻ ഉൽഘാടനംചെയ്ത മൂവാററുപുഴ താലൂക്ക സഹകരണകാൺഫറൻസ് ഈ നിശ്ചയം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിധിനടത്തുകളിൽ ചെയ്യുന്ന ഉത്തരവുകൾ അധമർണ്ണന്മാരോടു വളരെ അനുഭാവമുള്ളവയായിരിക്കണമെന്നു തിരുവിതാംകൂർ ഹൈക്കോടതി കീഴ്കോടതികൾക്ക അറിയിപ്പു അയച്ചിട്ടുണ്ടെന്നും പറയപ്പെടുന്നു. നീതിന്യായവകുപ്പിന്റെ ഈ അനുഭാവം വിധിക്കടക്കാർക്ക ഒരുതല്ലാശ്വാസം നൽകുമെന്നും ഇപ്പോഴത്തെ ഉർഘടാവസ്ഥ തരണംചെയ്യുന്നതിനു അവരെ പ്രാപ്തരാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

എന്തെങ്കിലും താൽക്കാലികവ്യവസ്ഥകൾ ഈ പ്രശ്നത്തെ പരിഹരിക്കയില്ലെന്നു ഞങ്ങൾക്കറിയാം. കുറെ വർഷങ്ങൾ നീണ്ടുനിൽക്കുന്ന ദീർഘവും ഊർജ്ജിതവുമായ ഒരു ചികിത്സക്രമമോ അതു ആവശ്യപ്പെടുകയുള്ളു. അതിലേക്ക അത്യാവശ്യമായിരിക്കുന്നതു ഒരു ഋണലഘൂകരണപദ്ധതിയുണ്ടാക്കുകയും ഞങ്ങൾ അടുത്ത അദ്ധ്യായത്തിൽ പറയുന്നതായ ഭൂപണയബാങ്കിന്റെ പ്രവർത്തനത്തെ വിശാലമാക്കുകയും ആകുന്നു. രാജ്യത്തെ കൃഷിക്കാരുടെ സ്ഥിതി നന്നാക്കുന്നതിനു വിക്രയപ്രശ്നവും വളരെ പ്രധാനമായിട്ടുള്ള ഒന്നാണ്. ഇതേവരെയായി ഒരു ചെറിയ അനുമാനംമാത്രം സഹകരണപ്രസ്ഥാനത്തിൽ ചേർന്നിട്ടുള്ളതായ കൃഷിക്കാരുടെ സംഘടനയെ ആശ്രയിച്ചാണ് അതിന്റെ പരിഹാരം സ്ഥിതിചെയ്യുന്നതു. ഈ സംഗതി സ്വമനസ്സാലെയുള്ള ഉദ്യമങ്ങൾക്ക വിട്ടുകൊടുക്കാൻ

പാടില്ലാത്തകാലം സമാഗതമായിരിക്കുന്നതും ജപ്പാനിൽ ചെയ്തിട്ടുള്ളവണ്ണം സഹകരണഡിപ്പാർട്ടുമെൻറ നിർബന്ധിതസംഘടനയ്ക്കു ഒരു പദ്ധതി തുടങ്ങേണ്ടതുമാണ്. ഉപതൊഴിലുകളുടെ വ്യവസായീകരണവും പ്രോത്സാഹനവുംകൊണ്ടു കൃഷിക്കാർക്കു ശാശ്വതമായ ആശ്വാസം നൽകുവാൻ കഴിയുമെന്നും അതിലേക്കു ഊർജ്ജിതമായ ഒരു സഹകരണപദ്ധതി ഡിപ്പാർട്ടുമെൻറ ആലോചിച്ചു നടപ്പാക്കണമെന്നും ഞങ്ങൾ വിചാരിക്കുന്നു. ബംഗാളിലും ബോംബെ ഡക്കാണിലും ഉള്ളതുപോലെ കർഷകസമാജങ്ങൾ ഏർപ്പെടുത്തണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു. എന്തെന്നാൽ ഈ സമാജങ്ങൾ വിളവുകളെ കൂടുതൽ ഗുണകരമായി വിററഴിക്കാൻ സൌകര്യമുണ്ടാക്കുകയും, സാധിഷ്ണങ്ങളായ കർഷകരീതികൾ ഉൾപ്പെടെ മററു അഭ്യുദയമാർഗ്ഗങ്ങളിൽ സഹായിക്കയും ചെയ്യുന്നതാണ്. ഈ വിഷയത്തിൽ (എ) സംസ്ഥാനകാർഷികപര്യവേക്ഷണസമിതിയിലെ പ്രധാന വിക്രയഉദ്യോഗസ്ഥന്റെ കീഴിൽ പരിശീലനം ചെയ്യിക്കപ്പെട്ട ഒരു വിക്രയ ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും, (ബി) സഹകരണസംഘങ്ങൾക്കും ചില പ്രോത്സാഹനങ്ങൾ ചെയ്തുകൊടുക്കണമെന്നും (സി) കാലാവധികഴിഞ്ഞതും കാലഹരണംവന്നതും ആയ വായ്പകൾക്കു കാലദൈർഘ്യം അനുവദിക്കണമെന്നും, (ഡി) പലിശയുടെയും പിഴയുടെയും നിരക്കു പൊതുവെ കുറയ്ക്കണമെന്നും, (ഇ) ഇപ്പോൾ പഞ്ചാബ് നിയമസഭയിൽ ഇരിക്കുന്ന ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നവിധം ഒരു ലഘുതരമായ നിർദ്ധനതാരീതി പ്രയോജനകരമായ വിധത്തിൽ പരീക്ഷിക്കണമെന്നും, (എഫ്) ഈ അദ്ധ്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളപ്രകാരം സംഘങ്ങളുടെ കരുതൽധനം അതിലേക്കു ഉപയോഗിക്കാൻ പാടില്ലെങ്കിൽ സംഘങ്ങളുടെ രക്ഷയ്ക്കുവേണ്ടി സഹകരണസംഘം രജിസ്ട്രാർ നിയമിക്കുന്ന സഹകരണ വായ്പ ലഘൂകരണബോർഡുകളുടെ സഹായത്തോടുകൂടി പൊതുവേയുള്ള ഏതെങ്കിലും ഋണലഘൂകരണപദ്ധതിയുടെ പ്രയോജനം അവർക്കും ലഭ്യമാക്കിത്തീർക്കണമെന്നുമാണു ഞങ്ങൾ ശുപാർശചെയ്യുന്നത്. അമിതമായ സാമുദായികച്ചിലവുകൾ ഇല്ലാതെയാക്കുന്നതിനു രാജ്യം മുഴുവൻ വ്യാപിക്കുന്നവിധത്തിൽ ഊർജ്ജിതമായ ഒരു പ്രബോധനപ്രചരണം നടത്തേണ്ടതും ഈ വിഷയത്തിൽ സഹകരണസംഘങ്ങൾ വളരെ ശക്തിമത്തായ ഒരു ഉപാധിയായി പ്രവർത്തിക്കേണ്ടതും ആകുന്നു. ഞങ്ങളുടെ ഈ നിർദ്ദേശങ്ങളും പ്രതിവിധികളും സഹകരണസംഘാംഗങ്ങളെ മാത്രം ഉദ്ദേശിച്ചുള്ളവയാണ്.

ഋണലഘൂകരണസമിതികൾ ഏർപ്പെടുത്തുക.

൫൩. സഹകരണപ്രസ്ഥാനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്കു തിരുവിതാംകൂർ ജനസംഖ്യക്കണക്കെടുപ്പുസമയം ചെയ്ത സാമ്പത്തികസർവ്വെയിൽ ശേഖരിച്ചിട്ടുള്ള സ്ഥിതിവിവരങ്ങൾ അനുസരിച്ചു ഋണലഘൂകരസമിതികൾ ഏർപ്പെടുത്തണമെന്നും, വീട്ടേണ്ടതായ കടം മൊത്തം സംഖ്യയുടെ ൭൫ ശതമാനമായി ഒതുക്കിത്തീർക്കണമെന്നും ഞങ്ങൾ നിർദ്ദേശിക്കുന്നു. സെൻട്രൽ പ്രാവിൻസുകളിൽ ഈവിധമുള്ള രണ്ടു സമിതികൾ ൭൫ ശതമാനമായി കടങ്ങൾ വീട്ടണമെന്നു ഈയിടെ തീരുമാനിച്ചിട്ടുണ്ടെന്നും ഇവിടെ പ്രസ്താവ്യമാണ്. കടം വീട്ടുന്ന സമയത്തു വേണമെന്നു വിചാരിക്കുന്നപക്ഷം കടത്തിന്റെ ൫൦ ശതമാനം രൊക്കം പണമായിട്ടും, ബാക്കി ൫൦ ശതമാനം ഭൂസ്വത്തുബാങ്കിലെ കടപ്പത്രങ്ങളായും കൊടുക്കുന്ന കാര്യം ഗവൺമെൻറ ആലോചിക്കാവുന്നതാണ്.

ബഹുമാനപ്പെട്ട സർദാർ സർ യോഗേന്ദ്രസിംഗ് അതിനെ പിൻതാങ്ങുന്നു.

൫൪. വളരെ ഉദാരമെന്നു ഞങ്ങൾ വിചാരിക്കുന്ന മേൽപ്രസ്താവിച്ച അഭിപ്രായത്തിനു അനുകൂലമായി പഞ്ചാബിൽ കൃഷിസഹകരണം മുതലായ ഡിപ്പാർട്ടുമെൻറുകളുടെ സചിവനായ ബഹുമാനപ്പെട്ട സർദാർ സർ യോഗേന്ദ്രസിംഗിന്റെ വിലയേറിയ അഭിപ്രായം ഉദ്ധരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ൧൯൩൮ ജനുവരിയിൽ നവ

ഡില്ലിയിൽവച്ചു കൂടിയ രജിസ്ട്രാറന്മാരുടെ അഖിലേന്ത്യാസമ്മേളനത്തിൽ അദ്ദേഹം സമർപ്പിച്ചതും ഞങ്ങൾ ഭൂസ്വത്തുബാങ്കിനെപ്പററിയുള്ള അദ്ധ്യായത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ളതും ആയ സംക്ഷിപ്തത്തിൽ താഴെപ്പറയുംവിധം പ്രസ്താവിച്ചിരിക്കുന്നു.

"കൃഷിക്കാരുടെ കടം ൯൦൦ കോടി രൂപയെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇപ്പോഴത്തെ ഉത്തമർണ്ണന്മാർക്കു ഉറപ്പുകൊടുക്കാമെങ്കിൽ ഇതിന്റെ നാലിലൊരുഭാഗംകൊണ്ടു അവർ തൃപ്തിപ്പെടുന്നതാണ്."

൧൭. ഈ പ്രശ്നവശത്തെപ്പററി വാദപ്രതിവാദം ചെയ്യുമ്പോൾ ഈടാധമണ്ണതുക ൩൦ ശതമാനമായി കുറച്ചു ഉത്തമർണ്ണന്മാർക്കു കൊടുക്കുക എന്ന തത്വം ഏതാനും സ്വാധീനശക്തിയുള്ളവർ ഞങ്ങളോടു അഭിപ്രായപ്പെട്ടിട്ടുണ്ടു്. യുണൈറഡ് പ്രാവിൻസുകളിൽ ഈ കുറവു ബാങ്കുകളെയും സഹകരണസംഘങ്ങളെയുംകൂടി സംബന്ധിക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ സെൻട്രൽ പ്രാവിൻസുകളിൽ ഈ ചട്ടം സഹകരണസംഘങ്ങളെ ബാധിക്കയില്ലെന്നും നിർദ്ദേശിച്ചിരിക്കുന്നു. പ്രൈവററ പണമിടപാടുകാരുടെയും ചില ബാങ്കുകളുടെയും അമിതമായ പലിശനിരക്കിനെ അപേക്ഷിച്ചു സഹകരണസംഘങ്ങളിലെ പലിശ കുറവാണെന്നുള്ളതാണ് ഈ നിയമം സംഘങ്ങളെ ബന്ധിക്കയില്ലെന്നുള്ളതിലേക്കു സമാധാനമായി പറയപ്പെടുന്നതു്. മേൽപ്പറഞ്ഞ നിയമത്തിൽനിന്നും ഒഴിവാക്കുന്ന സഹകരണസംഘങ്ങളുടെ കുറഞ്ഞ പലിശനിരക്കു് അവയ്ക്കു ഒരു അവകാശം നൽകുന്നുണ്ടു്. സഹകരണസംഘങ്ങൾ കൃഷിക്കാരുടെ കടം വർദ്ധിപ്പിച്ചിട്ടില്ലാത്തതും അതു ക്രമേണ കുറയ്ക്കുന്നതിലേയ്ക്കു സഹായകമായി ഭവിച്ചിട്ടുള്ളതും ആണു്. ബാഹ്യനിക്ഷേപങ്ങളെ ആശ്രയിച്ചിരിക്കുന്ന ബാങ്കുകളെയും ഒഴിവാക്കുന്നതിനെപ്പററി ന്യായമായ ഒരു ചോദ്യം ഉണ്ടായിട്ടുണ്ടു്. താഴെപ്പറയുന്ന ന്യായങ്ങൾ ഇതിലേക്കു പറയപ്പെടുന്നു. (൧) സാധുവായ കൃഷീവലന്റെ പലവിധആവശ്യങ്ങൾക്കും ബാങ്കുകൾ കടംകൊടുക്കുന്നില്ല. (൨) അവയുടെ പലിശനിരക്കും സഹകരണസംഘങ്ങളിലെ പലിശനിരക്കുപോലെ അത്ര കുറഞ്ഞതല്ല. എന്നാൽ കൃഷിക്കാർക്കു സഹകരണസംഘങ്ങളിലെ പലിശനിരക്കിനു കടം കൊടുക്കുന്ന ബാങ്കുകളുടെ വിഷയത്തിൽ ഈ സൌജന്യം നൾകപ്പെടണമെന്നു യുക്തിപൂർവ്വം ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. കൃഷിക്കാർക്കു അനുകൂലവ്യവസ്ഥകളിന്മേൽ കടംകൊടുക്കുന്ന എല്ലാ സഹകരണസംഘങ്ങൾക്കും ബാങ്കുകൾക്കും ഞങ്ങൾ പറഞ്ഞ സൌജന്യങ്ങൾ നൾകപ്പെടണമെന്നു വാദിക്കുന്നുവെങ്കിൽ, സഹകരണസംഘങ്ങളിലെ കരുതൽധനങ്ങൾ അംഗങ്ങളുടെ കടം വീട്ടാൻ ഉപയോഗിക്കുന്നതിനു അനുമതിനൾകിയിട്ടുള്ള സെൻട്രൽ പ്രാവിൻസു ഗവണ്മെന്റു അനുവദിച്ചിട്ടുള്ളവിധം ഒരു അവസാനഉപായമായി അതും ഞങ്ങൾ അപലപിക്കുന്നില്ല. ബാങ്കുകൾ അവയുടെ ലാഭത്തിൽനിന്നും രൂപീകരിച്ചിട്ടുള്ള കരുതൽധനം കൃഷിക്കാരുടെ കടം ഇല്ലായ്മചെയ്യുന്നതിനും കുറയ്ക്കുന്നതിനും ഉപയോഗപ്പെടുത്താൻ അവയെയും നിർബന്ധിക്കേണ്ടതാകുന്നു.

അംഗങ്ങളുടെ കടം ഇല്ലായ്മചെയ്യുന്നതിനു കരുതൽധനം ഉപയോഗപ്പെടുത്തുക.

൧൮. കർഷകഋണലഘൂകരണബോർഡിന്റെ വിശദമായ പ്രവർത്തന റിപ്പോർട്ടു സെൻട്രൽപ്രാവിൻസുഗവണ്മെന്റു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു് ഇപ്പോഴാണു്. ഇപ്രകാരമുള്ള രണ്ടുബോർഡുകൾ അവരെ ഏല്പിക്കപ്പെട്ടിരുന്ന വായ്പഇടപാടുകളിൽ അന്തർഭവിച്ചിരുന്ന തുകകളെ ൩൦ ശതമാനംമുതൽ ൩൫ ശതമാനംവരെ കുറവു ചെയ്തിരിക്കുന്നു. സർ പ്രഭാശങ്കർപട്ടാണിയാകട്ടെ പഴയ കടങ്ങൾ ൨൫ ശതമാനം വീതം ഉത്തമർണ്ണന്മാർക്കു കൊടുത്തുതീർത്തിരിക്കുന്നു. ബഹുമാനപ്പെട്ട സർ യോഗേന്ദ്രനാഥസിംഗ് വിചാരിക്കുന്നതു് ഉറപ്പുകൊടുക്കുന്നപക്ഷം ഈ വീതംകൊണ്ടു് ഉത്തമർണ്ണന്മാർ തൃപ്തിപ്പെടുമെന്നാണു. ഈ വിഷയത്തെ സംബന്ധിച്ചു പശ്ചിമോത്തരദേശങ്ങളിലെ

കൃഷിഡയറക്ടർ, കർഷകബാങ്കുകളും ശാഖകളും സ്ഥാപിച്ചു പഴയകടങ്ങൾ തീർക്കണമെന്നു മിക്കവാറും അഭിപ്രായപ്പെട്ടുകാണുന്നു. അതിനാൽ തിരുവിതാംകൂർ ഗവമ്മേൻറ് ഈ പ്രശ്നപരിഹാരത്തെപ്പററി ഗാഢമായി ചിന്തിക്കണമെന്നും താരതമ്യേന ഗുണകരമായ ഇവിടത്തെ പണവ്യാപാരികളുടെ രീതികൾകൊണ്ടു കടങ്ങളുടെ ൪൰ ശതമാനം തരാക്കാം കൊടുക്കുന്നതിനുള്ള പണം വേണ്ടിവന്നാൽ കടംവാങ്ങി ഉണ്ടാക്കണമെന്നും കാലാന്തരത്തിൽ ഭൂസ്വത്തുബാങ്കിന്റെ കടപ്പത്രങ്ങളിലായി ൧൰ ശതമാനംകൂടി കൊടുക്കണമെന്നും അഭിപ്രായപ്പെടാൻ ഞങ്ങൾ ധൈര്യപ്പെടുന്നില്ല. കൃഷിക്കാർക്ക് പലിശയിനത്തിൽ ഉണ്ടാകുന്ന ലാഭം വമ്പിച്ചതായിരിക്കും. ഇതുമൂലം രാജ്യത്തിന് സംതൃപ്തന്മാരായ കർഷകജനതയുടെ ആശിർവാദം ലഭിക്കുന്നതാണ്.

൧൯. സെൻട്രൽപ്രാവിൻസ് നിയമസഭയിലെ ഒരു ഉദ്യോഗസ്ഥാംഗം അഭിപ്രായപ്പെട്ടതുപോലെ വ്യവസായകടങ്ങൾ തീർക്കുന്നതിലേക്കുള്ള ലഘൂകരണകോടതികൾ മൂലം ഇതേവിധം വ്യവസായികളുടെ ഭൂമിയുടേയും മററു വസ്തുവകകളുടേയും ഈടിന്മേൽ വ്യാവസായികക്ലേശങ്ങളും പരിഹരിക്കപ്പെടണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു.

അദ്ധ്യായം ൧൩.

ഭൂസ്വത്തുബാംകുകൾ.

പൂർവ്വചരിത്രം.

തിരുവിതാംകൂർ ഒരു ഭൂസ്വത്തുബാംക് ഏർപ്പെടുത്തുന്ന വിഷയം ആദ്യമായി ൧൦൮൭-ൽ സഹകരണസംഘം രജിസ്ത്രാറാണ് അഭിപ്രായപ്പെട്ടത്. ഗവർമ്മെൻറ് ഇതേ സംബന്ധിച്ചുള്ള ആലോചന ഏതായാലും കുറച്ചുകാലത്തേക്കു മാററിവെക്കുകയാണുണ്ടായത്. സഹകരണതത്വത്തിന്മേൽ ഒരു കർഷകഭൂസ്വത്തുബാംക് പരീക്ഷണാർത്ഥമായി തുടങ്ങണമെന്നുള്ള ഒരു നിശ്ചയം ൧൦൯൯-ൽ ധനപരിപോഷണസമിതി ഗവർമ്മെൻറിലേക്കു അയച്ചു. ആ വർഷത്തിൽതന്നെ ൧൧൭-ാംനമ്പർ തിരുവിതാംകൂർ സഹകരണഐക്യസംഘം (ഇപ്പോഠ തിരുവിതാംകൂർ കോവാപ്പറേറിവ് ഇൻസ്റ്റിറ്റ്യൂട്ട്) പിന്നീട തിരുവിതാംകൂർ ആക്റ്റിംഗ് ദിവാൻജിയായിരുന്ന പരേതനായ രാവുബഹദൂർ ആർ. കൃഷ്ണപിള്ള അവർകഠ ഉഠപ്പെട്ട ഒരു കമ്മിററിയെ ഭൂസ്വത്തുബാംകുസ്ഥാപനത്തെപ്പററി ആലോചിക്കാനായി നിയോഗിച്ചു. സഹകരണനിയമപ്രകാരം ഒരു സെൻട്രൽഭൂസ്വത്തുബാംക് സ്ഥാപിക്കണമെന്നു കമ്മററി ശുപാർശചെയ്തു. ബാങ്കിനെപ്പററി ഒരു മെമ്മോറാണ്ടവും നക്കൽചട്ടങ്ങളും കമ്മിററി തയ്യാറാക്കി ഗവർമ്മെൻറിലേക്കയച്ചു. ഉദ്ദേശങ്ങഠ മുഴുവൻ വിശദമായി അറിയിക്കുന്നതിലേക്കു ഒരു സംഘം ആളുകഠ ദിവാൻജിയെ സന്ദർശിക്കുകയും ചെയ്തു. ശ്രീമൂലംപ്രജാസഭയുടെ ൧൦൯൦-ാമത്തെ യോഗത്തിൽ ഇപ്രകാരം ഒരു സ്ഥാപനത്തിന്റെ ആവശ്യകതയെപ്പററി ഒരു നിവേദനം സമർപ്പിക്കപ്പെടുകയും കൃഷിക്കാരുടെ ആവശ്യത്തിലേക്കായി ഒരു ഭൂസ്വത്തുബാംക് തുടങ്ങണമെന്നു ൧൦൯൮-ൽ നിയമസഭയിൽ ഒരു നിശ്ചയം ചെയ്കയുംചെയ്തു. ഗവർമ്മെൻറുസ്ഥാപനമായി ഒരു ഭൂസ്വത്തുബാംക് തുടങ്ങണമെന്നു തിരുവിതാംകൂർ തൊഴിലില്ലായ്മക്കമ്മററിയും ശുപാർശചെയ്തു. ബാങ്കിനു ആവശ്യമുള്ള ധനം കടപ്പത്രങ്ങഠ പ്രചരിപ്പിച്ച് ഉണ്ടാക്കപ്പെടണമെന്നും ആ കമ്മിററി അഭിപ്രായപ്പെട്ടു. രാജ്യത്തെ കർഷകക്കണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധമാനമായ കടത്തിനുള്ള പരിഹാരമാർഗ്ഗങ്ങളായി ഉദ്ദേശിച്ചു ബാങ്കിംഗ് അന്വേഷണക്കമ്മിററിക്കാർ ൧൦൮൬-ലെ ൧൦-ാംനമ്പർ സഹായസഹകരണസംഘറഗുലേഷൻപ്രകാരം ഒരു ഭൂസ്വത്തുബാംകുസ്ഥാപിക്കാൻ ശുപാർശചെയ്തു. ബാംകുപ്രചരിപ്പിക്കുന്ന കടപ്പത്രങ്ങഠക്കു ഗവർമ്മെൻറ ഉറപ്പുകൊടുക്കണമെന്നും ഗവർമ്മെൻറ് ഈ കടപ്പത്രങ്ങളിൽ ഒരംശം ഏടുക്കണമെന്നും ഏതാനും വർഷത്തേക്കുള്ള സിൽബന്ധിച്ചിലവുകഠക്കു ധനസഹായം ചെയ്യണമെന്നും കമ്മിററി വിചാരിച്ചു. ഈ വിഷയത്തെസംബന്ധിച്ച് ആലോചിച്ചു സാമ്പത്തികാധഃപതനക്കമ്മിററി സഹകരണസംഘറഗുലേഷൻപ്രകാരം അല്ലാതെ ഒരു പ്രത്യേകനിയമപ്രകാരം ഒരു ഭൂസ്വത്തുബാംക് തുടങ്ങണമെന്നും അഭിപ്രായപ്പെട്ടു.

ആവശ്യമെന്നുള്ള ഏകാഭിപ്രായം.

൨. ഈ ശുപാർശകളുടെ എല്ലാം ഐകരൂപ്യത്തെപ്പററി ഗവർമ്മെൻറ് ആലോചിച്ച് ദീർഘകാലവായ്പകഠ കൊടുക്കുന്നതിലേക്കു ഇപ്രകാരമുള്ള ഒരു സ്ഥാപനത്തിന്റെ ആവശ്യം വഴിയാംവണ്ണം മനസിലാക്കി. ധനാഗമരീതിയേയും മാർഗ്ഗത്തേയും പററി മാത്രമേ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായിട്ടുള്ളു. സഹകരണസംഘങ്ങഠക്കു സ്വല്പകാലവായ്പപ്രശ്നം പരിഹരിക്കാൻ മാത്രമേ സാധിക്കൂ എന്നു തെളിഞ്ഞിട്ടുണ്ട്. കൃഷിവായ്പനിയമം ഭൂമിയിൽ [illegible] ചെയ്യുന്നതിനു മാത്രമേ ഉപയോഗപ്പെടുത്താൻ നിവർത്തിയുള്ളു. സഹകരണപ്രസ്ഥാനത്തിനു പുറത്തുള്ളവരും വൻപിച്ച [illegible]

ടങ്ങൾ വീട്ടുന്നതിനു വേണ്ട പണം ആവശ്യമുള്ളവരും ആയ കൃഷിക്കാരുടെ ധനാവശ്യങ്ങൾ സാധിക്കുന്നതിനായി കൂട്ടുകച്ചവടബാങ്കുകൾ ഏർപ്പെടുത്തണമെന്നു സെൻട്രൽ ബാങ്കിംഗ് അന്വേഷണക്കമ്മിററി ശുപാർശചെയ്തു. സാധാരണയായി കൂട്ടുകച്ചവടബാങ്കുകൾ ദീർഘകാലവായ്പകൾ കൃഷിക്കാർക്കു കൊടുക്കുന്നില്ല. സാമ്പത്തികാധഃപതനം സ്ഥിതികൂടുതൽ വിഷമകരമാക്കി. അതിനാൽ കൂട്ടുകച്ചവടരീതിയിൽ ഏതെങ്കിലും സ്ഥാപനം ഏർപ്പെടുത്താമെന്നുള്ള അഭിപ്രായവും അസാദ്ധ്യമായിത്തീർന്നു.

മഹാരാജാവുതിരുമനസ്സിലെ ഔദാര്യംകൊണ്ടുണ്ടായ പ്രോത്സാഹനം.

൬. ഒരു ഭൂസ്വത്തുബാങ്കു സ്ഥാപിക്കുന്നതിനെപ്പററിയുള്ള വാദപ്രതിവാദങ്ങൾ വർത്തമാനപ്പത്രങ്ങളിലും മററും നടന്നുകൊണ്ടിരിക്കയും, മേല്പറഞ്ഞവിധം ഗവണ്മെൻറിലേയ്ക്കു നിവേദനങ്ങൾ സമർപ്പിച്ചുകൊണ്ടിരിക്കയും ചെയ്തപ്പോൾ ൧൯൩൧ നവംബർ ൧൧-ാംനു ഭരണാധികാരപ്രതിഷ്ഠാപനദർബാറിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് അഭിലഷിതമായ ഭൂസ്വത്തുബാങ്കിന്റെ പ്രാരംഭമൂലധനമായി ഒരുലക്ഷംരൂപ സംഭാവന ചെയ്യുന്നതായി അരുളിച്ചെയ്തു. ഈവിധത്തിൽ തിരുമനസ്സിലെ സംഭാവന ഗവണ്മെൻറിൽനിന്നും ഏർപ്പെടുത്താൻ ഉദ്ദേശിച്ച ഭൂസ്വത്തുബാങ്കിനു് ഒരു സുദൃഢമായ ആകൃതിയുണ്ടാക്കാൻ വളരെ സഹായിച്ചു. ആവശ്യം കൂടുതൽകൂടുതലായി ബോദ്ധ്യപ്പെട്ടുവരികയാൽ ആ സ്ഥാപനം നടപ്പിലാക്കാൻ ഒട്ടും താമസമുണ്ടായില്ല.

ഗവണ്മെൻറുഭൂസ്വത്തുബാങ്ക്.

൭. അതിനാൽ ൧൯൩൧ ഡിസംബർ ൧൭-ാംനു-യിലെ എഫ്. എൽ. ൧൯൧൮-ാം നമ്പർ ഉത്തരവനുസരിച്ചു ഗവണ്മെൻറ് ഒരു ഭൂസ്വത്തുബാങ്ക് ആരംഭിച്ചു. ഗവണ്മെൻറു ത്തരവിൽ ഇപ്രകാരം പറഞ്ഞിരുന്നു. “ഇപ്പോഴത്തെ സാമ്പത്തികാധഃപതനംമൂലം ജായിൻറുസ്റ്റാക്കരീതിയിൽ ഒരു വ്യാവസായികഭൂസ്വത്തുബാങ്കു, പൊതുജനങ്ങളിൽനിന്നും പണംപിരിച്ചുണ്ടാക്കേണ്ട ഒരു വലിയ മൂലധനം ആവശ്യമുള്ളതിനാൽ, തൽക്കാലം സാദ്ധ്യമല്ല. കൃഷിക്കാർക്ക് ആശ്വാസം നൽകേണ്ട ആവശ്യം മാററിവെയ്ക്കാൻപാടില്ലാത്തവണ്ണം അത്ര വളരെ നിശിതമായിരിക്കുന്നതിനാൽ അതിലേയ്ക്ക് ഒരു പ്രാരംഭനടപടിയായി ഗവണ്മെൻറു സ്ഥാപനമായിട്ട് ഒരു ഭൂസ്വത്തുബാങ്കു തുടങ്ങാൻ നിശ്ചയിച്ചിരിക്കുന്നു. യോജിച്ചതായ ഒരു പ്രൈവററ് ഏജൻസി തയ്യാറായിവരുമ്പോൾ ഈ സ്ഥാപനം മുഴുവനും, അപ്പോൾ നിശ്ചയിക്കപ്പെടുന്ന വ്യവസ്ഥകളും കരാറുകളും അനുസരിച്ചു, വിട്ടുകൊടുക്കാൻ ഗവണ്മെൻറിനു സന്തോഷമുണ്ടായിരിക്കുന്നതാണ്”. ഈ ബാങ്കു ഒരു ഗവണ്മെൻറു കാര്യമായിരിക്കുന്നതിനാൽ അതിന്റെ മുതലുകളും കടങ്ങളും ഗവണ്മെൻറിന്റേതാകുന്നു. മാനേജ്മെൻറ് ബോർഡിൽ അഞ്ചു ഗവണ്മെൻറുദ്യോഗസ്ഥന്മാരും ഗവണ്മെൻറിനാൽ നിയമിക്കപ്പെടുന്ന രണ്ട് അനുദ്യോഗസ്ഥന്മാരും ഉണ്ടായിരിക്കുന്നതാണ്. ഓരോ കാലങ്ങളിലായി ബാങ്കിന്റെ പ്രവർത്തനത്തിലേയ്ക്കു മൊത്തം നാലുലക്ഷം രൂപാവരെ ഗവണ്മെൻറു നിശ്ചയിക്കുന്ന പലിശയ്ക്കു ഇറക്കിക്കൊടുക്കാൻ ഗവണ്മെൻറു തയ്യാറായിരുന്നു. ധനസഹായം വേണ്ടിവരുന്നതായാൽ ഗവണ്മെൻറു സ്വന്തചുമതലയിലും ഉത്തരവാദിത്വത്തിലും കടപ്പത്രങ്ങൾ പ്രചരിപ്പിക്കുന്നതിനും കടപ്പത്രത്തിൽ വ്യവസ്ഥചെയ്യപ്പെടുന്ന നിശ്ചിതതീയതിമുതൽ തിരിച്ചുകൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം വഹിക്കുന്നതിനും ഗവണ്മെൻറു സന്നദ്ധമായും ഇരുന്നു. ഏതെങ്കിലും ഒരു സമയത്തു പ്രചരിപ്പിക്കുന്ന ഡിബെഞ്ചർകടപ്പത്രങ്ങളുടെ ആകെത്തുക സാധാരണമായി ബാങ്കു കൊടുത്തിട്ടുള്ള ആകെക്കടത്തിൽ പിരിയാൻ നിൽക്കുന്ന ബാക്കിയുടേയും മുമ്പു പ്രചരിപ്പിച്ചിട്ടുണ്ടാകാവുന്ന കടപ്പത്രവിലയിൽ തിരിച്ചുകൊടുത്തിട്ടില്ലാത്ത സംഖ്യയുടേയും വ്യത്യാസത്തെ കവിഞ്ഞുകൂടാത്തതാകുന്നു. ഈ നിശ്ചയം ഗവണ്മെൻറ് ഇതുപര്യന്തം നടപ്പാക്കിയിട്ടില്ലെന്നു ഞങ്ങൾ അറി

യുന്നു. വായ്പക്കാരന്റെ കൈവശമുള്ള ഭൂസ്വത്തിന്മേലുള്ള കടങ്ങൾ വീട്ടുന്നതിനു മാത്രമേ ഇപ്പോൾ ബാങ്കിൽനിന്നും കടം കൊടുക്കുന്നുള്ളു. വായ്പക്കാരന്റെ പക്കൽ നിന്നും കുടിശികയായി ഭാരിച്ച സംഖ്യകൾ കെട്ടിക്കിടക്കുന്നതുപോലെ ഇപ്പോൾ കാണപ്പെടുന്നുണ്ട്. ബാങ്കിന്റെ കടപത്രങ്ങൾ രാജ്യത്തെ ജനങ്ങളിൽനിന്നും പ്രത്യേകം തിരിക്കപ്പെട്ടിരിക്കുന്നതും ലാഭം കൂടുതൽ ധനരൂപീകരണത്തിലേക്കു പോകുന്നതും ആണ്. [illegible] പ്രധാനമായി കൃഷികൊണ്ടു ഉപജീവിക്കുന്നവർക്കും പ്രധാനമായിട്ടല്ലാതെ [illegible] രജിസ്റ്റർ ചെയ്യപ്പെട്ട കമ്പനികൾക്കും ഏകദേശം [illegible] മാത്രമേ [illegible] ഉള്ളു. ൭ ലക്ഷത്തൊന്നം പലിശ ചുമത്തപ്പെട്ടിട്ടുണ്ടെന്നും [illegible] കുറച്ചിട്ടുള്ളതാണ്.

അതു് ഒരു സഹകരണസ്ഥാപനമായി രൂപാന്തരപ്പെടണമെന്നുള്ള ആവശ്യം.

൭. ഗവൺമെന്റു ഭൂസ്വത്തുബാങ്കു തുടങ്ങിയതിനു ശേഷവും നാട്ടിനെ ഒരു സഹകരണസ്ഥാപനമായി ഭേദപ്പെടുത്തണമെന്ന സഹകരണപ്രസ്ഥാനക്കാർ ഗവൺമെന്റിനെ വളരെ നിർബന്ധിച്ചുകൊണ്ടിരുന്നു. പല സഹകരണസമ്മേളനങ്ങളിലും പല നിശ്ചയങ്ങളും പാസ്സാക്കപ്പെടുകയും അവ നേരിട്ടോ ഗവൺമെന്റിലേക്ക് [illegible] ആലോചനയ്ക്കായി അയക്കപ്പെടുകയും ചെയ്തിട്ടുണ്ട്. [illegible] ഇതിൽനിന്നും ഇങ്ങനെ ഭേദപ്പെടുത്തുന്നതിനെ അനുകൂലിച്ചു ഒരു [illegible] അഭിപ്രായം ഉള്ളതായി ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഇപ്പോഴത്തെ ഗവൺമെന്റു [illegible] എങ്ങിനെ എങ്കിലും ഉടച്ചുവാർക്കുന്നതിൽ വിപരീതങ്ങളായ [illegible] ഇല്ലായെന്നില്ല. എങ്കിലും ആ അഭിപ്രായത്തോടു ഞങ്ങൾക്ക് [illegible] യോജിക്കുവാൻ വഹിയില്ല. [illegible] വലുതായ പൊതുജനാഭിപ്രായംകൊണ്ടു പ്രകടമായിട്ടുള്ള ജനകീയ [illegible] രിക്കാം ഭൂസ്വത്തുബാങ്കിനെ സഹകരണസംഘറെഗുലേഷൻപ്രകാരം രൂപാന്തരപ്പെടുത്തുന്നതിന്റെ സ്പൃഹണീയതകൂടി മറ്റുകാര്യങ്ങളോടൊപ്പം ആലോചിക്കുന്നതിനായി ഞങ്ങളോടു ആവശ്യപ്പെടുന്നതു് ഉചിതമായിരിക്കുമെന്നു ഗവൺമെന്റു വിചാരിച്ചതു്.

രണ്ടു പ്രശ്നങ്ങൾ.

൮. പ്രകൃതത്തിലുള്ള ഈ പ്രശ്നം രണ്ടായി പിരിക്കാവുന്നതാണ്. (എ) ഇപ്പോഴുത്തെ സ്ഥാപനത്തെ ഏതെങ്കിലുംവിധം പുനസ്സംഘടിപ്പിക്കേണ്ട ആവശ്യമുണ്ടോ? (ബി) ഭൂസ്വത്തുബാങ്കു സഹകരണസംഘനിയമപ്രകാരം രജിസ്റ്റർ ചെയ്യാമോ?

മൈസൂരിലേയും മദ്രാസിലേയും മാതൃകകൾ.

൯. തിരുവിതാംകൂറിൽ ഒരു സഹകരണഭൂസ്വത്തുബാങ്കു വേണമെന്ന സിദ്ധാന്തിക്കുന്നവർ മദ്രാസിലെയും മൈസൂരിലെയും ഭൂസ്വത്തുബാങ്കുകളുടെ വമ്പിച്ച [illegible] പ്രവർത്തനം കണ്ടു് അഭിപ്രായം രൂപീകരിച്ചിട്ടുള്ളവരായിരിക്കാമെന്നു തോന്നുന്നു. മദ്രാസിലെ ഭൂസ്വത്തുബാങ്കുപദ്ധതി ആരംഭത്തിൽത്തന്നെ സഹകരണപരമായതായിരുന്നു. ഏറെക്കുറെ പരിമിതമായ പ്രദേശത്തു് [illegible] സ്ഥാപനങ്ങളായി ഏതാനും പ്രാദേശികഭൂസ്വത്തുബാങ്കുകൾ രൂപീകരിച്ചു. ഈ പ്രാഥമികഭൂസ്വത്തുബാങ്കുകൾ അതാതുപ്രദേശത്തിന്റെ പരിധികളിൽ ഉള്ള കൃഷിക്കാരെ അംഗങ്ങളായി ചേർത്തു കൃഷിക്കാരൻ ഏതാനം ഭൂമികൾ പണയപ്പെടുത്തിക്കൊടുക്കാമെന്നു് ഏറ്റുകൊണ്ടു കടത്തിനു് അപേക്ഷിച്ചു ബാങ്കു സ്ഥലത്തു് ഒരു അന്വേഷണം നടത്തി റിക്കാർട്ടുകൾ നിയമോപദേഷ്ടാവിനെ ഏല്പിക്കയും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോടുകൂടി അപേക്ഷ ഡയറക്ടറന്മാരുടെ മുമ്പാകെ വയ്ക്കുകയും അവർ അതു് അനുവദിക്കാമോ പാടില്ലയോ എന്നു തീർച്ചപ്പെടുത്തുകയും ചെയ്യുന്നു. ഭൂസ്വത്തുബാങ്കിന്റെ മൂലധനം

ഡിബെഞ്ചർകടപ്പത്രങ്ങൾ പ്രചരിപ്പിച്ചും, ഓഹരി, നിക്ഷേപം എന്നിവകൊണ്ടും ഉണ്ടാക്കപ്പെട്ടു. ചില പ്രാഥമികഭൂസ്വത്തുബാങ്കുകളുടെ പ്രവൎത്തനത്തിൽനിന്നുണ്ടായ അനുഭവം പ്രോത്സാഹനീയമല്ലാതിരിക്കയും അതിനാൽ കടപ്പത്രങ്ങൾ പ്രചരിപ്പിക്കുന്നതു പലസ്ഥലങ്ങളിലുമുള്ള പ്രാഥമികബാങ്കുകളെക്കാളും ഒരു കേന്ദ്രസ്ഥാപനത്തിന്റെ ചുമതലയാക്കുന്നതു നന്നായിരിക്കുമെന്നു വിചാരിക്കയും ചെയ്തു. പരീക്ഷണാൎത്ഥം ഭൂസ്വത്തുബാങ്കുജോലികൂടി ഒരു വിഭാഗമായി ചെയ്തുകൊണ്ടിരുന്ന ബോംബെ പ്രൊവിൻഷ്യൽ കോവോപ്പറേറിവ് ബാങ്കിൽ ഈ തത്വം അംഗീകരിച്ചു പ്രവൎത്തിച്ചുവരികയായിരുന്നു. ൧൯൨൯-ൽ ഒരു സെൻട്രൽഭൂസ്വത്തുബാങ്കിന്റെ കാൎയ്യം മദ്രാസിൽ പ്രതിപാദിതമായി. ഈ ബാങ്കു ടൌൺസെൻഡ് സഹകരണാന്വേഷണക്കമ്മററിയുടെയും രാജകീയ കാൎഷികക്കമ്മീഷന്റെയും ശുപാൎശയനുസരിച്ചു രൂപീകരിക്കയും ചെയ്തു.

മദ്രാസ് സെൻട്രൽഭൂസ്വത്തുബാങ്ക്.

൫. ഈ മദ്രാസ് സെൻട്രൽഭൂസ്വത്തുബാങ്കിന്റെ പ്രധാനലക്ഷണങ്ങൾ താഴെ പറയുന്നവയാണ്:—

(എ) പ്രാഥമികബാങ്കുകൾക്കു ധനസഹായം ചെയ്യുന്നതിനു വേണ്ടി യൂറോപ്പിലും അമേരിക്കയിലുമുള്ള ഭൂസ്വത്തുസ്ഥാപനങ്ങളിലെ കീഴ്നടപ്പുകൾ അനുസരിച്ചു അംഗങ്ങൾ പ്രാഥമികബാങ്കിലേക്കു എഴുതിക്കൊടുത്തിട്ടുള്ളതും പ്രാഥമികബാങ്കു സെൻട്രൽ ബാങ്കിലേക്കു പണയപ്പെടുത്തുന്നതും ആയ പണയാധാരങ്ങളുടെ ഉറപ്പിന്മേൽ, പലിശ കൊള്ളിച്ചിട്ടുള്ളതായ ഡിബെഞ്ചർ കടപ്പത്രങ്ങൾ പ്രചരിപ്പിക്കുന്നതിനു സെൻട്രൽ ഭൂസ്വത്തുബാങ്കിനു അധികാരം നല്കിയിരിക്കുന്നു. തന്നിമിത്തം സെൻട്രൽ ബാങ്കിനു ലഭിക്കുന്ന ആദ്യപണയങ്ങളുടെ ഉറപ്പിന്മേലല്ലാതെ പൊതുജനങ്ങളുടെ ഇടയിൽ ഡിബെഞ്ചറുകൾ പ്രചരിപ്പിക്കാൻ പാടില്ലാതിരുന്നതും ഏതെങ്കിലും സമയത്തു ഇപ്രകാരം പ്രചരിപ്പിക്കുന്ന കടപ്പത്രങ്ങളുടെ തുക, ആ പണയാധാരങ്ങളുടെയും ബാങ്കുവക മററുസ്വത്തുക്കളുടെയും മൊത്തം വിലയിൽ കവിയാൻ പാടില്ലാതിരുന്നതും ആകുന്നു. സെൻട്രൽബാങ്കുകളുടെ കടപ്പത്രങ്ങൾ തന്മൂലം സ്ഥിരവും സുരക്ഷിതവും ആയ നിക്ഷേപങ്ങൾ ആയിരിക്കുന്നതും ഇടക്കാരിൽനിന്നു വാങ്ങപ്പെട്ടിട്ടുള്ള പണയാധാരങ്ങളുടെ മൊത്തം സംഖ്യയാലും ബാങ്കിന്റെ ഭൂസ്വത്തുക്കളാലും ഉറപ്പിക്കപ്പെട്ടിരുന്നതും ആണ്.

(ബി) ഡിബെഞ്ചറുകൾ ആയിരംരൂപ, അഞ്ഞൂറുരൂപ, നൂറുരൂപ, ഇങ്ങനെയുള്ള വൎഗ്ഗങ്ങളായി പ്രചരിപ്പിക്കപ്പെടുന്നു.

(സി) ഡിബെഞ്ചറിന്റെ കാലാവധി ൨൦ വർഷവും പലിശ ആണ്ടിൽ ൬ ശതമാനവും ആണെങ്കിലും, ൫½ ശതമാനം പലിശയ്ക്കു പത്തു വൎഷഡിബെഞ്ചറുകളും പ്രചരിപ്പിക്കുന്നുണ്ട്.

(ഡി) ഡിബെഞ്ചറിന്റെ നിലവുകാലം മുഴുവൻ പലിശകൊടുക്കാൻ ബാങ്കു ചുമതലപ്പെടുന്നു.

(ഇ) പലിശ ആറുമാസത്തിലൊരിക്കൽ കൊടുക്കണം.

(എഫ്) ഡിബെഞ്ചറുകൾ വില്ക്കുമ്പോൾ ൫ ശതമാനം അപേക്ഷയോടുകൂടിയും ബാക്കി അപേക്ഷ അനുവദിച്ചു ൧൫ ദിവസങ്ങൾക്കകവും കൊടുക്കേണ്ടതാണ്.

(ജി) പ്രാഥമികബാങ്കുകൾക്കുള്ളതും, അവ സെൻട്രൽ ബാങ്കിലേക്കു കൈമാററം ചെയ്യുന്നതുമായ പണയത്തിന്മേലുള്ള ബാദ്ധ്യതകൊണ്ടും ബാങ്കിന്റെ പൊതു മുതലുകൾകൊണ്ടും ഡിബെഞ്ചറുകൾ സുരക്ഷിതങ്ങളാക്കപ്പെടുന്നു.

(എച്ച്) ഒരു നിശ്ചിത കൈമാററഫാറത്തിൽ ബാങ്കുവകപുസ്തകങ്ങളിൽ രജിസ്റ്റർ ചെയ്തു കടപ്പത്രങ്ങൾ കൈമാററം ചെയ്യപ്പെടാവുന്നതും രജിസ്ത്രർ ചിലവും സ്റ്റാമ്പ് നികുതിയും ഒഴിവാക്കപ്പെട്ടിരിക്കുന്നതും ആകുന്നു.

(ഐ) നിശ്ചിതകാലാവധി കഴിയുംമുമ്പ് യാതൊരു കടപ്പത്ര കൈവശക്കാരനും അതിന്റെ മുതൽ കിട്ടണമെന്ന അവകാശപ്പെടാൻ പാടില്ലാത്തതാണ്.

(ജെ) ട്രസ്റ്റിയുടെ പൊതുവായ ആജ്ഞയനുസരിച്ച ഡിബഞ്ചർ കടപ്പത്രക്കാൎക്ക ഒടുവിൽ നഷ്ടമുണ്ടാകാതെയിരിക്കുന്നതിലേക്കായി ഒരു കടപ്പത്ര മോചനഫണ്ടു തുടങ്ങിയിട്ടുണ്ട്.

(കെ) കടപ്പത്രങ്ങൾ നിലവിലിരിക്കുന്ന കാലത്തും മൂന്നുമാസത്തെ അറിയിപ്പുകൊടുത്തു ഏതെങ്കിലും കടപ്പത്രങ്ങൾ ഡയറക്ടരന്മാൎക്ക് തിരികെ ആവശ്യപ്പെടുകയും അവയുടെ മുഴുവൻ സംഖ്യയും കൊടുത്തു തീൎക്കയും ചെയ്യാവുന്നതാണ്.

(എൽ) തൽക്കാലസൌകൎയ്യത്തിന ആവശ്യമുള്ളവൎക്ക ഈ കടപ്പത്രങ്ങളുടെ വിലയിൽ ൭൦ ശതമാനം സംഖ്യ അവയുടെ ഈടിന്മേൽ കടം കൊടുക്കുന്നതിന മദ്രാസ് പ്രൊവിൻഷ്യൽ കൊവാപ്പറേറ്റിവ് ബാങ്കിനും മദ്രാസ് പ്രസിഡൻസിയിലെ ഡിസ്ട്രിക്ട് സെൻട്രൽ കൊവാപ്പറേറ്റിവ് ബാങ്കുകൾക്കും ഗവണ്മെന്റ അധികാരം നല്കിയിട്ടുണ്ട്.

(എം) കടപ്പത്ര കൈവശക്കാൎക്കായി ഒരു ട്രസ്റ്റി ഉണ്ടായിരിക്കുന്നതും അവൎക്ക വേണ്ടി ഏതുസമയവും അയാൾക്ക ഇടപെടാവുന്നതുമാണ്.

(എൻ) ൫ ഉ ലക്ഷം ഉറുപ്പികക്ക ഉൾപ്പെട്ട സംഖ്യക്ക ആദ്യം അഞ്ചുവൎഷങ്ങളിൽ പ്രചരിപ്പിക്കുന്ന കടപ്പത്രങ്ങൾക്ക, അവകൊടുത്തു തീൎക്കപ്പെടുകയോ ബാങ്ക് തിരിച്ചു വാങ്ങുകയോ ചെയ്യുന്നതുവരെ, നാലു ശതമാനം പലിശപ്രകാരം മുതലിൽനിന്നും കൊടുത്തുകൊള്ളാമെന്ന, നിക്ഷേപകന്മാൎക്ക കൂടുതൽ ഉറപ്പുനല്കുന്നതിനായി നിയമസഭയുടെ അനുമതിപ്രകാരം, മദ്രാസ് ഗവണ്മെന്റ ഏററിട്ടുള്ളതുമാണ്.

മൈസൂർ ഭൂസ്വത്തുബാങ്ക്.

൯. സഹകരണതത്വത്തിന്മേൽ ഭൂസ്വത്തുബാങ്കുകൾ മദ്രാസിൽമാത്രമല്ല മററു സ്ഥലങ്ങളിലും പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പഞ്ചാബിലും ബോംബെയിലും പ്രൊവിൻഷ്യൽ കൊവാപ്പറേറ്റിവ് ബാങ്കുകൾ പ്രാഥമിക ഭൂസ്വത്തുബാങ്കുകൾക്ക ഡിബഞ്ചർ കടപ്പത്രങ്ങൾ മുഖേന ധനസഹായം ചെയ്യുന്നു. ഗവണ്മെന്റും അവയെ സഹായിക്കുന്നുണ്ട്. സെൻട്രൽ പ്രൊവിൻസുകളിലും മൈസൂർ ബറോഡാ ബിക്കാനീർ ഈ സ്ഥലങ്ങളിലും ഈ വിധമുള്ള സ്വാതന്ത്ര്യസ്ഥാപനങ്ങളുണ്ട്. മൈസൂർ ഭൂസ്വത്തുബാങ്കിനെയും ആരംഭകാലത്തു അതിന മൈസൂർ ഗവണ്മെന്റ ചെയ്തുവന്ന സഹായങ്ങളേയും പററിയുള്ള ഒരു സംക്ഷേപം താഴെ ചേൎത്തിരിക്കുന്നു.

ആദ്യമായി ബാങ്കിന്റെ ആദ്യ രണ്ടുവൎഷത്തെ പ്രവൎത്തനച്ചിലവു, ൧൪,൦൦൦ ഉറുപ്പിക ഉൾപ്പെട്ട ആദ്യവൎഷത്തേയും, രണ്ടാംവൎഷത്തേതിന്റെ ൨/൩ ഭാഗം ൧൦,൦൦൦ ഉറുപ്പിക ഉൾപ്പെട്ടതുകയും കൊടുത്തുകൊള്ളാമെന്ന ൧൯൨൯ ജി. നമ്പർ ൧/൨൯ എം. ൧൧-൨൯-൧-ാംനമ്പർ ഉത്തരവുമൂലം ഗവണ്മെന്റ വാഗ്ദാനം ചെയ്തു. അതിനും പുറമേ ൧൯൩൦ ൧൧ാംമാസത്തെ അതായതു ൧൯൩൧ ജൂൺ വരെയുള്ള മുഴുവൻ ചിലവായ ൨൧,൦൦൦ ഉറുപ്പികയും ബാങ്കിന്റെ ഒരു നിവേദനം അനുസരിച്ചു അനുവദിച്ചുകൊടുക്കയും കൂടാതെ ൧൧,൦൦൦ ഉറുപ്പികയുടെ ഒരു സഹായധനത്തിനകൂടി ഉത്തരവു ചെയ്യുകയും ചെയ്തു. അതിനും പുറമേ വിലവയ്പുകാർ ഇല്ലാതിരുന്നതാലൂക്കുകളിലെ കടവയ്പ അപേക്ഷകളും മററു ബാങ്കുസംബന്ധമായ ജോലികളും അതതു സ്ഥലത്തെ കൊവാപ്പറേറ്റിവ് ഇൻസ്പെക്ടരന്മാരെക്കൊണ്ടു ചെയ്യിക്കുന്നതിന അനുവദിക്കുകയും ചെയ്തു. ൧൯൩൧-൩൨ൽ പ്രവൎത്തനച്ചിലവിലേക്ക് ൭,൫൦൦ ഉറുപ്പിക സഹായധനവും നല്കി. മൂന്നുവൎഷക്കാലത്തേക്ക ഭൂസ്വത്തുബാങ്കുകളെ സ്റ്റാമ്പ് രജിസ്ട്രേഷൻ എന്നീ നിയമങ്ങളനുസരിച്ചുള്ള ഫീസുകളിൽനിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

അങ്ങിനെ മൈസൂറിലെ സെൻട്രൽ ഭൂസ്വത്തു ബാങ്കിൽ ഇപ്പോൾ ൧൭ പ്രാഥമിക ഭൂസ്വത്തുബാങ്കുകളും, ൨൨ സഹകരണ സംഘങ്ങളും ൩൩൧ വ്യക്തികളും ഉൾപ്പെടെ ൩൫൫ അംഗങ്ങളുള്ളതാണ്. ചിലവായിട്ടുള്ള ഓഹരിവില രൂപ ൭൩൫൦൦ ത്തിൽ ൪൭,൬൫൦ രൂപ ഈടായിട്ടുണ്ട്. രാജ്യത്തെ ഓരോ താലൂക്കിലും ഭൂസ്വത്തു ബാങ്കുകൾ വേണമെന്നു കഴിഞ്ഞ വാഴ്ച (ജൂലൈ ൪-ാം തീയതി) നിയമസഭയിൽ ആവശ്യപ്പെടത്തക്കവണ്ണം, ഈ വക സ്ഥാപനങ്ങളുടെ കാര്യക്ഷമതയിൽ [illegible] ജനങ്ങൾ അത്രകണ്ടു വിശ്വാസമുള്ളവരായി തീർന്നിരിക്കുന്നു. മുന്നാലുവർഷം മുമ്പു മുന്നാം [illegible] സ്വത്തു സംഘങ്ങൾ ബാംബെയിൽ തുടങ്ങി, ഒരു [illegible] പ്രൊവിൻഷ്യൽ കൊവാപ്പറേറ്റീവ് ബാങ്കു ധനസഹായം ചെയ്യുകയും [illegible] യപ്രദമായി തീരുകയും ഒരു സെൻട്രൽ ഭൂസ്വത്തു ബാങ്കിനെ നിർബന്ധിക്കപ്പെടുകയും ചെയ്തു വരുന്നു. ബംഗാൾ പ്രൊവിൻഷ്യൽ കൊവാപ്പറേറ്റീവ് ബാങ്കു മദ്രാസ് [illegible] സൂർ തിരുവിതാംകൂർ എന്നീസ്ഥലങ്ങളിലെ ഭൂസ്വത്തു ബാങ്കുകളുടെ സ്ഥിതി പഠിക്കുന്നതിനു ഒരു പ്രതിനിധിസംഘത്തെ അയച്ച് അവരുടെ റിപ്പോർട്ട് അനുസരിച്ചു മൂന്നു ബാങ്കുകൾ സഹകരണതത്വപ്രകാരം തുടങ്ങിയിട്ടുള്ളതും, രണ്ടുകൂടി ഏർപ്പെടുത്താൻ [illegible] ച്ചു വരുന്നതും ആകുന്നു.

സ്വാധീനശക്തിയുള്ള ഡയറക്ടറന്മാരും ശമ്പളത്തോടു കൂടിയ വിദഗ്ധന്മാരും.

൧൦. ഈ വക സ്ഥാപനങ്ങളെപ്പററി സൂക്ഷ്മമായി പഠിച്ചതിൽനിന്നു ദീർഘകാലവായ്പകൾ കൊടുക്കുന്നതോചി ശമ്പളത്തോടുകൂടി നിയമിക്കപ്പെടുന്ന വിദഗ്ധന്മാരിൽ അർപ്പിതമായിരിക്കേണ്ടവിധം പ്രത്യേകപരിഗണിക്കേണ്ട ഒരു സംഗതിയാണെന്നു ഞങ്ങൾക്കു ബോദ്ധ്യം വന്നിട്ടുണ്ട്. ഭൂസ്വത്തു ബാങ്കുകളുടെയും സാധാരണ സഹകരണസംഘങ്ങളുടെയും പ്രവർത്തനത്തിൽ വലിയ സാദൃശ്യമില്ലെന്നും [illegible] അവയിലെ വായ്പകൾക്കു സഹകരണസിദ്ധാന്തങ്ങൾ യോജിപ്പിക്കാൻ വഴിയില്ലെന്നും ചിലർക്കു അഭിപ്രായമുണ്ട്. മദ്രാസ് സെൻട്രൽ ഭൂസ്വത്തു ബാങ്ക് ഈ നിയമത്തിനു ഏകദേശം വ്യത്യാസമാകുന്നു.

മദ്രാസിൽ മുമ്പു രജിസ്ട്രാറായിരുന്ന മി: ടി. എൻ. സ്ത്രാത്തിഎ, സി. ഐ. എസ്. ഈ കമ്മിററിക്കയച്ച മെമ്മോറാണ്ടത്തിൽ താഴെക്കാണുംവിധം പ്രസ്താവിച്ചിരിക്കുന്നു.

"മദ്രാസിലെ സെൻട്രൽ ഭൂസ്വത്തു ബാങ്കു വളരെ നല്ലവണ്ണം ജോലിചെയ്യുന്നുണ്ട്. എന്തെന്നാൽ വളരെ പ്രാപ്തിയും പരിചയവുമുള്ള ചിലആളുകൾ അതിനുവേണ്ടി സ്വന്തമായി നിഃസ്വാർത്ഥബുദ്ധിയോടുകൂടി പരിശ്രമിക്കുന്നുണ്ട്. ഇതേ കാരണംകൊണ്ടും നല്ല സൂപ്പർവൈസറന്മാരെ നിയമിച്ചിട്ടുള്ളതുകൊണ്ടും ചില പ്രാഥമിക ഭൂസ്വത്തുബാങ്കുകളും നല്ലവണ്ണം ജോലിചെയ്യുന്നുണ്ട്. മററു ചില പ്രാഥമികഭൂസ്വത്തുബാങ്കുകളിൽ ആവശ്യമുള്ള സമയം ചിലവഴിക്കാൻ ഡയറക്ടറന്മാർക്കു വിഷമം നേരിടുന്നു. ചിലസമയമെല്ലാം പക്ഷം നോക്കി സൂപ്പർവൈസറന്മാരെ നിയമിച്ചിട്ടുണ്ട്". ഈ അഭിപ്രായത്തോടു മദ്രാസ് സെൻട്രൽ ഭൂസ്വത്തു ബാങ്കിലെ ഇപ്പോഴത്തെ പ്രസിഡന്റു യോജിക്കുന്നുണ്ട്. അനുദ്യോഗസ്ഥ സഹകരണത്തിനു ഒരു പരിധിയെല്ലാം ഉണ്ടെന്നും, അതി സൂക്ഷ്മമായ ശ്രദ്ധയും നോട്ടവും ആവശ്യമുള്ളതിനാൽ ഭൂസ്വത്തുബാങ്കിടപാടുകൾ സാധാരണ സഹകരണ വ്യാപാരങ്ങളെപ്പോലെയല്ലെന്നും ഞങ്ങൾ വിസമ്മതിക്കുന്നില്ല. എന്നാൽ വിശ്രമസമയം ചിലവാക്കാവുന്ന പരിചയമുള്ള അനുദ്യോഗസ്ഥന്മാരുടെ ബുദ്ധിപൂർവമായ നേതൃത്വം ആവശ്യം പോലെ തിരുവിതാംകൂറിൽ ഉണ്ടാകാതെയിരിക്കാൻ കാരണം ഞങ്ങൾ കാണുന്നില്ല. സൌജന്യമായി ജോലിചെയ്യുന്നതിനു വിജ്ഞാനവും കാര്യക്ഷമവും ആയ ഒരു അനുദ്യോഗസ്ഥബോർഡിനെ ലഭിക്കുന്നതിനു വലരെ വിഷമമുണ്ടാകയില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം.

ഇൻഡ്യാഗവണ്മെൻറിൻെറ ഡൽഹി പ്രൊവിൻഷ്യൽ എക്കണോമിക്ക് കാൺഫറൻസ്.

൬൬. ൧൯൩൭ ഏപ്രിൽ മാസത്തിൽ ന്യൂഡൽഹിയിൽവച്ചു കൂടിയ പ്രൊവിൻഷ്യൽ എക്കണോമിക്ക് കാൺഫറൻസ് ഇൻഡ്യയിലെ കൂട്ടുയോജിച്ചതായ ഭൂസ്വത്തു ബാങ്കിൻെറ സ്വഭാവത്തെപ്പററി വാദപ്രതിവാദം ചെയ്തശേഷം, ബീഹാർ, ഒറിസ്സാ, ബംഗാൾ, യുണൈറഡ് പ്രൊവിൻസുകൾ ഈ ദേശങ്ങളിൽ ഭൂമി സ്ഥിരമായി പതിച്ചുകൊടുത്തുവരുന്ന സമ്പ്രദായം നടപ്പിലുള്ള ഇന്ത്യയിൽ മററു സ്ഥലങ്ങളിൽ വ്യത്യാസം ഉള്ളതിനാൽ, അതതു സ്ഥലത്തെ സ്ഥിതികളും വസ്തു ഉടമ വ്യവസ്ഥകളും കൈമാററനിയമങ്ങളും പ്രത്യേകം അനുസരിച്ചു പ്രധാനസംഗതികൾ പ്രാദേശികഗവണ്മെൻറുകൾ തന്നെ ആലോചിച്ചു അവരവർ വേണ്ടതായ ഭൂസ്വത്തുബാങ്കിൻെറ രൂപം നിർണ്ണയിക്കേണ്ടതാണെന്നു തീരുമാനിച്ചു. എന്നാൽ തിരുവിതാംകൂറിൽ ഇപ്രകാരം ഒരു വിഷമമില്ല. കൂടാതെ സ്റേററുഭൂസ്വത്തുബാങ്കിൻെറ സംഘടന മദ്രാസിലും മൈസൂറിലും രൂപീകരിച്ചിട്ടുള്ള പദ്ധതിയനുസരിച്ചും പ്രാദേശികങ്ങളായ എല്ലാവിധ ആവശ്യങ്ങളും ആലോചിച്ചും തയ്യാറാക്കപ്പെട്ടിട്ടുള്ളതാണെന്നു പറയപ്പെടുന്നു.

സ്റേററുഭൂസ്വത്തുബാങ്കിൻെറ രൂപാന്തരികരണം.

൬൭. സ്റേററു ഭൂസ്വത്തു ബാങ്കു ഒരു പരീക്ഷണഘട്ടം തരണം ചെയ്തിട്ടില്ലെന്നും അതിനെപ്പററി ഏതെങ്കിലും ഒരു അഭിപ്രായം പറയാൻ തന്നെ കാലമായിട്ടില്ലെന്നും ഞങ്ങൾ വിചാരിക്കുന്നു. പാററ്നായിൽ ബീഹാർ ഒറിസ്സാ പ്രൊവിൻഷ്യൽ കോഓപ്പറേറിവ് ബാങ്കിൻെറ മാനേജിംഗ് ഡയറക്ടറായ റായിബഹദൂർ മിഹിർനാഥറായി ൧൯൩൭ ജൂൺ ൨൭-ാം-അം തീയതിയിൽ വച്ചു നടന്ന നാലാമതു ഇൻഡ്യൻ പ്രൊവിൻഷ്യൽ ബാങ്കുകളുടെ കാൺഫറൻസിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ ഇൻഡ്യയിലെ കൂട്ടുയോജിച്ചതായ വിവിധ ജാതി ഭൂസ്വത്തു സ്ഥാപനങ്ങളെയും പരാമർശിച്ചു താഴെപ്പറയും വിധം പ്രസ്താവിച്ചിരിക്കുന്നു. "ദീർഘകാലവായ്പകൾക്കു ഏററവും യോജിച്ച ബാങ്കിനെപ്പററി പല കാൺഫറൻസുകളും കമ്മിററികളും ആലോചിക്കയും ചെറിയ കൃഷിവലന്മാരായ ഭൂരിപക്ഷം ആളുകളുടെയും രക്ഷയ്ക്കു സഹകരണസ്ഥാപനമാണ് ഏററവും പററിയതെന്നു നിശ്ചയിക്കയും ചെയ്തിട്ടുണ്ട്. ഗവണ്മെൻറു ഈവക കാര്യങ്ങളിൽ പൂർണ്ണചുമതലകളേൽക്കുന്നതിനു ചില പരിധികൾ ഉണ്ടെന്നു ഞങ്ങൾക്കു അറിവുള്ളതും, സ്റേററു ഭൂസ്വത്തുബാങ്കിനെ ഒരു സഹകരണസെൻട്രൽ ഭൂസ്വത്തുബാങ്കായി ഇപ്പോൾ രൂപാന്തരപ്പെടുത്തുന്നതു അഭിലഷണീയമല്ലെന്നു ഞങ്ങൾ വിചാരിക്കുന്നുഎങ്കിലും ഭേദപ്പെട്ടതാണമെന്നുള്ള ആശയം ഏതുവിധേനയും പരിത്യജിച്ചു കൂടാത്തതാണെന്നു ഞങ്ങൾക്കു അഭിപ്രായം ഉള്ളതും ആകുന്നു. അതിനു അടുത്ത അഞ്ചുവർഷക്കാലത്തിനകം പ്രയോജനപ്രദമായ വിധത്തിൽ ഭേദപ്പെടുത്താൻ ആലോചിക്കേണ്ടതാണ്.

മററു സംഗതികൾക്കു ഇതേപ്രകാരമിരിക്കുന്നപക്ഷം ആസമയത്തേയ്ക്കു സ്റേററു ഭൂസ്വത്തു ബാങ്കിനെ പ്രയോജനകരമാംവണ്ണം ഒരു സെൻട്രൽ സഹകരണ ഭൂസ്വത്തുബാങ്കായി ഭേദപ്പെടുത്താവുന്നതാണ്. രാജ്യംപാടെ നിറഞ്ഞുകിടക്കുന്ന പ്രാഥമിക ഭൂസ്വത്തുബാങ്കുകളുടെ സഹായത്തോടുകൂടി അടിയിൽനിന്നുതന്നെ ഉയർന്നുവരുന്ന ഒരു സ്ഥാപനം ഉണ്ടാക്കുന്നതിനു ഈ കാലാവധി ആവശ്യമായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു. ബാങ്കുസംഘടനയെപ്പററിയുള്ള ഗവണ്മെൻറു തീരുവിൽ അഞ്ചാംപാരയിൽ ഉദ്ദേശിച്ചിട്ടുള്ളതുപോലെ അന്നു സ്റേററു ഭൂസ്വത്തുബാങ്കിൻെറ ചുമതലകൾ ഏറെറടുക്കുന്നതിനു ഈ സ്ഥാപനത്തിനു സാദ്ധ്യമാകുമെന്നും ഞങ്ങൾ വിചാരിക്കുന്നു.

ഗവൺമെൻറിൻെറ പ്രത്യേകസഹായം.

൫൬. അതിലേക്ക തയ്യാറാകുന്നതിനായി ഡിപ്പാർട്ടുമെൻറ ഗവൺമെൻറിൻെറ ധനസഹായത്തോടും ആത്മസഹായത്തോടുംകൂടി സൌകര്യമുള്ള പ്രദേശങ്ങളിൽ സഹകരണനിയമപ്രകാരം ഓഹരിമുതലോടുകൂടി പ്രാഥമിക ഭൂസ്വത്തുബാങ്കുകൾ ഏർപ്പെടുത്താൻ തുടങ്ങണമെന്ന ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഈ ജോലികളേറ്റെടുക്കുന്നതിനായി ഒരു അസിസ്റ്റൻറ രജിസ്ട്രാരുടെ റാങ്കിൽ ഒരു സ്പെഷ്യൽ ആഫീസരെ രണ്ടു മൂന്നു ഇൻസ്പെക്ടറന്മാരോടുകൂടി ഉടനെ നിയമിക്കേണ്ടതാണ്. മൈസൂർ ഗവൺമെൻറ അവിടെ ഭൂസ്വത്തുബാങ്കു ഏർപ്പെടുത്തുമ്പോൾ വിഭാഗമായ്പ്രകാരമായി നിയമിക്കപ്പെടുന്നതിനു ഉദ്യോഗസ്ഥന്മാരുടെ സേവനം ബാങ്കിനുകടം കൊടുത്തു. ഈവക സംഘങ്ങളിലെ അംഗങ്ങളുടെ കൃഷിക്കാൎക്ക് ദീർഘകാലാവശ്യങ്ങൾക്ക കടം കൊടുക്കുക എന്നുള്ളതായിരിക്കണം അവയുടെ പ്രധാന ഉദ്ദേശം. കടം വാങ്ങുന്ന ആളിൻെറ കൈവശത്തിലിരിക്കുന്ന വസ്തുക്കളിന്മേലുള്ള കടങ്ങൾ വീട്ടാനും ആവക വസ്തുക്കളെ ദേഹണ്ണിച്ചു നന്നാക്കാനും സംഘങ്ങളിൽനിന്നു വായ്പകൊടുക്കാം. ൧൦൯൯-ലെ ദേഹണ്ണറഗുലേഷനായ ഭൂമിദേഹണ്ണവും കൃഷിയും റഗുലേഷൻപ്രകാരം ദേഹണ്ണങ്ങൾക്കായി ഇപ്പോൾ ഭൂനികുതി ഡിപ്പാർട്ടുമെൻറിൽനിന്നുകൊടുക്കുന്ന വായ്പസംഖ്യ വിതരണംചെയ്യാൻ അഞ്ചുവർഷത്തിനുശേഷം, മദ്ധ്യസെൻട്രൽ ഭൂസ്വത്തു ബാങ്കു രൂപീകരിക്കപ്പെട്ടശേഷം അതിനെ ഏല്പിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു ഞങ്ങൾ ഇവിടെ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഈ സംഘങ്ങൾ വായ്പകൾക്ക സാമ്പത്തികമായി ലാഭകരമല്ലാത്ത യാതൊരു ഇടപാടും ചെയ്തുകൂടാത്തതാകുന്നു.

പ്രാഥമികഭൂസ്വത്തു സംഘം (ബാങ്ക്).

൫൭. ശരിയായും ആദായകരമായും ഒരു ഭൂസ്വത്തുബാങ്കിനു പ്രവർത്തിക്കാനുള്ള സൌകര്യമുള്ളതായി മൂന്നോ നാലോ താലൂക്കുകൾ ഒരു പ്രാഥമിക ബാങ്കിൻെറ പ്രവർത്തനപരിധിയായി തൽക്കാലം നിർണ്ണയിക്കാവുന്നതാകുന്നു. ബാങ്കിൻെറ ധനാഭിവൃദ്ധിക്കും വിജയകരമായും ഉള്ള പ്രവർത്തനത്തിനു എത്രയും ഒതുങ്ങിയ ഒരു പ്രദേശം വേണമെന്നുള്ളതിനാൽ ഇതു ആവശ്യമായിട്ടുള്ളതാണ്. പരീക്ഷണങ്ങൾ ചെയ്യപ്പെടേണ്ട സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിലാണ് പദ്ധതിയുടെ വിജയം സ്ഥിതിചെയ്യുന്നതു്. ഇതിലേക്കായി മദ്രാസ് പ്രസിഡൻസിയിൽ ചെയ്തുവപോലെ, കൃഷിക്കാരുടെ സമ്പൽസ്ഥിതി, അവരുടെ ഇപ്പോഴത്തെ സ്വത്തിൻെറയും സംഘങ്ങൾക്കും മററുപണവ്യാപാരികൾക്കും കൊടുക്കാനുള്ള കടങ്ങളുടെയും തുക, അവ കൊടുത്തുതീർക്കുന്നതിനു അവൎക്കുള്ള ശക്തി, എന്നിവകൾ സൂക്ഷ്മമായി നിർണ്ണയിക്കുന്നതിനു സഹകരണ ഡിപ്പാർട്ടുമെൻറ ഒരു സവിസ്താരമായ അന്വേഷണം നടത്തേണ്ടതാണ്. ഈ അന്വേഷണഫലങ്ങൾകൊണ്ടു ഭൂസ്വത്തുബാങ്കുകൾ പരീക്ഷിക്കപ്പെടേണ്ടസ്ഥലങ്ങൾ രജിസ്ട്രാർ നിർണ്ണയിക്കേണ്ടതാണ്. സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെയും സ്വന്തലാഭത്തെ ആഗ്രഹിക്കാതെ പ്രസ്ഥാനത്തെ സഹായിക്കാനായി ബൈലായനുസരിച്ചു പ്രവേശനയോഗ്യതയുള്ളവരായി ചേരുന്ന മററുള്ളവരുടെയും ഭൂസ്വത്തുസംഘങ്ങളിൽ ചേർക്കപ്പെടാവുന്നതാണ്. പണയപ്പെടുത്താൻ ഉദ്ദേശിക്കുന്നഭൂമിയിലുള്ള അവകാശങ്ങളും, ഇപ്പോൾ ഉള്ള കടങ്ങൾ കൊടുത്തുതീർക്കുന്ന വിഷയത്തിലുള്ള പെരുമാററങ്ങളും, സസൂക്ഷ്മം അന്വേഷിച്ചശേഷമേ അംഗങ്ങളെ ചേർക്കാൻ പാടുള്ളു. അംഗങ്ങളുടെ ബാദ്ധ്യത അവർ എടുത്തിട്ടുള്ള ഓഹരികളുടെ അസൽ വിലയോളം ക്ലിപ്തപ്പെട്ടതായിരിക്കും. കൃഷിവക ആദായത്തിൽ നിന്നും ന്യായമായി ചിലവിടുവേണ്ടിവരുന്ന സംഖ്യകഴിച്ചു പലിശയും മുതലിൻെറ തവണയും അടയ്ക്കാൻ ശേഷിയില്ലാത്ത അംഗങ്ങൾക്ക വായ്പ കൊടുത്തുകൂടാത്തതാണ്. സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക വായ്പകൊടുക്കുന്നതു ആ സംഘങ്ങളോടു ആലോചിച്ചേ കൊടുക്കാൻ പാടുള്ളു.

മൂലധനത്തിനുള്ള വിവിധമാർഗ്ഗങ്ങൾ.

൧൫. മൂലധനം അംഗങ്ങളിൽ നിന്നു ഓഹരിദ്രവ്യേണ ഉണ്ടാക്കപ്പെടുന്നതാണ്. ഒരു നല്ല കൃഷിക്കാരൻ തനതായി കൈവശം വച്ചു കൃഷിചെയ്തനുഭവിക്കുന്ന ഭൂമിയുടെ ആദ്യ പണയം ഏററവും സുരക്ഷിതമായ ഈടാണെന്നു പൊതുവേ ബോദ്ധ്യമുള്ളതിനാൽ ഓഹരിദ്രവ്യേണ വേണ്ടുവോളം മൂലധനം ശേഖരിക്കാൻ പ്രയാസമുണ്ടാകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. അമേരിക്കൻ ഐക്യനാടുകളിൽ ഇതു വളരെ പരമാർത്ഥമായികരുതിവരുന്നതും തന്മൂലം കൃഷി ഭൂമി പണയങ്ങൾ ഏററവും വലിയ ഒരു നിക്ഷേപവിഭാഗമായിതീർന്നിട്ടുള്ളതും ആകുന്നു. അമേരിക്കൻ നിക്ഷേപകന്മാരുടെ പേരിലുള്ള ഭൂപണയാധാരങ്ങൾ റെയിൽവെ ബോണ്ടുകളുടെ ഇരട്ടിയിൽ കവിഞ്ഞിരിക്കുന്നു. വായ്പക്കാർ പ്രാഥമികബാങ്കുകളിലേക്കു എഴുതികൊടുക്കുന്ന പണയാധാരങ്ങൾ സ്റ്റേററു ഭൂസ്വത്തുബാങ്കിലേക്കു കൈമാററം ചെയ്യപ്പെട്ട് അവയുടെ ഈടിന്മേൽ പ്രാഥമികബാങ്കുകൾക്കു സ്റ്റേററുബാങ്കുധനസഹായം ചെയ്യേണ്ടതാണ്. പ്രാഥമികബാങ്കുകൾക്കു അടച്ച ഓഹരിമുതലിന്റെ ഇരുപതിരട്ടിയോളം കടം വാങ്ങാവുന്നതാണ്. സ്റ്റേററുഭൂസ്വത്തു ബാങ്കു വായ്പക്കാരിൽനിന്നു ൧ ശതമാനമുള്ള പീസ് മാത്രം എടുത്തുവരുന്ന സ്ഥിതിക്കു ഈ പുതിയ പദ്ധതിപ്രകാരം ഓഹരിമുതൽ ദ്രവീകരിക്കുന്നതിനു ൭ ശതമാനം കൊടുക്കാൻ ആരെങ്കിലും തയ്യാറാകുന്നതു എന്തിനാണെന്നു ചോദിച്ചേക്കാം.

ആ ചോദ്യത്തിനു ഞങ്ങൾക്കു പറവാനുള്ള ഉത്തരം അതു കടക്കാരനു ഒരു സ്വന്ത മൂലധനം ഉണ്ടാക്കാൻ സഹായിക്കുമെന്നും, അയാൾക്കു ഈടായുള്ളതുകൊണ്ടുള്ളപക്ഷം അയാളുടെ ഓഹരിമുതലനുസരിച്ചു കടം വാങ്ങാൻ അവകാശം ലഭിക്കുമെന്നും, ഒരു ഓഹരിക്കാരനെന്നനിലയിൽ ലാഭത്തിൽഭാഗഭാക്കാകാൻ അയാൾക്കു സാധിക്കുമെന്നും ഉള്ളതാണ്. സ്വസഹായ തത്വത്തിന്മേൽ ഈ പരിഗണനകൾ മേല്പറഞ്ഞ ചിലവിനെ ന്യായീകരിക്കയും അഭിലഷണീയമാക്കുകയും ചെയ്യുന്നതാണ്. ഭൂസ്വത്തുബാങ്കു ഏതു കാര്യത്തിനു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ ആ കാര്യത്തിനായി ഓരോന്നിന്റെയും അതിർത്തിയിലുള്ള പ്രാഥമിക സംഘങ്ങൾ കൊടുത്തിട്ടുള്ള വായ്പകൾ എല്ലാം ശരിയായ അന്വേഷണത്തിനുശേഷം ബാങ്കിലേക്കു കൈമാററം ചെയ്യപ്പെടേണ്ടതാണ്.

ദീർഘകാലവായ്പകൾ പ്രാഥമികസംഘങ്ങളിൽനിന്നു മാററുക.

൧൬. വായ്പകൾ കൈമാററംചെയ്യുന്നതിനെപ്പററി ഈ വിധം ഒരു പദ്ധതിൽ മദ്രാസ് സെൻട്രൽ കോവാപ്പറേററീവ് ഭൂസ്വത്തുബാങ്കു എന്നു ചെയ്യേണമെന്നു കാണിക്കാനായി അതിന്റെ ൪൭-ാമത്തെ വാർഷിക റിപ്പോർട്ടിൽ ൧൨-ാം ഖണ്ഡികയിൽ നിന്നു താഴെപ്പറയുന്ന ഭാഗം ഞങ്ങൾ ഉദ്ധരിക്കുന്നു.

“ഈ പ്രാവിൻസിൽ സഹകരണപ്രസ്ഥാനത്തിനുണ്ടായിട്ടുള്ള പ്രധാന പ്രതിബന്ധങ്ങളിൽ ഒന്നു ഒട്ടധികം ഗ്രാമസംഘങ്ങൾ യഥാർത്ഥത്തിൽ ദീർഘകാല ആവശ്യങ്ങൾക്കായി സ്വല്പകാല കടങ്ങളെന്നു കാണിച്ചു പണം കൊടുത്തിട്ടുള്ളതാണ്. സാധാരണ കർഷക ധനസഹായ സംഘങ്ങളിലെ കുടിശിഖകൾ വർദ്ധിക്കുന്നതിനുള്ള ഒരു പ്രധാനകാരണം ഇതാണെന്നു എല്ലാവരും സമ്മതിച്ചിട്ടുള്ളതാണ്. അതിനാൽ കുടിശിഖകൾ ഈടാക്കുന്നതിൽ സാധാരണ സംഘങ്ങൾക്കുണ്ടാകുന്ന വിഷമതകൾ പരിഹരിക്കുന്നതിനു ഭൂസ്വത്തുബാങ്കിനെ കൂടുതലായി ഉപയോഗപ്പെടുത്തേണ്ടതു അഭിലഷണീയമാണെന്നു ബോർഡിനു തോന്നി. ഇതിലേക്കു ബാങ്കു ഊർജ്ജിതമായ ഒരു പ്രവൃത്തി പദ്ധതി നിർദ്ദേശിക്കയും അതു സംബന്ധിച്ചു സെൻട്രൽ ബാങ്കുകൾക്കും ഐക്യ

സംഘങ്ങൾക്കും അവയുടെ സംഘാതങ്ങൾക്കും ഒരു സർക്കുലറയക്കുകയും ചെയ്തു. വായ്പകൾക്കുള്ള ഈടും തിരികെ അടയ്ക്കുന്നതിനു വായ്പക്കാരനുള്ള ശക്തിയും സംബന്ധിച്ചു ബോർഡു നിർണ്ണയിക്കുന്ന വ്യവസ്ഥകൾ വായ്പക്കാർ സമ്മതിച്ചു പ്രവർത്തിക്കുന്നപക്ഷം അവർ സംഘങ്ങൾക്കു കൊടുക്കാനുള്ള കടം പ്രാഥമിക ബാങ്കു ഏറ്റെടുത്തു വായ്പക്കാർക്കു ദീർഘകാല വായ്പകളായി കൊടുക്കാമെന്നു അവരെ അറിയിച്ചു. ബോർഡു അതിനാൽ ദീർഘകാല വായ്പകൾക്കു ഇപ്പോൾ ലഭ്യമാകുന്ന സൗകര്യങ്ങളെപ്പറ്റി വായ്പക്കാർക്കു അറിവു കൊടുക്കാൻ ഈ സ്ഥാപനങ്ങളോടു ആവശ്യപ്പെട്ടു. ഈ വർഷത്തെ പ്രവർത്തനത്തിലുള്ള ഒരു പ്രത്യേകത വായ്പക്കാർ സംഘങ്ങളിലേക്കു അടയ്ക്കേണ്ട പഴയ ദീർഘകാലവായ്പകളും പ്രാഥമികബാങ്കിൽനിന്നു കടം വാങ്ങി തീർക്കേണ്ടതായ വായ്പകളുടെ കൂട്ടത്തിൽ അവർ ഉൾപ്പെടുത്തി എന്നുള്ളതാണ്. കടക്കാരിൽ ഭൂരിഭാഗം ആളുകൾക്കും പ്രാഥമികബാങ്കുകളിൽ നിന്നു കടം വാങ്ങുന്നതിനുള്ള പ്രതിബന്ധം കതിരയായ ?സ്വത്തുക്കളോ ഇല്ലായ്കയാൽ ഗ്രാമസംഘങ്ങളിലെ കടങ്ങളെ പ്രാഥമികബാങ്കുകളിലേക്കു അത്ര ധാരാളമായി കൈമാറുന്നതിനു സാദ്ധ്യമല്ലെന്നു വെളിവാകുന്നതാണ്. ഈ സംഗതി കൂടുതൽ വിശദപ്പെടുത്തുന്നതിനു തഞ്ചാവൂർ ബെല്ലാരി കിഴക്കേ ഗോദാവരി എന്നീ മൂന്നു ഡിസ്ട്രിക്ടുകളിൽ സ്പെഷ്യൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു ഒരു അന്വേഷണം നടത്തി".

സംഘം കൊടുക്കുന്ന വായ്പകളുടെ കുറഞ്ഞതും കവിഞ്ഞതും ആയ സംഖ്യ യഥാക്രമം ൨൫൦ രൂപയും ൧൦൦൦ രൂപയും ആയിരിക്കേണ്ടതും തിരികെ അടയ്ക്കുന്നതിനുള്ളകാലം ൧൦ വർഷത്തിൽ കുറയാതെയും ൨൫ വർഷത്തിൽ കവിയാതെയും ഇരിക്കേണ്ടതും ആണ്. ഒരു താലൂക്കിലോ ഏതാനും താലൂക്കുകൾ ചേർന്നസ്ഥലത്തോ ഒരു പ്രാഥമികഭൂസ്വത്തുബാങ്കു സ്ഥാപിതമാകുമ്പോൾ ആ പ്രദേശത്തു നിന്നുണ്ടാകുന്ന ൧൦൦൦ രൂപയിൽ കവിയാത്ത, വ്യക്തികളുടെ വായ്പ അപേക്ഷകൾ സ്റ്റേറ്റ് ഭൂസ്വത്തുബാങ്കിൽ ഗൗനിച്ചുകൂടാത്തതാകുന്നു. അപ്രകാരമുള്ള അപേക്ഷകൾ പ്രാഥമികഭൂസ്വത്തുബാങ്കു വാങ്ങിത്തീരുമാനിക്കേണ്ടതാണ്. ഇപ്പോഴത്തെ സ്റ്റേറ്റ്ഭൂസ്വത്തുബാങ്കു അവശ്യധനസഹായം ചെയ്യുന്നതിനു തയ്യാറായി ഇരിക്കയും വേണം. പത്തു പന്ത്രണ്ടു പ്രാഥമിക ഭൂസ്വത്തുബാങ്കുകൾ സ്ഥാപിച്ചു കുറഞ്ഞതു രണ്ടുവർഷമെങ്കിലും തൃപ്തികരമായി പ്രവർത്തിച്ചതിൽപിന്നീടു, ഇപ്പോഴത്തെ സ്റ്റേറ്റ്ഭൂസ്വത്തുബാങ്കിന്റെ വ്യാപാരം ഏറ്റെടുക്കാനായി ബറോഡാ, മൈസൂർ, മദ്രാസ് എന്നീസ്ഥലങ്ങളിലുള്ളതുപോലെ ഒരുസെൻട്രൽ ഭൂസ്വത്തുബാങ്കു ഏർപ്പെടുത്തേണ്ടതാണ്. പ്രാഥമികഭൂസ്വത്തുസംഘങ്ങളുടെ പ്രതിനിധികൾകൂടി ഉൾപ്പെട്ടതായി ഗവണ്മെന്റു നിയമിക്കുന്ന ഒരു കമ്മിറ്റി ഈവിധം വ്യാപാരം കയ്യേൽക്കുന്നതിലുള്ള വ്യവസ്ഥകൾ നിർണ്ണയിക്കേണ്ടതാകുന്നു. സെൻട്രൽഭൂസ്വത്തുബാങ്കിന്റെ മൂലധനം ഓഹരികളായും ഡിബഞ്ചർ കടപ്പത്രങ്ങളായും ശേഖരിക്കപ്പെടേണ്ടതാണ്. ഡിബഞ്ചർകൾ ൫ ശതമാനത്തിൽ കവിയാത്ത പലിശയ്ക്കു പ്രചരിപ്പിക്കേണ്ടതാണ്. അവയ്ക്കുള്ള പലിശക്കു ഗവണ്മെന്റിൽനിന്നും ഉറപ്പുകൊടുക്കണം. സഹകരണസംഘങ്ങൾ, പ്രാദേശിക സമിതികൾ ട്രസ്റ്റുകൾ, പൊതുജനങ്ങൾ ആദിയായി എടുക്കുന്ന കടപ്പത്രങ്ങളുടെ ഇരട്ടിവിലയ്ക്കുള്ള കടപ്പത്രങ്ങൾ ഗവണ്മെന്റിൽനിന്നും എടുക്കേണ്ടതാണ്. സഹകരണസംഘങ്ങൾ അവയുടെ കരുതൽധനത്തിൽ ഒരു ക്ലിപ്തശതമാനം ഈ ഡിബഞ്ചർകളിൽ നിക്ഷേപിക്കാൻ ആവശ്യപ്പെടേണ്ടതാണ്. എല്ലാ ഇൻഷൂറൻസ് കമ്പനികളും ബാങ്കുകളും അവയുടെ പ്രീമിയത്തിന്റെയും മൂലധനത്തിന്റെയും ഒരു നിശ്ചിതശതമാനം ഭൂസ്വത്തുബാങ്കുകളുടെ ദീർഘകാലകടപ്പത്രങ്ങളിൽ നിക്ഷേപിക്കാൻ നിബന്ധിക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോടു ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നുണ്ട്. മററുവിഷയങ്ങളുടെ കൂട്ടത്തിൽ ഭൂസ്വത്തുബാങ്കുകളെപ്പററിയും വാദപ്രതിവാദം ചെയ്തതായ, കഴിഞ്ഞ ജനുവരിയിൽ ന്യൂഡൽഹിയിൽ കൂടിയ അഖിലേന്ത്യാ രജിസ്ത്രാറന്മാരുടെ കാൺഫറൻസിൽ പഞ്ചാബിലെ കൃഷിസഹകരണാദ്ധ്യക്ഷന്മാരുടെ സചിവനായ ബഹുമാനപ്പെട്ട സർദാർ സർ യോഗേന്ദ്രസിംഗു സമർപ്പിച്ച ചെറിയ നോട്ടിൽ അദ്ദേഹവും ഈ അഭിപ്രായത്തെ ശക്തിപൂർവം പിന്താങ്ങിയിട്ടുണ്ട്. ഇൻ

ന്ത്യയിൽ റിസർവ്വ ബാങ്കു ഏർപ്പെടുത്തണമെന്നുള്ള വിഷയത്തെപ്പററി വാദപ്രതിവാദി ചെയ്യലും ഒടുവിൽ റിസർവ്വ ബാങ്കിനു ഒരു കൃഷിവകുപ്പുകൂടി സൃഷ്ടിക്കുന്നതിനെപ്പററി ഇൻഡ്യൻ ഫൈനാൻസു മന്ത്രിയുടെ പ്രഖ്യാപനത്തിനു ഇടയാക്കിയതുമായ ലെജിസ്ലേററിവ് അസംബ്ലിയും ഇതേ വിഷയത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളതാണ്. പ്രസ്തുതറിസർവ്വ ബാങ്കിൽ അംഗമായിചേരുന്നതും രാജ്യത്തിനു പ്രയോജനകരമായിത്തീരുന്നതാണ്.

സർക്കാരുദ്യോഗസ്ഥന്മാരെ കടം കൊടുക്കുക.

൭൧. ആരംഭത്തിൽ വസ്തുക്കൾക്കു വിലവയ്ക്കുന്നതിനും, പ്രമാണങ്ങൾ പരിശോധിക്കുന്നതിനും, വായ്പക്കാരുടെ നാണ്യശക്തി നിർണ്ണയിക്കുന്നതിനും ഒരു തഹശീൽദാരുടെ പടിയിലുള്ള ഒരു ഉദ്യോഗസ്ഥനെ ഓരോ പ്രാഥമികഭൂസ്വത്തുസംഘത്തിനും കടം കൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ബാങ്കുകളും സ്റ്റേറ്ററുഭൂസ്വത്തു ബാങ്കും നടത്തുന്നതിലുള്ള ചിലവു താഴെപറയും പ്രകാരം ഗവണ്മെൻറിൽ നിന്നും വഹിക്കേണ്ടതാണ്. ആദ്യത്തെ അഞ്ചുവർഷം ചിലവിൻെറ മുക്കാൽ വീതവും, പിന്നീടു അതിനെ ക്രമേണ കുറച്ചു അടുത്ത അഞ്ചുവർഷത്തിൻെറ അവസാനത്തിൽ കാൽ വീതവും കൊടുക്കയും സ്റ്റേറ്ററു ഭൂസ്വത്തുബാങ്കിൻെറ പുനഃസ്സംഘടനാനന്തരം ൧൫ വർഷം കഴിയുമ്പോൾ ഈ സഹായം പൂർണ്ണമായി പിൻവലിക്കയും ചെയ്യേണ്ടതാണ്. ഈ അവസരത്തിൽ മൈസൂർ ഗവണ്മെൻറു അവിടത്തെ ഭൂസ്വത്തുബാങ്കുകൾക്കു ചെയ്തുവരുന്ന സഹായത്തെപ്പററി മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഭാഗം ശ്രദ്ധേയമായിട്ടുള്ളതാണ്. മദ്രാസ്സ് ഗവണ്മെൻറു അവിടേയുള്ള ഭൂസ്വത്തുബാങ്കു പ്രവർത്തനപദ്ധതികാര്യക്ഷമമായരീതിയിൽ പുഷ്ടിപ്പെടുത്തുന്നതിനു ചെയ്തുകൊടുത്തിട്ടുള്ള സഹായസഹകരണങ്ങൾ അത്യന്തം ഫലപ്രദമായിത്തീർന്നിട്ടുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണ്. സെൻട്രൽ ഭൂസ്വത്തുബാങ്കു പ്രാഥമികസംഘങ്ങൾക്കു ധനസഹായം ചെയ്കയും, അതുകൂടാതെ വ്യക്തികൾക്കു അവരുടെ ഈടു വസ്തുവിൻെറ വിലയിൽ ൪൦ ശതമാനത്തിൽ കവിയാത്തവിധം ൫൦,൦൦൦ രൂപവരെ ഡിബഞ്ചുവർകടപ്പത്രങ്ങളുടെ പലിശനിരക്കിൽ ൧½ ശതമാനം കവിഞ്ഞുള്ള പലിശയ്ക്കു ൪൦ വർഷക്കാലാവധിക്കു കടംകൊടുക്കുകയും ചെയ്യുന്നതാണ്. ൧൯൩൪ ജൂൺ മൂന്നാമത്തെ വാരത്തിൽ ആംഗോട്ടിയിൽവച്ചുകൂടിയ കാൺഫറൻസിൽ ദീർഘകാലവായ്പകളുടെ കാലാവധി ൪൧ വർഷം ആയിരിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളതും ഇവിടെ സ്മർത്തവ്യമാണ്.

സ്റ്റേറ്ററുഭൂസ്വത്തു ബാങ്കും അതിൻെറ പുനഃസ്സംഘടനയും.

൭൨. വ്യക്തികൾക്കോ ഏകാംഗങ്ങളായകർഷകയോഗങ്ങൾക്കോ ൫൦,൦൦൦ രൂപയിൽ കവിഞ്ഞ വായ്പകൾ കൊടുക്കുന്നതിലേക്കു തക്കതായ സംഘടനയോടുകൂടി ഒരു പുതിയസ്റ്റേറ്ററുഭൂസ്വത്തുബാങ്കു സ്ഥാപിക്കേണ്ടതാണ്. ഇപ്പോഴത്തെ ഭൂസ്വത്തുബാങ്കിൻെറ പുനഃസ്സംഘടനയെപ്പററി ഞങ്ങളോടു നിർദ്ദേശിച്ചപ്രകാരം, അഞ്ചുവർഷത്തിനു ശേഷം അതിനെ സഹകരണ സംഘനിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഭൂസ്വത്തു ബാങ്കായി രൂപാന്തരപ്പെടുത്തണമെന്നുള്ള ഞങ്ങളുടെ അഭിപ്രായം മുൻപ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായ മറെറാരു കാര്യം ഞങ്ങൾക്കു ഓർമ്മയുണ്ടായി. സ്റ്റേറ്ററുഭൂസ്വത്തുബാങ്കിൻെറ ഇപ്പോഴത്തെ അദ്ധ്യക്ഷൻ ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറിയാണ്. സ്റ്റേറ്ററുഭൂസ്വത്തുബാങ്കിൻെറ അദ്ധ്യക്ഷപദവും ഗവണ്മെൻറു ഫൈനാൻസു വകുപ്പിൻെറ സെക്രട്ടറി സ്ഥാനവും ഒരാളിൽ സ്ഥിതിചെയ്യുന്നതു മൂലം വിവേചന വിജ്ഞാനം നഷ്ടമായിത്തീരുന്നു. അതു കൊണ്ടു ഞങ്ങൾ അഭിപ്രായപ്പെടുന്നതു സ്റ്റേറ്ററുഭൂസ്വത്തു ബാങ്കിൻെറ അദ്ധ്യക്ഷൻ ഒരു അനുദ്യോഗസ്ഥൻ, ഏറെനല്ലതു ധാരാളം ഭരണപരിചയമുള്ളയാളായി ഒരു വലിയ ഉദ്യോഗത്തിൽ നിന്നു അടുത്തുൺ പററിയ ഒരാൾ, ആയിരിക്കണമെന്നാണ്. നയതൈർഘ്യതയും കാര്യക്ഷമതയും ഉണ്ടായിരിക്കുന്നതിലേക്കു മാനേജർ ആയിരിക്കുന്ന ആൾ ഗ്രാമീണ ധനശാസ്ത്രത്തിലും ഭൂനിയമങ്ങളിലും ബാങ്ക് ഇടപാടുകളിലും വിജ്ഞാനം ഉള്ള ഒരുവനായിരിക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

ഭൂസ്വത്തു ബാങ്ക്.

൧൯. വായ്പക്കാരന്റെ കൈവശത്തിലിരിക്കുന്ന ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള കടങ്ങൾ വീട്ടുന്നതിനുമാത്രമേ ഭൂസ്വത്തുബാങ്കിന്റെ ചട്ടങ്ങൾ ഇപ്പോൾ വായ്പകൾ അനുവദിക്കുന്നുള്ളു. ആൾജാമ്യത്തിന്മേൽ വാങ്ങിയ കടം ഉണ്ടായിരിക്കയും, അതേസമയത്തന്നെ അവ വീട്ടുന്നതിലേക്കു വായ്പയ്ക്കുവേണ്ടി ബാദ്ധ്യതയില്ലാത്ത സ്വന്തഭൂമികൾ ബാങ്കുകളെക്കു പണയപ്പെടുത്താൻ തയ്യാറായിരിക്കുകയും ചെയ്യുന്നവരുടെ ആവശ്യത്തിനു ഇതു പ്രയോജനപ്പെടുന്നില്ല. അപ്രകാരം ഉള്ളവർക്കു ബാങ്കിൽനിന്നു ഒരു വായ്പയുടെ പ്രയോജനം ഉണ്ടാകണമെങ്കിൽ അയാൾ അയാളുടെവസ്തുക്കൾ പണയപ്പെടുത്തി കടംവാങ്ങുകയും അതിനുശേഷം ആ പണയം ബാങ്കിലേക്കു കൈമാറുകയും ചെയ്യേണ്ടിയിരിക്കുന്നു. വായ്പക്കാരനു ഇതുമൂലമുണ്ടാകുന്ന വലിയ അസൌകര്യങ്ങൾക്കു പുറമെ ഇതു പ്രസിദ്ധപ്പെടുന്നതുമൂലം അയാളിൽ ആളുകൾക്കു അവിശ്വാസം ജനിക്കയും ചെയ്യുന്നതാണ്. ഇടപാടു ഒരു കോടതിയിൽ പോകുന്നപക്ഷം ഇപ്രകാരമുള്ള കടങ്ങളെല്ലാം ഒടുവിൽ വസ്തുക്കളെ ബന്ധിക്കുന്നതും തന്മൂലം പെരുംകടമെന്നും ഈട്ടുകടമെന്നും ഉള്ള വിഭജനത്തിനു ആവശ്യമില്ലാത്തതുമാകുന്നു. അതിനാൽ ബാങ്കുനിയമത്തിൽ ഇപ്രകാരമുള്ളവർക്കും സഹായത്തിന്റെ പ്രയോജനം ലഭിക്കത്തക്കവണ്ണം വ്യവസ്ഥചെയ്യേണ്ടതാണ്.

പ്രത്യേകനിയമനിർമ്മാണം ഇപ്പോൾ ആവശ്യമില്ല.

൨൦. ഭൂസ്വത്തു ബാങ്കു സഹകരണ നിയമപ്രകാരം രജിസ്റ്റർചെയ്യണമോ എന്നുള്ള ചോദ്യമാണ് ഇനിയുള്ളതു്. ഭൂസ്വത്തുബാങ്കു സഹകരണനിയമം അനുസരിച്ചുതന്നെ രജിസ്റ്റർചെയ്യപ്പെടണമെന്നുള്ള അഭിപ്രായത്തെ തിരുവിതാംകൂർ ബാങ്കിംഗ് അന്വേഷണക്കമ്മിററി അനുകൂലിച്ചിട്ടുണ്ട്. ബാങ്കിംഗ് അന്വേഷണക്കമ്മിററിയുടെ ശുപാർശകളെപ്പററി നിരൂപണംചെയ്ത സാമ്പത്തികാധ്യാപകക്കമ്മിററിയാകട്ടെ എന്നെങ്കിലും ഒരു ഭൂസ്വത്തുസ്ഥാപനം ഏർപ്പെടുത്തുന്നുവെങ്കിൽ അതു ഒരു പ്രത്യേകനിയമപ്രകാരം ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായക്കാരായിരുന്നു. ഭൂസ്വത്തുബാങ്കുകൾ ബ്രിട്ടീഷ് ഇന്ഡ്യയിൽ നിലവിലിരിക്കുന്ന സഹകരണനിയമപ്രകാരം നടത്തപ്പെടണമെന്നു റോയൽ കാർഷികക്കമ്മിഷൻ ഊന്നിപ്പറഞ്ഞിട്ടുണ്ട്. മദ്രാസിൽ ഭൂസ്വത്തു ബാങ്കു മൂന്നാലു വർഷക്കാലം നടപ്പിലിരുന്നശേഷം പ്രസിഡൻസിയിൽ ഭൂസ്വത്തുബാങ്കേർപ്പാടു നടത്തുന്നതിനു ഒരു പുതിയനിയമം ആവശ്യമെന്നു നിശ്ചയിച്ചു. മദ്രാസൊഴിച്ചു മറ്റു സ്ഥലങ്ങളിലെല്ലാം ഭൂസ്വത്തുബാങ്കുകൾ സഹകരണസംഘനിയമപ്രകാരം രജിസ്റ്റർചെയ്യപ്പെടുന്നതായികാണുന്നു. ഇനി വളരെക്കാലത്തേക്കുകൂടി സെൻട്രലും പ്രാഥമികവും ആയ ഭൂസ്വത്തുബാങ്കുകളെ സംബന്ധിച്ചുള്ള കാര്യങ്ങൾക്കു രാജ്യനിയമം വളരെ പര്യാപ്തമായിട്ടുള്ളതാണെന്നും അതിനാൽ പ്രത്യേകനിയമനിർമ്മാണത്തിനു വലിയ ആവശ്യമില്ലെന്നും ഞങ്ങൾ വിചാരിക്കുന്നു.

അദ്ധ്യായം ൨൦.

മാക്കററിംഗ് (വിക്രയം)

ലൈസൻസുപിടിച്ച സഹകരണപണ്ടകശാലകൾ.

അടുത്ത കാലങ്ങളിൽ കൃഷി സഹകരണം എന്നീ ഡിപ്പാർട്ടുമെൻറുകൾ ഗ്രാമീണാഭിവൃദ്ധിയുടെയും ഐശ്വര്യത്തിൻെറയും ഉല്പത്തിസ്ഥാനം വിക്രയസൌകര്യങ്ങളാണെന്ന മനസ്സിലാക്കിയതിൻെറ ഫലമായി സഹകരണരീത്യാ ഈ സൌകര്യങ്ങൾ ഉണ്ടാക്കുന്നതിനേക്കുറിച്ചു ഉദ്യമം ഇൻഡ്യയിൽ മററുസ്ഥലങ്ങളിൽ യഥാർഹമായ ശ്രദ്ധയ്ക്കും പ്രോത്സാഹനത്തിനും വിഷയമായിട്ടുണ്ട്. അപ്രകാരമുള്ള പ്രവൎത്തനം വളരെ ഉന്നതനിലയിലുള്ള സഹകരണമായതിനാൽ സാധാരണ ഉല്പാദകന്മാരുടെ മനോരഥത്തിൽ അതെത്തിയിട്ടില്ല. തിരുവിതാംകൂറിൽ ഏതുവിധമായാലും ഈ പ്രശ്നം സഹകരണരീതിയിൽതന്നെ പരിഹാരങ്ങൾ നേടേണ്ട ഒന്നാണ്. കുരുമുളക്, റബ്ബർ, തേയില, ചുക്ക്, പുളി മുതലായ വാണിജ്യവിളവുകളും കയറ, കയററുപായ് മുതലായവ്യവസായ ഉല്പന്നങ്ങളും വിററഴിക്കുന്ന വിഷയത്തിൽ സഹകരണവിക്രയരീതികൾക്ക തിരുവിതാംകൂറിൽ ധാരാളം സൌകര്യങ്ങളുണ്ടെന്നും അപ്രകാരമുള്ള പ്രവൃത്തികൾ ദല്ലാളിമാരുമായുള്ള ഇടപാടുകൾ മൂലമുണ്ടാകുന്ന പല ദുഷ്യങ്ങളേയും തീർച്ചയായി പരിഹരിക്കുമെന്നും ഞങ്ങൾ വിചാരിക്കുന്നു. ഈ ഉദ്ദേശസാദ്ധ്യത്തിലേക്ക ഗവണ്മെൻറിൽനിന്നും വേതനം ലഭിക്കുന്ന പണ്ടകശാലകൾ ഏർപ്പെടുത്തുന്നതിനു ചില സംഘങ്ങൾ രൂപീകരിക്കണമെന്ന ഞങ്ങൾ ഉപദേശിക്കുന്നു. മദ്രാസിൽ ഒരു ചെറിയതോതിൽ ഇതു പരീക്ഷിക്കപ്പെടുകയും അംഗങ്ങൾക്ക അവരുടെ ഉല്പന്നപദാർത്ഥങ്ങൾ ശേഖരിക്കുന്നതിനു പ്രയോജനകരമായികാണപ്പെടുകയും ചെയ്തു. അഗ്നിബാധയിൽനിന്നും മററുതരത്തിലുള്ള നഷ്ടങ്ങളിൽനിന്നും അവ സംരക്ഷിക്കപ്പെടുകയും ദല്ലാളികളിൽനിന്നുള്ള ദോഷങ്ങൾ അല്പസ്വല്പം ലഘൂകരിക്കയും ചെയ്തിട്ടുണ്ട്. ഈപ്രകാരമുള്ള പദ്ധതി ഉല്പാദകനെ കമ്പോളങ്ങളുമായി പരിചയപ്പെടുത്തുകമൂലം അയാളുടെ വിളവുകൾക്ക കൂടുതൽ വിലകിട്ടുമെന്നുള്ളതും തീർച്ചയാണ്, സ്ഥലത്തെ കമ്പോളത്തിൻെറ യശസ്സു നിലനിൎത്തുന്നതിലേക്ക, പ്രത്യേകം നിയുക്തന്മാരായ ഗവണ്മെൻറ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ചരക്കിൻെറ തരവും ഗുണവും സാക്ഷിപ്പെടുത്തുന്നതിനു തൈബാകളിൽ വ്യവസ്ഥചെയ്യേണ്ടതും വളരെ ആവശ്യമാണ്.

താക്കോൽപണയവായ്പകൾ.

പണ്ടകശാലസന്നത്.

൨. ഈ പ്രശ്നത്തെപ്പററിചിന്തിക്കുമ്പോൾ പണ്ടകശാല സന്നതു നല്കുന്ന നിരാക്ഷേപമായനാണ്യത്തിനു കൂടുതൽ പ്രാബല്യം ഉണ്ടാക്കി ഉല്പന്നങ്ങളുടെവിക്രയകാലം വരെക്കും ധനസഹായത്തിനുള്ള മാൎഗ്ഗം നാം അവശ്യം ആലോചിക്കേണ്ടതാണ്. കച്ചവടക്കാർ ധനാഗമമാർഗ്ഗം ഉണ്ടാക്കുന്ന ഒരു സാധാരണവഴി താക്കോൽപണയംവെച്ചു വാങ്ങുന്ന വായ്പകളാണ്, ഉല്പാദകൻ അയാളുടെ സാമാനങ്ങൾ ബാങ്കിനു പണയപ്പെടുത്തി അതിൻെറ ഉറപ്പിന്മേൽ പററുപടവുകണക്കും ഓവർഡ്രാഫ്ററും തുടങ്ങുക എന്നതാണ് ഇതിൻെറ അൎത്ഥം. സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം അവയ്ക്കു പററുവരവു അനുവദിച്ചു കൊടുക്കുന്നതിനു യാതൊരു ഏജൻസിയും ഇതുവരെ ഉണ്ടായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു,

ലൈസൻസുള്ള പണ്ടകശാലകൾക്ക ഗവണ്മെൻറുസഹായം.

൩. സഹകരണവിക്രയം ഒരു സ്ഥിരമായ അടിസ്ഥാനത്തിൽ എത്തിക്കുന്നതിനു സഹകരണരീതിയിലുള്ള അംഗീകൃത പണ്ടകശാലകൾ പ്രത്യേകിച്ചു ആലപ്പുഴ കൊല്ലം മുതലായ വാണിജ്യനഗരങ്ങളിൽ ഏർപ്പെടുത്തണമെന്നു ഞങ്ങൾ ഉപദേശിക്ക

ന്നു. ഈ സ്ഥാപനങ്ങളെ ശരിയായും കാര്യക്ഷമമായും ഉള്ള ഗവണ്മെന്റു നിയന്ത്രണത്തിൽ വയ്ക്കപ്പെടണം. ഇപ്രകാരം തുടങ്ങപ്പെടുന്ന ഓരോ പണ്ടകശാലയ്ക്കും അവയുടെ ഷെഡ്ഡുകളിൽ കുരുമുളകു, റബ്ബർ, തേയില, കയറുസാമാനങ്ങൾ ആദിയായ ഏതെങ്കിലും ഓരോ സാധനം സ്വീകരിക്കുന്നതിനു പ്രത്യേകപരിചയം സിദ്ധിക്കേണ്ടതാണ്. പ്രാരംഭകാലങ്ങളിൽ ഈ സഹകരണ പണ്ടകശാലകൾക്കു ഗവണ്മെന്റു ഉദാരമായവിധത്തിൽ ധനസഹായം ചെയ്യണം. നിശ്ചിതവ്യവസ്ഥകൾ അനുസരിച്ചു ഈ പണ്ടകശാലകൾക്കു ലൈസൻസു കൊടുക്കുന്നതിനു സഹകരണസംഘം റജിസ്ട്രാറെ അധികാരപ്പെടുത്തേണ്ടതാണ്. പണ്ടകശാലയിൽ സാമാനങ്ങൾ ഏല്പിക്കുന്ന ആളിനോ സംഘത്തിനോ സാമാനങ്ങളുടെ പൂർണ്ണ വിവരം എഴുതിയ ഒരു സന്നതോ രസീതോ കൊടുക്കേണ്ടതാണ്. ഈ പണ്ടകശാലസന്നതു കൈമാറ്റം ചെയ്യപ്പെടാവുന്ന ഒരു അവകാശപത്രമായിരിക്കുന്നതാണ്. സാമാനങ്ങൾ നേരിട്ടുവില്ക്കുന്നതിനു സന്നതുപയോഗപ്പെടുത്താവുന്നതും ഇപ്രകാരമുള്ള സന്നതുകൾ അഡ്വാൻസുകൾ കൊടുക്കുന്നതിലേക്കു സഹജാമ്യമായി ഏതെങ്കിലും ബാങ്കിനു സ്വീകരിക്കാവുന്നതുമാകയാൽ, തല്ക്കാലത്തേക്കു പണം ഉണ്ടാക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്.

൪. ഡെന്മാർക്കു മുതലായ പാശ്ചാത്യരാജ്യങ്ങളിലെ ഗവണ്മെന്റുകൾ വളരെ സാധാരണ ചെയ്യാറുള്ളതുപോലെ, ഗവണ്മെന്റു സഹായത്തോടുകൂടി സഹകരണസമ്പ്രദായത്തിൽ സംഘടിപ്പിക്കപ്പെടുന്നപക്ഷം ലൈസൻസു പണ്ടകശാല വ്യവസ്ഥകൾ വിക്രയങ്ങൾക്കു വളരെ സൌകര്യങ്ങൾ ഉണ്ടാക്കുന്നതും കാലാന്തരത്തിൽ കൃഷിക്കാർക്കു ഉപകാരപ്രദമായിത്തീരുന്നതും ആകുന്നു. കൃഷിക്കാരും ചെറിയവ്യവസായികളും ചേർന്നു ഗ്രാമപ്രദേശങ്ങളിൽ സഹകരണ വിക്രയസംഘങ്ങൾ ഏർപ്പെടുത്തുന്നതിന് ഇതു ഒരു പ്രേരകമായി തീരുന്നതാണ്. കൃഷിവക ഉല്പന്നങ്ങൾ ഒരുമിച്ചു ചേർക്കുന്നരീതി, സാധനങ്ങളെ തരംതിരിക്കാനും പഠിക്കുന്നതിനു അതോടുകൂടി ഉണ്ടാക്കപ്പെടുന്ന സാധനങ്ങളുടെ മേന്മ നിശ്ചയിക്കാനും കാരണമായിത്തീരുമെന്നു ഞങ്ങൾക്കു ഉറപ്പുണ്ട്. ഏതെങ്കിലും വിധത്തിലുള്ള സഹകരണ വിക്രയരീതി ഫലപ്രദമാകുന്നതിനു ഇതു വളരെ ആവശ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നു. അതുകൊണ്ടു പണ്ടകശാലകൾ ഏർപ്പെടുത്തണമെന്നും അതിനുമുമ്പു അതിലേക്കാവശ്യപ്പെട്ട നിയമനിർമ്മാണം ചെയ്യണമെന്നും ഞങ്ങൾ ബലമായി ശുപാർശചെയ്യുന്നു. ശരിയായും നിഷ്കർഷാപൂർവ്വവും ഉള്ള മേലന്വേഷണം സുനിശ്ചിതമാക്കേണ്ടതും, അതിലേക്കു സഹകരണ ഡിപ്പാർട്ടുമെന്റിന്റെ താഴെ സമർത്ഥരായ പണ്ടകശാല ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റിൽനിന്നും നിയമിക്കണമെന്നു ഞങ്ങൾ നിർദ്ദേശിക്കുന്നതും ആകുന്നു.

൫–ാം ഭാഗം.

അനദ്യോഗസ്ഥ ഭോഗഭോഗിത്വം.

അധ്യായം ൨൧.

തിരുവിതാംകൂർ കൊവാപ്പറേററീവ് ഇൻസ്റ്റിററ്യൂട്ട്, ക്ലിപ്തം.

ഇൻസ്റ്റിററ്യൂട്ടിൻെറ ഉദ്ദേശം.

തിരുവിതാംകൂർ കൊവാപ്പറേററീവ് ഇൻസ്റ്റിററ്യൂട്ട് ക്ലിപ്തം, പ്രചരണംനടത്തുക, ധനേതര സംഘങ്ങൾ സ്ഥാപിക്കുക, പ്രസ്ഥാനത്തിലെ അന്യോന്യാശ്രയാഭിപ്രായത്തിനുള്ള ജിഹ്വേന്ദ്രിയമായിരിക്കുക എന്നുള്ള പ്രധാനഉദ്ദേശങ്ങളോടുകൂടി ൧൧൦൦ (൧൯൨൪-൨൫)-ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. ഇൻസ്റ്റിററ്യൂട്ട സ്ഥാപിച്ചിട്ട് ഇപ്പോൾ ൯-വർഷമായെങ്കിലും അതുസാധിച്ചിട്ടുള്ള കാര്യങ്ങൾ വളരെ തുച്ഛമാണ്.

ഇപ്പൊഴത്തെ നില അതൃപ്തികരം.

൨, ൭൬-വിൽ പ്രസിദ്ധപ്പെടുത്തിയ ഡിപ്പാർട്ടുമെൻറ റിപ്പോർട്ടിൽനിന്നും താഴെ ഉദ്ധരിച്ചിട്ടുള്ള ഭാഗം ഇൻസ്റ്റിററ്യൂട്ടിൻെറ ഇപ്പൊഴത്തെസ്ഥിതി എന്തെന്നു കാണിക്കുന്നതാണ്. "൧൧൦൪-അവസാനത്തിൽ ഉണ്ടായിരുന്ന അംഗങ്ങളുടെ എണ്ണം ൩൩൭ ആയിരുന്നു. ഇൻസ്റ്റിററ്യൂട്ട അതിൻെറ ഒരു അവയവമായി ഒരു മലയാളം സഹകരണമാസിക തുടർന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ധനപരിപോഷണസമിതിയുമായുള്ള കരാറനുസരിച്ചു സാമ്പത്തികമാസികയും ഇൻസ്റ്റിററ്യൂട്ടിൽനിന്നും പ്രസിദ്ധപ്പെടുത്തിവന്നു. മാനേജ്മെൻറു ബോർഡിലെ അംഗങ്ങൾ ചില പരിശോധനകൾ നടത്തുകയും ചില ഐക്യസംഘങ്ങൾ സന്ദർശിക്കയും ചെയ്തു. ഇൻസ്റ്റിററ്യൂട്ടിൻെറ ധനസ്ഥിതി തൃപ്തികരമായിത്തീർന്നിട്ടില്ല. മാസികവരിസംഖ്യ്യയിനത്തിലും, സംഘടിതസംഘങ്ങളുടെ ഫീസ് ഇനത്തിലും വലിയ കുടിശ്ശികകൾ പിരിയാനുണ്ട്. കൊടുത്തുതീർക്കേണ്ട കടങ്ങളും ഇൻസ്റ്റിററ്യൂട്ടിനുള്ളതാണ്. ആകപ്പാടെ ഇൻസ്റ്റിററ്യൂട്ടിൻെറ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. അതിൻെറ പ്രവൃത്തിമാന്ദ്യംകൊണ്ടു ഐക്യസംഘങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു സ്ഥാപനമായിരിക്കാൻ അതിനുള്ള അവകാശത്തെന്നെ ചില ഐക്യസംഘങ്ങളിൽനിന്നും ചോദ്യംചെയ്യപ്പെടുകയുണ്ടായി. ഐക്യസംഘങ്ങൾക്ക അവയുടെ ഏതെങ്കിലും കർമ്മപദ്ധതിയിൽ ഒരു നേതൃത്വം നൽകുവാനോ ഇൻസ്റ്റിററ്യൂട്ടിനു സാധിച്ചില്ല. ഇൻസ്റ്റിററ്യൂട്ടിൻെറ നിബന്ധനകൾ പുതുക്കുകയും സൂപ്പർവൈസറന്മാരെ ഒരേപടിയിൽ സംസ്ഥാനികതോതിൽ ഉയർത്തുകയും ചെയ്യുന്നവിഷയങ്ങൾ ദീർഘകാലമായി ആലോചനയിൽ ഇരിക്കുന്നതേയുള്ളു."

ബോർഡിൻെറ പുനസ്സംഘടന.

൩. മുകളിൽ കൊടുത്തിരിക്കുന്ന ഉദ്ധരണിയിൽനിന്നും ഇൻസ്റ്റിററ്യൂട്ടുചെയ്തുകൊണ്ടിരിക്കുന്നഒരേഒരുജോലി സഹകരണമാസികയും എക്കണോമിക്കജേർണലും പ്രസിദ്ധീകരിക്കുക എന്നതാണെന്നു കാണാവുന്നതാണ്. എക്കണോമിക്കജേർണൽസാധാരണയായി എല്ലാ സാമ്പത്തികവിഷയങ്ങളെയുംപററി പ്രതിപാദിക്കുന്ന ഒന്നാണെങ്കിലും രാജ്യത്തെ പ്രശസ്തസഹകാരികൾ എഴുതുന്നതായ പല സഹകരണവിഷയകങ്ങളായ ലേഖനങ്ങളും അതിൽ കാണുമാനുണ്ട്. പ്രസ്ഥാനത്തിൽ അന്യോന്യാശ്രയസംഘടിതത്തിലേക്കുള്ള ഒരു ആദർശപദ്ധതിയിൽ ന്യായമായി ചെയ്യാവുന്ന ജോലികൾ ഉടനെ ഇൻസ്റ്റിററ്യൂട്ടിനെ കയ്യേല്പിക്കണമെന്നു ശുപാർശചെയ്യാൻ ഞങ്ങൾ വഴികാണുന്നില്ല. ഞങ്ങളുടെ അഭിപ്രായത്തിൽ അതിൻെറ ഒരു പ്രധാനകർത്തവ്യമായ സംഘപരിശോധനയ്ക്കുള്ള ഉത്തമവ്യവസ്ഥ താഴെപ്പറയുന്നതാകുന്നു.

(എ) ഐക്യസംഘങ്ങൾ സഹകരണഇൻസ്റ്റിററ്യൂട്ടിൻെറ നേതൃത്വത്തിലും നിയന്ത്രണത്തിലും നടത്തപ്പെടണം.

(ബി) താഴെപ്പറയുംവിധം ൧൫ പേരടങ്ങിയ ഒരു ബോർഡിനാൽ ഇൻസ്റ്റിററ്യൂട്ടിൻെറ കാര്യഭരണം നടത്തപ്പെടണം,

൧.	വ്യക്ത്യംഗങ്ങളുടെ പ്രതിനിധികൾ	൧
൨.	അർബൻബാംകുകളുടെ ടി	൧
൩.	സെൻട്രൽ ബാങ്കിന്റെ ടി	൧
൪.	ധനേതരസംഘങ്ങളുടെ ടി	൧
൫.	താലൂക്കബാംകുകളുടെയും ബാങ്കിംഗ് ഐക്യസംഘങ്ങളുടെയും ടി	൨
൬.	ഐക്യസംഘപ്രതിനിധികൾടി	൬
൭.	രജിസ്ട്രാരും അദ്ദേഹം നിയമിക്കുന്നവരും	൩
൮.	സമ്മാന്യാംഗപ്രതിനിധി	൧
		൧൬

(സി) എല്ലാവിധേനയും ഉള്ള സൂപ്പർവിഷൻ ഹെഡ്ഡുകൾ ഇൻസ്റ്റിറ്റ്യൂട്ടിൽ സമുച്ചയിക്കയും ബോർഡിനാൽ ചിലവാക്കപ്പെടുകയും ചെയ്യേണ്ടതാണ്.

(ഡി) സൂപ്പർവൈസർമാരെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴെ ഒരു ശമ്പളക്രമത്തിൽ ഇരിക്കേണ്ടതും അവരെ നിയമിക്കാനും സ്ഥലം മാററാനും ശിക്ഷിക്കാനും ഡിസ്മിസ്സ ചെയ്യാനും ഇൻസ്റ്റിറ്റ്യൂട്ടിനു അധികാരമുണ്ടായിരിക്കേണ്ടതും ആകുന്നു.

ഇപ്പോഴത്തെ ബോർഡു വളരെവലുതാണ്.

൪. ഇപ്പോഴത്തെ ബൈലാപ്രകാരം ഉപദേശകയോഗം എന്നറിയപ്പെടുന്ന ഭരണസമിതിയിൽ എല്ലാ പ്രാദേശിക ഐക്യസംഘങ്ങളുടേയും പ്രതിനിധികളും, സംസ്ഥാനം മുഴുവനൊ, താലൂക്കമുഴുവനൊ വ്യാപ്തിയുള്ള ൧൦,൦൦൦ രൂപായിൽ കുറയാത്ത പ്രവൃത്തനധനമുള്ള സംഘങ്ങളിലെ പ്രതിനിധികളും, തിരുവനന്തപുരം സെൻട്രൽ കൊവാപ്പറേറീവ് ബാങ്കിന്റെ എല്ലാ എക്സിക്യൂട്ടീവ് കമ്മിററി അംഗങ്ങളും ഐക്യസംഘങ്ങളില്ലാത്ത സ്ഥലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചുപേരും, അർബൻ ബാങ്കുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ടുപേരും, സമ്മാന്യസാമാജികന്മാരിൽ നിന്നു ഉപദേശകയോഗം തിരഞ്ഞെടുക്കുന്ന അഞ്ചുപേരും അടങ്ങിയിരിക്കുന്നു.

ആകെഎണ്ണം ൭൫ വരുന്നതും അതു ഞങ്ങളുടെ അഭിപ്രായത്തിൽ പ്രയോഗക്ഷമമല്ലാത്തതും അനാവശ്യ ചിലവിനു കാരണമാകുന്നതും ആണ്. അംഗങ്ങളുടെ എണ്ണം ൧൫ ആയി കുറക്കുന്ന ഞങ്ങളുടെ ശുപാർശ ഏറക്കുറെ ഇതരസ്ഥലങ്ങളിലെ നടപ്പനുസരിച്ചുള്ളതും, ഇൻസ്റ്റിട്ട്യൂട്ടിന്റെ കാര്യക്ഷമമായ പ്രവൃത്തനത്തിനു ഈ സംഖ്യ ധാരാളം മതിയാവുന്നതും, എല്ലാവിധ അഭിലാഷങ്ങൾക്കും അഭിപ്രായങ്ങൾക്കും പ്രാതിനിധ്യം കൊടുക്കുന്നതും ആകുന്നു. ഗവണ്മെന്റിൽനിന്നും വളരെ ഉദാരമായ സംഭാവന ചെയ്യുന്നമെന്നു ഞങ്ങൾ ഉപരി ശുപാർശ ചെയ്യുന്നസ്ഥിതിക്ക് ബോർഡിന്റെ ആലോചനകളിലും നിശ്ചയങ്ങളിലും ഗവണ്മെന്റിനു ഒരു അഭിപ്രായാവകാശമുണ്ടായിരിക്കേണ്ടതു ന്യായമെന്നുകരുതി രജിസ്ട്രാരേയും, അദ്ദേഹത്തിനാൽ നിയമിതരാകുന്നവരേയും കൂടി ഞങ്ങൾ മനഃപൂർവ്വംചേർത്തിട്ടുള്ളതാണ്..

നിബന്ധനകൾ പുതുക്കേണ്ട ആവശ്യം.

൫. ഇന്നത്തെ നില നന്നാകണമെങ്കിൽ ഇൻസ്റ്റിട്ട്യൂട്ട് അതിന്റെ നിബന്ധനകൾ പുതുക്കേണ്ടതാണ്. ഇപ്പോഴത്തെ നിബന്ധനകൾ മദ്രാസ് പ്രൊവിൻഷ്യൽ കൊവാപ്പറേറീവ് യൂണിയന്റെ മാതൃകയിൽ നിർമ്മിച്ചിട്ടുള്ളതും എന്നാൽ അതിൽ പിന്നീട പ്രൊവിൻഷ്യൽ കൊവാപ്പറേറീവ യൂണിയൻ അതിന്റെ നിബന്ധനകൾ ഭേദപ്പെടുത്തിയെങ്കിലും, തിരുവിതാംകൂർ ഇൻസ്റ്റിറ്റ്യൂട്ട, ഞങ്ങളുടെ അഭിപ്രായം അറിയാനെന്നും പറയപ്പെടുന്നതു, അതു മാററിവയ്ക്കുകയാണു ചെയ്തതു്. പൊതുയോഗത്തിന്റെ സത്വരമായ ആലോചനയ്ക്കു ഞങ്ങൾ അഭിപ്രായപ്പെടുന്ന ഏതാനും ഭേദഗതികൾ ഇവയാണ്:—(1) അംഗങ്ങളായിരിക്കുന്നതിനു (a) അർബൻബാങ്കുകൾക്കും (b) താലൂക്ക

ബാങ്കുകൾക്കും (c) ബാങ്കിംഗ് ഐക്യസംഘങ്ങൾക്കും (d) ധനേതര സംഘങ്ങൾക്കും (e) ഐക്യസംഘങ്ങൾക്കും (f) സെൻട്രൽ ബാങ്കിനും (g) വ്യക്തികൾക്കും (h) സമ്മാന്യ സാമാജികന്മാക്കും മാത്രം അവകാശം ഉണ്ടായിരിക്കേണ്ടതാണ്. സമ്മാന്യസാമാജികന്മാരായി തിരഞ്ഞെടുക്കുന്നവർ വിഖ്യാതന്മാരും സഹകരണവിഷയത്തിൽ നല്ല പരിചയം സിദ്ധിച്ചവരും, രാജ്യത്തു സഹകരണ പ്രസ്ഥാനത്തിനു യശസ്കരങ്ങളായ സേവനങ്ങൾ ചെയ്തിട്ടുള്ളവരും ആയിരിക്കേണ്ടതാണ്. (II) ഇൻസ്റ്റിറ്റ്യൂട്ടുകൾ കടംവാങ്ങുന്ന വിഷയത്തിൽ ഞങ്ങൾക്കു ആക്ഷേപമില്ലാത്തതും എന്നാൽ കടത്തിനു അംഗങ്ങൾക്കുള്ള ചുമതല ഇപ്പോഴത്തെ നിബന്ധനയിൽത്തന്നെ വ്യവസ്ഥയുണ്ടായിരിക്കേണ്ടതുമാണ്. അംഗങ്ങൾ അടയ്ക്കേണ്ട വാർഷിക വരിസംഖ്യ പുതുക്കേണ്ടതും, പ്രാദേശിക ഐക്യസംഘങ്ങളല്ലാത്ത അംഗസംഘങ്ങൾ ൨൫൦ രൂ. എന്ന പരമാവധിക്കുൾപ്പെട്ടു മുൻകൊല്ലം ഒടുവിലത്തെ തീയതിക്കു ഉണ്ടായിരുന്ന പ്രവർത്തനധനത്തിൽ ഓരോ ആയിരംരൂപായ്ക്കു ഒരു രൂപാ വീതം അടയ്ക്കേണ്ടതും ആകുന്നു, പ്രാദേശിക ഐക്യസംഘങ്ങളെ സംബന്ധിച്ചിടത്തോളം ഭേദഗതി ആവശ്യമില്ലെന്നു ഞങ്ങൾ വിചാരിക്കുന്നതും പിരിഞ്ഞു കിട്ടുന്ന സൂപ്പർവിഷൻഫണ്ടിന്റെ ഒരംശമായി ഇപ്പോൾ ഈടാക്കുന്നതു തുടർന്നുകൊള്ളുവുന്നതും ആണ്. അംഗങ്ങളായി ചേർക്കപ്പെടുന്ന വ്യക്തികളിൽനിന്നും പിരിക്കുന്ന വാർഷിക സംഖ്യ മൂന്നു രൂപായായിരിക്കേണ്ടതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫണ്ടിലേക്കു പണം അടയ്ക്കുന്ന മററു അംഗങ്ങളോടൊപ്പം സൌജന്യമായി ഒരുപ്രതി മാസിക ലഭിക്കുന്നതിനു അവർക്കു അവകാശം ഉണ്ടായിരിക്കേണ്ടതാണ്. വാർഷികവരിസംഖ്യയോ പ്രതിനിധിഫീസോ കുടിശ്ശികവരുത്തുന്ന അംഗങ്ങൾക്കു പൊതുയോഗത്തിൽ വോട്ടുചെയ്യുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും, മൂന്നുവർഷം തുടരെ കുടിശ്ശികക്കാരായിരിക്കുന്ന പക്ഷം അവരെ അംഗങ്ങളുടെ ലിസ്റ്റിൽനിന്നും നീക്കേണ്ടതും ഇൻസ്റ്റിറ്റ്യൂട്ടിലേക്കു ഈടാകാനുള്ള കുടിശ്ശിക ഒരു കടംപോലെ ഗണിച്ചു ഈടാക്കുന്നതിനു ആരംഭിക്കേണ്ടതും ആണ്. (III) മാനേജ്മെൻറ് ബോർഡിനെ സംബന്ധിച്ച നിബന്ധനകൾ ബോർഡിൽ മുൻപറഞ്ഞ ഗണനയനുസരിച്ച് ൧൩ പേർ ഉണ്ടായിരിക്കത്തക്കവണ്ണം പുതുക്കേണ്ടതാണ്. പ്രസിഡണ്ട്, വൈസ്പ്രസിഡൻറ, സെക്രട്ടറി എന്നിവരും രജിസ്ട്രാറും അദ്ദേഹത്താൽ നിയമിക്കപ്പെടേണ്ടവരും സമ്മാന്യ സാമാജികനും ഒഴിച്ചു മററുള്ള എട്ടു അംഗങ്ങളേയും പൊതുയോഗാംഗങ്ങൾ ഒരു യോഗത്തിൽവച്ചു തിരഞ്ഞെടുക്കേണ്ടതാണ്. സമ്മാന്യസാമാജികന്മാരുടെ പ്രതിനിധിയെ മാനേജ്മെൻറബോർഡ് അതിന്റെ ആദിയോഗത്തിൽ നിർണ്ണയിച്ചുകൊള്ളേണ്ടതാണ്. ബോർഡു മൂന്നു കൊല്ലക്കാലത്തേക്കു ഉദ്യോഗത്തിലിരിക്കണം. കാര്യനിർവഹണസമിതിയിലെ അംഗങ്ങളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തണമെന്നു ഞങ്ങൾക്കു അഭിപ്രായമില്ല. അതിൽ രജിസ്ട്രാർ, പ്രസിഡൻറ, വൈസ്പ്രസിഡൻറ്, സെക്രട്ടറി, സെൻട്രൽബാങ്കുപ്രതിനിധി ഇവരും ബോർഡുതിരഞ്ഞെടുക്കുന്ന മററു രണ്ടു അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

കുടിശ്ശിക പിരിവ്.

൫. കുടിശ്ശികപിരിക്കുന്നതു സംഘങ്ങളെ ഏർപ്പെടുത്തുന്നതുപോലെതന്നെ പ്രധാനമായ ഒരു സംഗതിയാണ്. കുടിശ്ശികപിരിക്കുന്നപക്ഷം നില്പില്ലാത്ത ബാദ്ധ്യതകൾ എല്ലാം കൊടുത്തുതീർക്കാവുന്നതാണ്. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ട് ചെയ്ത ശ്രമങ്ങൾ എല്ലാം വിഫലപ്പെട്ടുന്നതായി തോന്നുന്നു, അതിനാൽ ഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി പുതിയശ്രമങ്ങൾ ചെയ്തു കുടിശ്ശികമുഴുവൻ വേഗം പിരിച്ചെടുക്കണം. ഞങ്ങൾ ശുപാർശചെയ്തിട്ടുള്ള സൂപ്പർവിഷൻഫണ്ടു സമുച്ചയനവും, സൂപ്പർവൈസർമാരുടെ സംഘടനീകരണവും ബോർഡിന്റെ പുനസ്സംഘടനക്കുശേഷം തൃപ്തികരമായപ്രവർത്തനം കൊണ്ടു ഐക്യസംഘങ്ങൾക്കു വിശ്വാസം ജനിച്ചതിൽ പിന്നീടു ചെയ്യപ്പെടേണ്ടതാണ്.

മാനേജ്മെൻറു ബോർഡിൻെറ തിരഞ്ഞെടുപ്പ്.

൬. മാനേജ്മെൻറബോർഡിലേക്ക അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേക്ക, പൊതുയോഗത്തിന്ന നോട്ടീസു കൊടുക്കുന്നതിന്ന മുമ്പായിതന്നെ അവരുടെ നിർദ്ദേശപത്രം സമർപ്പിക്കപ്പെട്ടിരിക്കണമെന്നും, അപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അംഗങ്ങളുടെ പേരുവിവരംകൂടി പൊതുയോഗത്തിന്ന അയക്കുന്ന നോട്ടീസിൽ അച്ചടിക്കപ്പെട്ടിരിക്കണമെന്നും ഞങ്ങൾ ശുപാർശ ചെയ്യുന്നു.

ഡിവിഷൻ ബോർഡുകൾ.

൭. ഇൻസ്റ്റിററ്യൂട്ടിൻെറ ജോലി ലഘൂകരിക്കുന്നതിലേക്ക് രണ്ടു ഡിവിഷൻ ബോർഡുകൾ ഒന്നു കൊല്ലത്തും ഒന്നു കോട്ടയത്തും ആയി സ്ഥാപിക്കണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. ഈ ബോർഡിൽ പ്രസിഡൻറും സെക്രട്ടറിയും ഉൾപ്പെടെ അഞ്ചു അംഗങ്ങൾ ഉണ്ടായിരിക്കണം.

ബോർഡിലെ ഉദ്യോഗസ്ഥന്മാരെ അതതു ഡിവിഷനിലുൾപ്പെട്ട താലൂക്കുകളിൽ ഉള്ള അംഗങ്ങളുടെ വാർഷികയോഗത്തിൽവച്ചു തിരഞ്ഞെടുക്കപ്പെടണം. പ്രസിഡൻറിനെയും സെക്രട്ടറിയെയും ആ യോഗം തന്നെ തിരഞ്ഞെടുക്കണം. ഈ ബോർഡിൻെറ പ്രധാനജോലികൾ പ്രചരണം പ്രബോധനം മേൽനോട്ടം ഇൻസ്റ്റിററ്യൂട്ടിലേക്ക വരാനുള്ള മുതലുകൾ പിരിക്കുക എന്നിവയായിരിക്കണം. ഓരോബോർഡും കാര്യനിർവാഹകകമ്മിററിയുടെ ഭരണത്തിലും മേൽനോട്ടത്തിലും ജോലിചെയ്യേണ്ടതാണ്. പ്രവത്തനപരിധിയിൽപെട്ട അംഗങ്ങളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും, ബോർഡിലേക്കുള്ള അംഗങ്ങളുടെ നിർദ്ദേശപത്രിക പൊതുയോഗത്തിന്ന അയക്കുകയുംചെയ്യേണ്ടതു ഡിവിഷൻബോർഡിൻെറ ഒരു കത്തവ്യമായിരിക്കുന്നതാണ്.

മററു മാതൃകകൾ.

൮. ഈ ബോർഡുകൾ ബാംബെ ഇൻസ്റ്റിററ്യൂട്ടിൻെറ ഡിസ്ത്രിക്ട് ശാഖകൾക്കും, പ്രാഥമികസംഘങ്ങളുടെ ആഡിററു വകുപ്പു നടത്തുന്ന സ്ഥിരമായ പ്രാദേശിക ആഡിററന്മാരുടെ സേവനത്തോടുകൂടിയ ബീഹാർ ഒറീസാ ഫെഡറേഷൻെറ ഡിവിഷൻ ബോർഡുകൾക്കും തുല്യമായിരിക്കുന്നതാണ്. ബീഹാർ ഒറിസ്സാഫെഡറേഷനിൽ ഒരു പരിപോഷണവകുപ്പും അതിൻെറ നിയന്ത്രണത്തിൽ അഞ്ചു പ്രചരണ ഉദ്യോഗസ്ഥന്മാരും അഞ്ചു അസിസ്റ്റൻറ പ്രചരണഉദ്യോഗസ്ഥന്മാരുംമൂന്നു ടെംപൊററിഅസിസ്റ്റൻറ പ്രചരണ ഉദ്യോഗസ്ഥന്മാരും ഒരു പ്രകടനഉദ്യോഗസ്ഥനും ഒരു ഫോട്ടോഗ്രാഫറും ഉണ്ടു. ഗ്രാമീണർക്ക സഹകരണ തത്വങ്ങൾ ഉദാഹരണസഹിതം കാണിച്ചുകൊടുക്കുന്നതിലേക്ക ഫെഡറേഷൻ നൂറിലധികം ചായമിട്ട മാതിരിയുള്ള പടങ്ങൾ തയ്യാറാക്കിയിട്ടുള്ളതും, ഫെഡറേഷനിലെ ഗവർണരായിരിക്കുന്ന അവിടത്തെ രജിസ്ത്രാർ അതിൽ ൪൦ പടങ്ങൾ കമ്മിററിപ്രസിഡൻറ മുഖേന തിരുവനന്തപുരം ഇൻസ്റ്റിററ്യൂട്ടിൻെറ പരിശോധനക്കായി സദയം കടം തന്നിട്ടുണ്ടായിരുന്നതും ആണ്. സഹകരണത്തിൻെറ പത്തു സിദ്ധാന്തങ്ങളെപ്പററിയുള്ള ഗാനങ്ങൾ ഗ്രാമീണരെ പഠിപ്പിക്കുന്നതും അവർ എല്ലാസഹകരണ ചടങ്ങുകളിലും ആയതു പാടിവരുന്നതുമാണ്.

ഇൻസ്റ്റിററ്യൂട്ടിനുള്ള ധനാവശ്യം.

൯. രജിസ്ത്രാരുടെ ൧൯൩൨-൩൩-ലെ വാർഷികറിപ്പോർട്ടിൽനിന്നു ഞങ്ങൾ മുമ്പു ഉദ്ധരിച്ചിട്ടുള്ള ഭാഗം കൊണ്ടു കാണ്മാൻ കഴിയുന്നവിധം ഇൻസ്റ്റിററ്യൂട്ടിൻെറ ധനസ്ഥിതി അതിൻെറ ആരംഭകാലംമുതൽതന്നെ വളരെ അതൃപ്തികരമായിരുന്നു. മേലന്വേഷണജോലി ഏറെറടുത്തു ആ ചുമതലയിൽ നിന്നും ഡിപ്പാർട്ടുമെൻറിനെ ഒഴിവാക്കുന്നതിലേക്കായി ഏർപ്പെടുത്തപ്പെട്ട പ്രാദേശിക ഐക്യസംഘങ്ങൾ ധനക്കുറവുമൂലം ക്ഷയിച്ചു

വരികയും, എല്ലാ ഐക്യസംഘങ്ങളുടെയും കൂടിയുള്ള ആവശ്യത്തിനായി ഗവർമ്മെൻറ നല്കിവരുന്ന ൫൦൦ രൂപ വാർഷികവേതനം അവയുടെ ആവശ്യങ്ങൾ നിറവേററുന്നതിനു ഒട്ടും പര്യാപ്തമല്ലെന്നു കാണുകയും ചെയ്തിരിക്കുന്നു. ഗവർമ്മെൻറിൻെറ നയം കഴിയുന്നത്രവേഗം മേലന്വേഷണ ജോലിയിൽനിന്നും ഒഴിയണമെന്നുള്ളതാകയാൽ പ്രാദേശിക ഐക്യ സംഘങ്ങളെ ഉദാരങ്ങളായ ധനസഹായങ്ങൾകൊണ്ടു പുഷ്ടിപ്പെടുത്തേണ്ടതാണ്. ഇൻസ്റ്റിററ്യൂട്ടിൻെറ പുനസ്സംഘടന നടന്നശേഷം രജിസ്ട്രാർ ഐക്യസംഘങ്ങൾക്കു സഹായധനം വിതരിക്കുന്ന നടപടി നിറുത്തപ്പെടേണ്ടതും ആ തുകയും ഇൻസ്റ്റിററ്യൂട്ടിൻെറ അധീനത്തിൽ നല്കപ്പെടേണ്ടതും ആണ്. ഇൻസ്റ്റിററ്യൂട്ടിനു ഗവർമ്മെൻറ കൊടുക്കേണ്ടതായ സഹായധനത്തെ സംബന്ധിച്ചാണെങ്കിൽ ആയതു മുഴുവനും അവസാനത്തിൽ ഇൻസ്റ്റിററ്യൂട്ട് അംഗങ്ങളിൽ നിന്നു പിരിച്ച തുകയോടു തുല്യമായിരിക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

ഐക്യസംഘങ്ങൾക്കു സഹായധനം.

൨൦. ആദ്യമായി ഐക്യസംഘങ്ങൾ ശരിയായി ജോലിചെയ്യുന്നതിലേക്കു മതിയാകുന്നതായ ധനം അവയ്ക്കുണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തോടും രണ്ടാമതു അവയുടെ പ്രയോജനം വർദ്ധിപ്പിക്കുന്നതിലേക്കും ഇൻസ്റ്റിററ്യൂട്ടിൽനിന്നും അവയ്ക്കു വേതനങ്ങൾ കൊടുക്കേണ്ടതാണ്. ആദ്യം പറഞ്ഞ ആവശ്യത്തിലേക്കു സംഘങ്ങളിൽനിന്നും പിരിയുന്ന സൂപ്പർവിഷൻ ഫണ്ടിനു അനുസരണമായതുക ഇൻസ്റ്റിററ്യൂട്ട് കൊടുക്കേണ്ടതും സഹകരണ ഐക്യസംഘങ്ങൾക്കു വേതനം നൽകുന്നതിനു കമ്മിററിയോടു ആവശ്യപ്പെട്ടിരുന്നതനുസരിച്ചു രൂപീകരിച്ചിട്ടുള്ള പ്രത്യേകം ചട്ടങ്ങൾ ഇതിൽ അനുബന്ധിച്ചിരിക്കുന്നതും ആകുന്നു.

ബാങ്കിൻെറ ധനസഹായം.

൨൧. അർഹതയുള്ള ഐക്യസംഘങ്ങൾക്കു വേണ്ടിടത്തോളം ധനസഹായം ചെയ്യാൻ ശേഷിയുണ്ടാകുന്നതുവരെയും ഇൻസ്റ്റിററ്യൂട്ടിനു വേതനം കൊടുക്കുന്നതിലേക്കായി സെൻട്രൽബാങ്കു ഉണ്ടാക്കും. അതിൻെറ അന്ത്യലാഭത്തിൽ രണ്ടുശതമാനത്തിൽ കുറയാത്ത ഒരു തുക മാററിവയ്ക്കത്തക്കവിധം അതിൻെറ നിബന്ധനകൾ ഭേദപ്പെടുത്തണമെന്നു ഞങ്ങൾ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

പ്രൊവിൻഷ്യൽബാങ്കുകൾ പ്രചരണജോലിയെ എങ്ങിനെ സഹായിക്കുന്നു എന്ന്

൨൨. മദ്രാസ് പ്രൊവിൻഷ്യൽ കൊവാപ്പറേറിവ് ബാങ്ക് ഐക്യസംഘങ്ങൾ മുഖാന്തിരം സംഘങ്ങളുടെ മേൽപാട്ടുകൾ നോക്കുന്നതിലേക്കായി വലിയതുകകൾ ചെലവുചെയ്യുന്നു എന്നും, ബോംബെ പ്രൊവിൻഷ്യൽ കൊവാപ്പറേറിവ് ബാങ്കു സംഘങ്ങൾ നടത്തുന്ന പ്രചരണജോലികളെ ഉദാരമായി സഹായിക്കുന്നു എന്നും ഈ അവസരത്തിൽ പറയേണ്ടതായിട്ടുണ്ട്. സെൻട്രൽബാങ്കുകൾക്കു (താലൂക്കുബാങ്കുകൾക്കു) അവയുടെ ചിലവു നിർവഹിക്കാൻ ശേഷിയില്ലാത്ത സ്ഥലങ്ങളിൽ പഞ്ചായത്തുകാരെ (ഭരണയോഗാംഗങ്ങളെ) പരിശീലിപ്പിക്കുന്നതിനു ൧൭ ക്ലാസുകൾ ഏർപ്പെടുത്തിയതിനുള്ള ചിലവിലേക്കു ബീഹാർ ഒറീസാ പ്രൊവിൻഷ്യൽ കൊവാപ്പറേറിവ് ബാങ്കു ൫,൦൦൦ രൂപ ഗ്രാൻറ കൊടുത്തിട്ടുണ്ട്.

സഹകരണവിദ്യാഭ്യാസം ഇൻസ്റ്റിററ്യൂട്ടിൻെറ ഒരു മുഖ്യകൃത്യമായിരിക്കുന്നതും ആയതു മേലന്വേഷണംപോലെ തന്നെ പ്രധാനമായിട്ടുള്ളതും ആകുന്നു. സഹകരണവിദ്യാഭ്യാസം, പരിശീലനം, പ്രചരണം എന്നിവയെ ക്രമീകരിക്കുന്നതിനായി വ്യവസ്ഥകൾ ഉണ്ടാക്കി ഇൻസ്റ്റിററ്യൂട്ടു നിബന്ധനകളിൽ ഉൾപ്പെടുത്തുന്നതു നന്നായിരിക്കുന്നതാണ്. പരിശീലനരീതി, ധനശേഖരണം എന്നിവ ഒരു പ്രത്യേക അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

അദ്ധ്യായം ൨൨.

സഹകരണപ്രചരണവും വിദ്യാഭ്യാസവും, പരിശീലനവും

സഹകരണ വിദ്യാഭ്യാസത്തിന്റെ അവഗണനം.

സഹകരണവിദ്യാഭ്യാസത്തിൽ ശരിയായ ശ്രദ്ധ ഈ രാജ്യത്തു വേണ്ടിടത്തോളം പതിഞ്ഞിട്ടില്ല. ജനസംഖ്യയിൽ ഇത്രവലിയ ഒരു ശതമാനം (പൊതുവേ ൨൪.൧ം, പുരുഷന്മാരുടെ ഇടയിൽ ൩൦.൮ം) വിദ്യാഭ്യാസമുള്ളവരായിരിക്കയും, സഹതന്ത്ര്യനച്ചുദീർഘകാലമായ ഇരുപത്തഞ്ചുവർഷംകൊണ്ടു ഇന്നുള്ള ൧,൭൩൦ സഹകരണസംഘങ്ങൾ ഉണ്ടാകുകയും ജനസംഖ്യയിൽ ൨,൩൦,൦൦൦ ആളുകൾ അവയിൽ അംഗങ്ങളായി ഉൾപ്പെടുകയും ചെയ്തിട്ടുള്ള ഈ തിരുവിതാംകൂർ ഒരു രാജ്യത്തു ഭൂരിപക്ഷം ജനങ്ങൾക്കും സാധാരണ സഹകരണതത്വങ്ങൾ ഇന്നും ഗീർവാണമായിരിക്കുന്നു എന്നു പറയുന്നതു വിസ്മയകരമായിരിക്കുന്നു. അംഗങ്ങളുടെ ഇടയിൽ പൊതുവേ പ്രകടമായ സഹകരണസിദ്ധാന്തങ്ങളിലുള്ള അജ്ഞതയും ഞങ്ങളുടെ സഞ്ചാരങ്ങൾക്കിടയിൽ കാണാവുന്നവിധം സംഘം ഉദ്യോഗസ്ഥന്മാരിൽ ഒരു വലിയ ഭാഗത്തിനുപോലും ഉള്ള ജ്ഞാനക്കുറവും, വളരെ സംഘങ്ങളിൽ പൊതുവേ കാണുന്ന പരാജയങ്ങൾക്കും പ്രധാനകാരണമായിരിക്കുന്നതാണ്. അന്വേഷണോദ്യോഗസ്ഥ ഏജൻസികൾ ഏർപ്പെടുത്തിയിട്ടുള്ള ജീവനക്കാരും ഈ അംശത്തിൽ വളരെ വ്യത്യസ്തരായിരിക്കുന്നില്ല. ഇന്നത്തെ പ്രസ്ഥാനത്തിന്റെ അധഃപതനാവസ്ഥക്കു പ്രധാന കാരണവും ഈ സ്ഥിതിവിശേഷമാകുന്നു. ഫലപ്രദവും പരിഷ്കൃതവുമായ ഒരു പ്രസ്ഥാനത്തിന്റെ രക്ഷാസ്ഥാനം പ്രബോധനത്തിനും പരിശീലനത്തിനും ഉള്ള ഒരു കാര്യക്ഷമമായ പദ്ധതിയാണെന്നു ഏതായാലും പറയാതിരിക്കാൻ നിവൃത്തിയില്ല.

പ്രസ്ഥാനത്തിന്റെ അസ്ഥിവാരം.

൧. പ്രസ്ഥാനത്തിന്റെ ശക്തിയും പ്രസരിപ്പും അതിന്റെ അടിത്തട്ടായ പ്രാഥമിക സംഘങ്ങളുടെ പുഷ്ടിബലങ്ങളെ ആശ്രയിച്ചിരിക്കുന്നു, ആയതു സഹകരണത്തിന്റെ ആദ്യപാഠങ്ങൾ അംഗങ്ങളുടെ ഇടയിൽ വ്യവസ്ഥിതമായവിധം അഭ്യസിപ്പിച്ചാൽ മാത്രം സാധിക്കുന്നതും ആകുന്നു. 'അനഭിജ്ഞനായ ഒരു അത്യുത്സാഹിയാണ് സഹകരണ പ്രസ്ഥാനത്തിന്റെ പരമശത്രു' എന്നു മാർക്കിസ് ഓഫ് ലിൻലിത്ഗോ ഒരു വിശദീകരണത്തിൽ പ്രസ്താവിച്ചിട്ടുള്ളതു ശരിയാണ്. അതിനാൽ പ്രസ്ഥാനത്തിനു ജോലിചെയ്യുന്നവർക്കു സഹകരണ സംഘങ്ങളുടെ പ്രവർത്തനരീതിയിൽ പരിശീലനം നല്കുകയും, നാട്ടിലും പുറമേയും പ്രസ്ഥാനത്തിനുള്ള സമഷ്ടിയായ പ്രകൃതവും ഉദ്ദേശവും അഭിവൃദ്ധിയും അവർ മനസ്സിലാക്കേണ്ടതും ആകുന്നു." തങ്ങളിൽ ചുമത്തപ്പെടുന്ന കർത്തവ്യങ്ങൾ തൃപ്തികരമായി നടത്തുന്നതിനു ഇപ്പോൾ ഡിപ്പാർട്ടുമെന്റിലുള്ള ജീവനക്കാരിൽ പലർക്കും ആവശ്യമുള്ള കാര്യക്ഷമമായ പരിശീലനം കൊടുത്തിട്ടില്ലെന്നു പറവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. പ്രസ്ഥാനത്തിന്റെ ഉപരിഗൃഹത്തിനു മുഴുവൻ അടിസ്ഥാനമായിരിക്കുന്നതു പ്രാഥമികസംഘമാകയാൽ അതിന്റെ രൂപീകരണത്തെയും നടത്തിപ്പിനെയും നയിക്കേണ്ട തത്വങ്ങൾ അത്യന്തം പ്രധാനമായിട്ടുള്ളതാണ്. അതിനാൽ ഞങ്ങൾ മാക്ലഗൻ കമ്മിറ്റിറിപ്പോർട്ടിൽനിന്നും മിറിക്കിന്റെ ഫെഡറൽഫാം ലോൺസിസ്റ്റം എന്ന ഗ്രന്ഥത്തിൽനിന്നും ചില ഭാഗങ്ങൾ അനുബന്ധത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. (അനുബന്ധം ൧൬-ം ൧൭-ം)

പരിശീലനം അത്യാവശ്യമെന്നു.

൨. സഹകരണ വിദ്യാഭ്യാസം ശൈശവാവസ്ഥയിൽ ഇരിക്കുന്നതേയുള്ളു എങ്കിലും പലേ പ്രോവിൻസുകളും രാജ്യങ്ങളും ശരിയ്ക്കുള്ള വിദ്യാലയങ്ങളും സഹകരണ പരിശീലന

ക്ലാസുകളും നടത്തുന്നുണ്ട്. പഞ്ചാബ്, ബീഹാർ, ഒറീസ്സാ, കൂർഗ്ഗ്, സെൻട്രൽപ്രാവിൻസുകൾ, ഹൈദരാബാദ്, ബറോഡാ എന്നീ രാജ്യങ്ങളിൽ ആണ്ടുതോറും ശരിയായ ക്ലാസുകൾ നടത്തുന്നുണ്ട്. കൊച്ചിഗവണ്മെന്റ ട്രേയിനിംഗ്ഗ് സ്കൂളിൽ സഹകരണം ഒരു നിർബന്ധിത വിഷയമായി ഉൾപ്പെടുത്തിയിരിക്കുന്നും, ബിരുദധാരികളെ പരിശീലിപ്പിക്കാനായി ഗവണ്മെന്റ ഒരു ക്ലാസു നടത്തിവരുന്നതും ആണ്. ൭ വർഷങ്ങൾക്കുമുമ്പ് വിദ്യാഭ്യാസാധ്യക്ഷന്റെ സഹായത്തോടുകൂടി ഡിപ്പാർട്ടുമെന്റ തൃശ്ശൂരിൽ ഒരു മാസത്തെ ഒരു ക്ലാസ് ഏർപ്പെടുത്തി. അതിൽ ൧൭ ബിരുദധാരികൾ സംബന്ധിച്ചിരുന്നു. അവരിൽ ൧൨ പേർ സ്ത്രീകൾ ആയിരുന്നിട്ടുള്ളതും ആണ്. ഈ ആണ്ടിലും ഏകദേശം അതേ രീതിയിലുള്ള ഒരു ക്ലാസു വീണ്ടും തൃശ്ശൂരിൽവച്ചു നടത്തപ്പെട്ടു. ഇപ്രകാരമുള്ള പരിശീലനക്ലാസുകൾ എല്ലാം അതതു ഐക്യസംഘങ്ങളുടെയോ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ രക്ഷാധികാരത്തിലും ചിലപ്പോൾ രജിസ്ട്രാരുതന്നെയും നടത്തിയിട്ടുള്ളതാണ്. പല സ്ഥലങ്ങളിലും ഫെഡറേഷൻ എന്നോ ഐക്യസംഘം എന്നോ പല വിധത്തിൽ വിളിച്ചുവരുന്ന പ്രൊവിൻഷ്യൽ സഹകരണ സ്ഥാപനങ്ങൾ ഈ ക്ലാസുകൾ ഏർപ്പെടുത്തുന്നതിനും നടത്തുന്നതിനും ചിലപ്പോൾ ഡിപ്പാർട്ടുമെന്റ ഉദ്യോഗസ്ഥന്മാരുടെ സഹകരണത്തോടുകൂടി ഒരു പ്രധാന ഭാഗം വഹിച്ചിട്ടുണ്ട്. ചേർത്തലെ ഐക്യസംഘം ഇത്തരം ക്ലാസുകൾ നടത്തുകയും അനുരൂപമായ പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുള്ളതും ആ ഉദാഹരണം അനുകരണീയമായിരിക്കുന്നതും ആകുന്നു.

ഇന്ത്യയിൽ നടപ്പുള്ള സഹകരണ വിദ്യാഭ്യാസം രണ്ടു രീതിയിൽ ഉള്ളവയാണ്. പഞ്ചാബു രീതി ഡിപ്പാർട്ടുമെന്റിനാൽ നിയന്ത്രിതവും ബംബേ സമ്പ്രദായം പൂർണ്ണമായും അനൗദ്യോഗിക സ്ഥാപനങ്ങൾ ... ധീനതയിലുള്ളതും ആണ്. ബംഗാളും മദ്രാസും ഒരു മദ്ധ്യമാർഗ്ഗം സ്വീകരിച്ചിരിക്കുന്നു. ഗവണ്മെന്റും അനൗദ്യോഗസ്ഥന്മാരും ഇരുകൂട്ടരും ഇപ്രകാരമുള്ള പരിശീലന വിദ്യാലയങ്ങളോ ഇൻസ്റ്റിറ്റ്യൂട്ടുകളോ നടത്തുന്നതിൽ ഒരു പോലെ പങ്കെടുക്കുകയും ചെയ്യുന്നു.

ന്യൂനതകൾക്കുകാരണം പ്രബോധനപരിത്യജനമാണ്

൬. പല സഹകരണസംഘങ്ങളിലും കണ്ടിട്ടുള്ള ദൂഷ്യങ്ങളിൽ അധികഭാഗവും സംഘങ്ങൾ നടത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ വിജ്ഞാനക്കുറവുമൂലം വന്നിട്ടുള്ളവയാണെന്നു ഞങ്ങൾ മുമ്പുപറഞ്ഞിട്ടുണ്ട്. ഈ കൊല്ലങ്ങളിലെല്ലാം സഹകരണപ്രബോധനം അത്യന്തം അവഗണിക്കപ്പെട്ടിട്ടുണ്ടെന്നും അതിനാൽ ഈ വിഷയത്തിൽ ഗൗരവമായ ശ്രദ്ധപതിപ്പിക്കുന്നതിനു ഒട്ടും താമസിച്ചുകൂടാത്തതാണെന്നും ഞങ്ങൾക്കു തോന്നുന്നു. ഓഡിറ്റു കോൺഫറൻസുകളും പരിശീലനക്ലാസുകൾ ഏർപ്പെടുത്തണമെന്നു തുടരെത്തുടരെ തിരുവിതാംകൂർ കോപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ടിനോടു അപേക്ഷിക്കുന്നതായ നിശ്ചയങ്ങൾ പാസ്സാക്കിക്കൊണ്ടിരിക്കുന്നതിനാൽ, ഈ ഉപേക്ഷയ്ക്കുകാരണം പൊതുവേ സഹകാരികൾക്കുള്ള താല്പര്യക്കുറവാണെന്നു നിശ്ചയമായും വിചാരിച്ചുകൂടാത്തതാണ്. ഈ സ്ഥാപനമാകട്ടെ ബുദ്ധിയുള്ള ചുമതലയെ അറിയുമായിരുന്നെങ്കിലും ധനക്കുറവിനാൽ ആ വഴി പ്രവർത്തിക്കുന്നതിനു അശക്തമായിരുന്നു എന്നു ഞങ്ങൾ അറിയുന്നു. ഡിപ്പാർട്ടുമെന്റിൽനിന്നും വീണ്ടും വീണ്ടും ആവശ്യപ്പെട്ടുകൊണ്ടിരുന്നിട്ടും ഈ ആവശ്യത്തിലേക്കുവേണ്ടുവോളം ധനസഹായം ഗവണ്മെന്റ ചെയ്തുകൊടുത്തിട്ടില്ല. അതിനാൽ ഇൻസ്റ്റിട്യൂട്ടിന്റെ അശക്തതയും ഗവണ്മെന്റിന്റെ അനാദരവുംകൂടി രാജ്യത്തെ സഹകരണവിദ്യാഭ്യാസത്തിനു വളരെ ഹാനിവരുത്തിയിട്ടുണ്ട്. ഈ വിധം കാര്യങ്ങൾ നീണ്ടുനിൽപ്പിച്ചുകൊണ്ടു പോകാൻ അനുവദിക്കരുതെന്നു ഞങ്ങൾക്കു തോന്നുകയും, തിരുവനന്തപുരത്തു ഒരു കോപ്പറേറ്റീവ് സെൻട്രൽട്രെയിനിംഗ്ഗ് ഇൻസ്റ്റിറ്റ്യൂട്ടു സ്ഥാപിക്കുന്നതിനുള്ള നടപടികൾ രജിസ്ട്രാർ ഉടനടി ആരംഭിക്കേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കയും ചെയ്യുന്നു. സഹകരണവിദ്യാഭ്യാസവും പരിശീലനവും ഇൻസ്റ്റിട്യൂട്ടിന്റെ പ്രധാന കർത്തവ്യമായിരിക്കണമെന്നു അഭ്യർത്ഥിക്ഷേപ്യമായി സ്ഥാപിക്കുന്നതിനു ഈ അവസരത്തിൽ ഞങ്ങൾ ആഗ്രഹി

ക്കാൻ എങ്കിലും ഇൻസ്റ്റിട്യൂട്ടിനു ചുമതല ഏല്പിക്കാൻ പ്രാപ്തിയുണ്ടാകുന്നതുവരെ രണ്ടു മൂന്നുകൊല്ലത്തേക്കു ഡിപ്പാർട്ടുമെൻറുതന്നെ ഇക്കാര്യം നിർവഹിക്കണമെന്നും, പ്രാപ്തിയുണ്ടാകുന്ന കാലം സസന്തോഷം അതു വിട്ടുകൊടുക്കപ്പെടേണ്ടതാകുന്നു എന്നും, ഇൻസ്റ്റിട്യൂട്ടു ശക്തിമായി പ്രവർത്തിക്കുന്നതിനുവേണ്ട എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതു ഗവൺമെൻറിൻറെയും ഡിപ്പാർട്ടുമെൻറിൻറെയും ചുമതലയാണെന്നും ഞങ്ങൾ വിചാരിക്കുന്നു. ഒരു സഹകരണ സംഘത്തിൻറെ കർത്തവ്യങ്ങളിൽ ഒന്നായ വയസ്സുവിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഇപ്രകാരം ഗവൺമെൻറു ഉദാരമായ സഹായം ചെയ്യേണ്ടതാണ്. വില്ലേജുപഞ്ചായത്തുകൾ വായനശാലകൾ ഗ്രന്ഥാലയങ്ങൾ വയസ്സുപാഠശാലകൾ സഹകരണസംഘങ്ങൾ ആദിയായ സ്ഥാപനങ്ങൾക്കു തരംതരമുള്ള ഗവൺമെൻറു വളരെ കുറച്ചു സംഖ്യയെ ചിലവാക്കുന്നുള്ളു എന്നു കാണുന്നതിൽ ഞങ്ങൾക്കു വ്യസനമുണ്ട്. ഇപ്രകാരമുള്ള ചിലവുകൾ രാജ്യത്തിൻറെ ഭാവിനന്മയ്ക്കു വളരെ പ്രയോജനകരമായിരിക്കുമെന്നും, വയസ്സുവിദ്യാഭ്യാസത്തിനായി സഹകരണ സംഘങ്ങൾ അവയുടെ പൊതുനന്മഫണ്ടിൽ ഒരു വലിയ തുക ആണ്ടുതോറും ചിലവാക്കുന്നതായി നിഷ്പ്രയാസം കാണിക്കാമെന്നും ഞങ്ങൾക്കു അഭിപ്രായമുള്ളതാണ്,

മദ്രാസ് സെൻട്രൽ കൊവാപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട്.

൫. തിരുവിതാംകൂറിൽ സെൻട്രൽവിദ്യാലയത്തെ സംബന്ധിച്ചു പറയുന്നതിനു മുമ്പായി ആയതു മദ്രാസിലെ രീതിയിൽ ഇവിടെ ആരംഭിക്കുന്നതു ഉചിതമെന്നു ഞങ്ങൾ വിചാരിക്കുന്നതിനാൽ മദ്രാസ് പ്രസിഡൻസിയിൽ സഹകരണവിദ്യാഭ്യാസം നല്കുന്ന വിഷയത്തിലുള്ള ഏതാനും സംഗതികൾകൂടി പറയണമെന്നു ഞങ്ങൾ വിചാരിക്കുന്നു. അടുത്തകാലംവരെ മദ്രാസ് പ്രസിഡൻസിയിലെ പ്രചരണജോലി, സഹകരണ പ്രവർത്തകന്മാർക്കു പരിശീലനക്ലാസുകൾ മുഖേനയുള്ള രജിസ്റ്റർചെയ്യപ്പെട്ട സഹകരണ ഇൻസ്റ്റിട്യൂട്ടുകൾ നടത്തിവന്നിരുന്നു; ഈ വിദ്യാഭ്യാസജോലി നടത്തുന്നതിലേക്കായി മദ്രാസ് ഗവൺമെൻറു പ്രൊവിൻഷ്യൽബാങ്കിനു പ്രതിവർഷം ൫൨,൦൦൦ രൂപായിതം ഗ്രാൻറു കൊടുത്തുവരുന്നു. സഹകരണആഡിററു, സഹകരണ ധനവ്യാപാരം സഹകരണസംഘങ്ങളിലെ കണക്കെഴുത്തു എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന സഹകരണ ക്ലാസുകളും ഗവൺമെൻറു കമ്മേഴ്സ്യൽ ഇൻസ്റ്റിട്യൂട്ടിൽ വച്ചു നടത്തപ്പെട്ടിട്ടുണ്ട്. സഹകരണ പരിശീലനത്തിനായി പത്തുമാസം കോഴ്സുള്ള ഒരു സെൻട്രൽ സഹകരണ ഇൻസ്റ്റിട്യൂട്ടു മദ്രാസിൽ സ്ഥാപിക്കുന്നതിനു മദ്രാസ് ഗവൺമെൻറു ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്. ഗവൺമെൻറു സർവീസിൽ പ്രവേശിക്കാവുന്നവർക്കു മാത്രമേ അതിൽ ചേരുന്നതിലേക്കു അപേക്ഷിക്കാൻ പാടുള്ളു. വിദ്യാർത്ഥികൾക്കു ബാങ്കിംഗ് ആഡിററിംഗ് കോഓപ്പറേഷൻ ബുക്കുകീപ്പിംഗ് എന്നീ വിഷയങ്ങളിൽ ഗവൺമെൻറുടെക്നിക്കൽ എക്സാമിനേഷനുകളുടെ പരിശീലനം കൊടുക്കുന്നതാണ്. ഗ്രാമീണ ധനശാസ്ത്രത്തിലുള്ള അഭ്യസനവും കോഴ്സിൽ ഉൾപ്പെടുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ടു സഹകരണസംഘം രജിസ്ട്രാരുടെ ഭരണത്തിൽ ഇരിക്കുന്നതാണ്. കോഴ്സിനുള്ള ഫീസ ൭൦ രൂപയായിരിക്കും. രണ്ടു പഠനവിദ്യാലയങ്ങൾ ഒന്നു വടക്കൻ ഡിവിഷനിലും ഒന്നു തെക്കൻ ഡിവിഷനിലും ഉണ്ടായിരിക്കുന്നതാണ്. അതിൻറെ കാലദൈർഘ്യം അഞ്ചുമാസം ആയിരിക്കുന്നതാണ്. പഠിത്തക്കാരുടെ പ്രയോജനം ലഭിക്കത്തക്ക സാമാന്യവിദ്യാഭ്യാസം ഉള്ളവരെന്നു രജിസ്ട്രാർ സർട്ടിഫൈചെയ്യുന്നതായ സെക്കൻറിസ്കൂൾലീവിംഗ് സർട്ടിഫിക്കററുകാർക്കും സെൻട്രൽബാങ്കുകൾ ഐക്യസംഘങ്ങൾ ഐക്യസംഘസംഘാതങ്ങൾ എന്നിവയിലെ ജീവനക്കാർക്കും മാത്രമേ പ്രവേശനമുണ്ടായിരിക്കയുള്ളു. പഠിത്തവിഷയങ്ങൾ സഹകരണം ആഡിററ്, ബുക്കുകീപ്പിംഗ് ബാങ്കിംഗ് എന്നിവയുടെ പ്രധാന സിദ്ധാന്തങ്ങൾ ആയിരിക്കും. കോഴ്സിനു മുഴുവൻകൂടി ഫീസ ൨൦ രൂപ നിശ്ചയിച്ചിരിക്കുന്നു. ഈ പഠനവിദ്യാലയങ്ങൾ പ്രൊവിൻഷ്യൽയൂണിയൻറെ ഭരണത്തിൽ ഇരിക്കുന്നതാണ്,

സെൻട്രൽ സഹകരണ വിദ്യാലയം.

൩. തിരുവിതാംകൂറിൽ സഹകരണ വിദ്യാഭ്യാസം ഈ പദ്ധതിയിൽ ആയിരിക്കണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. ഡിപ്പാർട്ടുമെൻറിലെ ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെ ആവശ്യത്തിലേക്കു മദ്രാസ് സെൻട്രൽ ഇൻസ്റ്റിട്യൂട്ടുപോലെ രജിസ്ട്രാരുടെ ഭരണത്തിൽ തിരുവനന്തപുരത്തു ഒരു സെൻട്രൽ സഹകരണ ഇൻസ്റ്റിട്യൂട്ട ഉടനെ ഗവണ്മെൻറിൽനിന്നും സ്ഥാപിക്കേണ്ടതാണ്. ഡിപ്പാർട്ടുമെൻറിലേക്കും അനൌദ്യോഗസ്ഥ സ്ഥാപനങ്ങളിൽ ഉയർന്ന മിനിസ്റ്റീരിയൽ സ്റ്റാഫുകളിലേക്കും ഉദ്യോഗങ്ങൾക്കും മേലാൽ ഈ സെൻട്രൽ സ്കൂളിൽ പരിശീലനം സിദ്ധിച്ചവരെ മാത്രമേ നിയമിക്കാവൂ. രാജ്യത്തു തൊഴിലില്ലാത്ത ബിരുദധാരികൾ ധാരാളം ഉള്ളതിനാൽ ഈ ഇൻസ്റ്റിട്യൂട്ടിൽ ബിരുദധാരികൾക്കുമാത്രമേ പ്രവേശനം നൽകാവൂ എന്നു ഞങ്ങൾ നിർദ്ദേശിക്കുന്നു. എന്നാൽ ഇൻസ്റ്റിട്യൂട്ടിലെ അദ്ധ്യയനക്രമത്തിനു ഒരാൾ പ്രാപ്തനാണെന്നും അയാൾക്കു അതുകൊണ്ടു പ്രയോജനമുണ്ടാകുമെന്നും രജിസ്ട്രാർ സർട്ടിഫൈചെയ്യുന്നതായാൽ ആ പ്രകാരമുള്ള ആളുകളെയും പ്രവേശിപ്പിക്കുന്നതിനു ഞങ്ങൾക്കു വിരോധമില്ല. ചരിത്രം, ശാസ്ത്രീയവും പ്രായോഗികവും ആയ സഹകരണം, സഹകരണ ധനവ്യാപാരം, ആഡിററ്, കണക്കെഴുത്തു, ബുക്കുകീപ്പിംഗ്, സഹകരണനിയമം, സാമ്പത്തികവും ഗ്രാമീണവും ആയുള്ള ധനശാസ്ത്രങ്ങൾ, ഗ്രാമോദ്ധാരണം, പൌരജീവിതം എന്നീ വിഷയങ്ങളിൽ അഭ്യസനം നൽകേണ്ടതാണ്. പരിശീലനത്തിൻെറ ദൈർഘ്യം ൯ മാസവും ഫീസു നൂറു രൂപയും ആയിരിക്കണം. കാളേജുപ്രൊഫസർമാർ, ഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാർ അനൌദ്യോഗസ്ഥസഹകരണ നേതാക്കന്മാർ എന്നിവരുടെ വിശ്രമാവസരസേവനങ്ങൾ സെൻട്രൽ സ്കൂൾ പ്രയോജനകരമായി ഉപയോഗിക്കാവുന്നതാണ്. തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിട്യൂട്ട് പ്രസിഡൻറ, മഹാരാജാസ് ആർട്ട്സ് കാളേജിലെ ധനശാസ്ത്ര പ്രൊഫസർ വിദ്യാഭ്യാസഡയറക്ടർ സഹകരണ സംഘംരജിസ്ട്രാർ എന്നിവരടങ്ങിയ ഒരു ബോർഡു ഈ വിഷയങ്ങളിൽ പരീക്ഷകൾ നടത്തുകയും വിജയികളാകുന്ന വിദ്യാർത്ഥികൾക്കു ഒരു ഡിപ്ലോമാ സർട്ടിഫിക്കററു കൊടുക്കുകയും ചെയ്യേണ്ടതാകുന്നു. ഇപ്പോൾ രാജ്യത്തെ സാങ്കേതികവും വാണിജ്യപരവും ആയ പരീക്ഷകൾ മദ്രാസുഗവണ്മെൻറാണു നടത്തുന്നതെന്നും ഞങ്ങൾ അറിയുന്നു. ഈ പരീക്ഷകൾ ഇങ്ങോട്ടു ഏറെറടുക്കണമെന്നു തിരുവിതാംകൂർ ഗവണ്മെൻറു നിശ്ചയിച്ചു അതിലേക്കായി ഒരു സ്ഥാപനം ഏർപ്പെടുത്തുന്നസമയം തിരുവനന്തപുരം സെൻട്രൽ സഹകരണ വിദ്യാലയത്തിൽ പഠിപ്പിക്കുന്ന വിഷയങ്ങളും ആ സ്ഥാപനത്തെ ഏല്പിക്കാവുന്നതാണ്. ഗവണ്മെൻറുദ്യോഗസ്ഥന്മാർ ഈ ബോർഡിൽ അംഗങ്ങളായിരിക്കുന്നതിനു അനുവദിക്കണമെന്നു ഞങ്ങൾ ഈ അവസരത്തിൽ ഗവണ്മെൻറിനോടു അപേക്ഷിക്കയും ചെയ്യുന്നു.

സെൻട്രൽ സ്കൂളിനെ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്കു മാററുക.

൧. പണമില്ലായ്മയാകുന്ന കാരണത്താൽ ഇൻസ്റ്റിട്യൂട്ട് ഈ സംഗതിവളരെ ദീർഘിപ്പിക്കാമെന്നല്ലതിനാൽ ഞങ്ങൾ ഗാഢമായി ആലോചിച്ചു പറയുന്നതു് സെൻട്രൽ സഹകരണ വിദ്യാലയം രജിസ്ട്രാർതന്നെ നടത്തണമെന്നാണ്. ഫീസുവരവു നീക്കി ആണ്ടിൽ ൪,൫൦൦ രൂപയിൽ കവിഞ്ഞു ഗവണ്മെൻറിൽനിന്നും ചിലവാക്കേണ്ടി വരുന്നതല്ല. മൂന്നുവർഷത്തിനുശേഷം ഈ സെൻട്രൽ സഹകരണപരിശീലനവിദ്യാലയം ഗവണ്മെൻറിൽ നിന്നും ൧൧൭-ാം നമ്പർ തിരുവിതാംകൂർ കോഓപ്പറേറ്റിവ് ഇൻസ്റ്റിട്യൂട്ടിനു വിട്ടുകൊടുക്കാവുന്നതാണ്. മൂന്നുവർഷം കൊണ്ടു ഇൻസ്പെക്ടറന്മാർക്കെല്ലാം ശരിയായ പരിശീലനം ലഭിക്കത്തക്കവണ്ണം ആണ്ടുതോറും അവരുടെ ഒരു നിശ്ചിത എണ്ണത്തെ വിദ്യാലയത്തിൽ പരിശീലനത്തിനായി രജിസ്ട്രാർ അയക്കേണ്ടതാണ്. ഈ പരിശീലനം സിദ്ധിച്ച ഇൻസ്പെക്ടറന്മാർക്ക മാത്രമേ ഉദ്യോഗക്കയററം നൽകപ്പെടാവൂ. പരിശീലനകാലത്തു ഈ ഇൻസ്പെക്ടറന്മാർക്ക പ്രായോഗികവിജ്ഞാനം നൽകുന്നതിനും ഡിപ്പാർ

ട്ടുമെൻറിൽ നിന്നും വ്യവസ്ഥ ചെയ്യേണ്ടതാണ്. ഈ സെൻട്രൽ സഹകരണ വിദ്യാലയം അതിലേക്ക പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരു അസിസ്റ്റൻറു രജിസ്ട്രാരുടെ ചുമതലയിൽ വയ്ക്കപ്പെടേണ്ടതാണ്. അയാൾ സൂപ്രണ്ടു എന്നു വിളിക്കപ്പെടേണ്ടതും സഹകരണ വിഷയങ്ങൾ വിദ്യാലയത്തിൽ പഠിപ്പിക്കുന്നതിനു വേണ്ടതായ പരിചയവും സമഗ്രമായവിജ്ഞാനവും സിദ്ധിച്ചിട്ടുള്ള ആളായിരിക്കേണ്ടതും ആകുന്നു. തിരുവനന്തപുരം വിട്ടു രാജ്യത്തിനകത്തുമററു സ്ഥലങ്ങളിലും പോയിപഠിക്കുന്നതിനു വിദ്യാർത്ഥികൾക്കു സൌകര്യവും ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.

പര്യടനവിദ്യാലയങ്ങളും ക്ലാസുകളും.

വ. മദ്രാസ് പ്രസിഡൻസിയിൽ മേൽപറഞ്ഞ വിധമുള്ള പര്യടന ക്ലാസുകളിലെ പാഠപദ്ധതികളോടുകൂടി മൂന്നുമാസക്കാലം തുടരുന്നതായ ഒരു പര്യടനവിദ്യാശാല താഴ്ന്നതരം സൂപ്പർവൈസരന്മാരുടെയും ബാങ്കുജീവനക്കാരുടെയും ആണററി ആർഗനൈസർമാരുടെയും ആവശ്യത്തിലേക്കായി എത്രയുംവേഗം ഇൻസ്റ്റിററ്യൂട്ട് തുടങ്ങേണ്ടതാണ്. തിരുവിതാംകൂറിലെ പര്യടനവിദ്യാലയം കൂടെചേർന്നു വഹിക്കുന്നവർ സംഘം സെക്രട്ടറിമാരുടെ വിജ്ഞാനാഭിവൃദ്ധിക്കായി രണ്ടാഴ്ചക്കാലം വീതം നിലനിൽക്കുന്ന സായാഹ്നക്ലാസുകൾ കൂടി നടത്തേണ്ടതാണ്. സംഘം പ്രസിഡൻറന്മാർക്കും കമ്മിററിമെമ്പറന്മാർക്കും വേണ്ടി ഹ്രസ്വകാലത്തേക്കുള്ള അന്വയോജ്യ പാഠപദ്ധതികളും അവർ നടപ്പാക്കേണ്ടതാണ്. പര്യടനവിദ്യാലയത്തിലെ അദ്ധ്യയനത്തിനു ൨൦ രൂപ വീതം ഫീസു ഇൻസ്റ്റിററ്യൂട്ട് ചുമത്തേണ്ടതും, ക്ലാസിൻെറ ചിലവിൽ നാലിലൊരു ഭാഗം ചിലവാക്കാൻ തയ്യാറാകേണ്ടതും ആണ്. നാലിലൊന്നു ചിലവു ഐക്യസംഘങ്ങളും നാലിലൊന്നു ധനസഹായസംഘവും നാലിലൊന്നു വിദ്യാർത്ഥികളും ചെലവുചെയ്യേണ്ടതാണ്. ഇപ്രകാരം മൂന്നുമാസത്തേക്കുള്ള പരിശീലനത്തിനു ൭൦ രൂപയിൽ കവിഞ്ഞു ചിലവുണ്ടാകയില്ലെന്നു കണക്കാക്കിയിരിക്കുന്നതും കഴിവുള്ളിടത്തോളം ബി. ഏ. ക്കാരെയോ നല്ലവണ്ണം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സ്ത്രീപുരുഷന്മാരെയോ മാത്രം ചേർക്കാൻ പാടുള്ളതും ആകുന്നു. രണ്ടാഴ്ചക്കാലത്തേക്കു പുറമെ നടത്തപ്പെടുന്ന സായാഹ്നപാഠപദ്ധതി, ജോലിചെയ്തു കൊണ്ടിരിക്കുന്നവരുടെ ആവശ്യത്തിലേക്കു നടത്തപ്പെടേണ്ടതാണ്. രണ്ടു രൂപവീതമുള്ള ഒരു ചെറിയ ഫീസു ഈടാക്കാവുന്നതും ഇൻസ്റ്റിററ്യൂട്ടും സംഘങ്ങളും വിദ്യാർത്ഥികളുമായി ചിലവു നടത്തേണ്ടതുമാണ്. ലിഖിതമായോ പ്രയോഗരൂപേണയോ നടത്തപ്പെടുന്ന പരീക്ഷയുടെ അവസാനത്തിൽ അതു ജയിക്കുന്നവർക്കു ഏതു വിഷയത്തിൽ ജയിച്ചു എന്നു കാണിച്ചു ഒരു സർട്ടിഫിക്കററു കൊടുക്കയും ചെയ്യേണ്ടതാണ്. ഇപ്രകാരം സർട്ടിഫിക്കററുകൾ ലഭിച്ചിട്ടുള്ളവരെ സംഘങ്ങളും ബാങ്കുകളും നിയമിക്കേണ്ടതാണ്. ഈ പദ്ധതികൾ സംഘം ഐക്യസംഘങ്ങളുടെയും ഡിപ്പാർട്ടുമെൻറു ഇൻസ്പെക്ടർമാരുടെയും സഹായത്തോടുകൂടി നടത്തപ്പെടേണ്ടതാണ്. പൊതുജനങ്ങൾക്കും കാളേജുകളിലും ഹൈസ്കൂളുകളിലും ഉള്ള സ്ത്രീപുരുഷ വിദ്യാർത്ഥികൾക്കും വേണ്ടി തിരുവനന്തപുരത്തും മററു വിദ്യാഭ്യാസകേന്ദ്രങ്ങളിലും പ്രസംഗപരമ്പരകൾ നടത്തപ്പെടണമെന്നും ഞങ്ങൾ ശുപാർശചെയ്യുന്നു. കുറഞ്ഞപക്ഷം മൂന്നു വർഷക്കാലത്തേക്കു ഈ പ്രസംഗങ്ങൾക്കുണ്ടാകുന്ന ചിലവു സമമായി ഗവർമ്മെൻറും ഇൻസ്റ്റിററ്യൂട്ടുംകൂടി വഹിക്കേണ്ടതാണ്. ഈ വലിയ പ്രസ്ഥാനത്തിൻെറ പ്രാഥമിക സിദ്ധാന്തങ്ങൾ ചെറുബാലന്മാരെയും ബാലികകളെയും പഠിപ്പിക്കുന്നതുകൊണ്ടു ശരിയായ സഹകരണതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനു സാദ്ധ്യമാകുന്നതാണ്. ഗവർമ്മെൻറു ഭരണത്തിലുള്ള കാളേജുകളിലെയും പാഠശാലകളിലെയും പാഠപദ്ധതികളിൽ അന്വയോജ്യങ്ങളായ പദ്ധതികൾ ചേർക്കപ്പെടണമെന്നു ഞങ്ങൾ വിചാരിക്കുന്നു. സ്കൂളുകളും ക്ലാസുകളും നടത്തുന്നതിനെപ്പററിയും പരീക്ഷകൾ നടത്തി സർട്ടിഫിക്കററുകൾ കൊടുക്കുന്നതിനെപ്പററിയും ഇൻസ്റ്റിററ്യൂട്ട് രജിസ്ട്രാറും ആയി ആലോചിച്ചു ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്. സൂപ്പർവൈസരന്മാർക്കും സെക്രട്ടറിമാർക്കും ഈ പരിശീലനങ്ങൾ സിദ്ധിക്കുന്നതിനു സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ സംഘങ്ങളെയും ഐക്യസംഘങ്ങളെയും ഡിപ്പാർട്ടുമെൻറു

ന്റെ ബന്ധമില്ലാത്തതാണ്. ഒരു സംഘത്തെ 'A 1' എന്ന ക്ലാസിൽ ചേർക്കപ്പെടുന്നതു സംഘത്തിന്റെ ഭരണത്തിൽ ഒരു സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ആരും നിയമിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതാണ്. ഓഡിറ്റു സംഘങ്ങൾക്ക് ഗ്രാന്റുകൊടുക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് അവ ഫീസ് ഏർപ്പെടുത്തുന്നതിന്റെ സെക്രട്ടറിമാരുടെയും പേരിൽ ചുമത്തുകയും പതിവു ണ്ടായിരുന്നതാണ്.

പ്രചരണം.

൬൪. ഇതുപോലെ ഒരു നിശ്ചിതപരിപാടിയനുസരിച്ചു ഊർജ്ജിതമായ പ്രചരണ ജോലി ഇൻസ്റ്റിറ്റ്യൂട്ടും ഐക്യസംഘങ്ങളും നടത്തേണ്ടതാണ്. ഈ സ്ഥാപനങ്ങൾ മുഖ്യപ്രവൃത്തിയായിത്തന്നെ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർ കഴിയുന്നത്ര സഹായിക്കേണ്ടതാണ്. ഒരു പ്രത്യേക പ്രചരണ ഉദ്യോഗസ്ഥനെ പ്രത്യേകമായി നിയമിക്കേണ്ടതുണ്ടോ എന്നുള്ളതു ഈ സാമഗ്രികളുടെ സഹായത്തോടുകൂടി സാംഗ്ലിയിൽ മി: ഗോഹനും ബീഹാർ ഒറീസ്സാ ഗവണ്മെന്റും ചെയ്യുന്നതുപോലെ ഒരു പ്രചരണമോട്ടോർ ഏർപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രചാരണവിഭാഗമായ ഒരു ഉദ്യോഗസ്ഥന്റെ ചുമതലയിൽ സഞ്ചരിപ്പിച്ചു ഗ്രാമീണർക്ക് സഹകരണതത്വങ്ങൾ പ്രത്യക്ഷമായി കാണിച്ചു കൊടുക്കണമെന്നും ഞങ്ങൾ നിർദ്ദേശിക്കുന്നു. മായാജാലചിത്രങ്ങൾ, കഥകൾ, പടങ്ങൾ എന്നിവയോടുകൂടിയ പ്രസംഗങ്ങൾ വഴി പ്രചരണോദ്യോഗസ്ഥൻ സഹകരണം പ്രചാരപ്പെടുത്തേണ്ടതാണ്. ലഘുലേഖകൾ എഴുതിച്ചേർത്തു നാടകങ്ങളും എഴുതിപ്രചരിപ്പിക്കണം. സ്വതന്ത്ര ഗ്രന്ഥങ്ങൾ, ഇംഗ്ലീഷിൽ ഈ വിഷയത്തിൽ വിദഗ്ദ്ധന്മാരായിട്ടുള്ളവരുടെ പുസ്തകങ്ങളെ തർജ്ജിമ ചെയ്യുകയും മാസികകളും വിതരണം ചെയ്യാനും വിശദീകരണവും പ്രാപ്തിയും ഉള്ള ആളുകളെ പരിചയിച്ചു സഹകരണത്തിനും ആരോഗ്യകരമായി വളരുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധിക്കേണ്ടതാണ്. പ്രചരണോദ്ദേശ്യത്തിനുള്ള ഒന്നാംതരം പുസ്തകങ്ങൾക്കും നാടകങ്ങൾക്കും ഇൻസ്റ്റിറ്റ്യൂട്ട് നല്ല സമ്മാനങ്ങൾ കൊടുക്കണം. ബറോഡാ, മൈസൂർ ഈ രാജ്യങ്ങളിലും ചില ഇൻഡ്യൻ പ്രവിശ്യകളിലും ചെയ്യുന്നതുപോലെ നല്ല സംഘങ്ങൾക്ക് ബഹുമാനങ്ങളും സ്ഥാനങ്ങളും യോഗ്യതാ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും കീർത്തിമുദ്രകളും കൊടുത്തു അനൌദ്യോഗസ്ഥജോലികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

അനൌദ്യോഗസ്ഥ സ്ഥാപകന്മാർ.

൬൫. സ്ത്രീകളെയും പുരുഷന്മാരെയും ആണററി ആർഗനൈസർമാരായി നിയമിക്കുന്ന രീതി പുലരുമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. പ്രസ്ഥാനത്തിലുള്ള അനൌദ്യോഗസ്ഥപ്രവർത്തകന്മാരെ ആണററി ആർഗനൈസർ എന്ന പേരിൽ ബാംബെയിലും ആണററി അസിസ്റ്റന്റു രജിസ്ട്രാറന്മാർ എന്ന പേരിൽ മദ്രാസിലും നിയമിച്ചു അവരുടെ ബുദ്ധിമുട്ടുകൾക്കു വേണ്ടി ചെലവു ചെയ്യുന്ന തുകകൾ അലവൻസായി കൊടുത്തു അവരുടെ അന്തസ്സിനെ സമ്പാദിക്കുന്ന രീതി ഇൻഡ്യയിൽ പലയിടങ്ങളിലും വിജയപ്രദമായി സ്വീകരിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥന്മാർ പ്രസ്ഥാനത്തിനു വിലയേറിയ സേവനം ചെയ്തിട്ടുള്ളതും അവരെ നിയമിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം അവർ ഡിപ്പാർട്ടുമെന്റിനു അമൂല്യസഹായികളായിരുന്നു തെളിയിച്ചിട്ടുള്ളതും ആകുന്നു. അതിനാൽ ഈ അലവൻസുകൾ കൊടുക്കുന്നതിനു ഗവണ്മെന്റു ഒരു ഉദാരമായ ഗ്രാന്റു കൊടുക്കണമെന്നും ഇൻസ്റ്റിറ്റ്യൂട്ട് ഭരണയോഗത്തിന്റെ നിർദ്ദേശങ്ങൾ പ്രകാരം രജിസ്ട്രാർ മുഖേന ഗവണ്മെന്റു അംഗീകരിച്ചു ഈ ഉദ്യോഗസ്ഥന്മാരുടെ നിയമനം ആവർത്തിച്ചു പ്രസ്ഥാനത്തെ സഹായിക്കേണ്ടതാണെന്നും ഞങ്ങൾ വിചാരിക്കുന്നു.

ഇൻസ്റ്റിറ്റ്യൂട്ടും കാൺഫറൻസുകളും.

൬൬. ഇപ്പോൾ സാധാരണയായി ഇൻസ്റ്റിറ്റ്യൂട്ട് വിളിച്ചുകൂട്ടുന്നതായ അനൌപചാരികസമ്മേളനങ്ങൾ ഒരു നിശ്ചിതപരിപാടിയനുസരിച്ചു വ്യവസ്ഥിതമാക്കേണ്ടതാണ്.

കാൺഫറൻസുകാര്യങ്ങളിൽ ചുമതലയോടുകൂടിയ ഒരു സബ്കമ്മിററി ഉണ്ടായിരിക്കേണ്ടതും ഓരോ വർഷവും താലൂക്കും ഡിവിഷനും കാൺഫറൻസുകൾക്കും മൂന്നുവർഷത്തിലൊരിക്കൽ സംസ്ഥാനികസമ്മേളനങ്ങൾക്കും പ്രോഗ്രാം തയ്യാറാക്കേണ്ടതു അതിന്റെ ജോലിയായിരിക്കേണ്ടതും ആകുന്നു. ബോംബെ പ്രോവിൻഷ്യൽ ഇൻസ്റ്റിററ്യൂട്ടു രൂപീകരിച്ചിട്ടുള്ള ചട്ടങ്ങൾ ഇതിലേക്കു പ്രയോജകീഭവിക്കുന്നതാണ്. ഇൻസ്റ്റിററ്യൂട്ടിന്റെ സാധാരണ ജോലികൾക്കായി ഗവണ്മെന്റിൽനിന്നും ലഭിക്കുന്ന ഗ്രാന്റിൽ ഒരു ഭാഗം പ്രത്യേകം മാററിവച്ചു നിശ്ചിതകാലങ്ങളിൽ ഈ സമ്മേളനങ്ങൾ വിളിച്ചു കൂട്ടുന്നതിനായി പ്രാദേശിക സമിതികൾ, ഐക്യസംഘങ്ങൾ പ്രവർത്തകന്മാർ ആണററി ആർഗനൈസർമാർ എന്നിവരെ സഹായിക്കുന്നതിലേക്കു വിനിയോഗിക്കേണ്ടതാകുന്നു. സ്ഥലത്തെ പിരിവിന്റെയും സംഘങ്ങളിൽ നിന്നുള്ള സംഭാവനകൾ സന്ദർശകഫീസുകൾ എന്നിവയുടെയും ഒരു നിശ്ചിതമായ തോതിൽ ഇൻസ്റ്റിററ്യൂട്ടു ഗ്രാന്റുകൾ കൊടുക്കേണ്ടതാണ്. ഇൻഡ്യയുടെ മററു ഭാഗങ്ങളിൽ നടക്കുന്ന പ്രൊവിൻഷ്യൽ കാൺഫറൻസുകളിൽ സംബന്ധിക്കുന്നതിനായി ഏതാനും ഉദ്യോഗസ്ഥന്മാരെ ഇൻസ്റ്റിററ്യൂട്ട് അതിന്റെ ചിലവിനു നിയോഗിക്കുന്നതും നന്നായിരിക്കുന്നതാണ്. കാൺഫറൻസുകളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനു അതിവിദഗ്ദ്ധന്മാരായ സഹകാരികളെ ക്ഷണിക്കുന്ന രീതി തുടരേണ്ടതുമാണ്.

മററു സ്ഥാപനങ്ങൾക്കു സഹായം.

൫൨. പ്രബോധനക്ലാസുകൾ നടത്തുക, പ്രയോജനകരങ്ങളായ സഹകരണസാഹിത്യങ്ങൾ നിർമ്മിക്കുക മുതലായി തത്തുല്യങ്ങളായ ജോലികൾ ചെയ്യുന്നതായി രാജ്യത്തുള്ള ഇതര സ്ഥാപനങ്ങളോ സമിതികളോ ആവശ്യപ്പെടുന്നപക്ഷം ഇൻസ്റ്റിററ്യൂട്ടു എന്തെങ്കിലും ധനസഹായം ചെയ്തു കൊടുക്കേണ്ടതാണ്. തക്കതായ സ്ഥാപനങ്ങൾക്കു ഗ്രന്ഥശാലകൾ നിശാപാഠശാലകൾ ഇത്യാദി നടത്തുന്നതിനും ഇൻസ്റ്റിററ്യൂട്ടു ഗ്രാന്റുകൾ നൽകേണ്ടതാണ്. ഇൻസ്റ്റിററ്യൂട്ട് നടത്തുന്ന മലയാളം സഹകരണമാസിക കൂടുതൽ പ്രയോജനവും പ്രചരണവും ഉള്ളതാക്കി തീർക്കണം. അതിൽ ൫൦൦ പ്രതികൾ പ്രതിഒന്നിനു ഒരു രൂപ വിലവച്ചു ഗവണ്മെന്റ് എടുക്കേണ്ടതും അവ രാജ്യത്തെ പല വിദ്യാലയങ്ങൾക്കും വായനശാലകൾക്കും വിതരണം ചെയ്യേണ്ടതുമാണ്.

ഉദാരമായ ഗവണ്മെന്റു സഹായം.

൫൩. തിരുവിതാംകൂർ സഹകരണഇൻസ്റ്റിററ്യൂട്ടു ക്ലിപ്തം നമ്പർ ൧൧൧-ം അദ്ധ്യായം മുൻപറഞ്ഞ ഇനങ്ങളിൽ പിരിച്ചെടുക്കുന്ന തുകയോടൊപ്പമായ ഒരു ഉദാരധനസഹായം ഗവണ്മെന്റു ചെയ്തു കൊടുക്കേണ്ടതാണ്. രൂപീകരണം പ്രചരണം പ്രബോധനം മേലന്വേഷണം പരിശീലനം എന്നിവയ്ക്കുള്ള അനൗദ്യോഗിക ഏജൻസികളുടെ കേന്ദ്രസ്ഥാപനമായ ഇൻസ്റ്റിററ്യൂട്ടിനു ഗവണ്മെന്റു ചെയ്യേണ്ട ധനസഹായം ബാംബെയിൽ അടുത്ത കാലം വരെ നടപ്പിലിരുന്ന വിധം ഒരു രൂപയ്ക്കു ഒരു രൂപ എന്ന ക്രമത്തിനുള്ളതായിരിക്കണം. ഇന്നും ഈ സാമ്പത്തികവിഷമതകൾ ഇരുന്നിട്ടും ബാംബേ ഗവണ്മെന്റു പ്രവിൻഷ്യൽ ഇൻസ്റ്റിററ്യൂട്ടിനു പ്രതിവർഷം ൨൫,൦൦൦ രൂപ ഗ്രാന്റു കൊടുത്തുവരുന്നതും എന്നാൽ അതു രൂപയ്ക്കു രൂപ എന്ന ക്രമത്തിനു ഇരട്ടിയാകുമായിരുന്നതും ആണ്.

അദ്ധ്യായം ൨൪.

പരിശോധന, മേലന്വേഷണം—ആഡിററ്.

എ. പരിശോധനയുടെ നിർവചനം.

പരിശോധനയും മേലന്വേഷണവും തമ്മിൽ ടൌൺസെൻഡു കമ്മിററി പറഞ്ഞിട്ടുള്ള വ്യത്യാസം ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അറിഞ്ഞിരിക്കേണ്ടതാണ്. എളുപ്പം അറിയുന്നതിലേക്ക ഞങ്ങൾ അതു താഴെ ഉദ്ധരിച്ചിരിക്കുന്നു.

"പരിശോധനയിൽ ഒരു സംഘത്തിന്റെ സാമ്പത്തികസ്ഥിതിയിലുള്ള ഒരു അന്വേഷണവും ഉൾപ്പെടുന്നതാണ്. ഇതു ധനസഹായം ചെയ്യുന്ന ബാങ്കുകൾക്കും അവകാശമുള്ളതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. വീണ്ടും പറയുന്ന പക്ഷം അതു ബാങ്കിന്റെ ചുമതലകളിൽ ഒന്നാണെന്നുകൂടി ഞങ്ങൾ നിർദ്ദേശിക്കുന്നു. മേലന്വേഷണത്തിൽ ദൈനംദിന ജോലികളിൽ നിരന്തരമായ ഭരണസഹായവും ധനവിഷയകമായുള്ള ഉപദേശവും പൊതുവേ വ്യാപാരസംബന്ധമായും സഹകരണവിഷയകമായും ഉള്ള നേതൃത്വവും അന്തർഭവിക്കുന്നതാണ്. സംഘങ്ങൾ തന്നത്താൻ ഏർപ്പെടുത്തിയിരിക്കുന്നതായ ഐക്യസംഘങ്ങൾ ഇതിലേക്ക ആദർശങ്ങളായ സ്ഥാപനങ്ങളാകുന്നു" സെൻട്രൽ ബാങ്കും താലൂക്കബാങ്കുകളും നിയമിച്ചിട്ടുള്ള ജീവനക്കാരെയും, അവരുടെ ചുമതലകൾ തൃപ്തികരമായി നിർവഹിക്കുന്നതിനു ആവശ്യമുള്ള ജീവനക്കാരെയുംപററി അതതു അദ്ധ്യായങ്ങളിൽ ഞങ്ങൾ നിരൂപണം ചെയ്തു അഭിപ്രായങ്ങൾ പറഞ്ഞിട്ടുള്ളതാണ്.

ഐക്യസംഘങ്ങളുടെ കൃത്യങ്ങൾ.

മേലന്വേഷണം.

൨. ഐക്യസംഘങ്ങളുടെ പ്രധാനജോലികൾ താഴെപ്പറയുന്നവയാണ്:— (൧) നാൾവഴി ഏറടവു മുതലായ പുസ്തകങ്ങളിലെ എല്ലാ പതിവുകളും പരിശോധിക്കുക, വൌച്ചറുകൾ ഒത്തുനോക്കുക പലിശ കണക്കാക്കുന്നതു പരിശോധിക്കുക. (൨) വായ്പകൾ തക്കതായ ആവശ്യങ്ങൾക്കും മതിയായ ജാമ്യത്തിലും ശരിയായ ആളിനു തന്നെ കൊടുക്കുകയും വായ്പക്കാരന്റെ ശക്തിയും സൌകര്യവും അനുസരിച്ചു തിരിച്ചു അടയ്ക്കാനുള്ള കാലാവധി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ടോ എന്നു ശോധനചെയ്ക. (൩) പണം തിരികെ അടയ്ക്കുന്ന രീതി പരിശോധിച്ചു ചിലവെഴുതി വരവു വയ്ക്കുന്ന സമ്പ്രദായം ഇല്ലെന്നു ബോദ്ധ്യപ്പെടുക. (൪) കാലാവധികൾ ആവശ്യമെന്നു കണ്ടാൽ മാത്രം നീട്ടി കൊടുക്കുന്നുവോ എന്നു നോക്കുക. (൫) അന്യപേരിൽ കടം എടുത്തോ മററോ കമ്മിററിക്കാർ അവരുടെ സ്വാധീനതയെ ദുരുപയോഗപ്പെടുത്തുന്നുണ്ടോ എന്നു അന്വേഷിക്കുക. (൬) പൊതുയോഗങ്ങൾ യഥാകാലങ്ങളിൽ കൂടുന്നുണ്ടോ എന്നു നോക്കുക. (൭) ഉദ്യോഗസ്ഥന്മാരും അംഗങ്ങളും അവരവരുടെ അവകാശങ്ങളും ചുമതലകളും ശരിയായി മനസ്സിലാക്കുന്നുവോ എന്നും സംഘകാര്യങ്ങളിൽ താല്പര്യം കാട്ടുന്നുവോ എന്നും നോക്കുക. (൮) ആഡിററ് റിപ്പോർട്ടുകൾകൊണ്ടു അറിവായിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നുവോ എന്നു നോക്കുക. (൯) വാർഷികക്കണക്കുകൾ ആവശ്യമുള്ളപക്ഷം തയ്യാറാക്കുക, എന്നിവയാണ്.

അവയുടെ ആവിർഭാവം.

൩. മേല്പറഞ്ഞ ഉദ്ദേശങ്ങളോടുകൂടി ഒന്നാമത്തെ പരിവീക്ഷണഐക്യസംഘം ൧൦൯൭ (൧൯൨൨-൨൨)ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. സൂപ്പർവൈസറന്മാരുടെ ശമ്പളത്തിൽ ൭ ശതമാനം ഗവണ്മെന്റു കൊടുത്തു പ്രോത്സാഹിപ്പിക്കുക മൂലം അവയുടെ എണ്ണം ക്രമേണ വർദ്ധിച്ചു. ൧൧൦൨ (൧൯൨൬-൨൭) അവസാനത്തിൽ ൨൮ ഐക്യ

സംഘങ്ങൾ ഉണ്ടായിരുന്നതും അവയിൽ മൂന്നെണ്ണം സംഘടിതസംഘങ്ങൾക്ക ധനസഹായം കൂടി ചെയ്തുവന്നതും ആണ്. ഈ ഐക്യസംഘങ്ങളിൽ ചേർന്നിരുന്ന സംഘങ്ങളുടെ എണ്ണം എന്നുനമ്പ ആയിരുന്നു. ഐക്യസംഘങ്ങൾ ഇല്ലാതിരുന്ന താലൂക്കുകൾ ദേവികുളം, ചെങ്കോട്ട, തൊടുപുഴ, പീരുമേട്, ദേവികുളം ഇവ മാത്രമായിരുന്നു. ഒടുവിൽ പറഞ്ഞ രണ്ടു താലൂക്കുകളും ഹൈറേഞ്ച് ഡിവിഷനിൽ ഉൾപ്പെട്ടവയും രണ്ടിലും കൂടി മൂന്നുസംഘങ്ങൾ മാത്രം ഉള്ളതും ആകുന്നു. മറ്റെ മൂന്നു താലൂക്കുകളിലും, ഒരു ഐക്യത്തിൽ ഉൾപ്പെട്ടു കിടക്കുന്ന കൽക്കുളം ഒഴിവാക്കിയാൽ ഈ താലൂക്കുകളിലും ഭരണസൗകര്യം മൂലം സംഘങ്ങൾ അധികം രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നിട്ടില്ലായിരുന്നു എങ്കിൽ വളരെ മുമ്പു തന്നെ ഐക്യസംഘങ്ങൾ സ്ഥാപിക്കപ്പെട്ടുമായിരുന്നു. ഭരണവ്യവസ്ഥയുടെ ശരിയായ വികസനവും ആവശ്യമെന്ന സംഗതി മേൽചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ താലൂക്കുകളിൽ ധാരാളം സംഘങ്ങൾ ഏർപ്പെടുത്തുമ്പോൾ ഐക്യസംഘത്തിന്റെ അധീനത്തിൽ ഉൾപ്പെടാത്ത സ്ഥലങ്ങൾ ഒന്നും ഇല്ലാതെയാകുന്നതും ആകുന്നു.

സൂപ്പർവൈസർമാരുടെ നിയമനം.

൪. ഐക്യസംഘം രജിസ്റ്റർ ചെയ്തതിന്റെശേഷം കുറച്ചുകാലത്തേക്ക ഗവർമ്മെന്റ് അംഗങ്ങൾ തന്നെ ക്രമമായ മേലന്വേഷണജോലി ചെയ്തുവരികയും ഒരു സൂപ്പർവൈസറെ അതിലേക്ക നിയമിക്കുന്നതിനുള്ള ധനസ്ഥിതി ഉണ്ടാകുമ്പോൾ അങ്ങിനെ നിയമിക്കയും പതിവായിരുന്നു. ഈ വിധത്തിൽ ഇപ്പോൾ സ്വന്തം സൂപ്പർവൈസറില്ലാത്ത ഒരു ഐക്യസംഘവും ഇല്ലാത്തതും ഏകദേശം ആറു ഐക്യസംഘങ്ങൾക്ക ഗവർമ്മെന്റ് സൂപ്പർവൈസർമാർ ഉള്ളതും ആകുന്നു. ഈ ഐക്യസംഘങ്ങളിൽ ചിലവ അവയുടെ കൃത്യങ്ങൾ തൃപ്തികരമായി നിർവഹിക്കുന്നതും എന്നാൽ സൂപ്പർവൈസറന്മാരും കമ്മിറ്റിമെമ്പറന്മാരും മേലന്വേഷണജോലി ചെയ്തുകൊണ്ടിരുന്നിട്ടും അധികം ഐക്യസംഘങ്ങളിലെയും പ്രവൃത്തനരീതി സ്പൃഹണീയമായ തോതിൽ കുറഞ്ഞിരിക്കുന്നതും ആകുന്നു.

ധനക്കുറവ്.

൫. മിക്ക ഐക്യസംഘങ്ങളിലെയും അതൃപ്തികരമായ ഭരണാവസ്ഥയ്ക്കു ഒരു കാരണം അവയ്ക്കു സൂപ്പർവിഷൻഫണ്ടു പിരിക്കുന്നതിലുള്ള അശക്തതയാണ്. സൂപ്പർവിഷൻഫണ്ടിൽ ൧൦൦/ത്തിൽ കൂടുതൽ കുടിശ്ശികയായിരിക്കുന്നതും അതുകാരണം സൂപ്പർവൈസറന്മാരുടെയും ഗുമസ്ഥാക്കളുടെയും ശമ്പളവും പടിയും പലപ്പോൾ ആറുമാസത്തിന്മേൽ കുടിശ്ശികയായി വരുന്നതും ആണ്. ആറുമാസവും ഇതിലും സിൽബന്തികൾക്ക ശമ്പളംകൊടുക്കാതെയിരുന്നാൽ ഐക്യസംഘത്തിനു അവരിൽനിന്നു തൃപ്തികരമായ കർത്തവ്യനിർവഹണം പ്രതീക്ഷിക്കാവുന്നതല്ലല്ലോ. ഇത്ര വളരെ സൂപ്പർവിഷൻഫണ്ടു കുടിശ്ശികയായി കിടക്കാനുള്ള കാരണം എന്താണെന്നു വിശദമാകുന്നില്ല.

ധനവാന്റെ സഹോദരധർമ്മം.

൬. സംഘങ്ങൾക്ക ഐക്യസംഘത്തിൽനിന്നും അല്പമോ ഒട്ടുംതന്നെയോ സഹായം ലഭിക്കായ്കകാരണം അവ സൂപ്പർവിഷൻഫണ്ട് കൊടുക്കുന്നതിനു വൈമനസ്യം കാട്ടുന്നതായി ഉദാഹരണങ്ങളുണ്ട്. ഈ സംഘങ്ങൾ ഒരു സങ്കുചിതവും സ്വാർത്ഥപരവുമായ മനോഭാവം ഈ വിഷയത്തിൽ കാണിക്കുന്നു എന്നു അവയെ മനസ്സിലാക്കേണ്ടതാണ്. തങ്ങൾക്കുള്ള പ്രയോജനങ്ങളെ ഗണിക്കാതെ നിർദ്ധനരായ സഹോദരന്മാരെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ധനവാന്മാർ സംഘങ്ങളിൽ ചേരുന്നതുപോലെ, സ്വത്തുകുറഞ്ഞ സംഘങ്ങൾക്ക കൂടുതൽ സഹായകരമായിട്ടുള്ള മേലന്വേഷണജോലികൾക്കായി ധനസ്ഥിതികൂടിയതും കുറഞ്ഞതും ആയ സംഘങ്ങൾ ഒരുമിച്ചുചേരേണ്ടതാണ്. ഒരു നല്ല സംഘം ഐക്യസംഘത്തിന്റെ മേലന്വേഷണസഹായങ്ങൾ ലഭിക്കുന്നില്ല എന്ന കാരണത്താൽ സൂപ്പർവിഷൻഫണ്ടു കൊടുക്കാതിരിക്കുന്നതു് ഒട്ടും ശരിയല്ല.

ഡിപ്പാർട്ടുമെൻറിൻെറ സഹായവും ശ്രദ്ധയും.

൯. സംഘങ്ങളിൽനിന്നും സൂപ്പർവിഷൻഫണ്ടു പിരിക്കുന്നവിഷയത്തിൽ ഡിപ്പാർട്ടുമെൻറ ഐക്യസംഘങ്ങളെ പ്രവൃത്തിരൂപേണ സഹായിക്കേണ്ടതും സൂപ്പർവിഷൻ ഫണ്ടു കുടിശ്ശികയുള്ള ഒരു സംഘത്തിൻെറ മേൽ ഐക്യസംഘം കൊണ്ടുവരുന്ന പരാതി തീർപ്പുചെയ്യാൻ ഒട്ടും സംശയിച്ചുകൂടാത്തതും ആണ്. സംഘങ്ങളുടെ സ്ഥിതിയും നടത്തിപ്പും കണക്കാക്കുന്നതിനായി ആഡിററന്മാർ ഉള്ള ക്ലാസുകൾ തിരിക്കുന്നേരം യൂണിയനുകളെ സൂപ്പർവിഷൻഫണ്ട് കൊടുക്കാത്ത ഒരു സംഘത്തെ ഏതു ക്ലാസിൽ ഉൾപ്പെടുത്തണമെന്നു അവർ തീരുമാനിക്കപ്പെടുന്നു. ഇങ്ങനെ ക്ലാസ്സിഫിക്കേഷനും ശിക്ഷണവും സാമ്പത്തികസ്ഥൈര്യവും സംഘാംഗങ്ങൾക്കുള്ള ഉത്തരവാദിത്വവും ഉണ്ടാക്കുന്നതാണ്. ക്ഷതൽധനവും സൂപ്പർവിഷൻഫണ്ടും അടച്ചില്ലെങ്കിൽ അംഗങ്ങൾക്ക ലാഭവീതമൊ ഡിവിഡൻറൊ ബോണസ്സോ കൊടുത്തുകൂടാ എന്ന വ്യവസ്ഥ ചെയ്യണമെന്നും ഞങ്ങൾ ശുപാർശചെയ്യുന്നു. കൂടാതെ ഡെലിഗേഷൻ ഫീസും സൂപ്പർവിഷൻഫണ്ടും അടയ്ക്കാത്ത അംഗങ്ങൾ ഐക്യസംഘത്തിലേക്ക പ്രതിനിധികളെ അയയ്ക്കുന്ന അനാശാസ്യനടപടിയും ഉടൻതന്നെ നിറുത്തപ്പെടേണ്ടതാണ്. അതിനുംപുറമെ സംഘത്തിലേക്ക നേരിട്ടുള്ള വായ്പയിലൊ ജാമ്യംനിന്നിട്ടുള്ള വായ്പയിലൊ കുടിശ്ശികയുണ്ടായിരിക്കുന്ന ആളെ ഐക്യസംഘപ്രതിനിധിയായി അയച്ചുകൂടാത്തതുമാണ്.

സൂപ്പർവൈസരും അയാൾക്കുണ്ടായിരിക്കേണ്ട യോഗ്യതകളും.

൧൦. തിരുവിതാംകൂറിൽ സൂപ്പർവൈസറന്മാരെ നിയമിക്കുന്ന വിഷയത്തിൽ എന്തെങ്കിലും നിശ്ചിതനിയമം ഉള്ളതായി കാണുന്നില്ല. ജോലിക്ക പ്രാപ്തിയുണ്ടായിട്ടില്ല, യൂണിയനുകൾ താല്പര്യമുള്ളതുകൊണ്ടുമാത്രം ഒരാളെ അവർ നിശ്ചയിച്ചു പരിശീലനം നൽകുന്നതിന് രജിസ്ത്രാരോടു ആവശ്യപ്പെടുകയാണ് പതിവ്. രജിസ്ത്രാർ എല്ലായ്പോഴും അതു അനുവദിക്കയും നിശ്ചയിച്ച ആൾ മൂന്നുമാസം അദ്ദേഹത്തിൻെറ ആഫീസിൽ ഇരുന്നു ജോലിപഠിക്കുന്നതിനു അനുവദിക്കയും ചെയ്യുന്നു. ഈ കാലത്തു അയാൾ മദ്ധ്യസ്ഥതീരുമാനം, ഇടപാടുതീർപ്പ്, അക്കൌണ്ടുരജിസ്ത്രേഷൻ ഈ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരോടൊന്നിച്ചു ജോലിചെയ്യാൻ നിയുക്തനാകുന്നു. ഈ കാലാവധിക്കുശേഷം അയാൾക്ക ഈ വിഷയങ്ങളിൽ സിദ്ധിച്ചിട്ടുള്ള പരിജ്ഞാനം രജിസ്ത്രാർ പരിശോധിച്ചു ജോലിസ്ഥലത്തേക്കയക്കപ്പെടുകയും അവിടെയുള്ള ഇൻസ്പെക്ടരോടുകൂടി ഒരുമാസം ആഡിററുജോലി പരിചയിക്കാൻ ആജ്ഞാപിക്കപ്പെടുകയും ചെയ്യുന്നു. ആഡിററിനുള്ള പ്രാപ്തിയെ സംബന്ധിച്ചു ഇൻസ്പെക്ടർ റിപ്പോർട്ടുചെയ്തശേഷം സൂപ്പർവൈസർ ജോലിക്കുള്ള ഒരു യോഗ്യതാസർട്ടിഫിക്കററ നൽകപ്പെടുന്നു. ആദ്യകാലങ്ങളിൽ ബി.എ.ക്കാർ മാത്രം തിരഞ്ഞെടുക്കപ്പെട്ടുവന്നു. അടുത്തകാലാന്തരത്തിൽ യാതൊരു പരീക്ഷായോഗ്യതയും ഇല്ലാത്തവരെക്കൂടി സൂപ്പർവൈസറന്മാരായി നിയമിച്ചുവരുന്നതും ആണ്. ഈ സൂപ്പർവൈസറന്മാരെ നിയമിക്കുന്നതിൽ അംഗീകരിച്ചിട്ടുള്ള നയത്തിൽ ഞങ്ങൾക്ക അശേഷം തൃപ്തിയില്ല. ഉപരി ശുപാർശചെയ്തിട്ടുള്ള തിരുവിതാംകൂർ കോവാപ്പറേറീവ് ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശീലനസർട്ടിഫിക്കററൊ മദ്രാസ് പ്രൊവിൻഷ്യൽ യൂണിയനിലെയൊ ടഞ്ചൂർ ഹെഡ് ഇൻസ്റ്റിട്ട്യൂട്ടിലെയൊ സർട്ടിഫിക്കററൊ ഉണ്ടായിരിക്കുകയൊ കോവാപ്പറേഷൻ, ബാങ്കിങ്ങ്, ബുക്ക്കീപ്പിങ്ങ് എന്നീ വിഷയങ്ങളിൽ മദ്രാസ് ഗവണ്മെൻറുടെക്നിക്കൽ പരീക്ഷായോഗ്യതയൊ ഉണ്ടായിരിക്കേണ്ടതു ഒരു സൂപ്പർവൈസരുടെ കുറഞ്ഞ യോഗ്യതയായിരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പരീക്ഷായോഗ്യതയുള്ള സൂപ്പർവൈസറന്മാരെ പലപ്പോഴും ഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ടറന്മാരായി എടുത്തിട്ടുള്ളതിനാൽ മേല്പറഞ്ഞ യോഗ്യതയോടുകൂടിയ ബി. എ.-ക്കാരെ മാത്രമെ മേലാൽ സൂപ്പർവൈസറന്മാരായി നിയ

മിക്കപ്പെടുകയുള്ളു എന്നു വ്യവസ്ഥചെയ്യാതിരിക്കുന്നതിന്നു ഞങ്ങൾ കാരണം കാണുന്നില്ല. ഇപ്പോൾ സർവീസിലിരിക്കുന്ന സൂപ്പർവൈസർമാർ മൂന്നുവർഷത്തിനകം നിശ്ചിതയോഗ്യതസമ്പാദിച്ചുകൊള്ളാൻ ആവശ്യപ്പെടേണ്ടതാണ്.

൨൫ സംഘങ്ങൾക്ക ഒരു സൂപ്പർവൈസർ.

൯. ഐക്യസംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന്നു ഓരോ സൂപ്പർവൈസറുടേയും അധീനത്തിൽ ഇപ്പോൾ ഉള്ള സംഘങ്ങളുടെ എണ്ണം വളരെ കൂടിപ്പോയി എന്നു ഞങ്ങൾ വിചാരിക്കുന്നു. ഉദാഹരണമായി ൮൦ സംഘമുള്ള തിരുവനന്തപുരം ഐക്യസംഘത്തിന്നു ഒരു സൂപ്പർവൈസറേയുള്ളു. ഒരു സൂപ്പർവൈസർക്ക ൨൫ സംഘങ്ങളിൽ അധികം കൊടുക്കരുതെന്നും മൂന്നുമാസത്തിലൊരിക്കൽ ഓരോ സൂപ്പർവൈസറും ഓരോസംഘവും മേൽനോട്ടത്തിലേക്കായി സന്ദർശിക്കുകയും ഐക്യസംഘത്തിലേക്കു റിപ്പോർട്ട് അയക്കുകയും ചെയ്യേണ്ടതാണെന്നും ആണു ഞങ്ങളുടെ അഭിപ്രായം. ഇൻസ്പെക്ടരെ അനുഗമിച്ചു സൂപ്പർവൈസരെ തുടർന്നു ഇൻസ്പെക്ടരും ഒരു സംഘം സന്ദർശിക്കാറുള്ളതായി ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. ഇതിന്നിടയാകാതെ ഇരിക്കേണ്ടതും ഐക്യസംഘങ്ങൾ ഡിപ്പാർട്ടുമെൻറ ഇൻസ്പെക്ടറന്മാരോടും ധനസഹായബാങ്കുകളോടും ആലോചിച്ചു സൂപ്പർവൈസരന്മാരുടെ സഞ്ചാരപരിപാടി തയ്യാറാക്കേണ്ടതും ആണ്. സൂപ്പർവൈസരന്മാരുടെ റിപ്പോർട്ടുകൾ നടപടികൾ ഒന്നുംകൂടാതെ പല ആഫീസുകളിലും ചില ഐക്യസംഘങ്ങളിൽ കെട്ടി വച്ചിരിക്കുന്നതു ഞങ്ങൾ കണ്ടിട്ടുണ്ട്. ഇതു ചീത്തയും മേലന്വേഷണോദ്ദേശങ്ങളെ വിഫലപ്പെടുത്തുന്നതും ആകുന്നു.

സൂപ്പർവൈസരുടെ റിപ്പോർട്ടുകൾ.

൧൦. സൂപ്പർവൈസരുടെ റിപ്പോർട്ടുകൾ അവയിന്മേൽ യൂണിയൻകമ്മററിയുടെ വിമർശനത്തോടുകൂടി സംഘസന്ദർശനത്തിനശേഷം ഒരുമാസത്തിനകം അതതുസംഘങ്ങൾക്കയച്ചുകൊടുക്കേണ്ടതും, സംഘടിതസംഘങ്ങളുടെ സ്ഥിതിയെ കാണിക്കുന്ന ഒരു ത്രൈമാസിക്കണക്ക നിശ്ചിതഫാറത്തിൽ ഐക്യസംഘം ഇൻസ്റ്റിട്യൂട്ടിലേക്കു അയക്കേണ്ടതും ആണ്. മാസത്തിലൊരിക്കൽ സൂപ്പർവൈസരന്മാരുടെ ഡയറികളും ഐക്യസംഘം കമ്മററിയുടെ റിമാർക്കുകളോടുകൂടി ഇൻസ്റ്റിട്യൂട്ടിലേക്കു അയച്ചുകൊടുക്കേണ്ടതാണ്. ഐക്യസംഘഭരണയോഗാംഗങ്ങൾ ഇപ്പോൾ ചെയ്യുന്ന മേലന്വേഷണജോലികൾ മേലാലും നടത്തപ്പെടേണ്ടതും രണ്ടുവർഷത്തിലൊരിക്കൽ ഐക്യസംഘത്തിലുള്ള ഓരോ സംഘവും അവർ സന്ദർശിച്ചിരിക്കേണ്ടതും ആകുന്നു. അവരുടെ സഞ്ചാരപ്പടിയെ സംബന്ധിച്ച ഞങ്ങൾക്കുള്ള അഭിപ്രായം ഇൻസ്റ്റിററ്യൂട്ട് രജിസ്ട്രാരും ആയി ആലോചിച്ചു എല്ലാ ഐക്യസംഘങ്ങൾക്കും തുല്യമായ ഒരു ക്രമം നിശ്ചയിക്കണമെന്നാണ്.

സൂപ്പർവൈസരന്മാരുടെ സേവനം മൂന്നുനാലുമാസക്കാലത്തേക്ക ഐക്യസംഘത്തിൻ നഷ്ടമാകുന്നു എന്ന കാരണത്തിന്മേൽ അവരെ ആഡിററുജോലിക്ക വിട്ടുകൊടുക്കുന്നതിന്നു രജിസ്ട്രാർ ആവശ്യപ്പെട്ടപ്പോൾ ഒന്നുരണ്ടു ഐക്യസംഘങ്ങൾ വിസമ്മതിച്ചിട്ടുള്ളതായി ഞങ്ങൾ അറിഞ്ഞിരിക്കുന്നു. ഐക്യസംഘങ്ങളുടെ ഈ മനോഭാവം ഞങ്ങൾ പൂർണ്ണമായി ബഹുമാനിക്കുന്നില്ലെങ്കിലും ആഡിററുജോലിക്ക സൂപ്പർവൈസരന്മാരെ രജിസ്ട്രാർ ആവശ്യപ്പെട്ടുകൂടാത്തതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. വിഷമകാലങ്ങളിൽ, ഞങ്ങൾ മററവിടെയോ പറഞ്ഞിട്ടുള്ളപ്രകാരം, മുൻകൂട്ടിയുള്ള ഗവർമ്മെൻറനുവാദത്തോടും ഐക്യസംഘത്തിൻെറയും, സാംസ്ഥാനീകരണം ഉണ്ടാകുന്നു എങ്കിൽ അന്നു ഇൻസ്റ്റിട്യൂട്ടിൻെറയും അനുമതിയോടുകൂടി അങ്ങിനെ ചെയ്യാവുന്നതാകുന്നു. സംഘങ്ങളെ സംബന്ധിച്ച വാർഷികറിപ്പോർട്ടിലേക്കു രജിസ്ട്രാർ ആവശ്യപ്പെടുന്ന കണക്കുകൾ ഏതായാലും ഐക്യസംഘങ്ങൾ തന്നെ കൊടുക്കേണ്ടതാകുന്നുവെന്നാണു ഞങ്ങളുടെ അഭിമതം.

ഐക്യസംഘങ്ങൾക്കു മുന്നറിവ്.

൧൧. ഞങ്ങൾ സന്ദർശിച്ചിട്ടുള്ള ചില ഐക്യസംഘങ്ങൾ വളരെ മോശമായി ജോലിചെയ്തുവരുന്നതും അവ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു എന്തെങ്കിലും പ്രയോജനം ഉണ്ടെന്നു ഞങ്ങൾക്കു തോന്നിയിട്ടില്ലാത്തതും ആണ്. പ്രവൃത്തനം നന്നാക്കുന്നതിനു വേണ്ടി ഒരു മുന്നറിവു കൊടുക്കേണ്ടതും അതിനുശേഷം അവ നന്നാകാത്തപക്ഷം ഇൻസ്റ്റിറ്റ്യൂട്ടുമായി ആലോചിച്ചു അവയെ റദ്ദ് ചെയ്യുവാൻ രജിസ്ത്രാർ നടപടി നടത്തേണ്ടതും ആകുന്നു.

ആഡിററ് അതിന്റെ ചരിത്രം.

൧൨. ൧൦൯൬-ലെ ൧൦-ാംനമ്പരായ തിരുവിതാംകൂർ സഹകരണനിയമം ൧൯൧൨-ലെ ൨-ാംനമ്പരായ ബ്രിട്ടീഷ് ഇൻഡ്യൻ നിയമത്തിന്റെ രീതിയിൽ സൃഷ്ടിക്കപ്പെട്ടതാണെങ്കിലും, ബിൽ നിയമസഭയിൽ ഇരുന്നിരുന്ന സമയത്തെ ചില ഭേദഗതികൾ യോജിപ്പിച്ചതനുസരിച്ച് ഏതാനും വകുപ്പുകളിൽ വളരെ സാരമായ ഭേദഗതികൾ ചെയ്തിട്ടുള്ളതും അതിൽ ഏററവും പ്രധാനമായിട്ടുള്ളതു ൧൭-ാംവകുപ്പിൽ "ഈ വകുപ്പിൻപ്രകാരം നടത്തുന്ന യാതൊരു പരിശോധനയെ സംബന്ധിച്ചും യാതൊരു ചിലവും വസൂലാക്കിക്കൂടാ" എന്നു കൂട്ടിച്ചേർത്തിട്ടുള്ളതും ആണ്. ബ്രിട്ടീഷ് ഇൻഡ്യൻനിയമത്തിലുള്ള ഈ വകുപ്പിൽ ആഡിററുഫീസിനെ സംബന്ധിച്ച ഒന്നും പ്രസ്താവിച്ചിട്ടില്ലാത്തതും, കണക്കുകൾ ആഡിററു ചെയ്യുന്നതിനു, വേണമെന്നു വിചാരിക്കുന്നപക്ഷം അതിലേക്കു ഫീസു ഈടാക്കുന്നതിനും ൪൩ (൨) (ഗ്) വകുപ്പിൽ പ്രാദേശിക ഗവണ്മെൻറുകൾക്കു അധികാരപ്പെടുത്തിയിട്ടുള്ളതും ആകുന്നു. ഈ വകുപ്പിൻപ്രകാരം ലഭിച്ചിട്ടുള്ള അധികാരം ഉപയോഗിച്ചു എല്ലാ ബ്രിട്ടീഷ് ഇൻഡ്യൻ പ്രാവിൻസുകളിലും ആഡിററുഫീസ് ചുമത്തുന്നതിനെപ്പററി ചട്ടങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ആഡിററുഫീസ് ഏർപ്പെടുത്തുക.

മററുപ്രവിശ്യകളിൽ ചുമത്തിവരുന്ന ഫീസ്.

൧൩. ഇപ്രകാരമുള്ള ആഡിററുഫീസ് ചില ബ്രിട്ടീഷ് ഇൻഡ്യൻ പ്രാവിൻസുകളിൽ ചുമത്തിവരുന്നതു മാത്രമല്ല, പഞ്ചാബിൽ ൭½ ശതമാനത്തിൽനിന്നും ൧൦ ശതമാനമാക്കിയതുപോലെ, വർദ്ധിപ്പിച്ചുവരുന്നും ഉണ്ട്. ബാംബെയിലും ഇപ്പോൾ നിരക്കു കൂട്ടിയിട്ടുണ്ട്. ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ള ഡിപ്പാർട്ടുമെന്റിന്റെ അധികച്ചിലവിലേക്കു ഉപയോഗിക്കത്തക്കതായ ധനാഗമമാർഗ്ഗങ്ങളിൽ ഒന്നിതാണ്. ബാംബെ ഗവണ്മെൻറ് ൧,൭൭,൫൦൦ രൂപ ഈ ഇനത്തിൽ ശേഖരിക്കയും അതു കെല്ലേം സിൽബന്തികളെ കുറയ്ക്കാതിരിക്കത്തക്കവണ്ണം ഇൻസ്റ്റിട്യൂട്ടിനുള്ള ൨൫,൦൦൦ രൂപ ഗ്രാൻറിൽ ഒരുഭാഗമെങ്കിലും കൊടുക്കുകയും ചെയ്തു. മററു സ്ഥലങ്ങളിലെ രീതിയുമായി ഏകദേശം യോജിച്ചു തിരുവിതാംകൂറിലും ഒരു ചെറിയ ആഡിററുഫീസ് ഏർപ്പെടുത്തുന്നതിനു സമയമായിട്ടില്ലയോ എന്ന സംഗതി ഞങ്ങൾ സശ്രദ്ധം ആലോചിക്കയും, ഏതാനും സംഘങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും അങ്ങനെ ചെയ്യണമെന്നു തീരുമാനിക്കയും ചെയ്തിരിക്കുന്നു. ഞങ്ങൾ ഈ റിപ്പോർട്ടോടുകൂടി അനുബന്ധിച്ചിരിക്കുന്ന നക്കൽബില്ലിൽ മദ്രാസ് ബാംബെ ഈ സ്ഥലങ്ങളിലെ നിയമങ്ങളോടൊപ്പമാകത്തക്കവിധം ഈ വകുപ്പു ഭേദപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോഴത്തെ നടപടി ആക്ഷേപാർഹമെന്ന്.

൧൪. തിരുവിതാംകൂറിൽ സഹകരണവർഷം അവസാനിച്ച ഉടൻ ആഡിററുജോലി ആരംഭിക്കുന്നു. ഏതാനും വർഷങ്ങൾക്കുമുൻപു സഹകരണവർഷം ആയവ്യയവർഷത്തോടു യോജിച്ചിരുന്നതും എന്നാൽ എല്ലാ സംഘങ്ങളും ആഡിററുചെയ്യു

വാർഷികറിപ്പോർട്ടു യഥാകാലം തയ്യാറാക്കത്തക്കവണ്ണം ആ കണക്കുകൾ പട്ടികപ്പെടുത്തുന്നതിനെ ആയ വിഷമംമൂലം പിന്നീട് അതു വ്യത്യാസപ്പെടുത്തിയിട്ടുള്ളതും ആണ്. പുതിയനിയമം രണ്ടുവർഷം ജൂൺ ൧൧൦൩-ാമാണ്ടോടു അവസാനിപ്പിച്ചുവരുന്നതും എന്നിട്ടും ഡിപ്പാർട്ടുമെൻറു ജീവനക്കാരുടെ കുറവുമൂലം ആണററി ആഡിറററുമാരുടെ സഹായംകൂടാതെ യഥാകാലം ആഡിററു തീർക്കുന്നതിനു ഡിപ്പാർട്ടുമെൻറിനു സമയംപോരാതെ വരുന്നതും ആകുന്നു. പ്രസ്ഥാനത്തിൽ പരിചയിച്ചവരും ആഡിററു പരിശീലിച്ചവരും ആയ ആളുകളുടെ ഐക്യസംഘം സൂപ്പർവൈസരന്മാരുടെയും സേവനം രജിസ്ട്രാർ ഉപയോഗപ്പെടുത്തിവരുന്നു. ൧൧൦൩-൧൧൦൭-൧൧൦൮ ഈ കൊല്ലങ്ങളിൽ ആകെയുള്ള ൧൨൦൦ സംഘങ്ങളിൽ യഥാക്രമം ൭൩൩, ൭൪൬, ൭൫൦ സംഘങ്ങളാണ് ഡിപ്പാർട്ടുമെൻറു ജീവനക്കാർ ആഡിററു ചെയ്തിട്ടുള്ളത്. സംഘങ്ങളുടെ ആഡിററ് തൃപ്തികരമായിരുന്നുവെന്നു രജിസ്ട്രാർതന്നെ സമ്മതിക്കുന്നതും ഈ അഭിപ്രായം പല സാക്ഷികളിൽ അധികംപേരും പ്രസ്താവിച്ചിട്ടുള്ളതും ആണ്.

ഒരു ഇൻസ്പെക്ടർ ൫൦ സംഘം ആഡിററുചെയ്യണമെന്ന നിയമവ്യവസ്ഥ.

൧൬. ആഡിററു ഒരു നിയമനിർബന്ധിതകാര്യവും അതിൻെറ പ്രാധാന്യം അനല്പവചനീയവും ആകുന്നു. സംഘങ്ങളുടെ ആഡിററു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെയോ രജിസ്ട്രാർ അംഗീകരിക്കുന്ന ആഡിററു വിദഗ്ദ്ധന്മാരെയോ കൊണ്ടു ചെയ്യിക്കേണ്ടതും, നിവൃത്തിയുണ്ടെങ്കിൽ ഐക്യസംഘം സൂപ്പർവൈസർമാരെക്കൊണ്ടോ മററു ആണററി ആഡിറററുമാരെക്കൊണ്ടോ ചെയ്യിച്ചുകൂടാത്തതും ആകുന്നു. ഈ ചട്ടത്തിൽനിന്നു വ്യതിചലിക്കേണ്ട ആവശ്യം നേരിട്ടാൽ വിവരം മുൻകൂട്ടി ഗവൺമെൻറിനെ അറിയിച്ചു അനുവാദം വാങ്ങേണ്ടതാണ്. മേൽ ചെയ്തിട്ടുള്ള ശുപാർശ നടപ്പിൽ വരുത്തുന്നതിനു ഡിപ്പാർട്ടുമെൻറു ജീവനക്കാരുടെ സംഖ്യ വർദ്ധിപ്പിക്കേണ്ടതാണ്. ഞങ്ങളുടെ അഭിപ്രായം ഒരു ഇൻസ്പെക്ടരെ അമ്പതു സംഘത്തിൽ കൂടുതൽ ആഡിററു ചെയ്യാൻ ചുമതലപ്പെടുത്തരുതെന്നാണ്.

സഹകരണവർഷം മാററണമെന്ന അഭിപ്രായം.

൧൭. സഹകരണവർഷത്തെസംബന്ധിച്ചുള്ള നടപ്പു ബ്രിട്ടീഷ് ഇൻഡ്യൻ പ്രവിൻസുകളിലും നാട്ടുരാജ്യങ്ങളിലും വ്യത്യാസമായിരിക്കുന്നതും മുമ്പുണ്ടായിട്ടുള്ള അനുഭവവും വിഷമതകളും ഓർത്ത് രാജ്യത്തെ സഹകരണവർഷം സാമ്പത്തികവർഷത്തോടു യോജിച്ചുള്ള പഴയരീതി കൂടുതൽ ആശാസ്യമെന്നു രജിസ്ട്രാർ വിചാരിക്കുന്നതായി കാണുന്നതും ആകുന്നു. ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നു ഞങ്ങൾ നിർദ്ദേശിച്ചിരിക്കുന്നസ്ഥിതിക്കു അങ്ങിനെ ഭേദപ്പെടുത്തുന്നതിൽ ദോഷമില്ലെന്നു ഞങ്ങളും വിചാരിക്കുന്നു.

ആഡിററുഫീസിൻെറ ക്രമം.

൧൮. ആഡിററുഫീസ വസൂലാക്കുന്നതിനെസംബന്ധിച്ചു ഞങ്ങൾ താഴെപ്പറയുന്ന ശുപാർശകൾ ചെയ്യുന്നു.

(൧) ആഡിററുഫീസിൻെറ ക്രമം മുൻകൂട്ടിയുള്ള ഗവൺമെൻറനുവാദത്തോടുകൂടി രജിസ്ട്രാർ നിശ്ചയിക്കേണ്ടതാണ്.

(൨) (a) കണക്കുരഹിതസംഘങ്ങളിൽനിന്നും

(b) ൨൦,൦൦൦ രൂപയിൽകുറഞ്ഞ പ്രവൎത്തനധനമുള്ള കടപ്പെട്ടബാദ്ധ്യതയോടുകൂടിയ ധനസഹായ സംഘങ്ങളിൽനിന്നും

(c) ൨൫,൦൦൦ രൂപയോ അതിൽ കൂടുതലോ ഉടപാട്ടുള്ള സ്റ്റോറുകൾ അല്ലാത്ത ധനേതര സംഘങ്ങളിൽനിന്നും

(*d*) ഐക്യസംഘങ്ങളിൽനിന്നും തിരുവിതാംകൂർ കോഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും

ആഡിററുഫീസു ഈടാക്കിക്കൂടാത്തതാകുന്നു.

(൩) ആഡിററുഫീസു ചുമത്തപ്പെടാവുന്ന ഒരു സംഘത്തിനു ഐച്ഛികമായി രജിസ്ട്രാരുടെ അനുമതി സിദ്ധിച്ച ഒരു വിദഗ്ദ്ധനായ ആഡിറററെക്കൊണ്ടു കണക്കുകൾ ആഡിററുചെയ്യിക്കാവുന്നതാണ്. കണക്കുകൾ ഇപ്രകാരം ആഡിററുചെയ്യിക്കുന്നതായാൽ ആ സംഘത്തിൽനിന്നും ആഡിററുഫീസു വസൂൽ ചെയ്തുകൂടാത്തതാണ്.

നീക്കിയിരിപ്പുതുകകൾ തിട്ടപ്പെടുത്തുക.

൫൯. ഇൻസ്പെക്ടർമാരും ആണററി ആഡിറർമാരും കണക്കുകൾ ആഡിററു ചെയ്യുമ്പോൾ നീക്കിയിരുപ്പുമുതൽ ആവശ്യപ്പെട്ട ഒത്തുനോക്കുക പതിവില്ലെന്നു ഞങ്ങൾ അറിയുന്നു. അപൂർണ്ണവും അസമർത്ഥവും ആയ ആഡിററു കൃത്രിമത്തിനും അപഹരണത്തിനും ഇടയാക്കും. നീക്കിയിരിപ്പു ഒത്തുനോക്കേണ്ടതു ആഡിറററുടെ പ്രഥമികകൃത്യമായിരിക്കേണ്ടതും ആഡിറർമാർ ഈ ഉദാസീനത കാട്ടാതെ, ശരിയായ ആഡിററിനു ഉത്തരവാദിയായ രജിസ്ട്രാർ ശ്രദ്ധിക്കേണ്ടതും ആകുന്നു.

൩-ാംഭാഗം.

ഡിപ്പാർട്ടുമെന്റിന്റെ പുനസ്സംഘടന.

അദ്ധ്യായം ൧൪.

സഹകരണഡിപ്പാർട്ടുമെൻറ്.

ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാർ.

ഡിപ്പാർട്ടുമെൻറുജീവനക്കാരുടെ സംഖ്യ പരിതാപകരമാംവണ്ണം കുറവാണെന്നും ആകമാനം പരിഷ്കരിക്കേണ്ട ആവശ്യം ഉണ്ടെന്നും ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഞങ്ങളോടു പരാതിപ്പെട്ടിട്ടുള്ളതും ആ പരാതിയിൽ വളരെ പരമാർത്ഥമുണ്ടെന്നു അന്വേഷണംകൊണ്ടു ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളതും ആകുന്നു.

രജിസ്ട്രാർക്ക് സ്ഥിരജീവനക്കാരായി പ്രാദേശികജോലികൾക്ക ഇരുപതു ഇൻസ്പെക്ടറന്മാരും അവർക്ക് ഇരുപതു ശിപായിമാരും ആഫീസിൽ ഒരു പേഴ്സണൽ അസിസ്റ്റൻറും ഒരു ഹെഡ്ക്ലാർക്കും മൂന്നു ക്ലാർക്കന്മാരും ൧ ടൈപ്പിസ്റ്റന്മാരും ഒരു മൊഴിയും ൧ ശിപായിമാരും ഉണ്ട്. തൽക്കാലജീവനക്കാരായി ഓരോ ശിപായിമാരോടുകൂടി ഏഴു ഇൻസ്പെക്ടറന്മാരും രണ്ടു ക്ലാർക്കന്മാരും രണ്ടു പകർപ്പെഴുത്തുകാരും ഉണ്ട്. സഹകരണസംഘങ്ങളുടെ സാംവത്സരിക പ്രവൃത്തിറിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കുള്ള കണക്കുകൾ ശേഖരിക്കുന്നതിനും ആഡിററർമാരുകൾ തയ്യാറാക്കുന്നതിനും മററുമായി ഒരു ടെമ്പററി അസിസ്റ്റൻറ രജിസ്ട്രാരെ ൧൧൦൭ ആരംഭംമുതൽ ഈ കമ്മിററിയുടെ റിപ്പോർട്ടു സമർപ്പിക്കുന്ന കാലംവരെയ്ക്കും നിയമിച്ചിട്ടുണ്ട്.

രജിസ്ട്രാരും അദ്ദേഹത്തിൻെറ ഉദ്യോഗപദവിയും യോഗ്യതകളും.

൧. രജിസ്ട്രാരുടെ ശമ്പളം ൧൨൦-൨൦/൧-൩൨൦ രൂപ എന്നു ൧൦൯൦-ൽ ഡിപ്പാർട്ടുമെൻറു ഏർപ്പെടുത്തിയ കാലം നിശ്ചയിച്ചിട്ടുള്ളതും ഇന്നും അപ്രകാരം തന്നെയിരിക്കുന്നതും ആണ്. ഉദ്യോഗത്തിനുള്ള ശമ്പളം പോരാത്തതാണെന്നു ൧൦൯൨-ൽ തന്നെ കണ്ടെപ്പെട്ടു. ആ വർഷത്തിനുശേഷം ഈ ഉദ്യോഗം വഹിച്ചിരുന്ന എല്ലാവർക്കും (ഇപ്പോഴത്തെ രജിസ്ട്രാർ ഒഴിച്ചു) കൂടുതൽ പേഴ്സനൽ സാലറികൾ ഏറെക്കുറെ ഡിവാൻപേഷ്ക്കാരുടെ ശമ്പളത്തോടു അടുപ്പിച്ചു കൊടുത്തുവന്നിരുന്നു. സംഘങ്ങളുടെയും അംഗങ്ങളുടെയും എണ്ണവും പ്രവർത്തന ധനവും ൧൦൯൨-നുശേഷം അപാരമായി വർദ്ധിച്ചിട്ടുള്ളതും പ്രസ്ഥാനം പരീക്ഷണഘട്ടം രാജ്യത്തു സാവധാനത്തിൽ ഏർപ്പെടുത്തിയ പഴയകാലത്തെ ശമ്പളവും പദവിയും രജിസ്ട്രാർക്ക ഇപ്പോഴും വച്ചുകൊണ്ടിരിക്കുന്നതു ഒട്ടും ന്യായീകരിക്കത്തക്കതല്ലെന്നു ഞങ്ങൾക്ക തോന്നുന്നതും ആണ്. രജിസ്ട്രാരുടെ അവസ്ഥയെയും ശമ്പളത്തെയുംപററിയുള്ള മാക്ലഗൻകമ്മിററിയുടെ അഭിപ്രായം വളരെ വിലയുള്ളതും തിരുവിതാംകൂറിൻെറ ഇന്നത്തെ നിലക്ക അതു വളരെ യോജിച്ചതും ആണ്. കമ്മിഷണർജോലിക്കൊ പ്രൊവിൻഷ്യൽഗവൺമെൻറിൻെറ സെക്രട്ടറിജോലിക്കൊ സെൻട്രൽഗവൺമെൻറിൻെറ അസിസ്റ്റൻറ സെക്രട്ടറിപദവിയ്ക്കോ അവകാശിയായിരിക്കുന്ന സീനിയർ ഡിസ്ട്രിക്ട് കളക്ടറന്മാരുടെ ശമ്പളത്തിലും പദവിയിലും (അന്നത്തെശമ്പളം ൧൧൨൦ രൂപയായിരുന്നു) ഒരാളെ ൧൨൦ രൂപ ഡ്യൂട്ടി അലവൻസും കൊടുത്തു രജിസ്ട്രാരായി നിയമിക്കണമെന്നാണ് അവർ പറയുന്നതു. തിരുവിതാംകൂറിൽ മററാന്നുമല്ല ദിവാൻജിയുദ്യോഗംതന്നെ വഹിച്ചുകൊണ്ടിരുന്ന മിസ്റ്റർ ററി. ആസ്റ്റിൻ ഐ. സീ. എസ്. നെയാണ ഇപ്പോൾ മദ്രാസിൽ സഹകരണസംഘം രജിസ്ട്രാരായി നിയമിച്ചിട്ടുള്ളതെന്നു ഈ അവസരത്തിൽ പ്രസ്താവ്യമാണ്. ഇത്ര പ്രാധാന്യമുള്ള ഒരു ഡിപ്പാർട്ടുമെൻറു ഭരിക്കുന്നതിനു പ്രാപ്തനാണെന്നു ഗവൺമെൻറിനു ഏറ്റവും വിശ്വാസവും, അഭിപ്രായങ്ങൾ വിലയും ഉള്ള ഒരു ഉദ്യോഗസ്ഥൻെറ ഭരണത്തിൽതന്നെ അവശ്യം വച്ചുകൊണ്ടിരിക്കേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. ഇൻഡ്യൻ കൊവോപ്പറേറീവ് കമ്മിററി പരിപൂർണ്ണമായി ആലോചിച്ചശേഷമാണ് താഴെപ്പറയും

വിധം അവരുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു:—മററ ഡിപ്പാർട്ടുമെൻറുകളോടും പുറമെയുള്ള ബാങ്കുകളോടും വ്യാപാരകുശലന്മാരോടും ഇടപെടുന്നതിനു രജിസ്ട്രാരായി കുറെ വിലയുള്ള ഒരു ഉദ്യോഗസ്ഥൻ വേണമെന്നുള്ളതു വളരെ അത്യാവശ്യമാണെന്നും, ഒരു രജിസ്ട്രാരുടെ ഭരണത്തിലുള്ളതു പ്രധാനവും അത്യന്തിനവുമായ സ്വഭാവത്തോടുകൂടിയ കാര്യങ്ങൾ പരിചയവും അധികാരവും ഉള്ള ഒരു മികച്ച ഉദ്യോഗസ്ഥനെയല്ലാതെ ഏതെങ്കിലും ഗവൺമെൻറ ചുമതലപ്പെടുത്തുന്നപക്ഷം അതു ഒരു ഗൌരവമായ കൃത്യവിലോപമായിരിക്കുമെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു". റിപ്പോർട്ടു ഇങ്ങിനെ തുടരുന്നു "ഇപ്പോഴത്തെ ശമ്പളത്തിൽ ഉദ്യോഗം ആകർഷണീയമല്ലെന്ന സംഗതികൾക്കിടയിൽ ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളതും സമ്മതമില്ലാതെ നിയമിക്കപ്പെടുന്ന ഒരാൾ പ്രയോജനരഹിതനായിതീരുന്നതാകയാൽ, പിടിപ്പുള്ള ശമ്പളം കൊടുക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നതും ആകുന്നു" എല്ലാ ബ്രിട്ടീഷിന്ത്യൻ പ്രവിൻസുകളിലും രജിസ്ട്രാർഉദ്യോഗം കലക്ടറുടെ ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരും നാട്ടുരാജ്യങ്ങളിൽ ഡിസ്ട്രിക്ററ ഉദ്യോഗസ്ഥന്മാരുടെ ഗ്രേഡിലുള്ളവരും വഹിച്ചുവരുന്നു.

തിരുവിതാംകൂറിൽ രജിസ്ട്രാർക്കു ഇപ്പോൾ കൊടുത്തിട്ടുള്ള താരതമ്യേന കുറഞ്ഞ പദവി അഭിവൃദ്ധിക്കു ഹാനികരമായ ഒരു ആപൽസന്ധിയിലേക്കു പ്രയാണംചെയ്യുന്നതാണ്. പൊതുജനങ്ങളുടെ പ്രവൃത്തിരൂപമായ സഹായം നേടുന്നതിനു ആവശ്യം വേണ്ടതായ സ്വാധീനശക്തി അദ്ദേഹത്തിനുണ്ടായിരിക്കുന്നതല്ല. ഉയർന്ന ഒരു ഉദ്യോഗസ്ഥന്റെ അഭിപ്രായതാല്പര്യം ഇല്ലായ്കയാൽ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും ശുപാർശകളും ഗവൺമെൻറ അവഗണിക്കാൻ ഇടയുണ്ട്. രജിസ്ട്രാർ എന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കു രാജ്യത്തു ഏററവും ഉയർന്നസ്ഥിതിയിലും പദവിയിലും ഉള്ള ആളുകൾ ഉൾപ്പെടുന്നതായ പ്രധാനസ്ഥാപനങ്ങളുടെ ഭരണസമിതികളുമായി സന്നികർഷം ഉണ്ടാകുന്നതു തീർച്ചയാണ്. രജിസ്ട്രാരുടെ അഭിപ്രായങ്ങൾ ഈ അന്യോദ്യോഗസ്ഥന്മാർ വേണ്ട ആദരവോടുകൂടി സ്വീകരിക്കത്തക്കവണ്ണം അദ്ദേഹത്തിനു അത്ര ഉയർന്ന പദവി കൊടുക്കേണ്ടതു അത്യന്താപേക്ഷിതമാണ്. അതിനാൽ ഉടൻതന്നെ രജിസ്ട്രാരുടെ പദവി ഒരു ഡിവിഷൻപേഷ്കാരുടേതിനു തുല്യമാക്കണമെന്നു ഞങ്ങൾ ശുപാർശ ചെയ്യുന്നു. കഴിഞ്ഞ ഏഴു വർഷത്തിൽകൂടുതലായി പല കോൺഫറൻസുകളിലും പാസാക്കപ്പെട്ടിട്ടുള്ള നിശ്ചയങ്ങൾ ഞങ്ങളുടെ ശുപാർശയെ അനുകൂലിക്കുന്നുണ്ട്. അദ്ദേഹം കഴിവുള്ളതു ചെറുപ്പവും പരിചയം സിദ്ധിച്ചതും ആയിരിക്കേണ്ടതും ൫൦൦ രൂപമുതൽ ൭൫൦ രൂപവരെ അദ്ദേഹത്തിനു ശമ്പളസ്കെയിൽ ഉണ്ടായിരിക്കേണ്ടതും അഞ്ചുവർഷത്തിൽകുറയാതെ ആ ഉദ്യോഗത്തിൽ അദ്ദേഹത്തെ വച്ചുകൊണ്ടിരിക്കേണ്ടതും ആണ്.

രജിസ്ട്രാർക്കു കൊടുക്കേണ്ട സ്ഥിതിയും പദവിയും, ഞങ്ങൾ പറഞ്ഞുകഴിഞ്ഞു. രജിസ്ട്രാരുടെ യോഗ്യതകൾകൂടി ചുരുക്കമായി പറയേണ്ട ആവശ്യം ഉണ്ട്. അന്യോദ്യോഗസ്ഥ പ്രവർത്തകന്മാരുടെ സഹായം ലഭിക്കത്തക്കവണ്ണം പ്രത്യേക യോഗ്യതകളും ഭരണപരിചയവും, ജനങ്ങളെപ്പററിയും അവരുടെ ധനസ്ഥിതിയെപ്പററിയും ശരിയായ അറിവും രജിസ്ട്രാരുടെ സ്ഥാനത്തിനു ആവശ്യമാണ്. രജിസ്ട്രാരുടെ യോഗ്യതകൾ എന്തെല്ലാമായിരിക്കണമെന്നു വിശദമായി കാണിക്കുന്നതിലേക്കു മാഗ്ലഗൻ കമ്മിററി റിപ്പോർട്ടിലും റായൽ കമ്മിഷൻ റിപ്പോർട്ടിലും ഉള്ള ഭാഗങ്ങൾ ഞങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളുന്നു. പഞ്ചാബിലും മൈസൂരിലും ചെയ്തുവരുന്നതുപോലെ രജിസ്ട്രാർക്കു പാശ്ചാത്യരാജ്യങ്ങളിലെ സഹകരണപ്രസ്ഥാനത്തോടു പരിചയപ്പെടുന്നതിനു അവസരം നല്കുന്നതു കൊള്ളാമെന്നു പ്രധാനപ്പെട്ട സാക്ഷികൾ ഞങ്ങളുടെ അന്വേഷണവേളകളിൽ പറഞ്ഞിട്ടുണ്ട്. രജിസ്ട്രാർ അവധിയെടുക്കുമ്പോൾ പകരംജോലിക്കു മാറിപ്പോകുമ്പോൾ തൽസ്ഥാനത്തു നിയമിക്കപ്പെടുന്നതിനു ഒന്നുരണ്ടുദ്യോഗസ്ഥന്മാർ പരിശീലനത്തിൽ ഇരിക്കേണ്ടതും അത്യാവശ്യമാണ്.

അസിസ്റ്റൻറുരജിസ്ട്രാരന്മാരും ശമ്പളക്രമവും.

൯. ഇപ്പോൾ രജിസ്ട്രാരുടെയും ഡിപ്പാർട്ടുമെന്റിലെ കാര്യകരണ ഉദ്യോഗസ്ഥന്മാരുടെയും ഇടയ്ക്കു മദ്ധ്യവർത്തികളായ ഉദ്യോഗസ്ഥന്മാർ ഇല്ല. പ്രസ്ഥാനം ഒരു നിശ്ചിതമായ അഭ്യുദയഘട്ടത്തിൽ എത്തിയാൽ ഉണ്ടാകുന്ന പ്രകൃതത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ ആവശ്യം മനസ്സിലാക്കി അതു നിറവേററുന്നതായി ഇൻഡ്യൻ പ്രോവിൻസുകളിലെയും നാട്ടുരാജ്യങ്ങളിലെയും സഹകരണപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിചരിത്രത്തിൽനിന്നു കാണുന്നു. ഡിപ്പാർട്ടുമെന്റു ഒരു അദ്ധ്യക്ഷനും കുറെ ഇൻസ്പെക്ടറന്മാരുമായി തുടങ്ങപ്പെടുന്നു. കാലാന്തരത്തിൽ ജോലികൂടുമ്പോൾ ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്മാരെ പരിപ്പിക്കാനും നയിക്കാനും ആയി ഒരു ഇടത്തരം ഉദ്യോഗസ്ഥന്മാർ സൃഷ്ടിക്കപ്പെടുന്നു. സംഘങ്ങളുടെ എണ്ണം ൩൦൦ അല്ലെങ്കിൽ ൬൦൦ കവിയുമ്പോൾ എവിടെയും അസിസ്റ്റൻറു രജിസ്ട്രാരന്മാരെ നിയമിച്ചുവരുന്നതായി കാണുന്നു. മൈസൂറിൽ ൧൯൩൧-ൽ ൨൨൩൦ സംഘങ്ങൾക്കു ഒരു ഡെപ്യൂട്ടിരിജിസ്ട്രാരും ആറു അസിസ്റ്റൻറുരജിസ്ട്രാരന്മാരും ഉണ്ടായിരുന്നു. ധനദൗർല്ലഭ്യംമൂലം രണ്ടു അസിസ്റ്റൻറുരജിസ്ട്രാരന്മാരെ കുറച്ചു എങ്കിലും വീണ്ടും നിയമിക്കാൻ ആലോചനയുണ്ട്. മദ്രാസിൽ ഒരു അസിസ്റ്റൻറുരജിസ്ട്രാരുടെ ആഫീസും സിൽബന്ധികളും ഇടങ്ങിയതു അവിടത്തെ സംഘങ്ങളുടെ എണ്ണം ൩൦൦-നും ൪൦൦-നും മദ്ധ്യേയായിരുന്നപ്പോഴാണ്. ബാംബെയിൽ ൬ അസിസ്റ്റൻറു രജിസ്ട്രാരന്മാരുണ്ട്. ഇവിടെ മുമ്പിരുന്ന രജിസ്ട്രാർ ൧൦൯൭-മുതൽ ഡിസ്ട്രിക്ട് ഡിവിഷനും ഉദ്യോഗസ്ഥന്മാരോടുകൂടി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടിരുന്നെന്നും 'പിന്നീടു ആലോചിക്കാം' എന്നുപറഞ്ഞു ഗവൺമെന്റു ആ അഭിപ്രായം മാററിവച്ചുകൊണ്ടിരുന്നു എന്നും ഞങ്ങൾ അറിയുന്നു. ഇനിയും അതു അധികകാലത്തേക്കു ദീർഘിപ്പിക്കാൻ പാടില്ലാത്തവണ്ണം അത്ര തിടുക്കമായ ആവശ്യം ഉണ്ടെന്നു ഞങ്ങൾക്കു തോന്നുന്നു. ഇപ്പോഴുള്ള സാധാരണ ജോലികൾക്കായി ഞങ്ങൾ ൪ അസിസ്റ്റൻറുരജിസ്ട്രാരന്മാരെ ൧൫൦-൧൫/൨-൨൫൦ രൂപ (അതായതു ഇപ്പോൾ അധഃകൃതസംരക്ഷകന്റെ ജോലിചെയ്യുന്ന രജിസ്ട്രാരുടെ അസിസ്റ്റൻറിനു അനുവദിച്ചിട്ടുള്ള) ശമ്പളത്തിൽ നിയമിക്കണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. ഇവരിൽ മൂന്നുപേരെ തിരുവനന്തപുരം കൊല്ലം കോട്ടയം ഈ സ്ഥലങ്ങളിൽ നിയമിക്കയും ധനസഹായസംഘങ്ങൾ മാത്രം അവരെ ചുമതലപ്പെടുത്തുകയും ചെയ്യണം. ഓരോ അസിസ്റ്റൻറു രജിസ്ട്രാരുടെയും താഴെ ൩൦൦ സംഘങ്ങൾ കാണുമെന്നു ഏകദേശമായി കണക്കാക്കിയിരിക്കുന്നു. നാലാമത്തെ അസിസ്റ്റൻറു രജിസ്ട്രാരെ രാജ്യം മുഴുവനുമുള്ള ധനേതരസംഘങ്ങളുടെ ചുമതല ഏല്പിക്കേണ്ടതാണ്. ൫൦-൫/൨-൭൫ രൂപ ശമ്പളത്തിൽ ഒരു ഹെഡ്ക്ലാർക്ക് ൨൫-൫/൨-൪൦ രൂപ ശമ്പളത്തിൽ ൨ ഗുമസ്ഥന്മാർ ൨൦-൨/൩-൩൫-ൽ രണ്ടു ഗുമസ്ഥന്മാർ ൨൦-൩/൨-൩൫-ൽ ഒരു ടൈപ്പിസ്റ്റ് ൧൨ രൂപ ശമ്പളത്തിൽ ഒരു മൊച്ചി ൯-൧/൬-൧൧ രൂപാ ശമ്പളത്തിൽ രണ്ടു ശിപായിമാർ ഇങ്ങിനെയുള്ള സിൽബന്ധികൾ ഓരോ അസിസ്റ്റൻറു രജിസ്ട്രാർക്കും കൊടുക്കപ്പെടേണ്ടതാണ്.

൰. ഭൂസ്വത്തുബാങ്കിനെയും ഋണവിമോചനത്തെയും സംബന്ധിച്ചുള്ള ഞങ്ങളുടെ ശുപാർശകളിൽ ആ ജോലിയുടെ ചാർജ്ജുവഹിക്കുന്നതിനു ഒരു അസിസ്റ്റൻറു രജിസ്ട്രാരുടെ നിലയിലുള്ള ഒരു സ്പെഷ്യൽ ആഫീസർ ആവശ്യമാണെന്നു ഞങ്ങൾക്കു തോന്നിയിട്ടുണ്ട്. അതിനാൽ അഞ്ചാമതൊരു അസിസ്റ്റൻറു രജിസ്ട്രാരെക്കൂടി ആ ശമ്പളത്തിലും അത്രയും ജീവനക്കാരോടും മൂന്നു ഇൻസ്പെക്ടറന്മാരോടുംകൂടി നിയമിക്കേണ്ടതാണ്.

ഇവിടെയുള്ള സെൻട്രൽ കോവാപ്പറേറ്റിവ് സ്കൂളിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനും ഒരു അസിസ്റ്റൻറു രജിസ്ട്രാരുടെ പടിയിലുള്ള ആളായിരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

റിയോർഗാനിസേഷൻ ആഫീസർ.

൭. ഞങ്ങളുടെ ശുപാർശകൾ പ്രസ്ഥാനത്തിന്റെ സാമ്പത്തികവശത്തെയും ഡിപ്പാർട്ടുമെന്റിന്റെ പൊതുവായ പുനസ്സംഘടനയെയും സംബന്ധിച്ചു അതിഗുരം വ്യാപിക്കുന്ന സാരമായ വ്യത്യാസങ്ങളോടുകൂടിയ അഭിപ്രായഗതികളും പദ്ധതികളും അടങ്ങിയിട്ടുള്ളവയാകയാൽ അവ ഒരു സ്പെഷ്യൽ ആഫീസരുടെ ഗാഢവും സൂക്ഷ്മവും ആയ ശ്രദ്ധ ആവശ്യപ്പെടുന്നതാണ്. രജിസ്ട്രാർക്ക് അനവധി കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതും ഭരണസംബന്ധമായ അനുദിനജോലികൾ കൊണ്ടു അദ്ദേഹം സദാ വ്യാപൃതനായിരിക്കുന്നതും ആകുന്നു, അതിനാൽ മൂന്നു വർഷക്കാലത്തേക്കു ൩൦൦ രൂപാ ശമ്പളത്തിൽ രജിസ്ട്രാരുടെ കീഴെ ജോലിചെയ്യുന്നതിനായി റിയാർഗാനിസേഷൻ ആഫീസർ എന്ന പേരായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ പ്രത്യേകസിൽബന്തികളോടും സഞ്ചാരപ്പടിയോടുംകൂടിയ അനുവാദത്തോടും നിയമിക്കണമെന്നു ഞങ്ങൾ ശുപാർശചെയ്തുകൊള്ളുന്നു.

അസിസ്റ്റന്റു രജിസ്ട്രാറന്മാർക്ക തക്കവച്ചു ഇൻഡ്യയിലെ മററു പ്രവിശ്യകളിൽപോയി പ്രായോഗികജ്ഞാനം സമ്പാദിക്കുന്നതിനുള്ള സൌകര്യം ഗവൺമെന്റിൽനിന്നു ഉണ്ടാക്കിക്കൊടുക്കണമെന്നും അവർ വിദേശങ്ങളിൽ ഉള്ള അംഗീകൃതസ്ഥാപനങ്ങളിൽ ഇപ്രകാരമുള്ള പരിശീലനം ലഭിക്കണമെന്നു ആഗ്രഹമുള്ളപക്ഷം അവർ സോട്ടുകൂടിയവിദ്യാഭ്യാസലീവു കൊടുത്തു അവരെ പ്രോത്സാഹിപ്പിക്കണമെന്നും കമ്മിററി ഐകകണ്ഠ്യേന ശുപാർശചെയ്യുന്നു.

അംഗീകൃതങ്ങളായ ഫാറങ്ങൾ, രൂളുകൾ, ഡിപ്പാർട്ടുമെന്റുവക സർക്കുലറുകൾ എന്നിവ ക്രോഡീകരിച്ചും പല ജാതിയിലുള്ള നാനാധനസംഘങ്ങളുടെ നിബന്ധനകൾ ഉൾപ്പെടുത്തിയും രാജ്യത്തേക്കു ഒരു മാനുവൽ (സഹകരണസംഗ്രഹം) എഴുതുന്ന ജോലി ആരംഭിക്കേണ്ട സമയം വളരെ അതിക്രമിച്ചിരിക്കുന്നു എന്നു ഞങ്ങൾ വിചാരിക്കുന്നു. ഈ ജോലി സുസൂക്ഷ്മമായ പഠിത്തവും സവിശദമായ അന്വേഷണവും ആവശ്യമായിട്ടുള്ള ഒന്നാകയാൽ ഒരു അസാധാരണമായ വേഗത്തോടുകൂടി തുടങ്ങാവുന്നതല്ല. അതിനാൽ ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥനെ വേണ്ട സിൽബന്തികളോടുകൂടി ഇതിലേക്കു നിയമിക്കണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു. ഇതിൽ സംഭവിക്കാവുന്ന അധികച്ചിലവു ചുരുക്കുന്നതിനായി ഉടൻതന്നെ ഈ ജോലി ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ള റിയാർഗാനിസേഷൻ ആഫീസരെ ഏല്പിക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

പൊതുജനങ്ങൾ സോൽക്കണ്ഠം പ്രതീക്ഷിക്കുന്ന ഈ റിപ്പോർട്ടു ഇംഗ്ലീഷിൽ എഴുതപ്പെട്ടിട്ടുള്ളതുകൊണ്ടു രാജ്യത്തെ അനവധി സഹകാരികൾ അതിനെ മനസ്സിലാക്കുകയില്ലെന്നുള്ള വസ്തുത ഞങ്ങൾക്കു അജ്ഞാതമായിട്ടുള്ളതല്ല. ആകയാൽ അതിനെ മലയാളത്തിൽ തർജ്ജമചെയ്യുന്നതിനു ഗവൺമെന്റു വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഇൻസ്പെക്ടറന്മാർ.

൮. ഡിപ്പാർട്ടുമെന്റിലെ തുച്ഛമായ ഇൻസ്പെക്ടറന്മാരുടെ എണ്ണം അതിന്റെ പ്രവൃത്തിപരിധിക്കു മതിയാകുന്നില്ല. അവർക്കു നിയമസിദ്ധമായുള്ള ആഡിററുജോലിപോലും ചെയ്യുന്നതിനു കഴിയുന്നില്ല. ജീവനക്കാരുടെ കുറവുകൊണ്ടും സഹകരണവർഷാവസാനത്തിനും വർഷാന്ത്യക്കണക്കു അയക്കേണ്ട തീയതിക്കും ഇടയ്ക്കുള്ള സമയക്കുറവുകൊണ്ടും അനുദ്യോഗസ്ഥസഹായംകൂടാതെ നിയമപ്രകാരമുള്ള ആഡിററു സാധിക്കുന്നില്ലെന്നു പറയപ്പെടുന്നു. ഒന്നുപകുതി സംഘങ്ങൾപോലും ആഡിററുചെയ്യുന്നതിനു ഡിപ്പാർട്ടുമെന്റു ജീവനക്കാർക്കു കഴിഞ്ഞിട്ടില്ലെന്നു ൧൧൦൮-ലെ റിപ്പോർട്ടു ൯-ാം ഖണ്ഡികയിൽ പ്രസ്താവിച്ചിരിക്കുന്നു. ആഡിററുജോലിയുടെ തിരക്കുകൊണ്ടായാലും മററു ഭരണസംഗതികളുടെ വിപുലതകൊണ്ടായാലും ഇൻസ്പെക്ടറന്മാർക്കു പ്രചരണത്തിനും സംഘശുദ്ധീകരണത്തിനും

അശേഷം സമയമില്ലെന്ന അനേകം സഹകരണസമ്മേളനങ്ങൾ ഞങ്ങൾക്കയച്ചുതന്നിട്ടുള്ള നിശ്ചയങ്ങളിൽ പറഞ്ഞിട്ടുള്ളതു വളരെ പരമാൎത്ഥമാണ്. അതിനാൽ ഇൻസ്പെക്ടറന്മാരുടെ എണ്ണം വൎദ്ധിപ്പിക്കുന്ന സംഗതി ഇനി ഒട്ടും താമസിപ്പിച്ചുകൂടാത്തതാണ്. സ്ഥിരവും താൽക്കാലികവും ആയ ൨൭ ഇൻസ്പെക്ടറന്മാരുള്ളതിൽ ൭൫-൫-൧൦൦ രൂപ ശമ്പളത്തിൽ ൩ പേർ ഒന്നാംഗ്രേഡ് ഇൻസ്പെക്ടറന്മാരും ൪൦-൫/൨-൭൦-ൽ ൨൪ പേർ രണ്ടാം ഗ്രേഡ് ഇൻസ്പെക്ടറന്മാരുമാണ്. ഈ ഉദ്യോഗസ്ഥന്മാരുടെ എണ്ണവും ശമ്പളവും രണ്ടും കുറവാണെന്ന ഞങ്ങൾ വിചാരിക്കുന്നു. അതിനാൽ ഡിപ്പാൎട്ടുമെൻറ ഇൻസ്പെക്ടറന്മാരെ ൫൦-൫/൩-൭൫, ൭൫-൫-൧൦൦, ൧൦൦-൫-൧൨൫ ഇങ്ങനെ മൂന്നുഗ്രേഡാക്കണമെന്ന ഞങ്ങൾ ശുപാൎശചെയ്യുന്നു. ഒന്നാംഗ്രേഡിൽ ൫-ം ൨-ാംഗ്രേഡിൽ ൧൫-ം ൩-ാം ഗ്രേഡിൽ ൩൫-ം ഇൻസ്പെക്ടറന്മാർ ഉണ്ടായിരിക്കേണ്ടതാണ്. ധനേതരപ്രവൎത്തനങ്ങൾ ഡിപ്പാൎട്ടുമെൻറിൻെറ സാരമായ ശ്രദ്ധയ്ക്കു വിഷയമായിട്ടില്ലെന്ന ൧൧൦൮-ലെ ഭരണറിപ്പോൎട്ടിന്മേൽ ഗവൺമെൻറ ചെയ്തിട്ടുള്ള വിമൎശനം ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. സഹകരണപ്രസ്ഥാനത്തിൻെറ ധനേതരപ്രവൎത്തനങ്ങളുടെ അവഗണനയെപ്പററി ഗവൺമെൻറ ഇങ്ങനെ റിമാൎക്കചെയ്തതിൽ ഞങ്ങൾക്ക സന്തോഷമുണ്ട്. അതിനാൽ ധനേതരജോലികൾക്കായിട്ടുന്ന ഇൻസ്പെക്ടറന്മാർ നിയമിക്കപ്പെടേണ്ടതും അതിൽ ഒരാൾ ഈ വക ജോലികൾ പരിശീലിപ്പിക്കാനായിമാത്രമുള്ള ഒരു എഡ്യൂക്കേഷനൽ ഉദ്യോഗസ്ഥനായിരിക്കേണ്ടതും, അദ്ദേഹം പരിശീലനവിദ്യാലയങ്ങളുടെ ചുമതലക്കാരനായിരിക്കേണ്ടതും ആണ്. അധഃകൃതരുടെയും മററു പിന്നോക്കസമുദായക്കാരുടെയും സംഘങ്ങളെ പുനരുദ്ധരിക്കേണ്ട അത്യാവശ്യവും അനവരതമായ നിൎബന്ധവും നിമിത്തം കൂടുതലായി ൧൦ ഇൻസ്പെക്ടറന്മാരെ അധഃകൃതസമുദായക്കാരുടെയും മത്സ്യവ്യവസായികളുടെയും സംഘങ്ങൾക്കായി നിയമിക്കേണ്ടതാണെന്ന ഞങ്ങൾ വിചാരിക്കുന്നു. ൧൧൦൮-ലെ കണക്കനുസരിച്ച ൧൩൩ സംഘങ്ങൾ ഇടപാടു തീൎപ്പിൽ ഇരുന്നതും എന്നാൽ ആൾക്കുറവുകൊണ്ട് ഇവയിൽ ഒന്നുപകുതി സംഘങ്ങളിൽ യാതൊരു നടപടിയും നടത്തിയിട്ടില്ലെന്ന ഞങ്ങൾ അറിയുന്നതും ആകുന്നു. അതിനാൽ ആറു ഇൻസ്പെക്ടറന്മാരെ ഇടപാടുതീൎപ്പു ജോലിക്ക ഏൎപ്പെടുത്തണമെന്നും ഞങ്ങൾ ശുപാൎശചെയ്യുന്നു, മുപ്പതു ഇൻസ്പെക്ടറന്മാരെ ധനസംഘങ്ങളുടെ ചുമതലയിൽ വയ്ക്കപ്പെടാവുന്നതാണ്.

പ്രചാരികമാരും ഇൻസ്പെക്ട്രസ്സുകളും

൭. പ്രായപൂൎത്തിയായിട്ടുള്ള സ്ത്രീകളിൽ വിദ്യാഭ്യാസമുള്ളവർ രാജ്യത്തു ൨൭ ശതമാനമാണെങ്കിലും സ്ത്രീകൾക്കായി മാത്രമുള്ള സംഘങ്ങൾ ആകെ ൫ മാത്രമാണെന്നും പ്രസ്ഥാനം സ്ത്രീലോകത്തിൻെറ പ്രാന്തപ്രദേശത്തുപോലും എത്തിയിട്ടില്ലെന്നും കാണുന്നു. സ്ത്രീകളുടെ ഏതാനും സംഘങ്ങൾ പ്രചാരവേലയുടെയും ശ്രദ്ധയുടെയും അഭാവത്താൽ പിരിച്ചുവിടേണ്ടതായി വന്നിട്ടുണ്ട്. പ്രസ്ഥാനം സ്ത്രീകളുടെഇടയിൽ പ്രിയമായിത്തീരുന്നതിന ഈ ഇൻസ്പെക്ടറന്മാരിൽ മൂന്നുപേർ സ്ത്രീകളായിരിക്കണമെന്ന ഞങ്ങൾ ശുപാൎശചെയ്യുന്നു.

വിക്രയഉദ്യോഗസ്ഥന്മാർ (Sale officers.)

൮. ഡിക്രിപ്രകാരമുള്ള സംഖ്യകൾ വസൂലാക്കുന്നതിന വിക്രയഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഞങ്ങൾ ചെയ്തിട്ടുള്ള ശുപാൎശ അനുസരിച്ച, പുതിയ റഗുലേഷൻ നടപ്പിൽ വരുമ്പോൾ, ആ ജോലിക്ക പ്രത്യേകം ഒരുതരം ഇൻസ്പെക്ടറന്മാരെ (സംഖ്യ രജിസ്ട്രാർ നിൎണ്ണയിക്കേണ്ടതാണെന്ന ഞങ്ങൾ നിൎദ്ദേശിക്കുന്നു). ഓരോ ഡിവിഷനിലേക്കും ൨-ാംഗ്രേഡ് ഇൻസ്പെക്ടരുടെ പദവിയിലുള്ള ഒരുഉദ്യോഗസ്ഥനെ നൽകേണ്ടതാണ്. വിധിനടത്തും ഫീസുപിരിവും സംബന്ധിച്ച മദ്രാസ് രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സൎക്കുലറിലെ വ്യവസ്ഥയനുസരിച്ച പിരിച്ചെടുക്കപ്പെടുന്ന ഫീസുകൊണ്ട് ഈ കൂടുതൽ ഉദ്യോഗസ്ഥന്മാരുടെ ചിലവു വഹിക്കാവുന്നതാണ്.

ഇൻസ്പെക്ടറന്മാർക്കു രാജ്യത്തിനപ്പുറമെ പരിശീലനം.

൪൯. ഇൻസ്പെക്ടറന്മാർക്കു തിരുവിതാംകൂർ രാജ്യത്തിനപ്പുറമെയുള്ള പ്രാവിൻസുകളിൽ ആറു മാസക്കാലത്തെ പ്രായോഗിക പരിശീലനം നൽകേണ്ടതാണെന്നു ഞങ്ങൾ വളരെ താല്പര്യമായി ശുപാർശചെയ്യുന്നു. ഉദ്യോഗക്കയറ്റത്തിനു സാമർത്ഥ്യപരീക്ഷ ഉണ്ടായിരിക്കേണ്ടതാണ്. അനേകാധികാരങ്ങളുള്ള പരീക്ഷകൾ ഡിപ്പാർട്ടുമെൻറിൽനിന്നു നടത്തേണ്ടതും ഉദ്യോഗക്കയറ്റം അവയിലുണ്ടാകുന്ന ഫലത്തെ ആശ്രയിച്ചിരിക്കേണ്ടതും ആകുന്നു. അദ്ധ്യയനലീവും മററു അലവൻസുകളും കൊടുത്തു് എല്ലാ പ്രാവിൻസുകളിലും പോയി പരിശീലിക്കുന്നതിനും അവർക്കു സൗകര്യം കൊടുക്കേണ്ടതാണ്.

രജിസ്ട്രാരാഫീസിൻെറ പുനഃസംഘടന

൫൦. രജിസ്ട്രാരുടെ ആഫീസ് ഇപ്പോൾ അത്യധികം കേന്ദ്രീകരിച്ചു് ജോലി കൂടുതലുള്ളതായി ഇരിക്കുന്നു. ഡിവിഷൻ ഉദ്യോഗസ്ഥന്മാർ പ്രവൃത്തിക്കുന്നതോടുകൂടി ഒരുപക്ഷെ ഇതിനു വല്ലതും കുറവുണ്ടായേക്കാം. അതിനാൽ ഇപ്പോഴത്തെ പേഴ്സണൽ അസിസ്റ്റൻറു ഉദ്യോഗം നിറുത്തലാക്കണമെന്നും തൽസ്ഥാനത്തു ആഫീസിൽ ഒരു മാനേജരെ നിയമിക്കണമെന്നും ഞങ്ങൾ ശുപാർശചെയ്യുന്നു. സാധാരണയായി ഇദ്ദേഹം ഒന്നാംഗ്രേഡ് ഇൻസ്പെക്ടറായിരുന്നാൽ മതിയെങ്കിലും പരിഷ്കാരത്തോടുകൂടി അദ്ദേഹം അസിസ്റ്റൻറു രജിസ്ട്രാർതന്നെയായിരിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. ററവ് ക്ലാർക്കൾപ്പെടെ രജിസ്ട്രാരാഫീസിലുള്ള ൨൪ ക്ലാർക്കന്മാരിൽ ബി. എ. ജയിച്ചിട്ടുള്ളവരായി നാലുപേർ മാത്രമുള്ളതും ഈ നാലുപേരും ഏററവും ജൂനിയർ ക്ലാർക്കന്മാരായിരിക്കുന്നതും ആകുന്നു. ആഫീസിൽ കൂടുതൽ ബിരുദധാരികൾ ഉണ്ടായിരിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. ഹെഡ്ക്ലാർക്കും മദ്ധ്യസ്ഥതീരുമാനവകുപ്പു ചുമതലക്കാരനായ ക്ലാർക്കും ബി. എൽ. ബിരുദധാരികളായിരിക്കേണ്ടതാണ്. ഹെഡ്ക്ലാർക്കിൻെറ ശമ്പളം പുതുക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. അതു് ഇപ്പോഴത്തെപ്പോലെ ൧൫-൫-൨൦൦ എന്നിരുന്നുകൊള്ളട്ടെ. ബാക്കിയുള്ള ഇപ്പോഴത്തെ ജീവനക്കാരുടെ ശമ്പളം താഴെപ്പറയും വിധം ഭേദപ്പെടുത്താം.

൩൦-൫/൨-൬൫ രൂപയിൽ ൪ ക്ലാർക്കന്മാർ. അതിലൊരാൾ ആർബിട്രേഷൻ വകുപ്പു ചുമതലപ്പെട്ടിരിക്കണം.

൨൫-൫/൨-൪൦ രൂപയിൽ ൪ പേർ. അതിൽ ഒരാൾ തമിഴ്നാട്ടുകളിൽനിന്നു വരുന്ന എഴുത്തുകുത്തുകൾക്ക് വേണ്ടി ഒരു തമിഴ്ഗ്രാഡുവേററ് ആയിരിക്കണം.

൨൦-൨/൩-൩൦ രൂപയിൽ ൪ പേർ.

ചുരുക്കെഴുത്തു ടൈപ്പിസ്റ്റില്ലാതെ ഇല്ലായ്കയാൽ സാമാന്യം ചുരുക്കെഴുത്തുശീലമുള്ള ഒരു ടൈപ്പിസ്ററു ൩൫-൫/൩-൪൫ രൂപയിലും, അല്ലാതെ ഒരു ടൈപ്പിസ്ററു ൨൦-൨/൩-൩൫ രൂപയിലും.

൯-൨/൩-൧൨ രൂപയിൽ ൯ ശിപായിമാർ. (അതിൽ ഒരു ചെപ്രാസി, ൧൨ രൂപ ശമ്പളത്തിൽ)

ഉപദേശകസമിതി.

൫൧. രാജ്യത്തെ പരിപോഷണവകുപ്പുകളുടെ പ്രവൃത്തനം കൂട്ടിയിണക്കുന്നതിനും നാനാമുഖമായ സഹകരണാഭിവൃദ്ധിയ്ക്കു സൗകര്യം ഉണ്ടാക്കുന്നതിനുമായിധനപരിപോഷണസമിതിയിൽ രജിസ്ട്രാർകൂടി ഒരു ഉദ്യോഗസ്ഥാംഗമായിരുന്ന പഴയപതിവു പുതുക്കണമെന്നും ഒരു ഉപദേശകാലോചനാസമിതി രൂപീകരിക്കണമെന്നും ഞങ്ങൾ ശുപാർശചെയ്യുന്നു. രജിസ്ട്രാർ ആ ബോർഡിൻെറ പ്രസിഡൻറായിരിക്കേണ്ടതാണ്. അതിൽ പ്രധാനപ്പെട്ട സഹകരണസ്ഥാപനങ്ങൾക്കു പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതും പൊതുപ്രശ്നങ്ങൾ വാദപ്രതിവാദംചെയ്കയും സാമാന്യനയം രൂപപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ഡിപ്പാർട്ടുമെൻറിന്റെ പ്രചരണത്തിനും മററും വേണ്ടിവരുന്ന ചിലവുകൾ

൪൫. ഞങ്ങൾക്ക പ്രധാനമായി ചൂണ്ടിക്കാണിക്കാനുള്ള മറെറാരു സംഗതി പ്രചരണജോലികൾക്കായി രജിസ്ത്രാർക്കും അസിസ്ററാൻറന്മാർക്കും വേണ്ടിടത്തോളം ധനസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന ഗവണ്മെൻറിനുള്ള ചുമതലയെപ്പററിയാണ്. ഡിപ്പാർട്ടുമെൻറ പുതിയ അഭിവൃദ്ധിപദ്ധതികൾ ആരംഭിക്കുമ്പോൾ തീക്ഷ്ണമായും ഊർജ്ജിതമായും ഉള്ള പ്രചരണജോലി ചെയ്യേണ്ടതായിവരും. പരീക്ഷണാർത്ഥം ഏർപ്പെടുത്തപ്പെടുന്ന സംഘങ്ങളുടെ വിഷയത്തിൽ പ്രാരംഭചിലവുകൾ ഡിപ്പാർട്ടുമെൻറ നടത്തേണ്ടതായും വരും. ഈവിധം പ്രയോജനകരങ്ങളായ ജോലികൾക്കായി ഡിപ്പാർട്ടുമെൻറിന ധനസഹായം ലഭിക്കാതെവന്നാൽ അഭിവൃദ്ധികരങ്ങളായ നവപദ്ധതികളിൽ പ്രവേശിക്കുന്നതിന അതിന കഴിവുണ്ടാകുന്നതല്ലെന്ന ഞങ്ങൾ ആശങ്കിക്കുന്നു. സഹകരണം ഒരു ശാസ്ത്രമാകയാൽ ഇപ്രകാരമുള്ള ശ്രമങ്ങൾ ഒരുവക പര്യവേക്ഷണജോലിയും അത്യാവശ്യപ്പെട്ട ചടങ്ങുകളായി അനുവദിക്കേണ്ടിയിരിക്കുന്നതും ആകുന്നു. അതിനാൽ രജിസ്ത്രാരുടെ യുക്തംപോലെ ഉപയോഗിക്കുന്നതിന അദ്ദേഹത്തിന ഒരു സ്പെഷ്യൽ ഗ്രാൻറ ഗവണ്മെൻറിൽനിന്ന കൊടുക്കണമെന്ന ഞങ്ങൾ ശുപാർശ ചെയ്യുന്നു.

വായനശാലകൾക്ക ഗ്രാൻറ്.

൪൬. സഹകരണ ഗ്രന്ഥങ്ങളും സാഹിത്യങ്ങളും പ്രത്യേകമായി ശേഖരിക്കപ്പെടുന്ന ഗ്രന്ഥാലയങ്ങൾ ഇടങ്ങുന്നതുകൊണ്ട് നാട്ടിൻപ്രദേശങ്ങളിൽ സഹകരണ വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ കഴിയുമെന്ന ഞങ്ങൾക്ക തോന്നുന്നു. അപ്രകാരമുള്ള സ്ഥാപനങ്ങളുടെ വളർച്ചയെ സഹായിക്കുന്നതിന അവയിൽ അർഹിക്കുന്നവയ്ക്ക ഗവണ്മെൻറിൽനിന്നും ഗ്രാൻറുകൊടുക്കേണ്ടതു ആവശ്യമാണ്. അതിനാൽ ഈ ആവശ്യത്തിലേക്കെന്ന പ്രത്യേകമായി ഒരുതുക ഗവണ്മെൻറിൽനിന്നും രജിസ്ത്രാറെ ഏല്പിക്കേണ്ടതാണെന്ന ഞങ്ങൾ നിർദ്ദേശിക്കുന്നു.

സഞ്ചാരപ്പടിയും തഞ്ചിലവും.

൪൭. രജിസ്ത്രാർക്ക ൪൫൦൦-രൂപ ഞങ്ങൾ മാററിവച്ചിട്ടുണ്ട്. അസിസ്റ്റൻറ രജിസ്ത്രാറന്മാർക്ക സ്ഥിര സഞ്ചാരപ്പടിയായി പ്രതിമാസം ൧൫ രൂപായും ഇൻസ്പെക്ടറന്മാർക്ക ഇപ്പോഴുള്ളതുപോലെ ൩൦ രൂപായും കൊടുക്കേണ്ടതാണ്. ഈ കണക്കിൽ അവധികാലത്തേക്കവേണ്ടി വരുന്ന അധികച്ചിലവു ഞങ്ങൾ കൂട്ടിയിട്ടില്ല. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിഷ്കാരപദ്ധതിയനുസരിച്ചു രജിസ്ത്രാർക്ക സഞ്ചാരം കൂടിവരുന്നതിനാൽ അദ്ദേഹത്തിന്റെ സഞ്ചാരപ്പടി കുറച്ചിട്ടില്ലാത്തതാകുന്നു. പരിഷ്കൃതപദ്ധതിയിൽ ഡിവിഷൻ ഉദ്യോഗസ്ഥന്മാരെ സങ്കല്പിച്ചിട്ടുണ്ടെങ്കിലും ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ളപുതിയ പ്രവർത്തനമാർഗ്ഗങ്ങളിൽ രജിസ്ത്രാരുടെ മേലന്വേഷണവും നേതൃത്വവും അപരിത്യാജ്യമാകയാൽ അദ്ദേഹത്തിന്റെ സർക്കീട്ടുജോലികൾ ഒട്ടും കുറക്കാവുന്നതല്ലെന്ന ഞങ്ങൾ വിചാരിക്കുന്നു. പൊതുജനങ്ങളുടെ സഹകരണത്തെ ക്ഷണിച്ചുകൊണ്ട് രജിസ്ത്രാർ എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതിനാൽ രജിസ്ത്രാരുടെ സഞ്ചാരപ്പടിയിൽ ഏതെങ്കിലും കുറവുവരുത്താൻ ഞങ്ങൾ മുതിരുന്നില്ല. തഞ്ചിലവിനങ്ങളിലേക്ക മൊത്തം ൫,൦൦൦ രൂപ നീക്കിവയ്ക്കേണ്ടതാണ്.

അധഃകൃതസംരക്ഷകന് അസിസ്ററൻറ രജിസ്ത്രാറന്മാരെപ്പോലെയുള്ള സിദ്ധികൾ ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന രാജ്യത്തുള്ള എല്ലാ അധഃകൃതവർഗ്ഗക്കാരുടെയും പിന്നോക്ക സമുദായക്കാരുടെയും സംഘങ്ങളുടെ ചുമതലയുണ്ടായിരിക്കേണ്ടതും ആണ്. ഇൻസ്റ്റിറ്റ്യൂട്ടിലേക്ക, അനുദ്യോഗസ്ഥജോലികൾക്കായി താഴെപറയുന്ന ഗ്രാൻറുകൾ ഞങ്ങൾ ശുപാർശചെയ്യുന്നു.

അനുദ്യോഗസ്ഥജോലികൾക്ക വേതനം.

൪൮. ഐക്യസംഘങ്ങളുടെ ചിലവു നടത്തുന്നതിലേക്ക ഇപ്പോഴുള്ള ൩,൫൦൦-രൂപായ്ക്ക പകരം ഇൻസ്റ്റിറ്റ്യൂട്ടിന ഗ്രാൻറ് രൂപ ൪൦,൧൦൦ } വാർഷികം

൨. ഇൻസ്റ്ററിറ്റ്യൂട്ടുകളും പരിശീലനക്ലാസുകളും മുതലായവ	൪,൦൦൦	വാർഷികം
(൧) ഇൻസ്പെക്ടർമാർക്കും സൂപ്പർവൈസർമാർക്കും		
(൨) സെക്രട്ടറിമാർക്ക്		
(൩). പ്രസിഡൻറന്മാർക്കും കമ്മിററിഅംഗങ്ങൾക്കും		
(൪) വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ഇടയിൽ പ്രചരണവേലയ്ക്കു		
൩. സഹകരണമാസികക്കും വായനശാലയ്ക്കും ഗ്രാൻറ്	൧,൦൦൦	
൪. കൺഫറൻസുകൾക്ക	൧,൦൦൦	
(൧) സമസ്തതിരുവിതാംകൂർ		
(൨) വാർഷികതാലൂക്ക കാൺഫറൻസുകൾ		
ആകെ	൨൩,൦൦൦	
൫. പ്രസിദ്ധീകരണത്തിനും പ്രചരണസാമഗ്രികൾക്കും (സ്ലൈഡുകൾ, പടങ്ങൾ മുതലായവ)	൧,൦൦൦	ആവർത്തിക്കുന്നതല്ല.

സാമ്പത്തികഫലം.

൧൫. (൧) ഈ നിർദ്ദേശങ്ങളിൽ രജിസ്ട്രാർക്കും അദ്ദേഹത്തിൻെറ സിൽബന്തികൾക്കും മാത്രമായി ആണ്ടിൽ ഉദ്ദേശം ൫൯,൦൦൦-രൂപ അധികച്ചെലവു അന്തർഭവിച്ചിട്ടുണ്ട്

ഞങ്ങൾ ആവശ്യപ്പെടുന്ന അധികച്ചെലവു വളരെ കൂടുതലെന്നോ ന്യായരഹിതമെന്നോ പറയാവുന്നതല്ല, തിരുവിതാംകൂർ സഹകരണത്തിനുവേണ്ടി താരതമ്യേന വളരെ കുറച്ചേചിലവുചെയ്യുന്നുള്ളു എന്നു താഴെ പട്ടികയിൽനിന്നും കാണാവുന്നതാണ്. ആളൊന്നിനു ശരാശരി ചിലവു ൪ അണ ൪ ൹ പൈസയെവരുന്നുള്ളു.

സംഘാംഗം ഒന്നിനുള്ള ചിലവിൻെറ താരതമ്യപ്പട്ടിക.

രാജ്യം പ്രാവിൻസു	സംഘങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	ഗവണ്മെൻറു ചിലവ്
ബാംബേ	൫൬൬൦	൫൮൫൩൫൫	൫൩൭൨൫൮
മദ്രാസ്	൧൩൮൫൩	൬൮൩൪൭൬	൮൬൩൦൦൦
മൈസൂർ	൨൧൬൦	൧൪൪൪൪൬൧	൧൩൨൦൦൦
കൊച്ചി	൨൫൩	൨൫൩൪൩	൨൦൦൦൦
തിരുവിതാംകൂർ	൧൭൬൩	൨൩൦൪൩൩	൩൩൦൦൦

(തുടർച്ച)

രാജ്യം പ്രൊവിൻസു	സംഘമൊന്നിനു ചിലവ്	അംഗമൊന്നിനു ചിലവ്		
		രു.	ണ.	പൈ.
ബാംബേ	൯൱'൩	൦	൧൧	൦
മദ്രാസ്	൭൩'൫	൧	൧	൭
മൈസൂർ	൱൦'൭൫	൦	൧൪	൯
കൊച്ചി	൭൨'൧	൦	൧൨	൫
തിരുവിതാംകൂർ	൩൫,൧	൦	൪	൪-൧/൨

ഇക്കാലത്തെ സമ്പൽക്ഷയത്തെ ആലോചിച്ചു ഞങ്ങൾ ഈ വിധം ശുപാർശ ചെയ്തിട്ടുള്ളതും ഡിപ്പാർട്ടുമെൻറ പരിഷ്കാരത്തെപ്പററിയുള്ള ഞങ്ങളുടെ നിർദ്ദേശങ്ങൾ വളരെ അടിയന്തിരമായിട്ടുള്ളവയാണെന്നും അവയെ ഈ രാജ്യത്തെ സഹകരണപ്രസ്ഥാനത്തിനു ഏററവും കാര്യക്ഷമവും തൃപ്തികരവുമായ പ്രവൃത്തനം സാധ്യമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇങ്ങനെ ശുപാർശ ചെയ്യുന്നതാണെന്നും ഞങ്ങൾക്കു പൂർണ്ണവിശ്വാസമുള്ളതാകുന്നു.

അദ്ധ്യായം ൧൨.

പരിഷ്കരിച്ചനിയമം

ചരിത്രം.

൧൦൮൯-ലെ ൧൦-ാംനമ്പരായ തിരുവിതാംകൂർ സഹകരണസംഘനിയമം ഏർപ്പെടുത്തിയതു ഗവണ്മെന്റിന്റെ എന്തെങ്കിലും മുൻ നടപടികളേയോ പരിചയങ്ങളേയോ ആസ്പദമാക്കിയല്ല. ബ്രിട്ടീഷിൻഡ്യയ്ക്കു കൊള്ളാവുന്ന ഏതും തിരുവിതാംകൂറിനും പററിയതാണെന്നുള്ള വിശ്വാസത്തിൽ ൧൯൧൨-ലെ ൨-ാംനമ്പർ ബ്രിട്ടീഷ് ഇൻഡ്യൻ നിയമത്തെ അടിസ്ഥാനമാക്കിയാണ് അതു പാസ്സാക്കപ്പെട്ടിട്ടുള്ളത്. ൧൯൧൨-നുശേഷം ബ്രിട്ടീഷിൻഡ്യയിൽ സഹകരണ പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധി സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിസ്തൃതമാകുന്നതിനും സംഘപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതായ നിയമം ഭേദപ്പെടുത്തുന്നതിനും കാരണമായി. പല സഹകരണ സമ്മേളനങ്ങളും സ്ഥാപനങ്ങളും പ്രസ്ഥാനത്തിൽ തല്പരന്മാരായിരുന്ന പല ഉദ്യോഗസ്ഥന്മാരും പല ഭേദഗതികളും നിർദ്ദേശിച്ചു. പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിനു ചുമതലക്കാരായിരുന്ന ഉദ്യോഗസ്ഥന്മാർക്കും നിയമത്തിൽ തക്കതായ ഭേദഗതികൾ വരുത്തേണ്ടതാണെന്നു തോന്നി. ൧൯൧൯-ൽ സഹകരണവിഷയം പ്രാദേശിക ഗവണ്മെന്റുകൾക്കു വിട്ടുകൊടുക്കപ്പെട്ടശേഷം പ്രാദേശിക ഗവണ്മെന്റുകൾ അതതു ദേശാവസ്ഥകൾക്കനുരൂപമായി നിയമം ഭേദപ്പെടുത്തിക്കൊണ്ടിരിക്കയാണ്. യുണൈറഡ് പ്രാവിൻസുകളിലെ ഓക്ക്ഡൻകമ്മിററിയും സെൻട്രൽപ്രാവിൻസുകളിലെ കിംഗ് കമ്മിററിയും ബങ്കാളിലെ ക്യാൻവെർട്ടുകമ്മിററിയും മദ്രാസിലെ ടൌൺസെന്റുകമ്മിററിയും എല്ലാംതന്നെ നിയമത്തിൽ സത്വരമായ ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ബർമ്മാ, ബാംബെ, മദ്രാസ് എന്നി സ്ഥലങ്ങളിൽ പ്രത്യേകനിയമങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നതും ആകുന്നു.

നിയമത്തിൽ ഭേദഗതിവരുത്തേണ്ട ആവശ്യം.

൨. ൧൦൮൯-ൽതുടങ്ങിയ ഈപ്രസ്ഥാനം തിരുവിതാംകൂറിൽ, വിശേഷിച്ചുസംഘങ്ങളുടേയും അവയിലെ അംഗങ്ങളുടേയും എണ്ണത്തിലും പ്രവർത്തനധോരണിയിലും വളരെ പുഷ്ടിപ്രാപിച്ചിട്ടുണ്ട്. പ്രസ്ഥാനത്തിന്റെ പ്രവർത്തനം കൂടുതൽ കൂടുതൽ വിഷമതരമായിവരികയും പൂർണ്ണങ്ങളായ നിയമവ്യവസ്ഥകളുടെയും അധികാരങ്ങളുടേയും ആവശ്യം വലുതായി തോന്നുകയും ചെയ്തിരിക്കുന്നു. സംഘങ്ങളെ സംബന്ധിച്ചുള്ള കേസുകൾ മജിസ്ട്രേട്ടുകോടതികളിലും സിവിൽകോടതികളിലും അപൂർവ്വമല്ല. ഈ നിയമം ൧൪-വർഷം പ്രയോഗത്തിലിരുന്നതിൽനിന്നുണ്ടായ അനുഭവത്തെ ആസ്പദമാക്കി ആവശ്യമെന്നുതോന്നിയ ഭേദഗതികളോടുകൂടി അതിനെ പുതുക്കണമെന്നു ൧൯൨൭-ൽതന്നെ അന്നത്തെ രജിസ്ട്രാർ മി: ആർ. വൈദ്യലിംഗംപിള്ള ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ അഭിപ്രായത്തിൽ വേണമെന്നുവിചാരിച്ചതായ ഭേദഗതികൾ ഉൾപ്പെടുത്തി ഒരു ഡ്രാഫ്ററ് ബിൽകൂടിയും ഗവണ്മെന്റിലേക്കു സമർപ്പിച്ചു. അതിനിടയ്ക്കു ൧൯൩൨-ലെ൬-ാംനമ്പർ മദ്രാസ് സഹകരണസംഘം ആക്ടും അതനുസരിച്ചു പുതുക്കപ്പെട്ട ചട്ടങ്ങളും, തത്തുല്യങ്ങളായ ഭേദഗതികൾ ഇവിടെ ആവശ്യമുണ്ടോ എന്നന്വേഷിച്ചുകൊണ്ടു, ഗവണ്മെന്റിൽനിന്നും രജിസ്ട്രാർക്ക് അയച്ചുകൊടുത്തു. അപ്പോഴേക്കും കമ്മിററിയെ നിയമിക്കാൻ തീർച്ചയാക്കുകയും, കമ്മിററിയുടെ റിപ്പോർട്ടിന്മേൽ ഉത്തരവുകൾ ഉണ്ടായശേഷം നിയമഭേദഗതിയെപ്പററി ആലോചിച്ചാൽ മതിയെന്നു ഗവണ്മെന്റ് ഉത്തരവുചെയ്കയും ചെയ്തു. ഏതായാലും ഇപ്പോഴത്തെ (൧൦൮൯-ലെ ൧൦-ാംനമ്പർ) റഗുലേഷന്റെ ഭേദഗതിയെപ്പററി ആലോചിച്ചു റിപ്പോർട്ടുസഹിതം ഒരു ഡ്രാഫ്ററ്ബിൽകൂടി സമർപ്പിക്കാൻ ഗവണ്മെന്റു ഈ കമ്മിററിയോടു ആവശ്യപ്പെടുകയും ചെയ്തു.

തദനുസരണം ഒരു ഡ്രാഫ്റ്റ്ബില്ലും ഒരു സെററ ഡ്രാഫ്റ്റ് ചട്ടങ്ങളും തയ്യാറാക്കി ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ളതാകുന്നു. ബില്ലും ചട്ടങ്ങളും ൧൯൨൫-ലെ ൭-ാംനമ്പരായ ബാംബെ സഹകരണ സംഘആക്ടും അതിൻപ്രകാരമുള്ള ചട്ടങ്ങളും ൧൯൩൨-ലെ ൬-ാംനമ്പർ മദ്രാസ് ആക്ടും ചട്ടങ്ങളും എന്നിവയെ നല്ലവണ്ണം അനുകരിക്കുന്നവയാണു്. ൧൯൨൭-ലെ ൬-ാം നമ്പരായ ബർമ്മയിലെ പുതിയനിയമത്തിലെ ചില ഭാഗങ്ങളും ആലോചിച്ചിട്ടുണ്ടു്.

പ്രാരംഭം.

൩. നിർദ്ദിഷ്ട ഭേദഗതിയിൽ സഹകരണം എന്ന പദത്തിന്റെ അർത്ഥം കൂടുതൽ വിശദമാക്കുന്നതിലേക്കായി പ്രാരംഭം കുറെ ദീർഘിപ്പിച്ചിട്ടുണ്ടു്. അതിലേക്കായി മിതവ്യയ പരിശീലനംമൂലം സുഖജീവിതം സാധിക്കാമെന്നും, സ്വാശ്രയം കൊണ്ടു വ്യാപാരകുശലതയുണ്ടാകുമെന്നും അന്യോന്യസഹായങ്ങൾ കൊണ്ടു സാധിഷ്ഠങ്ങളായ ഉല്പാദനമാർഗ്ഗങ്ങൾ പ്രാപ്തമാകുമെന്നും കാണിക്കുന്നതിനു കൂടുതൽ പദങ്ങൾ പ്രയോഗിച്ചിരിക്കുന്നു.

ബാദ്ധ്യതവ്യത്യാസം.

൪. പഴയ റെഗുലേഷൻപ്രകാരം ഒരു സംഘത്തിന്റെ ബാദ്ധ്യത ഭേദപ്പെടുത്താൻ പ്രയാസമായിരുന്നു; ഈ വിഷമം മദ്രാസ്നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പരിഹരിച്ചിരിക്കുന്നു.

ഒരു സംഘത്തിലെ അംഗങ്ങളുടെ കുറഞ്ഞസംഖ്യ വർദ്ധിപ്പിക്കുക.

൫. ഒരു സംഘത്തിലുണ്ടായിരിക്കാവുന്ന ചുരുങ്ങിയ അംഗങ്ങളുടെ സംഖ്യ ൭ എന്നാണു ഇപ്പോഴത്തെ നിയമം. ബ്രിട്ടീഷ് ഇൻഡ്യൻനിയമരീതിയിൽ വരുത്തുന്നതിലേക്കായി അതിനെ ൧൦ ആക്കി വർദ്ധിപ്പിച്ചിരിക്കുന്നു.

ഗവമ്മെൻറിലേക്കു് അപ്പീൽ.

൬. ഒരു സംഘം രജിസ്റ്റർചെയ്യാൻ നിഷേധിച്ചുകൊണ്ടുള്ള രജിസ്ത്രാരുടെ ഉത്തരവിന്മേൽ ഗവമ്മെൻറിലേക്കു അപ്പീൽകൊടുക്കാമെന്നു ഇപ്പോൾ ൧൦൮൯-ലെ ൧൦-ാം റെഗുലേഷനെ തുടർന്നുള്ള ചട്ടങ്ങളിൽ ചെയ്തിട്ടുള്ള വ്യവസ്ഥ, മദ്രാസ് നിയമത്തെ അനുകരിച്ചു റെഗുലേഷനിൽ തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു.

രജിസ്ത്രാർ സ്വയമായി നിബന്ധന ഭേദഗതി ചെയ്യുക.

൭. ഏതെങ്കിലും ഒരു സംഘത്തിന്റെ നിബന്ധനകളിൽ ഉള്ള അനാരോഗ്യകരമായോ അപ്രായോഗികമോ ആയ ഒരു വ്യവസ്ഥ സംഘത്തിന്റെ യഥാർത്ഥനന്മയ്ക്കോ പ്രാഥമിക സഹകരണ തത്വങ്ങൾക്കോ വിരുദ്ധമായിരുന്നാൽ പോലും പൊതുയോഗം ശുപാർശചെയ്തയച്ചാൽ അല്ലാതെ ഭേദപ്പെടുത്താൻ ഇപ്പോൾ സാദ്ധ്യമല്ല. അപ്രകാരമുള്ള ഭേദഗതികൾ പൊതുയോഗം പാസ്സാക്കുന്ന വിഷയത്തിൽ വലിയ വിഷമങ്ങൾ ഉണ്ടാകാറുണ്ടു്. വിശേഷിച്ചും സംഘം ഉദ്യോഗസ്ഥന്മാർ ആ നിബന്ധന വച്ചുകൊണ്ടിരിക്കുന്നതിൽ താല്പര്യമുള്ളവരായിരിക്കുമ്പോൾ അധികം വിഷമമാണു്. അതിനാൽ ഭേദഗതി വരുത്തുന്നതിനു തുടരെചെയ്ത ശ്രമങ്ങൾ ഫലിക്കുന്നില്ലെന്നു രജിസ്ത്രാർക്കു ബോദ്ധ്യമായാൽ ഏതെങ്കിലുംസംഘത്തിന്റെ ഏതെങ്കിലും നിബന്ധന സ്വമേധയായി ഭേദപ്പെടുത്താൻ ബില്ലിൽ രജിസ്ത്രാർക്കു അധികാരം നൽകിയിരിക്കുന്നു.

വാർഷികപൊതുയോഗം നിബന്ധിതമാക്കിയിരിക്കുന്നു.

൮. വാർഷികപൊതുയോഗമോ വിശേഷാൽ പൊതുയോഗമോ കൂടുന്നതിനു ഒരു സംഘത്തിനു ഇപ്പോൾ നിയമനിർബന്ധം ഇല്ല. അതിനാൽ അപ്രകാരമുള്ള യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനു നിബന്ധനകളിലുള്ള വ്യവസ്ഥകൾക്കു പകരമായി അതു ഒരു നൈയാമിക കൃത്യം ആക്കിത്തീർത്തിരിക്കുന്നു.

പേരുമാററം.

൯. പഴയ റഗുലേഷനിൽ ഒരു സംഘത്തിന്റെ പേരുമാററുന്നതിനു വ്യവസ്ഥയുണ്ടായിരുന്നില്ല. എന്തെങ്കിലും പേരുമാററം വേണമെങ്കിൽ നിബന്ധന ഭേദഗതി ചെയ്യേണ്ടി വരികയായിരുന്നു; അതു സാദ്ധ്യമാകുമായിരുന്നുമില്ല. ഇതിലേയ്ക്കു ഒരു വ്യവസ്ഥ പുതിയ റഗുലേഷൻ ചെയ്തിട്ടുണ്ട്.

സംഘങ്ങളുടെ വിഭജനവും സംയോജനവും.

൧൦. ഒരു സംഘത്തെ രണ്ടായി വിഭജിക്കയോ രണ്ടു സംഘങ്ങളെ ഒരുമിച്ചു ചേർക്കയോ ഇപ്പോഴത്തെ റഗുലേഷൻ പ്രകാരം അസാദ്ധ്യമാണ്. യഥാർത്ഥത്തിൽ വിഭജിക്കുന്നതിനുമുമ്പു സംഘം പിരിച്ചുവിടേണ്ടതായി വരുന്നിരുന്നു. വിഭജനത്തിനും സംയോജനത്തിനും പുതിയ ബില്ലിൽ അനുസരിച്ചു സൌകര്യം ചെയ്തിട്ടുണ്ട്. വിസ്തൃതമായ പ്രവർത്തനപരിധികൊണ്ടും അമിതമായ അംഗസംഖ്യകൊണ്ടും ഇപ്പോഴുള്ള പലതരം സംഘങ്ങൾ ദുർഭരങ്ങളായി തീർന്നിട്ടുള്ളതിനാൽ വിഭജനത്തിന്റെ ആവശ്യം രൂക്ഷമായിതീർന്നിട്ടുണ്ട്.

ഒരാളിനു ഒരു വോട്ട്.

൧൧. ഇപ്പോഴത്തെ റഗുലേഷനിൽ ഒരാൾക്കു ഒരു വോട്ട് എന്ന തത്വം പരിമിതബാദ്ധ്യതയിലുള്ള സംഘങ്ങളെ മാത്രമേ സംബന്ധിക്കുന്നുള്ളു. "സംഘടനയുടെ ജനകീയമായിരിക്കണമെന്നും അതിലേയ്ക്കു ഓരോ അംഗത്തിനും പൊതുയോഗത്തിൽ ഓരോ വോട്ടല്ലാതെ കൂടുതൽ ഉണ്ടായിരിക്കരുതെ"ന്നും ൧൯൧൫-ൽ ഇൻഡ്യൻ കോഓപ്പറേറ്റീവ് കമ്മററി ശുപാർശചെയ്തിട്ടുണ്ട്". തുല്യവോട്ടു നിയമമാണു സഹകരണത്തെ പങ്കാളിത്തകമ്പനികളിൽ നിന്നും വ്യത്യാസപ്പെടുത്തുന്നതു. സഹകരണത്തിന്റെ മൂലതത്വമായി എല്ലാ രാജ്യങ്ങളിലും അംഗീകരിക്കപ്പെട്ടിരിക്കുന്ന ഈ സിദ്ധാന്തം പ്രസ്തുതവകുപ്പിൽ എല്ലാതരം സംഘങ്ങളേയും സംബന്ധിക്കുന്നതാക്കിയിരിക്കുന്നു.

ആഡിററുഫീസു പിരിക്കുന്നതിനു വ്യവസ്ഥ.

൧൨. ആഡിററ് ഈ പ്രസ്ഥാനത്തിന്റെ ആശയസ്ഥാനമായിരിക്കുന്നതും അതിനെ പ്രയോജനകരമാക്കാൻ ബില്ലിൽ ചെറിയ ഭേദഗതികൾ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആഡിററിനെ സംബന്ധിച്ച ചിലവുകൾ വരുത്തിക്കൂടാ എന്ന സങ്കല്പത്തെ നിയമത്തിൽ ഒരു വ്യവസ്ഥയുണ്ട്. ഇതു ൧൯൦൪-ലെ ആദ്യബ്രിട്ടീഷിൻഡ്യൻ ആക്ററിനെ അനുകരിച്ചുള്ളതാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ ൧൯൧൨-ൽ നിയമം ഭേദപ്പെടുത്തിയപ്പോൾ ഇതു എടുത്തുകളഞ്ഞു. കമ്പനിനിയമപ്രകാരം ശരിയായി ആഡിററുചെയ്യിക്കേണ്ടതാരം കമ്പനികൾക്കു തന്നെയാണ്. സഹകരണസംഘങ്ങളുടെ വിഷയത്തിൽ ഈ ചുമതല ഗവണ്മെന്റ എടുത്തിരിക്കുന്നതും എല്ലാ സംഘങ്ങളേയും ആണ്ടിലൊരിക്കൽ രജിസ്ട്രാർ ആഡിററുചെയ്യുകയോ ചെയ്യിക്കയോ ചെയ്യേണ്ടതും ആകുന്നു. സഹകരണസംഘങ്ങൾ പൊതുനന്മക്കായുള്ള സ്ഥാപനങ്ങളാണ്. ഗവണ്മെന്റിൽനിന്നു ആഡിററു നടത്തിക്കുന്നു എങ്കിലും ശേഷിയുള്ള സംഘങ്ങൾ അതിന്റെ ചിലവുവീതം കൊടുക്കാൻ ആവശ്യപ്പെടുന്നതിൽ അനൌചിത്യമില്ലാത്തതാണ്. ഇതിലേക്കു രൂപീകരിക്കേണ്ട ചട്ടങ്ങളിൽ ഫീസിന്റെ നിരക്കുകൾ നിർണ്ണയിക്കേണ്ടതാണ്.

സഹകരണ ആഡിററിനുള്ള പ്രത്യേക നൈയാമിക നിർബന്ധങ്ങൾക്കു പുറമെ നീക്കിയിരുപ്പു പണങ്ങളും പററു ഉറപ്പുപത്രങ്ങളും ഒത്തുനോക്കണമെന്നും ചട്ടം ൧൯.൦ വകുപ്പിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. സംഘം ഉദ്യോഗസ്ഥന്മാരെ ആവശ്യപ്പെട്ടുവരുത്തുന്നതിനും റിക്കാർട്ടുകൾ ഹാജരാക്കിക്കുന്നതിനും ആഡിററന്മാർക്കു അധികാരങ്ങൾ നൽകാൻ പുതിയ ബിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആഡിററർ അയാളുടെ ജോലി ശരിയായി ചെയ്യാൻ കഴിയുമാറ് റഗുലേഷന്റെ പ്രവർത്തനത്തിനു ഈ അധികാരങ്ങൾ അത്യന്തം ആവ

ശ്യമാണെന്നു കണ്ടിരിക്കുന്നു. ആഡിററിന്റെ പ്രധാന ഉദ്ദേശങ്ങൾ കളവുകളും തെററുകളും കണ്ടുപിടിക്കുകയാണു്. കളവുകൾ പ്രവർത്തിച്ചിട്ടുള്ള സ്ഥലങ്ങളിൽ പലപ്പോഴും റിക്കാർട്ടുകളോ സംഘം ഉദ്യോഗസ്ഥന്മാരൊ കണ്ടുകിട്ടാൻ വിഷമമായി തീർന്നിട്ടുണ്ടു്. ഇംഗ്ലണ്ടിൽ ആഡിററിനു ആവശ്യമുള്ള വിവരം ഒരു ഉദ്യോഗസ്ഥൻ നൽകാതിരിക്കുന്നതു ഇൻഡസ്ട്രിയൽ പ്രോവിഡൻറ സൊസൈററീസ് ആക്ററനുസരിച്ചു കുററകരമാക്കപ്പെട്ടിട്ടുണ്ടു്. ഈ രീതിയിൽ ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള ഒരു വ്യവസ്ഥയുടെ ആവശ്യം സുവിദിതകാരണങ്ങളാൽ സ്പഷ്ടമാകുന്നതാണു്.

അവകാശം ബാദ്ധ്യതയാക്കുക.

൫൬. ഒരു അംഗത്തിൽനിന്നും ഈടാക്കേണ്ട മുതലുകളെ സംബന്ധിച്ചു സംഘത്തിനു ഒരു അവകാശവും മുൻഗണനയും മാത്രമെ ഇപ്പോഴത്തെ നിയമം നൽകുന്നുള്ളു. ഏതെങ്കിലും ഒരു വിളവു് ഏതെങ്കിലും ഒരു വായ്പകൊണ്ടു ഉറക്കപ്പെട്ടിട്ടുള്ളതാണെന്നു തെളിയിക്കാനുള്ള വിഷമം കൊണ്ടും, സംഘംകൂടി ഒരു ഡിക്രി സമ്പാദിച്ചിട്ടില്ലാത്തപക്ഷം അന്യനായ ഒരു ഡിക്രി ഉടമസ്ഥൻ സംഘത്തേക്കാൾ മുമ്പു ഒരു വിളവു ജപ്തിചെയ്യാമെന്നു കൽക്കട്ടാ ഹൈക്കോർട്ടിൽ അപ്പീൽക്കാരനും സബസ്പൂർ കോവപ്പറേറീവ് ബാങ്കുമായുള്ള കേസിലെ(൪൯ കല്ക്കട്ടാ ൧൧) വിധിപ്രകാരം അനുവദിച്ചിരിക്കുന്നതുകൊണ്ടും ഇപ്പോഴത്തെ വ്യവസ്ഥവളരെ പ്രയോഗവൈഷമ്യമുള്ളതാണു്. ഈ ഏർപ്പാടു മാററുന്നതിനു പുതിയ നിയമത്തിൽ സംഘത്തിന്റെ പ്രഥമാവകാശം ഏതു വസ്തുവിന്മേൽവേണ്ടി വായ്പകൊടുത്തോ ആ വസ്തുവിൽ ഒരു ബാദ്ധ്യതയായിരിക്കുന്നതാണെന്നു സ്പഷ്ടമായി വിവരിച്ചിരിക്കണമെന്നു ഇൻഡ്യൻ കോവാപ്പറേററിവ് കമ്മിററി ശുപാർശ ചെയ്തിട്ടുണ്ടു്. ഇതനുസരിച്ചു സംഘത്തിലെ വായ്പകൊണ്ടു സമ്പാദിച്ച ഒരു സ്വത്തിൽ സംഘത്തിനുള്ള അവകാശം ഒരു ആദ്യബാദ്ധ്യതയായിരിക്കുമെന്നു ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നു. ബില്ലിലെ ഉപവകുപ്പു ഉത്തമവിശ്വാസത്തോടുകൂടിയ ഇടപാടുകളെ സംരക്ഷിക്കുന്നുണ്ടു്.

മരിച്ചുപോയ അംഗത്തിന്റെ വസ്തുവിന്മേലുള്ള ബാദ്ധ്യത.

൫൭. മുമ്പു മെമ്പറായിരുന്ന ഒരാളിനുള്ള ചുമതലകളോടൊപ്പം മരിച്ചുപോയ ഒരു സംഘാംഗത്തിന്റെ വസ്തുക്കളും ബാദ്ധ്യതപ്പെട്ടിരിക്കുന്നതായി ബില്ലിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു.

പകർപ്പുകൾ അനുവദിക്കുക.

൫൮. വലിയ അർബൻബാങ്കുകളൊ സെൻട്രൽബാങ്കുകളൊ കക്ഷികളായിട്ടുള്ള എല്ലാ നിയമവ്യവഹാരങ്ങളിലും അവയിലെ ഉദ്യോഗസ്ഥന്മാരോ റിക്കാർട്ടുകളോ കോട്ടിൽ ഹാജരാക്കേണ്ടതായോ ഹാജരാക്കേണ്ടതായോ വരുന്നപക്ഷം ജോലിക്കു തടസ്സങ്ങൾ നേരിടാതെ ഇരിക്കുന്നതിലേക്കായി ഒരു വകുപ്പുകൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

തടങ്കലും വിൽപ്പനയും—ഉപാധികമായ ജപ്തി.

൫൯. ധനസംഘങ്ങളിലെ കുടിശിഖകൾ ഭയങ്കരമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കമ്മററിക്കാർതന്നെയും കുടിശിഖക്കാറാകയും തൻമൂലം മററു അംഗങ്ങൾ കുടിശിഖക്കാറാകാൻ അനുവദിക്കപ്പെടുകയും ചെയ്യുന്നു. കുടിശിഖയായിട്ടുള്ള തവണകൾ ജംഗമങ്ങൾ തടങ്കൽ ചെയ്തു വിററു ഈടാക്കുന്നതിനു റജിസ്ട്രാറെയോ റജിസ്ട്രാർ നിയോഗിക്കുന്ന മററു ഉദ്യോഗസ്ഥനെയോ അധികാരപ്പെടുത്തണമെന്നു നിർദ്ദേശിച്ചിരിക്കുന്നു.

ഊർജ്ജിതമായ മദ്ധ്യസ്ഥ നടപടിക്കും ഉപാധികമായ വസ്തുജപ്തിക്കും വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്.

നികുതിസൌജന്യങ്ങൾ.

൮൭. ആദായനികുതി, സ്റ്റാമ്പുഡ്യൂട്ടി, രജിസ്ട്രേഷൻഫീസ് ഇവയിൽ നിന്നും സഹകരണസംഘങ്ങളെ ഒഴിവാക്കി അനുവദിച്ചിട്ടുള്ള സൌജന്യങ്ങൾക്കു പുറമെ മുനിസിപ്പൽനികുതി കോർട്ടുഫീസ് എന്നിവയും കൂടി സൌജന്യം ചെയ്യുന്നതിനു ബില്ലിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സൌജന്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു ഈ വിഷയത്തിൽ ഒട്ടേറെ അഭിപ്രായങ്ങൾ കമ്മിററിക്കു ലഭിച്ചിട്ടുണ്ട്.

ഗവണ്മെൻറുസഹായം.

൮൮. ബോംബെയിലേയും മദ്രാസിലേയും നിയമങ്ങളെ അനുകരിച്ചു സംഘങ്ങൾക്കു ഗവണ്മെൻറുസഹായം നൈയാമികമാക്കുന്നതായി ഒരു പുതിയ വകുപ്പും ചേർത്തിട്ടുണ്ട്. എല്ലാ രാജ്യങ്ങളും ഗവണ്മെൻറുസഹായത്തിൻെറ തത്വം സ്വീകരിച്ചിട്ടുണ്ട്. സംഘങ്ങൾക്കു കടംകൊടുപ്പാൻ ഗവണ്മെൻറിനെ നിർബന്ധിക്കുന്നില്ലെങ്കിലും അപ്രകാരം ചെയ്യുന്നതിനു ഗവണ്മെൻറിനു അധികാരം നൽകിയിരിക്കുന്നതും അയച്ചു വിശേഷവിധിയായ സംഗതികളിൽ സംഘങ്ങളെ സഹായിക്കാൻ ഗവണ്മെൻറിനുള്ള അനുഗ്രഹത്തെ സൂചിപ്പിക്കുകമാത്രമാണ് ചെയ്യുന്നതെന്നു പറയാവുന്നതും ആണ്.

നിക്ഷേപകന്മാർക്കു വായ്പകൾ.

൮൯. ഒരു നിക്ഷേപകനു വായ്പകൾ കൊടുക്കുന്നതിനു അനുവദിച്ചിരിക്കുന്നു.

ലാഭവീതത്തിൻെറ പരിമിതി.

൯൦. ഒരു പുതിയ വകുപ്പുമൂലം ലാഭവീതത്തിനു ഒരു പരിധി നൽകിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. സ്വകാര്യ ലാഭത്തിനുവേണ്ടി സഹകരണം അവഗണിക്കപ്പെടാതെ ഇരിക്കുന്നതിനു എല്ലാ സാധാരണസംഗതികളിലും ഒരു പരമാവധി നിശ്ചയിക്കണമെന്നു ഇൻഡ്യൻ സഹകരണക്കമ്മററി ചെയ്തിട്ടുള്ള ശുപാർശപ്രകാരം ഇങ്ങിനെ ചെയ്തിട്ടുള്ളതാണ്.

കരുതൽധനം.

൯൧. ബാംബെ ആക്ററിൻെറരീതിയിൽ കരുതൽധനം രൂപീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഒരു പ്രത്യേകവകുപ്പു നിർദ്ദേശിച്ചിരിക്കുന്നു. ഇപ്പോഴത്തെ റഗുലേഷനിൽ ഈ വിഷയം ചട്ടങ്ങൾക്കും പ്രത്യേകനിബന്ധനകൾക്കും ആയി വിട്ടുകൊടുത്തിരിക്കുന്നു. കരുതൽധനസമുച്ചയനത്തിൻെറ ഉദ്ദേശം സംഘത്തിനു കുറേക്കൂടി നല്ല വ്യവസ്ഥകളിൽ കടംവാങ്ങാനും ഏതെങ്കിലും ഒരു അംശം വരുത്തുന്ന തെററുനിമിത്തമുണ്ടാകുന്നതോ സംഘത്തിൻെറ പ്രവൃത്തനത്തിൽ അവിചാരിതമായി നേരിടുന്നതോ ആയ നഷ്ടങ്ങൾ പരിഹരിക്കുന്നതിനും ആണ്. എല്ലാററിനും ഉപരിയായി കരുതൽധനം ഒരു സംഘത്തിൻെറ അചഞ്ചല് ധനസ്ഥിതിയ്ക്കുള്ള പ്രധാന സംഗതികളിൽ ഒന്നായിരിക്കുന്നതുമാണ്. ക്ലിപ്തബാദ്ധ്യതയോടുകൂടിയ സംഘങ്ങളിൽ ശുദ്ധലാഭത്തിൻെറ നാലിലൊന്നിൽ കുറയാത്തതും ക്ലിപ്തരഹിതസംഘങ്ങളിൽ അവയുടെ കരുതൽധനവും ഓഹരിമുതലും കഴിച്ചുള്ള ബാദ്ധ്യതകളിൽ ഒന്നുപകുതിയാകുന്നതുവരെ ലാഭത്തിൽ ഒന്നുപകുതിയും അതിൻെറശേഷം മൂന്നിലൊന്നും കരുതൽധനത്തിലേക്കു അടയ്ക്കണമെന്നു ഇപ്പോഴത്തെ നിയമം വ്യവസ്ഥചെയ്യുന്നു. ഈ വ്യവസ്ഥ അസംഖ്യം സംഘങ്ങൾ അനുസരിച്ചുവരുന്നു എങ്കിലും ഈ നിരക്കുകൾ വളരെ അസൌകര്യപ്രദമാണെന്നു അനുഭവംകൊണ്ടു കണ്ടിരിക്കുന്നു. ബില്ലിൽ അതിനാൽ ഈ ഇനത്തിലേക്കു ചേർക്കപ്പെടേണ്ട ലാഭാംശം കുറച്ചിട്ടുണ്ട്. കരുതൽധനത്തിൻെറ വിനിയോഗത്തെപ്പററിയുള്ള വിരുദ്ധാഭിപ്രായങ്ങളും

ഷം,' അതിലെയ്ക്കും സുനിശ്ചിതവ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഒരു സംഘത്തിന്റെ വ്യാപാരത്തിൽ ഉപയോഗിക്കുന്നതിനും കെട്ടിടനിർമ്മാണം മുതലായി റജിസ്ട്രാർ അനുവദിക്കുന്ന ആവശ്യങ്ങൾക്ക ചിലവാക്കാനും അനുവദിക്കപ്പെട്ടിരിക്കുന്നു.

ലാഭവിഭജനം.

൨൨. സംഘത്തിന്റെ ലാഭവിഭജനം മറെറാരു പുതിയ വകുപ്പിനാൽ അനുവദിക്കപ്പെട്ടിരിക്കുന്നു. ലാഭവീതം ഈടായ ലാഭത്തിൽനിന്നല്ലാതെ മൂലധനത്തിൽനിന്നു കൊടുക്കുന്നതിനെ തടയുന്നതിനായി അതിലേക്ക റജിസ്ട്രാരുടെ അനുവാദം നിർബന്ധിതമാക്കിയിരിക്കുന്നു.

പ്രോവിഡൻറുഫണ്ട്.

൨൩. സംഘാംഗങ്ങൾക്കുവേണ്ടി പ്രാവിഡൻറുഫണ്ട് രൂപീകരിക്കുന്നതിനു നിയമം അനുവദിച്ചിരിക്കുന്നു. ഈ പുതിയ വകുപ്പ പ്രാവിഡൻറുഫണ്ട് ഏർപ്പാട്ട പ്രചാരപ്പെടുത്താൻവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാകുന്നു.

പൊതുനന്മഫണ്ടു.

൨൪. ഇപ്പോഴത്തെ നിയമപ്രകാരം പൊതുനന്മ ആവശ്യങ്ങൾക്കായി ലാഭവിഭജനം ചെയ്യുന്നതിനു വ്യവസ്ഥയില്ല. എന്നാൽ റഗുലേഷനെ തുടർന്നുള്ള ചട്ടങ്ങളിൽ ഇതിനു വ്യവസ്ഥ ചെയ്തിട്ടും ഉണ്ട്. ൧൯൧൨-ലെ ബ്രിട്ടീഷ്ഇൻഡ്യൻനിയമത്തിൽ ഈ വിധം വ്യവസ്ഥയുണ്ടായിരുന്നു. പുതിയവകുപ്പ് അടിയിൽപറയുന്ന, ഇൻഡ്യൻ കോവാപ്പറേററിവ് കമ്മററിയുടെ അഭിപ്രായഫലമായി കൂട്ടുതൽ ചേർത്തിട്ടുള്ളതാണ്.

"നേരിട്ടുണ്ടാകുന്ന പ്രയോജനങ്ങൾക്കൂടാതെ മററു പ്രയോജനങ്ങളും മിച്ചമുള്ള ലാഭം പൊതുജനോപകാരാർത്ഥം വിനിയോഗിക്കുന്നതിൽനിന്നു ചിലപ്പോഴെല്ലാം ഉണ്ടാകുന്നതാണ്, ഈവക പ്രവൃത്തികൾ പ്രസ്ഥാനത്തോടു പൊതുജനങ്ങൾക്കുള്ള പ്രതിപത്തി വളരുന്നതിനു സഹായിക്കുന്നതാണ്".

മാററിനിയമിക്കാനുള്ള അധികാരം.

൨൫. അന്വേഷണങ്ങളും പരിശോധനകളും നടത്തുമ്പോൾ റജിസ്ട്രാർക്കുണ്ടായിരിക്കേണ്ട അധികാരങ്ങൾ മദ്രാസ്നിയമത്തോടു തുല്യമായ ഒരുപുതിയവകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട കമ്മിററികളാൽ സംഘങ്ങൾ ഭരിക്കപ്പെടേണ്ടതാണെന്നുള്ള വിഷയത്തിൽ റഗുലേഷന്റെ പ്രവർത്തനത്തിൽ പലകുറവുകളും പ്രത്യക്ഷമായിട്ടുള്ളതും ദുർഭരണത്തിന്റെ ദൂഷിതോദാഹരണങ്ങൾ വെളിപ്പെട്ടിട്ടുള്ളതും ആയവ ഡിപ്പാർട്ടുമെന്റിന്റെ സർവോപായങ്ങളും പ്രയോഗിച്ചിട്ടും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. ഉദ്യോഗസ്ഥരായ കമ്മററിക്കാർ സംഘങ്ങളെ സ്വാധീനപ്പെടുത്തി വളരെ കൊല്ലം തുടരെ ദുർഭരണം നടത്തിയിട്ടുള്ള ഉദാഹരണങ്ങൾ അപൂർവമല്ല. ഈപ്രകാരമുള്ള സംഘങ്ങളിലെ കാര്യാദികൾ ശരിയാക്കാൻ ഇപ്പോഴുള്ള നിയമം റജിസ്ട്രാർക്ക സൌകര്യം നല്കുന്നില്ല. അതിനാൽ അങ്ങിനെയുള്ള സംഘങ്ങളിലെ ദൂഷിച്ച കമ്മററികളെ മാററുന്നതിനു റജിസ്ട്രാർക്ക അടിയന്തിരാധികാരങ്ങൾ കൊടുക്കേണ്ട നിശിതമായ ആവശ്യം നേരിട്ടിരിക്കുന്നു. അതിനാൽ ഈ ആവശ്യത്തിലേക്ക മദ്രാസ്നിയമത്തെപ്പോലെ അനുരൂപങ്ങളായ വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇടപാടു തീർപ്പുകാരനു ജപ്തിയും വിൽപനയുംനടത്താൻ അധികാരം.

൨൬. പുതിയ ൫൪-ാംവകുപ്പുപ്രകാരം ഇടപാടുതീർപ്പുകാരനു ജപ്തിയും വിൽപനയും അധികാരം നൽകിയിരിക്കുന്നു. തക്കസംഗതികൾ മദ്ധ്യസ്ഥതീരുമാനത്തിന്

അയയ്ക്കാനും അവകാശങ്ങൾ കൊടുത്തുതീക്കാനും അയാളെ അധികാരപ്പെടുത്തിയിരിക്കുന്നു. ഈടാക്കേണ്ടതായി ഇടപാടുതീർപ്പുകാറൻ ഉത്തരവുചെയ്തിട്ടുള്ള എല്ലാ സംഖ്യകളും പുതിയ വകുപ്പനുസരിച്ചു കരക്കുടിശിഖപോലെ ഈടാക്കാവുന്നതും ഇടപാടുതീർപ്പുകാറന്റെ ഉത്തരവിന്മേൽ അപ്പീലിനുള്ള വ്യവസ്ഥ ചെയ്തിട്ടുള്ളതും ആകുന്നു.

സിവിൽ വ്യവഹാരങ്ങൾക്കു കാലഹരണം.

൨൭. സഹകരണനിയമനിർമ്മിതിയുടെ പ്രധാനലക്ഷണം ലാളിത്യവും ആയാസ്യതയും ആയിരിക്കണമെന്നും, നീതിന്യായകോടതികളിലുള്ള വ്യവഹാരങ്ങൾ പാടെ നിരോധിക്കപ്പെടണമെന്നും ഉള്ള തത്വപ്രകാരം ഒരു സംഘം പിരിച്ചുവിടുന്നതിനെ സംബന്ധിച്ച യാതൊരു കാര്യത്തിലും ഒരു സിവിൽകോടതിക്കും അധികാരം വിട്ടുകൊടുത്തിട്ടില്ലെന്നു വിശദമാക്കുന്നതിലേക്കായി ഒരു പുതിയ വകുപ്പു ചമച്ചിട്ടുണ്ട്. സംഘത്തിന്റെ ജോലിയെ സംബന്ധിച്ചു സംഘാംഗങ്ങൾ തമ്മിലോ സംഘവും അംഗങ്ങളും തമ്മിലൊ ഉണ്ടാകുന്ന തക്കങ്ങളെസംബന്ധിച്ച എല്ലാനടപടികളും റഗുലേഷൻപ്രകാരം തീർച്ചചെയ്യപ്പെടണമെന്നും സിവിൽകോടതികൾക്കു ഇടപെടാൻ അധികാരമില്ലെന്നും മറ്റൊരു വകുപ്പുകൊണ്ടു വ്യക്തപ്പെടുത്തിയിരിക്കുന്നു. അതിന്റെ ഉദ്ദേശം വ്യവഹാരത്തിലുണ്ടാകാവുന്ന അനിശ്ചിതകാലതാമസം ഇല്ലാതാക്കണമെന്നും സഹകരണസംഘങ്ങളുടെ കാര്യ്യാദികൾ കോടതികളിൽ കൊണ്ടുപോകുന്നതിനെ നിരോധിക്കണമെന്നും ആണ്.

മിച്ചമുള്ള മുതലിന്റെ വിനിയോഗം.

൨൮. സംഘനിബന്ധനകളിൽ പ്രസ്താവിച്ചിട്ടുള്ള ഉദ്ദേശങ്ങൾ അനുസരിച്ചോ അങ്ങിനെ ഒന്നും പ്രസ്താവിച്ചിട്ടില്ലാത്തപക്ഷം സംഘം നിശ്ചയിക്കുന്ന പൊതുക്കാര്യ്യങ്ങൾക്കോ പാടുതീക്കപ്പെട്ട ഒരു സംഘത്തിന്റെ മുതൽ മിച്ചങ്ങൾ വിനിയോഗിക്കുന്നതിനു ഒരു പുതിയ വ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുന്നു.

സർചാർജ്ജും ജപ്തിയും.

൨൯. സർചാർജ്ജും ജപ്തിയും സംബന്ധിച്ചു പുതിയ വകുപ്പുകൾ നിർദ്ദേശിച്ചിരിക്കുന്നു. മദ്ധ്യസ്ഥതീരുമാനത്തെ സംബന്ധിച്ച മദ്രാസ് നിയമത്തിലുള്ള വ്യവസ്ഥകൾ അനുകരിച്ചതിൽ 'പ്രവൃത്തി' എന്നപദം എ. ഐ. ആർ. ൧൯൨൮ മദ്രാസ് ൭൮൨-ൽ അടങ്ങിയിട്ടുള്ള വിധിയനുസരിച്ചു ദീർഘമായി വിശദീകരിച്ചിട്ടുണ്ട്. മദ്രാസിലെയും ബോംബയിലെയും നിയമങ്ങളുടെ മാതൃകയിൽ ഒരു പ്രത്യേകവകുപ്പുമൂലം സിവിൽ കോടതികളുടെ അധികാരത്തെ സ്പഷ്ടമായി നിഷേധിച്ചിരിക്കുന്നു.

റവന്യൂകോടതികൾ മുഖാന്തിരം വിധിനടത്തു്.

൩൦. ഇപ്പോഴുള്ള സിവിൽപ്രൊസിഡ്യുവർ കോഡു വ്യവസ്ഥയനുസരിച്ചു അനിവാര്യങ്ങളായ കാലതാമസങ്ങളും ഒഴികഴിവുകളും, സമ്പാദിക്കപ്പെട്ട ഒരു വിധിയോ അവാർഡോ തീരെ ഫലശൂന്യമാക്കിത്തീക്കുന്നവയാകുന്നു എന്നു ഉൽബോധിപ്പിക്കുന്നതായ പൊതുജനാഭിപ്രായം ഒട്ടുവളരെയുണ്ടായിട്ടുണ്ട്. സിവിൽകോടതികൾ പലപ്പോഴും തെളിവിൽ അനാവശ്യമായ ഉപചാരങ്ങൾ നിർബന്ധിക്കുന്നു. അതിനാൽ റഗുലേഷൻപ്രകാരമുള്ള തീർപ്പുകളും എവാർഡുകളും കരക്കുടിശ്ശിഖ ഈടാക്കുന്നതിനു അനുവദിക്കപ്പെട്ടിട്ടുള്ള വിധം നിർബന്ധനടപടി നടത്തപ്പെടേണ്ടവയാകണമെന്നു സിദ്ധാന്തിച്ചിരിക്കുന്നു. അതുകൊണ്ടു ഇടപാടുതീർപ്പുകാറന്റെ ഉത്തരവുകളും രജിസ്ട്രാരുടേയോ അദ്ദേഹം നിയമിക്കുന്ന ആളിന്റെയോ മദ്ധ്യസ്ഥന്മാരുടെയോ ഉത്തരവുകൾ സിവിൽകോടതികളിൽ ആ കോടതികളിലെ ഡിക്രിയെന്നവണ്ണമോ, റവന്യൂകോഡിൽ കരക്കുടിശ്ശിഖ ഈടാക്കുന്ന നടപടികൾ അനുസരിച്ചോ നടത്തപ്പെടണമെന്നു വ്യവസ്ഥചെയ്യുന്നതു വിഹിതമായിരിക്കുമെന്നു വിചാരിച്ചിട്ടുള്ളതാണ്.

കുററങ്ങളും ശിക്ഷകളും.

൩൧. സംഘവും സംഘം ഉദ്യോഗസ്ഥന്മാരും പലേകാൎയ്യങ്ങളും ചെയ്യണമെന്നു ൧൦൮൯ലെ ൧൦-ാം റെഗുലേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിലേക്കുള്ള വ്യവസ്ഥകൾ അനുസരിക്കാതിരുന്നാൽ അതിന്മേലുള്ള നടപടികൾ നിൎണ്ണയിച്ചിരുന്നില്ല. ശിക്ഷകല്പിക്കപ്പെട്ടിരിക്കുന്ന ഒരേഒരുകുററം സഹകാരികളല്ലാത്തവർ സഹകരണം എന്നപദം ഉപയോഗപ്പെടുത്തുക എന്നതാണ്. ഇതിന്റെഫലം ഒരു വലിയ ഉദാസീനതയായിരുന്നു. അതിനാൽ മനഃപൂൎവ്വമായ ഉപേക്ഷ ഉദാസീനത അനുസരണയില്ലായ്മ മനഃപൂൎവ്വമായി കള്ളക്കണക്കുകൾ അയക്കുക, മനഃപൂൎവ്വമായി സമൺസുപ്രകാരം ഹാജരാകാതെയിരിക്കുക എന്നിവയെല്ലാം പുതിയ റെഗുലേഷൻപ്രകാരം കുററകരമാകുന്നതിനു നിൎദ്ദേശിച്ചിരിക്കുന്നു. ഈ കുററങ്ങൾ പൊലീസിനു എടുക്കത്തക്കതല്ലെന്നും, ഒരു ഒന്നാംക്ലാസു മജിസ്ട്രേട്ടുമാത്രമേ വിസ്തരിക്കാൻ പാടുള്ളു എന്നും നിൎദ്ദേശിച്ചിരിക്കുന്നതും നിരത്ഥരവാദിത്വത്തോടുകൂടിയ പ്രാസിക്യൂഷൻ തടയുന്നതിലേക്കു പൎയ്യാപ്തമായവിധം ഒരു പ്രാസിക്യൂഷൻ ആരംഭിക്കുന്നതിനു മുമ്പായി രജിസ്ട്രാരുടെ അനുവാദം വാങ്ങേണ്ടതാണെന്നു വ്യവസ്ഥചെയ്തിരിക്കുന്നതും ആണ്. മദ്രാസും ബാംബേയും നിയമങ്ങളെ അനുകരിച്ചാണു ഈ വ്യവസ്ഥകൾ ചെയ്തിരിക്കുന്നതു്.

ദേശാന്തര സംഘങ്ങൾ രജിസ്ററർചെയ്ക.

൩൨. എല്ലാ പ്രാവിൻസുകളെയും ഉൾപ്പെടുത്തിയുള്ള പ്രവൎത്തനങ്ങളോടുകൂടിയ സംഘങ്ങൾ തുടങ്ങുന്നതിനു ൧൯൩൪ ജനുവരിയിൽ ന്യൂഡെൽഹിയിൽ സമ്മേളിച്ച ഇൻഡ്യൻരജിസ്ട്രാർമ്മാരുടെ ൧൧-ാമത്തെ കാൺഫറൻസിലെ നിശ്ചയഫലമായി ഭാവിയിൽ നേരിടാവുന്ന ആവശ്യങ്ങൾ നിറവേററുന്നതിനു ഒരുപുതിയവകുപ്പു ചേൎക്കപ്പെട്ടിരിക്കുന്നു.

രജിസ്ട്രാർക്കു അറിയിപ്പ്.

൩൩. അംഗങ്ങളല്ലാത്തവർ സംഘങ്ങളെ നിൎബന്ധിച്ചു കോടതികയറുന്നതിൽ വച്ചുണ്ടാകുന്ന വ്യാവഹാരികദോഷങ്ങളെ പരിഹരിക്കുന്നതിനു മറെറാരുവകുപ്പു ചേൎത്തിട്ടുണ്ട്. ഈവകുപ്പനുസരിച്ചു രജിസ്ട്രാർക്കു ഇടപെടാൻ അവസരം ലഭിക്കുന്നു.

ഭേദപ്പെടുത്തിയ ചട്ടങ്ങൾ.

൩൪. കൂടുതൽ ചട്ടങ്ങൾ ഏൎപ്പെടുത്താൻ ഗവൺമെൻറിനു അധികാരം നൽകിയിരിക്കുന്നു: നിൎദ്ദേശിക്കപ്പെട്ടിട്ടുള്ള നിയമഭേദഗതികൾക്കു യോജിക്കത്തക്കവിധം പുതുക്കിയനക്കൽ ചട്ടങ്ങൾ ഞങ്ങൾ തയ്യാറാക്കി ഇതോടുചേൎത്തിട്ടുള്ളതും ആണ്.

ഡ്രാഫ്ററു ബിൽ.

റഗുലേഷന്റെ വിഷയസൂചി.

൧. ചുരുക്കപ്പേരും വ്യാപ്തിയും.
൨. അർത്ഥവിവരണം.
൩. രജിസ്ത്രാർ.
൪. രജിസ്റ്റർചെയ്യപ്പെടാവുന്ന സംഘങ്ങൾ.
൫. ബാദ്ധ്യത ക്ലിപ്തപ്പെടുത്തൽ.
൬. ക്ലിപ്തബാദ്ധ്യതയും ഓഹരിമൂലധനവും ഉള്ള സംഘത്തിലെ മെമ്പറന്മാരുടെ അവകാശനിയന്ത്രണം.
൭. രജിസ്റ്റർചെയ്യുന്നതിനുള്ള വ്യവസ്ഥകൾ.
൮. ചിലകാര്യങ്ങൾ തീർച്ചചെയ്യാൻ രജിസ്ത്രാർക്കുള്ള അധികാരം.
൯. രജിസ്ത്രാക്കാനുള്ള അപേക്ഷ.
൧൦. രജിസ്ത്രാക്കൽ
൧൧. രജിസ്ത്രാക്കിയതിനു തെളിവ്.
൧൨. രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ നിബന്ധന ഭേദപ്പെടുത്തുക.
൧൩. വാർഷിക പൊതുയോഗം.
൧൪. സ്പെഷ്യൽ പൊതുയോഗം.
൧൫. പേരുമാററം—അതിന്റെ ഫലം.
൧൬. സംഘങ്ങളെ വിഭജിക്കയും യോജിപ്പിക്കുകയും ചെയ്യൽ
൧൭. മെമ്പർ അടയ്ക്കേണ്ടസംഖ്യ അടയ്ക്കാതെ അധികാരം നടത്തിക്കൂടാത്തത്.
൧൮. മെമ്പറന്മാരുടെ വോട്ടുകൾ.
൧൯. ഓഹരിയോ അവകാശമോ കൈമാററം ചെയ്യുന്നതിലുള്ള നിയന്ത്രണങ്ങൾ.
൨൦. സംഘങ്ങളുടെ മേൽവിലാസം.
൨൧. റഗുലേഷൻ ചട്ടങ്ങൾ ബൈലാസുകൾ ഇവയുടെ പകർപ്പുകൾ ചെന്നു നോക്കാൻ തക്കവണ്ണം വയ്ക്കപ്പെടണമെന്നു.
൨൨. ആഡിററ്.
൨൩. സംഘങ്ങൾ ഏകാംഗയോഗങ്ങളായിരിക്കണമെന്നു.
൨൪. സംഘത്തിന്റെ മുന്നവകാശം.
൨൫. മെമ്പറുടെ ഓഹരികളെയോ അവകാശത്തെയോ സംബന്ധിച്ചുള്ള ഒതുക്കിയും തട്ടിക്കഴിക്കലും.
൨൬. ഓഹരികളോ അവകാശമോ ജപ്തിക്കു അധീനമല്ലെന്നു,
൨൭. മെമ്പർമരിച്ചാൽ അവകാശം കൈമാറുക.
൨൮. മുമ്പുമെമ്പറായിരുന്ന ആളിന്റെയോ മരിച്ചുപോയമെമ്പറുടെ വസ്തുക്കളിലുള്ളതോ ആയ ബാദ്ധ്യത.
൨൯. മെമ്പറന്മാരുടെ രജിസ്ററർ.
൩൦. പകർപ്പുകൾ തെളിവിലേക്കുസ്വീകരിക്കപ്പെടാമെന്നു
൩൧. കുടിശ്ശികക്കാരന്റെ വസ്തുക്കൾ ജപ്തിചെയ്യാനും വില്ക്കാനും അധികാരം,
൩൨. രജിസ്ററർചെയ്യപ്പെട്ട സംഘത്തിന്റെ ഓഹരികളെയും ഡിബഞ്ചർ കടപ്പത്രങ്ങളെയും സംബന്ധിച്ച ആധാരങ്ങൾ രജിസ്ററർചെയ്യണമെന്നു നിർബന്ധമില്ല.
൩൩. ആദായനികുതി, മുൻസിപ്പൽനികുതി, മുദ്രവില, രജിസ്ററർഫീസു കോർട്ടുഫീസ് എന്നിവയിൽനിന്നും ഒഴിവാക്കാൻ അധികാരം.
൩൪. രജിസ്ററർചെയ്യപ്പെട്ട സംഘങ്ങൾക്കു ഗവന്മെന്റു സഹായം.
൩൫. കടംകൊടുക്കുന്നതിനെപ്പററിയുള്ള ക്ലിപ്തി.
൩൬. കടംവാങ്ങുന്നതിനെപ്പററിയുള്ള ക്ലിപ്തി.

൩൭. മുതലുകൾ നിക്ഷേപിക്കുക.
൩൮. ലാഭവീതത്തിൽ നിയന്ത്രണം.
൩൯. കരുതൽധനം.
൪൦. ലാഭവിഭജനത്തിൽ നിയന്ത്രണം.
൪൧. പ്രോവിഡൻറ് ഫണ്ട്.
൪൨. പൊതുജനനന്മയ്ക്കായി പണം ചിലവുചെയ്ക.
൪൩. രജിസ്ട്രാറുടെ വിചാരണ.
൪൪. രജിസ്ട്രാർ സംഘത്തിൻെറ പുസ്തകങ്ങൾ പരിശോധിക്കുക.
൪൫. വിചാരണയുടെയും പരിശോധനയുടേയും ചിലവ്.
൪൬. ചിലവുവസൂലാക്കൽ.
൪൭. കമ്മിററിയെ മാററിനിയമിക്കുക.
൪൮. സംഘംപിരിക്കുക.
൪൯. സംഘംരജിസ്ററർചെയ്തതിനെ റദ്ദാക്കുക.
൫൦. രജിസ്ററർചെയ്തതിനെ റദ്ദാക്കുന്നതിൻെറ ഫലം.
൫൧. കാര്യാദികൾ അവസാനിപ്പിക്കുക.
൫൨. കാര്യാദികൾ അവസാനിപ്പിക്കുകയും പിരിച്ചുവിടുകയും ചെയ്യുന്നകാര്യങ്ങൾ സംബന്ധിച്ച വ്യവഹാര കാലഹരണം.
൫൩. മിച്ചം വരുന്ന മുതലുകളുടെ വിനിയോഗം.
൫൪. സർചാർജ്. (നഷ്ടപരിഹാരം).
൫൫. വസ്തുജപ്തി.
൫൬. മദ്ധ്യസ്ഥ വിചാരണ.
൫൭. ഉത്തരവിൻെറ പരമാന്ത്യത
൫൮. നിർബന്ധിച്ച് ഹാജരാക്കാൻ അധികാരങ്ങൾ.
൫൯. പണം ഈടാക്കേണ്ട വിധം.
൬൦. കുററകരങ്ങളായ കൃത്യങ്ങൾ.
൬൧. ൨൪-ാംവകുപ്പിനു വിപരീതമായി വസ്തു കൈമാററം ചെയ്യുന്നതിനു ശിക്ഷ.
൬൨. സഹകരണം എന്നപദം അന്യർ ഉപയോഗിച്ചുകൂടെന്നു.
൬൩. മററുവിധം വ്യവസ്ഥപ്പെടുത്തിയിട്ടില്ലാത്ത കുററങ്ങൾക്കു ശിക്ഷ.
൬൪. കുററങ്ങൾ കണ്ടെടുത്തു കേസാക്കുക.
൬൫. കീഴുദ്യോഗസ്ഥന്മാരുടെ നടപടികളും തീർപ്പുകളും വരുത്തി അവയിന്മേൽ അവസാന ഉത്തരവുകൾ ചെയ്യാൻ ഗവൺമെൻറിനും രജിസ്ട്രാർക്കുമുള്ള അധികാരം.
൬൬. ഗവൺമെൻറിലേക്കു കിട്ടേണ്ടസംഖ്യകൾ ഈടാക്കുക.
൬൭. രജിസ്ററർചെയ്യുന്നതിനെപ്പററിയുള്ള വ്യവസ്ഥകളിൽനിന്നും സംഘങ്ങളെ ഒഴിവാക്കാനുള്ള അധികാരം.
൬൮. റഗുലേഷനിലെ വകുപ്പുകളിൽനിന്നു രജിസ്ററർചെയ്യപ്പെട്ട സംഘങ്ങളെ ഒഴിവാക്കാനുള്ള അധികാരം.
൬൯. ൧൦൯൨-ലെ ൧-ാം റഗുലേഷൻ സംബന്ധിക്കുന്നതല്ലെന്നു.
൭൦. ഇപ്പോഴുള്ള സംഘങ്ങളെ ഒഴിവാക്കുക.
൭൧. ചിലന്യൂനതകൾകൊണ്ടു സംഘങ്ങളുടെ പ്രവൃത്തികൾക്കു മററം അസാധുതയുണ്ടാകുന്നതെന്നു
൭൨. നിയമനിർമ്മാണങ്ങളിൽ ൧൦൮൯-ലെ ൧൨-ാംനമ്പർ സഹകരണസംഘറഗുലേഷനെപ്പററി പ്രസ്താവനകൾ ചെയ്ക.
൭൩. രാജ്യത്തിനു പുറമേയുള്ള സംഘങ്ങളുടെ ശാഖകളും മററും.
൭൪. വ്യവഹാരങ്ങൾക്കു നോട്ടീസ് വേണമെന്നു.
൭൫. ചട്ടങ്ങൾ.
൭൬. ദുർബലപ്പെടുത്തൽ.

൧൧൧൦-ലെ   ാംനമ്പർ ബിൽ.

സഹകരണസംഘങ്ങളെ സംബന്ധിച്ച നിയമം ഭേദപ്പെടുത്തി നന്നാക്കാനുള്ള ഒരു ബിൽ

ഭേദഗതിബിൽ (നക്കൽ)

മുഖവുര.

കൃഷിക്കാരുടെയും പൊതുവായ സാമ്പത്തികാവശ്യങ്ങളോടുകൂടിയ മറ്റുള്ളവരുടെയും ഇടയിൽ മിതവ്യയം, സ്വാശ്രയം, അന്യോന്യസഹായം എന്നിവയെ അഭിവൃദ്ധിപ്പെടുത്തി ഉൽകൃഷ്ടജീവിതവും കർമ്മകുശലതയും കാര്യക്ഷമമായ ഉല്പാദനമാർഗ്ഗങ്ങളും ഉളവാക്കുന്നതിനു സഹകരണസംഘങ്ങളുടെ രൂപീകരണവും പ്രവർത്തനവും കൂടുതൽ സൌകര്യപ്പെടുത്തണമെന്നും അതിലേക്കു തിരുവിതാംകൂറിലെ പരസ്പരസഹായസംഘ നിയമം ഭേദപ്പെടുത്തി നന്നാക്കേണ്ടതു ആവശ്യമാകുന്നെന്നും വിചാരിക്കുന്നതുകൊണ്ടു ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

പ്രാരംഭം.

൧ ചുരുക്കപ്പേരും വ്യാപ്തിയും, ഈ റെഗുലേഷൻ സഹകരണസംഘം റഗുലേഷൻ എന്നു വിളിക്കപ്പെടുന്നതാണ്.

(൧) അതു   ാമാണ്ടു   മാസം   നു നടപ്പിൽ വരുന്നതാണ്.

(൨) അതിനു തിരുവിതാംകൂർമുഴുവനും വ്യാപ്തിയുണ്ടായിരിക്കും.

൨. അർത്ഥവിവരണം :— ഈ റഗുലേഷനിൽ കാര്യഭാഗത്തോടോ സന്ദർഭത്തോടോ യോജിക്കാതെവരുന്നപക്ഷം അല്ലാതെ:—

(എ) 'നിബന്ധനകൾ' എന്നാൽ അതതുകാലം നടപ്പിലിരിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട നിബന്ധനകൾ എന്നു അർത്ഥമുള്ളതും, ആയതിൽ നിബന്ധനകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു ഭേദഗതിയും ഉൾപ്പെടുന്നതും ആകുന്നു.

(ബി) 'കമ്മിററി' എന്നാൽ ഒരു രജിസ്റ്റർചെയ്യപ്പെട്ട സംഘത്തിന്റെ കാര്യഭരണം ഏല്പിക്കപ്പെട്ട ഭരണയോഗമോ നായകസമൂഹമോ എന്നർത്ഥമാകുന്നു.

(സി) 'മെമ്പർ' എന്നാൽ ഒരു സംഘം രജിസ്റ്റർചെയ്യപ്പെടാനുള്ള അപേക്ഷയിൽ ചേരുന്ന ആരാളും രജിസ്റ്റർചെയ്യപ്പെട്ടശേഷം നിബന്ധനകളോ മററുവല്ല ചട്ടങ്ങളോ അനുസരിച്ചു മെമ്പറായി ചേർക്കപ്പെട്ട ആരാളും ഉൾപ്പെടുന്നതാണ്.

(ഡി) 'ഉദ്യോഗസ്ഥൻ' എന്നതിൽ ഒരു അദ്ധ്യക്ഷൻ ഉപാദ്ധ്യക്ഷൻ അഗ്രാസനാധിപതി ഉപാഗ്രാസനാധിപതി സെക്രട്ടറി അസിസ്റ്റന്റുസെക്രട്ടറി കമ്മിററിയിലെ അംഗം എന്നിവരും സംഘത്തിന്റെ പ്രവൃത്തിസംബന്ധമായി നിർദ്ദേശങ്ങൾകൊടുക്കാൻ ചട്ടങ്ങളാലോ നിബന്ധനകളാലോ അധികാരം സിദ്ധിച്ചിട്ടുള്ള മററുവല്ല ആളും ഉൾപ്പെടുന്നതാണ്.

(ഇ) 'രജിസ്റ്റർചെയ്യപ്പെട്ട സംഘം' എന്നാൽ ഈ റഗുലേഷൻപ്രകാരം രജിസ്റ്റർചെയ്യപ്പെട്ടതോ രജിസ്റ്റർചെയ്യപ്പെട്ടതായി വിചാരിക്കപ്പെടുന്നതോ ആയ സംഘം എന്നു അർത്ഥമാകുന്നതാണ്.

(എഫ്) രജിസ്ട്രാർ എന്നാൽ ഈ റഗുലേഷൻപ്രകാരം ഒരു സഹകരണസംഘരജിസ്ട്രാർചെയ്യേണ്ട കർത്തവ്യങ്ങൾ ചെയ്യാനായി നിയമിക്കപ്പെട്ടിട്ടുള്ള ഒരു ആൾ എന്നർത്ഥമാക്കേണ്ടതാണ്.

(ജി) 'ചട്ടങ്ങൾ' എന്നതിനു ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾ എന്നും അർത്ഥമാകുന്നതാണ്.

റജിസ്ത്രാക്കൽ.

൩. റജിസ്ത്രാർ:— നമ്മുടെ ഗവണ്മെന്റു രാജ്യത്തേക്കോ അതിന്റെ വല്ല ഭാഗത്തിനോ സഹകരണസംഘങ്ങളുടെ റജിസ്ത്രാറായിരിക്കാൻ ഒരാളെ നിയമിക്കാവുന്നതും അപ്രകാരമുള്ള റജിസ്ത്രാറെ സഹായിക്കാൻ ആളുകളെ നിയമിക്കാവുന്നതും അങ്ങിനെ നിയമിക്കപ്പെടുന്ന ആളുകൾക്കു ഈ റഗുലേഷൻപ്രകാരം ഒരു റജിസ്ത്രാർക്കുള്ള അധികാരങ്ങൾ എല്ലാമോ ഏതാനുമോ പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ നല്കാവുന്നതും ആകുന്നു.

൪. റജിസ്റ്റർചെയ്യപ്പെടാവുന്ന സംഘങ്ങൾ:— ഒരു സംഘത്തിന്റെ ഉദ്ദേശം അതിലെ മെമ്പറന്മാരുടെ സാമ്പത്തികതാല്പര്യങ്ങളെ സഹകരണസിദ്ധാന്തങ്ങൾ അനുസരിച്ചു അഭിവൃദ്ധിപ്പെടുത്തുക എന്നതാണെങ്കിൽ ആ സംഘമോ, അപ്രകാരമുള്ള ഒരു സംഘത്തിന്റെ പ്രവർത്തനങ്ങളെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സ്ഥാപിതമാകുന്ന ഒരു സംഘമോ, താഴെപ്പറയുന്ന വ്യവസ്ഥകൾ അനുസരിച്ചു ക്ലിപ്തബാദ്ധ്യതയോടുകൂടിയോ അല്ലാതെയോ ഈ റെഗുലേഷൻപ്രകാരം റജിസ്റ്റർ ചെയ്യപ്പെടാവുന്നതാണ്.

എന്നാൽ നമ്മുടെ ഗവണ്മെന്റു പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ മറുവിധം ആജ്ഞാപിക്കുന്നപക്ഷം അല്ലാതെ—

(i) ഒരു റജിസ്റ്റർചെയ്യപ്പെട്ട സംഘം മെമ്പറായിരിക്കുന്ന മറ്റൊരുസംഘത്തിന്റെ ബാദ്ധ്യത ക്ലിപ്തപ്പെട്ടതായിരിക്കേണ്ടതാകുന്നു.

(ii) ഒരു സംഘത്തിന്റെ പ്രധാനഉദ്ദേശം അതിലെ മെമ്പറന്മാർക്കു കടംകൊടുക്കാനായി ധനം സമ്പാദിക്കുകയായിരിക്കയും, അതിലെ മെമ്പറന്മാരിൽ ഭൂരിപക്ഷം കൃഷിക്കാരായിരിക്കയും അതിൽ യാതൊരു മെമ്പറും ഒരു റജിസ്റ്റർ ചെയ്യപ്പെട്ട സംഘം അല്ലാതിരിക്കയും ചെയ്യുന്നപക്ഷം ആ സംഘത്തിന്റെ ബാദ്ധ്യത ക്ലിപ്തരഹിതമായിരിക്കേണ്ടതു. അപ്രകാരമുള്ള ഒരു സംഘത്തിന്റെ ഇടപാടുകൾ തീർക്കപ്പെടുമ്പോൾ അതിന്റെ എല്ലാകടങ്ങൾക്കും അതിലെ മെമ്പറന്മാർക്കൂട്ടായും പ്രത്യേകമായും ഉത്തരവാദികളായിരിക്കുന്നതും ആകുന്നു.

കൂടാതെ റജിസ്റ്റർചെയ്യപ്പെടുമ്പോൾ ഒരു സംഘത്തിന്റെ ബാദ്ധ്യത ക്ലിപ്തമോ ക്ലിപ്തരഹിതമോ ആയിരിക്കണമെന്നു റജിസ്ത്രാർ ഒരിക്കൽ തീരുമാനിച്ചുപോയാൽ ആ തീരുമാനം അവസാനതീരുമാനമായിരിക്കുന്നതുമാണ്.

൫. ബാദ്ധ്യത ഭേദപ്പെടുത്തൽ:— നാലാംവകുപ്പിലെ വ്യവസ്ഥയനുസരിച്ചും ഇതിലേക്കായി ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾപ്രകാരവും റജിസ്ത്രാരുടെ മുൻ അനുവാദത്തോടുകൂടി ഒരു റജിസ്റ്റർചെയ്യപ്പെട്ട സംഘത്തിനു അതിന്റെ ബാദ്ധ്യത ക്ലിപ്തത്തിൽനിന്നു ക്ലിപ്തരഹിതമായോ ക്ലിപ്തരഹിതത്തിൽനിന്നു ക്ലിപ്തമായോ ഭേദപ്പെടുത്താവുന്നതാണ്:

എന്നാൽ,

(i) ബാദ്ധ്യതമാററണമെന്നുള്ള സംഘത്തിന്റെ ഉദ്ദേശത്തെപ്പററി സംഘം അതിന്റെ എല്ലാമെമ്പറന്മാർക്കും ഉത്തമർണ്ണന്മാർക്കും അറിയിപ്പുകൊടുക്കേണ്ടതും,

(ii) വിപരീതമായി എന്തെങ്കിലും നിബന്ധനയോ കരാറോ ഉണ്ടായിരുന്നാൽ തന്നെയും ഏതൊരുമെമ്പർക്കും ഉത്തമർണ്ണനും ഈപ്രകാരമുള്ള അറിയിപ്പുകിട്ടി മൂന്നുമാസത്തിനകം അയാളുടെ ഓഹരികളോ നിക്ഷേപങ്ങളോ കിട്ടേണ്ടുകടങ്ങളോ ഇച്ഛാപ്രകാരം പിൻവലിക്കുന്നതിനു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതും അപ്രകാരമുള്ള എല്ലാ അവകാശങ്ങളും കൊടുത്തുതീർത്തശേഷമല്ലാതെ ഭേദഗതിയ്ക്കു പ്രാബല്യം ഉണ്ടാകാത്തതും,

(iii) മേല്പറഞ്ഞ കാലാവധിക്കുള്ളിൽ തന്റെ സ്വേച്ഛ ഉപയോഗപ്പെടുത്താത്ത മെമ്പറോ ഉത്തമർണ്ണനോ ഭേദഗതി സമ്മതിക്കുന്നതായി വിചാരിക്കപ്പെടുന്നതും ആകുന്നു.

(൨) ൯-ാം ഉപവകുപ്പിലെ ഉൾപ്പിരിവുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും എല്ലാമെമ്പറന്മാരും ഉത്തമർണ്ണന്മാരും സമ്മതിക്കുന്നപക്ഷം ഭേദഗതി ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

൩. ക്ളിപ്തബാദ്ധ്യതയും ഓഹരിമുതലും ഉള്ള സംഘത്തിലെ മെമ്പറുടെ അവകാശനിയന്ത്രണം.—ഒരു സംഘത്തിലെ മെമ്പറന്മാരുടെ ബാദ്ധ്യത ഓഹരികളിന്മേൽ ക്ളിപ്തപ്പെടുത്തിയതായിരിക്കുമ്പോൾ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘമല്ലാത്ത യാതൊരു മെമ്പർക്കും—

(എ) സംഘത്തിന്റെ ഓഹരിമുതലിൽ അഞ്ചിലൊന്നെന്ന പരമാവധിക്കു വിധേയപ്പെട്ട് ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്നതിൽ കൂടുതലായോ,

(ബി) മൂവായിരം രൂപയിൽ കവിഞ്ഞോ, എന്നാൽ സംഘം ഒരു ഗൃഹനിർമ്മാണസംഘം ആയിരിക്കുന്നപക്ഷം ൧൦,൦൦൦ രൂപയിൽ കവിഞ്ഞോ, വിലവരുന്ന ഓഹരികളോ ഉണ്ടായിരിക്കാനോ അവകാശപ്പെടാനോ പാടില്ലാത്തതാകുന്നു.

൪. രജിസ്റ്റർ ചെയ്യാനുള്ള വ്യവസ്ഥകൾ.—ഒരു രജിസ്റ്റർചെയ്യപ്പെട്ട സംഘം മെമ്പറായിട്ടുള്ള ഒരു സംഘമല്ലാതെ മറ്റെയാതൊരു സംഘത്തെയും പതിനെട്ടുവയസ്സിന്മേൽ ഉള്ളവരായി കുറഞ്ഞത് പത്തു ആളെങ്കിലും ഇല്ലാതിരിക്കുകയും സംഘത്തിന്റെ ഉദ്ദേശം അതിലെ മെമ്പറന്മാർക്ക് വായ്പകൊടുക്കാനായി ധനം ശേഖരിക്കുകയായിരിക്കുകയും ചെയ്യുമ്പോൾ ആ ആളുകൾ.

(എ) ഒരേപട്ടണത്തിലൊ ഗ്രാമത്തിലൊ ഗ്രാമതയിലോ പാർത്തുവരികയോ,

(ബി) രജിസ്ട്രാർ മറ്റുവിധം ആജ്ഞാപിക്കാത്തപക്ഷം ഒരേവർഗ്ഗത്തിലോ പരിഷയിലോ ജാതിയിലോ തൊഴിലിലോ ഉൾപ്പെട്ടിരിക്കയോ ചെയ്യാതെയുമന്നാൽ ഈ റഗുലേഷൻപ്രകാരം രജിസ്റ്റർ ചെയ്യപ്പെടാവുന്നതല്ല.

൫. ഈ റഗുലേഷൻപ്രകാരം രജിസ്റ്റർചെയ്യപ്പെടുന്ന ക്ളിപ്തബാദ്ധ്യതയോടുകൂടിയ ഓരോ സംഘത്തിന്റെയും പേരിന്റെ അവസാനത്തിൽ 'ക്ളിപ്തം' എന്ന പദം ഉപയോഗിച്ചിരിക്കേണ്ടതാണ്.

൬. ചില കാര്യങ്ങൾ തീർപ്പു ചെയ്യാൻ രജിസ്ട്രാർക്കുള്ള അധികാരം.—ഈ റഗുലേഷൻപ്രകാരം ഒരു സംഘം രൂപീകരിക്കുക രജിസ്റ്റർ ചെയ്യുക തുടർന്നു നടത്തുക എന്നീയാവശ്യങ്ങൾക്കായി ഒരാൾ കർഷകനോ അകർഷകനോ എന്നും, ഒരുപട്ടണത്തിലൊ, ഗ്രാമത്തിലൊ, ഗ്രാമതയിലോ പാർക്കുന്ന ആളോ എന്നും, അല്ലെങ്കിൽ രണ്ടോ അധികമോ ഗ്രാമങ്ങൾ ഒരു ഗ്രാമതയായി ഗണിക്കപ്പെടാമോ എന്നും ഏതെങ്കിലും ഒരാൾ ഏതുവർഗ്ഗത്തിലൊ പരിഷയിലോ ജാതിയിലോ തൊഴിലിലോ ഉൾപ്പെടുന്നു എന്നും വാദമുണ്ടാകുന്നതായാൽ ആ വാദം രജിസ്ട്രാർ തീർച്ചയാക്കേണ്ടതും ആ തീർച്ച അവസാനതീർച്ചയായിരിക്കുന്നതും ആകുന്നു.

൭. രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ.—രജിസ്റ്റർ ചെയ്യുന്നതിലേക്കായി രജിസ്റ്റർ ചെയ്യാനുള്ള ഒരു അപേക്ഷ രജിസ്ട്രാർക്ക് കൊടുക്കേണ്ടതാണ്.

(൨) ആ അപേക്ഷയിൽ

(എ) ഒരു രജിസ്റ്റർചെയ്യപ്പെട്ട സംഘം മെമ്പറായിട്ടുള്ളതല്ലാത്ത ഒരു സംഘത്തിന്റെ കാര്യത്തിൽ ൪-ാംവകുപ്പ ൯-ാം ഉപവകുപ്പിലെ വ്യവസ്ഥാനുസരണം യോഗ്യതയുള്ളവരായ പത്തിൽകുറയാതെ ആളുകളും.

(ബി) ഒരു രജിസ്റ്റർചെയ്യപ്പെട്ട സംഘംമെമ്പറായിട്ടുള്ള ഒരു സംഘത്തിന്റെ കാര്യത്തിൽ അപ്രകാരമുള്ള ഓരോ രജിസ്റ്റർചെയ്യപ്പെട്ട സംഘത്തിനുംവേണ്ടി മുറപ്രകാരം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഓരോ ആളുകളും, എല്ലാമെമ്പറന്മാരും രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ അല്ലാതിരിക്കുന്നപക്ഷം മറ്റുപത്തുമെമ്പറന്മാരും അപ്രകാരം മറ്റുമെമ്പറന്മാർ പത്തില്ലാത്തപക്ഷം ഉള്ള മെമ്പറന്മാർ എല്ലാവരും ഒപ്പിട്ടിരിക്കേണ്ടതാകുന്നു,

(൩) അപേക്ഷയോടുകൂടി സംഘത്തിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള നിബന്ധനകളുടെ ഒരു പകർപ്പു ഉണ്ടായിരിക്കേണ്ടതും, അപേക്ഷ ആരു അല്ലെങ്കിൽ ആർക്കുവേണ്ടി അയക്കുന്നുവോ ആ ആളുകൾ സംഘം സംബന്ധിച്ചു രജിസ്ട്രാർ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകേണ്ടതും ആകുന്നു.

൧൦. രജിസ്ത്രാക്കൽ:— ഒരു സംഘം ഈ റഗുലേഷനിലെ വ്യവസ്ഥകളും ചട്ടങ്ങളും അനുസരിച്ചിരിക്കുന്നു എന്നും അതിന്റെ ഉദ്ദിഷ്ടനിബന്ധനകൾ ഈ റഗുലേഷനോ ചട്ടങ്ങൾക്കോ വിപരീതം അല്ലെന്നും രജിസ്ട്രാർക്കു ബോദ്ധ്യമായാൽ, അദ്ദേഹത്തിനു യുക്തമെന്നു തോന്നുന്നപക്ഷം, സംഘവും അതിന്റെ നിബന്ധനകളും രജിസ്റ്റർ ചെയ്യാവുന്നതാകുന്നു. നിഷേധിക്കപ്പെടുന്നപക്ഷം നിഷേധിച്ചു ഉത്തരവായ തീയതിമുതൽ രണ്ടുമാസത്തിനകം ഗവൺമെന്റിലേക്കു അപ്പീൽ കൊടുക്കാവുന്നതും ആകുന്നു.

൧൧. രജിസ്റ്റർ ചെയ്തതിനുള്ള തെളിവു.— രജിസ്റ്റർ ചെയ്തതിനെപ്പററി രജിസ്ട്രാർ ഒപ്പിട്ട ഒരു സാക്ഷ്യപത്രം, അതിൽ പറയപ്പെടുന്ന സംഘം രജിസ്റ്റർ ചെയ്തതിനെ റദ്ദാക്കി എന്നു തെളിയിക്കാത്തപക്ഷം, ആ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു എന്നതിലേക്കുള്ള അപ്രതിഷേധ്യമായ തെളിവായിരിക്കുന്നതാണ്.

൧൨. ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ നിബന്ധനാഭേദപ്പെടുത്തുക.—(൧) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ നിബന്ധനകളിൽ വരുത്തുന്ന യാതൊരു ഭേദഗതിയും (റദ്ദുചെയ്കയോ കൂട്ടിച്ചേർക്കുകയോ വ്യത്യാസപ്പെടുത്തുകയോ ഏതായാലും), അതിലേക്കു ഒരു പൊതുയോഗനിശ്ചയപ്രകാരം അനുമതി സിദ്ധിക്കയും രജിസ്റ്റർ ചെയ്യാനായി ഭേദഗതിയുടെ ഒരു പകർപ്പു രജിസ്ട്രാർക്കു അയച്ചുകൊടുത്തു ഈ റഗുലേഷൻപ്രകാരം ആയതു രജിസ്ട്രാക്കപ്പെടുകയും ചെയ്യപ്പാതെ സാധുവാകുന്നതല്ല.

(൨) ഏതെങ്കിലും നിബന്ധനാഭേദഗതി ഈ റഗുലേഷനോ ചട്ടങ്ങൾക്കോ വിരുദ്ധമല്ലെന്നു രജിസ്ട്രാർക്കു ബോദ്ധ്യമായാൽ അദ്ദേഹത്തിനു യുക്തമെന്നു തോന്നുന്നപക്ഷം അതിനെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(൩) രജിസ്ട്രാർ ഒരു സംഘത്തിന്റെ നിബന്ധനകളിൽ ഒരു ഭേദഗതി രജിസ്റ്റർ ചെയ്യുമ്പോൾ അദ്ദേഹം ആ ഭേദഗതിയുടെ ഒരു പകർപ്പു സാക്ഷ്യപ്പെടുത്തി സംഘത്തിലേക്കു അയക്കേണ്ടതും അങ്ങനെ അയക്കുന്ന ഭേദഗതി നിയമപ്രകാരം രജിസ്റ്റർ ചെയ്തു എന്നുള്ളതിലേക്കു അപ്രതിഷേധ്യമായ തെളിവായിരിക്കുന്നതും ആകുന്നു.

(൪) ഇതിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ റഗുലേഷൻപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഏതുസംഘത്തിന്റെയും ഏതു നിബന്ധനയും ഉണ്ടാക്കാനും വ്യത്യാസപ്പെടുത്താനും റദ്ദാക്കാനും രജിസ്ട്രാർക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

൧൩. വാർഷികപൊതുയോഗം.— ഓരോ സംഘവും അതതുസമയം പ്രാബല്യത്തിലിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു അതിന്റെ വാർഷികകണക്കുകൾ അവസാനിപ്പിക്കേണ്ട തീയതിക്കുശേഷം മൂന്നുമാസത്തിനകം അതിലെ മെമ്പറന്മാരുടെ ഒരു പൊതുയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു.

൧൪. സ്പെഷ്യൽ പൊതുയോഗം:— ഒരു സ്പെഷ്യൽ പൊതുയോഗം ഏതുസമയത്തും കമ്മിററി അംഗങ്ങളുടെ ഭൂരിപക്ഷത്താൽ വിളിച്ചുകൂട്ടപ്പെടാവുന്നതും, (൧) സംഘത്തിലെ മെമ്പറന്മാരിൽ അഞ്ചിലൊരു ഭാഗത്തിന്റെ രേഖാമൂലമായ അപേക്ഷപ്രകാരവും, (൨) രജിസ്ട്രാരുടെ ആവശ്യപ്രകാരവും ഒരു മാസത്തിനുള്ളിൽ വിളിച്ചുകൂട്ടപ്പെടേണ്ടതും ആകുന്നു.

൧൫. പേരുമാററം—അതിന്റെ ഫലം:— ഒരു സംഘത്തിനു ഒരു പൊതുയോഗനിശ്ചയപ്രകാരം രജിസ്ട്രാരുടെ അനുമതിയോടുകൂടി അതിന്റെ പേരു മാററാവുന്നതാണ്. എന്നാൽ അപ്രകാരമുള്ള മാററം സംഘത്തിന്റെയോ അതിലെ മെമ്പറന്മാരുടെയോ മുമ്പു മെമ്പറന്മാരായിരുന്നവരുടെയോ അവകാശത്തെയോ ബാദ്ധ്യതയെയോ ബന്ധിക്കുന്ന

തല്ലാത്തതും നിലവിലിരിക്കുന്ന നൈയാമിക നടപടികൾ സംഘത്തിന്റെ പുതിയ പേരിൽ സംഘത്തിൽനിന്നൊ സംഘത്തിന്റെ മേലോ ഉടരാവുന്നതും ആകുന്നു.

൧൩. സംഘങ്ങളെ വിഭജിക്കയും യോജിപ്പിക്കയും ചെയ്യൽ:—(൧) (എ) ഏതെങ്കിലും ഒരു രജിസ്റ്റർചെയ്യപ്പെട്ട സംഘം വിവരം കാണിച്ചു ഏഴുപൂർണ്ണദിവസക്കാലത്തെ അറിയിപ്പുകൊടുത്തു അതിലേക്കായി വിളിച്ചുകൂട്ടുന്ന ഒരു പൊതുയോഗത്തിൽവച്ചു ആ സംഘം രണ്ടോ അധികമോ സംഘങ്ങളായി വിഭജിക്കാൻ നിശ്ചയിക്കാവുന്നതാണ്. ഈ നിശ്ചയത്തിൽ (പ്രാരംഭനിശ്ചയം എന്നു ഇതിനെ മേലാൽ ഈ ഉപവകുപ്പിൽ പറയപ്പെടുന്നതാണ്) വിഭജിച്ചുണ്ടാക്കാൻ ഉദ്ദേശിക്കുന്ന സംഘങ്ങൾക്ക മുതൽ കടങ്ങൾ വീതിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ അടങ്ങിയിരിക്കേണ്ടതും ഓരോ പുതിയ സംഘത്തിന്റെയും പ്രവർത്തന പരിധികൾ നിർണ്ണയിക്കയും അതിൽ ഉൾപ്പെടുന്ന മെംബറന്മാർ ആരെന്നു പറഞ്ഞിരിക്കയും ചെയ്യേണ്ടതും ആകുന്നു.

(൨) (i) പ്രാരംഭ നിശ്ചയത്തിന്റെ ഒരു പകർപ്പു സംഘത്തിലെ എല്ലാ മെംബറന്മാർക്കും ഉത്തമർണ്ണന്മാർക്കും അയച്ചുകൊടുക്കേണ്ടതാണ്.

(ii) വിപരീതമായ നിബന്ധനകൾ ഉണ്ടായിരുന്നാലും പ്രാരംഭനിശ്ചയപ്പകർപ്പു ലഭിച്ചു മൂന്നുമാസത്തിനകം സംഘത്തിലെ ഏതു മെംബർക്കും താൻ പുതിയ ഏതെങ്കിലും സംഘത്തിൽ മെംബറായിരിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു നോട്ടീസുമൂലം സംഘത്തെ തെര്യപ്പെടുത്താവുന്നതാണ്.

(iii) സംഘത്തിന്റെ ഏതൊരു ഉത്തമർണ്ണനും, വിപരീതമായ ഏതെങ്കിലും കരാറുകൾ ഉണ്ടായിരുന്നാലും, മേല്പറഞ്ഞ കാലത്തിനകം സംഘത്തിനു നോട്ടീസുകൊടുത്തു അയാൾക്ക കിട്ടേണ്ടതുക ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്ന വിവരം തെര്യപ്പെടുത്താവുന്നതാണ്.

(൩) സംഘത്തിലെ എല്ലാ മെംബറന്മാർക്കും ഉത്തമർണ്ണന്മാർക്കും പ്രാരംഭനിശ്ചയം ലഭിച്ചു മൂന്നുമാസം കഴിഞ്ഞതിൽ പിന്നീട് കുറഞ്ഞപക്ഷം ൧൫ ദിവസത്തെ അറിയിപ്പെങ്കിലും മെംബറന്മാർക്ക കൊടുത്തു പ്രാരംഭ നിശ്ചയത്തെപ്പറ്റി ആലോചിക്കാനായി സംഘത്തിന്റെ ഒരു പൊതുയോഗം കൂട്ടേണ്ടതാണ്. അപ്രകാരമുള്ള യോഗത്തിൽവച്ചു ഹാജരുള്ള മെംബറന്മാരിൽ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാത്തവരുള്ളവർ അതേപ്രകാരമോ അല്ലെങ്കിൽ രജിസ്ട്രാരുടെ അഭിപ്രായത്തിൽ സാരമല്ലെന്നുതോന്നുന്ന വ്യത്യാസങ്ങളോടുകൂടിയോ പ്രാരംഭ നിശ്ചയം ഒരു നിശ്ചയംമൂലം സ്ഥിരപ്പെടുത്തുന്നതായാൽ (൭)-ാംഖണ്ഡികയിലെയും ൧൩-ാംവകുപ്പിലെയും വ്യവസ്ഥകൾ അനുസരിച്ചു പുതിയ സംഘങ്ങളും അവയുടെ നിബന്ധനകളും രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. അപ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ പഴയസംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ടതായി ഗണിക്കേണ്ടതാണ്.

പ്രാരംഭനിശ്ചയത്തിൽ വരുത്തിയിട്ടുള്ള വ്യത്യാസങ്ങൾ സാരമായിട്ടുള്ളതോ അല്ലയോ എന്നുള്ള രജിസ്ട്രാരുടെ അഭിപ്രായം അവസാന അഭിപ്രായമായിരിക്കുന്നതും അതിന്മേൽ അപ്പീലില്ലാത്തതും ആണ്.

(൪) (൩)-ാമതു ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള യോഗത്തിൽ വച്ചു മറ്റൊരു നിശ്ചയംമൂലം.

(i) (൨)-ാം ഖണ്ഡിക (ii)-ാം ഉപഖണ്ഡിക അനുസരിച്ചു നോട്ടീസ അയച്ചിട്ടുള്ള എല്ലാ മെംബറന്മാരുടെയും ഓഹരി മുതൽ തിരിച്ചുകൊടുക്കുന്നതിനും,

(ii) (൨)-ാംഖണ്ഡിക (iii)-ാം ഉപഖണ്ഡിക അനുസരിച്ചു നോട്ടീസു അയച്ചിട്ടുള്ള എല്ലാ ഉത്തമർണ്ണന്മാരുടെയും ബാദ്ധ്യതകൾ തീർത്തു വിടുർത്തുന്നതിനും വ്യവസ്ഥചെയ്യേണ്ടതാണ്. എന്നാൽ (൩)-ാംഖണ്ഡികയിൽ പറയുംവിധം പ്രാരംഭ നിശ്ചയം സ്ഥിരപ്പെടുത്തുന്നതു വരെ ഒരു മെംബർക്കോ ഉത്തമർണ്ണനോ മേല്പറഞ്ഞ പ്രതിദാനത്തിനോ പരിഹാരത്തിനോ അവകാശമില്ലാത്തതാണ്.

(൫) രജിസ്ട്രാർ ന്യായമെന്നു വിചാരിക്കുന്ന സമയത്തിനുള്ളിൽ ൪-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള മെംബറന്മാരുടെ ഓഹരി മുതൽ തിരിച്ചു കൊടുക്കുകയോ അതിൽ പറഞ്ഞിട്ടുള്ള ഉത്തമർണ്ണന്മാരുടെ ബാദ്ധ്യതകൾ കൊടുത്തു തീർക്കുകയോ ചെയ്യാതെയിരുന്നാൽ പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യാതെ രജിസ്ട്രാർക്കു നിഷേധിക്കാവുന്നതാകുന്നു.

(൬) ൫-ാം ഖണ്ഡിക അനുസരിച്ചു സ്ഥിരപ്പെടുത്തപ്പെട്ട പ്രാരംഭ നിശ്ചയത്തിൽ വിവരിച്ചിട്ടുള്ളവിധം പൂർവ്വസംഘത്തിന്റെ മുതൽ കടങ്ങളെ പുതിയ സംഘങ്ങളിൽ ലയിപ്പിക്കുന്നതിനു ആ പുതിയ സംഘങ്ങളെ രജിസ്റ്റർ ചെയ്യുന്നതുതന്നെ മതിയായ അധികാരപത്രമായിരിക്കുന്നതാണ്.

(൭) (൧) രണ്ടോ അധികമോ സംഘങ്ങൾ അവയിലെ മെംബറന്മാർക്ക് വിവരംകാണിച്ചു ഏഴുദിവസത്തെ നോട്ടീസു കൊടുത്തുകൂട്ടുന്നതായ അതതു സംഘങ്ങളുടെ പൊതുയോഗങ്ങളിൽ അവ ഒരു സംഘമായി യോജിപ്പിക്കാൻ നിശ്ചയം ചെയ്യാവുന്നതാണ്. ഈ നിശ്ചയത്തെ ഈ ഉപവകുപ്പിന്റെ ഉപരിഭാഗങ്ങളിൽ പ്രാരംഭനിശ്ചയം എന്നു പറയപ്പെടുന്നതാണ്.

(൮) (i) ഓരോ സംഘത്തിന്റെയും പ്രാരംഭനിശ്ചയപ്പകർപ്പു അതതിന്റെ എല്ലാ മെംബറന്മാർക്കും ഉത്തമർണ്ണന്മാർക്കും അയച്ചു കൊടുക്കേണ്ടതാണ്.

(ii) വിപരീതമായ ഏതെങ്കിലും നിബന്ധനകൾ ഉണ്ടായിരുന്നാലും, ഏതെങ്കിലും സംഘത്തിലെ ഏതൊരു മെമ്പർക്കും അയാൾക്കു പ്രാരംഭ നിശ്ചയത്തെപ്പററിയുള്ള അറിയിപ്പു കിട്ടി മൂന്നു മാസത്തിനകം അയാൾ മെമ്പറായിരിക്കുന്ന സംഘത്തിലേക്കു നോട്ടീസുകൊടുത്തു പുതിയ സംഘത്തിൽ മെമ്പറായിരിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു അറിയിക്കാവുന്നതാകുന്നു.

(iii) അപ്രകാരമുള്ള ഏതെങ്കിലും സംഘത്തിന്റെ ഏതെങ്കിലും ഉത്തമർണ്ണനും, വിപരീതമായ ഏതെങ്കിലും കരാറുകൾ ഉണ്ടായിരുന്നാലും, മേല്പറഞ്ഞ കാലത്തിനകം അയാൾ ഏതു സംഘത്തിന്റെ ഉത്തമർണ്ണനായിരിക്കുന്നുവോ ആ സംഘത്തിനു നോട്ടീസു കൊടുത്തു തനിക്കു കിട്ടാനുള്ളതുക ഉടൻ ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്ന വിവരം തെര്യപ്പെടുത്താവുന്നതാണ്.

(൯) എല്ലാസംഘങ്ങളുടെയും എല്ലാ മെംബറന്മാർക്കും ഉത്തമർണ്ണന്മാർക്കും പ്രാരംഭനിശ്ചയം ലഭിച്ചശേഷം മൂന്നുമാസംകഴിഞ്ഞു് പതിനഞ്ചു പൂർണ്ണദിവസത്തെ അറിയിപ്പുകൊടുത്തു അപ്രകാരമുള്ള സംഘങ്ങളിലെ മെംബറന്മാരുടെ കൂട്ടായ ഒരു യോഗം പ്രാരംഭ നിശ്ചയത്തെപ്പററി ആലോചിക്കുന്നതിനായി വിളിച്ചുകൂട്ടേണ്ടതാണ്. അപ്രകാരമുള്ള യോഗത്തിൽ ഹാജരുള്ള മെംബറന്മാരിൽ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്തിന്റെ തീരുമാനത്തിൽ പ്രാരംഭനിശ്ചയം അതേ രൂപത്തിലോ രജിസ്ട്രാരുടെ അഭിപ്രായത്തിൽ സാരമെന്നു തോന്നാത്തതായ വ്യത്യാസങ്ങളോടുകൂടിയോ സ്ഥിരപ്പെടുത്തപ്പെട്ടാൽ ൫-ാം ഉപവകുപ്പും ൧൦-ാംവകുപ്പും അനുസരിച്ചു രജിസ്ട്രാർക്കു പുതിയ സംഘവും അതിന്റെ നിബന്ധനകളും രജിസ്റ്റർചെയ്യാവുന്നതാകുന്നു, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ പഴയസംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കിയതായി വിചാരിക്കപ്പെടേണ്ടതാകുന്നു.

പ്രാരംഭ നിശ്ചയത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ സാരമായവയോ അല്ലാത്തവയോ എന്നുള്ള രജിസ്ട്രാരുടെ അഭിപ്രായം അവസാന അഭിപ്രായമായിരിക്കുന്നതും അതിന്മേൽ അപ്പീൽ ഇല്ലാത്തതും ആകുന്നു.

(൨) മൂന്നാമത്തെ ക്ലാസിൽ പ്രസ്താവിച്ചിട്ടുള്ള യോഗത്തിൽ മറെറാരു നിശ്ചയം മൂലം:—

(൧) (൮)-ാംഖണ്ഡിക(ii)-ാം ഉപഖണ്ഡികയനുസരിച്ചു നോട്ടീസുകൊടുത്തിട്ടുള്ള എല്ലാ മെംബറന്മാർക്കും ഓഹരിമുതൽ തിരികെകൊടുക്കുന്നതിനും,

(൨) (൨)-ാംഖണ്ഡിക (iii)-ാംഉപഖണ്ഡികയനുസരിച്ചു നോട്ടീസുകൊടുത്തിട്ടുള്ള എല്ലാ ഉത്തമർണ്ണന്മാരുടെയും കടങ്ങൾ കൊടുത്തുതീക്കുന്നതിനും വ്യവസ്ഥചെയ്യേണ്ടതാണ്. എന്നാൽ ൩-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള വിധം പ്രാരംഭനിശ്ചയം സ്ഥിരപ്പെടുത്തുന്നതുവരെ യാതൊരു മെംബർക്കും യാതൊരു ഉത്തമർണ്ണനും അപ്രകാരമുള്ള പ്രതിദാനത്തിനോ പരിഹാരത്തിനോ അവകാശമില്ലാത്തതാകുന്നു.

(൩) രജിസ്ട്രാർ വിചാരിക്കുന്ന ഒരു ന്യായമായ സമയത്തിനകം ൪-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള മെംബറന്മാരുടെ ഓഹരികൾ തിരിച്ചു കൊടുക്കാതെയോ അതിൽ പറഞ്ഞിട്ടുള്ള ഉത്തമർണ്ണന്മാരുടെ കടങ്ങൾ കൊടുത്തുതീർക്കാതെയോ ഇരിക്കുന്ന പക്ഷം പുതിയ സംഘം രജിസ്റ്ററാക്കുന്നതിനെ രജിസ്ട്രാർക്കു നിഷേധിക്കാവുന്നതാകുന്നു.

(൪) പൂർവസംഘങ്ങളുടെ എല്ലാ മുതൽ കടങ്ങളും പുതിയ സംഘത്തിൽ ചേർപ്പിക്കുന്നതിനു പുതിയ സംഘം രജിസ്റ്റർ ചെയ്യുന്നതു തന്നെ മതിയായ അധികാരപത്രമായിരിക്കുന്നതാണ്.

മെംബറന്മാരുടെ അവകാശങ്ങളും ചുമതലകളും.

൨൭. മെംബർ അടക്കേണ്ട സംഖ്യകൾ അടയ്ക്കുന്നതുവരെ അവകാശങ്ങൾ നടത്തിക്കൂടാത്തതാകുന്നു:—ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിലെ യാതൊരു മെംബറും ൨-ാം ഉപവകുപ്പിൽ പറയുന്ന വിധമല്ലാതെ മെംബർ സ്ഥാനത്തിനു വേണ്ടി ചട്ടങ്ങളിലും സംഘനിബന്ധനകളിലും വ്യവസ്ഥചെയ്തിട്ടുള്ള തുകകൾ അടയ്ക്കുകയോ അവകാശം സമ്പാദിക്കുകയോ ചെയ്യല്ലാതെ മെംബരുടെ അവകാശങ്ങൾ നടത്തിക്കൂടാത്തതാകുന്നു.

(൨) ഈ റെഗ്ഗുലേഷൻ നടപ്പായ ശേഷം രജിസ്റ്റർ ചെയ്യപ്പെടുന്ന ഒരു സംഘത്തിന്റെ കാര്യത്തിൽ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയിൽ ഒപ്പിട്ടിട്ടുള്ള ആളുകൾ രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ മൂന്നുമാസകാലത്തേക്കോ രജിസ്ട്രാർ ആവശ്യമെന്നു വിചാരിക്കുന്ന കൂടുതൽ കാലത്തേക്കോ സംഘകാര്യങ്ങൾ നടത്തുന്നതിലേക്കു ഒരു കമ്മിറ്റിയെ തിരഞ്ഞെടുക്കാവുന്നതാകുന്നു.

എന്നാൽ നിബന്ധനപ്രകാരം സംഘത്തിലെ മെംബറന്മാർ ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്താലുടൻ മേല്പറഞ്ഞ കമ്മിറ്റി നിന്നു പോകുന്നതാണ്.

൨൮. മെംബറന്മാരുടെ വോട്ടുകൾ. ഏതെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിലെ യാതൊരു മെംബർക്കും സംഘകാര്യങ്ങളിൽ ഒന്നിലധികം വോട്ടുകൾ ഉണ്ടായിരിക്കാൻ പാടില്ലാത്തതും എന്നാൽ വോട്ടുകൾ തുല്യമായി വരുന്ന അവസരത്തിൽ അദ്ധ്യക്ഷനു ഒരു തീരുമാനവോട്ടു ഉണ്ടായിരിക്കുന്നതും ആണ്.

(൨) മറ്റൊരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ ഓഹരികളിൽ ഏതാനും മുതലുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘം, അതിലേക്കു നിശ്ചയിക്കപ്പെടുന്ന ചട്ടങ്ങൾപ്രകാരം അയോഗ്യതയില്ലാത്ത ഒരു മെംബറെ, ആ മറ്റെ സംഘകാര്യങ്ങളിൽ വോട്ടു ചെയ്യാനായി നിയമിക്കാവുന്നതാണ്.

൨൯. ഓഹരിയോ അവകാശമോ കൈമാറ്റം ചെയ്യുന്നതിനുള്ള നിയന്ത്രണങ്ങൾ:—(൧) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ മൂലധനത്തിൽ ഒരു മെംബർക്കുള്ള ഓഹരിയോ അവകാശമോ കൈമാറ്റം ചെയ്യുകയോ കടപ്പെടുത്തുകയോ ചെയ്യുന്നതു, ഈ റെഗ്ഗുലേഷനോ ചട്ടങ്ങളോ നിർണ്ണയിക്കുന്ന പ്രകാരം ഒരാൾക്കു ഉണ്ടായിരിക്കാവുന്ന അവകാശപാരമ്യത്തെ സംബന്ധിച്ച വ്യവസ്ഥകൾ അനുസരിച്ചിരിക്കേണ്ടതാകുന്നു.

(ഡി) ഒരു മെമ്പർക്ക് ഒരു സംഘത്തിന്റെ മൂലധനത്തിലോ മുതലുകളിലോ ഉള്ള ഏതെങ്കിലും ഓഹരിയോ അവകാശമോ അവയുടെ അംശമോ,

(ഏ) അപ്രകാരമുള്ള ഓഹരിയോ അവകാശമോ അയാൾ ഒരു കൊല്ലക്കാലമെങ്കിലും വച്ചുകൊണ്ടിരിക്കുകയും,

(ബി) കൈമാററമോ കടസ്ഥാപനമോ സംഘത്തിലേക്കോ സംഘത്തിലെ ഒരു മെമ്പർക്കോ മെമ്പറായിച്ചേരാനുള്ള അപേക്ഷ സംഘത്തിൽനിന്നും അനുവദിക്കപ്പെട്ടിട്ടുള്ള ആൾക്കോ ആയിരിക്കയും ചെയ്യാത്ത കൈമാററം ചെയ്തുകൂടാത്തതാകുന്നു.

രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ കൃത്യങ്ങൾ.

൨൦. സംഘങ്ങളുടെ മേൽവിലാസം:—ഓരോ രജിസ്റ്റർചെയ്യപ്പെട്ട സംഘത്തിനും എല്ലാ അറിയിപ്പുകളും എഴുത്തുകുത്തുകളും അയക്കപ്പെടാവുന്നതായി ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു മേൽവിലാസം ഉണ്ടായിരിക്കേണ്ടതും ആ മേൽവിലാസത്തിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ അപ്രകാരം വ്യത്യാസപ്പെടുത്തിയതുമുതൽ മുപ്പതു ദിവസത്തിനകം രജിസ്ട്രാരെ രേഖാമൂലം തെര്യപ്പെടുത്തേണ്ടതും ആകുന്നു.

൨൧. റഗുലേഷൻ, ചട്ടങ്ങൾ, നിബന്ധനകൾ ഇവയുടെ പകർപ്പുകൾ ചെന്നുനോക്കാൻ തക്കവണ്ണം സൂക്ഷിക്കണം:—രജിസ്റ്റർചെയ്യപ്പെട്ട ഏതൊരു സംഘവും ഈ റഗുലേഷന്റെയും അപ്രകാരമുള്ള സംഘത്തെ ഭരിക്കുന്ന ചട്ടങ്ങളുടെയും അതിന്റെ നിബന്ധനകളുടെയും ഒരു പകർപ്പ്, സംഘത്തിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട മേൽവിലാസസ്ഥലത്തു ചിലവുകൂടാതെ എല്ലാ ന്യായമായ സമയങ്ങളിലും ചെന്നുനോക്കാൻ തക്കവിധം വച്ചിരിക്കേണ്ടതാണ്.

൨൨. ആഡിററ്:—(൧) ഓരോ സംഘത്തിന്റെയും കണക്കുകൾ കുറഞ്ഞതു വർഷത്തിൽ ഒരിക്കലെങ്കിലും രജിസ്ട്രാർ ആഡിററു ചെയ്കയോ അദ്ദേഹം പൊതുവായോ പ്രത്യേകമായോ ഇതിലേക്കു രേഖാമൂലം അധികാരപ്പെടുത്തുന്ന ആളെക്കൊണ്ടു ആഡിററുചെയ്യിക്കയോ വേണ്ടതാകുന്നു.

(൨) (൧)-ാം ഉപവകുപ്പുപ്രകാരമുള്ള ആഡിററിൽ കുടിശ്ശികയായ കടങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയുടെ ഒരു പരിശോധനയും, നീക്കിയിരുപ്പുപണത്തിന്റെയും ഉറപ്പുപത്രങ്ങളുടെയും ഒത്തുനോക്കലും, സംഘത്തിന്റെ മുതലുകളുടെയും കടങ്ങളുടെയും ഒരു വിലമതിപ്പും ഉൾപ്പെടേണ്ടതാകുന്നു.

(൩) രജിസ്ട്രാർക്കോ ഒരു സംഘത്തിന്റെ കണക്കുകൾ ആഡിററുചെയ്യുന്ന ആൾക്കോ ആ സംഘത്തിന്റെ പുസ്തകങ്ങൾ കണക്കുകൾ വൌച്ചറുകൾ ഇവ സ്വാതന്ത്ര്യമായി ചെന്നു നോക്കാവുന്നതും അതിന്റെ നീക്കിയിരുപ്പുപണങ്ങളും ഉറപ്പുപത്രങ്ങളും ഒത്തുനോക്കാൻ അവർക്കു സൌകര്യം കൊടുക്കേണ്ടതും ആകുന്നു.

സംഘത്തിലെ കമ്മിററിക്കാരും മാനേജരും മററു ഉദ്യോഗസ്ഥന്മാരും രജിസ്ട്രാർക്കോ സംഘംവക കണക്കുകൾ ആഡിററുചെയ്യാൻ അധികൃതനായ മററാൾക്കോ അതിന്റെ ഇടപാടുകളെയും പ്രവൃത്തനത്തെയും സംബന്ധിച്ചു അവർ ആവശ്യപ്പെടുന്നതായ എല്ലാ വിവരങ്ങളും കൊടുക്കേണ്ടതും അവർ ആവശ്യപ്പെടുമ്പോൾ കണക്കുമായി ഒത്തുനോക്കുന്നതിനു നീക്കിയിരുപ്പുപണം ഹാജരാക്കേണ്ടതും ആകുന്നു.

(൪) രജിസ്ട്രാർക്കും ഒരു സംഘത്തിലെ കണക്കുകൾ ആഡിററുചെയ്യാൻ നിയമിതനായ ഏതൊരാൾക്കും ആവശ്യമെന്നു തോന്നുമ്പോൾ,

(i) സംഘത്തിന്റെ ഏതെങ്കിലും ഇടപാടിനെ സംബന്ധിച്ചോ അതിന്റെ കാര്യഭരണത്തെ സംബന്ധിച്ചോ സാരമായ വിവരം നൽകാൻ കഴിയുമെന്നു അദ്ദേഹത്തിനു ന്യായമായി വിചാരിക്കാവുന്ന സംഘത്തിലെ ഏതുദ്യോഗസ്ഥനെയും ഏജന്റിനെയും നിർബന്ധിയെയും മെമ്പറെയും ആഡിററു സമയത്തു സമ്മൺ ചെയ്യാവുന്നതാണ്,

(ii) സംഘകാര്യങ്ങളെ സംബന്ധിച്ചു ഏതെങ്കിലും പുസ്തകമോ പ്രമാണമോ സംഘംവകയായ പണമോ ഉറപ്പുപത്രങ്ങളോ കൈവശംവച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗ

സ്ഥനോ, ഏജന്റോ, ഭൃത്യനോ, മെംബറോ ആവക ബുക്കോ പ്രമാണമോ പണമോ ഉറപ്പുപത്രമോ ഹാജരാക്കുന്നതിനു ആവശ്യപ്പെടാനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ അവകാശങ്ങൾ.

൨൩. സംഘങ്ങൾ ഏകാംഗയോഗങ്ങളായിരിക്കുമെന്ന്:—ഒരു സംഘം രജിസ്റ്റരാക്കപ്പെടുന്നതുകൊണ്ട് ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും ഒരു പൊതുമുദ്രയോടും, മുതൽകൈവശംവച്ചുകൊണ്ടിരിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനും, വ്യവഹാരങ്ങളും മററു നീതിന്യായനടപടികളും ബോധിപ്പിക്കുന്നതിനും അവയിൽ പ്രതിവാദം ചെയ്യുന്നതിനും അതിന്റെ സ്ഥാപനോദ്ദേശത്തിലേക്കു ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യാനും ഉള്ള അധികാരത്തോടുംകൂടി അതു ഏതു പേരിൽ രജിസ്റ്ററാക്കപ്പെട്ടിരിക്കുന്നുവോ ആ പേരോടുകൂടിയ ഒരു ഏകാംഗയോഗം ആയിരിക്കുന്നതാണ്.

൨൪. സംഘത്തിനുള്ള പ്രഥമാവകാശം:— ഭൂനികുതിയുടെയോ ഭൂനികുതിയെപ്പോലെ വസൂലാക്കാവുന്ന വല്ല പണത്തിന്റെയോ കാര്യത്തിൽ ഗവർമ്മെന്റിലേയ്ക്കുള്ള, പാട്ടത്തിന്റെയോ പാട്ടംപോലെ വസൂലാക്കാവുന്ന മററു പണത്തിന്റെയോ കാര്യത്തിൽ ഒരു ജന്മിയുടെയാകട്ടെ, വല്ല മുൻ അവകാശത്തിനും ഉൾപ്പെട്ടു:—

(എ) ഏതെങ്കിലും ഒരു മെംബറോ മുമ്പു മെംബറായിരുന്ന ആളോ മരിച്ചുപോയ ഒരു മെംബറോ ഒരു സംഘത്തിലേക്കു കൊടുക്കാനുള്ള, ഏതെങ്കിലും കടമോ ബാദ്ധ്യതയോ,

(൧) അപ്രകാരമുള്ള മെംബറോ മുമ്പു മെംബറായിരുന്ന ആളോ മരിച്ചുപോയ മെംബറോ സംഘത്തിൽനിന്നും എടുത്തിട്ടുള്ള വായ്പകൊണ്ടോ അതിന്റെ അംശംകൊണ്ടോ ഉണ്ടാക്കിയിട്ടുള്ള വിളവുകളിന്മേലോ കാർഷികോല്പന്നങ്ങളിന്മേലോ,

(൨) അപ്രകാരമുള്ള മെംബർക്കോ മുമ്പു മെംബറായിരുന്ന ആൾക്കോ മരിച്ചുപോയ മെംബർക്കോ സംഘത്തിൽനിന്നും കൊടുത്തിട്ടുള്ളതോ, പണമായോ സാമാനങ്ങളായോ സംഘത്തിൽനിന്നു കൊടുത്തിട്ടുള്ള വായ്പകൊണ്ടോ, തദംശംകൊണ്ടോ വിലയ്ക്കു വാങ്ങിയിട്ടുള്ളതോ, ആയ കന്നുകാലികൾ അവയ്ക്കുള്ള തീററിസാധനങ്ങൾ, കൃഷിവകയോ വ്യവസായംവകയോ ആയ ആയുധങ്ങൾ യന്ത്രസാമഗ്രികൾ വ്യവസായത്തിനുള്ള അസംസ്കൃതപദാർത്ഥങ്ങൾ തൊഴിൽശാലകൾ പണ്ടകശാലകൾ വ്യാപാരമന്ദിരങ്ങൾ ഇവയിലോ ആദ്യ ബാദ്ധ്യതയായിരിക്കുന്നതാണ്:—എന്നാൽ,

അറിയാതെ ഉത്തമവിശ്വാസത്തോടുകൂടി ഈ വക വിളവുകളോ മററു കാർഷികോല്പന്നങ്ങളോ, കന്നുകാലികളോ അവയ്ക്കുള്ള തീററിസാധനങ്ങളോ വ്യവസായത്തിനുള്ള അസംസ്കൃതപദാർത്ഥങ്ങളോ, തൊഴിൽശാലയോ കൃഷിവകയോ വ്യവസായംവകയോ ആയ തൊഴിൽ ആയുധങ്ങളോ വിലയ്ക്കുവാങ്ങുകയോ കൈമാററം സിദ്ധിക്കുകയോ ചെയ്തിട്ടുള്ള ആളിന്റെ അവകാശത്തിനു ഈ വകുപ്പിൽ ഉള്ളതൊന്നും ബാധകമാകുന്നതല്ല.

(ബി) ഒരു മെംബറോ മുമ്പു മെമ്പറായിരുന്ന ആളോ മരിച്ചുപോയ മെംബറോ പാട്ടം, ഓഹരി, വായ്പ, മൂല്യം മുതലായി ഒരു ഗ്രഹനിർമ്മാണസംഘത്തിലേക്കു കൊടുക്കേണ്ട എല്ലാ തുകകളും ബാദ്ധ്യതകളും അവരുടെ സംഘോപയുക്തങ്ങളിൽ ഉള്ള അവകാശത്തിന്മേൽ ആദ്യബാദ്ധ്യതയായിരിക്കുന്നതാണ്.

൨൫. മെംബറുടെ ഓഹരിയുടെയോ അവകാശത്തിന്റെയോ കാര്യത്തിൽ തട്ടിക്കിഴിക്കലും:—ഒരു മെംബറിൽനിന്നോ മുമ്പുമെമ്പറായിരുന്ന ആളിൽനിന്നോ മരിച്ചുപോയ മെംബറിൽനിന്നോ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിനു ചെല്ലേണ്ട വല്ല കടത്തിലേക്കും, ആ മെംബർക്കോ മെംബറായിരുന്ന ആളിനോ മരിച്ചുപോയ മെംബർക്കോ മൂലധനത്തിലുള്ള ഓഹരിയിന്മേലോ അവകാശത്തിന്മേലോ അവരുടെ വക നിക്ഷേപങ്ങളിന്മേലോ അപ്രകാരമുള്ള മെംബർക്കോ, മുമ്പു മെംബറായിരുന്ന ആളിനോ മരിച്ചുപോയ മെംബറുടെ സ്വത്തിലേക്കോ ചെല്ലേണ്ടതായ ലാഭവീതം, ബോണസ്സ്,

ആദായങ്ങൾ ഇവയിന്മേലോ സംഘത്തിനു ഒരു തേച്ച്യയുണ്ടായിരിക്കുന്നതും അപ്രകാരം മെംബർക്കോ മെംബറായിരുന്ന ആൾക്കോ മരിച്ചുപോയ മെംബർക്കോ വരവുചിട്ടിച്ചതോ കൊടുക്കേണ്ടതോ ആയികാണുന്ന തുകകൾ സംഘത്തിനു ചെല്ലേണ്ട കടത്തിലേക്കു തട്ടിക്കഴിക്കാവുന്നതും ആകുന്നു.

൨൬. ഓഹരികളോ അവകാശമോ ജപ്തിക്കു അധീനമല്ല. ൨൫-ാം വകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിന്റെ മൂലധനത്തിൽ ഒരു മെംബർക്കുള്ള ഓഹരിയോ അവകാശമോ ആ മെംബർക്കു ഉണ്ടായിട്ടുള്ള വല്ല കടത്തിലേക്കോ ബാദ്ധ്യതയിലേക്കോ ഒരു നീതിന്യായക്കോടതിയുടെ വിധിയോ ഉത്തരവോ മൂലം ജപ്തിചെയ്യാനോ വിൽപ്പിക്കാനോ പാടില്ലാത്തതും ൧൦൯൦-ലെ ൮-ാംനമ്പരായ നിഷ്‌റഗ്ഗുലേഷൻപ്രകാരമുള്ള അഫിഷ്യൽ അസൈനിക്കോ, സിവിൽ പ്രൊസിഡ്യൂവർ കോഡ് (൧൦൮൦-ലെ ൮-ാംറഗ്ഗുലേഷൻ) അനുസരിച്ചു നിയമിക്കപ്പെട്ടിട്ടുള്ള റിസീവർക്കോ ആ ഓഹരിയിലോ അവകാശത്തിലോ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

൨൭ മെംബർ മരിച്ചാൽ അവകാശം കൈമാറുക. ഒരു സംഘത്തിലെ ഒരു മെംബർ മരിച്ചുപോയാൽ ആ സംഘം ആ മെംബർ മരിച്ചശേഷം ഒരു വർഷത്തിനകം അയാളുടെ ഓഹരിയോ അവകാശമോ സംഘനിബന്ധനപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ആൾ സംഘത്തിൽ മുറയ്ക്കു അംഗമായിച്ചേർക്കപ്പെട്ടിരുന്നാൽ ആ ആൾക്കോ; അപ്രകാരം നിയമിക്കപ്പെട്ട ആളില്ലാത്തപക്ഷം മരിച്ച മെംബറുടെ അവകാശിയോ നിയമാനുസൃതപ്രതിനിധിയോ എന്നു കമ്മിററിക്കു തോന്നുന്ന ആൾ, സംഘത്തിലെ ഒരു മെംബറായി ക്രമപ്രകാരം ചേർക്കപ്പെട്ടിരുന്നാൽ, അങ്ങിനെയുള്ളയാൾക്കോ കൈമാററം ചെയ്യാവുന്നതും അല്ലെങ്കിൽ ചട്ടങ്ങളോ നിബന്ധനകളോ അനുസരിച്ചു മരിച്ച മെംബറുടെ ഓഹരിക്കോ അവകാശത്തിനോ കണക്കാക്കപ്പെട്ടിട്ടുള്ളവില കൊടുക്കാവുന്നതും ആകുന്നു.

എന്നാൽ അപ്രകാരം അതതു അവസ്ഥപോലെ അവകാശിയായി നിയമിക്കപ്പെട്ടയാളോ, അവകാശിയോ നിയമാനുസൃത പ്രതിനിധിയോ, മെംബർ മരിച്ചശേഷം ഒരു വർഷത്തിനകം മേൽപ്പറഞ്ഞപ്രകാരം നിർണ്ണയിക്കപ്പെടുന്ന അയാളുടെ ഓഹരിയുടെയോ അവകാശത്തിന്റെയോ വില കിട്ടണമെന്നു സംഘത്തോടു ആവശ്യപ്പെടാവുന്നതാണ്.

(൨) ഒരു സംഘം ൨൫-ാംവകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു, അധികാരമുള്ള ഒരു കോടതിയിൽ വിരോധിക്കപ്പെടാത്തപക്ഷം മരിച്ച മെംബർക്കു സംഘത്തിൽനിന്നു കൊടുക്കേണ്ടതായ മറെറല്ലാ പണങ്ങളും മേൽപ്പറഞ്ഞ അവകാശിയായി നിയമിക്കപ്പെട്ട ആൾക്കോ അവകാശിക്കോ നിയമാനുസൃതപ്രതിനിധിക്കോ അതതു അവസ്ഥപോലെ കൊടുക്കാനുള്ളതാകുന്നു.

(൩) ഈ വകുപ്പുപ്രകാരം ഒരു സംഘം ചെയ്യുന്ന എല്ലാ കൈമാററങ്ങളും, പണം കൊടുക്കലുകളും മററു വല്ല ആളും സംഘത്തിന്റെ മേൽ കൊണ്ടുവരുന്ന അവകാശങ്ങൾക്കു എതിരായി സാധുവായും സഫലമായും ഇരിക്കുന്നതാണ്.

൨൮. മുമ്പു മെംബറായിരുന്ന ആളിനോ മരിച്ചുപോയ മെംബറുടെ സ്വത്തിന്മേലോ ഉള്ള ബാദ്ധ്യത. ഒരു മെംബർ മെംബർസ്ഥാനത്തുനിന്നു മാറപ്പെടുകയോ മരിച്ചുപോകുകയോ ചെയ്യുന്ന തീയതിക്കു ഒരു രജിസ്റ്റർചെയ്ത സംഘത്തിനുണ്ടായിരുന്ന കടങ്ങൾക്കു ആ മാറിപ്പോയ മെംബർക്കോ മരിച്ചുപോയ മെംബറുടെ വസ്തുക്കളിലോ ഉള്ള ബാദ്ധ്യത അതതു സംഗതിപോലെ ആ തീയതിക്കുശേഷം രണ്ടുകൊല്ലത്തേക്കു നിലനിൽക്കുന്നതാണ്.

൨൯. മെംബറന്മാരുടെ രജിസ്റ്റർ. ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിൽ വച്ചിരിക്കുന്നതായ മെംബറന്മാരുടെയോ ഓഹരികളുടെയോ രജിസ്റ്ററോ ലിസ്റ്റോ അവയിൽ എഴുതപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന വിവരങ്ങൾക്കു പ്രഥമദൃഷ്ടത്തെളിവായിരിക്കുന്നതാണ്.—

(എ) ഒരാളിന്റെ പേർ അപ്രകാരമുള്ള രജിസ്റ്ററിലോ ലിസ്റ്റിലോ മെംബറായി ചേർക്കപ്പെട്ട തീയതി.

(ബി) അപ്രകാരമുള്ള ഒരാൾ മെംബറായിരുന്നതു നിന്നുപോയ തീയതി.

൯൦. ബുക്കുകളിൽ ചേർക്കപ്പെട്ട വിവരങ്ങളുടെ പകർപ്പു തെളിവിലേക്കു സ്വീകരിക്കാമെന്നു. ഒരു സംഘം പ്രവൃത്തിനടത്തിക്കൊണ്ടിരിക്കെ ക്രമമായി വച്ചുവരുന്നതായ ഒരു പുസ്തകത്തിലോ രജിസ്റ്ററിലോ ചേർത്തിട്ടുള്ള വല്ല വിവരത്തിന്റേയും ഒരു പകർപ്പു ചട്ടങ്ങൾപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളവിധം സാക്ഷ്യപ്പെടുത്തുന്നതായാൽ ആ വിവരം ഉണ്ടെന്നുള്ളതിലേക്കു തെളിവായി സ്വീകരിക്കാവുന്നതും, അസ്സൽ പുസ്തകം ഹാജരാക്കപ്പെട്ടാൽ അതിൽ രേഖപ്പെടുത്തിയിട്ടുള്ള സംഗതികളുടേയും ഇടപാടുകളുടെയും തെളിവായി ഏതെല്ലാം കാര്യങ്ങളിൽ എത്രത്തോളം സ്വീകാര്യമായിരിക്കുമോ അത്രത്തോളം ആ സംഗതികൾ തെളിയിക്കുന്നതിനു സ്വീകരിക്കേണ്ടതും ആകുന്നു.

(൨) ഗവർമ്മെന്റു പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ അനുവദിക്കുന്ന സംഘങ്ങളുടെ കാര്യത്തിൽ ആ സംഘം കക്ഷിയല്ലാത്ത യാതൊരു നീതിന്യായനടപടികളിലും ഈ (൧) ഉപവകുപ്പനുസരിച്ചു തെളിയിക്കാവുന്ന വിവരങ്ങൾ അടങ്ങിയിരിക്കുന്ന സംഘംവക ഏതെങ്കിലും പുസ്തകം ഹാജരാക്കാൻ ആ സംഘംവക ഒരു ഉദ്യോഗസ്ഥനെയും നിർബന്ധിച്ചുകൂടാത്തതും, പ്രത്യേക കാരണത്താൽ കോടതിയോ ന്യായാധിപതിയോ ചെയ്യുന്ന ഉത്തരവനുസരിച്ചല്ലാതെ അതായിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഗതികളോ ഇടപാടുകളോ കണക്കുകളോ തെളിയിക്കുന്നതിനു സാക്ഷിയായിഹാജരാകാൻ നിർബന്ധിച്ചുകൂടാത്തതും ആകുന്നു.

൯൧. വീഴ്ചക്കാരന്റെ വസ്തു ജപ്തിചെയ്തു വിൽക്കാൻ അധികാരം. രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം പണം ഈടാക്കുന്നതിലേക്കു ഒരു സിവിൽകോടതിയുടെ വിധിയോ ഉത്തരവോ രജിസ്ട്രാരുടെയോ മദ്ധ്യസ്ഥന്റെയോ തീർമാനമോ അവാർഡോ രജിസ്ട്രാരുടെയോ ഇടപാടുതീർപ്പുകാരന്റെയോ ഉത്തരവോ ലഭിക്കുമ്പോൾ, നമ്മുടെ ഗവർമ്മെന്റു നിശ്ചയിക്കാവുന്ന ചട്ടങ്ങൾ അനുസരിച്ചു രജിസ്ട്രാർക്കോ രജിസ്ട്രാരുടെ താഴെയുള്ളതായി രജിസ്ട്രാർ അതിലേക്കു അധികാരപ്പെടുത്തുന്ന ആൾക്കോ, ആരുടെമേൽ വിധിയോ തീരുമാനമോ അവാർഡോ ലഭിച്ചിരിക്കുന്നുവോ ആ ആളുടെ വക വസ്തു ജപ്തിചെയ്തു വിറ്റിച്ചു വിധിയോ തീരുമാനമോ അവാർഡോ അനുസരിച്ചുള്ള തുകയും അതിന്മേൽ പലിശ വല്ലതും ഉണ്ടെങ്കിൽ അതും പ്രോസസുചിലവുകളും ഈടാക്കാവുന്നതാകുന്നു.

൯൨. രജിസ്റ്റർചെയ്യപ്പെട്ട സംഘത്തിന്റെ ഓഹരികളെയോ ഡിബഞ്ചർ കടപ്പത്രങ്ങളെയോ സംബന്ധിച്ച കരണങ്ങൾ നിർബന്ധമായി രജിസ്റ്റർ ചെയ്യുന്നതിനുള്ളതിൽനിന്നും ഒഴിവാക്കുക. തിരുവിതാംകൂറിലെ ൧൦൯൭-ലെ ൨-ാം റെഗുലേഷനിലെ ൧൭-ാംവകുപ്പു ൧-ാം ഉപവകുപ്പു (ഏ) (ബി) ഖണ്ഡങ്ങളിൽ ഉള്ള യാതൊന്നും,

(൧) ഒരു രജിസ്റ്റർചെയ്യപ്പെട്ട ഒരു സംഘത്തിന്റെ മുതലുകൾ മുഴുവനുമോ ഏതാനുമോ സ്ഥാവരവസ്തുക്കളായിരുന്നാൽതന്നെയും അതിലെ ഓഹരികളെ സംബന്ധിച്ചുള്ള ഏതു പ്രമാണത്തെയും,

(൨) സംഘം കടപ്പത്രം ഉടമസ്ഥന്മാരുടെ നന്മക്കായി അതിന്റെ സ്ഥാവരവസ്തു മുഴുവനുമോ ഏതാനുമോ വിശ്വാസത്തിന്മേൽ ട്രസ്റ്റിയുടെ പേർക്കു പണയപ്പെടുത്തുന്നതോ, മറ്റുവിധത്തിൽ അവകാശപ്പെടുത്തിക്കൊടുക്കുന്നതോ ആയ ഒരു രജിസ്റ്റർ പ്രമാണംകൊണ്ടു കടപ്പത്ര ഉടമസ്ഥർ സിദ്ധിക്കുന്ന ഉറപ്പല്ലാതെ ഏതെങ്കിലും സ്ഥാവരവസ്തുക്കളിൽ ഏതെങ്കിലും അവകാശം സൃഷ്ടിക്കയോ സ്ഥാപിക്കയോ കൊടുക്കുകയോ നിയന്ത്രിക്കയോ ഇല്ലാതെയാക്കയോ ചെയ്യാത്തതായി ഏതെങ്കിലും സംഘം പ്രചരിപ്പിക്കുന്ന ഡിബഞ്ചർകളെയും,

(൩) അപ്രകാരമുള്ള ഏതെങ്കിലും സംഘംപ്രചരിപ്പിക്കുന്ന ഡിബഞ്ചർകളിലുള്ള പുറത്തെഴുത്തുകളെയും അവയുടെ കൈമാററങ്ങളെയും സംബന്ധിക്കുന്നതല്ല.

൯൩. ആദായനികുതി, മുൻസിപ്പൽ നികുതി, മുദ്രവില, രജിസ്ട്രേഷൻ ഫീസ് കോർട്ടുഫീസ് എന്നിവയെ ഒഴിവാക്കാനുള്ള അധികാരം. നമ്മുടെ ഗവർമ്മെന്റു ഗസ

ററിൽ പരസ്യം ചെയ്യു ഏതെങ്കിലും സംഘത്തിൻെറയോ ഏതെങ്കിലും വർഗ്ഗത്തിൽ പ്പെട്ട സംഘങ്ങളുടെയൊ കാര്യത്തിൽ.

(൧) സംഘത്തിൻെറ ലാഭം വകയിലൊ ലാഭം വകയിൽ സംഘങ്ങൾക്കു ലഭിക്കുന്നവീതങ്ങളോമററുതുകകളോ വകയിലോ സംഘം വച്ചുകൊണ്ടിരിക്കുന്ന ജാമ്യങ്ങളുടെ പലിശവകയിലോ ഉള്ള ആദായനികുതിയും സൂപ്പർ ടാക്സും.

(൨) ൧൦൯൮ലെ ൪-ാം റഗുലേഷനായ മുനിസിപ്പൽ റഗുലേഷൻ പ്രകാരം അതതു സമയം നടപ്പിലിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് കൊടുക്കേണ്ട നികുതിയും.

(൩) അപ്പപ്പോഴപ്പോൾ നടപ്പുള്ള ഏതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ഒരു സംഘമോ സംഘത്തിനു വേണ്ടിയോ, അല്ലെങ്കിൽ സംഘത്തിൻെറ പ്രവൃത്തിയെ സംബന്ധിച്ച ഒരു ഉദ്യോഗസ്ഥനോ മെംബറോ എഴുതികൊടുക്കുന്ന പ്രമാണങ്ങൾക്കോ അവയിൽ ഏതെങ്കിലും വിഭാഗത്തിനോ അല്ലെങ്കിൽ രജിസ്ത്രാരുടെയോ മദ്ധ്യസ്ഥന്മാരുടെയോ അവാർഡുകൾക്കൊ യഥാക്രമം ചുമത്താവുന്ന മുദ്രവിലയും.

(൪) അപ്പപ്പോഴപ്പോൾ നടപ്പിലിരിക്കുന്ന രജിസ്ത്രേഷൻ നിയമമോ കോർട്ടുഫീസുനിയമമോ അനുസരിച്ചുള്ള ഏതുഫീസും, ഒഴിവാക്കാവുന്നതാകുന്നു.

൩൪. <u>രജിസ്റ്റർചെയ്യപ്പെട്ട സംഘങ്ങൾക്കു ഗവണ്മെൻറു സഹായം.</u> മറെറന്തെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നമ്മുടെ ഗവണ്മെൻറിനു, അതിലേക്കായി ഏർപ്പെടുത്തുന്ന ചട്ടങ്ങൾപ്രകാരം ഏതെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിനു വായ്പകൊടുക്കുകയോ അതിൽ ഓഹരിചേരുകയോ അല്ലെങ്കിൽ മററ ഏതെങ്കിലും വിധത്തിൽ ധനസഹായം ചെയ്കയോ ചെയ്യാവുന്നതാണ്.

രജിസ്റ്റർ ചെയ്യപ്പെട്ടസംഘങ്ങളുടെ വസ്തുക്കളും മുതലുകളും.

൩൫. <u>കടം കൊടുക്കുന്നതിലുള്ള ക്ലിപ്തം.</u> (൧) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘം അതിലെ മെംബറല്ലാത്ത ആർക്കും കടം കൊടുക്കരുതാത്തതാകുന്നു. എന്നാൽ രജിസ്ത്രാരുടെ പൊതുവായൊ പ്രത്യേകമായോ ഉള്ള അനുവാദപ്രകാരം ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘം മറെറാരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിനു കടം കൊടുക്കാവുന്നതാണ്.

(൨) രജിസ്ത്രാരുടെ അനുവാദത്തോടുകൂടിയല്ലാതെ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘം കാർഷികോല്പന്നങ്ങൾ അല്ലാതെയുള്ള ജംഗമവസ്തുക്കളുടെ ഉറപ്പിന്മേൽ പണം കടം കൊടുത്തുകൂടാത്തതാകുന്നു

(൩) (൧)-ം (൨)-ം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘം ഒരു നിക്ഷേപകനു അയാളുടെ നിക്ഷേപത്തിൻെറ ഉറപ്പിന്മേൽ കടം കൊടുക്കാവുന്നതാണ്.

(൪) ഏതെങ്കിലും ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘമോ രജിസ്റ്റർചെയ്യപ്പെട്ട സംഘങ്ങളുടെ ഒരു വിഭാഗമോ സ്ഥാവരവസ്തുവിൻെറ ഈടിന്മേൽ പണം കടംകൊടുക്കുന്നതിനെ നമ്മുടെ ഗവണ്മെൻറിനു പൊതുവായോ പ്രത്യേകമായോ ഉള്ള ആജ്ഞയാൽ നിരോധിക്കുകയോ നിയന്ത്രിക്കയോ ചെയ്യാവുന്നതാണ്.

൩൬. <u>കടം വാങ്ങുന്നതിലുള്ള നിയന്ത്രണങ്ങൾ.</u> ഒരു രജിസ്റ്റർ ചെയ്യപ്പെട്ടസംഘം ചട്ടങ്ങളാലോ സംഘനിബന്ധനകളാലോ നിർണ്ണയിക്കപ്പെട്ടിട്ടുള്ളിടത്തോളവും അപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചും മാത്രമേ നിക്ഷേപങ്ങളോ കടങ്ങളോ വാങ്ങാൻ പാടുള്ളൂ.

൩൭. <u>മുതലുകൾ നിക്ഷേപിക്കുക.</u> ൩൧-ാം വകുപ്പ് ൪-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ട ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിനു അതിലെ മുതലുകൾ:—

(എ) ഗവണ്മെൻറു സേവിംഗ്സ് ബാങ്കിലോ,

(ബി) ഇൻഡ്യാഗവണ്മെൻറുവക പ്രാമിസറിനോട്ടുകളിലോ ഡിബഞ്ചറുകളിലോ സ്റ്റാക്കിലോ മററു ഉറപ്പു പത്രങ്ങളിലോ,

(സി) ഇൻഡ്യാഗവണ്മെന്റോ തിരുവിതാംകൂർ ഗവണ്മെന്റോ പലിശക്കു ഉറപ്പുകൊടുത്തിട്ടുള്ളതായ റയിൽവേയിലേയോ മററു കമ്പനികളിലേയോ സ്റ്റാക്കിലോ ഡിബഞ്ചർകളിലോ ഓഹരികളിലോ,

(ഡി) തിരുവിതാംകൂറിലുള്ള സ്ഥാവരവസ്തുവിന്റെ അട്ടിപ്പണയത്തിന്മേൽ ആ വസ്തു ഏതാനും വർഷങ്ങൾക്ക മാത്രം കൈവശ വകാശമുള്ളതല്ലാതെയിരിക്കുകയും വസ്തുവിന്റെ വില പണയസംഖ്യയുടെ മൂന്നിലൊന്നു ഭാഗം കൂടിയും വസ്തുവിൽ കെട്ടിടങ്ങളുണ്ടായിരുന്നാൽ ഒന്നു പകുതികൂടിയും കവിഞ്ഞു ഇരിക്കുമ്പോഴോ,

(ഇ) തിരുവിതാംകൂറിലുള്ള മറെറതെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ ഓഹരികളിലോ ഉറപ്പിന്മേലോ, എന്നാൽ ക്ലിപ്തബാധ്യതയോടുകൂടിയതല്ലാത്ത ഏതെങ്കിലും സംഘത്തിന്റെ ഓഹരികളിൽ അപ്രകാരം നിക്ഷേപിച്ചു കൂടാത്തതാകുന്നു:—

(എഫ്) ഈ കാര്യത്തിലേക്കായി രജിസ്ത്രാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ബാങ്കിലോ ബാങ്കിടപാടു നടത്തുന്ന ഏതെങ്കിലും ആൾവശമോ, അല്ലെങ്കിൽ

(ജി) ചട്ടങ്ങൾ അനുവദിക്കുന്ന മറെറതെങ്കിലും വിധമോ നിക്ഷേപിക്കാവുന്നതാണ്.

(൨) ഈ റെഗുലേഷൻ നടപ്പിൽ വരുന്നതിനുമുമ്പു ചെയ്തിട്ടുള്ള മുതൽ മുടക്കുകളോ നിക്ഷേപങ്ങളോ ഇതിനാൽ സത്യാകരിക്കയും, സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

൨൮. ലാഭവീതത്തിൽ നിയന്ത്രണം. യാതൊരുസംഘവും ൭½ ശതമാനത്തിൽ കവിഞ്ഞ ലാഭവീതം മെമ്പറന്മാൎക്ക കൊടുത്തു കൂടാത്തതാണ്.

൨൯. കരുതൽധനം. ഇടപാടുകളിൽനിന്നും ഒരു ലാഭം കിട്ടുന്നതോ കിട്ടാവുന്നതോ ആയ ഓരോ സംഘവും ഒരുകരുതൽധനം സൂക്ഷിക്കേണ്ടതാണ്.

(൨) ഒരു ഉല്പാദക സംഘത്തിൽ ശുദ്ധലാഭത്തിൽ നാലിലൊന്നെങ്കിലും ആണ്ടുതോറും കരുതൽധനത്തിൽ ചേൎക്കപ്പെടേണ്ടതും മററു സംഘങ്ങളുടെ കാര്യത്തിൽ അപ്രകാരമുള്ളലാഭത്തിന്റെ പത്തിലൊന്നെങ്കിലും ആണ്ടുതോറും കരുതൽധനത്തിൽ ചേൎക്കപ്പെടേണ്ടതും ആ കരുതൽ ധനം സംഘത്തിന്റെ വ്യാപാരത്തിൽ വിനിയോഗിക്കുകയോ രജിസ്ത്രാർ അനുവദിക്കുന്ന കാര്യങ്ങൾക്ക ഏല്പിക്കുകയോ ഗവണ്മെന്റു പൊതുവായോ പ്രത്യേകമായോ ആജ്ഞാപിക്കുന്നവിധം ൨൭-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ചു നിക്ഷേപിക്കയോ, അല്ലെങ്കിൽ ഗവണ്മെന്റിന്റെ മുന്നനുവാദത്തോടുകൂടി ഈ റെഗുലേഷന്റെ ഉദ്ദേശങ്ങളെ സഹായിക്കുന്നതായ പൊതു ആവശ്യങ്ങൾക്കോ ദേശീയമോ പ്രദേശികമോ ആയ നന്മക്കോ ആയി ഏതാനും ഭാഗം ഉപയോഗപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

൩൦. ലാഭവിഭജനത്തിൽ നിയന്ത്രണം. ൨൯-ാം വകുപ്പിലെ നിയന്ത്രണത്തിനു വിധേയപ്പെട്ട റിസർവ് ഫണ്ടിനു നിശ്ചയിച്ചിട്ടുള്ളതുപോകെ ബാക്കിയുള്ള ഒരു സംഘത്തിന്റെ ലാഭം മുൻകൊല്ലങ്ങളിലെ ലാഭബാക്കികൾ ഉണ്ടായിരുന്നാൽ അവയും ചേൎത്തു മെമ്പറന്മാരുടെ ഇടയിൽ വിഭജിക്കാവുന്നതും എന്നാൽ രജിസ്ത്രാരുടെ അനുവാദംകൂടാതെ യാതൊരു ലാഭവിഭജനവും നടത്തിക്കൂടാത്തതും ആകുന്നു.

൩൧. ആപൽകാലനിധി ഏതെങ്കിലും സംഘത്തിനുപ്രത്യേകമായി ഉണ്ടാക്കപ്പെട്ടിട്ടുള്ള നിബന്ധനകൾ അനുസരിച്ചു മെമ്പറന്മാരിൽ നിന്നും പിരിക്കുന്ന തുകകൾ കൊണ്ടു അവൎക്കുവേണ്ടിയുള്ള ഒരു ആപൽക്കാല നിധി ഏൎപ്പെടുത്താവുന്നതും, സംഘത്തിന്റെ ലാഭത്തിൽ നിന്നും ആ നിധിയിലേക്ക പണം വക്കാവുന്നതും ആകുന്നു. എന്നാൽ അപ്രകാരമുള്ള ആപൽക്കാല നിധിയുടെ യാതൊരുഭാഗവും സംഘത്തിന്റെ പ്രവൎത്തനത്തിൽ വിനിയോഗിച്ചുകൂടാത്തതും എന്നാൽ അതിനെ ൨൭-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ചു നിക്ഷേപിക്കേണ്ടതും ആകുന്നു.

൪൨. പൊതുനന്മയ്ക്കായിപണം കൊടുക്കുക. ഒരു രജിസ്റ്റർചെയ്യപ്പെട്ട സംഘം അതിന്റെ ലാഭത്തിൽ മൂന്നിലൊന്നോ പത്തിലൊന്നോ അതതു സംഘത്തിന്റെ തരം പോലെ ആണ്ടുതോറും കരുതൽ ധനത്തിൽ ചേർത്തതിന്റെ ശേഷം ബാക്കിയുള്ളതിന്റെ ൧൦ ശതമാനത്തിൽ കവിയാത്ത ഒരു ഭാഗം ൧൦൮൨-ലെ ൨-ാം റെഗുലേഷനായ ധർമ്മസ്ഥാപന റെഗുലേഷൻ ൨-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള പൊതുനന്മ ആവശ്യങ്ങൾക്കായി ചിലവുചെയ്യാവുന്നതാണ്.

വിചാരണയും പരിശോധനയും.

൪൩. രജിസ്ട്രാരുടെവിചാരണ. (൧) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ സംഘടന പ്രവൃത്തനം ധനസ്ഥിതി എന്നിവയെ സംബന്ധിച്ചു ഒരുവിചാരണ രജിസ്ട്രാർക്കു സ്വയമേവ നടത്താവുന്നതും അല്ലെങ്കിൽ അദ്ദേഹം രേഖാമൂലം അധികാര ദാനം ചെയ്തിട്ടുള്ള ഒരാളെക്കൊണ്ടു നടത്തിക്കാവുന്നതും ദിവാൻപേഷ്കാരുടെ ആവശ്യപ്രകാരവും കമ്മറ്റിക്കാരിൽ ഭൂരിപക്ഷത്തിന്റെയോ മെംബർമാരിൽ മൂന്നിലൊന്നിൽ കുറയാത്തവരുടെയോഅപേക്ഷപ്രകാരവും അപ്രകാരം വിചാരണ ചെയ്കയോ ചെയ്യിക്കുകയോ വേണ്ടതും ആകുന്നു.

(൨) രജിസ്ട്രാർക്കോ (൧)-ാം ഉപവകുപ്പനുസരിച്ചു അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ആൾക്കോ താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കും.

(൩) അദ്ദേഹത്തിനു ന്യായമായ എല്ലാ സമയങ്ങളിലും സംഘത്തിന്റെവകയോ സംഘത്തിന്റെ കൈവശം ഇരിക്കുന്നതോ ആയ പുസ്തകങ്ങൾ കണക്കുകൾ പ്രമാണങ്ങൾ ഉറപ്പപത്രങ്ങൾ പണം മറുവസ്തുവകകൾ ഇവ നിർബാധമായി നോക്കാവുന്നതും അപ്രകാരമുള്ള പുസ്തകങ്ങൾ കണക്കുകൾ പ്രമാണങ്ങൾ ഉറപ്പപത്രങ്ങൾ പണം മററു വസ്തുവകകൾ എന്നിവയുടെ ചുമതലക്കാരെയോ കൈവശക്കാരെയോ സമൻസ് അയച്ചുവരുത്തി സംഘത്തിന്റെ തലസ്ഥാനത്തു എവിടെയെങ്കിലുമോ ശാഖാസ്ഥലത്തോ അവ ഹാജരാക്കിക്കാവുന്നതും ആകുന്നു.

(ബി) സംഘത്തിന്റെ എന്തെങ്കിലും കാര്യത്തിൽ അറിവുള്ളയാളാണെന്നു അദ്ദേഹത്തിനു വിശ്വസിക്കാൻ കാരണമുള്ള ഏതാളെയും സംഘത്തിന്റെ തലസ്ഥാനത്തോ ശാഖാസ്ഥലത്തോ സമൻസ് അയച്ചുവരുത്തുകയും സത്യം ചെയ്യിച്ചു വിസ്തരിക്കയും ചെയ്യാവുന്നതാണ്.

(സി) (൧) സംഘത്തിന്റെ പൊതുയോഗത്തിനുള്ള നോട്ടീസുകാലം നിർണ്ണയിക്കുന്നതായ എന്തെങ്കിലും ചട്ടമോ നിബന്ധനയോ ഉണ്ടായിരുന്നാലും, അദ്ദേഹത്തിനു സംഘത്തിന്റെ തലസ്ഥാനത്തോ ശാഖാസ്ഥലത്തോ അദ്ദേഹം ആജ്ഞാപിക്കുന്നതായ സ്ഥലത്തു അദ്ദേഹം നിർദ്ദേശിക്കുന്ന സംഗതികൾ തീരുമാനിക്കുന്നതിലേക്കു ഒരു പൊതുയോഗം വിളിച്ചുകൂട്ടണമെന്നു സംഘം ഉദ്യോഗസ്ഥന്മാരോടു ആവശ്യപ്പെടാവുന്നതാണ്. സംഘോദ്യോഗസ്ഥന്മാർ അതിനു വിസമ്മതിക്കുകയോ അവർക്കു അതു കഴിയാതെ വരികയോ ചെയ്താൽ അദ്ദേഹത്തിനു തന്നെ യോഗം വിളിച്ചുകൂട്ടാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(൨) ൧-ാം ഖണ്ഡം അനുസരിച്ചു കൂട്ടപ്പെട്ട ഏതുയോഗത്തിനും സംഘത്തിന്റെ നിബന്ധനപ്രകാരം വിളിച്ചുകൂട്ടപ്പെടുന്ന ഒരു പൊതുയോഗത്തിന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും അതിന്റെ നടപടികൾ സംഘനിബന്ധനപ്രകാരം നയിക്കപ്പെടേണ്ടതും ആകുന്നു.

൪൪. രജിസ്ട്രാർ പുസ്തകങ്ങൾ പരിശോധിക്കുക. (൧) ഒരു രജിസ്റ്റർചെയ്യപ്പെട്ട സംഘത്തിന്റെ ഉത്തമർണ്ണന്റെ അപേക്ഷയിന്മേലോ, സ്വമനസ്സാലോ രജിസ്ട്രാർക്കു ആ സംഘത്തിന്റെ ബുക്കുകൾ പരിശോധിക്കയോ പൊതുവായോപ്രത്യേകമായോ ഉള്ള ഉത്തരവിനാൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ആളിനെക്കൊണ്ടു പരിശോധിപ്പിക്കുകയോ ചെയ്യാവുന്നതും രജിസ്ട്രാർക്കോ അപ്രകാരം അധികാരപ്പെടുത്തപ്പെട്ട ആൾക്കോ ൪൩-ാം വകുപ്പനുസരിച്ചുള്ള അന്വേഷണം നടത്തുന്നസമയം ഉള്ള അധികാരങ്ങൾ ഈ പരിശോധന സംഗതിയിലും ഉണ്ടായിരിക്കുന്നതും ആണ്.

(ഡി) ഉത്തമർണ്ണൻ

(എ) അയാൾക്കു കിട്ടാനുള്ള കടംസംഖ്യ അപ്പോൾ കൊടുക്കാനുള്ളതാണെന്നും, അയാൾ അതു ആവശ്യപ്പെട്ട എന്നും ഒരു ന്യായമായ സമയത്തിനകം കൊടുത്തിട്ടില്ലെന്നും രജിസ്ട്രാരെ ബോദ്ധ്യപ്പെടുത്തുകയും,

(ബി) രജിസ്ട്രാർ ആവശ്യപ്പെടുന്ന വിധത്തിൽ ഉദ്ദിഷ്ടപരിശോധനയുടെ ചിലവിലേക്കു ഉറപ്പായി ഒരു തുക രജിസ്ട്രാർവശം കെട്ടിവയ്ക്കുകയും ചെയ്യാതെ (എ)-ാം ഉപവകുപ്പനുസരിച്ചു ഒരു പരിശോധന ആജ്ഞാപിച്ചുകൂടാത്തതാകുന്നു.

(സി) (എ)-ാം ഉപവകുപ്പനുസരിച്ചു ഒരു പരിശോധന നടത്തപ്പെട്ടിരിക്കുമ്പോൾ ആ പരിശോധനയുടെഫലം രജിസ്ട്രാർ സംഘം കടപ്പെട്ടിട്ടുള്ള ഉത്തമർണ്ണനെ ധരിപ്പിക്കേണ്ടതാണ്.

൪൭. <u>വിചാരണയുടെയും പരിശോധനയുടെയും ചിലവുകൾ.</u> ൪൬-ാം വകുപ്പനുസരിച്ചു വിചാരണ നടത്തുകയോ ൪൪-ാം വകുപ്പനുസരിച്ചു ഒരു പരിശോധന ചെയ്കയോ ചെയ്താൽ കക്ഷികൾക്കു കാര്യം കേൾപ്പിപ്പാൻ അവസരം കൊടുത്തശേഷം സംഘത്തിന്റെയും മെംബരന്മാരുടെയും അല്ലെങ്കിൽ അന്വേഷണമോ വിചാരണയോ ആവശ്യപ്പെടുന്ന ഉത്തമർണ്ണന്റെയും സംഘ ഉദ്യോഗസ്ഥന്മാരുടെയും മുമ്പു ഉദ്യോഗം വഹിച്ചിരുന്നവരുടെയും പേരിൽ രജിസ്ട്രാർ നിശ്ചയിച്ചിരിക്കുന്ന ചിലവോ ചിലവുവീതമോ അദ്ദേഹത്തിനു ചുമത്താവുന്നതാണ്.

൪൮. ൪൭-ാംവകുപ്പനുസരിച്ചു ചിലവിലേക്കു വിധിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും തുക കരക്കുടിശിഖപോലെ ഈടാക്കുന്നതാകുന്നു.

ഒരു സംഘത്തിലെ കമ്മിററിയെ മാററിനിയമിക്കുക.

൪൯. <u>കമ്മിററിയെ മാററിനിയമിക്കുക.</u> (എ) ഏതെങ്കിലും ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ കമ്മിററി ശരിയായി ജോലിചെയ്യുന്നില്ലെന്നു രജിസ്ട്രാർക്കു അഭിപ്രായമായാൽ ആ കമ്മിററിക്കു വല്ല ആക്ഷേപവുമുണ്ടായിരുന്നാൽ അതു പറവാൻ രേഖാമൂലം ഉത്തരവു കൊടുത്തശേഷം അദ്ദേഹത്തിനു ആ കമ്മിററിയെ മാററിയിട്ടു രണ്ടുവർഷത്തിൽ കവിയാത്ത കാലത്തേക്കു സംഘകാര്യങ്ങൾ നടത്തുന്നതിനു തക്കതായ ആളെയോ ആളുകളെയോ നിയമിക്കാവുന്നതാണ്. അപ്രകാരമുള്ള ഉത്തരവിൽ നിർദ്ദേശിക്കുന്ന കാലം രജിസ്ട്രാരുടെ യുക്തംപോലെ അപ്പോഴപ്പോൾ ദീർഘിപ്പിക്കാവുന്നതും എന്നാൽ മൊത്തത്തിൽ നാലു വർഷത്തിൽ കവിഞ്ഞു ആ ഉത്തരവു പ്രാബല്യത്തിലിരിക്കാൻ പാടില്ലാത്തതും ആകുന്നു.

(ബി) അപ്രകാരം നിയമിക്കപ്പെട്ട ആളിനോ ആളുകൾക്കോ, രജിസ്ട്രാരുടെ നിയന്ത്രണത്തിനധീനപ്പെട്ട സംഘത്തിന്റെ മുതലുകൾ ഈടാക്കുന്നതിനും ബാദ്ധ്യകൾ കൊടുത്തു തീർക്കുന്നതിനും അതിന്റെ നന്മക്കു ആവശ്യമുള്ള മററു ജോലികൾ ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(സി) അപ്രകാരം നിയമിക്കപ്പെട്ട ആൾക്കോ ആളുകൾക്കോ കൊടുക്കേണ്ടതായ പ്രതിഫലം രജിസ്ട്രാർ നിശ്ചയിക്കാവുന്നതാകുന്നു. അപ്രകാരമുള്ള പ്രതിഫലത്തുകയും സംഘനടത്തിപ്പിൽ വന്നിട്ടുള്ള മററു ചിലവുകൾ വല്ലതുമുണ്ടെങ്കിൽ അതും സംഘംമുതലിൽ നിന്നു കൊടുക്കപ്പെടേണ്ടതാണ്.

(ഡി) അപ്രകാരം നിയമിക്കപ്പെട്ട ആളോ ആളുകളോ ആ നിയമനകാലത്തിന്റെ അവസാനത്തിൽ സംഘനിബന്ധനപ്രകാരം ഒരു പുതിയകമ്മിററി രൂപീകരിക്കുന്നതിനു ഏർപ്പാടു ചെയ്യേണ്ടതാണ്.

(ഇ) ൪൨-ാംവകുപ്പിൻപ്രകാരം സംഘംരജിസ്റ്റർ ചെയ്തിരിക്കുന്നതിനെ റദ്ദുചെയ്യുന്നതിനു രജിസ്ട്രാർക്കുള്ള അധികാരത്തിനു ഈ വകുപ്പിലുള്ള യാതൊന്നും ബാധകമായിരിക്കുന്നതല്ല.

സംഘം പിരിച്ചുവിടുക.

൨൮. പിരിച്ചുവിടൽ (൧) ൨൫-ാം വകുപ്പനുസരിച്ച് ഒരു വിചാരണ നടത്തിയശേഷമൊ ൨൬-ാം വകുപ്പനുസരിച്ച് ഒരു പരിശോധന കഴിച്ചശേഷമൊ അല്ലെങ്കിൽ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിലെ മെംബരന്മാരിൽ നാലിൽമൂന്നുഭാഗംപേരുടെ ഒരപേക്ഷകിട്ടുമ്പോഴൊ, സംഘം പിരിച്ചുവിടേണ്ടതാണെന്നു രജിസ്ത്രാർക്കു അഭിപ്രായമായാൽ അദ്ദേഹത്തിനു രേഖാമൂലമായ ഉത്തരവിനാൽ സംഘം രജിസ്റ്റർ ചെയ്തിട്ടുള്ളതിനെ റദ്ദുചെയ്യാവുന്നതാകുന്നു. ആ ഉത്തരവിന്റെ പകർപ്പു ഉടൻതന്നെ സംഘത്തിലേക്കു അയക്കപ്പെടേണ്ടതും ആണ്.

(൨) ൧-ാം ഉപവകുപ്പുപ്രകാരം കൊടുക്കപ്പെട്ട ഉത്തരവിന്റെ തീയതിമുതൽ രണ്ടുമാസത്തിനകം ആ ഉത്തരവിന്മേൽ സംഘത്തിലെ ഏതെങ്കിലും മെംബർക്കു ഗവർമ്മേന്റിലേക്കു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(൩) സംഘംരജിസ്റ്റർ ചെയ്തതിനെ റദ്ദുചെയ്യുള്ള ഉത്തരവിനുശേഷം രണ്ടു മാസത്തിനകം അപ്പീൽ കൊടുക്കപ്പെട്ടിട്ടില്ലെങ്കിൽ ആ കാലാവധിക്കു ശേഷം ഉത്തരവിനു പ്രാബല്യം സിദ്ധിക്കുന്നതാണു.

(൪) രണ്ടുമാസത്തിനകം അപ്പീൽ കൊടുക്കപ്പെട്ടിരുന്നാൽ ഉത്തരവു ഗവർമ്മേന്റു സ്ഥിരപ്പെടുത്തി സംഘത്തെ അറിയിക്കുന്നതുവരെ പ്രാബല്യപ്പെടുന്നതല്ല.

(൫) റദ്ദുചെയ്യുള്ള ഉത്തരവു ലഭിച്ചശേഷം, സംഘം യാതൊരു ഇടപാടും നടത്തിക്കൂടാത്തതും ഉടൻതന്നെ റിക്കാർട്ടുകളും പണവും ഇടപാടുതീർപ്പുകാരനെ ഏല്പിക്കേണ്ടതും ആകുന്നു. മേൽപറഞ്ഞ വ്യവസ്ഥക്കു വിപരീതമായി നടത്തപ്പെടുന്ന ഏതെങ്കിലും ഇടപാടിനു കമ്മിററിമെംബരന്മാർ കൂട്ടായും വെവ്വേറെയായും ഉത്തരവാദികളായിരിക്കുന്നതാണ്.

൨൯. സംഘംരജിസ്റ്റർ ചെയ്തതിനെ റദ്ദാക്കുക. ഒരു സംഘം രജിസ്റ്റർ ചെയ്യപ്പെടുന്നതിനു അതിൽ ൧൮ വയസ്സിനുമേൽ പ്രായമുള്ളവരായി പത്തിൽകുറയാതെ മെംബർമാർ ഉണ്ടായിരിക്കണമെന്നു വ്യവസ്ഥയുണ്ടായിരിക്കുമ്പോൾ ഏതെങ്കിലും സമയത്തു മെംബരന്മാരുടെ സംഖ്യ അതിൽ കുറവായിരിക്കുന്നതായി രജിസ്ത്രാർക്കു ബോദ്ധ്യംവരത്തക്കവണ്ണം തെളിഞ്ഞാൽ അദ്ദേഹത്തിനു ആ സംഘം രജിസ്റ്റർ ചെയ്തതിനെ ഒരു രേഖാമൂലമായ ഒരു ഉത്തരവിനാൽ റദ്ദുചെയ്യാവുന്നതാണ്.

൩൦. രജിസ്റ്റർചെയ്തതിനെ റദ്ദുചെയ്യുന്നതിന്റെ ഫലം. ഒരു സംഘം രജിസ്റ്റർ ചെയ്തതിനെ റദ്ദാക്കപ്പെട്ടാൽ ആ സംഘം ഒരു ഏകാംഗയോഗമായിരിക്കുന്ന അവസ്ഥ:—

(എ) ൨൮-ാം വകുപ്പിലെ വ്യവസ്ഥാനുസരണം പിരിച്ചുവിടപ്പെട്ടതാണെങ്കിൽ അങ്ങനെ പിരിച്ചുവിട്ടുള്ള ഉത്തരവു പ്രാബല്യത്തിൽ വരുന്ന തീയതിമുതൽക്കും.

(ബി) ൨൯-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ചു റദ്ദാക്കപ്പെട്ടതാണെങ്കിൽ ആ ഉത്തരവു തീയതിമുതൽക്കും, നിലച്ചുപോകുന്നതാണ്.

൩൧. ഇടപാടുതീർപ്പ്. (൧) ഒരു സംഘം രജിസ്റ്റർചെയ്തിട്ടുള്ളതിനെ ൨൮-ാം വകുപ്പോ ൨൯-ാം വകുപ്പോ അനുസരിച്ചു പിരിച്ചുവിടുകയൊ റദ്ദുചെയ്കയോ ചെയ്യപ്പെടുമ്പോൾ ആ സംഘത്തിന്റെ ഇടപാടുതീർപ്പുകാരനായി രജിസ്ത്രാർക്കു ഏതെങ്കിലും ആളെ നിയമിക്കാവുന്നതാണ്.

(൨) ഈ റെഗുലേഷൻപ്രകാരം ഉണ്ടാക്കപ്പെടാവുന്ന ചട്ടങ്ങളനുസരിച്ചു ൧-ാം വകുപ്പിൻപ്രകാരം ഒരു ഇടപാടുതീർപ്പുകാരൻ നിയമിതനാകുമ്പോൾ ആ സംഘത്തിന്റെ മുതൽ മുഴുവനും ആ ഇടപാടുതീർപ്പുകാരനിൽ ചേരുന്നതും വിറെറാ മറുകവിധത്തിലൊ ആ മുതലുകൾ ഈടാക്കി എടുക്കുന്നതിനു അയാൾക്കു അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.

(൩) രജിസ്ത്രാരുടെ മേൽവരുതിക്കുൾപ്പെട്ട അപ്രകാരമുള്ള ഇടപാടുതീർപ്പുകാരനു—

(എ) സംഘത്തിനുവേണ്ടി അയാളുടെ ഉദ്യോഗപ്പേരിൽ വ്യവഹാരങ്ങളൊ മററു നിയമനടപടികളൊ ബോധിപ്പിക്കുന്നതിനും എതൃവാദം ചെയ്യുന്നതിനും

(ബി) തക്കങ്ങൾ മദ്ധ്യസ്ഥ തീരുമാനത്തിനു റജിസ്ട്രാർക്കു അയക്കുന്നതിനു

(സി) മെംബറന്മാരിലൊ മെംബറന്മാരായിരുന്നവരിലൊ മരിച്ചുപോയ മെംബറന്മാരുടെ വസ്തുക്കളിലൊ അവകാശികളായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരിലൊ അവകാശികളിലൊ നിയമാനുസൃതപ്രതിനിധികളിലൊ ഉദ്യോഗസ്ഥന്മാരിലൊ ഉദ്യോഗത്തിൽ ഇരുന്നിരുന്നവരിലൊ നിന്നു ഈടാക്കേണ്ട കടങ്ങൾ ഉൾപ്പെടെ സംഘംവക മുതലിലേക്കു അപ്പഴപ്പോൾ ഈടാക്കേണ്ടതൊ ഈടാക്കാതെ ബാക്കിയുള്ളതൊ ആയ അംശദായങ്ങൾ നിർണ്ണയിക്കുന്നതിനും.

(ഡി) സംഘത്തിന്റെ മേൽ ഉള്ള എല്ലാ അവകാശങ്ങളെയുംപററി അന്വേഷിക്കുന്നതിനും റഗുലേഷനിലെ വ്യവസ്ഥകൾക്കുൾപ്പെട്ട അവകാശികൾ തമ്മിലുള്ള മുൻഗണനയെപ്പററി തീർച്ചചെയ്യുന്നതിനും

(ഇ) റജിസ്റ്റർ ചെയ്തതിനെ റദ്ദുചെയ്ത തീയതിവരെയുള്ള പലിശയുൾപ്പെടെ സംഘത്തിന്റെ മേലുള്ള അവകാശങ്ങൾ സംഘംമുതലുകൾകൊണ്ടു കഴിവുള്ളിടത്തോളം മുഴുവനുമോ വീതപ്രകാരമോ പൂർവ്വാപരക്രമം ഉണ്ടായിരുന്നാൽ അതനുസരിച്ചു കൊടുത്തു തീർക്കുന്നതിനും അവകാശങ്ങൾ കൊടുത്തുതീർന്ന ശേഷം ബാക്കിയുണ്ടായിരുന്നാൽ ഒരിക്കലും കരാറിൻപ്രകാരമുള്ള നിരക്കിൽ കവിയാതെ ഇടപാടുതീർപ്പുകാരൻ നിശ്ചയിക്കുന്ന നിരക്കനുസരിച്ചു റജിസ്റ്റർചെയ്തതിനെ റദ്ദുചെയ്ത തീയതിമുതലുള്ള പലിശ കൊടുക്കാനായി ഉപയോഗപ്പെടുത്തുന്നതിനും,

(എഫ്) ഇടപാടുതീർപ്പിന്റെ ചിലവു ആരിൽ എന്തുവീതപ്രകാരം ചുമത്തപ്പെടണമെന്നു നിശ്ചയിക്കാനും.

(ജി) സംഘത്തിന്റെമുതലുകൾ പിരിക്കുന്നതിലും വിഭജിച്ചു കൊടുക്കുന്നതിലും അതിന്റെ ഇടപാടുകൾ തീർക്കുന്നതിലേക്കു ആവശ്യമെന്നു അദ്ദേഹത്തിനു തോന്നുന്നതായ ഉത്തരവുകൾ നൽകുന്നതിനും

(എച്ച്) സംഘത്തിന്റെ ഇടപാടുകൾ ഗുണകരമായി തീർക്കുന്നതിനു ആവശ്യമുള്ളിടത്തോളം അതിന്റെ ജോലികൾ നടത്തിക്കൊണ്ടുപോകുന്നതിനും അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(൨) ഈ റഗുലേഷൻ പ്രകാരം ഉണ്ടാക്കപ്പെടാവുന്ന ചട്ടങ്ങൾ അനുസരിച്ചും ഈ വകുപ്പിലെ ആവശ്യങ്ങൾ നിറവേററുന്നതിനു ആവശ്യമുള്ളിടത്തോളവും അതിൻപ്രകാരം നിയമിക്കപ്പെടുന്ന ഇടപാടുതീർപ്പുകാരനു ൧൧൦൦-ലെ VIII-ാം നമ്പർ സിവിൽ പ്രൊസിഡ്യൂഷൻ കോഡനുസരിച്ചു ഒരു സിവിൽ കോടതിയുടെ കാര്യത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരം കഴിവുള്ളിടത്തോളം അതേവിധത്തിൽ തന്നെ സാക്ഷികളെ സമൺചെയ്യാനും പിടിച്ചു ഹാജരാക്കിക്കാനും ചെയ്യുന്നതിനും സംഘത്തിന്റെ വകയൊ അധീനത്തിലുള്ളതൊ ആയ ഏതെങ്കിലും പുസ്തകങ്ങൾ കണക്കുകൾ പ്രമാണങ്ങൾ ഉറപ്പുപത്രങ്ങൾ എന്നിവയും, പണവും മററു സ്വത്തുക്കളും നിർബന്ധിച്ചു ഹാജരാക്കിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(൩) ഈ വകുപ്പിൻപ്രകാരം സംഘമുതലിലേക്കു അംശദായകമായിട്ടോ ഇടപാടുതീർപ്പിന്റെ ചിലവിലേക്കായിട്ടോ ഈടാക്കാൻ ആജ്ഞാപിക്കപ്പെടുന്ന ഏതു തുകയും അതിലേക്കായി റജിസ്ട്രാർ ഡിവൻപേഷ്കാരോടു അപേക്ഷിച്ചു കരക്കുടിശിഖപോലെ ഈടാക്കാവുന്നതാകുന്നു.

(൪) ൩-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വിധം ഒഴിച്ചു ഈ വകുപ്പനുസരിച്ചു നല്കപ്പെടുന്ന ഉത്തരവുകൾ അപേക്ഷപ്രകാരം അതിർത്തിയുള്ള സിവിൽകോടതിമുഖേന ആ കോടതിയിലെ ഒരു ഡിക്രിഎന്നപോലെ നടത്തപ്പെടാവുന്നതാണ്,

(൭) സംഘത്തിൻെറ ഇടപാടുകൾ തീൎന്നശേഷം രജിസ്ട്രാർ ആജ്ഞാപിക്കുന്നസമയത്തു മദ്ധ്യസ്ഥൻ സംഘംവക റിക്കാർട്ടുകൾ ഏല്പിക്കേണ്ടതാകുന്നു.

(൮) ഇടപാടുതീർപ്പുകാരൻെറ ഏതെങ്കിലും ഉത്തരവുമൂലം സങ്കടമുള്ള ഏതെങ്കിലും ആൾക്കു ആ ഉത്തരവു അയച്ചതീയതിമുതൽ രണ്ടു മാസത്തിനകം ആ ഉത്തരവിന്മേൽ രജിസ്ട്രാരുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

൩൨. ഇടപാടുതീർപ്പിലും സംഘം പിരിച്ചുവിടുന്നതിലും ഉള്ള വ്യവഹാരകാലഹരണം. ഈ റഗുലേഷനിൽ വ്യക്തമായി വ്യവസ്ഥചെയ്തിട്ടുള്ളിടത്തോളമല്ലാതെ ഈ റഗുലേഷൻപ്രകാരം ഒരു സംഘത്തിൻെറ ഇടപാടുതീർപ്പിനേയൊ പിരിച്ചുവിടലിനെയൊ സംബന്ധിച്ചുള്ള ഏതെങ്കിലും കാര്യത്തിൽ ഒരു സിവിൽകോടതിക്കും ഇടപെടാൻ അധികാരമില്ലാത്തതും ഇടപാടുതീർപ്പു ഉത്തരവു ഉണ്ടായാൽ രജിസ്ട്രാരുടെ അനുവാദത്തോടും രജിസ്ട്രാർ ചുമത്തുന്ന വ്യവസ്ഥകൾ അനുസരിച്ചും അല്ലാതെ സംഘത്തിൻെറമേൽ യാതൊരു വ്യവഹാരവും നിയമവിസ്താരവും ഉണ്ടാകയൊ തുടരുകയൊ ചെയ്യാവുന്നതല്ലാത്തതും ആകുന്നു.

൩൩. മിച്ചമുള്ളമുതൽ വിനിയോഗം. ഒരു റദ്ദുചെയ്യപ്പെട്ട സംഘത്തിൻെറ അടച്ചുതീർക്കപ്പെട്ട ഓഹരിമൂലധനം ഉൾപ്പെടെ എല്ലാ ചുമതലകളും കൊടുത്തുതീൎന്നശേഷം ബാക്കിയുള്ള മുതൽ മുൻമെമ്പറന്മാരുടെ ഇടയിൽ വിഭജിച്ചു കൂടാത്തതും അവ സംഘനിബന്ധനകളിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തിനോ കാര്യങ്ങൾക്കോ വിനിയോഗിക്കേണ്ടതും അപ്രകാരം ഉദ്ദേശങ്ങളൊന്നും വിവരിക്കപ്പെട്ടിട്ടില്ലാത്തപ്പോൾ സംഘത്തിൻെറ പൊതുയോഗം നിശ്ചയിക്കുന്നതും രജിസ്ട്രാർ അനുവദിക്കുന്നതുമായ ഏതെങ്കിലും പൊതുഗുണത്തിലേക്കായിട്ടോ, അല്ലെങ്കിൽ രജിസ്ട്രാർ പൊതുയോഗവുമായി ആലോചിച്ചു മുഴുവനുമൊ ഏതാനുമൊ

(എ) പ്രാദേശികമോ സാമൂഹികമോ ആയ താല്പര്യങ്ങളോടുകൂടിയ ഒരു പൊതു ആവശ്യത്തിലേക്കൊ

(ബി) ൧൦൯൧-ലെ ൨-ാം റഗുലേഷനായ ധർമ്മസ്ഥാപന റഗുലേഷൻ ൨-ാംവകുപ്പിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിധം ഒരു ധർമ്മവിഷയത്തിലേക്കൊ

(സി) തിരുവനന്തപുരത്തുള്ള തിരുവിതാംകൂർ കോവാപ്പേറേറീവ് ഇൻസ്ററിറ്റ്യൂട്ടിനൊ കൊടുക്കുകയോ അല്ലാത്തപക്ഷം റദ്ദുചെയ്യപ്പെട്ട സംഘംപോലെ തത്തുല്യങ്ങളായ വ്യവസ്ഥകളോടു കൂടിയ ഒരു സംഘം രജിസ്റ്റർ ചെയ്യപ്പെടുന്ന കാലത്തു അതിൻെറ കരുതൽധനത്തിലേക്കു രജിസ്ട്രാരുടെ അനുമതിയോടുകൂടി മുതൽ വയ്ക്കുന്നതുവരെയും ആ കാലംവരെ സെൻട്രൽ കോവാപ്പറേറീവ് ബാങ്കിൽ ഒരു നിക്ഷേപമായി വയ്ക്കയോ ചെയ്യേണ്ടതാകുന്നു.

സർച്ചാർജ്ജും ജപ്തിയും.

൩൪. സർച്ചാർജ്ജ്:—(൧) ൩൦-ാംവകുപ്പുപ്രകാരമുള്ള ഒരു ആഡിററിൻെറയോ ൩൧-ാം വകുപ്പുപ്രകാരമുള്ള വിചാരണയുടെയോ ൩൩-ാംവകുപ്പുപ്രകാരമുള്ള ഒരു പരിശോധനയുടെയോ ഒരു ഇടപാടുതീർപ്പിൻെറയോ സമയത്തു സംഘത്തിൻെറ രൂപീകരണത്തിലോ ഭരണത്തിലൊ പങ്കുണ്ടായിരുന്ന ഏതെങ്കിലും ആളോ മുമ്പിലത്തെയോ ഇപ്പോഴത്തെയോ ഉദ്യോഗസ്ഥനായ ഒരാളോ, ഏതെങ്കിലും പണമോ സ്വത്തോ അപഹരിക്കയോ മോശവിചാരത്തോടുകൂടി കൈവശം വെച്ചുകൊണ്ടിരിക്കയോ സംഘത്തെ സംബന്ധിച്ചു വിശ്വാസലംഘനക്കുററം ചെയ്കയോ ചെയ്താൽ രജിസ്ട്രാർക്കു സ്വാഭിപ്രായത്തിന്മേലോ കമ്മിററിയുടെയോ ഇടപാടു തീർപ്പുകാരൻെറയോ ഏതെങ്കിലും ഉത്തമർണ്ണൻെറയോ അംശദായകൻെറയോ അപേക്ഷയിന്മേലോ മേല്പറഞ്ഞ ആളിൻെറയോ ഉദ്യോഗസ്ഥൻെറയോ നടത്തയേപ്പററി പരിശോധിക്കാവുന്നതും, അദ്ദേഹത്തിനു യുക്തമെന്നു തോന്നുന്ന പലിശസഹിതം പണമോ സ്വത്തോ അതിൻെറ ഭാഗമോ തിരിച്ചുകൊടുക്കുന്നതിനോ അപഹരണം, മോശവിചാരത്തോടുകൂടിയ കയ്യടക്കം, അല്ലെങ്കിൽ

വിശ്വാസലംഘനം എന്നിവയ്ക്ക് പരിഹാരമായി അദ്ദേഹത്തിനു യുക്തമെന്നു തോന്നുന്ന തുക സംഘത്തിന്റെ മുതലിലേക്കു സംഭാവന ചെയ്യുന്നതിനോ അയാളോടു ആവശ്യപ്പെടുന്നതായി ഒരു ഉത്തരവു കൊടുക്കാവുന്നതും, ആകുന്നു.

(൨) (൧)-ാം ഉപവകുപ്പനുസരിച്ചുള്ള രജിസ്ട്രാരുടെ ഉത്തരവു, സംഘത്തിന്റെ തലസ്ഥാനം ഇരിക്കുന്നിടത്തു അധികാരമുള്ള ഒരു ഡിസ്ട്രിക്ട് കോടതിയുടെ ഉത്തരവു മൂലം അസ്ഥിരപ്പെടുത്താത്തപക്ഷം അവസാനതീർപ്പായിരിക്കുന്നതാണ്.

(൩) ഈ വകുപ്പനുസരിച്ചു ഒരു സംഘത്തിനു തിരിച്ചു കൊടുക്കാനോ അതിന്റെ മുതലിലേക്കു സംഭാവനയായി ഈടാക്കാനോ ഉത്തരവു ചെയ്യപ്പെടുന്ന ഏതു സംഖ്യയും രജിസ്ട്രാർ ദിവാൻപേഷ്കാർക്കയക്കുന്ന അപേക്ഷപ്രകാരം കരംകുടിശ്ശികപോലെ ഈടാക്കാവുന്നതാകുന്നു.

(൪) അപ്രകാരമുള്ള ആളിൽ അയാളുടെ കൃത്യം നിമിത്തം ക്രിമിനൽ ഉത്തരവാദിത്വം സ്ഥാപിക്കപ്പെട്ടാൽ തന്നെയും ഈ വകുപ്പു പ്രബല്യത്തിലിരിക്കുന്നതാകുന്നു.

൪൭. വസ്തുജപ്തി. ഇടപാടുതീർപ്പുകാരന്റെ അപേക്ഷയിന്മേലോ മററു വിധേനയോ ഏതെങ്കിലും ഒരാൾ അയാളുടെ മേൽ ൪൫-ാം വകുപ്പ് (൩)-ാം ഉപവകുപ്പു (ബി) ഖണ്ഡം അനുസരിച്ചോ ൪൬-ാം വകുപ്പു അനുസരിച്ചോ പുറപ്പെടുവിക്കപ്പെടുന്ന ഉത്തരവിന്റെ നടത്തിപ്പിനെ താമസിപ്പിക്കയോ തടസ്സപ്പെടുത്തുകയോ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി:—

(എ) അയാളുടെ സ്വത്തു മുഴുവനുമോ ഏതാനുമോ ക്രയം ചെയ്യാൻ ഭാവിക്കുന്നതായോ,

(ബി) അയാളുടെ സ്വത്തു മുഴുവനുമോ ഏതാനുമോ രജിസ്ട്രാരുടെ അധികാരപരിധിക്കു പുറത്തു മാററാൻ ഭാവിക്കുകയോ ചെയ്യുന്നതായി രജിസ്ട്രാർക്ക് ബോദ്ധ്യം വരുന്നതായാൽ,

പിടിപ്പുള്ള ജാമ്യം വയ്ക്കുന്നില്ലെങ്കിൽ, മേല്പറഞ്ഞ സ്വത്തോ അതിൽ അദ്ദേഹം ആവശ്യമെന്നു വിചാരിക്കുന്ന ഭാഗമോ രജിസ്ട്രാർക്ക് ഉപാധികമായി ജപ്തി ചെയ്യാവുന്നതും അപ്രകാരമുള്ള ജപ്തി അധികാരമുള്ള ഒരു സിവിൽകോടതി ചെയ്താൽ എങ്ങിനെയോ അതുപോലെ സാധുവായിരിക്കുന്നതുമാകുന്നു.

മദ്ധ്യസ്ഥവിചാരണ.

൪൮. തക്കങ്ങൾ. (൧) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ പ്രവൃത്തിയെ സംബന്ധിക്കുന്നതായി—

(എ) മെമ്പറന്മാരുടെയോ മുമ്പു മെമ്പറന്മാരായിരുന്നവരുടെയോ അവർ വഴിയായോ മരിച്ചുപോയ മെമ്പറന്മാർ വഴിയായോ അവകാശപ്പെടുന്നവരുടെയോ ഇടയിലൊ, അല്ലെങ്കിൽ,

(ബി) ഒരു മെമ്പറോ മുമ്പു മെമ്പറായിരുന്ന ആളോ അവർ വഴിയായോ മരിച്ചുപോയ മെമ്പർ വഴിയായോ അവകാശപ്പെടുന്നവരോ ഒരു വശവും സംഘമോ അതിന്റെ കമ്മിററിയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏജന്റോ ജീവനക്കാരനോ എന്നിവരും തമ്മിലോ അല്ലെങ്കിൽ,

(സി) സംഘമോ അതിന്റെ കമ്മിററിയോ ഒരു വശത്തും സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏജന്റോ ജീവനക്കാരനോ മറുവശത്തും ആയോ അല്ലെങ്കിൽ,

(ഡി) സംഘവും മറേറതെങ്കിലും രജിസ്റ്റർ ചെയ്ത സംഘവും തമ്മിലോ ഏതെങ്കിലും തക്കമുണ്ടാകുന്നതായാൽ അപ്രകാരമുള്ള തക്കം തീരുമാനത്തിനായി രജിസ്ട്രാർക്ക് അയക്കേണ്ടതാണ്.

വിവരണം. പ്രവൃത്തി എന്നതിൽ ഒരു സംഘമോ അതിന്റെ കമ്മിററിയോ സംഘത്തിലെ ശമ്പളം വാങ്ങി ജോലി ചെയ്യുന്ന ഒരു ജീവനക്കാരന്റെ മേൽ എടു

ക്കുന്ന ശാസകനടപടികളെ സംബന്ധിച്ചുള്ളതല്ലാത്ത എല്ലാ തക്കങ്ങളും ഉൾപ്പെടുന്നതാണ്.

(൨) രജിസ്ത്രാർ അപ്രകാരമുള്ള അപേക്ഷ കിട്ടിയാലുടൻ

(എ) തന്നത്താൻ ആ തക്കം തീരുമാനിക്കയോ അല്ലാത്തപക്ഷം

(ബി) രജിസ്ത്രാരുടെ ശുപാർശപ്രകാരം അതിലേക്കായി ഗവർമ്മെൻറ അധികാരപ്പെടുത്തിയിട്ടുള്ള ഒരാളുടെ തീരുമാനത്തിനായി മാററുകയോ അല്ലെങ്കിൽ

(സി) നിശ്ചയിക്കപ്പെടാവുന്ന ചട്ടങ്ങൾപ്രകാരം ഒന്നോ അധികമോ മദ്ധ്യസ്ഥന്മാരുടെ തീരുമാനത്തിനായി അയക്കയോ ചെയ്യാവുന്നതാണ്.

(൩) നിശ്ചയിക്കപ്പെടാവുന്ന ചട്ടങ്ങൾപ്രകാരം ൨-ാംവകുപ്പ് (ബി) ഖണ്ഡം അനുസരിച്ച മാററപ്പെട്ടതോ (സി) ഖണ്ഡം അനുസരിച്ചു അയക്കപ്പെട്ടതോ ആയ തക്കസംഗതി രജിസ്ത്രാർക്ക് പിൻവലിച്ച് ആ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വിധം പ്രവർത്തിക്കാവുന്നതാണ്.

(൪) (൧)-ാം ഉപവകുപ്പുപ്രകാരം ലഭിച്ചിട്ടുള്ള ഒരു തക്കസംഗതിയിൽ ഒരു കക്ഷി അയാളുടെ മേൽ ഉണ്ടാകാവുന്ന ഒരു തീർപ്പു നടത്തുന്നതിനെ തടസ്സപ്പെടുത്തുകയോ താമസപ്പെടുത്തുകയോ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി

(എ) അയാളുടെ വസ്തുക്കൾ മുഴുവനുമോ ഏതാനുമോ ക്രയം ചെയ്യാനോ

(ബി) അയാളുടെ വസ്തുക്കൾ മുഴുവനുമോ ഏതാനുമോ രജിസ്ത്രാരുടെ അധികാരപരിധിയിൽനിന്നു മാററാനോ ഉദ്ദേശിക്കുന്നതായി രജിസ്ത്രാർക്ക് ബോദ്ധ്യമുണ്ടായാൽ

പിടിപ്പതു ജാമ്യം ഹാജരാക്കാത്തപക്ഷം ആ വസ്തുവിനെയോ രജിസ്ത്രാർ ആവശ്യമായി വിചാരിക്കുന്ന അതിൻെറ ഭാഗത്തെയോ അദ്ദേഹത്തിനു ഉപാധികമായി ജപ്തി ചെയ്യാൻ ഉത്തരവു കൊടുക്കാവുന്നതും അപ്രകാരമുള്ള ജപ്തി അധികാരമുള്ള ഒരു സിവിൽകോടതി ചെയ്താലെന്നതുപോലെ സാധുവായിരിക്കുന്നതും ആകുന്നു.

(൫) രജിസ്ത്രാർക്ക് സ്വമേധയായിട്ടോ തക്കസംഗതിയിൽ ഒരു കക്ഷിയുടെ അപേക്ഷയിന്മേലോ, തക്കസംഗതി കൈമാററം ചെയ്തോ അയച്ചുകൊടുത്തോ കിട്ടിയിട്ടുള്ള ആളോ മദ്ധ്യസ്ഥനോ മദ്ധ്യസ്ഥന്മാരോ ചെയ്തിട്ടുള്ള തീരുമാനത്തെ ഭേദപ്പെടുത്താവുന്നതാണ്.

൨൭. <u>ഉത്തരവിൻെറ പരമാന്ത്യത.</u> ഒരുത്തരവോ ൫-ാം (൫)-ാംവകുപ്പനുസരിച്ചു ഭേദപ്പെടുത്തിയ ഒരുത്തരവോ അവസാനമായി തീരുമാനിക്കപ്പെട്ടതായിരിക്കുന്നതാണ്. മദ്ധ്യസ്ഥന്മാരുടെ അവാർഡുകളോ ൫൬-ാം വകുപ്പനുസരിച്ചു രജിസ്ത്രാരുടെയോ രജിസ്ത്രാർ നിയമിക്കുന്ന ആളുടെയോ തീർപ്പിനെപ്പററി യാതൊരു സിവിലോ ക്രിമിനലോ കോടതിയിലും ചോദ്യപ്പെടാൻ പാടില്ലാത്തതാകുന്നു.

൨൮. <u>പിടിച്ചു ഹാജരാക്കിക്കാൻ അധികാരം.</u> ഈ റഗുലേഷൻ രജിസ്ത്രാരോ അദ്ദേഹം അതിലേക്ക പൊതുവായോ പ്രത്യേകമായോ രേഖപ്പെടുത്തിയിട്ടുള്ള ഉത്തരവിനാൽ അധികാരപ്പെടുത്തിയിട്ടുള്ള ആളോ ൨൩-ാം വകുപ്പനുസരിച്ചു ഒരു വിചാരണ നടത്തേണ്ടപ്പോഴോ ൨൪-ാം വകുപ്പനുസരിച്ചു ഒരു പരിശോധന ചെയ്യേണ്ടപ്പോഴോ ഒരു സംഘത്തിൻെറ ഇടപാടു തീർക്കേണ്ടപ്പോഴോ ഒരു മദ്ധ്യസ്ഥവിചാരണ നടത്തേണ്ടപ്പോഴോ ആ രജിസ്ത്രാർക്കോ അതതു സംഗതിയിൽ അധികാരപ്പെടുത്തപ്പെട്ട ആൾക്കോ ൧൯൦൦-ലെ ൫-ാംനമ്പർ സിവിൽപ്രൊസിഡ്യുവർ കോഡനുസരിച്ചു ഒരു സിവിൽകോടതിക്കു നിർണ്ണയിച്ചിട്ടുള്ള ഉപാധിമൂലവും കഴിവുള്ളത്ര അതേ രീതിയിലും സംബന്ധപ്പെട്ട കക്ഷികളുൾപ്പെടെ സാക്ഷികളെയോ അല്ലെങ്കിൽ അവരിൽ ആരെയെങ്കിലുമോ സമ്മൺസ് അയക്കാനും പിടിച്ചു ഹാജരാക്കിക്കുന്നതിനും, തെളിവുകൊടുക്കുന്നതിനും, പ്രമാണങ്ങൾ ഹാജരാക്കുന്നതിനും അവരെ നിർബന്ധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

൨൯. <u>പണം ഈടാക്കുന്ന വിധം.</u> (൧) ൨൬-ാം വകുപ്പനുസരിച്ചു ഒരു ഇടപാടു തീർപ്പുകാരൻ ചെയ്തിട്ടുള്ള എല്ലാ ഉത്തരവുകളും ൨൬-ാംവകുപ്പ് (ബി) ഖണ്ഡമോ

൪൮, ൪൯, ഈ വകുപ്പുകളോ അനുസരിച്ചു രജിസ്ത്രാർക്കോ അദ്ദേഹം നിയമിക്കുന്ന ആൾക്കോ മദ്ധ്യസ്ഥനോ അയക്കപ്പെടുന്ന തക്കസംഗതികളിൽ അവർ ചെയ്യുന്ന ഏതു ഉത്തരവും അനുസരിക്കപ്പെടാത്തപക്ഷം

(എ) രജിസ്ത്രാരോ ഇടപാടു തീർപ്പുകാരനോ ഒപ്പിട്ട ഒരു സർട്ടിഫിക്കററിന്മേൽ ഏതെങ്കിലും സിവിൽകോടതിക്കു ആ കോടതിയുടെ ഡിക്രിയായിരുന്നാൽ ഏതു പ്രകാരമോ അപ്രകാരവും

(ബി) അപ്രകാരമുള്ള ഏതെങ്കിലും തുക ആ വിധത്തിൽ ഈടാക്കുന്നതിനു രജിസ്ത്രാരോ അതിനു രജിസ്ത്രാരിൽനിന്നു അധികാരം സിദ്ധിച്ചിട്ടുള്ള ആരോ ഒപ്പിട്ടിട്ടുള്ള ഒരു സർട്ടിഫിക്കററു സഹിതം ദിവാൻപേഷ്കാർക്കു അയച്ചിരുന്നാൽ കരകുടിശ്ശിഖ ഈടാക്കുന്നതിനെ സംബന്ധിച്ചു അതതു സമയം നടപ്പിലിരിക്കുന്ന നിയമവും ചട്ടങ്ങളും അനുസരിച്ചും നടത്തിക്കാവുന്നതാണ്.

(സി) (എ)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു ഉത്തരവു നടത്തിപ്പിൽ ജപ്തി ചെയ്തിട്ടുള്ള ഒരു വസ്തു കോളുകാരുടെ കുറവു മൂലം വില്ക്കാൻ പാടില്ലാതെ വന്നാൽ ആ വസ്തു രജിസ്ത്രാരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ഏതെങ്കിലും സംഘം ദിവാൻപേഷ്കാരുമായി ചെയ്യുന്ന കരാറുകൾ അനുസരിച്ചു ആ സംഘത്തിനു വിട്ടുകൊടുക്കാവുന്നതാണ്.

കുററങ്ങളും ശിക്ഷകളും.

൫൦. കുററങ്ങൾ. ഈ റഗുലേഷൻപ്രകാരം.

(എ) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘമോ അതിലെ ഒരു ഉദ്യോഗസ്ഥനോ മെംബറോ മനപ്പൂർവമായി വ്യാജക്കണക്കു ചമയ്ക്കുകയോ വ്യാജമായ വിവരം നൽകുകയോ, അല്ലെങ്കിൽ

(ബി) ഏതെങ്കിലും ആൾ മനപ്പൂർവമായും ന്യായമായ സമാധാനം കൂടാതെയും ഈ റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു പുറപ്പെടുവിക്കുന്ന സമൺസു അല്ലെങ്കിൽ നിയമപ്രകാരം എഴുതിയിട്ടുള്ള ഉത്തരവു എന്നിവയെ അനുസരിക്കാതിരിക്കയോ, ഈ റഗുലേഷനിലെ വ്യവസ്ഥകൾപ്രകാരം അതിലേക്കു അധികൃതനായ ഒരാൾ നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ കൊടുക്കാതിരിക്കയോ ചെയ്യുന്നതു കുററകരമായിട്ടുള്ളതാണ്.

൫൧. ൪൮-ാം വകുപ്പിനു വിപരീതമായി വസ്തുക്കൾ വിക്രയംചെയ്യുന്നതിനുള്ള ശിക്ഷ. ൪൮-ാം വകുപ്പനുസരിച്ചു സംഘത്തിനു മുന്നവകാശമുള്ള ഏതെങ്കിലും വസ്തുവിനെ മറേപാടുചെയ്തു ആ വകുപ്പിലെ വ്യവസ്ഥകളെ ലംഘിക്കയോ അപ്രകാരമുള്ള അവകാശത്തിനു ഹാനികരമായി മറെറന്തെങ്കിലും ചെയ്കയോ ചെയ്യുന്ന ഏതെങ്കിലും മെംബറോ മുമ്പു മെംബറായിരുന്ന ആളോ മരിച്ച മെംബറിന്റെ അവകാശിയായി നാമനിർദ്ദേശം ചെയ്യപ്പെട്ടയാളോ, അവകാശിയോ നിയമാനുസൃതപ്രതിനിധിയോ ൨൦൦ രൂപയിൽ കവിയാത്തതായ പിഴശിക്ഷക്കു വിധേയനായിരിക്കുന്നതാണ്.

൫൨. 'സഹകരണം' എന്ന വാക്കിന്റെ ഉപയോഗം വിലക്കൽ. (എ) നമ്മുടെ ഗവർമ്മെന്റിന്റെ അനുവാദം കൂടാതെ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘമല്ലാതെ യാതൊരാളും സഹകരണം എന്ന പദം കൂടി ചേർന്നിട്ടുള്ളതായ ഒരു പേരിൽ കച്ചവടം നടത്തുകയോ വ്യാപാരം ചെയ്കയോ ചെയ്തു കൂടാത്തതാകുന്നു.

എന്നാൽ ൧൦൯൬-ലെ ൧൦-ാം നമ്പർ സഹകരണസംഘം റഗുലേഷൻ നടപ്പിൽ വന്ന തീയതിക്കു കച്ചവടത്തിനോ വ്യാപാരത്തിനോ ഒരാൾ ഉപയോഗിച്ചുവന്ന ഏതെങ്കിലും പേരോ വിലാസമോ അയാളോ പിന്തുടർച്ചാവകാശിയോ ഉപയോഗപ്പെടുത്തുന്നതിനു ഈ വകുപ്പിൽ ഒന്നും ബാധകമായിരിക്കുന്നതല്ല.

(ബി) (എ)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ആരെങ്കിലും ലംഘിക്കുന്നതായാൽ അയാൾ ൫൦ രൂപ വരെയുള്ള പിഴ ശിക്ഷയ്ക്ക് വിധേയനാകുന്നതും കുററം സ്ഥാപിക്കപ്പെട്ടശേഷം അതു തുടരുന്ന സംഗതിയിൽ അപ്രകാരം തുടരുന്ന ഓരോ ദിവസത്തേക്കും കൂടിയാൽ ൫൦ രൂപ വീതമുള്ള പിഴ ശിക്ഷയ്ക്ക് വിധേയനായിത്തീരുന്നതും ആകുന്നു.

൩൩. **മറുവിധം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത കുററങ്ങൾക്കു ശിക്ഷ.** ഈ റഗുലേഷൻപ്രകാരം വ്യക്തമായി ശിക്ഷ കല്പിച്ചിട്ടില്ലാത്ത ഒരു കുററം ചെയ്യുന്ന ഏതെങ്കിലും സംഘമോ അതിലെ ഉദ്യോഗസ്ഥനോ മെമ്പറോ, മററതെങ്കിലും ആളോ ൫൦ രൂപയിൽ കവിയാത്ത പിഴശിക്ഷയ്ക്ക് പാത്രമാകുന്നതാണ്,

൩൪. **കുററം കണ്ടു കേസു തീർക്കാനുള്ള അധികാരം.** (എ) ഈ റഗുലേഷൻപ്രകാരമുള്ള ഏതെങ്കിലും കുററം ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിൽ താഴെയുള്ള യാതൊരു കോടതിക്കും വിസ്തരിക്കാവുന്നതല്ല,

(ബി) ഈ റഗുലേഷൻപ്രകാരമുള്ള എല്ലാ കുററങ്ങളും ൧൦൩൭-ലെ ൫-ാം നമ്പർ ക്രിമിനൽ പ്രൊസിഡ്യുവർകോർഡുപ്രകാരം പ്രവേശനാധികാരമില്ലാത്തവയായി ഗണിക്കപ്പെടേണ്ടതാണ്.

(സി) ഈ റഗുലേഷൻപ്രകാരം യാതൊരു പ്രാസിക്യൂഷനും രജിസ്ട്രാരുടെ അനുവാദം കൂടാതെ നടത്താൻ പാടുള്ളതല്ല. അപ്രകാരമുള്ള അനുവാദം അതിൽ ഉൾപ്പെട്ട കക്ഷിക്കു സമാധാനം ബോധിപ്പിക്കാനുള്ള ഒരവസരം നൽകാതെ കൊടുത്തുകൂടാത്തതാണ്.

പലവക.

൩൫. **കീഴുദ്യോഗസ്ഥന്മാരുടെ തീരുമാനങ്ങൾ വരുത്തി അവയിന്മേൽ ഉത്തരവുകൾ ചെയ്യാൻ ഗവണ്മെൻറിനും രജിസ്ട്രാർക്കും ഉള്ള അധികാരം.** തങ്ങൾക്കു താഴെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻെറ അന്വേഷണനടപടികളിലെ തീരുമാനത്തിലൊ ഉത്തരവിലോ ഉള്ള ന്യായഭാവവും സാധുതയും നടപടി ക്രമങ്ങളും ബോദ്ധ്യപ്പെടുന്നതിലേക്കായി അതിലെ റിക്കാർട്ടുകൾ നമ്മുടെ ഗവണ്മെൻറിനും രജിസ്ട്രാർക്കും വരുത്തി പരിശോധിക്കാവുന്നതാണ്. അങ്ങിനെ വരുത്തിയ ഏതെങ്കിലും ഒരു തീരുമാനമോ ഉത്തരവോ നടപടിയോ ഭേദപ്പെടുത്തണമെന്നോ, റദ്ദാക്കണമെന്നോ പ്രതിക്ഷേപിക്കണമെന്നോ നമ്മുടെ ഗവണ്മെൻറിനോ രജിസ്ട്രാർക്കോ തോന്നുന്നതായാൽ ഗവണ്മെൻറിനോ രജിസ്ട്രാർക്കോ അതതു കേസിൽ യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ ചെയ്യാവുന്നതാണ്.

൩൬. **ഗവണ്മെൻറിലേക്കു ഈടാക്കേണ്ട സംഖ്യകൾ ഈടാക്കുക.** (എ) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിൽനിന്നോ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിലെ ഒരു ഉദ്യോഗസ്ഥൻ മുമ്പു ഉദ്യോഗസ്ഥനായിരുന്നയാൾ, മെമ്പർ മുമ്പു മെമ്പറായിരുന്ന ആൾ മരിച്ചുപോയ മെമ്പർ എന്നിവരിൽ നിന്നോ ഗവണ്മെൻറിലേക്കു ഈടാക്കേണ്ടതുകകൾ ഈ റഗുലേഷൻപ്രകാരമുള്ള ഏതെങ്കിലും നടപടികളിൽ ഗവണ്മെൻറിലേക്കു വിധിക്കപ്പെട്ടിട്ടുള്ള ചിലവുസഹിതം കരക്കുടിശിഖ ഈടാക്കുന്നവിധത്തിൽ ഈടാക്കാവുന്നതാകുന്നു.

(ബി) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിൽനിന്നും ഗവണ്മെൻറിലേക്കു ഈടാക്കേണ്ടതും (എ)-ാം ഉപവകുപ്പനുസരിച്ചു ഈടാക്കത്തക്കതുമായ തുകകൾ ഒന്നാമതായി സംഘത്തിൻെറ സ്വത്തുക്കളിൽനിന്നും, രണ്ടാമതായി സംഘത്തിലെ മെമ്പറന്മാരുടെ ബാദ്ധ്യത ക്ലിപ്തപ്പെട്ടതായിരുന്നാൽ മെമ്പറന്മാരിലും മുമ്പു മെമ്പറന്മാരായിരുന്നവരിലും മരിച്ചുപോയ മെമ്പറന്മാരുടെ സ്വത്തുക്കളിലും നിന്നും അവരവരുടെ ബാദ്ധ്യതക്രമം അനുസരിച്ചും, മൂന്നാമതായി മററു സംഘങ്ങളുടെ വിഷയത്തിൽ മെമ്പറന്മാരിലും മുമ്പു മെമ്പറന്മാരായിരുന്നവരിലും മരിച്ചുപോയ മെമ്പറന്മാരുടെ സ്വത്തുകളിലും നിന്നും ഈടാക്കാവുന്നതാകുന്നു,

എന്നാൽ മുമ്പു മെംബറന്മാരായിരുന്നവക്കും മരിച്ചുപോയ മെംബറന്മാരുടെ സ്വത്തുക്കൾക്കും ഉള്ളതായ ബാദ്ധ്യതകൾ എല്ലായ്പോഴും ൨൫-ാം വകുപ്പിലെ വ്യവസ്ഥകൾക്കധീനപ്പെട്ടിരിക്കുന്നതാണ്.

൭. രജിസ്റ്റർ ചെയ്യണമെന്നുള്ള വ്യവസ്ഥകളിൽ നിന്നും സംഘങ്ങളെ ഒഴിവാക്കാനുള്ള അധികാരം. ഈ റെഗുലേഷനിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, നമ്മുടെ ഗവർമ്മെന്റിനു ഓരോ അവസരത്തിലും പ്രത്യേക ഉത്തരവുകൾ മൂലവും, വല്ല വ്യവസ്ഥകളും ഗവർമ്മെന്റിൽനിന്നു നിശ്ചയിക്കുന്നതായാൽ അവയനുസരിച്ചും, ഈ റെഗുലേഷൻ പ്രകാരം രജിസ്റ്റർ ചെയ്യപ്പെടണമെന്നുള്ള വ്യവസ്ഥകളിൽനിന്നു ഏതെങ്കിലും സംഘത്തെ ഒഴിവാക്കാവുന്നതാണ്.

൮. റെഗുലേഷനിലെ വ്യവസ്ഥകളിൽനിന്നും സംഘങ്ങളെ ഒഴിവാക്കാനുള്ള അധികാരം. നമ്മുടെ ഗവർമ്മെന്റിനു പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവുമൂലം ഏതെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തെ ഈ റെഗുലേഷനിലെ ഏതെങ്കിലും വ്യവസ്ഥകളിൽനിന്നും ഒഴിവാക്കാവുന്നതും അല്ലെങ്കിൽ അപ്രകാരമുള്ള വ്യവസ്ഥകൾ ഉത്തരവിൽ വിവരിക്കുന്ന ഭേദഗതികളോടുകൂടി സംബന്ധിക്കുന്നതാണെന്നു ആജ്ഞാപിക്കാവുന്നതും ആകുന്നു.

൯. ൧൦൯൨-ലെ ൧-ാം റെഗുലേഷൻ സംബന്ധിക്കുന്നതല്ലെന്നു. ൧൦൯൨-ലെ ൧-ാം റെഗുലേഷനായ തിരുവിതാംകൂർ കമ്പനിനിയമം രജിസ്റ്റർ ചെയ്യപ്പെട്ടസംഘങ്ങളെ സംബന്ധിക്കുന്നതല്ല.

൧൦. ഇപ്പോഴുള്ള സംഘങ്ങളെ ഒഴിവാക്കിയിരിക്കുന്നു. (൧) ൧൦൮൯-ലെ ൧-ാംറെഗുലേഷൻപ്രകാരം രജിസ്റ്റർ ചെയ്തു ഇപ്പോൾ ഉള്ളതായ എല്ലാ സംഘങ്ങളും ഈ റെഗുലേഷൻപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതായി വിചാരിക്കേണ്ടതും, അവയുടെ നിബന്ധനകൾ ഈ റെഗുലേഷനിലെ വാച്യവ്യവസ്ഥകൾക്കു വിപരീതമല്ലാത്തിടത്തോളം ആയവ ഭേദപ്പെടുത്തുകയോ എടുത്തുകളയുകയോ ചെയ്യുന്നതുവരെ പ്രാബല്യത്തിലിരിക്കുന്നതും ആകുന്നു.

(൨) ആ റെഗുലേഷൻപ്രകാരം ചെയ്തിട്ടുള്ള എല്ലാ നിയമനങ്ങളും ചട്ടങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ള പരസ്യങ്ങളും പ്രസിദ്ധീകരണങ്ങളും ബോധിപ്പിക്കപ്പെട്ടിട്ടുള്ള വ്യവഹാരങ്ങളും നൈയാമികനടപടികളും കഴിവുള്ളത്ര ഈ റെഗുലേഷൻപ്രകാരംതന്നെ ചെയ്കയും പ്രസിദ്ധീകരിക്കയും ബോധിപ്പിക്കയും ചെയ്തിട്ടുള്ളതായി വിചാരിക്കപ്പെടേണ്ടതാകുന്നു.

൧൧. സംഘങ്ങളുടെ പ്രവൃത്തികൾ മുതലായവ, ചില ന്യൂനതകൾമൂലം അസാധുവായിപ്പോകരുതെന്നു. സംഘരൂപീകരണത്തിലോ പൊതുയോഗസമ്മേളനത്തിലോ അയോഗ്യനാണെന്ന കാരണത്താൽ ഒരു ഉദ്യോഗസ്ഥന്റെ നിയമനത്തിലോ തിരഞ്ഞെടുപ്പിലോ ചില ന്യൂനതകൾ ഉണ്ടായിരുന്നു എന്ന കാരണത്താൽമാത്രം ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെയോ സംഘം വക കമ്മിററിയുടെയോ ഉദ്യോഗസ്ഥന്റെയോ പ്രവൃത്തി അസാധുവാക്കാവുന്നതല്ല.

൧൨. ൧൦൮൯-ലെ ൧-ാം നമ്പർ സഹകരണ റെഗുലേഷനെ സംബന്ധിച്ചു നിയമനിർമ്മാണങ്ങളിൽ പരാമർശങ്ങൾ ചെയ്യുക. തിരുവിതാംകൂറിൽ ഇപ്പോൾ ഉൽഭവിച്ചിരിക്കുന്ന ഏതു നിയമത്തിലും ൧൦൮൯-ലെ ൧-ാംനമ്പർ സഹകരണറെഗുലേഷനെപ്പററിയുള്ള എല്ലാ പരാമർശങ്ങളും ഈ റെഗുലേഷനെപ്പററിയുള്ള പരാമർശങ്ങളായി ഗണിക്കപ്പെടേണ്ടതാണ്.

൧൩. രാജ്യത്തിനപ്പുറമേയുള്ള സംഘങ്ങളുടെ ശാഖകൾ മുതലായവ. രാജ്യത്തിനു പുറമെ രജിസ്റ്റർ ചെയ്തിട്ടുള്ളതും, രാജ്യത്തിനകത്തു ഒരു ശാഖയോ വ്യാപാരശാലയോ ഉണ്ടായിരിക്കയോ ഏർപ്പെടുത്തുകയോ ചെയ്യുന്നതും ആയ സംഘങ്ങൾ ഈ റെഗുലേഷൻ ആരംഭിച്ചു ആറുമാസത്തിനകമോ അപ്രകാരമുള്ള ശാഖയോ വ്യാപാരശാലയോ ഏർപ്പെടുത്തി ആറു മാസത്തിനകമോ, നിബന്ധനകളുടെയും തൽഭേദഗതികളുടെയും സാക്ഷി

പ്പെടുത്തിയ ഒരു പകൎപ്പും അവ ഇംഗ്ലീഷ് ഭാഷയിൽ അല്ലാത്തപക്ഷം അവയുടെ ഇംഗ്ലീഷ് തൎജ്ജിമ സാക്ഷ്യപ്പെടുത്തിയതും, രജിസ്ത്രാൎക്ക സമൎപ്പിക്കേണ്ടതും, സംഘം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന സ്ഥലത്തെ രജിസ്ത്രാൎക്ക അയക്കുന്ന കണക്കുകൾക്കും വിവരങ്ങൾക്കും പുറമേ ഈ രാജ്യത്തു അമ്മാതിരിയുള്ള സംഘങ്ങൾ ഇവിടത്തെ രജിസ്ത്രാൎക്ക അയക്കുന്ന കണക്കുകളും വിവരങ്ങളുംകൂടി അയക്കേണ്ടതും ആകുന്നു.

൧൮. വ്യവഹാരങ്ങളിൽ അറിയിപ്പു ആവശ്യം എന്നു. ഒരു സംഘത്തിന്റെ മേൽ അതിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെമേലോ സംഘത്തിന്റെ ജോലി സംബന്ധിച്ച ഏതെങ്കിലും പ്രവൃത്തിയുടെ കാൎയ്യത്തിൽ, വ്യവഹാരകാരണവും വാദിയുടെ പേരു മുതലായ വിവരങ്ങളും താമസസ്ഥലവും അയാൾ ആവശ്യപ്പെടുന്ന പരിഹാരവും കാണിച്ചു രജിസ്ത്രാൎക്കോ രജിസ്ത്രാരുടെ ആപ്പീസിലോ രേഖാമൂലം അറിയിച്ചു രണ്ടുമാസക്കാലം കഴിഞ്ഞ ശേഷമല്ലാതെ ഒരു വ്യവഹാരം ബോധിപ്പിച്ചു കൂടാത്തതും അപ്രകാരമുള്ള അറിയിപ്പു കൊടുത്തിട്ടുണ്ടെന്നു അന്യായത്തിൽ പ്രസ്താവിച്ചിരിക്കേണ്ടതുമാകുന്നു.

൧൯. ചട്ടങ്ങൾ. (൧) ഈ റഗുലേഷനിലെ ഉദ്ദേശങ്ങൾ എല്ലാമോ ഏതാനുമോ സാധിക്കുന്നതിനു നമ്മുടെ ഗവൎമ്മെന്റ് രാജ്യത്തിന്റെ മുഴുവനുമോ ഏതാനുമോ ഭാഗത്തേക്കു ഏതെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിനോ സംഘങ്ങളുടെ തരത്തിനൊ ചട്ടങ്ങൾ ഏൎപ്പെടുത്താവുന്നതാണ്.

(൨) വിശേഷിച്ചും മേല്പറഞ്ഞ അധികാരത്തിനു പൊതുവേ വിരുദ്ധമല്ലാത്ത വിധത്തിലും ആ വക ചട്ടങ്ങൾ കൊണ്ടു

(എ) ൫-ാം വകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു ഒരു മെംബർ എടുക്കാവുന്ന പരമാവധി ഓഹരിഎണ്ണമോ സംഘത്തിന്റെ മൂലധനത്തിലുള്ള വീതമോ നിൎണ്ണയിക്കുകയും,

(ബി) ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനു അപേക്ഷിക്കാൻ അനുസരിച്ചു നടക്കേണ്ട രീതികളും ഉപയോഗിക്കേണ്ട ഫാറങ്ങളും അപ്രകാരമുള്ള അപേക്ഷകളെ സംബന്ധിച്ചുള്ള നടപടികളും തീൎച്ചയാക്കുകയും,

(സി) ൭-ാം വകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു, സംഘങ്ങൾ അവയുടെ ബാദ്ധ്യതക്രമം ഭേദപ്പെടുത്തുന്നതിലേക്കു ആചരിക്കേണ്ട നടപടികൾ നിൎണ്ണയിക്കയും,

(ഡി) നിബന്ധനകൾ ഉണ്ടാക്കാവുന്നതോ ഉണ്ടാക്കേണ്ടതോ ആയ സംഗതികളും നിബന്ധനകൾ ഉണ്ടാക്കുകയും അവയെ ഭേദപ്പെടുത്തുകയും ദുൎബ്ബലപ്പെടുത്തുകയും ചെയ്യാൻ അനുസരിക്കേണ്ട നടപടികളും, അപ്രകാരം ഉണ്ടാക്കുകയോ ഭേദപ്പെടുത്തുകയോ ദുൎബ്ബലപ്പെടുത്തുകയോ ചെയ്യുന്നതിനു മുമ്പു അനുസരിക്കേണ്ട വ്യവസ്ഥകളും നിശ്ചയിക്കുകയും,

(ഇ) മെംബറായി ചേരാൻ അപേക്ഷ കൊടുത്തവരോ മെംബറന്മാരായി ചേൎന്നിട്ടുള്ളവരോ അനുസരിക്കേണ്ട ക്രമങ്ങൾ നിൎണ്ണയിക്കയും മെംബറന്മാരുടെ തിരഞ്ഞെടുപ്പിനും പ്രവേശനത്തിനും മെംബരുടെ അവകാശങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമുമ്പായി അടയ്ക്കേണ്ട തുക അടയ്ക്കുംവരെ ലഭിക്കേണ്ടതായ അവകാശം സമ്പാദിക്കാനും വ്യവസ്ഥ ചെയ്യുകയും,

(എഫ്) ഓഹരിമൂലമോ ഡിബഞ്ചർ പ്രകാരമോ മററു വിധത്തിലോ മുതലുണ്ടാക്കാനുള്ള മാൎഗ്ഗം വ്യവസ്ഥപ്പെടുത്തുകയും,

(ജി) മെംബറന്മാരുടെ പൊതുയോഗങ്ങൾക്കും ആ യോഗങ്ങളിലെ നടപടിക്രമങ്ങൾക്കും യോഗങ്ങൾ നടത്താവുന്ന അധികാരങ്ങൾക്കും വ്യവസ്ഥചെയ്കയും,

(എച്ച്) ഒരു ധനസഹായബാങ്കിന്റെ കാൎയ്യത്തിൽ,

(i) അതിന്റെ പൊതുയോഗത്തിന്റെയോ കമ്മിററിയുടെയോ ഘടനയിൽ സംഘങ്ങളായ അംഗങ്ങൾക്കും വ്യക്ത്യംഗങ്ങൾക്കും തമ്മിലുണ്ടായിരിക്കേണ്ട അനുപാതം നിൎണ്ണയിക്കയും,

(ii) കമ്മിററിയിൽ ഉണ്ടായിരിക്കാവുന്ന അംഗങ്ങളുടെ ഏററവും കൂടിയ സംഖ്യ നിൎണ്ണയിക്കയും,

(ഐ) കമ്മിററിയിലെ മെംബറന്മാരെയും മററ ഉദ്യോഗസ്ഥന്മാരെയും നിയമിക്കുന്നും സസ്പെൻഡു ചെയ്യാനും പിരിച്ചയക്കാനും, കമ്മിററിയോഗങ്ങളിലെ നടപടികൾക്കും, കമ്മിററിക്കാരാലും മററുള്ളവരാലും നടത്തപ്പെടാവുന്ന അധികാരങ്ങൾക്കും ചെയ്യപ്പെടേണ്ട കൃത്യങ്ങൾക്കും വ്യവസ്ഥ ചെയ്യുകയും,

(ജെ) ഏതെങ്കിലും സംഘത്തിൽ കുടിശ്ശികക്കാരനായ ഒരു മെംബറെ അതിന്റെയോ മറെറതെങ്കിലും സംഘത്തിന്റെയോ കമ്മിററിയിൽ നിയമിച്ച സംഘത്തിൽ ഒരു മെംബറെന്ന നിലയ്ക്കുള്ള അവകാശങ്ങൾ ഉപയോഗിക്കാനും സംഘത്തെ മറെറാരു സംഘത്തിൽ പ്രതിനിധീകരിച്ചു വോട്ടുചെയ്യാനും അനുവദിക്കാതെ സംഘത്തെ നിരോധിക്കുകയും,

(കെ) ഒരു സംഘം വെയ്ക്കേണ്ടതായ കണക്കുകളും പുസ്തകങ്ങളും നിർണ്ണയിക്കുകയും അപ്രകാരമുള്ള കണക്കുകൾ ആഡിററു ചെയ്യാനും അതിലേക്കുവല്ല ഫീസും ഉണ്ടെങ്കിൽ അതു ചുമത്താനും ഒരു സംഘത്തിന്റെ മുതൽ കടങ്ങളെ കാണിക്കുന്ന ഒരു ബാക്കിപത്രം ആനുകാലികമായി പ്രസിദ്ധപ്പെടുത്താനും വ്യവസ്ഥ ചെയ്യുകയും,

(എൽ) ഒരു സംഘം രജിസ്ട്രാർക്കു അയക്കേണ്ട കണക്കുകൾ നിശ്ചയിക്കുകയും അപ്രകാരമുള്ള കണക്കുകൾ ആർക്കയക്കണമെന്നും എന്നു തീയതിക്കകമായിരിക്കണമെന്നും നിർണ്ണയിക്കുകയും അപ്രകാരമുള്ള ഏതെങ്കിലും കണക്കുകൾ അയയ്ക്കാതെയിരുന്നാൽ അവ തയ്യാറാക്കുന്നതിലേക്കുള്ള ചിലവു ഈടാക്കാൻ വ്യവസ്ഥ ഉണ്ടാക്കുകയും,

(എം) സംഘങ്ങളുടെ പുസ്തകങ്ങളിൽ ചേർക്കപ്പെട്ടിട്ടുള്ള പതിവുകളുടെ പകർപ്പുകൾ ആരു ഏതു രൂപത്തിൽ സാക്ഷ്യപ്പെടുത്തണമെന്നു വ്യവസ്ഥ ചെയ്യുകയും തൽപ്രകാരമുള്ള പകർപ്പുകൾ കൊടുക്കുന്നതിനു ഈടാക്കേണ്ട ഫീസെന്തെന്നു നിശ്ചയിക്കുകയും,

(എൻ) മെംബറന്മാരുടെ ഒരു രജിസ്റ്റർ വെയ്ക്കണമെന്നു വ്യവസ്ഥ ചെയ്യുകയും, മെംബറന്മാരുടെ ബാദ്ധ്യത ഓഹരികളാൽ ക്ലിപ്തപ്പെടുത്തപ്പെട്ടതായിരിക്കുമ്പോൾ ഒരു ഓഹരി രജിസ്റ്റർ വെയ്ക്കാൻ വ്യവസ്ഥ ചെയ്യുകയും,

(ഒ) (൧) തർക്കങ്ങൾ തീരുമാനിക്കാൻ ഒരു മദ്ധ്യസ്ഥനോ മദ്ധ്യസ്ഥന്മാർക്കോ ഏർപ്പാടു ചെയ്യുകയും,

(൨) കേസിൽ കക്ഷിയായ മൈനർക്കും, ചിത്തഭ്രമം കൊണ്ടോ മാനസിക രോഗം കൊണ്ടോ സ്വന്തതാല്പര്യം രക്ഷിക്കാൻ അശക്തനായ ആൾക്കും രക്ഷാകർത്താവിനെ നിയമിക്കുന്നതുൾപ്പെടെ തർക്കങ്ങൾ തീരുമാനിക്കുന്നതായ രജിസ്ട്രാരുടെയോ മദ്ധ്യസ്ഥന്റെയോ മുമ്പാകെ അനുഷ്ഠിക്കേണ്ട രീതികൾ നിർണ്ണയിക്കുകയും,

(൩) അപ്രകാരമുള്ള നടപടികളിൽ ഫീസു ഈടാക്കുകയും.

(൪) അപ്രകാരമുള്ള നടപടികളിലെ തീർപ്പുകളോ അവാർഡുകളോ നടത്തുന്നതിനു വ്യവസ്ഥകൾ ഏർപ്പെടുത്തുകയും,

(പി) അംഗങ്ങൾ പിന്മാറുന്നതിനും അവരെ തള്ളിക്കളയുന്നതിനും അങ്ങിനെ പിന്മാറുകയോ തള്ളപ്പെടുകയോ ചെയ്യുന്ന മെംബറന്മാർക്ക് കൊടുക്കേണ്ട പണം വല്ലതുമുണ്ടായിരുന്നാൽ കൊടുക്കുന്നതിനും, മാറിപ്പോയ മെംബറന്മാരുടെ ചുമതലകൾക്കും, മരിച്ചുപോയ മെംബറന്മാരുടെ വസ്തുക്കളിലെ ബാദ്ധ്യതകൾക്കും, വ്യവസ്ഥ ചെയ്യുകയും,

(ക്യൂ) മെംബറന്മാരല്ലാത്ത ആളുകളുമായി സംഘങ്ങൾ വ്യാപാരം ചെയ്യുന്നതിനെ വിരോധിക്കുകയോ നിയന്ത്രിക്കയോ ചെയ്യുന്നതിനു വ്യവസ്ഥ ഏർപ്പെടുത്തുകയും,

(ആർ) ഒരു മരിച്ചുപോയ മെംബരുടെ അവകാശത്തിന്റെ വില നിർണ്ണയിക്കാൻ വ്യവസ്ഥ ചെയ്യുകയും അപ്രകാരമുള്ള അവകാശം കൊടുത്തു തീർക്കുകയോ കൈമാറുകയോ ചെയ്യേണ്ടതായ ആളുകളെ നിയമിക്കുന്നതിനു വ്യവസ്ഥയുണ്ടാക്കുകയും,

(എസ്സ്) വായ്പയ്ക്കു അപേക്ഷിക്കുന്ന അംഗങ്ങൾ അടയ്ക്കേണ്ട ഉപാധികൾക്കും അനുഷ്ഠിക്കേണ്ട കാര്യങ്ങൾക്കും കടം വായ്പ എത്ര കാലത്തേക്കു കൊടുക്കാമെന്നും ഒരു വ്യക്തിക്കു കൊടുക്കാവുന്ന സംഖ്യ എത്രയെന്നും വ്യവസ്ഥപ്പെടുത്തുകയും,

(ററി) കരുതൽധനത്തിന്റെ രൂപീകരണത്തിനും സംരക്ഷണത്തിനും, അവക ഫണ്ടുകൾ എതിലേക്ക ഉപയോഗിക്കാമെന്നും, സംഘത്തിന്റെ സ്വാധീനത്തിലുള്ള ഏതു ഫണ്ടു നിക്ഷേപിക്കുന്നതിനെപ്പററിയും വ്യവസ്ഥചെയ്യുകയും,

(യു) ഒരു സംഘത്തിനു അതിലെ മെമ്പറന്മാരുടെ എണ്ണം എത്രത്തോളം ചുരുക്കാമെന്നു വ്യവസ്ഥചെയ്യുകയും,

(വി) ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ സംഘത്തിലെ മെമ്പറന്മാരുടെയിടയിൽ ലാഭം വിഭജിക്കുന്ന ക്രമങ്ങളും സംഘങ്ങൾ കൊടുക്കാവുന്നപരമാവധി ലാഭവീതം എന്തെന്നും നിർണ്ണയിക്കുകയും,

(ഡബ്ള്യു) ൩൭-ാം വകുപ്പനുസരിച്ചു നിയമിതനായ ഒരു ഇടപാടുതീർപ്പുകാരൻ ചെയ്യേണ്ട നടപടികളും സംഘത്തിനു മുതലുകൾ മിച്ചം ഉണ്ടെങ്കിൽ അതിന്റെ വിനിയോഗവും നിർദ്ദേശിക്കുകയും,

(എക്സ്) ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കുൾപ്പെട്ട രജിസ്ട്രാരുടെ ഉത്തരവുകളിന്മേൽ ഏതെല്ലാം അവസരങ്ങളിൽ അപ്പീലുണ്ടായിരിക്കാമെന്നു നിർണ്ണയിക്കുകയും ഈ റഗുലേഷൻപ്രകാരം അപ്പീൽ കൊടുക്കുന്നതിലും തീരുമാനിക്കുന്നതിലും ഉള്ള നടപടികൾ വ്യവസ്ഥപ്പെടുത്തുകയും,

(വൈ) നമ്മുടെ ഗവർമ്മെന്റു സംഘങ്ങൾക്ക ചെയ്യുന്ന സഹായം എത്രകാലത്തേക്ക എന്നും എന്തു വ്യവസ്ഥയിന്മേലെന്നും, സംഘങ്ങൾ പുറപ്പെടുവിക്കുന്ന ഡിബെഞ്ചർകളുടെ പലിശക്ക ഉത്തരവാദം ചെയ്യുന്നതിനെപ്പററിയുള്ള വ്യവസ്ഥകളും, നിർണ്ണയിക്കുകയും,

(ഇസെഡ്) ഈ റഗുലേഷൻപ്രകാരം ജപ്തിചെയ്യപ്പെടുന്ന വസ്തുക്കളുടെ സൂക്ഷിപ്പിനു വ്യവസ്ഥചെയ്യുകയും,

(എഎ) പ്രാസസ് അയക്കാനും നടത്താനും അവയുടെ നടത്തിപ്പു തെളിയിക്കാനും ഏർപ്പാടുകൾചെയ്യുകയും,

(ബിബി) രജിസ്ട്രാരാഫീസിലെ പ്രമാണങ്ങൾ പരിശോധിക്കാനും, അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൊടുക്കുന്നതിനും ഫീസു വസൂൽചെയ്യാൻ വ്യവസ്ഥചെയ്യുകയും,

(സിസി) രജിസ്ട്രാരോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ആളോ ചെയ്യുന്ന ജപ്തിയിന്മേൽ ഉണ്ടാകാവുന്ന അവകാശങ്ങളും തക്കങ്ങളും അന്വേഷിക്കാൻ വ്യവസ്ഥചെയ്യുകയും,

(ഡിഡി) ൩൮-ാം വകുപ്പനുസരിച്ചുള്ള സംഗതികളിൽ വിധിച്ചിട്ടുള്ള ചിലവുകൾ ഈടാക്കുന്നതിനു വ്യവസ്ഥചെയ്യുകയും,

(ഇഇ) ൩൯-ാം വകുപ്പനുസരിച്ചു വസ്തുജപ്തിക്കും വില്പനക്കും വ്യവസ്ഥകൾ ഏർപ്പെടുത്തുകയും,

(എഫ് എഫ്) ഈ റഗുലേഷനിൽ വാച്യമായി ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്തിട്ടുള്ള എല്ലാസംഗതികളും ചട്ടങ്ങൾകൊണ്ടു നിർദ്ദേശിക്കാൻ വ്യവസ്ഥചെയ്യുകയും ചെയ്യേണ്ടതാകുന്നു.

(൩) ഈ വകുപ്പുപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം ആവക ചട്ടങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയശേഷം വേണമെന്നുള്ള വ്യവസ്ഥക്കുൾപ്പെട്ടുള്ളതാണ്.

(൪) ഈ വകുപ്പനുസരിച്ചു ഉണ്ടാക്കപ്പെടുന്ന എല്ലാ ചട്ടങ്ങളും തിരുവിതാംകൂർ ഗവർമ്മെന്റിൽ ഗസററിൽ പ്രസിദ്ധംചെയ്യേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തിയാൽ ഈ റഗുലേഷൻപ്രകാരം നിർമ്മിക്കപ്പെട്ടവിധം പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്.

(൫) അപ്രകാരമുള്ള എല്ലാചട്ടങ്ങളും നിയമസഭാമേശപ്പുറത്തു വയ്ക്കപ്പെടേണ്ടതാകുന്നു.

൭൬. റദ്ദാക്കൽ. ൧൦൯൧-ലെ ൧൦-ാംനമ്പർ പരസ്പരസഹായസംഘം റഗുലേഷൻ ഇതുമൂലം റദ്ദാക്കപ്പെട്ടിരിക്കുന്നു.

നക്കൽ ചട്ടങ്ങളുടെ വിഷയവിവരം.

അർത്ഥവിവരണം.

൧. രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ.
൨. നിബന്ധനകളിൽ അടങ്ങിയിരിക്കേണ്ട വിഷയങ്ങൾ.
൩. അപേക്ഷ കിട്ടിയാലുള്ള നടപടി.
൪. സംഘങ്ങളുടെ പേരുകൾ മേൽവിലാസങ്ങൾ നിബന്ധനകൾ ഈവക റിക്കാർട്ടുകൾ രജിസ്ട്രാർ വച്ചുകൊള്ളണം എന്ന്.
൫. സംഘങ്ങൾ വെക്കേണ്ട കണക്കുപുസ്തകങ്ങൾ മുതലായവ.
൬. ബുക്കുകളിലെ പതിവുകളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തുക.
൭. പ്രമാണപരിശോധനഫീസ്.
൮. കണക്കുകളും പട്ടികകളും വേണമെന്നു രജിസ്ട്രാർക്ക് ആവശ്യപ്പെടാം.
൯. സംഘങ്ങൾ കടംവാങ്ങുന്നതിലുള്ള നിയന്ത്രണങ്ങൾ.
൧൦. ക്ലിപ്ത ബാദ്ധ്യതസംഘങ്ങൾ കരുതൽധനം വച്ചുകൊണ്ടിരിക്കേണ്ടതു.
൧൧. അവകാശിയെ നാമനിർദ്ദേശംചെയ്യുക.
൧൨. ആഡിററാഫീസു ഈടാക്കുക.
൧൩. ലാഭവിഭജനം.
൧൪. കിട്ടുകടങ്ങൾ.
൧൫. ബോണസ്സുവിഭജനം.
൧൬. വിനിയോജകന്മാരുടെയോ ഉല്പാദകന്മാരുടേയോ സംഘങ്ങൾ ലാഭവീതം കൊടുക്കുക.
൧൭. ലാഭബാക്കിയുടെ വിഭജനം.
൧൮. മുതലുകൾ ബോണസ്സായോ ഡിവിഡൻഡായോ മററുപ്രകാരമോ വിഭജിക്കുന്നതിൽ നിയന്ത്രണം.
൧൯. മുതലുകൾ നിക്ഷേപിക്കുക.
൨൦. കരുതൽധനം.
൨൧. സംഘം പിരിച്ചശേഷം കരുതൽധനത്തിന്റെ വിനിയമനം.
൨൨. മദ്ധ്യസ്ഥവിചാരണ.
൨൩. സമൻസുനടത്തുന്ന വിധം.
൨൪. റവന്യൂഉദ്യോഗസ്ഥന്മാർ എവാർഡുകൾ നടത്തുന്നതു്.
൨൫. ഇടപാടുതീർപ്പുകാർ ആചരിക്കേണ്ട നടപടികൾ.
൨൬. കുടിശികക്കാരുടെ അവശതകൾ.
൨൭. മെംബറന്മാരല്ലാത്തവരുമായുള്ള ഇടപാടുകൾ.
൨൮. രണ്ടു ധനസഹായസംഘങ്ങളിൽ മെംബറായിരുന്നുകൂടാ.
൨൯. സംഘങ്ങൾ ഓഹരികൾ പണയപ്പെടുത്തരുതെന്നു.
൩൦. രാഷ്ട്രീയമായോ മതസംബന്ധമായോ ഉള്ള വാദവിഷയങ്ങളിൽ സംഘങ്ങൾ ഉൾപ്പെടരുതെന്നു.
൩൧. ഗവണ്മെന്റിലേക്കു മുതൽക്കൂട്ടേണ്ട ഫീസുകൾ.
൩൨. ഒരു വിധി, തീർപ്പു, അവാർഡു അംശദായക ഉത്തരവു ഇവ നടത്തുന്നതിലുള്ള നടപടി.

തിരുവിതാംകൂർ സഹകരണസംഘറഗുലേഷൻ അനുസരിച്ചുള്ള ചട്ടങ്ങളുടെ നക്കൽ ഭേദഗതികൾ.

ചട്ടങ്ങൾ.

അർത്ഥവിവരണം.

ഈ ചട്ടങ്ങളിൽ കാര്യഭാഗത്തോടോ സന്ദർഭത്തോടോ യോജിക്കാത്തതായി ഒന്നും ഇല്ലാതിരിക്കുന്നപക്ഷം,

(എ) റഗുലേഷൻ എന്നാൽ തിരുവിതാംകൂർ സഹകരണസംഘറഗുലേഷൻ എന്നു അർത്ഥമാകുന്നതാണ്.

(ബി) സഹകരണവർഷം എന്നാൽ കർക്കടകം അവസാനദിവസത്തോടുകൂടി സമാപിക്കുന്ന വർഷമെന്നോ, രജിസ്ത്രാരുടെ മുൻകൂട്ടിയുള്ള അനുവാദപ്രകാരം മറ്റൊ തീയതിക്കു കണക്കുകൾ അവസാനിപ്പിക്കുന്നതായ ഏതെങ്കിലും സംഘമോ സംഘങ്ങളോ ഉണ്ടായിരുന്നാൽ ആ തീയതിക്കു അവസാനിക്കുന്ന വർഷം എന്നോ അർത്ഥമാണ്.

(സി) വിധിയുടമസ്ഥൻ എന്നാൽ പണം ഈടാക്കുന്നതിലേക്കു ഒരു സിവിൽ കോടതിയുടെ വിധിയോ ഉത്തരവോ രജിസ്ത്രാരുടെയോ മദ്ധ്യസ്ഥന്റെയോ ഒരു തീർപ്പോ അവാർഡോ രജിസ്ത്രാരുടേയൊ ഇടപാടുതീർപ്പുകാരന്റെയോ ഉത്തരവോ ലഭിച്ചിട്ടുള്ള ഒരാൾ എന്നർത്ഥമാണ്.

(ഡി) വിധിക്കാരൻ എന്നുവച്ചാൽ ഒരു സംഘം പണം ഈടാക്കുന്നതിലേക്കു ഒരു സിവിൽ കോടതിയുടെ വിധിയോ ഉത്തരവോ രജിസ്ത്രാരുടേയൊ മദ്ധ്യസ്ഥന്റെയൊ തീർപ്പോ അവാർഡോ രജിസ്ത്രാരുടേയൊ ഇടപാടുതീർപ്പുകാരന്റേയൊ ഉത്തരവോ ആരുടെമേൽ സമ്പാദിച്ചിരിക്കുന്നുവോ ആ ആൾ എന്നർത്ഥമാക്കേണ്ടതാണ്.

(ഇ) അസിസ്റ്റന്റുരജിസ്ത്രാർ എന്നുവച്ചാൽ രജിസ്ത്രാക്കു അധീനനായി റഗുലേഷൻ ൪-ാംവകുപ്പനുസരിച്ചു രജിസ്ത്രാരുടെ അധികാരങ്ങൾ നടത്തുന്നതിനു അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഒരാൾ എന്നു അർത്ഥമാണ്.

(എഫ്) സെയിൽ ആഫീസർ എന്നുവച്ചാൽ വീഴ്ചക്കാരുടെ വസ്തുക്കൾ ജപ്തി ചെയ്യാനും വിൽക്കാനും പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ രജിസ്ത്രാർ അധികാരപ്പെടുത്തിയിട്ടുള്ള സഹകരണ ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാണ്.

(ജി) സംഘം എന്നാൽ റഗുലേഷനിൽ നിർവചിക്കുന്നവിധമുള്ള ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘം എന്നർത്ഥമാക്കേണ്ടതാണ്.

(എച്ച്) മേലന്വേഷണ ഐക്യസംഘം എന്നാൽ യാതൊരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ ഉദ്ദേശം അതിലെ അംഗങ്ങളായ രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ മേലന്വേഷണവും നിയന്ത്രണവും ആയിരിക്കുന്നുവോ ആ സംഘം എന്നർത്ഥമാക്കേണ്ടതാണ്.

(ഐ) പ്രവർത്തനധനം എന്നാൽ കെട്ടിടങ്ങളിലും മറ്റു സ്ഥിരമായ മുതലുകളിലും ഉറപ്പിക്കപ്പെടാത്തതായുള്ള കരുതൽധനം, അടച്ചുതീർത്ത ഓഹരിമുതൽ, സംഘം വാങ്ങിയിട്ടുള്ള കടങ്ങളും നിക്ഷേപങ്ങളും സംഘം പ്രചരിപ്പിച്ചിട്ടുള്ള ഡിബഞ്ചർകളും എന്നർത്ഥമാകുന്നു.

(ജെ) ശുദ്ധപാഠം എന്നാൽ ചട്ടം XIII അനുസരിച്ചു രജിസ്ത്രാർ സാക്ഷ്യപ്പെടുത്തിയ ശുദ്ധപാഠം എന്നു അർത്ഥമാണ്.

I. രജിസ്റ്റർചെയ്യാനുള്ള അപേക്ഷ. റഗുലേഷൻ ൭-ാംവകുപ്പനുസരിച്ചു ഒരു സഹകരണസംഘമായി രജിസ്റ്റർചെയ്യുന്നതിനു അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന ഏതെങ്കിലും ആളുകളുടെ യോഗം ഈ ചട്ടങ്ങളോടു അനുബന്ധിച്ചിട്ടുള്ള പട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്ന ഫാറത്തിൽ സഹകരണസംഘം രജിസ്ത്രാരുടെ അടുക്കൽ അപേക്ഷിക്കേണ്ടതാണ്.

II. നിബന്ധനകളിൽ അടങ്ങിയിരിക്കേണ്ട വിഷയങ്ങൾ. രജിസ്റ്റർചെയ്യാനുള്ള ഓരോ അപേക്ഷയോടുംകൂടി അപേക്ഷകർ അംഗീകരിച്ചിട്ടുള്ള നിബന്ധനകളുടെ ഒരു നക്കൽ പകർപ്പു അയക്കേണ്ടതാണ്. നിബന്ധനകൾ റഗുലേഷനും അതനുസരിച്ചു നമ്മുടെ ഗവണ്മെന്റു ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് (എ) മുതൽ (ഇസെഡ്) വരെ ഖണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളെപ്പററി പ്രസ്താവിക്കേണ്ടതും സംഘസ്ഥാപനത്തിനും അതിന്റെ നടത്തിപ്പിനും ആവശ്യമായിരിക്കുന്ന മററു കാര്യങ്ങളെപ്പററിയും പറയാവുന്നതും ആകുന്നു.

(എ) സംഘത്തിന്റെ പേരും മേൽവിലാസവും,

(ബി) ഒരു ധനസഹായസംഘമാണെങ്കിൽ അതിന്റെ പ്രവൃത്തനപരിധിയും,

(സി) സംഘത്തിന്റെ ഉദ്ദേശങ്ങളും,

(ഡി) അതിന്റെ മുതലുകൾ ഏതിലേക്കായി ഉപയോഗിക്കാം എന്നു,

(ഇ) മെംബരന്മാരായി ചേർക്കപ്പെടാനുള്ള യോഗ്യതയും മെംബരുടെ അവകാശങ്ങൾ നടത്തുന്നതിനുമുമ്പായി വല്ല പണവും കൊടുക്കേണ്ടതായിട്ടോ അവകാശം സമ്പാദിക്കേണ്ടതായിട്ടോ ഉണ്ടെങ്കിൽ അതും,

(എഫ്) സംഘം വരുത്തുന്ന കടങ്ങൾക്ക മെംബരന്മാർക്കുള്ള ബാധ്യതയുടെ സ്വഭാവവും വ്യാപ്തിയും,

(ജി) മെംബർസ്ഥാനത്തുനിന്നു പിൻമാറാൻ ഏതു അവസ്ഥയിൽ അനുവദിക്കപ്പെടുമെന്നു,

(എച്ച്) മെംബരന്മാർ പിന്മാറുകയോ അനർഹരായിത്തീരുകയോ മരിക്കയോ ചെയ്താൽ ചെയ്യേണ്ട നടപടികളും,

(ഐ) ഒരു മെംബരുടെ ഓഹരിയോ അവകാശമോ കൈമാററംചെയ്യാൻ അനുവദിക്കപ്പെടുന്നതായാൽ അതിലേക്കുള്ള വ്യവസ്ഥകളും,

(ജെ) സംഘത്തിൽ ഓഹരിമൂലധനമുണ്ടെങ്കിൽ അതിന്റെ സ്വഭാവവും തുകയും, അതിൽ ഒരു മെംബർക്ക ഉണ്ടായിരിക്കാവുന്ന പരമാവധി ഓഹരികളും,

(കെ) ഏതവസ്ഥകളിൽ സംഘത്തിനു കടം വാങ്ങാം എന്നും അതുപ്രകാരം കടം വാങ്ങുന്നതിനുള്ള നടപടി എന്തെന്നും,

(എൽ) മെംബരന്മാരിൽനിന്നും പിരിക്കേണ്ട പ്രവേശനഫീസും മററു ഫീസുകളും പിഴകളും ഉണ്ടായിരുന്നാൽ അതും,

(എം) ഒരു മെംബർക്ക കൊടുക്കാവുന്ന ഏററവും കൂടുതൽ വായ്പത്തുക എത്രയെന്നും വായ്പകൾ അനുവദിക്കുന്നതിലും തിരികെ അടയ്ക്കാൻ കാലാവധി നീട്ടിക്കൊടുക്കുന്നതിലും അവയെ പുതുക്കുന്നതിലും മെംബരന്മാരിൽനിന്നും വായ്പകൾ പിരിക്കുന്നതിലും ഉള്ള വ്യവസ്ഥകളും,

(എൻ) മെംബരന്മാർക്ക വായ്പകളും, അവ തിരികെ അടയ്ക്കാൻ കാലദൈർഘ്യങ്ങളും വായ്പകളുടെ നവീകരണങ്ങളും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളും,

(ഒ) ഒരു മെംബർ അടയ്ക്കേണ്ട ഏതെങ്കിലും സംഖ്യ അടയ്ക്കാതെ മുടക്കംവരുത്തിയാലുള്ള ഭവിഷ്യത്തുകളും,

(പി) അടയ്ക്കാനുള്ള മെംബരന്മാർ പണം അടയ്ക്കുമ്പോൾ അതു പതിപ്പുവയ്ക്കേണ്ട രീതിയും,

(ക്യൂ) മെംബരന്മാർക്ക അവർ അടച്ചിട്ടുള്ള ഓഹരി മുതലിന്മേൽ കൊടുക്കാവുന്ന ഏററവും കൂടിയ ലാഭവീതം എത്രയെന്നും,

(ആർ) കടം വാങ്ങിയ മുതലുകൾക്ക സംഘവും മെംബരന്മാർക്ക കൊടുക്കുന്ന വായ്പകൾക്ക അവരും കൊടുക്കേണ്ട പലിശക്രമം എന്തെന്നും.

(എസ്സ്) ഉല്പാദനസംഘങ്ങളുടെയും വിതരണസംഘങ്ങളുടെയും കാര്യത്തിൽ അസംസ്കൃതസാധനങ്ങൾ വാങ്ങുന്നതിലും സംസ്കൃതസാധനങ്ങൾ വില്ക്കുന്നതിലും സ്റ്റാക്ക തിട്ടപ്പെടുത്തുന്നതിലും ഉള്ള നടപടികളും,

(ടി) യോഗങ്ങൾ നടത്തേണ്ടവിധവും, വോട്ടുചെയ്യാനുള്ള അവകാശവും നടപ്പുചട്ടത്തിൽ ഉൾപ്പെട്ട നിബന്ധനയുണ്ടാക്കുകയോ ഭേദപ്പെടുത്തുകയോ എടുത്തുകളയുകയോ ചെയ്യുന്ന വിധവും,

(യു) കമ്മിററിയേയും മററ ഉദ്യോഗസ്ഥന്മാരെയും നിയമിക്കുകയും മാററുകയും ചെയ്യുന്നവിധവും കമ്മിററിയുടേയും അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരുടെയും ചുമതലകളും അധികാരങ്ങളും,

(വി) പണം സൂക്ഷിക്കുന്നതിന്റെയും നിക്ഷേപിക്കുന്നതിന്റെയും രീതിയും ൫-ം, ൭-ം ചട്ടങ്ങൾപ്രകാരം കണക്കുകൾ വയ്ക്കുന്ന രീതിയും,

(ഡബ്ളിയു) സംഘത്തിനുവേണ്ടി പ്രമാണങ്ങൾ ഒപ്പിടാനും വ്യവഹാരങ്ങളും നീതിന്യായനടപടികളും ബോധിപ്പിക്കാനും എതിർവാദം ചെയ്യാനും ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥന്മാരെയോ അധികാരപ്പെടുത്തുകയും,

(എക്സ്) ശുദ്ധലാഭത്തിന്റെ വിനിയോഗവും,

(വൈ) രജിസ്ട്രാർ നിർദ്ദേശിക്കുന്ന വാർഷികക്കണക്കുകൾ തയ്യാറാക്കുകയും അയക്കുകയും അവ പ്രസിദ്ധീകരിക്കുകയും,

(ഇസഡ്) സംഘം ഒരു മേലന്വേഷണൈക്യസംഘത്തിലോ മററ സ്ഥാപനത്തിലോ ചേരണമോ എന്നും ചേരണമെങ്കിൽ അതിലേക്കു എന്തു തുകകൾ അടക്കണമെന്നും.

III. അപേക്ഷ കിട്ടിയാലുള്ള നടപടി. (എ) രജിസ്ട്രാർ,

(എ) അപേക്ഷയും നിബന്ധനകളും റെഗുലേഷനും ചട്ടങ്ങളും അനുസരിച്ചിരിക്കുന്നു എന്നും,

(ബി) സംഘത്തിന്റെ ഉദ്ദേശങ്ങൾ സാധിക്കുന്നതിനു നിബന്ധനകൾ അനുയോജ്യമായിരിക്കുന്നു എന്നും,

(സി) ദേശസ്ഥിതികളെ അപേക്ഷിച്ചു ഉദ്ദിഷ്ടസംഘത്തിനു ന്യായമായ വിജയലക്ഷണങ്ങളുണ്ടെന്നും ബോദ്ധ്യപ്പെടുന്നതിലേക്കായി അപേക്ഷയും നിബന്ധനകളും പരിശോധിക്കേണ്ടതും അവസാന ഉത്തരവു ചെയ്യുന്നതിനു മുമ്പായി വേണമെന്നു വിചാരിക്കുന്ന കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുകയും അന്വേഷണം നടത്തുകയും ചെയ്യേണ്ടതും ആണ്. ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനു മുമ്പു രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷസഹിതം അയക്കപ്പെടുന്ന നക്കൽ നിബന്ധനകളിൽ അഭിലഷണീയമെന്നു വിചാരിക്കുന്ന ഭേദഗതികൾ ചെയ്വാനും രജിസ്ട്രാർക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

(ഡി) (എ)-ാം ഉപചട്ടം (എ), (ബി) (സി) ഖണ്ഡങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികൾ എല്ലാമോ ഏതാനുമോ രജിസ്ട്രാർക്കു തൃപ്തികരമാകാത്തപക്ഷം അദ്ദേഹം സംഘം രജിസ്റ്റർചെയ്യാതെ നിഷേധിക്കേണ്ടതാണ്. എന്നാൽ എല്ലാ സംഗതികളും തൃപ്തികരമായാൽ അദ്ദേഹം സംഘവും നിബന്ധനകളും രജിസ്റ്റർ ചെയ്യാവുന്നതും അപ്രകാരമുള്ള സംഘത്തിനു ചിലവുകൂടാതെ അദ്ദേഹം ഒപ്പിട്ടതും അദ്ദേഹത്തിന്റെ ആഫീസുമുദ്രവച്ചതും ആയി രജിസ്റ്റർ ചെയ്തതിലേക്കുള്ള ഒരു സർട്ടിഫിക്കററു കൊടുക്കാവുന്നതും ആകുന്നു. രജിസ്റ്റർ ചെയ്തതിലേക്കുള്ള സർട്ടിഫിക്കററുസഹിതം അദ്ദേഹം അംഗീകരിച്ചു രജിസ്റ്റർചെയ്തപ്രകാരമുള്ള നക്കൽ നിബന്ധനകളുടെ, ഒരു സാക്ഷ്യപ്പെടുത്തിയ പകർപ്പും സംഘത്തിലേക്കു അയച്ചുകൊടുക്കേണ്ടതും ഈ നിബന്ധനകൾ റെഗുലേഷനിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരമുള്ള അപ്പീലിലോ പുനരാലോചനയിലോ ഉള്ള ഉത്തരവുകളുടെ ഫലത്തിനു അധീനമായി സംഘത്തിന്റെ നിബന്ധനകളായിരിക്കുന്നതും ആണ്.

(ഇ) രജിസ്ട്രാർ സംഘം രജിസ്റ്റർചെയ്യാൻ നിഷേധിക്കുന്ന എല്ലാ അവസരങ്ങളിലും നിഷേധിക്കാനുള്ള കാരണം അദ്ദേഹം രേഖപ്പെടുത്തേണ്ടതും തീരുമാനങ്ങൾ ചിലവുകൂടാതെ അപേക്ഷകന്മാരെ അറിയിക്കേണ്ടതും ആകുന്നു.

IV. രജിസ്ട്രാർ സംഘങ്ങളുടെ പേരുകൾ, മേൽവിലാസങ്ങൾ, നിബന്ധനകൾ ഇവയുടെ ഒരു റിക്കാർഡു വയ്ക്കേണ്ടതാകുന്നു. രജിസ്ട്രാർ,

(൩) എല്ലാ സംഘങ്ങളുടേയും പേരുകളും മേൽവിലാസങ്ങളും അടങ്ങിയിട്ടുള്ള ഒരു രജിസ്റ്റരും,

(൪) ഓരോ സംഘത്തിന്റെയും നിബന്ധനകളും പിന്നീടു അവയിലുണ്ടായിട്ടുള്ള എല്ലാ ഭേദഗതികളും അവ രജിസ്റ്റർചെയ്ത ക്രമം അനുസരിച്ചു ചേർക്കപ്പെട്ടതായ ഒരു രജിസ്റ്റരും വച്ചുകൊള്ളേണ്ടതാണ്.

(V) സംഘങ്ങൾ വച്ചുകൊള്ളേണ്ടതായ കണക്കുപുസ്തകങ്ങൾ മുതലായവ. സംഘങ്ങൾ നടത്തുന്ന വ്യാപാരങ്ങൾ രേഖപ്പെടുത്തുന്നതിലേക്കായി താഴെപ്പറയുന്ന കണക്കുകളും പുസ്തകങ്ങളും അവ വച്ചുകൊള്ളേണ്ടതാണ്.

(എ) ഒരു ധനസംഘം വച്ചുകൊള്ളേണ്ടതായ പുസ്തകങ്ങൾ.

(൧) കമ്മിറ്റിയുടെയും മെമ്പറന്മാരുടെ പൊതുയോഗത്തിന്റെയും നടപടികൾ രേഖപ്പെടുത്തുന്നതായ മിനിട്ടുപുസ്തകം.

(൨) ഓരോ മെമ്പരുടെയും പേരും മേൽവിലാസവും, ചേർന്ന തീയതിയും എടുത്ത ഓഹരിയും ആ ഓഹരികൾക്കായി അടച്ചിട്ടുള്ള തുകയും, ഏതെങ്കിലും ഓഹരി മുതൽ അയാൾക്കു തിരിച്ചു കൊടുത്തിട്ടുണ്ടെങ്കിൽ അതും, ഓരോ തുകയും അടച്ചതിന്റെയും തിരിച്ചു കൊടുത്തതിന്റെയും തീയതികളും കാണിക്കുന്നതായ പ്രവേശനബുക്ക്.

(൩) ദിവസേനയുള്ള വരവും ചിലവും ഓരോ ദിവസാവസാനത്തിലും ഉള്ള നീക്കിയിരിപ്പും കാണിക്കുന്ന ഒരു നാൾവഴി.

(൪) സംഘത്തിൽ പണം കിട്ടിയ വിവരം കൊടുക്കുന്നതിനും, ന്ധലംപ്രതി യായി ഉപയോഗപ്പെടുത്തുന്നതിനും ഉള്ള ഇരട്ടിപ്പുറങ്ങളോടുകൂടിയ രസീതുബുക്ക്.

(൫) അംഗങ്ങൾക്കു കൊടുത്തിട്ടുള്ള ഓരോ വായ്പയും നമ്പരും തീയതിയും തുകയും അതു ഏതു ആവശ്യത്തിലേക്കു കൊടുത്തു എന്നും മുതലും, പലിശയും വേർതിരിച്ചു തിരികെ അടയ്ക്കാനുള്ള തീയതിയോ തീയതികളോ ഇവയും, കാണിക്കുന്ന കടം വായ്പ് ലഡ്ജർ.

(൬) നിക്ഷേപങ്ങളും മററ എല്ലാവിധ കടംവാങ്ങലുകളും കാണിക്കുന്നതായ ഒരു കടംവാങ്ങൽ ലഡ്ജർ.

(൭) ഓരോ മെമ്പറും സംഘത്തിലേക്കു അയാൾതന്നെയെടുത്തിട്ടുള്ള വായ്പകളിലോ അയാൾ ജാമ്യംനിന്നു കൊടുപ്പിച്ചിട്ടുള്ള വായ്പകളിലോ, ഉള്ള ബാദ്ധ്യതകൾ കാണിക്കുന്ന ഒരു ചുമതല രജിസ്റ്റർ.

(൮) വരവുചിലവു മാസികക്കണക്ക്.

(൯) വീഴ്ചക്കാരുടെ വകയായി സംഘം ലേലത്തിൽ പിടിച്ചിട്ടുള്ള സ്ഥാവര വസ്തുക്കളുടെ കണക്ക്.

(൧൦) കണക്കാക്കാനിപ്പിച്ചിട്ടുള്ള വായ്പരജിസ്റ്റർ.

(൧൧) മദ്ധ്യസ്ഥവിചാരണയുടെയും വിധിനടത്തിന്റെയും നടപടികൾ കാണിക്കുന്ന (കേസ്) രജിസ്റ്റർ.

(൧൨) സംഘം ചിലവാക്കിയിട്ടുള്ള എല്ലാ ചെലവുകൾക്കും ക്രമനമ്പരിട്ടു തീയതിപ്പടി അടുക്കിയതും ആയ എല്ലാ വൌച്ചറുകളും ഉള്ള വൌച്ചർ ഫൈൽ.

(൧൩) ഡിവിഡന്റു രജിസ്റ്റർ.

(൧൪) ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ ഒരു സംഘത്തിന്റെ കാര്യത്തിൽ മെമ്പറന്മാരുടെ വസ്തുവിവരം രജിസ്റ്റർ.

വിവരണം:— ഈ രജിസ്റ്ററിൽ ഓരോ മെമ്പറും ചേർന്ന തീയതിയിൽ അയാൾക്കുണ്ടായിരുന്ന മുതലുകളും കടങ്ങളും കൂടാതെ ഓരോ സഹകരണവർഷാന്ത്യത്തിലും ഉള്ള മുതൽ കടങ്ങളും ഇതിൽ കാണിച്ചിരിക്കേണ്ടതാണ്. വസ്തുക്കളുടെ സർവേനമ്പർസഹിതം

അവയുടെ പൂർണ്ണവിവരം കാണിച്ചിരിക്കണം. പട്ടികകൾ ഒരു രജിസ്റ്റർ (കുത്തിത്തച്ച) ബുക്കിൽ എഴുതപ്പെടേണ്ടതാണ്.

(൧൪) ൯-ാം വകുപ്പു സംബന്ധിക്കുന്ന കടപ്പബാദ്ധ്യതയോടുകൂടിയ ഒരു സംഘമാണെങ്കിൽ തരളധനത്തിനുള്ള ഒരു രജിസ്റ്റർ.

വിവരണം:— ഈ രജിസ്റ്റർ സംഘത്തിന്റെ ആസന്ന ബാദ്ധ്യതകളും അവയിൽ വഹിക്കുന്നതിലേക്കുള്ളതായ തരളധനവും കാണിക്കേണ്ടതാണ്.

(൧൫) കടപ്പബാദ്ധ്യതയോടുകൂടിയതും ൫൦൦൦ രൂപായിൽ കവിഞ്ഞ പ്രവർത്തനധനമുള്ളതും ആയ ഒരു സംഘത്തിൽ, പൊതു ഏറടവ്.

(൧൬) രജിസ്ട്രാർ നിശ്ചയിക്കുന്നതോ ആവശ്യപ്പെടുന്നതോ ആയ മറ്റു കണക്കുകളും പുസ്തകങ്ങളും.

(ബി) ഒരു ധനസഹായബാങ്കു വയ്ക്കേണ്ട പുസ്തകങ്ങൾ.—ഒരു ധനസംഘം വയ്ക്കേണ്ടതായി (എ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള പുസ്തകങ്ങൾക്കും പുറമെ താഴെപ്പറയുന്ന പുസ്തകങ്ങൾകൂടി ഒരു ധനസഹായബാങ്കു വയ്ക്കേണ്ടതാണ്.

(൧) ഓരോ വായ്പക്കാരനും കൊടുക്കേണ്ടതും കൊടുത്തതുമായ പലിശ കാണിക്കുന്ന ഒരു പലിശ രജിസ്റ്റർ.

(൨) ധനസഹായബാങ്കിൽ സംഘങ്ങൾ നിക്ഷേപിച്ചിട്ടുള്ള കരുതൽ ധനങ്ങളെ കാണിക്കുന്ന കരുതൽധന രജിസ്റ്റർ.

(൩) അനാമത്തു കണക്ക്.

(൪) ബാങ്കിൽനിന്നു കടംവാങ്ങുന്ന സംഘങ്ങളുടെ ധനസ്ഥിതിയും പ്രവർത്തനവും കാണിക്കുന്നതിനു അനുയോജ്യമായ കോളങ്ങളുള്ള സാമാന്യവിവരരജിസ്റ്റർ.

(സി) ഒരു വിതരണസംഘമോ ഉൽപാദന സംഘമോ വയ്ക്കേണ്ട ബുക്കുകൾ. ധനശാഖയോടുകൂടിയ സംഘങ്ങൾ, ധനസഹായബാങ്കുകൾ അല്ലാതെയുള്ള ധനസംഘങ്ങൾക്കുള്ള ബുക്കുകൾ വയ്ക്കേണ്ടതും ധനശാഖയില്ലാത്തവ താഴെപ്പറയുന്ന പുസ്തകങ്ങൾ വയ്ക്കേണ്ടതും ആണ്.

൧. മിനിട്ടുബുക്ക്.
൨. പ്രവേശനബുക്ക്.
൩. നാൾവഴി.
൪. രസീതുബുക്ക്.
൫. വൌച്ചർ ഫൈൽ.
൬. ഡിവിഡന്റു രജിസ്റ്റർ.
൭. മെമ്പറന്മാർ വിലയ്ക്കുവാങ്ങിയതിലേക്കുള്ള ബോണസ്സു രജിസ്റ്റർ.

ഇവയ്ക്കു പുറമെ ധനസഹായശാഖയുള്ളതോ ഇല്ലാത്തതോ ആയ എല്ലാ വിതരണസംഘങ്ങളും ഉല്പാദനസംഘങ്ങളും താഴെപ്പറയുന്ന പുസ്തകങ്ങൾ വയ്ക്കേണ്ടതാണ്.

(൧) ചരക്കുകൾ ശേഖരിച്ചുവച്ചതും വിററതും ഇനംതിരിച്ചു കാണിക്കുന്ന ചരക്കുവിവരക്കണക്ക്.

(൨) ദിവസംതോറും വിലയ്ക്കുവാങ്ങുന്ന സാമാനങ്ങൾ കാണിക്കുന്ന സ്റ്റാക്കുബുക്ക്.

(൩) വില്പനച്ചീട്ട്,

(൪) നിത്യവില്പനബുക്ക്.

(൫) മെംബറന്മാർ സാമാനങ്ങൾ വിലയ്ക്കു വാങ്ങുന്നതിനുള്ള കണക്ക്.

ഡി. ഒരു മേലന്വേഷണ ഐക്യസംഘം വയ്ക്കേണ്ട പുസ്തകങ്ങൾ.

(൧) മിനിട്ടുബുക്ക്,

(൨) സംഘടിതസംഘങ്ങളുടെ പ്രവേശനബുക്ക്.

(൩) നാൾവഴി.

(൪) സംഘടിതസംഘങ്ങളുടെ പരിശോധന രജിസ്റ്റർ.

(ഷ) സംഘങ്ങളിൽനിന്നുള്ള കടംവാങ്ങ അപേക്ഷരജിസ്റ്റർ.

(ഞ) ഐക്യസംഘത്തിന്റെ മേൽനോട്ടത്തിലുള്ള ഓരോ സംഘവും ധനസഹായം ചെയ്തതു തിരിച്ചുകൊടുക്കേണ്ട തീയതികളിൽ അവധിയായതും അടഞ്ഞതും ബാക്കിയും കാണിക്കുന്ന പട്ടികകളോടുകൂടിയ സാമാന്യവിവരരജിസ്റ്റർ.

(റ) മേലന്വേഷണനിധി രജിസ്റ്റർ.

(വ്വ) ഐക്യസംഘത്തിന്റെ മേലന്വേഷണത്തിലുള്ള ഓരോ ക്ളിപ്തരഹിത സംഘത്തിലെയും മെമ്പറന്മാരുടെ മുതൽകടങ്ങളിൽ അപ്പപ്പോൾ ഉണ്ടാകുന്നവ്യത്യാസങ്ങൾ ചുരുക്കമായി കാണിക്കുന്നതായ മുതൽപ്പടം രജിസ്റ്റർ.

(ൻ) പ്രതിനിധികളുടെയുംപ്രതിനിധിപ്പീസിന്റെയും രജിസ്റ്റർ.

(ഇ) മറ്റെല്ലാ സംഘങ്ങളും മെമ്പറന്മാരുടെ ഒരു രജിസ്റ്റർ നാൾവഴി മിന്നിട്ടബുക്ക ഇവയും പുറമെ രജിസ്ട്രാർ അപ്പോഴപ്പോൾ അംഗീകരിക്കുന്നതോ ആവശ്യപ്പെടുന്നതോ ആയ മറ്റു കണക്കുകളും ബുക്കുകളും.

VI. ബുക്കുകളിലെ പതിവുകളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തുക. റഗുലേഷൻ ന൦ ൨൦ വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്കായി, ഒരുസംഘം പ്രവൃത്തിച്ചുകൊണ്ടിരിക്കുമ്പോൾ ക്രമമായി വച്ചുപോരുന്നതായ പുസ്തകങ്ങളിലെ പതിവിനുള്ള ഒരു പകർപ്പ്—

(എ) ഒരു പ്രസിഡന്റോ സെക്രട്ടറിയോ ഉൾപ്പെടെ കമ്മററിയിലെ മൂന്നിൽ കുറയാതെ മെമ്പറന്മാർ ഒപ്പിട്ടും സംഘമുദ്ര പതിച്ചും,

(ബി) ഒരു തർക്കം വകപ്പനുസരിച്ചു ഒരു ഇടപാടു തീർപ്പുകാരനെ നിയമിച്ചു ഒരു ഉത്തരവുണ്ടായിരിക്കുമ്പോൾ ആ ഇടപാടുതീർപ്പുകാരൻ ഒപ്പിട്ടും ഇരിക്കേണ്ടതാണ്. ഈപ്രകാരം സാക്ഷ്യപ്പെടുത്തപ്പെട്ട പകർപ്പുകൾക്കു ചുമത്തപ്പെടുന്ന ഫീസ് രജിസ്ട്രാർ അപ്പപ്പോൾ നിശ്ചയിക്കുന്ന തുകയിൽ കവിഞ്ഞുകൂടാത്തതാണ്.

VII. പ്രമാണപരിശോധനപ്പീസ് സഹകരണസംഘങ്ങളിലെ മെമ്പറന്മാർക്കോ പൊതുജനങ്ങൾക്കോ താഴെപറയുന്ന പ്രമാണങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ രജിസ്ട്രാരാപ്പീസിൽ നിന്നും അതതിനുനേരെ കാണിച്ചിട്ടുള്ള ഫീസുകൊടുത്തു വാങ്ങാവുന്നതാണ്.

	രൂ.	ച.	കാ.	
ഒരു സംഘം രജിസ്റ്റർചെയ്യാനുള്ള അപേക്ഷ	൦	൨	൦	ഒന്നിന്
രജിസ്റ്റർചെയ്യപ്പെട്ട സംഘങ്ങളുടെ നിബന്ധനകൾ	൦	൨	൦	വശം ഒന്നിനു
ടികളുള്ള ഭേദഗതികൾ	൦	൨	൦	ടി
രജിസ്റ്റർ ചെയ്തതിലേക്കുള്ള സർട്ടിഫിക്കെററുകൾ	൦	൨	൦	ഒന്നിന്
ഒരു സംഘം രജിസ്റ്റർ ചെയ്തതിനെ റദ്ദുചെയ്യുള്ള ഉത്തരവുകൾ	൦	൨	൦	വശം ഒന്നിനു
ഒരു രജിസ്റ്റർചെയ്ത സംഘത്തിന്റെ ആഡിററുമെമ്മോ	൦	൨	൦	ടി
വാർഷികബാക്കിപത്രം	൦	൨	൦	ടി

VIII. (ഫ) ഓരോ സംഘവും രജിസ്ട്രാർ നിശ്ചയിക്കുന്ന ഫാറത്തിൽ ഓരോ സഹകരണ വർഷത്തിലും,

(എ) ആ വർഷത്തെ വരവുചെലവുകൾക്കുള്ള ഒരു കണക്കും,

(ബി) ഒരു ലാഭനഷ്ടക്കണക്കും,

(സി) ഒരു ബാക്കിപത്രവും,

(ഡി) രജിസ്ട്രാർ നിശ്ചയിക്കുന്ന മററുകണക്കുകളും തയ്യാറാക്കേണ്ടതാണ്.

(ര) ൧-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള കണക്കുകൾ ഓരോ സംഘവും രജിസ്ട്രാർ നിശ്ചയിക്കുന്ന സമയത്തിനകം അദ്ദേഹത്തിനു അയച്ചുകൊടുക്കേണ്ടതാണ്.

രജിസ്ത്രാർ ഈ കണക്കുകൾ പരിശോധിച്ചു അദ്ദേഹത്തിന്റെ ആഡിററുത്തരവു കൊടുത്തശേഷം ആ ആഡിററുത്തരവും അദ്ദേഹം നിശ്ചയിക്കുന്ന മററു കണക്കുകളും അദ്ദേഹം നിർദ്ദേശിക്കുന്നപ്രകാരം സംഘം പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(൩) ൧൨-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള കണക്കുകൾക്കു പുറമെ എല്ലാവിധത്തിലുള്ള സംഘങ്ങളും ഉൽപ്പത്തിസംഘങ്ങളും രജിസ്ത്രാർക്കു ആണ്ടുതോറും രജിസ്ത്രാർ നിശ്ചയിക്കുന്ന ഫാറത്തിലും സമയത്തും സഹകരണവർഷാവസാനത്തിലുണ്ടായിരുന്ന ഒരുസ്ഥിതിവിവരസ്റ്റേറ്റുമെന്റും അയക്കേണ്ടതാണ്.

(൪) ൧൨-ം ൩-ം ഉപചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള വാർഷികക്കണക്കുകൾക്കു പുറമെ ഷാണ്മാസംപ്രതിയും ൧൨-ാം ഉപചട്ടത്തിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരമുള്ള ഏതു കണക്കും രജിസ്ത്രാർ നിശ്ചയിക്കുന്ന ഫാറത്തിലും സമയത്തും നിശ്ചയിക്കുന്ന കാലത്തേക്കുള്ളതായും അദ്ദേഹത്തിനു അയച്ചുകൊടുക്കേണ്ടതാണ്.

(൫) രജിസ്ത്രാർ ആജ്ഞാപിക്കുന്ന സമയത്തിനകം ൧൨-ം ൩-ം ൪-ം ഉപചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കണക്കു ഏതെങ്കിലും സംഘം അയയ്ക്കാതെ ഇരുന്നാൽ സംഘത്തിന്റെ ചിലവിൽതന്നെ ആ കണക്കുകൾ തയ്യാറാക്കുന്നതിനു ഒരു ഉദ്യോഗസ്ഥനെ രജിസ്ത്രാർക്കു അയയ്ക്കാവുന്നതാകുന്നു. ആവക ചിലവുകൾ റഗുലേഷന്റെ ൩൦-ാം വകുപ്പിൽനിർദ്ദേശിക്കുന്നപ്രകാരം ഈടാക്കപ്പെടുന്നതാണ്.

IX. <u>സംഘങ്ങൾ കടംവാങ്ങുന്നതിലുള്ള നിയന്ത്രണങ്ങൾ.</u> ഒരു സംഘത്തിനു മെമ്പറന്മാരല്ലാത്ത ആളുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും നിക്ഷേപങ്ങളും കടം വായ്പകളും വാങ്ങാവുന്നതാണ്. എന്നാൽ അപ്രകാരം വാങ്ങപ്പെടുന്ന സംഖ്യകളും മെമ്പറന്മാരിൽനിന്നു കടംവാങ്ങുന്നസംഖ്യകളും ഉൾപ്പെടെയുള്ള സംഖ്യ ഒരു സംഘത്തിനെയൊ ഒരു വർഗ്ഗത്തിൽപെട്ട സംഘങ്ങൾക്കോ രജിസ്ത്രാർ അതതുസമയം നിശ്ചയിക്കുന്ന പരമാവധിയിൽ കവിഞ്ഞുകൂടാത്തതാകുന്നു.

X. (൧) <u>ക്ലിപ്തബാദ്ധ്യത സംഘങ്ങൾ തരളധനം വച്ചുകൊള്ളണമെന്നു.</u> ഓരോ ക്ലിപ്തബാദ്ധ്യതയോടുകൂടിയ സംഘവും നമ്മുടെ ഗവർമെന്റു പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ അപ്പോഴപ്പോൾ നിശ്ചയിക്കുന്നക്രമവും കണക്കും അനുസരിച്ചു താഴെ പറയുന്ന വസ്തുവായി തരളധനങ്ങൾ വച്ചുകൊണ്ടിരിക്കേണ്ടതാണ്.

(i) വ്യക്തികളിൽനിന്നും സംഘങ്ങളല്ലാത്ത ജനസമിതികളിൽ നിന്നും വാങ്ങപ്പെടുന്ന നിക്ഷേപങ്ങൾക്കും വായ്പകൾക്കും.

(ii) സംഘങ്ങളിൽ നിക്ഷേപമായി നില്ക്കുന്ന സംഖ്യകൾക്കു പതിലായി അവയ്ക്കുവേണ്ടി ഏല്ക്കപ്പെട്ടിട്ടുള്ള ബാദ്ധ്യതകൾ.

(൨) ഏതെങ്കിലും സംഘത്തിനൊ സംഘവർഗ്ഗത്തിനോ മേൽപ്രകാരം വിധിച്ചിട്ടുള്ള ക്രമമോ അതിന്റെ സ്വഭാവമോ ഒരു നിശ്ചിതകാലത്തേക്കു ദുർബലപ്പെടുത്തുന്നതിനു നമ്മുടെ ഗവർമെന്റിന്റെ പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ രജിസ്ത്രാർ അധികാരപ്പെടുത്താവുന്നതാണ്.

XI. <u>അവകാശിയെ നാമനിർദ്ദേശം ചെയ്യൽ.</u> ഒരു സംഘത്തിലെ ഏതു മെമ്പർക്കും ഈ റഗുലേഷൻ ൨൧-ാം വകുപ്പിൻപ്രകാരം സംഘത്തിന്റെ മൂലധനത്തിൽ അയാൾക്കുള്ള ഓഹരിയോ അവകാശമോ കൈമാററം ചെയ്യുന്നതിനോ, ആ വകുപ്പിലെ ൨-ാം ഉപവകുപ്പനുസരിച്ചു അതിന്റെ വിലയോ കൊടുക്കേണ്ടതായ മററു തുകകളോ കൊടുക്കുന്നതിനോ, ഒരാളെ പേരുപറഞ്ഞു നിയമിക്കാവുന്നതാണ്. അപ്രകാരമുള്ള നിയമനങ്ങളെ ആ മെമ്പർക്കു് എപ്പോഴെങ്കിലും അസാധുവാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാകുന്നു. അപ്രകാരമുള്ള നിയമനത്തെ മെമ്പർ മരിക്കുന്നതായാൽ സംഘം അംഗീകരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു. എന്നാൽ,

(൪) നിയമനം രേഖപ്പെടുത്തപ്പെടുന്നതും അതിൽ ഒപ്പിടുന്നതായ കുറഞ്ഞപക്ഷം രണ്ടു സാക്ഷികളുടെഎങ്കിലും മുമ്പാകെവച്ചു മരിച്ച ആളാൽ അതിൽ ഒപ്പിട്ടിരിക്കേണ്ടതാകുന്നു.

൫. ഇപ്രകാരമുള്ള നിയമനം സംഘം അതിലേക്കായി വയ്ക്കുന്നതായ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കണം.

(൬) നിയമിക്കപ്പെട്ടയാൾ കമ്മിററി അനുവദിക്കുന്നപക്ഷം മാത്രം ഒരു മെമ്പറാകാവുന്നതാണ്.

൧൭-ാം വകുപ്പ് ൪-ാം ഉപവകുപ്പിലെ ആവശ്യത്തിലേക്കായി ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ സംഘത്തിന്റെ മൂലധനത്തിൽ ഒരു മരിച്ചുപോയ മെമ്പർക്കുണ്ടായിരിക്കുന്ന ഓഹരിയുടെ അവകാശത്തിനോ ഇച്ഛ്യമായ തുക, അയാൾ കൊണ്ടായിരുന്ന ഓഹരിക്കോ അവകാശത്തിലേക്കോ യഥാർത്ഥത്തിൽ അടച്ചിട്ടുള്ള തുകയായിരിക്കുന്നതാണ്.

XII, ആഡിററു ഫീസു പിരിക്കുക. ഓരോ സഹകരണവർഷത്തിന്റേയും അവസാനദിവസം ൨൦,൦൦൦ രൂപയോ അതിനുമേലോ പ്രവൎത്തനധനം ഉണ്ടായിരിക്കുന്നതായ ഓരോ രജിസ്റ്റർ ചെയ്യപ്പെട്ട സംഘവും ആ വർഷത്തെ അതിന്റെ കണക്കുകൾ ആഡിററുചെയ്യുന്നതിനു ആ വർഗ്ഗത്തിൽപെട്ട സംഘങ്ങൾക്കു മുൻകൂട്ടിയുള്ള ഗവൺമെന്റനുവാദത്തോടുകൂടി രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ചു ഒരു ഫീസ് ഗവൺമെന്റിലേക്കു കൊടുക്കേണ്ടതാണ്.

എന്നാൽ: (എ) ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ ഏതെങ്കിലും കർഷകസംഘത്തെയും,

(ബി) ഏതെങ്കിലും മേധാവേക്ഷണ ഐക്യസംഘത്തെയും തിരുവിതാംകൂർ കോവാപ്പറേറ്റീവ് ഇൻസ്റ്റിട്ട്യൂട്ടിനെയും,

(സി) സ്വന്തചിലവിന്മേൽ കണക്കുകൾ ആഡിററു ചെയ്യിക്കുന്ന ഏതുസംഘവും അപ്രകാരം ആഡിററു ചെയ്യിക്കുന്നല്ലു.

(i) രജിസ്ട്രാർ സമ്മതിക്കുന്നതായ ഒരു വ്യവസ്ഥയിന്മേലായിരിക്കയും,

(ii) റെഗുലേഷൻ ൨൨-ാം വകുപ്പനുസരിച്ചു ആ സംഘം ആഡിററുചെയ്യുന്നതിനു രജിസ്ട്രാർ അധികാരപ്പെടുത്തുന്ന ആൾ ൭-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള കണക്കുകൾ രജിസ്ട്രാർ നിശ്ചയിക്കുന്ന ഫാറത്തിൽ കൊടുക്കാൻ സമ്മതിക്കുകയും ചെയ്യുന്നപക്ഷം ആ സംഘത്തെയും,

(ഡി) വാർഷികവ്യാപാരം ൨൫,൦൦൦ രൂപയിൽ കവിഞ്ഞിരിക്കുന്ന ഒരു വിതരണസംഘമല്ലാത്ത ഏതു ധനേതരസംഘത്തെയും ഈ ഉപചട്ടം സംബന്ധിക്കുന്നതല്ല.

(൨) ൧-ാം ഉപചട്ടപ്രകാരം ഒരു സംഘം കൊടുക്കേണ്ട ഫീസ് അതതു സഹകരണവർഷത്തേക്കുള്ളതായിരിക്കുന്നതും, ആ വർഷം അവസാനിച്ചു നാലുമാസത്തിനകം ആ ഫീസ് ഏററവും അടുത്ത ഗവൺമെന്റുഖജനാവിൽ ഒടുക്കേണ്ടതുമാകുന്നു.

(൩) ഈ ചട്ടപ്രകാരം ഈടാക്കപ്പെടാവുന്ന എല്ലാ സംഖ്യകളും റെഗുലേഷൻ ൫൭-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളവിധം ഈടാക്കപ്പെടാവുന്നതാണ്.

(൪) ൧-ാം ഉപചട്ടപ്രകാരം ഏതെങ്കിലും ഒരു സംഘമോ സംഘങ്ങളോ കൊടുക്കേണ്ടതായി വരുന്ന തുക മുഴുവനുമോ അതിൽ അംശമോ ഏതെങ്കിലും വർഷത്തേക്കോ മററു ക്ലിപ്തകാലത്തേക്കോ യുക്തംപോലെ രജിസ്ട്രാർക്കു ഇളവുചെയ്തുകൊടുക്കാവുന്നതാണ്.

XIII. ലാഭവിഭജനം. ലാഭവീതമോ ബോണസ്സോ പ്രഖ്യാപനംചെയ്യുന്നതിനു ഏതെങ്കിലും കാലത്തെ ലാഭം കണക്കാക്കുന്നതിൽ സംഘങ്ങൾ കൊടുത്തിട്ടുള്ള വായ്പ മുതൽ കുടിശ്ശികയായാലും അല്ലെങ്കിലും ഈടാകാനുള്ള എല്ലാ പലിശയും ഈടാകാത്തതുള്ള

വായ്പപ്പിഴയും തൻകൊല്ലത്തെ മുഖലാഭംകൊണ്ടു് അതിനുമുമ്പായി മൊത്തലാഭത്തിൽനിന്നു കുറയ്ക്കേണ്ടതാണ്. അപ്രകാരം ഒരു കൊല്ലത്തെ ലാഭത്തിൽനിന്നും കുറയ്ക്കപ്പെട്ടിട്ടുള്ള ജനിച്ചതും കുടിശ്ശികയായതും ആയ പലിശയിൽ അടുത്തകൊല്ലം ഈടാക്കു് ആ കൊല്ലത്തെ ലാഭത്തോടു ചേർക്കാവുന്നതാണ്.

XIV. കെട്ടകടങ്ങൾ. കെട്ടകടങ്ങൾ ഏതെങ്കിലും സംഘത്തിന്റെ കരുതൽധനത്തിൽ നിന്നും ചിലവെഴുതാവുന്നതും, ക്ലിപ്തസംഘങ്ങളുടെകാര്യത്തിൽ കെട്ടകടങ്ങൾ കരുതൽധനത്തെ കവിഞ്ഞുണ്ടായിരുന്നാൽ ബാക്കിവരുന്നതു സംഘത്തിന്റെ ഓഹരിമൂലധനത്തിൽനിന്നും കറവെഴുതാവുന്നതും ആകുന്നു. എന്നാൽ,

(എ) കെട്ടകടങ്ങൾ ഒന്നും പൊതുയോഗത്തിന്റെ അനുവാദം കൂടാതെ ചെലവെഴുതിക്കൂടാത്തതാണ്.

(ബി) അപ്രകാരമുള്ള കെട്ടകടങ്ങൾ കറവെഴുതുന്നതിനുമുമ്പു സംഘം താലൂക്കബാങ്കിലൊ ബാങ്കിങ്ങ് ഐക്യസംഘത്തിലൊ സെൻട്രൽബാങ്കിലൊ ചേർന്നു കടപ്പെട്ടിട്ടുള്ളതായിരുന്നാൽ ആ ബാങ്കിന്റെ രേഖാമൂലമായ സമ്മതം വാങ്ങേണ്ടതും, അപ്രകാരം സമ്മതം കൊടുക്കുന്നതു ഒരു അസിസ്റ്റന്റ് രജിസ്ത്രാരോടു ആലോചിച്ചു വേണ്ടതും അതിന്റെ അടിയിൽ അദ്ദേഹത്തിന്റെ കയ്യൊപ്പുണ്ടായിരിക്കേണ്ടതും ആണ്. സംഘം അങ്ങനെ സംഘടിപ്പിച്ചിട്ടുള്ളതല്ലെങ്കിലും സംഘടിപ്പിച്ചിട്ടുള്ളതായിരുന്നാൽ തന്നെയും ഏതെങ്കിലും ബാങ്കിനു കടപ്പെട്ടതല്ലെങ്കിലും ആ സംഘം ആദ്യം അസിസ്റ്റന്റു രജിസ്ത്രാരുടെ അനുമതി രേഖാമൂലം വാങ്ങേണ്ടതാകുന്നു.

(സി) സംഘം ഒരു താലൂക്കബാങ്കൊ ബാങ്കിംഗ്‌യൂണിയനൊ ആയിരുന്നാൽ അസിസ്റ്റന്റുരജിസ്ത്രാരുടെ ആലോചനയോടും കയ്യൊപ്പോടും കൂടി സെൻട്രൽബാങ്കിന്റെ അനുവാദം ആദ്യമായി വാങ്ങേണ്ടതാണ്.

(ഡി) സെൻട്രൽബാങ്കിന്റെ കാര്യത്തിൽ രജിസ്ത്രാരുടെ അനുവാദവും വാങ്ങേണ്ടതാണ്.

XV. ബോണസ്സുവിഭജനം. [illegible]-ാം വകുപ്പനുസരിച്ചുള്ള ലാഭവീതത്തിനു പുറമെ യാതൊരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘവും ഓഹരികളിന്മേൽ യാതൊരു ബോണസ്സും വിഭജിച്ചുകൂടാത്തതാണ്.

XVI. വിനിയോജകസംഘങ്ങളിലും ഉല്പാദകസംഘങ്ങളിലും ഗൃഹംപണിസംഘങ്ങളിലും ലാഭവീതം കൊടുക്കുക. യാതൊരു വിനിയോജകസംഘവും ഉല്പാദകസംഘവും ഗൃഹംപണിസംഘവും അതിലെ ഓഹരിക്കാർക്കു അവരുടെ പേരിൽ ഉള്ള അടച്ചുതീർന്ന ഓഹരിമൂലധനത്തിന്മേൽ ഏതെങ്കിലും കൊല്ലത്തിൽ [illegible] ശതമാനത്തിൽ കവിഞ്ഞ ലാഭവീതം കൊടുത്തുകൂടാത്തതാകുന്നു. ഏതെങ്കിലും ഒരു സംഘത്തിനു ഏതെങ്കിലും കൊല്ലം [illegible] ശതമാനം ലാഭവീതം കൊടുക്കാൻ കഴിയാതെവന്നാൽ ആ കുറവിനെ അടുത്തകൊല്ലങ്ങളിലെ ലാഭങ്ങളിൽനിന്നും പരിഹരിക്കാവുന്നതാണ്.

XVII. ലാഭബാക്കിയുടെ വിഭജനം. [illegible]-ാം വകുപ്പനുസരിച്ചു ലാഭവീതം കൊടുത്തശേഷം [illegible]-ാം വകുപ്പനുസരിച്ചു ബാക്കിലാഭത്തിന്റെ വിഭജനം അപ്രകാരം വിഭജിക്കുന്നതിനെപ്പററിയുള്ള സംഘനിബന്ധനപ്രകാരം ചെയ്യപ്പെടേണ്ടതാണ്. അതു ഒരു ഉല്പാദകസംഘത്തിനായിരുന്നാൽ ഓരോമെമ്പരും സമ്പാദിച്ച വേലക്കൂലി അനുസരിച്ചും, ഒരു വിനിയോജകസംഘത്തിനായിരുന്നാൽ ഓരോമെമ്പരും, നിബന്ധനയിൽ വ്യവസ്ഥയുള്ളപക്ഷം മെമ്പറല്ലാത്തതോ ആയ ഏതൊരാളും വിലക്കുവാങ്ങിയിട്ടുള്ള സാമാനങ്ങൾ അനുസരിച്ചു വിഭജിക്കേണ്ടതാണ്. ഒരു ഗൃഹനിർമ്മാണസംഘത്തിന്റെ വിഷയത്തിൽ അതു ഓരോ മെമ്പരും അടച്ചിട്ടുള്ള വാടകത്തുകയനുസരിച്ചും ഒരു വിവിധസംഘത്തി

ന്റെ (resource society) കാര്യത്തിൽ ഓരോന്നുമോ ഒരു വിതരണസംഘംമൂലം വാങ്ങുകയോ വിൽക്കുകയോ ചെയ്തിട്ടുള്ള ചരക്കോ, ഓരോ മെമ്പറും സംഘത്തിൽ നിക്ഷേപം വയ്ക്കുകയോ സംഘത്തിൽനിന്നു കടം വാങ്ങുകയോ ചെയ്തിട്ടുള്ള സംഖ്യക്കോ അനുസരിച്ചും വിഭജിക്കാവുന്നതാകുന്നു.

XVIII. ബോണസ്സായോ ലാഭവീതമായോ മറ്റുപ്രകാരത്തിലോ സംഘമുതലുകൾ വിഭജിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ. ശുദ്ധലാഭം കണക്കാക്കുന്നതിനുമുമ്പ് സംഘത്തിന്റെ ചിലവുമുഴുവൻ വാർഷികലാഭനഷ്ടക്കണക്കിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നപക്ഷം രജിസ്ട്രാരുടെ അനുവാദം കൂടാതെ ഒരു രജിസ്റ്റർചെയ്യപ്പെട്ട സംഘത്തിന്റെ മുതലുകളിൽ ഏതെങ്കിലും ഭാഗം മെമ്പറന്മാരുടെയിടയിൽ ബോണസ്സായോ ലാഭവീതമായോ മറ്റുപ്രകാരമോ വിഭജിച്ചുകൂടാത്തതാണ്.

എന്നാൽ ആറു കൊല്ലം കുറവെഴുതിയിട്ടുള്ള കെട്ടുകടങ്ങൾ മൂലമുള്ള നഷ്ടമോ നഷ്ടത്തിൽ ഏതെങ്കിലും അംശമോ കെട്ടുകടങ്ങൾക്കുള്ള ഫണ്ടിൽനിന്നോ രജിസ്ട്രാരുടെ അനുവാദപ്രകാരം കരുതൽധനത്തിൽനിന്നോ കുറവെഴുതപ്പെട്ടിരുന്നാൽ അതു മേൽപ്രകാരം കണക്കിൽ കുറയ്ക്കേണ്ടതില്ലാത്തതും ആകുന്നു.

XIX. മുതലുകൾ നിക്ഷേപിക്കുക. രജിസ്ട്രാരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ഏതെങ്കിലും സംഘത്തിന്ന് അതിന്റെ മുതലുകളോ അതിൽ അംശമോ, ഭൂമിയോ കെട്ടിടങ്ങളോ വിലയ്ക്കുവാങ്ങുകയോ പാട്ടത്തിനോ വാടകയ്ക്കോ എടുക്കുകയോ ചെയ്യുന്നതു സംഘത്തിന്റെ പ്രവർത്തനത്തിനു പ്രയോജനീഭവിക്കാനിടയുള്ളപക്ഷം, അതിലേക്കു ഉപയോഗപ്പെടുത്താവുന്നതാണ്.

XX. കരുതൽധനങ്ങൾ. ഏതെങ്കിലും സംഘത്തിന്റെ കരുതൽധനം സംഘത്തിന്റെ വ്യാപാരത്തിലേക്കായി ഉപയോഗിക്കുകയോ രജിസ്ട്രാർ അനുവദിച്ചിട്ടുള്ള ആവശ്യങ്ങൾക്കെടുക്കുകയോ നം. ൯-ാം വകുപ്പ് എ. ബി. സി. ഡി. ഇ. എഫ്. ഖണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള വിധം നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്. സംഘത്തെ എഴുതിഅറിയിക്കുന്ന ഏതെങ്കിലും കാരണത്താൽ രജിസ്ട്രാർക്ക് പൊതുവായോ പ്രത്യേകമായോ ഉള്ള ആജ്ഞമൂലം ഒടുവിൽപറഞ്ഞവിധം ചെയ്യാൻ ആവശ്യപ്പെടാവുന്നതാണ്. ചേർക്കപ്പെട്ട സമ്പ്രദായത്തിലുള്ള സഹകരണഗൃഹനിർമ്മാണസംഘങ്ങളുടെ കാര്യത്തിൽ സംഘംവക കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനും ആയി കരുതൽധനം ഉപയോഗപ്പെടുത്താവുന്നതാണ്.

XXI. സംഘം പിരിഞ്ഞുപോയശേഷം കരുതൽധനത്തിന്റെ വിനിയോഗം.

(എ) ഒരു സംഘം പിരിക്കപ്പെട്ടശേഷം കരുതൽധനവും സംഘനിബന്ധനപ്രകാരം സംഭാവനചെയ്യപ്പെട്ടിട്ടുള്ള മറ്റുധനങ്ങളും.

(i) സംഘത്തിലെ വ്യക്ത്യംശങ്ങളുടെ ബാദ്ധ്യതമുഴുവൻ ഈടാക്കിയ ശേഷം ബാക്കിവരാവുന്ന സംഘത്തിന്റെ ചുമതലകൾ തീർക്കുന്നതിനും,

(ii) അടച്ചുതീർന്നിട്ടുള്ള ഓഹരിമുതൽ തിരിച്ചുകൊടുക്കുന്നതിനും,

(iii) ലാഭവീതം കൊടുക്കാതെയിരുന്നിട്ടുള്ള കൊല്ലങ്ങളിലേക്കു ക്ലിപ്തബാദ്ധ്യതസംഘങ്ങളുടെവിഷയത്തിൽ അപ്രകാരമുള്ള ഓഹരിമുതലിന്മേൽ ൭ ൧/൨ ശതമാനത്തിൽ കവിയാതെയും ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ സംഘങ്ങളിൽ ൬ ൧/൪ ശതമാനത്തിൽ കവിയാതെയും ലാഭവീതങ്ങൾ കൊടുക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്.

(൨) (൧)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കു ചിലവുചെയ്തശേഷം ബാക്കിവരുന്ന ടി ധനങ്ങൾ പൊതുയോഗം നിശ്ചയിക്കുന്നതും രജിസ്ട്രാർ അനുമതിക്കുന്നതുമായ പൊതുജനോപകാരപ്രദമായ പ്രാദേശികാവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. സംഘങ്ങളിലെ ഇടപാടുകൾ അവസാനിപ്പിച്ചു ഇടപാടുതീർപ്പുകാരൻ നോട്ടീസു പ്രസിദ്ധപ്പെടുത്തിയതുമുതൽ ൩൦ ദിവസത്തിനകം രജിസ്ട്രാർ അനുവദിക്കുന്നതായ ഒരു വിനിയോഗം പൊതുയോഗം തീർച്ചപ്പെടുത്തുന്നില്ലെങ്കിൽ രജിസ്ട്രാർക്കു മേല്പറഞ്ഞ ഫണ്ടിനെ സമീപസ്ഥലങ്ങളിലുള്ള സഹകരണസ്ഥാപനങ്ങളെ സഹായിക്കാനായി ഉപയോഗിക്കയോ അതേസ്ഥലത്തുതന്നെ ഒരു പുതിയ സഹകരണസംഘം സ്ഥാപിക്കുന്നസമയത്തു അതിലെ കരുതൽധനമായി മുതൽചേർക്കപ്പെടുന്നു ആ കാലം വരെ അതിനെ ഏതെങ്കിലും സഹകരണബാങ്കിൽ പലിശക്കോ അല്ലാതെയോ നിക്ഷേപിക്കുകയോ ചെയ്യാവുന്നതാകുന്നു.

XXII. മദ്ധ്യസ്ഥവിചാരണ. (൧) റഗുലേഷൻ ൪൩-ാം വകുപ്പനുസരിച്ചു ഏതെങ്കിലും തർക്കം തീരുമാനിക്കുന്നതിനായി രജിസ്ട്രാർക്കു അയക്കുന്നതു രേഖാമൂലം വേണ്ടതാകുന്നു.

(൨) അപ്രകാരം രജിസ്ട്രാർക്കു കിട്ടിയിട്ടുള്ള ഒരപേക്ഷ മദ്ധ്യസ്ഥവിചാരണ നടത്തി തീരുമാനിക്കണമെന്നു രജിസ്ട്രാർ ആഗ്രഹിക്കുന്നതായാൽ ആയതു രജിസ്ട്രാറാൽ നിയുക്തനായിട്ടുള്ള ഒരു മദ്ധ്യസ്ഥനോ രജിസ്ട്രാർ നിർദ്ദേശിക്കുന്ന ഒരു മദ്ധ്യസ്ഥനും വ്യവഹാരത്തിലെ ഓരോരോ കക്ഷിക്കാരും നിശ്ചയിക്കുന്ന ഓരോ മദ്ധ്യസ്ഥന്മാരും ചേർന്ന ഒരു മദ്ധ്യസ്ഥസമിതിക്കോ അയക്കേണ്ടതാകുന്നു. രജിസ്ട്രാർ നിയമിക്കുന്ന മദ്ധ്യസ്ഥൻ മദ്ധ്യസ്ഥസമിതി അദ്ധ്യക്ഷനായിരിക്കുന്നതും അദ്ദേഹം കേസ് വിചാരണക്കുള്ള സ്ഥലവും സമയവും നിശ്ചയിക്കയും അതുസംബന്ധമായ ഉത്തരവുകൾ നടത്തുകയും ചെയ്യേണ്ടതും ആണ്.

(൩) രജിസ്ട്രാർക്കോ മദ്ധ്യസ്ഥനോ മദ്ധ്യസ്ഥസമിതിക്കോ വാദം തീരുമാനിക്കുന്ന മററുവല്ലവർക്കുമോ സത്യംചെയ്തുമൊഴിവാങ്ങിക്കുന്നതിനും സംബന്ധപ്പെട്ട എല്ലാ കക്ഷികളെയും സാക്ഷികളെയും ഹാജരാകാൻ ആവശ്യപ്പെടുന്നതിനും വിവാദസംഗതിയെ സംബന്ധിച്ച എല്ലാ പുസ്തകങ്ങളും പ്രമാണങ്ങളും ഹാജരാക്കിക്കുന്നതിനും അധികാരമുണ്ടായിരിക്കും.

(൪) രജിസ്ട്രാറോ മദ്ധ്യസ്ഥനോ മദ്ധ്യസ്ഥന്മാരുടെ അദ്ധ്യക്ഷനോ വാദതീർച്ചചെയ്യുന്നതായ മററുവല്ലയാളുമോ ഹാജരാകുന്ന കക്ഷികളുടെയും സാക്ഷികളുടെയും തെളിവുകൾക്കു ഇംഗ്ലീഷിലോ നാട്ടുഭാഷയിലോ ഒരു ചുരുക്കമായ നോട്ടെടുക്കേണ്ടതും അപ്രകാരം രേഖപ്പെടുത്തപ്പെട്ട തെളിവിനെ ആസ്പദമാക്കിയും കക്ഷികൾ ഹാജരാക്കുന്ന രേഖാപ്രമാണങ്ങളെപ്പററി ചിന്തിച്ചും ന്യായം, നീതി, ഉത്തമവിശ്വാസം ഇവയനുസരിച്ചും ഒരു തീർപ്പോ, അവാർഡോ കൊടുക്കേണ്ടതും ആകുന്നു. തീർപ്പോ അവാർഡോ രേഖപ്പെടുത്താനുള്ളതാണു. ഹാജരാകാൻ സമൻസയച്ചിട്ടും ഹാജരാകാത്ത കക്ഷി ഉണ്ടായിരുന്നാൽ വാദം എക്സ്പാർട്ടിയായി തീരുമാനിക്കാവുന്നതാകുന്നു. അധികം മദ്ധ്യസ്ഥന്മാരെ നിയമിച്ചിട്ടുണ്ടായിരുന്നാൽ അവരിൽ അധികം ആളുകളുടെ അഭിപ്രായത്തിനു പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(൫) രജിസ്ട്രാർക്കോ മദ്ധ്യസ്ഥനോ മദ്ധ്യസ്ഥസമിതിക്കോ വാദം തീരുമാനിക്കുന്ന മററു ആളുകൾക്കോ വാദം തീരുമാനിക്കുന്നതിലേക്കുള്ള ചിലവു രജിസ്ട്രാർ നിശ്ചയിക്കുന്ന തോതനുസരിച്ചു സംഘമുതലിൽ നിന്നോ, വാദത്തിലെ ഒരു കക്ഷിയോ കക്ഷികളോ കൊടുക്കുന്നതിനോ യുക്തംപോലെ ആജ്ഞാപിക്കുന്നതാണ്.

(ന്ന) രജിസ്ത്രാരുടെ മുമ്പാകെയോ മദ്ധ്യസ്ഥന്റെയോ മദ്ധ്യസ്ഥയോഗത്തിന്റെയോ പാഠം തീരുമാനിക്കുന്ന മററു ആളിന്റെയോ മുമ്പാകെയോ ഉള്ള നടപടികളിൽ കക്ഷികളെ പ്രതിനിധീകരിക്കാൻ വക്കീലന്മാക്ക് അവകാശമില്ലാത്തതാണ്.

(ൻ) തീർപ്പോ അവാർഡോ താഴെപ്പറയുന്ന ഏതെങ്കിലും വിധത്തിൽ നടത്തപ്പെടേണ്ടതാണ്.

(എ) വിവാദകാരണം ഉത്ഭവിച്ച ഡിസ്ത്രിക്ടിലെ അസിസ്ററന്റ രജിസ്ത്രാക്ക് അപേക്ഷകൊടുത്തു XXXII-ാം ചട്ടത്തിലെ വ്യവസ്ഥയനുസരിച്ചു നടത്തേണ്ടതാണ്.

(ബി) ഡിവിഷനിലെ ദിവാൻപേഷ്കാർക്കോ അദ്ദേഹം അതിലേക്കായി അധികാരപ്പെടുത്തുന്ന മററു ആൾക്കോ രജിസ്ത്രാരോ അസിസ്ററന്റ രജിസ്ത്രാരോ അപേക്ഷകൊടുത്തു കരക്കുടിശിഖ പിരിക്കുന്ന വിധത്തിൽ ഈടാക്കാവുന്നതാണ്.

(സി) തീർപ്പിന്റെയോ അവാർഡിന്റെയോ വിവാദവിഷയത്തിൽ അധികാരാതിർത്തിയുള്ള സിവിൽകോടതിയ്ക്കു അപേക്ഷകൊടുത്താൽ ആ കോടതിയിലെ ഒരു അവസാനഡിക്രിയായിരുന്നാൽ എങ്ങിനെയോ അപ്രകാരം ആ കോടതിമുഖാന്തിരം നടത്തേണ്ടതാണ്.

XXIII. <u>സമൻസു നടത്തുന്ന വിധം</u>. (എ) റെഗുലേഷൻപ്രകാരം അയക്കുന്ന എല്ലാസമൻസുകളും എഴുതി അയക്കപ്പെടേണ്ടതും അയക്കുന്ന ആളിന്റെ ഒപ്പും മുദ്രയുണ്ടായിരുന്നാൽ അതുംവച്ചു സാക്ഷപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

അതിൽ ഹാജരാകാൻ ആവശ്യപ്പെടുന്ന ആൾ മേല്പറഞ്ഞ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഒരു നിശ്ചിതസ്ഥലത്തും സമയത്തും ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുള്ളതും അപ്രകാരം ഹാജരാകുന്നതു തെളിവു കൊടുക്കാനോ പ്രമാണം ഹാജരാക്കാനോ രണ്ടിനുംകൂടിയോ എന്നു വിവരിച്ചിരിക്കേണ്ടതും ആണ്. ഹാജരാക്കണമെന്നു ആവശ്യപ്പെടുന്ന പ്രമാണത്തിനു സമൻസിൽ സാമാന്യം സൂക്ഷ്മമായ വിവരണവും കൊടുത്തിരിക്കേണ്ടതാണ്.

(ബി) ഏതെങ്കിലും ഒരാളെ തെളിവുകൊടുക്കണമെന്നു ആവശ്യപ്പെടാതെ പ്രമാണം ഹാജരാക്കാനായി സമൻസയച്ചുവരുത്താവുന്നതാണ്. ഒരു പ്രമാണംമാത്രം ഹാജരാക്കാൻ ആവശ്യപ്പെടുന്ന ഒരാൾ അതിലേക്കായി താൻതന്നെ ഹാജരാകാതെ ആ പ്രമാണം ഹാജരാക്കിയിരുന്നാൽ സമൻസനുസരിച്ചതായി ഗണിക്കേണ്ടതാണ്.

(സി) റെഗുലേഷൻപ്രകാരം ഏതെങ്കിലും ഒരാൾക്ക സമൻസു നടത്തുന്നതു താഴെപ്പറയുന്ന ഏതെങ്കിലും വിധത്തിലാവാം,

(എ) അതിനെ അപ്രകാരമുള്ള ആൾക്ക കൊടുത്തോ മുമ്പാകെ ഇട്ടോ,

(ബി) ആ ആളിനെ കാണാത്തപക്ഷം അയാൾ ഒടുവിൽ പാർത്തിരുന്നതോ ജോലിചെയ്തുകൊണ്ടിരുന്നതോ ആയ സ്ഥലത്തു ഇട്ടോ അയാളുടെ കുടുംബത്തിൽ പ്രായപൂർത്തിയുള്ള ആരെയെങ്കിലും ഏല്പിച്ചോ,

(സി) അപ്രകാരമുള്ള ആളിന്റെ മേൽവിലാസം രജിസ്ത്രാർക്കോ അധികൃതരായ മററാൾക്കോ അറിവുള്ളപക്ഷം അവിടെക്ക അയച്ചോ,

(ഡി) മേല്പറഞ്ഞ മാർഗ്ഗങ്ങളൊന്നും സാദ്ധ്യമല്ലാതെ വന്നാൽ അയാൾ ഒടുവിൽ പാർത്തതായോ ജോലിചെയ്തുവന്നതായോ അറിയുന്ന സ്ഥലത്തു ഒരു പ്രധാനഭാഗത്തു പതിച്ചോ,

(ഇ) സമൻസ് കാണുന്ന ആൾ അതു ഒപ്പിടണമെന്നു സമൻസു നടത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ടു പ്രതിയ്ക്കോ ഏജന്റിനോ പ്രതിയ്ക്കുവേണ്ടി മററാരാളിനോ സമൻസു

കൊടുക്കുകയോ കൊടുക്കാനായി കാണിക്കുകയോ ചെയ്യുന്നതായാൽ ആ പ്രതിയോ ഏജന്റോ മററാളോ കൈപ്പററിയതായി അതിൽ ഒപ്പിടാൻ ആവശ്യപ്പെടേണ്ടതാണ്.

(൨) നടത്തിയ വിധവും സമയവും രേഖപ്പെടുത്തുക. (൧)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളവണ്ണം സമൻസു നടത്തുന്ന എല്ലാ അവസരങ്ങളിലും അതു നടത്തുന്ന ഉദ്യോഗസ്ഥൻ സമൻസു നടത്തിയ വിധവും സമയവും, ആരിൽ നടത്തുന്നുവോ ആ ആളെ അറിയുന്നതായി സമൻസു കൊടുക്കുകയോ നടത്തുകയോ ചെയ്യുന്നതു കണ്ടിട്ടുള്ള ആളും (ഉണ്ടായിരുന്നാൽ) അയാളുടെ പേരും മേൽവിലാസവും അസൽ സമന്റെ പുറത്തെഴുതുകയോ, അതോടുകൂടി എഴുതിച്ചേർക്കുകയോ ചെയ്യേണ്ടതാകുന്നു.

(൩) ഗവർമ്മെന്റു സിവിൽ ഉദ്യോഗസ്ഥനോ റെയിൽവേ ജീവനക്കാരനോ മററു പ്രാദേശിക സ്ഥാപനങ്ങളിലെ ജീവനക്കാരനോ സമൻസു നടത്തുന്നതു. ഒരു പ്രതി ഒരു ഗവർമ്മെന്റു സിവിൽ ഉദ്യോഗസ്ഥനോ റെയിൽവേയിലോ മററു പ്രാദേശിക സ്ഥാപനങ്ങളിലോ ഉള്ള ഒരു ജീവനക്കാരനോ ആയിരുന്നാൽ, അതു നടത്താൻ ഏററവും നല്ല മാർഗ്ഗം അതാണെന്നു സമൻസയക്കുന്ന ഉദ്യോഗസ്ഥനു തോന്നുന്നപക്ഷം, അതിനെ പ്രതിക്കു കൊടുക്കാനുള്ള ഒരു പകർപ്പോടുകൂടി നടത്താനായി അയാൾ ജോലിയിലിരിക്കുന്ന ആപ്പീസു മേലധികാരിയുടെ പേർക്കു അഞ്ചൽവഴി മറുപടി രസീതിനു പണം കെട്ടി രജിസ്റ്റർചെയ്തു അയച്ചുകൊടുക്കാവുന്നതാണ്.

XXIV. റവന്യൂ ഉദ്യോഗസ്ഥന്മാർ മുഖേന അവാർഡുകൾ നടത്തുക. റവന്യൂ ഉദ്യോഗസ്ഥന്മാർ മദ്ധ്യസ്ഥ എവാർഡുകൾ പ്രകാരമുള്ള തുകകൾ ഈടാക്കുമ്പോൾ അപ്രകാരം ഈടാക്കുന്നതിലുള്ള ചിലവു സംഘ മുതലുകളിൽനിന്നോ വീഴ്ചക്കു കാരണമാക്കിയ കക്ഷിയിലോ കക്ഷികളിലോനിന്നോ യുക്തംപോലെ രജിസ്ട്രാർ നിശ്ചയിക്കുന്ന കണക്കനുസരിച്ചു ഈടാക്കുന്നതിനു ആജ്ഞാപിക്കാൻ അദ്ദേഹത്തിനു അധികാരമുണ്ടായിരിക്കുന്നതാണ്.

XXV. ഇടപാടുതീർപ്പുകാരൻ അനുഷ്ഠിക്കേണ്ട നടപടികൾ. റഗുലേഷൻ ൧൮-ാംവകുപ്പു ൮-ാം ഉപവകുപ്പനുസരിച്ചു ഒരു ഇടപാടുതീർപ്പുകാരനെ നിയമിക്കുമ്പോൾ താഴെപ്പറയുന്ന നടപടികൾ അനുഷ്ഠിക്കേണ്ടതാണ്.

(എ) ഇടപാടു തീർപ്പുകാരന്റെ നിയമനം രജിസ്ട്രാർ ഗവർമ്മെന്റു ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(ബി) സംഘം റദ്ദുചെയ്യുന്ന ഉത്തരവു പ്രാബല്യത്തിൽ വന്നാലുടനെ, റദ്ദുചെയ്യപ്പെട്ട സംഘത്തിന്റെമേൽ ഉള്ള എല്ലാ അവകാശങ്ങളും നോട്ടീസു തീയതി മുതൽ മൂന്നു മാസത്തിനകം തന്റെ അടുക്കൽ ബോധിപ്പിക്കണമെന്നു കാണിച്ചു, ഒരു നോട്ടീസു ഇടപാടുതീർപ്പുകാരൻ അദ്ദേഹത്തിനു യുക്തമെന്നുതോന്നുന്ന മാർഗ്ഗത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു. സംഘത്തിന്റെ കണക്കു പുസ്തകങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള എല്ലാ ബാദ്ധ്യതകളും ഒന്നാമതായിത്തന്നെ ഈ ഖണ്ഡിക അനുസരിച്ചു ഇടപാടു തീർപ്പുകാരന്റെ അടുക്കൽ ബോധിപ്പിക്കപ്പെട്ടിട്ടുള്ളതായി ഗണിക്കേണ്ടതാകുന്നു.

(സി) സംഘം റദ്ദുചെയ്യുന്നതു പ്രാബല്യപ്പെട്ട തീയതിക്കുള്ള സംഘത്തിന്റെ മുതലുകളും കടങ്ങളും തിട്ടപ്പെടുത്തിയശേഷം ഇടപാടു തീർപ്പുകാരൻ റഗുലേഷൻ ൧൮-ാംവകുപ്പു (൩)-ാം ഉപവകുപ്പു (ബി) (ഇ) ഖണ്ഡങ്ങൾ അനുസരിച്ചു സംഘത്തിലെ ഓരോ മെമ്പറന്മാരുടെയോ മുമ്പു മെമ്പറന്മാരായിരുന്നവരുടെയോ പക്കൽനിന്നോ മരിച്ചുപോയ മെമ്പറന്മാരുടെ വസ്തുക്കളിൽ സ്ഥാപിച്ചോ അവരുടെ അവകാശസ്ഥാനത്തു നിയമിച്ചിട്ടുള്ള ആളുടെയോ അവകാശികളുടെയോ നിയമാനുസൃത പ്രതിനിധികളുടെയൊ സംഘംവക ഉദ്യോഗസ്ഥന്മാരുടെയോ മുമ്പു ഉദ്യോഗസ്ഥന്മാരായിരുന്നവരുടെ പക്കൽനിന്നോ

സംഘാംഗ മുതലുകളിലേക്ക ചേരേണ്ടതായ അംശദായകത്തുകകൾ നിർണ്ണയിക്കാൻ കൂടെ ണ്ടതാണ്.

(ഡി) സംഘത്തിന്റെ ഇടപാടുതീർപ്പു ജോലിയിലുള്ള അഭിവൃദ്ധി കാണിക്കുന്ന ഒരു ത്രൈമാസിക റിപ്പോർട്ടു രജിസ്ട്രാർ നിശ്ചയിക്കുന്ന ഫാറത്തിൽ ഇടപാടു തീർപ്പുകാരൻ രജിസ്ട്രാർക്കു അയക്കേണ്ടതാണ്.

(ഇ) തനിക്കുവേണ്ടി പണം പിരിക്കുന്നതിനും അതിലേക്കു സാധുവായ രസീതുകൾ കൊടുക്കുന്നതിനും ഏതെങ്കിലും ആളെ പ്രത്യേകമായോ പൊതുവായോ ഉള്ള രേഖാമൂലമായ ഉത്തരവനുസരിച്ചു ഇടപാടു തീർപ്പുകാരനു നിയമിക്കാവുന്നതാണ്.

(എഫ്) ഇടപാടു തീർപ്പുകാരന്റെ ചുമതലയിലുള്ള എല്ലാ പണങ്ങളും ഗവർമെന്റ സേവിംഗ്സ് ബാങ്കിലോ ഒരു ധനസഹായ ബാങ്കിലോ രജിസ്ട്രാർ അനുവദിക്കുന്ന മററു ബാങ്കിലോ, ആളിനോ, തന്റെ ഉദ്യോഗപ്പേരിൽ നിക്ഷേപിക്കേണ്ടതാണ്.

(ജി) ഇടപാടുതീർപ്പുകാരനു വല്ല പ്രതിഫലവും കൊടുക്കേണ്ടതായിട്ടുണ്ടെങ്കിൽ ആയതു രജിസ്ട്രാർ തീർച്ചപ്പെടുത്തേണ്ടതാണ്. പ്രതിഫലം ഇടപാടുതീർപ്പിന്റെ ചിലവിൽ ഉൾപ്പെടുത്തേണ്ടതും അതു മററു ബാധ്യതകൾക്കു മുമ്പായി സംഘ മുതലുകളിൽനിന്നു കൊടുക്കപ്പെടേണ്ടതും ആകുന്നു.

(എച്ച്) റദ്ദുചെയ്യപ്പെട്ട സംഘത്തിലെ മെംബറന്മാരുടെ യോഗങ്ങൾ കൂടക്കൂടെ വിളിച്ചുകൂട്ടുന്നതിനു ഇടപാടു തീർപ്പുകാരനു അധികാരമുണ്ടായിരിക്കുന്നതാണ്.

(ഐ) ഇടപാടുതീർപ്പിന്റെ അവസാനത്തിൽ റദ്ദുചെയ്യപ്പെട്ട സംഘത്തിന്റെ ഒരു പൊതുയോഗം വിളിച്ചുകൂട്ടേണ്ടതും ആ യോഗത്തിൽ ഇടപാടുതീർപ്പുകാരനോ അതിലേക്കായി അദ്ദേഹത്തിന്റെ പൊതുവായോ പ്രത്യേകമായോ രേഖപ്പെടുത്തിയിട്ടുള്ള ഉത്തരവുമൂലം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളോ നടപടികളുടെ ഫലം ചുരുക്കമായി പ്രസ്താവിക്കേണ്ടതും ൨൭-ാം ചട്ടം ൨-ാം ഉപചട്ടത്തിൽ വിവരിച്ചിട്ടുള്ള വിധം, എന്തെങ്കിലും മുതൽ ബാക്കിയുണ്ടെങ്കിൽ അതിന്റെ വിനിയോഗത്തെപ്പററി വോട്ടു എടുക്കേണ്ടതും ആകുന്നു.

(ജെ) അവകാശികളുടെ താമസസ്ഥലങ്ങളെപ്പററി അറിവില്ലായ്കയാലോ മററു കാരണങ്ങളാലോ, സംഘത്തിന്റെ ഏതെങ്കിലും ബാധ്യതകൾ കൊടുത്തു തീർക്കാൻ ഇടപാടുതീർപ്പുകാരനു സാധിക്കാതെ വരുന്നപക്ഷം അപ്രകാരമുള്ള തുകകൾ ഒരു ധനസഹായബാങ്കിൽ നിക്ഷേപിക്കാവുന്നതും അവകാശമുള്ള ആളുടെയോ ആളുകളുടെയോ അവകാശം കൊടുത്തു തീർക്കുന്നതിനു വിനിയോഗിക്കുന്നതിലേക്കു വച്ചിരിക്കേണ്ടതും ആകുന്നു.

(കെ) ഒരു ഇടപാടുതീർപ്പുകാരനെ ഏതു സമയത്തും രജിസ്ട്രാർക്കു നീക്കംചെയ്യാവുന്നതും അപ്രകാരം നീക്കപ്പെടുമ്പോൾ അയാൾ സകലപ്രമാണങ്ങളും സ്വത്തുക്കളും രജിസ്ട്രാർ ആജ്ഞാപിക്കുന്ന ആളിനെ ഏല്പിച്ചുകൊള്ളേണ്ടതും ആകുന്നു.

(എൽ) അവസാനമായി ഇടപാടുതീർക്കപ്പെട്ട ഒരു സംഘത്തിന്റെ റിക്കാർട്ടുകൾ എന്തു ചെയ്യണമെന്നു. റദ്ദുചെയ്യപ്പെട്ട ഇടപാടുതീർപ്പു ജോലികൾ അവസാനിപ്പിച്ച ഒരു സംഘത്തിന്റെ സകല പുസ്തകങ്ങളും റിക്കാർട്ടുകളും ഇടപാടുതീർപ്പു അവസാനിപ്പിച്ചതു മുതൽ മൂന്നു വർഷം കഴിഞ്ഞശേഷം രജിസ്ട്രാർക്കു നശിപ്പിക്കാവുന്നതാണ്.

XXVI. വീഴ്ചവരുത്തുന്ന മെംബറന്മാരുടെ അവശതകൾ. യാതൊരു സംഘവും അതിൽ മൂന്നു മാസത്തിൽ കൂടുതൽ വീഴ്ചക്കാരനായിരിക്കുന്ന ഒരു മെംബറെ അപ്പോൾ അതിന്റെയോ മററു സംഘത്തിന്റെയോ കമ്മിററിയിലേക്കോ, ആ സംഘമൊത്ത മററൊരു സംഘത്തിൽ പ്രതിനിധീകരിച്ച് വോട്ടുചെയ്യുന്നതിനോ നിയോഗിച്ചുകൂടാത്തതും, നിയോഗിക്കപ്പെട്ടിട്ടുള്ളവർ മൂന്നുമാസംവരെ കുടിശ്ശികക്കാരായിരിക്കുന്നപക്ഷം ഉടനടി അപ്രകാരമുള്ള അവരുടെ ഉദ്യോഗം നിന്നുപോകുന്നതും ആകുന്നു.

XXVII.* മെംബറന്മാരല്ലാത്തവരുമായുള്ള ഇടപാടുകൾ. ഒരു വിതരണസംഘം അതിലെ സാമാന്യജനങ്ങൾ രജിസ്ത്രാരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി മെംബറന്മാരല്ലാത്തവർക്കു വില്പാവുന്നതാണ്.

XXVIII. രണ്ടു ധന സംഘങ്ങളിൽ മെംബറായിരിക്കുന്നതിനെ വിലക്കിയിരിക്കുന്നു. ഒരാൾ ഉസ്സൊത്തുബാങ്കോ ധനസഹായബാങ്കോ അല്ലാതെയുള്ള രണ്ടോ അധികമോ ധന സംഘങ്ങളിൽ മെംബറായിരിക്കുമ്പോൾ അയാൾ ഒന്നിൽ കൂടുതൽ സംഘത്തിൽനിന്നും കടം വാങ്ങുവാൻ പാടുള്ളതല്ല.

XXIX. ഓഹരികൾ സംഘത്തിനു പണയപ്പെടുത്താൻ പാടില്ല. മെംബറന്മാർ ഒരു സംഘത്തിലെ ഓഹരികൾ ഒരു വായ്പയ്ക്കു ജാമ്യമായി ആ സംഘത്തിനു പണയപ്പെടുത്തിക്കൂടാത്തതാണ്.

XXX. രാഷ്ട്രീയമായോ മതസംബന്ധമായോ ഉള്ള വിവാദ വിഷയങ്ങളിലൊന്നും സംഘങ്ങൾ ഉൾപ്പെടരുതെന്നു. യാതൊരു സംഘവും രാഷ്ട്രീയമായോ മതസംബന്ധമായോ ഉള്ള വിവാദവിഷയങ്ങളിൽ വാദപ്രതിവാദം നടത്തുന്നതിനോ പ്രചരണജോലിചെയ്യുന്നതിനോ ഇടയാകത്തക്ക യാതൊരു പ്രവൃത്തികളിലും ഏർപ്പെട്ടുകൂടാത്തതും, അപ്രകാരമുള്ള ലക്ഷ്യങ്ങളോടുകൂടിയതെന്നു രജിസ്ത്രാർക്കു അഭിപ്രായമാകുന്ന ഏതെങ്കിലും പ്രവൃത്തിയെയോ നിശ്ചയത്തെയോ രജിസ്ത്രാർക്കു വിരോധിക്കയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യാവുന്നതും ആകുന്നു.

XXXI. ഗവർമ്മെന്റിലേക്കു മുതൽക്കൂട്ടേണ്ട ഫീസുകൾ. ഈ റഗുലേഷൻപ്രകാരം പിരിക്കപ്പെടുന്ന എല്ലാ ഫീസുകളും പിഴകളും ഗവർമ്മെന്റിലേക്കു മുതൽ വയ്ക്കേണ്ടതാകുന്നു.

XXXII. വിധി, തീർപ്പു, അവാർഡു, അംശമായക ഉത്തരവു എന്നിവ നടത്തുക. അപേക്ഷ ഏതു ഉദ്യോഗസ്ഥനു അയക്കണമെന്നു.

(എ) റഗുലേഷൻ 28-ാംവകുപ്പു ഉപയോഗപ്പെടുത്തണമെന്നു ആഗ്രഹിക്കുന്ന ഏതു വിധി ഉടമസ്ഥനും വ്യവഹാര കാരണം ഉൽഭവിച്ച സ്ഥലത്തെ രജിസ്ത്രാരുടെ അടുക്കൽ അപേക്ഷിക്കേണ്ടതും, രജിസ്ത്രാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൻപ്രകാരമുള്ള ചിലവുകെട്ടി വയ്ക്കേണ്ടതും ആകുന്നു. വ്യവഹാരകാരണം ഉൽഭവിച്ചതായ ഡിസ്ത്രിക്റ്റിലല്ലാതെ മറ്റൊരു ഡിസ്ത്രിക്റ്റിലാണു വീഴ്ചക്കാരൻ താമസിക്കുകയോ വിധി നടത്താനുള്ള വസ്തു കിടക്കുകയോ ചെയ്യുന്നതെങ്കിൽ വ്യവഹാരകാരണം ഉത്ഭവിച്ച ഡിസ്ത്രിക്റ്റിലെ രജിസ്ത്രാർക്കു അപേക്ഷ കൊടുക്കുകയും അദ്ദേഹം ആ അപേക്ഷയെ പ്രതിപാർക്കുന്നതോ പട്ടികവസ്തു കിടക്കുന്നതോ ആയ ഡിസ്ത്രിക്റ്റിലെ രജിസ്ത്രാർക്കു ആ അപേക്ഷ അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

(ബി) രജിസ്ത്രാർക്കു അപേക്ഷ കിട്ടിയാലുള്ള നടപടി. അപേക്ഷ രജിസ്ത്രാർ നിശ്ചയിക്കുന്ന ഫാറത്തിൽ കൊടുക്കേണ്ടതും വിധി ഉടമസ്ഥൻ അതിൽ ഒപ്പിട്ടിരിക്കേണ്ടതും ആകുന്നു. വിധിയുടമസ്ഥൻ അയാൾക്കു പണയപ്പെടുത്തിയിട്ടുള്ള സ്ഥാവരവസ്തുക്കളിലൊ മറ്റു സ്ഥാവരവസ്തുക്കളിലൊ ജംഗമവസ്തുക്കളിലോ ഏതിലാണു ആദ്യമായി വിധി നടത്താൻ ആഗ്രഹിക്കുന്നതെന്നു ഈ അപേക്ഷയിൽ കാണിച്ചിരിക്കേണ്ടതാണ്. അപേക്ഷ കിട്ടിയാലുടൻ ആ ഡിസ്ത്രിക്റ്റിലെ രജിസ്ത്രാർ അതിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്നും സത്യമാണെന്നും അദ്ദേഹത്തിന്റെ ആപ്പീസിൽ റിക്കാർട്ടുള്ളപക്ഷം അവയുമായി ഒത്തുനോക്കി, വീഴ്ചക്കാരന്റെ പേരും ഈടാക്കേണ്ടതുകയും കാണിച്ചു ഇതിലേയ്ക്കു ഏർപ്പെടുത്തപ്പെട്ട ഒരു ഡിമാൻഡു നോട്ടീസു തയ്യാറാക്കി ഒരു സെയിലാപ്പീസർക്കു (വിക്രയോദ്യോഗസ്ഥനു) അയച്ചുകൊടുക്കേണ്ടതാണ്. അപേക്ഷ കൊടുക്കപ്പെട്ട രജിസ്ത്രാരുടെ ഡിസ്ത്രിക്റ്റിനു പുറത്തുള്ള ഒരു ഡിസ്ത്രിക്റ്റിലാണു വീഴ്ചക്കാരൻ താമസി

ക്കുകയോ വസ്തു കിടക്കുകയോ ചെയ്യുന്നതു എങ്കിൽ ആ രജിസ്ട്രാർ അപേക്ഷയും ഡിമാൻഡു നോട്ടീസും കൂടി വീഴ്ചക്കാരൻ താമസിക്കുകയോ വസ്തു കിടക്കുകയോ ചെയ്യുന്ന ഡിസ്ട്രിക്റ്റിലെ രജിസ്ട്രാർക്കു അയച്ചുകൊടുക്കേണ്ടതാകുന്നു.

(ന) നടപടികൾ നടത്തേണ്ട ക്രമം. ൨-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം ഒരു പ്രത്യേക ക്രമം അനുസരിച്ചു വേണം നടപടി നടത്തേണ്ടതു എന്നു വിധിയുടമസ്ഥൻ ആഗ്രഹിക്കുന്നതായി അറിയിച്ചിട്ടില്ലാത്ത പക്ഷം വിധി നടത്തുന്നതു സാധാരണയായി താഴെപ്പറയുന്ന ക്രമത്തിനു ആയിരിക്കേണ്ടതാണ്.

(i) വീഴ്ചക്കാരൻെറ ജംഗമവസ്തുക്കളിൽ ആദ്യം നടപടി നടത്തേണ്ടതും എന്നാൽ ആവശ്യമുള്ളപക്ഷം അതേസമയംതന്നെ സ്ഥാവരവസ്തുക്കളിലും കൂടി നടപടി നടത്താൻ പാടില്ലെന്നില്ലാത്തതും ആകുന്നു.

(ii) ജംഗമവസ്തുക്കൾ ഇല്ലാതിരിക്കയോ ജപ്തിചെയ്തുവിററ ജംഗമവസ്തുക്കളുടെ വില വിധിയുടമസ്ഥൻെറ മുഴുവൻ അവകാശത്തിനും തികയാതെ വരികയോ ചെയ്യുന്നപക്ഷം വിധിയുടമസ്ഥനു പണയപ്പെടുത്തിയിട്ടുള്ളതോ അല്ലെങ്കിൽ വീഴ്ചക്കാരൻെറവക മറെറതെങ്കിലുമോ സ്ഥാവരവസ്തുക്കളിൽ നടപടി നടത്താവുന്നതാണ്.

൪. വസ്തുക്കൾ തടങ്കൽ ചെയ്തു വില്ക്കുന്നതിനെ സംബന്ധിച്ച ചട്ടങ്ങൾ. ജംഗമവസ്തുക്കൾ തടങ്കൽചെയ്തു വില്ക്കുന്നതിൽ താഴെപ്പറയുന്ന ചട്ടങ്ങൾ അനുസരിക്കേണ്ടതാണ്.

(എ) വീഴ്ചക്കാരനു ഡിമാൻഡു നോട്ടീസ് അയക്കണമെന്നു. സെയിലാപ്പീസർ മുൻകൂട്ടി വിധിയുടമസ്ഥനു അറിയിപ്പു കൊടുത്തു വീഴ്ചക്കാരൻ പാർക്കുന്നതോ തടങ്കൽ ചെയ്യേണ്ട വസ്തുക്കൾ ഉള്ളതോ ആയ ഗ്രാമത്തിൽ പോയി വീഴ്ചക്കാരൻ അവിടെ ഉണ്ടെങ്കിൽ അയാളുടെമേൽ ഡിമാൻറുനോട്ടീസു നടത്തേണ്ടതാകുന്നു. ഈടാകാനുള്ള തുക ചിലവുസഹിതം ഉടനെ കൊടുക്കാത്തപക്ഷം സെയിൽ ആഫീസർ ജംഗമങ്ങൾ ജപ്തിചെയ്തു അവയുടെ ഒരു ലിസ്ററു അയാൾക്കു കൊടുക്കുകയും, മുൻകൂട്ടി തുകകൾ അടയ്ക്കാത്തപക്ഷം ആ വസ്തുക്കൾ വില്ക്കപ്പെടുന്ന സ്ഥലവും സമയവും അയാളെ അറിയിക്കയും ചെയ്യേണ്ടതാണ്. ജപ്തിക്കും വില്പനയ്ക്കും ഇടയ്ക്കുള്ള കാലം വിധിയുടമസ്ഥൻെറ പക്കലോ മററുവിധമോ വസ്തുക്കൾ സൂക്ഷിക്കുന്നതിനു സെയിലാഫീസർ ഏർപ്പാടു ചെയ്യേണ്ടതാകുന്നു. സെയിലാപ്പീസർ ആവശ്യപ്പെടുന്നപക്ഷം വിധിയുടമസ്ഥൻ വസ്തുക്കൾ സൂക്ഷിച്ചുകൊടുക്കേണ്ടതും അയാളുടെ ഉപേക്ഷമൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്കു അയാൾ ഉത്തരവാദം ചെയ്യേണ്ടതും ആകുന്നു. വീഴ്ചക്കാരൻ ഹാജരില്ലാത്തപക്ഷം ആ വീട്ടിൽ പ്രായപൂർത്തിവന്നിട്ടുള്ള ആരിലെങ്കിലുമോ വീഴ്ചക്കാരൻെറ അധികാരം സിദ്ധിച്ചിട്ടുള്ള ഏജൻറിലൊ ഡിമാൻഡുനോട്ടീസു നടത്തുകയോ അതിനു മാർഗ്ഗമില്ലാതെ വരുന്നതായാൽ ആ വീട്ടിൻെറ ഒരു പ്രധാനഭാഗത്തു അതു പതിയ്ക്കുകയോ ചെയ്യേണ്ടതാകുന്നു. അനന്തരം സെയിൽ ആഫീസർ വസ്തുക്കൾ ജപ്തിചെയ്കയും അവയുടെ ലിസ്ററു വാസസ്ഥലത്തു ഒട്ടിയ്ക്കുകയും അതിൽതന്നെ അവ ഇന്നസ്ഥലത്തു സൂക്ഷിക്കപ്പെടുമെന്നും ഇന്നസ്ഥലത്തുവച്ചും ഇന്നസമയത്തും വില്ക്കപ്പെടുമെന്നും എഴുതിയിരിക്കുകയും ചെയ്യേണ്ടതാണ്.

(ബി) ജപ്തിസമയം. വസ്തു ജപ്തി സൂര്യോദയത്തിനുശേഷം അസ്തമനംവരെയുള്ള സമയങ്ങളിലല്ലാതെ ചെയ്തുകൂടാത്തതാണ്.

(സി) വസ്തുതടങ്കൽ കുടിശ്ശികത്തുകയ്ക്കു യോജിച്ചതായിരിക്കണം. തടങ്കൽ ചെയ്യുന്ന വസ്തുക്കൾ ആവശ്യത്തിലധികമായി വന്നുകൂടാത്തതാണ്. അതായതു വീഴ്ചക്കാരൻെറ പക്കൽനിന്നു വരേണ്ട തുകകൾക്കും പലിശയ്ക്കും ജപ്തി തടങ്കൽ വില്പന ഇവയ്ക്കുള്ള ചിലവുകൾക്കും കഴിവുള്ളിടത്തോളം അടുത്തിരിക്കേണ്ടതാണ്.

(ഡി) ജപ്തിചെയ്യുന്ന വിളവുകൾ എന്തുചെയ്യണമെന്നു. വീഴ്ചക്കാരൻെറ വിളവുകളോ ഭൂമിയിൽനിന്നും എടുക്കപ്പെട്ടിട്ടില്ലാത്ത ആദായങ്ങളോ ജപ്തിചെയ്യുന്നതായാൽ സെയിൽ ആഫീസർ അവ എടുക്കുന്നതിനു പാകമാകുമ്പോൾ വില്ക്കുകയോ അ

ല്ലെങ്കിൽ യുക്തമെന്നു തോന്നുന്നപക്ഷം യഥാകാലം വില്ക്കുന്നതുവരെ ശരിയായ സ്ഥലത്തു അവ എടുത്തു സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞപ്രകാരം ചെയ്യുന്നതായാൽ വിളവെടുക്കുകയോ ശേഖരിക്കുകയോ ചെയ്യുന്നതിനും അവ വച്ചുസൂക്ഷിക്കുന്നതിനും ഉള്ള ചിലവുകൾ അവ വീണ്ടെടുക്കപ്പെടുന്ന അവസരത്തിലോ അവ വില്ക്കപ്പെടുന്നതായാൽ വിററുകിട്ടുന്ന വിലയിൽനിന്നോ അവയുടെ ഉടമസ്ഥൻ സഹിക്കേണ്ടതാകുന്നു.

(ഇ) ജപ്തിചെയ്യപ്പെടുന്ന കന്നുകാലികളോ വസ്തുക്കളോ ഉപയോഗപ്പെടുത്തരുതെന്ന്. സെയിലാഫീസർ ജപ്തിചെയ്തിട്ടുള്ള കാളകളെയോ കന്നുകാലികളെയോ വേലചെയ്യിക്കയോ, മററുള്ള സാധനങ്ങൾ ഉപയോഗപ്പെടുത്തുകയോ ചെയ്തുകൂടാത്തതാണ്. അയാൾക്കു കന്നുകാലികൾക്കും മററുഗൃഹ്യമൃഗങ്ങൾക്കും ആവശ്യമായ തീററി കൊടുക്കേണ്ടതും അതിന്റെ ചിലവു ഉടമസ്ഥൻ അവ വീണ്ടെടുക്കുമ്പോൾ ഉടമസ്ഥനിൽനിന്നോ വിൽക്കപ്പെടുമ്പോൾ വിലയിൽനിന്നോ ഈടാക്കപ്പെടേണ്ടതും ആകുന്നു.

(എഫ്) എല്ലാ സ്ഥലങ്ങളും സെയിലാപ്പീസർക്കു ബലമായി തുറക്കാമെന്നു. സെയിൽ ആഫീസർക്കു ഏതെങ്കിലും തൊഴുത്തുകളോ കാലിപ്പുരകളോ നെല്പുരകളോ പണ്ടകശാലകളോ മററു ബഹിർഗൃഹങ്ങളോ ബലമായി തുറക്കാനധികാരമുണ്ടായിരിക്കുന്നതും പുറവാതിൽ തുറന്നുകിടക്കുന്ന ഏതെങ്കിലും വാസഗൃഹത്തിൽ പ്രവേശിക്കാവുന്നതും വീട്ടുക്കാരന്റെവക വസ്തുക്കൾ ജപ്തിചെയ്യുന്നതിലേക്കു അവ വച്ചുസൂക്ഷിച്ചിരിക്കുന്ന ഏതെങ്കിലും മുറിയുടെവാതിൽ തുറക്കാവുന്നതും എന്നാൽ ഇനിമേൽ പറയുന്നപ്രകാരമല്ലാതെ ഒരിക്കലും സെയിൽ ആഫീസർ സ്ത്രീകളുടെ താമസത്തിനായി തിരിച്ചിട്ടുള്ള ഏതെങ്കിലും അന്തഃപ്പുരങ്ങളിൽ ബലമായി പ്രവേശിക്കാൻ പാടില്ലാത്തതും ആകുന്നു.

(ജി) പോലീസുദ്യോഗസ്ഥന്മാരുടെമുമ്പിൽവച്ചു വാതിലുകൾ ബലമായി തുറക്കാൻ സെയിലാഫീസർക്കുള്ള അധികാരം. ഒരു വീട്ടുകാരന്റെ വസ്തുക്കൾ പുറവാതിൽ ബന്ധിച്ചിട്ടുള്ള ഒരു പാർപ്പുസ്ഥലത്തോ അല്ലെങ്കിൽ നാട്ടുനടപ്പനുസരിച്ചു അന്തഃപ്പുരങ്ങൾ എന്നുവിചാരിക്കപ്പെടുന്നതായി സ്ത്രീകൾക്കായി ഒഴിച്ചിടപ്പെട്ടിട്ടുള്ള മുറികളിലോ സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്നുവിചാരിക്കാൻ കാരണമുണ്ടെങ്കിൽ സെയിൽആഫീസർ ആവിവരം ഏററവും അടുത്ത പോലീസ്സ്റേറഷനിലെ ചുമതലക്കാരനായ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്.

അപ്രകാരമുള്ള അറിയിപ്പിന്മേൽ സ്റേറഷൻ ചാർജിലിരിക്കുന്ന പോലീസുദ്യോഗസ്ഥൻ ഒരു പോലീസുദ്യോഗസ്ഥനെ സ്ഥലത്തു അയക്കേണ്ടതും ആ ഉദ്യോഗസ്ഥന്റെ മുമ്പാകെവച്ചു സെയിലാപ്പീസർക്കു ആ പാർപ്പുസ്ഥലത്തിന്റെ പുറവാതിൽ ബലമായി തുറക്കാവുന്നതും അതേവിധംതന്നെ അകത്തു സ്ത്രീകൾക്കായുള്ള അന്തഃപ്പുരങ്ങൾ ഒഴിച്ചു മററു മുറികളുടെവാതിലുകളും ബലമായി തുറക്കാവുന്നതും ആകുന്നു.

സെയിലാഫീസർക്കു അതുപോലെതന്നെ പൊലീസുദ്യോഗസ്ഥന്റെ മുമ്പാകെ വച്ചു അന്തഃപുരവാസികളായ സ്ത്രീകൾക്കു ന്യായമായ അറിയിപ്പുകൊടുത്തും അവർ നാട്ടുനടപ്പനുസരിച്ചു പരസ്യമായി പുറത്തിറങ്ങാൻ പാടില്ലാത്ത അന്തസ്സുള്ള സ്ത്രീകളായിരുന്നാൽ അവർക്കു മാറാൻ ആവശ്യമായ സൌകര്യങ്ങൾ ചെയ്തുകൊടുത്തും അന്തഃപ്പുരത്തു വച്ചിട്ടുള്ളതായ വസ്തുക്കൾ വല്ലതും ഉണ്ടായിരുന്നാൽ അവ ജപ്തിചെയ്യുന്നതിലേക്കായി അന്തഃപ്പുരത്തിൽ പ്രവേശിക്കാവുന്നതും അപ്രകാരമുള്ള വസ്തുക്കൾ കണ്ടിരുന്നാൽ ഉടൻതന്നെ അവിടം വിട്ടുമാററി മുൻപു പാർത്തിരുന്നവരുടെ സൌകര്യത്തിലേക്കു ഒഴിഞ്ഞുകൊടുക്കേണ്ടതും ആകുന്നു.

(എച്ച്) വിൽക്കാനുള്ള വസ്തുക്കൾ വിൽക്കുന്നസ്ഥലത്തെയും സമയത്തെയും പററിയുള്ള പരസ്യം. വില്പനപരസ്യം ചെയ്യുന്നതിലേക്കായി അതിലേക്കു ഉദ്ദേശിക്കുന്ന സ്ഥലവും സമയവും കാണിച്ചു വീട്ടുക്കാരൻ പാർക്കുന്നഗ്രാമത്തിലും രജിസ്ത്രാർ നിശ്ച-

യിക്കുന്ന മററസ്ഥലങ്ങളിലും പരസ്യംചെയ്യാൻ സെയിലാഫീസർ ഏർപ്പാടുചെയ്യേണ്ടതാണ്.

(എച്ച്) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വില്പനനോട്ടീസു കൊടുക്കുകയോ പതിയ്ക്കുകയോ ചെയ്തശേഷം ൧൫ ദിവസം കഴിഞ്ഞല്ലാതെ യാതൊരുവില്പനയും നടത്താവുന്നതല്ല.

എന്നാൽ ജപ്തിചെയ്യുന്ന വസ്തുക്കൾ വേഗം ചീഞ്ഞുപോകുന്നവയാണെങ്കിൽ സെയിലാഫീസർക്കു ൧൫ ദിവസത്തിനുമുമ്പുതന്നെ, ഈടാകാനുള്ള തുക അതിനുമുമ്പായി അടയ്ക്കാത്തപക്ഷം അവ, വിൽക്കാവുന്നതാണ്.

(ഐ) വില്പന എങ്ങിനെ നടത്തണമെന്നു. നിശ്ചിതസമയത്തു വിൽക്കാനുള്ളസാധനങ്ങൾ സെയിലാഫീസരുടെ യുക്തംപോലെ ഒന്നോ അധികമോ കൂട്ടങ്ങളായിവയ്ക്കേണ്ടതും ഏററവും കൂടുതൽ തുകയ്ക്കു വിളിക്കുന്ന ആളിനു കൊടുക്കേണ്ടതും ആകുന്നു. ഈടാകാനുള്ളതിൽ കവിഞ്ഞ സംഖ്യയ്ക്കു വസ്തുവിൽക്കപ്പെട്ടാൽ പലിശ ചിലവു മുതലായവ കുറച്ചിട്ടു ബാക്കിയുള്ളതു വീഴ്ചക്കാരനു കൊടുക്കേണ്ടതാകുന്നു.

(ജെ) ജപ്തിവസ്തു വാങ്ങുമ്പോൾ വിലകൊടുക്കണമെന്നു. വസ്തുക്കൾ വിററക്കൂട്ടുമ്പോൾ ഉടനെയോ അല്ലെങ്കിൽ അതിനുശേഷം സെയിലാഫീസർ ആവശ്യപ്പെടുന്ന സമയത്തോ അവയുടെ വിലകൊടുക്കേണ്ടതും മുഴുവൻവില കൊടുക്കാതെ വാങ്ങുന്നആൾ വസ്തുകൊണ്ടുപോകാൻ അനുവദിക്കുന്നതല്ലാത്തതും ആകുന്നു.

മുടക്കംവരുത്തിയാൽ വീണ്ടും വില്പന. വിലയ്ക്കു വാങ്ങിയ ആൾ വിലകൊടുക്കാതെ വരുന്നതായാൽ വസ്തു രണ്ടാമതുവില്ക്കേണ്ടതും അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനും വില്പനച്ചിലവിനും മുടക്കക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു.

ആദ്യം വിററവിലയിൽ കൂടുതൽ രണ്ടാമതു വില്പനയിൽ ലഭിക്കുന്നപക്ഷം അധികമുള്ളതുകയാർക്കുവേണ്ടിയാണോ ആദ്യവില്പന നടത്തിയതു ആ ആളിന്റെതായിരിക്കുന്നതാണ്.

(കെ) ജപ്തി തടസ്സം ചെയ്യുന്നതിലേക്കു സാമാനങ്ങൾ കൌശലമായി കൈമാററം ചെയ്യുന്നതിനു ശിക്ഷ. ഒരു വീഴ്ചക്കാരൻ ജപ്തി തടസ്സപ്പെടുത്തുന്നതിനായി കൌശലമായി സാമാനങ്ങൾ കൈമാററം ചെയ്യുന്നതായോ ചെയ്തതായോ ഇരുന്നാൽ അപ്രകാരമുള്ള വ്യാജകൈമാററം ചെയ്തതായി ബോദ്ധ്യപ്പെടുത്തിയാൽ അധികാരാതിർത്തിയുള്ള സിവിൽകോടതിയ്ക്കു ആസാധനം ഉടനെ സെയിലാഫീസരെ ഏല്പിക്കാൻ ആജ്ഞാപിക്കാവുന്നതാണ്.

(എൽ) ജപ്തിചെയ്ത വസ്തുക്കൾ ബലമായോ മറവുചെയ്തോ കൊണ്ടുപോകുന്നതിനു ശിക്ഷ. ഈ ചട്ടങ്ങൾപ്രകാരം ജപ്തിചെയ്യപ്പെട്ട വസ്തു ഏതെങ്കിലും ഒരാൾ ബലമായിട്ടോ ഒളിച്ചോ കൊണ്ടുപോയതായി അധികാരാതിർത്തിയുള്ള ഏതെങ്കിലും സിവിൽകോടതിയ്ക്കു ബോദ്ധ്യമാകത്തക്കവണ്ണം തെളിയിച്ചാൽ ആസാധനങ്ങൾ സെയിലാഫീസരെ തിരിച്ചു ഏല്പിക്കാൻ കോടതിയിൽനിന്നും ഉടനെ ഉത്തരവു കൊടുക്കാവുന്നതാണ്.

(എം) വില്പനയ്ക്കു മുമ്പായി ഈടാകാനുള്ള പണവും ചിലവും ഹാജരാക്കിയാൽ ജപ്തി വിടുർത്തണമെന്നു. വീഴ്ചക്കാരനോ അയാൾക്കുവേണ്ടി ഇതിൽ ഏർപ്പെട്ടു പ്രവർത്തിക്കുന്ന മററാരെങ്കിലുമോ ജപ്തിവസ്തുക്കളിൽ അവകാശമുണ്ടെന്നു വാദിക്കുന്ന മററവല്ലവരുമോ വില്പനയ്ക്കു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനുമുമ്പായി ഈടാകാനുള്ള പണം മുഴുവനും പലിശസഹിതം ദിവപ്പടിമുതലായ മററുചിലവുകളോടുകൂടി അടയ്ക്കുന്നതായാൽ സെയിലാഫീസർ ഉടൻതന്നെ ജപ്തിചെയ്ത വസ്തുക്കൾ വിട്ടുകൊടുക്കേണ്ടതാകുന്നു.

(എൻ) ജപ്തിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള വസ്തുക്കൾ. ൧൯൦൮-ാമാണ്ടത്തെ സിവിൽ പ്രൊസിഡ്യൂവർകോഡ് ൬൦-ാം വകുപ്പനുസരിച്ചു ജപ്തിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്ന ജംഗമങ്ങൾ ഈ ചട്ടങ്ങൾ പ്രകാരം ജപ്തിചെയ്യാനും വിൽക്കാനും പാടുള്ളതല്ല.

൫. ഗവൎമ്മെൻറുദ്യോഗസ്ഥൻെറയോ റെയിൽവേക്കമ്പനി, പ്രാദേശിക സമിതി തൊഴിൽശാല എന്നിവയിലെ ജീവനക്കാരുടെയോ ശമ്പളമോ പടിയോ ജപ്തിചെയ്യൽ.

ജപ്തിചെയ്യപ്പെടുന്നവസ്തു ഗവൎമ്മെൻറുദ്യോഗസ്ഥൻെറയോ റെയിൽവേക്കമ്പനിയിലെയോ മററു പ്രാദേശികഭരണ സമിതി തൊഴിൽശാല ഇവകളിലെയോ ജീവനക്കാരുടെ ശമ്പളമോ പടിയോ ആയിരിക്കുന്നവിഷയത്തിൽ സെയിൽ ആഫീസരുടെപക്കൽനിന്നും ഒരു റിപ്പോർട്ടു കിട്ടിയാൽ ആഡിസ്ത്രിക്ടിലുള്ള രജിസ്ത്രാർ ൧൯൦൮-ലെ സിവിൽ പ്രൊസീഡ്യൂവർ കോഡ് ൬൦-ാം വകുപ്പിലെ തടങ്കലിനുൾപ്പെട്ട ആതുക ശമ്പളത്തിൽനിന്നോ പടിയിൽനിന്നോ ഒന്നായിട്ടോ രജിസ്ത്രാർ ആജ്ഞാപിക്കുന്നവിധം മാസത്തവണകളായിട്ടോ ഈടാക്കാൻ ഉത്തരവുചെയ്യാവുന്നതും, ആ ഉത്തരവിനെപ്പററി അറിവു കിട്ടിയാൽ അപ്രകാരമുള്ള ശമ്പളമോ പടിയോ കൊടുക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ മററു ആളോ ആ ഉത്തരവനുസരിച്ചുള്ളതുകയോ അതിൻെറ മാസത്തവണകളോ സമിതിപോലെ പിടിച്ചു സെയിലാഫീസർക്കു അയച്ചുകൊടുക്കേണ്ടതും ആകുന്നു.

൬. വീഴ്ചക്കാരൻെറ കൈവശമല്ലാത്തതായ കടം, ഓഹരി, മററുവസ്തുക്കൾ ഇവ ജപ്തിചെയ്ക. ജപ്തിചെയ്യേണ്ട ജംഗമസാധനങ്ങൾ.

(എ) പ്രസ്തുത വീഴ്ചക്കാരനു കിട്ടേണ്ട ഒരു കടമോ,

(ബി) ഒരു സ്ഥാപനത്തിലെ ഓഹരിയോ അതിലുള്ള നിക്ഷേപമോ,

(സി) ഏതെങ്കിലും സിവിൽകോർട്ടിൽ ഏല്പിപ്പിട്ടുള്ളതോ കോർട്ടിൻെറ അധീനത്തിലുള്ളതോ അല്ലാത്തതായി വീഴ്ചക്കാരൻെറ കൈവശത്തിലല്ലാതെയിരിക്കുന്ന മററു ജംഗമവസ്തുക്കളോ ആയിരിക്കുമ്പോൾ രജിസ്ത്രാർ ഒപ്പിട്ട രേഖാമൂലമായ ഉത്തരവിനാൽ,

(൧) കടമായിരിക്കുമ്പോൾ, ഉത്തമർണ്ണൻ അതു വാങ്ങാതിരിക്കുന്നതിനും അധമർണ്ണൻ അതുകൊടുക്കാതിരിക്കുന്നതിനും,

(൨) ഓഹരിയോ നിക്ഷേപമോ ആയിരുന്നാൽ അവ ആരുടെപേരിൽ ഇരിക്കുന്നുവോ ആ ആൾ അവയെ കൈമാററം ചെയ്യാതെയും ലാഭവീതമോ പലിശയോ വാങ്ങാതെയും ഇരിക്കുന്നതിനും,

(൩) മേല്പറയപ്പെട്ടപ്രകാരമുള്ളതല്ലാത്ത മററു ജംഗമങ്ങളായിരുന്നാൽ അവയുടെ കൈവശക്കാരൻ അവയെ വീഴ്ചക്കാരനു കൊടുക്കാതെയിരിക്കുന്നതിനും ആജ്ഞാപിച്ചു ജപ്തിചെയ്യേണ്ടതാകുന്നു.

കടമാണ് ജപ്തിചെയ്യപ്പെട്ടതെങ്കിൽ അധമർണ്ണനും ഓഹരിയോ നിക്ഷേപമോ ആയിരുന്നാൽ അതതു സ്ഥാപനത്തിലെ ശരിയായ ഉദ്യോഗസ്ഥനും മുൻപറഞ്ഞവയല്ലാത്ത മററു ജംഗമങ്ങളായിരുന്നാൽ ആ ജംഗമത്തിൻെറ കൈവശക്കാരനായ ആളിനും അപ്രകാരമുള്ള ഉത്തരവിൻെറ പകർപ്പു കൊടുക്കേണ്ടതാണ്. (എ) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കടമോ (ബി) ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ള ഓഹരിയോ നിക്ഷേപമോ കൊടുക്കാൻ കാലമാകുമ്പോൾ അതു തനിക്കു തരേണ്ടതാണെന്നു ആഡിസ്ത്രിക്ടിലെ രജിസ്ത്രാർ അതതു ആളിനോടു ആജ്ഞാപിക്കാവുന്നതാണ്. ഓഹരി പിൻവലിക്കത്തക്കതല്ലെങ്കിൽ ഒരു ബ്രോക്കർ മുഖാന്തിരം അതിനെ വില്പിക്കുന്നതിനു രജിസ്ത്രാർ ഏർപ്പാടുചെയ്യേണ്ടതാണ്. പിൻവലിക്കാവുന്നതാണെങ്കിൽ അതിൻെറവില കൊടുക്കാൻ കാലമാകുമ്പോൾ രജിസ്ത്രാർക്കോ, അല്ലെങ്കിൽ കൊടുക്കേണ്ട കക്ഷിക്കോ കൊടുക്കേണ്ടതാണ്. (സി) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള മററുജംഗമങ്ങളുടെകാര്യത്തിൽ അതു വീഴ്ചക്കാരനു കൊടുക്കേണ്ടസമയമാകുമ്പോൾ കൊടുക്കേണ്ടയാൾ അതിനെ രജിസ്ത്രാരുടെ പക്കൽ ഏല്പിക്കേണ്ടതാകുന്നു

൭. സ്ഥാവരസ്വത്തു ജപ്തിചെയ്തു വില്ക്കുന്നതിലുള്ള നടപടി. സ്ഥാവരവസ്തുക്കൾ ജപ്തിചെയ്തു വില്ക്കുന്ന വിഷയത്തിൽ താഴെപ്പറയുന്ന ചട്ടങ്ങൾ അനുസരിക്കേണ്ടതാകുന്നു.

(എ) നടപടിനടത്തേണ്ട വസ്തുവിൻെറ വിവരണം. ൨-ാം ഉപചട്ടപ്രകാരം കൊടുക്കുന്ന അപേക്ഷയിൽ നടപടിനടത്താൻ ഉദ്ദേശിക്കുന്ന സ്ഥാവരവസ്തു തിരിച്ചറിയത്തക്കവിധം അതിൻെറ വിവരണവും, ആ വസ്തു സെററിൽമെൻറിലെയോ സർവ്വെയിലെയോ റിക്കാർട്ടുകളിലെ അതിരുകളോ നമ്പരുകളോ കൊണ്ടു തിരിച്ചറിയാവുന്നതാണെങ്കിൽ അപ്രകാരമുള്ള അതിരുകളുടെയോ നമ്പരുകളുടേയോ വിവരണവും, വിധിഉടമസ്ഥന്റെ ഉത്തമവിശ്വാസമുള്ളിടത്തോളവും അയാൾക്കു നിർണ്ണയിക്കാൻ കഴിഞ്ഞിടത്തോളവും വിധിക്കാരന്റെ ആ വസ്തുവിലുള്ള ഓഹരിയോ അവകാശമോ എന്തെന്നുള്ള വിവരവും കൊടുത്തിരിക്കേണ്ടതാകുന്നു.

(ബി) ഡിമാൻഡു നോട്ടീസു നടത്തുന്ന വിധം. ൨-ാം ഉപചട്ടപ്രകാരം രജിസ്ട്രാർ അയക്കുന്ന ഡിമാൻഡുനോട്ടീസിൽ വിധിക്കാരന്റെ പേരും കൊടുക്കാനുള്ള തുകയും ചിലവുണ്ടെങ്കിൽ അതും ഡിമാൻഡുനോട്ടീസു നടത്തുന്ന ആളിനെ കൊടുക്കേണ്ട ദിവസപ്പടിയും പണം അടയ്ക്കുന്നതിനു അനുവദിച്ചിട്ടുള്ള അവധിയും അടയ്ക്കാതെയിരുന്നാൽ ജപ്തിചെയ്യപ്പെടുന്നതായ വസ്തുക്കളുടെ വിവരവും അടങ്ങിയിരിക്കേണ്ടതാണ്. ഡിമാൻഡുനോട്ടീസു കിട്ടിയശേഷം സെയിലാഫീസ്സർ അതിൻെറ ഒരു പകർപ്പു വിധിക്കാരനിലൊ അയാളുടെ വീട്ടിൽ പ്രായപൂർത്തിയുള്ള ഏതെങ്കിലും പുരുഷനിലൊ അയാൾ പതിവായി താമസിക്കുന്ന സ്ഥലത്തു വച്ചു നടത്തേണ്ടതും അല്ലാത്തപക്ഷം അയാളുടെ അധികാരം സിദ്ധിച്ചിട്ടുള്ള ഏജൻറിൽ നടത്തേണ്ടതും അപ്രകാരം ആരിലെങ്കിലും നടത്തുന്നതിനു കഴിയാതെ വരുന്നപക്ഷം അയാൾ ഒടുവിൽ താമസിച്ചിരുന്നതായി അറിയപ്പെടുന്ന താമസസ്ഥലത്തു ഒരു പ്രധാനഭാഗത്തോ ജപ്തിചെയ്യാനുദ്ദേശിക്കുന്ന സ്ഥാവരവസ്തുവിൻെറ ഒരു പ്രധാനസ്ഥാനത്തോ പതിച്ചു നടത്തേണ്ടതും ആകുന്നു.

(സി) വിധിക്കാരൻ കൊടുക്കാൻ ഉപേക്ഷവരുത്തിയാലുള്ള നടപടി. അനുവദിച്ചിട്ടുള്ള കാലത്തിനുള്ളിൽ വിധിക്കാരൻ പണം അടയ്ക്കാതെയിരുന്നാൽ വിധിനടത്തു അപേക്ഷയിൽ കാണിച്ചിട്ടുള്ള സ്ഥാവരവസ്തു താഴെപറയുംപ്രകാരം ജപ്തിചെയ്തുവില്ക്കാനായി സെയിലാഫീസർ തുടങ്ങേണ്ടതാണ്.

(ഡി) ജപ്തിചെയ്യുന്നവിധം. സാദ്ധ്യമെങ്കിൽ ഒരു ജപ്തിനോട്ടീസു വിധിക്കാരനിൽ നേരിട്ടു നടത്തേണ്ടതാണ്. അങ്ങിനെ നേരിട്ടുനടത്താൻ കഴിഞ്ഞില്ലെങ്കിൽ വിധിക്കാരൻ ഒടുവിൽ പാർത്തിരുന്നതായി അറിയപ്പെടുന്ന വീട്ടിൽ ഒരു പ്രധാനഭാഗത്തു നോട്ടീസു ഒട്ടിക്കേണ്ടതാണ്. ജപ്തിവിവരം വിധിക്കാരൻ താമസിക്കുന്ന ഗ്രാമത്തിലും വില്പനവിവരം പരസ്യംചെയ്യണമെന്നു രജിസ്ട്രാർ ആവശ്യമായി വിചാരിക്കുന്ന മററു സ്ഥലങ്ങളിലും മുരശടിച്ചു പരസ്യം ചെയ്യേണ്ടതാണ്. അടയ്ക്കേണ്ടതുകയും പലിശയും ചിലവും നിശ്ചിതതീയതിക്കകം അടയ്ക്കാത്ത പക്ഷം വസ്തു വില്ക്കുന്നതാണെന്നു നോട്ടീസിൽ വിവരിച്ചിരിക്കേണ്ടതാണ്. അതിൻെറ ഒരുപകർപ്പു വിധിയുടമസ്ഥനു അയക്കേണ്ടതാണ്. സെയിലാഫീസർ അപ്രകാരം ആജ്ഞാപിക്കുന്ന പക്ഷം ജപ്തിവിവരം ഗവൺമെൻറു ഗസററിൽ ഒരു പരസ്യം മൂലം പ്രസിദ്ധം ചെയ്യേണ്ടതാണ്.

(ഇ) വില്പനക്കുമുമ്പുള്ള പരസ്യം. വില്പന പരസ്യം ആ ഡിസ്ട്രിക്ടിലെ രജിസ്ട്രാരുടെ ആഫീസിലും താലൂക്കുകച്ചേരിയിലും വില്പനക്കു കുറഞ്ഞപക്ഷംപത്തു ദിവസംമുമ്പ് പതിച്ചും, വില്പനക്കു മൂന്നുദിവസംമുമ്പു തുടരെ ഗ്രാമത്തിൽ മുരശടിച്ചും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. വിധിയുടമസ്ഥനും വിധിക്കാരനും കൂടി അറിവു കൊടുത്തിരിക്കേണ്ടതാണ്. പരസ്യത്തിൽ വില്പനയുടെ സ്ഥലവും സമയവും പറഞ്ഞിരിക്കേണ്ടതും കഴിവുള്ളത്ര ശരിയായും സൂക്ഷ്മമായും

(i) വില്ക്കാനുള്ളവസ്തുവിൻെറയും,

(ii) വസ്തുവിലുള്ള ബാദ്ധ്യതകളുടെയും വിവരങ്ങളും,

(iii) എന്തുതുകക്കു വില്പന ഉത്തരവു ചെയ്തിരിക്കുന്നുവോ ആ തുകയും

(iv) വാങ്ങുന്ന ആളിനു വസ്തുവിൻെറ സ്വഭാവവും വിലയും മതിക്കുന്നതിനു ആവശ്യമെന്നു സെയിൽ ആഫീസർ വിചാരിക്കുന്ന മററുള്ള സംഗതികളും വിവരിച്ചിരിക്കേണ്ടതാണ്.

(എഫ്) വില്പന പരസ്യമായ ലേലം ആയിരിക്കണമെന്നു. ഈ ചട്ടങ്ങൾപ്രകാരം ഏതെങ്കിലും സ്ഥാവരവസ്തു വില്ക്കുമ്പോൾ ആ വില്പന വസ്തുവിലുള്ള മുൻബാദ്ധ്യതയെക്കൂടി പരിഗണിച്ചു ചെയ്യേണ്ടതാണ്. വിററു ഈടാക്കേണ്ട തുക [illegible] കാണിച്ചിരിക്കുമ്പോൾ ജപ്തിചെയ്തു ൩൦ ദിവസത്തിനകം, വിധിയുടമസ്ഥൻ വില്പനക്കു ഉത്തരവു ചെയ്യപ്പെട്ട വിധി നടത്തു അപേക്ഷ കൊടുക്കുന്നതിനു മുമ്പു ൧൨ കൊല്ലത്തെ ആ വസ്തുവിലുള്ള കടങ്ങളെ കാണിച്ച രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്നുള്ള സർട്ടിഫിക്കററു വാങ്ങി സെയിലാഫീസർക്കു കൊടുക്കേണ്ടതാണ്. വില്പന നടത്തുന്നതു പരസ്യമായ ലേലം മൂലം ഏററവും കൂടുതൽ തുക വിളിക്കുന്ന ആളിനായിരിക്കണം. വസ്തു ജപ്തിചെയ്യുന്ന അറിയിപ്പിനും യഥാർത്ഥ വില്പനയ്ക്കും ഇടക്കു കുറഞ്ഞപക്ഷം ൩൦ ദിവസക്കാലം ഉണ്ടായിരിക്കേണ്ടതാണ്. വില്പനയുടെ സമയവും സ്ഥലവും ആ ഡിസ്ട്രിക്ട്ലെ രജിസ്ട്രാർ നിശ്ചയിക്കേണ്ടതും വില്പന സ്ഥലം വസ്തുകിടക്കുന്ന ഗ്രാമമോ രജിസ്ട്രാർ നിശ്ചയിക്കുന്നതായ അടുത്തു ജനങ്ങൾകൂടുന്ന ഏതെങ്കിലും സ്ഥലമോ ആയിരിക്കേണ്ടതും ആണ്.

(ജി) വിലയ്ക്കു വാങ്ങുന്ന ആൾ കെട്ടിവയ്ക്കേണ്ട സംഖ്യയും മുടക്കിയാൽ വീണ്ടും വില്പനയും. സ്ഥാവരവസ്തുവിൻെറ വിലയിൽ ൧൫ ശതമാനം വരുന്ന സംഖ്യ വിലയ്ക്കു വാങ്ങുന്ന അവസരത്തിൽ വാങ്ങുന്ന ആൾ സെയിലാഫീസറെ ഏല്പിക്കേണ്ടതും, അങ്ങിനെ ഏല്പിക്കാത്തപക്ഷം വസ്തു ഉടൻതന്നെ ആവർത്തിച്ചു ലേലം ചെയ്യേണ്ടതുമാണ്.

എന്നാൽ വിലയ്ക്കു വാങ്ങുന്ന ആൾ വിധിയുടമസ്ഥനും (കെ) ഖണ്ഡിക അനുസരിച്ചു വാങ്ങാനുള്ളവില തട്ടിക്കഴിക്കുന്നതിനു അവകാശമുള്ളയാളും ആയിരിക്കുമ്പോൾ ഈ ചട്ടത്തിൽ ആവശ്യപ്പെടുന്നകാര്യങ്ങൾ സെയിലാഫീസർക്കു വേണ്ടെന്ന വയ്ക്കാവുന്നതാകുന്നു.

(എച്ച്) ബാക്കി വില കൊടുപ്പാനുള്ള സമയം. വസ്തുവിൻെറ ബാക്കി വില വില്പനയ്ക്കു ശേഷം ൧൫ ദിവസത്തിനകം കൊടുക്കേണ്ടതാണ്.

എന്നാൽ അപ്രകാരം കൊടുക്കേണ്ടതായ തുക കണക്കാക്കുന്നതിൽ വിലയ്ക്കു വാങ്ങുന്ന ആൾക്കു (കെ) ഖണ്ഡികയിലെ വ്യവസ്ഥാനുസരണം എന്തെങ്കിലും തട്ടികഴിക്കാനുള്ള അവകാശമുണ്ടെങ്കിൽ അതു അനുവദിക്കപ്പെടുന്നതാണ്.

(ഐ) പണം അടയ്ക്കാൻ വീഴ്ചവരുത്തുന്നതായാലുള്ള നടപടി. അടുത്തു മുകളിൽപറഞ്ഞ ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുള്ള കാലാവധിക്കകം പണം അടക്കപ്പെടാതെയിരുന്നാൽ, വില്പനച്ചിലവു കഴിച്ചുള്ള ബാക്കിനിക്ഷേപധനം രജിസ്ട്രാർ യുക്തമെന്നു വിചാരിക്കുന്നപക്ഷം ഗവൺമെൻറിലേക്കു ഇളന്നുപോകാവുന്നതും മുടക്കം വരുത്തിയ ക്രയിതാവിനു വസ്തുവിലുള്ള എല്ലാ അവകാശങ്ങളും അതു പിന്നീടു വിററുകിട്ടുന്നതുകയിൽ എന്തെങ്കിലും വീതത്തിനുള്ള അവകാശവും നഷ്ടപ്പെടുന്നതും ആകുന്നു.

(ജെ) ആവർത്തിച്ചുനടത്തുന്ന വില്പനയെപ്പററിയുള്ള പരസ്യം. അനുവദിച്ച സമയത്തിനുള്ളിൽ വില കെട്ടിവയ്ക്കുന്നതിനു വീഴ്ചവരുത്തുകമൂലം ഉണ്ടാകുന്ന ആവർത്തിച്ചുള്ള സ്ഥാവരവസ്തു വില്പന, ഇതിനുമുമ്പു വില്പനക്കു വ്യവസ്ഥചെയ്തിട്ടുള്ള വിധത്തിലും കാലത്തിലും, ഒരു പുതിയ പരസ്യം പുറപ്പെടുവിച്ചശേഷം നടത്തേണ്ടതാകുന്നു.

(കെ) വിധിയുടമസ്ഥൻ വാങ്ങുമ്പോൾ വിധിസംഖ്യ കൊടുത്തതായി വിചാരിക്കണമെന്നു. വിധിയുടമസ്ഥൻ വിലക്കുവാങ്ങുമ്പോൾ വിലയും ഡിക്രിസംഖ്യയും ഒന്നിനൊന്നു തട്ടിക്കഴിക്കേണ്ടതും അപ്രകാരം വിധിസംഖ്യ മുഴുവനുമോ ഏതാനുമോ തീർത്തതായി സെയിലാഫീസർ രേഖപ്പെടുത്തേണ്ടതും ആണ്.

൮. ഈടാക്കേണ്ട പണം കെട്ടിവയ്ക്കുമ്പോൾ ജപ്തിവസ്തു ഒഴിഞ്ഞുകൊടുക്കുക. വില്പനക്കു നിശ്ചയിക്കുന്ന തീയതിക്കു മുമ്പായി വീഴ്ചക്കാരനോ അയാൾക്കുവേണ്ടി മററുവല്ലവരുമോ, ജപ്തിചെയ്തവസ്തുവിൽ അവകാശമുള്ള വല്ലവരുമോ ഈടാക്കാനുള്ള മുഴുവൻതുകയും പലിശയും ജപ്തിയിൽ ഉണ്ടായിട്ടുള്ള പടിവുതലായ ചിലവുകളും കെട്ടിവക്കുന്നതാ

യാൽ സെയിലാഫീസർക്ക് ജപ്തിഉത്തരവു റദ്ദുചെയ്തു ഉടനെ വസ്തു വിട്ടുകൊടുക്കാവുന്നതാണ്.

(൯) പണം നിക്ഷേപിച്ചു വില്പന അസ്ഥിരപ്പെടുത്താൻ അപേക്ഷ. (i) സ്ഥാവരവസ്തു സെയിലാഫീസർ വിററു കഴിഞ്ഞാൽ ആ വസ്തുവിന്റെ ഉടമസ്ഥനൊ വില്പനക്കു മുമ്പുള്ള പ്രമാണത്തിൻവഴി അതിൽ അവകാശം സിദ്ധിച്ചിട്ടുള്ള ആളുകളൊ രജിസ്ത്രാരുടെ അടുക്കൽ താഴെപ്പറയുന്ന സംഖ്യകൾ കെട്ടിവച്ചു വില്പന അസ്ഥിരപ്പെടുത്താൻ അപേക്ഷിക്കാവുന്നതാണ്.

(എ) വിലക്കുവാങ്ങിയ ആളിനു കൊടുക്കാൻ വിലയുടെ ൫ ശതമാനം വരുന്ന സംഖ്യ.

(ബി) വിധിയുടമസ്ഥനു കൊടുക്കാനായി, ഏതു തുക ഈടാക്കാൻവേണ്ടി വില്പനക്കു ഉത്തരവിട്ടു പരസ്യം ചെയ്തുവൊ ആ തുകയും അതിലേക്കുള്ള പലിശയും ജപ്തിക്കും വില്പനക്കും ഉണ്ടായിട്ടുള്ള ചിലവും ഈ തുകകൾ ഈടാക്കുന്നതിലേക്കു വേണ്ടിവന്ന മററു ചിലവുകളും ഉൾപ്പെട്ട തുകയിൽ വിധിയുടമസ്ഥനു മേല്പറഞ്ഞ പരസ്യത്തീയതിക്കു ശേഷം കിട്ടിയിരിക്കാവുന്നവല്ല സംഖ്യയും കഴിച്ചു ബാക്കിയുള്ള തുക.

(ii) അപ്രകാരം നിക്ഷേപം വയ്ക്കുകയും അപേക്ഷ കൊടുക്കുകയും ചെയ്യുന്നതു വില്പന തീയതിക്കു ശേഷം ൩൦ ദിവസത്തിനുള്ളിൽ ആയിരുന്നാൽ വില്പന അസ്ഥിരപ്പെടുത്തിയതായി രജിസ്ത്രാർക്കു ഉത്തരവു ചെയ്യാവുന്നതും കെട്ടിവച്ച വില്പന തുകയും അപേക്ഷകൻ കെട്ടിവച്ച ൫ ശതമാനം വിലയും വാങ്ങിയ ആളിനു തിരിച്ചു കൊടുക്കേണ്ടതും ആകുന്നു.

എന്നാൽ ഈ ഉപചട്ടം അനുസരിച്ചു ഒന്നിലധികം ആളുകൾ നിക്ഷേപം വച്ചു അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടായിരുന്നാൽ വില്പന അസ്ഥിരപ്പെടുത്തുവാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ ആദ്യം ലഭിച്ചിട്ടുള്ള അപേക്ഷ സ്വീകരിക്കേണ്ടതാണ്.

(iii) ഒരാൾ ൫൦-ാം ഉപചട്ടം അനുസരിച്ചു സ്ഥാവരവസ്തു വില്പന അസ്ഥിരപ്പെടുത്താൻ അപേക്ഷിക്കുന്നതായാൽ അയാൾക്കു ഈ ഉപചട്ടപ്രകാരം ഒരു അപേക്ഷ ബോധിപ്പിക്കുന്നതിനു അവകാശം ഇല്ലാത്തതാകുന്നു.

൫൦. നടപടിപ്പിശകൊ കൃത്രിമമൊ ഉണ്ടെന്നുള്ള കാരണത്താൽ വില്പന അസ്ഥിരപ്പെടുത്താൻ അപേക്ഷ. (i) സ്ഥാവരവസ്തു വില്പന തീയതിമുതൽ ൩൦ ദിവസത്തിനകം വിധിയുടമസ്ഥനൊ, മുതലിൽ വീതപ്രകാരമുള്ള ഭാഗത്തിനു അവകാശിയായൊ വില്പനമൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായൊ ഉള്ള ഏതെങ്കിലും ആളൊ വില്പനപരസ്യപ്പെടുത്തിയതിലും നടത്തിയതിലും ഉണ്ടായ സാരമായ ഒരു നടപടിപ്പിശകൊ തെററൊ കൃത്രിമമൊ ഉണ്ടെന്നുള്ള കാരണത്താൽ വില്പന അസ്ഥിരപ്പെടുത്തുന്നതിനായി ആ ഡിസ്ത്രിക്ടിലെ രജിസ്ത്രാരുടെ അടുത്തു അപേക്ഷിക്കാവുന്നതാണ്.

എന്നാൽ അപ്രകാരമുള്ള നടപടിപ്പിശകൊ തെററൊ കൃത്രിമമൊ മൂലം അപേക്ഷകനു സാരമായ നഷ്ടം നേരിട്ടിട്ടുണ്ടെന്നു രജിസ്ത്രാർക്കു ബോധ്യം വന്നിട്ടില്ലാത്ത പക്ഷം ആ കാരണത്തിന്മേൽ വില്പന അസ്ഥിരപ്പെടുത്തിക്കൂടാത്തതാണ്.

(ii) അപേക്ഷ അനുവദിക്കുന്നപക്ഷം രജിസ്ത്രാർ വില്പന അസ്ഥിരപ്പെടുത്തി പുത്തനായി വില്പന നടത്താൻ ഉത്തരവു ചെയ്യേണ്ടതാണ്.

(iii) വില്പന കഴിഞ്ഞു ൩൦ ദിവസത്തിനകം ൪൯-ാം ഉപചട്ടപ്രകാരമൊ ഈ ഉപചട്ടം ൧-ാം ഖണ്ഡം അനുസരിച്ചൊ വില്പന അസ്ഥിരപ്പെടുത്താൻ അപേക്ഷ നല്കാതെയൊ അപ്രകാരമുള്ള അപേക്ഷ തള്ളി തീരുമാനിച്ചിട്ടൊ ഇരുന്നാൽ വില്പന സ്ഥിരപ്പെടുത്തിയതായി ആ രജിസ്ത്രാർ ഉത്തരവു ചെയ്യേണ്ടതാണ്.

എന്നാൽ മേൽപ്രകാരമുള്ള അപേക്ഷകൾ ബോധിപ്പിക്കാതെയിരുന്നാലുമൊ അപ്രകാരം ബോധിപ്പിച്ചു തള്ളപ്പെട്ടതായ അപേക്ഷകളിൽ പ്രസ്താവിച്ചിട്ടുള്ളതല്ലാത്ത കാരണത്താലൊ വില്പന അസ്ഥിരപ്പെടുത്തണമെന്നു വിചാരിക്കാൻ രജിസ്ത്രാർക്കു കാരണമുണ്ടെങ്കിൽ ആ കാരണം രേഖപ്പെടുത്തി വില്പന അസ്ഥിരപ്പെടുത്താവുന്നതാണ്.

(iv) എപ്പോഴെങ്കിലും ഒരു സ്ഥാവരവസ്തു വിററതിനെ സ്ഥിരപ്പെടുത്താതെ ഇരിക്കയോ, അസ്ഥിരപ്പെടുത്തുകയോ ചെയ്താൽ വാങ്ങിയ ആളിനു നിക്ഷേപം അല്ലെങ്കിൽ വില തിരിച്ചുകൊടുക്കേണ്ടതാണ്.

(v) വില്പന സ്ഥിരപ്പെടുത്തിയശേഷം ആ രജിസ്ട്രാർ അദ്ദേഹത്തിന്റെ ഒപ്പും മുദ്രയും വച്ച ഒരു വില്പന സന്നദ് വാങ്ങിയ ആളിനു കൊടുക്കേണ്ടതാണ്.

അപ്രകാരമുള്ള സന്നദിൽ വിററ വസ്തുവിവരവും വാങ്ങിയ ആളിന്റെ പേരും പറഞ്ഞിരിക്കേണ്ടതും അതു തെളിയിക്കേണ്ട ആവശ്യമുള്ള എല്ലാ കോടതികളിലും വിധികർത്താക്കന്മാരിലും വസ്തു വാങ്ങിയതിലേക്കുള്ള അപ്രതിഷേധ്യ തെളിവായിരിക്കുന്നതും അതു അധികാരമുള്ള ഉദ്യോഗസ്ഥന്റെ അടുക്കൽ ഹാജരാക്കുന്നതായാൽ ആ ഉദ്യോഗസ്ഥനു സംശയം തോന്നാൻ കാര്യമുണ്ടെങ്കിലല്ലാതെ ഡിസ്ട്രിക്ട് രജിസ്ട്രാരുടെ മുദ്രയും ഒപ്പും ശരിയായിട്ടുള്ളതാണോ എന്നു തെളിയിക്കേണ്ട ആവശ്യമില്ലാത്തതും ആകുന്നു.

൬൫. വില്പന കഴിഞ്ഞുള്ള വിജ്ഞാപനം. ഈ ചട്ടപ്രകാരം ഒരു വില്പനയിൽ സ്ഥാവരവസ്തു ആരെങ്കിലും വാങ്ങിയാൽ വില്പന വിവരവും വാങ്ങിയ ആളിന്റെ പേരും പ്രസ്തുത സ്ഥാവരവസ്തുവിൽ കുടിശ്ശികക്കാരനുണ്ടായിരുന്ന എല്ലാ അവകാശങ്ങൾക്കും ഉടമസ്ഥതകൾക്കും വാങ്ങിയ ആൾക്കു നിയമപ്രകാരം അവകാശം സിദ്ധിച്ചിരിക്കുന്നു എന്നുള്ള വിജ്ഞാപനം ഡിസ്ട്രിക്ട് രജിസ്ട്രാരാപ്പീസിലോ താലൂക്കാപ്പീസിലോ മുരശടിച്ചോ മററു നടപ്പുള്ള രീതിയിലോ സ്ഥാവരവസ്തു കിടക്കുന്ന പകുതിയിൽ പരസ്യം ചെയ്യേണ്ടതും ഗവണ്മെന്റ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു.

൬൬. കൈവശം വിട്ടുകൊടുക്കുക. അപ്രകാരമുള്ള പ്രസിദ്ധീകരണമുണ്ടായിരുന്നിട്ടും, തനിക്കുവേണ്ടിത്തന്നെ ഉത്തമവിശ്വാസത്തിൽ വസ്തു അനുഭവിക്കുകയാണെന്നു അവകാശപ്പെടുന്നയായി വീഴ്ചക്കാരനൊഴിച്ചുള്ള ഏതെങ്കിലും ആൾ നിയമപ്രകാരം വാങ്ങിയ ആളിനു വസ്തു കൈവശം കിട്ടാൻ തടസ്സംചെയ്യുന്നതായാൽ അധികാരത്തിലുള്ള ഏതെങ്കിലും കോടതിക്ക അപേക്ഷയും ൬൪-ാം ഉപചട്ടപ്രകാരമുള്ള ഒരു വില്പന സന്നദും ലഭിക്കുന്നപക്ഷം ആ കോടതിയിലെ ഒരു തീർപ്പനുസരിച്ച വാങ്ങിയ ആളിനു വിധിക്കപ്പെട്ടിരുന്നാൽ എങ്ങിനെയോ അപ്രകാരംതന്നെ, വാങ്ങിയ ആളിനു വസ്തു നടത്തിക്കൊടുക്കാൻ ആവശ്യമുള്ള നടപടികൾ നടത്തേണ്ടതാണ്.

൬൭. സ്ഥാവരവസ്തുവില്പന തുകയ്ക്കനുസരണമായിരിക്കണമെന്നു. ഈടാക്കാനുള്ള പണത്തിനായി ഒരു വീഴ്ചക്കാരന്റെ സ്ഥാവരവസ്തു മുഴുവനുമോ ഏതംശമോ വില്ക്കുന്നതിനു സെയിലാപ്പീസർക്ക അധികാരമുള്ളതും എന്നാൽ ഈടാക്കേണ്ടുന്ന തുകയ്ക്കും പലിശയ്ക്കും ജപ്തി വില്പനച്ചിലവുകൾക്കും മതിയാകുന്ന സംഖ്യക്കുള്ളതിൽ കവിഞ്ഞു വരുന്നതായ സ്ഥാവരവസ്തുക്കൾ കഴിവുള്ളിടത്തോളം വിററുകൂടാത്തതുമാകുന്നു.

൬൮. പ്രാസസ്സ് നടത്തുന്നവക്ക് ദിവസപ്പടി. ഈ ചട്ടങ്ങൾ പ്രകാരം നോട്ടീസുകളോ മററു പ്രാസസ്സുകളോ നടത്തുന്ന ആളുകൾക്ക അപ്പപ്പോൾ രജിസ്ട്രാർ നിശ്ചയിക്കുന്നതോതനുസരിച്ചുള്ള ദിവസപ്പടിയ്ക്കു അവകാശമുണ്ടായിരിക്കുന്നതാണ്.

൬൯. ദിവസപ്പടിയും പലിശയും മററുചിലവുകളും വിററീടാകുന്ന മുതലിൽ നിന്നും പിടിക്കാവുന്നതാണ്. ഈ ചട്ടപ്രകാരം സ്ഥാവരവസ്തുക്കളോ ജംഗമവസ്തുക്കളോ ജപ്തിചെയ്യുകയും വിൽക്കുകയും ചെയ്യുന്നതിലുണ്ടാകുന്ന ചിലവുകൾ വിധിയുടമസ്ഥൻ (൬൨-ാം) ഉപചട്ടപ്രകാരം കെട്ടിവയ്ക്കുന്നതുകയിൽ അധികമായി വരുന്നതായാൽ അപ്രകാരമുള്ള അധികച്ചിലവു വിററവസ്തുവിന്റെ വിലയിൽനിന്നോ വീഴ്ചക്കാരൻ ഒടുക്കിയിട്ടുള്ള പണത്തിൽ നിന്നോ യഥാസ്ഥിതികുറയ്ക്കാവുന്നതും ബാക്കിവിധിയുടമസ്ഥനുകൊടുക്കാവുന്നതുമാകുന്നു.

൨൮. ഈടാക്കാനുള്ള പണം ഈടായതിനു രസീതു. ഈ ചട്ടപ്രകാരം ഈടാക്കേണ്ടതിലേക്കു അപേക്ഷിക്കപ്പെട്ടിട്ടുള്ള തുകകൾ അടയ്ക്കുന്ന ഏതാൾക്കും സെയിലാഫീസറോ ഡിസ്ത്രിക്ടിലെ രജിസ്ത്രാർ അതിലേക്കായി അധികാരപ്പെടുത്തുന്ന ആളോ തുകപറ്റിയതായി ഒപ്പിട്ട ഒരു രസീതു കൊടുക്കേണ്ടതാണ്. അപ്രകാരമുള്ള രസീതിൽ പണം അടച്ച ആളിന്റെ പേരും ഏതു വകയ്ക്കായി അതു അടച്ചിരിക്കുന്നു എന്നും വിവരിച്ചിരിക്കേണ്ടതാണ്.

൨൯. വസ്തു ജപ്തിയിൽ അവകാശങ്ങളും ആക്ഷേപങ്ങളും അന്വേഷിക്കുക.

(എ) ഈ ചട്ടപ്രകാരം ജപ്തിചെയ്യപ്പെട്ട ഏതെങ്കിലും വസ്തു ജപ്തിചെയ്യത്തക്കതല്ലെന്നു ജപ്തിയിന്മേൽ എന്തെങ്കിലും അവകാശമോ ആക്ഷേപമോ ഉണ്ടാകുന്നതായാൽ സെയിലാഫീസർ അവ അന്വേഷണം ചെയ്തു യോഗ്യതാനുസരണം തീരുമാനിക്കേണ്ടതാണ്. എന്നാൽ അവകാശമോ ആക്ഷേപമോ അഗണ്യമെന്നു സെയിലാഫീസർ വിചാരിക്കുന്നപക്ഷം അപ്രകാരമുള്ള അന്വേഷണം നടത്തേണ്ട ആവശ്യമില്ലാത്തതാണ്.

(ബി) അവകാശമോ ആക്ഷേപമോ കൊണ്ടുവരപ്പെട്ടിട്ടുള്ള വസ്തു വില്പനയ്ക്കു പരസ്യം ചെയ്തിട്ടുണ്ടെങ്കിൽ ആ അവകാശമോ ആക്ഷേപമോ അന്വേഷിക്കുന്നതുവരെ വില്പന മാറ്റിവയ്ക്കേണ്ടതാണ്.

(സി) അവകാശമോ ആക്ഷേപമോ കൊടുത്തു ദോഷമായ ഉത്തരവു ലഭിച്ചിട്ടുള്ള കക്ഷിക്കു ആ ഉത്തരവിനു ശേഷം ആറുമാസത്തിനകം വിവാദവസ്തുവിൽ അയാൾക്കുള്ളതായി വിശ്വസിക്കുന്ന അവകാശം സ്ഥാപിച്ചു കിട്ടുന്നതിലേക്കു വ്യവഹാരം ബോധിപ്പിക്കാവുന്നതും എന്നാൽ അപ്രകാരം വ്യവഹാരമുള്ളപക്ഷം അതിന്റെ തീർച്ചയ്ക്കു വിധേയപ്പെട്ടു പ്രസ്തുത ഉത്തരവു അവസാനതീർപ്പായിരിക്കുന്നതും ആകുന്നു.

പട്ടിക.

൧-ാം ചട്ടം നോക്കുക.

തിരുവിതാംകൂർ സഹകരണ റഗുലേഷൻ അനുസരിച്ചു ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയുടെ ഫാറം.

(൧) ഉദ്ദിഷ്ട സംഘത്തിന്റെ പേരു്.

(൨) സംഘത്തിന്റെ തലസ്ഥാനവും ഒരു ധനസംഘമായിരുന്നാൽ അതിന്റെ പ്രവർത്തനപരിധിയും (ഡിവിഷൻ, താലൂക്കു അടുത്ത റയിൽവേസ്റ്റേഷൻ അല്ലെങ്കിൽ പ്രസിദ്ധസ്ഥലം, അവിടെ നിന്നുള്ള ദൂരം ഇവ കാണിക്കണം)

(൩) സംഘത്തിന്റെ മേൽവിലാസം (അടുത്ത അഞ്ചലാപ്പീസും)

(൪) മെംബറന്മാരുടെ ബാദ്ധ്യത ക്ലിപ്തമോ ക്ലിപ്തരഹിതമോ എന്നു

(൫) മേല്പറഞ്ഞ പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്യണമെന്നു അടിയിൽ വയസ്സു തൊഴിൽ വാസസ്ഥലം എന്നീ വിവരങ്ങളോടുകൂടി പേരു എഴുതിയിട്ടിരിക്കുന്നവർ ഇതിനാൽ അപേക്ഷിക്കുന്നു.

(൬) ഈ അപേക്ഷയോടുകൂടി അപേക്ഷകർ സ്വീകരിച്ചു അവർ ഒപ്പിട്ടിട്ടുള്ള ഒരു നക്കൽ നിബന്ധനപ്പകർപ്പും അയച്ചിരിക്കുന്നു.

(൭) സംഘം രജിസ്റ്റർ ചെയ്തു മൂന്നു മാസക്കാലത്തേക്കോ കൂടുതലായി രജിസ്ത്രാർ നിശ്ചയിക്കുന്ന കാലത്തേക്കോ സംഘകാര്യങ്ങൾ നടത്തുന്നതിലേക്കു കമ്മറ്റിക്കാരായി താഴെപ്പറയുന്ന ആളുകളെ അപേക്ഷകർ തിരഞ്ഞെടുത്തിരിക്കുന്നു.

൧.
൨.
൩.
൪.
൫.

(കുറിപ്പ്) അപേക്ഷകർ വ്യക്തികളായിരുന്നാൽ പ്രായപൂർത്തിയുള്ളവരായി കുറഞ്ഞപക്ഷം ൧൦ പേർ അപേക്ഷയിലും നക്കൽ നിബന്ധനയിലും ഒപ്പിട്ടിരിക്കണം. ഒരു അപേക്ഷകൻ ഒരു റജിസ്റ്റർ ചെയ്യപ്പെട്ട സംഘമാണെങ്കിൽ ആ സംഘത്തിന്റെ ഭരണനിയമപ്രകാരം അധികാരം സിദ്ധിച്ചിട്ടുള്ള ഒരാൾ അപേക്ഷയിലും നക്കൽ നിബന്ധനകളിലും ഒപ്പിട്ടിരിക്കേണ്ടതും സംഘത്തിലെ എല്ലാ അംഗങ്ങളും റജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ അല്ലെങ്കിൽ, മററു പത്തു അംഗങ്ങളോ മററു അംഗങ്ങൾ പത്തിൽ കുറവായിരുന്നാൽ ഉള്ളവർ എല്ലാപേരുമോ ഒപ്പിടേണ്ടതും ആകുന്നു.

I.

നക്കൽ നിബന്ധനകൾ.

II.

൧ ക്രമനമ്പർ	൨ അപേക്ഷകരുടെ പേര്	൩ അച്ഛന്റെ പേര്	൪ വയസ്സ്	൫ ജാതിയും മതം	൬ തൊഴിൽ	൭ വാസസ്ഥലം	൮ അപേക്ഷകരുടെ ഒപ്പോ വിരലടയാളമോ

അദ്ധ്യായം ൨൩.

മദ്ധ്യസ്ഥതീരുമാനം.

മദ്ധ്യസ്ഥതയുടെ ഉദ്ദേശം.

ഇൻഡ്യയുടെ ഇതരഭാഗങ്ങളിലെപ്പോലെ മദ്ധ്യസ്ഥന്മാർ മുഖാന്തിരം തക്കങ്ങൾ തീരുമാനിക്കുന്നതു തിരുവിതാംകൂറിലും സഹകരണസംഘങ്ങൾക്ക അനുവദിച്ചുകൊടുത്തിരിക്കുന്ന ഒരു സൌജന്യമാണ്. ഒരു സംഘത്തിന്റെ ജോലിയെ സംബന്ധിച്ചുള്ള തർക്കങ്ങൾ രജിസ്ട്രാരുടെയോ രജിസ്ട്രാർ നിയമിക്കുന്ന മദ്ധ്യസ്ഥന്റെയോ മദ്ധ്യസ്ഥന്മാരുടെയോ തീരുമാനത്തിനായി അയച്ചുകൊടുക്കേണ്ടതാണെന്നു വ്യവസ്ഥ ചെയ്തു ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു റഗുലേഷൻ ൭൨-ാം വകുപ്പു അനുസരിച്ചു ഗവണ്മെന്റിനു അധികാരം നൽകിയിട്ടുണ്ടെങ്കിലും, ഗവണ്മെന്റു ചട്ടങ്ങൾ ഏർപ്പെടുത്തിയപ്പോൾ അപ്രകാരം അയക്കണമെന്നുള്ളതു ഐച്ഛികമായിവയ്ക്കുകയാണു ചെയ്തത്. ഈ വ്യവസ്ഥയുടെ ഉദ്ദേശം നിവർത്തിയുള്ളിടത്തോളം സംഘങ്ങളെ കോടതികയററാതെ അവയുടെ തക്കങ്ങൾ ചിലവില്ലാത്തതായ ഒരു എളുപ്പമാർഗ്ഗത്തിൽ തീരുമാനിക്കപ്പെടണമെന്നുള്ളതായിരുന്നു. മദ്ധ്യസ്ഥന്മാക്കു പൂർണ്ണഅധികാരം കൊടുക്കപ്പെട്ടിട്ടുള്ളതും അവരുടെ തീർപ്പുകൾ അവസാനതീരുമാനങ്ങളാക്കപ്പെട്ടിരിക്കുന്നതും ആണ്. ലാഹോർ ഹൈക്കോടതിയിലെ ഒരു വിധിയിൽ ജഡ്ജിമാർ താഴെപ്പറയുംപ്രകാരം പ്രസ്താവിക്കയുണ്ടായി:—

"നിയമനിർമ്മാണത്തിന്റെ ഉദ്ദേശം കൃഷിക്കാരിലും തൊഴിലാളികളിലും ചുരുങ്ങിയ ഉപജീവനമാർഗ്ഗമുള്ളവരിലും മിതവ്യയവും സ്വാശ്രയവും സഹകാരിത്വവും പ്രോത്സാഹിപ്പിക്കണമെന്നുള്ളതായിരുന്നതായി പറയുന്നതും ഈ ആളുകൾ അവരുടെ തക്കങ്ങൾ തീരുമാനിക്കുന്നതിനായി വ്യയഹേതുകങ്ങളും കാലതാമസമുള്ളവയുമായ വ്യവഹാരങ്ങളിലെ കഷ്ടതകളും ബുദ്ധിമുട്ടുകളും അവശ്യം അനുഭവിക്കേണ്ടതായി വരുന്നതായാൽ മേല്പറഞ്ഞ ഉദ്ദേശങ്ങൾ സാധിക്കാതെ വരുമെന്നു ഞങ്ങൾ വിചാരിക്കുന്നതും ആകുന്നു. ഇപ്രകാരമുള്ള ഒരു വ്യവഹാരം ഒരു സിവിൽ കോടതിയിൽ തീരുമാനിക്കപ്പെടേണ്ടതായി പറയുന്നതു നിയമത്തിന്റെ പരിധിക്കും ഉദ്ദേശത്തിനും ഏററവും വിപരീതമായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു."

മദ്ധ്യസ്ഥതീരുമാനം നിർബന്ധിതമാക്കണം.

൨. മദ്രാസ്, ബാംബേ പഞ്ചാബ് എന്നീ പ്രസിഡൻസികളിലും മൈസൂറിലും തക്കങ്ങൾ മദ്ധ്യസ്ഥന്മാരാൽ തീരുമാനിക്കപ്പെടണമെന്നു നിർബന്ധമുള്ളതും യാതൊരു സംഘവും സംഘാംഗവും ഒരു കോടതിയെ അഭയം പ്രാപിക്കാൻ അനുവദിച്ചിട്ടില്ലാത്തതും ആകുന്നു. അതിനാൽ ഒരു സംഘമോ അതിന്റെ കമ്മിററിയോ അതിലെ സിൽബന്തികളുടെ മേൽ ചെയ്യുന്ന ശാസക നടപടികളൊഴിച്ചു സംഘത്തിന്റെ ജോലിയെ സംബന്ധിച്ച സംഘവും അതിലെ അംഗമോ അംഗങ്ങളൊ തമ്മിലോ, അംഗങ്ങൾ തമ്മിലോ ഉണ്ടാകുന്ന എല്ലാതക്കങ്ങളിലും മദ്ധ്യസ്ഥതീരുമാനം തിരുവിതാംകൂറിലും നിർബന്ധിതമാക്കണമെന്നു ഞങ്ങൾ ശുപാർശ ചെയ്യുന്നു.

ഒരു സംഘത്തിന്റെ പ്രവൃത്തി എന്നാൽ എന്തെന്നു.

൩. സംഘത്തിന്റെ പ്രവൃത്തിയെ സംബന്ധിച്ച് എന്ന പദപ്രയോഗം അടുത്തകാലത്തു ചിലയിടങ്ങളിൽ വലിയ വാദപ്രതിവാദത്തിനിടയാക്കീയതായി കാണുന്നു. ഇൻഡ്യയിലും പുറരാജ്യങ്ങളിലും ഉള്ള അനേകം ഹൈക്കോടതികൾ ചെയ്തിട്ടുള്ള പ്രസ്താവനകൾ ഇവിടെ ഉദ്ധരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ല എങ്കിലും സംഘത്തിന്റെ

ജോലിയെ സംബന്ധിച്ച എന്നപോലെ പ്രയോഗത്തിനു റെഗുലേഷനിൽ തന്നെ ഒരു വ്യാഖ്യാനം ഉണ്ടായിരിക്കണമെന്നും സംഘത്തിന്റെ പ്രവർത്തനത്തെ സംബന്ധിക്കുന്നതായ എല്ലാസംഗതികളും ഉൾപ്പെടത്തക്കവിധം അതുവ്യാഖ്യാനിക്കപ്പെടണമെന്നും ഞങ്ങൾക്ക അഭിപ്രായമുണ്ട്.

മദ്ധ്യസ്ഥതീരുമാനത്തിന്റെ ഉദ്ദേശം സാധിക്കുന്നില്ല.

൭. ചിലവുകൂടാതെയും എളുപ്പത്തിലും തക്കങ്ങൾ തീരുമാനിക്കുന്നതിനാണ് മദ്ധ്യസ്ഥതീരുമാനം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് ഞങ്ങൾ മേൽപ്രസ്താവിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ മററു സ്ഥലങ്ങളിലെപ്പോലെ തിരുവിതാംകൂറിലും ഈ ഉദ്ദേശം വിഫലപ്പെടുകയും തക്കങ്ങൾ തീരുമാനിക്കുന്നതിലും അവാർഡുകൾ നടത്തുന്നതിലും അസാമാന്യമായ കാലതാമസം ഒരു സാധാരണമായി തീരുകയും ചെയ്തിരിക്കുന്നു. ഈ അനഭിലഷണീയമായ സ്ഥിതി ഡിപ്പാർട്ടുമെന്റിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ അനേകം സഹകരണസമ്മേളനങ്ങൾ (സാംസ്ഥാനിക സമ്മേളനങ്ങളും താലൂക്ക സമ്മേളനങ്ങളും) നിർബന്ധപൂർവ്വേണ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഡിപ്പാർട്ടുമെന്റാകട്ടെ ഗവൺമെന്റാകട്ടെ ഈ ന്യൂനത പരിഹരിക്കുന്നതിലേയ്ക്കു യാതൊന്നും ചെയ്തിട്ടുള്ളതായി കാണുന്നില്ല.

വിധിനടത്തുതാമസംകൊണ്ടുള്ള ദോഷങ്ങൾ.

൮. വായ്പകളിൽ ഉണ്ടായിട്ടുള്ള വലുതായ കുടിശ്ശികയും പല സംഘങ്ങളുടേയും നിർജ്ജീവാവസ്ഥയും ഏറെക്കുറെ ഈ താമസം കൊണ്ടുണ്ടായിട്ടുള്ളതാണെന്നു നിസ്സംശയം പറയാവുന്നതാണ്. ജ. മി. കാഷ്മീരം സഹകരണസംഘം രജിസ്ട്രാർ അദ്ദേഹത്തിന്റെ ൧൯൩൨-ലെ വാർഷികറിപ്പോർട്ടിൽ താഴെപ്പറയുംപ്രകാരം പറഞ്ഞിരിക്കുന്നു:—

"വിധിനടത്തിനായി സിവിൽകോടതികൾക്കയച്ചിട്ടുള്ള കേസുകളിലെ പിരിവിന്റെ അഭിവൃദ്ധി വളരെ മോശമാണ്". സിവിൽകോടതികളിൽ ആദ്ധ്യക്ഷ്യംവഹിക്കുന്ന ന്യായാധിപന്മാർ ഈ കേസുകളിൽ പ്രത്യേക താല്പര്യം എടുത്തു സാധാരണകേസുകളെപ്പോലെ വിചാരിക്കാത്തപക്ഷം ഗണ്യമായ പിരിവുകൾ ആശിക്കത്തക്കതല്ല. ഇപ്പോൾ സിവിൽകോടതികൾ മുഖാന്തിരം ഇടപാടാക്കിവരുന്ന ക്രമത്തിന് എന്തെങ്കിലും അഭിവൃദ്ധി വരുത്തി കുടിശ്ശികകൾ തീർക്കാൻ ഒട്ടധികം കാലം വേണ്ടിവരുന്നതാണ്. ഈ മന്ദഗതിയായ നടപടിമൂലം ഉണ്ടായിട്ടുള്ള ചീത്ത ഉദാഹരണങ്ങൾ കൊണ്ടു കുടിശ്ശിഖ ആപത്കരമായ ഒരു വലിപ്പത്തിൽ എത്തുന്നതുവരെ പ്രതിവർഷം വർദ്ധിച്ചുകൊണ്ടേയിരിക്കും. ഈ വലുതായ കുടിശ്ശിഖവർദ്ധനയേയും, നിർബന്ധബുദ്ധികളെയും പ്രവൃത്തിവിമുഖരേയും പ്രോത്സാഹിപ്പിക്കുന്ന അതിന്റെ അനിഷ്ടഫലത്തേയും, പരിഹരിക്കാനായിട്ടാണ് സംഘങ്ങൾക്ക യുക്തംപോലെ റെവന്യൂകോടതികളിലോ സിവിൽകോടതികളിലോ അവാർഡുകൾ നടത്താൻ അനുവാദം കൊടുക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടത്. കുടിശ്ശിഖകൾ ഈടാക്കാൻ പര്യാപ്തമായ ഏർപ്പാടുകൾ കൂടാതെ സംഘങ്ങളെ നന്നാക്കുന്നകാര്യം അത്ര സുകരമല്ലെന്നു ഞാൻ ഭയപ്പെടുന്നു" ആ റിപ്പോർട്ടിൽതന്നെ മറെറാരു സന്ദർഭത്തിൽ അദ്ദേഹം പറയുന്നു:—"കാലാന്തരത്തിൽ കൃഷിക്കാർക്കുണ്ടാകുന്ന സമ്പൽസമൃദ്ധി ഗവണ്മെന്റിനു പ്രയോജനകരമായിരിക്കുമെന്നുള്ളതിനാൽ ഗവണ്മെൻറ് ഉദാരമായ സംഭാവനകൾ കൊടുക്കേണ്ടതു് ആവശ്യമാണ്. അവസാനവും അപ്രധാനമല്ലാത്തതും ആയ ആവശ്യം കുടിശ്ശിഖക്കാരിൽനിന്നും പണം പിരിക്കുന്നതിനു തൃപ്തികരമായ വ്യവസ്ഥ ചെയ്യണമെന്നുള്ളതായിരിക്കുന്നു, അതിന്റെ അഭാവം മനഃപൂർവ്വം ഉപേക്ഷ കാണിക്കുന്നവരെ അതിൽ പ്രോത്സാഹിപ്പിക്കുന്നു, ഉടനടി തക്കതായ പരിഹാരം ചെയ്യാത്തപക്ഷം ഇപ്പോൾതന്നെ ഒരു ഭീമമായ തുകയായി തീർന്നിട്ടുള്ള കുടിശ്ശിഖകൾ വീണ്ടും വർദ്ധിച്ച് ഒടുവിൽ പിരിയാക്കടങ്ങളായി തീരുമെന്നു ഭയപ്പെടുന്നതും

ആകുന്നു. അതിനാൽ ഗവർമ്മെൻറിൻെറ ചുമതല കൂട്ടുകയോ, സഹായം വർദ്ധിപ്പിക്കുകയോ ചെയ്യാത്തവിധം ബാംബെയിലും മററു സ്ഥലങ്ങളിലും ചെയ്തുകൊടുക്കാറുള്ള സൌകര്യങ്ങൾ ഇവിടെയും ചെയ്തുകൊടുക്കാൻ ഗവർമ്മെൻറു വഴിയുണ്ടാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അല്ലാത്തപക്ഷം പണം അടയ്ക്കാൻ ശേഷിയുള്ളവരും എന്നാൽ കാലപ്പിഴയെന്നു സമാധാനം പറഞ്ഞു അടയ്ക്കാതിരിക്കുന്നവരും ആയി സാധാരണ കാലങ്ങളിൽതന്നെ കാണപ്പെടുന്ന ഉഴപ്പന്മാർ വളരെവർദ്ധിക്കാവുന്നതും ഈവിധമുള്ള സ്വഭാവവൈകല്യങ്ങൾ പ്രചരിക്കുന്നതുമൂലം കൂടുതൽ ദോഷഫലം അനുഭവിക്കാൻ ഇടയാകുന്നതു ഉത്തമവിശ്വാസത്തിന്മേൽ പൊതുക്കടങ്ങൾക്കു കൂട്ടുത്തരവാദിത്വം അംഗീകരിച്ചിട്ടുള്ള അവരുടെ സഹാംഗങ്ങളായിരിക്കുമെന്നു ഓർക്കേണ്ടതും ആകുന്നു. മേൽ വിവരിച്ച വിധം പ്രവർത്തിക്കാതെയിരുന്നാൽ നിശ്ചയമായും അധോഗതി ഉണ്ടാകുകയും നിർബന്ധം കൂടാതെ അടച്ചുവന്നിരുന്നവർപോലും തല്പ്രകാരം ചെയ്യാതിരിക്കയും തന്മൂലം അപരിഹാര്യമായ ഒരു നിർജ്ജീവാവസ്ഥ വന്നുചേരാൻ ഇടവരികയും ചെയ്യുന്നതാണ്.'' അല്പം ദീർഘിച്ചുപോയെങ്കിലും കാലവിളംബം പരിഹരിക്കുന്നതിനു സത്വരമായി പ്രവർത്തിക്കാത്തപക്ഷം ഉണ്ടാകാവുന്ന ഭവിഷ്യത്തെന്തായിരിക്കുമെന്നു ഈ ഉദ്ധരണി വിശദമായി കാണിക്കുന്നുണ്ട്.

ശീഘ്രവും വിപുലവുമായ വർദ്ധന.

൯. ഒടുവിലത്തെ റിപ്പോർട്ടനുസരിച്ച ൧൯൦൮-ൽ ൭൨൩ സംഘങ്ങൾ ൧൨൩൦൧ തക്കങ്ങൾ തീരുമാനത്തിനയച്ചിട്ടുണ്ട്. മുൻകൊല്ലം ൬൫൨ സംഘങ്ങൾ ൧൧,൦൫൭ തക്കങ്ങൾ അയച്ചിരുന്നു. രജിസ്ത്രാഫീസിൽ കിട്ടിക്കൊണ്ടിരിക്കുന്ന തക്കങ്ങൾ ആണ്ടുതോറും വർദ്ധിച്ചുവരികയാണെന്നുള്ളതിൽ സംശയമില്ല. ൧൯൦൩-ൽ ൪൨൩ അപേക്ഷകൾമാത്രമേ ഉണ്ടായിരുന്നുള്ളു. അഞ്ചുവർഷംകൊണ്ട് അവയുടെ എണ്ണം ൧൨൩൦൧ അതായതു മൂന്നിരട്ടിയായി വർദ്ധിച്ചു. തീരുമാനിക്കാൻ കിടന്ന കേസുകളും ക്രമേണതന്നെ വർദ്ധിച്ചുവന്നു. എന്തെന്നാൽ ൧൯൦൩-അവസാനത്തിൽ ൩൬൦൩ കേസുകൾമാത്രം തീരുമാനിക്കാതെ കിടന്നിരുന്നത് ൧൯൦൮ അവസാനത്തിൽ ൧൧൬൮ ആയി വർദ്ധിച്ചു. വിധിനടത്തുകളിൽ പലേഘട്ടങ്ങളിലും ഉണ്ടാകുന്ന കാലതാമസത്തിനുള്ള ചുമതലകൾ നിർണ്ണയിക്കുന്നതിനു ഞങ്ങൾ താഴെ പറയുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കാം.

ഒരു അന്യായത്തിൻെറ പര്യടനം.

(൧) എവാർഡു കിട്ടുന്നതിലും വിധി നടത്തിക്കിട്ടുന്നതിലുമുള്ള താമസം.

൧. എല്ലാസിവിൽക്കേസുകളിലേയുംപോലെ പരാതിക്കിടയാകുന്ന താമസം നേരിടുന്നതായി രണ്ടു പ്രത്യേകകാലഘട്ടങ്ങൾ ഉണ്ട്. ആദ്യഘട്ടം അവാർഡു ലഭിക്കുന്നതിലും രണ്ടാമത്തേത് അതു നടത്തുന്നതിലും ആണ്. നമുക്ക് ഓരോന്നും പ്രത്യേകം പരിശോധിക്കാം.

(എ) രജിസ്ത്രാരാഫീസിലെ താമസം.

൧൯൦൮ (൧൯൮൩-൮൪) ൧൨൩൦൧ കേസുകൾ രജിസ്ത്രാരാഫീസിൽ ഫൈൽ ചെയ്യപ്പെട്ടു. ഇതു ശരാശരിക്കു മാസം ൧൦൦൦-ൽ കൂടുതൽ കേസുകൾ വീതമാകുന്നുണ്ട്. രജിസ്ത്രാരാഫീസിൽ അന്യായങ്ങളും അവാർഡുകളും നോക്കി വേണ്ടതു ചെയ്യുന്നതിലേയ്ക്കു മാത്രം ഒരു പ്രത്യേക വകുപ്പുണ്ട്. ഈവകുപ്പിൽ ആൾ ആവശ്യത്തിൽ വളരെ കുറവാണ്. നാലു ക്ലാർക്കന്മാരെയും ഒരു മേൽപ്പറഞ്ഞസ്ഥനെയുംകൊണ്ടു എല്ലാകേസുകളും പരിശോധിക്കയും, കേസു രജിസ്റ്റർ എഴുതുകയും യോഗനിശ്ചയങ്ങൾ വരുത്തുകയും കേസുകൾ മദ്ധ്യസ്ഥന്മാർക്ക് അയയ്ക്കുകയും വിധികൾ പരിശോധിക്കയും മററും ചെയ്യേണ്ടിയിരിക്കുന്നു. ഈ വകുപ്പിൽ എഴുത്തുകുത്തുകൾക്കു, പോക്കിനും വരവിനും, പ്രത്യേകരജിസ്റ്ററുകൾ വച്ചിട്ടുള്ളതും വരികയോ അയയ്ക്കുകയും ചെയ്തിട്ടുള്ള ചററുകളുടെ എണ്ണം മററലും

വകുപ്പുകളിലും കൂടിയുള്ളവയോടു തുല്യമായിരിക്കുന്നു എന്നുള്ളതിൽനിന്നും ജോലിയുടെ വലിപ്പം നിർണ്ണയിക്കാവുന്നതും ആണ്. ഇപ്രകാരമുള്ള അവസ്ഥകളിൽ താമസം അനിവാര്യമായിട്ടുള്ളതും കേസുകൾ മദ്ധ്യസ്ഥന്മാരുടെ അടുത്തു് എത്തുന്നതിനു ഒന്നോ രണ്ടോ മാസം വേണ്ടിവരുന്നതുമാകുന്നു. ഈ താമസം ആ വകുപ്പിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചോ, ഈ വക ജോലികൾ ഞങ്ങൾ മറ്റൊരു സ്ഥലത്തു നിർദ്ദേശിച്ചിട്ടുള്ളതും, അതിനാൽ അവയ്ക്കു മാത്രം സംഘങ്ങൾ കേസയയ്ക്കേണ്ടതും ആയ, അസിസ്റ്റൻറു രജിസ്ട്രാറന്മാർക്കു കൈമാററം ചെയ്തോ കുറയ്ക്കാവുന്നതാണ്.

ബി. മദ്ധ്യസ്ഥൻെറ പക്കലുള്ള താമസം.

അടുത്തതു മദ്ധ്യസ്ഥൻെറ അടുത്തുണ്ടാകുന്ന താമസമാകുന്നു. മൈസൂർ രജിസ്ട്രാർ അദ്ദേഹത്തിൻെറ ഒടുവിലത്തെ റിപ്പോർട്ടിൽ ൧൯൦൬ കേസുകളിൽ ൧൨൭ കേസുകൾ മദ്ധ്യസ്ഥന്മാരുടെ പക്കൽ കിടപ്പുണ്ടെന്നും അവരെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നിട്ടും പല വർഷങ്ങളായി അവർ വച്ചിട്ടുള്ള കേസുകൾ തീരുമാനിക്കാതെയിരിക്കുന്നു എന്നും മദ്ധ്യസ്ഥന്മാരായിരിക്കുന്നതിന് ഏററവും നല്ല ആളുകളെ തിരഞ്ഞെടുക്കാൻ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും തീരുമാനത്തിലുണ്ടാകുന്ന അതിവൃദ്ധി വളരെ സാവധാനമാണെന്നും പരാതിപ്പെടുന്നു. ഇതു തിരുവിതാംകൂറിനും ഒരുപോലെ യോജിക്കുന്നതാണ്. എന്നാൽ ഇവിടെ മദ്ധ്യസ്ഥന്മാർക്കു കേസുകൾ അയയ്ക്കുമ്പോൾ അവ എവാർഡു കൂടാതെ തീരണമെന്നുള്ള ഉദ്ദേശത്തിന്മേൽ പ്രതികൾ പണം അടയ്ക്കുന്നതിനു അവരുടെ വ്യക്തിപരമായും സാമൂഹ്യമായും ഉള്ള സ്വാധീനശക്തികളും ഉപയോഗിക്കാൻ ഉപദേശിക്കുന്നുണ്ട്. മദ്ധ്യസ്ഥന്മാരുടെ പ്രേരണമൂലം പണം അടച്ചിട്ടുള്ളതായ പല ഉദാഹരണങ്ങളും ഉണ്ടെങ്കിലും ഈ ഉപദേശം ആവശ്യമില്ലെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. മദ്രാസ് സഹകരണമാന്വലിൽ (൧൯൭-ാം വശം) പറഞ്ഞിട്ടുള്ള പ്രകാരം രജിസ്ട്രാർക്കു കേസയയ്ക്കുന്നതു സംഘത്തിൻെറ അവസാനഉപായമായിരിക്കേണ്ടതും ഒരു കേസയയ്ക്കുന്നതിനുമുമ്പു് എല്ലാ സാദ്ധ്യമാർഗ്ഗങ്ങളും പരീക്ഷിക്കപ്പെടേണ്ടതും, കേസ് ഒരിക്കൽ അയച്ചുകഴിഞ്ഞാൽ വിധി കിട്ടുന്നതിൽ ഒരു താമസവും ഉണ്ടായിക്കൂടാത്തതുമാകുന്നു. വാദിസംഘങ്ങളിലെ സെക്രട്ടറിമാർ വിചാരണദിവസത്തിനുമുമ്പു പ്രതികളിൽ സമൻസ് നടത്തുന്നതിൽ കാണിക്കുന്ന ഉത്സാഹക്കുറവും, എന്തെങ്കിലും കാരണം പറഞ്ഞു വിചാരണദിവസങ്ങളിൽ അവർ ഹാജരാകാതെയിരിക്കുന്നതും, മദ്ധ്യസ്ഥന്മാരുടെ പക്കലുണ്ടാകുന്ന താമസത്തിനു മററു കാരണങ്ങളായി പറയപ്പെടുന്നു. ഏതു വിധേനയായാലും രജിസ്ട്രാരുടേയോ അസിസ്റ്റൻറു രജിസ്ട്രാരുടേയോ സിൽബന്തികളെ വർദ്ധിപ്പിച്ചു, അവർ കൂടക്കൂടെ കൊടുക്കുന്ന അറിയിപ്പുകൾകൊണ്ടും, നേരിട്ടുള്ള സന്ദർശനംകൊണ്ടും, മദ്ധ്യസ്ഥന്മാരെ ഏല്പിച്ചിട്ടുള്ള കേസുകൾ വേഗം തീരുമാനിക്കേണ്ട ആവശ്യത്തെപ്പററി നിർബന്ധിച്ചും മദ്ധ്യസ്ഥന്മാരുടെ പക്കലുണ്ടാകുന്ന താമസം പരിഹരിക്കപ്പെടാമെന്നു ഞങ്ങൾക്കുറപ്പുണ്ട്. മദ്ധ്യസ്ഥന്മാരുടെ പക്കൽ ആറുമാസത്തിൽ കൂടുതൽ കേസുകൾ കിടപ്പു വരുന്നില്ലെന്നു രജിസ്ട്രാർ നോക്കിക്കൊള്ളേണ്ടതാണ്.

താമസം പരിഹരിക്കാൻ കൂടുതൽ ശുപാർശകൾ.

വ്യ. കേസുകൾ വേഗം തീരുമാനിക്കുന്നതിലേക്കായി ഞങ്ങൾ താഴെ പറയുന്ന ശുപാർശകൾകൂടി ചെയ്യുന്നതാകുന്നു.

(൧) ബാംബെയിലെപ്പോലെ രജിസ്ട്രാർ നിശ്ചയിക്കുന്ന ഒരു തോതനുസരിച്ചു സംഘമുതലുകളിൽനിന്നു മദ്ധ്യസ്ഥഫീസ് ചുമത്തുന്നതിനും അതു സംഘത്തിൽനിന്നോ കേസിലെ കക്ഷിയിൽനിന്നോ കക്ഷികളിൽനിന്നോ ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതാണ്.

(൨) കക്ഷികൾക്കുവേണ്ടി വക്കീലന്മാർ മദ്ധ്യസ്ഥന്മാരുടെ മുമ്പാകെ ഹാജരാകാൻ അനുവദിക്കപ്പെടാത്തതാകുന്നു. ഈ നടപടി എല്ലാപ്രോവിൻസുകളിലും നടപ്പിൽ വന്നുകൊണ്ടിരിക്കുന്നു.

൩. രജിസ്ത്രാർ മുൻകൂട്ടിയുള്ള ഗവണ്മെൻറനുവാദത്തോടുകൂടി ഓരോ താലൂക്കിലും ആറുപേർവീതം അടങ്ങിയ ഒരു സമിതി മദ്ധ്യസ്ഥജോലികൾ ചെയ്യുന്നതിനായി ഏർപ്പെടുത്തേണ്ടതും അവരുടെ പേരുവിവരം ഗവണ്മെൻറുഗസററിൽ പരസ്യപ്പെടുത്തേണ്ടതും ആകുന്നു.

൪. രജിസ്ത്രാർ നിശ്ചയിക്കുന്ന സമയത്തു കേസുകൾ തീരുമാനിക്കാത്ത മദ്ധ്യസ്ഥന്മാരിൽനിന്നും കേസുകൾ പിൻവലിച്ചു തന്നത്താൻ തീരുമാനിക്കുന്നതിനോ വീണ്ടും മദ്ധ്യസ്ഥനോ മദ്ധ്യസ്ഥന്മാർക്കോ അയച്ചുകൊടുക്കുന്നതിനോ അദ്ദേഹത്തിന് അധികാരം ഉണ്ടായിരിക്കേണ്ടതാണ്.

(൫) പഞ്ചാബിലെപ്പോലെ വിധിനടത്തുകൾക്ക ഐക്യസംഘങ്ങൾ ഏർപ്പെടുത്തുക. ൧൯൩൦ അവസാനത്തിൽ ഇത്തരം ൨൬ ഐക്യസംഘങ്ങൾ ഉണ്ടായിരുന്നു. അവാർഡുകൾ നടത്തുന്നതിനായി സംഘങ്ങൾ അവയെ ഐക്യസംഘങ്ങൾക്ക അയയ്ക്കുകയും അതിലേക്ക പ്രതിഫലമായി ഒരു നിശ്ചിതതോതനുസരിച്ചുള്ള കമ്മിഷൻ ഈടാക്കുകയും ചെയ്തുവരുന്നു. അപ്രകാരമുള്ള ഐക്യസംഘങ്ങൾക്ക ശമ്പളക്കാരായി ഒരു സൂപ്രണ്ടും ഒരു ഏജൻറും ഉണ്ടായിരിക്കുന്നതാണ്. ഈ ഐക്യസംഘങ്ങൾ പണപ്പിരിവുജോലിയും ചെയ്യാറുണ്ട്. അവക്ക പല കുറവുകളും വിഷമതകളും ഉണ്ടെങ്കിലും വിധിനടത്തുപകക്ക് അവ വളരെ അത്യാവശ്യമായിട്ടുള്ളതാണെന്നു പൊതുവെ സമ്മതിക്കപ്പെട്ടിരിക്കുന്നു.

രജിസ്ത്രാർക്ക് അപ്പീൽ.

൬. വിധിനടത്തിലുള്ള കാലതാമസത്തെപ്പററി പറയുന്നതിനു മുമ്പായി ഇപ്പോഴത്തെ റഗുലേഷനിലും ചട്ടങ്ങളിലും ഒരു വലിയ കുറവുണ്ടെന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. അതായതു മദ്ധ്യസ്ഥന്മാരുടെ വിധിയിന്മേൽ അപ്പീലിനു വ്യവസ്ഥ ചെയ്യാതെയിരുന്നതു്. അവാർഡുകളെസംബന്ധിച്ചുള്ള സാധാരണ നടപടിപ്രകാരം ഒരു അവാർഡുകൊടുത്തു രജിസ്ത്രാർക്ക് അയച്ചാൽ മദ്ധ്യസ്ഥൻെറ ജോലി അവസാനിക്കുന്നതാണ്. അവാർഡിൽ എന്തെങ്കിലും ന്യൂനത രജിസ്ത്രാർ കണ്ടാൽ ഇപ്പോഴത്തെ നടപടി അനുസരിച്ച് ആ ന്യൂനത പരിഹരിക്കുന്നതിനും, അവാർഡയച്ചപ്പോൾ മദ്ധ്യസ്ഥൻെറ ജോലി അവസാനിച്ചുപോകയാൽ, അദ്ദേഹത്തിനെക്കൊണ്ട് ആ ന്യൂനത പരിഹരിച്ചു വരുത്തുന്നതിനും രജിസ്ത്രാർക്ക് അധികാരമുണ്ട്. വിധി നടത്താനായി രജിസ്ത്രാർ അവാർഡുകളെ സംഘങ്ങളിലേക്ക് അയക്കുന്നതിനു മുമ്പായി അദ്ദേഹം ഈ കുറവുകൾ പരിഹരിക്കുന്നു. മദ്ധ്യസ്ഥതയെ സംബന്ധിച്ച വകുപ്പുകളിൽ ഇതിലേക്ക യോജിച്ചതായ ഒരു ചട്ടം ഏർപ്പെടുത്തി അവാർഡുകൾ കക്ഷികൾക്ക് അയക്കുന്നതിനു മുമ്പായി അവയെ ഭേദപ്പെടുത്തുന്നതിനു രജിസ്ത്രാർക്ക് അധികാരം നൽകി ഈ നടപടിയെ ക്രമീകരിക്കേണ്ടതാണ്. മദ്ധ്യസ്ഥന്മാർ മിക്ക അവസരങ്ങളിലും നിയമപരിജ്ഞാനം കുറഞ്ഞവരാകുന്നു. പല കുറവുകളും തെററുകളും വരാമെന്നുള്ളതാണ് അതിൻെറ ഫലം. ഇവ കാരണം അവ കോടതികളിൽ കൊണ്ടുപോകുമ്പോൾ തള്ളപ്പെട്ടുപോകുന്നു. അതിനാൽ മദ്ധ്യസ്ഥന്മാരുടെ വിധിയിന്മേൽ രജിസ്ത്രാർക്ക അപ്പീലിനു അനുവാദം നൽകേണ്ടതും പുതിയ റഗുലേഷനിൽ അതിനു വ്യവസ്ഥ ഉണ്ടാക്കേണ്ടതും ആണ്.

൮. വിധിനടത്തുകളും ഇപ്പോഴത്തെ നടപടിയുടെ പരാജയവും.

൧൦. പ്രസ്ഥാനത്തിന്റെ ആദ്യവർഷങ്ങളിൽ എവാർഡുകൾ റവന്യൂകോടതികൾ മുഖാന്തിരം നടത്തുന്നതിനുള്ള സൌകര്യം സഹകരണ സംഘങ്ങൾക്കു അനുവദിച്ചിരുന്നില്ല. അന്ന് സംഘങ്ങൾക്കുണ്ടായിരുന്ന ഏക മാർഗ്ഗം സിവിൽകോടതികളായിരുന്നു. സിവിൽകോടതികൾമുഖാന്തിരം വിധിനടത്തുന്നതിലുള്ള അസാമാന്യ കാലതാമസം, ഈടാക്കേണ്ട തുകകൾ ഊർജ്ജിതമായി ഈടാക്കേണ്ട ആവശ്യം, ചില പ്രോവിൻസുകളിൽ വേഗത്തിൽ നടപടികൾ നടത്തുന്നതിനു സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്നിവ അന്നിരുന്ന രജിസ്ത്രാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ൧൦൯൮ (൧൯൨൨-൨൩)-ൽ എവാർഡു സംഖ്യ കരക്കുടിശ്ശികപോലെ ഈടാക്കുന്നതിനുള്ള വ്യവസ്ഥചെയ്തു ചട്ടങ്ങൾ പുതുക്കുകയും ചെയ്തു. എന്നാൽ ഇതും അല്പകാലത്തെ പരിചയം കൊണ്ടു പ്രയാസമുള്ളതായി കാണപ്പെട്ടു. ൧൧൦൫ (൧൯൨൯-൩൦)-ലെ വാർഷികറിപ്പോർട്ടിൽ രജിസ്ത്രാർ താഴെപറയുംപ്രകാരം എഴുതിയിരുന്നു. "ചട്ടപ്രകാരം അവാർഡുകൾ കിട്ടിക്കഴിഞ്ഞാൽ അവനടത്തുന്നതിന് സംഘങ്ങൾക്കു രണ്ടുമാർഗ്ഗങ്ങൾ ഉണ്ട്. എളുപ്പമുണ്ടായിരിക്കുമെന്നു കരുതി സംഘങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നതു റെവന്യൂഡിപ്പാർട്ടുമെന്റു മുഖേന തുകകൾ ഈടാക്കുന്നരീതിയാകുന്നു. ഇതു അനുഭവത്തിൽ ഏതാണ്ടു അവാസ്തവമെന്നു കണ്ടിരിക്കുന്നു." അടുത്ത വർഷം രജിസ്ത്രാർ വീണ്ടും ഇപ്രകാരം എഴുതിയിരിക്കുന്നു. "റെവന്യൂഡിപ്പാർട്ടുമെന്റു മുഖാന്തിരം എളുപ്പത്തിൽ വിധിനടത്തുപലിക്കുന്നില്ലെന്നു സംഘങ്ങളിൽനിന്നും പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നു. പലപ്രോവിൻസുകളിലും ഇപ്പോഴുള്ള ചട്ടങ്ങളിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ടുള്ള നിശ്ചയങ്ങൾ പാസ്സാക്കപ്പെട്ടിട്ടുണ്ട്. കുടിശ്ശികയ്ക്കു കാരണം റെവന്യൂഡിപ്പാർട്ടുമെന്റു മുഖാന്തിരം വിധികൾ നടത്താനുള്ള കാലതാമസമാണെന്നു അവയിൽ പറയുന്നു. ഇതു വളരെ വാസ്തവമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. മുതലുകൾ ഈടാക്കാൻ സംഘങ്ങൾക്കു ഊർജ്ജിതവും എളുപ്പവുമായ മാർഗ്ഗങ്ങൾ ചട്ടം അനുവദിക്കുന്നു എങ്കിലും പ്രയോഗത്തിൽ അതു ഏർപ്പാടുകൾ ശരിക്കു പ്രവർത്തിക്കുന്നില്ലെങ്കിൽ, താമസംകൂടാതെ വേണ്ട ഭേദഗതികൾ വരുത്തേണ്ടതു ശരിയായിട്ടുള്ള കാര്യമാണെന്നു വിചാരിക്കയും ചെയ്യുന്നു". ഈ റിമാർക്കുകൾ അടുത്തകൊല്ലങ്ങളിലും ആവർത്തിക്കപ്പെടുകയും, റെവന്യൂ ഡിപ്പാർട്ടുമെന്റിൽ കിടപ്പുണ്ടായിരുന്ന കേസുകൾ ൧൧൦൩-ൽ ൨൩൭൧-ആയിരുന്നതു ൧൧൦൭-ൽ ൨൮൪൨-ആയും ൧൧൦൮-ൽ ൫൨൮൦-ആയും വർദ്ധിക്കുകയും ചെയ്തു.

പുതിയമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

൧൧. സംഘങ്ങളുടെ ആവശ്യം സാധിക്കുന്നതിനു ഇപ്പോൾ ഉള്ളതിൽനിന്നും വ്യത്യസ്ഥങ്ങളായ മാർഗ്ഗം ആവശ്യമാണെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു വിശദമായിട്ടുള്ളതും തിരുവിതാംകൂർ ബാങ്കിംഗ് അന്വേഷണകമ്മിററി ശുപാർശചെയ്തിട്ടുള്ള പ്രകാരം വിധിനടത്തുന്നതിലുള്ള കാലതാമസങ്ങളെപ്പററി അന്വേഷിക്കുന്നതിനു ലാൻഡ്‌റവന്യൂ കമ്മീഷണരോടു ആവശ്യപ്പെട്ടതിൽ വലിയപ്രയോജനമുണ്ടെന്നു ഞങ്ങൾക്കു വിചാരമില്ലാത്തതും ആകുന്നു. ദീർഘകാലമായി നിലനിന്നുവരുന്നതായി പരാതിപ്പെട്ടിരിക്കുന്നതായ ഈ ദോഷം പരിഹരിക്കുന്നതിനുള്ള പ്രായോഗിക പദ്ധതിയുണ്ടാക്കണമെന്നുദ്ദേശിച്ചു ഞങ്ങൾ ഈ പ്രശ്നം മുഴുവനും ഗാഢമായി ചിന്തിക്കയും, വിഷമതകൾ മാററുന്നതിനു രാജ്യത്തിനു പുറമേ അംഗീകരിച്ചിട്ടുള്ള പല പദ്ധതികളും പരിശോധിക്കയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തെ പോലെ കമ്മിററിയുടെ റിപ്പോർട്ടിലെ മറെറാരു ഭാഗത്തിനും ഇതിലെ അംഗങ്ങളുടെ സമയവും ആലോചനയും ഇത്രത്തോളം ആവശ്യമായി വന്നിട്ടില്ലെന്നുള്ളതും ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ചില അഭിഭാഷകന്മാരോടും രാജ്യത്തെ അടുത്തുപരിചയമുള്ള ഉദ്യോഗസ്ഥന്മാരോടും പല പരിഹാരമാർഗ്ഗങ്ങളും ആലോചിച്ചു. അന്വേഷണമദ്ധ്യേ ഞങ്ങളോടു നിർദ്ദേശിച്ചിട്ടുള്ളതായ മാർഗ്ഗങ്ങൾ താഴെവിവരിക്കുന്നു.

(൫) സഹകരണ സംഘങ്ങളുടെ വിധിനടത്തുകേസുകൾ തീർക്കുന്നതിലേക്കായി മാത്രം കോടതികളിലേയും റവന്യൂഡിപ്പാർട്ടുമെൻറിലേയും ജീവനക്കാരെ വർദ്ധിപ്പിക്കുക.

(൬) വില്ലേജ്പഞ്ചായത്തും ബഞ്ചു മജിസ്ത്രേട്ടും കോടതികളെപ്പോലെ ജോലി ചെയ്യുന്നതായി, ഇപ്പോൾ സിവിൽകോടതികൾക്കും റവന്യൂകോടതികൾക്കും ഉള്ള അധികാരങ്ങളോടുകൂടി, സഹകരണ മദ്ധ്യസ്ഥകോടതികൾ എന്ന പേരിൽ ഒരു പുതിയ തരം കോടതികൾ സ്ഥാപിക്കുക.

(൭) മദ്ധ്യസ്ഥന്മാരെ നിയമിക്കാൻ രജിസ്ട്രാർ സംഘങ്ങളെ അധികാരപ്പെടുത്തുകയും സിവിൽ കോർട്ടിലൊ റവന്യൂകോർട്ടിലൊ അതതു അവസ്ഥപോലെ അവാർഡുകൾ നടത്തുന്നതിനു അവക്കു അധികാരം നൽകുകയും രജിസ്ട്രാർ നിശ്ചയിക്കുന്ന ഒരു തോതിൽ സംഘങ്ങളിൽ നിന്നു കമ്മിഷൻ ഈടാക്കുകയും ചെയ്ക.

(൮) മൈസൂറിലും ബാംബേയിലും ഉള്ളതുപോലെ സഹകരണ സംഘങ്ങളിലേക്കു ഈടാക്കേണ്ട തുകകൾ പിരിക്കുന്നതിനു പ്രത്യേക ഏജൻസികൾ ഉണ്ടായിരിക്കുക. സഹകരണ സംഘങ്ങൾക്കു കൊടുക്കുന്ന വിധികൾ നടത്താനായി മൈസൂറിൽ അവയെ ഡിപ്പുടികമ്മീഷണർക്കും ബാംബേയിൽ കളക്ടർക്കും അയക്കേണ്ടതാണ്. ഏതായാലും ഒരു പ്രത്യേക സ്ഥലത്തു നടത്താനുള്ള വിധികൾ കൂടുതലാണെങ്കിൽ സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടറന്മാരെ അവക്കു വേണ്ടി കമ്മിഷൻ പുറത്തി നിയമിക്കുന്നതിനു റവന്യൂകമ്മീഷണരെയൊ കളക്ടറെയൊ അതതു അവസ്ഥപോലെ ഗവർമെൻറു അധികാരപ്പെടുത്തുന്നു.

(൯) മദ്രാസിലെപ്പോലെ സെയിലാഫീസർമാരെ നിയമിക്കുക.

മദ്രാസിലെ രീതി ശുപാർശചെയ്യുന്നു.

൫൨. മദ്രാസ് നിയമം ൫൭-ാംവകുപ്പനുസരിച്ചുള്ള പണം ഈടാക്കേണ്ടതിലേക്കായി ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘം ഒരു സിവിൽകോടതിയുടെ ഡിക്രിയോ ഉത്തരവോ രജിസ്ട്രാരുടെയോ മദ്ധ്യസ്ഥൻെറയോ ഒരു തീർപ്പോ രജിസ്ട്രാരുടെയൊ ഇടപാടുതീർപ്പുകാരൻെറയോ ഒരു ഉത്തരവോ സമ്പാദിക്കുമ്പോൾ രജിസ്ട്രാരോ, അതിലേക്കു അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ളതായി അദ്ദേഹത്തിനു താഴെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ഡിക്രിയോ, തീർപ്പോ, അവാർഡോ ഉത്തരവോ ആരുടെ പേരിൽ കൊടുക്കപ്പെട്ടിരിക്കുന്നുവോ ആ ആളുടെ വസ്തു ജപ്തിചെയ്തു വിററു അതിൻ പ്രകാരമുള്ള തുക ഈടാക്കാവുന്നതാണ്. ഈ വകുപ്പുപ്രകാരമുള്ള നടപടി ആവശ്യപ്പെടുന്ന വിധിയുടമസ്ഥൻ വ്യവഹാരകാരണം ഉത്ഭവിച്ച ഡിസ്ട്രിക്ടിലെ രജിസ്ട്രാർക്കു അപേക്ഷ കൊടുക്കേണ്ടതും രജിസ്ട്രാർ നിശ്ചയിക്കുന്ന കണക്കനുസരിച്ചുള്ള ചിലവു കെട്ടിവക്കേണ്ടതും ആണ്. അയാൾക്കു പണയപ്പെടുത്തിയിട്ടുള്ള സ്ഥാവരവസ്തുക്കളിലൊ മററു സ്ഥാവരവസ്തുക്കളിലൊ പ്രവേശിക്കുകയൊ ജംഗമങ്ങൾ ജപ്തിചെയ്കയോ ഏതാണു ആദ്യം ചെയ്യേണ്ടതായി അയാൾ ആഗ്രഹിക്കുന്നതെന്നും അപേക്ഷയിൽ കാണിച്ചിരിക്കേണ്ടതാണ്. അപേക്ഷയിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ ശരിയും സത്യവും ആണോ എന്നു രജിസ്ട്രാർ അദ്ദേഹത്തിൻെറ ആഫീസിൽ റിക്കാർട്ടുകൾ ഉണ്ടായിരുന്നാൽ അവയുമായി ഒത്തുനോക്കി ഡിമാൻഡുനോട്ടീസ് തയ്യാറാക്കി സെയിലാഫീസർക്കു അയക്കുന്നു. സെയിലാഫീസർ എന്നതു രജിസ്ട്രാരുടെ പൊതുവായയോ പ്രത്യേകമായയോ ഉള്ള ഉത്തരവിനാൽ വീഴ്ചക്കാരുടെ വസ്തുക്കൾ ജപ്തിചെയ്തു വില്ക്കുന്നതിനു അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഡിപ്പാർട്ടുമെൻറിലെ ഒരു ഉദ്യോഗസ്ഥൻ എന്നു അർത്ഥവിവരണം ചെയ്തിരിക്കുന്നു. സെയിലാഫീസർ അനുവർത്തിക്കേണ്ട നടപടികൾ നമ്മൾ ചട്ടങ്ങളിൽ കൊടുത്തിട്ടുണ്ട്. ൫൭-ജൂണിയർ ഇൻസ്പെക്ടറന്മാരെയും ഏഴു ഡിപ്പുട്ടി രജിസ്ട്രാറന്മാരെയും ഇതിലേക്കു നിയമിച്ചിട്ടുണ്ടെന്നു ഇപ്പോഴത്തെ രജിസ്ട്രാർ മി. റി. ആസ്ററിൻ എഴുതി അറിയിച്ചിരിക്കുന്നു. വിധികൾ നടത്താൻ അയക്കുന്ന സംഘങ്ങളിൽനിന്നു പിരിക്കപ്പെടുന്ന ഫീസ് കൊണ്ടു ഈ സിൽബന്തികളുടെ ചിലവു നടത്തേണ്ടതാണ്. രജിസ്ട്രാർക്കു കിട്ടിയിട്ടുള്ള ഏതെങ്കിലും

കേസിലെ ഒരു കക്ഷി വിധിനടത്തു തടസ്സംചെയ്കയോ താമസിപ്പിക്കയോ ചെയ്യുന്നു എന്നുള്ള ഉദ്ദേശത്തിന്മേൽ അയാളുടെ വസ്തുക്കൾ മുഴുവനുമോ ഏതാനുമോ കൈമാററംചെയ്യാൻ ഭാവിക്കുന്നതായി രജിസ്ത്രാർക്കു ബോദ്ധ്യമായാൽ, ആ കക്ഷി മതിയായ ജാമ്യംകൊടുക്കാത്ത പക്ഷം, ആ വസ്തുക്കൾ താല്ക്കാലികമായി ജപ്തിചെയ്യാൻ രജിസ്ത്രാർക്കു റഗുലേഷൻപ്രകാരം അധികാരവും നല്കപ്പെട്ടിരിക്കുന്നു. ആവാർഡുതുകകൾ ഈടാക്കുന്നതിനു മററു സ്ഥലങ്ങളിൽ പരീക്ഷിക്കപ്പെട്ടിട്ടുള്ള പലമാർഗ്ഗങ്ങളിലുംവെച്ചു മേല്പറഞ്ഞമാർഗ്ഗം കൂടുതൽ നന്നെന്നു ഞങ്ങൾ വിചാരിക്കുന്നതാകുന്നു; അതായതു മദ്രാസിലെപ്പോലെ വിധിത്തുകകൾ ഈടാക്കുന്നതിനു സെയിലാഫീസർമാരെ നിയമിക്കുന്ന രീതി, ആദ്യത്തെ രണ്ടു ഉപായങ്ങളും അതായതു് വിധിനടത്തു ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കയും മദ്ധ്യസ്ഥകോടതികൾ സ്ഥാപിക്കയും ചെയ്യുന്നതു വളരെ ചിലവും പല വിഷമങ്ങളും ഉള്ള കാര്യങ്ങളാണെന്നു ഞങ്ങൾക്കു തോന്നുന്നു. മൈസൂറിലെയും ബാംബെയിലെയും പദ്ധതി പരീക്ഷണ ഘട്ടത്തിൽ മാത്രം ഇരിക്കുന്നതും അതു എത്രത്തോളം ഫലപ്രദമായിരിക്കുമെന്നു ഞങ്ങൾക്കു ഇപ്പോൾ പറവാൻ കഴിയാത്തതും ആണ്. പഞ്ചാബ് ഐക്യസംഘങ്ങൾ തിരുവിതാംകൂറിനു യോജിച്ചതായി ഞങ്ങൾക്കു തോന്നുന്നില്ല. മദ്രാസിലെയും തിരുവിതാംകൂറിലെയും സ്ഥിതികൾക്കു പല അംശത്തിലും സാമ്യമുള്ളതും മദ്രാസിൽ ഉണ്ടായിട്ടുള്ള അനുഭവം ഇവിടത്തെ പ്രസ്ഥാനത്തിന്റെ നന്മയ്ക്കായി ഈ രാജ്യത്തു സാധാരണ പകർത്താറുള്ളതും ആണല്ലൊ. അതിനാൽ മദ്രാസ് രീതിക്കു പ്രാധാന്യംകല്പിച്ചിട്ടുള്ളതു ന്യായീകരിക്കാവുന്നതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. ആവശ്യമുള്ള ഭേദഗതികൾ റഗുലേഷനിലും ചട്ടങ്ങളിലും ഞങ്ങൾ വരുത്തിയിട്ടുണ്ട്.

അദ്ധ്യായം. ൨൭,

ഇടപാടുതീർപ്പ്.

ഇപ്പോഴത്തെ നില.

൧൧൦൮-അവസാനത്തിൽ ഇടപാടുതീർപ്പിൻെറ പലഘട്ടങ്ങളിലിരിക്കുന്നതായി ൧൨൧-സംഘങ്ങളുണ്ടായിരുന്നു എന്നു റിപ്പോർട്ടിൽനിന്നു കാണുന്നു. പ്രസ്തുതവർഷത്തിൽ ൩൮ സംഘങ്ങൾകൂടി റദ്ദുചെയ്യപ്പെട്ടിട്ടുണ്ട്. അങ്ങിനെ ഇപ്പോൾ ഇടപാടുതീർപ്പിലിരിക്കുന്നതായി ൧൫൯ സംഘങ്ങളുണ്ട്. ഇത്രയേയുള്ളുവെങ്കിൽ അതൊരു വലിയസംഖ്യയല്ല. എന്നാൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്നവയിൽ ൫൦൦-സംഘങ്ങളിൽ കൂടുതൽ റദ്ദുചെയ്യത്തക്കനിലയുള്ളവയാണെന്നും ഇടപാടുതീർപ്പു നടപടികളിലുള്ള ബുദ്ധിമുട്ടുകളും അതുനടത്തുന്നതിനുള്ള ആളുകളുടെ കുറവും ഓർത്തു റദ്ദുചെയ്യുള്ള ഉത്തരവും മനഃപ്പൂർവ്വം താമസിപ്പിക്കുകയാണെന്നും ഉള്ള വിവരം അറിയുമ്പോഴാണ് കാര്യത്തിൻെറ ഗൌരവസ്ഥിതി മനസ്സിലാക്കുന്നത്.

ഇടപാടുതീർപ്പു ജോലിയുടെ വർദ്ധന.

(൨) ഡിപ്പാർട്ടുമെൻറിൻെറ ചരിത്രത്തിൽ ആദ്യമായി ഒരു സംഘം റദ്ദുചെയ്തതു ഡിപ്പാർട്ടുമെൻറു പ്രവർത്തിച്ചു തുടങ്ങിനശേഷം മൂന്നാമത്തെ കൊല്ലത്തിലായിരുന്നു. ആ കൊല്ലം രണ്ടു സംഘങ്ങൾ, ഒന്നൊരു വിതരണസംഘവും മററു ഒരു ധനസഹായസംഘവും, റദ്ദുചെയ്യപ്പെട്ടു. ഈ സംഘങ്ങളുടെ ഇടപാടുതീർപ്പു അതതു സ്ഥലത്തെ ഇൻസ്പെക്ടറന്മാരെ ചുമതലപ്പെടുത്തി. കാലാന്തരത്തിൽ സംഘങ്ങൾകൂടിയും കൂടക്കൂടെ റദ്ദുചെയ്യപ്പെട്ടും വന്നപ്പോൾ അന്യഉദ്യോഗസ്ഥന്മാരെയും ഇടപാടുതീർപ്പുജോലി ചുമതലപ്പെടുത്തിത്തുടങ്ങി. അന്യഉദ്യോഗസ്ഥന്മാരെ ഈ ജോലി ഏല്പിച്ചാൽ വലിയ പുരോഗമനം ഇല്ലെന്നു കാണപ്പെട്ടു. അതിനാൽ ൧൧൦൭-ൽ ഇടപാടുതീർപ്പുജോലികൾക്കു മാത്രമായി ഗവൺമെൻറു രണ്ടു ഇൻസ്പെക്ടറന്മാരെ അനുവദിച്ചു. എന്നാൽ ഇതുകൊണ്ടും കാര്യമായില്ലെന്നു താഴെയുള്ള പട്ടികയിൽ നിന്നു കാണാവുന്നതാണ്.

കഴിഞ്ഞ ൫ കൊല്ലം ഇടപാടുതീർപ്പിലുണ്ടായിട്ടുള്ള അഭിവൃദ്ധി.

വർഷം	ആണ്ടാരംഭത്തിൽ ഇടപാടു തീർപ്പാൻ ഇരുന്ന സംഘങ്ങൾ	തൻ കൊല്ലം റദ്ദുചെയ്യപ്പെട്ട സംഘങ്ങൾ	തൻ കൊല്ലം ഇടപാടുതീർപ്പു അവസാനിപ്പിച്ച സംഘങ്ങൾ	ആണ്ടവസാനത്തിൽ ബാക്കി വന്ന സംഘങ്ങൾ
൧൧൦൪	൫൫	൨൬	൬	൭൫
൧൧൦൫	൭൫	൪	൨	൭൭
൧൧൦൬	൭൭	൧൯	൫	൯൧
൧൧൦൭	൯൧	൩൪	൪	൧൨൧
൧൧൦൮	൧൨൧	൩൮	൨൨	൧൩൭

നാലു അഫിഷ്യൽ ലിക്വിഡേററർമാരെക്കൂടി നിയമിക്കാൻ ശുപാർശ.

൩. ഈ അഫിഷ്യൽ ലിക്വിഡേററർമാർക്കു (ഈ ഇൻസ്പെക്ടർമാരെ അങ്ങിനെയാണു വിളിച്ചുവരുന്നതു്) ആണ്ടിൽ ശരാശരി പത്തോ പതിനഞ്ചോ സംഘങ്ങളിൽ കൂടുതൽ ഇടപാടുതീർപ്പു പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഞങ്ങളുടെ അന്വേഷണങ്ങൾക്കിടയ്ക്കു സംഘങ്ങളുടെ ഇടപാടുതീർപ്പു ജോലികൾ വേഗത്തിൽ തീർക്കുന്നകാര്യത്തിൽ ക്രമാതീതമായ കാലതാമസം ഉണ്ടാകുന്നതായി പല പരാതികളും കിട്ടിയിട്ടുണ്ടു്. കൂട്ടുനീട്ടിക്കൊണ്ടിരുന്നാൽ ഇപ്രകാരമുള്ള നടപടികൾക്കുള്ള ശാസകളും പൊയ്പ്പോകുന്നതാണു്. ഈ വിഷയത്തെപ്പററി ഞങ്ങൾ ചെയ്തിട്ടുള്ള അന്വേഷണത്തിൽനിന്നും മനസ്സിലായതു ഇടപാടുതീർപ്പിൽ ഇങ്ങിനെ അധികമായി ഉണ്ടാകുന്ന പരാതികൾക്കു പ്രധാന കാരണം ജോലിക്കുള്ള ആൾ കുറവാണെന്നാണു്. അതിനാൽ ആറു ഇൻസ്പെക്ടർമാരെ ഇടപാടുതീർപ്പുജോലികൾക്കായിട്ടു മാത്രം നിയമിക്കണമെന്നു ഞങ്ങൾ ശുപാർശ ചെയ്യുന്നു.

അനുദ്യോഗസ്ഥന്മാരെ ഇടപാടുതീർപ്പിനു നിയമിക്കുക.

൪. പ്രാപ്തിയും യോഗ്യതയും ഉള്ള അനുദ്യോഗസ്ഥന്മാരെ ഇടപാടുതീർപ്പുജോലി ഏല്പിക്കുന്നതിൽ ആക്ഷേപമുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. എന്നാൽ അവരുടെ ഉത്സാഹക്കുറവുമൂലം ജോലിതടസ്സപ്പെടുന്നില്ലെന്നും അവർ ലിക്വിഡേഷൻ ഇൻസ്പെക്ടർമാരൊടൊപ്പംതന്നെ ജോലി ചെയ്യുന്നുണ്ടെന്നും ഡിപ്പാർട്ടുമെൻറു ശ്രദ്ധിക്കേണ്ടതാണു്. ഈ ചുമതലയേറിയ ജോലി വഹിക്കുന്നതിനു ഒരു പ്രേരണയായി ഈ അനുദ്യോഗസ്ഥ ലിക്വിഡേററന്മാർക്കു അവർ പിരിക്കുന്ന തുകയനുസരിച്ചു സംഘമുതലുകളിൽനിന്നും രജിസ്ട്രാർ നിശ്ചയിക്കുന്ന ഒരു കമ്മീഷൻ കൊടുക്കണമെന്നു ഞങ്ങൾ നിർദ്ദേശിക്കുന്നു.

ആളുകളുടെ കുറവിനുപുറമെ യഥാകാലം ഇടപാടുതീർപ്പു ജോലികൾ നടക്കാതിരിക്കാനുള്ള മറെറാരു കാരണം മുതലുകൾ ഈടാക്കുന്ന വിഷയത്തിലുള്ള നടപടികളിലുണ്ടാകുന്ന വിഷമതകളാകുന്നു.

ഇടപാടുതീർപ്പുകാരുടെ അധികാരങ്ങൾ.

൫. ഈ വിഷമതകൾ പരിഹരിക്കുന്നതിനു ലിക്വിഡേററർമാർക്കു താഴെപറയുന്ന കൂടുതൽ അധികാരങ്ങൾകൂടി നൽകപ്പെടണമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു.

(൧) കേസുകൾ മദ്ധ്യസ്ഥ വിചാരണയ്ക്കു അയക്കുന്നതിനും,

(൨) മെമ്പറന്മാരിൽനിന്നും മുമ്പു മെമ്പറന്മാരായിരുന്നവരിൽനിന്നും മരിച്ചുപോയ മെമ്പറന്മാരുടെ സ്വത്തുക്കളിൽനിന്നും ഈടാക്കാനുള്ള കടങ്ങൾ ലിക്വിഡേററർമാരുടെ അംശദായ ഉത്തരവുകളിൽ ഉൾപ്പെടുത്തുന്നതിനും,

(൩) സംഘം മുതലുകൾ അനുവദിക്കുന്നപ്രകാരം സംഘം റദ്ദുചെയ്ത തീയതിവരെ പലിശയുൾപ്പെടെ അതിൻെറ ബാദ്ധ്യതകൾ മുഴുവനുമോ വീതപ്രകാരമോ കൊടുക്കുന്നതിനും ബാക്കിവരുന്ന മുതൽ റദ്ദുചെയ്ത തീയതിമുതൽ കരാർ എപ്രകാരമായിരുന്നാലും ൬ ശതമാനത്തിൽ കവിയാത്തവണ്ണം ലിക്വിഡേററർ നിശ്ചയിച്ചിരുന്ന പലിശ കൊടുക്കുന്നതിനും,

(൪) സംഘമുതലിലേക്കുള്ള അംശദായകമായോ ഇടപാടുതീർപ്പുചിലവിലേക്കായോ ഈടാക്കേണ്ടുന്ന തുകകൾ രജിസ്ട്രാർ ഡിവിഷൻപേഷ്കാർക്കു കൊടുക്കുന്ന അപേക്ഷയനുസരിച്ചു കരക്കുടിശിഖപോലെ ഈടാക്കുന്നതിനും,

അവാർഡുകളും ഡിക്രികളും അന്യരാജ്യങ്ങളിൽ നടത്തുന്ന വിധം.

(ന) മദ്ധ്യസ്ഥന്മാരുടെയും ഇടപാട്ടുതീർപ്പുകാരുടേയും അവാർഡുകൾ നടത്തുന്ന മാർഗ്ഗത്തെപ്പററി മൈസൂർ ബാംബേ ഗ്രേസ്സ് എന്നീ സ്ഥലങ്ങളിലെ രജിസ്ത്രാരന്മാരിൽനിന്നും ഞങ്ങൾ വിവരങ്ങൾ ആവശ്യപ്പെട്ടുവരുത്തിയിട്ടുള്ളതും, പക്ഷാന്തരമായി അവ സ്വീകരിക്കാവുന്നതാണെന്നു ഞങ്ങൾ നിർദ്ദേശിക്കുന്നതും ആണ്. അതിനാൽ ഈ മൂന്നു ലാററുകളും ഞങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. പുറത്തുനിന്നും കടം വാങ്ങിയിട്ടില്ലാത്ത സംഘങ്ങളുടെ കാര്യത്തിൽ വായ്പകൾക്കുണ്ടാകുന്ന തീയതിവരെയുള്ള പലിശയും പിഴയും ഇടപാട്ടുതീർപ്പുകാർ ഇപ്പോൾ ഉണ്ടാക്കിവരുന്ന നടപടി നിറുത്തലപ്പെടേണ്ടതാണെന്നു ഞങ്ങൾ നിർദ്ദേശിക്കുന്നു.

രജിസ്ത്രാർക്കു അപ്പീലുകൊടുക്കാൻ വ്യവസ്ഥ.

(വ) സംഘമെമ്പറന്മാരുടെ താല്പര്യങ്ങളെ രക്ഷിക്കുന്നതിനായി ഇടപാട്ടുതീർപ്പുകാരുടെ ഉത്തരവുകളിന്മേൽ രജിസ്ത്രാർക്കു അപ്പീലിനുള്ള വ്യവസ്ഥചെയ്യേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. ഇടപാട്ടുതീർപ്പുജോലി പരമാന്ത്യമായി നിയമപ്പെടുത്തുകയും സംഘങ്ങൾ കോടതികളിൽ പോകാതെ വിരോധിക്കയും ചെയ്യേണ്ടതാണ്.

ഇടപാട്ടുതീർപ്പു തീരിപ്പിക്കുന്നതിനായി ചില പ്രത്യേക കേസുകളിൽ പിരിവുജോലികൾക്കു ഏജൻറന്മാരെ നിയമിക്കാൻ ലിക്വിഡേററർമാരെ അനുവദിക്കേണ്ടതു അഭിലഷണീയമാണ്.

ഊർജ്ജിതപ്പെടുത്താത്ത സംഘം റദ്ദുചെയ്യുള്ള ഉത്തരവുകൾ.

വ്യ. സംഘങ്ങൾ റദ്ദുചെയ്യുള്ള ഉത്തരവുകൾ ഊർജ്ജിതത്തിൽ വരുത്താതെയിരിക്കുന്നതായ ഒരു നടപ്പുണ്ടെന്നു ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അവസാനമായി റദ്ദുചെയ്യുന്നതിനു മുമ്പു സകല പ്രതിവിധികളും നോക്കേണ്ടതു വളരെ അഭിലഷണീയമായിട്ടുള്ളതാകയാൽ ഞങ്ങൾ ആ നടപ്പിനെ അനുകൂലിക്കുന്നുണ്ട്. എന്നാൽ പ്രസ്ഥാനത്തിൻെറ യഥാർത്ഥതാല്പര്യങ്ങൾ അതു ദോഷകരമായിരിക്കുന്നതിനാൽ അതിനു നിയമസമ്മതി നൽകണമെന്നു പറവാൻ ഞങ്ങൾ തയ്യാറില്ല. ഈ അവസരത്തിൽ ഒരു സംഘം റദ്ദുചെയ്യുന്നതിനു മുമ്പായി മെമ്പറന്മാർ സ്വയമേവ പിരിഞ്ഞുപോകുന്ന ഒരു സമ്പ്രദായം നടപ്പാക്കേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിക്കുകയും ചെയ്തുകൊള്ളുന്നു.

അദ്ധ്യായം ൨൭.

ഉപസംഹാരം.

(കൃതജ്ഞതകഠം.)

ഞങ്ങൾക്ക വളരെ പ്രിയമായിരുന്ന ഈ ജോലി അവസാനപ്പിക്കുമ്പോഠം പലെ സ്നേഹിതന്മാരിൽ നിന്നും ലഭിച്ചിട്ടുള്ള വിലയേറിയസഹായങ്ങൾ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. എല്ലാം പ്രസ്താവിക്കാൻ വിഷമമാണ; എന്നാലും ചിലവ എടുത്തുപറയേണ്ടതു ധർമ്മമാണെന്നു വിചാരിക്കുന്നു.

. മഹാരാജാവു തിരുമനസ്സുകൊണ്ടും ജൂണിയർ മഹാറാണി (തിരുവിതാംകൂർ മഹാറാണി സേതു പാർവ്വതിഭായി) തിരുമനസ്സുകൊണ്ടും കമ്മിററിയുടെ ജോലിയിൽ പ്രകടിപ്പിച്ചിട്ടുള്ള കരുണാപൂർവ്വമായ താല്പര്യങ്ങൾക്കും പ്രസിഡൻറിനു മുന്നസന്ദർശനങ്ങൾ സദയം അനുവദിച്ചതിലേക്കും ഞങ്ങളുടെ അപാരമായ കൃതജ്ഞതയ്ക്കു ആ തിരുമേനിമാർ അർഹരാണ്.

കമ്മിററിയുടെ ജോലിയിൽ കാണിച്ചിട്ടുള്ള അനുഭാവത്തിനു മമ്പു ദിവാനായിരുന്ന മി: ആസ്റ്റിനോടും, ഇപ്പോഴത്തെ ദിവാൻ സർ മഹമ്മദ് ഹബീബുള്ളയോടും ഞങ്ങൾ ഹൃദയപൂർവ്വമായ നന്ദി പറയുന്നു. ഇവർ രണ്ടുപേരും കമ്മിററി അദ്ധ്യക്ഷനു പലെ അഭിമുഖസന്ദർശനങ്ങളും നൽകുന്നതിനു സന്മനസ്സുള്ളവരായിരുന്നു.

പ്രസിഡൻറിൻെറ അനിവാര്യമായ അഭാവത്തിൽ കമ്മററിയുടെ ഉപാദ്ധ്യക്ഷന്മാരായി അന്വേഷണത്തെ നയിച്ചിട്ടുള്ള ഗവണ്മെൻറു ചീഫ്സെക്രട്ടറി റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള അവർകളും റാവുസാഹിബ് ടി. പത്മനാഭറാവു അവർകളും ഞങ്ങളുടെ കൃതജ്ഞതയ്ക്കു പാത്രങ്ങളാണ്.

൨. ഉദ്യോഗമൊഴിഞ്ഞ ദിവാൻപേഷ്കാരും ഡിസ്ത്രിക്ററു മജിസ്ത്രേട്ടും മമ്പുസഹകരണസംഘം രജിസ്ത്രാരായിരുന്നയാളും ആയ മി. ആർ. വൈദ്യലിംഗംപിള്ള ഉദ്യോഗത്തിലിരിക്കുമ്പോഴും ഉദ്യോഗം ഒഴിഞ്ഞശേഷവും ഞങ്ങൾക്ക ചെയ്തിട്ടുള്ള ഉദാരമായ സഹകരണത്തിനും നഠംകിട്ടുള്ള പ്രയോജനകരങ്ങളായ നിർദ്ദേശങ്ങൾക്കും അദ്ദേഹം ഞങ്ങളുടെ പ്രത്യേകമായ കൃതജ്ഞതയെ അർഹിക്കുന്നുണ്ട്.

൩. രാജ്യത്തിനപുറത്തുനിന്നും വിലയേറിയ മെമ്മോറാണ്ടങ്ങളും പ്രയോജനകരങ്ങളായ പ്രബന്ധങ്ങളും അയച്ചുതന്നു ഞങ്ങളെ സഹായിച്ചിട്ടുള്ള എല്ലാ സഹകരണവിദഗ്ദ്ധന്മാരോടും സ്നേഹിതന്മാരോടും സവ്വാത്മനാ കൃതജ്ഞത പ്രദർശിപ്പിക്കുന്നതിനു ഞങ്ങൾ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഓരോരുത്തരായി അവരോടെല്ലാം നന്ദിപറയുന്നതിനു സാദ്ധ്യമായിട്ടില്ലാത്തതിനാൽ, ഞങ്ങളുടെ ഹൃദയപൂർവ്വമായ കൃതജ്ഞത സ്വീകരിക്കാൻ അവരോടെല്ലാം അപേക്ഷിക്കുന്നതും ഇരുകുന്നു. എന്നിരുന്നാലും ഭവനഗർ രാജ്യത്തെ അഡ്മിനിസ്ത്രേഷൻ കൌൺസിൽ പ്രസിഡൻറായ സർ പ്രഭാശങ്കർ പട്ടാണി കെ. സി. എ. ഇ., പഞ്ചാബിലെ ഡെവലപ്പ്മെൻറുകമ്മിഷണർ എഫ്. എൽ. ബ്രേയിൻ എസ്ക്വയർ ഐ. സി. എസ്., മദ്രാസ് സെൻട്രൽ ലാൻസ്മോർട്ട് ഗേജ്ബാങ്കുപ്രസിഡൻറു ദിവാൻ ബഹദൂർ എൻ. രാമചന്ദ്രറാവു അവർകഠം, മദ്രാസിൽ സഹകരണസംഘം രജിസ്ത്രാരായിരുന്ന മി. സി. എൻ. സ്രാത്തി ഐ. സി. എസ്., മമ്പു തിരുവിതാംകൂർദിവാനായിരുന്ന ഇപ്പോഴത്തെ മദ്രാസ് സഹകരണസംഘം രജിസ്ത്രാർ മി. ടി. ആസ്റ്റിൻ ഐ. സി. എസ്., ബാംബേ സഹകരണസംഘംരജിസ്ത്രാർ മി. കെ. എൽ. പഞ്ചാബി ഐ. സി. എസ്., മൈസൂർ സഹകരണസംഘം രജിസ്ത്രാർ മി. ഗുലാം ഹുസ്സയിൻ മെഖ്റി ബി. ഏ. എൽ. എൽ. ബി., ബിഹാർ ഒറിസ്സാ സഹകരണസംഘംരജിസ്ത്രാർ മി. വൈ. ഏ. ഗോഡ്ബോള ഐ. സി. എസ്., അല്പകാലംമമ്പു മദ്രാസിൽ ആക്ടിംഗ് സഹകരണസംഘംരജിസ്ത്രാരായിരുന്ന ദിവാൻ ബഹദൂർ കെ. ദേവശിഖാമണിമുതലിയാർ, അവർകഠം ബോംബേ പ്രൊ

വിൻഷ്യൽ കോഓപ്പറേററിവ് ബാങ്ക മാനേജിംഗ് ഡയറക്ടർ മി. വി. എൽ. മേത്ത ബി. ഏ. മദ്രാസ് സർവ്വകലാശാലയിൽ ധനശാസ്ത്ര വിശാരദൻ ഡാക്ടർ പി. ജെ. താമസ്സ് എന്നിവരുടെ പേരുകൾ പ്രസ്താവ്യമാണ്.

ഞങ്ങളുടെ അന്വേഷണകാലങ്ങളിൽ തങ്ങളുടെ വിലയേറിയ സമയം ഞങ്ങളെ സഹായിക്കുന്നതിനായി ചിലവു ചെയ്തിട്ടുള്ള അനേകം അനദ്യോഗസ്ഥന്മാരോടും അവൈതനിക പ്രവൎത്തകന്മാരോടും വിശേഷ്യ സെൻട്രൽബാങ്ക് സെൻട്രൽഇൻസ്റ്റിട്യൂട്ട് ആദിയായ പ്രധാന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരോടും ഞങ്ങൾ നന്ദിപറഞ്ഞുകൊള്ളുന്നു.

സഹകരണ സംഘം രജിസ്ത്രാർ മി. എം. ഗോവിന്ദപ്പിള്ള, അദ്ദേഹത്തിന്റെ അസിസ്ററൻറന്മാരായ മെസേഴ്സ് കൃഷ്ണപിള്ള ജി. ആർ. പിള്ള മുതൽപേരുടേ സേവനങ്ങളും ഡിപ്പാർട്ടുമെൻറിലുള്ള മററു സൌകര്യങ്ങളും ഞങ്ങളുടെ അധീനതയിൽ സദയം വിട്ടുതന്നിട്ടുള്ളതിനും കമ്മിററിയുടെ കൺവീനർ എന്ന നിലയിൽ എല്ലാവിധത്തിലും ഞങ്ങളെ സഹായിച്ചിട്ടുള്ളതിനും ഞങ്ങൾ അദ്ദേഹത്തോടും നന്ദിയുള്ളവരായിരിക്കുന്നു.

സെക്രട്ടറി മി. പി. എൻ. ഗോപാലപിള്ള ബി. ഏ. ഞങ്ങൾക്കു നൽകിയിട്ടുള്ള സാരമായതും വിലയേറിയതും ആയ സഹായത്തിനു കമ്മിററിയ്ക്കുള്ള പ്രത്യേക കൃതജ്ഞത രേഖപ്പെടുത്തണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. പലെ രൂപങ്ങളിലായി ഒട്ടധികം ഉണ്ടായിരുന്ന തെളിവുകൾ വിശകലനം ചെയ്യുന്നതും ഞങ്ങൾക്കാവശ്യപ്പെട്ട കണക്കുകൾ ശേഖരിച്ചു പട്ടികപ്പെടുത്തിയതും സെക്രട്ടറി ക്ഷമയോടും സൂക്ഷ്മതയോടും ശ്രദ്ധിച്ചു ചെയ്തിട്ടുള്ള ജോലികളായിരുന്നു. സിൽബന്തികളെല്ലാം സെക്രട്ടറിയെ ഹൃദയപൂൎവ്വം സഹായിക്കയും സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു കമ്മററിമൂലമുണ്ടായിട്ടുള്ള അസൌകര്യങ്ങളെല്ലാം സഹർഷം അവർ സഹിച്ചിട്ടുണ്ടെന്നും ഞങ്ങൾക്കറിവുള്ളതാണ്.

ജി. കെ. ദേവധാർ.

ടി. പത്മനാഭറാവു.

കെ. കെ. കുരുവിള.

എം. എൻ. നാരായണമേനോൻ.

കെ. സി. കരുണാകരൻ.

എ. ഗോപാലമേനോൻ.

എം. ഗോവിന്ദപ്പിള്ള.

ശുപാർശകളുടെ സംഗ്രഹം.

(അദ്ധ്യായം ൩)

ഖണ്ഡിക നമ്പർ	ശുപാശ് നമ്പർ	
൧൩	൧	ഗവൎമ്മെന്റ് ൧-ാം നമ്പർ തിരുവനന്തപുരം സെൻട്രൽ കോവാപ്പറേറ്റീവ് ബാംക കണ്ടപ്പോ റിസർവ്വബാങ്കിൽ ഓഹരിഎടുത്തു ചേരേണ്ടതാണ്.
൧൭	൨	സർവ്വരാജ്യസഹകരണമിനം ഇൻസ്റ്റിട്ട്യൂട്ട ആഘോഷിക്കേണ്ടതാണ്.

(അദ്ധ്യായം ൫.)

സെൻട്രൽബാങ്ക്.

൨	൩	തിരുവനന്തപുരം സെൻട്രൽ പരസ്പരസഹായബാംക ഇപ്പോഠം ഒരു യഥാർത്ഥകേന്ദ്ര ബാങ്കിന്റെ പദത്തു എത്തിയിട്ടുള്ളതും ആകയാൽ അതിൽ താലൂക്കബാംകുകളും മററു സംഘടിത ധനസഹായസ്ഥാപനങ്ങളും മാത്രം അംഗങ്ങളായിരിക്കേണ്ടതും ആകുന്നു.
൩	൪	മേലാൽ വ്യക്തികളെ അംഗങ്ങളായി ചേക്കാൻ പാടില്ലാത്തതും ഇപ്പോഠം ഉള്ള പ്രാഥമിക സംഘങ്ങളേയും വ്യക്ത്യംഗങ്ങളെയും ൧൫ വർഷംകൊണ്ടു സാവധാനത്തിൽ വിട്ടുതിവിടേണ്ടതും ആകുന്നു. ഓരോവർഷവും ഇപ്രകാരമുള്ള അംഗങ്ങളുടെ ഓഹരികളിൽ ൧/൧൫ (പതിനഞ്ചിലൊരുഭാഗം) അവരുടെ അപേക്ഷപ്രകാരമൊ അല്ലെങ്കിൽ കുറിയിട്ടെടുത്തൊ അതേവരെ ആജ്ജിച്ചിരിക്കാവുന്ന പലിശസഹിതം തിരിച്ചുകൊടുക്കേണ്ടതാണ്.
൪	൫	ഒരാഠംക്ക ഒരു വോട്ട് എന്ന തത്വം അനുസരിച്ചു കൂടുതൽ വോട്ടധികാരത്തെ ക്ലിപ്തപ്പെടുത്തി ബാംകുനിബന്ധനകഠം പുതുക്കേണ്ടതാണ്.
൫	൬	ഓരോജാതിവോട്ടറന്മാരും (സംഘങ്ങളും വ്യക്തികളും) പ്രത്യേകം പ്രത്യേകം വോട്ടുചെയ്തു തിരഞ്ഞെടുപ്പു നടത്തത്തക്കവിധം ബാംകുനിബന്ധനകഠം ഭേദപ്പെടുത്തേണ്ടതാണ്. ഓരോ വിഭാഗവും സ്വതന്ത്രമായി നിൽക്കേണ്ടതും ഒരേസമയത്തു ഒരു മെമ്പർ രണ്ടു നിലയിൽ വോട്ടുചെയ്യുന്ന അനുവദിച്ചുകൂടാത്തതുമാകുന്നു.
	൭	തെരഞ്ഞെടുപ്പുകളെ നിയന്ത്രിക്കുന്നതിനു റഗുലേഷൻപ്രകാരം ചട്ടങ്ങഠം ഉണ്ടാക്കേണ്ടതും സെൻട്രൽബാങ്കിനെപ്പോലെയുള്ള സ്ഥാപനങ്ങളിൽ ഇതേസംബന്ധിച്ചു ഉപചട്ടങ്ങഠം ഏർപ്പെടുത്തേണ്ടതും ആകുന്നു.
൬	൮	സെൻട്രൽ ബാംകുബോർഡിൽ വ്യക്തികളാൽ തെരഞ്ഞെടുക്കപ്പെടുന്ന മൂന്നു പ്രതിനിധികളും സംഘങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ൯ പേരും അംഗങ്ങളിൽനിന്നും ഗവമ്മെന്റു നാമിനേററുചെയ്യുന്ന ൨ പേരും ഉണ്ടായിരിക്കേണ്ടതാണ്.

ഖണ്ഡിക നമ്പർ | ശുപാർശ നമ്പർ

൭ ൯ സംഘപ്രതിനിധികൾ തിരഞ്ഞെടുക്കുന്ന ഒൻപതുപേർ താഴെപ്പറയുംപ്രകാരം പ്രാതിനിധ്യം വഹിക്കേണ്ടതാണ്.

അർബൻബാങ്കുകൾ ൧
ധനേതരസംഘങ്ങൾ ൨
താലൂക്കുബാങ്കുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും ൩
ബാങ്കിനാൽ ധനസഹായം ചെയ്യപ്പെടുന്ന പ്രാഥമിക
കർഷകധനസഹായസംഘങ്ങൾ ൪

൮ ൧൦ ഓരോവർഷവും ഒരു വ്യക്തിപ്രതിനിധിയും മൂന്നു സംഘപ്രതിനിധികളും ബോർഡിൽനിന്നും പിരിഞ്ഞുപോകേണ്ടതാണ്. ആദ്യ രണ്ടുവർഷക്കാലം ഒഴിയേണ്ടവരുടെ പേരുകൾ കുറിയിട്ടെടുക്കപ്പെടേണ്ടതാണ്. ഗവർമ്മെൻറ നാമിനേററുചെയ്യുന്നവർ മൂന്നു വർഷത്തിലൊരിക്കൽ മാറണം. ഒഴിഞ്ഞുപോകുന്നവർ വീണ്ടും തെരഞ്ഞെടുക്കപ്പെടാവുന്നതാണ്.

൯ ൧൧ നല്ല പരീക്ഷായോഗ്യതയോടുകൂടി ശമ്പളമുള്ള ഒരു സെക്രട്ടറി ബാങ്കിനുണ്ടായിരിക്കേണ്ടതാണ്.

൧൨ സെക്രട്ടറിക്കു മാനേജ്മെൻറ ബോർഡിൽ സ്ഥാനം ഉണ്ടായിരിക്കാൻ പാടില്ല.

൧൩ പ്രത്യേക ഖജാൻജി ആവശ്യമില്ലാത്തതാണ്.

൧൪ സെക്രട്ടറിയും ക്യാഷ്യരും പിടിപ്പുള്ള ജാമ്യം വയ്ക്കേണ്ട ആവശ്യപ്പെടേണ്ടതാണ്.

൧൫ പണവും പ്രമാണങ്ങളും മററു വിലപിടിച്ച സാധനങ്ങളും ഇരട്ടപ്പൂട്ടുള്ളതായ ഒരു നല്ല ഇരുമ്പുപെട്ടിയിലൊ ബന്തോവസ്സുമുറിയിലൊ സൂക്ഷിക്കപ്പെടേണ്ടതും ഒരു താക്കോൽ പ്രസിഡൻറിൻെറയൊ പ്രസിഡൻറില്ലാത്തപ്പോൾ വൈസ്പ്രസിഡൻറിൻെറയൊ കൈവശവും മറെറാന്നു സെക്രട്ടറിയുടെ കൈവശവും ഇരിക്കേണ്ടതും ആകുന്നു.

൧൧ ൧൬ എവിടെയെങ്കിലും ഒരു താലൂക്കുബാങ്കൊ ബാങ്കിംഗ് ഐക്യസംഘമൊ രൂപീകരിച്ചാൽ ആ പ്രദേശത്തുള്ള പ്രാഥമികസംഘങ്ങൾക്കു സെൻട്രൽബാങ്ക് വായ്പ നല്കിക്കൂടാത്തതാണ്.

൧൨ ൧൭ അസുഖകരമായ മത്സരത്തിനിടയാകാതെയിരിക്കുന്നതിലേക്ക് വ്യക്തികൾക്കു കൊടുക്കുന്ന വായ്പകളിന്മേൽ ചുമത്തുന്ന പലിശക്രമത്തിൽ ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതാണ്.

൧൩ ൧൮ കൂടാതെ ഇപ്പോഴത്തെ സാമ്പത്തികാധഃപതനത്തെ പരിഗണിച്ചു പലിശനിരക്കിൽ ക്രമമായ കുറവുവരുത്തേണ്ടതും അല്ലാത്തപക്ഷം കണിശമായി തിരിച്ചടയ്ക്കുന്ന എല്ലാ വായ്പത്തവണകൾക്കും മുതൽ ൧ വരെ ശതമാനം പലിശ ഇളവുചെയ്യേണ്ടതും ആകുന്നു.

൧൪ ൧൯ ഐക്യസംഘങ്ങൾ ശുപാർശചെയ്യുന്ന സ്ഥലങ്ങളിൽ വായ്പകൾക്കു രജിസ്റ്റ്രാരുടെ ശുപാർശ ആവശ്യമില്ല.

൧൫ ൨൦ സെൻട്രൽബാങ്ക് സ്വല്പകാലത്തേക്കും മദ്ധ്യമകാലത്തേക്കും ഉള്ള വായ്പകൾ മാത്രം കൊടുക്കേണ്ടതും, ദീർഘകാലവായ്പകൾ ഭൂസ്വത്തുബാങ്കുകൾ കൊടുക്കാനുള്ളതും ആണ്.

ഖണ്ഡിക നമ്പർ	ഉപവകുപ്പ് നമ്പർ	
൨൩	൧൨	സ്വല്പകാലവായ്പകൾ കൃഷിവക നടപ്പു ചിലവുകൾക്ക ഏടുക്കപ്പെടുന്നവയും അടുത്ത വിളവെടുപ്പിൽനിന്നും മുഴുവൻ തിരിച്ചടയ്ക്കേണ്ടവയും ആണ്. കാലാവധി ൧ കൊല്ലംമുതൽ ൨ കൊല്ലങ്ങൾവരെ ആകാം. മധ്യമകാലവായ്പകൾ ആദായകരമൊ അല്ലാത്തതോ ആയി അവശ്യമുള്ള കാര്യങ്ങൾക്ക കൊടുക്കപ്പെടുന്നവയും അവർക്കുണ്ടാകുന്ന കൃഷിയിലൊ കച്ചവടത്തിലൊ നിന്നുണ്ടാകുന്ന ആദായത്തിൽനിന്നും അടച്ചു വീട്ടേണ്ടവയും ആകുന്നു.
	൧൩	സ്വല്പകാലത്തേക്കും മധ്യമകാലത്തേക്കും ഉള്ള വായ്പകൾക്ക പ്രത്യേകം രജിസ്റ്ററുകൾ വയ്ക്കണം.
൨൪	൧൪	നിക്ഷേപങ്ങളുടെ ഉറപ്പുകൂടാതെ സെൻട്രൽബാങ്കിനു ഗവൺമെൻറിൽനിന്നും ഒരു ഓവർഡ്രാഫ്റ്റു അനുവദിക്കണം.
	൧൫	രജിസ്ത്രാരുടെയും ബാങ്കിൻെറയും ഉപദേശപ്രകാരം സംഘങ്ങളിലെ അംഗങ്ങൾക്ക കൃഷിയുടെ അഭിവൃദ്ധിക്കായി മധ്യമകാല വായ്പകൾ കൊടുക്കുന്നതിലേക്ക ആണ്ടുതോറും കൃഷിവായ്പയ്ക്കു നീക്കിവയ്ക്കപ്പെടുന്ന തുകയിൽ ഒരു നല്ല സംഖ്യ ഗവൺമെൻറിൽനിന്നും ബാങ്കിൽ ഏല്പിക്കേണ്ടതാണ്.
൨൫	൧൬	നിശ്ചയിച്ചിട്ടുള്ള കരുതൽ ധനം ഏതെങ്കിലും സെൻട്രൽ ബാങ്കോ അർബൻബാങ്കോ വച്ചുകൊണ്ടിരിക്കാതെയിരിക്കുന്നതിനെപ്പററി എത്രകാലം അങ്ങനെയിരുന്നു എന്നുള്ള വിവരത്തോടുകൂടി രജിസ്ത്രാർ ഓരോ പാദവർഷത്തിലും ഗവൺമെൻറിലേക്ക റിപ്പോർട്ടുകൾ അയക്കണം.
൨൬	൧൭	കരുതൽധനത്തെപ്പററി മദ്രാസിൽ സ്വീകരിച്ചിട്ടുള്ള ക്രമം അനുസരിക്കേണ്ടതാണ്. താഴെ പറയുംപ്രകാരം കരുതൽധനം സംരക്ഷിക്കപ്പെടേണ്ടതാണ്. അടുത്ത ആറുമാസങ്ങൾക്കുള്ളിൽ തിരിച്ചുകൊടുക്കേണ്ട സ്ഥിരനിക്ഷേപസംഖ്യയുടെ ൩൦ ശതമാനമൊ അല്ലെങ്കിൽ അടുത്തമുപ്പതുദിവസങ്ങൾക്കുള്ളിൽ തിരിച്ചുകൊടുക്കേണ്ട സ്ഥിരനിക്ഷേപങ്ങളുടെ ൫൦ ശതമാനമോ ഓരോ സമയത്തും ഇതിൽ ഏതു കൂടിയിരിക്കുന്നുവോ അതു; കറൻറ നിക്ഷേപങ്ങളുടെ ൫൦ ശതമാനവും സേവിംഗ്സ് നിക്ഷേപങ്ങളുടെ ൨൫ ശതമാനവും.
	൧൮	കരുതൽധനം താഴെപ്പറയുന്ന രൂപത്തിലിരിക്കേണ്ടതാണ്:— (൧) നീക്കിയിരിപ്പുപണം (൨) ഇമ്പീരിയൽബാങ്കിലൊ സ്റ്റേറ്റ് എയിഡഡ്ബാങ്കിലൊ, സർക്കാർ ഖജനാവുകളിലൊ അനുവദിച്ചിട്ടുള്ള കറൻറ്കണക്കിൽ ഉപയോഗപ്പെടുത്താതെ കിടപ്പുള്ള സംഖ്യ (൩) ബാങ്കുവക ഗവൺമെൻറ നിക്ഷേപങ്ങൾക്ക അന്നന്നു പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന കമ്പോളവിലയുടെ ൭൫ ശതമാനം.
൨൭	൧൯	ഏററവും കൂടുതൽ അർഹിക്കുന്നതായ ഐക്യസംഘങ്ങൾക്ക ബാങ്കു തക്കതായ സഹായധനം നല്കേണ്ടതും സൂപ്പർവിഷൻ ഫണ്ടു ഏതുകാര്യത്തിലേക്കായി ശേഖരിക്കുന്നുവോ ആ കാര്യത്തിലേക്കായി ആണ്ടുതോറും മുഴുവൻ ചിലവാക്കേണ്ടതും ആണ്.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
൨൦	൨൯	ആണ്ടുതോറും ഉള്ള ലാഭത്തിൽ ൭½ ശതമാനത്തിൽ കവിഞ്ഞുള്ള തുകകൾ എപ്പോഴും മാററിവച്ചു ബാങ്കു ഒരു പൊതുനന്മ ഫണ്ടു രൂപീകരിക്കേണ്ടതാണ്.
൨൧	൩൦	ലാഭവീതസമീകരണഫണ്ടു, ഏതെങ്കിലും കൊല്ലം ലാഭവീതത്തിലുണ്ടാകുന്ന വലിയ കുറവു തീർക്കാൻ പിന്നീടു ലാഭം ഉണ്ടാകുന്ന കൊല്ലം ഉപയോഗിക്കാവുന്നതാണ്.
൨൨	൩൧	പ്രസ്ഥാനത്തിന്റെ ഗുണത്തിനുവേണ്ടി ബാങ്കു നേരിട്ടോ താലൂക്കു ബാങ്കുകളോ ബാങ്കിംഗ് ഐക്യസംഘങ്ങളോ മുഖാന്തിരമോ വായ്പകൾ നല്കി സഹായിച്ചിട്ടുള്ള പ്രാഥമികസംഘങ്ങളിൽനിന്നു കൊടുക്കപ്പെട്ടിട്ടുള്ള വായ്പകൾ ബാങ്കിൽനിന്നും കൂലങ്കഷമായി പരിശോധിക്കപ്പെടേണ്ടതാണ്.
൨൩	൩൨	സംഘങ്ങളിൽ ൩൦ ശതമാനത്തോളം വരുന്ന ഒരു വലിയഭാഗം നിയമേന ബാങ്കിൽനിന്നു വായ്പ വാങ്ങാതെയിരിക്കുന്നതിന്റെ കാരണം സൂക്ഷ്മമായി ബാങ്ക് അന്വേഷിക്കേണ്ടതാണ്.
൨൪	൩൩	പ്രാഥമികസംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമെന്നു അന്വേഷണം കൊണ്ടു വെളിപ്പെടുന്നപക്ഷം, അവയിൽകൂടി അവയിലെ അംഗങ്ങൾക്കു രജിസ്ട്രാരുടെ പ്രത്യേകാനുവാദത്തോടുകൂടി സെൻട്രൽ ബാങ്കു ഉദാരമായ ധനസഹായം ചെയ്യേണ്ടതാണ്.
൨൫	൩൪	ഇപ്പോൾ താലൂക്കുബാങ്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഉന്മേഷം ജനിപ്പിക്കുന്നതിനും സഹകരണബോധം വർദ്ധിപ്പിക്കുന്നതിനുംആയി താലൂക്ക് ബാങ്കുകൾ സ്ഥാപിക്കുന്നവിഷയത്തിൽ സെൻട്രൽബാങ്കു പ്രവൃത്തിരൂപേണ സഹായിക്കേണ്ടതാണ്. അപ്രകാരം താലൂക്കു ബാങ്കുകൾ സ്ഥാപിക്കാൻ നിവൃത്തിയില്ലാതെവരുന്നപക്ഷം ആ സ്ഥലങ്ങളിൽ രജിസ്ട്രാരുടെ അനുവാദപ്രകാരം ഒരു പ്രാദേശിക ഉപദേശകകമ്മിററിയോടുകൂടി അതതിന്റെ ഒരു ശാഖ സ്ഥാപിക്കേണ്ടതാണ്.
൨൬	൩൫	സെൻട്രൽബാങ്കു അതിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും അവർക്കു ശരിയായ പരിശീലനം നല്കുകയും ചെയ്യണം. ധനസഹായം ചെയ്യപ്പെടുന്ന പലവിധ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിനായി പരിശീലനം ഉള്ള കുറെ ഇൻസ്പെക്ടറന്മാരെയും ക്രമേണ നിയമിക്കേണ്ടതാണ്.
൨൭	൩൬	ബാങ്കിന്റെ പേരു തിരുവിതാംകൂർ പ്രൊവിൻഷ്യൽ കൊവാപ്പറേററീവ് അപ്പക്സ് ബാങ്കു എന്നോ തിരുവിതാംകൂർ കൊവാപ്പറേററീവു സെൻട്രൽബാങ്കു എന്നോ ഭേദപ്പെടുത്തണം.
	൩൭	ബാങ്കിന്റെ കെട്ടിടം അഗ്നിബാധയിൽനിന്നും രക്ഷിക്കത്തക്കവിധം ഇൻഷ്വർചെയ്യണം.
	൩൮	ബാങ്കിന്റെ ജോലി എക്സിക്യൂട്ടീവ് കമ്മിററിയുടേയോ മാനേജിംഗ് ബോർഡിന്റേയോ ക്രമമായ യോഗങ്ങളിൽവച്ചു നിർവഹിക്കപ്പെടേണ്ടതാണ്.
	൩൯	ബാങ്കുജീവനക്കാർക്കും ഡിപ്പാർട്ടുമെന്റുജീവനക്കാർക്കും മററുഡിപ്പാർട്ടുമെന്റുകളോടൊപ്പം പ്രത്യേക സഹകരണസംഘങ്ങൾ ഉ

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
		ണ്ടായിരിക്കേണ്ടതും വായ്പ വാങ്ങുന്നതിനായി അവർ മററു സംഘങ്ങളിൽ ചേർന്നുകൂടാത്തതും ആകുന്നു.
...	൪൦	ഓഹരിമൂലധനത്തിന്റെയും കരുതൽധനത്തിന്റെയും തുകയുടെ പത്തിരട്ടിവരെ വായ്പ വാങ്ങുന്നതിനുള്ള അധികാരം നിബന്ധനഭേദഗതിചെയ്തു ബാങ്കു സ്വായത്തമാക്കേണ്ടതാകുന്നു.

(അദ്ധ്യായം ൬.)

താലൂക്കുബാങ്കുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
൧	൪൧	താലൂക്കുബാങ്കുകൾ എത്രയും വേഗം, പ്രാഥമിക സംഘങ്ങൾക്കു മാത്രമേ വായ്പകൾ കൊടുക്കുകയുള്ളു എന്ന നിലയിലെത്തേണ്ടതാണ്.
...	൪൨	വ്യക്തികളെ കുറയ്ക്കുന്നതിനു സെൻട്രൽ ബാങ്കിനു നിർദ്ദേശിച്ചിട്ടുള്ള പദ്ധതി താലൂക്കു ബാങ്കുകളും അനുഷ്ഠിക്കണം.
൩	൪൩	താലൂക്കുബാങ്കുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും ഉള്ള സ്ഥലങ്ങളിൽ അവയിൽനിന്നു മാത്രമല്ലാതെ പ്രാഥമികസംഘങ്ങൾ സെൻട്രൽബാങ്കിൽനിന്നു വായ്പകൾ വാങ്ങിക്കൂടാത്തതാണ്. ഇപ്പോൾ പ്രാഥമികസംഘങ്ങൾ സെൻട്രൽബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പകളെല്ലാം അതതു സ്ഥലത്തെ താലൂക്കു ബാങ്കിലേക്കോ ബാങ്കിംഗ് ഐക്യസംഘത്തിലേക്കോ മാററപ്പെടണം. ഇതോടുകൂടി സെൻട്രൽ ബാങ്കിലുള്ള ഓഹരികളും അപ്രകാരം കൈമാററം ചെയ്യപ്പെടേണ്ടതാണ്.
൪	൪൪	സെൻട്രൽ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പ്രാഥമിക സംഘങ്ങളുടെ കരുതൽ ധനങ്ങളും താലൂക്കുബാങ്കുകളിലേക്കു മാററപ്പെടണം.
...	൪൫	ഈ കൈമാററങ്ങൾ എല്ലാം ഒരു വർഷംകൊണ്ടു നടക്കത്തക്കവണ്ണം ഡിപ്പാർട്ടുമെന്റു ശ്രദ്ധിക്കേണ്ടതാണ്.
൫	൪൬	താലൂക്കു ബാങ്കുകളുടെ കടവായ്പ അപേക്ഷകൾ സെൻട്രൽബാങ്കിലേക്കു രജിസ്ട്രാർ ശുപാർശ ചെയ്യുന്നരീതി പാടെ നിറുത്തുന്നതാണ്. പ്രാഥമികസംഘങ്ങളുടെ അപേക്ഷകൾ അവിടെ ശരിയാംവണ്ണം നടത്തപ്പെടുന്ന ഐക്യസംഘങ്ങളുള്ള പക്ഷം ശുപാർശ ചെയ്യപ്പെടാതെയിരിക്കാം. എന്നാൽ വായ്പവാങ്ങുന്ന സ്ഥാപനത്തിന്റെ ധനസ്ഥിതി ആശാസ്യമാണെന്നു വായ്പ നല്കുന്ന സ്ഥാപനങ്ങൾ അവയിലെ ഉദ്യോഗസ്ഥന്മാർ മുഖേന ബോദ്ധ്യപ്പെടേണ്ടതാണ്.
൬	൪൭	തങ്ങൾക്കു ധനസഹായം ചെയ്യുന്ന സെൻട്രൽ ബാങ്കിനോടും തങ്ങൾ വായ്പ കൊടുത്തുസഹായിക്കുന്ന പ്രാഥമിക സംഘങ്ങളോടും താലൂക്കുബാങ്കുകൾക്കു കൂടുതൽ അടുപ്പം ഉണ്ടാകേണ്ടതാണ്.
൭	൪൮	ക്രയവിക്രയാദി ധനേതരജോലികൾ ചെയ്യുന്നതിലേക്കു താലൂക്കുബാങ്കുകൾ പ്രാഥമികസംഘങ്ങൾക്കു മാർഗ്ഗദർശികളായിരിക്കണം.
൮	൪൯	പുതിയ ബാങ്കിംഗ് ഐക്യസംഘങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതില്ല.

(അദ്ധ്യായം ൭.)

പ്രാഥമിക സംഘങ്ങൾ.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
	൫൦	മുൻകൂട്ടിയുള്ള പ്രചാരണത്തോടും പ്രബോധനത്തോടുംകൂടി പുതിയ സംഘങ്ങൾ ഏർപ്പെടുത്തുന്ന ജോലി, ഉള്ള സംഘങ്ങളുടെ ദൃഢീകരണജോലിയോടൊപ്പം നടത്തപ്പെടേണ്ടതും സംഘങ്ങളുടെ എണ്ണം ശരാശരിയിൽ കുറഞ്ഞിരിക്കുന്ന താലൂക്കുകളിൽ പുതിയസംഘങ്ങൾ ഏർപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാകുന്നു.
	൫൧	ഒരു സംഘത്തിലെ അംഗങ്ങൾ സഹകരണ സിദ്ധാന്തങ്ങൾ സാമാന്യമായി ഗ്രഹിച്ചിട്ടുണ്ടെന്നും, കാര്യക്ഷമവും കർമ്മകുശലവുമായ രീതിയിൽ സംഘം സ്ഥാപിതമായിട്ടുള്ളതാണെന്നും, സ്ഥലത്തു അതിന്റെ ആവശ്യമുണ്ടെന്നും രജിസ്ട്രാറും സിൽബന്തികളും ബോദ്ധ്യപ്പെട്ടശേഷമേ ഒരു സംഘം രജിസ്റ്റർ ചെയ്യപ്പെടാവൂ.
	൫൨	ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനുമുമ്പായി, അതിനെ നയിക്കാനും, നടത്താനും തക്ക ആളുകൾ അതിലുണ്ടോ എന്നു രജിസ്ട്രാർ ബോദ്ധ്യംവരുത്തേണ്ടതാകുന്നു.
	൫൩	സംഘം താൽക്കാലികമായി നടത്താൻ അപേക്ഷകരോടു ആവശ്യപ്പെടുന്ന രീതി തുടരാവുന്നതാണ്; പരീക്ഷണകാലം ആറുമാസം എന്നു നിർണ്ണയിക്കാം.
൮	൫൪	മേലാൽ വർഗ്ഗീയസംഘങ്ങൾ രജിസ്റ്റർ ചെയ്തുകൂടാത്തതാണ്.
൯	൫൫	ഇരുനൂറിൽ കവിഞ്ഞു അംഗങ്ങളുള്ള സംഘങ്ങളെ ഓരോ സംഘത്തിനും ഒന്നോ രണ്ടോ കരകൾ പ്രവർത്തനപരിധിയിൽ ഉണ്ടായിരിക്കത്തക്കവണ്ണം വിഭജിക്കേണ്ടതാകുന്നു.
...	൫൬	ഒരു പ്രാഥമിക സംഘത്തിൽ ൨൦൦ കൂടുതൽ അംഗങ്ങൾ ഉണ്ടായിരുന്നുകൂടാത്തതാണ്.
൧൧	൫൭	എല്ലാ സംഘങ്ങളിലും ഏതെങ്കിലും വിധം നിർബന്ധിത നിക്ഷേപങ്ങൾ ഏർപ്പെടുത്തുകയും അംഗങ്ങളുടെ മുൻകടം വീട്ടുന്നതിലേക്കു അവയെ വിനിയോഗിക്കയും ചെയ്യേണ്ടതാണ്.
	൫൮	സ്ഥലത്ത് അംഗങ്ങളല്ലാത്തവരിൽനിന്നു നിക്ഷേപങ്ങൾ ശേഖരിക്കുന്നതിനു എല്ലാ സംഘങ്ങളും കഴിവുള്ളത്ര ശ്രമിക്കണം.
൧൨	൫൯	ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ സംഘങ്ങൾ അംഗങ്ങളല്ലാത്തവരോടു കറന്റും സേവിംഗ്സും നിക്ഷേപങ്ങൾ വാങ്ങാൻ സാധാരണയായി അനുവദിച്ചുകൂടാത്തതാണ്.
൧൩	൬൦	സ്ഥിരനിക്ഷേപങ്ങൾ സൌകര്യമുള്ള സംഖ്യകളായും സൌകര്യമുള്ള കാലങ്ങളിലേക്കും വാങ്ങുന്നതിൽ ശ്രദ്ധിക്കണം.
൧൪	൬൧	ഒരു സംഘത്തിനു ധനസഹായം ചെയ്യുന്ന ബാങ്കിൽനിന്നും കിട്ടുന്ന വായ്പയുടെ പലിശക്രമത്തിൽ കവിഞ്ഞ പലിശ നിരക്കിൽ സ്ഥിരനിക്ഷേപങ്ങൾ വാങ്ങിക്കൂടാത്തതാണ്.
൧൫	൬൨	ക്ലിപ്തരഹിതബാദ്ധ്യതയുള്ള ഒരു സംഘത്തിലെ അംഗം അയാളുടെ ഓഹരിയുടെ പത്തിരട്ടി കടം വാങ്ങാൻ അനുവദിക്കാം.
൧൬	൬൩	അർഹിക്കുന്ന അംഗങ്ങൾക്കു അവർ തയ്യാറാക്കി സമർപ്പിക്കുന്ന കടത്തിന്റെ സാമാന്യാവശ്യവിവരപ്പട്ടികയെ അടിസ്ഥാനമാ

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
		ക്കി ക്യാഷ് ക്രഡിററ അനുവദിക്കുന്നതിനു ശരിയായി നടത്തപ്പെടുന്നവയും സാമ്പത്തികശക്തിയുള്ളവയും ആയ സംഘങ്ങൾക്ക രജിസ്ട്രാർ അനുമതി നൽകാവുന്നതാണ്.
൨൭	൬൪	ഒരു സംഘത്തിലെ മുതലിൽ ഭൂരിഭാഗവും ആദായകരങ്ങളായ ആവശ്യങ്ങൾക്കും ഒരു ചെറിയ സംഖ്യമാത്രം മുൻകടം വീട്ടാനും വായ്പകൾ കൊടുക്കേണ്ടതാണ്.
൨൮	൬൫	ഓരോ വായ്പയും അനുവദിക്കുന്നതിനു മുമ്പ് അതിന്റെ ആവശ്യം പരിശോധിച്ചു കമ്മിററിക്കാർ ബോദ്ധ്യപ്പെടേണ്ടതാണ്. മുൻകടം വീട്ടാൻ വായ്പകൾ കൊടുക്കുമ്പോൾ അംഗങ്ങൾ മുൻകടം വീട്ടിയതായ രേഖകൾ ഹാജരാക്കുന്നതിനു സംഘം നിർബന്ധിക്കേണ്ടതാകുന്നു.
൨൯	൬൬	മദ്ധ്യമകാലവായ്പകൾക്കുള്ള തവണത്തുകകൾ കുറഞ്ഞിരിക്കുന്നതിലേക്കായി അഞ്ചോ ആറോ കൊല്ലംവരെ കാലാവധി വർദ്ധിപ്പിക്കണം. ഇപ്പോഴത്തെ ദീർഘകാല വായ്പകളെയാണ് മദ്ധ്യമകാലവായ്പകൾ എന്നു ഇവിടെ പറയുന്നത്. ചെറിയ സംഖ്യകളല്ലാതെ മുൻകടം വീട്ടുന്നതിനു പ്രാഥമിക സംഘങ്ങൾ കടം കൊടുത്തുകൂടാത്തതാണ്.
൩൦	൬൭	വിളവുവായ്പകൾ നടപ്പാക്കണം.
൩൧	൬൮	വായ്പകൾ വാങ്ങുന്ന സംഘങ്ങളെല്ലാം മുൻകൂട്ടി അവയിലെ ഓരോ അംഗത്തിനും നടപ്പു കൃഷിച്ചിലവുകൾക്ക ആവശ്യമെന്നു മതിക്കപ്പെടുന്ന കടങ്ങൾക്ക ശ്രദ്ധാപൂർവം പട്ടികകൾ തയ്യാറാക്കേണ്ടതാണ്.
൩൨	൬൯	ക്ലാക്കന്മാരെ നിയമിക്കുന്ന ക്ലിപ്തരഹിതബാദ്ധ്യത സംഘങ്ങളിലും ലാഭത്തിന്റെ ൨൦ ശതമാനത്തിൽ കവിയാത്ത ഒരു ബോണസ്സ സെക്രട്ടറിമാക്ക കൊടുക്കേണ്ടതാണ്.
൩൩	൭൦	അറിവില്ലായ്മകൊണ്ടോ ഉപേക്ഷകൊണ്ടോ വായ്പകൾ കാലഹരണപ്പെട്ടു പോകുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു മാനേജിംഗ് കമ്മിററിക്കാരെ ഉത്തരവാദികളാക്കേണ്ടതാണ്.
൩൪	൭൧	ഓരോ ക്ലിപ്തരഹിതബാദ്ധ്യത സംഘവും അതിന്റെ (അംഗങ്ങളുടെ) വസ്തുവിവരപ്പട്ടിക, അതതുകാലം വരെയുള്ളവ, എഴുതി സൂക്ഷിക്കുന്നുണ്ടോ എന്നു രജിസ്ട്രാർ നോക്കേണ്ടതാണ്.
൩൫	൭൨	അപഹരണക്കേസുകൾ പ്രാസിക്യൂട്ടു ചെയ്യുന്നതിനു ഒട്ടും മടിച്ചുകൂടാത്തതാണ്.
൩൬	൭൩	രണ്ടു വർഷത്തിനകം നന്നാക്കാൻ പാടില്ലാത്ത നിർജ്ജീവസംഘങ്ങൾ റദ്ദ് ചെയ്യപ്പെടണം.
൩൭	൭൪	കെട്ടുതെങ്ങു നിക്ഷേപസമ്പ്രദായം കഴിവുള്ള സ്ഥലങ്ങളിലെല്ലാം ഏർപ്പെടുത്തണം. (അദ്ധ്യായം ൮ ഖണ്ഡിക ൨ (സി) നോക്കുക.)
൩൮	൭൫	കരുതൽ ധനത്തിൽ ൫൦ ശതമാനത്തിൽ കവിയാത്ത സംഖ്യ ചില പ്രത്യേക വ്യവസ്ഥകളിന്മേൽ ആപ്പീസ കെട്ടിടം പണിവകക്കു ഉപയോഗിക്കാൻ രജിസ്ട്രാർ അനുവദിക്കാവുന്നതാണ്.
൩൯	൭൬	പൊതുനന്മഫണ്ടിന്റെ വിനിയോഗം പ്രോത്സാഹിപ്പിക്കണം.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
൬൦	൧൧	ചെറിയ ഗ്രാമങ്ങളിൽപോലും, വായ്പകൾ കൊടുക്കുന്നതിനു പണം ധാന്യത്തെക്കാൾ സൌകര്യമുള്ളതെന്നു കാണുന്നതും അതിനാൽ ധാന്യബാങ്കുകൾക്കു ശോഭനമായ ഭാവി കാണുന്നില്ലാത്തതും ആണു്.

(അദ്ധ്യായം ൨.)

കർഷകധനേതരസംഘങ്ങൾ.

൨	൧൨	ഗ്രാമസംഘങ്ങളിൽ ധാന്യ ശേഖരിച്ചു സാമാനങ്ങൾ വാങ്ങുന്ന ഇൻഡൻറു പർച്ചേസു രീതി പരീക്ഷിക്കേണ്ടതാണു്.
൨ (ബി)	൧൩	കയററു വ്യവസായത്തിൻെറ ഓരോ ഘട്ടത്തിലും സഹകരണസമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണു്.
൨ (ഡി)	൨൦	ഉരങ്ങൾ ഉണ്ടാക്കുന്ന രീതി സംഘങ്ങളെ അഭ്യസിപ്പിക്കണം.
൨ (എഫ്)	൨൪	സംഘങ്ങൾ വിത്തുകാളകളെ വളർത്തുന്ന സംഗതി കൃഷി സഹകരണം എന്നീ ഡിപ്പാർട്ടുമെൻറുകൾ പരിശോധിക്കേണ്ടതാണു്.
൨ (ജി)	൨൫	കർമ്മകര സംഘങ്ങൾ (Labour Societies) ഏർപ്പെടുത്തുമ്പോഴും കൂലിവേലക്കാർ ഒരു സംഘത്തിൽ കൂടുതലായിരിക്കുമ്പോഴും അപ്രകാരമുള്ള സംഘങ്ങൾ പൊതുമരാമത്തു കുത്തകകൾ പിടിയ്ക്കുന്നതിനു രജിസ്ട്രാർ പ്രോത്സാഹിപ്പിക്കേണ്ടതാണു്.
൨ (കെ)	൨൬	പ്രാപ്തന്മാരും നിർദ്ദാക്ഷിണ്യവാന്മാരും ആയ അംഗങ്ങളോടു കൂടിയ സംഘങ്ങളെ മദ്ധ്യസ്ഥവിചാരണജോലികൾ പുനരാരംഭിക്കുന്നതിനു പ്രോത്സാഹിപ്പിക്കേണ്ടതാണു്.
൨ (ജെ)	൨൭	ധനേതര ജോലികൾ എല്ലാ സംഘങ്ങളിലും ആരംഭിക്കാൻ ശ്രമിക്കണം.
൨ (കെ)	൨൮	കോഴികൃഷി തേനീച്ച വളർത്തൽ എന്നിവയ്ക്കു സംഘങ്ങൾ ഏർപ്പെടുത്തി പ്രോത്സാഹിപ്പിക്കണം (അദ്ധ്യായം ൪൦ ഖണ്ഡിക ൪൦).
൨ (എം)	൨൯	തിരുവിതാംകൂർ കേന്ദ്രോല്പന്നസംഘം (Central Produce Societies) ഉജ്ജീവിപ്പിക്കണം.
	൨൧	ഈ ജോലിക്കായി ആദ്യത്തെ രണ്ടു കൊല്ലക്കാലത്തേക്കു ഡിപ്പാർട്ടുമെൻറിലെ ഒരു പ്രാപ്തനായ ഉദ്യോഗസ്ഥൻെറ സേവനം സൌജന്യമായി വിട്ടുകൊടുക്കേണ്ടതാണു്.
	൨൨	സംഘത്തിൻെറ ഓഹരി മുതലിനു തുല്യമായ ഒരു സംഖ്യ ഈ സംഘത്തിനു ഗവൺമെൻറു കടം കൊടുക്കണം.
	൨൩	പ്രാരംഭ ചിലവുകൾക്കും ഒരു കൊല്ലത്തെ പണ്ടകശാല വാടകയ്ക്കും ൨,൫൦൦ രൂപ ധനസഹായം നൽകണം.

(അദ്ധ്യായം ൩.)

അകർഷകധനസഹായം.

൩	൩൦	അർബൻബാങ്കുകൾ അംഗങ്ങൾക്കും അംഗങ്ങൾ അല്ലാത്തവർക്കുംകൂടിയും കറൻറും സേവിംഗ്സും നിക്ഷേപങ്ങൾ തുടങ്ങുന്നതിനു സൌകര്യം നൽകണം, ഒരു ശരിയായ കണക്കനുസരിച്ചുള്ള തരള ധനം വച്ചു കൊണ്ടിരിക്കുന്നതിനും അപ്പൊഴപ്പോൾ

ഖണ്ഡിക നമ്പർ | ഖണ്ഡപാർശ നമ്പർ

ഉള്ള ധനസ്ഥിതി പരിശോധിക്കുന്നതിനും ഏർപ്പാടുകൾ ചെയ്തിരിക്കേണ്ടതും, പലിശ മിതമായിരിക്കേണ്ടതും മാസംതോറുമുള്ള കുറഞ്ഞ ബാക്കി സംഖ്യകളിന്മേൽ പലിശ കണക്കാക്കേണ്ടതും ആണ്.

൯൧ അർബൻബാങ്കുകൾ പററവരവുകാരുടെയിടയിൽ ചെക്ക സമ്പ്രദായങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

൯൨ അർബൻബാങ്കുകളുടെ കണക്കുകൾ അന്നന്നു എഴുതിത്തീർത്തു നീക്കിയിരിപ്പുകൾ വയ്ക്കേണ്ടതാണ്.

൯൩ മാസംതോറും വരവുചിലവുകളും പരീക്ഷണബാക്കിപത്രങ്ങളും രജിസ്ട്രാർക്കും ധനസഹായം ചെയ്യുന്ന ബാങ്കു ഉണ്ടെങ്കിൽ അതിലേക്കും അയക്കേണ്ടതാണ്.

൯൪ ഒരു സർക്കാർ ജീവനക്കാരുടെ സംഘത്തിലെ അംഗം മററാരു സംഘത്തിൽനിന്നും കടം വാങ്ങി കൂടാത്തതാണ്.

൯൫ സഹകരണഡിപ്പാർട്ടുമെൻറിലേക്കു മാത്രമുള്ള ഒരു സംഘത്തിലല്ലാതെ ഡിപ്പാർട്ടുമെൻറ ജീവനക്കാർ ചേരുന്നു കൂടാത്തതാകുന്നു.

൬ ൯൬ സൌജന്യനിധികൾ (൧) മെമ്പറന്മാരെ ചേർക്കുമ്പോൾ മെഡിക്കൽസർട്ടിഫിക്കെററ വാങ്ങേണ്ടതും (൨) കണക്കു വിദഗ്ദ്ധന്മാരെക്കൊണ്ടു പരിശോധിക്കപ്പെടേണ്ടതും (൩) കാലം ഉണ്ടാകുമ്പോൾ ഉടൻ പണം കൊടുക്കത്തക്കവണ്ണം അംഗങ്ങളിൽനിന്നും ഒരു അഡ്വാൻസ് പിരിക്കേണ്ടതും (൪) അംഗങ്ങൾ മററു ധനസഹായസംഘങ്ങളിൽ ചേരുന്നതല്ലെന്നുള്ള ഉറപ്പിന്മേൽ ഒരു ധനസഹായശാല രജിസ്ട്രാരുടെ അനുവാദം വാങ്ങി ഏർപ്പെടുത്തേണ്ടതും ആകുന്നു.

൯൭ വ്യവസായശാല ജീവനക്കാരുടെ സംഘങ്ങളുടെ ഉദ്ദേശം കടംവാങ്ങുന്നയേക്കാൾ കൂടുതലായി മിതവ്യയപരിശീലനവും ഡാപ്പുശേഖരണരീതിയിൽ സാമാനങ്ങൾ വാങ്ങലും ആയിരിക്കേണ്ടതാണ്.

൯൮ തൊഴിലാളിസംഘങ്ങൾ (Artisans' Societies) അതിലെ അംഗങ്ങളുടെ ചരക്കുകൾ വില്ക്കാൻ അവരെ സഹായിക്കേണ്ടതാണ്.

൯൯ സഹകരണസംഘങ്ങൾ അയയ്ക്കുന്ന സാമാനങ്ങൾക്കു തിരുവനന്തപുരത്തെ വില്പന ഡിപ്പോകമ്മിഷൻ ചുമത്തിക്കൂടാത്തതാകുന്നു.

൧൦൦ ഡിപ്പോവിൽ സ്വീകരിക്കപ്പെടുന്ന സാധനങ്ങളുടെ വിലയിൽ ൬൦ മുതൽ ൭൦ വരെ ശതമാനം വില സംഘങ്ങൾക്കു കടം കൊടുക്കുന്നതിലേക്കായി ഗവണ്മെൻറിൽനിന്നും തക്കതായ ഒരു സംഖ്യ രജിസ്ട്രാറെ ഏല്പിക്കേണ്ടതാണ്.

(അദ്ധ്യായം ൧൦.)

അകർഷകധനേതരസംഘങ്ങൾ.

൭ ൧൦൧ ഫാറസ്ററ്, എക്സൈസ്, പൊലീസ്, പട്ടാളം എന്നീ ഗവണ്മെൻറ ഡിപ്പാർട്ടുമെൻറുകൾക്കു ആവശ്യമുള്ള തുണിത്തരങ്ങളെ യ് ത്തുകാരുടെ വക സംഘങ്ങളിൽനിന്നു വാങ്ങാൻ ആ ഡിപ്പാർട്ടുമെൻറുകളോടു ഉപദേശിക്കണം,

ഖണ്ഡിക നമ്പർ — ശുപാർശ നമ്പർ

൬ ൧൦൨ കണക്കെഴുത്തുരീതി ഉപയോഗപ്രദമാക്കുന്നതിലേക്ക ആയതു എത്രയും ലളിതമാക്കാൻ എല്ലാവിധശ്രമങ്ങളും ചെയ്യേണ്ടതാണ്.

൭ ൧൦൩ അംഗങ്ങളല്ലാത്തവൎക്ക വില്പന നടത്താനും അല്പം ലാഭവീതം കൊടുക്കാനും സഹകരണസ്റ്റോറുകളുടെ നിബന്ധനകളിൽ അനുവാദം വേണ്ടതാണ്. ഓരോ അംഗമല്ലാത്ത ആളിനും ചെല്ലേണ്ട ലാഭവീതം അയാളുടെ പേരിൽ വരവെഴുതി ആകത്തുക ഓരോഹരിവിലയോളം വരുന്നസമയം അയാൾ മെമ്പറായി ചേൎക്കപ്പെടേണ്ടതാണ്.

൮ ൧൦൪ തിരുവനന്തപുരം സ്റ്റോർ ഒഴിച്ചുള്ള വിതരണസംഘങ്ങൾ അമേരിക്കയിലെ ക്രയസമാജങ്ങളുടെ (buying clubs) ഡിമാന്റ് ശേഖരിച്ചു സാമാനങ്ങൾ വാങ്ങുന്ന രീതി (indent system) പരീക്ഷിക്കേണ്ടതാണ്.

൯ ൧൦൫ വല്ലവണ്ണം നടത്തപ്പെടുന്ന സ്റ്റോറുകളിൽ അംഗങ്ങൾ അടച്ചിട്ടുള്ള ഓഹരിവിലയുടെ ൫൦ ശതമാനത്തോളം ചില സീമകൾ നിശ്ചയിച്ചു കടം കൊടുക്കാവുന്നതാണ്.

൧൧ ൧൦൬ മിഡിൽസ്കൂളുകളിൽ ഇല്ലെങ്കിലും രാജ്യത്തെ എല്ലാ കാളേജുകളിലും ഹൈസ്കൂളുകളിലും അവയുടെ സ്വന്തം സ്റ്റോറുകൾ ഉണ്ടായിരിക്കണം.

൧൨ ൧൦൭ ശരിയായി നടത്തപ്പെടുന്ന എല്ലാ ധനസഹായസംഘങ്ങളിലും ഡിമാന്റുകൾ ശേഖരിച്ചു സാമാനങ്ങൾ മൊത്തമായി വാങ്ങുന്ന പ്രയോജനകരമായ ധനേതര ഏൎപ്പാട് ഉണ്ടായിരിക്കേണ്ടതാണ്.

൧൩ ൧൦൮ തിരുവിതാംകൂർ സഹകരണ രക്ഷാമോഗ സംഘത്തിനു ൧൦,൦൦൦ രൂപയുടെ ഒരു ഓവർഡ്രാഫ്റ്റനുവാദം ഗവണ്മെന്റ നൽകണം.

൧൦൯ ഈ സംഘത്തിന്റെ നടത്തിപ്പു ചിലവിലേക്കായി ആണ്ടിൽ ൨൦൦൦ രൂപയിൽ അധികരിക്കാത്ത സംഖ്യ ൭ കൊല്ലത്തേക്ക ഗവണ്മെന്റിൽനിന്നും കൊടുത്തു സഹായിക്കേണ്ടതാണ്

൧൧൦ ആയിരം രൂപയ്ക്കു താഴെയുള്ള പാളിസികൾ ഗവണ്മെന്റ ഇൻഷുറൻസിൽ സ്വീകരിച്ചുകൂടാത്തതും ആകുന്നു.

(അദ്ധ്യായം ൧൧.)

അകൎഷകധനേതരം (തുടൎച്ച.)

൨ ൧൧൧ സഹകരണഗവ്യസംഘങ്ങൾ സംസ്ഥാനത്തു സൌകൎയ്യമുള്ള കേന്ദ്രങ്ങളിലെല്ലാം ഏൎപ്പെടുത്തണം.

൧൧൨ ക്ഷീരവ്യവസായസംഘങ്ങൾ പട്ടണങ്ങളിലുള്ള വിതരണസംഘങ്ങളോടു സംഘടിപ്പിക്കപ്പെടണം.

൧൧൩ പട്ടണങ്ങളിൽ പാലുവില്പനയ്ക്കു കൌപ്പൺ ടിക്കററു സമ്പ്രദായം സ്വീകാൎയ്യമായിട്ടുള്ളതാണ്.

൬ ൧൧൪ കന്നുകാലിവൎഗ്ഗത്തെ നന്നാക്കുന്നതിനു ഗ്രാമങ്ങളിൽ കാലിവളൎത്തുസംഘങ്ങൾ ഏൎപ്പെടുത്തണം.

൮ ൧൧൫ പ്രധാനപ്പെട്ട വിളവുകൾ വിററഴിക്കുന്നതിനു യോജിച്ചതായ കേന്ദ്രങ്ങളിൽ വിക്രയസംഘങ്ങൾ ആരംഭിക്കണം.

൧൧൬ മാൎക്കററിംഗുസംഘങ്ങൾ പരിശീലിതരായ കുറഞ്ഞപക്ഷം മൂന്നു മാൎക്കററിംഗു ഉദ്യോഗസ്ഥന്മാരുടെ ചുമതലയിൽ വയ്ക്കപ്പെടണം.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
൯	൧൧൭	കൃഷി, സഹകരണം ഈ ഡിപ്പാർട്ടുമെൻറുകൾ യോജിച്ചു പ്രവർത്തിച്ചു സൌകര്യമുള്ള സ്ഥലങ്ങളിൽ കൃഷിപരിഷ്കരണ സംഘങ്ങൾ (Better farming Societies) ആരംഭിക്കണം.
൧൧	൧൧൮	ജലസേചനത്തിലേക്കായി ഏർപ്പെടുത്തപ്പെടുന്ന സംഘങ്ങൾമൈനർ ഇറിഗേഷൻഡിപ്പാർട്ടുമെൻറുമായി യോജിച്ചു പ്രവർത്തിക്കണം.
൧൧	൧൧൯	വെള്ളപ്പൊക്കംമൂലം ആണ്ടുതോറും കൃഷി നശിച്ചു നഷ്ടപ്പെടുന്ന സഹകരണസംഘാംഗങ്ങളെ ഗവണ്മെൻറു കൂടുതൽ കാലത്തേക്കുള്ള കൃഷിവായ്പകൾ കൊടുത്തു സഹായിക്കണം.
	൧൨൦	കുട്ടനാടൻപ്രദേശങ്ങളിൽ പുഞ്ചകൃഷിക്കാരുടെ സംഘങ്ങൾ ഏർപ്പെടുത്തുമ്പോൾ ഗവണ്മെൻറ് അവയ്ക്കു ദീർഘകാലവായ്പകൾ നൽകണം.
	൧൨൧	കുട്ടനാടൻപ്രദേശങ്ങളിൽ വെള്ളം കയറി മുങ്ങാത്ത പാർപ്പുസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനു സഹകരണശ്രമങ്ങൾ തുടങ്ങുന്നതായാൽ ഗവണ്മെൻറു അവയെ പ്രോത്സാഹിപ്പിക്കുകയും ധാരാളമായി ധനം കൊടുത്തു സഹായിക്കയും ചെയ്യേണ്ടതാണ്.
൧൩	൧൨൨	സഹകരണഗൃഹനിർമ്മാണസംഘങ്ങൾ രാജ്യത്തു പ്രചാരപ്പെടുത്തണം.
	൧൨൩	ഗൃഹനിർമ്മാണസംഘങ്ങൾക്കു ഗവണ്മെൻറു ധനസഹായം ചെയ്യണം.
൧൪	൧൨൪	പള്ളിവാസലിൽ ഗൃഹനിർമ്മാണ സംഘങ്ങൾക്കു സ്ഥലം വാങ്ങുന്നതിനു ൪൦ വർഷക്കാലാവധിക്കു സേവിംഗ്സ്ബാങ്ക് നിരക്കിൽ ½ ശതമാനം കൂടുതൽ പലിശ നിരക്കിൽ ഗവണ്മെൻറിൽനിന്നും ദീർഘകാലവായ്പകൾ കൊടുക്കേണ്ടതാണ്.
൧൫	൧൨൫	ദരിദ്രരും അധഃകൃതരും ആയ വർഗ്ഗക്കാർക്കു കുടിപാർപ്പു സൌകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്ന കാര്യം സഹകരണസംഘങ്ങൾ ആലോചിക്കേണ്ടതാണ്.
	൧൨൬	ഇപ്പോഴുള്ള നെയ്ത്തുകാരുടെ സംഘങ്ങൾക്കു വേണ്ട ധനസഹായം ചെയ്യുന്നതിനു ഒരു സെൻട്രൽ സഹകരണ വ്യവസായബാങ്കു ഏർപ്പെടുത്തുകയും അതിനു സെൻട്രൽബാങ്കും ഗവണ്മെൻറും ധനസഹായം ചെയ്യുകയും വേണ്ടതാണ്.
൧൭-൧൮	൧൨൭	ഗാർഹികവ്യവസായങ്ങളുടെ അഭിവൃദ്ധിയ്ക്കായുള്ള സംഘങ്ങൾ ഏർപ്പെടുത്തണം.
൧൮	൧൨൮	സാമ്രാജ്യകാർഷികപര്യവേക്ഷണസമിതിയിലും സെൻട്രൽ നാളികേരക്കമ്മററി ഏർപ്പെടുത്തുമ്പോൾ അതിലും ഗവണ്മെൻറ് ചേരേണ്ടതാണ്.
൧൯	൧൨൯	ഉല്പാദകന്മാർക്കുള്ള സഹകരണസംഘങ്ങൾ ഏർപ്പെടുത്തുകയും അവ സെൻട്രൽ ഉല്പാദന സംഘവുമായി വ്യാപാരം നടത്തുകയും ചെയ്യണം. സാധനങ്ങളുടെ തരംതിരിപ്പ് തോതുവയ്പ്, കമ്പോളച്ചിലവ് മുതലായ സൌകര്യങ്ങൾ ലഭിക്കത്തക്കവണ്ണം ഗവണ്മെൻറ് ഈ വക സംഘങ്ങളെ സഹായിക്കേണ്ടതാണ്.
൨൦	൧൩൦	കൃഷിക്കാരുടെ യഥാർത്ഥആവശ്യങ്ങൾ അറിഞ്ഞുവേണ്ടതു ചെയ്യുന്നതിനും, സംഘങ്ങൾ മുഖാന്തിരം വല്ലും ഉണ്ടാക്കിക്കൊടു

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
		ക്കുന്നതിനും പ്രത്യേക സഹകരണഏജൻസികൾ ഏർപ്പെടുത്തേണ്ടതാണ്.
൨൧	൧൩൧	വിളവുനഷ്ടപരിഹാരസംഘങ്ങളും, കരം ഒടുക്കു സംഘങ്ങളും സ്ഥാപിക്കപ്പെടേണ്ടതാണ്.

(അദ്ധ്യായം ൧൨.)

സ്ത്രീകളും സഹകരണവും.

൫	൧൩൨	സ്ത്രീകളുടെയിടയിൽ സഹകരണപ്രസ്ഥാനം പ്രചരിക്കുന്നതിനു സഹകരണഡിപ്പാർട്ടുമെൻറും പൊതുജനങ്ങളും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

(അദ്ധ്യായം ൧൩.)

വിദ്യാർത്ഥികളും സഹകരണവും.

൩	൧൩൩	പല വിദ്യാലയങ്ങളും സ്വതന്ത്രസ്റ്റോറുകൾ തുടങ്ങുമ്പോൾ അവയെല്ലാംകൂടി സൌകര്യമായ ഒരു സെൻട്രൽ സ്ഥാപനത്തോടു സംഘടിപ്പിക്കപ്പെടണം.
൪	൧൩൪	വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരുടേയും അദ്ധ്യേതാക്കളുടേയും ആവശ്യത്തിലേക്കായി മിതവ്യയത്തിനും നിർബന്ധിതനിക്ഷേപങ്ങൾക്കും സംഘങ്ങൾ തുടങ്ങേണ്ടതാണ്.
	൧൩൫.	സഹകരണവിഷയങ്ങൾ പഠിപ്പിക്കുന്നതിനു വിദ്യാർത്ഥികൾക്കുള്ള പാഠപദ്ധതികളിൽ അനുയോജ്യങ്ങളായ ഭേദഗതികൾ വരുത്തണം.
൫	൧൩൬	ഹൈസ്കൂളുകളിൽ സഹകരണം ഒരു നിർബന്ധിതവിഷയമാക്കണം.

(അദ്ധ്യായം ൧൪.)

ചിട്ടികൾ.

൪	൧൩൭	വലിയതോതിലുള്ള ചിട്ടികൾ മുതലിക്കുന്നതിനു സംഘങ്ങൾക്കു പ്രോത്സാഹനം നൽകിക്കൂടാത്തതാണ്.

(അദ്ധ്യായം ൧൫.)

അധഃകൃതവർഗ്ഗക്കാർ.

൪	൧൩൮	അല്പനാളത്തേക്കു അധഃകൃതർക്കു ധനസഹായസംഘങ്ങൾ സാധാരണയായി രജിസ്റ്റർചെയ്തു കൂടാത്തതാണ്.
	൧൩൯	ഗ്രൂപ്പുസെക്രട്ടറിമാരുടെ നിയമനം നിറുത്തലാക്കേണ്ടതാണ്. എന്നാൽ അധഃകൃതവർഗ്ഗസംഘങ്ങളിലെ സെക്രട്ടറിമാർക്കു ഗവണ്മെൻറു ധനസഹായം ചെയ്യണം.
൬	൧൪൦	സഹകരണഡിപ്പാർട്ടുമെൻറും വനം ഡിപ്പാർട്ടുമെൻറും കൂടി കാണിക്കാർക്കു സംഘങ്ങൾ സ്ഥാപിക്കണം.
൭	൧൪൧	അധഃകൃതവർഗ്ഗീയ സംഘങ്ങൾക്കു പ്രത്യേകം ഐക്യസംഘങ്ങൾ ആവശ്യമുള്ളതല്ല
	൧൪൨.	അധഃകൃതവർഗ്ഗീയസംഘങ്ങളെ സവർണ്ണരുടെ സംഘങ്ങളുമായി യോജിപ്പിക്കുന്നതിനു കാലമായിട്ടില്ല.

ഖണ്ഡിക നമ്പർ   ശുപാർശ നമ്പർ

൧൨൩ അധഃകൃതവർഗ്ഗീയസംഘങ്ങളും അരയവാലമത്സ്യവ്യവസായികളുടെ സംഘങ്ങളും അധഃകൃതസംരക്ഷകന്റെ മേൽനോട്ടത്തിൽ വയ്ക്കപ്പെടണം.

൧൨൪ അധഃകൃതസംരക്ഷകന്റെ താഴെ പ്രത്യേകമായി കുറെ ഇൻസ്പെക്ടറന്മാർ ഉണ്ടായിരിക്കേണ്ടതാണ്.

൮ ൧൨൫ അധഃകൃതവർഗ്ഗീയ സംഘങ്ങളുടെ ബാദ്ധ്യത ക്ലിപ്തസഹിതമായതായിരിക്കണം.

൯ ൧൨൬ മദ്രാസ് ക്രിസ്ത്യൻ കോവാപ്പറേറിവ് ബാങ്കിന്റെ മാതൃകയിൽ അധഃകൃതവർഗ്ഗസംഘങ്ങൾക്ക ധനസഹായം ചെയ്യുന്നതിന ഒരു ബാങ്ക സ്ഥാപിക്കാൻ ഡിപ്പാർട്ടമെന്റ സഹായിക്കണം.

൧൧ ൧൨൭ രജിസ്ട്രാർ അധഃകൃതസംരക്ഷകൻകൂടി ആയിരിക്കണം.

൧൧ ൧൨൮ അദ്ദേഹത്തിനെ ഈ ജോലിയിൽ സഹായിക്കുന്നതിന ഒരു അസിസ്റ്റൻറ രജിസ്ട്രാർ ഉണ്ടായിരിക്കണം.

൧൨ ൧൨൯ കുറഞ്ഞപക്ഷം പത്തു അധഃകൃതകാളനികളെങ്കിലും ഉടനെ രാജ്യത്തു സ്ഥാപിക്കേണ്ടതാണ്.

(അദ്ധ്യായം ൧൬)

മത്സ്യവ്യവസായികകളുടെ സംഘങ്ങൾ.

൫ ൧൩൦ വാലസംഘങ്ങളിലെപ്പോലെ അരയസംഘങ്ങളിലും തീരമത്സ്യവ്യവസായികളുടെ സംഘങ്ങളിലും സാമുദായികവും സമ്പത്തികവുമായ ജോലികൾ ചെയ്യേണ്ടചുമതല മത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിന്ന നൽകണം.

൬ ൧൩൧ മത്സ്യവ്യവസായികളുടെ സംഘങ്ങൾക്ക മുൻകടങ്ങൾ വീട്ടുന്നതിനും ൧൦൦൦ രൂപാവീതം ഗവണ്മെന്റ അഡ്വാൻസ് കൊടുക്കേണ്ടതാണ്.

൭ ൧൩൨ അംഗങ്ങൾക്ക കൂലിക്ക കൊടുക്കുന്നതിന മത്സ്യവ്യവസായ സംഘങ്ങളിൽ വള്ളങ്ങളും വലകളും സ്റ്റാക്കചെയ്യണം.

൯ ൧൩൩ വലകെട്ടു, നെയ്ത്തുമുതലായ ഉപവ്യവസായങ്ങൾ മത്സ്യവ്യവസായികളുടെ ഇടയിൽ ഏർപ്പെടുത്തണം.

൧൦ ൧൩൪ മത്സ്യവ്യവസായത്തിൽ പരിശീലിതരായ പ്രത്യേക ഇൻസ്പെക്ടറന്മാരെ, മുപ്പതു മത്സ്യവ്യവസായസംഘങ്ങൾക്കൊരാൾവീതം, നിയമിക്കേണ്ടതാണ്.

(അദ്ധ്യായം ൧൭.)

ഗ്രാമോദ്ധാരണം.

൩ ൧൩൫ ഗ്രാമോദ്ധാരണജോലികളിൽ ഏർപ്പെട്ടു പ്രവർത്തിക്കാനായി രജിസ്ട്രാക്ക ഒരു പ്രത്യേക സ്റ്റാഫ് ഉണ്ടായിരിക്കേണ്ടതാണ്. ശക്തിക്കതക്കവണ്ണം ഈ ജോലിക്കായി ഓരോ സംഘവും അവയുടെ വാർഷികലാഭത്തിൽ ൧൦ മുതൽ ൧൫ വരെ ശതമാനംവിനിയോഗിക്കേണ്ടതാണ്.

൪ ൧൩൬ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിലേക്കായി അധിനിവേശസംഘങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഖണ്ഡിക നമ്പർ — ശുപാർശ നമ്പർ

(അദ്ധ്യായം ൧൮.)

കാർഷികഋണവിമോചനം.

൧൨ ൧൮൭ ഒരു മാക്കററിംഗ് ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതും അദ്ദേഹത്തിനു സാമ്രാജ്യകാർഷിക പര്യവേക്ഷണസമിതിയിലെ ഉദ്യോഗസ്ഥൻെറ കൂടെ പരിശീലനം നൽകേണ്ടതും ആണു്.

൧൮൮ കൃഷിക്കാർക്കു നിർബന്ധിതമായിസംഘങ്ങൾ ഏർപ്പെടുത്തുന്ന ഒരു പദ്ധതി ഡിപ്പാർട്ടുമെൻറു ചുമതലപ്പെട്ടു നടത്തണം.

൧൮൯ ഉപതൊഴിലുകളുടെ അഭിവൃദ്ധിക്കും വ്യവസായീകരണത്തിനും ഒരു ഊർജ്ജിതമായ പദ്ധതി സഹകരണവകുപ്പു ആരംഭിക്കേണ്ടതാണു്.

൧൯൦ ബംഗാളിലും ഡക്കാണിലുംഉള്ളതുപോലെ കർഷക സമാജങ്ങൾ സ്ഥാപിക്കേണ്ടതാണു്.

൧൯൧ കുടിശിഖയായവയും കാലഹരണപ്പെട്ടവയും ആയ സംഘങ്ങളിലെ വായ്പകൾക്കു കാലാവധി നീട്ടിക്കൊടുക്കേണ്ടതാണു്.

൧൯൨ പലിശ പിഴ ഇവയുടെ റേററു പൊതുവെ കുറക്കേണ്ടതാണു്.

൧൯൩ കുറെക്കൂടി ലഘുതരമായ ഒരു നിർദ്ധന റഗുലേഷൻ നടപ്പാക്കണം.

൧൯൪ പൊതുവെ നടപ്പിൽ വരുത്തുന്ന ഋണ വിമോചനപദ്ധതിയുടെ പ്രയോജനം, രജിസ്റ്റ്രാർ ഏർപ്പെടുത്തുന്ന ഡിപ്പാർട്ടുമെൻറൽ ഋണവിമോചനബോർഡുകൾമുഖാന്തിരം, സഹകരണ സംഘാംഗങ്ങൾക്കും ലഭ്യമാക്കേണ്ടതാണു്.

൧൯൫ അമിതമായ സാമുദായിക വ്യയങ്ങൾ ഉൻമൂലനം ചെയ്യുന്നതിനു സഹകരണ സംഘങ്ങൾ രാജ്യം പാടെ ഊർജ്ജിതമായ പ്രബോധന ജോലികൾ ചെയ്യേണ്ടതാണു്.

൧൩. ൧൯൬ ഋണനിവാരണ സമിതികൾ ഏർപ്പെടുത്തി,കൊടുത്തു തീർക്കേണ്ട സംഖ്യ മൊത്തം കടത്തിൻെറ ൬൦ ശതമാനമായി ഒതുക്കണം.

൧൯൭ സഹകരണസംഘങ്ങളും ബാംകുകളും അവയുടെ ലാഭത്തിൽനിന്നും സമുച്ചയിച്ചിട്ടുള്ള ധനങ്ങൾ കൃഷിക്കാരുടെ കടം ഇല്ലാതാക്കാനോ ലഘൂകരിക്കാനോ ഉപയോഗപ്പെടുത്താൻ നിർബ്ബന്ധിക്കപ്പെടേണ്ടതാണു്.

൧൯൮ വ്യാവസായിക ഋണങ്ങളും ഋണവിമോചനബോർഡുകൾ മൂലം പരിഹരിക്കപ്പെടേണ്ടതാണു്.

(അദ്ധ്യായം ൧൯.)

ഭൂസ്വത്തുബാങ്കുകൾ.

൧൨. ൧൯൯ മററുകാര്യങ്ങൾ ഇതേവിധമിരിക്കയാണെങ്കിൽ സ്റ്റേററ ഭൂസ്വത്തു ബാങ്കിനെ രാജ്യം ഒട്ടുക്ക പ്രാഥമിക ബാംകുകളോടുകൂടിയ ഒരു സഹകരണ ഭൂസ്വത്തുബാങ്കായി അഞ്ചുവർഷംകൊണ്ടു രൂപാന്തരപ്പെടുത്തണം.

൧൩. ൨൦൦. ഗവർമ്മെൻറിൽനിന്നും ധനമായും ഉദ്യോഗസ്ഥന്മാരായും പ്രത്യേകസഹായത്തോടുകൂടിയ പ്രാഥമിക ഭൂസ്വത്തു ബാംകുകൾ സ്ഥാപിക്കാൻ ഡിപ്പാർട്ടുമെൻറു ഉദ്യമിക്കേണ്ടതാണു്.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
	൧൭൧	ഏതാനും ഇൻസ്പെക്ടറന്മാരോടുകൂടി ഒരു അസിസ്റ്റൻറ് രജിസ്ട്രാറെ ഉടനെ ഈ ജോലിക്കായി നിയമിക്കേണ്ടതാണ്.
൧൪	൧൭൨	ഒരു പ്രാഥമിക ഭൂസ്വത്തുബാങ്കിൻെറ പ്രവർത്തനപരിധി മൂന്നോ നാലോ താലൂക്കുകൾ ആയിരിക്കാം.
	൧൭൩	കൃഷിക്കാരുടെ സാമ്പത്തികാവസ്ഥ നിർണ്ണയിക്കുന്നതിലേക്ക സഹകരണഡിപ്പാർട്ടുമെൻറ സവിസ്തരമായ ഒരു അന്വേഷണം ഉടനെ നടത്തേണ്ടതാണ്.
൧	൧൭൪	ഈ അന്വേഷണഫലംകൊണ്ട് ബാങ്കിൻെറ പ്രവർത്തനസ്ഥലം രജിസ്ട്രാർ നിർണ്ണയിക്കേണ്ടതാണ്.
	൧൭൫	സഹകരണസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർക്കും അല്ലാത്തവർക്കും ഭൂസ്വത്തുബാങ്കുകളിൽ പ്രവേശനം നൽകപ്പെടാവുന്നതാണ്.
	൧൭൬	അംഗങ്ങളുടെ ബാദ്ധ്യത ക്ലിപ്തസഹിതമായിരിക്കണം.
	൧൭൭	സഹകരണസംഘങ്ങളിലെ അംഗങ്ങളായിട്ടുള്ളവർക്ക് വായ്പ കൊടുക്കുന്നതു അതതു സംഘങ്ങളോടു ആലോചിച്ചു മാത്രം ചെയ്യേണ്ടതാണ്.
൧൫	൧൭൮	മൂലധനം അംഗങ്ങളിൽനിന്നും ഓഹരിയുവേണ പിരിക്കപ്പെടണം.
	൧൭൯	സ്റ്റേറ്റ് ഭൂസ്വത്തുബാങ്കിൽനിന്നും പ്രാഥമിക ബാങ്കുകൾക്ക വായ്പ കൊടുക്കുന്നതു ആ ബാങ്കുകളിലേക്ക വായ്പക്കാർ എഴുതി കൊടുത്തിട്ടുള്ള പണയാധാരങ്ങൾ ഈടു വാങ്ങിഅവയുടെ ഉറപ്പിന്മേൽവേണ്ടതാണ.
	൧൮൦	പ്രാഥമികഭൂസ്വത്തു ബാങ്കിനു അതിൻെറ ഓഹരിമുതലിൻെറ ഇരുപതിരട്ടിവായ്പ വാങ്ങാം.
	൧൮൧	ഓരോ പ്രാഥമിക ബാങ്കുകളുടെയും അതിർത്തിയിലുള്ള സംഘങ്ങളിലെ ദീർഘകാല വായ്പകൾ എല്ലാം വേണ്ട അന്വേഷണങ്ങൾക്കു ശേഷം ആ ബാങ്കിലേക്ക മാററപ്പെടണം.
	൧൮൨	വായ്പത്തുകകളുടെ ന്യൂനാതിരേക പരിധികൾ ൨൫൦-ം ൧൦൦൦൦-ം രൂപയും കാലാവധി ൧൦ വർഷത്തിൽ കുറയാത്തതും ൨൫ വർഷത്തിൽ കവിയാത്തതും ആയിരിക്കേണ്ടതാണ്.
	൧൮൩	പത്തോ പന്ത്രണ്ടോ പ്രാഥമിക ഭൂസ്വത്തുബാങ്കുകൾ ഏർപ്പെടുത്തിയശേഷം സ്റ്റേറ്റ ഭൂസ്വത്തുബാങ്കിൻെറ ജോലികൾ കയ്യേല്ക്കുന്നതിനു മദ്രാസ് മാതൃകയിൽ ഒരു സെൻട്രൽ ഭൂസ്വത്തു ബാങ്കു സ്ഥാപിക്കപ്പെടേണ്ടതാണ്.
	൧൮൪	സെൻട്രൽ ഭൂസ്വത്തുബാങ്കിൻെറ മൂലധനം ഓഹരികൾ മൂലവും ൪ ശതമാനത്തിൽ കവിയാത്തതയുള്ള പലിശക്ക ഗവൺമെൻറ ഉറപ്പുകൊടുക്കുന്ന ഡിബഞ്ചർ കടപ്പത്രങ്ങൾമൂലവും ശേഖരിക്കപ്പെടേണ്ടതാണ്.
	൧൮൫	മററുള്ളവർ എടുത്തിട്ടുള്ള കടപ്പത്രങ്ങളിൽ ഇരട്ടിഗവൺമെൻറ എടുത്തുകൊള്ളാമെന്ന ഏൽക്കേണ്ടതാണ്.
	൧൮൬	സഹകരണ സംഘങ്ങളുടെ കരുതൽ ധനത്തിൽ ഒരു വീതം ഈ വക കടപ്പത്രങ്ങളിൽ നിക്ഷേപിക്കേണ്ടതാണ്.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
		എല്ലാ ഇൻഷ്വറൻസു കമ്പനികളും ബാംകുകളും അവയിലെ പ്രീമിയത്തിൻെറയും മൂലധനത്തിൻെറയും ഒരു ക്ലിപ്തഭാഗം ദീർഘകാല കടപ്പത്രങ്ങളിൽ നിക്ഷേപിക്കണം. സ്റ്റേററ റിസർവ്വുബാങ്കിൽ ചേരേണ്ടതാണ്. (ശുപാർശ ൧)
	൧൨൭	വസ്തുക്കളുടെവില നിർണ്ണയിക്കാനും മററുമായി ആരംഭത്തിൽ തഹസീൽദാരുടെ റാങ്കിലുള്ള ഒരു റവന്യൂ ഉദ്യോഗസ്ഥനെ പ്രതിഫലം കൂടാതെ ഓരോ ബാങ്കിനും വിട്ടുകൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ബാങ്കുകളുടെയും സെൻട്രൽ ഭൂസ്വത്തുബാങ്കിൻെറയും പ്രവർത്തനച്ചിലവുകൾക്കായി ൧൫ വർഷം അവസാനിക്കുന്നതോടുകൂടി അല്പാല്പമായി മുഴുവൻ പിൻവലിക്കുമെന്നുള്ള വ്യവസ്ഥയിൽ ആദ്യ അഞ്ചുവർഷങ്ങളിലേക്കുള്ള ചെലവിൽ മുക്കാൽഭാഗം ഗവണ്മെൻറിൽനിന്നും വഹിക്കേണ്ടതാണ്.
	൧൨൮	സെൻട്രൽഭൂസ്വത്തു ബാംക് പ്രാഥമികബാംകുകൾക്കു ധനസഹായം ചെയ്യുകയും കടപ്പത്രങ്ങളുടെ പലിശനിരക്കിൽ ൧½ ശതമാനം കൂട്ടിയും നാല്പതുവർഷം വരെ കാലാവധിയ്ക്കു ഈടു വസ്തുക്കളുടെ വിലയിൽ ൪൦ ശതമാനത്തിൽ കവിയാതെയും ൧൦,൦൦൦ രൂപവരെ വ്യക്തികൾക്കു കടംകൊടുക്കയും ചെയ്യുന്നതാകുന്നു
൧൨	൧൨൯	വ്യക്തികൾക്കും കർഷകസഹകരണസംഘങ്ങൾക്കും ൧൦,൦൦൦ രൂപയിൽ കവിഞ്ഞ വായ്പകൾ കൊടുക്കുന്നതിനു അനുയോജ്യമായ സംഘടനയോടുകൂടി ഒരു പുതിയ സ്റ്റേററ ഭൂസ്വത്തുബാങ്കു സ്ഥാപിക്കണം.
	൧൩൦	ഉദ്യോഗത്തിൽ നിന്നും അടുത്തുൺ പററിപ്പിരിഞ്ഞ ഭരണ പരിചയമുള്ള ഒരു വലിയഉദ്യോഗസ്ഥൻ സ്റ്റേററഭൂസ്വത്തുബാങ്കിൻെറ അദ്ധ്യക്ഷനായി ഇരിക്കേണ്ടതാണ്.
	൧൩൧	ബാംകുമാനേജർ ഗ്രാമീണ സാമ്പത്തികകാര്യങ്ങളും, ഭൗമിക നിയമങ്ങളും ബാങ്കിംഗും പരിചയമുള്ള ആളായിരിക്കണം.
	൧൩൨	ബാംകു ഒരു പ്രത്യേകഡിപ്പാർട്ടുമെൻറായിരിക്കണം.
	൧൩൩	ബാദ്ധ്യതയില്ലാത്ത വസ്തു ഈടുകൊടുത്താൽ, ഈടിന്മേലല്ലാതെയുള്ള സ്വന്ത കടങ്ങൾ വീട്ടുന്നതിനു വായ്പകൊടുക്കത്തക്കവിധം ഇപ്പോഴത്തെ ഭൂസ്വത്തുബാംകു ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടാക്കേണ്ടതാണ്.
	൧൩൪	ഭൂസ്വത്തുബാംകുപ്രവർത്തനത്തിനെ നയിക്കുന്നതിനു പ്രത്യേകനിയമനിർമ്മാണം ഇപ്പോൾ ആവശ്യമില്ല.

(അദ്ധ്യായം ൨൦.)

വിക്രയം.

൧	൧൩൫	സഹകരണ വിക്രയത്തിനു (Marketing) ഇവിടെ വളരെ സൌകര്യങ്ങളുണ്ട്.
൨	൧൩൬	ഗവണ്മെൻറ ധനസഹായത്തോടുകൂടി അംഗീകൃതപണ്ടകശാലകൾ സ്ഥാപിക്കാനായി സഹകരണസംഘങ്ങൾ ഏർപ്പെടുത്തണം.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
൩	൯൭	ചിലവ്യവസ്ഥകളനുസരിച്ചു പണ്ടകശാലകൾക്കു അംഗീകാരം നല്കാൻ രജിസ്ത്രാർക്കു അധികാരമുണ്ടായിരിക്കണം.
൪	൯൮	പണ്ടകശാലഉദ്യോഗസ്ഥന്മാരെ രജിസ്ത്രാരുടെ അധീനതയിൽ ഗവന്മെൻറിൽ നിന്നും നിയമിക്കേണ്ടതാണ്

(അദ്ധ്യായം ൧൧.)

തിരുവിതാംകൂർ കൊവാപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ക്ലപ്തം.

൩	൯൯	മേലന്വേഷണ ഐക്യസംഘങ്ങൾ സഹകരണഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണത്തിലും മേൽവിചാരത്തിലുംപ്രവത്തിക്കേണ്ടതാണ്.
	൧൦൦	൧൫ പേരടങ്ങിയ ഒരു ബോർഡിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണം നടത്തപ്പെടേണ്ടതാണ്.
	൧൦൧	എല്ലാസംഘങ്ങളിലെയും മേലന്വേഷണനിധി ഇൻസ്റ്റിറ്റ്യൂട്ടിൽ സമാഹരിക്കയും ബോർഡിനാൽ ചിലവാക്കപ്പെടുകയും ചെയ്യേണ്ടതാണ്.
൫.	൧൦൨	സൂപ്പർവൈസരന്മാരെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ താഴെ ഒരേ ശമ്പളക്രമത്തിൽ ഇരിക്കേണ്ടതും അവരെ നിയമിക്കാനും സ്ഥലംമാററാനും ശിക്ഷിക്കാനും പിരിച്ചുവിടാനും ഇൻസ്റ്റിറ്റ്യൂട്ടിനു അധികാരം ഉണ്ടായിരിക്കേണ്ടതും ആണ്.
	൧൦൩	ആദ്യമായിത്തന്നെ ഇൻസ്റ്റിട്യൂട്ടിന്റെ നിബന്ധനകൾ ഭേദപ്പെടുത്തിപരിഷ്ക്കരിക്കണം.
	൧൦൪	നിബന്ധനകളിൽ വ്യവസ്ഥയുണ്ടാക്കി അതിൻപ്രകാരംകടം വാങ്ങാൻ ഇൻസ്റ്റിറ്റ്യൂട്ടിനെ അനുവദിക്കാവുന്നതാണ്.
	൧൦൫	പ്രാദേശികഐക്യസംഘങ്ങൾ ഒഴിച്ചുള്ള മററുസംഘങ്ങളുടെ ആണ്ടുവരികൾ ഭേദപ്പെടുത്തേണ്ടതാണ്.
	൧൦൬.	കുടിശിഖ വരിസംഖ്യകൾ ഡിപ്പാർട്ടുമെൻറിന്റെ സഹായത്തോടുകൂടി പിരിക്കുന്നതിനു ശ്രമിക്കേണ്ടതാണ്.
	൧൦൭	മാനേജ്മെൻറബോർഡിനെ പുനസ്സംഘടിപ്പിച്ചു ൨ വർഷംകഴിഞ്ഞു അംഗങ്ങളായ ഐക്യസംഘങ്ങൾക്കു ഇൻസ്റ്റിറ്റ്യൂട്ടിൽ വിശ്വാസം ജനിച്ചശേഷമേ സൂപ്പർവിഷൻ ഫണ്ടുകൾഒരുമിച്ചുചേർക്കുകയും സൂപ്പർവൈസരന്മാരുടെ ലാവണം സാംസ്ഥാനികമാക്കുകയും ചെയ്യാൻ പാടുള്ളു.
൭	൧൦൮	പ്രസിഡൻറും സെക്രിട്ടറിയും ഉൾപ്പെടെ അഞ്ചു അംഗങ്ങൾ അടങ്ങിയ രണ്ടു ഡിവിഷൻ ബോർഡുകൾ കൊല്ലത്തും കോട്ടയത്തും സ്ഥാപിക്കണം.
൯	൧൦൯	ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനഃസംഘടനയോടുകൂടി ഐക്യസംഘങ്ങൾക്കു രജിസ്ത്രാർ വേതനം ചിലവിക്കുന്ന രീതി നിറുത്തലാക്കപ്പെടേണ്ടതാണ്.
	൧൧൦	ഗവന്മെൻറുവേതനം ഇൻസ്റ്റിറ്റ്യൂട്ടു ശേഖരിക്കുന്ന മൊത്തം തുകയ്ക്കു തുല്യമായിരിക്കേണ്ടതാണ്.
൧൦	൧൧൧	മേലന്വേഷണ ഐക്യസംഘങ്ങൾക്കു നൽകപ്പെടുന്ന വേതനങ്ങൾ സംഘങ്ങൾ അടയ്ക്കുന്ന മേലന്വേഷണധനത്തിനനുസരണമായിരിക്കേണ്ടതാണ്.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
	൨൧൨	സെൻട്രൽ ബാങ്കു് പൊല്ലുള്ളവരും അപ്പെക്സ് ശ്രമം സംഘത്തിൽ ൨൫ ശതമാനത്തിൽ കുറയാത്ത സംഖ്യ ഇൻസ്റ്റിറ്റ്യൂട്ടിനു വേതനമായി നൽകേണ്ടതാണ്.

(അദ്ധ്യായം ൨൨.)

പ്രചരണം പ്രബോധനം മുതലായവ.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
൪	൨൧൩	സഹകരണവിദ്യാഭ്യാസവിഷയത്തെപ്പററി ഗൌരവമായി ശ്രദ്ധിക്കുന്നതിൽ ഒട്ടും അമാന്തിച്ചുകൂടാത്തതാണ്.
൪	൨൧൪	മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ടുപോലെ രജിസ്ട്രാരുടെ ഭരണത്തിൽ തിരുവനന്തപുരത്തു ഒരു സെൻട്രൽ പരിശീലനവിദ്യാലയം തുടങ്ങുന്നതിനു ഉടനടി വേണ്ടതു ചെയ്യേണ്ടതാണ്.
൫	൨൧൫	ഡിപ്പാർട്ടുമെൻറിലേക്കും അനൌദ്യോഗസ്ഥസമിതികളിലേക്കും മേലാൽ ഈ വിദ്യാലയത്തിൽ പരിശീലനം സിദ്ധിച്ചവരെമാത്രമേ നിയമിക്കാൻ പാടുള്ളു.
൬	൨൧൬	ബി. ഏ. ബിരുദധാരികൾക്കുമാത്രമേ ഈ വിദ്യാലയത്തിൽ പ്രവേശനം നല്കപ്പെടാവു.
൭	൨൧൭	അഞ്ചുവർഷത്തിനുശേഷം ഈ വിദ്യാലയം ഇൻസ്റ്റിറ്റ്യൂട്ടിനു വിട്ടുകൊടുക്കപ്പെടാവുന്നതാണ്.
൭	൨൧൮	ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടറന്മാരെ മൂന്നുവർഷത്തിനകം ഈ വിദ്യാലയത്തിൽ പരിശീലിപ്പിക്കണം. അങ്ങിനെ പരിശീലിക്കയോ സർട്ടിഫിക്കററു സമ്പാദിക്കയോ ചെയ്തിട്ടുള്ളവർക്കുമാത്രമേ ഉദ്യോഗക്കയററം നൽകപ്പെടാവു.
	൨൧൯	വിദ്യാലയം ഒരു അസിസ്റ്റൻറു രജിസ്ട്രാരുടെ ചുമതലയിൽ വയ്ക്കപ്പെടണം.
൮	൨൨൦	താഴ്ന്നതരം സൂപ്പർവൈസറന്മാരുടെയും, ബാങ്കുജീവനക്കാരുടെയും ആവശ്യത്തിലേക്കു ഇൻസ്റ്റിറ്റ്യൂട്ട് ഉടനെ ഒരു പഠിപ്പുടനവിദ്യാലയം തുടങ്ങേണ്ടതാണ്.
	൨൨൧	സെക്രട്ടറിമാൎക്കു പ്രബോധനം നൽകുന്നതിനു രണ്ടാഴ്ചകൊണ്ടവസാനിക്കുന്ന സായാഹ്നക്ലാസ്സുകൾ അവർ നടത്തേണ്ടതാണ്.
	൨൨൨	സംഘം പ്രസിഡൻറന്മാരുടേയും കമ്മിററി മെമ്പർമാരുടെയും ആവശ്യത്തിലേക്കായി അനുയോജ്യങ്ങളായ അദ്ധ്യാപനക്രമങ്ങൾക്കൂടി അവർ കയ്യേററു നടത്തേണ്ടതാണ്.
	൨൨൩	പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ഗുണത്തിലേക്കായി തിരുവനന്തപുരത്തും മററു വിദ്യാഭ്യാസകേന്ദ്രങ്ങളിലും പ്രസംഗങ്ങൾ നടത്തപ്പെടേണ്ടതാണ്.
൯	൨൨൪	പ്രകടനവാഹനങ്ങളും മററു പ്രചരണോപകരണങ്ങളും സഹിതം ഒരു വ്യവസ്ഥിതമായരീതിയിൽ ഇൻസ്റ്റിറ്റ്യൂട്ടും ഐക്യസംഘങ്ങളുംകൂടി ഊർജ്ജിതമായ പ്രചരണം നടത്തേണ്ടതാണ്.
൯	൨൨൫	ജൂണിയർ ആർഗനൈസർമാരായി സ്ത്രീകളെയും പുരുഷന്മാരെയും നിയമിക്കേണ്ടതാണ്.
൧൦	൨൨൬	അവൎക്കു അലവൻസുകൾ കൊടുക്കുന്നതിനായി ഗവൺമെൻറിൽനിന്നും ഉദാരമായ വേതനം നൽകേണ്ടതാണ്.

ഖണ്ഡിക നമ്പർ | ഖ്ഖപാർശ നമ്പർ

൨൨൭ ആണാറി ആർ‌ഗനൈസർമാരുടെ നിയമനം രജിസ്ട്രാർമുഖാന്തിരം ഗവണ്മെൻറാലോചനയോടുകൂടി ഇൻസ്റ്റിറ്റ്യൂട്ട നടത്തേണ്ടതാകുന്നു.

൧൧ ൨൨൮ അതകാലികങ്ങളായ കാൺഫറൻസുകൾ ഒരു ശരിയായ പരിപാടിയനുസരിച്ചു ക്രമീകരിക്കപ്പെടേണ്ടതാണ്.

൨൨൯ കാൺഫറൻസുകൾക്ക സുസ്ഥാപിതമായ ഒരു അടിസ്ഥാനത്തിന്മേൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു വേതനങ്ങൾ നൽകേണ്ടതാണ്.

൧൨ ൨൩൦ തദ്ദേശങ്ങളിൽ ജോലികൾ ചെയ്യുന്ന ഇതര സ്ഥാപനങ്ങൾക്ക ഇൻസ്റ്റിറ്റ്യൂട്ട ധനസഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

൨൩൧ സഹകരണമാസികയുടെ ൫൦൦ പ്രതികൾ നീതം ഗവണ്മെൻറ വാങ്ങി വിദ്യാലയങ്ങൾക്കും വായനശാലകൾക്കും വിതരണം ചെയ്യണം.

൧൩ ൨൩൨ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വരുമാനത്തോളമുള്ള ഉദാരമായ ഒരു വേതനം അതിനു ഗവണ്മെൻറിൽനിന്നു കൊടുക്കേണ്ടതാണ്.

(അദ്ധ്യായം ൨൩.)

പരിശോധനയും മേലന്വേഷണവും ആഡിററും.

൧ ൨൩൩ പരിശോധനഫണ്ട സംഘങ്ങളിൽനിന്നും പിരിയ്ക്കുന്ന വിഷയത്തിൽ ഡിപ്പാർട്ടുമെൻറ പ്രവൃത്തിയ്ക്കുപണ ഐക്യസംഘങ്ങളെ സഹായിക്കേണ്ടതും കുടിശിഖവരുത്തുന്ന സംഘങ്ങളുടെമേൽ ഐക്യസംഘങ്ങൾ കൊണ്ടുവരുന്ന തക്കങ്ങൾ ഫൈൽചെയ്യുന്നതിൽ ഒട്ടും മടിച്ചുകൂടാത്തതുമാണ്.

൨൩൪ പരിശോധനധനവും കരുതൽധനവും അടച്ചശേഷമല്ലാതെ അംഗങ്ങൾക്ക ഡിവിഡൻഡോ സെക്രട്ടറിമാർക്ക ബോണസ്സോ കൊടുക്കാവുന്നതല്ലെന്നു വ്യവസ്ഥചെയ്യണം.

൨൩൫ സംഘങ്ങൾ മേലന്വേഷണധനവും പ്രതിനിധിഫീസും അടയ്ക്കാതെ ഐക്യസംഘങ്ങളിന്മേൽ പ്രതിനിധികളെ അയക്കുന്ന രീതി ഉടൻ നിറുത്തപ്പെടേണ്ടതാണ്.

൨൩൬ സ്വന്തവായ്പയിലൊ ജാമ്യംവകയിലൊ കുടിശിഖവരുത്തിയിട്ടുള്ള ഒരാളെ ഐക്യസംഘത്തിൽ പ്രതിനിധിയായി ഒരു സംഘം അയച്ചുകൂടാത്തതാണ്.

൨ ൨൩൭ ഒരു സൂപ്പർവൈസർക്കുള്ള കുറഞ്ഞ യോഗ്യത ഒരു പരിശീലനസർട്ടിഫിക്കററു ലഭിച്ചിരിക്കുക എന്നുള്ളതായിരിക്കണം.

൨൩൮ മേൽപറഞ്ഞ യോഗ്യതയോടുകൂടിയ ബിരുദധാരികളെമാത്രമേ മേലാൽ സൂപ്പർവൈസറന്മാരായി നിയമിക്കപ്പെടാവൂ.

൨൩൯ ഇപ്പോൾ സർവ്വീസിലിരിക്കുന്ന എല്ലാ സൂപ്പർവൈസറന്മാരും മൂന്നു വർഷംകൊണ്ടു യോഗ്യത സമ്പാദിച്ചുകൊള്ളാൻ ആവശ്യപ്പെടേണ്ടതാണ്.

൩ ൨൪൦ മുപ്പത്തിയഞ്ചിൽക്കൂടുതൽ സംഘങ്ങൾ ഒരു സൂപ്പർവൈസറെ ഏല്പിച്ചുകൂടാത്തതും മൂന്നുമാസത്തിലൊരിക്കൽ ഓരോ സംഘവും സൂപ്പർവൈസർ സന്ദർശിച്ചിരിക്കേണ്ടതും ആണ്.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
	൨൪൧	ഇൻസ്പെക്ടറന്മാരോടും ധനസഹായംചെയ്യുന്ന ബാങ്കുകളോടും ആലോചിച്ചു ഐക്യസംഘങ്ങൾ സൂപ്പർവൈസറന്മാരുടെ സഞ്ചാരപരിപാടി തയ്യാറാക്കേണ്ടതാണ്.
൧൦	൨൪൨	സൂപ്പർവൈസരുടെ റിപ്പോർട്ട സംഘസന്ദർശനശേഷം ഒരു മാസത്തിനകം ഐക്യസംഘകമ്മിററിയുടെ റിമാർക്കുകൾസഹിതം അതതു സംഘത്തിനയച്ചുകൊടുക്കേണ്ടതും, ഓരോ പാദവർഷത്തിലും ഐക്യസംഘത്തിൽ ചേർന്നിട്ടുള്ള എല്ലാ സംഘങ്ങളുടെയും സ്ഥിതിവിവരം കാണിക്കുന്ന ഒരു റിപ്പോർട്ട ഇൻസ്ററിറ്റ്യൂട്ട നിശ്ചയിക്കുന്ന ഫാറത്തിൽ ഇൻസ്ററിറ്റ്യൂട്ടിനു സമർപ്പിക്കേണ്ടതും ആകുന്നു.
൧൦	൨൪൩	സൂപ്പർവൈസരുടെ ഡയറി ഐക്യസംഘകമ്മിററിയുടെ റിമാർക്കസഹിതം മാസംതോറും ഇൻസ്ററിറ്റ്യൂട്ടിനു അയക്കേണ്ടതാണ്.
	൨൪൪	ഐക്യസംഘക്കമ്മിററി ഇപ്പോൾ നടത്തിവരുന്നതായ സംഘങ്ങളുടെ മേലന്വേഷണജോലികൾ തുടരേണ്ടതാണ്
	൨൪൫	ഐക്യസംഘത്തിലുള്ള എല്ലാ സംഘങ്ങളും കുറഞ്ഞപക്ഷം രണ്ടുവർഷത്തിലൊരിക്കൽ കമ്മിററിമെമ്പറന്മാർ സന്ദർശിച്ചിരിക്കേണ്ടതാണ്.
	൨൪൬	ഐക്യസംഘങ്ങളിലെ സഞ്ചാരപ്പടി ഇൻസ്ററിറ്റ്യൂട്ട രജിസ്ട്രാരുമായി ആലോചിച്ചു ഒരേ തോതിൽ നിർണ്ണയപ്പെടുത്തണം.
	൨൪൭	വാർഷികറിപ്പോർട്ടിലേക്കു രജിസ്ട്രാർക്കു ആവശ്യമുള്ള കണക്കുകൾ ഐക്യസംഘങ്ങൾ നല്കേണ്ടതാണ്.

ആഡിററ്.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
൧൫	൨൪൮	ആഡിററഫീസ് ഏർപ്പെടുത്തണം.
	൨൪൯	ആഡിററുജോലി ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാരൊ, സ്ഥിരതൊഴിലായി അംഗീകാരം ലഭിച്ചിട്ടുള്ള ആഡിററന്മാരൊ ചെയ്യേണ്ടതാണ്. ഐക്യസംഘം സൂപ്പർവൈസർമാരെക്കൊണ്ടും മററു അനുദ്യോഗസ്ഥആഡിററന്മാരെക്കൊണ്ടും ആഡിററുചെയ്യിച്ചുകൂടാത്തതാണ്.
	൨൫൦	അൻപതു സംഘങ്ങളിൽക്കൂടുതൽ ആഡിററുചെയ്യാൻ ഒരു ഇൻസ്പെക്ടരെ ഏല്പിച്ചുകൂടാത്തതാണ്.
൧൬	൨൫൧	സഹകരണസംഘവർഷം ആയവ്യയവർഷത്തോടു യോജിച്ചിരിക്കേണ്ടതാണ്.
൧൭	൨൫൨	ആഡിററഫീസിന്റെ തോതു രജിസ്ട്രാർ ഗവമെന്റനുവാദത്തോടുകൂടി നിർണ്ണയപ്പെടുത്തേണ്ടതാണ്,
	൨൫൩	ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ സംഘങ്ങളിലും ൨൦,൦൦൦ രൂപയ്ക്കുതാഴെ പ്രവൎത്തനധനമുള്ള ക്ലിപ്തബാദ്ധ്യതസംഘങ്ങളിലും ൨൫,൦൦൦ രൂപയിൽ കവിഞ്ഞു വ്യാപാരമുള്ള സ്റേറാറുകളല്ലാത്ത ധനേതരസംഘങ്ങളിൽനിന്നും മേലന്വേഷണഐക്യസംഘങ്ങളിൽനിന്നും ഇൻസ്ററിറ്റ്യൂട്ടിൽനിന്നും ആഡിററഫീസു വസൂലാക്കിക്കൂടാത്തതാണ്.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
	൨൫൪	അംഗീകാരം സിദ്ധിച്ചിട്ടുള്ള ആഡിറ്റർമാരെക്കൊണ്ട കണക്കുകൾ ആഡിററുചെയ്യിക്കുന്നതിനുള്ള സ്വാതന്ത്ര്യം സംഘങ്ങൾക്കുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ആഡിററുചെയ്യിച്ചാൽ ആ സംഘങ്ങളിൽനിന്നും ആഡിററുഫീസ് ഈടാക്കിക്കൂടാത്തതാണ്.
	൨൫൫	ആഡിററർമാർ നീക്കിയിരിപ്പു പണം തിട്ടപ്പെടുത്തണം.

(അദ്ധ്യായം ൨൪.)

ഡിപ്പാർട്ടുമെൻറ്.

൨	൨൫൬	രജിസ്ട്രാരുദ്യോഗം ഒരു ദിവാൻപേഷ്ക്കാരുദ്യോഗത്തോടു പദവിയുള്ളതാക്കണം.
	൨൫൭	യൂറോപ്യൻ രാജ്യങ്ങളിലെ സഹകരണപ്രസ്ഥാനത്തോടു പരിചയപ്പെടാൻ രജിസ്ട്രാർക്കു ഒരവസരം നൾകേണ്ടതാണ്.
൩	൨൫൮	സാധാരണ ജോലികൾക്കായി സിൽബന്തികളോടുകൂടി ൪ അസിസ്ററൻറു രജിസ്ട്രാറന്മാരെ നിയമിച്ചു മൂന്നുപേരെ ഡിസ്ട്രിക്ടുകളുടെയും ഒരാളെ ധനേതരസംഘങ്ങളുടെയും ചുമതല ഏല്പിക്കേണ്ടതാണ്.
	൨൫൯	ഭൂസ്വത്തു ബാംകുകളുടെയും സെൻട്രൽസഹകരണ വിദ്യാലയത്തിൻെറയും ചുമതലകൾക്കായി രണ്ടു കൂടുതൽ അസിസ്ററൻറു രജിസ്ട്രാറന്മാരെ നിയമിക്കണം.
൪-൦ ൫-൦	൨൬൦	പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിലേക്കായി രജിസ്ട്രാരുടെ താഴെ ഒരു പുനഃസംഘടനഉദ്യോഗസ്ഥനെ നിയമിക്കണം.
	൨൬൧	രാജ്യത്തിനുപുറമെ പ്രായോഗികപരിശീലനം സമ്പാദിക്കുന്നതിനു അസി: രജിസ്ട്രാറന്മാർക്കു അവസരം നൽകണം.
	൨൬൨	ഒരു സഹകരണനടപടിക്രമം (manual) എഴുതി ഉണ്ടാക്കേണ്ടതും ആ ജോലി പുനഃസംഘടന ഉദ്യോഗസ്ഥനെ ഭരമേല്പിക്കേണ്ടതും ആണ്.
	൨൬൩	ഈ റിപ്പോർട്ടു മലയാളത്തിൽ തർജ്ജിമചെയ്യിക്കേണ്ടതാണ്.
	൨൬൪	ഇൻസ്പെക്ടറന്മാരെ മൂന്നു പടിയായി തിരിക്കേണ്ടതും അവരുടെ സംഖ്യ വർദ്ധിപ്പിക്കേണ്ടതും ആണ്.
	൨൬൫	ധനേതരജോലികൾക്കായി ൩ ഇൻസ്പെക്ടറന്മാരെ നിയമിക്കണം.
൬	൨൬൬	൧൦ ഇൻസ്പെക്ടറന്മാരെ അധഃകൃതവർഗ്ഗക്കാരുടെയും മത്സ്യവ്യവസായികളുടെയും സംഘങ്ങൾക്കായി നിയമിക്കേണ്ടതാണ്.
	൨൬൭	ഇടപാടുതീർപ്പുജോലികൾക്കു ആറു ഇൻസ്പെക്ടറന്മാരെ നിയമിക്കേണ്ടതാണ്.
	൨൬൮	മൂന്നു ഇൻസ്പെക്ടറന്മാർ സ്ത്രീകളായിരിക്കണം.
൮	൨൬൯	മുപ്പതു ഇൻസ്പെക്ടറന്മാരെ ധനസംഘങ്ങളുടെ ചുമതല ഏല്പിക്കേണ്ടതാണ്.
൯	൨൭൦	അവാർഡുകൾ നടത്തുന്നതിനു സെയിലാഫീസർമാരെ നിയമിച്ച്, ഫീസു വസൂൽചെയ്തു അതിൻെറ ചിലവു വഹിക്കപ്പെടേണ്ടതാണ്.

ഖണ്ഡിക നമ്പർ	ശുപാർശ നമ്പർ	
൧൦	൨൭൧	ഇൻസ്പെക്ടറന്മാർക്കു പുറരാജ്യങ്ങളിൽ പ്രായോഗികപരിശീലനം നല്കേണ്ടതാണ്.
	൨൭൨	രജിസ്ത്രാരുടെ ആഫീസു പരിഷ്കരിക്കണം.
	൨൭൩	രജിസ്ത്രാർ ധനപരിപോഷണസമിതിയിൽ ഒരു ഉദ്യോഗസ്ഥമെമ്പർ ആയിരിക്കണം.
	൨൭൪	പൊതുപ്രശ്നങ്ങളെയും നയങ്ങളെയും പററി വാദപ്രതിവാദം ചെയ്യുന്നതിനു രജിസ്ത്രാർ അദ്ധ്യക്ഷനായി ഒരു ആലോചനോപദേശകസമിതി ഏർപ്പെടുത്തേണ്ടതാണ്.
	൨൭൫	പ്രചരണജോലികൾക്കായി ഒരു പ്രത്യേകഫണ്ട് ഗവൺമെൻറിൽനിന്നും രജിസ്ത്രാരെ ഏല്പിക്കേണ്ടതാണ്.
൧൮	൨൭൬	വായനശാലകൾക്കു ധനം നല്കുന്നതിനായി ഗവൺമെൻറിൽനിന്നും ഒരു തുക വർഷംതോറും നീക്കിവച്ചു ആയതു രജിസ്ത്രാരെ ഏല്പിക്കേണ്ടതാണ്.
	൨൭൭	അനുദ്യോഗസ്ഥസമിതികൾക്കു വേതനമായി ൨൮,൦൦൦ രൂപ നല്കപ്പെടണം.

(അദ്ധ്യായം ൨൫.)

൩	൨൭൮	൧൦൮൯-ലെ ൧൦-ാം റഗുലേഷൻ ഇതുസഹിതം ഉള്ള നക്കൽ അനുസരിച്ചു ഭേദപ്പെടുത്തണം.

(അദ്ധ്യായം ൨൬.)

൨	൨൭൯	സംഘജോലിയെ സംബന്ധിച്ചു മെമ്പറന്മാർ തമ്മിലുണ്ടാകുന്ന സകലതർക്കങ്ങളിലും മദ്ധ്യസ്ഥതീരുമാനം നിർബന്ധിതമാക്കണം.
൩	൨൮൦	ഒരു സംഘമൊ അതിൻെറ കമ്മററിയൊ സംഘത്തിലെ ശമ്പളമുള്ള ജീവനക്കാരുടെ മേൽ എടുക്കുന്ന ശാസക നടപടികൾ ഒഴിച്ചു സംഘത്തെ സംബന്ധിക്കുന്ന മററെല്ലാ സംഗതികളും 'സംഘത്തിൻെറ പ്രവൃത്തിനടത്തിപ്പിനെ സംബന്ധിച്ചുള്ള' എന്ന പ്രയോഗത്തിൽ ഉൾപ്പെടുത്തേണ്ടതാകുന്നു.
൭	൨൮൧	ആറുമാസത്തിനുമേൽ മദ്ധ്യസ്ഥന്മാരുടെ പക്കൽ കേസുകൾ കിടപ്പുവരാതെ രജിസ്ത്രാർ ശ്രദ്ധിക്കേണ്ടതാണ്.
൮	൨൮൨	ബാംബെയിലെപ്പോലെ രജിസ്ത്രാർ നിശ്ചയിക്കുന്ന ക്രമത്തിനുള്ള മദ്ധ്യസ്ഥതീരുമാനച്ചെലവുകൾ സംഘത്തെ ചുമത്താനും ആയതു സംഘത്തിൽനിന്നൊ കക്ഷിയിലൊ കക്ഷികളിലൊന്നിന്നൊ ഈടാക്കാനും വ്യവസ്ഥചെയ്യേണ്ടതാണ്.
	൨൮൩	അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ മദ്ധ്യസ്ഥൻെറ മുമ്പാകെ കക്ഷികൾക്കുവേണ്ടി ഹാജരാകാൻ അനുവദിച്ചുകൂടാത്തതാണ്. (ഈ രീതി എല്ലാ പ്രവിശ്യകളിലും പ്രചാരത്തിൽ വരുന്നുണ്ട്.)

൧൯൪ ഗവണ്മെൻറിൻെറ മുൻ അനുവാദത്തോടുകൂടി രജിസ്ത്രാർ ഓരോരോ ലൂക്കിലും അരഡസൻവീതം ശേഷിയുള്ള ആളുകളെ ചേൎത്തു ഓരോമദ്ധ്യസ്ഥസമിതി രൂപീകരിക്കേണ്ടതും അവരുടെ പേരുവിവരം ഗവണ്മെൻറു ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു.

൧൯൫ ഏതെങ്കിലും മദ്ധ്യസ്ഥനോ മദ്ധ്യസ്ഥന്മാൎക്കോ അയച്ചിട്ടുള്ള കേസുകൾ നിശ്ചിതസമയത്തിനകം അവർ തീരുമാനിക്കാതെയിരിക്കുന്നതായാൽ ആ കേസുകൾ തിരിച്ചുവിളിക്കുന്നതിനും താൻതന്നെ അവ തീരുമാനിക്കുന്നതിനും അല്ലെങ്കിൽ വീണ്ടും മററു മദ്ധ്യസ്ഥന്മാൎക്ക അയച്ചുകൊടുക്കുന്നതിനും രജിസ്ത്രാൎക്ക അധികാരം ഉണ്ടായിരിക്കണം.

൧൯൬ പഞ്ചാബിലുള്ളതുപോലെ വിധിനടത്തുകൾക്കായുള്ള ഐക്യസംഘങ്ങൾ ഏൎപ്പെടുത്താവുന്നതാണ്.

൯ ൧൯൭ അവാൎഡുകളിൽ ഭേദഗതികൾ വരുത്തുന്നതിനു രജിസ്ത്രാൎക്ക അധികാരം ഉണ്ടായിരിക്കേണ്ടതാണ്.

൧൦ ൧൯൮ മദ്ധ്യസ്ഥവിധിയിന്മേൽ രജിസ്ത്രാൎക്ക അപ്പീൽ അധികാരം നൽകപ്പെടേണ്ടതാണ്.

(അദ്ധ്യായം ൧൭.)

ഇടപാടുതീൎപ്പു.

൧ ൧൯൯ പ്രാപ്തന്മാരായ അനുദ്യോഗസ്ഥന്മാരെ സംഘങ്ങളുടെ ഇടപാടുതീൎപ്പുകാർ ആയി നിയമിക്കപ്പെടുത്താവുന്നതാണ്.

൨ ൨൦൦ ഇടപാടുതീൎപ്പുകാൎക്ക താഴെപ്പറയുന്ന കൂടുതൽ അധികാരങ്ങൾ നൽകപ്പെടണം.

(൧) വിവാദസംഗതികൾ മദ്ധ്യസ്ഥവിധിക്ക അയക്കുന്നതിന്,

(൨) തൻെറ അംശദായകവിധികളിൽ മെമ്പറന്മാരുടെയൊ മുമ്പു മെമ്പറന്മാരായിരുന്നവരുടെയൊ വായ്പക്കും മരിച്ചുപോയ മെമ്പറന്മാരുടെ വസ്തുക്കളും ഉൾപ്പെടുത്തുന്നതിനും,

(൩) സംഘമുതൽ അനുവദിക്കുന്നിടത്തോളം സംഘത്തിൻെറ മേൽ ഉള്ള അവകാശങ്ങൾ മുൻഗണനാക്രമം അനുസരിച്ചു രജിസ്ത്രേഷൻ റദ്ദുചെയ്ത തീയതിവരെയുള്ള പലിശസഹിതം മുഴുവനായൊ വീതപ്രകാരമൊ കൊടുത്തുതീൎക്കുന്നതിനും, മുതൽ അധികം ഉണ്ടായിരുന്നാൽ റദ്ദുചെയ്ത തീയതിക്ക ശേഷം ഉള്ള കാലത്തേക്ക, കരാർ എപ്രകാരം ഇരുന്നാലും, ന്യായമായ നിരക്കിൽ കവിയാതെ പലിശ കൊടുക്കുന്നതിനും,

(൪) ഒരു സംഘത്തിൻെറ മുതലിലേക്ക വരേണ്ട അംശദായകസംഖ്യയൊ, ഇടപാടുതീൎപ്പുചിലവൊ, രജിസ്ത്രാർമുഖാന്തിരം ദിവാൻ പേഷ്കാരോടു അപേക്ഷിച്ചു കരക്കുടിശിഖ പോലെ ഈടാക്കുന്നതിനും,

൩ ൨൦൧ പുറത്തുനിന്നും കടംവാങ്ങിയിട്ടില്ലാത്ത സംഘങ്ങളിൽ ഈടാക്കുന്ന തീയതിവരെ വായ്പകൾക്ക പലിശയും പിഴയും ഇടപാടുതീൎപ്പുകാർ ഈടാക്കിവരുന്ന രീതി നിൎത്തലാക്കേണ്ടതാണ്.

൨൦൨ ഇടപാടുതീൎപ്പുകാരൻെറ ഉത്തരവുകളിന്മേൽ രജിസ്ത്രാൎക്ക അപ്പീൽ അധികാരം ഉണ്ടായിരിക്കേണ്ടതാണ്.

൨൱൩ ഇടപാടുതീർപ്പുനടപടികൾ അസ്ഥിരപ്പെടുത്തത്തക്കവയല്ലെന്നു നിയമവ്യവസ്ഥചെയ്യണം.

൨൱൪ സംഘങ്ങൾ റദ്ദുചെയ്യുള്ള ഉത്തരവുകൾ ഊർജിതത്തിൽ വരുത്താതെ വെച്ചുകൊണ്ടിരിക്കുന്ന നടപടി അഭിലഷണീയമാണ്.

൨൱൫ യഥാർത്ഥമായി റദ്ദുചെയ്യുന്നതിനുമുമ്പ് സ്വമനസ്സാലെ അംഗങ്ങൾ പിരിഞ്ഞുപോകുന്ന രീതി അധികംനന്നാണ്.

൮-ാം ഭാഗം.

അനുബന്ധങ്ങൾ.

അനുബന്ധം ൧.

പരസ്യം.

൧൯൩൨ ഡിസംബർ ൨൮-നുയിലെ ഡവലപ്പ്മെൻറു ൩൨-ലെ ആർ. ഡിസ്. ൨൯൦൭-ാംനമ്പർ ഗവണ്മെൻറുത്തരവിൻപ്രകാരം ഗവണ്മെൻറു നിയമിച്ച പരസ്പരസഹായാന്വേഷണക്കമ്മററി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രശ്നാവലി പൊതുജനങ്ങളുടെ അറിവിന്നായി അടിയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. സഹകരണപ്രസ്ഥാനത്തിൽ താല്പര്യമുള്ള ആളുകളോ സംഘങ്ങളോ ഈ അന്വേഷണത്തിൽ സഹായമായിരിക്കാൻ ഇടയുള്ള ഉത്തരങ്ങൾ ൧൯൩൩ ഫെബ്രുവരി ൨൮/൧൧൦൮ കുംഭം ൧൬-നുക്കകമായി തിരുവിതാംകൂർ പരസ്പരസഹായാന്വേഷണക്കമ്മററി സെക്രട്ടറിക്ക്, തിരുവനന്തപുരത്തു എഴുതി അയച്ചുതന്നാൽ കമ്മററി കൃതജ്ഞരായിരിക്കുന്നതാണ്.

പ്രശ്നാവലിയിൽ അടങ്ങിയിരിക്കുന്ന സകലസംഗതികളേയുംകുറിച്ചു അഭിപ്രായം പറയാൻ ആവശ്യപ്പെട്ടിരിക്കയാണെന്നു ആർക്കും തോന്നാനിടയില്ലെന്നു കമ്മററി കരുതുന്നു. അതുകൊണ്ടു ഓരോരുത്തർക്കും അറിവും പരിചയവുമുള്ള സംഗതികൾ തിരഞ്ഞെടുക്കാവുന്നതാണെന്നും നിർദ്ദേശിച്ചുകൊള്ളുന്നു.

എം. ഗോവിന്ദപ്പിള്ള,
സംയോജകൻ.

തിരുവിതാംകൂർ പരസ്പരസഹായാന്വേഷണക്കമ്മററി പുറപ്പെടുവിച്ചിട്ടുള്ള പ്രശ്നാവലി.

I. സാമാന്യം.

൧. സംസ്ഥാനത്തെ സഹകരണപ്രസ്ഥാനം ശരിയായമാർഗ്ഗങ്ങളിൽകൂടി വളർന്നുവരികയാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൨. ഋണബാദ്ധ്യതയേയും, പണം കൊടുക്കുന്നവർ ചുമത്തുന്ന പലിശനിരക്കിനേയും സിവിൽ വ്യവഹാരങ്ങളേയും അതു് എത്രമാത്രം കുറച്ചിട്ടുണ്ടു്? അതു് അംഗങ്ങളുടെ സമ്പത്തുക്കളെ എത്രമാത്രം വർദ്ധിപ്പിച്ചിട്ടുണ്ടു്?

൩. സംഘാംഗങ്ങളുടെ സന്മാർഗ്ഗപരവും വിദ്യാഭ്യാസപരവുമായ നിലയേയും തൊഴിൽ ചെയ്യുന്നതിനുള്ള ശീലത്തേയും ഈ പ്രസ്ഥാനം നന്നാക്കിയിട്ടുണ്ടോ?

൪. എളുപ്പത്തിൽ കടം കിട്ടുന്നതുകൊണ്ടു് അംഗങ്ങളുടെ സാമ്പത്തികസ്ഥിതി ക്ഷയിച്ചിട്ടുണ്ടെന്നു വല്ല പരാതിയും ഉണ്ടോ? അതു് വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണോ?

൫. പണവ്യാപാരവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ യഥാർത്ഥത്തിൽ പ്രസ്ഥാനത്തിനു് വിരോധികളായിരിക്കുന്നുണ്ടോ? അതിന്റെ ഫലം എന്തു്? വല്ല വിരോധവും ഉണ്ടെങ്കിൽ അതു് വർദ്ധിച്ചുവരികയാണോ അതോ കുറഞ്ഞുവരികയാണോ ചെയ്യുന്നതു്?

൬. പരസ്പരസഹായഡിപ്പാർട്ടുമെൻറും റവന്യൂ, കൃഷി, വ്യവസായം, വനം മുതലായ മററു ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളും തമ്മിലുള്ള ബന്ധം തൃപ്തികരമായിട്ടുള്ളതാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അല്ലെങ്കിൽ, ഈ ഡിപ്പാർട്ടുമെൻറുകളുടെ കൂടുതലായ ഏകീകരണം സിദ്ധിക്കുന്നതിനു വല്ല മാർഗ്ഗവും നിങ്ങൾക്കു നിർദ്ദേശിക്കാൻ കഴിയുമോ?

൭. ഏതെങ്കിലും പരസ്പരസഹായസംഘം വിദ്യാപ്രചരണം, ശുചീകരണാഭിവൃദ്ധി വായനശാലാസ്ഥാപനം എന്നിപ്രകാരമുള്ള ഗ്രാമീണപുനരുദ്ധാരണജോലിയിൽ താല്പര്യം പ്രദർശിപ്പിക്കുന്നതായി നിങ്ങൾക്കു അറിവുണ്ടോ? ഏറ്റെടുത്തിട്ടുള്ള ജോലിയുടെ വിവരങ്ങൾ സദയം പറയുക.

൮. "ഉൽകൃഷ്ടജീവിതസംഘങ്ങൾ" രൂപീകരിക്കുന്നതിന് സംസ്ഥാനത്തു വല്ല സൗകര്യവും ഉണ്ടോ?

൯. ഒരു പരസ്പരസഹായസംഘത്തിലെ ഒരു അംഗമായി ചേർക്കപ്പെടുന്നതിനു നിങ്ങളുടെ അഭിപ്രായത്തിൽ സാമ്പത്തികമായി ആക്ഷേപമില്ലാത്ത ആൾ ആരാണ്?

൧൦. നിങ്ങളുടെ സ്ഥലത്തു ഒരു സാധാരണ കൃഷിപ്രദേശത്തിന്റെ വലിപ്പം എന്തായിരിക്കണം?

൧൧. നിങ്ങളുടെ സംഘം സ്ഥാപിക്കുന്നതിനുമുൻപും ഒരു അഞ്ചുസംവത്സരകാലത്തേക്ക് അതിന്റെ ജോലി നടത്തിയതിനുശേഷവും അതിലെ അംഗങ്ങളുടെ സാമ്പത്തികസ്ഥിതിയെപ്പറ്റി സംഘം തന്നെ സ്വന്തമായി പരിശോധിച്ചറികയും ആ സ്ഥിതിക്ക് നന്നായിട്ടോ മോശമായിട്ടോ ഉള്ള വല്ല മാററവും കണ്ടറികയും ചെയ്തിട്ടുണ്ടോ?

൧൨. നിങ്ങളുടെ അഭിപ്രായത്തിൽ സംസ്ഥാനത്തെ സഹകരണപ്രസ്ഥാനത്തിന്റെ വിജയത്തെയോ പരാജയത്തെയോ പററി വിധികല്പിക്കുന്നതിനുള്ള ഏററവും നല്ല ഉപകരണം അപ്രകാരമുള്ള അറിവ് നൽകയില്ലേ?

II. പ്രാഥമികസംഘങ്ങൾ.

൧൩. അംഗങ്ങൾ സഹകരണതത്വങ്ങളെ മനസ്സിലാക്കുകയും ക്ലിപ്തപരിമിതമായ ബാദ്ധ്യതയോടുകൂടിയ സംഘങ്ങളിലെ അംഗങ്ങൾ എന്ന നിലയിൽ തങ്ങളുടെ ചുമതലകളെ അറിയുകയും ചെയ്യുന്നുണ്ടോ?

൧൪. കമ്മററികൾ സാമാന്യമായി തങ്ങളുടെ ജോലികളുടെ ഭരണത്തെ സംബന്ധിച്ചുള്ള ചുമതലകൾ മനസ്സിലാക്കുകയും അവയെ നിർവ്വഹിക്കുകയും ചെയ്യുന്നുണ്ടോ?

൧൫. സംഘങ്ങൾ അവയുടെ അംഗങ്ങൾക്ക് ധനസംബന്ധമായ അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറുന്നതിനുവേണ്ട ധനം ഉണ്ടാക്കിക്കൊടുക്കുന്നുണ്ടോ? അംഗങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്നതിനു ഇപ്പോഴും പണം കടംകൊടുക്കുന്നവരുടെ സഹായം ആവശ്യപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്നു നിങ്ങൾ നിർദ്ദേശിക്കുന്ന പരിഹാരം എന്ത്?

൧൬. സംഘങ്ങൾ ചുരുങ്ങിയ കാലത്തേക്കും ദീർഘകാലത്തേക്കും ഉള്ള വായ്പകൾക്കുവേണ്ട വ്യവസ്ഥകൾ ചെയ്യുന്നുണ്ടോ? വായ്പയുടെ ആവശ്യം വായ്പ മടക്കിക്കൊടുക്കുന്നതിനുള്ള അംഗങ്ങളുടെ പ്രാപ്തി കടംപിരിക്കുന്നതിന് ഏററവും യോജ്യമായ കാലം ഇവയെപ്പററി വേണ്ടതുപോലെ പരിഗണിച്ചു വായ്പകൾ ശരിയായവിധത്തിൽ നൽകുന്നതിന്നു തുകയേയും നിബന്ധനകളെയും സംബന്ധിച്ചു കമ്മിററികൾ വേണ്ടുംവണ്ണം സൂക്ഷിച്ചു പ്രവർത്തിക്കുന്നുണ്ടോ?

൧൭. വായ്പകൾ ഏതുകാര്യങ്ങൾക്കു ആവശ്യപ്പെടുന്നുവോ അവയുടെ പരമാർത്ഥതയെപ്പററി കമ്മററികൾ അന്വേഷിക്കുന്നുണ്ടോ? വായ്പകൾ എല്ലായ്പോഴും പ്രയോജനകരമായ കാര്യങ്ങൾക്കാണോ നൽകുന്നത്? വായ്പകൾ ശരിയായി ഉപയോഗപ്പെടുത്തുന്നു എന്നു കമ്മററികൾ തങ്ങൾക്കുതന്നെ ബോദ്ധ്യപ്പെടുത്തുന്നുണ്ടോ? ദുരുപയോഗപ്പെടുത്തിയതോ വ്യാജപ്രസ്താവനമേൽ വാങ്ങിയതോ ആയ വായ്പകൾ വസൂലാക്കുന്നതിനു നിങ്ങളുടെ സംഘത്തിന്റെ കമ്മററിക്കാർ നടത്തിയതിനുള്ള ഉദ്യമങ്ങൾ നിങ്ങൾക്കു അറിവുണ്ടോ?

൧൮. ബിനാമി (മററുവല്ലവരുടെയും) പേരിൽ വായ്പകൾക്കുള്ള ദൃഷ്ടാന്തങ്ങൾ നിങ്ങളുടെ അറിവിൽപെട്ടിട്ടുണ്ടോ?

൧൯. അംഗങ്ങൾക്കു നൽകുന്ന വായ്പയുടെ ഏററവും കൂടിയ തുക ഓഹരികളുടെ സംഖ്യയുടെ അനുപാതം അനുസരിച്ചു നിശ്ചയിക്കുന്ന ഇപ്പോഴത്തെ ഏർപ്പാട് തൃപ്തികരമാണോ? അല്ലെങ്കിൽ ഒരു അംഗത്തിന്റെ കടംവാങ്ങാനുള്ള ഏററവും കൂടിയ അവകാശം എന്തിനെ അടിസ്ഥാനപ്പെടുത്തി നിശ്ചയിക്കണം? അതു ആരാണ് നിശ്ചയിക്കേണ്ടത്?

൨൦. നിങ്ങളുടെ സംഘത്തിനു കടംവാങ്ങാവുന്ന ഏററവും കൂടിയ തുക എന്താണ്? എന്തടിസ്ഥാനത്തിന്മേൽ അതു നിശ്ചയിച്ചിരിക്കുന്നു?

൨൧. സെക്രട്ടറിമാർക്ക് മററു കമ്മററിയംഗങ്ങൾക്കും പ്രതിഫലം (ഓണറേറിയം) നൽകുന്നതു ആശാസ്യമാണോ? ആണെങ്കിൽ, ഏതു അടിസ്ഥാനത്തിന്മേൽ?

൨൨. പുതിയ പ്രാഥമിക ധനസംഘങ്ങളുടെ രൂപീകരണം തടഞ്ഞു ദൃഢീകരണത്തിൽമാത്രം ശ്രദ്ധപതിപ്പിക്കണമെന്നോ അല്ലെങ്കിൽ ദൃഢീകരണവും സംഘവർദ്ധനയും ഒന്നിച്ചുനടത്തണമെന്നോ ഏതാണു നിങ്ങളുടെ അഭിപ്രായം? നിങ്ങളുടെ കാരണങ്ങൾ എന്തെല്ലാം?

൨൩. ഇപ്പോൾ ഉള്ള ഐക്യസംഘങ്ങളെ ദൃഢീകരണം സംബന്ധിച്ചുള്ള ജോലിക്ക് ഉപയോഗപ്പെടുത്താമെന്നോ അല്ലാ ഡിപ്പാർട്ടുമെൻറുതന്നെ ആ ജോലി നടത്തണമെന്നോ ഏതാണു നിങ്ങളുടെ അഭിപ്രായം?

൨൪. ഏതെങ്കിലും പ്രത്യേകസ്ഥലത്തുള്ള സംഘങ്ങളുടെ ഇപ്പോഴത്തെ സംഖ്യ കൂടുതലാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, റദ്ദുചെയ്തു സംയോജനം നടത്തിയും ഇപ്പോൾ ഉള്ള പ്രാഥമിക സംഘങ്ങളുടെ സംഖ്യ കുറയ്ക്കുന്നതു ആശാസ്യമാണോ?

൨൫. ഒരു പ്രാഥമിക സംഘത്തിന്റെ പ്രവൃത്തനസ്ഥലം ഒരു കരയോ ഗ്രാമമോ ആയി ക്ലിപ്തപ്പെടുത്തണമെന്നാണോ നിങ്ങളുടെ അഭിപ്രായം? അപ്രകാരമെങ്കിൽ വളരെ വിസ്തൃതമായ പ്രദേശങ്ങളോടുകൂടി വലിയ സംഘങ്ങൾ ഉപയോഗിക്കുന്നതിനോടു നിങ്ങൾ അനുകൂലിക്കുമോ?

൨൬. പ്രചാരണജോലി നടത്തുന്നതിനു വല്ല പ്രത്യേക ഉപായങ്ങളും നിങ്ങളുടെ അനുഭവത്തിൽനിന്നു നിങ്ങൾക്കു നിർദ്ദേശിക്കാൻ കഴിയുമോ? അതു അന്യസഹായം കൂടാതെ നടത്തുന്നതു നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? അപ്രകാരമാണെങ്കിൽ അതിനെ തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യമായ പ്രവൃത്തികളിൽ ഒന്നായി നിങ്ങൾ കരുതുന്നുവോ? അല്ലെങ്കിൽ ആ ജോലി നിങ്ങൾ ഡിപ്പാർട്ടുമെൻറിനെയോ രണ്ടിനേയും കൂടിയുമോ ഭരമേല്പിക്കുമോ?

൨൭. സംഘങ്ങൾ രജിസ്റ്റർചെയ്യുന്നതിനുമുൻപ് ഒരു നിശ്ചിതകാലത്തേക്കു പരീക്ഷണാർത്ഥം ജോലിചെയ്യണമെന്നു ആവശ്യപ്പെടുന്നതു ആശാസ്യമാണോ?

൨൮. ഒരു ധനസംഘത്തിലെ അംഗം ക്ലിപ്തബാദ്ധ്യതയോടെയോ ക്ലിപ്തരഹിതമായ ബാദ്ധ്യതയോടെയോ കൂടി മററുവല്ല ധനസംഘത്തിലും ചേരുന്നതിനെ അനുവദിക്കുന്നതു ആശാസ്യമാണോ?

൨൯. നിങ്ങളുടെ സംഘത്തിന്റെ പ്രവൃത്തനമൂലധനത്തിൽ എന്തെല്ലാം ഉൾപ്പെടുന്നു? ഓഹരികൾ, നിക്ഷേപങ്ങൾ, വായ്പകൾ, ഈ ഇനങ്ങളിലുള്ള തുകകളും പ്രവൃത്തനമൂലധനത്തോടുള്ള അവയുടെ അനുപാതവും നൽകുക. നിങ്ങളുടെ അഭിപ്രായത്തിൽ ആ അനുപാതം തൃപ്തികരമാണോ?

൩൦. നിങ്ങളുടെ സംഘത്തിലെ ഒരു ഓഹരിയുടെ വില എന്താണ്? തവണകൾ എത്രയാണ്? അടച്ചുതീർത്ത ഓഹരിമൂലധനം എന്താണ്?

൩൧. നിങ്ങളുടെ സംഘം ആളുകളുടെ പേരിലുള്ള ഒരു വസ്തുവിൽ ഏർപ്പെടുത്തിക സൂക്ഷിക്കുന്നുണ്ടോ?

൩൨. നിങ്ങളുടെ സംഘത്തിലെ അംഗങ്ങളുടെ ന്യായമായ എല്ലാ ആവശ്യങ്ങളും നിറവേററുന്നതിന് നിങ്ങളുടെ അഭിപ്രായത്തിൽ, എന്തു പ്രവൃത്തനമൂലധനം ആവശ്യമുണ്ട്?

൩൩. അംഗങ്ങൾ ആദ്യം എടുത്തിട്ടുള്ള ഓഹരികളുടെ വില മുഴുവനായി അടച്ചുകഴിയുമ്പോൾ അവർ സാധാരണയായി കൂടുതൽ ഓഹരികൾ എടുക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? ഉപചട്ടങ്ങൾ അനുവദിച്ചിട്ടുള്ള ഏററവും കൂടുതൽ ഓഹരിതുക എത്ര അംഗങ്ങൾ എടുത്തിട്ടുണ്ട്?

൩൪. നിങ്ങളുടെ സംഘത്തിനാവശ്യമുള്ള പ്രവർത്തനമൂലധനം മുഴുവനും അതു സ്ഥലത്തുനിന്നുതന്നെ ശേഖരിക്കണമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൩൫. നിങ്ങളുടെ സംഘത്തിലെ വല്ല അംഗങ്ങളും അവരുടെ പണം അടുത്തുള്ള ജോയിന്റ്സ്റ്റോക്കു ബാങ്കുകളിലോ ഗവണ്മെന്റ് സേവിംഗ്സ് ബാങ്കുകളിലോ നിക്ഷേപിച്ചിട്ടുള്ളതായി നിങ്ങൾക്കു അറിയാമോ? ഉണ്ടെങ്കിൽ, പരസ്പരസഹായസംഘത്തിൽ നിക്ഷേപിക്കാത്തതെന്തുകൊണ്ടാണെന്നു നിങ്ങൾ സമാധാനം പറയുമോ?

൩൬. നിങ്ങളുടെ സംഘാംഗങ്ങൾ അവരുടെ ഓഹരികൾ പിൻവലിക്കുന്നതിനു അതിലേക്കു വ്യവസ്ഥചെയ്തിട്ടുള്ള കാലാവധി കഴിയുമ്പോൾ നിർബന്ധിക്കുന്നുണ്ടോ? അപ്രകാരം പിൻവലിക്കാൻ അനുവദിക്കുന്നതു ആശാസ്യമാണോ?

൩൭. നിങ്ങളുടെ സംഘത്തിന്റെ ഉപചട്ടങ്ങൾപ്രകാരം ഓഹരികളിന്മേൽ അനുവദിച്ചിട്ടുള്ള ലാഭവീതത്തിന്റെ ഏറ്റവും കൂടുതലായ നിരക്ക് എന്താണ്? കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നിങ്ങളുടെ സംഘം യഥാർത്ഥത്തിൽ നൽകിയിട്ടുള്ള ലാഭവീതം എത്രയാണ്? വല്ല ഭേദഗതിയും ചെയ്യുന്നതിനു നിങ്ങൾ അനുകൂലിക്കുന്നുവോ? നിശ്ചിതകാലാവധികൾക്കു ശേഷം ആദായവീതം നൽകുന്ന പഞ്ചാബിലെ ഏർപ്പാടിനെയോ ബോംബയിലെപ്പോലെ വീതിക്കാൻകഴിയാത്ത ലാഭം കരുതൽ ധനത്തിലേക്കു ചേർക്കുന്നതിനെയോ, ഏതിനെയാണ് നിങ്ങൾ അനുകൂലിക്കുന്നതു്?

൩൮. സംഘത്തിന്റെ ആദായം നിങ്ങൾ എങ്ങനെ കണക്കാക്കുന്നു? വസൂൽ ചെയ്തിട്ടില്ലാത്ത പലിശ അതിൽ ഉൾപ്പെടുത്തുമോ? ആദായം കണക്കാക്കുന്നതിൽ വസൂൽചെയ്യാത്ത പലിശ വിട്ടുകളയേണ്ടതാവശ്യമാണെന്നു് നിങ്ങൾ വിചാരിക്കുന്നില്ലേ?

൩൯. നിങ്ങളുടെ സംഘം സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ വിവിധതരങ്ങൾ ഏതെല്ലാം? വ്യവസ്ഥകൾ എന്തെല്ലാം? അംഗങ്ങളിൽ നിന്നോ അംഗങ്ങളല്ലാത്തവരിൽനിന്നോ? നിക്ഷേപങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്തുന്നു? നിങ്ങളുടെ സംഘത്തിനു സ്വീകരിക്കാവുന്ന നിക്ഷേപങ്ങളുടെ മൊത്തം തുകയ്ക്കു ഒരു പരിധി നിശ്ചയിക്കുന്നതു് ആശാസ്യമാണോ?

൪൦. നിക്ഷേപങ്ങളായി സ്വീകരിച്ചിട്ടുള്ള പണങ്ങളിൽ നിന്നു് അനുവദിക്കുന്ന വായ്പകളുടെ കാലാവധി നിക്ഷേപങ്ങൾക്കുതന്നെയുള്ള കാലാവധിയിൽ കൂടുതലാകാതിരിക്കുന്നതിനു് ശ്രദ്ധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ നിക്ഷേപങ്ങൾ തിരിച്ചുകൊടുക്കേണ്ട കാലമാകുമ്പോൾ തിരിച്ചുകൊടുക്കുന്നതിനു ചെയ്തിട്ടുള്ള ഏർപ്പാടുകൾ എന്തെല്ലാമാണ്? ഈ സന്ദർഭത്തിൽ സംഘത്തിനു ഒരു നിക്ഷേപം തിരിച്ചുകൊടുക്കുന്നതിനു അതിന്റെ സ്വന്തം വക പണമില്ലാത്തപ്പോൾ ഒരു വായ്പ വാങ്ങാമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൪൧. പ്രാഥമികസംഘങ്ങളിൽ ചുരുങ്ങിയ കാലത്തേക്കുള്ള സ്ഥിരം നിക്ഷേപങ്ങളും സേവിംഗ്സ് നിക്ഷേപങ്ങളും കറന്റു കണക്കുകളും പ്രോത്സാഹിപ്പിക്കുന്നതു നന്നാണെന്നു നിങ്ങൾ വിചാരിക്കുന്നുവോ?

൪൨. നിങ്ങളുടെ സംഘത്തിൽ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ ഏറ്റവും കുറിയ കാലാവധി എന്താണ്? നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനു വല്ല പ്രത്യേക മാർഗ്ഗങ്ങളും സ്വീകരിക്കാറുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾക്കു നിർദ്ദേശിക്കാവുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം?

൪൩. പ്രാഥമികസംഘങ്ങളിൽ ഓഹരി മുടക്കിനു പുറമെ നിർബന്ധിത നിക്ഷേപങ്ങൾ ഏർപ്പെടുത്തുന്നതിനോടു നിങ്ങൾ അനുകൂലിക്കുന്നുണ്ടോ? സംഘാംഗങ്ങളുടെ പഴയ കടങ്ങൾ കൊടുത്തുതീർക്കുന്നതിനു അപ്രകാരമുള്ള ധനം വിനിയോഗിക്കുന്നതിനോടു നിങ്ങൾ അനുകൂലിക്കുമോ?

൪൪. നിങ്ങളുടെ സംഘം അതിന്റെ പ്രവൎത്തന മൂലധനത്തെ വായ്പകളും പററുപടിയും (ക്യാഷ്ക്രെഡിററ്)കൊണ്ടു എത്രമാത്രം വൎദ്ധിപ്പിട്ടുണ്ടു്?

൪൫. ഈ വായ്പകളും ക്രെഡിററുകളും ആരിൽനിന്നു ഏതു വ്യവസ്ഥകളിന്മേൽ വാങ്ങുന്നു? കടങ്ങൾ മടക്കിക്കൊടുക്കുന്നതിനു ചെയ്തിട്ടുള്ള ഏൎപ്പാടുകൾ എന്തെല്ലാം?

൪൬. സെൻട്രൽബാങ്കോ താലൂക്കബാങ്കോ നിങ്ങളുടെ സംഘത്തിന്റെ ആവശ്യങ്ങളെ മുഴുവനായി നിറവേററുന്നുണ്ടോ? വായ്പകൾ വാങ്ങുന്നതിനുള്ള ഇപ്പോഴത്തെ ഏൎപ്പാടുകൾ താമസമുണ്ടാക്കാത്തവയും തൃപ്തികരമായിട്ടുള്ളവയുമാണോ?

൪൭. നിങ്ങളുടെ സംഘം ചിട്ടി നടത്തുന്നുണ്ടോ? പ്രവൎത്തന മൂലധനം വൎദ്ധിപ്പിക്കുന്നതിനു അംഗങ്ങൾക്കും സംഘത്തിനും അതു ഉപകാരപ്രദമാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? ചിററാളന്മാർ തവണകൾ മുടക്കുമ്പോൾ വൈഷമ്യങ്ങൾ ഉണ്ടാകുന്നില്ലേ? നിങ്ങൾ നിൎദ്ദേശിക്കുന്ന പരിഹാരം എന്താണ്? സംഘത്തിന്റെ നിയുക്ത ചിട്ടികൾ നടത്തുന്ന ഏൎപ്പാടു നല്ലതാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇപ്പോഴത്തെ ഏൎപ്പാടിൽ വല്ല ദൂഷ്യവും ഉണ്ടോ? അവയെ തടയുന്നതിനു എന്തു പരിഹാരമാൎഗ്ഗങ്ങളാണു നിങ്ങൾ നിൎദ്ദേശിക്കുന്നതു്?

൪൮. നിങ്ങളുടെ സംഘം അനുവദിക്കുന്ന വായ്പകളുടെ വിവിധതരങ്ങളും അവയുടെ ആവശ്യങ്ങളും എന്തെല്ലാം? സ്ഥാവരവസ്തുക്കളിന്മേലും ജാമ്യത്തിന്മേലും വായ്പകൾ സാധാരണമായി നൽകാറുണ്ടോ? രണ്ടിൽ ഏതിനാണു സാധാരണ പ്രാധാന്യം നൽകുന്നതു? കടങ്ങളുടെ പണയത്തിന്മേൽ വായ്പ നൽകുന്നതിൽ നിങ്ങളുടെ അഭിപ്രായം എന്താണ്? പ്രാഥമികസംഘങ്ങളുടെ സംഗതിയിൽ അപ്രകാരമുള്ള ഏൎപ്പാടു ൧൦൫൯-ലെ ൧൦-ാംറഗുലേഷനാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾക്കു അറിയാമോ? വല്ല ഭേദഗതിയും നിങ്ങൾ നിൎദ്ദേശിക്കുന്നുവോ?

൪൯. കടം വാങ്ങുന്ന അംഗത്തിന്റെ മാത്രം പ്രമാണത്തിന്മേൽ നിങ്ങളുടെ സംഘം വായ്പ നൽകുന്നുണ്ടോ? പരസ്പരം ജാമ്യംനിൽക്കുന്ന അംഗങ്ങൾക്കു സംഘം വായ്പകൾ നൽകുന്നുണ്ടോ?

൫൦. വായ്പകൾക്കു ചുമത്തുന്ന പലിശനിരക്കുകളും പിഴകളും എന്താണ്? നിങ്ങളുടെ പ്രദേശത്തു നടപ്പിലിരിക്കുന്ന പലിശനിരക്കു എന്താണ്? നിങ്ങളുടെ സംഘം ചുമത്തുന്ന നിരക്കിൽനിന്നു കുറഞ്ഞനിരക്കിനു നിങ്ങൾക്കു പണം വാങ്ങാൻ കഴിയുമോ? സംഘം ചുമത്തുന്ന പലിശയുടെ നിരക്കു കുറക്കണമെന്നു നിങ്ങൾ നിൎദ്ദേശിക്കുന്നുവോ? നിങ്ങൾ നിൎദ്ദേശിക്കുന്ന മാൎഗ്ഗങ്ങൾ എന്തെല്ലാം?

൫൧. കാലാകാലങ്ങളിൽ തവണകൾ അടയ്ക്കാത്ത കുടിശ്ശിക വൎദ്ധിക്കുന്നതിനു നിങ്ങൾ പറയുന്ന കാരണം എന്തു്? നിങ്ങൾ നിൎദ്ദേശിക്കുന്ന പരിഹാരം എന്തു്?

൫൨. ബാംബെ പ്രസിഡൻസിയിൽ കാലാകാലത്തിൽ അടയ്ക്കാത്ത വായ്പകളെ അധികൃതം എന്നും അനധികൃതം എന്നും, തരം തിരിക്കപ്പെടുന്നു. ആദ്യത്തെതിന്റെ സംഗതിയിൽ മാനേജിംഗ് കമ്മിററിയുടെ അപേക്ഷയിന്മേൽ കാലാവധി നീട്ടികൊടുക്കുന്നു. രണ്ടാമത്തേതിന്റെ സംഗതിയിൽ കാലാവധി നീട്ടികൊടുക്കുന്നില്ല. അപ്രകാരമുള്ള ഒരു തരംതിരിക്കൽ ഇവിടെ നടപ്പാക്കുന്നതിനോടു നിങ്ങൾ അനുകൂലിക്കുന്നുവോ?

൫൩. യഥാൎത്ഥത്തിൽ തിരിച്ചു അടക്കാത്തതും എന്നാൽ അടച്ചതായും വീണ്ടും നൽകിയതായും കടലാസിൽ കാണിച്ചിരിക്കുന്നതുമായ വായ്പകൾ ഒരു ദൂഷിച്ച ഏൎപ്പാടാണെന്നു് നിങ്ങൾ വിചാരിക്കുന്നില്ലേ?

൫൪. തങ്ങളുടെ പ്രധാനതൊഴിലായ കൃഷിയുടെ ആവശ്യങ്ങൾക്കായി ചുരുങ്ങിയ കാലത്തേയ്ക്കുള്ള വായ്പ നൽകുന്നതിനു കാൎഷികസംഘങ്ങളെ പ്രേരിപ്പിക്കേണ്ടതു വളരെ ആശാസ്യമല്ലേ?

൪൬. കാലതാമസത്തിനിടയാകാതിരിക്കുന്നതിന് അപ്പോഴപ്പോഴത്തെ വിവിധ ആവശ്യങ്ങൾ അനുസരിച്ച് സാധാരണയായി ആവശ്യമായേക്കാവുന്ന പരമാവധി വായ്പ മുൻകൂട്ടി നിശ്ചയിച്ച്, കർഷകരായ അംഗങ്ങൾക്ക് വായ്പ നൽകുന്ന ഏർപ്പാട് ഏർപ്പാടിനെ പുലുക്കുന്നതു ആശാസ്യമാണോ ?

൪൭. സംഘങ്ങൾ ദീർഘകാലത്തേക്കുള്ള വായ്പകൾ സാധാരണമായും ക്രമമായും നൽകുന്നുണ്ടോ? ദീർഘകാലത്തേക്കുള്ള വായ്പകൾ വാങ്ങുന്നതും ഉപയോഗപ്പെടുത്തുന്നതും എന്തു ആവശ്യങ്ങൾക്കായിട്ടാണ്? അവയിൽ വല്ല ഭാഗവും മുൻ കടങ്ങളെ തീർക്കുന്നതിനു ഉപകരിക്കുന്നുണ്ടോ?

൪൮. കൃഷിവായ്പ റെഗുലേഷൻപ്രകാരം കൃഷിവായ്പനൽകുന്ന സംഗതിയിൽ ബാങ്കുബയിലെപ്പോലെ പരസ്പരസഹായസംഘങ്ങളെ സാധാരണമായി ഉപയോഗപ്പെടുത്താമെന്നു നിങ്ങൾ വിചാരിക്കുന്നുവോ? നിയമപരമായ വിഷമങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ നിർദ്ദേശിക്കുന്ന നടപടികൾ എന്താണു ?

൪൯. നിങ്ങളുടെ സംഘത്തിലെ കരുതൽധനത്തിന്റെ മൊത്തം തുക എന്താണ്? നിങ്ങളുടെ സംഘം അതിനെ നിങ്ങൾക്കു ധനസഹായം ചെയ്യുന്ന ബാങ്കിൽ (സെൻട്രലോ താലൂക്കോ) നിക്ഷേപിക്കുന്നുണ്ടോ? അതിനെ എങ്ങിനെ ഉപയോഗപ്പെടുത്തുന്നു? പ്രവർത്തനമൂലധനത്തിന്റെ ഒരു അംശമായി അതിനെ ഉപയോഗപ്പെടുത്തുന്നപക്ഷം അതിൽ നിന്നുള്ള ആദായം എങ്ങിനെ ഉപയോഗപ്പെടുത്തുന്നു? നിങ്ങൾക്കു ധനസഹായംചെയ്യുന്ന ബാങ്കിലോ (സെൻട്രലോ താലൂക്കോ) മറ്റു വല്ല അധികൃതസെക്യൂറിട്ടി (ഉറപ്പു) യിലോ കരുതൽധനം പ്രത്യേകമായി നിക്ഷേപിക്കേണ്ടതു നിർബന്ധിതമാക്കി അതിന്റെ ഉപയോഗത്തെ നിയന്ത്രിക്കുന്നതിനോടു നിങ്ങൾ അനുകൂലിക്കുന്നുവൊ?

൫൦. മാനേജിംഗ്കമ്മിററി നടത്തുന്ന സംഘങ്ങളുടെ ഭരണം കാര്യക്ഷമമായിട്ടുള്ളതാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അംഗങ്ങളുടെ പൊതുയോഗം മാനേജിംഗ്കമ്മിററികളുടെയും, മാനേജിംഗ്കമ്മററി അതിന്റെ എക്സിക്യൂട്ടീവു ഉദ്യോഗസ്ഥന്മാരുടെയും പ്രവൃത്തികളെ ശരിയായി നിയന്ത്രിക്കുന്നുണ്ടോ? ഇല്ലെങ്കിൽ പരിഹാരങ്ങൾ നിർദ്ദേശിക്കുക?

൫൧. പ്രാഥമികസംഘങ്ങളിലൊ സംഘങ്ങളുടെ ഗ്രൂപ്പുകളിലൊ ശമ്പളമുള്ള സെക്രട്ടറിമാരെ നിയമിക്കുന്നതിനോടു നിങ്ങൾ അനുകൂലിക്കുന്നുവൊ? അതു വല്ല തരത്തിലും സംഘങ്ങളുടെ പ്രവർത്തനത്തെ നന്നാക്കുമൊ?

൫൨. ഏതാനും സംഘങ്ങൾ മേലന്വേഷണം നടത്തുന്ന സഭകൾ (കൌൺസിലുകൾ) ഏർപ്പെടുത്തുന്നതിനു അപേക്ഷിച്ചിട്ടുണ്ട്. അവ ആവശ്യവും പ്രായോഗികവും ആണെന്നു നിങ്ങൾ വിചാരിക്കുന്നൊ? ഉണ്ടെങ്കിൽ അവയുടെ ജോലി എന്തായിരിക്കണം?

൫൩. തിരുവിതാംകൂർ പണവ്യാപാരാന്വേഷണക്കമ്മററിയുടെ താഴെപ്പറയുന്ന ശുപാർശകളെപ്പററി നിങ്ങൾ എന്തുപറയുന്നു.

"൫൨. പ്രാഥമികസംഘങ്ങളിലെ അംഗങ്ങളെ സഹകരണത്തിന്റെ തത്വങ്ങളും അർത്ഥവും ക്ഷമയോടും നിർബന്ധപൂർവ്വം പഠിപ്പിക്കുന്നതു ദോഷങ്ങൾ നീക്കുന്നതിനു ആവശ്യമാകുന്നു.'

"൫൧. അംഗങ്ങളുടെ ഇടയിൽ സഹകരണജ്ഞാനത്തിന്റെ കൂടുതലായ പ്രചരണത്താലും തങ്ങളുടെ സംഘങ്ങളുടെ ഭരണത്തിൽ തങ്ങളുടെ കൂടുതലായ സഹായംകൊണ്ടും മാത്രമേ സംഘങ്ങളുടെ ഭരണത്തിന്റെ ദോഷങ്ങൾ പരിഹരിക്കുന്നതിനു കഴികയുള്ളു."

൫൪. വിളവുകളിന്മേൽ വായ്പകൾ നൽകുന്ന ഏർപ്പാട് സംഘങ്ങൾക്കു നടത്താൻ സാധിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൯൪. നിങ്ങളുടെ സംഘം തിരിച്ചുകിട്ടാത്ത വായ്പകൾ എത്രമാത്രമെന്നു കണക്കാക്കുന്നതിനു ശ്രമിക്കയും അതിന്റെ പരിഹാരത്തിനു വ്യവസ്ഥ ചെയ്യുന്നതിനു ആലോചിക്കുകയും ചെയ്തിട്ടുണ്ടോ?

൯൫. കമ്മിററി അംഗങ്ങളുടെ അനുക്രമികമായ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള ഉപചട്ടങ്ങളിലെ വ്യവസ്ഥകൾ ശരിയായി അനുകരിക്കുന്നുണ്ടോ?

൯൬. അദ്ധ്യക്ഷന്റെയോ, സെക്രട്ടറിയുടെയോ, കമ്മററി അംഗത്തിന്റെയോ ഉദ്യോഗം ഒരേ ആളുകൾതന്നെ ദീർഘമായ ഒരു കാലത്തേക്കു ന്യായരഹിതമായി കൈവശപ്പെടുത്തുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അതു സംഘത്തിനു ദോഷം ചെയ്യുന്നപക്ഷം അതിനെ തടയുന്നതിനു നിങ്ങൾ നിർദ്ദേശിക്കുന്ന രക്ഷാമാർഗ്ഗങ്ങൾ എന്താണ്?

൯൭. ഉപചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, നല്ല വിത്തുകൾ, കൃഷി ആയുധങ്ങൾ, വളം ഇവ പ്രചരിപ്പിച്ചു കൃഷിയിൽ പ്രായോഗികമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ നിങ്ങളുടെ സംഘം എന്തെങ്കിലും ചെയ്യുന്നുണ്ടോ?

൯൮. അംഗങ്ങളുടെ ഉൽപന്നങ്ങൾ കൂട്ടായി വില്പന നടത്തി അവർക്കു നല്ല വില ലഭിക്കുന്നതിനുള്ള സാദ്ധ്യതയെപ്പററി നിങ്ങളുടെ സംഘം ചിന്തിച്ചിട്ടുണ്ടോ?

൯൯. നിങ്ങളുടെ സംഘം ക്ലിപ്തരഹിതമായ ബാദ്ധ്യതയോടുകൂടി രൂപീകരിച്ചിട്ടുള്ളതുകൊണ്ട് അതിൽ നല്ല ആളുകൾ ചേരാതിരിക്കുന്നുണ്ടോ? സംഘത്തിനു വെളിയിൽ നിന്നു വായ്പകൾ ലഭിക്കുന്നതിനു അതു വല്ല തരത്തിലും ബാധകമായിട്ടുണ്ടോ?

൧൦. ഏതാനും പ്രാഥമികസംഘങ്ങൾ ക്ലിപ്തബാദ്ധ്യതയോടുകൂടി രജിസ്റ്റർ ചെയ്തിട്ടുള്ളതായി നിങ്ങൾക്കറിയാമോ? ക്ലിപ്തരഹിതമായ ബാദ്ധ്യതയോടുകൂടി വിസ്തൃതമായ അടിസ്ഥാനത്തെ സ്വീകരിക്കുന്നതിനു അവയെ നിർബന്ധിക്കണമെന്നു നിങ്ങൾ നിർദ്ദേശിക്കുന്നുവോ?

൧൧. വർഗ്ഗീയമായി പ്രവർത്തിക്കുന്ന ധനസംഘങ്ങളുടെ രൂപീകരണത്തെ സംബന്ധിച്ചു നിങ്ങളുടെ അഭിപ്രായം എന്താണ്? ഒരേസ്ഥലത്തു ജോലിനടത്തുന്ന അപ്രകാരമുള്ള സംഘങ്ങൾ പരസ്പരം നിർബന്ധപൂർവ്വം സംയോജിപ്പിച്ചു വർഗ്ഗീയമല്ലാതാക്കണമെന്നു നിങ്ങൾ അഭിപ്രായപ്പെടുന്നുണ്ടോ? ആളുകളെ അവരുടെ ജാതികൊണ്ടുമാത്രം അംഗങ്ങളായി സ്വീകരിക്കാതിരിക്കുന്ന മനോഭാവം, അപ്രകാരമുള്ള തടസ്സം രേണവ്യവസ്ഥ അനുവദിക്കാതിരിക്കുമ്പോഴും, സംഘങ്ങളിൽ നിങ്ങൾ കണ്ടിട്ടുണ്ടോ? അവയോടു പെരുമാറുന്നതിനു നടത്തേണ്ട നടപടികൾ എന്തെല്ലാം?

൧൨. പലസംഘങ്ങളുടെയും മാതൃകാ ഉപചട്ടങ്ങളിൽ വല്ല ഭേദഗതിയും ചെയ്യേണ്ടതാവശ്യമാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, നിങ്ങൾ വല്ല ഭേദഗതികളും നിർദ്ദേശിക്കുന്നുണ്ടോ?

ധനേതരസംഘങ്ങൾ.

൧൩. ധനേതരസഹകരണം വിശേഷിച്ചുതാഴെപ്പറയുന്ന സംഗതികളിൽ, എത്രമാത്രം വർദ്ധിക്കുന്നതിനു കഴിവുണ്ട്?

(എ) വളം, വിത്ത്, ആയുധങ്ങൾ, തുടങ്ങിയവ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതിനുള്ള സംഘങ്ങൾ,

(ബി) മുട്ട, തേൻ, കയറ, കുട്ടകൾ, പായകൾ മുതലായ കാർഷികവും വ്യാവസായികവുമായ വിഭവങ്ങൾ വിൽക്കുന്നതിനുള്ള സംഘങ്ങൾ,

(സി) പൊതുവിൽ ഉള്ള കൃഷിമരാമത്തു അല്ലെങ്കിൽ പൊതുവിൽ ഉള്ള കൃഷി, ആയുധങ്ങൾ, യന്ത്രങ്ങൾ മുതലായവയുടെ പൊതുവിലുള്ള ഉടമസ്ഥത എന്നിവയ്ക്കുള്ള സംഘങ്ങൾ

൧൪. ഈ പ്രവൃത്തികൾ സ്വതന്ത്രസ്ഥാപനങ്ങൾ നടത്തണമെന്നോ അതല്ല ധനസംഘങ്ങൾ അവരുടെ സാമമായ ജോലിയായി നടത്തണമെന്നോ വിചാരിക്കുന്നതു?

൧൫. ധനസംഘങ്ങൾക്കുപണം ഉണ്ടാക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം സംഘങ്ങളുടെ ധനേതരപ്രവൃത്തികളുടെ ആവശ്യങ്ങളും നിറവേററുന്നതാണോ? ഇല്ലെങ്കിൽ, നിങ്ങൾ നിർദ്ദേശിക്കുന്ന സമ്പ്രദായം എന്താണ്? ഗവൺമെൻറിൽ നിന്ന് ധനസഹായം നിങ്ങൾ ആവശ്യപ്പെടുന്നുവോ? അപ്രകാരം ആവശ്യപ്പെടുകയാണെങ്കിൽ, ഏതു വ്യവസ്ഥകളിന്മേൽ?

൧൬. ധനേതരസംഘങ്ങളുടെ ഭരണം ധനസംഘങ്ങളിൽനിന്ന് വ്യത്യസ്തമായ സമ്പ്രദായങ്ങളോ ഏർപ്പാടുകളോ ആവശ്യപ്പെടുന്നുണ്ടോ?

൧൭. ഈ സംഘങ്ങളുടെ ഭരണത്തിൽ കണ്ടുവരുന്ന പ്രത്യേക വിഷമങ്ങൾ എന്തെല്ലാം?

൧൮. കാർഷികോല്പന്നങ്ങളുടെ വില്പനയ്ക്കായി ആലപ്പുഴ ഒരു കൊതുവ്യാപാരസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അതു പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് അറിയാമൊ? അതു അതിൻെറ പ്രവൃത്തി ആരംഭിക്കാത്തതിനുള്ള കാരണങ്ങൾ നിങ്ങൾക്ക് അറിയാമോ? ഒരു ഡിപ്പാർട്ടുമെൻറു ഇൻസ്പെക്ടരെ നിയോഗിക്കുന്നതും, ഒരു ഗവണ്മെൻറു ധനസഹായവും അതിൻെറ പ്രാരംഭദശകളിൽ ആവശ്യമായിരിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൧൯. ക്രയവിക്രയത്തിലും പണവ്യാപാരത്തിലും പരിശീലനം സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ സഹായം പരസ്പരസഹായസംഘം രജിസ്ട്രാർക്കു ഉണ്ടായിരിക്കണമെന്നുള്ള പണവ്യാപാരാന്വേഷണക്കമ്മിററിയുടെ ശുപാർശയോടു നിങ്ങൾ യോജിക്കുന്നുണ്ടോ?

൨൦. ജലസേചനത്തിനും വസ്തുക്കളുടെ ഏകീകരണത്തിനും ആയുള്ള സംഘങ്ങൾക്കോ മുഖവരി നിവാരണസംഘങ്ങൾക്കോ ഈ രാജ്യത്തു സൌകര്യമുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

പരസ്പരസഹായരക്ഷാഭോഗം.

൨൧. മിതവ്യയത്തിനുള്ള ഒരു ഉപാധമായി ഒരു പരസ്പരസഹായ രക്ഷാഭോഗപദ്ധതിയെ പ്രോത്സാഹിപ്പിക്കുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുവോ?

൨൨. ൧൦൯൯-ലെ ൧൦-ാംനമ്പരായ തിരുവിതാംകോട്ടു പരസ്പരസഹായ റെഗുലേഷൻപ്രകാരം ഒരു പരസ്പരസഹായ രക്ഷാഭോഗസംഘം ഇപ്പോൾതന്നെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതു പരസ്പരസഹായികളുടെ നന്മയ്ക്കായി, തിരുവനന്തപുരം തലസ്ഥാനമാക്കിക്കൊണ്ടു ജോലിചെയ്യുന്നെന്നും നിങ്ങൾക്കറിയാമോ?

൨൩. സംഘങ്ങൾ അത്തരം ഒരു പദ്ധതിക്കു ഏതുവഴിയിലും രീതിയിലും തക്കസഹായംചെയ്യുമെന്നു നിങ്ങൾ നിർദ്ദേശിക്കുന്നു?

൨൪. ആരക്ഷാഭോഗസംഘത്തിൽ ഓഹരിക്കാരായിചേർന്നു സഹായിക്കണമെന്നു നിങ്ങളോടോ നിങ്ങളുടെ സംഘത്തോടോ അപേക്ഷിച്ചിട്ടുണ്ടോ?

൨൫. സമ്പാദിച്ചിട്ടുള്ള മൊത്തം ഓഹരിമൂലധനം എന്താണ്? അതുപോരെന്നു നിങ്ങൾ കരുതുന്നു എങ്കിൽ, ഏതെങ്കിലുംവിധത്തിലുള്ള സർക്കാർ സഹായം നിങ്ങൾ നിർദ്ദേശിക്കുന്നുവോ?

൨൬. ഈ തിരുവിതാംകൂർ പരസ്പരസഹായ രക്ഷാഭോഗസംഘത്തിൻെറ പ്രകടനപത്രികയും ഉപചട്ടങ്ങളും നിങ്ങൾ കണ്ടിട്ടുണ്ടോ? സംസ്ഥാനത്തുള്ള പരസ്പരസഹായികൾക്കു അതു കൂടുതൽ സ്വീകാര്യമാംവണ്ണം പ്രയോജനകരമാക്കിത്തീർക്കുന്നതിനു, അതിൻെറ ഉപചട്ടങ്ങളെയും പ്രവർത്തനത്തെയും സംബന്ധിച്ചു എന്തെങ്കിലും ഖണ്ഡിതമായ നിർദ്ദേശങ്ങൾ നിങ്ങൾക്കു നൽകുവാനുണ്ടോ?

൨൭. അത്തരം പരസ്പരസഹായ രക്ഷാഭോഗക്കമ്പനികളുടെ ജീവരക്ഷാഭോഗപ്പോളിസി ഉപജാമ്യമായി സ്വീകരിക്കുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തു വ്യവസ്ഥകളിന്മേൽ?

൮൮. ഈ പരസ്പരസഹായ രക്ഷായോഗ സംഘംവക ഫണ്ടിന്റെ ഒരു അംശം ഏതെങ്കിലും ഒരു തോതിൽ ഈ പ്രസ്ഥാനത്തിൽ ഇറക്കുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, എന്തു രക്ഷാവ്യവസ്ഥകളോടുകൂടി?

കാർഷികാധിനിവേശം.

൮൯. പരസ്പരസഹായാധിനിവേശത്തിനു പററിയതും കൃഷിചെയ്യിട്ടില്ലാത്തതുമായ വിസ്തീർണ്ണഭൂവിഭാഗങ്ങൾ ഗവൺമെന്റു ആധീനത്തിൽ നിങ്ങളുടെ ഗ്രാമത്തിനു സമീപം ഉള്ളതായി അറിയാമോ?

൯൦. അത്തരം ഭൂമികൾ ഉള്ളപക്ഷം, അവയുടെ കിടപ്പു നിർണ്ണയിക്കുന്നതിനു സർവെനമ്പരുകളോ മററുവിവരങ്ങളോ നൽകുക.

൯൧. അത്തരം ഭൂമികളുടെ അധിനിവേശത്തിനു പൊതുജനങ്ങൾ നിർബന്ധപൂർവം ആവശ്യപ്പെടുന്നുണ്ടെന്നു നിങ്ങൾക്കറിയാമോ?

൯൨. അത്തരം ആവശ്യങ്ങൾ നിറവേററുന്നതിനു ഗവൺമെന്റു ഏതെങ്കിലും നടപടി നടത്തിട്ടുള്ളതായും നിങ്ങൾക്കറിയാമോ?

൯൩. നിങ്ങളുടെ അറിവിൽ പെട്ടിടത്തോളം, ഗവൺമെന്റിന്റെ ഈ നയം പൊതുജനങ്ങൾ എത്രമാത്രം ഉപയോഗപ്പെടുത്തിയിട്ടുണ്ട്?

൯൪. നിങ്ങളുടെ അഭിപ്രായത്തിൽ, പൊതുജനങ്ങൾക്കു വേണ്ടപോലെ ഗുണം ലഭിച്ചിട്ടില്ലെങ്കിൽ, അതിനു നിങ്ങൾ കല്പിക്കുന്നകാരണം അല്ലെങ്കിൽ കാരണങ്ങൾ എന്ത്?

൯൫. അത്തരം അധിനിവേശത്തിനു സിൻഡിക്കേററുകളോ പരസ്പരസഹായസംഘങ്ങളോ രൂപീകരിക്കണമെന്നു നിങ്ങൾ വാദിക്കുമോ?

൯൬. ഇതിനായി ഗവൺമെന്റു എന്തെങ്കിലും ചട്ടങ്ങൾ നിർമ്മിച്ചിട്ടുള്ളതായി നിങ്ങൾക്കറിയാമോ? ഈ പദ്ധതി പ്രായോഗികമാക്കിത്തീർക്കുന്നതിനു എന്തെങ്കിലും ഭേദഗതികൾ നിങ്ങൾക്കു നിർദ്ദേശിക്കുവാനുണ്ടോ?

സെൻട്രൽബാങ്ക്.

൯൭. സെൻട്രൽ ബാങ്കിന്റെ ഇപ്പോഴത്തെ ഘടനയെ സംബന്ധിച്ചു നിങ്ങൾക്ക് എന്തെങ്കിലും നിരൂപണങ്ങൾ നൽകുവാനുണ്ടോ?

൯൮. വ്യക്തികളായ ഓഹരിക്കാരെക്കുറിച്ചു നിങ്ങളുടെ അഭിപ്രായം എന്താണ്? അവരെക്കുറവുചെയ്യുന്നതിനെക്കുറിച്ചു ഖണ്ഡിതമായ എന്തെങ്കിലും നയം ഉണ്ടായിരിക്കണമോ?

൯൯. വ്യക്തികളായ അംഗങ്ങൾക്കു വായ്പകൾ അനുവദിക്കുന്ന ഇപ്പോഴത്തെ പതിവു തുടർന്നുകൊണ്ടു പോകാമോ? നിക്ഷേപങ്ങളിന്മേൽ അല്ലാതെ അവർക്കു വായ്പകൾ നൽകാൻ പാടില്ലേ? അങ്ങനെ ആണെങ്കിൽ ഇപ്പോൾ കൊടുത്തിരിക്കുന്ന കടം അടച്ചുതീർക്കുന്നതിനു നിങ്ങൾ എന്തു മാർഗ്ഗങ്ങൾ നിർദ്ദേശിക്കും?

൧൦൦. ഭരണത്തെ സംബന്ധിച്ചു ഉപചട്ടങ്ങളിൽ ചെയ്തിട്ടുള്ള വ്യവസ്ഥകൾക്കു മാററം ആവശ്യമുണ്ടെന്നു നിങ്ങൾ കരുതുന്നുണ്ടോ? ഉണ്ടെങ്കിൽ, എന്തെല്ലാം മാററങ്ങളെന്നു പറയുക.

൧൦൧. ഭരണസമിതിയുടെ ശാസനയ്ക്കും നിയന്ത്രണത്തിനും ഉൾപ്പെട്ടിരിക്കുന്ന ഒരു ശമ്പളമുള്ള സെക്രട്ടറിയുടെയൊ മാനേജരുടെയൊ കൈയിൽ ഒരു സെൻട്രൽ ബാങ്കിന്റെ എക്സിക്യൂട്ടീവ് ഭരണം ഏല്പിക്കണമെന്നു പരസ്പരസഹായത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള കമ്മിററികൾ പറയുന്ന അഭിപ്രായം നിങ്ങൾ സ്വീകരിക്കുന്നുണ്ടോ?

൧൦൨. രജിസ്ട്രാറുടെ ഉദ്യോഗംസെക്രട്ടറിയുടേതിൽനിന്നു ഭിന്നമായി, പ്രത്യേകമായിരിക്കണമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൧൦൩. ഖജാൻജി മതിയായ ജാമ്യം വയ്ക്കണമെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ? ബാങ്കിന്റെ ഭരണം ശരിയായ മാർഗ്ഗങ്ങളിൽ കൂടിനടത്തുമെന്ന് ഉറപ്പുവരുത്താൻ ഇപ്പോഴത്തെക്കാൾ കൂടുതൽ രക്ഷാവ്യവസ്ഥകൾ ഉണ്ടായിരിക്കണമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൧൦൪. സംഘാംഗങ്ങൾക്കു ബഹുസമ്മതിദാനത്തിനുള്ള വ്യവസ്ഥ സ്വീകരിക്കത്തക്കവണ്ണം തുടർന്നു കൊണ്ടുപോകാവുന്നതാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൧൦൫. സെൻട്രൽബാങ്ക് അവരുടെ കടംകൊടുപ്പുനിരക്ക ഇനിയും കുറയ്ക്കുക എന്നതു സാദ്ധ്യമോ ആശാസ്യമോ ആണോ? ചേതനധനങ്ങൾക്കുള്ള ഇപ്പോഴത്തെ തോതു് എന്താണ്? അതിന്റെ പ്രതിദിന പ്രവർത്തനത്തിൽ പ്രായോഗികമായി അതു് അനുഷ്ഠിക്കാവുന്നതാണോ? അതു മതിയായിട്ടുള്ളതാണോ?

൧൦൬. ദീർഘകാലാവധിക്കുള്ള വായ്പകൾ നൽകുന്നതിനു ഏതുകാലത്തേക്ക്, സെൻട്രൽ ബാങ്ക്ഫണ്ടിന്റെ എന്തു അനുപാതം നീക്കിവയ്ക്കണം?

൧൦൭. ഒരു സെൻട്രൽ ഭൂസ്വത്തുജാമ്യബാങ്കിന്റെ ജോലി ഏറെറടുക്കുന്നതിനുതക്കസ്ഥിതി ബാങ്കിനുണ്ടോ?

൧൦൮. പലമാതിരിയുള്ള നിക്ഷേപങ്ങൾക്ക പലിശനിരക്കുകൾ എന്താണ്? പലിശനിരക്ക ഇനിയും കുറയ്ക്കുക സാദ്ധ്യമോ ആശാസ്യമോ ആണോ?

൧൦൯. സെൻട്രൽബാങ്കിന്റെ പ്രവൃത്തികൾ താലൂക്കബാങ്കുകളെ സംബന്ധിച്ചുമാത്രം ആകുന്നതു് ആശാസ്യമല്ലേ? അങ്ങനെയാണെങ്കിൽ, താലൂക്കബാങ്കുകളുടേയും പണവ്യാപാരഐക്യസംഘങ്ങളുടേയും (ബാങ്കിംഗ് യൂണിയൻ) പണസംബന്ധമായ സകല ആവശ്യങ്ങളും നിർവഹിക്കുന്നതിനു എന്തു വ്യവസ്ഥകളാണ് ആവശ്യമായിരിക്കുന്നതു്?

൧൧൦. പണവ്യാപാരഐക്യസംഘങ്ങൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചു നിങ്ങളുടെ അഭിപ്രായം എന്താണ്?

൧൧൧. ദീർഘകാലാവധിക്കുള്ള വായ്പകൾക്ക പണമെടുക്കാൻ സ്ഥിരനിക്ഷേപങ്ങൾ വിനിയോഗിക്കുന്ന നയം കാര്യക്ഷമമല്ലെന്നാണോ നിങ്ങളുടെ അഭിപ്രായം? ആണെങ്കിൽ, അത്തരം ഒരു നയം എത്രത്തോളം സുരക്ഷിതമായി പ്രയോഗിക്കാമെന്നു നിങ്ങൾ വിചാരിക്കുന്നു?

൧൧൨. സംഘങ്ങളിൽനിന്നു വായ്പക്കായുള്ള അപേക്ഷകളെ പരിഗണിക്കുന്നതിൽ കാലവിളംബം നേരിടുന്നു എന്നു് ആവലാധികൾ കേൾക്കുന്നു. അതിനുഹേതു എന്താണ്? അതിന് എങ്ങനെ പരിഹാരമുണ്ടാക്കാം.

൧൧൩. ൭-ാമത്തെ സമസ്തതിരുവിതാംകൂർപരസ്പരസഹായ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻതന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ താഴെക്കാണും പ്രകാരം പ്രസ്താവിച്ചിട്ടുണ്ട്:—

"പരസ്പരസഹായത്തെ സംബന്ധിച്ചുണ്ടായമാക്ലഗൻ കമ്മിററിയുടെ ശുപാർശ അനുസരിച്ചു നടപ്പാക്കിയിട്ടുള്ള നോർമൽക്രഡിററ്, സാധാരണ ധനാവശ്യനിർണ്ണയനരീതി, കടം വാങ്ങുന്നതിന്റെ ഉദ്ദേശ്യത്തെ അനുസരിച്ചു വായ്പകളുടെ കാലാവധി നിർണ്ണയിക്കുന്നനയം, വെറും ആൾജാമ്യത്തിൽ വായ്പകൾ അനുവദിക്കുന്നപതിവ് എന്നീവിധം വിവിധ പ്രവിശ്യകളിൽ വളർന്നു വന്നിട്ടുള്ള സഹകരണ ധനസഹായത്തിന്റെ പ്രത്യേക ലക്ഷണങ്ങൾ സകലതും, സന്ദർഭാനുസരണം ഏതെങ്കിലും വിധത്തിൽ രൂപഭേദപ്പെടുന്നതിന് ഇടയുള്ളതായി തോന്നുന്നു; നിങ്ങളുടെ രാജ്യത്തിലെ ഗ്രാമീണമായ സാമ്പത്തിക ജീവിതത്തിന്റെ സ്ഥിതിവ്യത്യാസങ്ങൾക്കനുരൂപമായി ധനസംബന്ധമായ ഏർപ്പാടുകളിൽ എന്തുഭേദഗതികൾ ആവശ്യപ്പെടുന്നു എന്നതിനെക്കുറിച്ചു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അന്വേഷണകമ്മിററിയുടെ കർത്തവ്യമായിരിക്കും" ഈ അഭിപ്രാ

യത്തോടു നിങ്ങൾ എത്രമാത്രം യോജിക്കുന്നു? ഈ രാജ്യത്തെ ബാധിക്കത്തക്കവണ്ണം എന്തു ഭേദഗതികൾ നിങ്ങൾ നിർദ്ദേശിക്കും.

൧൧൪. പണവ്യാപാരാന്വേഷണക്കമ്മിററി താഴെപ്പറയുന്ന ശിപാർശകൾ ചെയ്യുന്നു:—

(൧) സെൻട്രൽപരസ്പരസഹായബാങ്കിലെ വായ്പകൊടുക്കാവുന്ന മൂലധനത്തെ ചുരുങ്ങിയ കാലാവധിക്കുള്ളതു്, ഇടത്തരം മദ്ധ്യകാലാവധിക്കുള്ളതു്, ദീർഘകാലാവധിക്കുള്ളതു് എന്നിങ്ങനെ തരം തിരിക്കുകയും, വായ്പകൾ എത്രകാലത്തേക്കാണോ ആവശ്യമായിരിക്കുന്നതു് അതനുസരണമായി വായ്പ നൽകുന്നതിനെ ക്രമപ്പെടുത്തുകയും യോജിപ്പിക്കുകയും വേണം.

(൨) സെൻട്രൽപരസ്പരസഹായബാങ്കിനു ഒരു ഓവർഡ്രാഫ്ററു് സഹായം ഉണ്ടായിരിക്കുകയും, ഗവണ്മെൻറു് ഈ സംഗതിയിൽ കാലേക്കൂട്ടി ശ്രദ്ധ പതിക്കുകയും വേണം. സെൻട്രൽ പരസ്പരസഹായബാങ്കിനു എപ്പോഴെങ്കിലും ഓവർഡ്രാഫ്ററിന്റെ ആവശ്യം തോന്നിയിട്ടുണ്ടോ? ആ സംഗതിയിൽ നിങ്ങൾക്കു എന്തെങ്കിലും ശുപാർശ ചെയ്യാനുണ്ടോ?

൧൧൫. സാമ്പത്തികാധഃപതനാന്വേഷണക്കമ്മിററി ശിപാർശചെയ്തിട്ടുള്ളതുപോലെ പരസ്പരസഹായസംഘങ്ങൾക്കു് അവയിലെ കർഷകരായ അംഗങ്ങൾക്കു ഇപ്പോഴത്തെക്കാൾ കൂടുതൽ വായ്പകൾ നൽകാൻ കഴിവുണ്ടാകത്തക്കവണ്ണം, അവയുടെ ധനാഗമമാർഗ്ഗങ്ങളെ ഗവണ്മെന്റു സഹായിക്കണമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൧൧൬. സെൻട്രൽബാങ്കു സാമാന്യമായ യഥാസ്ഥിതിക്കു് മനോഭാവമാണു പ്രദർശിപ്പിക്കാറുള്ളതെന്നും, സംഘങ്ങളുടെ അടച്ചുതീർത്ത മൂലധനംവരെ മാത്രമേ അതു സംഘങ്ങൾക്കു കടംകൊടുക്കാറുള്ളു എന്നും ഒരു പരാതി ഉണ്ടോ? സെൻട്രൽബാങ്കിന്റെ ഫണ്ടുകൾക്കു ഹാനികൂടാതെ, കുറെക്കൂടി ഉദാരമായ ഒരു നയത്തെ നിങ്ങൾ അനുകൂലിക്കുമോ? അനുകൂലിക്കുമെങ്കിൽ, നിങ്ങളുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണു്?

൧൧൭. സെൻട്രൽബാങ്കിനാൽ നിയുക്തരായിട്ടുള്ള സൂപ്പർവൈസർമാരിൽ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള കൃത്യങ്ങൾ എന്താണു്? ഈ കൃത്യങ്ങളിൽ, സംഘങ്ങൾ പരിശോധിക്കുമ്പോൾ അവയിലെ വായ്പകളുടെ വിനിയോഗത്തെപ്പററിയുള്ള പരിശോധനയും, വസ്തുവിവരപ്പട്ടികകളുടെ പരിശോധനയും ഉൾപ്പെടുന്നുണ്ടോ?

൧൧൮. ധനേതര—പരസ്പരസഹായ പ്രവർത്തനങ്ങൾക്കു ധനസഹായം ചെയ്യുന്നതിനെ സംബന്ധിച്ചു് ബാങ്കിന്റെ നയം എന്താണു്? അതിനെ വിപുലമാക്കുന്നതിനു നിങ്ങൾക്കു വല്ല നിർദ്ദേശങ്ങളുമുണ്ടോ?

൧൧൯. താലൂക്കുബാങ്കുകളോ പണവ്യാപാര ഐക്യസംഘങ്ങളോ ഇപ്പോൾ ഇല്ലാത്ത താലൂക്കുകളിൽ സെൻട്രൽബാങ്കിന്റെ ശാഖകൾ സ്ഥാപിക്കുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുണ്ടോ?

൧൨൦. സെൻട്രൽബാങ്കിൽ ഓഹരി എടുക്കുന്നതിനു പ്രാദേശിക മേൽനോട്ടഐക്യസംഘങ്ങളോടു ആവശ്യപ്പെടുന്നതിനു നിങ്ങൾ വാദിക്കുമോ?

൧൨൧. ഐക്യസംഘത്തിന്റെ മാത്രം ശുപാർശയിന്മേൽ സംഘങ്ങൾക്കു സെൻട്രൽബാങ്കുവായ്പ നൽകുന്നതിനെപ്പററി നിങ്ങളുടെ അഭിപ്രായം എന്താണു്?

൧൨൨. ബാങ്കിന്റെ മേൽനോട്ടഫണ്ടി (സൂപ്പർവിഷൻഫണ്ടു)ന്റെ വിനിയോഗത്തെപ്പററി നിങ്ങൾക്കു എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകുവാനുണ്ടോ?

൧൨൩. സെൻട്രൽബാങ്കിനെ സംസ്ഥാനത്തെ യഥാർത്ഥത്തിലുള്ള ഒരു സെൻട്രൽ തായ്ബാങ്കായി രൂപാന്തരപ്പെടുത്തുന്നതിനു എന്തുമാർഗ്ഗങ്ങൾ നിർദ്ദേശിക്കും?

൧൨൪. സെൻട്രൽബാങ്കും ഇൻസ്റ്റിറ്റ്യൂട്ടും പോലുള്ള വിഭിന്നസ്ഥാപനങ്ങളിൽ ചുമതലയുള്ള ഉദ്യോഗങ്ങൾ ഒരേ ആൾതന്നെ വഹിക്കുന്നതിനെ നിങ്ങൾ സമ്മതിക്കുന്നോ?

൧൫൫. സർക്കാർ ഉറപ്പോടുകൂടിയോ അല്ലാതെയോ, സെൻട്രൽബാങ്കു കടപ്പത്രങ്ങൾ (ഡിബെഞ്ചർ) പുറപ്പെടുവിക്കുന്നതിനെ നിങ്ങൾ ശിപാർശചെയ്യുന്നുണ്ടോ?

൧൫൬. പ്രാഥമികസംഘങ്ങളുടെ കടം വാങ്ങലുകൾ നിർണ്ണയിക്കുന്നതിനുള്ള തോതു് എന്താണ്? അവയുടെ ഓഹരിമൂലധനത്തേയോ, അംഗങ്ങളുടെ മുതലുകളെയോ, ഏതിനെ ആസ്പദമാക്കിയാണ്? നിലവിലിരിക്കുന്ന ഏർപ്പാടിൽ എന്തെങ്കിലും മാററം നിങ്ങൾ നിർദ്ദേശിക്കുന്നുണ്ടോ? നിങ്ങളുടെ കാരണങ്ങൾ പ്രസ്താവിക്കുക.

൧൫൭. സംഘങ്ങൾക്ക് അവയിലെ അംഗങ്ങളുടെ ഉൽപ്പാദന കാര്യങ്ങൾക്കായുള്ള ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുന്നതിനു വേണ്ടേടത്തോളം ധനം ലഭിക്കുന്നുണ്ടോ?

൧൫൮. നിങ്ങളുടെ അഭിപ്രായത്തിൽ, സംഘങ്ങളെ, അവയുടെ ആവശ്യങ്ങൾക്ക് മതിയായ മൂലധനം സെൻട്രൽബാങ്കിൽനിന്നു വാങ്ങുന്നതിനു പ്രാപ്തമാക്കുന്നുണ്ടോ?

൧൫൯. നിങ്ങളുടെ ഇപ്പോഴത്തെ സമ്പ്രദായത്തിൽ എന്തെങ്കിലും ഭേദഗതിക്ക് നിങ്ങൾ അനുകൂലിയായിരിക്കുമോ?

൧൬൦. ക്ലിപ്തവും ക്ലിപ്തമല്ലാത്തതുമായ ബാദ്ധ്യതയോടുകൂടിയ സംഘങ്ങളുടെനേരെ നിങ്ങളുടെ പെരുമാററത്തിൽ നിങ്ങൾ എന്തെങ്കിലും വ്യത്യാസം കൽപ്പിക്കുന്നുണ്ടോ?

൧൬൧. ഗ്രാമങ്ങളിൽ നൽകുന്ന വായ്പകൾക്ക് സാധാരണയായി ൧൨ ശതമാനത്തിൽ കവിയാത്ത പലിശയേ ചുമത്താവൂ എന്ന ഈ രാജ്യത്തു വല്ല ഏർപ്പാടോ ഉള്ളതായി നിങ്ങൾക്കറിയാമോ? പ്രയോഗത്തിൽ അതു എത്രത്തോളം അനുകരിക്കപ്പെടുന്നുണ്ടു്?

൧൬൨. പലിശ കണക്കാക്കുന്നതിൽ ഗ്രാമങ്ങളിലെ പണം കടംകൊടുപ്പുകാർ എന്തു നടപടിക്രമമാണു സാധാരണ അനുവർത്തിക്കുന്നതു്; കണക്കാക്കപ്പെട്ടിട്ടുള്ള നിരക്ക് ൧൨ ശതമാനത്തെ കവിഞ്ഞുള്ളതാണെന്നു കണ്ടാൽ, ആ കവിയുന്ന നിരക്ക് താഴ്ത്തുന്നതിനു നിങ്ങൾ എന്തു മാർഗ്ഗങ്ങൾ നിർദ്ദേശിക്കും?

൧൬൩. പരസ്പരസഹായ പ്രസ്ഥാനത്തിന്റെ പ്രേരണയും, ഈ പ്രസ്ഥാനത്തിൽ ചേരാത്ത ധനസഹായസംഘങ്ങളോ വ്യക്തികളോ ചുമത്തുന്നതും നടപ്പിലിരിക്കുന്നതുമായ പലിശനിരക്ക് വശംവദമായിട്ടുണ്ടോ?

താലൂക്കുബാങ്കുകൾ.

൧൬൪. നിങ്ങളുടെ ജില്ലയിൽ ഏതെങ്കിലും പരസ്പരസഹായ താലൂക്കുബാങ്കുണ്ടോ? അതു് ആരംഭിച്ചതെന്നാണ്? ആ സ്ഥലത്തിർത്തികളിൽ എത്ര പ്രാഥമികസംഘങ്ങൾ ഉണ്ട്. അവയിൽ എത്ര, താലൂക്കുബാങ്കുകളുമായി സംഘടിപ്പിച്ചിട്ടുണ്ട്? എല്ലാ സംഘടിത സംഘങ്ങൾക്കും ധനസഹായം ചെയ്യത്തക്കസ്ഥിതി നിങ്ങളുടെ താലൂക്കുബാങ്കിനുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു? നിങ്ങളുടെ അഭിപ്രായത്തിൽ, പ്രാഥമികസംഘങ്ങൾക്കു, താലൂക്കുബാങ്കുകൾക്കും തായ്ബാങ്കിനും തമ്മിലുള്ള ബന്ധം എന്തായിരിക്കണം? പ്രവർത്തനത്തിലുള്ള ചെലവു നിർവഹിക്കുന്നതിനു താലൂക്കുബാങ്കുകൾക്ക് പലിശയുടെ എന്തംശം അനുവദിക്കണം?

൧൬൫. താലൂക്കുബാങ്കുകളിൽ വ്യക്തികൾക്ക് പ്രവേശനം നൽകുന്നതും അവയിൽനിന്നു് അവർക്ക് വായ്പകൾ കൊടുക്കുന്നതും തുടർന്നുകൊണ്ടുപോകണമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? പ്രാഥമിക സംഘങ്ങളുടെ വളർച്ചയ്ക്കും, ദൃഢമായ പ്രവർത്തനത്തിനും നിലവിലിരിക്കുന്ന ഏർപ്പാടു ബാധകമാണോ?

൧൬൬. സംഘടിതസംഘങ്ങളുടെമേൽ താലൂക്കുബാങ്കു എന്തെങ്കിലും നിയന്ത്രണം നടത്തുന്നുണ്ടോ? സംഘടിതസംഘങ്ങളുടെ മേൽനോട്ടത്തിനും പരിശോധനയ്ക്കും അതിനു എന്തെങ്കിലും (ഏജൻസി) ഉണ്ടോ?

൧൬൭. നിങ്ങളുടെ ബാങ്കുമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള എത്ര സംഘങ്ങൾ അവയുടെ വസ്തുവിവരപ്പട്ടികയുടെ പ്രതികൾ നൽകിയിട്ടുണ്ട്? സംഘടിത സംഘങ്ങൾ

അവയുടെ വസ്തുവിവരപ്പട്ടികകൾ ആണ്ടുതോറും പുതുക്കുന്നുണ്ടോ എന്നു നോക്കുന്നതിനായി നിങ്ങൾ എന്തു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു?

൧൱൭൰൮. വായ്പക്കുള്ള അപേക്ഷകളെ പരിഗണിക്കുമ്പോൾ സാധാരണയായി നിങ്ങൾ എന്തെല്ലാം റിക്കാർഡുകൾ നോക്കാറുണ്ട്?

൧൱൭൰൯. രജിസ്ട്രാർ വായ്പകൾക്കു ശുപാർശചെയ്യുന്ന ഇപ്പോഴത്തെപ്പതിവു തുടർന്നുകൊണ്ടുപോകേണ്ടതാവശ്യമാണോ?

൧൱൮൰. കുടിശിഖകൾ പിരിക്കുന്നതിനു നിങ്ങൾ സ്വന്തമായി എന്തെങ്കിലും ഏജൻസി നിയമിച്ചിട്ടുണ്ടോ? നിങ്ങൾക്ക് ഒന്ന് ഇല്ലെങ്കിൽ, അങ്ങനെ ഒരു ഏജൻസിയുടെ ആവശ്യം നിങ്ങൾക്കു തോന്നിയിട്ടില്ലേ?

നഗരബാങ്കുകൾ.

൧൱൮൰൧. സംസ്ഥാനത്തുള്ള എല്ലാ പട്ടണങ്ങളിലും നഗരബാങ്കുകൾ സ്ഥാപിക്കുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, ഈ പട്ടണങ്ങളിൽ ചിലതിൽ ഇപ്പോഴുള്ള പ്രാഥമിക സംഘങ്ങളെ സംബന്ധിച്ചു നിങ്ങൾ എന്തു നിർദ്ദേശിക്കും? ഇപ്പോഴുള്ള താലൂക്കുബാങ്കുകളെ, വേണ്ടിവന്നാൽ, നഗരബാങ്കുകളായി രൂപാന്തരപ്പെടുത്താമെന്നും പുതിയബാങ്കുകളോ അല്ലെങ്കിൽ സെൻട്രൽബാങ്കിന്റെ ശാഖകളോ പ്രാഥമിക സംഘങ്ങളെ മാത്രം ധനംകൊണ്ടു സഹായിക്കാൻ ഏർപ്പെടുത്താമെന്നും ഒരു അഭിപ്രായമുണ്ട്. നിങ്ങൾ ഈ അഭിപ്രായത്തോടു യോജിക്കുന്നോ?

പണവ്യാപാരഐക്യസംഘങ്ങൾ.

൧൱൮൰൨. ഒരു പണവ്യാപാരഐക്യസംഘത്തിന്റെ പ്രവർത്തനത്തെപ്പററി നിങ്ങൾക്കു എന്തെങ്കിലും അറിവുണ്ടോ?

൧൱൮൰൩. ധനസഹായം, മേൽനോട്ടം, ഈ രണ്ടു പ്രവൃത്തികളേയും സംയോജിപ്പിക്കുന്നതു നിങ്ങൾക്കു സമ്മതമാണോ?

൧൱൮൰൪. താലൂക്കുബാങ്കുകൾക്കും മേൽനോട്ടത്തിനായുള്ള ഐക്യസംഘത്തിനും പകരം അതു ഫലവത്തായിരിക്കുമോ?

൧൱൮൰൫. നിങ്ങൾക്കു ഏതാണ്ടെല്ലാം അറിയാവുന്ന പണവ്യാപാരഐക്യസംഘത്തോടു സംഘടിപ്പിച്ചിട്ടുള്ള സംഘങ്ങൾക്കു ധനസഹായം ചെയ്യുന്നതിൽ എന്തെങ്കിലും വൈഷമ്യം നിങ്ങൾക്കു അനുഭവമായിട്ടുണ്ടോ?

൧൱൮൰൬. ഈ വൈഷമ്യങ്ങളെ തരണംചെയ്യുന്നതിനു നിങ്ങൾ എന്തുമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

ഭൂസ്വത്തു ബാങ്കുകൾ.

൧൱൮൰൭. സർക്കാർ ഭൂസ്വത്തുബാങ്കു പരസ്പരസഹായ സംഘറഗുലേഷന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തണമെന്നുള്ള അഭിപ്രായമാണോ നിങ്ങൾക്കുള്ളതു്?

൧൱൮൰൮. അതിനോടു സംഘടിപ്പിച്ചിട്ടുള്ള പ്രാഥമിക ഭൂസ്വത്തു സംഘങ്ങളോടുകൂടിയ ഒരു സെൻട്രൽഭൂസ്വത്തുബാങ്കു തിരുവിതാംകൂറിനു ഉത്തമമായ ഒരു ഏർപ്പാടായിരിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അഥവാ, സെൻട്രൽ ഭൂസ്വത്തുബാങ്കിനോടു അതിന്റെ ശാഖകളായി സംഘടിപ്പിച്ചിട്ടുള്ള ഡിസ്ട്രിക്ട് അല്ലെങ്കിൽ താലൂക്കു ഭൂസ്വത്തുബാങ്കുകൾ ആ ഉദ്ദേശ്യം കൂറെക്കൂടി നല്ലവണ്ണം നിർവഹിക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൧൱൮൰൯. അവയുടെ ഘടന ഭരണരീതി, ധനാഗമമാർഗ്ഗങ്ങൾ, ഇവ വിവരിക്കുക. രണ്ടിലേതെങ്കിലും ഒരു രീതിയിലുള്ള ഒരു പ്രാഥമിക ബാങ്കിനു ഫലവത്തായി പ്രവൃത്തിചെയ്യാവുന്ന സ്ഥലത്തിന്റെ ഏററവും കൂടിയ വിസ്തീർണ്ണം എന്തായിരിക്കണമെന്നാണു് നിങ്ങളുടെ അഭിപ്രായം?

൧൭൦. ദീർഘകാലാവധിക്കുള്ള വായ്പകൾ കർഷകന്മാർ ആവശ്യപ്പെടുന്നതിനെ തൃപ്തിപ്പെടുത്താൻ നിങ്ങളുടെ അഭിപ്രായത്തിൽ, ഭൂസ്വത്തുബാങ്കാണോ ഏററവും പററിയ സ്ഥാപനം?

൧൭൧. മദ്രാസ് പ്രസിഡൻസിയിലും പുറമേയും ഉള്ള ഭൂസ്വത്തുബാങ്കുകളുടെ പ്രവത്തനത്തെ സംബന്ധിച്ചു നിങ്ങളുടെ അഭിപ്രായം എന്താണ്?

൧൭൨. പരസ്പരസഹായസംഘങ്ങളിലെ ഇപ്പോഴത്തെ ദീർഘകാലാവധിയ്ക്കുള്ള വായ്പകൾ സക്കാർ ഭൂസ്വത്തുബാങ്കിലേക്കു മാററുന്നതിനു ഏർപ്പാടു ചെയ്യുക സാദ്ധ്യമാണോ?

൧൭൩. ഒരു ഗ്രാമീണ ഋണമോചനപദ്ധതിയുടെ ആവശ്യമോ അതിന്നു ന്യായമോ ഈ സംസ്ഥാനത്തുണ്ടോ?

൧൭൪. ഗ്രാമങ്ങളിലെ കടത്തിന്റെ വ്യാപ്തിയെക്കുറിച്ചു നിങ്ങൾക്കെന്തെങ്കിലും വിവരമുണ്ടോ?

൧൭൫. ഈ സംസ്ഥാനത്തെ സിവിൽനടപടി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനും പുറമെ കർഷകരുടെ രക്ഷയ്ക്കു ഖണ്ഡിതമായ എന്തെങ്കിലും നിർദ്ദേശങ്ങൾ നിങ്ങൾക്കു നൽകാനുണ്ടോ?

൧൭൬. കർഷകരുടെ കടബാദ്ധ്യത ഒഴിക്കുന്നകൃത്യം തിരുവനന്തപുരം സെൻട്രൽ പരസ്പരസഹായബാങ്കിനു വിജയപ്രദമായി നിർവഹിക്കാൻ കഴിയുമെന്നു നിങ്ങൾക്കു അഭിപ്രായമുണ്ടോ? ഇല്ലെങ്കിൽ, ആ ഉദ്ദേശ്യസാദ്ധ്യത്തിനു നിങ്ങൾ മററു വല്ല പദ്ധതിയും കണ്ടു വച്ചിട്ടുണ്ടോ?

ഗോസംരക്ഷണം, ക്ഷീരവ്യാപാരം, മുതലായവ.

൧൭൭. കന്നുകാലി വളർത്തൽ, പാൽകച്ചവടം, കന്നുകാലിരക്ഷാമാർഗ്ഗം ഇവയ്ക്കായുള്ള സംഘങ്ങൾ അടിയന്തിരമായി വേണമെന്നു ആവശ്യം ഉള്ളതായി നിങ്ങൾ വിചാരിക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ അവ ഇതുവരെ ഏർപ്പെടുത്തി അഭിവൃദ്ധിപ്പെടുത്താത്തതെന്തുകൊണ്ട്? ഗവണ്മെന്റു പ്രത്യേക സൌജന്യങ്ങൾ അനുവദിച്ചാൽ സംഗതികൾ നന്നാകുമെന്നു വിചാരിക്കുന്നുണ്ടോ? പ്രത്യേക വൈഷമ്യങ്ങൾ ഉണ്ടെങ്കിൽ അവയെ എങ്ങനെ തരണം ചെയ്യാം.

സ്റ്റോറുകൾ.

൧൭൮. തിരുവിതാംകൂറിലെ പരസ്പരസഹായസ്റ്റോറുകളുടെ പരാജയത്തിനു നിങ്ങളുടെ അഭിപ്രായത്തിൽ കാരണം എന്താണ്? ഉപഭോക്തൃപ്രസ്ഥാനത്തിന്റെ വിജയത്തിനു എന്തു നിർദ്ദേശങ്ങൾ നിങ്ങൾക്കു നൽകുവാനുണ്ട്?

൧൭൯. സ്റ്റോറുകളും കടം കൊടുക്കണമെന്നു നിങ്ങൾ ശുപാർശചെയ്യുന്നോ? അങ്ങനെയാണെങ്കിൽ കടം കൊടുക്കാവുന്ന തുകയേയും കാലാവധിയേയും സംബന്ധിച്ചു നിങ്ങൾ എന്തെങ്കിലും പരിധി നിശ്ചയിക്കുന്നോ?

൧൮൦. അംഗങ്ങൾക്കു മാത്രമേ വില്പന നടത്താൻ പാടുള്ളു എന്നാണോ നിങ്ങളുടെ അഭിപ്രായം? അംഗങ്ങളല്ലാത്തവർക്കുകൂടി വില്പന നടത്തണമെന്നുള്ള അഭിപ്രായമാണു നിങ്ങൾക്കുള്ളതെങ്കിൽ ഏതു വ്യവസ്ഥയിന്മേലാണ് അപ്രകാരം ചെയ്യേണ്ടതു?

൧൮൧. സംഘടിപ്പിച്ചിട്ടുള്ള പ്രാഥമികസംഘങ്ങൾക്കുവേണ്ടി സാമാനങ്ങൾ വിലയ്ക്കു വാങ്ങുന്ന ജോലി ചെയ്യുന്നതിനു മൊത്തക്കച്ചവടം നടത്തുന്നതോ വിതരണജോലി ചെയ്യുന്നതോ ആയ ഒരു സെൻട്രൽ സ്റ്റോർ ആവശ്യമാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അങ്ങനെ വിചാരിക്കുന്നുണ്ടെങ്കിൽ, സെൻട്രൽ സ്റ്റോറും പ്രാഥമിക സ്റ്റോറുകളും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധം എന്തു?

൧൮൨. ഉല്പാദകന്മാരേയും വ്യാപാരികളേയും സ്റ്റോർ സംഘങ്ങളിൽ ചേർക്കണമെന്നു നിങ്ങൾ അഭിപ്രായപ്പെടുന്നുണ്ടോ?

൧൯൩. സ്ത്രീവിദ്യാഭ്യാസത്തിൽ തിരുവിതാംകൂർ പ്രശസ്തമായ വിധത്തിൽ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്, സഹകരണ സ്റ്റോറുകളെ സംബന്ധിച്ചുള്ള പ്രവൎത്തനവും അവയുടെ ഭരണവും വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സ്ത്രീകൾ മുഖേന ഇവിടെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സാധിക്കുമൊ?

൧൯൪. ഗൃഹാവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കുമുള്ള സാധനങ്ങൾ ഒന്നിച്ചു സംഭരിച്ചു കൊടുക്കുന്നതിനു ഗ്രാമീണപ്രദേശങ്ങളിൽ സ്റ്റോറുകൾ സ്ഥാപിക്കുന്നതു വിജയപ്രദമാകുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടൊ?

൧൯൫. ചുരുക്കം ചില സംഘങ്ങളിൽ ഇൻഡ്യൻ സമ്പ്രദായപ്രകാരം വിലയ്ക്കു വാങ്ങുക എന്നതു വിജയകരമായി നടത്തിവന്നിട്ടുണ്ട്, ഈ സമ്പ്രദായം സാമാന്യമായി പ്രാഥമികസംഘങ്ങളുടെ കാര്യത്തിൽ നടപ്പാക്കുന്നപക്ഷം, അതു സ്വതന്ത്രസ്റ്റോറുകൾ ആരംഭിക്കുന്നതിനെ ഉത്തേജിപ്പിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടൊ? ബോംബെയിൽ അനുകൂലിക്കപ്പെട്ടിട്ടുള്ള ബൈയിംഗ് ക്ലബ്ബ്കളെ സംബന്ധിച്ചു നിങ്ങൾക്കു വല്ല ജ്ഞാനവുമുണ്ടൊ?

൧൯൬. സ്കൂളുകളിലും കാളേജുകളിലുമുള്ള സ്റ്റോറുകളുടെ പ്രവൎത്തനം, ബോംബെയിലും ഇൻഡ്യയിലെ മററു ചില ഭാഗങ്ങളിലും, വിജയപ്രദമായിട്ടുണ്ടെന്നു കണ്ടിരിക്കുന്നു. ഈ സംഗതിയിൽ തിരുവിതാംകൂറിലെ അനുഭവം വളരെ പ്രോത്സാഹജനകമായിട്ടുള്ളതല്ല. ഇതിന് ഏതെങ്കിലും സമാധാനം പറയാമൊ?

ഗൃഹനിൎമ്മാണ സംഘങ്ങൾ.

൧൯൭. ഈ രാജ്യത്തു ഗൃഹനിർമ്മാണ സംഘങ്ങൾ സ്ഥാപിക്കേണ്ട യഥാർത്ഥമായ ആവശ്യമുണ്ടൊ? ഉണ്ടെങ്കിൽ ഏതു സമ്പ്രദായം സ്വീകരിക്കണമെന്നു നിങ്ങൾ ശുപാർശ ചെയ്യും? വ്യക്തി ഉടമസ്ഥതാസമ്പ്രദായമൊ, അല്ലെങ്കിൽ കൂട്ടുടമസ്ഥതാസമ്പ്രദായമൊ? ഘടന, ഭരണം, ധനകാര്യം മുതലായവയെപ്പററി പ്രസ്താവിക്കുക. പ്രവൎത്തനം നടത്തുന്നതിനു അപ്രകാരമുള്ള സംഘങ്ങൾക്കു ഗവണ്മെന്റിൽനിന്നു ധനസഹായം നൽകണമെന്നു നിങ്ങൾ അഭിപ്രായപ്പെടുന്നുണ്ടൊ? ഉണ്ടെങ്കിൽ, അപ്രകാരം നൽകേണ്ട സഹായത്തിന്റെ സ്വഭാവം എന്തു്?

അധഃകൃതവൎഗ്ഗസംഘങ്ങൾ.

൧൯൮. ഒരു അധഃകൃതവൎഗ്ഗസംഘത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു വല്ല പരിചയവും നിങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടൊ? ഉണ്ടെങ്കിൽ, അവയുടെ പ്രവർത്തനം തൃപ്തികരമാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടൊ? ഇല്ലെങ്കിൽ, അവയുടെ അതൃപ്തികരമായ പ്രവർത്തനത്തിനുള്ള കാരണമെന്തു്?

൧൯൯. ഈ സമുദായങ്ങൾക്കുവേണ്ടി പ്രത്യേകസംഘങ്ങൾ രൂപീകരിക്കണമെന്നൊ, അല്ലാത്തപക്ഷം അധഃകൃതവൎഗ്ഗാംഗങ്ങളെ മററു സംഘങ്ങളിൽ പ്രവേശിപ്പിക്കണമെന്നൊ ഉള്ളതിൽ ഏതഭിപ്രായമാണ് നിങ്ങൾക്കുള്ളതു്? ഈ വൎഗ്ഗങ്ങൾക്കായി പ്രത്യേക സംഘങ്ങൾ നിർമ്മിക്കുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നതായാൽ, മേലന്വേഷണത്തിനു പ്രത്യേക ഫെഡറൽസംഘങ്ങളെക്കൂടി സൃഷ്ടിക്കണമെന്നു നിങ്ങൾ ശുപാർശ ചെയ്യുമൊ?

൨൦൦. അപ്രകാരമുള്ള സംഘങ്ങളുടെ തൃപ്തികരമായ ഭരണത്തിനു ഒരു നിശ്ചിത കാലത്തേക്കു ഏതെങ്കിലും പ്രത്യേകനിയന്ത്രണങ്ങൾ ചെയ്യണമെന്നു നിങ്ങൾ ശുപാർശ ചെയ്യുമൊ? അങ്ങനെ ചെയ്യുമെങ്കിൽ എന്തു നിയന്ത്രണങ്ങളാണ് ഉണ്ടാക്കേണ്ടതു്.

൨൦൧. തീക്ഷ്ണവും വ്യക്തിപരവുമായ ശ്രദ്ധ ഈ സംഘങ്ങളുടെ കാര്യത്തിൽ പതിയാവുന്ന വിധം, പ്രത്യേക ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനു വ്യവസ്ഥചെയ്യാൻ നിങ്ങൾ നിർദ്ദേശിക്കുമൊ?

൨൦൨. അംഗങ്ങളുടെ സാമ്പത്തികസാമുദായിക സ്ഥിതികൾ നന്നാക്കുന്നതിനു ഈ സംഘങ്ങൾ ഏതെങ്കിലും വിധത്തിൽ ഉപകരിച്ചിട്ടുണ്ടൊ?

൧൭൩. ഈ സംഘങ്ങളിലെ അംഗങ്ങൾക്കു തങ്ങളുടെ വകയായ ഭൂമികളിൽ സ്വന്തമായ യാതൊരു വീടുകളും ഇല്ലെന്നുള്ളതു് വാസ്തവമാണോ? അങ്ങനെയാണെങ്കിൽ, ഈ ന്യൂനതയെ പരിഹരിക്കത്തക്കവണ്ണം പ്രസ്തുത സംഘങ്ങളെ കൂടുതൽ പ്രയോജനകരമാക്കുന്നതിനു് എന്തു മാർഗ്ഗമാണുള്ളതു്?

൧൭൪. ഈ സംഘങ്ങൾക്കു സെൻട്രൽ ബാങ്കിൽനിന്നോ താലൂക്കു ബാങ്കുകളിൽ നിന്നോ മതിയായ ധനസഹായം ലഭിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ധാന്യബാങ്കുകൾ.

൧൭൫. തിരുവിതാംകൂറിലെഏതെങ്കിലും സഹകരണധാന്യബാങ്കിന്റെ പ്രവർത്തനവുമായി നിങ്ങൾക്കു ബന്ധമുണ്ടോ? മൈസൂരിലും ബ്രിട്ടീഷ് ഇൻഡ്യയിലെ ചില ഭാഗങ്ങളിലും ഉള്ളതിനനുസരണമായി സ്വതന്ത്രമായ ധാന്യബാങ്കുകൾ രൂപീകരിക്കുന്നതിനു സാധിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അങ്ങനെയുള്ള സംഗതികളിൽ ധാന്യങ്ങൾ ശേഖരിക്കുന്നതിനായി നല്ല പണ്ടകശാല കെട്ടുന്നതിനു ചില സൗകര്യങ്ങൾ ചെയ്യണമെന്നു നിങ്ങൾ നിർദ്ദേശിക്കുന്നുണ്ടോ?

ഗ്രാമോദ്ധാരണം.

൧൭൬. ഗ്രാമീണപുനരുദ്ധാരണജോലി ചെയ്യുന്നതിനു സഹകരണസംഘത്തെ ഒരു താങ്ങായി ഉപയോഗിക്കുന്നതിനു് നിങ്ങൾ എത്രമാത്രം അനുകൂലിക്കുന്നു എന്നും സഹകരണസംഘങ്ങളെ അപ്രകാരം ഉപയോഗപ്പെടുത്തുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നപക്ഷം, അതിന്റെ ആദായത്തിൽനിന്നു് എന്തു വീതം വിനിയോഗിക്കുന്നതിനു സമ്മതിക്കണമെന്നും പ്രസ്താവിക്കുക?

൧൭൭. ഗ്രാമീണോദ്ധാരണപ്രവൃത്തി നിർവഹിക്കുന്നതിനു പ്രത്യേകസംഘങ്ങളെ രൂപവൽകരിക്കണമെന്നു നിങ്ങൾ വാദിക്കുന്നുണ്ടോ?

ലൈസൻസുള്ള പണ്ടകശാലകൾ.

൧൭൮. ഈ സംസ്ഥാനത്തെ പണവ്യാപാരാന്വേഷണകമ്മിററി താഴെ കൊടുത്തിട്ടുള്ള രണ്ടു ശിപാർശകൾ ചെയ്തിട്ടുണ്ടു്:—

“൩൧. ലൈസൻസുള്ള പണ്ടകശാലകളെ നിർമ്മിക്കുന്ന സമ്പ്രദായം നടപ്പിലാക്കുന്നതിനു സൗകര്യമുണ്ടു്. ഈ കാര്യത്തിൽ കുടികൾ ഉത്സാഹത്തോടുകൂടി ഉദ്യമിക്കുമെങ്കിലും നിയമപരമായ വ്യവസ്ഥ ചെയ്യേണ്ടിവരുന്നതാകുന്നു.”

“൩൨. ചെറിയ കച്ചവടക്കാർക്കു ഇമ്പീരിയൽബാങ്കിൽനിന്നു സഹായം പ്രതീക്ഷിക്കുന്നതിനു നിവൃത്തിയില്ലാത്തതും, അവരെ സഹായിക്കുന്നതിനുള്ള ഏകമാർഗ്ഗം പ്രാദേശിക ജായിൻറസ്റ്റാക്കു ബാങ്കുകളേയും പരസ്പരധനസഹായസ്ഥാപനങ്ങളേയും പരിപോഷിപ്പിക്കുകയുമാകുന്നു”.

ഈ വിഷയങ്ങളെ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായം എന്തെന്നും കർഷകരുടേയും ചെറിയ കച്ചവടക്കാരുടേയും ആവശ്യങ്ങൾ നിറവേററുന്നതിനു പരസ്പരസഹായപ്രസ്ഥാനം എത്രമാത്രം യോജിക്കുമെന്നും പ്രസ്താവിക്കുക. കാർഷിക വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പണ്ടകശാലകൾ കെട്ടുന്നതിനു ഏതെങ്കിലും തരത്തിലുള്ള സക്കാർ സഹായം നൽകണമെന്നു നിങ്ങൾ നിർദ്ദേശിക്കുമോ?

വ്യവസായിക പരസ്പരസഹായം.

൧൭൯. ഇൻഡ്യയിലെ ഗ്രാമീണ ജനങ്ങൾക്കു് നിരുൽപാദനകരമായ സമയം ധാരാളം ഉണ്ടെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു, ഈ ഊഹം നിങ്ങളുടെ അറിവിൽ പെട്ടിടത്തോളം സംസ്ഥാനത്തെ സഹകാരികളുടെ ജീവിതരീതിയെസംബന്ധിച്ചും വാസ്തവമെന്നു് കാണുന്നുണ്ടോ? കാർഷികങ്ങളും ഇതരങ്ങളും ആയ പ്രവർത്തനങ്ങൾ ഇപ്പോൾ അ

വരെ ആണ്ടുമുഴുവനും വ്യാപൃതരാക്കുന്നില്ലെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? അതു അങ്ങനെയാണെങ്കിൽ പരസ്പരസഹായപ്രസ്ഥാനത്താൽ അഭിവൃദ്ധിപ്പെടുത്താവുന്നതായ ഏതെങ്കിലും കുടിൽവ്യവസായം നിങ്ങൾക്കു നിർദ്ദേശിക്കാമോ? അപ്രകാരമുള്ള കുടിൽവ്യവസായത്തിന്റെ പേരോ പേരുകളോ പറഞ്ഞു വിശദീകരിക്കുകയും, സാധുക്കളായ കർഷകരുടെ സാമ്പത്തികനില പരിപുഷ്ടമാക്കാൻ അവയ്ക്കു എങ്ങനെ സാധിച്ചിട്ടുണ്ടെന്നു പറയുകയും ചെയ്യുക.

൧൮൦. ആരംഭിക്കപ്പെട്ടിട്ടില്ലാത്തതും, സർക്കാർസഹായത്തോടുകൂടിയോ അല്ലാതെയോ പരസ്പരസഹായ പ്രവർത്തനരീതിയിൽ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുന്നതുമായ ഏതെങ്കിലും വ്യവസായത്തെപ്പററി നിങ്ങൾക്കു അറിയാമോ? നെയ്ത്തുകാരെപ്പോലെയുള്ള കൈത്തൊഴിൽക്കാരുടെ സംഘങ്ങൾ തൃപ്തികരമായി പ്രവർത്തി നടത്തിയിട്ടുണ്ടോ? അവയുടെ ഇപ്പോഴത്തെ പ്രവർത്തനത്തേയും അഭിവൃദ്ധിയേയും പററി നിങ്ങൾക്കു തൃപ്തിയായിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തു്? അവയെ പരിഷ്കരിക്കുന്നതിന് എന്തു പ്രത്യേക വ്യവസ്ഥകളാണ് നിങ്ങൾ നിർദ്ദേശിക്കുന്നതു്?

മേലന്വേഷണം.

൧൮൧. ഇപ്പോൾ പരസ്പരസഹായസംഘങ്ങളുടെ കാര്യത്തിൽ മതിയാംവിധവും, തൃപ്തികരമായും, കാര്യക്ഷമമായും ഉള്ള മേലന്വേഷണം നടത്തിവരുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു്?

൧൮൨. സംഘങ്ങളുടെ മേലന്വേഷണം, പരിശോധനാ-ഐക്യസംഘങ്ങളെ പൂർണ്ണമായി ഭരമേല്പിക്കാൻ സാധിക്കുമോ?

൧൮൩. പരിശോധനാ-ഐക്യസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ? ഈ സംഗതിയിൽ എന്തു പരിഷ്കാരമാണു നിങ്ങൾ നിർദ്ദേശിക്കുന്നതു്?

൧൮൪. ഐക്യസംഘങ്ങളിലെ ജീവനക്കാർ കാര്യക്ഷമതയുള്ളവരാണോ? നിങ്ങളുടെ അഭിപ്രായത്തിൽ സൂപ്പർവൈസർമാർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തു്?

൧൮൫. ഐക്യസംഘങ്ങളുടെ ആവശ്യം നിറവേററുന്നതിനു സൂപ്പർവിഷൻ ഫണ്ടു മതിയായിരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഈ കുറവിനെ എങ്ങനെ പരിഹരിക്കാൻ കഴിയും? ഗവൺമെൻറിൽനിന്നു് ഇപ്പോൾ നൽകുന്ന ധനസഹായം മതിയാകുന്നുണ്ടോ?

൧൮൬. മേലന്വേഷണം വഹിക്കുന്ന ഐക്യസംഘങ്ങൾക്കു ഗവൺമെൻറിൽനിന്നു നൽകുന്ന സഹായധനം, മററു മാർഗ്ഗങ്ങൾമുഖേന അവർ പിരിച്ചെടുക്കുന്ന തുകയോടു തുല്യമായിട്ടെങ്കിലും ഇരിക്കണമെന്നു ൭-ാമത്തെ 'സഹകരണസമ്മേളനം' നിർദ്ദേശിക്കയുണ്ടായി. ഈ സംഗതിയിൽ നിങ്ങളുടെ അഭിപ്രായമെന്തു്?

൧൮൭. അവയോടു സംഘടിപ്പിക്കപ്പെട്ടിട്ടുള്ള സംഘങ്ങളുടെ പ്രവർത്തനത്തിൽ കണ്ടുപിടിക്കുന്ന പണാപഹരണം, വിശ്വാസവഞ്ചന മുതലായ സംഗതികളിൽ അവ ആവർത്തിക്കാതിരിക്കുന്നതിനു ശരിയായ നടപടികൾ നടത്തുന്നുണ്ടോ?

൧൮൮. സഹകരണഇൻസ്റ്റിട്ട്യൂട്ടിന്റെ സാമ്പത്തികസ്ഥിതി തൃപ്തികരമല്ലെന്നു രജിസ്ട്രാരുടെ റിപ്പോർട്ടിൽനിന്നു വെളിവായിരിക്കുന്നു. ഈ അന്ത്യോദ്ദേശസ്ഥാപനത്തിന്റെ ശരിയായ പ്രവർത്തനത്തിന് എന്തു നിർദ്ദേശങ്ങളാണു നിങ്ങൾക്കു ചെയ്യുവാനുള്ളതു്?

൧൮൯. മേലന്വേഷണം നടത്തുന്ന ജീവനക്കാരെ സാംസ്ഥാനികമാക്കുകയും, സൂപ്പർവിഷൻ ഫണ്ടിനെ ഏകോപിപ്പിക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ചു നിങ്ങൾക്കുള്ള അഭിപ്രായമെന്തു്? പക്ഷാന്തരമായി, മേലന്വേഷണം നടത്തുന്ന ഐക്യസംഘങ്ങളെ, സെൻട്രൽ പരസ്പരസഹായഇൻസ്റ്റിട്ട്യൂട്ടിന്റെ ശാഖകളാക്കണമെന്നുള്ള നിർദ്ദേശത്തെക്കുറിച്ചു നിങ്ങൾക്കുള്ള അഭിപ്രായമെന്തു്? അങ്ങനെ ആണെങ്കിൽ ഉപചട്ടത്തെ നിങ്ങൾ എപ്രകാരം ഭേദഗതിചെയ്യും?

ആഡിററ്.

൧൯൦. കണക്കുകൾ ആഡിററുചെയ്യുന്നതിനു ഇപ്പോഴുള്ള ഏർപ്പാടുകൾ മതിയായിട്ടുള്ളവയാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൧൯൧. ആഡിററുവകയ്ക്കുള്ള ചിലവിന്റെ ഒരു വീതം സംഘങ്ങൾ കൊടുക്കണമെന്നു നിങ്ങൾ ശുപാർശ ചെയ്യുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ, ഏതുസംഗതികളിലെന്നും, എന്തു തുകവരെ എന്നും പ്രസ്താവിക്കുക?

൧൯൨. ഇപ്പോൾ ഡിപ്പാർട്ടുമെന്റിലെ ഇൻസ്പെക്ടർമാർ പരിശോധനയും ആഡിററും നടത്തുന്നു ഈ രണ്ടു പ്രവൃത്തികളേയും ഭിന്നമാക്കുകയും, ഓരോന്നിനേയും പരസ്പരം സ്വതന്ത്രമാക്കുകയും ചെയ്യുന്നതു സംഘങ്ങളുടെ കാര്യക്ഷമതയെ വർദ്ധിപ്പിക്കുകയില്ലേ?

൧൯൩. സംഘങ്ങളുടെ കണക്കു ഇടയ്ക്കു ആണ്ടവസാനത്തിനുമുൻപു (ഇൻടെറിം ആഡിററു) വിശദമായും പരിപൂർണ്ണമായും പരിശോധിക്കുന്ന സമ്പ്രദായത്തേയും, ഭരണറിപ്പോർട്ടിനുള്ള കണക്കുകൾ നൽകുന്ന ഭാരം സംഘങ്ങളുടെയോ ഐക്യസംഘങ്ങളുടെയോ മേൽ ഏല്പിക്കുന്ന സമ്പ്രദായത്തേയും നിങ്ങൾ അനുകൂലിക്കുന്നുണ്ടോ?

൧൯൪. വാർഷികറിപ്പോർട്ടിനു ഇൻസ്പെക്ടർമാരും മററു ആഡിറ്റർമാരും കണക്കുകൾ നൽകേണ്ടിയിരിക്കുന്നതിനാൽ അതൃപ്തികരമായ വിധത്തിലല്ലേ ഇപ്പോൾ ആഡിററുജോലി നിർവഹിച്ചുവരുന്നതു്?

൧൯൫. തങ്ങളുടെ ജോലി ശരിയായി നിർവ്വഹിക്കുന്നതിനുതക്കതായ ഒന്നും ആഡിററർമാർക്കു വേണ്ട നിയമാനുസൃതമായ അധികാരങ്ങൾ നൽകിയിട്ടുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? കൂടുതലായി എന്തു അധികാരങ്ങളും അനുവാദങ്ങളും നൽകണമെന്നാണു നിങ്ങൾ നിർദ്ദേശിക്കുന്നതു്?

൧൯൬. ആഡിററിൽ പ്രത്യക്ഷപ്പെടുന്ന ന്യൂനതകളേയും ക്രമക്കേടുകളേയും പരിഹരിക്കേണ്ടതാവശ്യമായിരിക്കുന്നസ്ഥിതിക്കു്, ഭരണം നടത്തുന്ന കമ്മിററികളെ നീക്കുന്നതിനും, അങ്ങനെയുള്ള സംഘങ്ങളുടെ ജോലി നിർവ്വഹിപ്പിക്കുന്നതിനും രജിസ്ട്രാർക്കോ ഐക്യസംഘത്തിനോ നിയമാനുസൃതമായ അധികാരങ്ങൾ നൽകേണ്ടതാണെന്നും നിങ്ങൾ നിർദ്ദേശിക്കുന്നുണ്ടോ?

൧൯൭. തങ്ങളുടെ കണക്കുകൾ ആഡിററുചെയ്യിക്കുന്നതിനു, സാക്ഷ്യപത്രം സിദ്ധിച്ചിട്ടുള്ള ആഡിററർമാരെ നിയമിക്കുന്നതിൽ, ഏററവും കുറഞ്ഞ നിശ്ചിതമായ ഒരു തുകയിൽ കവിഞ്ഞിരിക്കുന്ന പ്രവർത്തനമൂലധനമുള്ള സംഘങ്ങളെ നിർബന്ധിക്കണമെന്നു നിങ്ങൾ ശുപാർശചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ, ഏററവും കുറഞ്ഞ പ്രവർത്തനമൂലധനത്തുക എന്തു്?

൧൯൮. ആഡിററു ഐക്യസംഘങ്ങൾ രൂപീകരിക്കുന്നപക്ഷം വാർഷിക ആഡിററു വേഗത്തിൽ പൂർത്തിയാക്കുന്നതിനു അതു് ഉപകരിക്കുമോ? അങ്ങനെയാണെങ്കിൽ, അതിനു വേണ്ട പണം ഉണ്ടാക്കാവുന്ന മാർഗ്ഗം എന്തു്?

പരിശീലനവും ജീവനക്കാരും.

൧൯൯. സർക്കാരും, സംഘങ്ങളും ജോലിയിൽ നിയമിക്കുന്ന ജീവനക്കാർക്കു സഹകരണതത്വങ്ങളെയും പ്രയോഗത്തെയും സംബന്ധിച്ചു പരിശീലനം സിദ്ധിക്കുന്നതിനു വേണ്ടിടത്തോളം സൌകര്യങ്ങൾ ഉണ്ടോ? ഇല്ലെങ്കിൽ എന്തു സൌകര്യങ്ങളാണു് ഉണ്ടാക്കേണ്ടതു്?

൨൦൦. ഈ സംസ്ഥാനത്തെ സഹകരണപ്രസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേററുന്നതിനു ഡിപ്പാർട്ടുമെന്റിലെ ഇപ്പോഴുള്ള ജീവനക്കാർ തികച്ചും മതിയായിരിക്കുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എത്ര ആളുകളെ കൂടുതലായി നിയമിക്കണമെന്നാണു നിങ്ങൾ നിർദ്ദേശിക്കുന്നതു്?

൨൦൧. ഡിവിഷനൽ ആഫീസർമാരുടെ അഭാവം സംഘങ്ങളുടെ വളർച്ചയ്ക്കു ദോഷമായിത്തീർന്നിട്ടുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൨൦൨. ആഡിററും മേലന്വേഷണവും നടത്തുന്നതിന് ഒരു ഇൻസ്പെക്ടരുടെ ഉത്തരവാദിത്വത്തിൽ ന്യായമായി എത്ര സംഘങ്ങൾ ഏല്പിക്കാമെന്നാണ് നിങ്ങൾക്കു തോന്നുന്നതു്?

൨൦൩. തൻെറ സാന്നിദ്ധ്യം ആവശ്യപ്പെടുന്ന എല്ലാ സംഘങ്ങളേയും സന്ദർശിക്കുന്നതിനു രജിസ്ട്രാർക്കു സാധിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ആവശ്യമുള്ള അവസരങ്ങളിലെല്ലാം നിങ്ങളുടെ സംഘത്തെ സന്ദർശിക്കുന്നതിനു രജിസ്ട്രാർക്കു സാധിക്കാത്ത പക്ഷം പക്ഷാന്തരമായി എന്തു നിർദ്ദേശമാണു നിങ്ങൾക്കു ചെയ്യുവാനുള്ളതു്?

൨൦൪. ഇപ്പോഴത്തെ ശമ്പളത്തിൻെറ തോതിൽ ശരിയായ പരിശീലനത്തിനു ശേഷം ജോലിയിൽ നിയമിക്കുവാനുള്ള വേണ്ട യോഗ്യത സിദ്ധിച്ചിട്ടുള്ള സ്ത്രീപുരുഷന്മാരെ ആകർഷിക്കുന്നതിനു മതിയായിരിക്കുന്നുണ്ടോ?

൨൦൫. ഈ പ്രസ്ഥാനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതാനും ചില യുവതീയുവാക്കന്മാർക്കു ഇൻഡ്യയിലെ ഇതരപ്രവിശ്യകളിൽ പ്രത്യേകപരിശീലനം ലഭിക്കുന്നതിനു സൌകര്യങ്ങൾ നൽകുന്നതു ശാസ്യമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൨൦൬. തിരുവിതാംകോട്ട സഹകരണസമ്മേളനത്തിൻെറ ൭-ാമത്തെ സമ്മേളനത്തിൽ താഴെ കൊടുത്തിട്ടുള്ള പ്രമേയങ്ങൾ നെയ്യാററിൻകരവച്ചു പാസ്സാക്കുകയുണ്ടായി.

൪-ാമത്തെ പ്രമേയം. "പരിശീലനം നൽകുന്നതിനു ഒരു ഇൻസ്റ്റിട്യൂട്ട തിരുവിതാംകൂറിൽ ആരംഭിക്കണമെന്നും, അതിൻെറ ചെലവു ഗവൺമെൻറും സെൻട്രൽ പരസ്പരസഹായബാങ്കും വഹിക്കണമെന്നും ഈ സമ്മേളനം അഭിപ്രായപ്പെടുന്നു. പ്രസ്തുത കാര്യത്തിൽ വിവരമായ ഉപാർശകൾ ചെയ്യുന്നതിനു ഈ സമ്മേളനം മേധാർ കമ്മിററിയോടപേക്ഷിക്കുന്നു."

ഈ കാര്യം ശരിയായി നടപ്പിൽവരുത്തുന്നതിനു എന്തു നിർദ്ദേശങ്ങളാണു നിങ്ങൾക്കു ചെയ്യുവാനുള്ളതു്? അപ്രകാരമുള്ള ഒരു സ്ഥാപനത്തെ സംരക്ഷിക്കുന്നതിനു കൊല്ലംതോറും എന്തു ചെലവു നേരിടും? നിങ്ങളുടെ പദ്ധതിയെപ്പററി വിശദമായി പ്രസ്താവിക്കുക.

മാദ്ധ്യസ്ഥം.

൨൦൭. വർഷാപ്രതി രജിസ്ട്രാരുടെ ആഫീസിൽ ൧൦,൦൦൦-ൽപരം കാര്യങ്ങൾ (റഫറൻസുകൾ) വിചാരണയുടെ ഫലപ്രതനത്തിലായി തീരുമാനിക്കപ്പെടാതെ കിടക്കുന്നു എന്നു കണ്ടുകാക്കപ്പെട്ടിരിക്കുന്നു. മാദ്ധ്യസ്ഥനടപടിമൂലമെന്ന കുടിശിഖ പിരിച്ചെടുക്കുന്നതിനെ സംബന്ധിച്ചു നിങ്ങൾക്കുള്ള അഭിപ്രായം എന്തെന്നു ഗാഢമായി ചിന്തിച്ചു പ്രസ്താവിക്കുക. കേസുകളുടെസംഖ്യ ചുരുക്കുന്നതിനു എന്തു നടപടികളാണു നിങ്ങൾ നിർദ്ദേശിക്കുന്നതു്?

൨൦൮. ഒരു സംഘത്തിലെ അംഗങ്ങളുടെമേൽ നടത്തേണ്ട നിർബന്ധിതനടപടിയെ സംബന്ധിച്ചു നിങ്ങൾക്കുള്ള അഭിപ്രായമെന്തു്?

൨൦൯. കരംപിരിവുറഗുലേഷനനുസരിച്ചു ദിവാൻപേഷ്കാർക്കും തഹശീൽദാർക്കും ഉള്ള അധികാരങ്ങൾ പരസ്പരസഹായസംഘം രജിസ്ട്രാർക്കും ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർമാർക്കും യഥാക്രമം നൽകുന്നതായാൽ കുടിശിഖ പിരിച്ചെടുക്കുന്നതിനെ ത്വരിതപ്പെടുത്താൻ കഴിയുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൨൧൦. തിരുവിതാംകോട്ട പണവ്യാപാരാന്വേഷണക്കമ്മിററി നിർദ്ദേശിച്ചിട്ടുള്ള ഇപ്രകാരമുള്ള തീർപ്പുകളുടെ കാര്യത്തിൽ നടപടി നടത്തുന്നതിലുള്ള കാലവിളംബത്തിൻെറ കാരണങ്ങളെക്കുറിച്ചു ഭൂനികുതി കമ്മീഷണർ ഒരന്വേഷണം നടത്തുന്നതായാൽ കാര്യങ്ങൾ ഇപ്പോഴത്തേതിൽ ഗുണപ്പെടുമെന്നുള്ള അഭിപ്രായം നിങ്ങൾക്കും ഉണ്ടോ?

൨൧൧. സിവിൽ കോടതികൾ വിധിനടത്തുന്നതിലുള്ള കാലവിളംബം ദീർഘകാലമായിട്ടുള്ള ഗൌരവമേറിയ പരാതിയാകുന്നു. തീർപ്പുകളുടെ കാര്യത്തിൽ നടപടി നടത്തുന്നതിൽ നേരിടുന്ന കാലവിളംബത്തെപ്പററി ഈ രാജ്യത്തെ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറു അന്വേഷണം നടത്തണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?

൨൧൨. പഞ്ചായത്തിലുള്ളതുപോലെ മദ്ധ്യസ്ഥ ഐക്യസംഘങ്ങളും വിധിനടത്തു ഐക്യസംഘങ്ങളും ഏർപ്പെടുത്തുന്നതിനോടു നിങ്ങൾ അനുകൂലിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവയുടെ കചിലവു വഹിക്കുന്നതിനു സംഘം എന്തു വീതം കൊടുക്കണമെന്നു നിങ്ങൾ നിർദ്ദേശിക്കും?

൨൧൩. മദ്ധ്യസ്ഥം വഹിക്കുന്നതിനു യോജിച്ച ആളുകൾ ഈ രാജ്യത്തുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

൨൧൪. ഇപ്പോൾ തിരഞ്ഞെടുക്കപ്പെടുന്ന മദ്ധ്യസ്ഥന്മാരുടെ തീർപ്പിൽ കാലവിളംബമോ ന്യൂനതയോ നിങ്ങൾക്കു പ്രത്യക്ഷമായിട്ടുണ്ടോ?

൨൧൫. കാര്യത്തിന്റെ സ്ഥിതി ഇപ്രകാരമാണെങ്കിൽ ഈ ജോലി കയ്യേൽക്കുന്നതിനായി ശരിയായ ആളുകളെ തിരഞ്ഞെടുക്കുന്നതിനു നിശ്ചിതമായ ഒരു പദ്ധതി നിങ്ങൾ നിർദ്ദേശിക്കുമോ?

൨൧൬. കൈയ്യേററിട്ടുള്ള ജോലി നിശ്ചിതകാലത്തിനകം നിർവഹിക്കുന്നതിനു യോജിച്ചതരത്തിലുള്ള ആളുകളെ ലഭിക്കുന്നതിനു എന്തു മാർഗ്ഗങ്ങളാണു നിങ്ങൾക്കു നിർദ്ദേശിക്കുവാനുള്ളത്?

൨൧൭. അപ്രകാരമുള്ള ജോലിചെയ്യുന്നതിനു കൊടുക്കേണ്ട പ്രതിഫലത്തിന്റെ വല്പതോതും നിങ്ങൾ നിർദ്ദേശിക്കയൊ അല്ലെങ്കിൽ അതു സ്വയമേവ ചെയ്യുന്നതിനു നിർബന്ധിക്കുകയൊ ചെയ്യുമോ ?

൨൧൮. തീർപ്പുകളെ പുതുക്കുന്നതിനു വേണ്ട അധികാരങ്ങൾ പരസ്പരസഹായസംഘം രജിസ്ത്രാർക്കു നല്കണമെന്നു നിങ്ങൾ അഭിപ്രായപ്പെടുന്നുണ്ടോ ?

൨൧൯. ചില സംഗതികളിൽ തീർപ്പുകളുടേയും വിധികളുടേയും കാര്യത്തിൽ സംഘത്തിന്റെ സെക്രട്ടറിയാകട്ടെ പ്രസിഡന്റാകട്ടെ ശരിയായും ഉടനടിയും നടപടി നടത്തുന്നില്ലെന്നു നിങ്ങൾക്കറിയാമൊ ? ഈ ന്യൂനതയെ പരിഹരിക്കുന്നതിന് എന്തു മാർഗ്ഗങ്ങൾ നിങ്ങൾ നിർദ്ദേശിക്കുന്നു.

ഇടപാടുകൾതീർത്തു പിരിച്ചുവിടുക.

൨൨൦. ഇപ്പോഴുള്ള ഔദ്യോഗിക ലിക്വിഡേററർമാരുടെ എണ്ണം നിർവഹിക്കേണ്ട ജോലിക്കു മതിയായിരിക്കുന്നുണ്ടോ ? ഒരു ലിക്വിഡേററുടെ ഉത്തരവാദിത്വത്തിൻ കീഴിൽ വയ്ക്കാവുന്ന സംഘങ്ങളുടെ ഏററവും കൂടിയ എണ്ണം എത്ര ?

൨൨൧. ഇടപാടുതീർത്തു പിരിച്ചുവിടുന്നതു (ലിക്വിഡേഷൻ) സംബന്ധിച്ചുള്ള നടപടി അവസാനിപ്പിക്കുന്നതിലുള്ള കാലതാമസത്തിനു എന്താണു കാരണം ?

൨൨൨. ഈ സംഗതികളെ സംബന്ധിച്ച ഇപ്പോഴുള്ള നിയമം ഭേദപ്പെടുത്തേണ്ടതാണെന്നു നിങ്ങൾക്കു അഭിപ്രായമുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതുതരത്തിൽ എന്നും പ്രസ്താവിക്കുക ?

൨൨൩. ഇടപാടുതീർത്തു പിരിച്ചുവിടുന്ന ജോലി അനുദ്യോഗസ്ഥന്മാരെ ഏല്പിക്കുന്നതു സാദ്ധ്യമായിട്ടുള്ളതല്ലേ - അങ്ങനെയാണെങ്കിൽ അപ്രകാരമുള്ള ലിക്വിഡേറർമാർക്കു വല്ലപ്രതിഫലവും കൊടുക്കുന്നതിനു നിങ്ങൾ ശിപാർശചെയ്യുന്നുണ്ടോ?

പലവക.

൨൨൪. തങ്ങൾക്കു ശ്രീമൂലംസഭയിലും ശ്രീചിത്തിരസംസ്ഥാനസഭയിലും പ്രാതിനിധ്യം ലഭിക്കുന്നതിനു സഹകരണപ്രവർത്തകന്മാർക്കു പ്രത്യേകനിയോജകമണ്ഡലം നൽകണമെന്നുള്ള നിർദ്ദേശത്തെ നിങ്ങൾ അനുകൂലിക്കുന്നുണ്ടോ?

൨൨൫. സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ റഗുലേഷനും ചട്ടങ്ങളും മതിയാകുന്നില്ലെന്നും അവയ്ക്കു ന്യൂനതയുണ്ടെന്നും നിങ്ങൾ വിചാരിക്കുന്നുണ്ടോ ? ഏതെല്ലാം സംഗതികളിലാണു ഭേദഗതികൾ ചെയ്യേണ്ടതെന്ന് നിങ്ങൾ നിർദ്ദേശിക്കുന്നു ?

൨൨൬. കണക്കുകൾ വയ്ക്കുന്ന സമ്പ്രദായത്തെ ഹാനികരമല്ലാത്തവിധം എത്രമാത്രം ചുരുക്കാൻ കഴിയും? കണക്കുകളിൽ രേഖപ്പെടുത്തുന്ന ഇടപാടുകളെ സംബന്ധിച്ചിടത്തോളം മദ്രാസിൽ പൈസ അവഗണിക്കപ്പെടുന്നു. നമ്മുടെ കണക്കുകളിൽ നിന്നു കാശു തള്ളിക്കളയാമെന്നു നിങ്ങൾ അഭിപ്രായപ്പെടുന്നുണ്ടോ?

൨൨൭. ഗവൺമെന്റ, സഹകരണപ്രസ്ഥാനത്തിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള സൌജന്യങ്ങളും അവകാശങ്ങളും മതിയായിരിക്കുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ കൂടുതലായി ഏതു സൌജന്യങ്ങൾ ചെയ്യണമെന്നാണു നിങ്ങൾ നിർദ്ദേശിക്കുന്നതു്?

൨൨൮. ടാങ്ക്യാസമ്പ്രദായപ്രകാരം തേക്കുകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി സഹകരണപ്രസ്ഥാനത്തെ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ എന്താണ് ബാധകമായിത്തീർന്നിട്ടുള്ളതു്?

൨൨൯. ഗ്രാമങ്ങളിൽ സഹകരണപ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗ്രാമപ്പഞ്ചായത്തു റഗുലേഷന്റെ പ്രവൎത്തനത്തെ എങ്ങനെ പ്രയോജനപ്പെടുത്താൻകഴിയും?

൨൩൦. വൎഗ്ഗീയസംഘങ്ങളെ രജിസ്റ്റരുചെയ്യുന്നതിനു റഗുലേഷൻ അനുവദിക്കുന്നുണ്ട്; അവയെ രജിസ്റ്റരുചെയ്യുന്നകാൎയ്യത്തിൽ ഡിപ്പാർട്ടുമെന്റ ഇതേവരെ പ്രോത്സാഹനം നൽകിയിട്ടില്ല. ഈ വിഷയത്തിൽ നിങ്ങൾക്കുള്ള അഭിപ്രായമെന്തു?

൨൩൧. സംഘങ്ങളെ കാർഷികം അകാർഷികം എന്നിങ്ങനെ തരംതിരിക്കുന്ന ഇപ്പോഴത്തെ സമ്പ്രദായത്തെ നിങ്ങൾ അനുകൂലിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഏതുവിധത്തിൽ തരംതിരിക്കണമെന്നാണു നിങ്ങൾ നിർദ്ദേശിക്കുന്നതു്?

൨൩൨. സെൻട്രൽ പരസ്പരസഹായബാങ്ക് സ്ഥാപിച്ചിരിക്കുന്ന കെട്ടിടത്തിൽ ഏകദേശം ൧൦ കൊല്ലങ്ങൾക്കു മുൻപു ആരംഭിക്കപ്പെട്ട സഹകരണ ഗ്രന്ഥശാലയെ എത്രമാത്രം ഉപയോഗപ്പെടുത്തുന്നുണ്ട്? ഇതിനെ ഒരു സർക്കുലേറ്റിംഗ് (സഞ്ചാര) ഗ്രന്ഥശാലയായി രൂപാന്തരപ്പെടുത്തുന്നതിനെ നിങ്ങൾ അനുകൂലിക്കയോ അല്ലെങ്കിൽ മററു സഹകരണപ്രവൎത്തനകേന്ദ്രങ്ങളിൽ അപ്രകാരമുള്ള ഗ്രന്ഥശാലകൾ ആരംഭിക്കുന്നതിനു നിങ്ങൾ ആഗ്രഹിക്കുകയോ ചെയ്യുന്നുണ്ടോ എന്നു പറയുമോ?

൨൩൩. പൊതുവായി ജനങ്ങളുടേയും വിശേഷിച്ചു സഹകാരികളുടേയും ക്ഷേമൈശ്വൎയ്യത്തിനായി സഹകരണവിദ്യാഭ്യാസം, സഹകരണസംബന്ധമായ പ്രചരണവേല, പൊതുക്ഷേമാത്ഥമുള്ള പ്രവൃത്തി, ഇവയുടെ ആവശ്യത്തിലേക്കു ഒരു പരസ്പരസഹായസംഘത്തിന്റെ ആദായത്തിൽ എത്ര ശതമാനം നീക്കിവയ്ക്കണം?

൨൩൪. സഹകരണ സമ്മേളനങ്ങൾ നടത്തുന്നതിനേയും, അവയെ എപ്പോഴെല്ലാം നടത്തണമെന്നും, അവയുടെ നടപടി, നിയന്ത്രണം, ഘടന, വിഷയനിൎണ്ണയകമ്മിററികൾ കൂടേണ്ടക്രമം, ഇവയേയും രാജ്യത്തു കാലാകാലത്തു അനവധി സമ്മേളനങ്ങൾ നടത്തുക, അവയുടെ ചെലവുകൾ വഹിക്കുന്നതിന് പണം പിരിച്ചെടുക്കുന്നതിനുള്ള മാൎഗ്ഗങ്ങൾ, ഇവയേയും സംബന്ധിച്ചു വല്ല നിർദ്ദേശങ്ങളും നിങ്ങൾക്കു ചെയ്യുവാനുണ്ടോ? ഇപ്പോഴത്തെ സമ്പ്രദായത്തെ ഭേദപ്പെടുത്തുന്നതിന് വല്ല നിർദ്ദേശങ്ങളും ചെയ്യാനുണ്ടോ?

൨൩൫. തൂക്കങ്ങളേയും അളവുകളേയും സംബന്ധിച്ചുള്ള സംസ്ഥാനത്തെ റഗുലേഷൻ നിങ്ങളുടെ ദിനംപ്രതിയുള്ള ഇടപാടുകളെ എങ്ങനെ ബാധിക്കുന്നു? വ്യാപാരവും സഹകരണവും സംബന്ധിച്ചുള്ള ഇടപാടുകളിൽ ശരിയായതും ഐകരൂപ്യമുള്ളതുമായ തൂക്കങ്ങൾക്കും അളവുകൾക്കും ഗണ്യമായ സ്ഥാനമുള്ളതിനാൽ പ്രസ്തുതസംഗതിയിൽ നിങ്ങൾക്കുണ്ടായിട്ടുള്ള അനുഭവം വളരെ പ്രോത്സാഹജനകമല്ലെങ്കിൽ വിശേഷിച്ചു ഗ്രാമങ്ങളിൽ സഹകരണതത്വത്തിന്മേൽ പ്രവൎത്തിക്കുന്നവരുടെ ക്ഷേമത്തെ പരിരക്ഷിക്കുന്നതിനു വല്ല പരിഹാരമാൎഗ്ഗങ്ങളും നിങ്ങൾ നിർദ്ദേശിക്കുമോ?

അനുബന്ധം ൨.

പ്രസിഡൻററിൻെറ അഭാവത്തിൽ കമ്മിററി സന്ദർശിച്ചിട്ടുള്ള സ്ഥലങ്ങൾ.

൧. കന്യാകുമാരി
൨. നാഗർകോവിൽ
൩. തക്കല
൪. കുഴിത്തുറ
൫. നെയ്യാററിങ്കര
൬. ആററിങ്ങൽ
൭. കൊല്ലം
൮. മാവേലിക്കര
൯. അരിപ്പാട്ട്
൧൦. കായംകുളം
൧൧. ആലപ്പുഴ
൧൨. ചേർത്തല
൧൩. കൊട്ടാരക്കര
൧൪. അടൂർ
൧൫. പുനലൂർ
൧൬. പത്തനംതിട്ട
൧൭. തിരുവല്ല
൧൮. കോഴഞ്ചേരി
൧൯. ചങ്ങനാശ്ശേരി
൨൦. കോട്ടയം
൨൧. മീനച്ചിൽ
൨൨. മൂവാററുപുഴ
൨൩. തൊടുപുഴ
൨൪. പെരുമ്പാവൂർ
൨൫. ആലുവാ
൨൬. പറവൂർ

അനുബന്ധം ൩.

കൊപ്രായെപ്പററി ഒരു നിപത്രണം-

സാമാന്യം

കഴിഞ്ഞ പന്ത്രണ്ടുമാസക്കാലമായി ഇൻഡ്യൻകൊപ്രയെപ്പററിയുള്ള പ്രശ്നം നാട്ടിൻെറ പല ഭാഗങ്ങളിലും വളരെ വാദപ്രതിവാദം ഉണ്ടാക്കിയിട്ടുണ്ട്. കൃഷിവക ഉല്പന്നങ്ങളുടെ തുടർച്ചയായുള്ള, വിലയിടിവും മത്സരവിലക്കു ഇൻഡ്യയിൽ സിലോൺകൊപ്രായുടെ ഇറക്കുമതിയും, ഇൻഡ്യൻ കൊപ്രാഉല്പാദകൻെറ വീക്ഷണഗതിയിൽ അസുഖകരമായ ഒരു വ്യത്യാസം ശക്തിമത്തായിഉളവാക്കുകയും അയാളെ ഇക്കാര്യത്തിൽ കൂടുതൽ ജാഗരൂകനാക്കുകയും ചെയ്തിട്ടുണ്ട്. ഈ ജാഗരൂകത നിർഭാഗ്യവശാൽ ദൂരവീക്ഷണഗതിയുള്ള ഒന്നല്ല. ഇൻഡ്യൻകൊപ്രാ ഉല്പാദനത്തിൻെറ സ്ഥിതി നന്നാക്കുന്ന വിഷയത്തിൽ തല്പരന്മാരായ ആളുകളുടെ ഇടയിൽ ഇപ്പോഠം ഒരു സുവ്യക്തമായ ജ്ഞാനം ഇല്ലാത്തതായും ഇൻഡ്യൻ കൊപ്രായുടെ ഇപ്പോഴത്തെ വിലക്കുറവിനും അതിനു നിർഭാഗ്യവശാൽ ഇൻഡ്യൻ കമ്പോളങ്ങളിൽ ഉണ്ടായികൊണ്ടിരിക്കുന്ന ചിൻഗതികഠക്കും ശരിയായ കാരണംതേടിപ്പിടിച്ചു നിജസ്ഥിതി മനസ്സിലാക്കുന്നതിനു പകരം, അവർ ഇൻഡ്യൻ വ്യവസായത്തിൽ കാര്യക്ഷമതയില്ലുള്ള കുറവു പരിഹരിക്കുന്നതിനു വല്ലതും ഒക്കെപറഞ്ഞുകൊണ്ടിരിക്കുന്നതായുംകാണുന്നു. ഇൻഡ്യൻകൊപ്രാ വ്യവസായത്തെപ്പററിയുള്ള വാദപ്രതിവാദത്തിൽ രണ്ടു സംഗതികഠ ചിന്തിക്കേണ്ടതായുണ്ട്.

൧. രാജ്യത്തിൻെറ സാവധാനമായ വ്യാവസായിക പുരോഗതിനിമിത്തം ഇൻഡ്യയിൽ വെളിച്ചെണ്ണയുടെ ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

൨. ഈ വർദ്ധിച്ചുവരുന്ന ആവശ്യത്തിലേക്കു ഇൻഡ്യൻ ഉല്പാദനം മതിയാകുന്നില്ല.

തെങ്ങുകൃഷി ഭൂമികഠ.

ഇൻഡ്യാ ഒട്ടുക്കു നാട്ടുരാജ്യങ്ങളുഠപ്പെടെ ൨൧൭,൦൦൦,൦൦൦ ഏക്കർ കർഷകഭൂമിയുള്ളതിൽ തെങ്ങുകൃഷിയുള്ള സ്ഥലം ൧,൮൦൦,൦൦൦ ഏക്കറിൽ കൂടുതൽ ഇല്ലാത്തതാണ്. കൂടാതെ വർദ്ധിച്ചുവരുന്ന വെളിച്ചെണ്ണച്ചിലവിനു അനുസരണമായി ഈ വിസ്തീർണ്ണം കഴിഞ്ഞ ൧൦ കൊല്ലമായി പറയത്തക്കവണ്ണം വർദ്ധിച്ചിട്ടില്ലാത്തതും ആണ്. ഈ നാളികേരഭൂമിയിൽ ഒട്ടുവലിയ ഭാഗവും (അതായതു ഉദ്ദേശം ൧൨൦൦,൦൦൦ ഏക്കറ) മലബാർ തീരത്തും അതിൽ ൭൦൦,൦൦൦ ഏക്കർ തിരുവിതാംകൂറിലും ആകുന്നു. ഇൻഡ്യയിലെ മററു കാർഷികോല്പന്നങ്ങളെ അപേക്ഷിച്ചു കേരകൃഷി വളരെ അപ്രധാനമാണെങ്കിലും മലബാറിനെ സംബന്ധിച്ചിടത്തോളം, വിശിഷ്യ കൊച്ചി തിരുവിതാംകൂർ.ഈ രാജ്യങ്ങളിൽ, അവയുടെ അഭിവൃദ്ധിയ്ക്കു നിദാനമായ ഈ കൃഷി വളരെ പ്രാധാന്യമേറിയതാണ്.

യുദ്ധത്തിനു മുമ്പും പിമ്പും ഉള്ള സ്ഥിതകഠ.

യുദ്ധത്തിനുമുമ്പു ഇൻഡ്യ ലോകത്തെ കമ്പോളങ്ങഠക്കു ,കൊപ്രായും വെളിച്ചെണ്ണയും നൽകുന്ന പ്രധാന ഉല്പത്തി സ്ഥാനങ്ങളിൽ ഒന്നായിരുന്നു. ൧൯൧൩-൧൮-ൽ അവസാനിച്ച അഞ്ചുകൊല്ലങ്ങഠക്കുള്ളിൽ ഇൻഡ്യയിൽ നിന്നുണ്ടായ ശരിയായ കയററുമതി ൩൦,൦൦൦ ടൺ കൊപ്രായും ൭,൦൦൦ ടൺ വെളിച്ചെണ്ണയും ആയിരുന്നിരിക്കെ കഴിഞ്ഞ ൨൦ കൊല്ലങ്ങളായി ഈ വ്യാപാരം നാമമാത്രമായിശേഷിച്ചിരിക്കുന്നു. ഇപ്പോഠം ഇൻഡ്യ കൊപ്രായും എണ്ണയും കയററി അയക്കുന്നില്ലെന്നുമാത്രമല്ല ആണ്ടുതോറും ൩൦,൦൦൦ ടൺ കൊപ്രായും ൨൮,൦൦൦ ടൺ വെളിച്ചെണ്ണയും ഇറക്കുമതിചെയ്തു

കൊണ്ടിരിക്കുന്നതും ഇതിൽ അധികഭാഗവും സിലോണിൽ നിന്നാണെന്നു കണ്ടിരിക്കുന്നതുമാണ്. ഈ സ്ഥിതിയ്ക്കു നാലുപ്രധാന സംഗതികളാണു കാരണമായി കാണുന്നത്.

(എ) യുദ്ധാനന്തരം രാജ്യത്തു വർദ്ധിച്ചുവരുന്ന വ്യവസായത്തിനാവശ്യമുള്ള കൂടുതൽ വെളിച്ചെണ്ണ ഉണ്ടാക്കത്തക്കവണ്ണം തെങ്ങുകൃഷി സ്ഥലങ്ങൾ വർദ്ധിപ്പിക്കാൻ കഴിയാതെ വന്നത്.

(ബി) അശാസ്ത്രീയവും അവ്യവസ്ഥിതവും ആയ കൃഷിസമ്പ്രദായങ്ങളും പുതുതായി തൈകൾ വച്ചുപിടിപ്പിക്കായ്കയും മൂലം ഉണ്ടായിട്ടുള്ള ഉല്പാദനക്കുറവും വിളവിന്റെ ഗുണക്കുറവും.

(സി) കാലാനുസൃതമായി കേരകൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു അന്നത്തെ ഗവണ്മെൻറുകൾ കാണിച്ചിട്ടുള്ള അനാസ്ഥ.

(ഡി) കൊപ്രായിൽനിന്നു വെളിച്ചെണ്ണ എടുക്കുന്നതിനു കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള മിൽ ഉടമസ്ഥന്മാർ നവീന സമ്പ്രദായങ്ങൾ കൈക്കൊള്ളുന്നതിലും കൃഷിക്കാർക്കു ഉപേക്ഷ ജനിക്കത്തക്കവണ്ണം കൊപ്രാ ശരിയായി തിരഞ്ഞെടുക്കുന്നതിലും കാണിച്ചിട്ടുള്ള അശ്രദ്ധ.

ഇൻഡ്യയിലും പുറമേയുമുള്ള കേരഭൂമികൾ.

യുദ്ധാവസാനത്തോടുകൂടി, ഇൻഡ്യ അതിന്റെ പ്രകൃതിവിഭവങ്ങളെ തന്മൂലത്തിൽ വിദേശങ്ങളിലേക്കു അയയ്ക്കുകയും സംസ്കരിച്ചു രൂപാന്തരപ്പെടുത്തി ലാഭത്തോടുകൂടി വിദേശികൾ അതിനെ വീണ്ടും നമുക്കു അയച്ചുതരികയും ചെയ്തിരുന്നതിനുപകരം അവയെ ഇവിടത്തന്നെ സംസ്കരിക്കുന്നതിന്റെ പ്രയോജനം നമുക്കു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഈ വ്യവസായീകരണത്തിന്റെ ഫലമായി വെളിച്ചെണ്ണയ്ക്കു രാജ്യത്തുള്ള ആവശ്യം വർദ്ധിച്ചുവരികയും കാലാന്തരത്തിൽ കൊപ്ര കയറ്റുമതിക്കു ശേഷിക്കാത്തവിധം മുഴുവൻ വിനിയോഗിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അത്രമാത്രവുമല്ല രാജ്യത്തെ ആവശ്യം ഇവിടത്തെ ഉൽപ്പാദനത്തെക്കാൾ കൂടുതലാകുന്നതു കാണപ്പെടുകയും തന്നിമിത്തം ൧൯൨൯ മുതൽ ഈ കുറവു പരിഹരിക്കുന്നതിനു സിലോണിൽനിന്നും കൊപ്രായും വെളിച്ചെണ്ണയും വർദ്ധമാനമായ തോതിൽ ഇറക്കുമതിചെയ്തു കൊണ്ടിരിക്കയും ചെയ്യുന്നു. ഇൻഡ്യൻകൊപ്രയും വെളിച്ചെണ്ണയും ലോകത്തെ കമ്പോളങ്ങൾക്കു കയറ്റുമതി ചെയ്തുകൊണ്ടിരുന്ന കാലങ്ങളിൽ കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കുന്നതിനും അന്നത്തെ ചരക്കു ഗുണം നിലനിർത്തുന്നതിനും കൃഷിസമ്പ്രദായങ്ങൾ പരിഷ്കരിക്കുന്നതിനും വേണ്ടതു ചെയ്തിരുന്നു എങ്കിൽ ഇപ്പോഴത്തെ സ്ഥിതി സമാഗതമാകയില്ലായിരുന്നു. കൃഷിക്കാർക്കു ശരിയായ ആദായങ്ങൾ നൽകിക്കൊണ്ടിരുന്നതായ നാളികേരത്തെപ്പോലെയുള്ള ഒരു കാർഷികോല്പന്നം, വർദ്ധിച്ചുവരുന്ന കമ്പോളങ്ങളിൽ ഇൻഡ്യയുടെ നില പരിരക്ഷിക്കത്തക്കവണ്ണം കൂടുതലായി ഉല്പാദിപ്പിക്കേണ്ട ആവശ്യമുള്ള ഒന്നാണെന്നു വിചാരിക്കാതെയിരുന്നതു വിസ്മയനീയമാണ്. നേരമറിച്ചു ഉഷ്ണമേഖലയിലുള്ള മററു രാജ്യങ്ങൾ തെങ്ങുകൃഷിയുടെ പ്രയോജനം കണ്ടറിയുവാൻ തുടങ്ങുകയും തദനന്തരം അതിനെ ശാസ്ത്രീയമായ വിധത്തിൽ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. തന്നിമിത്തം കൊപ്രായും നാളികേരങ്ങളും പുതിയ രാജ്യങ്ങളിൽക്കൂടി ഉൽഭവിപ്പിക്കപ്പെടാൻ തുടങ്ങി. അവയിൽ ഇന്നു പ്രാധാന്യം വഹിക്കുന്നതു ഫിലിപ്പൈൻദ്വീപുകൾ ഡച്ചുഈസ്റ്റിൻഡ്യ, സിലോൺ എന്നിവയാണ്. ഈ രാജ്യങ്ങൾ വിപുലമായ തോതിൽ തെങ്ങുകൃഷിചെയ്യാൻ തുടങ്ങിയിട്ടുള്ളതും ഓരോന്നിലും ഏകദേശം ഇൻഡ്യയിലുള്ളിടത്തോളം തന്നെ കേരഭൂമികൾ ഉള്ളതായി താഴെയുള്ള പട്ടികയിൽനിന്നു കാണാവുന്നതും ആണ്,

ഇൻഡ്യ	൧,൮൦൦,൦൦൦ ഏക്കർ
ഫിലിപ്പൈൻദ്വീപുകൾ	൧,൨൫൮,൦൦൦ ,,
ഡച്ചുഈസ്റ്റിൻഡ്യ	൧,൦൦൦,൦൦൦ ,,
സിലോൺ	൧,൦൦൦,൦൦൦ ,,

ഇൻഡ്യൻതോട്ടങ്ങൾ.

ശാസ്ത്രീയമായി കൃഷിചെയ്യപ്പെടുന്ന സുസംഘടിതമായ കേരകൃഷിയിൽ പുതിയ രാജ്യങ്ങൾ തലപൊക്കിത്തുടങ്ങിയിട്ടും ഇൻഡ്യാ അതിന്റെ പഴയ മുറ അനുസരിച്ചു കൃഷി തുടൎന്നുവന്നതും ഇപ്പോഴും തുടൎന്നുകൊണ്ടിരിക്കുന്നതും ആണു്. ഇൻഡ്യൻകേരകൃഷിഭൂമികൾ ചെറുതും ഘടനയില്ലാത്തതും അനാദായകരവും ആണു്; അവയെ കൃഷിത്തോട്ടങ്ങൾ എന്നു പറയുന്നതുതന്നെ അനുചിതമാണു്. മലബാർതീരത്തുള്ള എല്ലാതോട്ടങ്ങളിലും തൈകൾ വച്ചിട്ടുള്ളതു മൂടുകൾ അടുക്കുന്നതു വൃക്ഷങ്ങൾക്കു ദോഷകരമാണെന്നും മണ്ണിനും വൃക്ഷത്തിനും ശുശ്രൂഷ ആവശ്യമാണെന്നും ഉള്ള തത്വങ്ങളെ വിസ്മരിച്ചാണു്, കൂടുതൽ വൃക്ഷങ്ങൾ കൂടുതൽ ആദായം നൽകും എന്ന വിശ്വാസത്തിന്മേൽ പലപല തോട്ടങ്ങളിലും ഇടതിങ്ങി തൈകൾ വച്ചുപിടിപ്പിക്കുന്നു. അതുംകൂടാതെ മണ്ണിന്റെ നന്മ വർദ്ധിപ്പിക്കുന്നതിനൊ വൃക്ഷങ്ങൾക്കു വളംചെയ്യുന്നതിനൊ രോഗങ്ങളിലും പുഴുക്കളിലുംനിന്നു അവയെ സംരക്ഷിക്കുന്നതിനൊ വേണ്ടതു യാതൊന്നും ചെയ്യാതെയും ഇരിക്കുന്നു. സാമ്പത്തികവൈഷമ്യങ്ങൾ ഉള്ളകാലത്തു വളം വാങ്ങാനം മററുമുള്ള പണം സുലഭമല്ലെന്നു വന്നേക്കാം, എന്നാൽ സാമാന്യകാലങ്ങളിലും ഇക്കാര്യം ശ്രദ്ധിക്കാറില്ല. തൽഫലമായി മണ്ണിന്റെ ഉരം മുഴുവൻപോയിട്ടു വിളവു കുറഞ്ഞു് ആദായകരമല്ലാത്ത നിലയിൽ എത്തുകയും ഒരുകാലത്തു ലോകത്തിലുള്ളതിൽ ഒന്നാംതരമെന്നിരുന്ന ചരക്കിനു ഇപ്പോൾ പ്രശസ്തിയില്ലാതാവുകയും ചെയ്തു. നാളികേരവിളവിന്റെ കുറവിനു കാരണം കൊച്ചി ഗവൺമെന്റുവക കൃഷിഡിപ്പാർട്ടുമെന്റിനോടു അന്വേഷിച്ചതിൽ ഖണ്ഡിച്ചുപറഞ്ഞിട്ടുള്ള വിശദമായ അഭിപ്രായം കൃത്രിമവളങ്ങൾ ചെയ്തു മണ്ണിന്റെ ഗുണം നിലനിൎത്താതെ തുടരേയുള്ള കൃഷിനിമിത്തം മണ്ണിനുണ്ടായിട്ടുള്ള വീഴ്ചക്കുറവാണെന്നാണു. രാജ്യത്തെ മാതൃകകൃഷിത്തോട്ടത്തിൽ ഇപ്രകാരമുള്ള കുറവു കാണുന്നില്ലെന്നും കഴിഞ്ഞ അഞ്ചുകൊല്ലങ്ങൾക്കിടയിൽ വിളവു ഇരട്ടിച്ചിട്ടുണ്ടെന്നും കൂടി അവർ പറയുന്നു. നമ്മുടെ വിളവു കുറവു കഴിഞ്ഞ സെൻസസ്റിപ്പോർട്ടിൽ ഉള്ള കണക്കുകളിൽനിന്നും കൂടുതൽ വിശദമാകുന്നുണ്ടു്. ആ റിപ്പോർട്ടനുസരിച്ചു തിരുവിതാംകൂറിലെ ൬൩൩,൦൪൮ ഏക്കർ സ്ഥലത്തുനിന്നും ആണ്ടിൽ കിട്ടുന്ന നാളികേരം ൩൭൪,൧൮൮,൦൦൦ ആണു്. ഇതു ഏക്കറൊന്നിനു ശരാശരി ൫൯൩ നാളികേരം ആകുന്നു. നേരെമറിച്ചു എമ്പയർ സാമ്രാജ്യവിക്രയസംഘത്തിന്റെ (Empire Marketing Board) എന്നവരുടെ റിപ്പോർട്ടനുസരിച്ചു സിലോണിൽ ഒരേക്കറിൽകിട്ടുന്നതു ൩൦൦൦ മുതൽ ൪൩൦൦ വരെയാണു. സിലോണിലേയും മലബാറിലേയും കൊപ്രായപ്പോലെ ജാത്യമില്ലെങ്കിലും മലയായിൽ ഒരേക്കറിൽ ൫൪൦൦ നാളികേരംവീതം ഉണ്ടാകുന്നുണ്ടു്.

ഇൻഡ്യൻകൊപ്രയുടെ ജാത്യം കുറഞ്ഞുവരുന്നു.

കഴിഞ്ഞ പത്തുവർഷക്കാലമായി ഇൻഡ്യയിലെ കൊപ്രായുടെ ജാത്യം കുറഞ്ഞുപോയിട്ടുണ്ടു്. മലബാർകൊപ്രാ ലോകത്തെ കമ്പോളങ്ങളിൽ ഒന്നാംതരമായി വിചാരിക്കപ്പെടുകയും മററു കൊപ്രായുണ്ടാക്കുന്ന രാജ്യക്കാർ ആ മാതൃകക്കൊപ്പം കൊപ്ര നന്നാക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കയും ചെയ്തിരുന്നു. ഈ മലബാർകൊപ്രാ വലിയ വെള്ളക്കിണ്ണംപോലെ വെയിലത്തു നന്നായുണങ്ങിയവയും ൧൦ ശതമാനം എണ്ണയുള്ളവയും ആയിരുന്നു. പതിനഞ്ചുകൊല്ലംമുമ്പു കൊച്ചിയിൽ ആതപുരത്തു തെങ്ങൾ മിൽ തുടങ്ങിയപ്പോൾ ഈ ജാതി കൊപ്ര തെങ്ങൾക്കു ധാരാളമായി ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ അതിൽ നാലഞ്ചെണ്ണമെങ്കിലും കാണാൻ പ്രയാസമായിരിക്കുന്നു. ഈ ജാത്യംവരുന്നതിലേക്കു നാളികേരം നല്ല വിളവായശേഷംമാത്രം തെങ്ങിൽനിന്നു എടുത്തും കഴിയുന്നത്ര വെയിലിൽതന്നെ ഉണക്കിയും ഇരുന്നിരുന്നു. ഇന്നു വിളവു കുറഞ്ഞ നാളികേരങ്ങൾവെട്ടി നല്ലവെയിലുള്ള കാലത്തും, പണ്ടു വർഷക്കാലങ്ങളിൽമാത്രം ചെയ്തുവന്നവി

ധം പുകയിൽ ഉണക്കപ്പെടുന്നു. നാളികേരം വെയിലത്തു ഏഴുദിവസംകൊണ്ടു ഉണങ്ങുന്നുള്ള എങ്കിൽ പുകയത്തു രണ്ടുദിവസംമാത്രം മതിയാകുമെന്നുള്ളതു ശരിതന്നെയെങ്കിലും പുകയിലുണങ്ങിയ കൊപ്ര നിറക്കുറവുള്ളതും കൂടുതൽ ഈർപ്പത്തോടുകൂടിയതും അതിനാൽ എണ്ണ മഞ്ഞനിറത്തോടുകൂടിയതും കമ്പോളങ്ങളിൽ വിലക്കുറവുള്ളതുമാകുന്നു. സാധനങ്ങളുടെ വില സ്ഥിരമായി കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ താമസിച്ചുപോയാൽ വില കുറവുണ്ടാകുമെന്നുവച്ചു ഇപ്രകാരം ചെയ്യുന്നതാണെങ്കിലും അതു ചരക്കിന്റെ ഗുണവും വിലയും കുറഞ്ഞുപോകാൻ കാരണമാക്കിയ ഒരു ആലോചനക്കുറവു തന്നെയാണ്.

മററുപ്രധാനകാരണങ്ങൾ

നാളികേരവ്യവസായത്തെ സ്പർശിക്കുന്ന പ്രശ്നങ്ങൾ ഇത്രമാത്രമല്ല, തുല്യപ്രധാനങ്ങളായ മററു കാരണങ്ങളുമുണ്ട്. അവ ഈ വ്യാപാരത്തിൽ ഉള്ള ദല്ലാളികളുടെ വലിയസംഖ്യ, എണ്ണവ്യവസായത്തിനു കുറവു വരത്തക്കവണ്ണം ഗാർഹികാവശ്യങ്ങൾക്കു കൂടുതലായി നാളികേരം കയററുമതിചെയ്യൽ, തിരുവിതാംകൂർരാജ്യം നാളികേരകയററുമതിക്കു വർദ്ധിപ്പിച്ചിട്ടുള്ള തീരുവ, കയററുവ്യവസായത്തിന്റെ അധഃപ്പതനം, മുതലായവയാണ്. നാളികേരവ്യവസായത്തിന്റെ അധോഗതിക്കുമുമ്പു പറഞ്ഞിട്ടുള്ള കാരണങ്ങൾക്കു അടുത്തതായ പ്രധാനകാരണം കയററുകമ്പോളങ്ങളുടെ ഇടിവാണ്.

ദല്ലാളികൾ.

ഇൻഡ്യൻകർഷകഭൂമികളുടെ വലിപ്പക്കുറവുമൂലം അധികം കൃഷിക്കാരും കൊപ്രയാക്കാതെ നാളികേരം ദല്ലാളന്മാർക്കു വില്ക്കുകയും അവർ അതിനെ നാളികേരമായിത്തന്നെ കയററുമതി ചെയ്യുന്നതിലേക്കു വിൽക്കുകയൊ കൊപ്രയാക്കുകയൊ ചെയ്കയും ആണു പതിവ്. പലപ്പോഴും നാളികേരം പല ദല്ലാളിമാരുടെ കൈമറിഞ്ഞശേഷമെ കൊപ്രായായി മില്ലുകളിൽ എത്തുന്നുള്ളു. ഈ ദല്ലാളിമാരുടെ എണ്ണം കുറച്ചിട്ടു കൃഷിക്കാർ തന്നെ അവരുടെ നാളികേരങ്ങൾ കൊപ്രയാക്കി ഒററക്കൊററയായി നേരിട്ടോ സഹകരണസംഘങ്ങൾവഴിയോ മില്ലുകളിൽ വിൽക്കുന്നതായാൽ അവർക്കു കൂടുതൽ ആദായം ലഭിക്കുന്നതാണ്.

നാളികേരക്കയററുമതി.

നാളികേരം അതേരൂപത്തിൽ ഗാർഹികാവശ്യങ്ങൾക്കായി കയററുമതിചെയ്യുന്നതു ആദായപ്രദമല്ലാത്തതിനാൽ അഭിലഷണീയമായിട്ടുള്ളതല്ല. അസംസ്കൃതസാധനങ്ങളുടെ വില ഇറങ്ങിക്കൊണ്ടിരിക്കുമ്പോൾ അതൊരു നല്ല നയമൊ നഷ്ടപരിഹാരത്തിനു ഒരുമാർഗ്ഗമൊ ആയിരിക്കാമെങ്കിലും അതു നാളികേരോല്പാദനത്തിന്റെ സാമ്പത്തികവശം നോക്കുന്നപക്ഷം അനാശാസ്യമായിട്ടുള്ളതാണ്. തിരുവിതാംകൂറിലും കൊച്ചിയിലും നിന്നു വെളിയിൽപോകുന്ന നാളികേരങ്ങൾ ഒരിക്കലും കൊപ്രയാക്കപ്പെടുന്നില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ സ്ഥിതി വ്യത്യാസപ്പെട്ടമായിരുന്നു. ഈ നാളികേരങ്ങൾ ആഹാരപദാർത്ഥങ്ങൾക്കൊ മതസംബന്ധമായ കർമ്മങ്ങൾക്കൊ ഉപയോഗിക്കപ്പെടുന്നു. നാളികേരം കയററുമതിചെയ്യപ്പെടുമ്പോൾ കൃഷിക്കാരനു വിറകായിട്ടൊ നല്ല കരിയായിട്ടൊ ഉപയോഗപ്പെടുത്താവുന്ന വിലയുള്ളതായ ചിരട്ടകളും നാളികേരത്തിന്റെയും കൊപ്രയുടേയും വിലകൾ തമ്മിലുള്ള വ്യത്യാസവും നഷ്ടപ്പെടുന്നതുകൂടാതെ ചിരട്ടകൾക്കും നിരുപയോഗമായ തൊണ്ടിനും ഉള്ള ചുമട്ടുകൂലികൂടി കൊടുക്കേണ്ടതായും വരും. നാളികേരം കൊപ്ര ആക്കുന്നതിലേക്കു എല്ലാചിലവുകളും തള്ളിയാൽ ടൺ ഒന്നിനു മൂന്നുരൂപ മുതൽ അഞ്ചുരൂപവരെ ലാഭമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ കാണുന്നപ്രകാരം നാളികേരത്തിന്റെ കയററുമതി കഴിഞ്ഞ മൂന്നുകൊല്ലങ്ങൾക്കുള്ളിൽ വളരെമടങ്ങു വർദ്ധിച്ചിട്ടുള്ളതിനാൽ അതു കഴിവുള്ളത്ര നിരോധിക്കേണ്ടതാണ്.

	നാളികേരം	കൊപ്രാത്തൂക്കം
ആണ്ട്	എണ്ണം	(നൂററിരുപതു റാത്തൽ ഒരു ടൺ കൊപ്ര)
൧൯൩൩	൭൩൮൨൩൧൪	൧൨൨൮ ടൺ
൧൯൩൨	൪൬൩൯൭൦൧	൭൬൦ ,,
൧൯൩൧	൧൯൬൮൭൩൮	൩൧൬ ,,

ഈ കണക്കുകൾ കൊച്ചിതുറമുഖത്തിൽ നിന്നുമാത്രമുള്ള കയററുമതികളുടെതാണ്. തിരുവിതാംകൂറിൽനിന്നും ആണ്ടിൽ കയററുമതിചെയ്യുന്ന നാളികേരസംഖ്യ ൧൯൩൦ വരെ ൧൩൦ ലക്ഷം ആയിരുന്നതു ഇപ്പോൾ ൨.൪൦ ലക്ഷം വരെആയിട്ടുണ്ട്. ഒരു വിലയേറിയ അസംസ്കൃതസാധനത്തിനു നേരിടുന്ന ഭീമമായനഷ്ടം ഇതിൽനിന്നു മനസ്സിലാക്കാൻ സാധിക്കുന്നതാണല്ലൊ.

തിരുവതാംകൂർ കയററുമതിത്തീരുവ.

എല്ലാ തരംനാളികേരോല്പന്നങ്ങൾക്കും തിരുവിതാംകൂർ കയററുമതിത്തീരുവ ചുമത്തിക്കൊണ്ടിരിക്കുന്നു. ഈ തീരുവ പ്രഥമമായി മുതലെടുപ്പിനുവേണ്ടി ചുമത്തിയിട്ടുള്ളതും ഉല്പന്നങ്ങളുടെ വിലകൂടിയിരുന്ന കാലത്തു ആ തുന്യായീകരിക്കാവുന്നതും ആണെങ്കിലും സംസ്കൃതമോ അസംസ്കൃതമൊ ആയ സാധനങ്ങളിലുള്ള കയററുമതിതീരുവ ഉല്പാദകന്റെയോ കൃഷിക്കാരന്റെയോ മേൽ ചുമത്തപ്പെടുന്ന ഒരു ഭാരമായിരിക്കുന്നതാണ്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇതു വിശേഷിച്ചും അങ്ങിനെതന്നെയാണ്. മുൻപു പറഞ്ഞതുപോലെ ഇൻഡ്യയിലുള്ള കേരകൃഷിഭൂമിയിൽ ൨/൫-ഭാഗം തിരുവിതാംകൂറിലുള്ളതും, അതിനാൽ ഈ രാജ്യം ഉല്പാദനകേന്ദ്രങ്ങളിൽ വച്ചു ഏററവും വലിയ ഒരു വ്യക്തിയായിരിക്കുന്നതും ആണ്. ഉണ്ടാകുന്ന നാളികേരവും കൊപ്രയും മുഴവൻ വിനിയോഗിക്കുവാൻ തക്ക നിലയില്ലാത്തതിനാൽ അവയെ വിററഴിക്കുന്നതിനു തിരുവിതാംകൂർപുറമേയുള്ള ഇതരകമ്പോളങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിനു ഏററവും അടുത്തുള്ളതും അധികംവരുന്ന ഉല്പന്നങ്ങളെ വിററഴിക്കുന്നതിനു അനുയോജ്യമായിട്ടുള്ളതും, എണ്ണയ്ക്കും പിണ്ണാക്കിനും ഒരു സുസംഘടിതവ്യാപാരകേന്ദ്രവും ഒരൊന്നാം ക്ലാസ്സ തുറമുഖത്തിന്റെ സൌകര്യങ്ങളോടുകൂടിയതുമായ കൊച്ചിക്കമ്പോളം ആകുന്നു. തിരുവിതാംകൂറിലെ ഉല്പാദകനു കൊച്ചിയിൽ നടപ്പുള്ള വിലയല്ലാതെ ലഭിക്കാനിടയില്ലാത്തതും വാഹനക്കൂലിയും കയററുമതിത്തീരുവയുംകൂടി കൊടുക്കേണ്ടതായിവരുമ്പോൾ അയാൾക്കു കിട്ടുന്നവില സമീപവാസിയായ കൊച്ചിക്കാരനു കിട്ടുന്നതിനേക്കാൾ കുറഞ്ഞിരിക്കുന്നതുമാണ്. കൂടാതെ ഈ കയററുമതിത്തീരുവ നിർഭാഗ്യവശാൽ സാധനവിലകളോടു അനുയോജ്യമല്ലാത്ത ഒരു താരിപ്പിനെ ആശ്രയിച്ചുള്ളതും കൊപ്രയ്ക്കുള്ള തീരുവ വെളിച്ചെണ്ണ, പിണ്ണാക്കു, കയറു എന്നിവയ്ക്കുള്ളതിനെക്കാൾ വളരെ കൂടിയതും ആണു. കൊപ്രായുടെ ഇപ്പോഴത്തെ തീരുവ ടൺഒന്നിനു ൧൫ രൂപായും, ഇപ്പോഴുള്ള വില ടണ്ണിനു ൧൨൦ രൂപായും ആണ്. തിരുവിതാംകൂർ കർഷകരെ ഈ തീരുവകൾ എത്രത്തോളം പീഡിപ്പിക്കുന്നുണ്ടെന്നു ഇതിൽനിന്നു കാണാവുന്നതാണ്.

ആലപ്പുഴ ആയിൽമില്ലുടമസ്ഥന്മാരുടെ പ്രക്ഷോഭണം.

കൊപ്രായ്ക്കു തീരുവ വർദ്ധിപ്പിച്ചതിന്റെ ഉത്തരവാദികൾ, തീരുവ ചുമത്താഞ്ഞാൽ തങ്ങൾക്കു ചരക്കു കിട്ടാതെ തൊഴിൽമുടക്കം വന്നുപോകുമെന്നു പറഞ്ഞു വിശ്വസിപ്പിച്ചു പ്രതിരോധ്യമായ കയററുമതിത്തീരുവ കൊപ്രയ്ക്കു ചുമത്താൻ ഗവണ്മെന്റിനെ പ്രേരിപ്പിച്ച ആലപ്പുഴ മിൽഉടമസ്ഥന്മാരാണ്. തിരുവിതാംകൂർ കൃഷിക്കാരുടെയും രാജ്യത്തിന്റെയും നന്മയ്ക്കെതിരായി തങ്ങളുടെ സ്വാർത്ഥലാഭത്തെ ഉദ്ദേശിച്ചു നടത്തപ്പെട്ടതാണെന്നും, തിരുവിതാംകൂറിൽ ൧൩ മില്ലുകൾ മാത്രമേയുള്ള എന്നും അവയിൽക്കൂടെ ചെറിയവയാണെന്നും എല്ലാററിനും കൂടി രാജ്യം വിളയിക്കുന്ന കൊപ്ര മുഴുവൻ ചിലവാക്കാൻ ഇതേവരെ കഴിഞ്ഞിട്ടില്ലെന്നും ഉള്ളതിനാൽ മേല്പറഞ്ഞ പ്രക്ഷോഭണം അടിസ്ഥാനരഹിതമായിരുന്നു;

ഏററവും ആധുനികകാലത്തെ ഉല്പാദനക്കണക്കുകൾ അനുസരിച്ച വാർഷികഉല്പാദനമായ ൩൭·൭ കോടിയിൽ ൨·൭൦ കോടി കയററുമതിക്കും ൨൭ കോടി (സാമ്പത്തികാധഃപ്പതനാന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടിൻ പ്രകാരം) രാജ്യത്തെ ചിലവിനും, തള്ളിയാൽ ൩൬·൭ കോടിനാളികേരം കൊപ്രയാക്കുന്നതിനു ബാക്കിവരുന്നതാണ്. തിരുവിതാംകൂറിലുണ്ടാകുന്നകൊപ്രായുടെ മൊത്തംതൂക്കം ഇപ്രകാരം ൩൦,൦൦൦ ടൺആണ്. ഇതിൽ ഇവിടെയാവശ്യമുള്ള ൨൩,൦൦൦ ടൺ എണ്ണയോളം എടുക്കപ്പെടുന്നതിനു ൪൦,൦൦൦ ടൺ കൊപ്രമാത്രമേ തിരുവിതാംകൂറിലെ മില്ലുകളിൽ ഏറ്റപ്പെടുന്നുള്ളു. ശേഷം ശരാശരി ൨൦,൦൦൦ ടൺ, അമിതമായതീരുവയിരുന്നിട്ടും ആണ്ടുതോറും കയററി അയയ്ക്കപ്പെടുന്നു. മില്ലുടമസ്ഥന്മാർ ഈഎണ്ണയിൽ ൧൦ ശതമാനവും കയററുമതിചെയ്യപ്പെടുന്നതിനാൽ തിരുവിതാംകൂറിലുണ്ടാകുന്ന വെളിച്ചെണ്ണയുടെയും കൊപ്രായുടെയും വില കൊച്ചികമ്പോള വിലആശ്രയിച്ചിരിക്കുന്നതും തന്നിമിത്തം മില്ലുടമസ്ഥന്മാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു കൃഷിക്കാർ നഷ്ടം സഹിക്കേണ്ടതായിച്ചിരിക്കുന്നതും ആകുന്നു. തീരുവ ഏർപ്പെടുത്തിയശേഷം മില്ലുടമസ്ഥന്മാരുടെ അതിസ്വാർത്ഥപരമായ മനോഭാവം കൃഷിക്കാരെ നന്നെ പീഡിപ്പിച്ചിട്ടുണ്ട്. സമീപകാലത്തുതന്നെ (൧൯൩൩-൩൪) അധഃപ്പതനാന്വേഷണക്കമ്മററിയുടെ അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കവെ കൊപ്രയുടെ കയററുമതിത്തീരുവ കുറയ്ക്കുകയോ നിറുത്തുകയൊ ചെയ്യാനുള്ള ഏതഭിപ്രായത്തേയും ആലപ്പുഴമില്ലുടമസ്ഥന്മാർ ശക്തിയായി പ്രതിഷേധിച്ചിട്ടുള്ളതും കൊപ്രായ്ക്കു കഴിഞ്ഞ മുപ്പതുവർഷങ്ങൾക്കിടയിൽ അറിയപ്പെട്ടിട്ടില്ലാത്ത വില കുറവു ഈ അടുത്തകാലത്തുണ്ടായപ്പോൾ മാത്രം അവരുടെ മുറവിളികൾ അല്പം ശമിച്ചിട്ടുള്ളതും ആണ്.

ലോകത്തുള്ള കൊപ്രാവിലകൾ.

കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കുംഉള്ളവില കുറവിനുള്ള കുററം സിലോണിനെയാണു ചുമത്താറുള്ളത്. ഇതു ഒരു തെററായ ധാരണയാണ്. സിലോണിൽ കൊപ്രധാരാളം ഉണ്ടാകുന്നുണ്ടെന്നും അതിനെയെല്ലാം അവിടെ ചിലവാക്കാൻ നിവൃത്തിയില്ലായ്കയാൽ അതിന്റെ വില്പനയ്ക്കായി മററു കമ്പോളങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നു എന്നും ഉള്ളതു വാസ്തവംതന്നെ, എന്നാൽ "കൊപ്രായുടെയും വെളിച്ചെണ്ണയുടെയും വില സിലോണല്ല നിയന്ത്രിക്കുന്നത്". അതു കൊപ്രായുടെയും വെളിച്ചെണ്ണയുടെയും മാത്രമല്ല വെളിച്ചെണ്ണക്കു പകരം ഉപയോഗിക്കുന്ന മററു എണ്ണകളുടെയും എണ്ണക്കുരുക്കളുടെയും കൂടി ഉല്പാദനവിനിമയങ്ങളെ ആശ്രയിച്ചിരിക്കുന്നതാണ്. ആഫ്രിക്കയിലെ എണ്ണപ്പനകളിലും എണ്ണപ്പുരിപ്പുകളിലും നിന്നുള്ള എണ്ണയും, ചൈനയിലെ സോയപ്പയറെണ്ണയും, ആർട്രിക്ക പ്രദേശങ്ങളിലെ വേൽമത്സ്യഎണ്ണയും വ്യവസായകാര്യങ്ങളിൽ വെളിച്ചെണ്ണക്കു പകരം ഉപയോഗപ്പെടുത്താവുന്നതാണ്. കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി ലോകകമ്പോളങ്ങളിൽ സഹായവിലക്കു ലഭ്യമായിത്തുടങ്ങിയിട്ടുള്ള മത്സ്യഎണ്ണകൾ എല്ലാവിധഎണ്ണക്കുരുക്കളുടെയും സസ്യ എണ്ണകളുടെയും വിലയ്ക്കു ഇടിവുണ്ടാക്കിയിട്ടുണ്ട്. ചിലകമ്പോളങ്ങളിൽ മീനെണ്ണ കർഷികോല്പന്നങ്ങൾക്കു ഒരു ഉപദ്രവമാണെന്നു വിചാരിക്കപ്പെടുകയും, അവയുടെ ഇറക്കുമതി നിരോധിക്കുന്നതിനു പ്രക്ഷോഭണങ്ങൾ നടത്തുകയും ചെയ്തുവരുന്നു. കൊപ്രായുടെ വിലയും അതിനാൽ പരിതസ്ഥിതി വ്യത്യാസങ്ങളനുസരിച്ച മാറേണ്ടതാണ്. കൂടാതെ ലോകത്തുള്ള കമ്പോളങ്ങൾക്കു കൊപ്രയും വെളിച്ചെണ്ണയും നല്കുന്നതു സിലോൺമാത്രമല്ല. ഫിലിപ്പൈൻ ദ്വീപുകൾ, ഡച്ച്, ഈസ്റ്റിൻഡ്യ, മലയാ, ഈസ്റ്റാഫ്രിക്കാ എന്നീ പ്രദേശങ്ങളിൽ വലിയവിളവുകൾ ഉള്ളതും ചരക്കു ഗുണംനോക്കിയാൽ അവിടങ്ങളിലെ കൊപ്രയും തേങ്ങയും സിലോൺ'ചരക്കിനോടു ഒപ്പം വിലകിട്ടത്തക്കവിധം കിടനില്ക്കുന്നതും ആണ്. ഫ്രാങ്കഫെർ കമ്പനിയുടെ ൧൯൩൩-ലെ റിപ്പോർട്ടിൽ ആ കൊല്ലത്തിലെ ലോകത്തെ കൊപ്ര ഉല്പാദനവും വിലയും സംബന്ധിച്ചുള്ള രസകരമായ ഒരു നിരൂപണം ഉണ്ട്. ഫ്രാങ്കഫെർ കമ്പനിക്കാർ ലണ്ടൻ കമ്പോളത്തിലുള്ള ഏററവും വലിയ എണ്ണവ്യാപാരികളിൽ ഒന്നാകയാൽ എണ്ണക്കുരുവ്യാപാരത്തിൽ അവരുടെ റിപ്പോർട്ടുകളേറെ വിശ്വാസയോഗ്യമായിട്ടുള്ളതാണ്.

"൧൯൩൦-ലെ കൊപ്രാവ്യാപാരം ൧൯൨൯-നെക്കാൾ ഉദ്ദേശം ൧,൩൦,൦൦൦ ടൺ വർദ്ധിച്ചിരിക്കുന്നു.

൧,൭൦,൦൦൦-ടൺ സൌത്ത് സീ ദ്വീപുകളിൽ നിന്നു കയറ്റുമതിചെയ്യപ്പെട്ടതുൾപ്പെടെ മൊത്തം കയറ്റുമതി ൧൧,൧൭,൬൩൨-ടൺ ആയിരുന്നു. ൧൯൨൯-ലെ മൊത്തം ൯,൨൨,൯൨൩ മാത്രം ആയിരുന്നു. ഡച്ച് ഈസ്റ്റിൻഡ്യയിൽനിന്നു സിംഗപ്പൂരിൽ ഇറക്കിയിട്ടുള്ള ൫൦,൦൦൦ ടൺ കൊപ്ര ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

"ഫിലിപ്പൈൻ ദ്വീപുകളിൽ നിന്നുണ്ടായ വർദ്ധന വളരെ പ്രത്യക്ഷമായിരുന്നു. ൧൯൨൯-ൽ ൧,൩൩,൨൩൭ ടൺ കയറ്റുമതിചെയ്തിരുന്നതു ൧൯൩൦-ൽ ൩,൯൨,൪൯൨ ടൺ അതായതു ൧൨൭ ശതമാനമായി വർദ്ധിച്ചു. നിരപ്പെയുണ്ടായ വൃക്ഷനാശം നിമിത്തം ഈ ദ്വീപുകളിൽനിന്നും ൧൯൨൯-ൽ ചെയ്ത കയറ്റുമതി അത്ഭുതപൂർവ്വമായി കുറഞ്ഞുപോയിരിക്കുന്നു എന്നതും ഓർക്കേണ്ടതാണ്. എന്നാൽ ൧൯൩൦-ൽ ഉണ്ടായ പുനരുല്പാദനം പ്രതീക്ഷയെ കവിഞ്ഞിരുന്നതും യൂറോപ്പിൽ ഇടപ്രഥമമായി ചരക്കിറക്കാൻ കപ്പൽക്കാരെ പ്രേരിപ്പിച്ചിട്ടുള്ളതും ആണ്.

"ഡച്ച ഈസ്റ്റിൻഡ്യയിലെ നാവിക വ്യാപാരത്തിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നില്ല. ൧൯൩൦-ൽ ൪,൭൯,൮൩൪ ടൺ ആയിരുന്നതു ൪,൨൩,൧൭൦ ടൺ ആയിട്ടുണ്ട്.

"ജാവയിൽ നിന്നുള്ള കയറ്റുമതിക്കു സാരമായ കുറവുണ്ടായിരുന്നു. ൧൯൨൯-ൽ ൩൨,൩൨൦ ടൺ ഉണ്ടായിരുന്നതു ൧൪,൪൯൦ ടൺ ആയി കുറഞ്ഞുപോയി.

"ജാവായിലെ കുറവു മക്കസാറിലെ ഏക്കം അതായതു ൭൨,൩൦൭-ൽ നിന്നു ൧,൭൧,൦൭൨ ആയതു നിമിത്തം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

"സിലോൺ ൧൯൩൦-ൽ ധാരാളമായി കയറ്റുമതിചെയ്തു. ൧൯൩൦-ൽ ൩൪,൭൦൮-ം ൧൯൨൯-ൽ ൪൩,൩൨൪-ം ടൺ വീതം ആയിരുന്നു.

"വിലയിലുള്ള ഏക്കമിറക്കം ൧൯൩൦-ൽ കൊപ്ര കൃഷിക്കാർക്കു് അസാമാന്യമായ സങ്കടങ്ങൾക്കിടയാക്കി. വർഷത്തിന്റെ ഉത്തരാർദ്ധത്തിൽ വിലകൾ എല്ലാം, സ്വർണ്ണമാനദണ്ഡം അനുസരിച്ചു, മുൻപുണ്ടായിട്ടുള്ളതിൽ ഏററവും കുറവായിരുന്നു. ൧൯൩൦-ൽ സിംഗപ്പൂർ കൊപ്രായ്ക്കു ലണ്ടനിലെ വില ടൺ ഒന്നിനു ൧൧ പവൻ ൭ ഷില്ലിംഗും ൧൯൨൮-ലെതു ൧൭ പവനും ആയിരുന്നു. ൧൯൨൪-ൽ ശരാശരിവില ൨൭ പവൻ ൭ ഷില്ലിംഗ് ൩ പെൻസ് ആയിരുന്നു എന്നു ഓർക്കുമ്പോൾ കഴിഞ്ഞ ആറുകൊല്ലംകൊണ്ടു വില ൩൦ ശതമാനം കുറഞ്ഞു എന്നു കാണാം.

"അമേരിക്കൻ ഡോളറിന്റെ വിലക്കുറവു നിമിത്തം ഫിലിപ്പൈൻ കൊപ്രായുടെ ഏക്കം വിശിഷ്യ വർഷത്തിന്റെ ഉത്തരാർദ്ധത്തിൽ കമ്പോളത്തിൽ ക്ഷണംവിലക്കുറവുണ്ടാക്കുന്നതിനു കാരണമാകയും മലയാതരങ്ങളുടെ തുടർന്നുള്ള വിലക്കുറവു നല്ലതരം ചരക്കിന്റെ വിലകൂടി ഇറക്കുകയും ചെയ്തു.

നൈ വിലയുടെ കുറവുനിമിത്തം മാർഗറീൻ വ്യവസായത്തിനുണ്ടായ അനിശ്ചിതാവസ്ഥയും ഗാർഹികഗോരസ വ്യവസായസംരക്ഷണത്തിനു പല രാജ്യങ്ങളും, വിശേഷിച്ചു ജർമ്മനിയും, ചെയ്തിട്ടുള്ള പ്രവൃത്തനങ്ങളും ആയിരുന്നു എല്ലാ എണ്ണക്കുരുക്കൾക്കും, വിശിഷ്യ കൊപ്രായ്ക്കു, കമ്പോളം ഇടിയുന്നതിനുണ്ടായിട്ടുള്ള പ്രധാന കാരണങ്ങൾ.

"എഫ്. എം. എസ്സ് കമ്പോളം വർഷാരംഭത്തിൽ സാമാന്യം സുനിശ്ചിതമായ അവസ്ഥയിൽ ൧൭ പവൻ ൧൦ ഷില്ലിംഗ് എന്ന നിലയിൽ നിന്നു എങ്കിലും കപ്പൽവ്യാപാരികൾ വിനിയോജകന്മാർക്കു ശരിയായ സഹായം ചെയ്യായ്കയാൽ ക്രമേണ വില കുറയുകയും ഏപ്രിൽ മാസത്തിലെ ശരാശരി വില ടൺ ഒന്നിനു ൧൧ പവൻ ൩ ഷില്ലിംഗ് ൯ പെൻസായി തീരുകയും ചെയ്തു.

"അസമയത്തു ഡോളറിന്റെ വിലകുറവു മൂലം അമേരിക്കയിലെ ഉല്പന്നവാണിജ്യം അഭിവൃദ്ധിപ്പെട്ടതു ആശ്വാസകരമായിരുന്നു. എന്നാൽ കൊപ്രയെ സംബന്ധിച്ചിടത്തോളം ജൂൺ മാസത്തിലെ ശരാശരിവിലയായ ൧൧ പവൻ ൧൦ ഷില്ലിംഗിൽ അളുമിക്കവാറും ഉറച്ചിരിക്കുന്നു.

"ലണ്ടൻ സാമ്പത്തിക കാൺഫറൻസിന്റെ പരാജയം ഏറെത്താമസിയാതെ തന്നെയുണ്ടായി. വിനിയോജകന്മാക്കുണ്ടായ വിശ്വാസക്കുറവും, നാവികവ്യാപാരികളുടെ ഊർജ്ജിതമായ വില്പന ശ്രമങ്ങളും കൊണ്ടു വില നിരന്തരമായി ഇടിഞ്ഞുപോകയും ചെയ്തു. വർഷാരംഭത്തിൽ എഫ്. എം. എസ്സിൽ അടുത്തുള്ള ഇറക്കുമതികൾ ടണ്ണിന് ൯ പവൻ ൧ ഷില്ലിംഗ് ൬ പെനി വിലയ്ക്കായിരുന്നു.

"സിലോൺ കൊപ്രയുടെ വില കൂടുതൽ വ്യതിചലിച്ചുകൊണ്ടിരുന്നു. സ്ട്രേറ്റ് എഫ്. എം. എസ്സിലെ കൊപ്രയ്ക്കു ജനവരിയിൽ ടണ്ണിനു ൧൨ പവൻ ൧൭ ഷില്ലിംഗും ൬ പെൻസുണ്ടായിരുന്നപ്പോൾ സിലോൺ കൊപ്രക്കു ൧൫ പവൻ ൧൨ ഷില്ലിംഗും ൬ പെൻസു വിലയുണ്ടായിരുന്നു. അതായതു ൨ പവൻ ൧൫ ഷില്ലിംഗിന്റെ ഏറ്റം വർഷാന്ത്യത്തിൽ ഏതായാലും എഫ്. എം. എസ്സിൽ അടുത്തുള്ള കയറ്റുമതിക്കു ൯ പവൻ ൭ ഷില്ലിംഗ് ൬ പെൻസു ഉണ്ടായിരുന്നപ്പോൾ സിലോണിൽ ൯ പവൻ ൧൭ ഷില്ലിംഗ് ൬ പെൻസാകയും ഏറ്റം ൧൦ ഷില്ലിംഗായി കുറയുകയും ചെയ്തു.

"കമ്പോളങ്ങളുടെ രീതിനോക്കിയാൽ നടപ്പിലിരിക്കുന്ന കുറഞ്ഞ വിലയ്ക്കു ഇപ്പോഴത്തെ വിപുലമായ കയറ്റുമതി നിലനിർത്താൻ കപ്പൽ വ്യാപാരികൾക്കു സാദ്ധ്യമാകുമോ എന്നുള്ളകാര്യം സംശയമാണ്. ഡച്ചു, ഈസ്റ്റിൻഡ്യൻ പ്രദേശങ്ങളിൽ നിന്നും കൊപ്ര ശേഖരിച്ചു ഒരുക്കി യൂറോപ്പിലേക്കു കൊണ്ടുപോകുന്നതിനുള്ള ശരാശരി ചിലവു ടണ്ണിനു ൭ പവനോടു അടുത്തിരിക്കും എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ആകയാൽ ഡച്ചു ഈസ്റ്റിൻഡ്യനും മലയനും ചേർന്ന കൂട്ടുചരക്കു C. I. F. ടണ്ണിനു വില ൭ പവൻ ൧൫ ഷില്ലിംഗും മലയൻ ചരക്കിന്റെ വില ൯ പവൻ ൭ ഷില്ലിംഗ് ൬ പെൻസും ആയിരിക്കുമ്പോൾ വാഹനസൌകര്യങ്ങൾ കുറഞ്ഞ കൃഷിത്തോട്ടങ്ങൾക്കു നഷ്ടത്തിലെ പ്രവർത്തിയ്ക്കാൻ കഴിവുണ്ടാകയുള്ളു. ഈ പരിതസ്ഥിതികളിൽ അപ്രകാരമുള്ളവർ നാളികേരം ശേഖരിക്കുമോ എന്നതന്നെ സംശയമാണ്. ൧൯൩൧-ൽ കൊപ്രവില കുറഞ്ഞു തുടങ്ങിയപ്പോൾ ഈ വിലക്കുറവു അവസാനത്തിൽ ഉല്പാദനത്തെ ബാധിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ അപ്പോൾ കൃഷിക്കാർക്കു ന്യായമായ ഒരു പ്രതിഫലം കിട്ടിക്കൊണ്ടിരുന്നിട്ടുള്ളതും, അടുത്തവർഷം വിലക്കുറവിനാൽ ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിലേക്കു കൂടുതൽ ചരക്കു കയറ്റി അയക്കുന്നതിനു ശ്രമിച്ചിട്ടുള്ളതും ആണ്. ഇതു ഏതായാലും നീണ്ടുനിൽക്കത്തക്കതല്ലാത്തതും കുറഞ്ഞ വില നിരക്കു വ്യാപാരത്തെ പ്രതിരോധിക്കത്തക്ക നിലയിൽ കമ്പോള സ്ഥിതി ഉറച്ചുപോകുമെന്നു കാണുന്നതും ആണ്.

തല്ക്കാലം ഫിലിപ്പൈൻ കർഷകർ യൂറോപ്യൻ വ്യാപാരത്തോടു മത്സരിച്ചു കൊണ്ടിരിക്കുമെന്നു പ്രതീക്ഷിക്കാവുന്നതും എന്നാൽ ഇപ്പോഴത്തെ അഭൂതപൂർവമായ ഉല്പാദനത്തെ തുടർന്ന് അടുത്തകൊല്ലം വിളവു വളരെ കുറഞ്ഞേക്കാവുന്നതാണെന്നുള്ളതു വിസ്മരിച്ചു കൂടാത്തതും ആണ്. നിർഭാഗ്യവശാൽ കൊപ്രയുടെ വിലയിൽ വർദ്ധനയുണ്ടാകാനുള്ള ലക്ഷണങ്ങൾ ഇല്ലെന്നുതന്നെപ്പറയാം. മററു എണ്ണക്കുരുക്കളുടെ ഉല്പാദനം പ്രത്യക്ഷമായി വർദ്ധിക്കുന്നതും, വെണ്ണയുടെ വിലക്കുറവുനിമിത്തം കൊഴുപ്പുചേർന്ന ആഹാരസാധനങ്ങളുടെ വില വലുതായി വർദ്ധിക്കാനിടയില്ലാത്തതും ആണ്. ആയതിനാൽ ലോകമൊട്ടുക്കു കച്ചവടത്തിന്റെ സ്ഥിതിഗതികൾ ഭേദപ്പെടുകയോ കൊപ്ര കയറ്റുമതിയിൽ പ്രകൃത്യാ ഒരു കുറവു നേരിടുകയോ ചെയ്താലല്ലാതെ ഈ സാധനത്തിനു വിലകൂടിവരാൻ ഇടയില്ലാത്തതാണ്.

ഇൻഡ്യൻ ഇറക്കുമതിത്തീരുവ.

സംഭവങ്ങളുടെ ഗതി ഞങ്ങൾക്കു തോന്നിയിടത്തോളം ഇപ്രകാരമാണ്. ഇൻഡ്യൻ കൊപ്രാ വ്യവസായത്തെ അഭിമുഖീകരിക്കുന്ന വിഷമങ്ങൾക്കു പരിഹാരം എന്താണെന്നുള്ളതാണ് ചിന്തിക്കേണ്ടിയിരിക്കുന്നതു. ഇൻഡ്യൻ വ്യവസായത്തിനു വലിയ ഇടിവുണ്ടായിട്ടുണ്ടെന്നുള്ളതു അപ്രതിഷേധ്യമായ സംഗതിയാണ്. സിലോണിൽനിന്നും കൊപ്രയും വെളിച്ചെണ്ണയും സൌജന്യതാരിപ്പിൽ ഇറക്കുമതിചെയ്യുവാൻ അനുവദിക്കുക

മൂലം ഈ ഇടിവിനു ശക്തിവർദ്ധിച്ചിട്ടുണ്ടെന്നും വാദത്തിനുവേണ്ടി സമ്മതിക്കാം. വിദേശങ്ങളിൽനിന്നും കൊപ്രാ ഇറക്കുമതിചെയ്യുന്നതിന്റെ തീരുവ തീരെ നിറുത്തണമെന്നല്ലെങ്കിലും കുറയ്ക്കണമെന്നു ഗവൺമെന്റിനോടു അഭ്യർത്ഥിച്ചകൂട്ടത്തിൽ ഞങ്ങളും ഉൾപ്പെടുന്നുണ്ട്. ഈ അഭ്യർത്ഥനചെയ്തതു സ്വാർത്ഥപരമായിമാത്രമല്ലാ ഏതെങ്കിലും വ്യവസായത്തിനുള്ള അസംസ്കൃതസാധനങ്ങൾ തീരുവകൂടാതെ ഈരാജ്യത്തു വരുത്തേണമെന്നുള്ള (ലോകമൊട്ടുക്കു സമ്മതിച്ചിട്ടുള്ളതും ഫിസ്കൽകമ്മീഷൻ എടുത്തു പറഞ്ഞിട്ടുള്ളതുമായ) ഒരു തത്വം അനുസരിച്ചുകൂടിയായിരുന്നു. കൊപ്രയുണ്ടാകുന്ന പ്രദേശത്തിന്റെ മദ്ധ്യസ്ഥാനത്തു സ്ഥിതിചെയ്യുന്ന ഞങ്ങളുടെ മില്ലിൽ തുടരെജോലിനടക്കത്തക്ക ആവശ്യമുള്ളിടത്തോളം കൊപ്ര ലഭിക്കുന്നതിനു ആരംഭകാലം മുതൽക്കേ സാധിച്ചിട്ടില്ല. മില്ലിന്റെ പ്രാരംഭവർഷങ്ങളിൽ നല്ല കാലങ്ങളിൽ, ഒരു കാലത്തോതിലും വലിയ ലാഭമില്ലാതെയും ആയിരുന്നാലും, ക്രമമായി മിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുമായിരുന്നു എങ്കിലും വർഷകാലങ്ങളിൽ കൊപ്രാകിട്ടായ്കയാൽ മിൽ അടച്ചിട്ടുകൊണ്ടിരിക്കാൻ ഞങ്ങൾ നിർബന്ധിതരായിട്ടുണ്ട്. ഞങ്ങൾക്കു തിരുവിതാംകൂറിൽനിന്നു ചരക്കു വാങ്ങാനും നിവൃത്തിയില്ല. എന്തെന്നാൽ കയററുമതിച്ചുങ്കം അതിനു പ്രതിബന്ധമായിരുന്നു. അതിനാൽ ൧൯൨൨-ൽതന്നെ കൊപ്രയുടെ ഇറക്കുമതിത്തീരുവ കുറയ്ക്കുകയൊ നിറുത്തുകയൊ ചെയ്യണമെന്നു ഞങ്ങൾ ഇൻഡ്യാഗവൺമെന്റിനോടു ആദ്യമായി അഭ്യർത്ഥിച്ചു. ഇതു പ്രയോജനപ്പെട്ടിട്ടില്ലെന്നും കൊപ്രാ വീണ്ടും കുറഞ്ഞുവരുന്നു എന്നും ബോദ്ധ്യപ്പെടുകയാൽ ൧൯൨൮-ൽ വീണ്ടും ഞങ്ങൾ അഭ്യർത്ഥന അയക്കുകയും ചെയ്തു. ആധുനികവർഷങ്ങളിൽ നല്ലകാലങ്ങളിൽപോലും ഉല്പാദനം വളരെ കുറവായപ്പോൾ ആഴ്ചയിൽ മൂന്നുദിവസത്തേക്കുമാത്രം ജോലി ഉണ്ടായിരുന്നതിനാൽ ഞങ്ങളുടെ നില ഏററവും വിഷമകരമായി തീർന്നിട്ടുണ്ട്. ൧൯൩൩-ൽ സിലോൺ കൊപ്രയുടെ തീരുവ കുറച്ചു, എന്നാൽ കൊച്ചി ചരക്കിനോടൊത്ത വിലയ്ക്കു സിലോണിൽനിന്നു കൊപ്ര ഇറക്കുമതിചെയ്യുന്നതിനു സാധിക്കാത്തതുമൂലം കൊച്ചിയിലെ മില്ലുടമസ്ഥന്മാർക്കു ഇതു പ്രയോജനകരമായിട്ടില്ല. സിലോണിൽനിന്നും അടുത്തുള്ള കൊച്ചിക്കും വിദൂരങ്ങളായ ബംബേ കറാച്ചി എന്നീ തുറമുഖങ്ങളിലേക്കും ഉള്ള കപ്പൽക്കൂലി തുല്യമായിരുന്നു എന്നതു ഇതിനു കാരണമായിത്തീരുകയും തൽഫലമായി കൊച്ചി മില്ലുകളിൽ ചരക്കുകിട്ടാതെ വിഷമിക്കുമ്പോൾ മററു ഇൻഡ്യൻ തുറമുഖങ്ങളിൽ പുതിയ മില്ലുകൾ സ്ഥാപിതങ്ങളാവുകയുംചെയ്തു. സിലോൺകൊപ്രയുടെ ഇറക്കുമതി ഇൻഡ്യക്കു മൊത്തത്തിൽ ഗുണപ്രദമാണെങ്കിലും മലബാറിനെ സംബന്ധിച്ചിടത്തോളം, ആവശ്യക്കാർ സ്വരക്ഷോപായങ്ങൾ തേടാൻ ഉണർന്നു പ്രവർത്തിക്കാതെയിരുന്നാൽ അതൊരു വലിയ അപേക്ഷിതനു കാരണമാകുന്നതാണ്. സിലോണിൽനിന്നു ഇറക്കുമതിചെയ്യപ്പെടുന്ന കൊപ്രയുടെയും വെളിച്ചെണ്ണയുടെയും തീരുവ വർദ്ധിപ്പിക്കുന്നതിനായി ഗവൺമെന്റിനെ പ്രേരിപ്പിച്ചതുകൊണ്ടുമാത്രം വിഷമതകൾ മാറുന്നതല്ല. എന്തെന്നാൽ ഇൻഡ്യയിൽ ഉണ്ടാകുന്ന വെളിച്ചെണ്ണയെക്കാൾ വളരെ കൂടുതലായ ആവശ്യം ഇൻഡ്യയിലുണ്ട്. വെളിച്ചെണ്ണ ഉപയോഗപ്പെടുത്തുന്ന വ്യവസായങ്ങൾക്കു ആവശ്യമുള്ള എണ്ണയോ കൊപ്രയോ രാജ്യത്തു ഉണ്ടാകാതെയിരിക്കുന്നിടത്തോളം അവ ഇറക്കുമതി ചെയ്യപ്പെടുകതന്നെ വേണം. വെളിച്ചെണ്ണയേക്കാൾ കൊപ്ര കൂടുതൽ ഇറക്കുമതി ചെയ്യുന്നതാണു രാജ്യത്തിനു പൊതുവെ ഗുണപ്രദമെന്നു സൂക്ഷ്മമായി പരിശോധിച്ചാൽ അറിയാവുന്നതാണ്; എന്തെന്നാൽ കൊപ്ര ആട്ടുജോലി അസംഖ്യം ജനങ്ങൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കയും, കന്നുകാലികൾക്കു ഒരു വിലയേറിയ ആഹാരസാധനമായ പിണ്ണാക്കു ഇവിടെത്തന്നെ ഉണ്ടാകുകയും ചെയ്യുന്നതാണ്.

പ്രതിവിധികൾ.

അതിനാൽ താഴെപറയുന്ന പ്രതിവിധികളാണ് ഞങ്ങൾ നിർദ്ദേശിക്കുന്നത്.

൧. പ്രായമേറിയതും രോഗബാധിതങ്ങളും ആയവയും ഇടതിങ്ങിനിൽക്കുന്നവയും ആയ വൃക്ഷങ്ങളെ മാററി ശരിയായും ശാസ്ത്രീയമായും തൈകൾ വച്ചുപിടിപ്പിക്കുക സിലോണിലെ അനുഭവം ഒരു പ്രവർത്തന മാതൃകയായി എടുക്കാം.

ഇപ്രകാരം ചെയ്താൽ സിലോൺ തോട്ടങ്ങളോടൊപ്പം ഏക്കറൊന്നിന ഇൻഡ്യൻ തോട്ടങ്ങളിലും വിളവുണ്ടാകുന്നതും രാജ്യത്തു ആവശ്യമുള്ള എണ്ണ മുഴുവൻ തദ്ദേശാലഭ്യമാകുന്നതുമാണ്. കഴിഞ്ഞ തിരുവിതാംകൂർ സെൻസസ് കണക്കനുസരിച്ചു കൊച്ചിയും തിരുവിതാംകൂറുംകൂടി ൩൦൦,൦൦൦ ഏക്കർ സ്ഥലത്തു ൭,൦൦൦ ലക്ഷം നാളികേരം വിളയിക്കുന്നുണ്ട്. ഏക്കറൊന്നിന ൩,൦൦൦ എന്ന സിലോണിലെ കണക്കിൽ ഇവിടെ വിളയുന്നതായാൽ മൊത്തം നാളികേരോല്പാദനം കൂടുതൽ കൃഷിഭൂമിയുടെ സഹായംകൂടാതെ ൯൭,൦൦൦ ലക്ഷംവരെ എത്തുന്നതാണ്. ഇതിന്റെ മൂന്നിൽ രണ്ടുഭാഗം മാത്രം കൊപ്രയാക്കിയാൽ ൨൦൦,൦൦൦ ടൺ കൊപ്ര ലഭിക്കുന്നതും അതിൽനിന്ന കിട്ടുന്ന ൧൩൦,൦൦൦ ടൺ വെളിച്ചെണ്ണ രാജ്യത്തെ ആവശ്യം മുഴുവൻ നിറവേററിയശേഷം അല്പംമിക്കിച്ചു കയററുമതിചെയ്യാൻ സാധിക്കുന്നതും ആകുന്നു.

൨. തെങ്ങുംതോട്ടങ്ങളെ ശരിയായി മേൽനോട്ടം ചെയ്യുകയും യഥാകാലങ്ങളിൽ ശാസ്ത്രീയമായ വളം ചെയ്യുകയും വിളവു ഉടനടി വർദ്ധിപ്പിക്കുന്നതിലേക്ക, ആവശ്യമുള്ള കൃഷിക്കാർക്ക ആദ്യ മൂന്നുകൊല്ലത്തേക്ക കുറഞ്ഞ വിലയ്ക്കു വളം കൊടുക്കാൻ ഗവണ്മെന്റിനെ പ്രേരിപ്പിക്കയുംചെയ്യണം.

൩. ആധുനിക കൃഷിസമ്പ്രദായങ്ങളും, രോഗകീടനിവാരണ മാർഗ്ഗങ്ങളും സംബന്ധിച്ചു പ്രബോധനം നല്കുന്നതിനായി മാതൃക കൃഷിത്തോട്ടങ്ങൾ ഏർപ്പെടുത്തണം.

൪. വിളയുന്നതിനുമുമ്പു നാളികേരം വെട്ടിക്കയും വെയിലുള്ളപ്പോൾ പുകയത്തു ഉണക്കുകയും ചെയ്തു പ്രശസ്തി നശിപ്പിക്കുന്ന മലബാർ ചരക്കിന്റെ ഗുണം വീണ്ടും പഴയതുപോലെ വർദ്ധിപ്പിക്കുക. വെയിലിലുണങ്ങിയ കൊപ്രയ്ക്കു ലോകത്തെവിടെയും കൂടുതൽ വിലയുള്ളതും അതിനാൽ അതിലേക്ക വീണ്ടും ശ്രദ്ധ പതിക്കേണ്ടതും ആകുന്നു. വർഷകാലങ്ങളിൽ വെയിലില്ലാത്തപ്പോൾ കൊപ്ര ഉണക്കുന്നതിലേക്ക സിലോണിൽ ചെയ്യുന്നതുപോലെ ഉഷ്ണവായു നിരന്തരം ഏല്ക്കുന്നതിനും പുകപററാതെയിരിക്കുന്നതിനും തക്കതായ ശരിയായ ചൂളകൾ കെട്ടി ഉണക്കാൻ കൃഷിക്കാരെ പഠിപ്പിക്കണം.

൫. കൊപ്രവ്യാപാരത്തിലുള്ള ദല്ലാളിമാരുടെ സംഖ്യ കുറയ്ക്കണം. തെങ്ങുകൃഷിക്കാരെ കൈപ്രയുണ്ടാക്കാൻ പ്രേരിപ്പിക്കണം. കൃഷിഭൂമികൾ ചെറുതാകയാൽ വിക്രയസൌകര്യം കുറഞ്ഞിരിക്കാം; അതിനെ പരിഹരിക്കാനായി ഒരു സെൻട്രൽ വിക്രയ സംഘം ഏർപ്പെടുത്തണം. ഈ സംഘം സഹകരണതത്വത്തിന്മേൽ ഏർപ്പെടുത്തപ്പെടേണ്ടതും അതിന്റെ ജോലി കൃഷിക്കാരിൽനിന്നും കൊപ്ര ശേഖരിക്കുക, ആവശ്യമുള്ളപ്പോൾ അവർക്കുവേണ്ടി അതിനെ വച്ചുസൂക്ഷിക്കുക പല ജാതിചരക്കുകളെ ശരിയായി തരംതിരിക്കുക, നടപ്പുപമ്പോളവിലക്കു നേരിട്ടു കയററുമതിക്കാർക്കോ മില്ലുടമസ്ഥന്മാർക്കോ വില്ക്കുക, എന്നിവയായിരിക്കേണ്ടതും ആണ്. ഇപ്രകാരം ഒരു സംഘംപ്രവൃത്തിതുടങ്ങിയാൽ ചരക്ക ഗുണം വർദ്ധിക്കാൻ ഉല്പാദകന്മാരെ പ്രേരിപ്പിക്കാൻ കഴിയുന്നതാണ്.

൬. നാളികേരോല്പന്നങ്ങൾക്കുള്ള കയററുമതിത്തീരുവ തിരുവിതാംകൂർ ഗവണ്മെന്റു ഉടനടി നിറുത്തൽചെയ്യേണ്ടതാണ്. തന്നിമിത്തം രാജ്യത്തുള്ള മുതലെടുപ്പു അല്പം കുറഞ്ഞേക്കാം. എന്നാൽ മുൻകാലങ്ങളിൽ മലബാറിന്റെ ഐശ്വര്യകാരണമായിരുന്ന കൊപ്രാ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന ഇതു അത്യാവശ്യമാണ്. തിരുവിതാംകൂർ കയററുമതിത്തീരുവ നിറുത്തിയാൽ കൊച്ചിയിൽ അതതുകാലത്തുള്ള വിലയ്ക്കു ലഭിക്കുന്നപക്ഷം തിരുവിതാംകൂറിൽനിന്ന ൧൦൦൦ ടൺ കൊപ്ര വാങ്ങുന്നതിന ഞങ്ങൾക്കുതന്നെ സാധിക്കുന്നതും അത്രയുംതന്നെ ചരക്ക മററു കൊച്ചിൻ മില്ലുകൾ എടുക്കുമെന്നുള്ളതിൽ ഞങ്ങൾക്ക സംശയമില്ലാത്തതും ആകുന്നു.

അനുബന്ധം ൪.

ഭവനഗരിലെ കർഷക ഋണനിവാരണപദ്ധതിയുടെ സംക്ഷിപ്തം.

ഇൻഡ്യയെപ്പോലെ കർഷകപ്രധാനമായ ഒരു രാജ്യത്തു കൃഷിക്കാരുടെ ഋണബാദ്ധ്യത ഒരു സർവ്വസാധാരണമായ അവസ്ഥയായിരിക്കുന്നതും ഗ്രാമവാസികളായ കൃഷിക്കാരുടെ ഋണഭാരത്തെ ലഘൂകരിച്ച് അവരുടെ സമ്പൽസ്ഥിതിയെ നന്നാക്കുന്നതിനു പല താല്ക്കാലിക രക്ഷോപായങ്ങളും നിർദ്ദേശിച്ചും പ്രയോഗിച്ചും വരുന്നതും ആകുന്നു. എന്നാൽ ഭവനഗരം രാജ്യത്തു സർ പ്രഭാശങ്കർപട്ടാണിയാൽ ഏർപ്പെടുത്തപ്പെട്ടു നടപ്പിലിരിക്കുന്ന പരിപൂർണ്ണമായ ഋണവിമോചനപദ്ധതി അസാധാരണവും ഇദംപ്രഥമവും ആയ ഒന്നാണ്. ആ രാജ്യത്തു ഋണനിവാരണപദ്ധതി ആദ്യമായി പ്രയോഗിച്ചുതുടങ്ങിയിട്ടു ൩ വർഷമായിട്ടുള്ളതും അതു ഇപ്പോൾ വിജയകരമായി പര്യവസാനിക്കയും രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും അതു നടപ്പാക്കുകയും ചെയ്തിട്ടുള്ളതും ആകുന്നു.

മഹാരാജാവു തിരുമനസ്സിലെ പ്രോത്സാഹനം.

൧. ഭവനഗർ രാജ്യത്തു ഈ ധീരവും ഇദംപ്രഥമവുമായ പരീക്ഷണം സഫലമായിത്തീരുന്നതിനു പല കാരണങ്ങളും ഉണ്ട്. രാജ്യത്തിന്റെ നട്ടെല്ലായ കർഷകപ്രജാവലിയുടെ നന്മയിൽ ഭവനഗർ മഹാരാജാവു അത്യുത്സുകനായിരുന്നു. പൂർണ്ണമായ ഭരണാധികാരം ലഭിച്ചു ഉടനെ അദ്ദേഹം ചെയ്ത ആദ്യകൃത്യങ്ങളിൽ ഒന്നു കൃഷിക്കാർക്കു അവരുടെ ഭൂസ്വത്തുക്കളെ വില്ക്കാനും പിന്തുടർച്ചയായി അനുഭവിക്കാനും അവകാശം നൽകിയതായിരുന്നു. കൃഷിക്കാരുടെ കടങ്ങളെ ലഘൂപ്പെടുത്തണമെന്നുള്ള ആശയം അദ്ദേഹത്തിൽ ആദ്യമായി അങ്കുരിക്കുകയും തൽഫലമായി രാജ്യത്തെ ഭൂനികുതിയിലുണ്ടായിരുന്ന ൯൯ ലക്ഷം രൂപ കുടിശ്ശിഖ കുറവെഴുതപ്പെടുകയും ചെയ്തു. പഴയ നികുതി ബാക്കികൾ ഇളവുചെയ്തു മാതൃക കാണിച്ചുകൊടുത്തശേഷം മഹാരാജാവ് ഋണനിവാരണപദ്ധതിയനുസരിച്ചു കൃഷിക്കാരുടെ സമ്പൽസ്ഥിതിസംരക്ഷണത്തിനുവേണ്ടി അവരുടെ കടങ്ങൾ പറഞ്ഞുതീർക്കണമെന്നു സൌക്കാറന്മാരോടു അഭ്യർത്ഥിച്ചു.

പ്രാരംഭാന്വേഷണം (കാർഷിക ഋണാന്വേഷണക്കമ്മിററി).

൨. ആ രാജ്യത്തെ റവന്യൂഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടിൽ ഋണനിവാരണം എന്ന വിഷമപ്രശ്നത്തെപ്പററി കഴിഞ്ഞ ൧൨ കൊല്ലം ചെയ്തിട്ടുള്ള ശ്രമങ്ങളെല്ലാം ചുരുക്കി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ൧൯൨൨-ൽ ഈ കർഷക ഋണപ്രശ്നത്തെപ്പററി അന്വേഷിച്ചു പ്രതിവിധികൾ നിർദ്ദേശിക്കാനായി ഗവൺമെന്റ ഒരു കമ്മിററിയെ നിയമിച്ചു.

കമ്മിററി കടത്തിന്റെ കണക്കുകൾ ശേഖരിച്ചതു്.

൩. സകല ഗ്രാമീണരുടെയും ഋണവിവരക്കണക്കുകൾ ആദ്യമായി അതതുസ്ഥലത്തെ റവന്യൂ അധികാരികൾ ശേഖരിച്ചു. പിന്നീടു കമ്മിററി രാജ്യം മുഴുവൻ ചുററി ഈ കണക്കുകൾ പരിശോധിച്ചു. കൂടാതെ കടത്തിന്റെ സ്വഭാവം അതുണ്ടായ സന്ദർഭം ആവശ്യം, വട്ടം പലിശ, മുതലായ കാര്യങ്ങൾ അറിയുന്നതിലേക്കായി കൃഷിക്കാരെ സവിസ്തരമായി വിസ്തരിച്ചു ക്രാസുചെയ്കയും ചെയ്തിട്ടുണ്ട്. സൌക്കാറന്മാരെ (പണവ്യാപാരികളെ)യും വിസ്തരിച്ചിട്ടുണ്ട്. ഇതിനുംപുറമെ അധികം ഗ്രാമങ്ങളിലുംവിവിധധനസ്ഥിതിയിലുള്ള രണ്ടു മൂന്നു കൃഷിക്കാരെ തെരഞ്ഞെടുത്തു അവരുടെ പുസ്തകങ്ങളിലെ അദായം, കൃഷിച്ചിലവ്, ഗാർഹികാവശ്യങ്ങൾക്കായി മാററിവയ്ക്കപ്പെട്ട വിളവ്, ബാക്കി വിററുകിട്ടിയ വില എന്നിത്യാദികളെ കാണിക്കുന്ന കുടുംബവ്യയക്കണക്കുകൾ തയ്യാറാക്കുന്നതിനു ചുമതലപ്പെടുത്തുകയുംചെയ്തു. കൃഷിക്കാരെ വ്യക്തിപരമായി സമീപിക്കുകയും ആവശ്യമെന്നു കണ്ടപ്പോഴെല്ലാം അവരുടെ കടങ്ങൾ രഹസ്യമായി ചോദിച്ചറി

യുകയും ചെയ്തിട്ടുണ്ട്. കമ്മിററിയുടെ ജോലി കൃഷിക്കാരുടെ സാംശയിക മനഃസ്ഥിതികളും സൌക്കാറന്മാരുടെ പ്രത്യക്ഷമായ പ്രാതികൂല്യങ്ങളുംകൊണ്ടു വളരെ ദുഷ്കരമായിരുന്നു എങ്കിലും വ്യക്തിഗതമായും പൊതുവായും ഉള്ള കണക്കുകൾ മിക്കവാറും ശരിയായിത്തന്നെ ശേഖരിക്കപ്പെട്ടിട്ടുണ്ട്.

ഋണവിവരക്കണക്കു.

൫. ൨,൩൦,൦൦൦ വസ്തു ഉടമസ്ഥന്മാർ ഉണ്ടായിരുന്നതിൽ ൫൫% കടമില്ലാത്തവരും ബാക്കി ൪൫% ൫൧,൪൧,൦൦൦ രൂപയ്ക്കു മൊത്തത്തിൽ കടപ്പെട്ടവരും ആണെന്നു കമ്മിററി കണ്ടു. കടമില്ലാത്തവരിൽ പലരും സമ്പത്തുള്ളവരോ അഭിവൃദ്ധ്യുന്മുഖമായ നിലയിലോ ആയിരുന്നില്ല. പലരുടെയും ആർജ്ജകശക്തി വളരെ കുറവായും സൌക്കാറന്മാരിൽനിന്നു വായ്പകൾ ലഭിക്കത്തക്കവണ്ണം അവർ ധനപ്പിടിപ്പില്ലാത്തവരായും കാണപ്പെട്ടു. പിടിപ്പുണ്ടെങ്കിലെ കടമുള്ളു എന്ന പ്രവചനത്തിന്റെ പരമാർത്ഥം പലപ്പോഴും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. കടമുള്ളവരായ ൪൫% കൃഷിക്കാരിൽ മൂന്നിലൊരുഭാഗം അവർ കൊടുക്കേണ്ട രണ്ടുവർഷത്തെ നികുതിത്തുകയിൽ കവിയാത്ത കടമുള്ളവരും ബാക്കി നൈരാശ്യജനകമായ വിധം കടത്തിലാണ്ടവരും ഒരു നല്ല സംഖ്യ പത്തും പതിനഞ്ചും വർഷത്തെ നികുതിത്തുകയോളം കടപ്പെട്ടവരും ആണ്.

കടത്തിനുള്ള കാരണങ്ങൾ.

൬. കടത്തിന്റെ മൂലകാരണം തുടരെയുള്ള കാലദോഷങ്ങളും മരണം, വിവാഹം മുതലായ സന്ദർഭങ്ങളിൽ ഉണ്ടാകാറുള്ള അമിതമായ ചെലവുകളും ആയിരുന്നിരിക്കാമെങ്കിലും, കടംവർദ്ധിക്കുന്നതിനും കൃഷിക്കാരന്റെ സാമ്പത്തികസ്വാതന്ത്ര്യാവസ്ഥ പുനഃപ്രാപിക്കുന്നതിനു സാധിക്കാതെ വരുന്നതിനും ഉള്ള പ്രധാനകാരണങ്ങൾ സൌക്കാറന്മാർ അനുഷ്ഠിച്ചുവന്ന അന്യായപ്പലിശരീതിയും മർദ്ദനോപായങ്ങളും ആയിരുന്നു എന്നു കമ്മിററി കണ്ടിരിക്കുന്നു. പാമരനും പരമാർത്ഥിയും ഋണബദ്ധനും ആയ ഗ്രാമീണപാവപ്പെട്ടവനെ അകപ്പെടുത്തുന്നതിനു പണവ്യാപാരി പല തന്ത്രങ്ങളും പ്രയോഗിച്ചുവന്നിരുന്നു. കുറഞ്ഞതു ൨൫ ശതമാനം എങ്കിലും പലിശ ചുമത്തപ്പെടുന്നതു കൂടാതെ കടക്കാരനെ ദീർഘകാലത്തേക്കു ഉടമ്പെടുത്തുക, ഇരട്ടിസംഖ്യയ്ക്കു പ്രമാണം എഴുതിക്കുക, കമ്പോളവിലയിൽ പകുതിവിലവച്ചു പഞ്ഞിയാവശ്യപ്പെട്ടുവാങ്ങുക ഇങ്ങിനെ പല ദുരാചാരങ്ങളും സൌക്കാറന്മാർ അനുഷ്ഠിച്ചുകൊണ്ടിരുന്നു. ഈ അസ്വതന്ത്രാവസ്ഥ കൃഷിക്കാരനു സ്വതന്ത്രമായി കമ്പോളത്തിൽ ലഭിക്കുന്ന വില കിട്ടുന്നതിനു പ്രതിബന്ധമായിത്തീരുന്നു. ചില അവസരങ്ങളിൽ കൃഷിക്കാരെ അവരുടെ വസ്തുക്കളിൽ നിന്നും ഇറക്കുകയോ കൂലിവേലക്കാരാക്കിത്തീർക്കയോ ചെയ്തിട്ടുണ്ട്. ഈ ഇരട്ടിപ്പുപ്രമാണപ്രകാരമുള്ള തുകകൾ നടപടി നടത്തി ഈടാക്കുന്നതല്ലെന്നും യഥാകാലം കടം തിരിച്ചുകൊടുക്കാതിരിക്കരുതെന്നു ഭയപ്പെടുത്താൻ മാത്രമാണെന്നും വാദിക്കാറുണ്ടെങ്കിലും ചിലപ്പോഴെല്ലാം യഥാർത്ഥത്തിൽ ഈ ഇരട്ടിസംഖ്യകൾക്കു വിധികൾ സമ്പാദിച്ചു നടത്തി ഈടാക്കപ്പെട്ടിട്ടുള്ളതായി ഉദാഹരണങ്ങൾ ഉണ്ട്. ചില സൌക്കാറന്മാർ കണക്കുകൾ വ്യാജമായി നിർമ്മിക്കുന്നതിൽ വാസനയും വൈദഗ്ദ്ധ്യവും സമ്പാദിച്ചിട്ടുണ്ടെന്നു കമ്മിററി കണ്ടിട്ടുണ്ട്. കടത്തിൽനിന്നു മോചനം പ്രാപിക്കാൻ വേണ്ടി തങ്ങൾക്കുള്ള വിളവുകൾ നിശ്ശേഷവും, വിധിക്കടത്തിനുപോലും ജപ്തിചെയ്യാൻ പാടില്ലാത്തതായ കാള വണ്ടിമുതലായ, കർഷകോപകരണങ്ങളും കൈവിട്ടുകൊടുക്കേണ്ടതായി വന്നിട്ടുള്ള പരിതാപകരങ്ങളായ ഉദാഹരണങ്ങളും കമ്മിററി കണ്ടെത്തിയിട്ടുണ്ട്.

കമ്മററിയുടെ തീർപ്പുകളും ശുപാർശകളും.

ബാഹ്യസഹായവും സംരക്ഷണവും യഥാകാലം ഉണ്ടാകാതെയിരുന്നാൽ ഗ്രാമീണർ നശിക്കുമെന്നുതന്നെ കമ്മററി തീരുമാനിച്ചിരിക്കുന്നു. ഗൌരവമേറിയ കർഷകപ്രക്ഷോഭണങ്ങൾ കൂടാതെയിരിക്കണമെങ്കിൽ ഋണബാധരും എന്നാൽ കേവലം ദരിദ്രരല്ലാത്തവരും ആയ ഗ്രാമീണരുടെ സാമ്പത്തികാരോഗ്യത്തെ പുനഃപ്രദാനംചെയ്യുന്നതിനു വേണ്ട പരിഹാരമാർഗ്ഗങ്ങൾ നോക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു സർ പ്രഭാശങ്കർപട്ടണിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

നിവാരണോപായങ്ങൾ.

(എ) ഗ്രാമീണരക്ഷാനിയമം. കടക്കാരായ ഗ്രാമീണരെ മുമ്പുള്ളതും മേലാലുണ്ടാകാവുന്നതും ആയ അന്യായ ഇടപാടുകളിൽനിന്നും മോചിപ്പിക്കുന്നതിലേക്കു ഒരു ഗ്രാമീണരക്ഷാനിയമം ഏർപ്പെടുത്തുകയായിരുന്നു ഒരു നിവാരണമാർഗ്ഗം. ബാംബേഡക്കാൺ കർഷകരക്ഷാനിയമത്തിന്റെ മാതൃകയിലുള്ള ഈ നിയമം ആദ്യംമുതൽക്കുള്ള ഇടപാടുകൾ പരിശോധിച്ചു ൧൨ ശതമാനത്തിൽ കൂടാത്തപലിശസഹിതം യഥാർത്ഥത്തിൽ കൊടുക്കേണ്ട സംഖ്യ വിധിച്ചുകൊടുക്കാൻ കോടതികൾക്കു അധികാരം നല്കി.

ഋണമോചനം.

(ബി) മേൽപ്പറഞ്ഞ നിയമം ആവശ്യമാണെങ്കിലും കർഷകന്റെ കടംമുഴുവൻ ആദ്യംതന്നെ തീർത്തു് സുഖമായി ജീവിക്കാൻ അയാളെ പ്രാപ്തനാക്കിയശേഷമല്ലാതെ അയാളുടെ സ്ഥിതിനന്നാക്കാൻ സാദ്ധ്യമാകുന്നതല്ല. ആയതിനാൽ കൃഷിക്കാരുടെയും സൌക്കാരന്മാരുടെയും സൌമനസ്യത്തോടെയുള്ള സഹകരണത്തോടുകൂടി കടക്കാരുടെ ശേഷിയും ധനസ്ഥിതിയും അനുസരിച്ചു ലഘുവായ തവണകളിൽ അടച്ചുതീർക്കാനുള്ള വ്യവസ്ഥയിൽ അവർക്കുവേണ്ടി ഒരു മോചനവായ്പ ഗവണ്മെന്റുകൊടുക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടതായ ഒരു ഋണമോചന പദ്ധതി ഗവണ്മെന്റുതയ്യാറാക്കുകയും ചെയ്തു. സൌക്കാരന്മാരുടെ കണക്കുകൾപ്രകാരം കൃഷിക്കാരുടെപക്കൽനിന്നു ബാക്കി ൨൭൩,൩൨൭,൨൭൮ രൂപ ചെല്ലാനുള്ളതായി കമ്മിററികാണുകയും ആയതു ൨൦൫൯൮൭൩ രൂപയായി ഒതുക്കി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആ തുക കൃഷിക്കാർക്കായി ഗവണ്മെന്റിൽനിന്നും കൊടുക്കുകയും ചെയ്തു. ഈ കൃഷിക്കാർ ആണ്ടുതോറും കൊടുത്തുവന്ന പലിശയെക്കാൾ അധികമായിരുന്നില്ല.

നികുതിക്രമവും ഋണബാധ്യതയും.

൨൭. ആകെ ൨൭൩,൩൨൭,൨൭൮ രൂപയുടെ കടം, രാജ്യത്തുള്ള ൨൧,൨൯൨ വസ്തു ഉടമസ്ഥന്മാർക്കായി വിഭജിക്കുമ്പോൾ ഒരു വസ്തു ഉടമസ്ഥനു ൩൦൧ രൂപ ശരാശരി കടം ഉള്ളതായികാണാം. കടത്തിന്റെയും ഭൂനികുതിയുടെയും അനുപാതം മൂന്നിലൊന്നുവീതം ആകുന്നു. കടക്കാരായ ഗ്രാമീണർക്കുള്ള ശരാശരികടം ൩൯൧-൭-൧൧ രൂപയും അവർക്കുള്ള കരത്തിൽ ഒരു രൂപായ്ക്കു ൩. ൮൨ രൂപ കടമുള്ളതും ആണു്.

ഫലങ്ങൾ.

൯. (എ) കടങ്ങളെല്ലാം പരിഹരിക്കപ്പെട്ടതിന്റെ ഫലമായി രാജ്യത്തെ സിവിൽകോടതികളിൽ ഏതെങ്കിലും ഗ്രാമീണന്റെ പേർക്കുള്ള ഒരു വ്യവഹാരമോ വിധിനടത്തോ ഇപ്പോഴില്ലെന്നുതന്നെ പറയാം. കോടതിക്കുപുറത്തുവച്ചു രാജിയായി പറഞ്ഞുതീർത്തു വ്യവഹാരങ്ങൾ ഇല്ലാതാക്കപ്പെട്ടു.

(ബി) ഋണപരിഹാരം മൂലം ഗ്രാമീണർക്കുണ്ടാകുന്നവെ ഉണ്ടായിട്ടുള്ള നിസ്സംശയമായ ഒരു പ്രയോജനം അവർ ചരക്കായോ ചക്രമായോ കൊടുത്തുകൊണ്ടിരുന്നതും മുടങ്ങി

യാൽ മുതലോട്ടു ചേർക്കപ്പെട്ടുവന്നതും ആയ പലിശയിൽവന്നിട്ടുള്ള ലാഭം ആകുന്നു. പലിശ ൨½ ശതമാനം എന്നു കണക്കാക്കുന്നപക്ഷം അതിലുള്ള ലാഭം ൨൭,൦൦,൦൦൦ രൂപയിൽ കവിയുന്നതാണ്.

(൩) ഈ മോചനം ഭൂനികുതിപിരിവിനെ നന്നാക്കുകയും സുഗമമാക്കുകയും ചെയ്തിട്ടുണ്ട്. കർഷകരുടെ ഒട്ടാകെയുള്ള ഋണമോചനം കരംപിരിവു വിഷയത്തിൽ വളരെ സഹായകരമായി തീർന്നിട്ടുണ്ട്.

സൌക്കാറന്മാർക്കു പ്രതീക്ഷിച്ചതിൽ കുറച്ചു ലഭിച്ചുള്ളു എങ്കിലും മിക്കവാറും നിറവേറപ്പെടാത്ത വാഗ്ദാനങ്ങൾക്കുപകരം അവർക്കു രൊക്കംപണം കിട്ടിയിട്ടുണ്ട്. സംതൃപ്തമായ ഒരു കർഷകജനതയെ ഉൽഭൂതമാക്കിയതുകൊണ്ടു മാത്രമല്ല, ഭൂനികുതിപിരിവു കൂടുതൽ സുകരമായിത്തീരുകയും കുടിശ്ശികകൾ അടഞ്ഞുവരികയും ചെയ്യുന്നതിനാലും രാജ്യത്തിനു അപാരമായ ഗുണം സിദ്ധിച്ചിട്ടുണ്ട്.

മോചനത്തിനുള്ള ഉപപദ്ധതി.

൧൦. മൂന്നാമതായി ഏർപ്പെടുത്തിയ ഉപപദ്ധതി ഗ്രാമീണരുടെ എല്ലാവിധ ജീവിതവൃത്തികളെയും ഉൾപ്പെടുത്തുന്നതും ഗ്രാമജീവിതത്തെ ആകമാനം പുനസ്സംഘടിപ്പിക്കുന്നതുമായ വിധം ഗ്രാമപഞ്ചായത്തുകൾ ഏർപ്പെടുത്തുകയായിരുന്നു.

കൃഷിക്കാരനെ കൂടുതൽ സംതൃപ്തനും സമാധാനചിത്തനും ആക്കുമെന്നുള്ള വിശ്വാസത്തിൽ പരസ്പരം ബന്ധപ്പെട്ടവയായ ഈ മൂന്നു പദ്ധതികളും ഒരേസമയത്തു തന്നെ നടപ്പിലാക്കുകയും ചെയ്തു.

അനുബന്ധം ൫.

തിരുവിതാംകൂർ സഹകരണാന്വേഷണക്കമ്മിററിപ്രസിഡന്റായി നിയമിക്കപ്പെട്ട ജി. കെ. ദേവധാർ അവർകൾ എം. എ., സി. ഐ. ഇ., പൂനായിലെ ഭാരതഭൃത്യജന സംഘം ആപ്പീസിൽ നിന്നും ടി അന്വേഷണങ്ങൾക്കിടയിൽ കാർഷികജ്ജനപരിഹാരങ്ങളെപ്പററി അഭിപ്രായം എഴുതിച്ചോദിച്ചതിനു സർ, പ്രഭാശങ്കർ പട്ടാണി അയച്ച മറുപടി.

ഭാവനഗർ,
൧൯൩൦-സെപ്റ്റംബർ ൨൯.

പ്രിയപ്പെട്ട മിസ്റ്റർ ദേവധാരെ

താങ്കളുടെ ഈ മാസം ൧൫-ാം ൧൯-ാം തീയതികളിലെ എഴുത്തുകൾ രണ്ടും രണ്ടാമത്തെ എഴുത്തോടുകൂടി അടക്കംചെയ്തിരുന്ന സവിസ്തരവും കുറെ സംപൂർണ്ണവും, ആയ പ്രശ്നാവലിയും കിട്ടി.

ഞാൻ ഉത്തരം അയക്കണമെന്നു താങ്കൾ ആഗ്രഹിക്കുന്ന പ്രശ്നങ്ങൾക്കു സ്വയം ചുവപ്പു അടയാളം കൊടുത്തിട്ടുള്ളതായി കാണുന്നു. ൧൫൫-ാം നമ്പർ ചോദ്യത്തിനു തിരുവിതാംകൂർ സിവിൾപ്രൊസിഡ്യുവർകോഡിലെ വ്യവസ്ഥകളെപ്പററിയുള്ള പരിജ്ഞാനവും ൧൭൬-ാംനമ്പർ ചോദ്യത്തിനു തിരുവനന്തപുരം സെൻട്രൽ കോഓപ്പറേറ്റിവ് ബാങ്കിന്റെ കൃത്യങ്ങളേയും ധനസ്ഥിതിയേയുംപററിയുള്ള ജ്ഞാനവും വേണ്ടിയിരിക്കുന്നതും ഇവ ഒന്നുംതന്നെ എനിക്കില്ലാത്തതും ആകുന്നു. അതുപോലെതന്നെ ൧൫൮-ാം നമ്പർ ഗ്രാമീണ ഋണ സ്ഥിതിയെപ്പററിയുള്ള പ്രശ്നവും തദ്ദേശസ്ഥിതികളെപ്പററിയുള്ള ഒരു പൂർവ്വ പരിചയം ആവശ്യമായതൊന്നാണു. അതിനാൽ ഉത്തരംപറവാൻ എനിക്കു ശ്രമിക്കാവുന്ന ഏററചോദ്യം ൧൫൭-മത്തേതു ആയിരിക്കുന്നതും എന്നാൽ അതിലും ദേശസ്ഥിതികളിലുള്ള അപരിചയംനിമിത്തം ഒരു ഋണനിവാരണപദ്ധതിയുടെ ആവശ്യകതയെയൊ ന്യായത്തെയോപ്പററി ഞാൻപറയുന്ന അഭിപ്രായത്തിനു വൈകല്യമുണ്ടാകുവാനുള്ളതും ആണ്. 'ഗ്രാമീണഋണം' എന്നു ഉപയോഗിച്ചിരുന്നതിൽനിന്നു താങ്കൾ വിചാരിക്കുന്നതു കർഷകഋണം എന്നാണെന്നു ഞാൻ ഊഹിക്കുന്നു. തിരുവിതാംകൂർ ഭാവനഗരിൽനിന്നും വളരെ അകന്ന ഒരു ദിക്കാണെങ്കിലും, ഈ പ്രശ്നം നമ്മുടെതുപോലെ കർഷകപ്രധാനമായ ഒരു രാജ്യത്തു ഏറെക്കുറെ സമാനങ്ങളായ അവസ്ഥകളിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതാകയാൽ ദേശീയാവസ്ഥാന്തരങ്ങൾ ഉണ്ടായിരുന്നാലും കർഷകഋണബാഹുല്യമെന്ന ഈ പ്രശ്നത്തിന്റെ സാമാന്യലക്ഷണങ്ങളിൽ ഇൻഡ്യയ്ക്കു വളരെ സാമ്യമാവം ഉള്ളതായി ഞാൻ വിചാരിക്കുന്നു. താങ്കൾ അറിവുള്ളതായ സെൻട്രൽ ബാങ്കിംഗ് അന്വേഷണക്കമ്മിററിയുടെ തീരുമാനങ്ങൾ എന്റെ ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നുണ്ട്.

ശരിയായ ധനസഹായംഇല്ലാതെ ഒരു വ്യവസായത്തിനും വളരാൻ കഴിയുന്നതല്ല. കൃഷി രാജ്യത്തെ ഏററവും വലിയ വ്യവസായമായിരിക്കുന്നതിനാൽ ഗ്രാമോദ്ധാരണത്തിൽ ഉൽസുകരായ എല്ലാവരുടേയും പ്രഥമശ്രദ്ധ അതിന്റെ ധനസ്ഥിതിയെപ്പററിയായിരിക്കേണ്ടതാണ്. എന്നാൽ ബാങ്കിംഗ് അന്വേഷണക്കമ്മിററി കണ്ടിട്ടുള്ളതുപോലെ ൧൦ മുതൽ ൨൦൦ വരെയും അതിൽ കൂടുതലും ശതമാനത്തിലുള്ള അക്രമപ്പലിശനിരക്കോടുകൂടിയ പഴയ കടങ്ങളുടെ പ്രശ്നത്തെ പരിഗണിക്കാതെയുള്ള ഏതൊരു കർഷക ധനസഹായപദ്ധതിയും അപൂർണ്ണമായിരിക്കയേ ഉള്ളു. ഈ കണ്ടകോടാലി കൃഷിക്കാരന്റെ കഴുത്തിനെ സമീപിക്കുമ്പോൾ അയാൾക്കു അയാളുടെ ജോലിയിൽ യാതൊരു ഉന്മേഷവും ഉണ്ടായിരിക്കാൻ ഇടയില്ലാത്തതും അയാൾ ഇപ്പോഴത്തെയത്ര വിധിവിശ്വാസിയും യാഥാസ്ഥിതികനും ആയിരുന്നില്ലെങ്കിൽ അയാൾ കടന്നുവന്നപ്രകാരം ഇത്രവേഗം വരാനിടയില്ലാതിരുന്നതും ആകുന്നു. എന്നാൽ അയാൾ കഴിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ അതു തൊഴി

ചിൽ അനുരഞ്ജിപ്പില്ലാത്ത അക്ഷമനും അശ്രദ്ധാലുവും ആയ ഒരു കൃഷിക്കാരനായിട്ടാകുന്നു.

എന്നാൽ ഋണനിവാരണത്തിന്റെ തിട്ടമായ ആവശ്യം പറഞ്ഞു ബോധ്യപ്പെടുത്തേണ്ട ഒരു സംഗതിയല്ലെന്നു ഞാൻ വിചാരിച്ചു. കൃഷികടത്തിന്റെ വലിപ്പവും തീക്ഷ്ണതയും ആരും സമ്മതിക്കും എങ്കിലും ഒരാൾ ഋണനിവാരണവിഷയത്തിൽ അല്പസഭാവം കാണിക്കുന്നതായാൽ അതു ആ പ്രശ്നത്തിന്റെ വൈപുല്യവും അതിൽ അന്തർഭവിച്ചിരിക്കുന്ന വലുതായ ധനവ്യയവും നിമിത്തമാണ്.

ഞാനൊരു മനശ്ശാസ്ത്രവിജ്ഞാനീയനല്ല. ഒരു കാര്യം ചെയ്താൽ കൊള്ളാമെന്നുള്ള ആളായിരുന്നാലും ഒരുവനു ചെയ്വാൻ ശേഷിയോ മനസ്സോ ഇല്ലാതെ വന്നാൽ അയാൾ അയാളുടെ ശേഷിക്കുറവു സമ്മതിക്കാത്തതും എന്നാൽ ഒരു വിശേഷവിധിയായ മനോവ്യാപാരംകൊണ്ടു ആ കാര്യം ചെയ്യത്തക്ക യോഗ്യതയുള്ള ഒന്നല്ലെന്നോ അതിനു ശരിയായ സമയം ആയിട്ടില്ലെന്നോ അയാൾക്കു ഭ്രമം തോന്നിപ്പോകുന്നതും ആണ്. ഗ്രാമീണഋണനിവാരണപ്രശ്നത്തോടുള്ള അവജ്ഞതയുടെ പിമ്പിൽ വിശദമായി അനുഭവപ്പെട്ടിട്ടില്ലാത്ത ഈമാതിരി ഒരു ചേതോവികാരം ഉണ്ടെന്നു എനിക്കു ചിലപ്പോൾ തോന്നാറുണ്ട്. ഋണനിവാരണത്തിന്റെ ആവശ്യം അന്തരാത്മാവു സമ്മതിക്കുന്നുണ്ടെങ്കിലും ജോലിയുടെ അസാദ്ധ്യഭാവംകൊണ്ടു പ്രബുദ്ധമായ മനസ്സ് ഭയപ്പെടുകയും ഇതൊരു വലിയ ചിന്താവിഷയമേ അല്ലെന്നു തള്ളിയോ, അതിന്റെ ഗൌരവഭാവത്തെ ലഘൂകരിച്ചോ, പഴയ ഋണങ്ങൾ ഒരിക്കൽ തീർന്നാൽ അല്പംകൊല്ലങ്ങൾക്കകം അതേസ്ഥിതിഗതികളുണ്ടാകുമെന്നു ഒരു ശുഷ്കവ്യാഖ്യാനം ചെയ്തോ മനസ്സിന്റെ അചേതനാവസ്ഥയേയും സാംശയികഭാവത്തേയും തന്നത്താൻ വീണ്ടും ന്യായീകരിക്കാൻ തയ്യാറാവുകയും ചെയ്യുന്നു.

ഈ പ്രശ്നത്തെ കൂലങ്കഷമായി ചിന്തിക്കാതെ പപ്പിലും പടപ്പിലും തള്ളുന്നതിന്റെ മറ്റൊരു ദോഷം, പൂർവകാലം മുതൽക്കേ കൈമാറിവരുന്ന പഴയകടങ്ങൾ വിസ്മരിച്ചു ലാഭകരമായും ക്ഷിപ്രസാദ്ധ്യമായും ഉള്ള ധനസഹായപദ്ധതികളിലേക്കു വഴി തെറ്റിപ്പോകാം എന്നുള്ളതാണ്. അതിനാൽ മുൻകടങ്ങളെ അവഗണിച്ചു ക്ഷണസാദ്ധ്യമായ സഹായം നൽകുന്നതിനുവേണ്ടി സഹകരണബാങ്കുകളും മറ്റുപദ്ധതികളും അനുചിതമായി പ്രോത്സാഹിപ്പിക്കുന്നതിനു ശ്രമങ്ങൾ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ അവ നിശ്ശേഷം പരാജയപ്പെട്ടിട്ടില്ലെങ്കിലും പ്രതീക്ഷിച്ചവിധം ഫലപ്രദങ്ങളായിരുന്നിട്ടില്ല. മുൻകടങ്ങളെ സംബന്ധിച്ചുള്ള പ്രശ്നം വിജയകരമായി പരിഹരിച്ചശേഷമല്ലാതെ സുഗമമായ ധനസഹായത്തിനുള്ള ഏതു പക്ഷാന്തരപദ്ധതിയ്ക്കും അല്പമായ ഒരു വിജയലക്ഷണം പോലും ഉണ്ടാകുന്നതല്ല.

ഋണനിവാരണത്തിനു യഥാർത്ഥമായ ആവശ്യവും ന്യായവും ഉണ്ടോ എന്നുള്ള പ്രശ്നത്തിനു ഒരു മദ്ധ്യവർത്തിയായ ഏജൻസി ഇടയിൽ ഏറ്റെടുക്കാത്തപക്ഷം, ഒരു ന്യായമായ കാലാവധിക്കുള്ളിൽ കടക്കാരനായ കൃഷിക്കാരനു അയാളുടെ ഉചിതമായ കൃഷിവക ആദായബാക്കികൊണ്ടു ചിരന്തനമായി കൂടിയിട്ടുള്ള കടം തിരിച്ചുകൊടുത്തു ബാദ്ധ്യത വിട്ടുതീർക്കാൻ കഴിയുമോ എന്നും, ഇല്ലെങ്കിൽ (ഇല്ലെന്നു ആരും വേഗം സമ്മതിക്കും) ഈടാക്കാൻ നിവൃത്തിയില്ലെന്നു ഉത്തമർണ്ണനു അറിയാവുന്നതായ, അല്ലെങ്കിൽ അല്പം ആലോചിച്ചാൽ അറിയാൻ കഴിയുന്നതായ കടം മുഴുവൻ തിരിച്ചുകിട്ടണമെന്നു അയാൾ നിർബന്ധിക്കുന്നതിന്റെ പ്രയോജനം എന്താണെന്നും ഉള്ള എതിർചോദ്യംകൊണ്ടുതന്നെ ഉത്തരം ലഭിക്കുന്നതാണ്. "കൃഷിക്കാരെ നാശഗർത്തത്തിൽനിന്നു രക്ഷിക്കാനുള്ള ഏക മാർഗ്ഗം അവരുടെ സകല ഋണബാദ്ധ്യതകളും നിരാകരിക്കുക"യാണെന്നു ചിലർ അഭിപ്രായപ്പെടത്തക്കവിധം ചില സ്ഥലങ്ങളിൽ ഈ പ്രശ്നം അത്ര നിശിതമായ അവസ്ഥയിലെത്തിയിട്ടുണ്ട്. ബംഗാൾ നാഷണൽ വാണിജ്യമണ്ഡലം പ്രസിഡന്റും എന്റെ ഓർമ്മ ശരിയാണെങ്കിൽ സെൻട്രൽ ബാങ്ക് അന്വേഷണക്കമ്മിറ്റി മെമ്പറായിരുന്ന ആളും

ആയ മി: നളിനരഞ്ജൻ സർക്കാർ കഴിഞ്ഞകൊല്ലം കല്ക്കട്ടായൂണിവേഴ്സിററി ഇൻസ്റ്റിട്ട്യൂട്ടിൽ ചെയ്ത ഒരു പ്രസംഗത്തിലുള്ള ഭാഗമാണ ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. പരിപൂർണ്ണമായ നിരാകരണപദ്ധതി ത്യാജ്യകോടിയിൽ തള്ളേണ്ടതായിട്ടുമാത്രം പറയപ്പെടാവുന്നതാണ്. എന്തെന്നാൽ കടക്കാരൻെറയും ഉത്തമർണ്ണൻെറയും നിലകളിൽ നോക്കിയാലും ഔഷധം രോഗത്തേക്കാൾ ദോഷകരമായിരിക്കുന്നതാണ്. ഏതായാലും കടക്കാരൻ അയാളുടെ ശക്തിയിൽ കവിഞ്ഞതുക കൊടുക്കാൻ സാദ്ധ്യമല്ലെന്ന അത്രേ മയം തന്നെ സമ്മതിക്കേണ്ടതും എത്രയും വേഗം ഉത്തമർണ്ണൻ അതു മനസ്സിലാക്കുന്നുവോ അത്രയും അയാൾക്കും ഒട്ടും കുറയാതെതന്നെ കടക്കാരനും ഗുണകരമായിരിക്കുന്നതും, ആണ്. കടക്കാരൻ കുടിശ്ശികയൊന്നും അടയ്ക്കുകയും ഉത്തമർണ്ണനെന്നും പലിശ [illegible] ഇരിക്കുന്ന സുഷുപ്തപ്രാവസ്ഥ നീണ്ടുനിൽക്കുന്നിടത്തോളം, രണ്ടുകൂട്ടർക്കും നിശ്ചിതമായ ലേശം ഗുണമുണ്ടാകാനില്ലെങ്കിലും ആർക്കും പ്രയോജനകരമായിരിക്കയില്ലാത്തതും, ഭാവിയിൽ വലിയ കലാപങ്ങൾക്കിടയാകാതിരിക്കണമെങ്കിൽ ഇരുകൂട്ടരും അന്യോന്യം സമീപിച്ചു ചേർന്ന ഉദാസീനത അവസാനിപ്പിക്കുന്നതു അത്യുത്തമമാർഗ്ഗമായിരിക്കുന്നതും ആകുന്നു. ദുസ്സഹമായ ഋണഭാരം വഹിച്ചു ഇപ്പോൾ ഏററവും നിസ്സഹായാവസ്ഥയിൽ എത്തിയിരിക്കുന്ന കർഷകൻെറ ആപൽക്കരമായ സ്ഥിതി കാലാന്തരത്തിൽ നിരാശാഭരിതമായ ഒരു കാർഷികവിപ്ലവംമൂലം രാജ്യം മുഴുവൻപടർന്നു പിടിയ്ക്കുന്ന ഒരു ഭയങ്കരമായ വിപത്തായി പരിണമിക്കാതെയിരിക്കുന്നതിലേക്ക സത്വരമായ പ്രവൃത്തി അപേക്ഷിതമായിരിക്കുന്നു'' [illegible] മി: സർക്കാർ തൻെറ പ്രസംഗാവസാനത്തിൽ പറഞ്ഞിട്ടുള്ളതു ഒട്ടും അതിശയോക്തിയല്ലെന്നാണ എൻെറ വിചാരം.

ഋണമോചനത്തിൻെറ ആവശ്യം, സമ്മതിച്ചുകഴിഞ്ഞാൽ അടുത്തചോദ്യം അതിലേക്കുള്ളമാർഗ്ഗം എന്തെന്നുള്ളതാണ്. സൌക്കാരന്മാർ ആവശ്യപ്പെടുന്ന മുഴുവൻ ബാദ്ധ്യതകളും തിരിച്ചു കൊടുക്കുന്നതിനെപ്പററി ചിന്തിച്ചിട്ടേ കൂടില്ല. മിക്ക ഋണങ്ങളിലും ആദ്യം യഥാർത്ഥത്തിൽ പററിയതുക ചെറുതായിരിക്കുന്നതും പർവ്വതീകരിച്ചുകാണുന്നതുകകൾ മിക്കവാറും പലിശ, കമ്മീഷൻ, വട്ടം മുതലായവയുൾപ്പെട്ട തുകയായിരിക്കുന്നതും ആകുന്നു. കൂടാതെ പഴയകടങ്ങൾ ഒതുക്കി തീർക്കാനായിക്കൊടുക്കുന്ന തുകകൾ കേവലം നിർദ്ധനനല്ലെന്ന മാത്രമുള്ള അവസ്ഥയിലിരിക്കുന്ന അധമർണ്ണനായ കൃഷിക്കാരൻെറ ശക്തിയും നാണ്യവും ആലോചിച്ചു നിശ്ചയിക്കേണ്ടതുമാണ്. ബേനഗർ പദ്ധതിയിൽ ഒരു കർഷകവ്യക്തിയുടെ കടം തീർക്കുന്നതിലേക്ക കൊടുക്കേണ്ട തുക അയാൾ അടയ്ക്കേണ്ട വാർഷികനികുതിയുടെ മൂന്നു ഗുണത്തിൽ കവിയരുതെന്നു തീരുമാനിച്ചിരിക്കുന്നു.

ഋണനിവാരണം തീർച്ചയാക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ ജോലി തുടങ്ങുന്നതിനു ഇതാണ ഏററവും ശുഭമായ അവസരം, കൃഷിവക ആദായത്തിൽനിന്നു മുതലും പലിശയും കൊടുക്കുന്നതിലേക്കുണ്ടാകുന്നമിച്ചം ഇപ്പോഴത്തെ സാമ്പത്തികാധഃപതനവും വിശിഷ്യ കാർഷികോല്പന്നങ്ങൾക്കുള്ള വിലക്കുറവും നിമിത്തം വളരെ ശുഷ്കിച്ചിരിക്കുന്നതും, ഉത്തമർണ്ണന്മാർ നിയമ മാതൊന്നും ഈടാക്കാൻശക്തരല്ലായ്കയാൽ ഉടനടിതന്നെ രൊക്കംപണം കിട്ടുമെന്നുള്ള പ്രത്യാശയുളവാക്കുന്നതായ ഋണമോചനപദ്ധതി അനുകൂലിക്കുന്നതിനു അവർ കൂടുതൽ സംതൃപ്തിയുള്ളവരായിരിക്കുന്നതും ആകുന്നു. കൂടാതെ കടക്കാരനായ കൃഷിക്കാരൻെറ ഋണനിവാരണത്തിലേക്ക അടയ്ക്കാൻ കഴിയുന്ന ആദായമിച്ചത്തെപ്പററി നിർണ്ണയിക്കുന്നതിനു, സ്ഥാവരവസ്തുവിലയും സാധനവിലയും കയറിനിൽക്കുന്ന സമയങ്ങളിൽ അതിശയോക്തിയായി കണക്ക [illegible] അബദ്ധത്തിൽ പരിണമിക്കുന്നതിനെക്കാൾനന്നു വിലകുറഞ്ഞിരിക്കുന്ന അവസരത്തിൽ കണക്കാക്കുകയാണ്. ആവശ്യമുള്ള ധനസഹായം ഈ രാജ്യത്തുതന്നെയുണ്ടാകുന്നില്ലെങ്കിൽ, വളരെ സുലഭമായി പരിപ്ലവധനങ്ങൾ നിക്ഷേപമാർഗ്ഗങ്ങൾ തേടിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഭൂസ്വത്തുബാങ്കോ അതുപോലുള്ള മററു സ്ഥാപനങ്ങളോ ഏർപ്പെടുത്തി കുറഞ്ഞ പലിശയ്ക്കു നിഷ്പ്രയാസം ധനം ഉണ്ടാക്കാവുന്നതാണ്.

ഒട്ടാകെയുള്ള ഋണമോചനം നടത്തിയതിനുശേഷം ഭാവിയെപ്പററി ഒരു പൂർവ്വഗണന ചെയ്യുന്നതു ആപൽകരമായിരിക്കും. ഞങ്ങളുടെ ഭവനഗരിലെ അനുഭവം ഒരു പൊതുനിരൂപണത്തിനുതക്ക കാലത്തേക്ക പ്രവൃത്തിച്ചിട്ടില്ല. എന്നാൽ കൃഷിക്കാരൻ മുൻകടങ്ങളുടെ ഭാരത്തിൽനിന്നു വിമുക്തനായി എന്ന ഒററ സംഗതി അയാളുടെ നാന്യത്തെ വർദ്ധിപ്പിക്കുകയും ലഘുതരങ്ങളായ വ്യവസ്ഥകളിൽ അയാൾക്കു അത്യാവശ്യമുള്ളപക്ഷം കടം വാങ്ങാൻ അയാളെ പ്രാപ്തനാക്കുകയും ചെയ്യേണ്ടതാണ്. നിങ്ങളുടെ പ്രശ്നാവലി തയ്യാറാക്കീട്ടുള്ള രീതികൊണ്ടു തിരുവിതാംകൂറിൽ സഹകരണപ്രസ്ഥാനം സാമാന്യം അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ടെന്നു തോന്നുന്നതും, അതിലെ കർഷക ഘടകങ്ങളെ അവരുടെ മുൻകടങ്ങളിൽനിന്നും വിമുക്തരാക്കിയാൽ പ്രസ്ഥാനം ദൃഢതരമായും അവക്കു പ്രയോജനകരമായും തീരാൻ വഴിയുള്ളതും ആണ്.

കൃഷിക്കാരുടെ മൊത്തം കടം വീട്ടിയതിന്റെ അനന്തരഫലങ്ങൾ ഭവനഗരിലുള്ള ഞങ്ങൾ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരിക്കയാണ്. ചില കേസുകളിൽ മൂന്നു സംവത്സരത്തിൽ കൂടുതൽ കഴിഞ്ഞിട്ടുണ്ടെങ്കിലും, കടം തീർക്കപ്പെട്ട മഹലാകളിൽ പുതിയ കടങ്ങൾ ഉണ്ടാക്കുന്നതിനു ഒരു പ്രത്യക്ഷമായ ഒരുമ്പാടു കാണപ്പെട്ടിട്ടില്ല. എന്നാൽ ഏതാനും വർഷങ്ങൾക്കുശേഷം കടം വീട്ടിത്തീർന്ന കർഷകരിൽ ഏതാനും ശതമാനം ആളുകൾ പൂർവ്വസ്ഥിതിപോലെ കടക്കാരായി തീരുമെന്നു ഞങ്ങൾ സമ്മതിക്കാം. എന്നാൽ പൂർവ്വകാലത്തെ ദുരിതാനുഭവങ്ങളുടെ സ്മരണ മക്കൾ കർഷകന്മാരുടെ കാര്യത്തിലും വിചാരശൂന്യമായ മുൻകാലപെരുമാററങ്ങളിൽനിന്നു അവരെ വിരമിപ്പിക്കാൻ പര്യാപ്തമായ ഒരു പ്രേരണാശക്തിയായിരിക്കുന്നതാണ്. മിതവ്യയശീലമില്ലായ്മയും കടം വരുത്താനുള്ള സന്നദ്ധതയും അത്യുത്തമവും ഫലപ്രദവുമായ പ്രതിവിധി കർഷകർ ശക്തിയിൽ കവിഞ്ഞു കടംവാങ്ങുന്നതിനെ വിരോധിക്കത്തക്ക ഒരു ശ്രേയസ്കരമായ ജനകീയാഭിപ്രായം ഗ്രാമവാസികളുടെയിടയിൽ വളർത്തുകയാണ്. എന്നാൽ ഭാവി അനിശ്ചിതമാണെന്നു സമ്മതിച്ചാലും, മററുവിധേന ആവശ്യം പ്രസ്പഷ്ടമായിട്ടുള്ള പ്രവൃത്തികൾ ചെയ്യാതെയിരിക്കാനോ താമസിപ്പിക്കാനോ അതൊരു സമാധാനമാകരുതെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. എന്തുതന്നെ പറഞ്ഞാലും എന്റെ ഇവിടത്തെ പരിമിതമായ അനുഭവത്തിൽനിന്നും ഞാൻ കണ്ടിട്ടുള്ളതു കർഷകജനതയെ ഋണവിമുക്തരാക്കുന്നതുകൊണ്ടു രാജ്യത്തിനു അപാരമായ നന്മയുണ്ടാകുമെന്നാണ്.

എന്തെന്നാൽ ഋണവിമുക്തരും സംതൃപ്തരും ആയ ഒരു കർഷകജനതയെ സൃഷ്ടിക്കുന്നതിനു പുറമെ അഭൂതപൂർവ്വമായ വിലക്കുറവുകളുള്ള ഇക്കാലത്തു പിരിച്ചെടുക്കാൻ പ്രയാസമായിരിക്കുന്ന ഭൂനികുതി തൃപ്തികരമാംവണ്ണം നിഷ്പ്രയാസം പിരിച്ചെടുക്കുന്നതിനു സഹായകരമായി തീരുകയും ചെയ്തിട്ടുണ്ട്. അതിനു പുറമെ പറഞ്ഞൊതുക്കപ്പെട്ട ഋണസംഖ്യകൾ സൌക്കാരന്മാക്കു കൊടുക്കുന്നതിനു മുമ്പായിത്തന്നെ, കൊടുക്കാനുദ്ദേശിക്കുന്ന കടങ്ങൾ വീട്ടുന്നതിലേക്കായി ചില സ്ഥലങ്ങളിൽ കൃഷിക്കാർ വലിയസംഖ്യകൾ സസന്തോഷം നിക്ഷേപിച്ചുവരുന്നതായും ഞാൻ കണ്ടിട്ടുണ്ട്. ഇതിൽനിന്നു മനസ്സിലാക്കേണ്ടതു കൃഷിക്കാരെ കടത്തിൽനിന്നു നിവാരണം ചെയ്യുന്നതിനുള്ള ഈ ശ്രമം അവർ തീരെ അനാദരിക്കുന്നില്ലെന്നാണ്.

മേൽ വിവരിച്ചപോലെ ൨൪-ാം നമ്പർ ചോദ്യത്തിനു ഉത്തരം പറയാൻ ഞാൻ പ്രാപ്തനാണെന്നു തോന്നുന്നില്ലെങ്കിലും, ഗ്രാമീണ ഋണബാദ്ധ്യതയുടെ പരിധിയെപ്പററി ഊഹത്തെ അടിസ്ഥാനമാക്കി കണക്കു കൂട്ടരുതെന്നു ഒരു മുന്നറിവു നൽകാൻ ഞാനാഗ്രഹിക്കുന്നു. വിശകലിച്ചു അപ്രകാരമുള്ള കണക്കിനെ അടിസ്ഥാനപ്പെടുത്തി മേലാൽ ഒരു നിവാരണ പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നു എങ്കിൽ അങ്ങനെ ചെയ്തുകൂടാത്തതാണ്. ഓരോ വ്യക്തിയുടെയും ഋണസ്ഥിതിയെപ്പററി കണക്കുകൾ ശേഖരിക്കുന്നതു നിസ്സംശയമായും ബുദ്ധിമുട്ടും മുഷിപ്പും ഉണ്ടാക്കുന്ന ജോലിയാണ്, എങ്കിലും വിശ്വാസയോഗ്യമായ സ്ഥിതിവിവരങ്ങൾ വേണമെന്നു വിചാരിക്കുന്നപക്ഷം അങ്ങനെ ബുദ്ധിമു

ട്ടേണ്ടതാകുന്നുവെന്നാണ് ഞാൻ വിചാരിക്കുന്നത്. താങ്കൾ അറിഞ്ഞിട്ടുള്ളപ്രകാരം ഭവനഗർനിവാരണപദ്ധതി കർഷകഋണാന്വേഷണക്കമ്മിററിയുടെ പ്രാരംഭാന്വേഷണഫലമായി രൂപപ്പെട്ടിട്ടുള്ളതാണ്. ഈ കമ്മിററി ഓരോ കൃഷിക്കാരന്റെയും കടത്തിന്റെ കണക്കുകൾ ശേഖരിക്കുന്നതിനു വളരെ പ്രയാസപ്പെട്ടിട്ടുണ്ട്. എന്നാൽ നിവാരണപദ്ധതി നടപ്പാക്കേണ്ടതായിവന്നപ്പോൾ ഈ കണക്കുകൾ ൨൫ മുതൽ ൫൦ വരെ ശതമാനം വ്യത്യാസപ്പെട്ടവയായി കാണപ്പെട്ടു. ആദ്യത്തെ അന്വേഷണത്തിനും, പുതിയപദ്ധതി നടപ്പാക്കിയതിനും ഇടയ്ക്കു മൂന്നുനാലു വർഷം കഴിഞ്ഞുപോയിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എന്നാലും ഈ കാലത്തിനിടയ്ക്കു കുറെ പുതിയ കടങ്ങൾ വന്നുചേരാമെന്നു സമ്മതിക്കാമെങ്കിലും, മേൽപറഞ്ഞ അന്തരം ഈ കാലംകൊണ്ടുമാത്രം ഉണ്ടായിട്ടുള്ളതാണെന്നു വിചാരിക്കാൻ പാടില്ലാത്തതും, ആദ്യ അന്വേഷണകാലത്തു ഒട്ടധികം കൃഷിക്കാർ അഭിമാനംകൊണ്ടോ മതിപ്പോ അന്തസ്സോ കുറഞ്ഞുപോകുമെന്നു ഭയന്നോ മനസ്സിലാകാൻ പാടില്ലാത്തതായ മററു കാരണങ്ങൾകൊണ്ടോ ഒന്നുകിൽ ഒന്നും മിണ്ടാതിരിക്കുകയോ അല്ലെങ്കിൽ അവരുടെ കടങ്ങൾ ഉള്ളതിൽ വളരെ കുറച്ചു പറകയോ ചെയ്തിരിക്കാമെന്നു സംശയിക്കേണ്ടിയിരിക്കുന്നതും ആകുന്നു. അതിനാൽ ഗ്രാമീണ ഋണങ്ങളെപ്പററി താങ്കൾ ദയവുചെയ്തു കേവലം ഊഹത്തെ അടിസ്ഥാനമാക്കുകയില്ലെന്നു (ദേശസ്ഥിതികൾ നല്ലവണ്ണം അറിയാവുന്നവരെന്നു അഭിമാനിക്കുന്നവരും അതിനാൽ ഊഹം പറവാൻ അവകാശമുള്ളവരുമാണ് അപ്രകാരം ചെയ്യുന്നതെന്നിരുന്നാലും) ഞാൻ വിശ്വസിക്കുന്നു.

മി: സി. പട്ടാണി (ഒപ്പ്)

P. S. സെപ്റ്റംബർ ൨൭ “ടൈംസ് ആഫ് ഇൻഡ്യ” ൧൪-ാം വശത്തു “കൃഷിക്കാരുടെ ഋണബാദ്ധ്യത” എന്ന തലക്കെട്ടിൽ കണ്ട ഒരു കത്തിൽനിന്നും താഴെ പറയുന്ന ഭാഗം എന്റെ മേല്പറഞ്ഞ അഭിപ്രായത്തെ പ്രബലപ്പെടുത്തുന്നതിലേക്കായി ഉദ്ധരിക്കുന്നു:—

“വിദ്യാഭ്യാസത്തിന് അടുത്തതായി ഇൻഡ്യൻകൃഷിക്കാരനെ ബന്ധിക്കുന്നതായ ഗ്രാമീണഋണബാദ്ധ്യതകൾ എങ്ങിനെയാണ് മാറേറണ്ടതു് എന്നുള്ളതാണ് ഗ്രാമീണസമ്പൽശാസ്ത്രസംബന്ധമായ ഏററവും നിശിതമായ പ്രശ്നം. ‘ഇൻഡ്യൻകർഷകൻ കടത്തിൽ ജനിച്ചു കടത്തിൽ ജീവിച്ചു കടത്തിൽ മരിക്കുന്നു’ എന്നു പറയപ്പെടുന്നു. അതിനാൽ ഏതെങ്കിലും ഗ്രാമോദ്ധാരണപദ്ധതിയിൽ പ്രവേശിക്കുന്നതിനുമുമ്പു ചെയ്യേണ്ടതായ ഒരത്യാവശ്യസംഗതിയാണ് ഋണനിവാരണം. അതിനാൽ ഗ്രാമപുനരുദ്ധാരണത്തിൽ താമസം വരുത്തുകയോ അല്ലെങ്കിൽ ഉദാസീനമായ പദ്ധതികൾ സ്വീകരിക്കുകയോ ചെയ്യുന്നതു, നഗരങ്ങളിലെ തൊഴിലില്ലായ്മയുടെ ഫലമായി ഉണ്ടായിട്ടുള്ള ആഹാരസംബന്ധമായ വിപ്ലവങ്ങളെക്കാൾ കൂടുതൽ ആപൽക്കരമായ അരാജകത്വത്തിന് നിസ്സംശയമായും കാരണമാകുമെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുന്നതല്ല.

ജി. കെ. ദേവധാർ എസ്ക്വയറിന് — പ്ര. ശ. പ.

അനുബന്ധം ന്ന.

മെംബറൊന്നിനുള്ള ചിലവിന്റെ തരതമപ്പട്ടിക.

പ്രാവിൻസു രാജ്യം	ജനസംഖ്യ ഫ ൦ ലക്ഷം	സംഘങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	ഗവൎമ്മെൻറു ചെലവു് രൂ.	സംഘം ഒന്നിന ചെലവു് രൂ.	അംഗം ഒന്നിനു ചെലവു് രൂ.	ണ.	പൈ.	റിമാൎക്ക്
പഞ്ചാബ്	ഉന്ന,ന്ന	ഉഫ,ഫഉവ	൧ന൦,ൻഉര	ഫ൦,ഫര,൦൦൦	രവ.൦൦	ഫ	ന്ന	,,	
ബോംബെ	ഉഫ.ൻ	൫.വവ൦	൫ൻ൫,ന്ന൫൫	൫,ന്ന൧,ഉ൫ൻ	ൻന്ന.ന	,,	ഫഫ	,,	
മദ്രാസ്	രന്ന.൧	ഫന,ൻ൫ന്ന	വൻന്ന,ര൧വ	ൻവന്ന,൦൦൦	൧ന,൫	ഫ	ഫ	൧	
മൈസൂർ	ന്ന.ന്ന	ഉഫ,വ൦	ഫരര,രവഫ	ഫ,നഉ,൦൦൦	ന്ന൦.൧൫	,,	ഛര	ൻ	
കൊച്ചി	ഫ,ഉ	ഉ൫ന്ന	ഉ൫നരന്ന	ഉ൦,൦൦൦	൧വഫ	,,	ഫഉ	൫	
തിരുവിതാംകൂർ	൫.ഫ	ഫ,൧വന്ന	ഉന൦,രനന	ന്നന,൦൦൦	ന൫.ന	,,	ര	രഫ/ഉ	

അനുബന്ധം ൧.

ബോംബെപ്രാവിൻഷ്യൽ കോവാപ്പറേററിവ് ബാങ്ക്.

(അതിന്റെ ഉത്ഭവവും വളർച്ചയും)

ആരംഭത്തിൽ ധനകീയം മാത്രമായിരുന്ന സഹകരണപ്രസ്ഥാനം ആദ്യം ഇൻഡ്യയിൽ ഏർപ്പെടുത്തിയിട്ട് ഇപ്പോൾ ൩൦ വർഷം ആയിരിക്കുന്നു. വ്യക്ത്യംഗങ്ങൾക്കു ആവശ്യമുള്ള ധനസഹായം ചെയ്യുന്നതിനു വേണ്ടിവരുന്ന ധനം അംഗങ്ങളിൽനിന്നോ അല്ലാത്തവരിൽനിന്നോ ശേഖരിക്കുന്നതിനു ഗ്രാമീണസംഘങ്ങൾക്കു കഴിയാതെ വരുന്ന പക്ഷം ധനാധിക്യം വരുന്നതായ അടുത്തുള്ള നഗരസംഘങ്ങളിൽനിന്നും ഈ ആവശ്യം ഏറെക്കുറെ നിർവഹിക്കപ്പെടാമെന്ന് ആദ്യകാലങ്ങളിൽ പ്രവർത്തകന്മാർ വിചാരിച്ചിരുന്നു. പ്രാരംഭകാലങ്ങളിൽ ഗവണ്മെന്റിൽനിന്നും ചെറിയ തുകകൾ പലിശ കൂടാതെയും പിന്നീട് ഒരു ചെറിയ പലിശക്കും കടം കിട്ടിക്കൊണ്ടും ഇരുന്നു. ൧൯൦൬-ൽ തന്നെ ധനാവശ്യങ്ങൾ നിറവേററുന്നതിനു വിഷമങ്ങൾ കണ്ടു ഗ്രാമസംഘങ്ങൾക്കു ധനസഹായം ചെയ്യുന്നതിനായി ബോംബെയിൽ ഒരു നാഗരികസഹകരണധനസഹായസംഘം ആരംഭിക്കുന്നതിനു രജിസ്ട്രാർ ഏതാനും സ്നേഹിതന്മാരെ പ്രേരിപ്പിച്ചു. അന്നു സർ. വിതൽദാസ് ഡി. താക്കർസേയും സർ ലല്ലുബായി സാമൽദാസും സഹകരണസംഘങ്ങൾക്ക് ധനസഹായം ചെയ്യുന്നതിനായി മാത്രം ഗവണ്മെന്റു ഗാറന്റിയുള്ള ഡിബഞ്ചറുകൾ കൊടുപ്പുകൾക്കുകൂടി സാമ്പത്തികപരിപാടിയിൽ വ്യവസ്ഥയോടുകൂടിയതായ ഒരു ബാങ്കു സ്ഥാപിക്കണമെന്ന് ആലോചിച്ചു. ബോംബെ ഗവണ്മെന്റും ഇൻഡ്യാഗവണ്മെന്റും സ്റ്റേറ്റുസെക്രട്ടറിയും തമ്മിൽ വളരെ വാദപ്രതിവാദങ്ങൾക്കുശേഷം അതിന്ന് അംഗീകാരം ലഭിക്കുകയും സംസ്ഥാപകന്മാരും ഗവണ്മെന്റും തമ്മിൽ ചെയ്ത ഒരു കരാർ അനുസരിച്ചു ൧൯൦൪-ലെ ൧൦-ാംനമ്പർ ഇൻഡ്യാഗവണ്മെന്റ് ആക്ട് അനുസരിച്ചു ൧൯൧൧ അക്ടോബർ ൧൧-ാംനു ബോംബെ സെൻട്രൽകോവാപ്പറേററിവ്ബാങ്ക് ഒരു നാഗരികധനസഹായസംഘമായി രജിസ്റ്റർചെയ്യപ്പെടുകയും ചെയ്തു. ബാങ്കിന്റെ പ്രവർത്തനം അതിന്റെ നിബന്ധനകളും ഗവണ്മെന്റുമായുള്ള കരാറും അനുസരിച്ചും സഹകരണസംഘനിയമത്തിന്റെയും അതനുസരിച്ചുള്ള ചട്ടങ്ങളുടെയും വ്യവസ്ഥകൾക്കുൾപ്പെട്ടും ഇരുന്നിരുന്നു. ബോംബെ അർബൻകോവാപ്പറേറിവ്ക്രഡിററു സംഘം പലഡിസ്ട്രിക്ട്കളിലും സംഘങ്ങൾക്കു കൊടുത്തിരുന്ന വായ്പകളെയും നിരക്ഷനാൽപ്രദേശങ്ങളിലുള്ള ചെറുഗ്രാമങ്ങളിലായി കൃഷിവായ്പനിയമപ്രകാരം ഗവണ്മെന്റു കൊടുത്തിരുന്ന തക്കാവി വായ്പകളെയും ഏറെറടുത്തു ബാങ്കു പ്രവർത്തനം ആരംഭിച്ചു. ബാങ്കിന്റെ പ്രവർത്തനം യഥാർത്ഥത്തിൽ പ്രസിഡൻസി മുഴുവൻ വ്യാപിച്ചിരുന്നതും സിൻഡ് അന്നൊരു പ്രത്യേകഭരണത്തിൻകീഴിലായിരുന്നതിനാൽ ഈ പ്രവർത്തനപരിധിയിൽ ഉൾപ്പെടാതെയിരുന്നിട്ടുള്ളതും ആണ്. ബാങ്ക് സ്ഥാപിച്ചുകഴിഞ്ഞ ഉടൻ ഡിസ്ട്രിക്ട് സെൻട്രൽബാങ്കുകൾ ഏർപ്പെടുത്താൻ ശ്രമങ്ങൾ തുടങ്ങുകയും സൂററററ്, ബ്രോച്ച്, അഹമ്മദ്നഗർ എന്നീ സ്ഥലങ്ങളിലെ അർബൻസംഘങ്ങൾ അതതു ഡിസ്ട്രിക്ടിലെ സെൻട്രൽബാങ്കുകളായി ക്രമേണ രൂപാന്തരപ്പെടുകയും ചെയ്തു. മാക്ലഗൻസഹകരണാന്വേഷണക്കമ്മിററിയുടെ ശുപാർശകൾമൂലം ഓരോ ഡിസ്ട്രിക്ടിന്നും സ്വന്തമായി പ്രത്യേകബാങ്കുകൾ വേണമെന്നുള്ള മോഹം ഉദ്ദീപിക്കപ്പെടുകയും അവർ നിർദ്ദേശിച്ച രീതിയിൽ കൂടുതൽ ബാങ്കുകൾ സ്ഥാപിക്കപ്പെടുകയുംചെയ്തു. അതേസമയം മാക്ലഗൻകമ്മററിയുടെ ശുപാർശപ്രകാരംതന്നെ സ്ഥാപിതങ്ങളായ പ്രാഥമികസംഘങ്ങളുടെ ഗാറന്റിയിംഗ് ഐക്യസംഘങ്ങളെ തങ്ങളുടെ പ്രാദേശികഏജന്റന്മാരായി ബോംബെ സെൻട്രൽബാങ്ക് ഉപയോഗപ്പെടുത്തുകയും ചെയ്തു. ഏതെങ്കിലും ഒരു പ്രദേശത്തു് ഒരു ധനസഹായസ്ഥാപനമേ ഉണ്ടായിരിക്കാൻ പാടുള്ളു എന്ന നയം ൧൯൨൦-ൽ സ്വീകരിക്കപ്പെട്ട

കയും പ്രവർത്തനസീമകൾ അതിക്രമിക്കാതിരിക്കുന്നതിനു നടപടികൾ എടുക്കുകയും പ്രാഥമികകർഷകസംഘങ്ങളുമായി നേരിട്ടു ബാംബെ സെൻട്രൽബാങ്കിനുള്ള ഇടപാടുകൾ നിരോധിക്കപ്പെടുകയും ചെയ്തു. ഡിസ്ട്രിക്ട്ബാങ്കുകൾ ഉള്ള സ്ഥലങ്ങളിൽ ബാങ്കിനുണ്ടായിരുന്ന ഇടപാടുകളെല്ലാം അതതു ഡിസ്ട്രിക്ട്ബാങ്കുകളിലേക്കു മാററപ്പെട്ടു. ഒരു കേന്ദ്രബാങ്ക് എന്നവണ്ണം സംഘടിതബാങ്കുകളിലെ മുതലുകളുടെ കൂടുതൽ കുറവുകളെ സമീകരിക്കുകയാണ് ബാങ്കിൻെറ പ്രധാനജോലി എന്നു സൂചിപ്പിക്കത്തക്കവണ്ണം നില വ്യത്യാസത്തിനനുസരണമായി ൧൯൨൩-ൽ ബാങ്കിൻെറപേരു ബാംബെ പ്രാവിൻഷ്യൽ കോവാപ്പറേറ്റിവ് ബാങ്ക് എന്നാക്കുകയും ചെയ്തു. എന്നാൽ ഒരു പ്രദേശം വളരെ പിന്നോക്കമായിരിക്കുകയൊ, അവിടെ ചെന്നുപെട്ടിട്ടുള്ള ധനം സംഖ്യയിൽ വളരെ കുറഞ്ഞിരിക്കയൊ, അവിടെ ഉള്ള ഇടപാടുകൾ ഏറെറടുക്കത്തക്കവണ്ണം അവിടത്തെ ബാങ്കുകൾ അഭിവൃദ്ധിപ്പെട്ടിട്ടില്ലെന്നു ഡിപ്പാർട്ടുമെൻറു വിചാരിക്കയൊ ചെയ്യുന്നതുമൂലം ഇടപാടുകൾ കൈമാററം ചെയ്യപ്പെടാതെയിരുന്നിട്ടുള്ള ചിലഡിസ്ട്രിക്ററുകളിലുള്ള പ്രാഥമികസംഘങ്ങളുമായി ബാങ്കു നേരിട്ടു ഇടപാടുകൾ ചെയ്തുകൊണ്ടും ഇരിക്കുന്നുണ്ട്.

ഒരു ഗണ്യമായ തോതിൽ വ്യാപാരം നടക്കുന്നപക്ഷം അവിടെയുള്ള സംഘങ്ങളുമായി ഒരു ബന്ധം ഉണ്ടാക്കുന്നതിനു ശാഖകൾ സ്ഥാപിക്കണമെന്ന് ആദ്യംതന്നെ ആലോചിച്ചിരുന്നതനുസരിച്ചു പൂനാഡിസ്ട്രിക്ടിൽ ബരമതിയിൽ ഒരു ശാഖ സ്ഥാപിക്കയും ആ പ്രദേശത്തുണ്ടായിരുന്ന ഗവണ്മെൻറുവായ്പഇടപാടുകൾ ബാങ്ക് ഏറെറടുക്കുകയും ചെയ്തു. ഗോദാവരി തോട്ടത്തിലെ ഡിപ്പാർട്ടുമെൻറ് ഏർപ്പെടുത്തിയ കരിമ്പുകൃഷിക്കാരുടെ സംഘസമൂഹത്തിനുവേണ്ടി ഡക്കാൺക്യനാൽപ്രദേശത്തു കോപ്പർഗിയോൺ എന്നസ്ഥലത്തു രണ്ടാമത്തെ ശാഖ ഏർപ്പെടുത്തി. പ്രാഥമികകർഷകധനസഹായസംഘങ്ങളുമായി നേരിട്ടു ഇടപാടുകൾ ചെയ്യേണ്ടതായിട്ടുള്ള സ്ഥലങ്ങളിൽ സംഘങ്ങളോടും അവയിലെ അംഗങ്ങളോടും കൂടുതൽ അടുത്തു പരിചയപ്പെടുന്നതിനു ശാഖകൾ ഏർപ്പെടുത്തണമെന്നു ൧൯൨൦-നുശേഷം ബാങ്കു തീർച്ചയാക്കി. തദനുസരണം ശാഖകളുടെ എണ്ണം വർദ്ധിക്കയും ഡിസ്ട്രിക്ട് തലസ്ഥാനത്തു ശാഖ സ്ഥാപിക്കുമ്പോൾ ആ ഡിസ്ട്രിക്ടിലുള്ള താലൂക്കുതലസ്ഥാനങ്ങളിലും താദൃശങ്ങളായ സൌകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുവന്നു. ശാഖകളുടെ വർദ്ധന സമൂഹമായി സംഘങ്ങളുള്ള ദൂരസ്ഥിതങ്ങളായ ഗ്രാമപ്രദേശങ്ങൾക്കു കൂടുതൽ സൌകര്യം ഉണ്ടാക്കുക എന്നല്ലാതെ വ്യാപാരവർദ്ധനയെ ദ്യോതിപ്പിക്കുന്നില്ല. ബാങ്കു നേരിട്ടു ധനസഹായം ചെയ്തുകൊണ്ടിരിക്കുന്നതും ശാഖകൾ മുഖാന്തിരം വ്യാപാരസൌകര്യം ലഭിക്കേണ്ടതുമായ സംഘങ്ങൾ രത്നഗിരിഡിസ്ട്രിക്ടിലും കൊളാബാഡിസ്ട്രിക്ടിൻെറ ദക്ഷിണാർദ്ധത്തിലും ചിതറിക്കിടക്കുന്ന ഏതാനുംസംഘങ്ങൾ മാത്രമാകുന്നു. ഡിൻഡ്, കർണ്ണാററിക്ക് ഈ പ്രദേശങ്ങൾ മുഴുവനും, കിഴക്കേ ക്യാൻഡെഷ്, പഞ്ചമഹാല ഒഴിച്ചുസൂററ് ബ്രോച്ച് എന്നീ ഡിസ്ട്രിക്ററുകളിലും ഉള്ള പ്രാഥമികസംഘങ്ങളുമായി ബാങ്കിനു നേരിട്ടു ഇടപാടുകൾ ഇല്ലാത്തതാകുന്നു. ചില ശാഖകളിൽ ആഴ്ചയിൽ നാലുദിവസംമാത്രം ജോലിയുള്ളതും മററു രണ്ടു പ്രവർത്തനദിവസങ്ങളിൽ ഏജൻറു സംഘടിതസംഘങ്ങൾ സന്ദർശിക്കാൻ ആവശ്യപ്പെട്ടുവരുന്നതും ആകുന്നു. ബാർമതിയിലുള്ള ശാഖയൊഴിച്ചു മററു ശാഖകളിലെല്ലാം ഏതാനും നിയന്ത്രണങ്ങൾക്കുൾപ്പെട്ടു സംഘങ്ങൾക്കു വായ്പകളും പററുകളും അനുവദിച്ചുകൊടുക്കാൻ അധികാരങ്ങളുൾപ്പെടെ പല അധികാരങ്ങളും ചുമതലകളും ഉള്ള ശാഖക്കമ്മിററികൾ ഉണ്ട്.

ആദ്യം ബാങ്കിലുണ്ടായിരുന്ന അംഗങ്ങൾ നാഗർസെൻട്രൽബാങ്ക് ഒഴിച്ചു ബാക്കിയുണ്ടായിരുന്നതു മുഴുവൻ വ്യക്തികളായിരുന്നു. സഹകരണസംഘങ്ങൾ അംഗങ്ങളായി ചേരേണ്ടതിൻെറ ആവശ്യകത താമസംവിനാ ഡയറക്ടറന്മാർ മനസ്സിലാക്കുകയും അംഗങ്ങളായി ചേരാൻ ആഗ്രഹിക്കുന്ന സംഘങ്ങൾക്കു ഉള്ള ഓഹരിക്കാരിൽനിന്നും ഓഹരികൾ വാങ്ങാൻ പ്രത്യേകസൌകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. ഏതാനും പ്രാഥമിക

കർഷകസംഘങ്ങൾ ഈ സന്ദർഭം ഉപയോഗപ്പെടുത്തി എങ്കിലും ആദ്യകാലങ്ങളിൽ ബാങ്കിലെ ഓഹരികൾ ധാരാളമായി വാങ്ങിച്ചുകൊണ്ടിരുന്നതു സെൻട്രൽബാങ്കുകളും അർബൻബാങ്കുകളും ആയിരുന്നു. ൧൯൨൫-ൽ ൧൯൧൨-ാമത്തെ ബാംബെസഹകരണആക്ടോടുകൂടി കടംവാങ്ങുന്ന എല്ലാ സംഘങ്ങളും അംഗങ്ങളായിരിക്കണമെന്നുണ്ടായ നിബന്ധനപ്രകാരം ഇപ്പോൾ ആകെയുള്ള ൨൫൧൪ അംഗങ്ങളിൽ ൧൯൬൩ സഹകരണസംഘങ്ങൾ ആയിരിക്കുന്നുണ്ട്. ആകെയുള്ള ൧,൨൫൬,൫൧൦ രൂപാ ഓഹരിമുതലിൽ സെൻട്രലും അർബനും ബാങ്കുകൾ എടുത്തിട്ടുള്ള ഓഹരിമുതൽ ൭,൧൩,൩൦൦ രൂപയാണ്. മുമ്പു ൨൦-ാമതു നിബന്ധനപ്രകാരം ഓഹരി എടുത്തിട്ടുള്ള ക്രമത്തിന് അംഗങ്ങൾക്കു വോട്ടുചെയ്യാമായിരുന്നതും എന്നാൽ ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമപ്രകാരം ഏതൊരു മെമ്പർക്കും എത്ര ഓഹരി എടുത്താലും ഒരു വോട്ടിനു മാത്രം അവകാശമുള്ളതും ആണ്. മുമ്പിലത്തെ ഡയറക്ടറന്മാരുടെ ബോർഡിൽ ഗ്രാമീണാവശ്യങ്ങളെ പ്രതിനിധീകരിക്കുന്നതിനു രണ്ടു ഡയറക്ടറന്മാർ ഉണ്ടായിരുന്നതും അതിൽ ഒന്നു നീരക്യനാലിലെ ഒരു സംഘം പ്രസിഡൻറ് ആയിരുന്നതും ആണ്. കാലാനന്തരം പ്രാദേശികസഹകാരികളുടെ പ്രതിനിധികളെ ബോർഡിൽ എടുക്കുകയും നാലു സെൻട്രൽബാങ്കുപ്രതിനിധികൾ ബോർഡിലുണ്ടായിരിക്കണമെന്നു ൧൯൨൫-ൽ തീർച്ചപ്പെടുത്തുകയും ചെയ്തു. ഈ പ്രാതിനിധ്യം നേരിട്ടുള്ള തെരഞ്ഞെടുപ്പുമൂലം വേണമെന്നും, കൂടാതെ ബാങ്കിനാൽ ധനസഹായം ചെയ്യപ്പെടുന്ന കർഷകസംഘങ്ങളുടെ രണ്ടും അർബൻബാങ്കിന്റെ ഒന്നും പ്രതിനിധികൾകൂടെ ഉണ്ടായിരിക്കണമെന്നും ൧൯൨൭-ൽ നിശ്ചയിക്കപ്പെട്ടു. ഈ ഏർപ്പാടു പിന്നീടു ഭേദപ്പെട്ടിട്ടു ഇപ്പോൾ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ പതിനഞ്ചുപേരടങ്ങിയ ഒരു ബോഡുള്ളതും അതിൽ മൂന്നുപേർ സെൻട്രൽബാങ്കുപ്രതിനിധികളും രണ്ടുപേർ അർബൻബാങ്കുപ്രതിനിധികളും ബ്രാഞ്ചുകമ്മിററികളിൽകൂടി തെരഞ്ഞെടുക്കപ്പെടുന്ന മൂന്നു കർഷകസംഘപ്രതിനിധികളും പൊതുയോഗത്താൽ തിരഞ്ഞെടുക്കപ്പെടുന്ന ൭ വ്യക്ത്യംഗങ്ങളും ഉൾപ്പെട്ടിരിക്കുന്നതും ആണ്.

ഈ പ്രസിഡൻസിയിലുള്ള സഹകരണപ്രസ്ഥാനത്തിനു ഒരു ധനസമീകരണകേന്ദ്രമായി പ്രവൃത്തിക്കുന്നതിനു ബാങ്കിനു കഴിഞ്ഞിട്ടുണ്ടെന്നുള്ളതു അതിലുള്ള മൊത്തം നിക്ഷേപസംഖ്യയായ ൧൨൪൭൯൩൦൦ രൂപയിൽ ൫൨൧൪൪൦൦ രൂപയും സഹകരണസംഘങ്ങളിൽനിന്നും (അധികഭാഗവും സെൻട്രൽബാങ്കുകളിലും അർബൻബാങ്കുകളിൽനിന്നും), വ്യക്തികളുടെ നിക്ഷേപങ്ങളേക്കാൾ അല്പം കവിഞ്ഞ പലിശക്കു വാങ്ങിട്ടുള്ളതാണെന്നുള്ളതുകൊണ്ടു, വെളിവാകുന്നതാണ്. സ്ഥിരനിക്ഷേപപലിശക്രമം പിന്നീടു പലപ്പോഴും കമ്പോളനിരക്കനുസരിച്ചു കുറയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും ബാംബെയിലെ ഒന്നാംതരം ബാങ്കുകളിലെ നിരക്കുതന്നെയാണ ഇപ്പോൾ ഉള്ളതെന്നു പറയേണ്ടിയിരിക്കുന്നു. മറൊരു പ്രധാന നിക്ഷേപവർഗ്ഗം ശാഖകളിൽ വലിയ തുകകൾ നിക്ഷേപിച്ചിട്ടുള്ള ലോക്കൽ ബോർഡുകൾ, മുൻസിപ്പാലിററികൾ, സ്കൂൾബോർഡുകൾ എന്നീ പൊതു സ്ഥാപനങ്ങളാണ്. ബാങ്കിനു ൧൯൨൭-വരെ ഇൻഡ്യൻ ഇമ്പീരിയൽ ബാങ്കുമായി പരസ്പരവ്യവസ്ഥകൾ ഉണ്ടായിരുന്നതും ഇമ്പീരിയൽബാങ്കിന്റെ ഡിബഞ്ചർ ട്രസ്റ്റ് ഉടമ്പടിപ്രകാരം ശരിയായ ഉറപ്പുണ്ടായിരിക്കയില്ലെന്നു അതിന്റെ നിയമോപദേഷ്ടാക്കൾ വിചാരിക്കയാൽ ആ കൊല്ലം ആയതു നിറുത്തിയിട്ടുള്ളതും ആണ്, വീണ്ടും ഗവൺമെൻറിനെ സമീപിച്ചിരിക്കുന്നതും ട്രസ്റ്റികൾ അനുകൂലമായി മറുപടി നല്കുന്നപക്ഷം തൃപ്തികരമായ ഏതെങ്കിലും വ്യവസ്ഥ ഈ വിഷയത്തിൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതും ആകുന്നു.

൨,൦൦൦,൦൦൦ രൂപയുടെ ഡിബഞ്ചർകൾ പ്രചരിപ്പിക്കുന്നതിനു ബാംബെ ഗവൺമെൻറ് അനുവദിച്ചിട്ടുള്ളതും അവ വീണ്ടെടുക്കപ്പെടുന്ന കാലംവരെ ഇൻഡ്യാ സെക്രട്ടറി അവയുടെ പലിശക്കു ഉത്തരവാദം ചെയ്തിട്ടുള്ളതുമാകുന്നു. ഈ ഡിബഞ്ചർകൾക്കു ൨൭ കൊല്ലംമുതൽ ൩൫ കൊല്ലംവരെ കാലാവധിയും ൪ ശതമാനം പലിശയും ഉണ്ടാ

യിരിക്കുന്നതാണ്. ഡിബഞ്ചർ കടപ്പത്രങ്ങളായി നിൽപുള്ള സംഖ്യയുടെ ഒന്നുമുതൽ രണ്ടുവരെ ശതമാനം തുകകൊണ്ടു ഒരു ഋണപരിഹാരഫണ്ടു രൂപവൽകരിക്കയും ആയതു അംഗീകരിക്കപ്പെട്ട ഉറപ്പുകളിൽ നിക്ഷേപിക്കയും ചെയ്തിരിക്കുന്നു. ൧൯൩൮-നു മുമ്പായി ൧,൨൦,൦൦൦ രൂപയ്ക്കു ഡിബഞ്ചറുകൾ വിൽക്കപ്പെടുകയും എന്നാൽ യുദ്ധാരംഭവും തദനന്തരം കമ്പോളപ്പരിധിയിൽ ഉണ്ടായ ഏറ്റക്കുറവും നിമിത്തം കൂടുതൽ ഡിബഞ്ചറുകൾ കമ്പോളത്തിൽ പ്രവേശിപ്പിക്കാൻ സാദ്ധ്യമല്ലാതെവന്നു. ൧൯൨൩-ൽ ഭൂസ്വത്തു ബാങ്കുസ്ഥാപനങ്ങളെപ്പററിയുള്ള അഭിപ്രായങ്ങൾ ഗവണ്മെന്റിൽ സമർപ്പിക്കപ്പെട്ടപ്പോൾ, കൂടുതൽ ഡിബഞ്ചറുകൾമുഖേന ഈ ധനസൌകര്യം ഉണ്ടാക്കി തൽക്കാലം ഒരു സെൻട്രൽഭൂസ്വത്തുബാങ്കായി പ്രവൃത്തിക്കുന്നതിനു ബാങ്കിനോടു ഗവണ്മെന്റു ആവശ്യപ്പെട്ടു. അഞ്ചുലക്ഷം രൂപയ്ക്കുള്ള ഡിബഞ്ചറുകൾ ഗവണ്മെന്റുതന്നെ എടുത്തുകൊള്ളാമെന്നു സമ്മതിക്കയുംചെയ്തു. രണ്ടുലക്ഷത്തിനുള്ള കടപ്പത്രങ്ങൾ ഗവണ്മെന്റു എടുക്കയും ബാങ്കിനു വെളിയിൽ വിൽക്കാൻ കഴിയുന്ന പക്ഷം ശിഷ്ടത്തിനു പണം നിക്ഷേപിക്കാൻ ഗവണ്മെന്റിനു നിവൃത്തിയില്ലെന്നു ൧൯൩൩-ൽ അറിയിക്കയാൽ ബാക്കി മൂന്നുലക്ഷവും ബാങ്കുപുറത്തുതന്നെ ചിലവാക്കുകയുംചെയ്തു. ഗവണ്മെന്റിന്റെ ആവശ്യപ്രകാരം തൽക്കാലം ഒരു സെൻട്രൽ ഭൂസ്വത്തുബാങ്കായി പ്രവൃത്തിച്ചുകൊള്ളാമെന്നു ബാങ്കു ഏററുവെങ്കിലും ഈ വക ഇടപാടുകൾ തൽക്കാലത്തേക്കു മാത്രമാണെന്നു അവ ഒരു പ്രത്യേക സ്ഥാപനത്തിന്റെ ജോലിയായിരിക്കണമെന്നു ഈ വിഷയത്തെപ്പററി ചർച്ചചെയ്തിട്ടുള്ള വിദഗ്ദ്ധന്മാരോടൊപ്പം ബാങ്കും ആലോചിച്ചു അഭിപ്രായപ്പെടുന്നതായി വിശദപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് ഇതിലേക്കു നിക്ഷേപിച്ചിട്ടുള്ള മുതൽ മുൻപറഞ്ഞ ൩ ലക്ഷം രൂപയുടെ കടപ്പത്ര വില്പനയിൽനിന്നു ലഭിച്ചിട്ടുള്ള തുക മാത്രവും ഇപ്പോൾ മൊത്തത്തിൽ ൩,൧൨,൩൦൦ രൂപയുടെ വായ്പകൾ നിൽപുള്ളതും ആണ്. പ്രാദേശികബാങ്കുകൾ പ്രവർത്തനം തുടങ്ങിയപ്പോൾ അവയ്ക്കു ഇപ്പോഴത്തെ സാമ്പത്തികക്ഷയം അഭിമുഖീകരിക്കേണ്ടിവന്നതും തന്നിമിത്തം പച്ചോറാ, ധാർവാർ എന്നീ ബാങ്കുകളിൽ തവണമുടക്കം ഉണ്ടായിട്ടുള്ളതും നിർഭാഗ്യമാണ്. മൂന്നാമത്തെ ബ്രോച്ചുബാങ്കിനു കഴിഞ്ഞതവണവരെ കുടിശ്ശികയുണ്ടായിട്ടില്ല.

൧൯൨൨-ൽ ഈ വിധം ബാങ്കു ഏറെറടുക്കാനായി ഗവണ്മെന്റു പ്രേരിപ്പിച്ച മറെറാരു ചുമതല ഭൂദേഹണ്ണ ആക്ററനുസരിച്ചുള്ള വായ്പാ വിതരണമാണ്. പ്രൊവിൻഷ്യൽ ബാങ്കു സെൻട്രൽബാങ്കുകൾ ഉള്ള സ്ഥലങ്ങളിൽ അവയിൽകൂടി സഹകരണസംഘങ്ങൾക്കു ഭൂദേഹണ്ണംവകക്കുവായ്പകൾ കൊടുക്കുന്നതിനു ബാങ്കിലേക്കു ഒരു തുക അനുവദിക്കാനുള്ള വ്യവസ്ഥകളോടുകൂടി ൧൯൦ൽ കൊല്ലം ഗവണ്മെന്റു ഒരു സെററു സ്പെഷ്യൽ ചട്ടങ്ങൾ ഏർപ്പെടുത്തി. അവസാനത്തിൽ കടം വാങ്ങുന്ന ആൾ കൊടുക്കുന്ന പലിശ റവന്യൂ അധികാരികളോടുനേരിട്ടുവാങ്ങുന്ന കടത്തിനു ഗവണ്മെന്റിലേക്കു കൊടുക്കുന്ന പലിശതന്നെ ആയിരിക്കുന്നതാണ്. മാനേജ്മെൻറു ചെലവിലേക്കും നഷ്ടോത്തരവാദത്തിനും ആയി ഒരു ഉച്ചതരമായ പലിശക്കുറവോടുകൂടി വായ്പകൾ കൊടുത്തുകൊള്ളാമെന്നു ബാങ്കു സമ്മതിച്ചു. ചട്ടപ്രകാരം ബാങ്കും രജിസ്ട്രാറുംകൂടി വായ്പകൾ അനുവദിക്കുന്നതും സഹകരണപദ്ധതികൾക്കു പ്രഥമാവകാശം നൽകപ്പെടുന്നതുമാണ്. മുമ്പു ഇതിലേക്കു ൭൫,൦൦൦ രൂപ അനുവദിച്ചിരുന്നതു ഇപ്പോൾ ൫൦,൦൦൦ രൂപയായി കുറക്കപ്പെട്ടിരിക്കുന്നതും അതിനുള്ള പ്രധാനകാരണം ദേഹണ്ണപദ്ധതികൾ തയ്യാറാക്കുന്നതിനു അന്വേഷണങ്ങൾ നടത്തുന്നതിനു പ്രത്യേക ഉദ്യോഗസ്ഥന്മാരുടെ അഭാവംമൂലം ധനത്തിന്റെ ആവശ്യം കുറഞ്ഞുപോയിട്ടുള്ളതാണ്. ഗവണ്മെന്റിൽനിന്നും ആകെ കടംവാങ്ങിയ സംഖ്യയിൽ ൪,൪൯,൮൨൧ രൂപ ൧൯൩൦-ൽ അടച്ചുവീട്ടിയിട്ടുള്ളതും ഇപ്പോൾ അടക്കേണ്ടതായി ബാക്കിയുള്ള സംഖ്യ ൮,൨൩,൫൫൦ രൂപയും സംഘങ്ങളിൽനിന്നും സെൻട്രൽബാങ്കുകളിൽനിന്നും പിരിയാനുള്ള സംഖ്യ ൨,൪൯,൮൦൦ രൂപയും ആയിരിക്കുന്നതും ആണ്.

ബാങ്കിന്റെ ആദ്യനിബന്ധനകളിൽ സംഘാംഗങ്ങൾക്കുവേണ്ടി അവരുടെ കൃഷിവക ഉല്പന്നങ്ങളെ കമ്മിഷൻ ഏർപ്പാടിൽ വിററുകൊടുക്കുന്നതിലും അവൎക്കു ആവശ്യമുള്ള വളം ഫെർട്ടിലൈസർ നവീനകൃഷിഉപകരണങ്ങൾ എന്നിവ വാങ്ങിച്ചുകൊടുക്കുന്നതിലും ഏർപ്പെട്ടു പ്രവൃത്തിക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. നീരക്യനാലിൽ ബറാമതി, നീര എന്നീ സ്ഥലങ്ങളിൽ സംഘങ്ങൾക്കും ബാങ്കിനുംവേണ്ടി നടത്തപ്പെട്ട ഒരു സംയുക്ത വാണിഭശാലയിൽ ഈ പ്രവൃത്തി ആദ്യമായി തുടങ്ങപ്പെട്ടു. കാലാനന്തരം ഗോദാവരി ക്യനാൽതീരത്തു കോപ്പർഗോൺ എന്ന സ്ഥലത്തും പ്രാവരക്യനാൽ തീരത്തു ബേലപ്പൂർ എന്ന സ്ഥലത്തും ഇതേ രൂപത്തിലുള്ള വ്യാപാരങ്ങൾ ഏർപ്പെടുത്തി. ഈ ജോലിയിൽ ബാങ്കിനു ലഭിച്ച പരിചയംകൊണ്ടു ക്രയവിക്രയങ്ങൾക്കായി സററാ ഡിസ്ത്രിക്ററിൽ ഹാംവോ താലൂക്കിലുള്ള സംഘങ്ങൾക്കുവേണ്ടി കോൾഹപ്പൂരിലും ഷോലാപ്പൂറിൽ കർഡ്വാസി അക്ലൂജ്, നാസിക്കിൽ മലിഗോൺ, പടിഞ്ഞാറെ ക്യാൻഡെഷിൽ ധൂലിയ, ഡോൺഡെയിശ, ഷിർപൂർ എന്നീ സ്ഥലങ്ങളിലും ഷാപ്പുകൾ സ്ഥാപിക്കുന്നതിനിടയായി. എല്ലാ കേന്ദ്രങ്ങളിലും ഉണ്ടായിരുന്ന ഷാപ്പുകൾ വിജയകരമായി ഏതാനും കൊല്ലം പ്രവൃത്തിച്ചതിന്റെ ശേഷം പുനരായി രജിസ്റ്റർചെയ്യപ്പെട്ട ക്രയവിക്രയ (ഷൈപ്പ്) സംഘങ്ങളോടു ചേൎക്കപ്പെടുകയും അക്ലൂജ് എന്ന സ്ഥലത്തെ ഒരു ഷാപ്പുമാത്രം ഇപ്പോഴും ബാങ്കിനോടു ബന്ധപ്പെട്ടിരിക്കുന്നതും ആകുന്നു. ഈ ഷാപ്പുകൾമുഖാന്തിരം പുതിയതരം വിത്തുകൾ, ഉരങ്ങൾ ശാസ്ത്രീയവളങ്ങൾ കരിമ്പാട്ടുയന്ത്രങ്ങൾ ഉൾപ്പെടെയുള്ള യന്ത്രോപകരണങ്ങൾ മുതലായവ പ്രചരിപ്പിക്കുന്നതിനു ശ്രമങ്ങൾ ചെയ്തുവന്നു. ഈയിടെ ഗവൺമെന്റിന്റെ സഹായത്തോടുകൂടി ബാംകുബാരമതിയുടെ അടുത്തു നിരവാഗാങ്ക് എന്ന സ്ഥലത്തു പഞ്ചസാരയുണ്ടാക്കാനുള്ള ഉപകരണത്തോടുകൂടിയ ഒരു കരിമ്പാട്ടുയന്ത്രം സ്ഥാപിക്കാൻ ഏർപ്പാടുചെയ്തിരിക്കുന്നു. കൃഷിവക ഉല്പന്നങ്ങൾ വില്ക്കപ്പെടുകയോ ഏല്പിക്കയോ, വില്ക്കാനായി കണക്കംപടി പുറത്തയക്കപ്പെടുകയോ ചെയ്തിട്ടുള്ള അവസരങ്ങളിൽ ഈ ഷാപ്പുമുഖാന്തിരം ധനസഹായം ചെയ്യേണ്ടതായി വരികയും ബാങ്കിന്റെ നിബന്ധനകൾ ഈ നടപടികൾ അനുവദിക്കത്തക്കവണ്ണം ഭേദപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബാങ്കിലെ വ്യക്ത്യംഗങ്ങളുമായി നേരിട്ടു ഇടപാടുകൾ നടത്തുന്നതിനു അധികാരം വച്ചിട്ടുണ്ടെങ്കിലും ഏതെങ്കിലും ഒരു അർബൻബാങ്കോ ക്രയവിക്രയസംഘമോ ആ ജോലി ഏറെറടുക്കുന്നതിനു കഴിവില്ലാത്ത വരുമ്പോൾമാത്രമേ ആയതു ഉപയോഗപ്പെടുത്താറുള്ളു. അടുത്തകാലത്തു സാധനവിലകൾ കുറഞ്ഞതുവരെ അഡ്വാൻസായി കൊടുത്തു മൊത്തം തുക ൧൦ ലക്ഷത്തോടുസമീപിച്ചിരുന്നു എങ്കിലും ഇപ്പോൾ വ്യാപാരം വളരെ കുറഞ്ഞുപോയിട്ടുണ്ട്. ഏതാനും കേന്ദ്രങ്ങളിൽമാത്രമേ ശരിയായ പണ്ടകശാലാസൌകര്യങ്ങൾ ഉള്ളു. സംഘാംഗങ്ങളുടെ സൌകര്യത്തിലേക്കായി രജിസ്ട്രാരുമായി ആലോചിച്ചു അവൎക്കു സ്വൎണ്ണംവെള്ളി ഉരുപ്പടികളുടെ പണയത്തിന്മേൽ അഡ്വാൻസുകൾ കൊടുക്കാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഈവിധ ഇടപാടുകൾ ഏകദേശം അരലക്ഷം രൂപക്കു അടുത്തപ്പോൾ, സാമ്പത്തികാധഃപ്പതനം നിമിത്തം കൃഷിക്കാരെല്ലാം അവരുടെ പണ്ടങ്ങൾ കൈമാറുന്നതിനു ഇടയായി. സംഘങ്ങൾമുഖാന്തിരം അപേക്ഷിക്കുകയും സർട്ടിഫിക്കററു ഹാജരാക്കുകയും ചെയ്യുന്ന രീതി അംഗങ്ങൾ ഉപദ്രവകരമായി കരുതിവരുന്നു.

പ്രസിഡൻസിയിലുള്ള എല്ലാ ഡിസ്ത്രിക്ററും സെൻട്രൽ ബാങ്കുകൾ പ്രൊവിൻഷ്യൽ ബാങ്കുമായി സംഘടിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോൾ കെയിറാ നാസിക്ക് എന്നീ രണ്ടു ബാങ്കുകൾ മാത്രം അതിൽ നിന്നു കടം വാങ്ങി വരുന്നു. സിൻഡിലുള്ള ഡിസ്ത്രിക്ട് സെൻട്രൽ ബാങ്കുകൾ സിൻഡു സെൻട്രൽ കോവാപ്പറേറീവ് ബാങ്കിൽ ചേൎന്നിട്ടുള്ളതും സെൻട്രൽബാങ്കു മാത്രം പ്രൊവിൻഷ്യൽ ബാങ്കിൽസംഘടിച്ചിട്ടുള്ളതുംആണ്. ഫാൾട്ടാൻ സ്റ്റേററിൽ ഫാൾട്ടാൺ സെൻട്രൽ കോവാപ്പറേറീവ് ബാങ്കിനു ഒരു ക്രെഡിററു കൊടുക്കുന്നതിനു ഗവൺമെൻറനുവാദത്തോടുകൂടി പ്രത്യേക ഏർപ്പാടുകൾ ചെയ്തിട്ടുള്ളതും നാഗപ്പൂരിലുള്ള സെൻട്രൽ പ്രോവിൻസസ് ബീറാർ പ്രൊവിൻഷ്യൽ കോവാപ്പറേറീവ് ബാങ്കി

ന്ന ഒരു ക്രെഡിറ്റ അനുവദിച്ചിട്ടുള്ളതും ആണ്. എല്ലാ സംഘടിതബാങ്കുകളും പ്രൊവിൻഷ്യൽബാങ്കിനെ ഒരു ധനസമീകരണകേന്ദ്രമായി ഉപയോഗപ്പെടുത്തുന്നതും ഗവണ്മെന്റ കടപ്പത്രങ്ങളുടെയോ സ്ഥിരനിക്ഷേപങ്ങളുടെയോ ഉറപ്പിന്മേൽ അവയ്ക്കു ഓവർഡ്രാഫ്റ്റ അനുവാദം നൽകപ്പെട്ടു വരുന്നതും ആണ്. ഇപ്രകാരം പ്രസ്ഥാനത്തിനു ആകെ കൂടി ആവശ്യമുള്ള പരിപ്ളവധനം പ്രൊവിൻഷ്യൽ ബാങ്കു പരോക്ഷമായി സൂക്ഷിച്ചു വരുന്നു. പ്രസിഡൻസി ഒട്ടുക്കുള്ള സംഘടിതസംഘങ്ങൾക്ക ഒരു കണക്കുതീർപ്പു സ്ഥലം (Clearing house) ആയിട്ടുകൂടി ബാങ്കു ജോലി ചെയ്തു വരുന്നതും സഹകരണ ബാങ്കുകളുടെ മേൽ എഴുതപ്പെടുന്ന ചെക്കുകൾ മാറാനും ഡിസ്കൌണ്ടു ചെയ്യാനും പ്രത്യേക ഏർപ്പാടുകൾ ഉള്ളതും ആണ്. ബാങ്കിലെ കറന്റ അക്കൌണ്ടുകൾ മുഖേന ഒരു സെൻററിൽ നിന്നു മറെറാരു സെൻററിലേക്ക പണം കൈമാററം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ മൂലം വിദൂരങ്ങളായ ഗ്രാമീണസംഘങ്ങൾക്ക വലിയ പണമിടപാടുകൾ ചെയ്യാൻ കഴിയുന്നുണ്ട്. ബാങ്കിൽ മിവസേന ശരാശരി ഹാജരാക്കപ്പെടുന്ന ചെക്കുകൾ ഇരുന്നൂറു സ്വീകരിക്കപ്പെടുന്നവ നൂറും ആണ്. ബാങ്കിനെ ൧൯൩൦-ൽ ബാംബേ ബാങ്കറന്മാരുടെ ക്ലിയറിംഗ് ഹൌസിൽ അംഗമായി ചേർക്കപ്പെടുകയും അവിടം മുഖാന്തിരം കണക്കു തീർക്കപ്പെടുന്ന ചെക്കുകളുടെ എണ്ണം നോക്കിയാൽ ഒരു പ്രധാന അംഗമെന്ന നിലയിൽ ബാങ്കിനെ അവിടെ ഉണ്ടായിരിക്കയും ചെയ്യുന്നു. സഹകരണ ഡിപ്പാർട്ടുമെന്റ ഗവണ്മെന്റ അനുവാദത്തോടുകൂടി ൧൯൨൭-ൽ സഹകരണപ്രസ്ഥാനത്തിന്റെ ബാങ്കു സംബന്ധമായ ജോലികൾ പുഷ്ടിപ്പെടുത്തുന്നതിലേക്ക കറന്റ അക്കൌണ്ടുകൾ തുടങ്ങുന്നതിനും ചെക്കുകൾ ഡ്റാഫ്റ്റുകൾ ഹുണ്ടികൾ മുതലായ ഋണപത്രങ്ങൾ ഉപയോഗിക്കുന്നതിനും പ്രത്യേക നടപടികൾ നടത്തിയിട്ടുണ്ട്. ആദ്യവർഷങ്ങളിൽ പണം അയക്കുന്നതിനു ഗവണ്മെന്റ അനുവദിച്ചിരുന്നതായ ട്രഷറി മുഖാന്തിരമുള്ള സൌജന്യമായ കൈമാററങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നെങ്കിലും പുതിയ ഗവണ്മെന്റ ഭരണവ്യവസ്ഥയനുസരിച്ചു രാജ്യത്തിനകത്തുള്ള കൈമാററങ്ങൾ ഇപ്പോൾ സൌജന്യമായി അനുവദിക്കപ്പെടുന്നില്ല.

ബാങ്കിന്റെ മൊത്തം പ്രവർത്തന ധനമായ ൨,൩൨,൦൦,൦൦൦ രൂപയിൽ ൧൭,൩൩,൪൦൦ രൂപ ഗവണ്മെന്റ കടപ്പത്രങ്ങളിലും ൩൪,൫൩,൦൦൦ രൂപ സ്വല്പകാലനിക്ഷേപങ്ങളായി ഗവണ്മെന്റ അതിലേക്ക അംഗീകരിച്ചിട്ടുള്ള ജായിന്റസ്റ്റാക്ക ബാങ്കുകളിലും, നിക്ഷേപിച്ചിരിക്കുകയാണ്. പരിപ്ളവധനം ഗവണ്മെന്റുമായി സമ്മതിച്ചിട്ടുള്ള പ്രകാരം ആവശ്യപ്പെടുമ്പോൾ കൊടുക്കേണ്ട ബാദ്ധ്യതയുടെ ൪൦ ശതമാനം എന്ന ക്ലിപ്തത്തിൽ വളരെ കവിഞ്ഞിരിക്കുന്നതും, ൧൯൨൫-൨൬-ൽ ധനാവശ്യങ്ങൾ വളരെ കൂടിയിരുന്ന സ്വല്പകാലം ഒഴിച്ചു, കഴിഞ്ഞ അഞ്ചു വർഷങ്ങളായി ശരിയായ വിനിയോഗമില്ലാതെ അവ്യാപൃതധനം ഇരിക്കുന്നതിൽ ബാങ്കു വളരെ വിഷമിച്ചിട്ടുള്ളതും ആണ്. ബാങ്കുകൾക്ക ഓവർ ഡ്റാഫ്റ്റുകളും പരസ്പരവായ്പയും നിന്നിരുന്ന സ്വല്പതുകകളും വിളവുകളുടെയും മററു വിലപിടിച്ച സാധനങ്ങളുടെയും ഉറപ്പിന്മേൽ കൊടുത്തിരുന്ന വായ്പകളും ഉൾപ്പെടെ ബാങ്കു ഇറക്കിയിട്ടുള്ള സംഖ്യ ൯൧,൧൪,൦൦൦ രൂപയാണ്. അഡ്വാൻസിൽ ഭൂരിഭാഗവും എണ്ണത്തിൽ ൧൪൨൦ വരുന്നതായ സംഘടിത-പ്രാഥമിക കർഷകസംഘങ്ങൾക്കാണ്. ൧൯൩൦-ാമാണ്ടു തിരിച്ചു വരവിന്റെ ക്രമം (൧൯൨൭-നുശേഷം ഡക്കാൺ ഡിസ്ത്രിക്ടുകൾ പ്രദേശത്തു ഒഴികെ) വളരെ വർദ്ധിച്ചിരുന്നു എന്നും സാധനവിലകൾ കുറഞ്ഞുവന്നതോടുകൂടി കുടിശിഖ വായ്പകൾ വർദ്ധിച്ചു വരുന്നു എന്നും ഇവിടെ പ്രസ്താവ്യമാണ്. ബാങ്ക് അത്യന്തം ശ്രമിച്ചിട്ടും ഡക്കാൺക്യനാൽ ദേശം ഒഴിച്ചുള്ള സ്ഥലങ്ങളിൽ മുൻകൊല്ലത്തേക്കാൾ പിരിവുകൾ അല്പം ഭേദമായിരുന്നു എങ്കിലും ൧൯൩൪ മാർച്ച് ൩൧-ൽ അവസാനിച്ച വർഷം കുടിശിഖയുടെ ശതമാനം വീണ്ടും വർദ്ധിച്ചു തന്നെയിരുന്നു. ഡക്കാൺ ക്യനാൽ ദേശത്തു ൧൯൨൭-ൽ ശർക്കര വില വളരെ കുറഞ്ഞു പോകയും അതോടുകൂടി മററു ക്ലേശസംഭവങ്ങളും നിമിത്തം വളരെ വിഷമാവസ്ഥക്ക കാരണമാകയും ചെയ്തു. ഈ സ്ഥിതി പരിഹരിക്കുന്നതിലേക്ക

സംഘങ്ങളും ബാങ്കും ഡിപ്പാർട്ടുമെന്റും കൂടി നിർബന്ധമായും നിരന്തരമായും ശ്രമിച്ചിട്ടും പ്രത്യക്ഷമായ ഫലങ്ങൾ ഉണ്ടായിട്ടില്ലാത്തതും [illegible]-ൽ വീണ്ടും വിലക്കുറവു വന്നതോടുകൂടി സ്ഥിതിഗതികൾ കൂടുതൽ വഷളായിട്ടുള്ളതും ആണ്.

ആദ്യകാലങ്ങളിൽ ഏതാനും കൊല്ലം ഗവണ്മെന്റു തന്നെയും, പിന്നീട് ഗവണ്മെന്റും ബാങ്കും കൂടിയും ശമ്പളം കൊടുത്തു കുറെ സ്പെഷ്യൽ മവൽദാരന്മാരെ ബാങ്കിൽ നിയമിച്ചിരുന്നു എന്നുള്ളതും ഇവിടെ പ്രസ്താവ്യമാണ്. കാലക്രമേണ, വിശിഷ്യ [illegible]-ന്നു ശേഷം ബാങ്കു അതിന്റെ സ്വന്തം ഉദ്യോഗസ്ഥന്മാരെ നിയമിച്ചു എങ്കിലും [illegible] താലൂക്കിൽ കുറെ സംഘങ്ങൾക്കു സ്പെഷ്യൽ മവൽദാരന്മാർ ഇപ്പോഴും ഉണ്ട്. ഈ സംഘങ്ങൾ ബിൽസ എന്നു അറിയപ്പെടുന്ന ആദിമ നിവാസികൾക്കായിട്ടുള്ളതും സഹകരണഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്ന സ്പെഷ്യൽ മവൽദാർ അവയുടെമേൽ മേൽനോട്ടവും നിയന്ത്രണവും നടത്തിവരുന്നതും ആകുന്നു. മറ്റെല്ലാ പ്രദേശങ്ങളിലും ബാങ്കിനു സ്വന്തപരിശോധന ഉദ്യോഗസ്ഥന്മാർ ഉണ്ട്. ഇവരുടെ ആകെസംഖ്യ [illegible] ആണ്.

വായ്പകൾക്കും മറ്റു ധനസഹായങ്ങൾക്കും വരുന്ന അപേക്ഷകൾ പരിശോധിക്കുകയും ധനസഹായം ആവശ്യപ്പെടുന്നതിനു നിദാനമായ സാമാന്യ ജനാവശ്യവിവരപ്പട്ടികകളെ നോക്കുകയും അംഗങ്ങളുടെ വസ്തുവിവരപ്പട്ടികകൾ പരിശോധിക്കുകയും പിരിവുകൾ ഊർജ്ജിതപ്പെടുത്തുകയും സാമാന്യമായി സംഘങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും ചെയ്യുകയാണ് ഈ ഇൻസ്പെക്ടറന്മാരുടെ ജോലി. ഓരോ ഡിസ്ട്രിക്ടിലും ഉള്ള ശാഖകളെ സൌകര്യം നോക്കി സർക്കിളുകളായി വിഭജിച്ചു ഓരോന്നും ഒരു സീനിയർ ഇൻസ്പെക്ടരുടെ ചുമതലയിൽ ആക്കപ്പെട്ടിരിക്കുന്നു. മാനേജിംഗ് ഡയറക്ടരും മാനേജരും ശാഖകളും പ്രധാനപ്പെട്ട സംഘസങ്കേതങ്ങളും സന്ദർശിക്കുന്നുണ്ട്. ശാഖകളുടെ പ്രവർത്തന റിപ്പോർട്ടുകളും മറ്റു പൊതു സംഗതികളും ആലോചിക്കുന്നതിനായി കൂടുന്ന വാർഷികയോഗങ്ങളിൽ അവർ സംബന്ധിക്കയും ചെയ്തു വരുന്നുണ്ട്. അധഃപതനം മൂലം ഉണ്ടായിട്ടുള്ള സ്ഥിതിഗതികൾ പരിഹരിക്കുന്നതിലേക്കായി ബാങ്കിന്റെ ശക്തിക്കനുസരണമായി പല പദ്ധതികളും പ്രയോഗത്തിൽ വരുത്തിയിട്ടുണ്ട്. അവയിൽ പ്രധാനമായ ഒന്നു വർദ്ധമാനമായ കുടിശ്ശികകളോടുകൂടിയ സംഘങ്ങൾക്കു അവ അടയ്ക്കുന്ന സംഖ്യയിൽ കവിയാതെ പുതിയ വായ്പകൾ നൽകാമെന്നുള്ള വാഗ്ദാനത്തിന്മേൽ അവയുടെ ജോലി തുടരുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടി സ്വീകരിച്ചിട്ടുള്ള ഒരു നയമാണ്. സംഘാംഗങ്ങൾ യഥാശക്തി തിരികെ അടയ്ക്കുന്നതിൽ കവിയാത്ത സംഖ്യകൾ ഉടനടി പുതിയ വായ്പകളായി അവർക്കു നൽകുന്നതാണെന്നുള്ള വിശ്വാസം ജനിപ്പിച്ചു വായ്പകൾ തിരിച്ചടക്കാനായി എല്ലാ വിധ പ്രേരണകളും ചെയ്തുവരുന്നു[illegible] ഓരോ വർഷം തോറും വർദ്ധിച്ചുവരാതെ കുറഞ്ഞു കൊണ്ടിരിക്കുന്നതിനു വേണ്ടവണ്ണം ശ്രദ്ധിക്കുന്നുണ്ട്. ഈ രീതിയനുസരിച്ചു വായ്പകൾ തിരിച്ചടക്കുമ്പോൾ ബാക്കി വരുന്ന സംഖ്യകൾക്കു കാലാവധി നീട്ടികൊടുക്കുന്നു. കഴിഞ്ഞ ആണ്ടിൽ ഒന്നാന്തരം സംഘങ്ങൾ കൊടുക്കേണ്ട പലിശക്രമം ൭ ശതമാനമായി കുറച്ചിട്ടുള്ളതും ഈ ക്രമം മറ്റേതാനും തരം സംഘങ്ങൾക്കുകൂടി അനുവദിച്ചു കൊടുക്കുന്നതിനു ബോർഡു ആലോചിച്ചുവരുന്നതും ആണ്. ഇതിനും പുറമേ രജിസ്ട്രാർ തയ്യാറാക്കിയിട്ടുള്ള ഒരു പദ്ധതിയനുസരിച്ചു തൃപ്തികരമാംവണ്ണം മുതലും പലിശയും അടയ്ക്കുന്ന സംഘാംഗങ്ങൾക്കു ഈ കൊല്ലം ഒരു സ്പെഷ്യൽ റിബേറ്റു (ഇളവു) കൊടുക്കുന്നതിനു ബാങ്കു സമ്മതിച്ചിരിക്കുന്നു. ഡക്കാൺ ക്യനാൽ പ്രദേശം ഉൾപ്പെടെ പലസ്ഥലങ്ങളിലും ഒരു ശതമാനം വരെ സ്പെഷ്യൽ റിബേറ്റു കൊടുക്കാമെന്നു ബാങ്കു സമ്മതിച്ചിട്ടുണ്ട്. ഡക്കാൺ ക്യനാൽ പ്രദേശത്തിന്റെ പലിശക്കുടിശ്ശികയുടെ വർദ്ധനവില്ലായിരുന്നുവെങ്കിൽ ഈ വിഷയത്തിൽ കൂടുതൽ പ്രവർത്തിക്കാൻ ബോർഡിനു കഴിയുമായിരുന്നു.

സെൻട്രൽ ബാങ്കുകളുടെയും അർബൻ ബാങ്കുകളുടെയും ആപ്പീസു സിൽബന്തികൾക്കും പ്രാദേശിക ജീവനക്കാർക്കും അനൌപചാരികമായ പ്രായോഗിക പരിശീലനം നൽകുന്നതിനും ബാങ്കു ഏർപ്പാടുകൾ ചെയ്തുവരുന്നു.

൯ ശതമാനം ലാഭവീതം അംഗങ്ങൾക്ക കൊടുത്തശേഷം മുമ്മൂന്ന വർഷം കൂടുമ്പോൾ ഉണ്ടാകുന്ന ആദായബാക്കി അംഗങ്ങൾക്കും കടം വാങ്ങുന്ന സംഘങ്ങൾക്കും ഒപ്പമായി വിഭജിച്ചു കൊള്ളാമെന്ന ബാങ്ക ഗവൎമ്മെൻറുമായുള്ള കരാറിൽ ഏററിട്ടുണ്ട്. കരുതൽ ധനത്തിലേക്കുള്ള തുകകളും ഓഹരിക്കാൎക്ക കൊടുക്കപ്പെടുന്നതായി ഗണിക്കേണ്ടതാണ. കടം വാങ്ങുന്ന സംഘങ്ങൾ അടച്ചിട്ടുള്ള പലിശയുടെ കണക്കനുസരിച്ചു ഒരു റിബേററും ലാഭാംശത്തിൽനിന്ന അവൎക്കു ലഭിക്കുന്നതാണ്. ബാങ്കിന്റെ സ്ഥാപനം മുതൽ ശരിക്ക ൧൯൨൦ വരെ സംഘങ്ങൾക്ക റിബേററായി ൧൮൭൦൦ രൂപ, അതായതു ചില ത്രൈവാൎഷിക കാലങ്ങളിൽ വായ്പകൾക്കുണ്ടായിരുന്ന പലിശനിരക്കിൽ ൧/൮ ശതമാനത്തിൽ കവിഞ്ഞ കുറവോടുകൂടിയ ഒരു ക്രമത്തിൽ, കൊടുക്കപ്പെട്ടിട്ടുണ്ട്. ആരംഭത്തിൽ ആറു ശതമാനമായിരുന്ന ലാഭവീതക്രമം പിന്നീട ൧൦ വർഷത്തേക്ക സാല്പംകൂട്ടപ്പെട്ടു എങ്കിലും കഴിഞ്ഞവർഷം ൭ ശതമാനമായി കുറച്ചിട്ടുള്ളതാണ്.

അതിനുള്ള കാരണങ്ങൾ:—

(൧) ആദായകരമായവണ്ണം പലിശ കിട്ടാൻ നിവൃത്തിയില്ലാത്തതായ കൈമുതൽ വർദ്ധന.

(൨) ഈടാകുന്ന വിഷയത്തിൽ സംശയമുള്ള വായ്പകൾക്ക വേണ്ടിയുള്ള കൂടുതലായ കരുതൽ.

(൩) ലാഭത്തിൽ നിന്ന കുറയ്ക്കേണ്ടതായി വരുന്ന പലിശ ബാക്കിയുടെ വർദ്ധന.

അനുബന്ധം വ്യ.

തിരുവനന്തപുരം സയൻസ്സ്കാളേജ് സഹകരണസ്റേറാറിൻെറ ഒരു വിവരണം.

സ്റേറാർ ൪-൩-൧൧൦൭-ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. ൧൧൦൯-ൽ ൧൧,൦൦൦ രൂപയ്ക്കുള്ള വ്യാപാരം ഉണ്ടായിരുന്നതും ആയതു അതിൻെറ ശരിയായ അഭിവൃദ്ധിയും വലുതായ ഭാവിയും കാണിക്കാൻ മതിയാകുന്നതും ആണ്.

വിദ്യാർത്ഥികളുടെ ഇടയിൽ സഹകരണസ്റേറാറുകൾ ഏർപ്പെടുത്തുന്നതിനെപ്പററിയുള്ള സെക്രട്ടറിയുടെ അഭിപ്രായം.

കൂടുതൽ അംഗങ്ങളെ ചേക്കേണ്ട വിധം.

വിദ്യാർത്ഥികൾക്ക ഏററവും പ്രയോജനപ്രദമായ വിധത്തിൽ എല്ലാ വലിയ കാളേജ്കൾക്കും വിദ്യാലയങ്ങൾക്കും സ്റേറാറുകൾ ഉണ്ടായിരിക്കേണ്ടതാണ്. പ്രചരണംകൊണ്ടു സ്റേറാറിൽ കൂടുതൽ അംഗങ്ങളെ ചേക്കാൻ കഴിയുന്നതാണ്. അതിലേയ്ക്കു കാളേജ് മാസിക ഉപയോഗപ്പെടുത്തണം. ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥപ്രവത്തകന്മാരും സ്റേറാറിൻെറ പ്രവത്തനത്തോടു പരിചയപ്പെടുന്നതിനു അവരെ പ്രേരിപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക കാളേജ് സമയം ഒഴിച്ചു മററു സമയങ്ങളിലും പ്രവേശിക്കത്തക്കവണ്ണം സ്റേറാർ ഒരു സ്വതന്ത്രമായ മുറിയിൽ നടത്തപ്പെടുകയാണെങ്കിൽ കൂടുതൽ വില്പനകൾ ഉണ്ടാകുന്നതാണ്. പല സ്ക്കൂളുകളിലും കാളേജ്കളിലും സ്റേറാർ കൊണ്ടുള്ള പ്രയോജനം ലഭിക്കാനായി ഈ വക ധനേതരപ്രവത്തനം കൊണ്ടുള്ള ഗുണങ്ങൾ ഉദ്യോഗസ്ഥന്മാരാകട്ടെ അനുദ്യോഗസ്ഥന്മാരാകട്ടെ വിദ്യാർത്ഥികളേയും അദ്ധ്യാപകന്മാരേയും മനസ്സിലാക്കാത്തതുകൊണ്ടാണ്.

കൂടുതൽ വില്പനയ്ക്കുള്ള വഴി.

ഇപ്പോൾ ഞങ്ങൾ ടെക്സ്ററ പുസ്തകങ്ങളും നോട്ടുപുസ്തകങ്ങൾ പലവക സ്റേറഷണറി സാമാനങ്ങൾ താഴ്ന്നസോപ്പ്, കായികവിനോദങ്ങൾക്കുള്ള ഉപകരണങ്ങൾ എന്നിവയും വിററു വരുന്നു. കുട, ചെരുപ്പ്, ഗൃഹോപകരണങ്ങൾ, വിളക്കുകൾ, തുണികൾ എന്നിവകൂടി വില്ക്കാവുന്നതാണ്. സ്റേറാറുവകയായി ഒരു ഹോട്ടലും അധിവാസസൌകയ്യങ്ങളുംകൂടി ഏർപ്പെടുത്തുന്നപക്ഷം ഒരു പരിപൂർണ്ണപദ്ധതിയായിരിക്കും.

ഞങ്ങൾ ഇപ്പോൾ കാളേജിലേയ്ക്കു ആവശ്യമുള്ള വിവിധ സാമാനങ്ങളും കൊടുത്തുവരുന്നു. കാളേജ് ഗ്രന്ഥശാലയിലേക്ക ആവശ്യമുള്ള പുസ്തകങ്ങളെല്ലാം ഞങ്ങൾ മുഖാന്തിരമാണ് വരുത്തി കൊടുക്കുന്നതു്. കാളേജ് ലബോറട്ടറിയ്ക്കു ആവശ്യമുള്ള യന്ത്രോപകരണങ്ങളും ധാതുദ്രവ്യങ്ങളും സ്റേറാറുമുഖാന്തിരം വാങ്ങുന്നതായിരുന്നാൽ വേഗം സ്റേറാറിൻെറ സാമ്പത്തികസ്ഥിതി പുഷ്ടിപ്പെടുന്നതാണ്. ഗവണ്മെൻറു ആവശ്യത്തിലേക്കായി സാമാനങ്ങൾ വാങ്ങുന്നതായിരുന്നാൽ, വേണമെൻകരുതലോടുകൂടി സ്റേറാറിനു മുമ്പേറപണം കൊടുക്കുന്നതിനു പ്രിൻസിപ്പാളിനെ അധികാരപ്പെടുത്തേണ്ടതാണ്.

കൂടുതൽ ലാഭം ഉണ്ടാക്കുന്നതിനുള്ള വഴി.

ലാഭം എന്തെങ്കിലും ഉണ്ടായിരുന്നാൽ വിദ്യാർത്ഥികളുടെ ഇടയിൽ വിഭജിക്കപ്പെടേണ്ടതാണ്. സംഘം ലാഭമൊന്നും ഉണ്ടാക്കണ്ടാ എന്നും കഴിവുള്ളത്ര വില ഏററവും കുറച്ചു സാധനങ്ങൾ വില്ക്കണമെന്നും ചിലക്ക അഭിപ്രായമുള്ളതായി അറിയാം. അംഗങ്ങൾക്കും അല്ലാത്തവക്കും വില്ക്കുന്ന വിലകൾ അല്പം വ്യത്യാസമായിരിക്കണമെന്നും ഒരു പക്ഷക്കാർ ഉണ്ടു്, ഈ അഭിപ്രായങ്ങൾ തത്വമനുസരിച്ചു ശരിയായിരിക്കും എന്നാലും ഓരോരോ സ്റ്റോറുകൾ അവ പരീക്ഷിച്ചു നോക്കേണ്ടതാണ്. പ്രാപ്തന്മാരായി പ്രതിഫലേച്ഛയില്ലാത്ത പ്രവത്തകന്മാരും വാടകകൂടാതെ കെട്ടിടസൌകയ്യവും ഉണ്ടെ

ക്കിൽ ഡാപ്പശേഖരണരീതിയിൽ ക്രയങ്ങൾ ചെയ്യുന്നതായാൽ അസൽ വിലക്കു സാമാനങ്ങൾ വിൽക്കുന്നതിൽ ദോഷമില്ലാത്തതാണ്.

വിജയരഹസ്യം.

ഞങ്ങൾക്കു വാടകച്ചിലവൊ പറയത്തക്ക സിൽബന്ധിച്ചിലവൊ ഇല്ലാത്തതാണ്. ബി. എ. ക്ലാസിലെ ഒരു വിദ്യാൎത്ഥി തുച്ഛമായ ഒരു ശമ്പളത്തിൽ വില്പനക്കാരന്റെ ജോലിനോക്കി വരികയാണ്. സ്റ്റോർസംബന്ധിച്ച ശുചീകരം, പാൎസൽ എടുക്കുക മുതലായ ജോലികൾ ചെയ്യുന്നതിനായി ഒരു കാളേജുപ്യൂണിനു പ്രതിമാസം രണ്ടുരൂപ കൊടുത്തുവരുന്നു. ഇപ്പോൾ ബി. എ. ജയിച്ചു എങ്കിലും തുടൎന്നുവില്പനക്കാരനായിരിക്കാൻ ആഗ്രഹമുള്ള ഞങ്ങളുടെ വിദ്യാൎത്ഥി വില്പനക്കാരനു ജോലിവൎദ്ധനമൂലം ഈയിടെ ൫ ൧ രൂപവീതം ശമ്പളംകൊടുക്കുന്നതിനു സ്റ്റോറിനു സാധിച്ചുവരുന്നു. കാളേജുഉദ്യോഗസ്ഥന്മാരിലൊരാൾ നിത്യവ്യാപാരങ്ങളിലുള്ള മുഷിപ്പൻജോലികളിൽ ഏൎപ്പെടുന്നതും ഈ സൗകൎയ്യങ്ങൾ ഉള്ളിടത്തോളം കാലം വിജയം നിസ്സംശയമായിരിക്കുന്നതും ആണ്.

ഉണ്ടാകാനിടയുള്ള ചില വിഷമങ്ങളും പരിഹാരമാൎഗ്ഗങ്ങളും.

൧. പിരിയാച്ചരക്കു. ഇതു ഗ്രന്ഥവ്യാപാരത്തിനുള്ള ഒരു വിപത്താണ്. ഏതു ക്ലാസഹകരണഗ്രന്ഥവില്പനശാലയേയും ഇതു ബാധിക്കുന്നതാണ്. പ്രധാനപ്പെട്ട ഗ്രന്ഥവ്യാപാരികൾ മൊത്തത്തിൽ കമ്മീഷൻ അല്ലെങ്കിൽ കൺസയിൻമെന്റു വ്യവസ്ഥയിന്മേൽ ഗ്രന്ഥങ്ങൾ വിൽക്കയില്ല. ൫ ൧ ശതമാനംവരെ വരുന്ന ഒരു ഡിസ്കൌണ്ടു അവർ അനുവദിക്കുമെങ്കിലും രൊക്കം ഏൎപ്പാടു അവൎക്കു നിൎബന്ധമാണ്. വളരെ പ്രയാസപ്പെട്ടു ഞങ്ങൾ ഒരു മാസത്തെ അവധിവാങ്ങിച്ചിട്ടുണ്ടു എങ്കിലും പിരിയാത്തചരക്കിനു ഒരു പോം വഴി കാണുന്നില്ല. ഡാപ്പുകൾ ശേഖരിച്ചു പുസ്തകങ്ങൾ വാങ്ങുന്നരീതി ഒരു പരിഹാരമാൎഗ്ഗമാണെങ്കിലും, വിശേഷിച്ചു വിലയും ഭേദഗതിയും വ്യത്യാസപ്പെടുന്ന ഐച്ഛിക വിഷയകങ്ങളല്ലാത്ത പുസ്തകങ്ങളെ സംബന്ധിച്ചടത്തോളം ഇതു അപ്രയോഗികമായി കാണപ്പെട്ടു. ടാതെ വിദ്യാലയത്തിലെ എല്ലാ അദ്ധ്യാപകന്മാരുടേയും സംപൂൎണ്ണ സഹകരംഇതിലേക്കു അപേക്ഷിതമാണ്.

൨. കാളേജുഅധികൃതന്മാർ ലാബറട്ടറി സാധനങ്ങൾ സ്റ്റോർമുഖാന്തിരം വാങ്ങിയാൽ സ്റ്റോറിനു ലാഭം കിട്ടുന്നതാണ്. ഈവിധം വാങ്ങുമ്പോൾ അന്യർക്കു ചേരുന്നലാഭം സ്റ്റോറിനു ലഭിക്കുന്നതാണ്. ഗവൎമ്മെന്റു വാങ്ങുന്ന അവസരത്തിൽ മറെറാരു ബുദ്ധിമുട്ടുണ്ട്. ഗവൎമ്മെന്റു ഏററവും വലിയ ഒരു വിനിയോജനകനാണെങ്കിലും സ്റ്റോറിൽ അംഗമല്ലാത്തതിനാൽ ലാഭവീതത്തിനു അൎഹനാകുന്നില്ല. താഴെപ്പറയുന്നവിധം ഈ ബുദ്ധിമുട്ടിനു ഞങ്ങൾ പരിഹാരംകണ്ടിട്ടുണ്ട്. പ്രിൻസിപ്പാളിനെ വ്യക്തിഗതമായനിലയിൽ ഒരു അംഗമാക്കാൻ അദ്ദേഹം മുഖാന്തിരം ഞങ്ങൾ ഗവൎമ്മെന്റിനോടപേക്ഷിച്ചു. കിട്ടുന്നലാഭം ഒടുവിൽ ഗവൎമ്മെന്റിലേക്കു കൊടുക്കാവുന്നതാകുന്നു.

൩. ഒരു സ്റ്റോർ രൂപീകരിച്ചു നടത്തുന്നതിനുള്ള പ്രാരംഭപ്രതിബന്ധങ്ങൾ ഇതിലും വലുതാണ്. ആകയാൽ ആരംഭത്തിൽ ഒന്നുരണ്ടു മാസക്കാലത്തേക്കെങ്കിലും വിജയപ്രദമായി ഒരു സ്റ്റോർ നടത്തിയിട്ടുള്ള ഒരാളിന്റെ സഹായം ലഭിക്കേണ്ടതാണ്. ശരിയായ പ്രവൎത്തകന്മാർ ഈ വിഷയത്തെപ്പററി അദ്ധ്യാപകയോഗങ്ങളിൽ പ്രസംഗം ചെയ്യുന്ന പക്ഷം ഈ പ്രസ്ഥാനം ക്രമേണ സ്കൂളുകളിലും വിദ്യാലയങ്ങളിലും പ്രചരിക്കുന്നതാണ്.

൪. മൈനർഅംഗങ്ങൾ. ഒരു മൈനൎക്കു അംഗമായിരിക്കാൻ പാടില്ല. ഹൈസ്കൂളുകളിലെ അധികം വിദ്യാൎത്ഥികളും മൈനരന്മാരായിരിക്കാനാണിടയുള്ളതു്. ഞങ്ങൾ മൈനൎമാരെ സഹചാരികളായി ചേൎത്തിരിക്കുന്നു. വോട്ടിംഗ് ഒഴിച്ചുള്ള എല്ലാ സംഗതികളിലും അവൎക്കു മെമ്പറന്മാൎക്കുള്ള അധികാരങ്ങൾ ഉണ്ടായിരിക്കും.

൫. പുസ്തകവ്യാപാരികളിൽ നിന്നുള്ള മത്സരം. പുസ്തകവ്യാപാരികൾ ഒററയൊററയായും കൂട്ടുചേൎന്നും കാളേജ്സ്റ്റോറിനെ ഉടയ്ക്കാൻ വല്ലവണ്ണം ശ്രമിച്ചുവരുന്നു. അതു സഹജമായ ഒരു എതിൎപ്പാണ്. അവരുടെ മാൎഗ്ഗങ്ങൾ ആകൎഷകങ്ങളാണെങ്കിലും അയോഗ്യങ്ങളാണ്. അവരുടെ വലയിൽ അകപ്പെട്ട വിദ്യാൎത്ഥികൾക്കു മാത്രമേ അവരുടെ ദുൎന്നയങ്ങൾ അറിഞ്ഞുകൂടൂ. അവ വളരെയുള്ളതും പ്രസിദ്ധങ്ങളും ആകയാൽ ഇവിടെ പറയുന്നില്ല. ഈ വക വിഷമങ്ങൾ ഒഴിക്കുന്നതിലേക്കായി സാധാരണ ഗ്രന്ഥവ്യാപാരികളുടെ കൌശലങ്ങളും സഹകരണവ്യാപാരത്തിന്റെ ഗുണങ്ങളും വിദ്യാൎത്ഥികളെ പറഞ്ഞുമനസ്സിലാക്കേണ്ടതാണ്.

(൧) രൊക്കവിലക്കു വിൽക്കുക (൨) അംഗങ്ങൾക്കു മാത്രം വിൽക്കുക (൩) കമ്പോളവിലയിൽ താഴ്ത്തിയോ അല്ലാതെയോ വിൽക്കുക, (൪) മൊത്തമൊ ചില്ലറയൊ ആയൊ, ഡാപ്പുകൾ ശേഖരിച്ചോ എങ്ങിനെയാണ സാമാനങ്ങൾ വാങ്ങേണ്ടതു് (൫) മൂലധനവിനിയോഗത്തിന്റെ പരിവൎത്തനകാലം എന്നിത്യാദി സ്റ്റോറിനെ സംബന്ധിച്ച ചില പ്രധാനപ്രശ്നങ്ങൾ എന്റെ സ്നേഹിതനായ സ്ഥലം ഐക്യസംഘം പ്രസിഡന്റു മി: ഈ. ആർ. സുബ്രഹ്മണയ്യരുമായി ഞാൻ വാദപ്രതിവാദം ചെയ്തു. സംഭാഷണമദ്ധ്യേ ബംഗാൾ റജിസ്ത്രാർ മി: ജെ. ററി. ഡോണോവൻ എഴുതിയിട്ടുള്ള ഒരു ലഘുപത്രികയിലേക്കു അദ്ദേഹം എന്റെ ശ്രദ്ധക്ഷണിക്കയും ചെയ്തു.

എസ്. സെക്രട്ടറി, (ഒപ്പ്.)

അനുബന്ധം ix

൧൯൩൩ ജൂലൈ ൨൦-ാംതീയതിയിലെ ആർ. ഒ. സി. ഡിപ്പാർട്ടുമെൻറ
൧൯൧൭/൩൩-ാംനമ്പർ ഗവണ്മെൻറ ഉത്തരവിൻെറ സംക്ഷേപം.

൧. സംരക്ഷകൻെറ കൃത്യങ്ങളെ സംബന്ധിച്ചിടത്തോളം ആരംഭത്തിൽ പുലയർ അരയർ മുതലായ സമുദ്രതീരവാസികൾ ഉൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ അധഃകൃതവർഗ്ഗക്കാരുടെയും ക്ഷേമം അന്വേഷിക്കുന്നതിനു അദ്ദേഹം പൊതുവെ ഉത്തരവാദിയായിരിക്കുന്നതാണ്. ഇവരുടെ ആത്മീകസാമൂഹികസ്ഥിതികളെ നന്നാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിൽവരുത്തുന്നതിനും ഉള്ള ചുമതല അദ്ദേഹത്തിനുണ്ടായിരിക്കുന്നതാണ്. കൂടുതൽ പ്രത്യേകതയായി താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ചും അദ്ദേഹം ശ്രദ്ധിച്ചുകൊള്ളേണ്ടതാണ്:—

൨. ഭൂമി. സംരക്ഷകൻെറ ഏററവും പ്രധാനപ്പെട്ട ജോലികളിൽ ഒന്ന അധഃകൃതവർഗ്ഗക്കാരിൽ ഭൂസ്വത്തില്ലാത്തവർക്ക സ്ഥലങ്ങൾ തിരഞ്ഞെടുത്തു പതിച്ചുകൊടുക്കുക എന്നതാണ്. കുറെഭൂമികൾ അവർക്കായി ഇപ്പോൾതന്നെ തിരിച്ചിടപ്പെട്ടിട്ടുണ്ട്. എന്നാൽ അതുവരെ കുറഞ്ഞുപോയി എന്നും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ കൃഷിക്കൊ അധിവാസത്തിനൊ സൌകര്യമുള്ളവയല്ലെന്നും ജനസാമാന്യം ജോലിചെയ്തുവരുന്നതായ സ്ഥലങ്ങളിൽ നിന്ന വളരെ ദൂരത്തുള്ളവയും ചെന്നെത്താൻ പ്രയാസമുള്ളവയും ആണെന്ന പരാതിയുണ്ട്. ഈ സ്ഥലങ്ങൾ യോജിച്ചതാണോ എന്നും മതിയാകുമൊ എന്നും നോക്കുന്നതിലേക്ക അവ പരിശോധിക്കയും സൌകര്യമില്ലാത്ത സ്ഥലങ്ങൾ തള്ളിക്കളഞ്ഞു സൌകര്യമുള്ളവ തിരഞ്ഞെടുത്തു ലിസ്റ്റുകൾ ഭേദപ്പെടുത്തുകയും ചെയ്യേണ്ടതു സംരക്ഷകൻെറ ജോലിയാകുന്നു.

ധാരാളം വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ സൌകര്യത്തിലുള്ളതായ ദിക്കുകളിൽ അധഃകൃതവർഗ്ഗക്കാരുടെ കുടിപാർപ്പുകൾ ഉണ്ടാകുന്നതിനു സംരക്ഷകൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

അദ്ദേഹത്തിനു സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിനു അധികാരം ഇല്ലെങ്കിലും ഭൂനികുതി ഉദ്യോഗസ്ഥന്മാരുമായി ഈ വിഷയത്തിലുള്ള എഴുത്തുകുത്തുകൾ അദ്ദേഹം മുഖാന്തരം നടത്തപ്പെടുകയും സ്ഥലങ്ങൾ വേഗം പതിച്ചു കൊടുക്കുന്നതിലേക്ക അവരെ നിരന്തരം നിർബന്ധിച്ചുകൊണ്ടിരിക്കയും വേണം. ഭൂനികുതി ഉദ്യോഗസ്ഥന്മാരും സംരക്ഷകനും ആയി ഏതെങ്കിലുംസ്ഥലം പതിച്ചുകൊടുക്കുന്നതിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുമ്പോൾ ആ സംഗതി സംരക്ഷകൻ ഗവണ്മെൻറിൽ സമർപ്പിക്കേണ്ടതാണ്.

൩. സഹകരണസംഘങ്ങൾ. താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി അധഃകൃതവർഗ്ഗസംഘങ്ങൾ ഏർപ്പെടുത്താൻ സംരക്ഷകൻ ഉദ്യമിക്കേണ്ടതാണ്.

(i) സഹകരണഗൃഹനിർമ്മാണം.
(ii) കിണറുകൾ കുഴിക്കുക, പ്രവേശനവീഥികൾ ഉണ്ടാക്കുക മുതലായവ.
(iii) നെയ്ത്തു കോഴിവളർത്തൽ മുതലായ ഗാർഹിക വ്യവസായങ്ങൾ.

മേൽപറഞ്ഞിട്ടുള്ള കാര്യത്തിനു ഗവണ്മെൻറ ചെയ്തുകൊടുക്കേണ്ട സഹായത്തെ സംബന്ധിച്ചു അദ്ദേഹം ഗവണ്മെൻറിലേക്ക പദ്ധതികൾ സമർപ്പിക്കേണ്ടതാണ്.

൪. വിദ്യാഭ്യാസം. സംസ്ഥാനത്തെ എല്ലാവിദ്യാലയങ്ങളും തന്നെ ഇവരുടെ പ്രവേശനത്തിനു അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവരുടെ കേവലം നിർദ്ധനാവസ്ഥകൊണ്ടു ഈ സൌകര്യം പ്രയോജനപ്പെടുത്താൻ അവർക്ക സാദ്ധ്യമായിട്ടില്ല. ഫീസ്സമയം വസ്ത്രധാരണംമുതലായ വിദ്യാലയചട്ടങ്ങൾ അനുസരിക്കുന്നതിൽ അവർക്ക വാസ്തവമായ ബുദ്ധിമുട്ടുണ്ട്. ഈ പ്രശ്നങ്ങളെപ്പററി വിദ്യാഭ്യാസാധികാരികളോടു അഭിപ്രായങ്ങൾ പറകയെന്നതു സംരക്ഷകൻെറ കർത്തവ്യമായിരിക്കുന്നതാണ്.

൪. തൊഴിൽ. അധഃകൃതവൎഗ്ഗത്തിൽ വിദ്യാഭ്യാസ യോഗ്യതകൾ സമ്പാദിച്ചിട്ടുള്ള അംഗങ്ങൾക്കു സൎക്കാർ സൎവ്വീസിൽ അപ്രതിരോധ്യമായ പ്രവേശനം ലഭിക്കേണ്ടതു ആവശ്യമാണ്. ഇതു അവൎക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിലേക്കു മാത്രമല്ല ആത്മാഭിമാനവും രാജ്യഭരണവിഷയത്തിൽ അവൎക്കും പങ്കുണ്ടെന്നുള്ള ബോധവും ഈ വൎഗ്ഗക്കാരിൽ ജനിപ്പിക്കുന്നതിനു കൂടിയും ആണ്. ഈ വിഷയത്തിൽ സംരക്ഷകൎക്കു വളരെ സഹായിക്കാൻ കഴിയുന്നതാണ്. സൎക്കാർ സൎവ്വീസിൽ പ്രവേശനത്തിനു യോഗ്യതസമ്പാദിച്ചിട്ടുള്ളവരുടെ ഒരു ലിസ്റ്റു സംരക്ഷകൻ വച്ചുകൊണ്ടിരിക്കയും അപേക്ഷകൾ ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു ശുപാൎശചെയ്തു ഉദ്യോഗം കൊടുപ്പിക്കുന്നതിനു ശ്രമിക്കയും ചെയ്യേണ്ടതാണ്.

അനുബന്ധം ൧൦.

അധഃകൃതവർഗ്ഗക്കാക്കു സ്ഥലം പതിച്ചുകൊടുക്കുന്ന വിഷയത്തിൽ സംരക്ഷകൻ ചെയ്തിട്ടുള്ള ജോലികളുടെ ചുരുങ്ങിയ വിവരണം.

ഓരോ അധഃകൃതവർഗ്ഗകുടുംബത്തിനും തറവിലകൂടാതെ മൂന്നേക്കർ സ്ഥലം വീതം പതിച്ചുകൊടുക്കാവുന്നതാണ്. രാജ്യത്തുള്ള ൩൦ താലൂക്കുകളിൽ ൨൩ താലൂക്കുകളിൽ തറവിലകൂടാതെ സൌജന്യവ്യവസ്ഥകളിന്മേൽ പതിച്ചുകൊടുക്കാവുന്നതായി ഒഴിച്ചിടപ്പെട്ട സ്ഥലങ്ങൾ ഉണ്ട്. ഈപ്രകാരം തിരിച്ചുവച്ചിട്ടുള്ള സ്ഥലങ്ങളുടെ ആകെ വിസ്തീർണ്ണം ൧൧൦൨-ൽ ൧൩൨൨.൨൪ ഏക്കർ ആയിരുന്നു.

സ്ഥലങ്ങൾ കുടിപാർപ്പിനും കൃഷിക്കും സൌകര്യമുള്ളവയല്ലെന്നും, മലമ്പനിയും മററസുഖക്കേടുകളും ഉണ്ടാക്കുന്നവയാണെന്നും ഗവൺമെൻറിലേക്കും എനിക്കും പരാതികൾ കിട്ടിയിട്ടുണ്ട്. എൻെറ ശുപാർശകളിൽ ഒന്നു തഹശീൽദാരന്മാരുമായി ഇപ്രകാരം തിരിച്ചുവച്ചിട്ടുള്ള സ്ഥലങ്ങൾ പരിശോധിക്കയും അസൌകര്യപ്രദങ്ങളായവയെ തള്ളി സൌകര്യമുള്ളവയെ ലിസ്ററിൽ ഉൾപ്പെടുത്തുകയും ആകുന്നു.

സ്ഥലം പതിച്ചുകൊടുക്കുന്നതിനു അധികാരമുള്ള തഹശീൽദാർമാർക്കാണു സാധാരണയായി അതിലേക്കുള്ള അപേക്ഷകൾ അയച്ചുവരുന്നതു. റവന്യൂ അധികൃതന്മാർ സ്ഥലം പതിവു താമസപ്പിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുമ്പോൾ വിവരം കക്ഷികൾ എന്നെ ധരിപ്പിച്ചുവരുന്നതാണ്. സ്ഥലങ്ങൾ പരിശോധിക്കേണ്ടതായിട്ടുള്ള അവസരങ്ങളിൽ ഞാൻ പോയിപരിശോധിക്കയും, എന്തെങ്കിലും കാരണവശാൽ പതിച്ചുകൊടുക്കാൻ നിവർത്തിയില്ലാതെ വരുമ്പോൾ അപേക്ഷ തള്ളുകയും ചെയ്യുന്നു. അപേക്ഷകന്മാർക്കു പതിച്ചുകൊടുക്കുന്നതിലേക്കു ന്യായമായ അവകാശം ഉണ്ടെന്നുകാണുന്ന സ്ഥലങ്ങൾ അപ്രകാരം പതിച്ചുകൊടുക്കുന്നതിനു ഞാൻ റവന്യൂ ഉദ്യോഗസ്ഥന്മാരെ പ്രേരിപ്പിക്കുന്നുണ്ട്. റവന്യൂ ഡിപ്പാർട്ടുമെൻറും ഞാനുമായി അഭിപ്രായവ്യത്യാസമുണ്ടായാൽ ആ സംഗതി ഗവൺമെൻറിൻെറ തീരുമാനത്തിനായി അയക്കേണ്ടതാണ്.

തിരിച്ചുവയ്ക്കപ്പെട്ടിട്ടുള്ള ഭൂമികൾ കൂടാതെ മററു സ്ഥലങ്ങളും സൌജന്യവ്യവസ്ഥകളിന്മേൽ രജിസ്റ്റർ ചെയ്തുകൊടുക്കാൻ റവന്യൂ ഉദ്യോഗസ്ഥന്മാർക്കു അധികാരമുണ്ട്. ഈപ്രകാരമുള്ള അപേക്ഷകളും ഞാൻ വാങ്ങി മേല്പറഞ്ഞ വിധം ചെയ്യാറുണ്ട്.

പ്രസ്തുത വർഷത്തിൽ (൧൧൦൯-ൽ) താഴെപ്പറയുന്ന താലൂക്കുകളിൽ ഒഴിച്ചിട്ടപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ പരിശോധിച്ചിട്ടുണ്ട്.

താലൂക്ക്	ഒഴിച്ചിട്ടിട്ടുള്ള സ്ഥലം	സൌകര്യം എന്നുകണ്ട സ്ഥലം	കുറവു ചെയ്ത സ്ഥലം	ലിസ്റ്റിൽ കൂടുതലായി ചേർക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം
൧) വിളവംകോട്	* ൧൧൩൭.൯൬	* ൧൦൯൨.൩	൪൬.൯൨	...
൨) നെടുമങ്ങാട്	൪൨൨.൩൧	൨൮൪.൩൨	൧൩൭.൯൯	൨൦൧.൭൫
൩) മാവേലിക്കര	൧൧൨.൭൧	൧൧൨.൭൧	...	൧൧൧.൯൨
൪) പത്തനാപുരം	൧൦൯൪.൧൩	൨൨൩	൩൨൦.൪൧	൨൩൦

ഇപ്രകാരം ഒഴിച്ചിടാമോ എന്നു അവസാനതീരുമാനം ചെയ്തിട്ടില്ലാത്ത ൧൦൩൩.൩൪ ഏക്കർ കണ്ണിക്കാരുടെ സ്ഥലവും ഇതിലുൾപ്പെടുന്നു.

പത്തനാപുരം താലൂക്കിലുള്ള ൧൨൭.൭൫ ഏക്കർ സ്ഥലം പരിശോധിച്ചിട്ടില്ല.

എന്റെ ശുപാർശപ്രകാരം റവന്യൂഡിപ്പാർട്ടുമെൻറുകാർ നേരിട്ടോ പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങൾക്ക അവർ പ്രത്യേകരജിസ്റ്ററുകാം വച്ചിട്ടില്ല. ഏതായാലും സ്ഥലംപതിച്ചുകിട്ടുന്നതിലേക്ക വരുന്ന അപേക്ഷകളുടെ ഒരു ലിസ്റ്റ് ഞാൻ വയ്ക്കുന്നുണ്ട്. ആരംഭംമുതൽ ഇതുവരെ കിട്ടിയിട്ടുള്ള അപേക്ഷകൾ ൮൫ ആണ്. ചിലവ സ്ഥലപരിശോധനയ്ക്കായി കിടക്കുന്നതും ചിലവ റവന്യൂഡിപ്പാർട്ടുമെൻറിലേക്ക ശുപാർശചെയ്തയച്ചിട്ടുളളം മററു ചിലവ കൂടുതൽ വിവരങ്ങൾ വരുത്തുന്നതിലേക്ക കിടപ്പുള്ളവും ആണ്. ൧൧൨൦-ൽ പൂർവാർദ്ധത്തിൽ ൨൭.൨൩ ഏക്കർ സ്ഥലം പതിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ നടപടികൾക്കായി കിടപ്പുണ്ടപേക്ഷകൾ ൪൪൭ ആയിരുന്നു. ഇതിൽ ൨൧൦ എണ്ണം മുൻകൊല്ലത്തെ കിടപ്പും ൨൩൭ തൽകൊല്ലം കിട്ടിയിട്ടുള്ളവയുംആണ്. ഇതിൽ ൧൨൪ എണ്ണം അനുവദിച്ചുസ്ഥലംപതിച്ചു കൊടുക്കപ്പെടുകയുംൻൽ എണ്ണം താഴെ പറയുന്ന ഓരോരോ കാരണങ്ങളാൽ തള്ളപ്പെടുകയും ചെയ്തിട്ടുള്ളതാണ്.

(൧) സ്ഥലം മേച്ചിൽ സ്ഥലങ്ങളിൽ പെട്ടവയാകയാൽ പതിച്ചുകൊടുക്കാൻ പാടില്ലെന്നു,

(൨) അപേക്ഷകർ അധഃകൃതവർഗ്ഗത്തിൽ പെട്ടവരല്ലെന്നു.

(൩) അപേക്ഷകർക്ക മററുസ്ഥലങ്ങളുള്ളതിനാൽ സൌജന്യങ്ങൾക്ക അർഹരല്ലെന്നു.

(൪) ക്ലുപ്തകാലത്തിനകം കരം അടയ്ക്കായ്ക.

(൫) സർവെ ചെയ്യാത്ത മൈനർ സർക്കീട്ടിൽ പെട്ട സ്ഥലങ്ങളാണെന്ന്.

(൬) മേൽവിലാസം മുതലായ പൂർണ്ണവിവരങ്ങൾ അപേക്ഷകൾതരാതെയിരിക്കുക.

ഇവയ്ക്കും പുറമേ മററു സാങ്കേതിക തടസ്സങ്ങളും ഉണ്ടായിരിക്കും.

സി. ഒ. ദാമോദരൻ,
അധഃകൃതസംരക്ഷകൻ.

അനുബന്ധം ൧൧

അധഃകൃതവർഗ്ഗക്കാർക്കു സ്ഥലം പതിച്ചുകൊടുത്തിട്ടുള്ളതിനെപ്പററി ഭൂനികുതി ഡിപ്പാർട്ടുമെൻറിൻെറ ൧൧൦൮-ലെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്.

(iii) അധഃകൃതവർഗ്ഗീയരിൽനിന്നു ൧൧൦൮-ൽ ൫൭൮ പുതുവൽ അപേക്ഷകൾ ഉണ്ടായിരുന്നതിന് ആണ്ട അവസാനത്തിൽ കിടപ്പു ൧൫൭ അപേക്ഷകൾ ഉൾപ്പെടെ ൭൩൫ (മുന്നാണ്ടു [illegible]) അപേക്ഷകൾ തന്നാണ്ടു നടപടിക്കായി വന്നിട്ടുണ്ട്. ഇതിൽ ൫൨൫ എണ്ണം തീരുമാനിക്കപ്പെട്ടു. പോകെ ൨൧൦ എണ്ണം ആണ്ടവസാനത്തിൽ കിടപ്പായിരുന്നു. ൧൧൦൭-ൽ തീരുമാനിച്ചതും ബാക്കിയും യഥാക്രമം ൬൧൬-ം ൧൫൭-ം ആയിരുന്നു. തീരുമാനിക്കപ്പെട്ടതിൻെറ ശതമാനം ൭൧.൪൦ ആയതു ൧൧൦൭-ൽ ൮൦-ം ആയിരുന്നു. തീരുമാനം ചെയ്തവയിൽ ൩൨൧ അപേക്ഷകർക്കു സ്ഥലം പതിച്ചു കൊടുക്കപ്പെടുകയും ബാക്കി ൨൦൪ അപേക്ഷകൾ തള്ളിക്കളയുകയും ആണു ചെയ്തതു്. തന്നാണ്ടിൽ അപേക്ഷകൾ തീരുമാനിച്ചതും സ്ഥലങ്ങൾ പതിച്ചുകൊടുത്തതും ആയ വിവരങ്ങൾ ഡിവിഷൻതിരിച്ചു താഴെപ്പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഡിവിഷൻ	അപേക്ഷകളുടെ എണ്ണം			ബാക്കി	പതിച്ചുകൊടുത്ത സ്ഥലം	
	തീരുമാനത്തിനുണ്ടായിരുന്നതു്	തീരുമാനിക്കപ്പെട്ടതു			ഏക്കർ	സെൻറ
		അനുവദിച്ചതു്	തള്ളിയതു്			
തിരുവനന്തപുരം	൧൮൭	൩൭	൪൫	൧൦൫	൪൭	൩൮
കൊല്ലം	൩൯൪	൨൩൯	൧൦൬	൪൯	൧൩൩	൫൮
കോട്ടയം	൧൩൭	൪൫	൩൮	൫൪	൨൬	൫൯
ദേവികുളം	൧൭	...	൧൫	൨	...	...
ആകെ	൭൩൫	൩൨൧	൨൦൪	൨൧൦	൨൦൭	൫൫

൧൧൦൭-ൽ ൨൮൩ അപേക്ഷകന്മാർക്കായി ൩൧൨.൧൧ ഏക്കർ പതിച്ചുകൊടുത്തിരിക്കെ ൧൧൦൮-ൽ ൩൨൧ അപേക്ഷകന്മാർക്കായി ൨൦൭.൫൫ ഏക്കർ ആണ് കൊടുത്തിട്ടുള്ളതു്. ഇപ്രകാരം പതിച്ചു കൊടുത്തതിൽ ൯൪.൫൨ ഏക്കർ സ്ഥലം ഒഴിച്ചിടപ്പെട്ട സ്ഥലങ്ങളിൽപെട്ടവയും ബാക്കി ൧൧൩.൦൩ ഏക്കർ മററു സ്ഥലങ്ങളും ആണ്.

ആണ്ടവസാനത്തിൽ എല്ലാ ഡിവിഷനിലുംകൂടി അധഃകൃതവർഗ്ഗക്കാർക്ക് രജിസ്റ്റർ ചെയ്തു കൊടുക്കുന്നതിനു ഒഴിപ്പിച്ചിടപ്പെട്ടിരുന്ന സ്ഥലം ൧൫,൯൪൭ ഏക്കർ ൧൬൩/൪ സെൻറായിരുന്നു. ഇതു ൧൧൦൭-ൽ ൧൫,൬൦൦ ഏക്കർ ൨൯ ൧/൪ സെൻറായിരുന്നു. ഡിവിഷനിൽ നിന്നു വന്നിട്ടുള്ള കണക്കുകളിൽ എല്ലാം വ്യത്യാസം ഉണ്ട്. അതു താഴെ കൊടുത്തിരിക്കുന്നു.

ഡിവിഷൻ	അധഃകൃതവർഗ്ഗക്കാർക്കു പതിച്ചുകൊടുക്കാൻ ഒഴിച്ചിടപ്പെട്ടിട്ടുള്ള വിസ്തീർണ്ണം				വ്യത്യാസം	
	൧൧൦൭		൧൧൦൨			
	ഏക്കർ	സെൻറ	ഏക്കർ	സെൻറ	ഏക്കർ	സെൻറ
തിരുവനന്തപുരം	൬൨൩൩	൨൧ ൩/൪	൬൦൨൬	൩൨ ൩/൪	൨൪൭	൪൯
കൊല്ലം	൫൫൯൧	൫൬	൫൫൩൩	൧	൫൮	൫൫
കോട്ടയം	൩൦൨൭	൪൨൧/൪	൩൦൩൬	൯൧	൫൦	൫൭ ൩/൪
ദേവികുളം	൫൨൨	൩	൬൦	൯൨	൧൦൨	൨൯
ആകെ	൧൫൬൦൦	൨൯ ൧/൪	൧൫൩൭	൧൬൩/൪	൨൫൩	൭൨ ൧/൨

തിരുവനന്തപുരം ഡിവിഷനിൽ ഉണ്ടായിട്ടുള്ള കുറവിൽ ൨൪൩.൦൯ ഏക്കർ ൧൧൦൬ൽ ലാൻഡ്റവന്യൂകമ്മിഷണരുടെ പരിശോധനഫലമായും ഗവണ്മെൻറുത്തരവുപ്രകാരവും നെടുമങ്ങാട്ട താലൂക്കിലെ ലിസ്ററിൽ വരുത്തിയിട്ടുള്ള ഭേദഗതിയും ൪.൪൦ ഏക്കർ ഡിവിഷൻപേഷ്കാരുടെ അനുവാദപ്രകാരം ചിറയിൻകീഴ് താലൂക്കിൽ ചെയ്തിട്ടുള്ള വ്യത്യാസവും ആണ്. കോട്ടയം ഡിവിഷനിലുണ്ടായിട്ടുള്ള കുറവു താഴെപ്പറയും വിധം ഉണ്ടായതാണ്.

		ഏക്കർ	സെൻറ
(൧)	വൈക്കം താലൂക്കിൽ ഒഴിച്ചിടപ്പെട്ട ഭൂമിയിൽ നിന്നും തറവിലഈടാക്കി പതിച്ചുകൊടുത്തതു.	൯	൭൫
(൨)	ടി താലൂക്കിൽ ഒഴിച്ചിടപ്പെട്ട സ്ഥലത്തുനിന്നും മിശ്രകുഡുംബാംഗങ്ങടം പതിച്ചു കൊടുത്തതു	...	൧൭
(൩)	ടി താലൂക്കിൽ ഒരു റോഡുവക്കുപുറമ്പോക്കിൽ ചേർത്തതു	...	൨൫ ൧/൨

	ഏക്കർ	സെൻറ്
(൪) കുന്നത്തുനാട്ട താലൂക്കിൽ ഒഴിച്ചിട്ട ഭൂമിയിൽ നിന്ന മററു വർഗ്ഗക്കാർക്ക പതിച്ചുകൊടുത്തതു	൩൦	൧൫
(൫) ൧൨൮ കുന്നത്തുനാട്ടു താലൂക്കിൽ കുറവു ചെയ്തതു	൨	൬൧
(൬) വാഴമാർക്ക ചേർത്തല താലൂക്കിൽ ഒഴിച്ചിട്ടിരുന്ന ഭൂമി പൊറമ്പോക്കു ഉൾപ്പെടുത്തിയതിനെ കുറവുചെയ്തതു	൫	൫൪
ആകെ	൬൨	൮൧ ൧/൨
	ഏക്കർ	സെൻറ
(൭) മൂവാററുപുഴ താലൂക്കിൽ സർവേറിക്കാർഡു കൾ തിരിച്ചു കിട്ടിയപ്പോൾ കണ്ട കൂടുതൽ	൨	൨൦
ബാക്കികുറവു്	൬൦	൬൧ ൧/൨

കൊല്ലം ഡിവിഷനിലെ കുറവു പത്തനംതിട്ട താലൂക്കിലെ ൨·൪൩ ഏക്കർകൂട്ടിയും താഴെപ്പറയുന്ന താലൂക്കുകളിൽ തെററുകൾ തിരുത്തിയതിൽ കുറച്ചും ഉണ്ടായ ഫലം ആണ്.

		ഏക്കർ
൧.	കുന്നത്തൂർ	൩·൩൮
൨.	അമ്പലപ്പുഴ	൪൫·൬൧
൩.	കാർത്തികപ്പള്ളി	൬·൦൦
൪.	പത്തനാപുരം	൦·൦൩
	ആകെ	൩൧.൦൧
	ബാക്കികുറവു	൬൮.൮൬

ദേവികുളത്തുണ്ടായ ആധിക്യം ദേവികുളം താലൂക്ക രജിസ്ററുകളിൽ ൧൦൭.൮൬ ഏക്കർ വ്യത്യാസം ശരിപ്പെടുത്തിയതിനാലും പീരുമേട്ട താലൂക്കിൽ ഒരു റോഡിനു വേണ്ടി ൪൫ ഏക്കർ പുറമ്പോക്കിൽ ചേർത്തതുകൊണ്ടും വന്നിട്ടുള്ളതാണ്.

൧൧൦൮ അവസാനംവരെ ഒഴിച്ചിട്ടിരുന്ന ഭൂമിയിൽ നിന്നും ൩൬൦൬·൮൩ ഏക്കർ സ്ഥലം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ൧൧൦൭-ൽ പതിച്ചു കൊടുത്തതു ൩൪൬൪·൪ ൩൧/൨ ഏക്കറായിരുന്നതും ൧൧൦൮-ൽ ഒഴിച്ചിടപ്പെട്ടഭൂമിയിൽ നിന്നും പതിച്ചു കൊടുത്തിട്ടുള്ള ൫൪·൬൨ ഏക്കർ കൂടികൂട്ടുന്ന പക്ഷം ആകെ വിസ്തീർണ്ണം ൩൬൪൮·൫൮ ൧/൨ ആകുന്നതും ആണ്. ൪൩·൧൩൧/൨ ഏക്കർ വ്യത്യാസത്തിനുള്ള കാരണം താഴെ പറയുന്നു.

തിരുവനന്തപുരം ഡിവിഷൻ. നെടുമങ്ങാട്ട താലൂക്കിൽ ഒഴിച്ചിട്ടതിൽ ഉൾപ്പെടാതെ പതിച്ചു കൊടുത്ത ൪൭.൧൧ ഏക്കർ സ്ഥലം പിശകായികഴിഞ്ഞകൊല്ലം ഈ ഇനത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പിശക് ൧൧൦൮-ൽ പരിഹരിച്ചിരിക്കുന്നു.

കോട്ടയം. വൈക്കം താലൂക്കിൽ ൧൮൨ ഏക്കറും മീനച്ചിൽ താലൂക്കിൽ ൨·൧൬ ഏക്കറും ഒഴിച്ചിട്ട ഭൂമികളിൽനിന്ന പതിച്ചുകൊടുത്തിരുന്നതു ഉൾപ്പെടുത്താതെയിരുന്ന തെററിനെ ൧൧൦൮-ൽ പരിഹരിച്ചിരിക്കുന്നു.

ഒഴിച്ചിടപ്പെട്ടിരുന്നതു കൂടാതെ പതിച്ചുകൊടുത്തിട്ടുള്ളതു് ൩൦൩൮·൭൩ ൧/൪ ഏക്കറാണ്. ഈ രണ്ടിനങ്ങളിലും കൂടി മൊത്തം പതിച്ചു കൊടുത്തതു

൱൫൧൪·൱൭൭/൨ ഏക്കറാണ്. ഓരോ വർഗ്ഗക്കാൎക്കും പതിച്ചു കൊടുക്കപ്പെട്ടിട്ടുള്ള വിസ്തീർണ്ണവിവരം താഴെ ചേൎത്തിരിക്കുന്നു.

വർഗ്ഗത്തിന്റെ പേര്	പതിച്ചുകൊടുത്ത വിസ്തീർണ്ണം	
	ഏക്കർ	സെൻറ
പുലയർ	൩൬൨൦	൭൫·൨൧൦
പറയർ	൧൱൧	൧൪·൬൮൩
കുറവർ	൱൪൬	,൫൧
സാംബവർ	൧൫൦	൭൩·൨൧൦
വേളാൻ	...	൱൮
കാണി	൨൦൫	൧൪
അയ്യനവർ	൩	...
വേടർ	൮൩	൪൨
ഉള്ളാടർ	൭൩	൱
അരയർ	൭൧൧	൨൨.
മുതുവന്മാർ	൩	൪൬
ആകെ	൱൫൧൪	൱൭·൩൨൯

അനുബന്ധം ൧൨.

കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെൻറു ചെയ്യുന്ന സഹകരണവൃത്തികളെപ്പററി ഡയറക്ടർ ൧൯൩൧ ജൂലൈ ൧൩-ാംനു പ്രസിഡൻറിനയച്ച ലററർ.

എൻെറ ഡിപ്പാർട്ടുമെൻറിൻെറ മൂന്നു ശാഖകളും ചെയ്തിട്ടുള്ള സഹകരണസംബന്ധമായ ജോലികളെപ്പററി ഒരു ചുരുക്കമായ നോട്ടു ആവശ്യപ്പെട്ടു കൊണ്ടു ൧൯൩൧ ലെ ൧൭-ാംനു അങ്ങു അയച്ച എഴുത്തനുസരിച്ചു താഴെക്കാണുംവിധം എഴുതുന്നതാണ്.

൧. നാളികേരവും തത്സംബന്ധമായ പദാർത്ഥങ്ങളും വിക്രയംചെയ്യുക.

സഹകരണതത്വാതിന്മേൽ നാളികേരവിക്രയം ചെയ്യുന്നതിനു ഈ രാജ്യത്തു ഒരു സ്ഥാപനവും ഇല്ല. ഇപ്രകാരമുള്ള സ്ഥാപനങ്ങൾ വളരെ പ്രയോജനകരങ്ങളാണെന്നുള്ളതിൽ സംശയമില്ല. എന്നാൽ, സഹകരണവിക്രയത്തിൻെറ തത്വങ്ങൾ ജനങ്ങൾ മനസ്സിലാക്കിയിട്ടില്ല. ഈവക സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനു ശ്രമങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും തെങ്ങുകൃഷിക്കാർക്കു പൊതുവേ ഈ വിഷയത്തിൽ ആദരവു ജനിച്ചിട്ടില്ല. സാധാരണ പതിവു നാളികേരം ഉടമസ്ഥന്മാർ അവയെ വ്യാപാരികൾക്കു വിൽക്കുകയും വ്യാപാരികൾ അവ കൊപ്രയാക്കി കൊച്ചിയിലോ, ആലപ്പുഴയോ വിൽക്കുകയും ചെയ്യുകയാണ്. തൊണ്ടുകൾ പ്രത്യേകം തൊണ്ടുവ്യാപാരികൾക്കു കൊടുക്കുകയോ അല്ലെങ്കിൽ തേങ്ങാ തൊണ്ടോടുകൂടിത്തന്നെ വ്യാപാരികൾക്കു കൊടുത്തിട്ടു അവർ തൊണ്ടുകൾ എടുത്തു ഉപ്പുവെള്ളത്തിൽ പുതയ്ക്കുകയോ തൊണ്ടുവ്യാപാരികൾക്കു വിൽക്കുകയോ ചെയ്തുവരുന്നു.

തേങ്ങാകൃഷിക്കാരിൽ ഭൂരിഭാഗവും സാധുക്കളും മദ്ധ്യനിലയിലുള്ളവരും ആയിരിക്കുന്നതും അവരുടെ സാമ്പത്തികനില വളരെ മോശമായിട്ടുള്ളതും വളരെ വിഷമിച്ചു അവർ ചിലവുകഴിച്ചുപോരുന്നതും ആണ്. അവർ മിക്കവാറും തേങ്ങാവ്യാപാരികളോടു മുമ്പേറ് പണം പററുന്നതും നാളികേരം അവർക്കു വിൽക്കുമ്പോൾ കണക്കു തീർക്കുന്നതും ആകുന്നു. തെങ്ങിൻതോപ്പു ഉടമസ്ഥന്മാർക്കു ചെറിയ തുകകൾ മുമ്പേറു കൊടുക്കുന്നതിനു സൌകര്യപ്പെടത്തക്കവിധം ഏർപ്പാടുകൾ ചെയ്യുന്നപക്ഷം, അതു അവർക്കൊരു അനുഗ്രഹമായിരിക്കുന്നതാണ്. അപ്രകാരമുള്ള സ്ഥാപനങ്ങൾക്കു ധനസഹായം ചെയ്തുകൊടുക്കുന്നതിലേക്കു വ്യവസ്ഥയുണ്ടായിരിക്കണം.

൨. സഹകരണപണ്ടകശാലകൾ.

സഹകരണപണ്ടകശാലകൾ ഇല്ല. തേങ്ങയും ആവക സാധനങ്ങളും വിൽക്കുന്നതിനു സംഘടിതപ്രവൃത്തികൾ ഒന്നും ഇല്ല. മിക്ക ഗ്രാമങ്ങളിലും രൊക്കവിലയ്ക്കോ ഏതാനുംവില മുൻകൂറുകൊടുത്തോ നാളികേരം വാങ്ങുന്ന വ്യാപാരികൾ ഉണ്ട്. അവർ തേങ്ങ ഉണക്കി കൊപ്രയാക്കി അപ്പോഴപ്പോൾ ആലപ്പുഴയോ കൊച്ചിയിലോ അയച്ചു വിൽക്കുന്നു. നാളികേരം വാങ്ങുന്നതും കൊപ്ര വിൽക്കുന്നതും ആയ ജോലികൾ വ്യക്തിപരമായി ചെയ്തുവരികയാണ്.

നാളികേരോല്പന്നങ്ങളിൽ പ്രധാനപ്പെട്ടവ വെളിച്ചെണ്ണയും കയറും ആകുന്നു. ആലപ്പുഴയും കൊച്ചിയിലും ഉള്ള മില്ലുടമസ്ഥന്മാർ വാങ്ങുന്ന കൊപ്ര അവർ വെളിച്ചെണ്ണയും പുണ്ണാക്കും ആക്കി രൂപാന്തരപ്പെടുത്തുന്നു. ഈ സാധനങ്ങൾ ഇവിടെത്തന്നെ വിൽക്കപ്പെടുകയും ബ്രിട്ടീഷ് ഇൻഡ്യയിലേക്കും വിദേശങ്ങളിലേക്കും കയററി അയക്കപ്പെടുകയും ചെയ്യുന്നു. നാളികേരവ്യാപാരിയെപ്പോലെ കയറുവ്യാപാരിയുണ്ട്. അയാളും ചരക്കു വിൽക്കുന്നതു കൊച്ചിയിലോ ആലപ്പുഴയോ ഉള്ള കമ്പോളങ്ങളിൽ ആണ്. വ്യാപാരം തന്നിമിത്തം വ്യക്തിപരമായിരിക്കുന്നതുകൊണ്ടു സഹകരണപണ്ടകശാലകളുടെ ആവശ്യം ഉണ്ടായിട്ടില്ലാത്തതാണ്.

൩. മൂന്നുതരം മത്സ്യവ്യവസായികൾക്കും ഉള്ള എല്ലാ സംഘങ്ങളുടേയും അഭിവൃദ്ധി.

മൂന്നുതരം മത്സ്യവ്യവസായികൾ ഉള്ളതു, (൧) കടൽതീരമത്സ്യവ്യവസായികൾ, (൨) അരയന്മാരെന്നു അറിയപ്പെടുന്ന കടൽമത്സ്യവ്യവസായികൾ, (൩) വാലന്മാരെന്നു വിളിക്കപ്പെടുന്ന മത്സ്യവ്യവസായികൾ എന്നിവരാണ്. ഇവർക്കെല്ലാംകൂടി ൧൫ സംഘങ്ങൾ ഉള്ളതിൽ ൯ എണ്ണം ആദ്യത്തെ രണ്ടു വർഗ്ഗക്കാർക്ക് ഉള്ളവയും ൬ വാലന്മാരുടെ വകയും ആകുന്നു. ഈ സംഘങ്ങൾക്കുണ്ടാകുന്ന വിഷമതകൾ മിക്കവാറും സാദൃശ്യമുള്ളവയാണ്. അതായതു (൧) മത്സ്യവ്യാപാരത്തിനും വ്യവസായോപകരണങ്ങൾ വാങ്ങുന്നതിനും വേണ്ട ധനം ലഭിക്കുന്നതിനുള്ള പ്രയാസവും, (൨) ശേഖരിക്കുന്നതിനുനിമിത്തം സംഘങ്ങളിൽനിന്നും എടുക്കുന്ന വായ്പകൾ തിരിച്ചു അടയ്ക്കാനുള്ള അശക്തിയും.

തീരവാസികളും അവരുടെ സംഘങ്ങളും.

തീരമത്സ്യവ്യാപാരികളിൽ അധികവും ക്രിസ്ത്യാനികളും അരയന്മാരും ആകുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ കടൽമത്സ്യവ്യവസായം മഹമ്മദീയരും ചെയ്യാറുണ്ട്. ക്രിസ്ത്യാനികളായ തീരവ്യവസായികളുടെ മേൽ പള്ളിക്കാർ വളരെ സ്വാധീനശക്തി ഉപയോഗിക്കുന്നതും തന്നിമിത്തം അവരുടെ സഹായംകൂടാതെ യാതൊരു പുതിയസമാരംഭവും പ്രചരിക്കാൻ എളുപ്പമില്ലാത്തതും ആണ്. എന്തോ ചില കാരണങ്ങൾകൊണ്ടു സഹകരണപ്രസ്ഥാനം അരയവാലവർഗ്ഗക്കാരുടെ ഇടയിലെന്നപോലെ ക്രിസ്ത്യൻ തീരമത്സ്യവ്യവസായികളുടെയിടയിൽ അത്ര വ്യാപിച്ചിട്ടില്ല. മത്സ്യവ്യവസായികൾക്കു ഒട്ടാകെയുള്ള ൧൫ സംഘങ്ങളിൽ ൯ എണ്ണമേ തീരവ്യവസായികളുടെ വകയായിട്ടുള്ളു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഏതായാലും വിഷമതകൾ ഉള്ളതും, അവരുടെ തൊഴിലിന്റേയും വ്യവസായത്തിന്റേയും പൂർണ്ണഫലങ്ങൾ ലഭിക്കുന്നതിലേക്കു തക്കതായ പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതും ആണ്.

കടൽമത്സ്യം പിടിക്കുന്നതിനു പ്രായേണ വിലകൂടിയ വള്ളങ്ങളും വലകളും വേണ്ടിയിരിക്കുന്നു. ഒരു വലിയ കയറുവലയ്ക്കും വള്ളത്തിനുംകൂടി ൨൦൦൦ രൂപാ മുതൽ ൪൦൦൦ രൂപാവരെ വിലപിടിക്കും. ഒററയ്ക്കു അതിനു ശേഷിയില്ലാത്തതിനാൽ അപ്രകാരം ഒരാളിനു തനിച്ചു ഇവകൾ ഉണ്ടായിരിക്കുന്നതു വളരെ ദുർല്ലഭമാണ്. ധനസഹായം ലഭിക്കുന്നപക്ഷം ഇപ്രകാരവും വില കുറഞ്ഞതും ആയ ഉപകരണങ്ങളോടുകൂടി വ്യവസായം നടത്തുന്നതിനു പ്രാപ്തന്മാരായ അനേകം മത്സ്യവ്യവസായികൾ ഉണ്ട്. ഈ വക ആവശ്യങ്ങൾക്കായി ഇപ്പോൾ ഉള്ള സംഘങ്ങൾക്കു ധനസഹായം നൽകപ്പെടണം. ആൾജാമ്യത്തിന്മേലും വിലയ്ക്കുവാങ്ങിയ വള്ളംമുതലായ ഉപകരണങ്ങളുടെ ജാമ്യത്തിന്മേലും സംഘങ്ങളിൽനിന്നും അംഗങ്ങൾക്കു വായ്പകൾ കൊടുക്കാവുന്നതാണ്.

സംഘങ്ങളിൽനിന്നും ചരക്കുവാങ്ങി ആദായകരമാംവണ്ണം കുത്തകപിടിച്ചു ഇപ്പോൾ മല്ലാളിമാർ നടത്തിവരുന്നവിധമുള്ള കച്ചവടത്തിലേക്കായിട്ടും സംഘങ്ങൾക്കു നല്ലുന്ന മുതലുകൾ വിനിയോഗിക്കാവുന്നതാണ്. സംഘങ്ങൾതന്നെ വ്യാപാരം നടത്തുന്നതായാൽ അംഗങ്ങൾക്കു ലഭിക്കുന്നതായ ൧൦ മുതൽ ൫൦ വരെ ശതമാനം ലാഭം ഇപ്പോൾ ഈ മല്ലാളികൾ എടുത്തുവരുന്നു. സംഘങ്ങളുടെ ധനസ്ഥിതി സാമാന്യേന മോശവും അംഗങ്ങൾ മിക്കവാറും അതതുസ്ഥലത്തെ മല്ലാളിമാർക്കു കടപ്പെട്ടവരും ആകുന്നു. മത്സ്യവ്യവസായികളുടെ സ്ഥിതികളും അവർ നിരന്തരമായി മല്ലാളികളുടെ കടക്കാരായിത്തന്നെ ഇരിക്കത്തക്കവണ്ണം അത്ര മോശമായിട്ടുള്ളതാണ്. ആദ്യമായി ചെയ്യേണ്ടതു ഈ മത്സ്യവ്യാപാരികളെ മല്ലാളിമാരുടെ പിടിയിൽനിന്നു വിടുർത്തുക എന്നതാണ്. സംഘാംഗങ്ങൾക്കു മുൻകടങ്ങൾ വീട്ടുന്നതിനും മത്സ്യവ്യവസായവും വ്യാപാരവും കൂടുതൽ ഊർജ്ജിതമായി നടത്തുന്നതിനും ശേഷിയുണ്ടാകത്തക്കവണ്ണം വേണ്ട ധനസഹായം അവ

ക്കു ചെയ്തുകൊടുക്കേണ്ടതാണ്. ഈ ആവശ്യങ്ങൾക്കായി ഈ സംഘങ്ങൾക്കു ഗവമ്മെന്റിൽനിന്നോ സെൻട്രൽ കോവപ്പറേറ്റീവ് ബാങ്കിൽനിന്നോ ധനസഹായം ചെയ്യേണ്ടതാണ്.

വാലസഹകരണസംഘങ്ങൾ.

വാലസഹകരണസംഘങ്ങളുടെ സ്ഥിതിയും യഥാർത്ഥത്തിൽ ഇതുപോലെയാണ്. മത്സ്യവ്യവസായ ഉപകരണങ്ങൾക്കും വ്യാപാരത്തിനും ധനസഹായം ലഭിക്കാത്തതിൽ തീരവാസികളായ മത്സ്യവ്യവസായികൾ അനുഭവിക്കുന്ന വിഷമങ്ങൾ തന്നെയാണ് വാലന്മാരും അനുഭവിക്കുന്നത്. വാലന്മാർക്കു പുറമേ, ഏകദേശം ഒരു ഗ്രാമത്തിനു ഒന്നുവീതം, സഹകരണസംഘങ്ങൾ ഉണ്ട്. അതായതു മിക്കവാറും എല്ലാ വാലന്മാരും ഏതെങ്കിലും ഒരു സഹകരണസംഘത്തിലെ അംഗങ്ങളായിരിക്കും. ഈ സ്ഥാപനങ്ങൾ കടം കൊടുക്കാനുള്ള സൌകര്യത്തെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എല്ലാവരും അതിനാൽ കടക്കാരാണ്. വിട്ടൊഴിയാൻ പാടില്ലാത്തവിധം മുതലാളിമാരുമായി ബന്ധമാക്കപ്പെട്ടിരിക്കയും അവരോടു സംഘങ്ങളോടെന്നവണ്ണം മിക്കവാറും കടപ്പെട്ടിരിക്കുകയും ചെയ്യുന്നു. അവക്കു മുൻ പ്രസ്താവിച്ചവണ്ണം ഏകീകരണമാർഗ്ഗം അവരെയും അവരുടെ സംഘങ്ങളെയും ഇപ്പോഴത്തെ സ്ഥിതിയിൽനിന്നും രക്ഷിക്കുന്നതിലേക്കു ഗവമ്മെന്റോ സെൻട്രൽ ബാങ്കോ സന്നദ്ധമാകുക എന്നതുമാത്രമാണ്. സാമ്പത്തികാധഃപതനം സംഘങ്ങളുടെ കൂടുതൽ വിഷമതരമാക്കിയിട്ടുണ്ട്. മുതലാളിമാരുടെ മർദ്ദനത്തിൽനിന്നും രക്ഷനേടുന്നതിനായി അടുത്തിടെയുള്ള ഒരു ഏന്നാംനമ്പർ വാലസഹകരണസംഘം കൊച്ചിയിലും റംഗൂണിലും ഉള്ള കച്ചവടക്കാരുമായി നേരിട്ടു വ്യാപാരം തുടങ്ങി. ഈ ഏർപ്പാടു ആശ്വാസമായ ആദായത്തിൽ പരിണമിച്ചതായി കണ്ടു. എന്നാൽ ഓരോ അംഗവും കൊടുത്തിട്ടുള്ള ചരക്കിനു കിട്ടിവന്ന വില മുഴുവനും അവർ ചിലവുചെയ്യുകയും മുതലാളിമാരോടോ സംഘത്തിലേക്കോ കൊടുക്കേണ്ട കടം വീട്ടാൻ ഒന്നും ശേഷിക്കാതെവരികയും ചെയ്തു. ഇവിടെയാണ് ഓരോ അംഗത്തിനും ബാഹ്യസഹായം ആവശ്യപ്പെടുന്നത്. ആവശ്യത്തിന്റേയും ഉപകരണങ്ങളുടേയും അംഗങ്ങൾക്കു കൊടുക്കപ്പെടുന്ന വായ്പകൾ മുൻകടങ്ങൾ വീട്ടുന്നതിലേക്കു വിനിയോഗിക്കുകയും, നേരിട്ടു കൊച്ചിയിലോ റംഗൂണിലോ അയച്ചു വിൽക്കുന്നതിനായി ഓരോരുത്തരും ഏല്പിച്ചു ചരക്കിനു കിട്ടിവരുന്ന വിലകൊണ്ടു ഈ കടങ്ങൾ സംഘം പിരിച്ചുകൊള്ളുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ ഒരുവർഷത്തെ പ്രവൎത്തനത്തിനുശേഷം മുൻപറഞ്ഞ സംഘം ജോലിചെയ്യുന്നില്ല. സംഘം അംഗങ്ങളുടെ വ്യാപാരം നേരിട്ടുതുടങ്ങിയതിൽ ക്ഷുഭിതരായി മുതലാളിമാർ അംഗങ്ങൾക്കു കൊടുത്തിട്ടുള്ള പണത്തിനു അവരെ ഞെരുക്കിത്തുടങ്ങി. തരങ്ങാതെ വന്നപ്പോൾ ചരക്കു വീണ്ടും അവക്കുതന്നെ കൊടുക്കാൻ സംഘാംഗങ്ങൾ നിർബന്ധിതരായി. അവരെ മുതലാളിമാരിൽനിന്നു രക്ഷിക്കുന്നതിനാണു ഗവമ്മെന്റോ സെൻട്രൽബാങ്കോ ഇടപെടേണ്ടിയിരിക്കുന്നത്.

മേല്പറഞ്ഞ സംഘത്തിന്റെ പ്രവൎത്തനംകണ്ടു പ്രോത്സാഹനം ജനിച്ച് ആശ്രൂർ പടിഞ്ഞാറുള്ള മറ്റൊരുസംഘം (എൻ ഒ ഏ-ാംനമ്പർ) ഇതേരീതിയിൽ പ്രവൎത്തനം തുടങ്ങി, കഴിഞ്ഞ ഒരുകൊല്ലത്തിനുമേലായി നടത്തിവരികയും ചെയ്യുന്നു. അതിനും നേരിടേണ്ടിവരുന്ന വിഷമതകൾ ഇവതന്നെയാകയാൽ അതിന്റെ ഗതിയും മേല്പറഞ്ഞ വിധമാകുമെന്നു ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനാൽ രണ്ടിനും പ്രതിവിധികൾ ഒന്നുതന്നെയാണ്.

ഇതേവരെയായി ധനസഹായം നടത്തുന്നതായ നാല്പത്തിരണ്ടു വാലസംഘങ്ങളുള്ളതിൽ മേല്പറഞ്ഞ സംഘങ്ങൾമാത്രം നേരിട്ടുള്ള വ്യാപാരങ്ങൾ പരീക്ഷിച്ചിട്ടുള്ളതും, സഹകരണരീത്യാ നേരിട്ടുനടത്തുന്ന വ്യാപാരം മുതലാളിമാർ മുഖാന്തിരം നടത്തുന്ന വ്യാപാരത്തെക്കാൾ അംഗങ്ങൾക്കു കൂടുതൽ ആദായകരമാണെന്നു നിസ്സംശയമായി വെളിപ്പെട്ടിട്ടുള്ളതും ആകുന്നു.

മററെല്ലാ [illegible] സംഘങ്ങളും ഈ പ്രകാരം ജോലിചെയ്തുവരുന്നതും അംഗങ്ങൾക്ക കൂടുതൽ ലാഭം ഉണ്ടാക്കിക്കൊടുക്കുന്നവയുമാണ്. എന്നാൽ ചിലതിൽ കണക്കുകളെല്ലാം ശരിയായി സൂക്ഷിച്ചുവരുന്നില്ലായെന്നും ചില [illegible] ഉണ്ടെന്നും ആണ്. ഇവയെല്ലാം മത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിൻറ ഉദ്യോഗസ്ഥന്മാരും ഫിഷറിസ്കൂൾ ഹെഡ്മാസ്റററന്മാരും അസിസ്റ്റൻറന്മാരും ആണ് നടത്തിവരുന്നത്. [illegible] അവക്ക ഈ സംഘങ്ങളെ മാത്രം ശ്രദ്ധിച്ചുകൊണ്ടിരിപ്പാൻ നിവൃത്തിയില്ല. [illegible] ഡിപ്പാർട്ടുമെൻറും [illegible] ക്രമങ്ങളെല്ലാം [illegible] വിധം ചില പ്രത്യേക [illegible] ഉദ്യോഗസ്ഥന്മാരെ [illegible], ഈ സംഘങ്ങളെ നന്നാക്കുന്നതിന അവർ ശ്രമിക്കേണ്ടതുമാണ്.

സഹകരണപ്രസ്ഥാനത്തെ [illegible] മാത്രം സൃഷ്ടിച്ചിട്ടുള്ള സഹകരണഡിപ്പാർട്ടുമെൻറിന [illegible] സഹകരണസംഘങ്ങളുടെ മുഴുവൻ ഭരണവും മേൽനോട്ടവും വിട്ടുകൊടുക്കുന്നതു അഭിലഷണീയമല്ലേ എന്ന ഈ അവസരത്തിൽ ചോദിക്കാവുന്നതാണ്. ഇതിനുത്തരം പറയുന്നതിനു പ്രധാനമായി ആലോചിക്കേണ്ടതു [illegible] സമുദായത്തിൻറ സാമ്പത്തികോദ്ധാരണത്തിനായിട്ടാണ് ഈ [illegible] സംഘങ്ങൾ ഏർപ്പെടുത്തപ്പെട്ടതെന്നും, ആയതു വിദ്യാവിഹീനരായ അജ്ഞന്മാരും പല [illegible] ഉള്ളവരും ആയ [illegible] മേലും [illegible] അധികാരമുള്ള ഒരു ഡിപ്പാർട്ടുമെൻറിൻറ ഭരണം കൂടുതൽ സഹകരമായി നടത്താവുന്നതാണെന്നും ഉള്ള [illegible] ആണ്. മത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിന [illegible] മേൽ ചില അധികാരങ്ങളുള്ളതും അവരുടെ സാമുദായികസമ്പൽപ്രകർഷണത്തിനു ചുമതലയുള്ളതും ആണ്. സഹകരണഡിപ്പാർട്ടുമെൻറിന [illegible] മേൽ നേരിട്ടുള്ള ഭരണാധികാരമില്ലാത്തതു [illegible] നിമിത്തം [illegible] പ്രായോഗികമായി അവരുടെ സാമുദായിക സമ്പൽസ്ഥിതികളെ അഭിവൃദ്ധിപ്പെടുത്താൻ കഴിയാത്തതു ആണ്. [illegible] ഓർത്തു ഈ സംഘങ്ങളുടെ നിയന്ത്രണം എൻറ ഡിപ്പാർട്ടുമെൻറിലെ മത്സ്യവ്യവസായവകുപ്പിനു വിട്ടുകൊടുക്കണമെന്നാണ് എൻറ സുചിന്തിതമായ അഭിപ്രായം.

ഈ സംഘങ്ങളുടെ കൂടുതൽ കാര്യക്ഷമമായ ഭരണത്തിനു രണ്ടോ മൂന്നോ പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അവക്ക ൨൫-൩/൩൫-൪൦ ക്രമപ്പെടുന്ന ശമ്പളക്രമവും [illegible] സ്ഥിരമായ കീട്ടുപടിയും കൊടുക്കാവുന്നതാണ്. [illegible] സംഘങ്ങൾ ഇവരെ ചുമതലപ്പെടുത്താം. [illegible] ഫിഷറി ഇൻസ്പെക്ടർ കീഴ്ജീവനക്കാരിൽനിന്നു [illegible] യോഗ്യരായി ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരായും ഉള്ള ഫിഷറി സ്കൂൾ ഹെഡ്മാസ്റ്റരന്മാരിൽ നിന്നും ഈ ആളുകളെ തിരഞ്ഞെടുക്കാവുന്നതാണ്.

സംഘങ്ങൾ അഭിവൃദ്ധിപ്പെടുമ്പോൾ വ്യാപാരത്തെ [illegible] പ്രധാനകേന്ദ്രങ്ങളിൽ ഡിപ്പോകൾ തുറന്ന [illegible] ചെമ്മീൻ വ്യാപാരം [illegible] ണ്ട്. ഈ ഡിപ്പോകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും [illegible], ചെമ്മീൻ ആരോഗ്യപ്രദമായവിധത്തിൽ ശേഖരിക്കുകയും അതിന്നു കിട്ടാവുന്ന ഏററവും കൂടുതൽ വില കിട്ടാൻ ശ്രമിക്കയുംചെയ്യേണ്ടതു അവരുടെ ചുമതലയായിരിക്കേണ്ടതും ആകുന്നു.

൧൨൦. സഹകരണതൊഴിൽ വ്യവസായസംഘങ്ങളും [illegible] സംഘങ്ങളും. ഇപ്പോഴത്തെ സ്ഥിതിയിൽ പണ്ടുകാലത്തെ തിരുവിതാംകൂറിൽ ഒരു ആദായകരമായ തൊഴിലല്ല. ഇതിനുള്ള കാരണം അനേകങ്ങളായ [illegible] സ്ഥിതികളും അപര്യാപ്തങ്ങളായ [illegible] പ്രദേശങ്ങളും ആണ്. [illegible] ദേശീയകാലികൾ [illegible] ചെയ്യുന്നതല്ല [illegible] പാലു [illegible] ചെയ്യുന്നതിലും [illegible] പ്പെട്ടവയാണ്. അവയെ തരംതിരിച്ചു തിരഞ്ഞെടു[illegible] ദേശങ്ങളിൽനിന്നും വരുത്തപ്പെടുന്ന വർഗ്ഗഗുണമുള്ള മാടുകളെ ചേർത്തു ജാത്യാ കൂട്ടുന്നവരെ പരിഷ്കരിക്കുന്നതിനായി സഹകരണസംഘങ്ങൾ ഏർപ്പെടുത്തുന്നതു അഭിലഷണീയമല്ല.

൩. കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെന്റിനു ഒരു സംഘം. എല്ലാ താലൂക്കുകളിലും അവിടെയുള്ള സർക്കാർജീവനക്കാർക്കു സഹകരണസംഘങ്ങൾ ഉണ്ട്. എന്റെ ഡിപ്പാർട്ടുമെന്റിലെ സിൽബന്തികൾക്കും അവയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. അവരുടെ സാമാന്യമായ സാമ്പത്തികാവശ്യങ്ങൾക്കു അവ മതിയാകുന്നതാണ്.

൪. തിരുവനന്തപുരത്തെ ക്ഷീരദായകസംഘം. തിരുവനന്തപുരം ടൌണിലേക്കു ശുദ്ധമായ പാലു നൽകുന്നതിനു പ്രൈവറ്റ് ഏജൻസികൾ ഏർപ്പെടുത്താൻ ഒരു ശ്രമം ചെയ്യുകയുണ്ടായി. തിരുവനന്തപുരം കന്നുകാലിത്തോട്ടത്തിന്റെ ചുമതലക്കാരനായ ഇൻസ്പെക്ടർ ടൌണിലെ സ്ഥിതിഗതികൾ പ്രത്യേകമായി പഠിച്ചു. അതിന്റെ ഫലമായി കണ്ടതു വിലകൂടിയ തനിപ്പാലിനെക്കാൾ കൂടുതൽ ആവശ്യവും ചിലവും വിലകുറഞ്ഞ ചേരുവപ്പാലിനാണെന്നാണ്. ഗുണത്തെക്കാൾ കൂടുതലായി ലാഭം വേണമെന്നാഗ്രഹിക്കുന്ന ചായക്കടകളും കാപ്പിക്കടകളും ഒട്ടുവളരെപ്പാൽ ഉപയോഗിച്ചുവരുന്നതും, സംഘടിതവിക്രയസ്ഥാപനങ്ങളും ഈവിധം അനീതിപരങ്ങളായ പ്രവൃത്തികൾക്കു തയ്യാറാകാത്തപക്ഷം ചില്ലറവില്പനക്കാരായ പ്രൈവറ്റുവ്യാപാരികളോടു മത്സരിക്കാൻ കഴിവുണ്ടാകാത്തതും ആകുന്നു. ആഹാരപദാർത്ഥവില്പനയ്ക്കു നിയമം പാസ്സാക്കപ്പെട്ടിട്ടുണ്ടെങ്കിലും നടപ്പിൽ വരുത്തിയിട്ടില്ല. അതിനെ ഊർജ്ജിതമായി നടപ്പിലാക്കുന്നപക്ഷം സ്ഥിതി നന്നാകാവുന്നതാണ്.

അനുബന്ധം XIII

പശ്ചിമോത്തരദേശങ്ങളിലെ കൃഷകന്മാരുടെ കടം.

"കടത്തെ സംബന്ധിച്ചുള്ള ഏററവും വലിയ അപകടം അതിനെ അവഗണിച്ച് ഒന്നും ചെയ്യാതെയിരിക്കുകയാണ്."

(രാജകീയ കാർഷികകമ്മീഷൻ).

"നിർബന്ധിതമായ അടിസ്ഥാനത്തിന്മേൽ കടം ഒതുക്കുന്നതിനെ നിയമനിർമ്മാണം ചെയ്യുന്നതിന്റെ സാദ്ധ്യമാർഗ്ഗങ്ങളെയും സ്പൃഹണീയതയെയും പററി, ആ വിഷയത്തിന്റെ പ്രാധാന്യത്തെ പുരസ്കരിച്ചു, അതതു ഗവണ്മെൻറുകൾ അന്വേഷിക്കേണ്ടതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം."

"ഓരോ പ്രൊവിൻസിലും ഒരു ലളിതമായ ഗ്രാമീണനിർദ്ധനശാസനനിയമത്തിന്റെ ആവശ്യത്തെപ്പററിയും ആലോചിക്കേണ്ടതാണ്."

(ഇൻഡ്യൻ സെൻട്രൽ ബാങ്കിംഗ് അന്വേഷണക്കമ്മിററിയുടെ ശുപാർശകൾ.)

ഗ്രാമീണഋണബാദ്ധ്യതയും ഗ്രാമോദ്ധാരണവും ഇന്നത്തെ ഏററവും അടിയന്തിരപ്രശ്നങ്ങൾ ആയിരിക്കുന്നതു് അവ ഇൻഡ്യയുടെ നാനാഭാഗങ്ങളിലെയും ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നതും ആകുന്നു. അവ രണ്ടുംകൂടി ഒരു പ്രശ്നമായി വിചാരിക്കപ്പെടാവുന്ന പ്രകാരം അത്ര പാരസ്പര്യം ഉള്ളവയാണ്.

വസ്തുഉടമസ്ഥനായ കൃഷീവലൻ ലോകത്തിന്റെ ഏതു ഭാഗത്തു നിവസിക്കുന്ന ആളായാലും (എ) അയാൾക്കു തടുക്കാൻപാടില്ലാത്തവിധം വിളവിനെയോ രോഗം നിമിത്തം ഉഴവുമാടുകളുടെയോ നഷ്ടത്തിലേക്കും മററു അവിചാരിതവിപത്തുകൾക്കായും (ബി) ഭൂമി മേഹന്നിക്കുന്നതിലേക്കായും കടം വാങ്ങുന്നതിനെ ന്യായീകരിക്കാവുന്നതാണ്.

ഇൻഡ്യയിൽ ഈവിധമുള്ള പ്രയോജനകരങ്ങളായ കടം വാങ്ങലുകൾ താരതമ്യേന കുറവും എന്നാൽ താഴെപ്പറയുന്ന കാരണങ്ങളാൽ ദോഷകരമായ കടം വാങ്ങലുകൾക്കു ധാരാളം പ്രചാരമുള്ളതും ആണ്.

(ക) ദീർഘ്യവ്യയഹേതുകങ്ങളായ കൃഷിസമ്പ്രദായങ്ങൾ.
(ഖ) ഭാവികാലപരിഗണനയിൽ ശ്രദ്ധമുഖമായ അനാസ്ഥ.
(ഗ) വിവാഹം മുതലായ അടിയന്തിരങ്ങൾക്കുള്ള അമിതവ്യയം.
(ഘ) കൃഷിഭൂമികളുടെ വലിപ്പക്കുറവും വീണ്ടുമുള്ള പരിച്ഛേദനവും.
(ങ) ആദായപ്രദങ്ങളല്ലാത്ത വായ്പകൾക്കു പ്രോത്സാഹനം നൽകുന്നതായ പണവ്യാപാരിയുടെയും അയാളുടെ ദുർവ്യാപാരങ്ങളുടെയും സാന്നിദ്ധ്യം.
(ച) ജനസംഖ്യാവർദ്ധന.

ആവശ്യവും ആദായകരവും ആയ കാര്യങ്ങൾക്കു ധനസഹായം നൽകുക, അല്ലാത്തവയ്ക്കു നൽകാതിരിക്കുക, അമിതവ്യയങ്ങളും ദുർവ്യയങ്ങളും വസ്തുവിഭജനങ്ങളും ചെയ്യാതിരിക്കാൻ ഗ്രാമീണരെ പഠിപ്പിക്കുക, പണവ്യാപാരിയെ പണിബന്ധം ചെയ്യുക എന്നിവയാണ ചിന്താവിഷയങ്ങളായി കാണപ്പെടുന്നതു്.

കടം വാങ്ങുന്നതിന്റെ കാരണങ്ങൾ പറഞ്ഞതു ഋണബാദ്ധ്യതപ്രശ്നത്തിന്റെയും ഗ്രാമോദ്ധാരണപ്രശ്നത്തിന്റെയും പരസ്പരബന്ധത്തെ വെളിവാക്കുന്നുണ്ട്. അത്ര നാലു കാരണങ്ങളും വിസ്തൃതമായ അർത്ഥത്തിലുള്ള പ്രബോധനംകൊണ്ടു നിരോധിക്കപ്പെടാവുന്നവയാണ്. ഒടുവിൽ പറഞ്ഞവ രണ്ടും ഗവണ്മെൻറു പ്രവേശനംമൂലം പരിഹരിക്കപ്പെടാവുന്നവയുമാണ്.

ഗ്രാമീണരുടെ അമിതവ്യയം, ദീർഘദൃഷ്ടിയില്ലായ്മ, ദുർവ്യയം ഇതുകളെയും യുദ്ധത്തിനു മുൻകാലങ്ങളിൽ വർദ്ധിച്ചിരുന്ന ഭൂസ്വത്തു വിഭജനവും നാണ്യത്തിന്റെ [illegible] യിരുന്ന വികാസവും ധനവ്യാപാരികളുടെ ചൂഷണങ്ങൾക്കു അധിനമാക്കിയതു നിയമകോടതികളാണ്.* പണവ്യാപാരി അനുഭവിച്ചുവരുന്ന അനർഹാനുകൂല്യങ്ങൾ മാററുന്നതിനും കൃഷീവലൻെറ ഉണ്മയെ നിയന്ത്രിക്കുന്നതിനും അതിനാൽ നിയമനിർമ്മിതിയെ ശരണീകരിക്കേണ്ടതായിരിക്കുന്നു.

അതുപോലെതന്നെ കൃഷിക്കാരുടെ ന്യായയുക്തവും ആദായകരവും ആയ ധനാവശ്യങ്ങൾക്കു [illegible] ഉണ്ടാക്കേണ്ടതാണ്.

ഈ പ്രശ്നം [illegible] അഭിമുഖീകരിക്കാൻ [illegible] കാണിക്കുകയാകുന്നു ഈ പ്രബന്ധത്തിൻെറ ഉദ്ദേശം.

പ്രസ്താവിതങ്ങളായ [illegible] 'വിപ്ലവങ്ങൾ' എന്നു നിസ്സംശയമായും അഭിധാനം ചെയ്യപ്പെട്ടും. [illegible] വ്യവസ്ഥ കൃഷിക്കാരൻെറ ഭൂമി ഉടമർണ്ണൻ [illegible] പ്പെടുത്തുന്നു. [illegible] കാണിക്കുന്നതായി 'മുസൽമാനും മുഗലാളിയും (പണവ്യാപാരിയും)' എന്നൊരു ഗ്രന്ഥം ഡോ. ഇസ്ലാം ഖാൺ [illegible] ശത്തെ ഡെപ്യൂട്ടി കമ്മീഷണർ മി: [illegible] പ്രസിദ്ധീകരിച്ചു. [illegible] അവൻെറ ഭൂമിയെ അന്യാധീനം ചെയ്യാതിരിക്കുന്നതിലേക്കു നിയമനിർമ്മാണം ഒരു [illegible] വിധിയായി അദ്ദേഹം അഭിപ്രായപ്പെട്ടു. അതിനെ ആരും അത്ര [illegible] ച്ചില്ല. പക്ഷേ അതു ആപൽക്കരമെന്നും അപകൃതമെന്നുംകൂടി പക്ഷേ വിചാരിച്ചിരുന്നു. [illegible] കിലും ൨൦ വർഷംകഴിഞ്ഞു അനേകായിരം ഏക്കർ സ്ഥലം [illegible] ശേഷമെങ്കിലും ഭൂസ്വത്തു കൈമാററനിയമം പാസ്സാക്കാനിടയായി.

പശ്ചിമോത്തരദേശങ്ങളിൽ ൨ ലക്ഷം ജനങ്ങളുള്ളതിൽ നാലക്ഷം ജനങ്ങൾ ഭൂസ്വത്തുടമസ്ഥന്മാരാകുന്നു. അവരുടെ ഈടോടുകൂടിയതും അല്ലാത്തതുമായ കടം പത്തുകോടിയാണ്.§ പ്രതിവർഷം ഇതിന്മേൽ കൊടുക്കപ്പെടുന്ന പലിശ ൧.൨ കോടിയാണ്. [illegible] ഭൂനികുതിയുടെ ആറിരട്ടി. ഭൂമിയിൽനിന്നുള്ള മൊത്തം ആദായം [illegible] കോടി എന്നു കണക്കാക്കാം. നികുതികൾ എല്ലാംകൂടി ആദായത്തിൻെറ [illegible] ശതമാനവും പണവ്യാപാരികൾക്കുള്ള പലിശ ൨൦ ശതമാനവും വരുന്നതാണ്. അങ്ങിനെ ബാക്കി [illegible] ശതമാനമേ കൃഷിക്കാരനു ലഭ്യമാകുന്നുള്ളു.

ഈ നോട്ടിനു അടിസ്ഥാനമായ വാദമുഖം പലിശയിനത്തിൽ ആണ്ടുതോറും പണവ്യാപാരികൾ വാങ്ങിവരുന്ന ഒരുകോടിയിൽപരം രൂപ അവർ ചെയ്യുന്ന സേവനത്തിനു ഏററവും നിരനുയോജ്യമാണെന്നുള്ള സംഗതിയാണ്.

ഇപ്പോൾ ഉദ്ദേശിക്കുന്ന പ്രതിവിധി ഓരോ താലൂക്കിലും ശാഖകളോടുകൂടിയ ഒരു കർഷകബാങ്കു ഗവർമ്മെൻറിൽനിന്നും സ്ഥാപിക്കണമെന്നും; പണവ്യാപാരികളോടു വാങ്ങപ്പെട്ടിട്ടുള്ള കടങ്ങൾ ഒരു ന്യായമായ കണക്കുവച്ചു ഒഴുക്കി തീർക്കുന്നതിലേക്കു നിയമം സിദ്ധാന്തംചെയ്തു ആ തുക പണവ്യാപാരികൾക്കു ബാങ്കിൽ ഓഹരികളായി കൊടുത്തിട്ടു താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി കൂടുതൽ വിധമനിർമ്മാണംചെയ്യണമെന്നും ആണ്.

---

* അജ്ഞരും അവിവ്യവസ്ഥിതരുമായ ഒരു കർഷകസമുദായത്തോടുകൂടിയ ഗാമമൊരു പൂർവ്വാപശ്ചിമരാജ്യവും അവരെ പണവ്യാപാരികൾ ഇന്ത്യയിലെപ്പോലെ [illegible] ങ്ങളുടെ ചൂഷണകർമ്മങ്ങൾക്കു വിധേയരാക്കാൻ അനുവദിക്കപ്പെട്ടിട്ടില്ല. ബ്രിട്ടീഷ്ഭരണത്തിൽ ഇൻഡ്യയിലുണ്ടായിട്ടുള്ളതും [illegible] പേർഷ്യ, ഇറാക്ക്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ ഗ്രാമീണജനങ്ങളുടെ പ്രശ്നം അത്ര വളരെ വിജൃംഭിച്ചിട്ടില്ല.

§ പാട്ടക്കാരുടെയും കൃഷിത്തൊഴിലാളികളുടെയും കടം [illegible] കോടിയാണ്. ഈ പ്രശ്നം പ്രത്യേകം വിവിന്തനംചെയ്യപ്പെടും.

(എ) കടം പലിശ മുതലായവ കരക്കമ്പിശിഖപോലെ ഈടാക്കുക.

(ബി) പിന്നീടുണ്ടാകുന്ന കടങ്ങൾ ഈടാക്കുന്നതിന കോടതികൾ പണവ്യാപാരികളെ അനുവദിക്കാതിരിക്കുക.

(സി) സെൻട്രൽ കർഷകബാങ്കു പ്രചരിപ്പിക്കുന്ന ഡിബഞ്ചറുകളിൽ ഇൻഷുറൻസ് കമ്പനികളുടെയും ജായിൻസ്റ്റാക്ക കമ്പനികളുടെയും മുതലുകളിൽ ഒരംശം നിക്ഷേപിക്കുന്നതിന അവയെ നിർബന്ധിക്കുക.

പ്രായോഗികവശങ്ങൾ നോക്കുന്നപക്ഷം:—തങ്ങളുടെ കടം വീട്ടുന്നതിലേക്ക കൃഷിക്കാർ എത്രത്തോളം കൊടുക്കാൻ സാധിക്കും എന്ന നിർണ്ണയിക്കുകയാണ് അദ്യമായി ചെയ്യേണ്ടത്. മൊത്തം വരുമാനത്തിൽ ൨൦ ശതമാനം പലിശച്ചിലവിലേക്ക പോകുന്നുണ്ടെന്ന പറഞ്ഞുവല്ലോ. ഇത് ൬ ശതമാനമായി അതായത ഭൂനികുതിയുടെ ഇരട്ടിയായി കുറയ്ക്കപ്പെടണമെന്ന അഭിപ്രായപ്പെട്ടിരിക്കുന്നു. യഥാർത്ഥതുകകളായി പറയുന്നപക്ഷം കൃഷിക്കാർ ഇപ്പോൾ ഉണ്ടാക്കേണ്ടിയിരിക്കുന്ന ൧൨൦ ലക്ഷത്തിന പകരം ൫൦ ലക്ഷം ഉണ്ടാക്കേണ്ടിവരുന്നതാണ്. ഈ തുക നിഷ്പ്രയാസം കൊടുക്കുന്നതിന അവർക്ക സാധിക്കണം.*

അടുത്തകാര്യം കൃഷിക്കാർ കൊടുക്കേണ്ട പലിശക്രമം ആണ്.

പലിശയും പലിശയ്ക്കു (കൂട്ടു)പലിശയും ഉൾപ്പെടെ ൩൦ ശതമാനത്തോളം വരുന്ന തായ മുതൽ സംഖ്യയിന്മേൽ 'ചുമത്തപ്പെടുന്ന' പലിശ അവഗണിച്ചാൽ പണവ്യാപാരികൾക്ക യഥാർത്ഥത്തിൽ 'കിട്ടുന്ന' പലിശയേക്കാൾ സഹകരണസംഘങ്ങൾ കടത്തിന ചുമത്തുന്ന ൯൨ ശതമാനം പലിശ വളരെ ഗുണപ്രദമായിട്ടുള്ളതല്ല.

ബാങ്കുപലിശക്രമത്തേക്കാൾ ൨ ശതമാനം കൂടുതൽകൊണ്ടു പ്രവർത്തനച്ചിലവുകൾ വഹിക്കാവുന്നതാണ്. ഗവണ്മെൻറിന് ഇപ്പോൾ ൬ ശതമാനം പലിശയ്ക്കു കടം വാങ്ങാവുന്ന സ്ഥിതിക്ക് ജെമിൻഡാറന്മാർ (വസ്തുഉടമസ്ഥന്മാർ) ൭ ശതമാനവും, പുറമെ കെട്ടുകടങ്ങൾക്കും മറ്റുമില്ലുവകൾക്കുംകൂടി ൧ ശതമാനവുംകൂടി കൊടുക്കേണ്ടിവരും.

ഭൂനികുതി ഒരു രണ്ടാംതരം ജാമ്യമാണ്. കൃഷിക്കാരനെ കടത്തിൽനിന്ന മോചിപ്പിപ്പാൻ ഇപ്പോഴത്തെ കരത്തിൻെറ മുന്നിരട്ടി അയാൾക്ക കൊടുക്കാൻ കഴിവുണ്ടാകുമെന്നും കെട്ടുപാടുകൾനിന്നും മാറ്റി അയാളുടെ ഇപ്പോഴത്തെ ഉരിയുകൾക്ക ഒരു വലിയ ഉപശാന്തിയായിത്തീരുമെന്നും ഒരു വാദമുണ്ട്. കരക്കമ്പിശിഖപോലെ തിരികെ ഈടാക്കപ്പെടുന്നപക്ഷം ജാമ്യം എല്ലാപ്പോഴും രണ്ടാംതരമായിത്തന്നെ ഇരിക്കുന്നതും, ആദായകരങ്ങളായ ആവശ്യങ്ങൾക്കുള്ള വായ്പകളുടെ പലിശക്രമത്തിന സെൻട്രൽ ഗവണ്മെൻറിൽ നിന്നും പ്രോവിൻസുകൾ കടംവാങ്ങുന്നതു ന്യായീകരിക്കാവുന്നതും ആകുന്നു.

ഇനിയും അസൽ തുകയുടെ പരിഹാരമാർഗ്ഗം ആലോചിക്കേണ്ടിയിരിക്കുന്നു. സഹകരണസംഘങ്ങൾ ഒരു വായ്പക്ക കൂടിയ കാലാവധി രണ്ടുകൊല്ലമെന്ന ക്ലിപ്തപ്പെടുത്തുന്നു. വിദ്യാവിഹീനരും വ്യാപാരശീലമില്ലാത്തവരും ആയ കൃഷീവലന്മാർ ഒരു കടം വായ്പകിട്ടുന്നതുകൊണ്ടുള്ള ഗുണദോഷങ്ങൾ വേഗം മറക്കുകയും അതിന്റെ ഭാരം മാത്രം ഓർത്തുകൊണ്ടിരിക്കുകയും ചെയ്യുകയും തന്നിമിത്തം തിരിച്ചടയ്ക്കുന്നതിൽ വിഷമങ്ങളുണ്ടാകുകയും ചെയ്യുന്നുവെന്ന സഹകാരി വാദിക്കുന്നു.

ഇതു ൯൨ ശതമാനവും ഉഗ്രമായ പലിശയോടുകൂടിയ വായ്പകളെ മാത്രമേ സംബന്ധിക്കുന്നുള്ളു. ൬ അര ശതമാനം പലിശയും ൨ ശതമാനം മുതലും ആയാൽ ഭാരം വളരെ ലഘൂപ്പെടുകയും നവീനപദ്ധതിയുടെ ബഹുമുഖങ്ങളായ പ്രയോജനങ്ങൾ നിമിത്തം വിസ്മരിച്ചു പോകാതിരിക്കത്തക്കവണ്ണം അത്യസഹിഷ്ണമായിത്തീരുകയും ചെയ്യും. ഈ പ്രസ്താവനക്ക അനുകൂലമായി മോചനകാലം ൧൦൦ കൊല്ലം ആയിരുന്ന

* ഇതു മഹമ്മദൻലായിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഖുഷർ എന്നതിൽ കവിയാൻ പാടില്ലാത്തതാകുന്നു.

ഐർലൻഡിലെ ഭൂനിയമം ഉദ്ധരിക്കാവുന്നതാണ്. ഇപ്പോൾ തവണകൾ കൃത്യമായും സന്തോഷമായും അടച്ചുകൊണ്ടിരിക്കുന്ന ഒട്ടധികം ഐറിഷ് കർഷകന്മാരും ഋണബാദ്ധ്യത ആദ്യമായി ഉൽഭവിച്ച കാലത്തു ജനിച്ചിട്ടില്ലാത്തവരായിരുന്നു. എന്നാൽ അതു ഐറിഷ് ചരിത്രത്തിന്റെ ഒരു പരിവർത്തനസന്ധിയായിരുന്നു എന്ന വസ്തുത ഏവർക്കും അറിവുള്ളതും ആകുന്നു.

അതിനാൽ ൨ ശതമാനം മുതൽപരിഹാരവീതം എന്ന ക്രമത്തിനു വേണ്ടിവരുന്നതായ ൩൨ കൊല്ലം * ആയിരിക്കണം, വായ്പയുടെ കാലാവധി എന്നു അഭിപ്രായപ്പെട്ടിരിക്കുന്നു.

അടുത്തതായി ആലോചിക്കേണ്ട സംഗതി പണവ്യാപാരികൾ അവകാശപ്പെടുന്നതായ ൨൦ കോടി രൂപ എന്ന തുകയായി ഒതുക്കണമെന്നുള്ളതാണ്. അപ്രകാരം ചെയ്യുന്നതിനു ആദ്യമായി വേണ്ടതു കർഷകബാങ്കിനു പ്രവർത്തനമൂലധനമായി ആവശ്യപ്പെടുന്നതായ സംഖ്യ നിർണ്ണയിക്കുകയാകുന്നു.

പണവ്യാപാരികൾക്ക ചെല്ലേണ്ട കടങ്ങളിൽ മൂന്നു വിഭാഗങ്ങൾ ഉൾപ്പെടുന്നു:—

൧. വിത്തുവാങ്ങാനും അത്യാവശ്യ ഗൃഹകാര്യങ്ങൾ നടത്താനും വേണ്ട സ്വല്പകാല വായ്പകൾ; മൊത്തം കടത്തിന്റെ ഉദ്ദേശം ൩൦ ശതമാനമെന്നു വയ്ക്കാം.

൨. പ്രധാനമായി കന്നുകാലികളെ വാങ്ങാനുള്ള മദ്ധ്യമകാലവായ്പകൾ; ൧൫ ശതമാനമെന്നു വയ്ക്കാം.

൩. ദീർഘകാലവായ്പകൾ; ഇതു മിക്കവാറും പലിശയും കൂട്ടുപലിശയും കൂടിയതും കർഷകനു കൊടുത്തു തീർക്കാമെന്നു വിചാരിക്കാൻ കഴിയാത്തതും ആണ്; ഇതു ൫൫ ശതമാനമെന്നും ഉദ്ദേശിക്കാം.

പണവ്യാപാരിയുടെ കടം വീട്ടുന്നതിൽ ഈ വിഭാഗങ്ങളെ വേർതിരിച്ചു എടുക്കാൻ പ്രയാസമായിട്ടുള്ളതും അതിനാൽ സ്വല്പകാലവായ്പകൾക്കും മദ്ധ്യകാലവായ്പകൾക്കും പ്രത്യേക വ്യവസ്ഥകൾ ചെയ്യാൻ വിഷമമുള്ളതുമാണ്.

ഈ ഘട്ടത്തിൽ ആവശ്യമുള്ള തുക നിർണ്ണയിക്കാൻ വളരെ പ്രയാസമുള്ളതാണ്. ഏററവും ശരിയായ കണക്ക ഈ പ്രോവിൻസിലുള്ള സഹകരണധനസംഘങ്ങളുടെ പ്രവർത്തനത്തിൽനിന്നു പരീക്ഷകണ്ടാവുന്നതാണ്. ലഭ്യമായിട്ടുള്ള ഒടുവിലത്തെ റിപ്പോർട്ടിൽ ഒരംഗം എടുത്തിട്ടുള്ള ശരാശരി കടം ൨൫ രൂപയാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തിയാൽ പ്രോവിൻസിൽ ഒട്ടാകെ വേണ്ടതു ൭൫ ലക്ഷം രൂപയാണ്. ഈ തുകകളെല്ലാം ഊഹമാണ്. ശരിയായി നിർണ്ണയിക്കുന്നതിനു പ്രോവിൻസിലെ സൂക്ഷ്മമായ ഒരു സാമ്പത്തികസർവ്വേ ആവശ്യമാണ്. ഈ നോട്ടിന്റെ ആവശ്യത്തിലേക്കായി പ്രവർത്തനധനം ൧ കോടി എന്നു നിർണ്ണയിക്കുന്നു. തുക ഇത്ര താഴ്ത്തിവച്ചിരിക്കുന്നതു ഋണഭാരത്തിൽനിന്നു വസ്തുഉടമസ്ഥന്മാർക്കുണ്ടാകുന്ന ആശ്വാസംമൂലം അവരുടെ സമ്പൽസ്ഥിതി നന്നാകുമെന്നുള്ളതിനാലാണ്. ൩½ ശതമാനം പലിശയും ൨ ശതമാനം മുതലും, ൨ ശതമാനം പ്രവർത്തനച്ചിലവും ൧ ശതമാനം പിരിയാക്കടങ്ങൾക്കും ഇങ്ങിനെ എല്ലാംകൂടി ൮½ ശതമാനം ഋണപരിഹാരത്തിലേക്ക വേണ്ടിവരുന്നതിനു പ്രതിവർഷം ൮൦ ലക്ഷം രൂപ അടച്ചാൽ വസ്തുഉടമസ്ഥന്മാർക്ക സാധിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. പ്രവർത്തനധനമായി ഒരുകോടി വേണ്ടിവരുമെന്നും ഊഹിച്ചിട്ടുണ്ടല്ലൊ. ഒരു കോടിയുടെ ചിലവു ൮½ലക്ഷം വരുന്നതും ബാങ്കിന്റെ പ്രവർത്തനച്ചിലവിനും ബാക്കി ഓഹരികളിന്മേൽ പണവ്യാപാരികൾക്ക പലിശ കൊടുക്കാനും ഓഹരികൾ തിരി

* കൃഷിക്കാർക്ക ദീർഘകാലവായ്പകൾ പോളണ്ടിൽ ൩൦ വർഷംമുതലും, ഫ്രാൻസിൽ ൭൫ വർഷംവരെയും വരുന്ന കാലാവധിക്ക കൊടുക്കപ്പെടുന്നു.

ച്ചുകൊടുക്കാനും പിന്നീടൊഴിക്കത്തക്കവണ്ണം ൩൫ അര ലക്ഷം ശേഷിക്കുന്നതും ആണ്. ഈ ൩൫ അരലക്ഷത്തിൽ താഴെയുള്ള ചിലവുകൾ ഉൾപ്പെടുന്നു.

	ലക്ഷം.
൩ അര ശതമാനം പലിശ	൫൩
൨ ശതമാനം മുതൽവീതം	൭.൪
൨ ശതമാനം ചിലവു	൭.൪
പിരിയാക്കടങ്ങൾക്ക കരുതൽ ൫ ശതമാനം	൩.൭

൫൩ ലക്ഷം രൂപ പലിശ നകാൽ ശതമാനക്രമത്തിനു ൩.൭ കോടി രൂപ മുതൽ വരും. പണവ്യാപാരികളുടെ ൫൦ കോടിയുടെ അവകാശത്തിൽ അങ്ങിനെ ൩.൭ കോടി കുറയ്ക്കാവുന്നതാണ്. കടങ്ങൾ ഒഴുക്കുന്നതു സ്വേച്ഛാധികാരത്തിലാണെങ്കിലും വിവേകബുദ്ധിയോടുകൂടി ചെയ്യേണ്ടതാണ്. കടക്കാരനു കൊടുക്കാനുള്ള ശക്തിയാണ് മുഖ്യമായി ഗണിക്കേണ്ടതു്.

പണവ്യാപാരികളുടെ ഇടപാടിൽ ഒരു വലിയ അംശത്തിനു യഥാർത്ഥ്യമില്ലെന്നു തോന്നുമല്ലൊ; ഇടപാടുകളുടെ വളർച്ച ഉൽഭവസ്ഥാനംവരെ കണ്ടെത്താൻ വിഷമമാണ്. പലിശയും, പലിശയുടെ പലിശയും എല്ലാംചേർന്നു കടക്കാരൻ അടയ്ക്കാൻനിവൃത്തിയില്ലാത്ത ഒരു ഇകയായിത്തീരുന്നു. അസൽമുതൽ അന്നേ കരയേറ്റിയതെന്നു അയാളുടെ പേരിൽ നിൽക്കുന്നതിനു നമ്മുടെ വ്യാപാരി അനുവദിക്കുന്നു. കഷ്ടിച്ചു ചിലവിനുള്ളതു കഴിച്ചു ബാക്കിയുള്ളതെല്ലാം വ്യാപാരിയിൽ ചെന്നു ലയിക്കത്തക്കവണ്ണം, കടക്കാരൻ അയാളുടെ ഒരു കരവപ്പുക്ഷ എന്ന നിലയിലെത്തിച്ചേരുന്നു. ഒരു വ്യാപാരത്തിനുള്ള ലക്ഷണങ്ങളെല്ലാം പോയിട്ടു കടം സിവിൽക്കോടതിയുടെ ഉരുണ്ടങ്ങൾക്ക ഒരു ഉപാധിയായിത്തീരുകമാത്രം ചെയ്യുന്നു.

മറ്റെല്ലാ പ്രാവിൻസുകളിലും എ.സു.പോലെ പശ്ചിമോത്തരദേശങ്ങളിലും സാമ്പത്തികപര്യാന്വേഷണം ചെയ്തിട്ടില്ലായ്കയാൽ ഇക്കാര്യത്തിലും ഊഹത്തെ ആസ്പദമാക്കിയുള്ളവയാണ്. ഈ വക അഭിപ്രായപ്രകടീകരണങ്ങളിൽ ഗൗരവബുദ്ധിയോടുകൂടി ആലോചിക്കുന്നതിനുള്ള അപ്രകാരമുള്ള അന്വേഷണങ്ങൾ ആവശ്യങ്ങളായ പ്രാരംഭകൃത്യങ്ങളാണ്. കടക്കാരായ വസ്തുഉടമസ്ഥന്മാരിൽ ചിലർക്ക അവർ അടയ്ക്കേണ്ട ഭൂനികുതിയുടെ മൂന്നിരട്ടി അടയ്ക്കുന്നതിനു നിവൃത്തിയില്ലെന്നോ, ഉദ്ദിഷ്ടമായ ൭൫ ലക്ഷം രൂപ ഈടാക്കുന്നതിനു വിഘ്നം നേരിടത്തക്ക മററു സംഗതികളുണ്ടെന്നോ അന്വേഷണഫലം തെളിയിച്ചേക്കാം. ഇതായിരുന്നു യഥാർത്ഥമെങ്കിൽ വ്യാപാരികളുടെ അവകാശം ൩.൭ കോടിക്ക താഴെയായി ഒതുക്കി തീർക്കേണ്ടതു ആവശ്യമായി വരുന്നതാണ്.

മുൻ പറഞ്ഞിട്ടുള്ളവണ്ണം പണവ്യാപാരികൾക്ക ബാങ്ക ഓഹരികളായിട്ടാണു പണം കൊടുക്കുന്നതു്. അവർക്ക അതു വച്ചുകൊണ്ടിരിക്കാമെന്നാണെങ്കിൽ ൩ അര ശതമാനം പലിശ കിട്ടുന്നതും ൩൨ വർഷംകൊണ്ടു മുതൽ ഈടാകുന്നതും ആണ്. പക്ഷാന്തരമായി ഓഹരികൾ കമ്പോളത്തിൽ വിററും അവർക്ക മുതൽ ഈടാക്കാവുന്നതാണ്.

ഉദ്ദിഷ്ടമായ ഏർപ്പാടുമൂലം ബാങ്കിന്റെ പ്രവർത്തനത്തിനും സ്ഥാപനച്ചിലവുകൾക്കും ആയി ഒരുകോടി രൂപായുടെ വായ്പകൾക്കമാത്രം ഗവണ്മെന്റിനെ സമീപിച്ചാൽ മതിയാകുന്നതാണ്.

വസ്തു ഉടമസ്ഥന്മാരെ സംബന്ധിച്ചുള്ള മറെറാരു ചിന്താവിഷയം വിക്രയനൈരൂക്യമാണ്. ഇതിലേക്ക ൭ ശതമാനത്തിൽ കവിഞ്ഞു ചിലവുകയ്യുകൂടാ ആതതായിരിക്കേ ൫൪ ശതമാനംവരെ ചിലവാകേണ്ടിയിരിക്കുന്നു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. കരംവകക്ക വസ്തുഉടമസ്ഥന്മാരുടെ ദെല്ലാ സ്വീകരിച്ചു സഹായിക്കാൻ ഉദ്ദിഷ്ടബാങ്കിനു കഴിയുന്നതാണ്. കടക്കാരനായ കൃഷിക്കാരൻ ഏററവും കൂടുതൽ കഷ്ടപ്പെടുന്നതു് ഭൂനികുതി കൊടുക്കുന്നതി

നാലാണ്. എന്തെന്നാൽ വിളവു എടുത്ത ഉടൻ കൃഷിക്കാരൻ അതിന്റെ ഒരു ഭാഗം വിൽക്കേണ്ടതായി വരുന്നു. ഈ അഭിപ്രായത്തിൽ പുതുമ ഒന്നും ഉള്ളതല്ല. യൂറോപ്പിലുള്ള പല കർഷകബാങ്കുകളും സാമാന്യരീതിയിൽ ധാന്യക്കടപാടുകൾ ചെയ്യുന്നുണ്ട്. ഈജിപ്റ്റിൽ ഗവൺമെന്റ ഒരു പദ്ധതി കടന്ന പ്രവർത്തിച്ചിട്ടുണ്ട്. പഞ്ഞി കടയാനും ലിന്റ വിൽക്കാനും ബാങ്ക് ചുമതലപ്പെടുന്നു. വിളവു ശേഖരിക്കാൻ സൌകര്യം നല്കുകയും ശേഖരിച്ച വിളവിന്മേൽ ന്യായമായ നിരക്കനുസരിച്ചു മുമ്പേറ പണം കൊടുക്കുകയും ചെയ്യുന്നു. പഞ്ചാബിൽ ഇമ്പീരിയൽബാങ്കും സെൻട്രൽബാങ്കുകളും, പഞ്ചാബ് നാഷണൽ ആലിയായ മററു ബാങ്കുകളും കുറെ വർഷങ്ങളായി എല്ലാ വകയ കമ്പോളങ്ങളിലും ധാന്യം പഞ്ഞി എന്നിവയുടെ ഉറപ്പിന്മേൽ ധനസഹായം ചെയ്തുകൊടുക്കാറുണ്ട്. ചില സമയങ്ങളിൽ ഒരു കോടിയോളം രൂപയെ പുറത്തു കൊടുക്കപ്പെടുന്നു. ബാങ്കുകൾക്കു ചില സ്ഥലങ്ങളിൽ സ്വന്തമായും മററു ചിലയിടങ്ങളിൽ വാടകക്കെടുക്കപ്പെട്ടതും ആയ പണ്ടകശാലകൾ ഉണ്ട്.

ഈ പ്രാവിൻസിലുള്ള ഭൂനികുതിയേക്കാൾ കൂടുതൽ വിലക്കുള്ള പ്രധാന ധാന്യങ്ങൾ ലൈഷ്പുർ, കോഥറഠ്, ഗ്രസിറിസ്റ്റാൻ എന്നീ ഡിസ്ട്രിക്റ്റുകളിലുള്ള പട്ടാളങ്ങൾക്കായി ചിലവുള്ളതിനാൽ ഈ പ്രോവിൻസു ഈ പദ്ധതിയുടെ അംഗീകരണത്തിനു വിശിഷ്യ അനുയോജ്യമായിട്ടുള്ളതാകുന്നു.

വസ്തു ഉടമസ്ഥന്മാർ വിളവുകളായി നികുതികൊടുത്താൽ മതിയാകുമെന്നുള്ള ഏതു വ്യവസ്ഥയുടെയും ജനസമ്മതിയെപ്പററി എടുത്തുപറയേണ്ട ആവശ്യമില്ലാത്തതാണ്.

സംപൂർണ്ണപദ്ധതിയുടെ ചൈതന്യകേന്ദ്രമായ കർഷകബാങ്കുകളെപ്പററി ഇനിയും ചിന്തിക്കേണ്ടതാണ്. അവയുടെ കാര്യക്ഷമതയേയും ആശയശുദ്ധിയേയും ആശ്രയിച്ചാണ് വിജയം സ്ഥിതിചെയ്യുന്നതു.

ബാങ്കിന്റെ അതിപ്രധാനമായ ജോലികൾ അമിതവായ്പകളും അനാദായകരങ്ങളായ വായ്പകളെയും നിരോധിക്കുകയും കൃത്യമായും കണിശമായും തിരിച്ചടയ്ക്കുന്നവിഷയത്തിൽ ശ്രദ്ധിക്കുകയും ആകുന്നു.

൯ ലക്ഷംരൂപ അതായതു വായ്പകളിലുള്ള പണത്തിന്റെ ൨ ശതമാനം മൊത്തമുള്ള ചിലവിലേക്കു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. പഞ്ചാബിലുള്ള ൧൫,൦൦൦ സഹകരണധനസംഘങ്ങളിലെ ചിലവുക്രമത്തോടു ഇതു യോജിക്കുന്നുണ്ട്. ഏതായാലും കൂടുതലായിലഭിക്കുന്ന ധനസഹായസൌകര്യങ്ങൾ ദുരുപയോഗപ്പെടുത്താതെയിരിക്കാൻ (പണവ്യാപാരിയുടെ സാന്നിദ്ധ്യംകൊണ്ടു പഞ്ചാബിലെ സഹകാരികളിൽ ൨൫ ശതമാനവും അങ്ങിനെ ചെയ്യാൻ ഇടയുള്ളതാണ്) ശ്രദ്ധിക്കേണ്ടതു ബാങ്കിന്റെ ചുമതലയേറിയ കർത്തവ്യമാണെന്നു ഓർക്കുമ്പോൾ മേന്നോട്ടത്തിനു അനുവദിച്ചിട്ടുള്ള ൨ ശതമാനം ൨-അരയോ മൂന്നോ ശതമാനമായി കൂട്ടുന്നതു അഭിലഷണീയമായി വന്നേക്കാം.

൩൫ ഗ്രാമങ്ങൾക്കു ഒന്നുവീതം എന്ന ക്രമത്തിനു ൭൦൦ ഗ്രാമബാങ്കുകൾ വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ൩൦൦,൦൦൦ കൃഷിക്കാരുള്ളവരിൽ ൨൫൦,൦൦൦ പേരും ബാങ്കിനെ ഉപയോഗപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നു. ഒരു ബാങ്കിനു ഇപ്രകാരം ൩൦൦ പുള്ളികൾ ഉണ്ടായിരിക്കുന്നതാണ്.

ആവശ്യമുള്ള വിജ്ഞാനവും സ്വഭാവഗുണവും കാര്യശേഷിയും ഉള്ള ആളുകളെ കണ്ടെത്തുന്ന കാര്യം വളരെ വിഷമമേറിയ ഒരു പ്രശ്നമാണ്. കൂടിയേതീരു എന്നുള്ള പ്രബോധനപരിശീലനസൌകര്യങ്ങൾ നൽകേണ്ടതു അത്യാവശ്യമാണ്. പഞ്ചാബിലെ സ്കൂളുകളിലും കാളേജുകളിലും ഗ്രാമജീവിതശാസ്ത്രം എന്നൊരു പുതിയ വിഷയം തുടങ്ങിയിട്ടുണ്ട്. അതിൽ കൃഷി, കന്നുകാലിസംരക്ഷണം, സഹകരണം, ആരോഗ്യം മുതലായി ഗ്രാമജീവിതത്തെ സംബന്ധിക്കുന്ന സംഗതികൾ ഉൾപ്പെട്ടിരിക്കുന്നു. പ്രാവി

ൻസിലുള്ള സ്കൂളുകളും കാളേജുകളും ഈ വിഷയം പഠിപ്പിക്കാവുന്നതും ബാങ്കിംഗ്ശാസ്ത്രംകൂടി അതോടുകൂടി ഉൾപ്പെടുത്താവുന്നതും ആകുന്നു. *

തൊഴിലിൽ ഏർപ്പെടാൻ കഴിയാത്തവരായി ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച അനവധി ചെറുപ്പക്കാർ ഉണ്ട്. അവർക്കു ഒരു ഉപജീവനമാർഗ്ഗം നല്കുന്നതിനു ഈ ബാങ്കിൻെറ സ്ഥാപനം വളരെ സഹായിക്കുന്നതാണ്.

ആവശ്യമുള്ള പരിശീലനം സിദ്ധിക്കുന്നതിനു കുറെ വർഷങ്ങൾ വേണ്ടിവരുന്നതും മുൻകൂട്ടി പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശമുള്ളപക്ഷം പ്രധാന ഉദ്യോഗസ്ഥന്മാരെ ചുരുങ്ങിയകാലത്തേക്കു യൂറോപ്പിൽ നിന്നു വരുത്തേണ്ടതും ആണ്. റവന്യൂ ജീവനക്കാർക്കു ഇപ്പോൾ ഉള്ള ചിലവ് ൪ ലക്ഷം ആണ്. ബാങ്കുജീവനക്കാരുടെ ശമ്പളം വായ്പകളിൽ നിന്നുകിട്ടുന്ന പണത്തിൻെറ [illegible] ശതമാനമായ ൯ ലക്ഷം രൂപയിൽനിന്നു കൊടുക്കപ്പെടും.

ഇരുകൂട്ടർക്കും പ്രയോജനകരമായവിധത്തിൽ, രണ്ടു ഉദ്യോഗവിഭാഗങ്ങളും ഒരുമിച്ചു ചേർക്കപ്പെടുന്നതു വളരെ അനുയോജ്യമായിരിക്കുന്നതും ഉദ്യോഗകയററത്തിനുള്ള സൗകര്യങ്ങൾ ഇങ്ങിനെയായാൽ സാരമായി വർദ്ധിക്കുന്നതും ആണ്.

ഉദ്യോഗാരംഭത്തിൽത്തന്നെ റവന്യൂജോലിക്കുപുറമെ ബാങ്കിംഗും സഹകരണവും സംബന്ധിച്ചുള്ള പരിജ്ഞാനവും ലഭിക്കുന്നതിനാൽ തഹസീൽദാർക്കും ഭാവിയിലുണ്ടാകുന്ന എക്സ്ട്രാ അസിസ്റ്റൻറു കമ്മിഷണർക്കും പുതിയ 'ഗ്രാമജീവിതശാസ്ത്ര'ത്തെപ്പററിയുള്ള പാഠപദ്ധതിയിൽ ഉദ്ദേശിക്കപ്പെടുന്ന ശിക്ഷണം വളരെ അനുകൂലമായിത്തീരുന്നതാണ്. ഇപ്പോൾ ഇൻഡ്യൻ സിവിൽ സർവീസിൽ നീതിന്യായവകുപ്പും കാര്യഭരണവകുപ്പും വേർതിരിക്കുന്നവിധം ഡിപ്പാർട്ടുമെൻറു ജീവനക്കാരെ ഒരു ക്ലിപ്തകാലം കഴിഞ്ഞു ബാങ്കിംഗ്, റവന്യൂ ഈ വകുപ്പുകളിൽ ഏതെങ്കിലും ഒന്നു തിരഞ്ഞെടുത്തുകൊള്ളുന്നതിനു അനുവദിക്കുന്നതും നന്നായിരിക്കുന്നതാണ്.

ഇപ്രകാരം നിർമ്മിക്കപ്പെടുന്ന ഒരു സംയുക്തബാങ്കിംഗ് റവന്യൂസ്ഥാപനം, ഇതിൽ ശുപാർശചെയ്തിട്ടുള്ള പ്രത്യേകവിദ്യാഭ്യാസത്തോടും പരിശീലനത്തോടുംകൂടി വിദ്യാവിതരണത്തിനും ഗ്രാമജീവിത പുനസ്സംഘടനക്കും ശക്തിമത്തായ ഉപാധിയായിത്തീരുമെന്നു സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്.

പാഞ്ചവത്സരികപദ്ധതിക്രമത്തിനു അഭിവൃദ്ധി പ്ര[illegible]ക്കാണെങ്കിലും എന്നാൽ ഇപ്പോഴത്തെ പൂർവ്വവിധികൾകൊണ്ടായാൽ തലമുറകൾ പലതും കടന്നുപോകേണ്ടിവരുന്നതും ആകുന്നു.

കൊഴവന്മാരുടെയും കൃഷിസംബന്ധമായ കൂലിവേല ചെയ്യുന്നവരുടെയും കാര്യം ഇതുവരെ ആലോചിക്കപ്പെട്ടിട്ടില്ല. അവരുടെ ഋണബാദ്ധ്യതയായ ൧൫ കോടിരൂപ വസ്തു ഉടമസ്ഥന്മാരുടെ ഋണപതിൻെറ ആറിലൊരുവീതമേയുള്ളു. ഇവരിൽ ഭൂരിഭാഗവും [illegible]ന്മാരും തന്നിമിത്തം കരംതീരുവക്കാരും ആയി ഗണിക്കപ്പെടാവുന്നതും അവരുടെ കടങ്ങൾ നിർബ്ബന്ധപൂർവം ചുരുക്കി അതിലേക്കുള്ള പലിശ പകരമായ ഊഴിയങ്ങൾ കർക്കിടശിഖപോലെ ഈടാക്കപ്പെടാവുന്നതും ആണ്. വിലംകൃഷിവേലക്കാരെയും മററു ഗ്രാമീണതൊഴിലാളികളെയും സംബന്ധിച്ച സംഗതി ബാങ്കിനാൽ ധനസഹായം ചെയ്യപ്പെടുന്ന സഹകരണപ്രസ്ഥാനംമുഖേന മാത്രമേ നിറവേററാൻ മാർഗ്ഗമുള്ളു എന്നു കാണുന്നു.

ഈ പദ്ധതികൾക്കുണ്ടാകാവുന്ന പലേവിധ ആക്ഷേപങ്ങളെ ഇനി പരിശോധിക്കേണ്ടിയിരിക്കുന്നു.

---

* ഒരുകോടി രൂപയുടെ വായ്പയിൽ ഒരുഭാഗം ഇസ്ലാമിയാ കാളേജിൽ ഗ്രാമജീവിതശാസ്ത്രം അഭ്യസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ്.

ഗവണ്മെൻറു ഒരു പണവ്യാപാരിയായി പരിണമിക്കുന്നതിൽ വിനോദമട്ടിലുള്ള ഉദ്യോഗമനോഭാവത്തിന്റെ അനുരൂപ്പണമായേക്കാം. രാഷ്ട്രീയപ്രക്ഷോഭണകാരി ഗവണ്മെൻറിനെ പ്രഹരിക്കാൻ ഇതു ഒരു ആയുധമായി ഉപയോഗപ്പെടുത്തുകയല്ലേ? ഇപ്പോഴും പണവ്യാപാരികളോടുള്ള വൈരാഗ്യബുദ്ധി ഗവണ്മെൻറിന്റെ നേരെ തിരിച്ചുവിടാൻ അയാൾക്കു സാധ്യമാകയില്ലേ?

ഇപ്രകാരമുള്ള വാദങ്ങൾ പരിശോധനായോഗ്യങ്ങളല്ല. ഈ പദ്ധതി ജനങ്ങളുടെ നന്മയ്ക്കായിട്ടുള്ള ഒന്നാണെങ്കിൽ ഉദ്യോഗസമൂഹത്തിന്റെ സ്വകീയസുഖചിന്തകൾ അതിനു മാർഗ്ഗവിഘ്നം വരുത്തുവാൻ അനുവദിച്ചുകൂടാത്തതാണ്. ജനകീയ മനോഭാവങ്ങൾ ഉദ്ദീപിപ്പിക്കുമെന്നു ഭയന്നു സാമുദായിക പരിഷ്കാരത്തിൽ ഏർപ്പെടാതെയിരിക്കുക എന്നുള്ളതു, ഒരു പക്ഷേ ബ്രിട്ടീഷ് ഭരണത്തെപ്പററിയുള്ള ഏററവും കർക്കശമായ ഒരാക്ഷേപമാണ്.

ഇതു ഏകദേശം മോഷണത്തോടടുത്തു വരുന്നതായ ഒരു അപഹരണമാണെന്നു പണവ്യാപാരികളും പറഞ്ഞേക്കാം.

അവരുടെ റിക്കാർട്ടനുസരിച്ചുള്ള അവകാശങ്ങൾ നൂറു ശതമാനം കുറഞ്ഞുപോകും ശരിതന്നെ. എന്നാൽ ഇപ്പോഴത്തെ കടം മുഴുവൻ ഉചിതമായ ഇടപാടുകളിൽനിന്നും ഉണ്ടായിട്ടുള്ളതാണെന്നും ഇതു മുഴുവൻ ഉദ്ദേശിക്കുന്നതിനു ഉപരിയായവിധം പൊതുജനനന്മയ്ക്കുവേണ്ടി അത്യധികം ആദായങ്ങൾ ഇല്ലായ്മ ചെയ്തിട്ടുള്ള വഴി ഒട്ടധികം ഉദാഹരണങ്ങൾ വേറെ ഉണ്ടെന്നും ഓർക്കേണ്ടതാണ്.

നിശ്ചയമായും ഉണ്ടാകാവുന്ന ഒരാക്ഷേപം ലിൻലിത്ത് ഗോ കമ്മീഷൻ പറഞ്ഞപ്രകാരം 'സുലഭമായും ധാരാളമായും ഉള്ള ധനസഹായം കൊണ്ടു കാർഷിക ഋണബാധ്യതാപ്രശ്നം പരിഹരിക്കപ്പെടാവുന്നതല്ല', എന്നുള്ളതാണ്.

ഔചിത്യമില്ലാത്ത എന്ന അർത്ഥത്തിൽ ഉള്ള 'ധാരാളമായ' ധനസഹായംപോലെ അത്രതന്നെ വലിയ ആക്ഷേപം സുലഭമായ ധനസഹായത്തിനു ഇല്ലാത്തതാണ്. എന്നാൽ ഈ പദ്ധതി ധനസഹായം നിയന്ത്രിക്കുന്നതിനും നൽകപ്പെട്ടിടത്തോളം ശരിയായി വിനിയോഗിക്കുന്നതിനും പ്രത്യേകം സജ്ജീകൃതമായിട്ടുള്ള ഒന്നാണ്.

സുലഭവും സമൃദ്ധവും ആയ ധനസഹായത്തിന്റെ ദോഷങ്ങൾക്കു ഈജിപ്റ്റിലെ കർഷകബാങ്കു ഒരു പക്ഷേ ഉദാഹരണമായി പറയപ്പെടാം. അതിനു നേരിട്ട വിഷമതകൾക്കു അതിനെ കുററപ്പെടുത്താൻ പാടുള്ളതല്ല. കടംവായ്പക്കാരന്റെ സ്വഭാവത്തെപ്പററിയും പണത്തിന്റെ വിനിയോഗത്തെപ്പററിയും അന്വേഷണങ്ങൾ നടത്തുന്നതിനു അതിന്റെ സംഘടനയിൽ അധികാരങ്ങൾ നല്കിയിരുന്നില്ല.

കർഷകർക്കു കൊടുക്കുന്ന സഹായം നിയന്ത്രിതമായിരുന്നാൽ പ്രയോജനകരമായിട്ടുള്ളതുതന്നെ എന്നു സുസമ്മതമാണ്. ഇപ്രകാരമുള്ള നിയന്ത്രണം സുസാധ്യമാവണ്ണം ഉദ്ദിഷ്ടബാങ്കു സംഘടിപ്പിക്കപ്പെടുന്നതാണ്.

ഗ്രാമീണവ്യാപാരി എങ്ങിനെയായാലും തന്റെ പററുകാരെ നല്ലവണ്ണം അറിയാവുന്നവനാണെന്നും ചിലപ്പോൾ സ്വഭാവംനോക്കി കടംകൊടുക്കാറുണ്ടെന്നും ഒരുപക്ഷേ പറഞ്ഞേക്കാവുന്നതാണ്. ഇപ്രകാരമുള്ള വ്യക്തിപരിചയം ഉദ്ദിഷ്ടബാങ്കിനുണ്ടായിരിക്കാൻ നിവൃത്തിയില്ലാത്തതും വായ്പകൾ ദുരുപയോഗപ്പെടുത്തിയിട്ടില്ലെന്നു ബോദ്ധ്യപ്പെടത്തക്കവണ്ണം കക്ഷികളെ പരിചയപ്പെടുമെന്നു ആശിക്കാൻ പാടില്ലാത്തതും ആകുന്നു. കൂടാതെ ഗ്രാമീണ പണവ്യാപാരി സമീപത്തുള്ളതും ഉടനടി ആവശ്യം സാധിച്ചുകൊടുക്കുന്നതും, നേരേമറിച്ചു പലിശക്കുറവുണ്ടെങ്കിലും, അനിവാര്യമായ കാലതാമസത്തിനാൽ, ഗവണ്മെൻറു നല്കുന്ന തക്കാവി വായ്പകൾ ജനങ്ങൾക്കു ഇഷ്ടമില്ലാത്തതും ആണ്. കർഷകബാങ്കു പണവ്യാപാരിയോടൊപ്പംതന്നെ അസൌകര്യങ്ങൾക്കു അധീനമായിത്തീരുമെന്നു വാദിക്കപ്പെടുന്നു.

ഇതിനു മറുപടിയായി ചൂണ്ടിക്കാണിക്കേണ്ടതു ലോകത്തിന്റെ ഇതരഭാഗങ്ങളിൽ കർഷകബാങ്കുകൾ വിജയപ്രദങ്ങളായിട്ടുണ്ടെന്നും, സംഘടനയും ഭരണകർത്താക്കളും ശരി

യായിരുന്നാൽ ഈ രാജ്യത്തും അ[illegible]തരത്തിൽ വിജയപ്രദങ്ങളല്ലാതെ പോരാൻ വല്ലതായ കാരണങ്ങളില്ലെന്നും ഉള്ളതാണ്.

ബാങ്കിനുണ്ടാകാൻപോകുന്ന വിഷമം പണപ്രമാണികളുടെ ബാദ്ധ്യതതീർക്കാൻ വേണ്ടിവരുന്ന ദീർഘകാലവായ്പക്കുള്ള ശരിയായ അടിസ്ഥാനത്തിന്മേൽ സല്പകാലത്തേക്കും മദ്ധ്യകാലത്തേക്കും ഉള്ള വായ്പകൾ കൊടുക്കുന്നതിലാണ്. ഇതു ഉൽക്കണ്ഠയോടുകൂടി ചിന്തിക്കേണ്ട ഒരു പ്രശ്നമാണ്. അതു പക്ഷേ സഹകരണതത്വത്തിന്മേൽ അത്യുത്തമമായി പരിഹരിക്കപ്പെടാവുന്നതാണ്. അതായതു് വ്യാപാരികളോടെല്ലാതെ വ്യക്തികളുടെ ബാദ്ധ്യത ക്ലിപ്തരഹിതമായിട്ടുള്ള സമൂഹങ്ങളോടു ബാങ്കു ഇടപെടേണ്ടതാണ്. സല്പകാലവായ്പകളും മദ്ധ്യകാലവായ്പകളും മാത്രം സഹകരണസംഘങ്ങളിൽനിന്നു കൊടുക്കപ്പെടണമെന്നും, ദീർഘകാലവായ്പകൾ ഭൂസ്വത്തുബാങ്കുകൾ നല്കേണ്ടതാണെന്നും ഇൻഡ്യൻ സെൻട്രൽബാങ്കിംഗ് അന്വേഷണക്കമ്മിററി ശുപാർശ ചെയ്തിട്ടുള്ളതാണ്.

പണവ്യാപാരികളിൽ ചുമത്തുന്ന ഏതുവിധ നിയന്ത്രണവും കടക്കാരനു കൂടുതൽ ചുമതലകൾ ഉണ്ടാക്കുന്നു എന്നാണ് അഭിജ്ഞമതം. ഈ മതം അനുസരിച്ചു ഇൻഡ്യയിലെ പണവ്യാപാരിയെപ്പോലെ സഹായം ലഭിക്കാത്തതായ പേർഷ്യ ഇറാക്ക് ടർക്കി എന്നിമററ പൌരസ്ത്യരാജ്യങ്ങളിലെ ഋണപ്രശ്നം താരതമ്യേന വിഷമതരമായിരിക്കേണ്ടതാണെങ്കിലും യഥാർത്ഥം നേരെമറിച്ചാണ്.

ചെറിയ സംഖ്യകളായിട്ടുള്ള ഇടപാടുകൾകൊണ്ടും കക്ഷികളുടെ ബാഹുല്യംകൊണ്ടും അഭിപ്രായപ്പെട്ടിട്ടുള്ള പലിശക്രമത്തിനു കടം കൊടുക്കാൻ ബാങ്കിനു സാധിക്കുന്നതല്ലെന്നു ഒരാക്ഷേപമുണ്ടാവാം. പഞ്ചാബിലെ ൧൮,൦൦൦ സഹകരണസംഘങ്ങളുടെ ആകെക്കൂടി ചിലവു വായ്പകൾ കൊടുക്കുന്നതിൽ ൨ ശതമാനംകൊണ്ടു നടക്കുന്നു എന്നു പറഞ്ഞുകഴിഞ്ഞുവല്ലോ. കൂടാതെ ആ സംഘങ്ങൾ റവന്യൂഉദ്യോഗസ്ഥന്മാരുടെ സഹായം ഉപയോഗപ്പെടുത്തുന്നുമില്ല.

ഭൂനികുതി പിരിവിനു ഇപ്പോൾ ചിലവു [illegible] ലക്ഷം* ആണ്. ഇതിന്റെ മൂന്നിരട്ടി പിരിക്കുന്നതിനു ജീവനക്കാരുടെ സംഖ്യ താരതമ്യേന അല്പമാത്രം വർദ്ധിപ്പിച്ചാൽ മതിയാവുന്നതാണ്. ൨ ശതമാനം ചാർജ്ജ് ൯ ലക്ഷത്തോളം വരും. ഇതിന്റെ ഒരുവീതം ഭൂനികുതി സിൽബന്തികളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു മാററിവയ്ക്കേണ്ടതായിവരും.

കൂടുതൽ വിശദമായ അന്വേഷണംകൊണ്ടു ൨ ശതമാനം ചാർജ്ജുവർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു കാണുന്നു. കൃഷിക്കാരന്റെ ഭാരം വർദ്ധിപ്പിക്കാതെ അപ്രകാരം ചെയ്യുന്നതിനുള്ള ഒരു വഴി ഋണോന്മൂലനകാലം ദീർഘിപ്പിക്കുകയാണ്.

ആത്മനിയന്ത്രണമില്ലാതെയിരുന്നാൽ ഗ്രാമീണർ അമിതമായി കടംവാങ്ങുകയും തിരികെ കൊടുക്കുന്ന വിഷയത്തിൽ ഉപേക്ഷക്കാർ ആകുകയും അമിതമായ പലിശക്രമത്തിനു സമ്മതിക്കുകയും ചെയ്യുന്നതും, ഗ്രാമീണർക്കു ആത്മനിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുന്നതിനും അവരെ പഠിപ്പിക്കുന്നതിനും സഹകരണം ഒരൊററമാർഗ്ഗമേയുള്ളു എന്നു സഹകരണപ്രണയികൾ നിശ്ചയമായും വാദിക്കുന്നതും ആണ്. കൃഷിക്കാരനു കൂടുതലായ ധനസഹായത്തെക്കാൾ ധനത്തിന്റെ ശരിയായ വിനിയോഗത്തെപ്പററിയുള്ള വിജ്ഞാനം ആണു ആവശ്യമായിരിക്കുന്നതെന്നും അവർ തുടർന്നു പറയും. ഗ്രാമീണപ്പണവ്യാപാരിയുടെ ദുഷ്പ്രാവഹങ്ങളായ വശീകരണങ്ങൾക്കു കർഷകൻ വിധേയനായിരിക്കുന്ന ഇപ്പോഴത്തെ നിലയിലും ഈ വാദങ്ങൾ യോജിച്ചതാണ്. നിയമസഹായങ്ങൾ നിരുത്തി പണവ്യാപാരിയുടെ പാണിബന്ധം ചെയ്യുന്നതായാൽ ഈ ആക്ഷേപത്തിന്റെ ശക്തി വളരെ ശുഷ്കമായിതീരുന്നതാണ്.

---

* റവന്യൂജീവനക്കാരുടെ ചിലവിൽ മൂന്നിലൊരുഭാഗവും പഞ്ചോത്രവും കണക്കാക്കിയിരിക്കുന്നു. റവന്യൂജീവനക്കാർ അബിയാനാ ഇനത്തിൽ [illegible] ലക്ഷംകൂടി പിരിക്കുന്നുണ്ട്.

ഭാവികാലചിന്തയും മിതവ്യയശീലവും ഇല്ലാത്തവർ, എന്നാലും, പണവ്യാപാരിയെ അഭയംപ്രാപിക്കും എന്നും അയാൾ ജന്മേ കരവിനാൽ കൂടുതൽ പലിശ ചുമത്തുമെന്നും പറയേണ്ടതാവുന്നതാണ്. ഇനിയും പണം കടംകൊടുക്കുന്ന വ്യാപാരികൾ നിശ്ചയമായും ഉണ്ടായേക്കാം. എന്നാൽ അവരുടെ എണ്ണം വളരെ കുറയും. പഞ്ചാബ് റസ്സകൈമാററനിരോധത്തെ തുടർന്നുണ്ടായ ജാമ്യനഷ്ടത്തിൻെറ ഫലമായി ഹിന്ദുക്കളായ പണവ്യാപാരികളുടെ ഇടപാടുകൾ വളരെ കുറഞ്ഞുപോയിട്ടുണ്ടെന്ന പൊതുവെ സമ്മതിക്കപ്പെട്ടിരിക്കുന്നു. കോടതിമുഖാന്തിരം കൃഷിക്കടങ്ങൾ ഈടാക്കാൻപാടില്ലെന്നുള്ള നിയമനിർമ്മാണം ഇതേ ഫലം ഉളവാക്കുകയും നാണ്യശക്തിയെ നശിപ്പിക്കയും ചെയ്യും.

സഹകരണപ്രസ്ഥാനത്തിൻെറ വലിയ പലിശക്രമംകൊണ്ടു അതു രോഗലക്ഷണങ്ങളായ കാരണങ്ങൾക്കു ഔഷധമല്ല. ഒരാളിനെ പാമ്പുകടിച്ചാൽ രണ്ടു വിധം ചികിത്സക്കാം. പ്രഥമവും പ്രധാനവുമായതു ഒരു കെട്ടുകെട്ടി നിർത്തിയിട്ടു വിഷമിറക്കു പൊരുക എന്നതാണ്. രണ്ടാമതായി വിഷമേററതിലുണ്ടായിട്ടുള്ള വികാരങ്ങൾക്കു ചികിത്സചെയ്യുക. കൃഷിക്കാരെ നിയമകോടതികൾ ദംശിച്ചു; വിഷം എടുത്തുകളയുന്നതിനു ഗവണ്മെൻറിൻെറ സാമർത്ഥ്യമാണ്. കൃഷിക്കാരനു ദംശനപീഡയിൽ സഹിക്കുന്നതാകാൻ മാത്രമാണ് സഹകരണപ്രസ്ഥാനം പഠിപ്പിക്കുന്നതു്.

പണം എവിടെനിന്നുണ്ടാകുന്നു എന്നാണ് അവസാനമായി ചിന്തിക്കേണ്ടതു്. മന്ത്രിമാരുടെയും വസീറുമാരുടെയും ഹസ്തങ്ങളിൽനിന്നും ബന്ദ, ഡാറാ ഇസ്മയിൽഖാൻ എന്നീ ഡിസ്ട്രിക്ടുകളെ മോചിപ്പിക്കുന്നതിനു ലാഭമൊ മുതൽപരിഹാരമൊ സംബന്ധിച്ചിടത്തോളം അനാദായകരമായി ഗവണ്മെൻറ കോടിക്കണക്കിനു ചിലവാക്കിയിട്ടുണ്ട്. ഇപ്പോൾ പ്രാവിൻസുമുഴുവൻ പണവ്യാപാരിയിൽനിന്നു രക്ഷപ്പെടുത്തുന്നതിനു ആവശ്യമായ തുക വാസിറിസ്റ്റൻ വ്യയമാണു ആവശ്യമുള്ളതു്. കൂടാതെ ഇതു നവ വർഷംകൊണ്ടു മുതലും പലിശയും തിരിച്ചു അടയ്ക്കപ്പെടുന്നതായ ഒരു തുകയാണ്. വാസിറിസ്റ്റാനാകട്ടെ മുതലും പലിശയും എന്നന്നേക്കുമായി നഷ്ടപ്പെട്ടു.

ഈ പ്രാവിൻസിലെ ജനങ്ങളുടെ മനോഭാവം അനുസരിച്ചു ഈ പദ്ധതി ആകർഷിക്കാതെയിരിക്കയില്ല. വസ്തു ഉടമസ്ഥന്മാർക്ക് ഇതു ഒരു പുതിയജീവിതം നൽകുന്നതുകൂടാതെ ഞങ്ങളുടെ പഠിപ്പും വിജ്ഞാനവും പ്രയോഗിക്കാൻ സൌകര്യമില്ലാത്തവരായ വിദ്യാസമ്പന്നരായ യുവാക്കന്മാരിൽ പലക്കും ഇതു ഒരു ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നതാണ്.

ഗ്രാമത്തിലെ സുഖജീവിതത്തിൻെറ പരമശത്രുവാണ് പണവ്യാപാരി. ദുർവ്യയങ്ങളും അമിതവ്യയങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ടു നാനാഭാഗങ്ങളിലും കൊള്ളയുറപ്പിച്ചു അയാൾ ജീവിച്ചുവരുന്നു. അഭിവൃദ്ധിക്കുള്ള പ്രഥമവും പ്രധാനവും ആയ പ്രതിബന്ധം അയാൾ തന്നെ. ഇപ്പോൾ സമർപ്പിക്കുന്ന പദ്ധതി അയാളുടെ ഉദ്ധരണത്തിൻെറ സ്ഥാനത്തു മിതവ്യയം ധനകാര്യപ്രവീണത എന്നീ സാന്ദർഭങ്ങളോടുകൂടിയ കർഷകബാങ്കിൻെറ ആനന്ദമയമായ ആശ്ലേഷണം കൃഷിക്കാർക്കു ലഭ്യമാക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. മറെറാരുപ്രകാരം പറയുകയാണെങ്കിൽ കർഷകരുടെ പണം അവരുടെ നശീകരണത്തിനു വിനിയോഗിക്കുന്നതിനുപകരം അവരുടെ ശ്രേയസ്സിനായി വിനിയോഗിക്കപ്പെടുന്നതാണ്.

ഇ. നോറം ലഫ്റിനൻറ കേണൽ,
കൃഷിയും അതിനോടനുബന്ധപ്പെട്ടവയുമായ ഡിപ്പാർട്ടുമെൻറുകളുടെ ഡയറക്ടർ,
പശ്ചിമോത്തരദേശങ്ങൾ.

പെഷ്വാർ,
൧൯൩൦ ജനവരി ൨൭-ം.

അനുബന്ധം ൧൪.

പഞ്ചാബ് ഗ്രാമോദ്ധാരണകമ്മിഷണരാഫീസിലെ പുനരുദ്ധാരണ ഡയറക്ടർ എഫ്. എൽ. ബ്രെയിൻ എൻ. ജി. ഐ. സി. എസ്, ലാഹോറിൽ നിന്നും ൧൯൩൦ നവംബർ ൧൨-നു പൂനാ ഭാരതഭൃത്യജനസംഘം അദ്ധ്യക്ഷൻ ജി. കെ. ദേവധാർ എം. എ. സി. ഐ. ഇ യ്ക്കു അയച്ച ൩൫൪-ാം നമ്പർ അർദ്ധൌദ്യോഗിക ലേഖനത്തിന്റെ പകർപ്പ്.

നമ്പർ ൪

പ്രിയപ്പെട്ട മിസ്റ്റർ ദേവധാർ,

താങ്കളുടെ എഴുത്തിനും അനുമോദനങ്ങൾക്കും വളരെ നന്ദി. നമുക്ക ഒരു പുരോഗതിപ്രാപിക്കാൻ സാദ്ധ്യമാകുന്നമെന്നു ഞാൻ ആശിക്കുന്നതും എന്നെപ്പററിമാത്രം പറകയാണെങ്കിൽ വിപുലമായ തോതിൽ പ്രവർത്തിക്കുന്നതിനു കാലമായി എന്നും എല്ലാവർക്കും വിശ്വാസമുള്ളതായും സഹകരിക്കാൻ എല്ലാവരും തയ്യാറായും കാണുന്നതിനാൽ അതു സാദ്ധ്യമെന്നു തന്നെ ഞാൻ വിചാരിക്കുന്നതും ആണ്.

ഗ്രാമോദ്ധാരണത്തിൽ സഹകരണത്തിനുള്ള സ്ഥാനത്തെപ്പററിയുള്ള അഞ്ചാമത്തെ ചോദ്യത്തിനു ഞാൻ ഒരു ലഘുപത്രിക ഇതുസഹിതം അയക്കുന്നു. എന്റെ സ്വാധീനത്തിലുള്ള വിവരങ്ങൾ മുഴുവൻ നൽകുമെന്നു വിശ്വസിക്കുന്നു. എന്റെ ന കല്പങ്ങളെപ്പററ ഒരു രൂപം തരുന്നതിലേക്ക ഒന്നു രണ്ടുസാധനങ്ങൾകൂടി അടക്കംചെയ്യുന്നു.

ഞങ്ങൾക്ക പഞ്ചാബിൽ വിവിധതരങ്ങളിലുള്ള ശ്രേയജീവിത സംഘങ്ങളുള്ളതും അവയെപ്പററിയുള്ള കൂടുതൽവിവരങ്ങൾ ഞങ്ങളുടെ സഹകരണ ഡിപ്പാർട്ടുമെന്റിൽനിന്നും താങ്കൾക്ക കിട്ടിയിരിക്കുമെന്നു വിചാരിക്കുന്നതും ആണ്. താങ്കൾ ൭-ാം വകുപ്പിൽ ൧൦-ാം ചോദ്യങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്നു. ആ രാജ്യത്തെ സംബന്ധിക്കുന്നിടത്തോളം വ-൦ം ചോദ്യത്തിനു മറുപടിതരാൻ ഞാൻ അശക്തനാണെങ്കിലും പൊതുവെ പറയുന്നപക്ഷം ശ്രേജീവിതസംഘങ്ങൾക്ക എവിടെയും സൌകര്യമുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു. ൯-ാം ചോദ്യത്തിൽ ഞാൻ വിചാരിക്കുന്നതു സഹകരണം ആദ്യമായി ഉടമ്പടേണ്ടതു ഒന്നാംതരം ആളുകളോടു വേണമെന്നും ഏററവും അധഃപതിച്ചവരും നിരാശാകരിതരും ആയ മോശപ്പെട്ടവരെ ഒന്നാമതെന്നു വച്ചുചെന്നുപിടിയ്ക്കരുതെന്നും ആണ്. ഏററവും ആശാസ്യന്മാരായ ഉരുക്കളെ സംഘടിപ്പിക്കുന്നതിനും നന്നാക്കുന്നതിനും അതിനു കഴിഞ്ഞാൽ അതിൽനിന്നു പുരോഗമനശക്തി വർദ്ധിക്കുകയും പിന്നീട് വിഷമതരങ്ങളായ സംഗതികൾ ശരിപ്പെടുത്തുന്നതിനു ശക്യമാകുകയും ചെയ്യും. എന്നാൽ വിഷമമേറിയ വസ്തുക്കളിൽതുടങ്ങി ഉത്തമസാധനങ്ങൾ ഉപേക്ഷിക്കപ്പെടുന്നതായാൽ നന്നാകാനായി കാത്തിരിക്കുന്ന ആ ഉത്തമസാധനങ്ങളും അധഃപ്പതിച്ചുപോകുന്നതും ഉല്പാദനങ്ങളെ ശുദ്ധീകരിക്കുന്ന ജോലി അവയ്ക്കു ജീവചൈതന്യം നല്കുന്നതിനു വിജയകരങ്ങളായ സ്ഥാപനങ്ങളുടെ അഭാവംമൂലം കൂടുതൽ ശ്രമകരമായിവരുന്നതും ആണ്. ൧൨-ാം ചോദ്യത്തെപ്പററി പറകയാണെങ്കിൽ അതു ഭൂമിയിൽ ഇറക്കിയിട്ടുള്ള മൂലധനം, വേല, പ്രവൃത്തിചാതുര്യം എന്നിവയെ പരിപൂർണ്ണമായി ആശ്രയിച്ചിരിക്കുന്നതാണ്. ൧൦ ഏക്കർ കൈവശംവച്ചുകൊണ്ടു പട്ടിണികിടക്കുകയും കാൽ ഏക്കർ കൊണ്ടു സുഭിക്ഷമായി ഉപജീവിക്കുകയും ചെയ്യാവുന്നതാണ്.

അടുത്തതായി താങ്കൾ അടയാളപ്പെടുത്തിയിട്ടുള്ള ചോദ്യങ്ങൾ ൧൩ മുതൽ ൧൭ വരെയുള്ളവയാണ്. കടത്തെപ്പററി ജനങ്ങൾക്കുള്ള മനോഭാവത്തെ മാററുക എന്നതാണ് ഗവണ്മെന്റിനു ചെയ്യാൻകഴിയുന്ന ഏററവും വലിയ ഒരു ജോലി. ജനഹൃദയങ്ങളിൽ കടത്തെപ്പററി ഭയവും ഏതുവിധേനയും കടം ഒഴിക്കണമെന്നും കഴിയുമെ

ക്കിൽ കടംവാങ്ങാതെയും ഉള്ള കടം വർദ്ധിപ്പിക്കാതെയും ഇരിക്കണമെന്നും ഒരു നിശ്ചയവും ജനിപ്പിക്കാമെങ്കിൽ ഋണപരിഹാരവിഷയത്തിൽ ഒരു വലിയ പടി കടന്നതായി വിചാരിക്കാം. ഇപ്പോൾ ജനങ്ങൾ കടത്തെപ്പററി വിചാരിക്കുന്നതു അവർ അതിൽ ജനിച്ചു എന്നും അതിൽതന്നെ മരിക്കേണ്ടവരാണെന്നും, ചാഞ്ചല്യപ്പെട്ടിട്ടു വിശേഷമില്ലെന്നും എത്രകടമുണ്ടായാലും വകവയ്ക്കേണ്ടതില്ലെന്നും ആണ്. തൽഫലമായി അവർ സസന്തോഷം കടം വർദ്ധിപ്പിക്കുകയും തീരെ അനാശാസ്യങ്ങളായ കാര്യങ്ങൾക്ക കടം വാങ്ങാൻ ഉദ്യമിക്കുകയും ചെയ്യുന്നു. ഇന്നരാത്രി എല്ലാകടങ്ങളും തീർത്തുകഴിഞ്ഞാൽ പുതിയകടങ്ങൾ ഉണ്ടാക്കാനായി നാളെത്തന്നെ ജനങ്ങൾ തുടങ്ങുന്നതും ഈ മനസ്ഥിതി മാറുന്നതുവരെ യാതൊരു ഋണനിവാരണപദ്ധതിയും വിജയപ്രദമാകാത്തതും ആണ്. പഞ്ചാബ്കമ്മിററി ഇപ്പോൾ സമ്മേളിച്ചിരിക്കുന്നതും നിയമനിർമ്മാണം ആവശ്യമായി വിചാരിക്കയും വിശദീകരണങ്ങളെപ്പററി ആലോചിക്കയുംചെയ്യുന്നതായി ഞാൻ അറിയുന്നതും ആണു. അച്ചടിച്ച റിപ്പോർട്ടു താങ്കളുടെ കമ്മിററിക്കു കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. ഋണലഘൂകരണസമിതികളുടെ രൂപീകരണങ്ങളും സുഗമതരങ്ങളായ നിർദ്ധന നടപടികളും ഏതു ഋണനിവാരണ പദ്ധതിയുടെയും സ്ഥായിയായ ആശയങ്ങളായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. നിർദ്ധന നടപടികളോ ലഘൂകരണസമിതികളോ കടങ്ങളെ ഏററവും ചെറുതാക്കുമ്പോൾ അവ തീർക്കുന്നതിലേക്കവേണ്ട ധനം ഇറക്കിക്കൊടുക്കാൻ ഗവണ്മെന്റിനു സാധിക്കുമോ എന്നു ഞാൻ അറിയുന്നില്ല. ഋണനിവാരണത്തിലുള്ള ഒരു വൈഷമ്യനില പണവ്യാപാരികളുടെ പണമെല്ലാം ഒരുമിച്ചു കൊടുക്കപ്പെട്ടാൽ അവർ അതിനെ എന്തുചെയ്യുമെന്നുള്ളതാണ് എല്ലാംകൂടി വിനിയോഗിക്കത്തക്ക വ്യാവസായികസംരംഭങ്ങളില്ലാത്തതും അവർക്ക പണത്തിനു എന്തെങ്കിലും പോംവഴികാണേണ്ടതും ആണ്, ഋണപരിഹാരം ആയതുകൊണ്ടു റോഡുകൾ റെയിൽവേകൾ തോട്ടുകൾ വിദ്യുച്ഛക്തി കിണറുകുഴിപ്പു കാടുതെളിപ്പു ചിറകെട്ടു മുതലായി ആദായകരങ്ങളായ എല്ലാവിധ ധനവിനിമയങ്ങളോടും കൂടി ഒരുമിച്ചു ചെയ്യപ്പെടേണ്ടതാണ്. ഇപ്പോൾ ഈവഴിക്ക എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അതു ഗവണ്മെന്റു ധനസഹായംകൊണ്ടാണ്. ഗവണ്മെന്റു ഉടനടി ഋണവിമോചനത്തിനു ധനസഹായം ചെയ്യുന്നതിന്റെ വിലയേറിയ മൂലധനമെല്ലാം വസ്തുഉടമസ്ഥന്മാർക്ക സ്വല്പപലിശയ്ക്കുള്ള ദീർഘകാലവായ്പകളായി വിനിയോഗിക്കപ്പെടുന്നപക്ഷം രാജ്യാഭിവൃദ്ധിക്ക പണവ്യാപാരിയുടെ ധനങ്ങൾ വിനിയോഗിക്കേണ്ടതായിവരും. പണത്തിനു ഒരു വ്യവഹാരം ബോധിപ്പിച്ചാൽ ആരംഭംമുതലുള്ള കണക്ക പരിശോധിച്ചു നിർണ്ണയിക്കപ്പെട്ട ഒരു പരമാവധികവിഞ്ഞു അടച്ചിട്ടുള്ള എല്ലാപലിശയും അതതു തീയതികളിലായി മുതലിൽനിന്നു കുറയ്ക്കുന്നതിലേക്ക നിയമനിർമ്മാണംചെയ്യുന്നതു പലിശനിയന്ത്രിക്കുന്നതിനു ഒരു മാർഗ്ഗമായിരിക്കും. അതായതു ഒരു ആൾ ൮൦ ശതമാനംപലിശക്കു നൂറുരൂപാകടംകൊടുക്കയും പരമാവധിയായി അനുവദിക്കപ്പെടുന്ന പലിശക്രമം ൫൦ ശതമാനമായിരിക്കയും ചെയ്യുമ്പോൾ ഇടപാടു കോർട്ടിൽ വരുന്നസമയം ഒരുവർഷത്തെ പലിശ അതായതു ൮൦ രൂപ കൊടുത്തിട്ടുണ്ടെങ്കിൽ ൫൦ രൂപ പലിശയിൽ ചേർത്തിട്ടു മുതലിൽ ൩൦ രൂപ കുറയ്ക്കുകയും അതായതു രണ്ടാംകൊല്ലം ആരംഭത്തിൽ കടത്തിന്റെ മുതൽ ൭൦ രൂപയായി കുറയ്ക്കുകയും ചെയ്യേണ്ടതാണ്. അടുത്തകൊല്ലവും ൮൦ രൂപ കൊടുത്തിട്ടുണ്ടെങ്കിൽ ൩൫ രൂപ പലിശയിലും ൪൫ രൂപ മുതലിലും ചേർക്കേണ്ടതാണ്. മൂന്നാംകൊല്ലത്തിൽ മുതൽ ഇങ്ങിനെ ൨൫ രൂപയാകുകയും നാലാംകൊല്ലവും അതാതു പലിശയടച്ചിരുന്നാൽ കടം യഥാർത്ഥത്തിൽ തീരുകയും ഉത്തമർണ്ണനു വിധികിട്ടാതെ ഇരിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചാബിൽ ഗാഢമായി ആലോചിക്കപ്പെടാനിടയുള്ള മറെറാരുമാർഗ്ഗം കടത്തിന്റെ ഇരട്ടിയിൽ കവിഞ്ഞു ഒരിക്കലും അവകാശപ്പെട്ടുകൂടാത്തതുള്ള ഹിന്ദുസിദ്ധാന്തം അനുസരി

ച്ച എല്ലാകടങ്ങളും മൂലകടങ്ങളുടെ ഇരട്ടിയായി ഒരുക്കാമെന്നുള്ള സംഗതിയാണ്, എല്ലാ കടം ഇടപാടുകളിലും ഉള്ള ഒരു പ്രധാനവിഷമം കടക്കാരൻതന്നെ കൊടുക്കാൻ വിസമ്മതിക്കുന്ന എന്നതാണ്. പണംവേണ്ടപ്പോൾ വിശിഷ്യ വ്യവഹാരച്ചിലവിനൊ അടിയന്തിരാവശ്യങ്ങൾക്കോ അയാൾ എന്തും ഒപ്പിട്ടുകൊടുക്കാൻസന്നദ്ധനാണ്. യഥാർത്ഥത്തിൽ കിട്ടുന്ന സംഖ്യയുടെ മൂന്നിരട്ടിയ്ക്ക് പ്രമാണം കൊടുക്കും. ഈവിധമുള്ളവരെ സഹായിക്കാനുള്ള ഏതുശ്രമവും വിഫലപ്പെടുകയേയുള്ളു.

ഇവിടെയും ജനകീയ മനോഭാവം പാടെ ഭേദപ്പെടേണ്ടതാണ്. സ്വസഹായത്തിന്റെ ഗുണങ്ങൾ കാണിപ്പിച്ചും തന്നത്താൻ പല ചെറിയ പരിഷ്ക്കാരങ്ങൾ ചെയ്യാൻ പ്രേരിപ്പിച്ചും, കൂടുതൽ ബുദ്ധിപൂർവ്വമായി ജീവിക്കാനും കൃഷിചെയ്യാനും അഭ്യസിപ്പിച്ചും കാലക്രമേണ ഗ്രാമോദ്ധാരണപദ്ധതികൊണ്ടു ഗ്രാമീണന്റെ മനോഭാവം മാററാവുന്നതാണ്.

താങ്കളുടെ അടുത്തചോദ്യങ്ങൾ ൭൯-ഉം ൭൭-ഉം ആണു സഹകരണസംഘങ്ങൾ ശരിക്കു ഭരിക്കപ്പെടുന്നപക്ഷം അവയുടെ പ്രയോജനം അവയുടെ ശാശ്വതമായ നിലയും സംഘം നിർദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ നടപ്പിൽവരുത്താൻ അംഗങ്ങൾ നിർബന്ധിതരായിതീരുന്ന വസ്തുതയും ആണ്, സംഘത്തിനുള്ള ദോഷം എന്തെന്നാൽ അതിനു അതിലെ അംഗങ്ങളെ മാത്രമേ പരിഷ്ക്കരിക്കാൻ കഴിയൂ എന്നും ഒരാളെയും അംഗമായിരിപ്പാൻ നിർബന്ധിച്ചുകൂടെന്നും ഉള്ളതും തന്നിമിത്തം ഗ്രാമം മുഴുവനും ഉള്ള സകലജാതിമതസ്ഥന്മാരും ചേരാതെ ഗ്രാമഭരണം നടത്താനോ ഒരുവർഗ്ഗത്തിനു മുഴുവൻ ഒരു ദേശപരിഷ്കാരം നിർദ്ദേശിക്കാനോ ഒരിക്കലും സാദ്ധ്യമല്ലെന്നുള്ളതും ആണ്.

ഗ്രാമീണന്റെ ആരോഗ്യത്തിനും സുഖത്തിനും വേണ്ടപ്രാഥമികകാര്യങ്ങൾ ചെയ്യുന്നതിനു ഓരോഗ്രാമത്തിലും ഭരണപഞ്ചായത്തുകൾ സ്ഥാപിക്കുന്നതിനെപ്പററി ഒട്ടേറെ പറയാവുന്നതാണെന്നിരുന്നാലും രണ്ടിനും ഒരുമിച്ചു പ്രവർത്തിക്കാൻ കഴിവുള്ളതാണ്. മുൻഗാമിസഹകരണസംഘമായതുകൊണ്ടു, അതു നിർബന്ധിച്ചുകൊണ്ടിരുന്ന പരിഷ്കാരം ഏതുവക്കും ബോദ്ധ്യമായിട്ടുള്ളപക്ഷം, പഞ്ചായത്തു അതിനെ ഗ്രാമംമുഴുവൻ നിർബന്ധിതമാക്കേണ്ടതാണ്.

ധനസംഘങ്ങളെ സാമാന്യമായ അഭ്യുദയസംഘങ്ങളിൽ (uplift societies) നിന്നുവേർതിരിക്കപ്പെടുന്നതു പക്ഷെ ആവശ്യമായിരിക്കുന്നതാണ്. എന്തെന്നാൽ കൈകാര്യവിഷയത്തിൽ വിഷമകരമായ ധനസഹായം മററു കാര്യങ്ങളുമായി കുഴഞ്ഞാൽ ശരിയായ ധനസഹായതത്വങ്ങൾ വിസ്മൃതങ്ങളായി സംഘത്തിനു പരാജയം ഉണ്ടാകാവുന്നതാണ്. ഒരു ധനസഹായസംഘം അതിലെ എല്ലാഅംഗങ്ങളും അവരുടെ പണം ശരിയായി വിനിയോഗിക്കുന്നുണ്ടെന്നും ദൃഢവ്രതത്തോടുകൂടി അഭിവൃദ്ധിപ്രാപിക്കാൻ ഉദ്യുക്തരാണെന്നും നിശ്ചയപ്പെടുത്തുന്നതിലേക്കു ഒരു അഭ്യുദയസംഘത്തിൽ ചേരാൻ നിർബന്ധിക്കാതിരിക്കുന്നതിനു കാരണം കാണുന്നില്ല. ഇതുസഹിതം ഉള്ള ലഘുപത്രികയിൽനിന്നു താങ്കൾക്കു കാണാവുന്നപ്രകാരം ധനസഹായത്തിനുള്ള ഒരുക്കം ഉന്നമനം ആകയാൽ ഉന്നമനം ആദ്യവും ധനസഹായം പിന്നാലെയും ഉണ്ടാകണമെന്നാണു എന്റെ അഭിപ്രായം.

താങ്കളുടെ അവസാനചോദ്യം ൨൩-ആണ്. ഒരു പരിശീലനാലയം നിശ്ചയമായും പ്രയോജനകരമാണെന്നും, സഹകരണതത്വങ്ങൾക്കു പുറമേ ഗ്രാമോദ്ധാരണവും പ്രസിദ്ധീകരണരീതികളും കൂടി പഠിപ്പിക്കപ്പെടണമെന്നും ഞാൻ വിചാരിക്കുന്നു. അതു പഠിപ്പിക്കാനും വിജ്ഞാനങ്ങൾ പ്രചരിപ്പിക്കാനും ഗ്രാമങ്ങളിലെ സാധാരണ ന്യൂനതകൾ പരിഹരിക്കാനും സഹകരണജീവനക്കാർക്കു കഴിയുമെന്നു ബോദ്ധ്യം വരുത്താവുന്നതാണ്.

*   *   *

വിധേയൻ,

എഫ്. എൽ. ബ്രെയിൻ (ഒപ്പ്).

അനുബന്ധം ൧൫.

സഹകരണഐക്യസംഘങ്ങൾക്കു വേതനം നൽകുന്നതിനെപ്പററിയുള്ള നക്കൽചട്ടങ്ങൾ.

മേലന്വേഷണൈക്യ സംഘങ്ങളും സംഘസംഘാതങ്ങളും മുഖാന്തിരം രാജ്യത്തെ സഹകരണപ്രസ്ഥാനത്തിൽ അനുദ്യോഗസ്ഥന്മാരെ ഭാഗഭാക്കുകളാക്കുന്നതിനും അങ്ങിനെയുള്ള ഭാഗഭാഗിത്വത്തെ വിസ്തൃതമാക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആയി മററു സംഗതികൾക്കു പുറമെ താഴെപ്പറയുന്ന വിശേഷാൽ നിബന്ധനകൾ അനുസരിക്കുന്ന അപ്രകാരമുള്ള സ്ഥാപനങ്ങൾക്കു വേതനം നൽകുന്നതിനുമായി ആണ്ടുതോറും ഒരു സംഖ്യ മാററിവയ്ക്കുന്നതിനു ഗവൺമെൻറു അനുവദിച്ചിരിക്കുന്നു.

൧. ൧൦൮൯-ാമാണ്ടത്തെ ൧൦-ാം റഗുലേഷൻ ആയ പരസ്പരസഹായ സംഘറഗുലേഷൻ അനുസരിച്ചു രജിസ്റ്ററാക്കപ്പെട്ട സംഘങ്ങൾക്കു മാത്രം വേതനം കൊടുക്കപ്പെടുന്നതാണ്.

൨. വേതനത്തിന് അപേക്ഷിക്കുന്ന ഓരോ ഐക്യത്തിലും കുറഞ്ഞപക്ഷം ൨൫ സംഘടിതസംഘങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും ഒരു പ്രദേശം സഹകരണവിഷയത്തിൽ പിന്നോക്കമാണെന്നും കൂടുതൽസംഘങ്ങൾ സ്ഥാപിക്കാൻ ഐക്യസംഘം ഏർപ്പെട്ടുമെന്നും രജിസ്ട്രാക്കു അഭിപ്രായമുള്ളപക്ഷം അപ്രകാരം ൨൫ സംഘങ്ങളില്ലാത്ത ഐക്യസംഘങ്ങൾക്കും വേതനം കൊടുക്കുന്നതിനു ഇതു ബാധകമാകുന്നതല്ല.

൩. അതതു സ്ഥാപനത്തിൻെറ യോഗ്യത അനുസരിച്ചല്ലാതെ യാതൊരു കാരണവശാലും വേതനം നല്കപ്പെടുന്നതല്ല.

൪. ഇതിലേക്കായി അംഗീകരിക്കപ്പെടുന്ന ഐക്യ സംഘങ്ങൾ അവയിലെ സംഘടിതസംഘങ്ങളുടെ മേൽനോട്ടത്തിനായി നിയമിക്കുന്ന സൂപ്പർവൈസർമാരുടെ ശമ്പളച്ചിലവിലേക്കു മാത്രം വേതനം നൽകപ്പെടുന്നതാണ്.

൫. ഒരു ഐക്യസംഘത്തിനു നൽകുന്ന വേതനം അതിലെ സൂപ്പർവൈസർക്കോ സൂപ്പർവൈസർമാർക്കോ അനുവദിക്കുന്ന ശമ്പളത്തിൻേറയും പടിയുടേയും ൭൫-ശതമാനത്തിൽ കൂടുതലായിരിക്കാൻ പാടില്ലാത്തതാകുന്നു.

൬. വേതനത്തിനു അപേക്ഷിക്കുന്ന ഒരു ഐക്യസംഘം താഴെപ്പറയുന്ന കാര്യങ്ങൾ അനുസരിക്കേണ്ടതാണ്.

(എ) രജിസ്ട്രാർക്കു ഓരോ ആണ്ടത്തേയും വരവു ചിലവുകളുടെ ഒരു ആയവ്യയഗണനക്കണക്കു അയക്കുകയും അതു രജിസ്ട്രാർ അംഗീകരിക്കുന്ന പ്രകാരം നടത്താമെന്നു സമ്മതിക്കുകയും ചെയ്യേണ്ടതാണ്.

(ബി) പ്രാപ്തന്മാരാണെന്നു രജിസ്ട്രാർ സർട്ടിഫൈ ചെയ്യുവരെമാത്രം സൂപ്പർവൈസർമാരായി നിയമിക്കേണ്ടതാണ്.

(സി) രാഷ്ട്രീയമോ മതസംബന്ധമോ മററു വിധത്തിൽ വിവാദഹേതുകമോ ആയ കാര്യങ്ങളിൽ ഏർപ്പെടാതെയിരിക്കണം.

(ഡി) നിബന്ധനകളിൽ നിർദ്ദേശിച്ചിട്ടുള്ള വിധം സംഘങ്ങളുടെ ഭരണകാര്യത്തിലും പുതിയ സംഘങ്ങളുടെ രൂപീകരണ വിഷയത്തിലും മാത്രം ഏർപ്പെട്ടു പ്രവർത്തിക്കണം.

(ഇ) രജിസ്ട്രാർ നിർദ്ദേശിക്കുന്ന എല്ലാ കണക്കുകളും അയയ്ക്കണം.

(എഫ്) തർക്കങ്ങളേയും വ്യാഖ്യാനങ്ങളേയും സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും രജിസ്ട്രാരുടെ തീർച്ചയ്ക്കയക്കാമെന്നു ഏല്ക്കണം. ഈ വിധമുള്ള എല്ലാ സംഗതികളിലും രജിസ്ട്രാരുടെ തീർപ്പു അവസാനതീർപ്പായിരിക്കുന്നതും ആണ്.

൭. ഏതെങ്കിലും ഒരു സ്ഥാപനം തൃപ്തികരമായിജോലിചെയ്യുന്നില്ലെന്നും, ന്യായമോ, നിയമസിദ്ധമോ, അല്ലാത്ത പ്രവൃത്തികളിൽ ഏർപ്പെട്ടന്നെന്നും വേതനം നൾകുന്ന ഉദ്യോഗസ്ഥന്ന ഏതു സമയത്തെങ്കിലും അഭിപ്രായമായാൽ ആ ഉദ്യോഗസ്ഥന്ന അതിനെ പിൻവലിക്കാനും കുറയ്ക്കുവാനും അധികാരമുണ്ടായിരിക്കുന്നതാണ്.

൮. വേതനത്തിനുള്ള എല്ലാ അപേക്ഷകളും രജിസ്ട്രാർ നിർണ്ണയിക്കുന്ന ഫാറത്തിലും രീതിയിലും അയയ്ക്കേണ്ടതാണ്.

൯. ഓരോ കൊല്ലവും സംഘടിതസംഘങ്ങളിൽ നിന്ന പിരിക്കാവുന്ന സൂപ്പർവിഷൻ ഫണ്ടിനെപ്പററിയുള്ള വിവരം ലഭിക്കുമ്പോൾ രജിസ്ട്രാർ ഐക്യ സംഘങ്ങൾക്കുള്ള വേതനങ്ങൾ നിശ്ചയിക്കുന്നതാണ്.

൧൦. ഈ ചട്ടങ്ങൾപ്രകാരം അനുവദിക്കപ്പെടുന്ന വേതനങ്ങൾ ഇൻസ്പെക്ടർമാർ തയ്യാറാക്കിരജിസ്ട്രാർ കൌണ്ടർ സൈൻ ചെയ്യുന്ന ബില്ലിലോ മററു അക്കൌണ്ട് നിയമങ്ങൾ പ്രകാരമോ അവകാശപ്പെടാവുന്നതാകുന്നു.

അനുബന്ധം ൧൬.

മാഗ്ളഗൻ കമ്മിററിറിപ്പോർട്ടിൽ പ്രാഥമിക സംഘങ്ങളെപ്പററിപ്പറയുന്ന ഭാഗം.

പ്രസ്ഥാനത്തിന്റെ ഉപരിഗൃഹത്തിനു ആകമാനം അടിത്തട്ടായിരിക്കുന്നതു പ്രാഥമിക സംഘമാകയാൽ അതിന്റെ രൂപീകരണത്തേയും പ്രവൎത്തനത്തെയും നയിക്കേണ്ടതായ തത്വങ്ങൾ അതീവ പ്രധാനമായിട്ടുള്ളവയും, കാൎയ്യഗൌരവമുള്ളതായ ഒരു പ്രമേയത്തിന്റെ ആനുഷംഗികങ്ങളായ നിയമങ്ങൾ ആധരിച്ചുകൊണ്ടു ഒരു സംഘം യഥാൎത്ഥത്തിൽ സഹകരണസ്വഭാവമുള്ളതായിരിക്കുന്നതിനു ആവശ്യമുള്ള സംഗതികൾ വിവരിക്കുന്നതായ ഒരു ദീൎഘ ഉദ്ധരണി മാഗ്ളഗൻ കമ്മിററിറിപ്പോർട്ടിൽ നിന്നും ഞങ്ങൾ താഴെ ചേർത്തിട്ടുള്ളതും ആകുന്നു.

ഒരു സംഘം സഹകരണസ്വഭാവത്തോടുകൂടിയതാകുന്നതിനു വേണ്ടതായ അവസ്ഥകൾ.

സംഘം പൂൎണ്ണമായി സഹകരണലക്ഷണമുള്ളതാകുന്നതിനു പലേ സംഗതികളും തികയേണ്ടതുണ്ട്. അന്യോന്യം യോജിച്ചും ഈ യോജിപ്പിൽ ആത്മീകചുമതലകളെപ്പററി അനുനിമിഷം വളരുന്നതായ ഒരു ആന്തരികബോധം ഉൾക്കൊള്ളിച്ചും, അശക്തരായ വ്യക്തികൾ തങ്ങളുടെ വ്യക്തിപരമായ ഉല്പാദനശക്തിയും, തന്മൂലം സാമ്പത്തികവും ആത്മീകവുമായ സ്ഥിതികളും അഭിവൃദ്ധമാക്കുന്നതിനു ശേഷിയുള്ളവരായിത്തീരുന്നു എന്നുള്ളതാണ് സഹകരണത്തിന്റെ അന്തർലീനമായ തത്വം. പ്രസ്ഥാനം സാരാംശത്തിൽ ആദ്ധ്യാത്മികമായിട്ടുള്ള ഒന്നും സമഷ്ടിയേക്കാൾ വ്യഷ്ടിക്കു പ്രാധാന്യം നല്കുന്നതുമാണ്. ഭൌതികസ്വത്തിന്റെ സ്ഥാനത്തു അതു സത്യസന്ധതയും ആദ്ധ്യാത്മികകൎത്തവ്യബോധവും ഉളവാക്കുകയും ഭൌതികാനുഭൂതിയെക്കാൾ ആത്മീകാനുശാസനത്തെ ലക്ഷ്യമായികരുതുകയും ചെയ്യുന്നു. അതിനാൽ സഹകരണം ഒരു നാട്യമല്ലാതെ യഥാൎത്ഥമാകണമെങ്കിൽ ആദ്യം വേണ്ടകാൎയ്യം എല്ലാ അംഗങ്ങളും സഹകരണതത്വങ്ങൾ ഗ്രഹിച്ചിരിക്കണമെന്നുള്ളതാണ്. ഒരു സംഘത്തിന്റെ രൂപീകരണത്തിൽ ഏററവും പ്രധാനമായിട്ടുള്ളതു, സത്യവന്മാരെ, അല്ലെങ്കിൽ മേലാൽ സത്യസന്ധരായി ജീവിച്ചുകൊള്ളാമെന്നുള്ള അവരുടെ ഉദ്ദേശത്തെപ്പററി തൃപ്തികരമായ ഉറപ്പുനല്കുന്നവരെ, മാത്രം ശ്രദ്ധാപൂൎവം അംഗങ്ങളായി തിരഞ്ഞെടുക്കണമെന്നുള്ളതാണ്. ഇടപാടുകളെ സംബന്ധിച്ചിടത്തോളം ഒരു സംഘം അതിലെ അംഗങ്ങൾക്കുമാത്രം വായ്പകൾ കൊടുക്കേണ്ടതും വായ്പകൾ യാതൊരു കാരണവശാലും നഷ്ടം സംഭവിക്കാവുന്ന അനിശ്ചിതകാൎയ്യങ്ങൾക്കായി കൊടുത്തുകൂടാത്തതും അങ്ങിനെ കൊടുക്കുന്നപക്ഷം മിതവ്യയവും സത്യസന്ധതയും പ്രോത്സാഹിപ്പിക്കുന്നതിനു പകരം വിപരീതഫലങ്ങൾ ഉളവാക്കുന്നതും ആണ്. പ്രത്യുല്പാദനകരങ്ങളായ ആവശ്യങ്ങൾക്കോ, നിത്യജീവിതകാൎയ്യങ്ങൾ ആദായകരങ്ങളല്ലെന്നു ന്യായമായി ഗണിക്കപ്പെടാവുന്നതിനാൽ ആവക ആവശ്യങ്ങൾക്കോ, മാത്രമേ വായ്പകൾ കൊടുത്തുകൂടു. വായ്പക്കാർ തങ്ങളുടെ പ്രവൃദ്ധമായ ഉല്പാദനശക്തിയിൽനിന്നുണ്ടാകുന്ന ആദായത്തിൽനിന്നു തിരിച്ചടയ്ക്കാൻ പ്രാപ്തന്മാരാകുമെന്നോ ചിലവുചുരുക്കി മിതവ്യയപരിശീലനം കൊണ്ടു വായ്പത്തവണകൾക്കു മതിയാകുന്ന മിച്ചം ഉണ്ടാക്കിക്കൊള്ളാമെന്നോ, സഹാംഗങ്ങളെ തൃപ്തിപ്പെടുത്താൻ ആവശ്യപ്പെടേണ്ടതാണ്. ഒരു വായ്പകൊടുക്കുമ്പോൾ പണം ഏതു കാൎയ്യത്തിനു കൊടുത്തോ, ആ കാൎയ്യത്തിനു തന്നെ ചിലവാക്കുന്നുണ്ടോ എന്നു സംഘത്തിലെ കമ്മിററിയും മററു അംഗങ്ങളും സൂക്ഷ്മമായി ശ്രദ്ധിക്കേണ്ടതാണ്. ക്രമക്കേടായി ഉപയോഗപ്പെടുത്തിയാൽ അതു ഉടനെ തിരികെ ആവശ്യപ്പെടേണ്ടതാണ്. സംഘത്തിന്റെ പൊതുവേയുള്ള മേൽനോട്ടംകൂടാതെ ഓരോ വായ്പയ്ക്കും ആൾജാമ്യങ്ങൾ സ്വീകരിക്കുന്നതുമൂലം വ്യക്ത്യംഗങ്ങളുടെ വിശേഷാൽമേൽ

നോട്ടവുംകൂടി ഉണ്ടായിരിക്കേണ്ടതു അഭിലഷണീയമാണ്. വായ്പക്കാരൻ എന്തെങ്കിലും കുടിശിഖ വരുത്തിയാൽ ഉടൻതന്നെ ഈ ജാമ്യക്കാരോടു ആവശ്യപ്പെടേണ്ടതാണ്. സംഘപ്രവൎത്തനത്തിലുള്ള സാധാരണ കാൎയ്യങ്ങൾക്കായി ഒരു പ്രസിഡന്റും സെക്രട്ടറിയും ഉൾപ്പെടെ ഒരു കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും, എഴുത്തുവേലമാത്രം ചെയ്യുന്നവരും ഭരണത്തിൽ വോട്ടവകാശമില്ലാത്തവരും ഒഴിച്ചു ഭരണസമിതിയിലുള്ള എല്ലാവരും സംഘാംഗങ്ങളായിരിക്കേണ്ടതും അവർ സംഘത്തിനുവേണ്ടി സൌജന്യമായി സേവനം ചെയ്യേണ്ടതുമാണ്. അതേസമയംതന്നെ പരമാധികാരങ്ങൾ കമ്മററിക്കവിട്ടുകൊടുത്തുകൂടാത്തതും, അതു സംഘകാൎയ്യങ്ങളിൽ പ്രായോഗികമായി ഉടന്റ താല്പൎയ്യം ഉണ്ടായിരിക്കേണ്ടവരായ അംഗങ്ങളിൽ അൎപ്പിതമായിരിക്കേണ്ടതും ആകുന്നു. ഈ ഉദ്ദേശത്തോടുകൂടി സംഘടന ശുദ്ധജനകീയതത്വത്തിലുള്ളതായിരിക്കേണ്ടതാണ്. ഓരോ മെംബൎക്കും പൊതുയോഗത്തിൽ ഒരേ ഒരു വോട്ടുമാത്രം ഉണ്ടായിരിക്കേണ്ടതും എല്ലാ ജോലികളും സംഘത്തിനുള്ളിൽ ഏററവും കൂടുതൽ പരസ്യമായി നടത്തപ്പെടേണ്ടതും ആണ്. ഉദാഹരണമായി ഓരോ അംഗങ്ങൾക്കും കൊടുത്തിട്ടുള്ള വായ്പകൾ, ജാമ്യക്കാരുടെ പേരുകൾ, ബാക്കിനില്പു സംഖ്യ എന്നിവകൾ കാട്ടുന്ന ഒരു ലിസ്ററു എല്ലാ അംഗങ്ങൾക്കും പരിശോധിക്കത്തക്കവിധം ഒരു സ്ഥലത്തു വെയ്ക്കേണ്ടതും, ഓരോ അംഗവും ഈ കണക്ക് ഏതുപ്രകാരമിരിക്കുന്നു എന്നു അറിയാൻ ആവശ്യപ്പെടേണ്ടതും കൂടക്കൂടെ പൊതുയോഗങ്ങൾകൂടി സംഘത്തിന്റെ കണക്കുകളും കാൎയ്യങ്ങളും പൂൎണ്ണമായി വാദപ്രതിവാദം ചെയ്തു വിശദീകരിക്കപ്പെടേണ്ടതും ആകുന്നു. സംഘത്തിന്റെ പ്രഖ്യാപിതമായ ഉദ്ദേശം അംഗങ്ങളുടെ ഇടയിൽ മിതവ്യയശീലം വൎദ്ധിപ്പിക്കുക എന്നുള്ളതായിരിക്കേണ്ടതും ഈ മിതവ്യയബോധം സമീപസ്ഥലങ്ങളിൽ പ്രചരിക്കണമെന്നുകൂടി ആഗ്രഹിക്കേണ്ടതുമാണ്. ഈ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി വായ്പകൾ യഥാൎത്ഥത്തിൽ ആവശ്യവും അഭിലഷണീയവും ആയിരിക്കുമ്പോൾ മാത്രമെ കൊടുക്കാൻപാടുള്ളു. കൂടാതെ മിതവ്യയശീലത്തെയും സംഘത്തിനോടുള്ള ഒരു ഉടമസ്ഥാവകാശബോധത്തെയും, ലാഭത്തിൽനിന്നു കഴിവുള്ളത്രവേഗം ഒരു കരുതൽ ഫണ്ടു രൂപീകരിക്കാനുള്ള ശ്രമങ്ങൾകൊണ്ടു പ്രകൎഷിപ്പിക്കേണ്ടതാണ്. സംഘത്തിന്റെ സിദ്ധാന്തങ്ങളും ഉദാഹരണങ്ങളും മൂലം അംഗങ്ങളിലും അയൽവാസികളിലും ഉണ്ടായിട്ടുള്ള ആദായമിച്ചങ്ങൾകൊണ്ടു കഴിവുള്ളത്ര മൂലധനം ശേഖരിക്കാൻ സംഘത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതുകളോടൊരുമിച്ചു സത്യസന്ധത, കണിശം, ശരിയായ കണക്കെഴുത്തു, ഉത്സാഹം, യഥാകാലം പണമടയ്ക്കുക, എന്നിത്യാദി പ്രാഥമിക പ്രവൎത്തന സിദ്ധാന്തങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ഇവയെല്ലാംസിദ്ധമാകുന്നതിനു ആന്തരികമായ നിയന്ത്രണവും, സംഘംവക ഉദ്യോഗസ്ഥന്മാരുടെ വൎദ്ധമാനമായ ശ്രദ്ധയും മേൽനോട്ടവും കൂടാതെ സഹകരണതത്വങ്ങൾ മനസ്സിലാക്കുന്നതിനും കൂടക്കൂടെ ഒരുമിച്ചു ചേരുന്നതിനും മററുള്ളവരെപ്പററി സൂക്ഷിക്കുന്നതിനും, പ്രയത്നിക്കുന്നതിനും, മിതവ്യയം പാലിക്കുന്നതിനും വായ്പകൾ അടയ്ക്കേണ്ടസമയത്തു കണിശമായി അടയ്ക്കുന്നതിനും അംഗങ്ങളുടെ ഇടയിൽ അനുസ്യൂതമായ ഒരു തൃഷ്ണയും ഉണ്ടായിരിക്കേണ്ടതാണ്:

അനുബന്ധം. ൧൨.

സഹകരണം എന്തിനെന്നും എങ്ങിനെയെന്നും.

(ഹെർബർട്ട് മിറിക്കിന്റെ ഫെഡറൽഫാം ലോൺ സിസ്റ്റം എന്ന ഗ്രന്ഥത്തിൽനിന്നും.)

സഹകരണം ആവശ്യമാണ്.

കൃഷിക്കാർ അവരുടെ പണയശക്തിയെ കാര്യക്ഷമമായി വിക്രയം ചെയ്യുന്നതിനു ദേശീയ സംഘങ്ങളായി യോജിക്കുന്നതിലേക്ക പരസ്പരവിശ്വാസം കൂടയുള്ളവരായും, പരസ്പരസംശയം ഇല്ലാത്തവരായും ഇരിക്കേണ്ടതാണ്. ഇപ്രകാരമുള്ള ഐക്യത്തിന്റെ അർത്ഥം വ്യക്തികളുടെ ഇടയിലുള്ള സംയുക്ത പരിശ്രമം എന്നാണ്. സ്വയമായി ചെയ്യുന്നതും ആവശ്യമായി നിർബന്ധിക്കപ്പെടുന്നതുംആയ കൂട്ടായസേവനം വ്യക്തികളിൽ ഗുണകരമായ ഫലം ഉളവാക്കുന്നതാണ്. ജീവിതത്തിന്റെ ആനന്ദവും മഹിമയും പ്രയോജനവും വർദ്ധിപ്പിക്കുന്നതായ സാമുദായികവും ആത്മീകവും മാനസികവും ആയ ഗുണങ്ങൾ അതു ഉദ്ദീപിപ്പിക്കുന്നതാണ്. സഹകരണമേ, പ്രേമം എന്നതുപോലെ, വിവരിക്കുന്നതിനെളുപ്പം അനുഭവിക്കുകയാണ്.

കർഷകന്മാണ്യത്തിന്റെ പുനസ്സംഘടനാവിധാനം പത്തോ അധികമോ വ്യക്തികൾ ഒരുമിച്ചു സംഘമായി ചേരുന്നതിനെ ആശ്രയിച്ചിരിക്കുന്നു എന്ന വസ്തുത ഫെഡറൽ ഫാംലോൺ ആക്റ്റിന്റെ അടിസ്ഥാനം സഹകരണതത്വമാണെന്നു തെളിയിക്കുന്നുണ്ട്. 'സഹകരിക്കേണ്ടതു എങ്ങിനെ' എന്നുള്ള ഈ ഗ്രന്ഥകാരന്റെ പുസ്തകത്തിൽ ഈ തത്വം വളരെ ഭംഗിയായി താഴെപ്പറയും വിധം സംഗ്രഹിച്ചിരിക്കുന്നു.

"ഉല്പാദകന്മാരേയും ഉപഭോക്താക്കളേയും ഒരുപോലെ വിഷമിപ്പിക്കുന്ന പീഡനങ്ങളിൽനിന്നു മോചിപ്പിക്കാനുള്ള യഥാർത്ഥമായ മാർഗ്ഗം ഇപ്പോൾതന്നെയുള്ളതായ ഒരു സ്ഥാപനമാണ്. അതു അടുത്തുതന്നെയുണ്ട്. സമാധാനമാർഗ്ഗമാണ് അതിന്റെ വഴികൾ. അനുകൂല നിയമവ്യവസ്ഥകളാകട്ടെ, രാഷ്ട്രീയ വിപ്ലവമാകട്ടെ സാമുദായിക പരിവർത്തനമാകട്ടെ, അതിനാവശ്യമുള്ളതല്ല. ഇടിച്ചുനിരത്തുന്നതിനു പകരം അതുകെട്ടിഉയർത്തുന്നു. എന്നിട്ടും അതിന്റെ വിജയം അത്യന്തം പ്രതികൂലാവസ്ഥകളിലും പ്രദർശിതമായിട്ടുണ്ട്. ഏതെങ്കിലും ഒരു മാനുഷികസ്ഥാപനംപോലെ അതും ശാശ്വതമായിട്ടുള്ള ഒന്നാണ്. അതു തന്നത്താൻ മൂലധനം ഉണ്ടാക്കുകയും, വസ്തുരക്ഷാവ്യവസ്ഥചെയ്യുകയും, കാലപ്പഴക്കത്തിൽ പ്രായോഗിക നന്മകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. സ്വഭാവത്തിലും പ്രയോഗരീതിയിലും അതു ഏററവും, പരിശുദ്ധവും ഏതുതരം വിശ്വാസികൾക്കും അരോചകമല്ലാത്തതും ആണ്. ഇപ്പോൾ ജനഹൃദയങ്ങളിൽ നിബിഡങ്ങളായിരിക്കുന്ന രാഷ്ട്ര, ഭരണം, ഭൂനികുതി, ധനാഗമം, വാഹനസൌകര്യം എന്നിവയിലുള്ള പരിഷ്കാരങ്ങളിൽ ഒന്നിനോടും അതിനു വിപരീതഭാവമില്ലാത്തതും ആകുന്നു.

ഒരംശത്തിൽ ഇതിൽനിന്നെല്ലാം ഭിന്നമാണെങ്കിലും മറെറാരംശത്തിൽ ശാശ്വതവും സാർവ്വജനീനവുമായ സമുദായപരിഷ്കാരത്തിനു അതു അപരിത്യാജ്യമായിട്ടുള്ളതാണ്. എന്നാലും അതു അതീവ പ്രായോഗികമായിട്ടുള്ളതും, നാട്ടിനും നഗരത്തിനും യോജിച്ചതും, എല്ലാവിധമനുഷ്യർക്കും പ്രാപ്യമായിട്ടുള്ളതും, വലുതായ എല്ലാവിധ ജീവിതവൃത്തികളിലും ഏർപ്പെട്ടിരിക്കുന്ന ഉല്പാദകോപഭോക്താക്കളുടെ വിവിധാവശ്യങ്ങൾക്ക പരിപൂർണ്ണ ഫലപ്രദവും ആകുന്നു. കൂടാതെ സാമുദായികസ്ഥിതി നന്നാക്കുന്നതിലേക്കുള്ള ന്യായമായ ശ്രമങ്ങളെ അതു വിഘ്നപ്പെടുത്താത്തതും, നേരെമറിച്ചു അതിലേയ്ക്കു വേണ്ട ഒത്താശകൾ ചെയ്യുന്നതുമാണ്. ഇതിനെല്ലാം ഉപരിയായി കൃഷിക്കാരുടെഗൃഹസമാജങ്ങളോടോ പരസ്യസംഘങ്ങളോടോ അതിനു വിപരീതഭാവമില്ലാത്തതും തൊഴിലാളിവൃന്ദങ്ങളോടോ കർമ്മകരസമൂഹങ്ങളോടോ പ്രാതികൂല്യമില്ലാത്തതുമാകുന്നു. എന്നാൽ ഇപ്രകാരമുള്ള എല്ലാസമൂഹങ്ങളുടെയും സ്ഥാപനങ്ങളുടെയും ഐക്യങ്ങളുടെയും

കൂട്ടുകെട്ടുകളുടെയും പ്രയോജനങ്ങളെ അത്യന്തം പ്രകർഷിപ്പിക്കുന്നതിനും പരിരക്ഷിക്കുന്നതിനും അതു ഒരു പ്രവർത്തനേന്ദ്രിയമായിരിക്കുന്നതും ആണ്. ശരിയായ അർത്ഥസ്ഥാനം സഹകരണം എന്ന ഒററവാക്കിൽ സമാഹരിച്ചിരിക്കുന്നു.

ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള സഹകരണത്തിന്റെ പൊതുവായ ഗുണങ്ങൾ ഭൂനാണ്യപ്രചരണത്തിനു പ്രത്യേകം അനുയോജ്യങ്ങളുണ്ട്.

(൧) സഹകരണത്തിന്റെ ഒരു വലിയ ഗുണം അതു ഏബ്രഹാംലിങ്കൺ പറയുംപോലെ 'സാധാരണക്കാരെ' സ്വസഹായമുള്ളവരാകാൻ സഹായിക്കുന്നു എന്നുള്ളതാണ്.

(൨) മിതവ്യയം, മിതഭോഗം, ആത്മസംസ്കാരം, അയൽസ്നേഹം, ദയ, മര്യാദ, ധിഷണ, ആത്മമനനം, ശരിയായ പൌരത്വം എന്നിവയെ അതു വർദ്ധിപ്പിക്കുന്നു.

(൩) വിവിധരാജ്യവാസികളുൾപ്പെടെ എല്ലാതരത്തിലും സ്ഥിതിയിലും ഉള്ള ആളുകൾക്കും പ്രയോജനം ഉണ്ടാകത്തക്കവണ്ണം അതിനു വഴങ്ങാൻ സാധിക്കുന്നു.

(൪) പ്രത്യേകസ്വകാര്യങ്ങളോടും വ്യക്ത്യഭിപ്രായങ്ങളോടും അതു എതിരിടുന്നില്ല.

(൫) മത്സരത്തിന്റെ ആയോധനത്തിനുപകരം അതു സഹകരണത്തിന്റെ ക്ഷേമൈശ്വര്യങ്ങൾ പ്രദാനംചെയ്യുന്നു.

(൬) അതു കൂലിവേലയ്ക്കു ന്യായമായ പ്രതിഫലംകൊടുക്കുകയും, സമ്പാദ്യത്തെ വർദ്ധിപ്പിക്കുകയും മൂലധനത്തിനു ഉചിതമായ കൂലികൊടുക്കുകയും ചെയ്യുന്നു.

൭. മൂലധനം വ്യവസായത്തെ ഭരിക്കുകയും അതിന്റെ ലാഭം അപഹരിക്കുകയും ചെയ്യുന്നിടത്തു സമ്പാദ്യങ്ങളെ നയിക്കുന്നതിനും വിഭജിക്കുന്നതിനും ജനങ്ങളെ അതു പ്രാപ്തരാക്കി തീർക്കുന്നു.

(൮) ധനകാംക്ഷയേയും കാഞ്ചനശക്തിയേയും അതു സാമുദായിക നന്മയ്ക്കായുള്ള മാർഷികോപകരണങ്ങളാക്കിതീർക്കുന്നു.

(൯) പൊതുനന്മയെന്ന അന്ത്യലക്ഷ്യത്തെ പ്രാപിക്കാൻ അതു പാരസ്പര്യത്തിൽ സമാരംഭിക്കുന്നു.

(൧൦) അസമങ്ങളായ സമ്പാദ്യങ്ങളുടെ സമവിഭജനം എന്ന മിഥ്യയെ അതു തിരസ്കരിക്കയും യോഗ്യതാനുസരണം ഫലം നല്കുകയും ചെയ്യുന്നു.

(൧൧) ധനവിഭജനത്തിനുള്ള കൂടിയാലോചനയാണ് അതുദ്ദേശിക്കുന്നതു്.

(൧൨) അതു സമസൃഷ്ടസ്നേഹമല്ല, യാചകത്വമല്ല, ദാസ്യവൃത്തിയല്ല, ഉപദ്രവകരവും അല്ല. എന്നാൽ പ്രായോഗികമായ പ്രയോജനത്തിനു പ്രതിബന്ധമല്ലാത്തവിധം ധാർമ്മികബുദ്ധിയോടുകൂടിയതാണ്.

(൧൩) അതാരുടേയും സ്വത്തിനെ സ്പർശിക്കുന്നില്ല. കൊള്ള അനുഗ്രഹിക്കുന്നില്ല സമുദായത്തിൽ ക്ഷോഭം ഉണ്ടാക്കുന്നില്ല. രാജ്യതന്ത്രജ്ഞന്മാർക്കു ഉപദ്രവകാരിയാകുന്നുമില്ല. ശ്രദ്ധസമാജങ്ങളിൽ അതിനു ചേരേണ്ട ആവശ്യമില്ല. ബലപ്രയോഗം ഒന്നും അതുദ്ദേശിക്കുന്നില്ല, പ്രതിഷ്ഠകളെ ഇളക്കിമറിക്കുന്നില്ല. ഔന്നത്യത്തിൽ അസൂയയില്ല. അനുഗ്രഹങ്ങൾ പ്രതീക്ഷിക്കുകയൊ ആനുകൂല്യങ്ങൾ പ്രാർത്ഥിക്കയൊ ചെയ്യുന്നില്ല. അലസന്മാരെ അടുപ്പിക്കുകയൊ അദ്ധ്വാനശീലരെ അകററിനിർത്തുകയൊ ചെയ്യുന്നുമില്ല.

(൧൪) അതു അവസരം തെററി തത്വങ്ങൾ പ്രചരിപ്പിക്കാൻ വിഫലശ്രമങ്ങൾ ചെയ്യാതെ തരംനോക്കി അതിലേക്കു ഉദ്യമിക്കുന്നു.

(൧൫) സഹകാരികൾ ചെയ്യുന്ന സംഗതികളെപ്പററി അവർക്കു അതു സൂക്ഷ്മജ്ഞാനം ഉണ്ടാക്കുന്നതിനും ആ ജ്ഞാനത്തെ കർമ്മയുക്തം ആക്കുന്നതിനും അഭ്യസനം നൽകി അബദ്ധങ്ങൾ വരാതെ രക്ഷിക്കുന്നു.

(൧൬) അതു സ്ത്രീപുരുഷന്മാർക്കു മററുവിധം ലഭിക്കാത്തതായ ഒരു പ്രവൃത്തിവിജ്ഞാനം നൽകുന്നു.

(൧൭) മനുഷ്യരെ കടത്തിൽനിന്നും ഒഴിഞ്ഞുമാറാനും ഒഴിഞ്ഞുനിൽക്കാനും തദനുരൂപമായി മററുവിധ കഷ്ടതകൾ ദൂരീകരിക്കാനും പ്രാപ്തരാകുന്നു.

(൧൮) അതു മത്സരത്തിന്റെ ആയോധനങ്ങളിൽ ഉൾപ്പെടാതെ വ്യക്തിശക്തിക്കു പ്രവൎത്തനസൌകൎയ്യവും അതിന്റെ പ്രതിഫലത്തിൽ ഉറപ്പും നൽകുന്നു.

(൧൯) ജനസാമാന്യത്തിനു അഭിവൃദ്ധിയുണ്ടാകാൻ അതു യഥാൎത്ഥത്തിൽ കാൎയ്യക്ഷമമായ ഏകമാൎഗ്ഗമാകുന്നു.

(൨൦) അതു സൽബുദ്ധിയേയും സൽസ്വഭാവത്തേയും സന്മനോഭാവത്തേയും സംജാതമാക്കുന്നു.

(൨൧) അതു ഉല്പാദകനേയും ഉപഭോക്താവിനേയും ഒരുമിച്ചുചേൎത്തു ഉല്പാദകനു ന്യായമായ ഒരു ആദായം നൽകിയും ഉപഭോക്താവിനു ഗുണത്തിലും അളവിലും യോഗ്യമായ പദാൎത്ഥങ്ങൾ ന്യായമായ വിലയ്ക്കു കൊടുത്തും ചിലവു കുറയ്ക്കുന്നു.

(൨൨) അതു പ്രവൎത്തനത്തിലുള്ള നീതിനിഷ്ഠയായിരിക്കയും നീതിനിഷ്ഠയെ ഫലവത്താക്കുകയും ചെയ്യുന്നു.

(൨൩) അതു എല്ലാ വിഷയങ്ങളുടേയും തത്വങ്ങളും ശക്തികളും സ്പഷ്ടമായി എളുപ്പത്തിൽ മനസ്സിലാക്കാവുന്ന സുനിശ്ചിതമായ ഒരു പ്രായോഗികകാൎയ്യം ആകുന്നു.

(൨൪) അതു മൂലധനത്തെ കൂലികൊടുക്കേണ്ട ഒരു ചിലവായി അംഗീകരിക്കയും, ആ ചിലവു (മററു ചിലവുകൾപോലെ) ചെയ്തശേഷം ബുദ്ധികൊണ്ടോ ഹസ്തംകൊണ്ടോ ചെയ്യപ്പെടുന്ന ജോലികളെമാത്രം ലാഭത്തിനു അവകാശികളായി ഗണിക്കയും ചെയ്യുന്നു.

(൨൫) അതു ഏററവും കുറഞ്ഞ കൂലിക്കു വേല ചെയ്യാനും ഉപഭോക്താവു ഏററവും കൂടിയ വിലകൊടുക്കാനും ഇടയാക്കുന്ന ദല്ലാളിമാർ മൂലധനഉടമസ്ഥന്മാർ കുത്തകക്കാർ എന്നിവരിൽനിന്നു പൊതുജനങ്ങളെ രക്ഷിക്കുന്നു.

(൨൬) വ്യക്തിക്കു ആത്മത്യാഗമൊ അദ്ധ്വാനമൊ കൂടാതെ സമ്പാദനശീലം ആകൎഷകവും സുഗമവും അനിവാൎയ്യവും ആക്കിത്തീൎക്കുന്നു. അവസാനമായി അതിന്റെ ആരാധകന്മാരിൽ പ്രാമുഖ്യനായ ഹോള്യോക്കിന്റെ ഭാഷയിൽ വിവരിച്ചു പറയുകയാണെങ്കിൽ "അനിയന്ത്രിതമത്സരം സംഘടിതമായ യുദ്ധം മാത്രമാണെന്നും യുദ്ധത്തിനു വലിയ രാജ്യലാഭങ്ങളും സ്തുതിഗീതകന്മാരും ആത്മാഭിമാനകരങ്ങളായ സന്ദൎഭങ്ങളും പരാക്രമകരങ്ങളായ സ്മരണകളും ഉണ്ടായിരുന്നെങ്കിലും അതിന്റെ അദ്ധ്വാവിൽ നരഹത്തികൾ കൂടി ഉണ്ടായിരുന്നു എന്നും മഹത്തരങ്ങളായ മാൎഗ്ഗങ്ങളിൽ കൂടി അഭിവൃദ്ധി പ്രാപിക്കാൻ സാദ്ധ്യമല്ലെങ്കിൽ അതിനു മനുഷ്യസമുദായവും നിസ്തുല്യമാനസികശക്തിയും ലജ്ജിക്കേണ്ടതാണെന്നും ഉള്ള വിചാരത്തിൽനിന്നാണു സഹകരണം ഉത്ഭവിച്ചിട്ടുള്ളതു്. യുദ്ധത്തിനു നീണ്ടുനിൽക്കുന്ന നിരായുധീകരണം എന്താണൊ അതുതന്നെയാണു കൂലിവേലയും മൂലധനവും തമ്മിലുള്ള നിരന്തരമത്സരത്തിനു സഹകരണം. അതു വ്യവസായത്തിനുള്ള ശാന്തിയാണു്.

അനുബന്ധം ൧൨.

മദ്രാസ് സഹകരണസംഘം രജിസ്ട്രാരുടെ ലററർ,
ഡി. ഒ. നമ്പർ എഫ് ൩൮൨൧/൩൪
പരസ്പരസഹായസംഘം രജിസ്ട്രാറാഫീസ്,
മദ്രാസ് ൧൯൩൪ ജൂൺ ൨൯.

പ്രിയപ്പെട്ട മേവധാരെ:

വിഷയം—തിരുവിതാംകൂർ സഹകരണാന്വേഷണക്കമ്മററി—ഇടപാട്ടതീർപ്പും വിവിധിനടത്തുജോലികൾക്കുമുള്ള ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ.

പരാമർശം:—താങ്കൾ ൧൪-൩-൩൪-ൽ ദിവാൻ ബഹദൂർ ദേവശിഖാമണി മുതലിയാർക്കയച്ച കത്ത്.

ബാംബെ പ്രസിഡൻസിയിലെ ൩൧-൩-൩൪-ൽ അവസാനിക്കുന്ന വർഷത്തെ റിപ്പോർട്ട എനിക്ക കിട്ടിയിട്ടില്ലാത്തതിനാൽ താങ്കൾ ആവശ്യപ്പെടുന്ന വിവരം എന്താണെന്ന സൂക്ഷ്മമായി എനിക്കറിയാൻ നിവൃത്തിയില്ല. ഇടപാട്ടതീർപ്പിനും വിധി നടത്തിനും അനുവദിച്ചിട്ടുള്ള ജീവനക്കാരെ സംബന്ധിച്ചും സഹകരണസംഘങ്ങളുടെ വിധികളും ഏ വാർഡുകളും നടത്തുന്നതിലുള്ള നടപടിയെ സംബന്ധിച്ചും വിവരങ്ങൾകിട്ടണമെന്ന താങ്കൾ ആഗ്രഹിക്കുന്നതായി ഞാൻ ഊഹിക്കുന്നു.

(൨) ഈ പ്രസിഡൻസിയിൽ ൧൯൩൨-ലെ ൬-ാംനമ്പർ മദ്രാസ് സഹകരണനിയമം ൫൭-ാംവകുപ്പുപ്രകാരം സഹകരണസംഘങ്ങൾ സമ്പാദിക്കുന്ന വിധിമുതലായവ ൧൯൩൨ നവംബർമുതൽ ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിക്കൊടുക്കാമെന്ന ഏററിട്ടുണ്ട്. ഈ ജോലി ഏൽപ്പിക്കപ്പെട്ട ഈ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ അനുസരിക്കേണ്ട നടപടിക്രമങ്ങളെപ്പററി ഗവണ്മെൻറിൽനിന്നും ഒരുസെററ ചട്ടങ്ങൾ രൂപവൽക്കരിച്ചിട്ടുണ്ട്. ലോക്കൽ ഗവണ്മെൻറ ഏർപ്പെടുത്തിയിട്ടുള്ള ചട്ടങ്ങളുടെ ഒരു പകർപ്പയയ്ക്കുന്നു. ൨൨-ാംചട്ടം നടപടിയെപ്പററി പറയുന്നു. ഗവണ്മെൻറ ൨൩ ജൂണിയർ ഇൻസ്പെക്ടർമാരെയും ൭ സബ് ഡെപ്യൂട്ടി രജിസ്ട്രാറന്മാരേയും ഈ ജോലിക്കായി നിയമിച്ചിട്ടുള്ളതും അവരുടെ ചിലവു വിധികൾ നടത്താനായി അയയ്ക്കുന്ന സംഘങ്ങളിൽനിന്നും പിരിക്കുന്ന ഫീസുകൊണ്ട നടത്തേണ്ടതുമാണ്. ഫീസ് നിശ്ചയിക്കുന്നതായ രജിസ്ട്രാരുടെ സർക്കുലറിൻെറ ഒരു പകർപ്പും അയയ്ക്കുന്നു.

(൩) ഇപ്പോൾ ഇടപാട്ടതീർപ്പിൽ ഇരിക്കുന്നതായി ൧൩൮൭ സംഘങ്ങൾ ഉണ്ട്. ഈ സംഘങ്ങളുടെ ജോലി നോക്കുന്നതിനായി ഗവണ്മെൻറ ൪൩ ജൂണിയർ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ചില ഡിസ്ട്രിക്ടുകളിലെ ജോലിചെയ്യുന്നതിന ജീവനക്കാർ മതിയാകാതെ ഇരിക്കുന്നതും അപ്രകാരമുള്ള സ്ഥലങ്ങളിൽ ഇടപാട്ടതീർപ്പുവകുപ്പു കാര്യംഭരണഇൻസ്പെക്ടറന്മാരുടെ സേവനം അവരുടെ സാധാരണജോലികൾക്കു വിഘ്നംകൂടാത്തവിധത്തിൽ താല്ക്കാലികമായി ഉപയോഗപ്പെടുത്തിവരുന്നതും ആകുന്നു.

(൪) ഇപ്പോൾ നടപ്പിലിരിക്കുന്ന വ്യവസ്ഥ പരീക്ഷിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. താമസങ്ങളെപ്പററിയുള്ള പരാതികൾ അതു ശമിപ്പിക്കുമോ എന്നു പറയാറായിട്ടില്ല. എങ്കിലും ഇതുവരെയുള്ള പുരോഗതി പ്രോത്സാഹജനകമാണ്.

താങ്കളുടെ ആത്മമിത്രം,
ററി. ആസ്റ്റിൻ (ഒപ്പ്)

ജി. കെ. ദേവധർ എസ്ക്വയർ എം, എ. സി. ഐ. ഇ.
പ്രസിഡൻറ തിരുവിതാംകൂർ സഹകരണാന്വേഷണക്കമ്മിററി
പത്മവിലാസം-കോട്ടയ്ക്കകം-തിരുവനന്തപുരം.

അനുബന്ധം ൧൯.

മൈസൂർ സഹകരണസംഘം രജിസ്ട്രാർ ഗുലാംമോഹദ്ദിൻമേഖ്റി
എസ്ക്വയർ ബി. എ. എൽ. എൽ. ബി. തിരുവിതാംകൂർ
സഹകരണാന്വേഷണക്കമ്മററി പ്രസിഡൻറ്
ജി. കെ. ദേവധർ എസ്ക്വയർ എം. എ. സി. ഐ. ഇ-ക്കു്
൧൯൩൮ ജൂൺ ൨൯-ാംനു അയച്ച സി. എസ്. ൻ ൧൯൮/൧-ാംനമ്പർ ലററർ

സർ,

ഇടപാടുതീർപ്പുവകുപ്പു സ്പെഷ്യൽ ഉദ്യോഗസ്ഥന്മാരെയും സഹകരണസംഘങ്ങളിലെക്കു് ഈടാക്കേണ്ട തുകകൾ പിരിയുന്നതിലേക്കുള്ള സ്പെഷ്യൽ ഏജൻസിയേയും സംബന്ധിച്ചു് താങ്കൾ ൧൯൩൮ ജൂൺ ൨൮-ാംനു അയച്ച ലററിനു താഴെപറയുംവിധം മറുപടി അറിയിക്കുന്നതിനു എനിക്കു സന്തോഷമുണ്ടു്.

ഇടപാടുതീർപ്പു് ഉദ്യോഗസ്ഥന്മാർ ഇടപാടുതീർപ്പുജോലിക്കു ഇതേവരെ സ്പെഷ്യൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. ഇടപാടു തീർക്കപ്പെടേണ്ട സംഘങ്ങൾ ബാംഗ്ലൂർ സെൻട്രൽ കൊവാപ്പറേറ്റിവ് ബാങ്കിലും അപ്പെക്സ് ബാങ്കിലും അത്യന്തം കടപ്പെട്ടിട്ടുള്ളവയാകയാൽ അഫിഷ്യൽ ലിക്വിഡേറററൻമാരായി നിയമിക്കപ്പെടുന്നതിനുള്ള രണ്ടു ഇൻസ്പെക്ടറന്മാരുടെ ശമ്പളച്ചിലവിലേക്കുള്ള പണംതരണമെന്നു ഈ രണ്ടു ബാങ്കുകളോടും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ബാങ്കുകളിൽ നിന്നു മറുപടിലഭിച്ചാലുടൻ ഈ സംഗതി വീണ്ടും ആലോചിക്കപ്പെടുന്നതാണ്.

സംഘങ്ങളിലേക്കു ഈടാക്കാനുള്ള പണം പിരിക്കുന്നതിനു സ്പെഷ്യൽ ഏജൻസി.

സഹകരണ ചട്ടങ്ങൾപ്രകാരം സംഘങ്ങൾക്കു നൽകപ്പെട്ടിട്ടുള്ള ഡിക്രികൾ ഡിസ്ട്രിക്ടുകളിലെ ഡെപ്യൂട്ടി കമ്മിഷണർമാർക്കോ, ഗവണ്മെൻറ ജീവനക്കാരെ സംബന്ധിച്ചവയായിരുന്നാൽ അതതു ആപ്പീസു മേലധികാരികൾക്കോ, വാദി സംഘങ്ങൾ ആവശ്യപ്പെടുന്ന പക്ഷം സിവിൽക്കോടതികൾക്കോ അയക്കേണ്ടതാണ്. ഏതെങ്കിലും, ഒരു പ്രദേശത്തു നടത്താനുള്ള വിധികളുടെ എണ്ണം വർദ്ധിച്ചിരിക്കുമ്പോൾ റവന്യൂകമ്മീഷണർ സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടറന്മാരെ നിയമിക്കുകയും അവർ മുഖാന്തിരം പിരിക്കുന്ന തുകയുടെ ൧൦ ശതമാനം കമ്മീഷനായി വസൂലാക്കുകയും ചെയ്യുന്നു. ഈ വിഷയത്തെപ്പററിയുള്ള ഗവണ്മെൻറുത്തരവിൻെറ ഒരു പകർപ്പു അറിവിനായി അയക്കുന്നു.

രജിസ്ട്രാർ (ഒപ്പ്).

അനുബന്ധം ൨൦

ബോംബേ സഹകരണസംഘം രജിസ്ട്രാരുടെ ഷററർ.
൧൯൩൪-ലെ ജി. ഇ. എൻ. നമ്പർ ൧൪൦.
കെ. എൻ. ഫഞ്ചാബി എസ്ക്വയർ ഐ. സി. എസ്.
സഹകരണസംഘം രജിസ്ട്രാർ—ബോംബേ പ്രസിഡൻസി.
പൂനാ നമ്പർ ൧.
തിരുവിതാംകൂർ സഹകരണാന്വേഷണക്കമ്മിററി പ്രസിഡൻറിനു
തിരുവനന്തപുരം.
൧൯൩൪ ജൂലൈ ൩൧-ാംനു-

താങ്കളുടെ ൧൯൩൪ ജൂൺ ൨൪-ാംനു-യിലെ ഷററിനു മറുപടി. ഈ പ്രസിഡൻസിയിൽ (൧) സ്പെഷ്യൽ ഇടപാട്ട തീർപ്പു ഉദ്യോഗസ്ഥന്മാരെന്നും (൨) സ്പെഷ്യൽ റിക്കവറി ഉദ്യോഗസ്ഥന്മാരെന്നും രണ്ടു സ്പെഷ്യൽ ഏജൻസികളുണ്ട്. ഈ രണ്ടു തരം ഉദ്യോഗസ്ഥന്മാരുടെയും കർത്തവ്യങ്ങൾ വിഭിന്നങ്ങളാണ്. മുൻപറഞ്ഞവരെ ഇടപാട്ട തീർപ്പുജോലികൾ ചുമതലപ്പെടുത്തുകയും ഇടപാട്ട തീർക്കപ്പെടേണ്ട സംഘങ്ങളുടെ എണ്ണം അധികമുള്ള സ്ഥലങ്ങളിൽ നിയമിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ജോലി കൂടുതലുള്ളിടങ്ങളിൽ കേസുകൾ അപ്പപ്പോൾ ക്രമമായും തീർക്കുന്നതിനുള്ള ഏകമാർഗ്ഗം ഇതാണെന്നു പരിചയം കൊണ്ടു അറിഞ്ഞിട്ടുള്ളതാണ്. സിൽബന്തികളുടെ ചിലവു റെഗുലേഷൻ ൪൦ (൧)-ാം വകുപ്പനുസരിച്ചുണ്ടാകുന്ന ഇടപാട്ട തീർപ്പു ഫീസുകൊണ്ടു നടത്തപ്പെടുന്നു.

൨. മേല്പറഞ്ഞ സ്പെഷ്യൽ റിക്കവറി ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം സഹകരണസംഘങ്ങളിലേക്കു ഈടാകേണ്ട മുതലുകൾ പിരിക്കുന്നതിലേക്കു ആദ്യം ഗവണ്മെൻറു അനുമതി നല്കയതായ ൧൯൩൨ ഫെബ്രുവരി ൧൩-ാംനു-യിലെ റവന്യൂ ഡിപ്പാർട്ടുമെൻറു ൩൪൭൨/൨൭-ാം നമ്പർ ഗവണ്മെൻറു നിശ്ചയത്തിൻെറ ഒരു പകർപ്പു ഇതു സഹിതം അയക്കുന്നു. പദ്ധതി ഇപ്പോഴും പരീക്ഷണഘട്ടത്തിൽ ഇരിക്കുന്നതേയുള്ളു. റിക്കവറി ഉദ്യോഗസ്ഥന്മാരെ റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും നിയമിക്കപ്പെടുന്നതും, അവർക്കു ലാൻഡു റവന്യൂ കോഡ് ൧൫൨, ൧൫൪, ൧൫൫ എന്നീ വകുപ്പുകൾ പ്രകാരമുള്ള അധികാരങ്ങൾകൂടി കൊടുത്തിട്ടുള്ളതും ആണ്. ചിലവിനെ സംബന്ധിച്ചിടത്തോളം അതു സംഘങ്ങളിലെ കുടിശികക്കാരിൽനിന്നും, ഈടാക്കിയ തുകകളുടെ ൫ ശതമാനം അധികച്ചാർജ്ജു വസൂലാക്കി നടത്തപ്പെടുന്നു. ഈ അധികച്ചാർജ്ജിനു അധികാരം നൽകുന്നതായ ലാൻഡു റവന്യൂ കോഡ് ൧൫൩-ാം ചട്ടപ്രകാരം രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളുടെ ഒരു പകർപ്പും അയക്കുന്നു.

രജിസ്ട്രാർക്കു വേണ്ടി (ഒപ്പ്).

സഹകരണസംഘങ്ങൾ.

............ളിലെ കടങ്ങൾ ഈടാക്കുന്നതിലേക്കായുള്ള സ്പെഷ്യൽ റിക്കവറി ആഫീസരുടെ നിയമനം.

ബോംബേ ഗവണ്മെൻറു
റവന്യൂ ഡിപ്പാർട്ടുമെൻറ്.
൩൪൭൨/൨൭-ാംനമ്പർ നിശ്ചയം.
ബോംബേ കാസിൽ ൧൯൩൨ ഫെബ്രുവരി ൧൩-ാംനു-

നിശ്ചയം:—സഹകരണസംഘങ്ങളിലെ കടങ്ങൾ പിരിക്കുന്നതിനെ സംബന്ധിച്ചു സഹകരണസംഘം രജിസ്ട്രാർ തയ്യാറാക്കിയ പദ്ധതി ൧൯൩൧ ഡിസംബറിൽ ബോം

ബയിൽ വച്ചുകൂടിയ ഒരു കാൺഫറൻസിൽ വാദപ്രതിവാദം ചെയ്തിട്ടുള്ളതും ബോംബെ ഗവണ്മെന്റു താഴെപ്പറയും പ്രകാരം ആജ്ഞാപിക്കുന്നതും ആകുന്നു.

(എ) സഹകരണസംഘങ്ങളിലെ കടങ്ങൾ കളക്ടറന്മാരുടെ മേൽനോട്ടത്തിൻകീഴിൽ ഇരിക്കേണ്ടവരും പിരിക്കേണ്ട കുടിശിഖയുടെ സംഖ്യയനുസരിച്ചു ഒന്നോ അധികമോ താലൂക്കുകളിൽ ജോലി ചെയ്യേണ്ടവരുമായ സ്പെഷ്യൽ അവാൽ കർക്കുണിന്റെ നിയമിച്ചു പിരിക്കപ്പെടേണ്ടതാണ്.

(ബി) സഹകരണസംഘങ്ങളുടെ കുടിശിഖകൾ പിരിക്കുന്ന വിഷയത്തിൽ കളക്ടറന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും എന്നാൽ ഓരോ താലൂക്കിലും പിരിവു നടപടികൾ എത്രത്തോളം ഊർജ്ജിതമായി നടത്തണമെന്നു അവരുടെ ഇഷ്ടംപോലെ നിശ്ചയിക്കാവുന്നതും ആകുന്നു.

(സി) റിക്കവറി ഉദ്യോഗസ്ഥന്മാരുടെ ചിലവു, ഈടാകുന്ന തുകയുടെ കണക്കനുസരിച്ചുള്ള ഒരു പീസ വസൂൽ ചെയ്തു നടത്തേണ്ടതാണ്. ഇതു നടത്തിക്കുന്നതിലേക്കു, സഹകരണനിയമം അനുസരിച്ചു ആവശ്യമുള്ള നക്കൽ ചട്ടങ്ങൾ ഗവണ്മെന്റു അംഗീകാരത്തിനായി അയക്കാൻ രജിസ്ട്രാരോടു ആവശ്യപ്പെടണം.

(ഡി) കളക്ടറന്മാർ അവരുടെ താഴെയുള്ള സ്പെഷ്യൽ റിക്കവറി ഉദ്യോഗസ്ഥന്മാർ നടത്തുന്ന പിരിവുകളെ സംബന്ധിച്ചു രജിസ്ട്രാർക്കു മാസംതോറും കണക്കുകൾ അയക്കേണ്ടതാണ്.

(ഇ) മേൽ വിവരിച്ച പദ്ധതി ഈ ഉത്തരവു പുറപ്പെടുന്ന തീയതി മുതൽ ഒരു കൊല്ലത്തേക്കു പരീക്ഷണാർത്ഥം നടത്തപ്പെടുന്നതും, അതിന്റെ ശേഷം രജിസ്ട്രാർ അതിന്റെ നടത്തിപ്പിനെപ്പറ്റിയും അതിൽ ആവശ്യപ്പെടാവുന്ന ഭേദഗതികളെപ്പറ്റിയും ഗവണ്മെന്റിലേക്കു റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

ഉത്തരവിൻപ്രകാരം

എച്ച്. ആർ. പി. അയ്യങ്കാർ,
ഗവണ്മെന്റു അണ്ടർ സെക്രട്ടറി.

ലാൻഡു റവന്യൂകോഡ് ൧൮൩-ാം വകുപ്പനുസരിച്ചുണ്ടാക്കപ്പെട്ടിട്ടുള്ള
ചട്ടങ്ങളുടെ പകർപ്പ്.
വില്പനച്ചിലവുകൾ.
(വകുപ്പ് ൧൮൩)

൧. സ്ഥാവരവസ്തുക്കളുടെ വിഷയത്തിൽ ഒരു വില്പനച്ചിലവു എത്രണ്ടയാലും ഏതെങ്കിലും തുക ഈടാക്കപ്പെട്ടാൽ അതിന്റെ ൧/൩൨ ഭാഗമോ ഇതിൽ കൂടി വരുന്ന സംഖ്യയായിരിക്കും.

൨. (i) ജംഗമങ്ങളുടെ വിഷയത്തിൽ ചിലവു, സാധനങ്ങൾ മാററുന്നതിനും സംരക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനും ഉണ്ടാക്കുന്ന യഥാർത്ഥ ചിലവുകളും വില്പനയിൽ ഉണ്ടാകാവുന്ന മററു ന്യായമായ ചിലവുകളും ആയിരിക്കും.

(ii) ഓരോ വില്പനയിലും ഈടാക്കേണ്ട സംഖ്യ വില്പന നടത്തുന്ന ഉദ്യോഗസ്ഥൻ, പ്രാന്റ ആഫീസറോ കളക്ടർ ആജ്ഞാപിക്കുന്ന ആളോ, താഴെപ്പറയും പ്രകാരം നിർണ്ണയിക്കേണ്ടതാകുന്നു.

(എ) ജപ്തിക്കും വില്പനയ്ക്കും മാത്രമായി ഏർപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാരുടെയും സിൽബന്തികളുടെയും ശമ്പളവും സഞ്ചാരപ്പടിയും ഉദ്യോഗസ്ഥന്മാരെയോ ജപ്തിചെയ്യപ്പെട്ട വസ്തുക്കളെയോ കൊണ്ടുപോകുന്ന ഒരു മോട്ടർകാറിന്റെയോ മററു വാഹനത്തിന്റെയോ ഓട്ടക്കൂലിയും.

(ബി) വച്ചു സൂക്ഷിക്കേണ്ട സ്ഥലത്തു കന്നുകാലികളെയോ മററു വസ്തുക്കളേയോ കൊണ്ടുപോകുന്നതിലേക്ക അവിടെ എത്തുന്നതുവരെ ഏഴു ദിവസത്തേക്ക അതിന്റെ സംരക്ഷണം, സൂക്ഷിപ്പ കൈവശം ഇതുകൾക്കുള്ള ചിലവും,

(സി) സൂക്ഷിക്കേണ്ട സ്ഥലത്തു ഏഴു ദിവസത്തേക്ക വേണ്ടിവരുന്ന സംരക്ഷണം സൂക്ഷിപ്പ കൈവശം ഇവയ്ക്കുള്ള ചിലവും,

(ഡി) ജപ്തി ചെയ്ത സ്ഥലത്തോ മററു സ്ഥലത്തോ സൂക്ഷിപ്പിനും സംരക്ഷണത്തിനും കൈവശത്തിനും ഉള്ള ചിലവും,

(ഈ) വില്പനസ്ഥലത്തേക്ക കൊണ്ടുപോകുമ്പോൾ ഉള്ള ദ്രവ്യങ്ങളുടെ സംരക്ഷണം സൂക്ഷിപ്പ കൈവശം ഇവയ്ക്കും, കൊണ്ടുപോകുന്നതിലേക്കും ഉള്ള ചിലവും.

വില്പനയ്ക്കു നിശ്ചയിച്ച തീയതിക്ക മുമ്പു കുടിശിഖ അടച്ചതു മൂലം പൂർത്തിയാകാത്ത വില്പനകളുടെ വിഷയത്തിലും മേല്പറഞ്ഞ ചട്ടങ്ങൾ സംബന്ധിക്കുന്നതാണ്.

൩. സഹകരണസംഘങ്ങളുടെ കുടിശിഖ പിരിക്കുന്നതിലേക്ക ഏർപ്പെടുത്തപ്പെട്ട ജീവനക്കാരുടെ ചിലവിലേയ്ക്കു ഈടാക്കുന്ന സംഖ്യ ഈടാക്കപ്പെട്ട കുടിശിഖയുടെ ൫ ശതമാനത്തിൽ കവിഞ്ഞുകൂടാത്തതാകുന്നു.

ഉത്തരവിൻപ്രകാരം.

എസ്. എൻ. കോവൺടൺ
ഗവണ്മെന്റ സെക്രട്ടറി.

1 തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ഗവൺമെന്റുത്തരവ്
7 പ്രശ്നാവലി
8 ഉപാദ്ധ്യക്ഷന്റെ നിയമനം
11 അദ്ധ്യക്ഷന്റെ പ്രചരണവേല
12 ചില പ്രധാനസംഗതികൾ
13 ഭരണവിഭാഗങ്ങൾ
14 ജനസംഖ്യയും അതിന്റെ ദ്രുതമായ വർദ്ധനയും
16 സാക്ഷിപ്പം
18 സഹകരണസേന
20 ഋണപരിഹാരസമിതികൾ
23 കൃഷിക്കാരുടെ സാമ്പത്തിക ഗണന
28 സാമുദായിക സംഘങ്ങൾ
30 സംഘങ്ങളുടെ വളർച്ച
39 തിരുവനന്തപുരം സെൻട്രൽ കോ ഓപ്പറേറ്റിവ് ബാങ്ക്
46 പരിശക്രമം
49 മൂലധനം
53 പുതിയ താലൂക്കു ബാങ്കുകൾ രൂപീകരിക്കുക
55 താലൂക്കുബാങ്കുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും
61 പ്രാഥമിക സംഘങ്ങൾ
67 സ്വല്പകാല വായ്പകളും മദ്ധ്യമകാല വായ്പകളും
72 കാർഷിക ധനേതര സംഘങ്ങൾ
78 അകാർഷിക ധനസഹായസംഘങ്ങൾ
83 അകാർഷിക ധനേതര സംഘങ്ങൾ
91 അകർഷക ധനേതര സഹായത്തിന്റെ കൂടുതൽ മാതൃകകൾ
102 സ്ത്രീകളും സഹകരണവും
105 വിദ്യാർത്ഥികളും സഹകരണവും
108 ചിട്ടികൾ
110 അധ കൃതവർഗ്ഗക്കാരുടെ സംഘങ്ങൾ
118 മത്സ്യവ്യവസായികളുടെ സംഘങ്ങൾ
123 ഗ്രാമോദ്ധാരണവും കാർഷികനിധിവേശവും
129 കർഷക ഋണവിമോചനം
143 ഭൂസ്വത്തു ബാങ്കുകൾ
155 മാർക്കറ്റിംഗ് (വിക്രയം)
159 തിരുവിതാംകൂർ കോ ഓപ്പറേറ്റിവ് ഇൻസ്റ്റിറ്റ്യൂട്ട്
164 സഹകരണ പ്രചരണവും, വിദ്യാഭ്യാസവും പരിശീലനവും
171 പരിശോധനാമേലന്വേഷണം-ആഡിറ്റ്
181 സഹകരണ ഡിപ്പാർട്ടുമെന്റ്
190 പരിഷ്കരിച്ച നിയമം
198 ഡ്രാഫ്റ്റ് ബിൽ
201 രജിസ്ട്രാക്കൽ
217 സർചാർജ്ജും ജപ്തിയും
227 നക്കൽ ചട്ടങ്ങളുടെ വിഷയവിവരം
254 മദ്ധ്യസ്ഥ തീരുമാനം
262 ഇടപാടുതീർപ്പ്
265 ഉപസംഹാരം
293 തിരുവിതാംകൂർ പരസ്പര സഹായാന്വേഷണ കമ്മിറ്റി പുറപ്പെടുവിച്ചിട്ടുള്ള പ്രശ്നാവലി
314 പ്രസിഡന്റിന്റെ അഭാവത്തിൽ കമ്മിറ്റി സന്ദർശിച്ചിട്ടുള്ള സ്ഥലങ്ങൾ
315 കൊപ്രയെപറ്റി ഒരു നിരൂപണം
325 ഭവനഗരിലെ കർഷക ഋണനിവാരണ പദ്ധതിയുടെ സംക്ഷിപ്പം
329 സഹകരണാന്വേഷണ കമ്മിറ്റി പ്രസിഡന്റ് ജി. കെ ദേവധാർ അവർകൾക്ക് പ്രഭാശങ്കർ പട്ടാണി അയച്ച മറുപടി
334 മെമ്പറൊന്നിനുള്ള ചിലവിന്റെ താരതമ്യപ്പട്ടിക
335 ബോംബെ പ്രവിൻഷ്യൽ കോ ഓപ്പറേറ്റിവ് ബാങ്ക്
342 തിരുവനന്തപുരം സയൻസ് കോളേജ് സഹകരണ സ്റ്റോറിന്റെ ഒരു വിവരണം
346 1937 -ലെ 33- ാം നമ്പർ ഗവൺമെന്റുത്തരവിന്റെ സംക്ഷേപം
348 അധ കൃതവർഗ്ഗക്കാർക്ക് സ്ഥലം പതിച്ചു കൊടുക്കുന്ന വിഷയത്തിൽ സംരക്ഷകൻ ചെയ്തിട്ടുള്ള ജോലികളുടെ ചുരുങ്ങിയ വിവരണം
350 ദ്രുനികതി ഡിപ്പാർട്ടുമെന്റിന്റെ 1018 ലെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്
354 സഹകരണ പണ്ടകശാലകൾ
359 പഞ്ചിമോത്തരദേശങ്ങളിലെ കർഷകൻമാരുടെ കടം
369 അർദ്ധൗദ്യോഗിക ലേഖനത്തിന്റെ പകർപ്പ്
372 സഹകരണ ഐക്യസംഘങ്ങൾക്ക് വേതനം നൽകുന്നതിനെപ്പറ്റിയുള്ള നക്കൽചട്ടങ്ങൾ
374 മാഗ്ല കമ്മിറ്റി റിപ്പോർട്ടിൽ പ്രാഥമിക സംഘങ്ങളെപ്പറ്റിപ്പറയുന്ന ഭാഗം
376 സഹകരണം എന്തിനെന്നും എങ്ങിനെയെന്നും
379 മദ്രാസ് സഹകരണസംഘം രജിസ്ട്രാറുടെ ലറ്റർ
380 മൈസൂർ സഹകരണസംഘം
381 ബോംബെ സഹകരണസംഘം രജിസ്ട്രാറുടെ ലറ്റർ